www.malankaralibrary.com

ജി. ചേടിയത്ത്

# ഈശോദാദ്
# സുവിശേഷഭാഷ്യം

തിരുവനന്തപുരം
1997

www.malankaralibrary.com

ജി. ചേടിയത്ത്

# ഈശോദാദ്
# സുവിശേഷഭാഷ്യം

No. 4

തിരുവനന്തപുരം
1997

www.malankaralibrary.com

G. Chediath, Ishōdād of Merv, Suvisēshabhāshyam-A Translation
A Publication of the Malankara Seminary Publication,
Nalanchira, Trivandrum - 695015, Kerala, India.

First Edition: 1997
Copyright: G. Chediath, 1997

Printed at the Pro Sanctity Printers, Manganam, Kottayam-18.

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക iv

ആമുഖം vi

വിശുദ്ധ മത്തായിയുടെ സുവിശേഷം 1

വിശുദ്ധ മർക്കോസിന്റെ സുവിശേഷം 185

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 220

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 314

www.malankaralibrary.com

# അവതാരിക

ആധുനിക കാലത്തു് ദൈവവചനം കൂടുതൽ ആഴമായി മനസ്സിലാക്കുന്നതിനും അതിന്റെ വെളിച്ചത്തിൽ ക്രിസ്തീയ ജീവിതം നവീകരിക്കുന്നതിനും പ്രത്യേകമായ താല്പര്യം പ്രകടമാണല്ലോ. വേദപുസ്തകം ആഴമായി പഠിക്കുകയും ശരിയായി മനസ്സിലാക്കുകയും ചെയ്ത സഭാപിതാക്കന്മാരുടെ മാർഗനിർദേശങ്ങൾ ഇക്കാര്യത്തിൽ വളരെ സഹായകരമാണ്. അങ്ങനെ വേദപുസ്തകത്തിനു മുഴുവൻ വ്യാഖ്യാനം നൽകി ക്രിസ്തീയ ജീവിതം കൂടുതൽ അർത്ഥവത്താക്കുന്നതിൽ സഹായിച്ച മേർവിലെ ഈശോദാദ് രചിച്ച സുവിശേഷഭാഷ്യത്തിന്റെ മലയാള വിവർത്തനമാണ് ഈ ഗ്രന്ഥം.

മേർവിലെ ഈശോദാദ് ഒൻപതാം നൂററാണ്ടിൽ മെസപ്പൊട്ടേമിയൻ (പേർഷ്യൻ) സഭയിലെ ഹദത്താ രൂപതാദ്ധ്യക്ഷനായിരുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും നിരവധി ഗ്രന്ഥങ്ങൾക്ക് അദ്ദേഹം ഭാഷ്യങ്ങൾ രചിച്ചു. ഒൻപതാം നൂററാണ്ടിനു മുമ്പു ജീവിച്ചിരുന്ന പല ഭാഷ്യകാരന്മാരുടെയും കൃതികളെ ആധാരമാക്കിയാണ് ഈശോദാദ് തന്റെ ഭാഷ്യകൃതികൾ എഴുതിയതു്. പ്രത്യേകിച്ച് മാർ അപ്രേം (+373), മൊപ്സുവെസ്ത്യായിലെ തിയഡോർ (+428) എന്നിവർ അദ്ദേഹത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. സുറിയാനി, ഗ്രീക്ക് പാരമ്പര്യങ്ങളിൽ ഇന്നു് നഷ്ടപ്പെട്ടുപോയ പല ഭാഷ്യങ്ങളിൽ നിന്നും അദ്ദേഹം ആശയങ്ങൾ സ്വീകരിക്കുകയും തന്റെ ഭാഷ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഓരോ വാക്യവും എടുത്തു്, അതിനുള്ള വിവിധ വ്യാഖ്യാനങ്ങൾ നൽകുന്നതാണ് പതിവ്. ചിലപ്പോൾ ഒരാശയം ഉൾക്കൊള്ളുന്ന വേദഭാഗം മൊത്തത്തിലെടുത്തും വ്യാഖ്യാനിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ വിഷമമുള്ള ഭാഗങ്ങൾ മാത്രവും അപഗ്രഥനാവിഷയമാക്കിയിട്ടുണ്ട്. ഭാഷ്യസാഹിത്യത്തിൽ ഈശോദാദിന്റെ സംഭാവന മഹത്തരമാണ്.

മലയാളത്തിൽ ഈയടുത്ത കാലത്തു് ഒന്നിലേറെ ബൈബിൾ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സഭാപിതാക്കന്മാരുടെ ലോകത്തുനിന്നുള്ള ഈ അമൂല്യനിക്ഷേപം ഭാഷയിൽ പ്രചരിക്കുന്നതു് ഇതാദ്യമായിട്ടാണ്. സുറിയാനി സഭാപാര

www.malankaralibrary.com



ബന്ധത്തിൽപെട്ട സഭകൾക്കും മററു സഭകൾക്കും തങ്ങളുടെ വേദ പുസ്തക പഠനത്തിൽ ഇതു വളരെ സഹായകമായിരിക്കും. വൈദിക വിദ്യാർത്ഥികൾക്കും വൈദികർക്കും സാധാരണ ജന ങ്ങൾക്കും ഇതു പ്രയോജനപ്രദമാണ്.

പൗരസ്ത്യ സുറിയാനി സഭയിൽപ്പെട്ട ഈ ഗ്രന്ഥകാരൻ പില്ക്കാലത്തുള്ള സുറിയാനി എഴുത്തുകാരിൽ മിക്കവരെയും സ്വാധീനിച്ചിട്ടുണ്ട്. ഡയനീഷ്യസ് ബർ സലീബി (12th c.) എന്ന പാശ്ചാത്യസുറിയാനിസഭയിലെ എഴുത്തുകാരന്റെ ഭാഷ്യങ്ങൾക്കുള്ള ഒരു സുപ്രധാന ഉറവിടം പൗരസ്ത്യസുറിയാനിസഭയിൽ പെട്ട ഈശോദാദായിരുന്നു. ഒൻപതാം നൂററാണ്ടിൽ ഈശോദാദ് ഭാഷ്യരചന നടത്തിയതുപോലെ പാശ്ചാത്യസുറിയാനി സഭയിലെ മോശ ബർ കേഫായും (9th c.) തിരുലിഖിതഭാഷ്യങ്ങൾ രചിച്ചിട്ടുണ്ട്. വേദപുസ്തക ഭാഷ്യരചനയിൽ ഒൻപതാം നൂററാണ്ട് സുറിയാനിസഭയെ സംബന്ധിച്ച് മുൻപന്തിയിൽ നിൽക്കുന്നു എന്നു പറയാം.

നമ്മുടെ സഭാത്മകജീവിതത്തിന് സഹായകമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ബ. ഗീവർഗീസ് ചേടിയത്ത് അച്ചനാണ് ഈ സദ്ഗ്രന്ഥവും നമുക്കു സമ്മാനിക്കുന്നത്. അദ്ദേഹത്തിന് എല്ലാവിധ മംഗളങ്ങളും അനുമോദനങ്ങളും ഒരിക്കൽക്കൂടി നേരുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു. ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. സുറിയാനി സഭകളുടെ പൊതു പൈതൃകത്തിൽപെട്ട ഈ ഗ്രന്ഥം മാർത്തോമ്മാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന സഭകൾക്കെല്ലാം ഒരുപോലെ പ്രയോജനകരമായിത്തീരട്ടെ. സഭകളുടെ ഐക്യത്തിന് ഇതും ഒരു ചവിട്ടുപടിയായി ഭവിക്കട്ടെ.

**സിറിൾ മാർ ബസേലിയോസ്**

തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

പട്ടം
ആഗസ്റ്റ് 16, 1997.

www.malankaralibrary.com

# ആമുഖം

സുറിയാനി സാഹിത്യത്തിലെ ഒരമൂല്യനിക്ഷേപത്തിൻെറ വാതിലിതാ തുറന്നിരിക്കുന്നു. നമുക്ക് ഇന്നുവരെ അജ്ഞാതമായിരുന്ന ഒരു തലത്തിലേക്ക് കേരളത്തിലെ ക്രിസ്ത്യാനികളെ ക്ഷണിച്ചുകൊള്ളുന്നു. മേർവ് (മറു) സ്വദേശിയും ഉത്തര ഇറാക്കിലെ ഹദത്താ മെത്രാനുമായ ഈശോദാദ് (9th c.) രചിച്ച വേദപുസ്തക ഭാഷ്യകൃതികൾ ഭാഷ്യലോകത്ത് വലിയൊരു മുതൽക്കൂട്ടാണ്. ഈശോദാദ് ഒരു വലിയ പണ്ഡിതനും വിജ്ഞാനിയും ആയിരുന്നു. ക്രി. വ. 852-ൽ അദ്ദേഹം ഒരു പാത്രിയർക്കീസ് സ്ഥാനാർത്ഥിയായിരുന്നു. അബ്രഹാം ബിൻ നോഹ എന്നയാൾ ജനഹിതപ്രകാരം ഈശോദാദിനെ പാത്രിയർക്കീസായി നാമനിർദ്ദേശം ചെയ്തു. എന്നാൽ കാലിഫ് മുതവക്കീലിൻെറ വൈദ്യനായ ബോക്തീശോ, തിയഡോഷ്യസ് എന്നയാളിൻെറ പേരു് നിർദ്ദേശിച്ചു തിയഡോഷ്യസിനെ കാലിഫ് അംഗീകരിച്ചു. എന്നാൽ ചില എതിരാളികളുടെ ദുഷ്പ്രേരണയാൽ ബോക്തീശോയ്ക്കും തിയഡോഷ്യസിനും എതിരായി കാലിഫ് മുതവക്കീൽ തിരിഞ്ഞു. തുടർന്ന് വലിയൊരു മതപീഡനം ഉണ്ടായി. പാത്രിയർക്കീസാകാതിരുന്ന ഈശോദാദിനു് സ്വാസ്ഥമായിരുന്നു് ഗ്രന്ഥരചന നടത്താൻ സാധിച്ചു. അങ്ങനെ വേദപുസ്തകത്തിൻെറ ഏതാണ്ടു് സമ്പൂർണഭാഷ്യം അദ്ദേഹം രചിച്ചു.

ഈശോദാദിൻെറ ഭാഷ്യങ്ങളിൽ അദ്ദേഹം നിരവധി മുൻകാല എഴുത്തുകാരെ ഉദ്ധരിക്കുകയോ പരാമർശിക്കുകയോ ചെയ്യുന്നുണ്ടു്. ഇവിടെ വിവർത്തനം ചെയ്തിരിക്കുന്ന ഭാഷ്യങ്ങളിൽ താഴെപ്പറയുന്ന എഴുത്തുകാരെ പരാമർശിക്കുന്നു: ജോൺ ക്രിസൊസ്തോം (പേ.11. 43.79. 291.292), തിയഡോർ (ഭാഷ്യകാരൻ) (പേ. 11. 15. 35. 37. 43. 46. 84. 92. 116. 124. 250. 264. 292. 301. 318. 322. 346. 356), മാർ അപ്രേം (12. 22. 35. 92. 100. 125. 159. 166. 185. 257. 260. 291. 301.

www.malankaralibrary.com



346), ഹെനാനാ (15. 16.83. 104.109. 119.137. 155. 166. 178), ആഫ്രിക്കാനുസ് (17), താസ്യൻ - ദിയാതെസ്സാറോൺ (12. 22. 37.42. 122. 185. 189), പേഷ്യാക്കാരൻ ബാബായ് (25), ബർ ബഹ്റീസ് (33), നർസായ് (43), സേവേത്രുസ് (79), ഒരിജൻ (88), ജൊസേഫുസ് (93. 139. 201), ഫീലോ (97), ബർ ഹാദ്ബ്ശാബാ അർബായാ (99. 213), മഹാനായ ബാബായ് (109), മെതോഡിയൂസ് (109) ഖത്രായാ (132. 213), തിമോതി (145), നെസ്തോറിയുസ് (159), ഇഗ്നേഷ്യസ് (172), സെവുഡോ - ഡയനീഷ്യസ് (9), ദൈവവാഹകർ (50. 153. 214. 315), പൗരാണിക പ്രബോധകർ (83), കലാലയത്തിലെ മല്പാന്മാർ (95. 156. 176), ക്ലെമെൻറ് (185), ജസ്റ്റിൻ (185), ഗ്രിഗറി (273. 322); ആബാ മർക്കോസ് (284), അന്ത്രയോസ് (291), ഹിപ്പോളിററസ് (291), എവുസേബിയസ് (251. 291), എപ്പിഫാനിയസ് (291), അഫ്രാത് (322), അത്തനാസ്യോസ് (327), സൈറസ് (327), ഇരനെയൂസ് (407). ഈ എഴുത്തുകാരിൽ ഈശോദാദിനെ ഏററവും അധികം സ്വാധീനിച്ചിട്ടുള്ളതു് അപ്രേമും തിയഡോറുമാണ്. തിയഡോറിൻെറ ഭാഷ്യങ്ങളുമായി ഈശോദാദിൽ വളരെയധികം സാമ്യമുണ്ട്. അവയെല്ലാം വിശദമായി ഇവിടെ പഠനവിഷയമാക്കിയിട്ടില്ല. നല്ല പഠനത്തിനുള്ള ഒരു വിഷയമാണതു്.

സുറിയാനിസഭയിൽ നിലവിലിരുന്ന *പ്ശീത്താ* എന്നറിയപ്പെടുന്ന സാധാരണ ബൈബിൾ വിവർത്തനമാണ് ഈശോദാദും ഉപയോഗിക്കുന്നതെങ്കിലും, താസ്യൻെറ *ദിയാതെസ്സറോൺ*, പുരാതന സുറിയാനി വിവർത്തനം (*ഏവൻഗേലിയോൻ ദ്മെഫറേശേ*) ആദിയായവയിൽ നിന്നുള്ള ഉദ്ധരണികളും കാണാവുന്നതാണ്. തത്സംബന്ധമായും പഠനം നടത്താവുന്നതാണ്. അപ്രകാരമുള്ള വ്യത്യാസങ്ങൾ കൃത്യമായി പഠിച്ച് വിവർത്തനം നടത്തിയിട്ടില്ല.

പില്ക്കാല എഴുത്തുകാരെയും സുറിയാനി സഭയിലെ വൈദികരെയും ഈശോദാദ് സ്വാധീനിച്ചിട്ടുണ്ട്. ബർസലീബി എന്ന പാശ്ചാത്യ സുറിയാനി എഴുത്തുകാരൻ ഈശോദാദിൻെറ

www.malankaralibrary.com



പേരു പറയാതെ വളരെയധികം ഉദ്ധരിക്കുന്നുണ്ട്. അങ്ങനെ പുരാതന പാരമ്പര്യങ്ങൾ ബർസലീബി വഴി യാക്കോബായ സഭയിലും പ്രചരിച്ചു. പുരാതനകാലത്തെ സുറിയാനി വൈദികർ പ്രസംഗത്തിലും മററും ഉപയോഗിച്ചുവന്ന ഭാഷ്യരീതികൾ ഈശോദാദിന്റെയും ബർസലീബിയുടെയും സംഭാവനകളാണ്. അവ ഗുരുമുഖത്തുനിന്ന് പിൻതലമുറകളിലേക്ക് കൈമാറിവന്നു.

ഈ ഗ്രന്ഥത്തിന് അവതാരിക എഴുതി അനുഗ്രഹിച്ച മലങ്കര കത്തോലിക്കാ സഭാധ്യക്ഷൻ സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ഫാദർ ഗീവർഗീസ് ചേടിയത്ത്**

മലങ്കര സെമിനാരി
നാലാഞ്ചിറ, തിരുവനന്തപുരം
സെപ്തംബർ 5, 1997.

---

വിവർത്തനത്തിന് ആധാരമാക്കിയ ഗ്രന്ഥം:

M. D. Gibson, *The Commentaries of Ishôdad of Merv, Bishop of Hadatha (c. 850 A. D.)* in Syriac and English, (ed. & tr.), Vol. I. II. III (=Horae Semiticae, No. V. VI. VII), Cambridge, 1911.

www.malankaralibrary.com

# മേർവിലെ ഈശോദാദ് പുതിയനിയമ ഭാഷ്യം

## വിശുദ്ധ മത്തായിയുടെ സുവിശേഷം

അസ്സീറിയായിൽ ഹദത്താമെത്രാനായ വിശുദ്ധനും പ്രബോധനസ്നേഹിതനുമായ മറുവിലെ ഈശോദാദ് വിശുദ്ധ സഭയുടെ വ്യാഖ്യാതാക്കളുടെയും പ്രബോധകരുടെയും നിരവധി കൃതികളിൽനിന്നു് കഠിനാധ്വാനം ചെയ്തു് ശേഖരിച്ചെഴുതിയ പുതിയനിയമഗ്രന്ഥങ്ങളുടെ ഭാഷ്യം എഴുതുവാൻ നമ്മുടെ കർത്താവേശുമിശിഹായുടെ ശക്തിയാൽ നാം ആരംഭിക്കുന്നു. കർത്താവേ, എന്നെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും വിജ്ഞാനിയാക്കുകയും നിന്റെ കൃപയാൽ ഇതിന്റെ പൂർത്തീകരണത്തിലേക്ക് എന്നെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യേണമെ.

എലീസിയൻ പറമ്പുകളായ പഴയനിയമത്തിൽനിന്നു് അശ്ഫോദെൽ പൂന്തകിടിയിലേക്കു് രണ്ടുടമ്പടികളുടെയും തലവന്റെ, ഞാൻ ആകുന്നവൻ ഞാനാകുന്നവന്റെ, നാമത്തിൽ നാം നീങ്ങുകയും ചുരുക്കമായി ഒരുതരത്തിൽ വിശകലനം ചെയ്തുകൊണ്ടു് അതിന്റെ അർത്ഥം അതായതു്, തിരുലിഖിത സമാഹാരത്തിന്റെ വരികളുടെ മധ്യത്തിൽ ചെറിയൊരനുബന്ധം കണക്കെ, വ്യാഖ്യാനിക്കുകയും ചെയ്യുന്നു. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഇതു പൂർത്തിയാക്കുവാൻ നിന്റെ ദാസനെ അനുഗ്രഹിക്കണമെ. ആമ്മീൻ.

www.malankaralibrary.com



## ആമുഖം

*എവാൻജെൽ* എന്നതു് ഒരു ഗ്രീക്കുവാക്കാണു്. സുറിയാനിയിൽ സ്ബർതോ എന്നാണു് വാക്കു്. നല്ല പ്രത്യാശ എന്നു് വിവത്തനം ചെയ്യാം. നമ്മുടെ ജീവനും പ്രവത്തനങ്ങളും അസ്തിത്വവും ആണതു് (നടപടി.17:28). അതു് എവാൻജെൽ, അതായതു്, സദ്വാർത്ത എന്നു വിളിക്കപ്പെടുന്നതിൻെറ കാരണം, അതു് ലോകത്തിനു് പതിനായിരം നല്ല കാര്യങ്ങൾ വിളംബരം ചെയ്യുന്നു എന്നതാണു്. പ്രതീക്ഷ പോലും *പ്രത്യാശ*യിൽ നിന്നു വ്യത്യസ്തമാണു്. പ്രതീക്ഷ ഒരേസമയം നല്ല കാര്യങ്ങളെയും ചീത്തക്കാര്യങ്ങളെയും സൂചിപ്പിക്കുന്നു; എന്നാൽ പ്രത്യാശ നല്ല കാര്യങ്ങളെപ്പററി മാത്രമാണു്. അതു വളരെ ഉചിതമായി *നല്ല പ്രത്യാശ* എന്നു വിളിക്കപ്പെടുന്നു. പഴയനിയമത്തിൽ ഒരിടത്തും ഈ വാക്കു് കണ്ടിട്ടില്ല. അതുകൊണ്ടു്, പഴയനിയമത്തിൽ നിന്നു് പുതിയനിയമം വളരെ വ്യത്യസ്തമാണു്. അതു നിഴലായിരുന്നെങ്കിൽ ഇതു് യഥാർത്ഥ ശരീരമാണു്. അതു് കുട്ടികളെ ശാരീരികാറിവു് പഠിപ്പിച്ചു. ഇതാകട്ടെ പ്രായപൂർത്തിയായവരെ ആത്മീയജ്ഞാനം അഭ്യസിപ്പിക്കുന്നു. ഞാൻ സ്വർഗ്ഗരാജ്യത്തെപ്പററിയും, അവിടെയുള്ള അഗ്രാഹ്യവും അവാച്യവുമായ അനുഗ്രഹങ്ങളെപ്പററിയും സന്തോഷങ്ങളെപ്പററിയുമാണു് സംസാരിക്കുന്നതു് (1 കൊറി. 2:6). ഇതേപ്പററി ശ്രേഷ്ഠനായ ബേസിൽ ഇപ്രകാരം പറയുന്നു: ''ക്രിസ്തുവിൻെറ പ്രബോധനത്തിനു പുറത്തുള്ള പ്രബോധനം നിശ്ചയമായും താഴെയുള്ള ശാരീരിക പ്രകൃതികളിലേക്കു നോക്കാൻ നമുക്കു് നേരത്തെതന്നെ ഒരു വാതിൽ തുറന്നു;എന്നാൽ ക്രിസ്തുവിൻെറ പ്രബോധനമാകട്ടെ, ഓരോ മണിക്കൂറും വിശ്വസിക്കുന്ന മനസ്സിനെ സ്വർഗീയ കാര്യങ്ങളിൽ വ്യാപരിപ്പിക്കുന്നു; ഭൗമികകാര്യങ്ങളിൽ വ്യാപരിക്കാൻ അതിനെ അനുവദിക്കുന്നില്ല: 'ഭൂമിയിലുള്ള വസ്തുക്കളല്ല ഉന്നതത്തിലുള്ളവ അന്വേഷിക്കുവിൻ' (കൊളോ. 3:2) എന്നും 'ആത്മീയരുടെ ഇടയിൽ ഞങ്ങൾ ആത്മീയകാര്യങ്ങൾ വ്യാഖ്യാനിക്കുന്നു' എന്നും (1 കൊറി. 2:13) വിശുദ്ധ പൗലോസ് ശ്ലീഹായും പറയുന്നു.'' ഞാൻ പറഞ്ഞതുപോലെ ഒന്നു് ശിശുക്കൾക്കുള്ള പാൽ കുടിക്കാൻ കൊടുക്കുകയും രോഗികൾക്കുള്ള പച്ചമരുന്നു തിന്നാൻ കൊടുക്കുകയും ചെയ്യുന്നു. മററതു് പ്രായമായവർക്കു് മാംസവും വീഞ്ഞും നൽകുന്നു. ഇങ്ങനെ ഈ രണ്ടുടമ്പടികൾ തമ്മിലന്തരം ഉണ്ടു്. എങ്കിലും ഇവ രണ്ടിൻെറയും നിയന്താവു് ഒരാളാണെന്നും ശിഷ്യരുടെ വളർച്ചയ്ക്കനുസൃതമായി ഏകവ്യാപാരമാണെന്നും നാം അറിഞ്ഞിരിക്കുന്നതു് നല്ലതാണു്. അതുകൊണ്ടു് ഒന്നു മററതിനെ പിൻചെല്ലുന്നു; അവ പരസ്പര ബന്ധിതവും ഐക്യ

www.malankaralibrary.com



'മിശിഹാ എന്തുകൊണ്ടു് ആരംഭത്തിലേ വന്നില്ല? നമ്മുടെ പ്രകൃതിക്കുള്ള സഹായം എന്തുകൊണ്ടു താമസിപ്പിച്ചു?' എന്നു് ആരെങ്കിലും ചോദിച്ചാൽ അയാൾ ഇതറിഞ്ഞിരിക്കട്ടെ. ഒന്നാമതായി, അവിടുന്നു തന്റെ വരവു് താമസിപ്പിച്ചതു് അസൂയ കൊണ്ടോ ദുഷ്ടതകൊണ്ടോ അല്ല; കാരണം, അവിടുന്നു് കരുണയുള്ളവനും എല്ലാവരുടെയും പരിപാലകനും സംരക്ഷകനുമാണു്; എന്നാൽ നമ്മുടെ അപര്യാപ്തത തടസ്സം നിന്നു. ഒരു ശിശു ജനിക്കുന്ന ഉടൻതന്നെ നാം അതിനു മാംസഭക്ഷണം നൽകാറില്ല; പ്രായമുള്ളവരുടെ വസ്ത്രം ധരിപ്പിക്കാറില്ല; കൈത്തൊഴിലുകൾ പഠിപ്പിക്കാറില്ല. അതുപോലെ, വിജ്ഞാനിയും മഹനീയനുമായ പരിപാലകൻ നമ്മെ പടിപടിയായി നയിച്ചു് നിയമകാര്യങ്ങളിൽ പരിശീലിപ്പിക്കുന്നതിനു മുൻപു് തന്റെ മിശിഹായെ അയച്ചതന്നില്ല; അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ ഈ ആത്മീയ സംഗതികൾ പ്രയോജനരഹിതമായി കാണപ്പെട്ടമായിരുന്നു. നാം അസ്തിത്വത്തിലേക്കു വന്ന ഉടൻതന്നെ നമ്മെ പാപരഹിതരും വ്യതിയനാതീതരും ആക്കിയിരുന്നെങ്കിൽ സ്വർഗരാജ്യംകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാകുമായിരുന്നില്ല. അതുപോലെ നമ്മുടെ കർത്താവിന്റെ വരവു് മുമ്പു് ഒരു പ്രയോജനവും ചെയ്യുമായിരുന്നില്ല. രണ്ടാമതായി, ശരീരത്തിൽ എന്തെങ്കിലും ദുഷിപ്പിക്കുന്ന വസ്തു കടന്നുകൂടിയാൽ വിദഗ്ദ്ധഭിഷഗ്വരന്മാർ പെട്ടെന്നു് സുഖപ്പെടുത്താതെ മാലിന്യം മുഴുവൻ പുറത്തുപോകുന്നതുവരെ കാത്തിരിക്കുന്നു. അതെല്ലാം പുറത്തു കളഞ്ഞിട്ടു് അവർ സൗഖ്യം നൽകുന്നു. നമ്മുടെ വംശത്തിന്റെ സൗഖ്യദായകനും താൻ അനുഗ്രഹിച്ച ഉടനെതന്നെ നമ്മുടെ വംശത്തിന്റെ ദുഷ്ടതയാകുന്ന രോഗം സുഖമാക്കിയില്ല. പിന്നെയോ ദുഷ്ടതയുടെ യാതൊരംശവും നമ്മുടെ പ്രകൃതിയിൽ ഗൂഢമായി തങ്ങിനില്ക്കാതിരിക്കുന്നതുവരെ അവിടുന്നു കാത്തിരുന്നു. അതുകൊണ്ടു് കായേന്റെ അസൂയയും സോദരഹത്യയും കഴിഞ്ഞ ഉടൻതന്നെ മനുഷ്യനു് അവിടുന്നു സൗഖ്യം പ്രദാനം ചെയ്തില്ല. കാരണം, നോഹയുടെ കാലത്തു ദുഷ്ടത പ്രവർത്തിച്ചവരുടെ വഷളത്വം അന്നു് ഉയർന്നുവന്നില്ല; സോദോം നിവാസികളുടെ ദുഷിച്ചതും നിയമരഹിതവുമായ തിന്മ വെളിപ്പെടുത്തപ്പെട്ടില്ല. ദൈവത്തോടു് ഈജിപ്തുകാർ പോരാടിയതോ, അസ്സീറിയാക്കാരുടെ അഹന്തയോ, ദൈവത്തിനെതിരായ യഹൂദരുടെ ക്രൂരതയോ അതുപോലെയുള്ള മററു സംഗതികളോ അപ്പോൾ വെളിപ്പെടുത്തപ്പെട്ടില്ല.

എന്നാൽ പാപത്തിന്റെ അളവു പൂർണ്ണമായിട്ടു്, മനുഷ്യൻ ചെയ്യുകൂട്ടാത്ത ഒരുതരം തിന്മയും അവശേഷിക്കാതെ വന്നപ്പോൾ അവിടുന്നു് നമ്മുടെ സർവ രോഗങ്ങളും പൂർണമായി സുഖപ്പെ

www.malankaralibrary.com



ടുത്തി. അവിടുന്നു സൗഖ്യം പ്രദാനം ചെയ്തെങ്കിലും ഇതാ മനുഷ്യപ്രകൃതി ഇപ്പോഴും പാപങ്ങളാൽ തകർന്നടിഞ്ഞിരിക്കയാണല്ലോ എന്നു് ആരെങ്കിലും എതിർത്തുപറഞ്ഞാൽ, അയാൾ ഇതറിഞ്ഞിരിക്കട്ടെ: തല തകർക്കപ്പെട്ട പാമ്പ് പെട്ടെന്നു് ചാകുന്നില്ല; തലയേ ചത്തുള്ളു. വാല് പിന്നെയും കുറെ സമയം അനങ്ങിക്കൊണ്ടിരിക്കും. നിത്യതയെ സംബന്ധിച്ചും ഇതു പോലെയാണ്. നമ്മുടെ കർത്താവേശുമിശിഹാ അതിനെ ശക്തിയായി പിഴുതു കളഞ്ഞു. എന്നാൽ അവശിഷ്ടത്തിൽ അതിപ്പോഴും മനുഷ്യകുലത്തിനു് ഉപദ്രവകരമാണ്. ഇനിയും, ഏതെല്ലാം രീതികളിലും തരത്തിലും പഴയ_പുതിയ നിയമ ഗ്രന്ഥങ്ങൾ സംസാരിക്കുന്നു എന്നു നാം പറയും. ഉല്പത്തി ആമുഖത്തിലും സങ്കീർത്തനാമുഖത്തിലും നാം ഇതേപ്പററി നേരത്തെ എഴുതിയിട്ടുണ്ടു്. ഇവിടെ ചുരുക്കമായി പറയാം: തിരുലിഖിതങ്ങൾ പ്രധാനമായി മൂന്നു തലക്കെട്ടുകളിൽ സംസാരിക്കുന്നു: ഒന്നാമതായി, മനുഷ്യർ ആയിരിക്കുന്നതുപോലെ; അതായതു്, ജീവനുള്ളവർ, ബുദ്ധിയുള്ളവർ, മർത്ത്യർ എന്നിങ്ങനെ അവരെ വിളിക്കുന്നതു്. രണ്ടാമതായി, അവർ ആയിരിക്കുന്നതിനുപരിയായി അവരെ 'ദൈവങ്ങൾ' എന്നു വിളിക്കുന്നതു്. മൂന്നാമതായി, അവർ ആയിരിക്കുന്നതിനേക്കാൾ താഴെയായി, അവരെ ഉരഗങ്ങൾ, പുഴക്കൾ, പൊടി, കുറുക്കന്മാർ, ചെന്നായ്ക്കൾ എന്നൊക്കെ വിളിക്കുന്നതു്.

എന്നാൽ ദൈവത്തെ രണ്ടു രീതിയിലേ വിളിക്കുന്നുള്ളു; ഒന്നുകിൽ 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നോ, "പിതാവ് പുത്രൻ പരിശുദ്ധാത്മാവ്" എന്നോ താനായിരിക്കുന്ന രീതിയിൽ; അല്ലെങ്കിൽ തന്നേക്കാൾ താണനിലയിലുള്ളവയുടെ രീതിയിൽ, അതായതു് "അഗ്നി", "കോപിച്ചിരിക്കുന്നു", "ക്രോധത്തോടെ ഇരിക്കുന്നു", "അനുതപിച്ചു", "അവൻ സിംഹമാണ്" എന്നൊക്കെ.

എന്നാൽ പിന്നീടു് മററു രീതികളിൽ തുറന്നു് ഇങ്ങനെയും പറയുന്നു: "ആദിയിൽ ദൈവം സൃഷ്ടിച്ചു","യേശുക്രിസ്തുവിൻെറ വംശാവലിപ്പുസ്തകം" എന്നൊക്കെ (ഉല്പ. 1:1; മത്താ. 1:1). മിസ്റ്റിക്കലായി: പദത്തിൻെറ അർത്ഥത്തിനു വിപരീതമായി ഒരു പദം പ്രയോഗിക്കുക: നന്മയും തിന്മയുമായ എല്ലാററിനെയും കർത്താവ് സൃഷ്ടിച്ചെന്നു പറയുക: "കർത്താവ് അയയ്ക്കാതെ പട്ടണത്തിൽ അനർത്ഥം ഉണ്ടാകുമോ" (ആമോ. 3:6). "നിനക്കു മുകളിലുള്ള ആകാശം പിത്തളയായിത്തീരും"(ആവ 28: 23); "ഞാൻ നിൻെറ കൊമ്പ് ഇരുമ്പും കുളമ്പ് പിച്ചളയും ആക്കും" (മിക്കാ4:13). ആലങ്കാരികമായി: കതകുകൾ സംസാ

www.malankaralibrary.com



രിക്കുന്നു, പർവ്വതങ്ങൾ തെന്നി നീങ്ങുന്നു, മരങ്ങൾ കൈകൊട്ടുന്നു, പാതാളം ഇളകിമറിയുന്നു (സങ്കീ. 114:6; ഏശ. 55:12; 14:9). മറിച്ചുള്ള ക്രമത്തിലും: സത്യമായും നീ കോപിച്ചിരുന്നു; ഞങ്ങൾ ഈ കാര്യങ്ങളിൽ പാപം ചെയ്തു. അവർ പാതാളത്തിൽ പാപം ചെയ്തു; ഉദരത്തിൽ വച്ചുതന്നെ അവർക്കു വഴി തെററിപ്പോയി (ഏശ. 64:45; സങ്കീ. 58:3). അർത്ഥമനുസരിച്ച്, പ്രത്യേകവാക്കുകൂടാതെ, മിക്കവാറും സംഭവങ്ങളിലായിരിക്കും: പുത്രനെപ്പററി പിതാക്കന്മാർ പറയുന്ന കാര്യങ്ങൾ: അവൻ പിതാവിൻെറ സ്വാഭാവിക പുത്രനാണ്. മിശിഹാ രണ്ടു സ്വഭാവങ്ങളിലും സത്തകളിലും ഏകയാളാണ് എന്നു പറയുന്നത്. ദൈവം ആരംഭരഹിതനും ജന്മവിഹീനനുമാണ് എന്നൊക്കെ പറയുന്നത്. ചിലപ്പോൾ സംഭവങ്ങളല്ലാത്തവയും തിരുലിഖിതങ്ങൾ പറയാറുണ്ട്: ദൈവത്തെപ്പററി "അവിടുന്ന് അനുതപിച്ചു, ഭക്ഷിച്ചു, ചിരിച്ചു" എന്നൊക്കെ പറയുന്നത്. ക്രിസ്തുവിനെപ്പററി "അവൻ പാപവും, ശാപവും കല്ലും ദാസനുമായിരുന്നു" എന്നു പറയുന്നത്.

ചിലപ്പോൾ ആശയങ്ങൾ കൂട്ടിക്കുഴച്ചു പറയാറുണ്ട്: "അവൻ അത് അവളുടെയും കുട്ടിയുടെയും തോളിൽ വച്ചു" (ഉല്പ. 21:14). "അവർ ശബ്ദങ്ങളും വിളക്കുകളും കണ്ടു" (വെളി. 4:5). "അവർ അവനു കുടിക്കുവാൻ ജലവും രണ്ടു പാല്ക്കട്ടിയും നല്കി" (1 ശാമു. 30:12). ചിലപ്പോൾ അക്ഷരങ്ങൾ ഉപേക്ഷിക്കാറുണ്ട്: "അവൻ ഒരു വലയം ഉണ്ടാക്കി, അവൻ അത്രുപി വിട്ടു". അതായത് "അത്രുപിയിൽ"; "അത് ജയിലിൽ എറിഞ്ഞു", അതായത് "ജയിലിനുള്ളിൽ"; "ബേത്ലഹേമിലെ കുളം", അതായത് "ബേത്ലഹേമിൽ ഉണ്ടായിരുന്നു". "അവൻ ആഴത്തെ സംഭരണശാലയിൽ വച്ചു", അതായത്, "സംഭരണ ശാലയിൽ എന്നവണ്ണം" (സങ്കീ. 33:7). ചിലപ്പോൾ ഉൾപ്പെടുന്ന രീതിയിൽ സംസാരിക്കാറുണ്ട്: "പുരോഹിതന്മാർ ശിക്കെം നശിപ്പിച്ചു; ഇതാ, ശിമയോൻ ഒരു പുരോഹിതനല്ലായിരുന്നു" (ഉല്പ. 34:26).

ചിലപ്പോൾ ഐക്യത്തിനുവേണ്ടി: "ഒരു മനുഷ്യനും സ്വർഗ്ഗത്തിലേക്കുകയറിയിട്ടില്ല" എന്നവസാനിക്കുന്ന ഭാഗം (യോഹ. 3:13). ചിലപ്പോൾ ക്രമവിപര്യയമായിട്ട് (in version):"അവൻ നസ്രായൻ എന്നു വിളിക്കപ്പെട്ടും". ചിലപ്പോൾ അംഗീകരണം എന്നയർത്ഥത്തിൽ: "അവൻ പാപവും ശാപവും ആയിത്തീർന്നു" (2 കൊറി 5:4; ഗലാ. 3:13). "വചനം മാംസമായി" (യോഹ. 1:14). ചിലപ്പോൾ മററുള്ളവരുടെ ഊഹം അനുസരിച്ച് സംസാരിക്കാറുണ്ട്: "ഇതാ, ആദം നമ്മിൽ ഒരുവനെ

www.malankaralibrary.com



പ്പോലെ ആയിത്തീർന്നിരിക്കുന്നു'' (ഉല്പ.3:22). ''ഹേറോദേസിനു് ദുഃഖമുണ്ടായില്ല'' (മത്താ.14:9). ''യേശു അവനെ നോക്കി അവനെ സ്നേഹിച്ചു''. ''രാവിലെ അവനു വിശന്നു''. ''യേശു യാത്രാക്ലേശത്താൽ ക്ഷീണിതനായി'' (മർക്കോ. 10:21; മത്താ. 21:18; യോഹ. 4:6).

ചുരുക്കത്തിൽ തിരുലിഖിതത്തിലെ ഓരോ വാക്കും സംബന്ധിച്ചു് നാം നാലുകാര്യങ്ങൾ പാലിക്കേണ്ടതുണ്ടു്: അവസരം, പദ്ധതി, സമയം, വാക്കിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികൾ. നാമിതു ചെയ്യാതിരുന്നാൽ നാം അപകടത്തിൽ പെടാം. അങ്ങനെ അല്ലെങ്കിൽ ''തന്റെ പിതാവിനെയും മാതാവിനെയും വെറുക്കാത്തവർ'' എന്നതും ''കുഞ്ഞുങ്ങളേ, നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവിൻ'' എന്നതും എങ്ങനെ ഒന്നിച്ചുപോകും? (ലൂക്കാ 14:26; എഫേ. 6:1). ''ദൈവസന്നിധിയിൽ ജനം അഹങ്കരിക്കരുതു്'''എന്നതും ''പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ'' എന്നതും (1കൊറി. 1:29), ''എന്റെ പിതാവു് എല്ലാം എനിക്കു കയ്യാളിച്ചിരിക്കുന്നു'' എന്നതും ''മനുഷ്യപുത്രനു തല ചായ്ക്കാൻ ഇടമില്ല'' എന്നതും (ലൂക്കാ 10:12; മത്താ. 8:20), ''മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും'' എന്നതും ''കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നു തരണമെ''; എന്നാൽ അവർക്കു് തുറക്കപ്പെട്ടില്ല എന്നതും (മത്താ. 7:7; 25:11). ''മനുഷ്യരുടെ മുൻപാകെ എന്നെ ഏററു പറയുന്നവനെ....'' എന്നതും ''നീ ദൈവപുത്രനാണു്''' എന്നു് ഒരുപിശാചു് വിളിച്ചുപറഞ്ഞതും അവിടുന്നു് അവന്റെ വായ് അടച്ചതും (ലൂക്കാ 12:8; 4:41), ''മനുഷ്യപുത്രനെതിരായി എന്തെങ്കിലും പറയുന്നവനോടു് അതു് ക്ഷമിക്കപ്പെടും'' എന്നതും ''മനുഷ്യരുടെ മുൻപാകെ എന്നെ നിഷേധിക്കുന്നവനെ എന്റെ പിതാവിന്റെ മുൻപാകെ ഞാനും നിഷേധിച്ചുപറയും'' എന്നതും (ലൂക്കാ 12:10; മത്താ. 10:32), ''ഞാൻ മനുഷ്യരെ പ്രസാദിപ്പിച്ചിരുന്നെങ്കിൽ ഞാൻ ക്രിസ്തുവിന്റെ ദാസനാകുകപോലും ഇല്ലായിരുന്നു'' എന്നതും, ''ഞാൻ എല്ലാ കാര്യത്തിലും എല്ലാ മനുഷ്യരെയും പ്രീതിപ്പെടുത്തി'' എന്നതും(ഗലാ.1:10:1കൊറി. 10:33). ''രണ്ടു യജമാനന്മാരെ സേവിക്കാൻ ഒരു ദാസനും സാദ്ധ്യമല്ല'' എന്നതും ''സീസർക്കുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുവിൻ'' എന്നതും (മത്താ. 6:24; മർക്കോ. 12:17). ''അവന്റെ പിതാവായ ദൈവം അവനെ മരിച്ചവരിൽനിന്നുയിർപ്പിച്ചു'' എന്നതും ''ഞാൻ മൂന്നു ദിവസത്തിനുള്ളിൽ അതിനെ ഉയിർപ്പിക്കും'' എന്നതും (ഗലാ. 1:1; യോഹ. 2:19). ''അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു'', എന്നതും, ''പിതാവു് അവനെ വിശുദ്ധീ

www.malankaralibrary.com



കരിച്ച് ഈ ലോകത്തിലേക്ക് അയച്ചിരിക്കുന്നു'' എന്നതും (യോഹ. 17:19; 10:36). ''ഇതാ, ഞാനിപ്പോഠം നിൻെറ പക്കലേക്ക വരുന്നു; എന്നാൽ ഞാൻ എപ്പോഴും നിങ്ങളോടുകൂടി ഉണ്ടായിരിക്കയില്ല'' എന്നതും ''ഞാനോ എല്ലാ നാളുകളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും....രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ ഒന്നിച്ചു കൂടുമ്പോഠം അവരുടെ മദ്ധ്യേ ഞാനുണ്ട്'' എന്നതും (യോഹ. 17:13; മത്താ. 26:11; 28:20; 18:20).

''മിശിഹാ എല്ലാററിനുംമേൽ ദൈവമാണ്'' എന്നതും ''ദൈവം മിശിഹായിൽ ആയിരുന്നു; കാരണം ദൈവം അവനോടുകൂടെയായിരുന്നു'' എന്നതും (റോമ. 9:5; 2 കൊറി. 5:19; നട. 10:38), ''ശരീരം ഒന്നിനും ഉപകരിക്കുന്നില്ല''–എന്നതും, ''നിങ്ങഠം മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുന്നില്ലെങ്കിൽ നിങ്ങഠംക്ക നിങ്ങളിൽ ജീവൻ ഉണ്ടായിരിക്കുകയില്ല; കാരണം, എൻെറ ശരീരം സാക്ഷാൽ ഭക്ഷ്യമാകുന്നു'' എന്നതും (യോഹ. 6:63; 53). ''ഞാൻ ഒരു മനുഷ്യനെയും വിധിക്കുന്നില്ല'' എന്നതും, ''പിതാവ് ഒരു മനുഷ്യനെയും വിധിക്കുന്നില്ല, വിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു'' എന്നതും (യോഹ.8:15; 5:22), ''പിതാവ് തൻെറ പുത്രനെ അയച്ചതു ലോകത്തെ വിധിക്കുവാനല്ല'' എന്നതും ''ലോകത്തിൻെറ വിധിക്കായി ഞാൻ വന്നിരിക്കുന്നു'' എന്നതും (യോഹ. 3 17; 9:39), ''ഞാൻ എനിക്കു തന്നെ സാക്ഷ്യം നൽകിയാൽ എൻെറ സാക്ഷ്യം സത്യമല്ല; എന്നാൽ എന്നെപ്പററി സാക്ഷ്യം നൽകുന്ന മറെറാരാഠം ഉണ്ട്'' എന്നതും ''ഞാൻ എന്നെപ്പററി സാക്ഷ്യം നൽകിയാലും എൻെറ സാക്ഷ്യം സത്യമായിരിക്കും, ഞാൻ ലോകത്തിൻെറ പ്രകാശവും വഴിയും....ആകുന്നു'' എന്നതും (യോഹ. 5;31–32; 8:18; 12:8)

''എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസഗൃഹങ്ങഠം ഉണ്ട്. ഞാൻ പോകുന്നതിനാൽ...ഇല്ലെങ്കിൽ ഞാൻ പറയുമായിരുന്നു.'' എന്നതും ''ഞാൻ നിങ്ങഠംക്ക സ്ഥലം ഒരുക്കുവാൻ പോകുന്നിതനാൽ ഞാൻ വീണ്ടുംവന്ന് എൻെറ പക്കലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും'' എന്നതും (യോഹ. 14:6; 3:2).

''പുത്രനല്ലാതെ പിതാവിനെയാരും അറിയുന്നില്ല'' എന്നതും ''അവിടുന്ന് ഈ കാര്യങ്ങളെല്ലാം ജ്ഞാനികളിൽ നിന്നു മറച്ച് ശിശുക്കഠംക്കു വെളിപ്പെടുത്തിയിരിക്കുന്നു. അപ്പോഠം ശ്ലീഹന്മാരും അവനേപ്പോലെയുള്ളവരും അവനെ അറിഞ്ഞു'' (മത്താ. 11:27–25) എന്നതും.

www.malankaralibrary.com



"പുത്രൻ ആ നാഴിക അറിയുന്നില്ല", "ആരും നല്ലവരില്ല", "അതു നൽകുക എൻെറ കാര്യമല്ല", "ഭൂമിയിൽ സമാധാനം സ്ഥാപിക്കാനല്ല ഞാൻ വന്നിരിക്കുന്നതു്", "അവനവിടെ അത്ഭുതം പ്രവർത്തിക്കാൻ സാധിച്ചില്ല" എന്നു തുടങ്ങിയവയും (മർക്കോ. 13:32; മത്താ. 19:17; 20:23; 10:34; മർക്കോ. 6:5). "ഞാൻ ഏലിയായല്ല, ഒരു പ്രവാചകനുമല്ല" എന്നു് യോഹന്നാൻ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നതും (യോഹ. 1:21). "നിങ്ങൾ ഗുരു എന്നു വിളിക്കപ്പെടരുതു്". പിന്നെ അവർ എങ്ങനെ പ്രബോധകരായി? "എൻെറ അമ്മ ആരാകുന്നു? എൻെറ സഹോദരന്മാരും ആരാകുന്നു?". "നിങ്ങൾ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും"; തെക്കിൻെറ രാജ്ഞി ഈ തലമുറയോടുകൂടി എഴുന്നേററു് ഇതിനെ ന്യായം വിധിക്കും (മത്താ. 23;10; 12:48 ;19.28; 12:42) എന്നു തുടങ്ങി ഇതുപോലൊരു പതിനായിരം ഭാഗങ്ങൾ ചൂണ്ടിക്കാണിക്കാം. അവയൊക്കെ എങ്ങനെ ശരിയാകും?

വായനക്കാരൻ തിരുലിഖിതത്തിലെ ആശയങ്ങൾ വ്യവച്ഛേദിച്ചറിയേണ്ടതാവശ്യമാണു്. അല്ലെങ്കിൽ ഗുണത്തിനു പകരം അവയിൽനിന്നു് കൂടുതൽ ഉപദ്രവം ഉണ്ടാകും. പ്രത്യേകിച്ചു്, ആരാധ്യമായ സുവിശേഷം, ബാഹ്യമായി ലളിതമാണെന്നു് തോന്നിയാലും ആന്തരികമായി ധാരാളം നിഗൂഢ യാഥാർത്ഥ്യങ്ങൾ അവ ഉൾക്കൊള്ളുന്നുണ്ടു്. ഇതേപ്പററി ബർതോൽമായു് സാക്ഷ്യം വഹിക്കുന്നു: "ദൈവശാസ്ത്രം ചെറുതാണു്, എന്നാൽ മഹനീയമാണു്. അതുപോലെ സുവിശേഷം മഹനീയവും വിശാലവുമാണു്; എന്നാൽ ചെറിയതും ലളിതവുമാണു്".[1] അതു മനസ്സിലാക്കുന്നവൻ അഗ്രാഹ്യമായ ഇരുട്ടിനകത്തേക്കു പ്രവേശിക്കുന്നു.

ആദ്യമായി ഇതിൻെറ പ്ളാനെന്താണെന്നും സുവിശേഷം ഒരു ഗ്രന്ഥത്തിലാക്കാൻ മത്തായിയെ പ്രേരിപ്പിച്ചതെന്താണെന്നും നോക്കാം. കർത്താവിൻെറ ഉത്ഥാനവും പരിശുദ്ധാത്മാവിൻെറ വരവും കഴിഞ്ഞു് ശ്ലീഹന്മാർ യൂദയാ മുഴുവനിലും സുവിശേഷം പ്രസംഗിച്ചു. ഇതു നിമിത്തം സുവിശേഷപ്രഘോഷകർക്കെതിരെ നിരവധി മതപീഡനങ്ങളുണ്ടായി: സ്തേഫാനോസു് കല്ലെറിയപ്പെട്ടു, സെബദിപുത്രനായ യാക്കോബു് വാളാൽ കൊല്ലപ്പെട്ടു; ഈ സത്യമത പ്രസംഗകരെല്ലാം ജറുസലേമിൽനിന്നു പുറത്താക്കപ്പെട്ടു. തങ്ങൾ ശ്ലീഹന്മാരിൽ നിന്നക

1. Cfr. Ps. Dionysius, *Liber de mystica Theologia*, C.I.

www.malankaralibrary.com



ററപ്പെടാൻ പോകുന്ന എന്നു കണ്ട യൂദയായിലെ വിശ്വാസികരം, നമ്മുടെ കർത്താവ് പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം പുസ്തകരൂപത്തിൽ അവർക്കെഴുതിക്കൊടുക്കണമെന്നു് ഭാഗ്യവാനായ മത്തായിയോടു് ആവശ്യപ്പെട്ടു.

തദനുസരണം അവൻ എഴുതി. എന്നാൽ കർത്താവ് പറഞ്ഞതും ചെയ്തതുമായ ക്രമത്തിലല്ല; പിന്നെയൊ പ്രബോധനവുമായി യോജിച്ചുപോകുന്നതെന്നു് അവനു തോന്നിയ മററൊരു ക്രമത്തിൽ. ആദ്യം നടന്നവ ആദ്യവും പിന്നെ നടന്നവ പിന്നെയുമല്ല എഴുതിയിരിക്കുന്നതു്. മറിച്ചു് അതു് ഒരൊററ മനോഹര പ്രതിപാദനമായി തീരത്തക്കവിധം അവൻ മററൊരു ക്രമീകരണം ഉണ്ടാക്കി.

## പുസ്തകം I

"ദിവ്യവ്യാപാരപുസ്തകം'' എന്നു പറയാതെ "യേശുമിശിഹായുടെ ജനനവഴിപ്പുസ്തകം'' എന്നു പറയുന്നതു് എന്തുകൊണ്ടാണ് എന്നു ചോദിച്ചേക്കാം. വളരെ നന്നായിട്ടാണ് അവൻ അപ്രകാരം പറഞ്ഞിരിക്കുന്നതു്. കാരണം, നമ്മുടെ കർത്താവുമായി ബന്ധപ്പെട്ട എല്ലാ സംഗതികളുടെയും ആരംഭവും അവയിലെ അത്യുന്നതഭാഗവും ജനനമാണല്ലോ. ജ്ഞാനികരം പറയുന്നതുപോലെ, കൂടുതൽ പ്രാമാണ്യമുള്ള ഭാഗങ്ങരംകൊണ്ടാണല്ലോ വസ്തുക്കരം പേരുവിളിക്കപ്പെടുന്നതു്. 2260 വർഷം നടന്ന ലോകസംഭവങ്ങരം എല്ലാം നിയമത്തിലെ ആദ്യപുസ്തകത്തിൽ വിവരിക്കുന്നെങ്കിലും "ഉല്പത്തിപ്പുസ്തകം'' എന്നാണല്ലോ അതു് അറിയപ്പെടുന്നതു്. ശാമുവേലിൻെറ മരണശേഷം നടന്ന ധാരാളം കാര്യങ്ങരം വിവരിക്കുന്നെങ്കിലും രാജ്യങ്ങളുടെ ആദ്യപുസ്തകം അറിയപ്പെടുന്നതു് "ശാമുവേലിൻെറ പുസ്തകം'' എന്നാണ്. അതുപോലെ "ജനനവഴിപ്പുസ്തകം'', സുവിശേഷം എന്നു് വിളിക്കപ്പെടുന്നു.

സുവിശേഷത്തിൻെറ ആരംഭം മിശിഹായുടെ സ്നാനമാണെന്നു് അറിയുന്നതു് നന്നായിരിക്കും. എന്നാൽ തൻെറ ഉത്ഭവം മുതൽ സ്നാനംവരെയുള്ള സംഗതികരം സുവിശേഷത്തിൻെറ ഭാഗമായി അതോടു കൂട്ടിച്ചേർത്തിരിക്കുന്നു. സുവിശേഷം സദ്വാർത്ത എന്നു് പറയാം. സദ്വാർത്ത, സ്നാനംകൊണ്ടാരംഭിക്കുന്നു. അങ്ങനെയാണ് മർക്കോസ് ആരംഭിക്കുന്നതു്. അതുപോലെതന്നെ മത്തായിയും ലൂക്കോസും ജനനവുമായി ബന്ധപ്പെട്ട കുറേ സംഗതികരം ചുരുക്കിപ്പറഞ്ഞശേഷം സ്നാനത്തിലേക്കു കടക്കുന്നു. യോഹന്നാനും തൻെറ ഗ്രന്ഥത്തിൻെറ

www.malankaralibrary.com



ആരംഭത്തിൽ, ഏകജാതൻെറ ദൈവത്വത്തെപ്പററി പഠിപ്പിച്ച ശേഷം യോഹന്നാൻെറ സ്നാനംകൊണ്ടു തുടങ്ങുന്നു. "യോഹന്നാൻ അവനെപ്പററി സാക്ഷ്യം വഹിക്കുന്നു" (1:15).

"അബ്രഹാമിൻെറ പുത്രൻ" എന്നു പറഞ്ഞിരിക്കുന്നതു് യേശുമിശിഹായെപ്പററിയാണോ ദാവീദിനെപ്പററിയാണോ എന്നു ചോദിച്ചേക്കാം. 'അബ്രഹാമിൻെറ പുത്രൻ' എന്നും 'ദാവീദിൻെറ പുത്രൻ' എന്നും പറയുന്നതു് യേശുമിശിഹായെപ്പററിയാണ് എന്നു് *ജോൺ ക്രിസോസ്തോം* പറയുന്നു. യേശു ദാവീദിൻെറ പുത്രനും അബ്രഹാമിൻെറ പുത്രനുമാണ്. എന്നാൽ 'അബ്രഹാമിൻെറ പുത്രൻ' എന്നു പറയുന്നതു് ദാവീദിനെക്കുറിച്ചാണ് എന്നാണ് *ഭാഷ്യകാരൻ* പറയുന്നതു്.[1] വാക്കു് അങ്ങനെയാണ് നിൽക്കുന്നതു്. യേശുമിശിഹാ ദാവീദിൻെറ പുത്രനാണ്. ദാവീദാകട്ടെ, അബ്രഹാമിൻെറ പുത്രനും. എന്നാൽ അവൻ അവരിരുവരുടെയും പുത്രനാണ്.

എന്നാൽ അവൻ എന്തിനാണ് ഈ രണ്ടാളുകളെ പ്രത്യേകമായി പേരെടുത്തുപറയുന്നതു്? കാരണം, 'നിൻെറ സന്തതിവഴി ലോകത്തിലുള്ള എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും' എന്നു് മിശിഹായെപ്പററിയുള്ള വാഗ്ദാനങ്ങൾ അബ്രഹാമിനാണ് ആദ്യം നൽകപ്പെട്ടതു് (ഉല്പ. 18:18). അബ്രഹാമാകട്ടെ, ദുഷ്ടതയിൽനിന്നു്, അതായതു് വിഗ്രഹാരാധനയിൽനിന്നു്, പിൻതിരിഞ്ഞു് ദൈവികാറിവിലേക്കു വന്നു.... പിന്നീടു് ഈ വാഗ്ദാനങ്ങൾ ദാവീദിൽ നവീകരിച്ചു. അവൻെറ സന്തതി എന്നേക്കും നിലനിൽക്കുമെന്നും സൂര്യനെപ്പോലെ സുസ്ഥാപിതമായിരിക്കുമെന്നും വാഗ്ദാനമുണ്ടായി (സങ്കീ. 89:36). അതുകൊണ്ടു്, സുവിശേഷകൻ ദുഷ്ടരെ ശാസിക്കാനും വിശ്വാസികളെ പ്രോത്സാഹിപ്പിക്കാനുമായി, നീതിമാന്മാരോടു ചെയ്ത ഉടമ്പടികളും വാഗ്ദാനങ്ങളും പൂർണമായി പൂർത്തിയായി എന്നു കാണിക്കാൻ ആഗ്രഹിച്ചുകൊണ്ടു്, തൻെറ രചനയുടെ ആരംഭത്തിൽ ആമുഖമായി പിതാക്കന്മാരുടെ പേരുകൾ വച്ചു.

*"യേശുമിശിഹായുടെ ജനനവഴിപ്പുസ്തകം"* (1:1): മനുഷ്യസ്വഭാവത്തിൽനിന്നു് എടുത്തിട്ടുള്ള ഒരു പദമാണ് യേശു എന്ന നാമം; എന്നാൽ അർത്ഥമനുസരിച്ചു്, 'രക്ഷകനായ

1. മൊപ്സുവെസ്റ്റ്യായിലെ തിയഡോറിനെയാണ് സുറിയാനി സഭയിൽ ഭാഷ്യകാരൻ (മ്പശ്കാനാ – interpreter) എന്നു വിളിക്കുന്നതു്.

www.malankaralibrary.com



ദൈവം' എന്നു് അതു് ഭാഷാന്തരം ചെയ്യാം. 'മിശിഹാ' എന്ന നാമം ബഹുമാനത്തിന്റെ നാമമാണ്. അതായതു് ഐക്യ നാമം: അഭിഷേകം ചെയ്ത ദൈവം, അഭിഷേകം സ്വീകരിച്ച മനുഷ്യൻ. അവിടുത്തെ പുത്രത്വം സ്വാഭാവികമാണ്; അവി ടുന്നു് എടുത്തതു് കൃപയാലാണ്. അബ്രഹാമിന്റെ കാര്യങ്ങൾ, വഴിതെററിനടന്ന ജാതികളുടെ മാനസാന്തരത്തിന്റെ മുൻകുറികളായിരുന്നു. ദാവീദിന്റെ കാര്യങ്ങൾ 'ദാവീദിന്റെ പുത്രന്റെ' മുൻകുറികളായിരുന്നു. ദാവീദിനെ ശൗൽ പീഡിപ്പിച്ചു; പുത്രനെ ഹേറോദേസും. ദാവീദിനെപ്രതി പുരോഹിതർ കൊല്ലപ്പെട്ടു; നമ്മുടെ കർത്താവിനെപ്രതി ശിശുക്കളും. പുരോഹിതരിൽ അബിയാഥാർ രക്ഷപെട്ടു; ശിശുക്കളുടെ ഇടയിൽ യോഹന്നാനും. ദാവീദ് പുറജാതികളുടെ പക്കലേക്കു് ഓടിപ്പോയി; ദാവീദിന്റെ പുത്രൻ ഈജിപ്തിലേക്കും. അബിയാഥാറിൽ ഏലിഭവനത്തിന്റെ പൗരോഹിത്യം അവസാനിച്ചു; യോഹന്നാനിൽ യാക്കോബിന്റെ ഭവനത്തിന്റെ പ്രവാചകത്വം അവസാനിച്ചു.[1]

എന്തുകൊണ്ടാണ് സുവിശേഷകൻ ശ്രേഷ്ഠ തരുണികളായ സാറാ, റിബേക്കാ ആദിയായവരെ വിട്ടുകളയുകയും താമാർ, റാഹാബ്, റൂത്, ഊറിയായുടെ ഭാര്യ എന്നിവരെപ്പററി സംസാരിക്കുകയും ചെയ്തതു് എന്നു ചോദിച്ചേക്കാം.

അതിനുത്തരം ഇതാണ്: പുറജാതിക്കാരുമായി കൂടിക്കലരുന്നതു് യഹൂദർക്കു നിഷിദ്ധമായിരുന്നു. അവർ പുറജാതിക്കാരെ പരിഹാസപൂർവ്വം പരിഗണിച്ചിരുന്നു. പുറജാതിക്കാരെ സ്വീകരിച്ച ശ്ലീഹന്മാരെയും അവർ കുററപ്പെടുത്തിയിരുന്നു. പുറജാതിക്കാരിൽനിന്നുള്ള വേർപാടു് ആവശ്യമാണ് എന്നു് അനുശാസിക്കുന്ന നിയമത്തിനു് വിരുദ്ധരാണിവരെന്നു് കപടമായി ജല്പിക്കുകയും ചെയ്തിരുന്നു. അതേസമയം മിശിഹായെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ പുറജാതികളോടല്ല തങ്ങളോടാണ് ദൈവം നടത്തിയിട്ടുള്ളതു് എന്നു് യഹൂദന്മാർ വീമ്പിളക്കിയിരുന്നു. അവരുടെ പൊങ്ങച്ചം പറച്ചിലിനെ കുററപ്പെടുത്തണമെന്നു് മത്തായിക്കു തോന്നി. കാരണം ശാരീരികബന്ധം സഹായിക്കുകയോ ദൂഷിപ്പിക്കുകയോ ചെയ്യുന്നില്ല. അവൻ ജാതിയെയല്ല, ദൈവത്തെ ഭയപ്പെടുന്ന മനസ്സിനെയാണു ബഹുമാനിക്കുന്നതു്. പുറജാതികൾതന്നെയും ആത്മാർത്ഥത നിറഞ്ഞ ഹൃദയത്തോടുകൂടി അടുത്തുവരുമ്പോൾ സ്വീകരിക്കപ്പെടുന്നു എന്നും അവൻ കാണിക്കുന്നു. അതുകൊണ്ടു്, അവരുടെ ഇട

1. മാർ അപ്രേം, ദിയാതെസ്സറോൺ

www.malankaralibrary.com



യിലെ മഹനീയനും ബഹുമാന്യനുമായ ദാവീദ് നിയമമനുസരിച്ചുള്ള ജാതിയുടെ വംശാവലിയിൽനിന്നല്ല എന്നുകാണിക്കാൻ ആരംഭം മുതൽ അവൻ ശ്രദ്ധിച്ചിരുന്നു. താമാർ ഒരു പുറജാതിക്കാരിയായിരുന്നു. അവരം യൂദായുടെ മരുമകളായിരുന്നു. അവളിൽനിന്നുള്ള മക്കരം നിയമാനുസൃതം ജനിച്ചവരുമായിരുന്നില്ല. അമ്മായിഅപ്പൻ മരുമകളുടെകൂടെ സഹവസിക്കുക അനുവദനീയമല്ലായിരുന്നു. റൂത് മോവാബ്യസ്ത്രീയായിരുന്നു. അമ്മേന്യരും മോവാബ്യരും കർത്താവിൻെറ സമൂഹത്തിലേക്ക് ഒരിക്കലും വന്നുകൂടാ എന്ന് നിശ്ചയിക്കപ്പെട്ടിരുന്നു. റാഹാബും പുറജാതിക്കാരിയായിരുന്നു. ഒററുകാരെ സ്വീകരിച്ച ഒരു വേശ്യയായിരുന്നു അവരം എന്നുപറയപ്പെടുന്നു. 87–ാം സങ്കീർത്തനത്തിൽ (4) ദാവീദ് അവളെപ്പററി സൂചിപ്പിക്കുന്നു. ബേത്ഷേബാ ഹിത്യസ്ത്രീയായിരുന്നു. ദാവീദ് നിയമാനുസൃതം വിവാഹം കഴിച്ച സ്ത്രീയുമല്ലായിരുന്നു. എന്നാൽ ജ്ഞാനിയായ സോളമൻ അവളിൽനിന്നാണു ജനിച്ചത്.

ഈ സ്ത്രീകളുടെ പേരുകരം സൂചിപ്പിക്കുന്നതുവഴി, അബ്രഹാമിൻെറ വംശാവലിയിൽപെട്ടവരെന്ന് വളരെ വീമ്പടിച്ചിരുന്ന യഹൂദരെ അവൻ ലജ്ജിപ്പിച്ചു. വീണ്ടും, പോയി സകല ജാതികളോടും പ്രഘോഷിക്കുവാനുള്ള കല്പനയാണല്ലോ ശ്ലീഹന്മാർക്കു കിട്ടിയിരുന്നത്. മിശിഹാവന്ന ഗോത്രത്തിൻെറ വംശാവലിയിൽ പുറജാതിക്കാർക്കും ഭാഗഭാഗിത്വം ഉണ്ടായിരുന്നു എന്നും അവർ അനുതപിച്ചാൽ പാപങ്ങളുടെ പൂർണമോചനത്തിൽനിന്ന് അവരെ തടയുന്ന യാതൊന്നും ഇല്ല എന്നും അവരും ദൈവത്തിൻെറ ഇസ്രായേൽ ആയിത്തീരും എന്നും പഠിപ്പിക്കാൻ ഈ സ്ത്രീകളെ സൂചിപ്പിക്കുന്നതു വഴി അവൻ ആഗ്രഹിച്ചു. എന്നാൽ താർക്കികരായ അല്ലെഗൊറിസ്റ്റുകാർ വിഭാവന ചെയ്യുന്നതും പഠിപ്പിക്കുന്നതും വേറെ രീതിയിലാണ്. താമാർ: 'താ, മാർ: എൻെറ കർത്താവെ, വന്നാലും'. നമ്മുടെ കർത്താവിനെ തൻെറ പക്കലേക്ക് വിളിച്ചവരം എന്ന അർത്ഥത്തിൽ അവർ 'താമാർ' എന്ന നാമം വ്യാഖ്യാനിക്കുന്നു. 'റാഹാബ'' എന്നതിന് സ്വജനത്തിന് ജാതികളോടുള്ള സംസർഗ സൂചനയാണ് എന്നും 'റൂത്'' എന്നാൽ 'അനുരഞ്ജനം' എന്നും അവർ പറയുന്നു.

അഹസിയാ, യോവാശ്, അമസിയാ എന്നീ മൂന്ന് തലമുറകരം മധ്യത്തിലായി മത്തായി വിട്ടുകളഞ്ഞത് എന്തിനാണ്? ദുഷ്ടയായ ജസബേലിൻെറ പുത്രിയായ അത്താലിയായുടെ മകനായതിനാലാണ് അഹസിയായുടെ പേര് വിട്ടുകളഞ്ഞതെന്നു ചിലർ പറയുന്നു. യോവാശ് അവൻെറ

www.malankaralibrary.com



മകൻെറ മകനായതിനാലാണ്. അമസിയായുടെ വംശവും ആ കുടുംബത്തിൽനിന്നുള്ളതായതിനാലാണ്. അവരുടെ ദുഷ്ടത നിമിത്തമാണ് അവരെ വിട്ടുകളഞ്ഞതെങ്കിൽ, ആഹാസ്, മനാശ്ശെ തുടങ്ങിയ ദുഷ്ടരെ സൂചിപ്പിക്കുന്നതു് എന്തിനാണ് എന്ന് അവർക്കെതിരെ നാം ചോദിക്കുന്നു. ഇപ്രകാരമായിരുന്നെങ്കിൽ ദുഷ്ടഭാര്യയെ സ്വീകരിച്ച യോരാമിൻെറ കാര്യം ആരംഭത്തിൽ പറയാതിരിക്കുകയായിരുന്നു ശരി. അവളെ വേണമെങ്കിൽ സ്വീകരിക്കാതിരിക്കാമായിരുന്നല്ലോ. എന്നാൽ ആ മനുഷ്യർക്കു് അത്തരത്തിലെ ജനിക്കാൻ സാധിക്കുമായിരുന്നുള്ളു.

എന്നാൽ സൂക്ഷ്മതയില്ലാത്ത പകർത്തിയെഴുത്തുകാരൻ വരുത്തിയ ഒരു തെററാണിതു്; അതൊഴിവാക്കിയതു് സുവിശേഷകനല്ല; കാരണം, പേരുകളുടെ സാമ്യവും സാമീപ്യവും നിമിത്തം അഹസിയായ്ക്കു പകരം പകർത്തിയെഴുതിയവൻ ഉസിയാ എന്നെഴുതി. ഗ്രീക്കിൽ *അയിനോ,ഹോതോ* ഇല്ലല്ലോ; രണ്ടിനും പകരം അയാാം *ആലഫ്* വച്ചു. അക്ഷരങ്ങളുടെ എണ്ണത്തിലും രൂപത്തിലും അവ രണ്ടും തുല്യമാണ് എന്നാണ് ഭാഷ്യകാരൻ പറയുന്നതു്. ദാവീദു മുതൽ ബാബേൽ വിപ്രവാസം വരെ പതിനാല് എന്ന സംഖ്യ തികയ്ക്കാനുമല്ല അയാളിതു ചെയ്തതു്. കാരണം, ബാബേൽ വിപ്രവാസം മുതൽ മിശിഹാവരെ പതിമൂന്ന് തലമുറകളേയുള്ളു; പതിന്നാല് എന്നു പറയാൻ ഇതയാാംക്കു് ഒരു തടസ്സമായില്ല. തലമുറകളെ മൂന്നായി തിരിച്ചപ്പോാം എണ്ണത്തിൻെറ ആകെത്തുകയല്ല അയാാം പരിഗണിച്ചതു്. അതു് പകർത്തിയെഴുത്തുകാരൻ വരുത്തിയ ഒരു തെററാണെന്നു പറയപ്പെടുന്നു. എന്നാൽ അവ വിട്ടുകളയാൻ സുവിശേഷകൻ തീർച്ചയായും ആഗ്രഹിച്ചു എന്ന് മററു ചിലർ പറയുന്നു. സുവിശേഷകൻ വിട്ടുകളഞ്ഞില്ലായെങ്കിൽ, 'ദാവീദു മുതൽ ബാബേൽ പ്രവാസംവരെ പതിന്നാല് തലമുറകാം' എന്ന് അയാാം പറയുമായിരുന്നില്ല; പതിനെട്ടെന്നു പറയുമായിരുന്നു എന്നതു വ്യക്തമാണല്ലോ. കാരണം, അവസാനഭാഗത്തു്, സലാതിയേലിനും സൊറൊബാബേലിനും ഇടയ്ക്കു് നെദാബിയ എന്ന ഒന്നുകൂടി അവൻ വിട്ടുകളഞ്ഞു (1 ദിന. 3: 19). മറിയത്തോടും മിശിഹായോടുംകൂടി പതിനാലു തികയ്ക്കാനാണ് അവൻ അപ്രകാരം ചെയ്തതു്. അവൻെറ പിതാവിനുപകരം മറിയമാണ് തലമുറയിൽ വന്നിരിക്കുന്നതു്.

സുവിശേഷകൻെറ ഗ്രന്ഥം പലസ്തീനയിലെ കേസറിയായിൽ ഉണ്ടായിരുന്നു. തൻെറ സ്വന്തം കൈപ്പടയിൽ എബ്രായ ഭാഷയിലാണ് അയാാം അതെഴുതിയതു്. അതിൽ ഈ പേരു

www.malankaralibrary.com



കളില്ല. അതുകൊണ്ട് അയാരം തന്നെ ഇവ വിട്ടുകളഞ്ഞു എന്ന് വ്യക്തമാണല്ലോ. അതുപോലെ *അതാലിയ* ജസബേലിൻെറ പുത്രിയല്ലായിരുന്നു, പിന്നെയോ നമ്രിയുടെ മകളായിരുന്നു എന്നും നാം പറയുന്നു. ഈ പേരുകരം സംബന്ധിച്ച് ജനങ്ങരം ക്കിടയിൽ തെററായ ധാരണകളുണ്ടായിരുന്നു എന്നത് അറിഞ്ഞിരുന്നതിനാൽ അവൻ അവ വിട്ടുകളഞ്ഞു. എങ്കിലും *ഭാഷ്യകാരൻെറ* ആശയം കലാലയം മുഴുവൻ അംഗീകരിയ്ക്കുന്നു.

'യോസിയാ, യെകോനിയായെയും അവൻെറ സഹോദരന്മാരെയും ജനിപ്പിച്ചു' എന്ന് എന്തുകൊണ്ടാണ് മത്തായി പറഞ്ഞത് എന്ന് അന്വേഷിക്കാം. യോസിയാ, യെകോനിയായെ ജനിപ്പിച്ചില്ല. പിന്നെയോ ഷാലേം എന്നു വിളിക്കപ്പെട്ടുന്ന യെഹോവാഹാസിനെയും യെഹോയാക്കിം എന്നു വിളിക്കപ്പെട്ടുന്ന എല്യാക്കീമിനെയും സെദെക്കിയാ എന്ന് നെബുക്കദ്നേസർ വിളിച്ച മത്തിയായെയുമാണ് ജനിപ്പിച്ചത്. യെകോനിയ, എലിയാക്കീമിൻെറ പുത്രനായിരുന്നു. അയാരം തൻെറ പിതൃസഹോദരന്മാരെ തിരുലിഖിത രീതിയനുസരിച്ച് *സഹോദരൻമാർ* എന്നും 'നമ്മരം സഹോദരന്മാരാണ്'' എന്ന് അബ്രാഹം ലോതിനെ വിളിച്ചതുപോലെ (ഉല്പ. 13:8) പുത്രൻെറ പുത്രന്മാരെ, *പുത്രൻമാർ* എന്നും വിളിച്ചു. ലാബാൻ യാക്കോബിനോട് 'പുത്രന്മാർ എൻെറ പുത്രന്മാരാണ്', പുത്രിമാർ എൻെറ പുത്രിമാരാണ്'' എന്നു പറഞ്ഞു (ഉല്പ. 31:43). ഈ പറഞ്ഞ രീതി ഒരു ചരിത്രരീതിയാണ്. അതുകൊണ്ട് യെകോനിയായെ യോസിയായുടെ പുത്രൻ എന്നു വിളിച്ചു. അവൻെറ പിതാവായ എലിയാക്കിം, പ്രവാചകന്മാരെ, അതായത് ഷെമയ്യായുടെ മകനായ ഊറിയായെ, കൊന്ന് പരിശുദ്ധ സ്ഥലം അശുദ്ധമാക്കി. മനാശ്ശെ ഇതിനേക്കാരം മോശമായിരുന്നു എന്ന് അവർ മനസ്സിലാക്കിയില്ല. മത്തായി അവനെപ്പററി പരാമർശിക്കാതെ വിട്ടുകളഞ്ഞുമില്ല. മനാശ്ശെയെ ബാബിലോണിലേക്ക് അടിമയായികൊണ്ടുപോയപ്പോരം അവൻ അനുതപിച്ചു പ്രാത്ഥിക്കുകയും, ദൈവം അവൻെറ യാചന കേട്ട് അവനെ ജറുസലേമിലേക്ക തിരിച്ചയച്ച് രാജ്യം തിരികെ കൊടുക്കുകയും ചെയ്തു. അപ്പോരം മനാശ്ശെ വിഗ്രഹങ്ങളെയും അപരിചിത ദേവന്മാരെയും ദൂരെയെറിഞ്ഞു.

അടിമത്തം മുതൽ മിശിഹാവരെയുള്ള പതിന്നാലു തലമുറകളുടെ എണ്ണത്തിൽ വ്യക്തമായി ഉരംപ്പെടുത്താൻവേണ്ടി നമ്മുടെ കർത്താവിനെ തലമുറകളുടെ എണ്ണത്തിൽ ചേർത്തതിൽ അദിയബേനേക്കാരൻ *ഹെനാന* ആശ്ചര്യപ്പെട്ടുപോയി.

www.malankaralibrary.com



തലമുറകളുടെ വിഭജനം മൂന്നു ഭാഗങ്ങളായി സുവിശേഷകൻ വെറുതെ തിരിച്ചതല്ല എന്നു നാം അറിയുന്നതു നന്നായിരിക്കും. അതുപോലെ പതിന്നാലു തലമുറകളുടെ എണ്ണം തികയ്ക്കാനുമല്ല അങ്ങനെ ചെയ്തതു്. കാരണം, അവയിൽ ചിലതു് കൂടുതലും ചിലതു് കുറവുമാണെന്നു നാം കാണുന്നു. പിന്നെയോ, ലോകത്തിൽ പുതിയൊരു പ്രബോധനം കൊണ്ടുവരുന്നവർ എന്ന നിലയിൽ യഹൂദന്മാർ ശ്ലീഹന്മാരെ കുററപ്പെടുത്തുന്നുണ്ടായിരുന്നു. ദൈവത്തിന്റെ ഭരണരീതി ഒരുപോലെ ഇരിക്കുന്നില്ല, അതു് മനുഷ്യരുടെ ഇടയിലുള്ള ഭരണത്തിൽ തന്റെ പ്രബോധനം സ്ഥാപിക്കാനാഗ്രഹിച്ചുകൊണ്ടു് മനുഷ്യരെ സഹായിക്കാൻ വൈവിധ്യമാർന്ന രീതികളിൽ പ്രവർത്തിക്കുന്നു എന്നു് അവരെ ബോധ്യപ്പെടുത്താൻ മത്തായി ആഗ്രഹിച്ചു.

അബ്രഹാം മുതൽ ദാവീദുവരെ അവർക്കു രാജാക്കന്മാർ ഉണ്ടായിരുന്നില്ല. ന്യായാധിപന്മാർ എന്നു വിളിക്കപ്പെട്ടവർക്കു് അവർ കീഴ്പ്പെട്ടിരുന്നു. യൂദാഗോത്രത്തിലെ അമീനാദാബിന്റെ മകളായ ഏലിശ്ശബായെ അഹറോൻ ഭാര്യയായി സ്വീകരിച്ചു എന്നു് തിരുലിഖിതം പഠിപ്പിക്കുന്നതുപോലെ പുരോഹിതരും യൂദാഗോത്രവുമായി ബന്ധപ്പെട്ടിരുന്നു. യോരാം രാജാവിന്റെ മകളായ യോഷേബായെ യെഹോയാദാ എന്ന പുരോഹിതൻ ഭാര്യയായി സ്വീകരിച്ചു. വസ്തുക്കളുടെ മാററമനുസരിച്ചാണു് സംഭവങ്ങളുടെ മാററവും (പുറ. 6:23; 2 ദിന. 22:11). ക്രിസ്തുവാണു് സത്യമായും രാജാവായിരുന്നതു് എന്നതിൽ, ക്രിസ്തുവിലൂടെ ചെയ്യുവാൻ ദൈവം ആഗ്രഹിച്ചതു് ഇപ്പോഴും ഒരു പുതിയ കാര്യമല്ല എന്നു പഠിപ്പിക്കാൻ സുവിശേഷകൻ ആഗ്രഹിച്ചു. തദനുസരണം വളരെ ഉചിതമായി മത്തായി പതിന്നാലു് തലമുറകളെ വിഭജിച്ചു. അവയിൽ ചിലതു് കുറവും ചിലതു് കൂടുതലും എന്നു് അറിയാതെയല്ല പതിന്നാലു് തലമുറകൾ എന്നു പറഞ്ഞതു്. പിന്നെയോ അപൂർണസംഖ്യകളെക്കുറിച്ചു് "ഇന്നയാൾ" "ഏതാണ്ടു് ഇന്ന വർഷം" എന്നൊക്കെ പറയുക നമുക്കു പതിവായിരിക്കുന്നതുപോലെയാണിതു്. *ഹെനാനായും* തലമുറകളെ പതിന്നാലായി വിഭജിക്കുന്നു. കാരണം ഈ സംഖ്യ യഹൂദരുടെ ഇടയിൽ പ്രശസ്തമായിരുന്നു. ഇതിലാണു് പൂർണചന്ദ്രൻ സൃഷ്ടിക്കപ്പെട്ടതു്; ഇതിൽ അവർ പെസഹാ അനുഷ്ഠിച്ചു. ഈജിപ്തിൽനിന്നു് മോചിതരായി.

ദാവീദിൽനിന്നു് സോളമനിലൂടെ മിശിഹായിലെത്തുന്ന വംശാവലി മത്തായി നൽകുമ്പോൾ സോളമനുപകരം ദാവീദിന്റെ മകനായ നാഥാനിലൂടെ യൗസേപ്പിലെത്തുന്ന വംശാവലി ലൂക്കോസ് നൽകുന്നതെന്തുകൊണ്ടാണു് എന്ന ചോദി

www.malankaralibrary.com



ച്ചേക്കാം. *ആഫ്രിക്കാനുസ്* എന്ന ചരിത്രകാരൻ ഇതു് വിശദീകരിക്കുന്നു. തനിക്കു മുമ്പുള്ള ചരിത്രങ്ങളിൽനിന്നാണ് അദ്ദേഹത്തിനിതു കിട്ടിയതു് എന്നു് അദ്ദേഹം പറയുന്നു. ഇസ്രായേലിൽ തലമുറകളുടെ പേരുകൾ സ്വാഭാവികമായോ നിയമാനുസൃതമോ എണ്ണിയിരുന്നു. സ്വാഭാവികമായി: കൃത്യമായി സന്തതികൾ വഴിയുള്ളതായിരുന്നു. നിയമാനുസൃതം: സന്താനരഹിതനായി മരിച്ചുപോയ സഹോദരൻെറ നാമം മാഞ്ഞു് ഇല്ലാതായിപ്പോകാതിരിക്കാനായി അയാളുടെ പേരിൽ ജനിപ്പിക്കുന്നതു്. അവർക്കു് മർത്ത്യമായ ഉത്ഥാനമല്ലാതെ അമർത്ത്യമായ ഉത്ഥാനത്തെപ്പററി അപ്പോഴും പ്രത്യാശയില്ലായിരുന്നു. അതുകൊണ്ടു് രണ്ടു സുവിശേഷകരും പറയുന്നതു് സത്യമാണ്: മത്തായി സ്വാഭാവിക പിൻതുടർച്ചയും ലൂക്കോസ് നൈയാമിക പിൻതുടർച്ചയും നൽകുന്നു എന്നുമാത്രം. കാരണം, മക്കളില്ലാതെ മരിച്ചയാളിനു് സന്താനത്തെ ജനിപ്പിച്ചതുവഴി സോളമൻേറയും നാഥാൻെറയും വംശാവലി കൂട്ടിക്കുഴഞ്ഞുകിടക്കുന്നു. ഒരേ മക്കൾ അവകാശമായി മററെയാളുടേയും ആണ്; മററെയാളുടെ പേരിൽ അറിയപ്പെടുകയും ചെയ്യുന്നു. അങ്ങനെ രണ്ടു് വംശാവലിയും യൗസേപ്പുവഴി യൗസേപ്പിൽ അവസാനിക്കുന്നു. ദാവീദിൽനിന്നു് സോളമൻവഴിയുള്ള വംശാവലി എണ്ണുമ്പോൾ, അവസാനത്തേതിൽനിന്നു് മുകളിലേക്കു മൂന്നാമതു്മാതാനാണ്. യൗസേപ്പിൻെറ പിതാവായ യാക്കോബിനെ ജനിപ്പിച്ചയാളാണ് മാതാൻ. ലൂക്കോസിൻെറ വാക്കനുസരിച്ച്, ദാവീദിൽനിന്നു് നാഥാൻവഴി അവസാനത്തേതിൽനിന്നു് മുകളിലേക്കു മൂന്നാമതു് മെൽക്കിയുടെ "മകനാണ്". എന്നാൽ യൗസേപ്പ് മെൽക്കിയുടെ പുത്രനായ ഹേലിയുടെ പുത്രനാണ്. മാത്താനും മെൽക്കിയും ഒരേ സ്ത്രീയെ ഭാര്യയായി സ്വീകരിച്ചതിനാൽ, ഒരേ അമ്മയിൽനിന്നു് അവർക്കു് രണ്ടു പുത്രന്മാരുണ്ടായി. അവളുടെ പേരു് എസ്കാ എന്നായിരുന്നു. ആസാ എന്നായിരുന്നു ഒരാളുടെ പേരു്. വിധവയെയോ ഉപേക്ഷിക്കപ്പെട്ടവളെയോ പരിഗ്രഹിക്കുന്നതു് നിയമം വിലക്കിയിരുന്നില്ല. സോളമൻെറ വംശാവലിയിലുള്ള മാതാൻ അവളെ ആദ്യം സ്വീകരിച്ചു. അതിൽനിന്നു് യാക്കോബ് ജനിച്ചു. മാതാൻെറ മരണശേഷം നാഥാൻെറ വംശാവലിയിലുള്ള മെൽക്കി അവളെ സ്വീകരിച്ച്, ഹേലിയെ ജനിപ്പിച്ചു. എന്നാൽ ഹേലി മക്കളില്ലാതെ മരിച്ചു. അവൻെറ സഹോദരനായ യാക്കോബ് അവൻെറ ഭാര്യയെ സ്വീകരിച്ച് യൗസേപ്പിനെ ജനിപ്പിച്ചു. അതുകൊണ്ടു് യാക്കോബ് യൗസേപ്പിനെ ജനിപ്പിച്ചു എന്നു് എഴുതപ്പെട്ടിരിക്കുന്നു. സ്വാഭാവത്താലെ യൗസേപ്പ് അവൻെറ മകനാണ്; എന്നാൽ നിയമാനുസൃതം ഹേലിയുടെ മകനും. അതുകൊണ്ടു്,

www.malankaralibrary.com



പ്രവാചക വചനമനുസരിച്ചാണ് മിശിഹാ പിറന്നതെന്ന്, സ്വാഭാവികതലമുറകൾ വഴിയുള്ള വംശാവലിയിലൂടെ മത്തായി കാണിക്കുന്നു.

എന്നാൽ യൗസേപ്പ് ദാവീദിൻെറ വംശാവലിയിൽനിന്നല്ല എന്ന് കാണിക്കാൻ നൈയാമിക പിൻതുടർച്ചയെ ദുർവ്യാഖ്യാനം ചെയ്ത് മത്തായിയുടെ ഗ്രന്ഥത്തിനെതിരെ ചിലർ തർക്കിച്ചു. യൗസേപ്പ് യാക്കോബിൻെറ പുത്രനല്ല, ഹേലിയുടെ പുത്രനാണ് എന്ന് അവർ പറഞ്ഞു. യാക്കോബ് ജനിപ്പിച്ചെങ്കിലും, യൗസേപ്പ് ജനിച്ചത് ഹേലിക്കാണ്. അവരുടെ ഈ കുതർക്കത്തിൻെറ മൗഢ്യത്തെ കുററപ്പെടുത്താൻ ലൂക്കോസ് ആഗ്രഹിച്ചു. കാരണം, യൗസേപ്പ് ഹേലിയുടെ ലൈനിലാണെങ്കിലും നൈയാമികമായി ഹേലിയുടെ മകനാണ്. ആ രീതിയിലും മിശിഹാ ദാവീദിൻെറ വംശത്തിൽനിന്നാണ്. ഹേലിയുടെ പിതാവ് മെൽക്കിയായിരുന്നു. യൗസേപ്പിൻെറ പിതാവെന്ന് ലൂക്കോസ് അയാളെ വിളിക്കുന്നു. എന്നാൽ മെൽക്കിയുടെ പുത്രനായ ഹേലിയുടെ പുത്രനായ യൗസേപ്പ് എന്ന് ലൂക്കോസ് പറയേണ്ടതായിരുന്നു. അദ്ദേഹം ഇങ്ങനെ ചെയ്തില്ല. പിന്നെയോ യൗസേപ്പിൻെറ പുത്രൻ, ഹേലിയുടെ പുത്രൻ, മാതാതിൻെറ പുത്രൻ, ലേവിയുടെ പുത്രൻ അങ്ങനെ മെൽക്കിയുടെ പുത്രൻ. മെൽക്കിയുടെ പുത്രന്മാർ ഹേലി, മതാത്ത്, ലേവി എന്നിവരാണെന്നും എങ്ങനെ വന്നാലും യൗസേപ്പിൽനിന്ന് മെൽക്കിയിലെത്താം എന്നും മിശിഹാ അവശ്യാവശ്യം ദാവീദിൻെറ മകനാണെന്നും കാണിക്കാനാണി പ്രകാരം ചെയ്തത്.

എന്നാൽ ദാവീദുമുതൽ മിശിഹാവരെ ലൂക്കോസ് നാല്പത്തിമൂന്ന് തലമുറകൾ എണ്ണുമ്പോൾ മത്തായി താൻ കുറച്ചതിനു പുറമെ ഇരുപത്തെട്ടെണ്ണം മാത്രം എണ്ണുന്നത് എന്തുകൊണ്ടാണ്? വാസ്തവത്തിൽ അവ മുപ്പത്തിരണ്ടെണ്ണമാണ്. തലമുറകളുടെ കുടുംബങ്ങൾക്കെല്ലാം ഒരേ ജീവിതപന്ഥാവമല്ല ഉള്ളത് എന്നു നാം പറയുന്നു. ആയുസ്സിൽ തുല്യതയുണ്ടെങ്കിലും ചിലർ ഭാര്യമാരെ സ്വീകരിച്ച് മക്കളെ ജനിപ്പിക്കുന്നു. അവർക്ക് മൂന്നു തലമുറ കൂടുതലുണ്ട്. എന്നാൽ മററവർക്ക് ഒന്നു മാത്രമേയുള്ളു. ഇത്തരത്തിലുള്ള അനേകരെ നാം കണ്ടിട്ടുണ്ട്. അതുകൊണ്ട് ഒരു തലമുറ മററുള്ളവരേക്കാൾ ദീർഘകാലം ജീവിക്കുകയോ പിൻതലമുറ കുറഞ്ഞുപോകുകയോ ചെയ്താൽ അത്ഭുതപ്പെടാനില്ല.

എന്നാൽ ലൂക്കോസ് നൈയാമിക പിൻതുടർച്ചയെപ്പററിയല്ല സംസാരിക്കുന്നത് എന്നു പറഞ്ഞുകൊണ്ടും വിശ്വാസത്യാ

www.malankaralibrary.com



ഗിയും വാഗ്ദാനലംഘകനുമായ *ജൂലിയനും* ഹീനനായ പൊർഫീരിയും സുവിശേഷകരെ എതിർക്കുന്നു. നൈയാമിക മായിരുന്നെങ്കിൽ എന്തുകൊണ്ടാണ് ഓബേദിന്റെ നൈയാമിക പിതാവിനെ സൂചിപ്പിക്കാഞ്ഞത്? നവോമിയുടെ മക്കളിൽ ഒരുവന്റെ പേരിൽ അവനെ ബോവാസ് ജനിപ്പിച്ചതാണല്ലോ. എന്നാൽ അവൻ സൂചിപ്പിക്കുന്നത് സ്വാഭാവിക പുത്രനെയാണല്ലോ. യൗസേപ്പുമുതൽ ദാവീദുവരെയുള്ളതിനെപ്പററിയേ തർക്കം ഉണ്ടായിരുന്നുള്ളു, ദാവീദുമുതൽ അബ്രഹാം വരെയുള്ളവയെപ്പററി തർക്കമേയില്ലായിരുന്നു. കാരണം യഹൂദരെല്ലാവരും അബ്രഹാമിൽനിന്നുള്ളവരായിരുന്നു എന്ന കാര്യം വഴിതെററിപ്പോയ ഇവർക്കു് അറിയില്ലായിരുന്നു.

എന്തുകൊണ്ടാണ് സുവിശേഷകൻ മിശിഹായുടെ വംശാവലി മറിയത്തിൽ അധിഷ്ഠിതമാക്കാതെ യൗസേപ്പിൽ അധിഷ്ഠിതമാക്കിയിരിക്കുന്നത്? വംശാവലി സ്ത്രീയിൽ അധിഷ്ഠിതമാകുന്ന തിരുലിഖിതരീതിയല്ല എന്നു നാം പറയുന്നു. യൗസേപ്പിനെ സൂചിപ്പിച്ചിട്ട് അവനുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ട കന്യക എന്നനിലയിൽ അവളും, ദാവീദിന്റെ വംശാവലിയിൽനിന്നു വന്നു എന്ന് അവനോടുകൂടിയാണ് അവരം അറിയപ്പെടുന്നത്. ഒരു ഗോത്രത്തിൽനിന്നു മറെറാരു ഗോത്രത്തിൽ ഉള്ള വിവാഹത്തിന് അവസരം ഉണ്ടെങ്കിലും സ്വന്തം ഗോത്രത്തിൽനിന്നു മാത്രമേ വിവാഹം കഴിക്കാവൂ എന്ന് കല്പനയുണ്ടായിരുന്നു. എന്നാൽ യൗസേപ്പും മറിയവും സഹോദരന്മാരുടെ മക്കളുടെ മക്കളാണ്. മാതാൻ എന്നും യോതാം എന്നും രണ്ട് സഹോദരന്മാരെ എലിയേസർ ജനിപ്പിച്ചു. മാതാൻ യാക്കോബിനെയും യാക്കോബ് യൗസേപ്പിനെയും ജനിപ്പിച്ചു. യോതാം സാദോക്കിനെയും സാദോക്ക് മറിയത്തെയും ജനിപ്പിച്ചു. അവളുടെ അമ്മയുടെ അമ്മയുടെ പേരു് ദീനാ എന്നായിരുന്നു. അവരം എലിശ്ബായുടെ സഹോദരിയായിരുന്നു. "ഇതാ, നിന്റെ ചാർച്ചക്കാരിയായ എലിശ്ബാ" എന്നാണല്ലോ ദൂതനും പറഞ്ഞതു് (ലൂക്കാ 1:36). ദാവീദുഭവനത്തിന്റെ രാജ്യവും അഹറോന്റെ കുടുംബത്തിന്റെ പൗരോഹിത്യവും അവയുടെ മാതൃകകളുടെ പൂർത്തീകരണം മിശിഹായിൽ ഉണ്ടാകുവാൻ തക്കവണ്ണം ദൈവപരിപാലന ക്രമീകരിച്ചു.

"അവളുടെ ഭർത്താവായ യൗസേപ്പ് നീതിമാനാകയാലും അവളെ അവമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു" (മത്താ. 1:19) എന്നതിന്റെ അർത്ഥമെന്തു്? ഏതു കാര്യത്തിലാണ് യൗസേപ്പ് നീതിമാൻ ആയിരുന്നതു്? ഒന്നുകിൽ കന്യക വിശുദ്ധ, അല്ലെ

www.malankaralibrary.com



ങ്കിൽ പിഴച്ചവരം എന്നു് അവനു് അറിയാമായിരുന്നു. അവരം വിശുദ്ധയായിരുന്നെങ്കിൽ, അവളെ പറഞ്ഞുവിടേണ്ട കാര്യമില്ല, അവളെ കാത്തുസംരക്ഷിക്കേണ്ടതാണു്. പിഴച്ചവളായിരുന്നെങ്കിൽ അവളെ തുറന്നുകാട്ടി കുററപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ യൗസേപ്പു് നീതിമാനും കരുണയുള്ളവനുമായിരുന്നു. അവൻെറ നീതി അവൻെറ കരുണയെ എതിർത്തു; അവൻെറ കരുണ അവൻെറ നീതിയേയും. കാരണം, ഒരു വ്യഭിചാരിണിയെ തൻെറ ഭവനത്തിൽ പാർപ്പിച്ചുകൂടാ എന്നു് അവൻെറ നീതി അവനെ ഞെരുക്കി. അവളെ രഹസ്യമായി പറഞ്ഞയയ്ക്കാൻ അവൻെറ കരുണ അവനെ ഉപദേശിച്ചു. കാരണം അവളെ തുറന്നുകാട്ടിയാൽ അവളെ മരണത്തിനേൽപ്പിക്കുകയായിരിക്കും എന്നു് അവനു് അറിയാമായിരുന്നു. അതുകൊണ്ടു് അവളെ രഹസ്യമായി വെറുതെ പറഞ്ഞയയ്ക്കാൻ അവൻ ആലോചിച്ചു. അങ്ങനെ ഒരുവശത്തു് കുററമുള്ള സ്ത്രീയുമായി പാർത്തു് നിയമം ലംഘിക്കാൻ ഇടയാകുകയില്ലല്ലോ. മറുവശത്തു്, അവനു് അവളോടു സഹതാപം ഉണ്ടായിരുന്നതിനാൽ, അവളെ തുറന്നുകാട്ടിയാൽ അവരം മരണവിധേയയാണെന്നു് അവനു് അറിയാമായിരുന്നു.

*"അവളിൽ ഉരുവായിരിക്കുന്നതു്*[1] *പരിശുദ്ധാത്മാവിൽനിന്നാണു്"* (*മത്താ. 1:20*). '*അവളിൽ ഗർഭസ്ഥനായിരിക്കുന്നതു്*'[2] എന്നു പറയാതെ, അവൻ ജനിച്ചിട്ടില്ലാതിരിക്കെ മേല്പറഞ്ഞതുപോലെ എന്തുകൊണ്ടാണു് മത്തായി പറയുന്നതു് എന്നു ചോദിച്ചേക്കാം.[3] അതുപോലെ

---

1 എസീലേദ്

2 എസ്ബഥൻ

3 മത്താ. 1:20 ൽ 'എസീലേദ്' (ജനിച്ചു) എന്നും 1:22 ൽ തീലാദ് (പ്രസവിക്കും) എന്നും ആണു് സുറിയാനിയിൽ. ഈ വാക്കുകൾക്കു് ഈശോദാദ് നൽകുന്ന അർത്ഥം സുറിയാനിയിലേ പ്രസക്തമാകൂ. 'ജനിച്ചു' എന്നു പറഞ്ഞിട്ടു് 'പ്രസവിക്കും' എന്നു പറയുന്നതിനു് അർത്ഥമില്ലല്ലോ. പരിശുദ്ധാത്മാവിനാൽ വചനമായ ദൈവം ഒരു സൃഷ്ടിയെപ്പോലെ നിർമ്മിക്കപ്പെട്ടു എന്ന ആര്യൻ ചിന്തയ്ക്കെതിരായ ഒരു വ്യാഖ്യാനമാണു് ഈശോദാദ് നൽകുന്നതു്. 'എസീലേദിനു്' 'ഗർഭസ്ഥനായിരിക്കുന്നതു്', ഉരുവായിരിക്കുന്നതു് എന്ന അർത്ഥമാണു് എന്നു് തുടർന്നുള്ള വിവരണത്തിൽ ഈശോദാദ് നൽകുന്നു. 'ജനിച്ചു' എന്ന അർത്ഥമല്ല എന്നു് വ്യക്തമാക്കുന്നു. ഒരു സൃഷ്ടിയെപ്പോലെ പരിശുദ്ധാത്മാവിനാൽ വചനം ഗർഭസ്ഥനായി എന്ന ആര്യൻ ചിന്ത ഒഴിവാക്കാനാണു് 'എസീലേദ് ബോഹ് മെൻ റൂഹോ' എന്നു് പറഞ്ഞിരിക്കുന്നതു്. അർത്ഥം 'എസ്ബഥൻ' എന്നാണു് എന്നു് ഈശോദാദ് വ്യാഖ്യാനിക്കുന്നു.

www.malankaralibrary.com



*'അവളിൽനിന്ന്'* എന്നു പറയാതെ *അവളിൽ* എന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്? ഇവിടെ പാഷണ്ഡികൾ വിഡ്ഢികളാണ്; കാരണം, അവളിൽ ദൈവം ജനിച്ചു എന്നമട്ടിൽ പാഷണ്ഡികൾ ഇതുവഴി ദൈവവചനത്തിനു ജനനം ആരോപിക്കുന്നു. എന്നാൽ 'അവളിൽനിന്നു മിശിഹാ എന്നു വിളിക്കപ്പെടുന്ന ഈശോ പിറന്നു' എന്നു അതേ സുവിശേഷകൻ മുകളിൽ പറഞ്ഞിരിക്കുന്നതു അവർ അറിഞ്ഞിരിക്കട്ടെ. 'അതു പരിശുദ്ധാത്മാവിൽനിന്നാണ്'' എന്നതു അവരെ ലജ്ജിപ്പിക്കുന്നു. കാരണം, വചനമായ ദൈവം പരിശുദ്ധാത്മാവിന്റെ സൃഷ്ടി ആണെങ്കിൽ, അവൻ നിർമ്മിക്കപ്പെട്ടതാണ്, നിർമ്മാതാവല്ല. അതു ആര്യൻ പാഷണ്ഡതയാണ്. അതവർക്കു സന്തോഷവുമായിരിക്കും.

വീണ്ടും, പിന്നീടു എഴുതിയിരിക്കുന്ന ''അവൾ ഒരു പുത്രനെ പ്രസവിക്കും'' എന്നതിനെ ''അവളിൽ ഉരുവായിരിക്കുന്നതു'' നിഷ്ഫലമാക്കുന്നില്ല. അവളിൽ ''ജനിച്ചെങ്കിൽ'', അവൾക്കു വീണ്ടും 'ജനിപ്പിക്കാൻ' കഴിയില്ല. അല്ലെങ്കിൽ ഒരേ ഗർഭധാരണത്തിനു രണ്ടു ജനനങ്ങൾ ഉണ്ടെന്നു വരും. അതുകൊണ്ടു 'അവളിൽ ഉരുവായിരിക്കുന്നതു'' 'അവളിൽ ഗർഭസ്ഥനായിരിക്കുന്നതു'' എന്നതിനു പകരമാണ്.

ജനനത്തെപ്പററി തിരുലിഖിതത്തിൽ രണ്ടു രീതിയിൽ ചിന്തിക്കുന്നു എന്നു മററു ചിലർ പറയുന്നു: മഞ്ഞുതുള്ളികളെ ജനിപ്പിച്ചതാരു? (യോബ് 38:28) എന്നതുപോലെ, ചിലയിടങ്ങളിൽ സൃഷ്ടികർമ്മവുമായി ബന്ധപ്പെടുത്തിയും, മററു ചിലയിടങ്ങളിൽ ജനനവുമായി ബന്ധപ്പെടുത്തിയും പറഞ്ഞിരിക്കുന്നു. ഇവിടെ, 'സൃഷ്ടിക്കപ്പെട്ടതു'' എന്നതിനു പകരമാണ് 'അവളിൽ ഉത്ഭവിച്ചിരിക്കുന്നതു'' എന്നു പറയുന്നതു. അതായതു, പരിശുദ്ധാത്മാവിനാലാണ് അവളിൽ രൂപീകൃതമായിരിക്കുന്നതു എന്നർത്ഥം.

മററു ചിലർ പറയുന്നതു: ഗർഭധാരണം ആണും പെണ്ണും ചേർന്നാണു നടക്കുന്നതു. കന്യക ഗർഭിണിയായപ്പോൾ അവൾക്കു സ്ത്രൈണവേദനകൾ ഉണ്ടാകാഞ്ഞതിനാൽ, 'അവളിൽനിന്നുള്ളതു'' എന്നല്ല 'അവളിൽ' എന്നു ശരിയായി അവൻ പറഞ്ഞിരിക്കുന്നു. അതായതു, ഒരു പുരുഷനിൽനിന്നുകൂടിയല്ല, അവളിൽനിന്നും അവളിലും മാത്രം അവൻ രൂപീകൃതനായി എന്നു സാരം.

www.malankaralibrary.com



*'അവളിൽനിന്ന്'* എന്നു പറയാതെ *അവളിൽ* എന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്? ഇവിടെ പാഷണ്ഡികൾ വിഡ്ഢികളാണ്; കാരണം, അവളിൽ ദൈവം ജനിച്ചു എന്നമട്ടിൽ പാഷണ്ഡികൾ ഇതുവഴി ദൈവവചനത്തിനു ജനനം ആരോപിക്കുന്നു. എന്നാൽ 'അവളിൽനിന്ന് മിശിഹാ എന്നു വിളിക്കപ്പെടുന്ന ഈശോ പിറന്നു' എന്ന് അതേ സുവിശേഷകൻ മുകളിൽ പറഞ്ഞിരിക്കുന്നത് അവർ അറിഞ്ഞിരിക്കട്ടെ. 'അത് പരിശുദ്ധാത്മാവിൽനിന്നാണ്' എന്നത് അവരെ ലജ്ജിപ്പിക്കുന്നു. കാരണം, വചനമായ ദൈവം പരിശുദ്ധാത്മാവിന്റെ സൃഷ്ടി ആണെങ്കിൽ, അവൻ നിർമ്മിക്കപ്പെട്ടതാണ്, നിർമ്മാതാവല്ല. അത് ആര്യൻ പാഷണ്ഡതയാണ്. അതവർക്കു സന്തോഷവുമായിരിക്കും.

വീണ്ടും, പിന്നീട് എഴുതിയിരിക്കുന്ന "അവൾ ഒരു പുത്രനെ പ്രസവിക്കും" എന്നതിനെ "അവളിൽ ഉരുവായിരിക്കുന്നതു" നിഷ്ഫലമാക്കുന്നില്ല. അവളിൽ "ജനിച്ചെങ്കിൽ", അവൾക്ക് വീണ്ടും 'ജനിപ്പിക്കാൻ' കഴിയില്ല. അല്ലെങ്കിൽ ഒരേ ഗർഭധാരണത്തിനു രണ്ട് ജനനങ്ങൾ ഉണ്ടെന്നു വരും. അതുകൊണ്ട് 'അവളിൽ ഉരുവായിരിക്കുന്നത്'' 'അവളിൽ ഗർഭസ്ഥനായിരിക്കുന്നത്'' എന്നതിനു പകരമാണ്.

ജനനത്തെപ്പറ്റി തിരുലിഖിതത്തിൽ രണ്ടു രീതിയിൽ ചിന്തിക്കുന്നു എന്ന് മറ്റു ചിലർ പറയുന്നു: മഞ്ഞുതുള്ളികളെ ജനിപ്പിച്ചതാര്? (യോബ് 38:28) എന്നതുപോലെ, ചിലയിടങ്ങളിൽ സൃഷ്ടികർമ്മവുമായി ബന്ധപ്പെടുത്തിയും, മറ്റു ചിലയിടങ്ങളിൽ ജനനവുമായി ബന്ധപ്പെടുത്തിയും പറഞ്ഞിരിക്കുന്നു. ഇവിടെ, 'സൃഷ്ടിക്കപ്പെട്ടത്'' എന്നതിനു പകരമാണ് 'അവളിൽ ഉത്ഭവിച്ചിരിക്കുന്നത്'' എന്നു പറയുന്നത്. അതായത്, പരിശുദ്ധാത്മാവിനാലാണ് അവളിൽ രൂപീകൃതമായിരിക്കുന്നത് എന്നർത്ഥം.

മറ്റു ചിലർ പറയുന്നത്: ഗർഭധാരണം ആണും പെണ്ണും ചേർന്നാണു നടക്കുന്നത്. കന്യക ഗർഭിണിയായപ്പോൾ അവൾക്ക് സ്ത്രൈണവേദനകൾ ഉണ്ടാകാഞ്ഞതിനാൽ, 'അവളിൽനിന്നുള്ളത്'' എന്നല്ല 'അവളിൽ' എന്ന് ശരിയായി അവൻ പറഞ്ഞിരിക്കുന്നു. അതായത്, ഒരു പുരുഷനിൽനിന്നുകൂടിയല്ല, അവളിൽനിന്നും അവളിലും മാത്രം അവൻ രൂപീകൃതനായി എന്നു സാരം.

www.malankaralibrary.com



വേറേ ചിലർ: ഒരു കാലത്തെ വേറൊരു കാലത്തിൽനിന്നു വേർതിരിക്കാത്ത ഒരു യഹൂദ പതിവനുസരിച്ചാണിതു്. അവർ കഴിഞ്ഞതിനെ വരാനിരിക്കുന്നതായും വരാനിരിക്കുന്നതിനെ കഴിഞ്ഞതായും, രണ്ടും ഇപ്പോൾ നടക്കുന്നതായും വർത്തമാന കാലത്തെ കഴിഞ്ഞതും വരാനിരിക്കുന്നതായും ചിത്രീകരിക്കുന്നു. ഇക്കാരണത്താൽ, 'അവളിൽനിന്നു ജനിക്കുവാനിരിക്കുന്നതു'' എന്നതിനു പകരം 'അവളിൽ ഉത്ഭവിച്ചിരിക്കുന്നതു'' എന്നു പറയുന്നു.

മററു ചിലർ: എബ്രായയിൽനിന്നു് സുറിയാനിയിലേക്കു് ഭാഷാന്തരം ചെയ്തയാൾ ശൈലി മാററി: 'അവളിൽ ഗർഭസ്ഥനായതു''എന്നതിനുപകരം 'അവളിൽ ജനിച്ചിരിക്കുന്നതു'' എന്നാക്കി. എന്നാൽ 'അവളിൽ ഉത്ഭവിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിനാലാണ്'. 'അതു് അവാച്യവും അനന്തവുമായ വചനമാണു'' എന്നു് *ദിയാ തെസ്സറോൺ* പറയുന്നു.[1] അവളിൽ ഉള്ള ഉത്ഭവത്തെ മനുഷ്യന്റെ എട്ടക്കലും ത്രപീകരണവും എന്നു അവൻ വിളിക്കുന്നു. ആ വ്യക്തി അപ്പോഴും ജനിച്ചിട്ടില്ലെങ്കിൽ തന്നെയും അവളുടെ ഉദരത്തിൽ അവളിൽനിന്നു വ്യത്യസ്തനായിരുന്നു.

*'അവൻ അമ്മാനുവേൽ എന്നു വിളിക്കപ്പെടും'* എന്നു് ദൂതൻ പറഞ്ഞതെന്തിനാണ്? എങ്കിലും നാം അവിടുത്തെ എപ്പോഴും അങ്ങനെ വിളിക്കുന്നില്ലല്ലോ. വസ്തുതകൾക്കു പകരം പേരുകൾ പറയുന്നതു് തിരുലിഖിത ശൈലിയാണ്. ഉദാഹരണമായി, കൊള്ളമുതലുംകൊണ്ടു് ഓടുക; കവർച്ച വസ്തുക്കളുംകൊണ്ടു് കടന്നുകളയുക (ഏശാ. 8:3). കാരണം, കുട്ടി അപ്രകാരം വിളിക്കപ്പെട്ടില്ല. അവൻ ജനിച്ചപ്പോൾ അടിമത്തവും കൊള്ളയും ഉണ്ടായിരുന്നു എന്നു പറയാൻ വേണ്ടിയായിരുന്നു.

'നീ നീതിയുടെ നഗരമെന്നും വിശ്വാസ നഗരമെന്നും വിളിക്കപ്പെടും' (ഏശ. 1:26). എന്നാൽ അപ്രകാരം വിളിക്കപ്പെട്ടില്ല. അതു് ജറുസലേം എന്നുതന്നെ തുടർന്നും വിളിക്കപ്പെട്ടു. അതിന്റെ മാനുഷിക പേരിനപ്പുറത്തുള്ള കാര്യങ്ങൾ അതിൽ നടന്നു എന്നു് അതു് സൂചിപ്പിക്കുന്നു. അല്ലെങ്കിൽ ആ പ്രവൃത്തിയിലും, പേരിനുപകരം വസ്തുവിന്റെ സത്യത്തിലും അതു നിലനിൽക്കുന്നതിനാണ് അതിനെ അപ്രകാരം വിളിക്കുന്നതു്.

---

1 താസ്യന്റെ സംയുക്ത സുവിശേഷമാണ് ദിയാ തെസ്സറോൺ; നാലു സുവിശേഷങ്ങളിൽനിന്നും ഭാഗംപടി ചേർത്തു് താസ്യൻ തയ്യാറാക്കിയതാണിതു്. മാർ അപ്രേം അതിനൊരു ഭാഷ്യം രചിച്ചു.

www.malankaralibrary.com



'അമ്മാനുവേലും' അപ്രകാരമാണ്. കാരണം അമ്മാനുവേൽ ദൈവത്തെയും മനുഷ്യനെയും സൂചിപ്പിക്കുന്നു: ദൈവം നമ്മോടുകൂടെ. എല്ലാം ഇതിലാണ്. കാരണം, അവിടുന്നു സ്വഭാവത്തിൽ നമുക്കു തുല്യനായി; ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ അവിടുന്നു മധ്യസ്ഥനും മഹാപുരോഹിതനുമാണ്; അവൻ വഴി നമുക്ക് അവതരിച്ച ദൈവത്തോട് അടുപ്പം ഉണ്ടായി. മുകളിൽ യേശു എന്നും ഇവിടെ അമ്മാനുവേൽ എന്നും എങ്ങനെ വിളിക്കപ്പെട്ടു എന്ന് ആരെങ്കിലും സംശയിച്ചാൽ അവൻ ഇതറിഞ്ഞിരിക്കട്ടെ നമ്മുടെ കർത്താവിന് അമ്പത്തിരണ്ടു പേരുകളുണ്ട്. ചിലതു് ദൈവത്വത്തെക്കുറിച്ചും ചിലതു് മനുഷ്യത്വത്തെക്കുറിച്ചും ചിലതു് ഏകയാളിനെക്കുറിച്ചുമാണ്. അങ്ങനെ, യേശു എന്നതു് മനുഷ്യത്വത്തെക്കുറിച്ചാണ്. പ്രവർത്തനംവഴി ദൈവത്വത്തെയും. എന്നാൽ 'അമ്മാനുവേൽ'എന്നതു് ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു.

'അവൻ അവളെ തന്റെ ഭാര്യയായി സ്വീകരിച്ചു. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചതുവരെ അവൻ അവളെ അറിഞ്ഞില്ല' (മത്താ. 1: 24-25).

'*വരെ*' എന്ന വാക്ക് ചിലപ്പോൾ അതിർത്തി കുറിക്കുന്നു: 'മിറിയം പ്രവേശിച്ചതു*വരെ* ജനം കൂടാരം എടുത്തില്ല' (സംഖ്യ. 12:15). അവൾ പ്രവേശിച്ചശേഷം അവർ യാത്രപുറപ്പെട്ടു എന്നാണ് അർത്ഥം. അതുപോലെ, 'അവകാശി വന്നുചേരും *വരെ* ചെങ്കോൽ യൂദായെ വിട്ടുപോകയില്ല' (ഉല്പ. 49: 10). അവിടുന്നു വന്നശേഷം അവസാനിച്ചു എന്നാണ് അർത്ഥം. വീണ്ടും 'അവൻ ദൈവത്തിന്റെ മലയിൽ എത്തുന്നതു*വരെ* ആ ഭക്ഷണത്തിന്റെ ശക്തിയാൽ അവൻ പോയി' (1 രാജാ. 19:8). മലയിൽ എത്തിയശേഷം അവൻ വിശ്രമിച്ചു എന്ന് വ്യക്തമാണല്ലോ.

ചിലപ്പോൾ അതു് അവ്യക്തമായി പറയാറുണ്ട്. 'ഒരു മലങ്കാക്ക പുറത്തുപോയി. വെള്ളമിറങ്ങുന്നതു*വരെ* അതു തിരിച്ചുവന്നില്ല' (ഉല്പ. 8:7). ജലപ്രളയാവസരം തിരിച്ചുവന്നില്ലെങ്കിൽ പിന്നീട് വരാൻ സാധ്യത കുറവല്ലേ? 'ഞാൻ നിന്നോട് പറഞ്ഞതെല്ലാം നിറവേറുന്നതു*വരെ* ഞാൻ നിന്നെ കൈവിടുകയില്ല' (ഉല്പ. 28:15) എന്ന് യാക്കോബിനോട് പറഞ്ഞ കാര്യം, അവനെ അതിനുശേഷം കൈവിട്ടുകളയും എന്ന് അർത്ഥമാക്കുന്നില്ല. 'അവൾ മരിക്കുന്നതു*വരെ* അവൾക്കു മക്കളുണ്ടായില്ല' എന്ന് മീക്കാളിനെപ്പറ്റി പറഞ്ഞിരിക്കുന്നു (2 ശാമു. 6: 23). ജീവിച്ചിരുന്നപ്പോൾ മക്കളുണ്ടായില്ലെങ്കിൽ, മരണശേഷം

www.malankaralibrary.com



എങ്ങനെയാണുണ്ടാകുക? 'ഞാനോ ഇതാ ലോകാവസാനം *വരെ* നിങ്ങളോടുകൂടെയുണ്ട്'' (മത്താ. 28:20). അതിനുശേഷം അവിടുന്ന് അവരെ ഉപേക്ഷിക്കുമോ? 'തന്റെ ശത്രുക്കളെ തന്റെ പാദപീഠമാക്കുന്നതു*വരെ* മിശിഹാ വാഴുവാനിരിക്കുന്നു' (1. കൊറി. 15:25) കാലങ്ങളുടെ പൂർത്തീകരണം *വരെ* സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടിയിരിക്കുന്നു' (നട. 3:21). അതിനു ശേഷം അവൻ തന്റെ രാജ്യത്തിൽനിന്ന് അന്യനാക്കപ്പെടുക യോ സ്വർഗ്ഗത്തിൽനിന്നു നീക്കപ്പെടുകയോ ചെയ്യുമോ? 'അവ സാനം ഇല്ലാതെ' എന്നതിനുപകരമാണ് 'വരെ' എന്ന് ഇവി ടെയൊക്കെ പ്രയോഗിച്ചിരിക്കുന്നത്. 'അവരം തന്റെ ആദ്യ ജാതനെ പ്രസവിക്കുന്നതു*വരെ*' എന്നതും ഇത്തരത്തിൽ ഉള്ള താണ്. കാരണം, ത്രിത്വത്തിന്റെ ആലയമായി അവൻ വിശു ദ്ധീകരിച്ച ഉദരത്തിൽ മാനുഷികമായ എന്തെങ്കിലും സ്പർശി ക്കുന്നത് ഉചിതമല്ല. ജഡികമായ എന്തെങ്കിലും അനുവദിക്കുന്ന തിന് യൗസേപ്പിന്റെ ഭയം ലഘൂകരിച്ചതല്ല, മറിച്ച്, 'അത് പരിശുദ്ധാത്മാവിൽ നിന്നാണ്'' എന്ന വാക്ക് ഓർത്തതിനാലും നടന്ന മഹനീയ സംഗതികൾ നിമിത്തവുമാണ്.

*'ഹേറോദേസിന്റെ നാളുകളിൽ യൂദയായിലെ ബേത്ലഹേമിൽ യേശു ജനിച്ചപ്പോൾ' (2:1)*: പ്രവാ ചക വചനമനുസരിച്ച് എല്ലാക്കാര്യങ്ങളും പൂർത്തിയായി എന്നു കാണിക്കാനാണ് അവൻ സമയവും സ്ഥലവും പരാമർശിക്കു ന്നത്. മീഖായുടെ പ്രവചനമനുസരിച്ചാണ് 'ബേത്ലഹേം': 'യൂദയായിലെ ബേത്ലഹേമേ, നീ യൂദയായിലെ.... ചെറുതല്ല'. (5:2). യാക്കോബിന്റെ പ്രവചനമനുസരിച്ചുള്ള വാഗ്ദാനം നിമിത്തമാണ് ഹേറോദേസിനെ സൂചിപ്പിച്ചത്: 'യൂദായിൽ നിന്നു ചെങ്കോൽ നീങ്ങിപ്പോകുകയില്ല' (ഉല്പ. 49:10). അസ് കലോൺകാരനായ ഹേറോദുവരെ രാജ്യം നിലനിന്നു. താൻ യഹൂദരുടെ നല്ല വംശത്തിൽനിന്നു വന്നു എന്നു കാണിക്കാൻ അയാൾ യഹൂദരുടെ വംശാവലി ഗ്രന്ഥങ്ങൾ നശിപ്പിച്ചു കള ഞ്ഞു; പൗരോഹിത്യത്തിന്റെ തിരുവസ്ത്രവും തന്റെ മുദ്രയിൻ കീഴിൽകൊണ്ടുവന്നു.

അലക്സാണ്ഡറിന്റെ ഏതു വർഷത്തിലാണ് ഏതു സമയത്താണ് നമ്മുടെ കർത്താവായ മിശിഹാ ജനി ച്ചത് എന്നതു സംബന്ധിച്ച ഒരു കണക്കുക്കൂട്ടൽ: ഫിലിപ്പിന്റെ മകനായ അലക്സാണ്ഡറുടെ 307-ാം വർഷം, അഗസ്റ്റസ് സീസറിന്റെ 43-ാം വർഷം, യൂദരാജാവായ ഹേറോദേസിന്റെ 35-ാം വർഷം, ഡിസംബർ 25 ന് ബുധ നാഴ്ചദിവസം കോഴി കൂവുന്നതിനു മുമ്പ് രാത്രിയിൽ, മറിയ

www.malankaralibrary.com



ത്തിൻെറ 13-ാം വയസ്സിൽ, കന്യകയിൽനിന്നു് നമ്മുടെ കർത്താവു ജനിച്ചു. അവരം തൻെറ 51-ാം വയസ്സിൽ മരിച്ചു. അക്കാലത്തു് ക്വിരീനുസായിരുന്ന ഗവർണർ. നീസാൻമാസത്തിൽ വിദ്വാന്മാർ വന്നെത്തി. എന്നാൽ, നമ്മുടെ കർത്താവു ജനിച്ച ദിവസം രാത്രിയിൽതന്നെ വിദ്വാന്മാർ വന്നു എന്നാണു് *പേർഷ്യാക്കാരൻ ബാബായ്* പറയുന്നതു്. ഇവ പരിശോധിക്കാത്തവർ പറയുന്നതുപോലെ രണ്ടു വർഷം കഴിഞ്ഞല്ല. ഇതു് തിരുലിഖിതത്തിൽനിന്നു സുസ്പഷ്ടമാണു്: ''യൂദയായിലെ ബേതു്ലഹേമിൽ യേശു ജനിച്ചപ്പോരം വിദ്വാന്മാർ അവിടെ വന്നു''. രാജാക്കന്മാരുടെ മൂന്നു മക്കളും നാട്ടിലെ പ്രഭുക്കന്മാരിൽ ഒൻപതുപേരും ഉണ്ടായിരുന്നു.

വിദ്വാന്മാരെ അയച്ചതു് പിർഷബൂർ ആയിരുന്നു. നക്ഷത്രത്തിൻെറ സാദൃശ്യത്തിൻെറ വഴികാട്ടലാലാണു് അവരെത്തിയതു്. 'ഇതാ, ഞങ്ങരം കിഴക്കു് അവൻെറ നക്ഷത്രം കണ്ടു', കാരണം, നക്ഷത്രത്തിൻെറ സാദൃശ്യത്തിൻെറ നടുവിൽ ഒരു കന്യക തൻെറ മകനെ ആശ്ലേഷിക്കുന്നതായി കാണപ്പെട്ടു. അതു് ഒരു യഥാർത്ഥ നക്ഷത്രമായിരുന്നില്ല, ഭാവനയോ, മനഃസങ്കല്പമോ, സ്വയം ചലിതവസ്തുവോ ആയിരുന്നില്ല എന്നതു് പലതുകൊണ്ടും വ്യക്തമാണു്. എന്നാൽ ഒരു മാലാഖാ പേർഷ്യയിൽനിന്നു് ബേതു്ലഹേംവരെ ഒരു നക്ഷത്രത്തെപ്പോലെ പ്രകാശിച്ചുകൊണ്ടിരുന്നു.

ഒന്നാമതു്, അതു് രാത്രിയും പകലും ഒരുപോലെ പ്രകാശിച്ചു. രണ്ടാമതു്, വിദ്വാന്മാരല്ലാതെ മററാരും അതു കണ്ടില്ല. മൂന്നാമതു്, അതു് വിദ്വാന്മാർക്കു് വഴിയും ചൂണ്ടുവിരൽകൊണ്ടെന്നപോലെ വീടും കാണിച്ചുകൊടുക്കാനായി അന്തരീക്ഷത്തിൽ വളരെ താണുവന്നെങ്കിലും കത്താതെ, തനിയെ പ്രകാശിച്ചു. നാലാമതു്, അതു് മദ്ധ്യാഹ്നത്തിലും സൂര്യരശ്മിയെ വെല്ലുന്നതായി അവർക്കു കാണപ്പെട്ടു. അഞ്ചാമതു്, രാശിചക്രത്തിലെ പ്രകാശങ്ങളെല്ലാം സ്ഥിരമായി കിഴക്കുനിന്നു് പടിഞ്ഞാറേക്കു് ചലിക്കുന്നു. എന്നാൽ അവയിൽ ഗ്രഹങ്ങരം എന്നു പറയപ്പെടുന്ന ഏഴെണ്ണം പടിഞ്ഞാറുനിന്നു് കിഴക്കോട്ടാണു് ചലിക്കുന്നതെന്നു് വാനശാസ്ത്രജ്ഞന്മാരും ജ്യോതിശാസ്ത്രജ്ഞന്മാരും പറയുന്നു. എന്നാൽ രാശിചക്രത്തിലെ ബാക്കിയുള്ളവയെല്ലാം ആകാശത്തിൽ ഉറച്ചുനിന്നുകൊണ്ടു് ആകാശത്തിൻെറ കറക്കത്തോടൊപ്പം കിഴക്കുപടിഞ്ഞാറാണു് നീങ്ങുന്നതു്. എന്നാലിതു് എതിർദിശയിലാണു് നീങ്ങുന്നതു്; അതായതു്, തെക്കുകിഴക്കുനിന്നു് വടക്കോട്ടു്, പിന്നീടു് പടിഞ്ഞാട്ടു്. പേർഷ്യയിൽനിന്നു് പലസ്തീനയിലേക്കുള്ള പാത ഈ രീതിയിലാണു്.

www.malankaralibrary.com



ആറാമത്തു്, അതു് തുടർച്ചയായി പ്രകാശിച്ചില്ല. അവർ വഴിയാത്രയിൽ ഗ്രാമങ്ങളിലോ നഗരങ്ങളിലോ പ്രവേശിച്ച് അതിൽനിന്നു പുറത്തുകടക്കുന്നതുവരെ അതു മറഞ്ഞിരുന്നു. ചോദിച്ചും പറഞ്ഞും മിശിഹായുടെ ജനനം എല്ലാവരും അറിയാൻവേണ്ടിയായിരുന്നതു്. അവർ ജറുസലേമിൽ പ്രവേശിച്ചപ്പോഗം അതു് അവരിൽനിന്നു മറഞ്ഞിരുന്നു. സൂത്രശാലിക്കുറുക്കനായ ഹേറോദേസ് പല പ്രാവശ്യം അവരുടെ പിറകെ ചാരന്മാരെ അയച്ചെങ്കിലും, അതു് ദൈവകരമാണു് എന്നു് അവർ ഗ്രഹിക്കുന്നതുവരെ നക്ഷത്രം അവക്കു കാണപ്പെട്ടില്ല. അപ്പോഗം ശിശുവിനെ മറ്റൊരു രീതിയിൽ നശിപ്പിക്കാൻ ഹേറോദേസ് പദ്ധതിയിണക്കി.

ഇവയിൽനിന്നെല്ലാം, അതു് നക്ഷത്രസാദൃശ്യം ആയിരുന്നെന്നും സ്വാഭാവികനക്ഷത്രമല്ലായിരുന്നെന്നും വ്യക്തമാണു്. നമ്മുടെ കർത്താവിൻെറ ജനനവും നക്ഷത്രത്താൽ വെളിപ്പെട്ടത്തപ്പെട്ടതാണു് എന്നു് പറഞ്ഞു് കൽദായിസത്തിൻെറ പ്രബോധനങ്ങഠം ശരിയാണു് എന്ന രീതിയിൽ വാനശാസ്ത്രജ്ഞന്മാർ ഇവിടെ വീമ്പടിക്കേണ്ട കാര്യമില്ല. നാം വിശദമായി വിവരിച്ചതുപോലെ അതൊരു സ്വാഭാവിക നക്ഷത്രമായിരുന്നില്ല എന്നതു് അവർ അറിഞ്ഞിരിക്കട്ടെ. കൽദായിസം ഒരു നക്ഷത്രത്തിൽനിന്നല്ല ഏഴിൽനിന്നാണു് ഒരാളുടെ ജനനം തെളിയിക്കുന്നതു് എന്നതും വ്യക്തമാണല്ലോ. അവരതിനെ ഗ്രഹങ്ങഠം എന്നു വിളിക്കുന്നു. കാരണം, അവ ആകാശനക്ഷത്രസമൂഹത്തിൻെറ ഭാഗമല്ല; അതായതു്, സൂര്യനും ചന്ദ്രനും; ആരെസ്; ഹെർമെസ്; സേവൂസായ ബേൽ; ബെൽതിസ് - അഫ്രോഡൈററ്: അവഠം അസ്തേർ, അഷ്തെരോത്, ദോസ്തി എന്നൊക്കെ വിളിക്കപ്പെടുന്ന-ശനിയായ ക്രോണോസ്.

രാശിചക്രത്തിലെ പന്ത്രണ്ടു് ചിഹ്നങ്ങഠം ആകാശനക്ഷത്രസമൂഹത്തിൻെറ ഭാഗമാണ്: അവ, മുട്ടാടു്, കാള, ഇരട്ട, ഞണ്ടു്, സിംഹം, കന്യക, ത്രാസ്, തേഠം, തേരാളി, ചെമ്മരിയാടു്, ജലവാഹകൻ, മത്സ്യം. ഏഴു് ഗ്രഹങ്ങഠം പടിഞ്ഞാറുനിന്നു് കിഴക്കോട്ടു പോകുന്നു. എന്നാൽ ഈ പന്ത്രണ്ടെണ്ണം കിഴക്കുനിന്നു് പടിഞ്ഞാറോട്ടു് ചുററുന്നു. അതായതു്, ചക്രവും അച്ചുതണ്ടുംപോലെ ഭൂമിക്കുചുററും കറങ്ങുന്ന ആകാശഗോളങ്ങളുടെ കൂടെ അവയും ചുററുന്നു. ഒരു വീർത്ത ബലൂണിൻെറ നടുക്കു് ഒരു എള്ളിൻമണിപോലെ അതിൻെറ മധ്യഭാഗത്തായി കേന്ദ്രമെന്നപോലെ ഭൂമി നിലകൊള്ളുന്നു. ഓരോ ദിവസത്തേക്കും ഓരോ ഗ്രഹത്തെയും അവർ നിശ്ചയിച്ചിട്ടുണ്ടു്. ഒന്നാം ദിവസം സൂര്യദിനം. രണ്ടാം ദിവസം ചന്ദ്രദിനം, മൂന്നാം ദിവസം

www.malankaralibrary.com



ചൊവ്വാ (ആരെസ്), നാലാം ദിവസം ബുധൻ (ഹെർമെസ്), അഞ്ചാം ദിവസം വ്യാഴം (ബേൽ), ആറാം ദിവസം വെള്ളി (ആഫ്രോഡൈറ്റ്), ശാബത്തു് ശനി (ക്രോണോസ്). മനുഷ്യ ശരീരഭാഗങ്ങൾ ഇവ സൃഷ്ടിച്ചു എന്നു് അവർ പറയുന്നു: സൂര്യൻ തലച്ചോറു്; ചന്ദ്രൻ തൊലി; ചൊവ്വാ രക്തം; ബുധൻ ഞരമ്പുകളും രക്തധമനികളും; വ്യാഴം അസ്ഥികൾ; വെള്ളി മാംസം; ശനി മുടി. രാശിചക്രത്തിലെ പന്ത്രണ്ടു് ചിഹ്നങ്ങളെ പന്ത്രണ്ടു മാസങ്ങളുടെ പ്രതീകങ്ങളായി അവർ ചിത്രീകരിക്കുന്നു. അവയിൽ ചിലതു് ആണും ചിലതു് പെണ്ണുമാണു്. അവയിലോരോന്നും മനുഷ്യശരീരത്തിലെ ഓരോ ഭാഗത്തെ നിയന്ത്രിക്കുന്നു എന്നു് അവർ പറയുന്നു. മുട്ടാടു് ആണാണു്; അതു് തലയെ സൃഷ്ടിക്കുന്നു. 'കാള' പെണ്ണാണു്. അതു കഴുത്തു സൃഷ്ടിച്ചു. 'ഇരട്ട' ആണാണു്. അതു കൈകളെ ഉണ്ടാക്കി. ഞണ്ടു് പെണ്ണാണു്. അതു് നെഞ്ചു് സൃഷ്ടിച്ചു. സിംഹം ആണാണു്. അതു് പാർശ്വങ്ങളെ ഉണ്ടാക്കി. കന്യക പെണ്ണാണു്. അതു് കടിപ്രദേശത്തെ അസ്ഥികളെ ഉണ്ടാക്കി. ത്രാസ് ആണാണു്; അതു് വയറിനെ സൃഷ്ടിച്ചു. തേൾ പെണ്ണാണ്. അതു് മൂത്രസഞ്ചിക്കു ചുറ്റുമുള്ള ഭാഗം ഉണ്ടാക്കുന്നു. തേരാളി ആണാണു്. അവൻ തുടയെ ഉറപ്പിക്കുന്നു. ചെമ്മരിയാടു് പെണ്ണാണു്. അതു് മുട്ടുകളെ രൂപീകരിക്കുന്നു. ജലവാഹകൻ ആണാണു് അതു കാലുകളെ നിവർത്തുന്നു. മത്സ്യം പെണ്ണാണ്. അതു പാദങ്ങളെ ഉറപ്പിക്കുന്നു.

ഒരു നക്ഷത്രംവഴി ദൈവം അവരോടു് മിശിഹായുടെ ജനനം അറിയിച്ചതു് പല കാരണങ്ങളാലാണു്: ഒന്നാമതായി, അപരിചിതർ വഴിയായും ജനങ്ങളുടെ ഇടയിൽ സത്യമായിരുന്നവ വഴിയായും തന്റെ പദ്ധതികൾ വെളിപ്പെടുത്തുക പലപ്പോഴും ദൈവത്തിനു പതിവായിരുന്നു. ബാലാമിന്റെ കാര്യത്തിലും ആത്മാക്കളെ വിളിച്ചുവരുത്തുന്ന എൻഡോറിലെ സ്ത്രീയുടെ കാര്യത്തിലും പൗലോസിന്റെ പിതോണെസിന്റെ കാര്യത്തിലും അപ്രകാരമായിരുന്നു. രണ്ടാമതായി, ബാലാം നമ്മുടെ കർത്താവിനെത്തന്നെ നക്ഷത്രം എന്നു വിളിക്കുന്നു; ഏശായാ പ്രകാശമെന്നും മാലാഖി സൂര്യനെന്നും ജറമിയാ നീതിയുടെ കൊമ്പെന്നും വിളിക്കുന്നു (സംഖ്യ. 24:17; ഏശാ. 42:6; 49:6; മാലാ. 4:2; ജറ. 33:15). നമ്മുടെ കർത്താവു് ലോകത്തിന്റെ പ്രകാശം എന്നു് തന്നെത്തന്നെ വിളിക്കുന്നു (യോഹ. 8:12). മൂന്നാമതായി, ഒരു നക്ഷത്രംവഴി അവർ സൂര്യനിലേക്കു് നയിക്കപ്പെടുവാൻ: വിദ്വാന്മാർ സൂര്യനെ സമീപിച്ചതനുസരിച്ചു്, നക്ഷത്രം സൂര്യന്റെയും നക്ഷത്രങ്ങളുടെയും ഗുണങ്ങൾ മറച്ചുവച്ചു. അതിനുശേഷം പിന്നീടൊരിക്കലും അവ

www.malankaralibrary.com



രത്തു കണ്ടിട്ടില്ല. നാലാമതായി, കൽദായിസം നശിപ്പിക്കാൻ വേണ്ടി നാനെയാ എന്നു വിളിച്ചിരുന്ന ഒരു നക്ഷത്രംവഴി പേഷ്യാക്കാർ ദൈവത്തെ ആരാധിച്ചിരുന്നു. മററുള്ളവർ അതിനെ വേറേ പേരിൽ വിളിച്ചിരുന്നു. അവരുടെ ഇടയിലുണ്ടായിരുന്ന ഒരു യാഥാർത്ഥ്യത്തിലൂടെ അവർ നമ്മുടെ കർത്താവിങ്കലേക്കു് വലിച്ചടുപ്പിക്കപ്പെട്ടുന്നു. അഞ്ചാമതായി, നാം മിശിഹായുടെ ദൈവത്വവും കർതൃത്വവും അംഗീകരിക്കാൻവേണ്ടി അവർ ദൈവമായി കരുതുന്ന വസ്തു അവിടുത്തെ ദാസനും വഴികാട്ടിയുമായി തീർന്നതിനാൽ, ഇപ്പോഠം ആരുടെ ജനനം പ്രഘോഷിക്കപ്പെടുന്നുവോ, ആ വ്യക്തി മഹാനായിരിക്കേണ്ടതല്ലേ? ആറാമതായി, ജനിച്ചവൻ അത്യുന്നതനും സ്വർഗ്ഗീയനുമാണെന്നു കാണിക്കാൻ; കാരണം, സ്വഗ്ഗീയ യാഥാത്ഥ്യങ്ങളുടെ മുന്നോടികഠം സ്വർഗ്ഗീയവും ഭൗമിക യാഥാർത്ഥ്യങ്ങളുടേതു് ഭൗമികവുമാണു്.

എന്നാൽ നമ്മുടെ കർത്താവിൻെറ ജനനം ആദ്യം വെളിപ്പെട്ടതു് പുറജാതികളായ വിദ്വാന്മാക്കാണു്. കാരണം, തങ്ങളുടെ ശത്രുക്കളുടെ നല്ല കാര്യങ്ങളെപ്പററി ശത്രുക്കഠം നൽകുന്ന സാക്ഷ്യം വിശ്വസനീയമാണു്. സ്വന്തം ജനത്തെപ്പോലെ മുഖസ്തുതിയായി അവർ അപ്രകാരം പ്രഘോഷിക്കുകയില്ലല്ലോ. അതുകൊണ്ടു് ദൈവം അവരെ ഇതിനായി പ്രേരിപ്പിച്ചു. പുറജാതികഠം ദാവീദിൻെറ പുത്രനിൽ വിശ്വസിച്ചെങ്കിലും യൂദന്മാർ അവനെ നിരസിച്ചതിനാൽ അവരെ കുററപ്പെടുത്താനുമാണിതു്.

രണ്ടാമതായി, വിദ്വാന്മാർക്കു നൽകിയ അടയാളം അവരിലൂടെ ലോകം മുഴുവനും നൽകപ്പെട്ടതാണു്. തങ്ങഠം കടന്നുപോയ എല്ലാ രാഷ്ട്രങ്ങളുടെയും സർവാധികാരിയായ സർവ്വശക്തൻെറ ജനനം അവർ തിരിച്ചറിയുന്നതിനുവേണ്ടിയാണിതു്. ഹെസക്കിയാസ്സു് അടയാളം നൽകിയതു് അവനുവേണ്ടി മാത്രമല്ല, പിന്നെയോ, പിന്നിലേക്കു മാറിയ സൂര്യനിലൂടെ ലോകം മുഴുവൻ അറിയിക്കാനാണു്. ഹെസക്കിയായെ മരണത്തിൽ നിന്നു ജീവനിലേക്കു കൊണ്ടുവന്ന എല്ലാററിൻെറയും സ്രഷ്ടാവിനെയും അവിടുത്തെ പ്രാഭവത്തെയും എല്ലാവരും പ്രസിദ്ധമാക്കാൻവേണ്ടിയായിരുന്നു. അതുപോലെ നമ്മുടെ കത്താവു് ഈജിപ്തിലേക്കു് ഓടിപ്പോയതു് അവിടുത്തെ പോക്കുവരവുവഴി അവിടുത്തെ ജനനം അറിയപ്പെടാൻവേണ്ടിയായിരുന്നു. അതായതു്, മനുഷ്യവാസമുള്ളിടങ്ങളിലെല്ലാം അതു് പ്രഘോഷിക്കപ്പെടാനും പ്രവചനം പൂർത്തീകരിക്കപ്പെടാനും വേണ്ടിയായിരുന്നു. 'ഇതാ, കത്താവു് വേഗതയുള്ള മേഘത്തിന്മേൽ കയറി

www.malankaralibrary.com



ഈജിപ്തിലേക്ക വരുന്നു; 'ഈജിപ്തിൽനിന്നു ഞാൻ എൻെറ മകനെ തിരികെ വിളിച്ചു' (ഏശാ. 19:1; ഹോശി. 11:1). ഇപ്രകാരം ഈ വസ്തുത വിദ്വാന്മാർക്കു സജ്ജീകരിച്ചുകൊടുത്തു.

മൂന്നാമതായി, ഭൂമിയിലെ മററു രാജ്യങ്ങളേക്കാരം കൂടുതലായി പേർഷ്യയും ഈജിപ്തും വിഗ്രഹാരാധനയിൽ മുൻപന്തിയിൽ നിന്നതിനാൽ, അവിടുന്നാണു് അവരിരുവരെയും സുഖപ്പെടുത്തുന്നവൻ എന്നു് ആരംഭംമുതൽ അവിടുന്നു കാണിക്കുകയും തെററിൽ കഴിയുന്ന മററുള്ളവരെയും നല്ല പ്രത്യാശയുള്ളവരാക്കുകയും ചെയ്യുന്നു. അതുകൊണ്ടു് അവിടുന്നു പേർഷ്യയിൽ നിന്നു് വിദ്വാന്മാരെ അയച്ചു; അവനും അവൻെറ അമ്മയുംകൂടി ഈജിപ്തിലേക്കു പോയി.

നാലാമതായി, ജനനം പ്രഘോഷിക്കപ്പെട്ടതു് വിദ്വാന്മാരോടാണു്, യഹൂദന്മാരോടല്ല; കാരണം, അക്കാലത്തു് അവരുടെ രാജ്യം തകർക്കപ്പെട്ടു തങ്ങൾക്കു സ്വാതന്ത്ര്യവും ആത്മവിശ്വാസവും പകരുന്നതു് വഞ്ചകരും സാഹസികരുമാണെന്നു് പ്രഘോഷിക്കപ്പെട്ടു; എന്നാൽ വാസ്തവത്തിൽ സീസർക്കെതിരായി അവർ മത്സരിച്ചു. ആ നേതാക്കന്മാരെല്ലാം ഹേറോദേസിൻെറ ദുഷ്ടതയാൽ നശിച്ചു.

അഞ്ചാമതായി, വിദ്വാന്മാരുടെ വരവിലൂടെയും മററു രാജാക്കന്മാർക്കും സത്രപന്മാർക്കുംവേണ്ടി അവരുടെ രാജാക്കന്മാർ കൊടുത്തയച്ച ഡിക്രികളിലൂടെയും, നമ്മുടെ കർത്താവു് പാപത്തെയും മരണത്തെയും പിശാചിനെയും നശിപ്പിച്ചിട്ടു് ലോകം മുഴുവനും നൽകുവാനിരിക്കുന്ന സമാധാനവും ശാന്തിയും, നവജീവനും പ്രസിദ്ധപ്പെടുത്തുകയായിരുന്നു.

ആറാമതായി, 'ഷേബായിലെയും ശേബായിലെയും രാജാക്കന്മാർ....' എന്നു തുടങ്ങുന്ന പ്രവചനം (സങ്കീ. 72:10) പൂർത്തീകരിക്കപ്പെടേണ്ടിയിരുന്നു. യൂദന്മാരും യഹൂദന്മാരും ഉൾപ്പെടെ സർവമനുഷ്യരുടെയും രക്ഷകനും നാഥനും അവിടുന്നാണെന്നു കാണിക്കാൻ. അതുകൊണ്ടു് അവിടുന്നു് എല്ലാവർക്കും വെളിച്ചം നൽകി: യഹൂദർക്കു് ഇടയന്മാർ വഴിയും വിജാതികൾക്കു് വിദ്വാന്മാർ വഴിയും.

നക്ഷത്രം കാണുമ്പോൾ രാജാക്കന്മാരുടെ രാജാവു് ജനിച്ചെന്നും അവർ മൂന്നുതരം കാഴ്ചകൾ കൊണ്ടുപോയി സമർപ്പിക്കണമെന്നും ആരിൽനിന്നാണു് വിദ്വാന്മാർ ഗ്രഹിച്ചതു്? ദാനിയേലിൽനിന്നാണെന്നു് ചിലർ പറയുന്നു. അതായതു്, നെബുക്കദ്നേസർ ഭരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിനു് ഉപ

www.malankaralibrary.com



കാരം അർപ്പിക്കാനും കൽദായിസം പഠിക്കാനും ഷേബായിൽനിന്നു് ബാബിലോണിലെ കൊട്ടാരത്തിൽവന്ന വിദ്വാന്മാരോട്ട് മിശിഹാ ജനിക്കമെന്നും ഷേബായിലെയും ശേബായിലെയും രാജാക്കന്മാർ അദ്ദേഹത്തിനു കാഴ്ചകരംകൊണ്ടുവരണമെന്നും ദാനിയേൽ പറഞ്ഞു. അവരിതു് തങ്ങളുടെ റിക്കാർഡുകരം സൂക്ഷിക്കുന്ന ഗ്രന്ഥശേഖരത്തിൽ ഉള്ള റിക്കാർഡുകളിൽ അഥവാ അനുസ്മരണ ഗ്രന്ഥങ്ങളിൽ എഴുതിവച്ചു.

അവർക്കു് ബാലാമിൽനിന്നു കിട്ടി എന്നു മററു ചിലർ പറയുന്നു. സത്യം പറഞ്ഞാൽ, അവരുടെ പ്രധാന പ്രബോധകനായ സെർഡുഷ്ട് അറിയിച്ചതാണിതു്. അതായത്തു്, ബാലാമിനെപ്പോലെയും കയ്യാപ്പാസിനെപ്പോലെയും ദൈവികശക്തിയുടെ പ്രേരണയാൽ അയാരം പറഞ്ഞുപോയതാണു്. അല്ലെങ്കിൽ, അയാരം ഇസ്രായേൽക്കാരനും തിരുലിഖിതം അറിയാവുന്നവനും ആയിരിക്കാം. ജറമിയായുടെ ശിഷ്യനായ ബാറൂക്കാണ് അയാരം എന്നു് ചിലർ പറയുന്നു. ഇക്കാരണത്താൽ, അയാരം ആഗ്രഹിച്ചതുപോലെ അയാരംക്കു പ്രവചനവരം നല്കപ്പെട്ടില്ല; ജറുസലേമിൻെറയും ദേവാലയത്തിൻെറയും നാശവും കടുത്ത അടിമത്തവും നിമിത്തം, അവൻ വ്രണിതനായി പുറജാതിക്കാരുടെ പക്കലേക്കുപോയി. പന്ത്രണ്ടു ഭാഷകരം പഠിച്ചു്, അവയിൽ പൈശാചികമായതും *അവസ്തെ* എന്നു വിളിക്കപ്പെടുന്നതുമായ അവരുടെ ഗ്രന്ഥം രചിച്ചു. കാരണം, അതിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. പുരാതന രാജാക്കന്മാരുടെ കുളിസ്ഥലത്തുള്ള നീരുറവയുടെ അടുത്തു് സെർഡുഷ്ട് ഇരിക്കുകയായിരുന്നു. അയാരം വായ്തുറന്നു് തൻെറ ശിഷ്യരോടു പറഞ്ഞു: 'ഞാൻ എൻെറ പ്രബോധനം പഠിപ്പിച്ച എൻെറ വത്സലരേ, മക്കളേ, ശ്രവിപ്പിൻ. ലൈംഗിക ബന്ധം കൂടാതെ ഒരു എബ്രായ കന്യക അവസാന നാളുകളിൽ ഒരു മകനെ പ്രസവിക്കും. ദൈവികസ്വഭാവംപോലെയൊന്നു് അവനിൽ വസിക്കും. അവൻ വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. അവൻെറ ജനനത്തിൽ നിങ്ങരംക്കൊരു നക്ഷത്രം കാണപ്പെടും. നിങ്ങരംപോയി അവനു് സ്വർണ്ണവും മൂറും കുന്തിരിക്കവും കാഴ്ചവയ്ക്കണം. അവൻ രാജാക്കന്മാരുടെ രാജാവാണ് എന്നിത്യാദി' അവിടുത്തെ പീഡാനുഭവം, മരണം, ഉത്ഥാനം സ്വർഗ്ഗാരോഹണം എന്നിവയെപ്പററി വിശദമായി അവൻ അവരോടു പറഞ്ഞു: എന്നാൽ തങ്ങളുടെ അധ്വാനത്തിനു് വിദ്വാന്മാർക്കു് പ്രതിഫലം ഒന്നും കിട്ടിയില്ല. കാരണം, അവർ സ്വന്ത ഇഷ്ടത്താൽ വന്നതല്ല, പിന്നീടുപോലും അവർ സത്യത്തിൽ വിശ്വസിച്ചില്ല. നമ്മുടെ കർത്താവിനെപ്പററിയുള്ള പ്രവചനത്തെപ്രതി ബാലാമിനും പ്രതിഫലമൊന്നും കിട്ടിയില്ലല്ലോ.

www.malankaralibrary.com



അവർ കൊണ്ടുവന്ന സ്വർണ്ണംവഴി ഒന്നാമതായി അവർ അവിടുത്തെ രാജത്വത്തെ സൂചിപ്പിച്ചു. കാരണം, സ്വർണ്ണം രാജാക്കന്മാർക്കുള്ള കാഴ്ചയാണ്. എല്ലാ ഭൗതിക വസ്തുക്കളുടെയും രാജാവിന് സ്വർണ്ണം; ദൃശ്യാദൃശ്യമായ സകലത്തിന്റെയും രാജാവിന് ഇത് ഉചിതമായി അർപ്പിച്ചു. രണ്ടാമതായി, ലോഹങ്ങളിൽവച്ച് തുരുമ്പ് പിടിക്കാത്തതും ചൂടാക്കിയാൽ കുറഞ്ഞുപോകാത്തതും സ്വർണ്ണം മാത്രമേയുള്ളൂ. അതുപോലെ, എഴുതപ്പെട്ടിരിക്കുന്ന പ്രകാരം യേശുവിന്റെ രാജ്യം ചെറുതാകുകയോ ദുഷിച്ചുപോകുകയോ ചെയ്യുന്നില്ല. മൂന്നാമതായി, സ്വർണ്ണംവഴി തന്റെ ശരീരത്തിന്റെ പരിശുദ്ധിയെ സൂചിപ്പിക്കുന്നു. 'അവിടുന്ന് ഒരു പാപവും ചെയ്തില്ല; അവന്റെ അധരത്തിൽ വഞ്ചന കാണപ്പെട്ടുമില്ല' (1 പത്രോ. 2:22). മീറയിലൂടെ അവിടുത്തെ മനുഷ്യത്വത്തിലെ പീഡാനുഭവം അവർ സൂചിപ്പിക്കുന്നു. നിക്കൊദേമൂസ് നൂറ് റാത്തൽ മീറകൊണ്ട് അവന്റെ ശരീരത്തെ പൂശി. വീണ്ടും, ദാവീദ് പറയുന്നു: 'രാജാവിന്റെ അങ്കി മീറയും ചന്ദനവും ലവംഗവുംകൊണ്ട് സുരഭിലമായിരിക്കുന്നു' (സങ്കീ. 45:8). വീണ്ടും, ആത്മത്തിന്റെ മുറിവുകളെ സുഖപ്പെടുത്തുന്ന വൈദ്യനാണ് അവൻ എന്ന് മീറ സൂചിപ്പിക്കുന്നു: 'അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു' (ഏശ. 53:5). തന്റെ കല്പനകളുടെ കൃത്യതയും ദുഷ്കരത്വവും മീറാ സൂചിപ്പിക്കുന്നു: 'വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതും' എന്ന് പറയപ്പെട്ടിരിക്കുന്നു (മത്താ. 7:14). കുന്തിരിക്കം ഒന്നാമതായി തന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്നു. കാരണം, കുന്തിരിക്കത്തിന്റെ ധൂപം ഈ ലോകത്തിൽ ദൈവത്തിന്റെ ആലയങ്ങളെ പതിവായി സുഗന്ധ പൂരിതമാക്കുന്നു. വീണ്ടും, ഒരു കൂട്ടുസാധനമായ കുന്തിരിക്കംവഴി അവിടുത്തെ ദൈവത്വവും മനുഷ്യത്വവും അത്ഭുതകരമായി ഐക്യപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു: ആലയത്തിൽ ധൂപമായി ഇതുപയോഗിക്കുന്നു. കാരണം, ആലയത്തിനും അതിൽ വസിക്കുന്നവനും അതു പ്രയോജനകരമാണ്. വീണ്ടും, രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും ശിക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നാം മിശിഹായിൽ, ദൈവത്തിനു സുഗന്ധ പരിമളം ആണെന്ന് (2 കൊറി. 2:15) കുന്തിരിക്കം വഴി അവർ സൂചിപ്പിക്കുന്നു. വീണ്ടും, നമ്മുടെ കർത്താവിന്റെ വ്യക്തിത്വത്തിൽനിന്നു തന്റെ മഹത്വത്തിന്റെ ശോഭയിൽനിന്നു നീതിമാന്മാർ പ്രാപിക്കുന്ന സന്തുഷ്ടിയെയും സന്തോഷത്തെയും അവർ സൂചിപ്പിക്കുന്നു. വീണ്ടും എല്ലാ ഭൗതികവസ്തുക്കളുടെയും ആദ്യഫലം എന്ന രീതിയിൽ പൊന്നും എല്ലാ സുഗന്ധ പരിമളങ്ങളുടെയും ആദ്യഫലം എന്ന നിലയിൽ മീറയും, എല്ലാ മരങ്ങളുടെയും ആദ്യഫലം എന്ന നിലയിൽ കുന്തിരിക്കവും അവർ അവനു കാഴ്ച വച്ചു. ത്രിത്വരഹസ്യാർത്ഥം അവർ മൂന്നു

www.malankaralibrary.com



പദാർത്ഥങ്ങൾ മാത്രമേ കൊണ്ടുവന്നുള്ളു. എന്നാൽ വിദ്വാന്മാർ കർത്താവിനു കാഴ്ചവച്ച കാഴ്ചകൾ ആദം നിക്ഷേപങ്ങളുടെ ഗുഹയിൽ വച്ചിരുന്നെന്നും പിൻതലമുറയ്ക്ക് കൈമാറണമെന്നും മിശിഹാ പ്രത്യക്ഷപ്പെട്ടപ്പോൾ വിദ്വാന്മാർ വന്ന് അവ എടുത്തു കാഴ്ചവച്ചുകൊള്ളുമെന്നും പൗരാണികർ പറഞ്ഞിട്ടുള്ളത് കലാലയങ്ങളിൽ സ്വീകരിച്ചിട്ടേയില്ല.

പേരിൻെറ സാമ്യംവഴി മനുഷ്യർ വഞ്ചിക്കപ്പെടുന്നതിനാൽ എത്ര ഹേറോദേസുമാർ ഉണ്ടായിരുന്നു എന്ന് അന്വേഷിക്കാം. വാസ്തവത്തിൽ നാലുപേരാണ് ഉണ്ടായിരുന്നത്: ഫിലിസ്ത്യപട്ടണമായ അഷ്ക്കലോണിൽ വിഗ്രഹങ്ങളുടെ പുരോഹിതനായിരുന്ന ഒന്നാമത്തെ ഹേറോദേസ്, അവൻ അന്തിപത്രോസിനെ ജനിപ്പിച്ചു. അവനെ ഇദുമിയർ തടവുകാരനാക്കി അവരുടെ രീതികളിൽ പരിശീലിപ്പിച്ചു. അവൻ പിന്നീട്, ശിശുക്കളെ വധിച്ച ഹേറോദേസിനെ ജനിപ്പിച്ചു. യോഹന്നാനെ കൊന്നവനും ടെട്രാർക്കുമായ ഹേറോദേസിനെ ഇയാൾ ജനിപ്പിച്ചു. ഇവൻെറ കാലത്താണ് കർത്താവ് പീഡയനുഭവിച്ചത്. തിളങ്ങുന്ന വസ്ത്രത്തിൽ അണിഞ്ഞൊരുങ്ങി നടന്നവനായി നടപടിയിൽ ലൂക്കോസ് സൂചിപ്പിക്കുന്ന അഗ്രിപ്പാ എന്നു വിളിക്കപ്പെടുന്ന ഹേറോദേസിനെ അവൻ ജനിപ്പിച്ചു.

*"റാഹേൽ തൻെറ മക്കളെക്കുറിച്ചു കരയുന്നു; അവളെ സാന്ത്വനപ്പെടുത്താൻ അസാധ്യം"* (2:18). ബേത്‌ലഹേമിൻെറയും ജറുസലേമിൻെറയും അവകാശിയായ യൂദായുടെ അമ്മ ലെയായെ കൂടാതെ റാഹേലിൻെറ കാര്യം മാത്രം പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്? ബാബിലോണിലേക്ക് അടിമകളാക്കപ്പെട്ട ജനത്തെപ്രതിയാണ് ജറമിയാ ഇതു പറഞ്ഞത് (31:15). ബന്യാമിൻ ഗോത്രവും യൂദാ ഗോത്രവുമാണ് *റാഹേൽ* കൊണ്ട് അവൻ സൂചിപ്പിക്കുന്നത്. എന്നാൽ സുവിശേഷകനാകട്ടെ, ശിശുക്കളുടെ മരണത്തെ സൂചിപ്പിക്കാൻ സാക്ഷ്യം ഉപയോഗിച്ചു. ഈ സംഭവം പ്രവചനമായി പറഞ്ഞതല്ല. മാതാപിതാക്കൾ മക്കളെ ഭ്രൂണാവസ്ഥയിൽ കൊല്ലുന്നതിനാൽ ഇതു പറഞ്ഞത് ഉചിതമായി. അവൻ റാഹേലിനെ മാത്രം സൂചിപ്പിക്കുന്നത്; ഒന്നാമതായി, അവൻ പ്രവാചക സാക്ഷ്യം ഉപയോഗിക്കുന്നതിനാൽ, തൻേറതായി ഒന്നും കൂട്ടിച്ചേർക്കാതെ അതു് അപ്പാടെ നൽകുന്നു. രണ്ടാമതായി, അവളെ ബേത്‌ലഹേമിൽ ആണ് അടക്കിയിരിക്കുന്നത്; അതു് അവളുടെ കല്ലറയ്ക്കു് സമീപമാണ്. മൂന്നാമതായി, അവൾ ഗോത്രങ്ങളുടെ അമ്മയായിരുന്നു; ഒരുപക്ഷേ, കൊല്ലപ്പെട്ടവരെ അവളുടെ സമീപത്തായി അടക്കിയിരിക്കാം. നാലാമതായി, പ്രസ

www.malankaralibrary.com



വത്തോടുകൂടിയാണ് റാഹേൽ മരിച്ചതു്; ശിശുക്കരം ജനിച്ച ഉടനെ കൊല്ലപ്പെട്ടു. എന്നാൽ ക്രൂദ്ധനായ ഹേറോദേസിനു് ഭാവി ശിക്ഷാവിധിയുടെ ഒരു മുന്നാനുഭവം ലഭിച്ചു. കാരണം, അയാറംക്കു് മരവിപ്പുണ്ടായി ശരീരം പുഴുത്തു; ശ്വാസതടസ്സം ഉണ്ടായി; രഹസ്യഭാഗങ്ങരം പുഴുത്തുനാറി അയാരം കഠിനരോഗ ബാധിതനായി. തന്റെ നിരാശയിൽ അയാരം തന്റെ ഭാര്യയെയും മക്കളെയും കൊന്നു. ഭിഷഗ്വരന്മാർ അയാളെ ആവിയിലും എണ്ണയിലും ഒക്കെ വച്ചു ചികിത്സിച്ചുകൊണ്ടിരിക്കെ, കണ്ണുതുറിച്ചു് വട്ടത്തിൽ കറക്കി, നിർഭാഗ്യകരമായി ഇവിടെ നിന്നു് കടന്നുപോയി.

*''അവൻ നസ്രായൻ എന്നു വിളിക്കപ്പെടും''* (2: 23) എന്നതു പഠാനപഠം തിരുലിഖിതത്തിൽ ഇല്ല. എന്നാൽ അതു സത്യമാണെന്നു സ്പഷ്ടം. അല്ലെങ്കിൽ സുവിശേഷകൻ എങ്ങനെ അതുപയോഗിക്കും? അതുപോലെയുള്ള മററു തിരുലിഖിത സാക്ഷ്യങ്ങളും. വിവിധ അടിമത്തകാലത്തു് പല കൃതികളും നശിച്ചിട്ടുണ്ടു്. അവയോടുകൂടി ഈ ഭാഗവും നഷ്ടപ്പെട്ടതാകാം. എന്നാൽ സുവിശേഷകൻ ആത്മാവിന്റെ കൃപയാൽ ഇതു ഗ്രഹിച്ചു് എഴുതിവച്ചു. എബ്രായയിൽ ശാഖയ്ക്കു് *നാസോർ* എന്നാണു നാമം. ഗ്രാമത്തിന്റെ പേരു് നസ്രേത്തു് എന്നായിരുന്നു. അതായതു് ശാഖ. ''വേരിൽ നിന്നു് ഒരു *ശാഖ* പൊട്ടി മുളച്ചു വളരും'' എന്നുള്ള ഏശായാ വചനത്തിനു് *നാസോർ* എന്നാണു് എബ്രായവാക്കു്. അതു് *പുതിയതു്* എന്നാണു് വ്യാഖ്യാനിക്കപ്പെടുന്നതു്. അപ്പോരം *നസ്രത്തു്* എന്നാൽ *പുതിയതു്* എന്നർത്ഥം. *നസറാറിസം, നവീനത്വം* ആണു്. മിശിഹായുടെ പ്രബോധനം പുതിയതാകയാലല്ല പ്രവാചകൻ ഈ വാക്കുകൊണ്ടു് അവനെ വിളിച്ചതു്, പിന്നെയോ, ദൈവം പുതുതായി അവതരിക്കാൻ പോകുന്നതിനാലും പുരുഷസംസർഗം കൂടാതെ ഉരുവായ മനുഷ്യൻ ദൈവീകരിക്കപ്പെടുവാൻ പോകുന്നതിനാലും ആണു്. *നസ്രായൻ* എബ്രായയിൽ ശാഖയാണു്. ശാഖ, മരത്തിന്റെ 'ശിശുവാകയാൽ' നമ്മുടെ കർത്താവിനെ പ്രവാചകൻ ശിശു എന്നു വിളിച്ചു. ''ശാഖ *നാസെർ* ആണു്; നസറെത്തു് 'മുളച്ചു വരൽ' ആണു്; കാരണം, ''മുളച്ചു വരും; വേരിൽ നിന്നും മുളച്ചു വരും'' എന്ന ഏശായാ വചനം എബ്രായയിൽ ഇപ്രകാരം പറയുന്നു'' എന്നു് *ബർ ബഹ്റിസിന്റെ* ഭാഷ്യത്തിൽ കാണുന്നു.

ഒരു ഉദ്ധരണി ഇല്ലെന്നു പറഞ്ഞു് സുവിശേഷം കള്ളമാണെന്നു് പറയാൻ ഏതെങ്കിലും യഹൂദൻ ആഗ്രഹിച്ചാൽ, അവൻ

www.malankaralibrary.com



വീമ്പു പറയുന്ന അതേ ഗ്രന്ഥം അവനെ കുററപ്പെടുത്തുന്നു: കാരണം, മോശ അഹറോൻെറ പുത്രിമാരുടെ മരണത്തെപ്പററി പറഞ്ഞു: "ഇതാണു് കർത്താവു് അരുളിച്ചെയ്തതു്: എൻെറ അടുത്തു വരുന്നവരിൽ ഞാൻ വിശുദ്ധീകരിക്കപ്പെടും. എല്ലാ ജനങ്ങളുടെയും മുമ്പിൽ ഞാൻ മഹത്ത്വീകരിക്കപ്പെടും' (ലേവ്യ. 10:3). ഇതു് എങ്ങും പറഞ്ഞിട്ടില്ലായിരുന്നു: 'അതിനാൽ കർത്താവിൻെറ യുദ്ധങ്ങളുടെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: കൊടുങ്കാററിലും അർനോൺ താഴ്‌വരയിലും ഒരു ജ്വാല' (സംഖ്യ. 21:14). യുദ്ധങ്ങളുടെ ഗ്രന്ഥം എന്നൊന്നിനെപ്പററി എനിക്കറിവില്ല. വ്യക്തമായി ആ വാക്കിൻെറ ഒരടയാളവും അവിടില്ല. യൂദാജനങ്ങളെ ഗാനം പഠിപ്പിക്കണമെന്നു്: യാഷെറിൻെറ പുസ്തകത്തിൽ ഇതാ രേഖപ്പെടുത്തിയിരിക്കുന്നു' (2 ശാമു. 1:18). യാഷെറിൻെറ പുസ്തകം എന്താണു് എന്നോ, ഗാനം എങ്ങനെ പഠിപ്പിച്ചെന്നോ അതു പറയുന്നില്ല. യേഹുവിൻെറ മകനായ യെരൊബോവാം ഹാമാതു് കവാടം മുതൽ അറാബാ നദിവരെയുള്ള ഇസ്രായേലിൻെറ തീരപ്രദേശങ്ങൾ തിരിച്ചു പിടിച്ചു. ഇതു് ഗാതു്–ഹേഫേറിൽനിന്നുള്ള പ്രവാചകനും മിതായുടെ മകനും കർത്തൃദാസനുമായ യോനാവഴി കർത്താവു് അരുളിച്ചെയ്ത വാക്കനുസരിച്ചാണു് (2 രാജാ. 14:25). ഇങ്ങനെ ഒരിടത്തും പറഞ്ഞിരുന്നില്ല. 'അങ്ങയുടെ കൃപയാൽ ലോകം പണിയപ്പെട്ടുമെന്നു് അങ്ങു പറഞ്ഞിരിക്കുന്നു' (സങ്കീ. 89:2) എന്നതും എങ്ങും പറഞ്ഞിട്ടില്ല. അതുകൊണ്ടു് യഹൂദർ, തങ്ങളുടേയും നമ്മുടെയും ഗ്രന്ഥങ്ങളിൽനിന്നു് ബോധ്യം ഉള്ളവരായിത്തീരട്ടെ.

## പുസ്തകം II

*"ആ നാളുകളിൽ യോഹന്നാൻ സ്നാപകൻ വന്നു"* (*മത്താ. 3:1*). നമ്മുടെ കർത്താവു് ഈജിപ്തിൽ നിന്നു തിരികെ വന്നു് നസ്രത്തിൽ താമസിച്ച ഉടനെയല്ല യോഹന്നാൻ സ്നാപകൻ വന്നതു്. ഏതാണ്ടു് മുപ്പതു വർഷം കഴിഞ്ഞാണു് അവൻ വന്നതു്. അക്കാലത്തു് നമ്മുടെ പ്രകൃതിയുടെ തെററിനു് അവൻ പ്രായശ്ചിത്തം ചെയ്യുകയായിരുന്നു. അതായതു് *ഹൊമൈൻ* തൻെറ 'നാമങ്ങളുടെ നിർവ്വചനം' എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ ഡിക്രികം വഴിയുള്ള ഒരുതരം ഉടമ്പടിയനുസരിച്ചു് അവൻ നിയമം പൂർത്തിയാക്കി; അതിൻെറ സഞ്ചാരപാത അവസാനിപ്പിച്ചു. 'നാളുകളിൽ' എന്നതു് നീണ്ട കാലഘട്ടത്തെ കുറിക്കുന്നു; അതു് തിരുലിഖിത പതിവാണു്: അംറാഫേലിൻെറ നാളുകളിൽ, ഉസിയായുടെ നാളുകളിൽ (ഉല്പ. 14:1; ഏശ. 1:1). കൂടാതെ 'നാളിൽ' എന്നതു് ഒരു സമയപരിധിയെ

www.malankaralibrary.com



കുറിക്കുന്നു: 'ദിവസം മുഴുവൻ പോരാളി എന്നെ പീഡിപ്പിച്ചു'. 'ദിവസം മുഴുവൻ എന്റെ നിന്ദ എന്റെ കൺമുമ്പാകെയുണ്ട്' (സങ്കീ. 102:8; 44:15). എന്നാൽ യോഹന്നാൻ എപ്രകാരമാണു നീക്കപ്പെട്ടതു്? മാർ അപ്രേമും മറ്റുള്ളവരും ഇപ്രകാരം പറയുന്നു: ഹേറോദേസിന്റെ വാളിന്റെ മുമ്പിൽനിന്നു് എലിസബത്തു് അവനെ രക്ഷപെടുത്തി. അവനെയുംകൊണ്ടു് മരുഭൂമിയിലേക്കു് ഓടിപ്പോകണമെന്നു് അവൾക്കു് ഒരു ദർശനം ഉണ്ടായി. അവൾ വളരെ സമർത്ഥമായി ഒട്ടകരോമംകൊണ്ടുള്ള ഒരുടുപ്പ് അവനുവേണ്ടി ഉണ്ടാക്കി. മാർ അപ്രേം മാത്രം ഇതിനെ *ബാവാ* എന്നു വിളിക്കുന്നു. ഒട്ടകങ്ങളുടെ അടിഭാഗത്തുള്ള കട്ടികുറഞ്ഞ രോമമാണ് ബാവാ.

ഒട്ടകരോമം നിയമത്തെയും സുവിശേഷത്തെയും സൂചിപ്പിക്കുന്നു എന്നു് ചിലർ പറയുന്നു. ഒട്ടകം പകുതി ശുദ്ധവും പകുതി അശുദ്ധവുമാണ്. അയവിറക്കുന്നതിനാൽ ശുദ്ധം; ഒററക്കുളമ്പുള്ളതിനാൽ അശുദ്ധം. തന്റെ വസ്ത്രത്തിലും പ്രബോധനത്തിലും യോഹന്നാനും ഇതുപോലെയാണ്. അവന്റെ അരക്കെട്ടു് തോൽവാർകൊണ്ടുള്ളതായിരുന്നു (3:4). ഇസ്രായേൽക്കാരുടെ നാല്പതുവർഷത്തെ വസ്ത്രംപോലെ അവനോടൊപ്പം അവ വളർന്നുകൊണ്ടിരുന്നു. അവൻ അവയും ധരിച്ചാണു് മനുഷ്യവാസമുള്ളിടത്തു തിരികെ വന്നതു്. ഒരു ദൂതൻ അവന്റെ അമ്മയിൽനിന്നു് അവനെ പിടിച്ചെടുത്തുകൊണ്ടുപോയി എന്നു് മററുള്ളവർ പറയുന്നു. അവൻ എവിടെയാണെന്നു് അവന്റെ അപ്പനോ അമ്മയോ മററുള്ളവരോ അറിഞ്ഞിരുന്നില്ല.

ഒരേ സമയം, ഹേറോദേസിന്റെ വാളിൽനിന്നു് നമ്മുടെ കർത്താവും അവന്റെ മുന്നോടിയും ഓടിപ്പോയി: ഒരാൾ ഈജിപ്തിലേക്കും മറെറയാൾ മരുഭൂമിയിലേക്കും; ഒരാൾ കഴുതപ്പുറത്തും മറെറയാൾ ഹബക്കുക്കിനെപ്പോലെ, ശക്തിയായ കാററിലും എന്നു വേറേ ചിലർ പറയുന്നു. എന്നാൽ വചനം സ്വീകരിച്ച ശേഷമാണു് അവൻ പിൻവാങ്ങിയതെന്നു് *ഭാഷ്യകാരൻ* പറയുന്നു. മററു ചിലർ: ഒരുപക്ഷേ ഹേറോദേസ് കുട്ടിയെ തേടിയിരിക്കാം, അവന്റെ പിതാവായ സക്കറിയാസ്സു് ഹേറോദേസിന്റെ വാളിനെപ്പററി മുന്നറിവുണ്ടായി. ഉന്നതപൗരോഹിത്യം നിമിത്തം അവർ ജറുസലേമിൽ പാർത്തെങ്കിലും ബേത്ലഹേമിന്റെ അതിർത്തിയിൽനിന്നായിരുന്നു. അവൻ ശിശുവിനെയെടുത്തു് അനുരഞ്ജനബലിപീഠത്തിൽ വച്ചു. അവിടെവച്ചാണല്ലോ അവന്റെ ഉത്ഭവം സംഭവിച്ചുള്ള കാര്യം ദൂതൻ വെളിപ്പെടുത്തിയതു്. അവൻ അതേപ്പററി ചിന്തിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ദൂതൻ അവനെ പിടിച്ചെടുത്തു്

www.malankaralibrary.com



ഉാംമരുഭൂമിയിലേക്കു കൊണ്ടുപോയി. ''റോമാക്കാരുടെ മർദ്ദനത്തിൽനിന്നു് ഇസ്രായേലിനെ രക്ഷിക്കാൻ ജനിച്ചിരിക്കുന്ന പ്രവാചകൻ എവിടെയാണു്? എന്നു് പിന്നീടു് യഹൂദന്മാർ മകനെപ്പററി സക്കറിയായോടാരാഞ്ഞു''. 'എനിക്കറിയില്ല' എന്നു് അവൻ സത്യമായി മറുപടി പറഞ്ഞു. അവർ അവനോടു പരുഷമായി സംസാരിച്ചു: 'ജനങ്ങളുടെ മോചനത്തിൽ അസൂയ പൂണ്ട നീ, ഈ അടിമത്തത്തിൽനിന്നു നാം വിമോചിതരാകാതിരിക്കാൻ നിൻെറ മകനെ കൊന്നുകളഞ്ഞു'. ഗർഭധാരണത്തിലും പ്രസവത്തിലും അത്ഭുതം നടന്ന ഒരു മിശിഹായെ അവർ പ്രതീക്ഷിച്ചു.

തൻെറ വാദമുഖങ്ങളൊന്നും അവരംഗീകരിക്കുകയോ തങ്ങളുടെ നേർച്ചകൾ നിറവേററുകയോ ചെയ്യാതെ, ജനത്തിൻെറ വിഭ്രാന്തി വർദ്ധിച്ചുവരുന്നതായി കണ്ടു. സക്കറിയാ, നിയമത്തിലെ പതിവനുസരിച്ചു് ബലിപീഠത്തിൽ അഭയം തേടി. അവർ അവനെ പിടികൂടി ബലിപീഠത്തിനും പ്രവേശനമുറിക്കും ഇടയ്ക്കുവച്ചു് കൊന്നുകളഞ്ഞു. വെസ്പാസിയൻ സീസറിൻെറ മകൻ ടൈററസ്‌വരെ അൻപത്തിയെട്ടുവർഷം ആ രക്തം അവിടെക്കിടന്നു് നിലവിളിക്കുകയും നുരച്ചുപൊന്തുകയും ചെയ്തുകൊണ്ടിരുന്നു. അവർ സീസറിനെതിരെ മത്സരിച്ചപ്പോൾ അയാൾ ഒരു വലിയ സൈന്യവുമായി വന്നു് നഗരം കീഴടക്കി. അയാൾ ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ നുരച്ചുവരുന്ന രക്തം കാണുകയും നിലവിളി കേൾക്കുകയും ചെയ്തു. അതേപററി അവൻ ചോദിച്ചറിഞ്ഞിട്ടു് അവിടെവച്ചുതന്നെ പുരോഹിതരെയെല്ലാം കൊന്നുകളഞ്ഞു. അതിനുശേഷം രക്തം ശാന്തമായി.

എന്നാൽ യൂദരുടെ വായടയ്ക്കാനാണു് മുലകുടി മാറിയപ്പോൾ മുതൽ യോഹന്നാൻ മരുഭൂമിയിലേക്കു മാററപ്പെട്ടതു്; കാരണം, നമ്മുടെ കർത്താവിനെപ്പററി മഹനീയ കാര്യങ്ങൾ സാക്ഷ്യപ്പെടുത്താനുള്ളവനായിരുന്നു അവൻ. അവരുടെ അമ്മമാർ തമ്മിൽ ബന്ധവുമുണ്ടായിരുന്നു. അതായതു്, കന്യകയുടെ അമ്മയുടെ സഹോദരിയായിരുന്നു എലിസബത്തു്. രക്തബന്ധംകൊണ്ടോ, വിദ്യാഭ്യാസകാലത്തെ പരസ്പരപരിചയംകൊണ്ടോ മാനുഷികമായി പറഞ്ഞാൽ, അവൻ സ്നേഹപൂർവം പറയുന്നതാണു് എന്നു് ആരും ചിന്തിക്കാതിരിക്കാൻ. ഇക്കാരണത്താൽ, മുലകുടി മാറിയപ്പോൾ മുതൽ അവൻ ദൂരെ പോയി. രണ്ടാമതു്, സുവിശേഷത്തിൻെറ പുതിയനിയമത്തിൻെറ അപരിചിതത്വത്തിനു് ഒരടയാളമായും, അതിൻെറ കല്പനകളുടെ പ്രമാണത്തിനും ആവശ്യത്തിനും വേണ്ടി.

www.malankaralibrary.com



*"അവൻെറ ആഹാരം വെട്ടുക്കിളിയും കാട്ടു തേനും ആയിരുന്നു"* (മത്താ. 3:4). എന്നാൽ, 'അവൻെറ ആഹാരം തേനും മലകളിലെ പാലും ആയിരുന്നു' എന്നു് *ദിയാതെസ്സരോൺ* പറയുന്നു. പാർസ്നിപ്സ് (Parsnips) പോലുള്ള കട്ടികുറഞ്ഞ കിഴങ്ങുകളായിരിക്കാം *വെട്ടുക്കിളികൾ* എന്നു് മററു ചിലർ പറയുന്നു. അതായതു് വേരിൻെറ ഭാഗങ്ങളും ഒട്ടും മധുരമില്ലാത്തവയും. *കംസീസ്* എന്നു ചിലരും *കമസീൻ* എന്നു മററു ചിലരും *മെനേഗ്* എന്നു പേർഷ്യാക്കാരും അതിനെ വിളിക്കുന്നു. *കൗച്ചേ* എന്ന പേരുള്ള വേരുകളാണവ എന്നു മററു ചിലർ പറയുന്നു. അവയ്ക്കു് രൂപത്തിൽ വെട്ടുക്കിളിയോടു് സാമ്യം ഉണ്ടായിരുന്നു. എന്നാൽ അവ തേൻ പോലെ മധുരമുള്ളവയായിരുന്നു. അതു് ചെടികളുടെ കുരുന്നു നാമ്പാണെന്നു് വേറേ ചിലർ പറയുന്നു. മരുഭൂമിയിലെ തേനീച്ച ഉണ്ടാക്കുന്ന തേൻപോലും മധുരമില്ലാത്തതാണെന്നും കമർപ്പുള്ളതും മനുഷ്യൻ ഇഷ്ടപ്പെടാത്തതുമായിരുന്നു എന്നും പറയപ്പെടുന്നു.

വെട്ടുക്കിളികൾ പറക്കുന്നവയും തേൻ സ്വാഭാവികവുമായിരുന്നു എന്നാണു് *ഭാഷ്യകാരൻെറ* അഭിപ്രായം. സ്ഥലത്തിൻെറ ചൂടും വായുവിൻെറ സമ്മിശ്രവും നിമിത്തം അവിടെ എപ്പോഴും അവ കാണപ്പെട്ടിരുന്നു. അതുകൊണ്ടു് യോഹന്നാനെ സംബന്ധിച്ച ഈ കാര്യങ്ങളിലെല്ലാം രഹസ്യങ്ങൾ നിഗൂഢമായിരുന്നു: അനുരഞ്ജനദിവസം നടന്ന അവൻെറ ഉത്ഭവത്തെപ്പററിയുള്ള അറിയിപ്പു്, മിശിഹായിൽ എല്ലാവർക്കും നൽകപ്പെടുന്ന അനുരഞ്ജനത്തിൻെറ രഹസ്യമാണു് സൂചിപ്പിക്കുന്നതു്. അവൻെറ പിതാവിൻെറ നാവു് ബന്ധിതമായതു്, സ്വജനവും ജാതികളും തെററിൽ ബന്ധിതമായിരുന്നതു സൂചിപ്പിക്കുന്നു. അവൻെറ നാവിൻെറ കെട്ടഴിഞ്ഞതു്, തെററിൽനിന്നുള്ള അവരുടെ മോചനവും ക്രിസ്തുവിൽ അവർക്കു ലഭിക്കുന്ന വ്യതിയാനവും നവീകരണവും സൂചിതം. എന്നാൽ അവൻ മരുഭൂമിയിലേക്കു മാററപ്പെട്ടതു്, ഭൂമിയിൽനിന്നു സ്വർഗത്തിലേക്കുള്ള നമ്മുടെ മാററത്തിൻെറ പ്രതിരൂപമാണു്. അവൻ അറിയിച്ച യൂദയായുടെ നാശം, ഇല്ലാതാകാൻ പോകുന്ന മർത്യതയുടെ നിർമ്മാർജനത്തെ കുറിക്കുന്നു; രോമംകൊണ്ടുള്ള ഉടുപ്പു് അനുതാപത്തെയും, അരക്കെട്ടു് ഭൗതികവും ബൗദ്ധികവുമായ പോരാട്ടത്തിലുള്ള ധൈര്യത്തെയും സാമർത്ഥ്യത്തെയും, ഉദരസംബന്ധമായ ദുരാഗ്രഹങ്ങളിൽനിന്നുള്ള സംയമത്തിൻെറ പൂർണതയെയും സൂചിപ്പിക്കുന്നു. വെട്ടുക്കിളികളുടെ പറക്കൽ കർത്താവിനെ എതിരേൽക്കാൻ വാനമേഘങ്ങളിലേക്കു പറക്കുന്ന വിശുദ്ധരുടെ ആധ്യാത്മികതയെയും പറക്കലിനെയും സൂചിപ്പിക്കുന്നു.

www.malankaralibrary.com



തേനിൻെറ മാധുര്യം, നമ്മുടെ കർത്താവിൽനിന്നു വിശുദ്ധർ സ്വീകരിക്കുന്നതും എല്ലാ പരീക്ഷണങ്ങളേക്കാൾ ഉന്നതവുമായ മാധുര്യവും സൗഭാഗ്യങ്ങളും സൂചിപ്പിക്കുന്നു. പാപത്തിൻെറ കീടത്തിൽനിന്നു് ലോകത്തെ സംസ്കരിക്കുന്നതു് തേനാണു്; കാരണം, മിനുസപ്പെടുത്തുക എന്നതു് തേനിൻെറ സ്വാഭാവിക ഗുണമാണു്.

'അണലിസന്തതികളേ....' (3:7). അവരെ 'അണലികൾ' എന്നു വിളിക്കാതെ അണലിസന്തതികളേ എന്നു് അവൻ വിളിച്ചതു് എന്തുകൊണ്ടാണു്? വളരെ ശരിയായിട്ടാണു്. കാരണം, ഈ ഉരഗത്തെപ്പോലെ ഉഗ്രവിഷമുള്ളതൊന്നുമില്ല. ഇതിൻെറ കുഞ്ഞുങ്ങൾക്കു് രണ്ടു സവിശേഷതകൾ ഉണ്ടു്. അവ ഉരുവാകുന്ന ദിവസം അവയുടെ തന്ത ചാകുന്നു; അവയുടെ ജന്മദിനം അവയുടെ അമ്മയെ അതു് കീറിമുറിച്ചു പുറത്തുവരുന്നു. ഒരു സൂചിക്കുഴപോലുള്ള ദ്വാരമേ അതിൻെറ അടിവയർഭാഗത്തു് അതിനുള്ളു. അതു് ഇണചേരുമ്പോൾ വായിലൂടെയാണു് ബീജം പകരുന്നതു്! ഗർഭിണിയായ പെൺപാമ്പു് ആൺപാമ്പിൻെറ ലൈംഗികാവയവം കടിച്ചുമുറിക്കുന്നു. ഉടനെതന്നെ അതു ചാകുന്നു. ഉദരത്തിൽ വളരുന്ന കുഞ്ഞുങ്ങൾ പൂർണ വളർച്ചയിലെത്തുമ്പോൾ തള്ളയുടെ ആന്തരാവയവങ്ങൾ കടിച്ചുവിഴുങ്ങുകയും അതിൻെറ ഉദരം തുളച്ചു് പുറത്തുകടക്കുകയും ചെയ്യുന്നു.

ഇതു് യൂദന്മാരുടെ ഇടയിലും നിലനിന്നു. അവർ തങ്ങളുടെ ആത്മീയ പിതാക്കന്മാരായ പ്രവാചകന്മാരെയും നീതിമാന്മാരെയും കൊന്നു നശിപ്പിച്ചു. അവസാനം പ്രവാചകരുടെ നാഥനെയും ശ്ലീഹന്മാരെയും അവർ ആക്രമിച്ചു. നമ്മുടെ കർത്താവും അവരെ സർപ്പങ്ങളെന്നും, അണലിസന്തതികളെന്നും വിളിച്ചു. ആദിയിൽ സർപ്പത്തിൽ മന്ത്രിച്ചവനും മനുഷ്യകുലത്തെ പാപത്തിൽ ചാടിച്ചവനും ആദിമുതൽ കൊലപാതകിയായിരുന്നവനുമായ പിശാചിനു് അവർ ഉപകരണങ്ങളായിത്തീർന്നു എന്നു കാണിക്കാനാണിതു്.

''ഈ കല്ലുകളിൽനിന്നു്'' (3:9): അവിടുന്നു വെള്ളത്തെ രക്തമാക്കിയതുപോലെയും പാറയിൽനിന്നു് അരുവികളെ ഒഴുക്കിയതുപോലെയും ഈ കല്ലിൻെറ സത്ത മാററാൻ അവിടുത്തേക്കു കഴിയും എന്നർത്ഥം. വീണ്ടും ''ഈ കല്ലുകളിൽനിന്നു്...'' എന്നു പറഞ്ഞാൽ കല്പണിക്കാരായ ആളുകളിൽനിന്നു്, അഥവാ കല്ലിനെയും മരത്തെയും ആരാധിക്കുന്നവരിൽനിന്നു് എന്നർത്ഥമാക്കാം. ''ഞാൻ നിന്നെ അനേകം ജാതികളുടെ പിതാവാക്കിയിരിക്കുന്നു'' എന്നു് എഴുതപ്പെട്ടിരിക്കുന്നു (ഉല്പ. 17:5). കാരണം, ഇതാണു് ആദ്യത്തെ വിശദീകരണം,

www.malankaralibrary.com



*"ഇതാ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു"* (3:10). അതായത് ശക്തമായ കല്പനയാൽ അവിടുന്ന് വിശ്വാസികളെയും അവിശ്വാസികളെയും നിർവചിച്ച് വേർതിരിക്കും. അതിനെ മൂർച്ചയുള്ള കോടാലി എന്ന് അവൻ വിളിക്കുന്നു. അവരുടെ വൃക്ഷങ്ങളുടെ വേരുകരം അവിടുന്ന പിഴുതെടുത്ത് നശിപ്പിക്കും. കഠിനമായ കൊലയും അടിമത്തവുംവഴി ടൈററസിലൂടെയും ഹദ്രിയാനിലൂടെയുമായിരിക്കും അവിടുന്നതു നടപ്പിലാക്കുക. അതൊരു മുൻകുറിമാത്രം. അവസാനത്തിൽ യഥാർത്ഥമായി എന്നേക്കുമുള്ള നിത്യാഗ്നിയിൽ അതു് കലാശിക്കും. "വരാനിരിക്കുന്ന ക്രോധം" എന്നാണ് അവൻ അവരോട് ഇതേപ്പററി പറഞ്ഞതു്. അവൻ മറെറാരു വിശദീകരണവും നല്കി: "മുറം അവൻെറ കൈയിൽ ഉണ്ടു്. അവൻ തൻെറ കളങ്ങരം വെടിപ്പാക്കി....." എന്നു് തുടങ്ങുന്ന ഭാഗം (മത്താ.3:12). അവൻ കപടവിശ്വാസികളെ സത്യവിശ്വാസികളിൽനിന്നു് വേർതിരിച്ചു മാററും.

*കോടാലി*യുടെയും *മുറ*ത്തിൻെറയും ഉപമയിലൂടെ അവിടുത്തെ കർതൃത്വവും ആധിപത്യവും അവൻ സൂചിപ്പിക്കുന്നു. '*മുറം*'വഴി തൻെറ നെറിവും നീതിയും അവൻ കാട്ടുന്നു; '*മെതിപ്പുര*'വഴി എല്ലാററിന്മേലുമുള്ള തൻെറ കർതൃത്വം സൂചിപ്പിക്കുന്നു. നല്ലവരെ ഗോതമ്പെന്നും തെററായ വിശ്വാസികളെ കളയെന്നും വിളിക്കുന്നു. കാരണം, കർത്താവെന്ന നിലയിൽ അവൻ തൻെറ 'മെതിക്കളം വെടിപ്പാക്കും', നീതിമാൻ എന്ന നിലയിൽ നീതിയുടെ വീശുമുറത്താൽ നല്ലവരിൽനിന്നു് ദുഷ്ടരെ വേർതിരിച്ചു മാററും. മാമ്മോദീസായാൽ വിശ്വാസത്തിൻെറ ഒരേ മെതിക്കളത്തിലേക്കു് ശേഖരിക്കപ്പെട്ടവരാണെങ്കിലും ആകൃതിയിൽപ്പോലും ദുഷ്ടർക്കു് സാധർമ്മ്യം ഇല്ലാതെപോയി.

*"അവൻ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും നിങ്ങളെ സ്നാനപ്പെടുത്തും"* (3:11) തൻെറ ദൈവത്വവും സൃഷ്ടിശക്തിയും അധികാരവും നിമിത്തം *"ആത്മാവ്"*; കാരണം, ആത്മാവ് ആരംഭം മുതലേ ദൈവവും സൃഷ്ടികളുടെ സ്രഷ്ടാവും തനിക്കിഷ്ടമുള്ളതെല്ലാം പ്രവർത്തിക്കുന്നവനും ആണു്. അവിടുന്നു് ദത്തുപുത്രസ്ഥാനം പ്രദാനം ചെയ്യുന്നു. മാളികമുറിയിൽവച്ച് അവൻ ശ്ലീഹന്മാരുടെമേൽ ആദ്യസ്നാനമാകുന്ന അഗ്നിനാവുകരം ഇറക്കിയതിനാൽ *അഗ്നി*. അതിനുശേഷം വന്നവരെല്ലാം തുടർച്ചയായി അതു് സ്വീകരിച്ചു. വീണ്ടും, ദാനത്തിൻെറ ഔന്നത്യം നിമിത്തം *അഗ്നി*. ഒരു

www.malankaralibrary.com



വിളക്കിൽനിന്നോ, ഒരഗ്നിസ്ഫുലിംഗത്തിൽനിന്നോ പതിനായിരം വിളക്കുകൾ കത്തിക്കുകയും അതേസമയം ആദ്യത്തേതു് കുറഞ്ഞുപോകാതിരിക്കുകയും ചെയ്യുന്നു. അതുപോലെയാണു് ആത്മാവിൻെറ കൃപയും. അതു് അതിൻെറ പൂർണ്ണതയിൽ ഒട്ടും കുറഞ്ഞുപോകാതെ, എല്ലാ നാഴികയിലും എല്ലാ സ്ഥലങ്ങളിലും തൻെറ നൽവരങ്ങളാൽ എല്ലാവരെയും ധന്യരാക്കുന്നു. ചുരുക്കത്തിൽ, ആത്മാവിൻെറ ദാനത്തെ *അഗ്നി* എന്നു് അവൻ വിളിക്കുന്നതു് പന്ത്രണ്ടു കാരണങ്ങളാലാണു്. മററൊരിടത്തു് അവ വിവരിച്ചിട്ടുണ്ടു്. അതായതു്, മാളികമുറിയിൽവച്ചു് ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവു് ഇറങ്ങിയ *നടപടി* ഭാഗത്തിൻെറ വ്യാഖ്യാനത്തിൽ.

*"എന്തുകൊണ്ടെന്നാൽ ഇപ്രകാരം എല്ലാ നീതിയും പൂർത്തിയാക്കുന്നത് നമുക്കു യുക്തമാകുന്നു" (മത്താ. 3:15)* ആത്മീയസ്നാനത്തെയാണു് "എല്ലാ നീതിയും" എന്നു് അവിടുന്നു് വിളിക്കുന്നതു്. എല്ലാ മനുഷ്യർക്കും അവിടുന്നു കൊടുക്കുവാനിരിക്കുന്ന പുത്രസ്വീകാര്യത്വം വരാനിരിക്കുന്ന ലോകത്തിൻെറ പ്രതീകമാണെന്നു് അവിടുന്നു പറയുന്നു. തൻെറ മററെല്ലാ പ്രവൃത്തികളിലും അവിടുന്നു ചെയ്തതുപോലെ, അവിടുന്നു് ആദ്യം സ്നാനപ്പെട്ടതു് നമുക്കു് ഒരു മാതൃക നൽകുന്നതിനുവേണ്ടിയാണു്. വീണ്ടും, ദാസന്മാരുടെ മാധ്യസ്ഥ്യംവഴി പൂർത്തീകരിക്കപ്പെട്ട എല്ലാ നൈയാമിക നീതീകരണങ്ങളുടെയും പൂർത്തീകരണവും അന്ത്യവും എന്നു് അവിടുന്നു് സ്നാനത്തെ വിളിക്കുന്നു. അതുവഴി എല്ലാ സുകൃതങ്ങളുടെയും അടിസ്ഥാനവും വാതിലുമായ എളിമ അവിടുന്നു് കാണിച്ചു: കാരണം, മററാരും ചെയ്യാത്തതുപോലെ ഞാൻ എല്ലാ സ്വാഭാവികനിയമങ്ങളും തിരുലിഖിതനിയമങ്ങളും പൂർത്തിയാക്കി. കർത്താവായ ഞാൻ എന്നെത്തന്നെ വിനീതനാക്കി ദാസനായ നിന്നിൽനിന്നു സ്നാനമേല്ക്കണം എന്ന ഒരേ ഒരു ശ്രേഷ്ഠകാര്യം മാത്രമേ അവശേഷിക്കുന്നുള്ളു. എല്ലാ വിശ്വാസികളും വൈദികരിൽനിന്നു് സ്നാനമേല്ക്കണം എന്നതിനെ ഇതു സൂചിപ്പിക്കുന്നു. കാരണം, ഞാൻ ഇതും പൂർത്തിയാക്കുന്നു. വീണ്ടും, പഴയതെല്ലാം ഞാൻ പൂർത്തിയാക്കി. മനുഷ്യകുലത്തിൻെറ കടം വീട്ടി, പാപത്തെയും സാത്താനെയും മരണത്തെയും ശിക്ഷയെയും ഞാൻ തകർത്തു് നശിപ്പിച്ചു. അതുകൊണ്ടു് ഞാൻ ഇപ്പോൾ മുതൽ മനുഷ്യർക്കു് പുതിയ കാര്യങ്ങൾ നൽകുക എന്നതു് ശരിയായ കാര്യമാണു്. നിങ്ങൾക്കുവേണ്ടി ഞാൻ ആദ്യം മരിക്കണം. കാരണം അതോടുകൂടി ഉത്ഥാനം ചേർത്തിരിക്കുന്നു. എന്നാൽ ഞാൻ സ്നാനത്തെ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും പ്രതീകമാക്കുന്നു. കാരണം, അതിനോടു ഞാൻ ആത്മീയവും നവീനവുമായ കാര്യങ്ങളെല്ലാം കൂട്ടിച്ചേർക്കുന്നു. അതിനെ ഞാൻ സുവിശേഷത്തിൻെറ ആരംഭമാക്കുന്നു.

www.malankaralibrary.com



അതുകൊണ്ട് യോഹന്നാനേ, പഴയനിയമത്തിൻെറ എല്ലാ നീതിയും പൂർത്തിയാക്കാൻ നമ്മെ അനുവദിക്കു; അതുകഴിഞ്ഞു് സുവിശേഷത്തിൻെറ കാരുണ്യത്തിൽ നാം ആരംഭിക്കും. ഈ സ്നാനത്താൽ രണ്ടു സ്നാനങ്ങൾ പൂർത്തീകരിക്കപ്പെട്ടു എന്നും അറിഞ്ഞിരിക്കണം: ഒരുവശത്തു് യൂദരുടെയും യോഹന്നാൻെറയും സ്നാനത്തെ നീക്കി ഇല്ലാതാക്കി; മറുവശത്തു് പുതിയനിയമത്തിലെ സ്നാനം തുടങ്ങി. പെസഹായിലും മേശയിലും നമ്മുടെ കർത്താവ് രണ്ടു് പെസഹാകൾ ആചരിച്ചു; ഒന്നിനെ പൂർത്തിയാക്കി. മററതിനാരംഭം കുറിച്ചു; അതുപോലെ ഒരേ നദിയിൽ വച്ചു് നിയമത്തിൻെറയും യോഹന്നാൻെറയും സ്നാനം അവിടുന്നു് അവസാനിപ്പിക്കുകയും തൻെറ സഭയ്ക്കുവേണ്ടി തൻെറ സ്നാനത്തിൻെറ വാതിൽ തുറക്കുകയും ചെയ്തു. എന്നാൽ അവിടുന്നു് യോർദ്ദാനിൽ അല്ലാതെ മറെറാരിടത്തും സ്നാനപ്പെട്ടില്ല. കാരണം, പുറജാതികളുടെ പ്രദേശത്തു നിന്നാണു് അതു് ഉത്ഭവിക്കുന്നതു്. എന്നാലതു് ഒഴുകുന്നതു് ഇസ്രായേൽ നാട്ടിൽക്കൂടെയും. അതുപോലെ അതുത്ഭവിക്കുന്നതു് രണ്ടു് ഉറവകളിൽനിന്നാണു്: ഒന്നിൻെറ പേരു് *യോർ*. മററതിൻെറ പേർ *ദനാൻ. ഏതാമിൻെറ* നദികൾ എന്നാണു് ദാവീദ് അവയെ വിളിക്കുന്നതു്. ''നീ ഏതാമിൻെറ നദികളെ വററിച്ചുകളഞ്ഞു'' എന്നു് അവൻ പറയുന്നു (സങ്കീ.74:15). സുറിയാനിയിൽ അതിൻെറ അർത്ഥം *ബലിഷ്ഠം* എന്നാണു്. പിന്നീടു് അവ ഒരു നദിയായിത്തീരുന്നു. ഈ കാര്യങ്ങൾ വഴി ഒരുവശത്തു് ദത്തെടുക്കലിൻെറയും ആരാധനയുടെയും ഐക്യത്തിനുവേണ്ടി സ്വജനത്തിൻെറയും ജാതികളുടെയും ഒന്നിച്ചു ചേരൽ അവിടുന്നു കാണിക്കുന്നു. മറുവശത്തു്, തുല്യരല്ലാതിരുന്ന എല്ലാവരുടെയും മുമ്പാകെ ചിന്തപ്പെട്ട കൃപാവരം തുല്യമായിട്ടാണു് നൽകുന്നതു് എന്നു് അതു കാട്ടുന്നു. രണ്ടാമതായി പഴയനിയമത്തിൽപോലും നൂനിൻെറ മകനായ ജോഷ്വായിലും ഏലിയായിലും ഏലീശായിലും ഇതിൻെറ മാതൃക ഉണ്ടായിരുന്നു. കാരണം, ഈ മൂവരും യോർദ്ദാനെ വിഭജിച്ച സ്ഥലത്തു തന്നെയാണു് നമ്മുടെ കർത്താവ് സ്നാനമേററതു്. അതിൽ ഒരേ സ്ഥലത്തുവച്ചുതന്നെ മുൻകുറികളും മാതൃകയും സംഭവിക്കുന്നതിനാണിതു്. മൂന്നാമതായി, പ്രവചനം പൂർത്തീകരിക്കപ്പെടുന്നതിനു് 'യോർദ്ദാനിൽ നിന്നു് സിംഹത്തെപ്പോലെ കർത്താവ് കയറിച്ചെന്നു' എന്നു് ജറമിയ പറഞ്ഞിരിക്കുന്നു (49:19). അവിടുന്നു് വെള്ളംകൊണ്ടു് മാത്രമാണു് സ്നാനപ്പെട്ടതു്, വീഞ്ഞോ, എണ്ണയോ മറെറന്തെങ്കിലും പദാർത്ഥമോ കൊണ്ടല്ല എന്നു് ഇരുപത്തിരണ്ടു് കാരണങ്ങൾ ഉന്നയിച്ചു് നാം മറെറാരിടത്തു് ചർച്ച ചെയ്തിട്ടുണ്ടു്.

www.malankaralibrary.com



യോഹന്നാൻ സ്നാനം നൽകിക്കൊണ്ട് ജനക്കൂട്ടങ്ങളോട് പറഞ്ഞു: 'ഇതു പാപമോചനത്തിനുള്ള അനുതാപത്തിൻെറ സ്നാനമാണ്' (മർക്കോ. 1:4). എന്നാൽ ചിലരുടെ അഭിപ്രായമനുസരിച്ച്, അവൻ ഇങ്ങനെ പറഞ്ഞു: 'നീ മൽക്കീസദേക്കിൻെറ സാദൃശ്യത്തിൽ എന്നേയ്ക്കും പുരോഹിതനാകുന്നു' (സങ്കീ. 110:4), മററു ചിലർ: 'എല്ലാററിൻെറയും കർത്താവും ഒരത്ഭുതകരമായ വ്യാപാരത്തിനു് നിന്നെ തെരഞ്ഞെടുത്തവനുമായ ദൈവത്തിൻെറ നാമത്തിൽ നിന്നെ ഞാൻ സ്നാനപ്പെടുത്തുന്നു', വേറെ ചിലരുടെ അഭിപ്രായത്തിൽ, 'തൻെറ ദാസനാൽ സ്നാനപ്പെടുവാനായി സ്വയം താഴ്ത്തിയവനു് പുകഴ്ചയും മഹത്വവും' എന്നല്ലാതെ മററൊന്നും പറയാതെ വിറച്ചുകൊണ്ട് അവൻ തൻെറ കൈകൾ അവിടുത്തെ ശിരസ്സിൽ വച്ചു. *ദിയാതെസ്സരോൺ* സാക്ഷിക്കുന്നതുപോലെ, ഒരു വലിയ വെളിച്ചം പ്രകാശിച്ചു, യോർദ്ദാനു ചുററും വെള്ളമേഘങ്ങൾ ഒന്നിച്ചുകൂടി, ആകാശത്തിൽ ആത്മീയജീവികളുടെ നിരവധി നിരകൾ സ്തുതിപ്പുകൾ ആലപിക്കുന്നതായി കാണപ്പെട്ടു. യോർദ്ദാൻ ഒഴുക്കു നിർത്തി ശാന്തമായി നിന്നു; അതിലെ വെള്ളത്തിനു് ഇളക്കം ഉണ്ടായില്ല. ഒരു സുഗന്ധപരിമളം അവിടെ നിന്നു പ്രസരിച്ചു. സ്നാനപ്പെടാൻ പോകുന്നയാൾ സ്വർഗ്ഗത്തിൽ നിന്നാണെന്നും വീണ്ടും അവിടേക്കു മടങ്ങിപ്പോകുമെന്നും ദൈവം സൃഷ്ടികളുമായി രമ്യപ്പെട്ടു എന്നും ഉള്ളതിൻെറ അടയാളമായി സ്വർഗ്ഗം തുറക്കപ്പെട്ടു. കല്പനലംഘനം നിമിത്തം അതുവരെ അടഞ്ഞുകിടന്ന ആകാശം തുറക്കപ്പെട്ടു. സ്വർഗ്ഗത്തിൽ നിന്നു് *ആത്മാവ്* ഇറങ്ങിവന്നു. ഒന്നാമതായി, അവിടുത്തേക്കു് ദൈവസ്വഭാവം ഉണ്ടെന്നുള്ളതിൻെറ അടയാളമായി. രണ്ടാമതായി, മേലിൽ യഹൂദരുടെ ദേവാലയത്തിൽനിന്നല്ല, സ്വർഗ്ഗത്തിൽനിന്നാണ് അനുരഞ്ജനം ഒഴുകേണ്ടതു് എന്നതിൻെറ സൂചനയായി.

വീണ്ടും, സ്നാനപ്പെടുന്നവനും താനും ഒരേ സ്വഭാവമാണെന്നു കാണിക്കാനാണ് 'ആത്മാവ് ഇറങ്ങിവന്നതു്'. അവിടുത്തെ മനുഷ്യത്വമല്ല, അവിടുത്തെ ദൈവത്വമാണ് ഒരേ സ്വഭാവം. കാരണം, ഒരേ സ്വഭാവമുള്ളവൻ ഒരേ സ്വഭാവമുള്ളവൻെറ പക്കലേക്കു് ഇറങ്ങിവരുന്നു. വ്യതിയാനം സംഭവിച്ചില്ല, പിന്നെയോ പൂർത്തീകരണത്തിൻെറ വ്യാപാരത്തിലാണ് അതു് അധിഷ്ഠിതമായിരിക്കുന്നതു്. അവിടുത്തേക്കു് എന്തെങ്കിലും കുറവുള്ളതിനാൽ, ആത്മാവിൻെറ കൃപയിൽ ഇപ്പോൾ സ്നാനംവഴി പരിപൂർണമാക്കപ്പെടുവാനുമല്ല. കാരണം, 'പരിശുദ്ധാത്മാവ് നിൻെറമേൽ വരും, അത്യുന്നതൻെറ ശക്തി നിൻെറമേൽ നിഴലിക്കും' എന്നു് മാലാഖാ കന്യകയോടു പറഞ്ഞതു മുതൽ ഉദര

www.malankaralibrary.com



ത്തിൽവച്ചു തന്നെ വചനം മാംസവുമായി ഐക്യപ്പെട്ടിരിക്കുന്നു. താൻ സ്വീകരിച്ച പരിശുദ്ധാത്മാവുകൊണ്ടു് അവൻ നിറഞ്ഞിരുന്നു. 'അവന്റെ പൂർണതയിൽനിന്നു് നാമേവരും പ്രാപിച്ചിരിക്കുന്നു എന്നു് പറഞ്ഞിരിക്കുന്നു' (യോഹ. 1:16).

വീണ്ടും, ഈ ആത്മാവുമൂലം താൻ വിശ്വാസികളെ സ്നാനപ്പെടുത്തുന്നു എന്നു കാണിക്കാൻ ഒരടയാളമായി ആത്മാവു് വെളിപ്പെട്ടു. വീണ്ടും, നിന്റെ സ്നാനത്തിലും ആത്മാവു് കൂടിച്ചേർന്നിരിക്കുന്നു എന്നു് നിന്നെ കാണിക്കാനാണു്. ആകാശത്തിൽനിന്നു് അവനെ *പുത്രൻ* എന്നു വിളിക്കുകയും ദൈവം അവനിൽ സംപ്രീതനാകുകയും ചെയ്തു. *ഇപ്പോഴാ* അവൻ പുത്രത്വത്തിനു് അർഹനായിത്തീർന്നതല്ല, *ഇപ്പോഴ* അവനിൽ സംപ്രീതൻ ആയതുമല്ല. പിന്നെയോ, നിന്റെ സ്നാനത്തിൽ നിനക്കും ദത്തുപുത്രസ്ഥാനത്തിൽ ഭാഗഭാഗിത്വം കിട്ടുന്നു എന്നു നീ അറിയുന്നതിനും, നിന്റെ സ്നാനത്തിൽ പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ നീ സ്വീകരിച്ചിരിക്കുന്നു എന്നു സൂചിപ്പിക്കാനുമാണു് ആത്മാവു് ഇപ്പോഴ ഇറങ്ങിവരുന്നതു് (റോമ. 8:15).

ഒരു ദൈവശാസ്ത്രജ്ഞൻ[1] ഇപ്രകാരം പറയുന്നു: നമ്മുടെ കർത്താവും മാതൃക എന്ന നിലയിൽ മൂന്നു പ്രാവശ്യം ജലത്തിൽ സ്നാനപ്പെട്ടു. അവസാനം അവിടുന്നു നൽകിയതുപോലെയും (മത്താ. 28:18-20). ത്രിത്വനാമത്തിലും, താഴേക്കിറങ്ങിവരുന്ന ആത്മാവു്, സ്നാനപ്പെടുന്ന പുത്രൻ, 'ഇവൻ എന്റെ മകൻ' എന്നു പറയുന്ന പിതാവു്. രണ്ടാമതും മൂന്നു പ്രാവശ്യം സ്നാനപ്പെട്ടു എന്നു പറയപ്പെടുന്നു: എന്നിത്യാദി. വീണ്ടും ജെസ്സെയുടെ കുററിയിൽനിന്നു് ഒരു മുള കിളിർത്തുവരും; അവന്റെ വേരിൽനിന്നു് ഒരു ശാഖ പൊട്ടിക്കിളിർക്കും; കർത്താവിന്റെ ആത്മാവു് അവന്റെ മേൽ ആവസിക്കും' എന്നു തുടങ്ങിയ പ്രവചനം (ഏശ. 11:1) ഉറപ്പിക്കാൻവേണ്ടി ആത്മാവു് ഇറങ്ങിവരുന്നു. എന്നാൽ ആത്മാവിന്റെ ദർശനം യോഹന്നാനു മാത്രം വെളിപ്പെട്ടു എന്നാണു് *ഭാഷ്യകാരൻ* പറയുന്നതു്. *'ഞാൻ* കാണുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു' (യോഹ. 1:34) എന്നു് അവൻ പറയുന്നു. എന്നാൽ എല്ലാവരും സ്വരം കേട്ടു. അവനും മററുള്ളവരും കാണുകയും കേൾക്കുകയും ചെയ്തു എന്നാണു് *ജോൺ ക്രിസോസ്തോമിന്റെ* അഭിപ്രായം. അങ്ങനെയല്ലെങ്കിൽ, 'ഇവൻ എന്റെ പ്രിയപുത്രൻ' എന്ന സ്വരം യോഹന്നാനെക്കുറിച്ചാണു് എന്നു് ധരിക്കുമായിരുന്നു.

---

1 മാർ നർസായ്, ദനഹാ പ്രസംഗം, ആരംഭം

www.malankaralibrary.com



ആത്മാവ് പ്രാവിന്റെ രൂപത്തിൽ കാണപ്പെട്ടു. ഒന്നാമതായി, അവിടത്തെ സൗമ്യത നിമിത്തവും ആത്മാവിന്റെ നന്മയുടെ പ്രതീകമായിട്ടും ഇണങ്ങിയതും ഇണങ്ങാത്തതുമായ പ്രാവുകളെല്ലാം പറവകളുടെ കൂട്ടത്തിൽ നിരുപദ്രവകാരികളാണ്. അവയുടെ കുഞ്ഞുങ്ങളെ ആരെങ്കിലും മോഷ്ടിച്ചാൽ, വീണ്ടും മുട്ടയിട്ട് വിരിക്കുന്നു. അതുപോലെ, സ്നാനം സ്വീകരിച്ചവർ ആത്മീയരും ശാന്തരും നല്ലവരും ഋജുമാനസ്സരും, നിഷ്കളങ്കരും, പകയില്ലാത്തവരും ആയിരിക്കണം. രണ്ടാമതായി, ഭൗതിക ജലപ്രളയം അവസാനിച്ചതായി ആദ്യം അറിയിച്ചത് ഒരു പ്രാവാണ്. അതുപോലെ, ബൗദ്ധിക ജലപ്രളയക്കെടുതിയുടെ അന്ത്യം ഇപ്പോൾ അറിയിച്ചതും ഒരു പ്രാവുതന്നെയാണ്. മൂന്നാമതായി അവയുടെ സൗമ്യതയും മാടപ്രാക്കളുടെ ശുദ്ധിയും നിമിത്തം അവയോടൊപ്പം ഈ പ്രാവുകളും നൈയാമിക ബലികൾക്കുപയോഗിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നു. നാലാമതായി, ദൈവത്തിന്റെ അനുരഞ്ജനത്തിന്റെയും കരുണയുടെയും, ദുഃഖങ്ങളുടെ തണുപ്പിന്റെ നീക്കിക്കളയലിന്റെയും അടയാളമായിട്ട്. അഞ്ചാമതായി, ദൈവം തന്റെ പുത്രന് ആത്മാവിനെ അളന്നല്ല നൽകുന്നത് (യോഹ. 3:34). പിന്നെയോ, അതിന്റെ എല്ലാ പൂർണ്ണതയിലുമാണ് എന്ന് കൃപയുടെ പൂർണ്ണത പ്രാവിന്റെ ശരീരത്തിന്റെ സാദൃശ്യത്തിൽ ശരീരത്തിന്റെ പൂർണ്ണതയിൽ കാണിക്കാൻ. "അവന്റെ പൂർണതയിൽനിന്ന് നാമെല്ലാവരും പ്രാപിച്ചിരിക്കുന്നു" (യോഹ. 1:16). എന്നാൽ ഭാഗികമായും നൽകിയിട്ടുണ്ട്. നാവ് ശരീരത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണല്ലോ. ആത്മാവ് ശ്ലീഹന്മാരുടെ മേൽ ആവസിച്ചത് അഗ്നിനാവിന്റെ സാദൃശ്യത്തിലാണ്. അവർ കർത്താവിനേക്കാൾ വളരെ കുറഞ്ഞവരാണ് എന്നു കാണിക്കാനാണത്.

*"അപ്പോൾ യേശു പിശാചിനാൽ പരിക്ഷിക്കപ്പെടുവാൻ മരുഭൂമിയിലേക്ക് കൂട്ടിക്കൊണ്ടുപോകപ്പെട്ടു" (4:1).* അവിടുന്ന് സാധാരണരീതിയിലല്ല പോയത്. പിന്നെയോ, ഫിലിപ്പിനെപ്പോലെ പെട്ടെന്ന് സംവഹിക്കപ്പെടുകയായിരുന്നു. അതുകൊണ്ടാണ് 'കൂട്ടിക്കൊണ്ടു പോകപ്പെട്ടതു'' എന്നു പറയുന്നത്. ഇപ്രകാരമാണ് അവിടുന്ന് ഗലീലിയിൽ പോയതും യോർദ്ദാനിൽ വന്നതും: മത്തായി പറയുന്നതുപോലെ, സ്നാനാനന്തരം ഉടനെതന്നെ അവിടുന്ന് മരുഭൂമിയിലേക്ക് കൂട്ടിക്കൊണ്ടുപോകപ്പെട്ടില്ല, പിന്നെയോ, അനേക ദിവസങ്ങൾക്കുശേഷം മാത്രം. സ്നാനംകഴിഞ്ഞു മൂന്നുദിവസങ്ങൾക്കുശേഷം ഗലീലയിലെ കാനായിൽവച്ച് അവിടുന്നു വെള്ളം വീഞ്ഞാക്കി എന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു (2:1).

www.malankaralibrary.com



സാത്താൻ അവിടുത്തെ *മലയിലേക്കും ദേവാലയത്തിന്റെ അഗ്രത്തിലേക്കും* ആനയിച്ചു. നമ്മുടെ കർത്താവിന്റെ ബലഹീനത നിമിത്തമല്ല. ശപിക്കപ്പെട്ട സാത്താന്റെ ബലപ്രയോഗം കൊണ്ടുമല്ല. ബലാല്ക്കാരമായി നമ്മിൽ പാപം ഉളവാക്കാൻ സാത്താനു സാധിക്കുകയില്ല. പിന്നെയോ, സ്വാഭാവിക പ്രേരണകളിൽനിന്നു് തന്റെ പ്രലോഭനങ്ങളുടെ പ്രചോദനം അവൻ നൽകുന്നു. വലയും കൊളുത്തും എറിയുന്നതു് അവനാണ്; നമ്മുടെ ഇഷ്ടമനുസരിച്ചു് നാം അവ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നു. എന്നാൽ 'ഇവൻ എന്റെ പ്രിയപുത്രൻ' എന്ന പിതാവിന്റെ സ്വരത്താലും, യോഹന്നാന്റെ സാക്ഷ്യത്താലും അവിടുന്നു ചെയ്ത മഹനീയ കാര്യങ്ങളാലും സാത്താൻ ബലഹീനനായി വിക്ഷോഭിതനായി. ആദത്തെയും മററുള്ളവരെയും പ്രലോഭിപ്പിച്ചതുപോലെ, നമ്മുടെ കർത്താവിനെ പ്രലോഭിപ്പിച്ചു് പാപം ചെയ്യിക്കാൻ സാത്താൻ ശ്രമിച്ചു. എന്നാൽ നമ്മുടെ കർത്താവ് അവന്റെ ഉദ്ദേശ്യം ഗ്രഹിച്ചിരുന്നതിനാൽ മലയിലേക്കും ദേവാലയത്തിന്റെ അഗ്രത്തിലേക്കും അവനോടൊപ്പം പോരാട്ടത്തിനിറങ്ങിത്തിരിച്ചു. തന്നിൽ വിശപ്പിന്റെ ലക്ഷണം കാണുന്നതുവരെ അവിടുത്തെ സമീപിച്ചു് വയറിന്റെ ആഗ്രഹംകൊണ്ടു് പ്രലോഭിപ്പിക്കാൻ സാത്താൻ മുതിർന്നില്ല എന്നു് നാം അറിഞ്ഞിരിക്കണം. തന്നെ പരീക്ഷിക്കാൻ സാത്താനു്അവസരംകൊടുക്കണം എന്നു് തന്റെ ഉള്ളിൽ തീരുമാനിച്ചു. അതായതു്, കണ്ണുകുഴിഞ്ഞു്, ക്ഷീണിതഭാവത്തിൽ, കൈകാലുകൾ തളർന്നു്, മാംസംകുറഞ്ഞു് കാണപ്പെട്ടു. ഓരോ പരീക്ഷണത്തിലും സാത്താൻ തന്റെ രൂപം മാററി പ്രത്യക്ഷപ്പെട്ടു: *അപ്പത്തിന്റെ* കാര്യത്തിൽ ഒരപരിചിതനായും യാചകനായും; മലയിലെ *ആരാധന*യിൽ രാജാവിന്റെ രൂപത്തിലും; ദേവാലയ ഗോപുരത്തിൽ *മഹാപുരോഹിതന്റെ* രൂപത്തിലും, തന്നെ പരീക്ഷിക്കാൻ കർത്താവ് അനുവദിച്ചു. തന്റെ കഴിവ് തെളിയിക്കാനായിട്ടല്ല, പിന്നെയോ, ദുഷ്ടനെ ലജ്ജിപ്പിക്കാനായിട്ടായിരുന്നു അതു്.

'ലോകത്തിലെ സകല രാജ്യങ്ങളും അവയുടെ മഹത്ത്വവും അവനെ കാണിച്ചു' എന്നതിനെക്കുറിച്ചു് (4:8). യഥാർത്ഥത്തിലല്ല, ഭാവനയിലും മനോചിത്രങ്ങളിലും. അടുത്തു യഥാർത്ഥമായുണ്ടു് എന്നവിധം അടുത്തു യഥാത്ഥമായില്ലാത്ത അനേകകാര്യങ്ങൾ മാന്ത്രികർ കാണിക്കുന്നതുപോലെയായിരുന്നു. കാരണം, ഒരുയർന്ന മലപോലും മുഴുവനായി കാണാൻ സാധ്യമല്ലാതിരിക്കെ, അവിടെനിന്നു് ലോകം മുഴുവൻ എങ്ങനെ കാണാൻ കഴിയും! കാണിച്ചവ ഭാവനാസൃഷ്ടികളായിരുന്നെങ്കിലും അവിടുന്നു സാത്താനെ ശരിയായി കുററപ്പെടുത്തി; കർത്താവ് സ്തുത്യർഹ

www.malankaralibrary.com



നായി. അവയെല്ലാം യഥാർത്ഥമായി കൺമുമ്പിൽ നിരത്തി വച്ചാലും, മററു് രണ്ടവസരങ്ങളിലും കർത്താവ് അവനെ ജയിച്ചതുപോലെ ഇവിടെയും എളുപ്പത്തിൽ അവനെ കീഴടക്കമായിരുന്നു. നാല്പതു ദിവസത്തെ ഉപവാസത്തിൻെറ അവസാന ദിവസം ഒററ ദിവസമാണു് കർത്താവിനെ സാത്താൻ പരീക്ഷിച്ചതെന്നും മൂന്നു പോരാട്ടങ്ങൾക്കും വിധേയനാക്കിയതെന്നും ചിലർ പറയുന്നു. അങ്ങനെയല്ലെങ്കിൽ, അവിടുന്നു് നാല്പത്തു രാവും നാല്പതു പകലുമല്ല, പിന്നെയോ, കൂടുതലായി ഉപവസിച്ചിട്ടുണ്ടു്. പരീക്ഷണാനന്തരം അവിടുന്നു് മനുഷ്യർ പാർക്കുന്നിടത്തേക്കു മടങ്ങി വന്നു. ഈ പോരാട്ടത്തിൻെറ രഹസ്യം അവിടുന്നു് തൻെറ ശിഷ്യന്മാർക്കും മററാർക്കും വെളിപ്പെടുത്തിയില്ല. മാളിക മുറിയിൽവച്ചു് പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതു വരെ ആരും ഇതറിഞ്ഞില്ല.

അവിടുന്നു് തിരികെവന്നു് മൂന്നോനാലോ ദിവസം കഴിഞ്ഞപ്പോൾ അവിടുന്നു് ശിഷ്യരെ തെരഞ്ഞെടുക്കുകയും വീഞ്ഞുണ്ടാക്കുകയും ചെയ്തു.

എന്നാൽ സ്നാനാനന്തരം മൂന്നുദിവസം കഴിഞ്ഞാണ് അവിടുന്നു് വീഞ്ഞുണ്ടാക്കിയതെന്നു് *ഭാഷ്യകാരനും* മററുള്ളവരും പറയുന്നു.

ആദ്യത്തെ പരീക്ഷണം ഏതായിരുന്നു? അവസാനത്തേതു് ഏതായിരുന്നു? മത്തായി ചുങ്കക്കാരൻ എന്ന നിലയിൽ അത്യാഗ്രഹം അവസാനിപ്പിച്ചു എന്നു് ചിലർ പറയുന്നു. ഈ ദുരാശയുടെ ഗൗരവം അവൻ മനസ്സിലാക്കി. എന്നാൽ ലൂക്കോസ് വൈദ്യൻ എന്ന നിലയിൽ അധികാര തൃഷ്ണ എന്ന തിന്മയ്ക്കു വിധേയനായിരുന്നതിനാൽ യഥാർത്ഥത്തിൽ നടന്ന ക്രമം എങ്ങനെയായാലും ഈ ദുരാശ അവസാനംവച്ചു് ക്രമം മറിച്ചിട്ടു. എന്നാൽ ഭക്ഷണാർത്ഥി, അത്യാഗ്രഹം എന്നീ രണ്ടുപോരാട്ടങ്ങൾ മരുഭൂമിയിലും മലയിലുമാണ് നടന്നതു്. അധികാര തൃഷ്ണ നടന്നതു് അവസാനമാണു് എന്നു നാം പറയുന്നു.അവിടുന്നു് സമാധാനത്തിലേക്കു് പിൻതിരിഞ്ഞപ്പോൾ അതു് അവനു നൽകപ്പെട്ടു.

'അവൻ ഗലീലാക്കടലിൻെറ തീരത്തു നടക്കുമ്പോൾ കേപ്പാ എന്നു വിളിക്കപ്പെടുന്ന ശെമഓൻ, അവൻെറ സഹോദരൻ അന്ത്രയോസ് എന്നീ രണ്ടു സഹോദരന്മാരെ കണ്ടു. അവൻ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുക. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവർ ആക്കാം' (4:18-19).

www.malankaralibrary.com



എന്നാൽ ആദ്യം അന്ത്രയോസും അന്ത്രയോസ് വിളിച്ചു കൊണ്ടുചെന്നപ്പോൾ പത്രോസും അവൻെറ പിന്നാലെ ചെന്നെന്നുമാണ് യോഹന്നാൻ പറയുന്നത് (1:40–41). സുവിശേഷകരുടെ വാക്കുകൾ പരസ്പരം യോജിക്കുന്നില്ല എന്നു ചിലർ പറയുന്നു. ഈ വിളി ആ വിളിയിൽനിന്നു വ്യത്യസ്തമാണെന്ന് അവർക്കറിയില്ല. അവിടെ കർത്താവിൻെറ സ്നാനത്തിനുശേഷമാണ് യോഹന്നാൻ വിവരിക്കുന്ന സംഭവം. മത്തായിയുടേതാകട്ടെ, യോഹന്നാൻ സ്നാപകൻ തടവിലാക്കപ്പെട്ടശേഷമുള്ളതാണ്. മുമ്പ്, പിന്നെ വിട്ടുപോകാത്ത രീതിയിൽ അവർ അവിടുത്തെ പിൻചെന്നിരുന്നില്ല. യോഹന്നാനും ഇതു സൂചിപ്പിക്കുന്നുണ്ട്: 'അവർ അന്ന് അവൻെറക്കൂടെ പാർത്തു' (1:39). അതിനുശേഷം അവർ പോയി എന്നാണല്ലോ സൂചന. ഇപ്പോഴാകട്ടെ, അവരുടെ സ്നേഹിതരിൽനിന്നു പൂർണമായി വേർപ്പെടുത്തികൊണ്ട്, സ്ഥിരമായി തന്നോടുകൂടെ ആയിരിക്കാൻ അവിടുന്ന് അവരെ വിളിച്ചു.

*ബർ എഗ്ഗാറാ* ഒരു പിശാചാണ്. താഴെ തള്ളിയിടുന്നവനും മുകളിൽനിന്നും പുറപ്പുറത്തുനിന്നും ഉരുട്ടിയിടുന്നവനുമാണ്. *നഫ്ഥെർ* എന്നാണ് ഗ്രീക്കിൽ അവൻെറ നാമം. മേൽക്കൂരയിലൂടെ നടക്കുമ്പോൾ *'മേൽക്കൂരസന്തതി'* എന്ന് അവൻ വിളിക്കപ്പെടുന്നു. മേൽക്കൂരയ്ക്കപ്പുറം പിശാചിന് യാതൊന്നുമില്ല എന്ന് അവൻ വിളംബരം ചെയ്യുന്നു. അവിടെനിന്ന് മനുഷ്യരുടെ പക്കലേക്ക് വരുന്നതായി കാണപ്പെടുന്നു. ഗ്രീക്കിൽ 'കുട്ടിചന്ദ്രന്മാരുടെ പുത്രൻ' എന്ന് വിളിക്കുന്നു; കാരണം, ചന്ദ്രൻ മുതൽ ചന്ദ്രൻവരെ അവർ പീഡിപ്പിക്കപ്പെടുന്നു.

## പുസ്തകം III

'യേശു ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ മലയിൽ കയറി..' (5:1). പഠിപ്പിക്കാനും അതേസമയം പ്രാർത്ഥിക്കാനുമായി അവിടുന്ന് എപ്പോഴും മലയിലേക്ക് കയറിയിരുന്നു. ഒന്നാമത്, നീതിമാന്മാർ പ്രവേശിക്കുന്നതും പ്രകാശത്തിൽ ശോഭിക്കുന്നതുമായ സ്വർഗത്തെ അതു സൂചിപ്പിക്കുന്നു. രണ്ടാമതായി, മാനുഷികശബ്ദകോലാഹലങ്ങളിൽനിന്ന് അതു വിമുക്തമാണ്; ആധ്യാത്മിക കാര്യങ്ങളെപ്പറ്റി ധ്യാനിക്കാൻ അവിടെ സ്വതന്ത്രമനസ്സിന് എളുപ്പമാണ്. മൂന്നാമതായി, നാം പ്രവൃത്തികളിലൂടെ ഉയരുമ്പോൾ അവിടുന്ന് വിധേയത്വമുള്ളവനായി താഴേക്കു വരുന്നു. നാം പ്രവൃത്തികളിലൂടെ തന്നിലേക്ക് ഉയരാതിരുന്നാൽ തൻെറ പരിപാലനയാൽ അവിടുന്ന് നമ്മുടെ

www.malankaralibrary.com



പക്കലേക്ക് താണുവരികയില്ല. നാലാമതായി, മലകളിൽ തന്നെത്തന്നെ വെളിപ്പെടുത്തുകയും നിയമം നൽകുകയും ചെയ്ത തന്റെ പിതാവിനോട് അവിടുന്നു തുല്യനാകുവാൻ.

*'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ'* (5:3). തങ്ങളുടെ നീതിനിമിത്തമോ, ധനം നിമിത്തമോ, ജ്ഞാനം നിമിത്തമോ, തങ്ങളുടെ ചിന്തകളിൽ ഉദ്ധിതരാകാതെ, വിനയവും താഴ്മയും ഉള്ളവരെയാണ് *ആത്മാവിൽ ദരിദ്രർ* എന്നു് അവിടുന്നു വിളിക്കുന്നതു്. കാരണം അഹങ്കാരം എന്ന ദുർവികാരംകൊണ്ടാണ് സാത്താൻ ആദ്യം തുടങ്ങിയതു്. അതു മൂലം സ്രഷ്ടാവിനെതിരെ അവൻ കതികാലുയർത്തി. അതു മൂലം തന്റെ സഹപ്രവർത്തകരിൽനിന്നു് അവൻ ആരാധനയാവശ്യപ്പെട്ടു. അതുമൂലം അവൻ ഇടിമിന്നൽപോലെ ആകാശത്തിൽനിന്നു വീണു. ആത്മനിന്ദയും മനസ്സിന്റെ താഴ്മയും കൊണ്ടു് നമ്മുടെ രക്ഷകൻ നീതിപൂർവ്വം ഈ ദുർവികാരത്തെ ശുദ്ധീകരിക്കുന്നു.

*'ദുഃഖിതർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും'* (5:4). തങ്ങളുടെയും ലോകത്തിന്റെയും പാപങ്ങളെക്കുറിച്ചു ദുഃഖിക്കുന്നവരെയാണ് അവിടുന്നു ദുഃഖിതർ എന്നു വിളിക്കുന്നതു്. ലൗകികവസ്തുക്കളെ മോഹിക്കാതെ, തങ്ങളുടെ സുകൃതങ്ങൾ നഷ്ടപ്പെടുമോ എന്നു് ഭയന്നു് ദുഃഖിച്ചിരിക്കുകയും, ഭാവിസംഗതികളെ ധ്യാനിക്കുകയും ചെയ്യുന്നവരെയാണ് ദുഃഖിതർ എന്നു് അവിടുന്നു് വിളിക്കുന്നതു് എന്നു് മററുചിലർ പറയുന്നു. അനുചിതകാര്യങ്ങളെപ്രതി ക്ലേശിക്കുന്നവരെയല്ല ദുഃഖിതർ എന്നു് അവിടുന്നു് വിളിക്കുന്നതു് എന്നു് വേറെ ചിലർ പറയുന്നു; പിന്നെയോ, ഭാവികാര്യങ്ങൾ സമ്പാദിക്കുന്നതു സംബന്ധിച്ചുള്ള അപകടത്തെക്കുറിച്ചു് ദുഃഖിച്ചിരിക്കുന്നവരെയാണ്. അവ വെളിപ്പെടുത്തപ്പെടുകയും തങ്ങളുടെ മനസ്സിൽ ഉണ്ടായിരുന്ന ഉചിതകാര്യങ്ങളെ സംബന്ധിച്ചു്, അപകടം അവരിൽനിന്നു് എടുത്തുമാററപ്പെടുകയും ചെയ്യുമ്പോൾ അവർ ആശ്വസിപ്പിക്കപ്പെടും.

'ദുഃഖിതരെ ഭാഗ്യവാന്മാർ' എന്നു് നമ്മുടെ കർത്താവു് വിളിച്ചതു് എന്തിനാണ്? 'കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ' എന്നാണല്ലോ പൗലോസ് പറഞ്ഞിരിക്കുന്നതു് (ഫിലി. 4:4). കണ്ണുനീരിൽനിന്നു വരുന്ന സന്തോഷത്തെപ്പററിയാണ് അവൻ പറഞ്ഞിരിക്കുന്നതു്. നൈമിഷികവസ്തുക്കൾ നിമിത്തമുള്ള സന്തോഷത്തോടുകൂടി ദുഃഖം ചേർന്നിരിക്കുന്നതുപോലെ, ദൈവത്തെപ്രതിയുള്ള ദുഃഖത്തിൽ നിരന്തര

www.malankaralibrary.com



സന്തോഷം ചേർന്നിരിക്കുന്നു. വെള്ളത്താലും ആത്മാവാലും എന്നപോലെ, മനുഷ്യരെപ്രതി ചെയ്യാതിരുന്നാൽ കണ്ണുനീരാലും നാം വിശുദ്ധീകരിക്കപ്പെടുന്നു. കാരണം, കണ്ണുനീരോടു കൂടിയുള്ള അനുതാപം തന്നെ സ്നാനമാണ്.

*'താഴ്മയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമായി അനുഭവിക്കും'* (5:5). 'ആത്മാവിൽ ദരിദ്രരും' 'താഴ്മയുള്ളവരും' ഒന്നാണെങ്കിൽ, അവിടുന്നെന്തിനാണ് വാക്കു് ആവർത്തിക്കുന്നത് എന്നു ചോദിച്ചേക്കാം. കാരണം, ഒന്നാമത്തേതു് മാനസികമാണ്; മനസിൽ പരിപൂർണരായവരുടേതു്. ഈ ലോകത്തിൻെറതായ സകലതും അവർ പരിപൂർണമായി ദൂരെയെറിയുന്നു. തങ്ങളുടെ ആത്മാവിൽ അവർ ഇപ്പോഴേ സ്വർഗീയരാണ്. അതുകൊണ്ടാണ് അവിടുന്ന് അതിനെ നീതിയുടെ എല്ലാ സേവനത്തിൻെറയും അടിസ്ഥാനമാക്കി വച്ചതു്. രണ്ടാമത്തേതാകട്ടെ, ജാതിയിലും ധനത്തിലും അധികാരത്തിലും ഉന്നതരായവരുടെ ശാരീരിക കാര്യമാണ്. എന്നാൽ അവർക്കു മിശിഹായിലുള്ള വിനയമുണ്ട്. ദൈവത്തെ ധരിച്ചവർ പറയുന്നതുപോലെ, എളിമയുടെ ആഴമാണ് പരിപൂർണതയുടെ ആകെത്തുക. എന്നാൽ ഹൃദയത്തിൻെറ താഴ്മ രണ്ടു കാര്യങ്ങളിൽനിന്നു വരുന്നു. ഒന്നുകിൽ, അധരത്തെയും ഹൃദയത്തെയും നിശ്ശബ്ദമാക്കുന്ന പരിപൂർണജ്ഞാനത്തിൽനിന്നു വരുന്നു; അല്ലെങ്കിൽ, ഒരുവൻ താൻ പാപിയാണ് എന്നറിയുന്നതിൽനിന്ന്, തൻെറ പാപാധിക്യത്തിലുള്ള ലജ്ജയാൽ തൻെറ മനോനയനങ്ങളെ ഉന്നതത്തിലേക്കുയർത്താൻപോലും തുനിയാതിരിക്കുക. അങ്ങനെയല്ലെങ്കിൽ, ഭൂമിയിലുള്ളവയെ നിന്ദിച്ചിട്ടു് ഉന്നതമായവ തെരഞ്ഞെടുക്കാൻ കല്പിച്ച അവിടുന്ന് ഭൗമികസമ്പത്തു് വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ അവിടുന്നു പറഞ്ഞതു് മുൻകാര്യങ്ങളെക്കുറിച്ചാണ്. ആത്മാവിൽ ദരിദ്രരുടെയോ, ദുഃഖിതരുടെയോ വംശത്തെപ്പറ്റി പഴയനിയമത്തിൽ ഒരു സൂചനപോലുമില്ല. എന്നാൽ 'സൗമ്യർ ഭൂമി അവകാശമാക്കും' എന്ന് താഴ്മയെപ്പറ്റി ദാവീദ് പറഞ്ഞിരിക്കുന്നു (സങ്കീ.37:11). അതുകൊണ്ടു്, നിയമത്തെയും ചില കാര്യങ്ങളിൽ ബഹുമാനിക്കണമെന്ന് അവിടുന്നാഗ്രഹിച്ചതിനാൽ, താഴ്മ സ്തുത്യർഹമാണെന്നുള്ള ഈ സാക്ഷ്യംകൂടി ഇവിടെ വെറുതെ നൽകി എന്നുമാത്രം. സ്വന്തമാക്കിയിരിക്കുന്നവർക്കാണ് അവകാശം വാഗ്ദാനം ചെയ്തിരിക്കുന്നതെന്ന് പഴയനിയമത്തിൽനിന്നു ഗ്രഹിച്ചാലും. എന്നാൽ ഭൂമിയാണ് വാഗ്ദാനം ചെയ്തിരിക്കുന്നതെങ്കിലും അതിൻെറ ബലഹീനത നാം സുഖപ്പെടുത്തേണ്ടിയിരിക്കുന്നു;

www.malankaralibrary.com



എന്നാൽ ഭൂമിയേക്കാരം ഉപരിസ്ഥമായ എന്തോ ആണ് വാഗ്ദാനം ചെയ്തിരിക്കുന്നതെന്ന് ആ സൗഭാഗ്യത്തിൽനിന്നു വ്യക്തമാണ്. ഭൂമിയിൽ ഉള്ളവരെയല്ല അവിടുന്ന് ഭാഗ്യമുള്ളവർ എന്നു വിളിച്ചത്. അതുകൊണ്ട് അവിടുന്ന് സ്വർഗങ്ങളെയാണ് ഭൂമിയെന്നു വിളിച്ചത്. ഇവിടെയുള്ള ഭൂമിയായിരിക്കുന്നതുപോലെ, വിശുദ്ധരുടെ പാദത്തിനുള്ള പാതയാക്കാനുള്ളതാണ് അതും. സ്വർഗത്തിലുള്ള ജറുസലേമിനെ ഒരു പട്ടണത്തിന്റെ പേരുകൊണ്ടാണ് വിളിക്കുന്നത്; ഉന്നതത്തിലെ രാജ്യത്തെ ഭൂമിയിലെ രാജ്യത്തിന്റെ പേരു ചൊല്ലി വിളിക്കുന്നു; അതുപോലെ, ആ സ്ഥലത്തെയും ഭൂമിയെന്നു വിളിക്കുന്നു; കാരണം നീതിമാന്മാർ അവസാനം വസിക്കുന്നത് അവിടെയാണ്.

*'നീതിയെക്കുറിച്ച് വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും'* (5:6). ശാരീരികം, ആത്മീയം എന്നിങ്ങനെ രണ്ടുതരം വിശപ്പുണ്ട്. ഇവിടെ ആത്മീയ വിശപ്പിനെയാണ് നമ്മുടെ കർത്താവ് സൗഭാഗ്യത്തിനർഹം എന്നു വിളിക്കുന്നത്. അതായത്, നല്ല കാര്യങ്ങരംകൊണ്ട് തൃപ്തരാകാൻ തീവ്രാഭിലാഷമുള്ളവരുടെ ഇച്ഛാപൂർവകമായ ചലനം. എന്നു പറഞ്ഞാൽ, അറിവുകൊണ്ടും വിശുദ്ധ കർമ്മങ്ങരംകൊണ്ടും തൃപ്തി വരുക എന്നതാണ് ആത്മാവിന്റെയും മനസ്സിന്റെയും അന്ത്യവും അത്യുന്നതവുമായ ആഗ്രഹം. നീതിയെപ്രതിയുള്ള അവരുടെ വിശപ്പിനും തീവ്രമായ ആഗ്രഹത്തിനും പകരം പരിശുദ്ധാത്മദാനങ്ങരം അവരിൽ ചൊരിയപ്പെടും. എല്ലാ സുകൃതങ്ങളെയും നിയന്ത്രിക്കുന്ന അതിർത്തിയാണ് നീതി; അതു മനസിനെ തൃപ്തിപ്പെടുത്തുന്നു; മനസിനു മധുരവുമാണ്.

*'കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും'* (5:7). കരുണ വിശ്വാസത്തിന്റെ ദീപ്തിയും പ്രവൃത്തികളുടെ പ്രകാശവുമാണ്. എണ്ണകൂടാതെ വിളക്കു കത്താത്തതുപോലെ, കരുണകൂടാതെ സുകൃതകർമ്മങ്ങളും പ്രകാശിക്കുന്നില്ല. ഒരു *ദൈവവാഹകൻ* പറയുന്നു: അപരിചിതരെയും ദരിദ്രരെയും അവിടുന്ന് ദൈവത്തിൽനിന്നുള്ള നയനങ്ങളായി വയ്ക്കുന്നു. അവരെ സ്വീകരിക്കുന്നവന്റെ ആന്തരിക നയനങ്ങരം വേഗത്തിൽ പ്രകാശിതമാകും. എന്നാൽ ശാരീരികം, ബൗദ്ധികം, ആത്മീകം എന്നിങ്ങനെ മൂന്നുതരം കരുണയുണ്ട്. ദാനംകൊടുക്കുക, ബലഹീനരെ സഹായിക്കുക, വിശക്കുന്നവനു് ആഹാരം കൊടുക്കുക, വസ്ത്രമില്ലാത്തവനെ ഉടുപ്പിക്കുക, പീഡിതനെ

www.malankaralibrary.com



വിട്ടുവിക്കുക തുടങ്ങിയവ ശാരീരിക കരുണയിൽ ഉൾപ്പെടുന്നു. നമ്മെ ഉപദ്രവിച്ചവരോടു ദയയായിരിക്കുക, ശത്രുക്കളോടു ക്ഷമിക്കുക, പീഡിതർക്കു നന്മചെയ്യുക തുടങ്ങിയവ ബൗദ്ധികകരുണയിൽ ഉൾപ്പെടുന്നു. വഴിതെററിപ്പോകുന്നവരോടു സഹതപിക്കുക, ബലഹീനമാനസരെ പഠിപ്പിക്കുക, ബുദ്ധിയില്ലാത്തവരെയും അപരിചിതരെയും ദൈവഭവനത്തിലേക്കടുപ്പിക്കുക, മൃഗങ്ങളോടും ഉരഗങ്ങളോടും ദയ കാണിക്കുക എന്നു തുടങ്ങിയവ ആത്മീയ കരുണയിൽ ഉൾപ്പെടുന്നു. എല്ലാവരോടുമുള്ള ദൈവത്തിൻെറ കരുണയുടെ പ്രകാശനമാണിതു്. എങ്കിലും നന്മയ്ക്കു് അപരിചിതരായവരോടു് കരുണ കാണിക്കുന്നവക്കു് അവൻ സൗഭാഗ്യം വാഗ്ദാനം ചെയ്യുന്നു. നല്ലവരോടു് കരുണകാണിക്കുക എന്നതു് സ്വാഭാവികവും നൈയാമികവുമായ നീതിയാണു്. നമ്മുടെ കർത്താവിൻെറ സുവിശേഷം കല്പിക്കുന്ന, സ്വർഗീയ പിതാവിൻെറ കൃപ അതല്ല. ഇപ്രകാരം ദാരിദ്ര്യം, ദുഃഖം, ഹൃദയശുദ്ധി, ഉപവാസം, പ്രാർത്ഥന, മററു സുകൃതങ്ങൾ എന്നിവയെക്കുറിച്ചു് മൂന്നു രീതിയിൽ അവിടുന്നു ധ്യാനിക്കുന്നു.

*'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും'* (5:8). ദുഷിച്ച ചിന്തകളില്ലാതെയും ദുർജിജ്ഞാസയിലും ദുരുദ്ദേശത്തിലും നിന്നു സ്വതന്ത്രരായും നിഷ്കളങ്കമാനസരായിരിക്കുന്നവരെയാണു് 'ഹൃദയശുദ്ധിയുള്ളവർ' എന്നു് അവൻ വിളിക്കുന്നതു്. 'വെടിപ്പുള്ള ഹൃദയത്തിനായി' ദാവീദും പ്രാർത്ഥിച്ചു (സങ്കീ. 51:10). ഏഴുതരം കാഴ്ച ഉണ്ടെങ്കിലും അവയെ മൂന്നു ഗണത്തിൽ ഉൾപ്പെടുത്താം: ഇന്ദ്രിയങ്ങളിൽ, മനസ്സിൽ, വിശ്വാസത്തിൽ. എന്നാൽ ദൈവത്തെ വിശ്വാസത്താൽ മാത്രമേ നാം കാണുന്നുള്ളു. 'വിശ്വാസം എന്നതു് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ടു് എന്ന ബോധ്യവുമാണു്' (എബ്രാ. 11:1). ദൈവം തൻെറ പ്രവൃത്തികളിലും കാണപ്പെടുന്നു. ദൈവത്തെ തേടുന്നവർ തൻെറ സൃഷ്ടികളിൽ അവിടുത്തെ കണ്ടെത്തും. എന്നാൽ ഭൗമികസംഗതികളോടു് ഒട്ടിച്ചേരാത്ത ശുദ്ധഹൃദയമാണു് ഈ ദർശനത്തിനുള്ള അവയവം.

വീണ്ടും, ദൈവത്തെപ്പററിയും ആത്മീയസംഗതികളെപ്പററിയും ഉള്ള അറിവുകൊണ്ടു് ആത്മാവിനു് ആന്തരികമായി ലഭിക്കുന്ന വെളിപാടിനെയും പ്രകാശത്തെയുമാണു് *കാഴ്ച* എന്നു് ഇവിടെ അവിടുന്നു വിളിക്കുന്നതു്; 'ഞാൻ മഹനീയ കാര്യങ്ങൾ ദർശിക്കാനായി എൻെറ കണ്ണു തുറക്കണമെ' (സങ്കീ. 119:18).

www.malankaralibrary.com



ഒരു സൗഭാഗ്യം ബന്ധപ്പെട്ടത്തിയിരിക്കുന്ന മൂന്നതരം സൂക്തങ്ങൾ ഞാൻ വിട്ടുകളയുന്നു. കാരണം, അവ തികച്ചും അവ്യക്തമല്ല; പിന്നെ ചർച്ച നീണ്ടുപോകാതിരിക്കാൻ. നമ്മുടെ കർത്താവ് എട്ടു രീതികളിൽ ഭാഗ്യവാന്മാർക്ക സൗഭാഗ്യവും ദുഷ്ടർക്ക് ദൗർഭാഗ്യവും ആരോപിക്കുന്നു എന്നു മാത്രം നാം പറയുന്നു. കാരണം, ഒന്നാമതായി എട്ടെന്ന സംഖ്യ പ്രകൃതിയിലും തിരുലിഖിതത്തിലും അകത്തും പുറത്തും ഉള്ള വിജ്ഞാനികളുടെ ഇടയിലും വിഖ്യാതമായതിനാൽ. രണ്ടാമതായി, എട്ട് സദ്വികാരങ്ങളും എട്ട് ദുർവികാരങ്ങളും ഉള്ളതിനാൽ. ദുർവികാരങ്ങൾ: അഹങ്കാരം, വേശ്യാവൃത്തി, വ്യർത്ഥാഭിമാനം, ധനമോഹം, അത്യാഗ്രഹം, കോപം, അസൂയ, അവഗണന. സദ്വികാരങ്ങൾ: ആത്മനിന്ദ, ദുഃഖം, താഴ്മ, നീതിക്കുവേണ്ടിയുള്ള ആഗ്രഹം, കരുണ, സദ്ചിന്ത, സമാധാനം, ആത്മധൈര്യം. ഇവയോരോന്നും മററവയിൽ ഓരോന്നിൻെറയും സൗഖ്യത്തിനായി അവിടുന്നു വച്ചിരിക്കുന്നു; ഇവവഴി മററവയെ താഴ്ത്തുകയും നിയന്ത്രിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നു; ഒരേ സമയം ആത്മാവിനെയും ശരീരത്തെയും വെടിപ്പാക്കുകയും ചെയ്യുന്നു. അഹങ്കാരത്തെ നിയന്ത്രിക്കുന്നതു് ഒരു പിശാചാണ്. അതിനുള്ള പ്രതിവിധി പരമമായ ആത്മനിന്ദയാണ്. പിന്നെ വരുന്ന പെൺപന്നിയായ വേശ്യാവൃത്തിക്കു പ്രതിവിധി ഹൃദയതാപവും നിരന്തര ദുഃഖവും; എല്ലാവശത്തുനിന്നും കുത്തിക്കൊണ്ടിരിക്കുന്ന മുള്ളും ഫലരഹിതമായ വൃക്ഷവുമായ വ്യർത്ഥാഭിമാനത്തിൻെറ പ്രതിവിധി എല്ലാ സുകൃതങ്ങളുടെയും അടിസ്ഥാനവും ഉപ്പുമായ താഴ്മ. കത്തിക്കൊണ്ടിരിക്കുന്നതും തൃപ്തിവരാത്തതുമായ അഗ്നിയായ അത്യാർത്തിക്ക് പ്രതിവിധി നീതിക്കും നെറിക്കുംവേണ്ടിയുള്ള ആഗ്രഹം. എല്ലാവരെയും വെറുക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന മാമോനായിക്ക് പ്രതിവിധി എല്ലാവരോടും ഉള്ള ദയ. മനസ്സിനെ അന്ധമാക്കുകയും ആത്മനിയന്ത്രണത്തെ കെടുത്തുകയും ചെയ്യുന്ന നിരാശയ്ക്ക്, ചിന്തകളിലുള്ള ആത്മാർത്ഥതയും ഹൃദയത്തിൽനിന്നുള്ള സ്നേഹവും. എല്ലാ കലഹങ്ങളുടെയും തർക്കങ്ങളുടെയും കാരണമായ അസൂയയ്ക്ക് കലഹിച്ചു പിരിഞ്ഞവരെ ഒന്നിപ്പിക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്യുന്ന സമാധാനം. അശ്രദ്ധയുടെയും ഉന്മേഷരാഹിത്യത്തിൻെറയും പിതാവായ അവഗണനയ്ക്ക പകരം എല്ലാ ശ്രേഷ്ഠതകളുടെയും പിതാവും അടകല്ലുമായ ആത്മധൈര്യം.

ഒരേ സമയം ഇവയുടെ സൗന്ദര്യത്താലും അവയുടെ പൂർണതയാലും അവയോരോന്നും കാത്തുപരിപാലിക്കാൻ തൻെറ ശ്രോതാക്കളെ അവിടുന്ന് പ്രേരിപ്പിക്കുകയും പ്രോത്സാഹി

www.malankaralibrary.com



പ്പിക്കുകയും ചെയ്യുന്നു. കാരണം, ഓരോ കല്പനയുടെയും ആരംഭത്തിൽ അവിടുന്നു വയ്ക്കുന്ന സൗഭാഗ്യത്തിൽ അനുതാപികളെ മാത്രമല്ല, പാപികളെക്കൂടി മാനസാന്തരപ്പെടുത്തുന്ന മധുരതരവും കരുണാർദ്രവുമായ ഒരു സ്വരമുണ്ട്. അതേസമയം സൽപ്രവൃത്തികൾ ചെയ്യുന്നവർക്ക് ലഭിക്കുമെന്നു പറഞ്ഞിരിക്കുന്ന പ്രതിഫലം, കൂടുതൽ നന്മ ചെയ്യാനായി പ്രോത്സാഹനം മനുഷ്യനു പ്രേരണ നൽകുന്നതുപോലെ അവ ചെയ്യാനുള്ള കൂടുതലായ ആഗ്രഹം ഉളവാക്കുകയും അവ പൂർത്തിയാക്കാൻ പ്രേരണ നൽകുകയും ചെയ്യുന്നു. പകലിന്റെ ഭാരവും ഉഷ്ണവും ഏററവർക്കും മുന്തിരിത്തോപ്പിന്റെ ഉടമസ്ഥൻ നൽകുന്ന, പറഞ്ഞൊത്ത ദേനാറാ ഭാഗ്യമുള്ളതാണ് (മത്താ. 20:12-13). പ്രയത്നശാലികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സൗഭാഗ്യങ്ങളുടെ ആകെത്തുകയാണ് ആ *ദേനാറാ.* അഷ്ടസൗഭാഗ്യങ്ങൾ നവലോകത്തിന്റെ 'എട്ടുതരത്തെ സൂചിപ്പിക്കുന്നു.[1] സൗഭാഗ്യങ്ങളുടെ വൈവിധ്യത്തിലൂടെ അവിടുന്ന് സകലർക്കും സമാശ്വാസം പ്രദാനം ചെയ്യുന്നു. എല്ലാ സദ്പ്രവൃത്തികളിലും ഒരാൾ തികയാത്തവനായാൽപോലും, അവയെല്ലാം അവനു നഷ്ടമായി പോകില്ല. എത്ര അകലത്തിൽനിന്നായാലും ഏതു വഴിയിൽ കൂടിയായാലും തന്റെ പക്കലേക്കു വരുന്നവന് സ്വർഗരാജ്യത്തിന്റെ വാതിൽ തുറന്നുതന്നെ കിടക്കും; അവൻ പ്രത്യാശയററവനായിരിക്കേണ്ട കാര്യമില്ല.

*"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു"* (5: 13). ഉപ്പിനു് അനേകം ഗുണങ്ങളുണ്ട്: രുചിയില്ലാത്തവസ്തു് അതു രുചി കൊടുക്കുന്നു. അതു് ചീയലിന്റെയും അഴുകലിന്റെയും ഹേതുവായ ഈർപ്പം വലിച്ചെടുത്തു് ഉണക്കുന്നു. നശ്വര വസ്തുക്കൾ ചീഞ്ഞുപോകാതെയും കേടുകൂടാതെയും സൂക്ഷിക്കുന്നു. അതു കടൽവെള്ളത്തെ ചുരുക്കുന്നു; സൂര്യപ്രകാശത്താൽ അതു കൂടുതൽ ശുദ്ധമായി മിന്നിത്തിളങ്ങുന്നു. എന്നാൽ സൂര്യപ്രകാശത്തിൽനിന്നു മറച്ചുവച്ചാൽ അതിനു കറുത്തനിറം കൈവരുന്നു. രുചിവ്യത്യാസം വരുന്നു, ഭക്ഷണപദാർത്ഥങ്ങൾക്ക് രുചി പകരാൻ കഴിവില്ലാത്തതായിതീരുന്നു. അതു് പുറത്തു് എറിയപ്പെടുന്നു. അതുപോലെ, ദൈവിക തെരഞ്ഞെടുപ്പാൽ ശക്തിധരിക്കപ്പെട്ടതിനാൽ സുവിശേഷ പ്രബോധനം ലഭിച്ചവർ തികച്ചും ബഹുമാനാർഹരാണ്. എന്നാലവർ ഈ ലോകത്തിന്റെ മായാമോഹങ്ങളിലേക്കു പിന്തിരിഞ്ഞാൽ, അവരെ സകലരും തള്ളിക്കളയും; അവർ അഗ്നിക്കും പൈശാചിനും ഭക്ഷണമായിത്തീരും.

---

1 എട്ട് എന്ന സംഖ്യ വരാനിരിക്കുന്ന ലോകത്തിലെ ജീവിതത്തെ സൂചിപ്പിക്കുന്നു.

www.malankaralibrary.com



*"നിങ്ങൾ ലോകത്തിൻെറ വെളിച്ചമാകുന്നു"* (*5:14*). 'നിങ്ങൾ വെളിച്ചമാണ്'' എന്നല്ല, 'നിങ്ങൾ *ലോകത്തിൻെറ* വെളിച്ചമാണ്'' എന്നാണ് അവിടുന്നരുൾ ചെയ്തത്. അവരെല്ലാം ഒന്നിച്ച് ഒററ വെളിച്ചമാണ് എന്നു കാണിക്കാനാണിത്. അങ്ങനെ എല്ലാവരുടെയും സമത്വംവഴി ലോകത്തിനു മുഴുവൻ പ്രകാശം ഉണ്ടാവണം. *ഉപ്പ്* വഴി അത്യാവശ്യമുള്ള തിരുത്തലുകളെപ്പററിയും *വെളിച്ചം* വഴി താത്വികകാര്യങ്ങളെപ്പററിയും അവിടുന്നു പഠിപ്പിച്ചു.

*"ആമ്മീൻ, ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും കടന്നുപോകുവോളം... ഒരു യോദ് എങ്കിലും വരയെങ്കിലും കടന്നുപോകയില്ല"* (*5:18*). "ആമ്മീൻ'' ഐശ്വര്യത്തിൻെറ അടയാളമാണ്. സ്വീകാര്യദാനമാണത്. *ആമ്മീൻ* എബ്രായപദമാണ്. സുറിയാനിയിൽ *സത്യം* (ശ്റാറാ) എന്നുപറയാം. അതുകൊണ്ടാണ്''ആമ്മീൻ....' എന്ന് അവിടുന്ന് തുടങ്ങുന്നത്. ഇതിൽ രണ്ടു കാര്യങ്ങൾ അവിടുന്നു വാഗ്ദാനം ചെയ്യുന്നു: 'നിയമം എൻെറ ആഗമനത്തെപ്പററി പഠിപ്പിച്ചു; എന്നെപ്പററി മുമ്പ് നിയമത്തിൽ പറഞ്ഞിട്ടുള്ളവയെല്ലാം നിറവേറിയിരിക്കുന്നു. രണ്ടാമത്, ഈ കാര്യങ്ങൾ സംഭവിക്കുന്നതുവരെ നിയമം എൻേറതാണ് എന്നു ഞാൻ പറയുന്നു. ഇപ്പോൾ മുതൽ എല്ലാം നവീകരിക്കപ്പെടുന്നു; അവയോടുകൂടി സാദൃശ്യത്തിലും രഹസ്യത്തിലും ആകാശവും ഭൂമിയും കൂടിയും. 'മിശിഹായിലുള്ളവർ നവസൃഷ്ടിയാകുന്നു' എന്നു പറയപ്പെട്ടിരിക്കുന്നു (2 കൊറി. 5: 17). മിശിഹായിൽ എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു.

*"ആകയാൽ ആരെങ്കിലും ഈ ചെറിയ കല്പനകളിൽ ഒന്നു ലംഘിച്ചാൽ..."* (*5:19*). അവിടുന്നു തൻെറ സ്വന്ത കല്പനകളെ *ചെറിയവ* എന്നു വിളിക്കുന്നു; മനുഷ്യരുടെ വീക്ഷണത്തിലാണ് ചെറിയവ. കാരണം, ചിന്തയിലൊരു പാപം ചെയ്താൽ അതിൽ കാര്യമില്ല, പ്രവൃത്തികളിലുള്ള പാപം ചെയ്യാതിരുന്നാൽ മതി എന്നു കരുതുന്ന അനേകർ ഇന്നുമുണ്ട്. എന്നാൽ അങ്ങനെയല്ല, അവിടുന്നു മനസ്സാക്ഷിയെ നിയന്ത്രിക്കുന്നവനും പരിപാലകനുമാണ്. പാപത്തിനുള്ള ആഗ്രഹം കൂടി മനസ്സാക്ഷിയിൽനിന്ന് എടുത്തുകളയാൻ അവിടുന്നാഗ്രഹിക്കുന്നു. അങ്ങനെ യഥാർത്ഥ പാപം ചെയ്യാനിടയില്ലാതാകും. തൻെറ കല്പനകൾ മിതമായവയല്ലെന്നോ ആവശ്യമില്ലെന്നോ പറഞ്ഞ് അവയിൽ കുററം കണ്ടെത്തുന്ന അനേകർ ഉണ്ടെന്ന് അവിടുത്തേക്കറിയാമായിരുന്നു: ഉദാ: 'ആരെങ്കിലും തൻെറ

www.malankaralibrary.com



സഹോദരനോട് വൃഥാ കോപിച്ചാൽ....'; 'ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്നവൻ....'; 'നിങ്ങൾ ആണയിടാനേ പാടില്ല'; 'ആരെങ്കിലും തന്റെ സഹോദരനോട് *റാക്കാ* എന്നു പറഞ്ഞാൽ... , 'ഭോഷൻ എന്നു പറഞ്ഞാൽ' (മത്താ. 5: 22, 28, 34). ആളുകളുടെ അഭിപ്രായത്തിൽ ഇവയെല്ലാം *ചെറിയവയാണ്*. അതുകൊണ്ട് അവിടുന്ന് ഇവയോടുകൂടി ഭീഷണികളും ചേർത്തിരിക്കുന്നു. മോശയുടെ കല്പനകളെ പൂർണ്ണമാക്കുന്നവയാണ് തന്റെ കല്പനകൾ എന്ന് അവിടുന്നു കാണിക്കുന്നു. നിയമം ദുർവികാരങ്ങളെ ശമിപ്പിക്കുമ്പോൾ സുവിശേഷം അവയെ പിഴുതെടുത്തുകളയുന്നു.

*"ഏററം ചെറിയവൻ എന്നു വിളിക്കപ്പെടും"* (*5:19*) എന്ന പദപ്രയോഗം ശാപമായിട്ടു മനസ്സിലാക്കണം. വാക്കുകളുടെ സ്ഥാനം നോക്കിയല്ല നമ്മുടെ കർത്താവിന്റെ നിയമങ്ങളെ നാം പരിശോധിക്കേണ്ടതു്, പിന്നെയോ, അവയുടെ ഉദ്ദേശ്യം നോക്കിയത്രേ എന്നതു നാം മനസ്സിലാക്കിയിരിക്കണം. കാരണം, നാം നമ്മുടെ മനസ്സാക്ഷിയെ പരിശോധിച്ച് ചിന്തകളെ നിയന്ത്രിക്കണം എന്ന് അവിടുന്ന് കല്പിക്കുന്നു. കാരണം, 'നീ ഉപവസിക്കുമ്പോൾ നിന്റെ മുഖം കഴുകുകയും തലയിൽ തൈലം പൂശുകയും ചെയ്യുക' എന്നു പറയാത്തപ്പോൾ പോലും തൈലം പൂശാൻ അഥവാ, നാം പ്രാർത്ഥിക്കുമ്പോൾ നാം അകത്തെ മുറിയിൽ കടന്ന് കതകടയ്ക്കാൻ അവിടുന്നു കല്പിക്കുന്നു.

*"കാരണംകൂടാതെ തന്റെ സഹോദരനോടു കോപിക്കുന്നവൻ..."* എന്നതും അതുപോലെയാണ്. *'കോപിക്കുന്നവൻ'* എന്ന് അവിടുന്നു പറയുന്നു. വെറുതെ കോപം ഉണ്ടായവനെപ്പററിയല്ല, പ്രത്യുത, ആർക്കെങ്കിലും എതിരെ ക്രോധത്തിൽ ഉറച്ച് നിലനിൽക്കുന്നവനെപ്പററിയാണ്. *നീചനെ* അവിടുന്ന് *റാക്കാ* എന്നും, മൂഢനെയും വിഡ്ഢിയെയും *ഭോഷൻ* എന്നും വിളിക്കുന്നു. ശാരീരിക വസ്തുക്കളെ കുറിക്കാൻ *റാക്കായും* ബൗദ്ധിക സംഗതികളെ കുറിക്കാൻ *ഭോഷൻ* എന്നും അവിടുന്നു പ്രയോഗിക്കുന്നു. *'സംഘവിധിക്ക് അർഹനാകുന്നു'* (*5:22*). എന്നതിന്റെ അർത്ഥം, ബൗദ്ധികജീവികളെയെല്ലാം പരിശോധനാവിധേയമാക്കുന്ന ദിവസം മാലാഖമാരുടെയും മനുഷ്യരുടെയും മഹാസമൂഹത്തിന്റെ മുമ്പാകെ അവൻ കുററക്കാരനായി കാണപ്പെടും എന്നാണ്. എല്ലാവരുടെയും മുമ്പാകെ അവന്റെ മനസ്സാക്ഷിയും ഇച്ഛയും വെളിപ്പെടുമ്പോൾ അവൻ ലജ്ജിതനാകും.

www.malankaralibrary.com



*"നിങ്ങളുടെ നീതി നിയമജ്ഞരുടെയും..."* (5:20) എന്നതിന്റെ അർത്ഥം: പുരാതന നിയമമനുസരിച്ച് പാപം പ്രവൃത്തികളിൽ ഒതുക്കുന്നതിനപ്പുറമേ, നിന്റെ ആത്മാവിന്റെ ഉള്ളറയിൽ ദുഷ്ടകാര്യങ്ങളിലേക്കുള്ള ചായ്വിൽപോലും നീ ഒഴിവാക്കണം.

*'നിന്റെ ശത്രുവിനോടുകൂടെ വഴിയിൽ ആയിരിക്കവേ തന്നെ വേഗത്തിൽ അവനോട് രമ്യപ്പെട്ടുകൊള്ളുക'* (5:25). അതായത്, നീ മുറിവേല്പിച്ചവനുമായി ഈ ലോകത്തിൽ ആയിരിക്കുമ്പോഴുംതന്നെ രമ്യപ്പെടുകയും, നീയുമായി രമ്യപ്പെടാൻ വേണ്ടതെല്ലാം അവനോട് ചെയ്യുകയും വേണം. *'അവൻ നിന്നെ സേവകന് ഏല്പിക്കും'* (5:25). അതായത്, *മാലാഖയ്ക്ക്*. എന്നാൽ ശിക്ഷയെ അവിടുന്ന് *കാരാഗൃഹം* എന്നും പൂർണപ്രതികാരത്തെ 'ഒടുവിലത്തെ കാശ്' എന്നും വിളിക്കുന്നു. *'കൊടുത്തുവീട്ടുന്നതുവരെ'* എന്നതിലെ *വരെ* എന്നത് അതിർത്തി കുറിക്കുകയല്ല, നിത്യസംഗതികളെ കുറിക്കുന്നതാണ്. 'ഒടുവിലത്തെ കാശ്' എന്നാൽ 'ഏററവും ചെറിയ തെററിനും' എന്നാണർത്ഥം.

*'നിന്റെ വലത്തുകണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ....'* (5:30). മററുള്ളവരേക്കാൾ ശ്രേഷ്ഠനെന്ന് കരുതപ്പെടുകയും സദ്പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നവനെയാണ് *വലത്തുകണ്ണ്* എന്ന് അവിടുന്ന് വിളിക്കുന്നത്. കണ്ണിനേക്കാൾ കൂടുതൽ നീ അവനെ സ്നേഹിക്കുന്നെങ്കിലും ശരീരം മുഴുവനിലുംനിന്ന് അവനെ പുറന്തള്ളണം. 'നിന്റെ വലത്തു കൈ നിനക്കിടർച്ച വരുത്തുന്നെങ്കിൽ....' കാഴ്ചവഴി സംഭവിക്കുന്ന വ്യഭിചാരത്തെപ്പററിയാണ് കണ്ണിനെപ്പററിയുള്ളതിൽ പറഞ്ഞിരിക്കുന്നത്. കൈയേപ്പററി പറയുന്നത് കൊലപാതകത്തെപ്പററിയാണ്. കള്ളസാക്ഷ്യം ചെയ്യുന്നവനെപ്പററി പറഞ്ഞിരിക്കുന്നത്, *'ഇവയിൽ കവിഞ്ഞുള്ളതു ദുഷ്ടനിൽനിന്നാകുന്നു'* എന്നത്രേ (5:37). സാത്താനെയാണ് അവിടുന്നു ദുഷ്ടൻ എന്നു വിളിക്കുന്നത് എന്നത്രേ *ഭാഷ്യകാരന്റെ* ഭാഷ്യം; കാരണം അവൻ നുണ കെട്ടിച്ചമയ്ക്കുന്നവനാണ്. കള്ളം പറയുന്നവരെല്ലാം സാത്താനുമായി പങ്കുചേരുന്നവരാണ് എന്നത് ആരംഭംമുതൽ ശരിയാണ്. എന്നാൽ *ജോൺ* (ക്രിസോസ്തോം) പറയുന്നത് 'ഇവയിൽ കവിഞ്ഞുള്ളതു ദുഷ്ടനിൽനിന്നാണ്' എന്നത് *നുണ*യെപ്പററിയല്ല *ആണ*യെപ്പററിയാണ് എന്നത്രേ. കാരണം, നുണ വ്യക്തമാണ്. അതു സാത്താനിൽനിന്നാണെന്ന് പഠിക്കേണ്ട കാര്യമില്ല. അളവിനു പുറത്തുള്ളത് കൂടിപ്പോയതല്ല, എതിരായിട്ടുള്ളതാണ്. അതായത് *ആണ*.

www.malankaralibrary.com



*'ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്ന ഏവനും ഉടനെതന്നെ തൻെറ ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുകഴിഞ്ഞു'* (5:28). ഇതു് സ്വാഭാവിക പ്രേരണകളെയും വെറുതെയുള്ള നോട്ടത്തെയും കുറിച്ചാണെന്നു് ചിലർ കരുതുന്നു. അവർക്കു വളരെ തെററിപ്പോയി. കാരണം, നമ്മുടെ കർത്താവ് സംഭവിക്കാൻ സാധ്യതയുള്ള കാര്യമാണ് കല്പിച്ചിരിക്കുന്നതു്, അല്ലാതെ സ്വാഭാവികവും ആവശ്യവുമായ കാര്യമല്ല പറയുന്നതു്. 'നിൻെറ അയൽക്കാരനുള്ള യാതൊന്നും നീ മോഹിക്കരുതു'' എന്നു് അവിടുന്നു പറയുമ്പോഴും നിൻെറ അയൽക്കാരനുള്ളതൊന്നും നിനക്കു് നയനാകർഷകമാകാൻ പാടില്ല എന്നു് അവിടുന്നു പറയുന്നില്ല. അശുദ്ധവും അസൂയാകലുഷിതവുമായ ആഗ്രഹത്തെയാണ് അവിടുന്നു നിരോധിക്കുന്നതു്. അതുപോലെ, ഒരു സ്ത്രീയെ *നോക്കുന്നവൻ*, അതായതു്, തൻെറ ഉള്ളിൽ മോഹം ഉണർത്തി തൻെറ ആത്മാവിനെ അശുദ്ധിക്കു് കൈവിട്ടുകൊണ്ടു്, നോട്ടംവഴി തൻെറ ആഗ്രഹം സാധിക്കുന്നതിനായി കാമാർത്തിയോടെ അവളെ പരിഗണിക്കുന്നവൻ. സമയവും സ്ഥലവും ആളും അവനു് വ്യഭിചാരകർമ്മം പൂർത്തിയാക്കാൻ അവസരം നൽകിയില്ലെങ്കിലും ഇപ്രകാരമുള്ളവനെ ഞാൻ *വ്യഭിചാരിയായി* പരിഗണിക്കുന്നു.

## പുസ്തകം IV

*''മനുഷ്യരാൽ കാണപ്പെടുവാനായി അവരുടെ മുമ്പിൽ ധർമ്മദാനം ചെയ്യരുത്''* (6:1). മനുഷ്യരുടെ മുൻപിൽ ചെയ്താലും അവർ കാണപ്പെടാതിരിക്കാൻവേണ്ടി ചെയ്യാൻ സാധിക്കും എന്നു് ഇതു കാണിക്കുന്നു. മനുഷ്യരുടെ മുമ്പിലല്ല ചെയ്യുന്നതെങ്കിലും അതു മനുഷ്യർക്കു കാണാൻവേണ്ടിയാകാം. അതുകൊണ്ടു് ചെയ്യുന്ന കർമ്മത്തെയല്ല കിരീടം ധരിപ്പിക്കുന്നതും കുററപ്പെടുത്തുന്നതും; പിന്നെയോ, ഉദ്ദേശശുദ്ധിയെയാണ്. അങ്ങനെയല്ലായിരുന്നെങ്കിൽ ഭിക്ഷകൊടുക്കുന്നതിൽനിന്നു പലരും പിന്തിരിയുമായിരുന്നു, കാരണം, അതു് എപ്പോഴും രഹസ്യത്തിൽ ആയിരിക്കുക പ്രയാസമാണ്. അതേപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''നീ നിൻെറ മുമ്പിൽ കാഹളം ഊതരുതു്'' (6:2). കാഹളം ഉണ്ടു് എന്ന അർത്ഥത്തിലല്ല അതു്. മറിച്ചു് എല്ലായിടത്തും അവിടുന്നു് കർമ്മങ്ങളുടെ ഉദ്ദേശ്യം തിരക്കുകയും ലക്ഷ്യം പരിശോധിക്കുകയും ചെയ്യുന്നു എന്നാണ്. നീ നിൻെറ മുറിക്കുള്ളിൽ കടന്നാലും കതകുകൾ അടച്ചാലും സ്തുതിക്കുവേണ്ടി നീ ചെയ്താൽ അടച്ചിട്ട കതകുകൾ കൊണ്ടു് നിനക്കൊരു പ്രയോജനവുമില്ല. നീ പ്രാർത്ഥിക്കാതി

www.malankaralibrary.com



രുന്നാലും അതുകൊണ്ടു് ഒരു നഷ്ടവും വരാനുമില്ല. അതുകൊണ്ടു് ആദ്യം നിൻെറ ഉദ്ദേശ്യങ്ങളുടെ കതകുകളാണ് അടയ്ക്കേണ്ടതു്. വ്യർത്ഥസ്തുതിക്കായുള്ള മോഹത്തെ ഭയപ്പെടുകയും ചെയ്യുക. അവിടുന്നു് ഹൃദയത്തെ മുറിയെന്നും അധരങ്ങളെ വാതിലുകരം എന്നും വിളിക്കുന്നു

*"നിൻെറ വലത്തുകൈ ചെയ്യുന്നതു് നിൻെറ ഇടത്തുകൈ അറിയരുതു്"* (6:3). കൃത്യതയും രഹസ്യാത്മകതയുമാണ് ഇടത്തുകൈയും വലത്തുകൈയുംകൊണ്ടു് അവിടുന്നു് അർത്ഥമാക്കുന്നതു്. സാധ്യമെങ്കിൽ ആത്മാവിൻെറ താല്പര്യമെന്തെന്നു് ശരീരംപോലും അറിയാൻ പാടില്ല. അതു് അപരിചിത സംഗതികരം അവഗണിക്കുന്നു. ആർക്കുവേണ്ടി ചെയ്യുന്നുവോ, അയാളെ ഒഴിച്ചു്, അതിൻെറ ഉദ്ദേശ്യത്തിൽ ആരെയും സ്വീകരിക്കുന്നില്ല.

*'നിങ്ങരം പുറജാതികളെപ്പോലെ അതിഭാഷണം ചെയ്യരുതു്'* (6:7). ചിലർ തെററായി കരുതുന്നതുപോലെ ധാരാളം പ്രാർത്ഥിക്കുന്നതിനെയല്ല കർത്താവു് കുററപ്പെടുത്തുന്നതു്, പിന്നെയോ, വ്യർത്ഥമായ യാചനകളെയാണ്. പ്രാർത്ഥിക്കുന്ന കാര്യം നന്നായിട്ടുള്ളതാണെങ്കിൽ വാക്കുകളുടെ ആധിക്യത്തെ വായാടിത്തം എന്നു് അവിടുന്നു വിളിക്കുന്നില്ല. പിന്നെയോ, 'ഞങ്ങളുടെ ശത്രുക്കരംക്കു ശിക്ഷ ലഭിക്കണമെ' എന്നു തുടങ്ങി ദൈവേഷ്ടത്തിനു നിരക്കാത്തവസ്തുായി യാചിക്കുന്നതിനെ കുറിച്ചാണിവിടെ ചർച്ച. നമ്മുടെ പ്രാർത്ഥന തനിക്കാവശ്യമുള്ളതുകൊണ്ടല്ല നമ്മുടെ രക്ഷകൻ നമ്മോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നതു്: പിന്നെയോ, നമ്മെ തൻെറ സ്നേഹത്തിൽ ബന്ധിപ്പിക്കുവാനാണ്. അവിടുത്തേക്കു് ബലിപീഠമോ അപ്പണമോ ഒന്നും ആവശ്യമില്ല. മൂന്നു രീതിയിലുള്ള പ്രാർത്ഥനയുണ്ടു്: ഒന്നാമത്തു് വാക്കുകളുടേതു്. ഉദാ: ഹന്ന തൻെറ അധരംകൊണ്ടു പ്രാർത്ഥിച്ചു (1ശാമു. 1: 13). രണ്ടാമത്തു് പ്രവൃത്തികളുടേതു്. ഉദാ. ഫിനെഹാസ് തൻെറ തീക്ഷ്ണമായ പ്രവൃത്തികൊണ്ടു് പ്രാർത്ഥിച്ചു (സങ്കീ. 106:30). മൂന്നാമത്തു് മനസിൻേറതു്. ഉദാ: ഞാൻ എൻെറ മനസ്സുകൊണ്ടു പ്രാർത്ഥിക്കും' (1കൊറി. 14:15). ശാരീരികം, മാനസികം, ആത്മീയം എന്നിങ്ങനെ അവയെ മൂന്നായി തിരിക്കാം. എന്നാൽ നമ്മുടെ കർത്താവു് ഈ അവസാനത്തേതാണ് നമുക്കു നൽകിയതു്.

*'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമെ'.* ഈ യാചനയിൽ ദൈവ

www.malankaralibrary.com



ത്തിന്റെ വിനയവും മനുഷ്യന്റെ ഉന്നതപദവിയും ഉൾക്കൊള്ളുന്നു. ഭൂമിയിലെ ജീവികളുടെ പിതാവെന്ന് അവിടുന്ന് സ്വയം വിളിക്കുന്നു, അവിടുന്നപ്രകാരമാണ്. ഈ ഭൂമിയിലൂടെ അവിടുന്ന് താഴ്ത്തപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു. *പിതാവ്* എന്നു പറയുമ്പോൾ അവിടുത്തേക്ക് പിതാവിന്റെ ഗുണഗണങ്ങളെല്ലാം ഉണ്ടെന്നർത്ഥമാകുന്നു; അവിടുന്ന് തന്റെ മക്കളുടെ കാര്യത്തിൽ താല്പര്യപൂർവ്വം ശ്രദ്ധിക്കുന്നു. നാം മക്കളാണെങ്കിൽ അവിടുത്തെ കല്പനകളാചരിച്ചും സ്നേഹിച്ചും മക്കളെപ്പോലെ പെരുമാറണം എന്ന് അവിടുന്നു പഠിപ്പിക്കുന്നു. *ഞങ്ങളുടെ പിതാവേ* എന്നതിൽനിന്ന് അവശ്യാവശ്യം സഹോദരങ്ങളുടെകാര്യം വരുന്നു. കാരണം, ദൈവത്തെ'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുന്നവർ തങ്ങൾ അവശ്യാവശ്യം സഹോദരങ്ങളാണെന്നു പ്രഖ്യാപിക്കുകയാണ്. തങ്ങളുടെ പിതാവിനോടും പരസ്പരവും സ്വാഭാവികസ്നേഹം അവർക്കുണ്ടാകേണ്ടതാണ്. *സ്വർഗസ്ഥനായ* എന്നത്: ഒന്നാമത്, ഭൂമിയിലുള്ള പിതാക്കന്മാരിൽനിന്നു വ്യത്യസ്തനാണെന്നു കാണിക്കാൻ, രണ്ടാമത്, അവിടുന്ന് എല്ലായിടത്തുമുണ്ടെങ്കിലും അവിടുത്തെ വാസസ്ഥലവും സിംഹാസനവും സ്വർഗത്തിലാണെന്ന് വിശുദ്ധ ഗ്രന്ഥം അവിടുത്തെ മഹത്വീകരിച്ചു പറയുന്നതിനാൽ; മൂന്നാമത്,നാം നോക്കിപ്പാർക്കുന്ന നിക്ഷേപം എവിടെയാണു സൂക്ഷിച്ചിരിക്കുന്നതെന്നു കാണിക്കാൻ.

വിശുദ്ധ ലിഖിതത്തിന്റെ പ്രത്യേകത അനുസരിച്ച്, ദൈവം എന്നതിനുപകരം *നിന്റെ നാമം* എന്നാണ് കൊടുത്തിരിക്കുന്നത്. ഉദാ: 'നിന്റെ നാമം മാത്രമാണു കർത്താവ് എന്ന് മനുഷ്യർ അറിയുന്നതിനുവേണ്ടി' (സങ്കീ. 83:18). അവിടുത്തെ വിശുദ്ധ നാമം എന്നുമെന്നേക്കും (സങ്കീ. 145:21). *'നിന്റെ നാമം പരിശുദ്ധമാകപ്പെടണമെ'*. സ്വാഭാവികമായും അവിടുത്തേക്കു മാത്രമുള്ളതുമായ വിശുദ്ധിയോട് എന്തെങ്കിലും കൂട്ടിച്ചേർത്ത് അവിടുന്നു സ്വീകരിക്കുന്നു എന്ന അർത്ഥത്തിലല്ല, പിന്നെയോ നമ്മിലതുണ്ടാകുവാനാണ്. നാം സത്യസന്ധമായി ജീവിക്കുമ്പോൾ നാം ദൈവത്തെ വിശുദ്ധീകരിക്കുകയും മഹത്വീകരിക്കുകയും ചെയ്യുകയാണ്. ഉദാ: മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തട്ടെ (മത്താ. 5:16). മറിച്ചാണെങ്കിൽ അവിടുത്തെ നാമം ദുഷിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യും. *വിശുദ്ധം, വിശുദ്ധി* എന്നിവ എബ്രായ പദങ്ങളാണ്; വേർതിരിക്കൽ എന്നർത്ഥം എന്നു നാം അറിഞ്ഞിരിക്കണം. ധനം കൊണ്ടോ, സൗന്ദര്യംകൊണ്ടോ, മറ്റെന്തെങ്കിലുംകൊണ്ടോ എന്തിൽനിന്നെങ്കിലും വേർതിരിക്കപ്പെട്ടവ

www.malankaralibrary.com



യെയൊക്കെ എബ്രായർ 'വിശുദ്ധം' എന്നു വിളിച്ചിരുന്നു. ഉദാ: ഭൂമിയിലെ വിശുദ്ധരായ ദേവന്മാർ അവരിൽ ആനന്ദം.... എന്നു തുടങ്ങിയവ (സങ്കീ. 163).

*'നിൻെറ രാജ്യം വരണമെ'* (6:10). *രാജ്യം എന്ന പദം ഒരു പര്യായപദമാണ്*: കൃത്യമായി പറഞ്ഞാൽ ഒന്നാമതായി സ്വർഗരാജ്യം മാററത്തിനും മരണത്തിനും ഉപരിസ്ഥമായ ഒരു ഭാവിയാഥാർത്ഥ്യമാണ്. ഉത്ഥാനത്തിനുശേഷമുള്ള കാലത്തേക്കു അതു നമ്മെ നയിക്കുന്നു. ഉദാ: 'നിങ്ങളോടുകൂടി വീണ്ടും കുടിക്കുന്ന ദിവസംവരെ ഈ മുന്തിരിച്ചാറിൽനിന്നു ഞാൻ കുടിക്കുകയില്ല' (മത്താ. 26:29). വീണ്ടും, സുവിശേഷത്തിൽ: 'നിങ്ങൾ പോയി, സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നുവെന്നു പറയുക' (മത്താ. 10:7). വീണ്ടും, മാമോദീസായുടെ: ഇതുപോലെതന്നെ സ്നാപകൻ; 'മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നു' (മത്താ. 3:2). വീണ്ടും ചിലരുടെ അഭിപ്രായമനുസരിച്ച്, ആത്മീയ കാര്യങ്ങളുടെ ഉപമകളുടെ: സ്വർഗരാജ്യം ഇന്നയിന്ന രീതികളിലാണ് (മത്താ.13:24). വീണ്ടും ത്രിത്വപ്രബോധനത്തിൻെറ: ഉദാ; 'കാണാവുന്ന അടയാളങ്ങളോടുകൂടിയല്ല ദൈവരാജ്യം വരുന്നതു്. ദൈവരാജ്യം നിങ്ങളിലാകുന്നു. അതായതു്, ആത്മാവിൻെറ ബൗദ്ധിക പ്രവർത്തനങ്ങൾക്കും മനസിനും ബാഹ്യമായിട്ടല്ല. എന്നാൽ *ഭാഷ്യകാരൻെറ* വ്യാഖ്യാനമനുസരിച്ച്, അച്ചാരമായും രഹസ്യമായും മാമോദീസായിൽ നാം പ്രാപിച്ച പരിശുദ്ധാത്മാവിൻെറ കൃപയാണു രാജ്യം. നമ്മിൽ ഇതു സമൃദ്ധിയായി ഉണ്ടാകുന്നതിനും പുതിയലോകത്തിൽ പൂർണമായി നമുക്കിതു ലഭിക്കുന്നതിനും നാം പ്രാർത്ഥിക്കണമെന്നു് അവിടുന്നു് കല്പിക്കുന്നു.

*'നിൻെറ ഇഷ്ടം സ്വർഗത്തിലെപ്പോലെയാകണം'* (6:10). അതായതു് സ്വർഗത്തിൽ ബുദ്ധിജീവികൾക്കെതിർപ്പില്ല; കാരണം, എല്ലാ ഭരണവും അധികാരവും അവിടുന്നു് ഒന്നുമില്ലായ്മയാക്കിത്തീർത്തിരിക്കുന്നു (1 കൊറി. 15:24). അതുപോലെ സാധിക്കുന്നിടത്തോളം മർത്ത്യരുടെ ഇടയിലും നിൻെറ ഇഷ്ടം പൂർത്തീകരിക്കപ്പെടട്ടെ; ഞങ്ങളിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യട്ടെ.

*'ഞങ്ങൾക്കാവശ്യമായ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ'* (6:11). ശരീരത്തിൻെറ പോഷണത്തിനുതകുന്നതെല്ലാം അവിടുന്നു് ഉൾപ്പെടുത്തുന്നു. *'ഇന്ന്'* എന്നാൽ നമ്മുടെ

www.malankaralibrary.com



ജീവിതത്തിന്റെ എല്ലാ സമയവും എന്നാണ്. ഒരു ഭാഗം കൊണ്ട് മുഴുവനെയും ഉദ്ദേശിക്കുക വിശുദ്ധഗ്രന്ഥത്തിന്റെ പതിവാണ്.

*'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ'* (6:12). മോചനത്തെ മോചനംകൊണ്ട് ബുദ്ധിപൂർവ്വം അവിടുന്നു ബന്ധിക്കുന്നു. മററുള്ളവരിൽനിന്ന് ഇപ്പോളിതു കിട്ടാതെ പോകുന്നവൻ, മററുള്ളവരുമായോ ദൈവവുമായോ ഉള്ള ബന്ധത്തിൽ സ്വയം ദ്രോഹിക്കുന്നു. ഇയ്യോബിൽ കാണുന്നതുപോലെ പ്രകൃതിയിൽ ഉണ്ടാക്കപ്പെട്ടതിൽ കളങ്കമില്ലാതെ ശുദ്ധമായി ഒന്നുംതന്നെയില്ല (4:17–18). കടക്കാർ തങ്ങളുടെ കടങ്ങൾ പരസ്പരമോ ദൈവവുമായോ കൊടുത്തുവീട്ടുവാൻവേണ്ടി, കൽപിതമായ ആവശ്യത്തിന്റെ ചങ്ങലയാൽ കടക്കാരെ അവിടുന്ന് ഇതിലേക്കു കൊണ്ടുവരുന്നു. 'എന്റെ കടങ്ങൾ ക്ഷമിക്കുക' എന്ന് നീയെന്നോട് പറയുക. 'നിന്റെ സഹോദരനു നിന്നോടുള്ള കടം നീ ക്ഷമിക്കുക' എന്നു ഞാനും നിന്നോടു പറയുന്നു. 'അതു ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു നീ പറഞ്ഞാൽ, ഇതാ ഞാനും നിന്നോടു ക്ഷമിച്ചിരിക്കുന്നു. എന്നാൽ മറിച്ചാണെങ്കിൽ, ദൈവം മാത്രമേ എല്ലാ പാപങ്ങളും ക്ഷമിക്കുന്നുള്ള എന്നാരെങ്കിലും പറഞ്ഞാൽ, ദൈവത്തിനല്ലാതെ പാപങ്ങൾ ക്ഷമിക്കാനാർക്കാണു കഴിയുക? പിന്നെ എന്തിനാണ് ക്ഷമിക്കപ്പെടുന്നതിനായി വേദന അനുഭവിച്ചവരുടെ പക്കലേക്ക് ദുഷ്പ്രവർത്തകരെ അവിടുന്നയയ്ക്കുന്നത്? ഇതുവഴി നമ്മുടെ സമാധാനത്തിന്റെ അദ്ധ്യക്ഷേററ് നമ്മുടെ പ്രശാന്തത തേടുന്നു; ഇതുവഴി അവിടുത്തെ രമ്യത ഉറപ്പുവരുത്തുന്നു. *'നിങ്ങൾ മനുഷ്യരോട് അവരുടെ തെററുകൾ ക്ഷമിക്കുന്നില്ലെങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവും നിങ്ങളുടെ തെററുകൾ ക്ഷമിക്കുകയില്ല'* എന്ന് അവിടുന്ന് അരുളംച്ചെയ്യുന്നു.

*'ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ'* (6:13). എന്നാൽ പിന്നെ, 'പരീക്ഷകൾ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാനാണ്; അവൻ പരീക്ഷിക്കപ്പെട്ടുകഴിയുമ്പോൾ...'എന്നിങ്ങനെ പറഞ്ഞിരിക്കുന്നതെങ്ങനെയാണ്? (യാക്കോ. 1:12). അതുപോലെ, 'ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട' (മത്താ. 10:28); 'തന്റെ കുരിശെടുക്കാത്തവൻ....' തുടങ്ങിയവ (38); ചുരുക്കത്തിൽ തന്റെ പ്രബോധനങ്ങളിലെല്ലാം കഷ്ടതകളിലേക്കുള്ള പ്രവേശനം അവിടുന്ന് ഒഴിവാക്കുന്നില്ല. കഷ്ടതകൾ കൂടാതെ രാജ്യം കണ്ടെത്താനാവി

www.malankaralibrary.com



ല്ലെന്നു് അവിടുന്നു പറയുന്നു (നട. 14:22). എങ്കിലും ആത്മീയവും പൈശാചികവുമായ പ്രലോഭനങ്ങളിൽ പ്രവേശിക്കരുതെന്നു് അവിടുന്നു കല്പിക്കുന്നു. അതായതു്, സൂക്ഷ്മക്കുറവു്, ദൈവദൂഷണം, അഹങ്കാരം, വ്യർത്ഥാഭിമാനം ആദിയായവ. എന്നാൽ സർവശക്തിയോടുംകൂടെ ശാരീരികപരീക്ഷകളിൽ പോരാടണം എന്നു് അവിടുന്നു കല്പിക്കുന്നു. കാരണം, അവകൂടാതെ ദൈവത്തെ സമീപിക്കാൻ നമുക്കു സാധിക്കുകയില്ല. ദിവ്യവിശ്രമം അതിന്റെ മധ്യത്തിലാണു് സ്ഥാപിതമായിരിക്കുന്നതു്. പ്രലോഭനങ്ങളുണ്ടാകുമ്പോൾ അപരിചിതനേപ്പോലെ മനുഷ്യൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. അവന്റെ സ്നേഹം കൊണ്ടു് അവൻ പോരാട്ടത്തിൽ പ്രവേശിക്കുമ്പോൾ, ഒരു മാററം കാണാത്തപ്പോൾ, ദൈവത്തിന്റെമേൽ കടമ വയ്ക്കുന്നവൻ എന്നപോലെ, ദൈവത്തിന്റെ ഭവനാംഗവും സ്നേഹിതനുമായി അവൻ കരുതപ്പെടുന്നു. കൂടാതെ നമ്മുടെ പ്രകൃതിയുടെ ബലഹീനതയാൽ നാം പ്രലോഭനങ്ങളിൽനിന്നു് നമ്മെത്തന്നെ വിമുക്തരാക്കണമെന്നു് അവിടുന്നു കല്പിക്കുന്നു; കാരണം, ചിലപ്പോൾ പ്രലോഭനത്തെ എതിർത്തുനില്ക്കാൻ നമുക്കു കഴിഞ്ഞില്ലെന്നു വരാം; പരീക്ഷയിൽ ഉൾപ്പെടുന്നവരോടു് നമുക്കു് അതേ സമയം കരുണയുമുണ്ടായിരിക്കണം. ഇങ്ങനെ പത്തു വാചകങ്ങളിൽ അവിടുന്നു പ്രാർത്ഥന ഉൾപ്പെടുത്തുന്നു. ആദ്യത്തെ അഞ്ചെണ്ണം ആത്മാവിനെ സംബന്ധിച്ചും പിന്നത്തെ അഞ്ചെണ്ണം ശരീരത്തെ സംബന്ധിച്ചും ആണു്. നാം എല്ലാ വികാരങ്ങളെയും ശുദ്ധീകരിക്കുന്നതിനുവേണ്ടിയാണിതു്.

*'ശരീരത്തിന്റെ വിളക്കു് കണ്ണാകുന്നു്. അതിനാൽ നിന്റെ കണ്ണു്....'* എന്നിത്യാദി (6:22). അതായതു്, ശരീരം മുഴുവനെയും നയനം നയിക്കുന്നതുപോലെ, ആത്മാവിനെ ബുദ്ധി നയിക്കുന്നു. ആത്മാവു് ആഗ്രഹിക്കുന്നവയെല്ലാം ബുദ്ധി വഴി നാം തെരഞ്ഞെടുക്കുന്നു. കണ്ണിന്റെ സ്ഥാനമാണു് അതിനുള്ളതു്. നമ്മുടെ ജീവിതകർമ്മങ്ങളൊക്കെയും അവശ്യാവശ്യം അതിന്റെ ആഗ്രഹത്തെ പിൻചെല്ലുന്നു. എന്നാൽ *'നിന്നിലുള്ള വെളിച്ചം ഇരുളാകുന്നു് എങ്കിൽ നിന്റെ ഇരുൾ എത്രമാത്രം ആയിരിക്കും'* (6:23). അതായതു്, നിന്റെ ബുദ്ധിയും വിവേചനാശക്തിയും ഇരുട്ടിൽ ആഴ്ന്നിരിക്കുകയും നയിക്കേണ്ട രീതിയിൽ നിന്റെ ആത്മാവിനെ നയിക്കാതിരിക്കുകയും ചെയ്താൽ, വരാനിരിക്കുന്ന ലോകത്തിൽ നീ അനുഭവിക്കാനിരിക്കുന്ന പൂർണശിക്ഷാവിധിയുടെ കൂരിരുട്ടു് എത്ര വലുതായിരിക്കും. *'നിന്നിലുള്ള വെളിച്ചം....'* എന്നതിനെപ്പററി *മാർ അപ്രേം* ഇപ്രകാരം പറയുന്നു: ജനലുകൾ, അതായതു് നീതീകരിക്കുന്ന ദാനധർമ്മത്തിൽ നീ പാപം ചെ

www.malankaralibrary.com



സ്ഥാൽ അന്ധകാരത്തിലാഴ്ത്തുന്ന പാപം എത്ര വലുതായിരിക്കും. കാരണം, വ്യഭിചാരവും ദൈവദൂഷണവും പാപം ചെയ്യുന്നവരുടെ ഒരു വശത്തെ മാത്രമേ സ്വാന്തമാക്കുന്നുള്ളൂ; എന്നാൽ ദാനധർമ്മം രണ്ടു വശത്തെയും. ദാതാവിൻെറ കരം ആവശ്യക്കാരൻെറ പക്കലേക്കു് നീട്ടുകയും അതേസമയം പ്രതിഫലം നൽകുന്ന ദൈവത്തിൻപക്കലേക്കു് ചിന്തകളുയർത്തുകയും ചെയ്യുന്നതോടൊപ്പം മനുഷ്യസ്തുതിക്കായി ചെയ്താൽ അവ തെററാൻ ഇടയാക്കുന്നു.

*'നിങ്ങളുടെ നിക്ഷേപം എവിടെയാണോ, അവിടെയാണ് നിങ്ങളുടെ ഹൃദയം'* (6:21). നിനക്കു നൽകപ്പെട്ട തിരിച്ചറിവിൻെറ ജ്ഞാനത്തിൻെറ പ്രകാശം നിൻെറ അനീതികൊണ്ടും ദുഷ്ടവസ്തുക്കളുമായുള്ള നിൻെറ ഒളിച്ചുകളികൊണ്ടും ഇരുട്ടായിക്കഴിഞ്ഞാൽ, നരകത്തിൽ നിനക്കായി സജ്ജമാക്കിയിരിക്കുന്ന ഇരുട്ട് എത്ര വലുതായിരിക്കും എന്ന് ചിലർ പറയുന്നു. *'ഒരു ദാസനും രണ്ടു യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല'* (6:24): അതായത്, എതിരായിട്ടുള്ളവരെ. എന്നാൽ ഹൃദയൈക്യവും മാനസികൈക്യവുമുള്ളവരെ ശുശ്രൂഷിക്കാൻ കഴിയും.

*'എന്തു തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനെ സംബന്ധിച്ചോ, എന്തുടുക്കും എന്ന് ശരീരത്തെ സംബന്ധിച്ചോ വിചാരപ്പെടേണ്ട'* (6:25). ശരീരത്തിനുവേണ്ടി വസ്ത്രത്തെപ്പററി സൂചിപ്പിക്കുന്നു; വസ്ത്രമാണല്ലോ ശരീരത്തെ പൊതിയുന്നതു്. അതു് ആത്മാവിനു് ഒരു പ്രയോജനവും ചെയ്യുന്നില്ല. ആത്മാവിനെ സംബന്ധിച്ച് തീററിയേയും കുടിയേയുംപററി അവിടുന്നു പറയുന്നു. ആത്മാവു് ആഹാരം കഴിക്കുന്നു എന്നർത്ഥത്തിലല്ല. പിന്നെയോ ഇവ കൊണ്ടാണ് ശരീരം നിലനിൽക്കുന്നതു്. അങ്ങനെ ആത്മാവും അതുവഴി നിലനിൽക്കുന്നു. ഈ കാര്യങ്ങളെപ്പററി പര്യാകുലതയും പരിഭ്രമവും കാണിക്കേണ്ടതില്ല എന്ന് ഈ പറയുന്നതു വഴി അവിടുന്നു വ്യക്തമാക്കുന്നു. *'ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലോ'.* അതായതു്, ആത്മാവും ശരീരവും അവയ്ക്കുവേണ്ടി ഉണ്ടാക്കപ്പെട്ടവയേക്കാൾ ശ്രേഷ്ഠമാണെന്നു വ്യക്തമാണല്ലോ. നാം ഉന്നതകാര്യങ്ങൾ പ്രാപിച്ചിട്ടു്, നമ്മുടെ ഉപയോഗാർത്ഥം ദൈവം സൃഷ്ടിച്ചവയെപ്പററി സംശയിക്കുന്നതു് ഭോഷത്തമല്ലേ? *'അതതു ദിവസത്തിന് അതതിൻെറ കഷ്ടത മതി'* (6:34). അതായതു്, അധ്വാനം, പ്രയോജനകരമായ കാര്യങ്ങളെപ്പററിയുള്ള പരിചിന്തനം തന്നെ കഠിനാധ്വാന

www.malankaralibrary.com



മാണ്. നാളെ എന്നും ഇന്നെന്നും അവിടുന്ന പറയുന്നത് ഒരു ദിവസത്തെപ്പററിയല്ല, പിന്നെയോ, വരാനിരിക്കുന്ന യുഗത്തെപ്പററിയാണ്. അതുകൊണ്ട്, നിനക്കാവശ്യമുള്ളവയും നിൻെറ ഉപയോഗത്തിനു മതിയായവയുമായ കാര്യങ്ങരം തേടിയാൽ മതി. ഭാവികാലത്തെപ്പററി നീ പര്യാകുലനാകേണ്ട. ഒരു പക്ഷേ അതിലേക്കു നീ വന്നെത്താതിരുന്നേക്കാം. അപ്പോ ളുത് പ്രയോജനമില്ലാതെ വെറും അധ്വാനമായിപ്പോകും.

## പുസ്തകം V

സുകൃതസംബന്ധമായ അവിടുത്തെ വാക്കുകളിൽ ചിലതു് നീതിമാന്മാർക്കും, ചിലതു് പരിപൂർണർക്കും, ചിലതു് ശിഷ്യ ക്കും, ചിലതു് എല്ലാ ജനങ്ങരംക്കും വേണ്ടിയുള്ളതാണ്. സത്യ വിശ്വാസത്തിൽനിന്നു് അന്യരായിട്ടുള്ളവരും രൂപത്തിൽ മാത്രം ഭേനാംഗങ്ങളുമായി സാമ്യം ഉള്ളവരുമായ മനുഷ്യരുമായി ഭാഗ ഭാഗിത്വമൊന്നും നടത്തരുതു് എന്നു് ഇതു പറഞ്ഞുകഴിഞ്ഞു് അവിടുന്നു് ഉപദേശിക്കുന്നു.

*"എൻെറ കർത്താവേ, എൻെറ കർത്താവേ, എന്നു വിളിക്കുന്നവനല്ല സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്"* (7:21). ഭാവിയിൽ, തൻെറ പ്രബോധനത്തിൻെറ രൂപത്തിൽ മാജിക് വിദ്യകൊണ്ട് അടയാളങ്ങരം കാണിക്കുന്നവരെപ്പററിയാണ് അവിടുന്നു സംസാരിക്കുന്നതു്. ആരംഭത്തിൽ യേശുവിൻെറ നാമത്തിൽ അത്ഭുതങ്ങരം പ്രവർത്തിച്ച ക്ഷുദ്രക്കാരൻ ശിമയോൻ, മെനാൻഡർ, ഷേവായുടെ പുത്രന്മാർ ആദിയായവർ. അഥവാ, ബാലാം, കയ്യാപ്പാസ് എന്നിവരെപ്പോലെയുള്ളവർ. അവരുടെ അത്ഭുതങ്ങരം കണ്ടിട്ടോ, വ്യർത്ഥവാഗ്ദാനങ്ങരം കേട്ടോ, ആരും വഞ്ചിതരായി അവരുടെ പിറകേ വഴി പിഴച്ചുപോകരുതു്. മറിച്ചു്, അവരുടെ പ്രവർത്തനങ്ങളിൽ നിന്നു്അവരുടെ വാക്കുകളുടെ സത്യാവസ്ഥ പരിശോധിക്കണം.

*"കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങരം പ്രവചിച്ചില്ലേ... എന്ന് പലരും എന്നോട് ആ നാളിൽ ചോദിക്കും"* (7: 22) എന്നതു് പാഷണ്ഡരെപ്പററിയാണെന്നു് മററു ചിലർ പറയുന്നു. പുറജാതി പ്രബോധനമനുസരിച്ചു് ക്രിസ്തുമതത്തിൻെറ പേരിൽ അടയാളങ്ങരം പ്രവർത്തിക്കാൻ അധികാരം ലഭിച്ചാലും, നല്ല പെരുമാററം ഉണ്ടായാലും, ക്രിസ്തുവിനു വേണ്ടി മതപീഡനാവസരം അടികളേൽക്കുകയും മരിക്കയും ചെയ്താലും, തങ്ങളുടെ ദുഷിച്ച പ്രബോധനം നിമിത്തം അവർക്കു സ്വർഗ്ഗരാജ്യം ലഭിക്കില്ല. ഇപ്രകാരം, നമ്മുടെ കർത്താവിൻെറ കല്പനകരം അനുവർത്തിപ്പാൻ സ്നാനത്തിൽനിന്നു ശക്തി സ്വീകരിച്ച ഒരു ക്രിസ്ത്യാനി ചിലതു പാലിക്കുകയും മററുള്ളവ ചെയ്യാ

www.malankaralibrary.com



തിരിക്കുകയും ചെയ്താൽ, അയാൾ കർമ്മങ്ങളിൽ നിഷ്ഠയുള്ളവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും ആയാലും, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. കാരണം, നമ്മുടെ കർത്താവ് ബുദ്ധിഹീനരായ കന്യകകളെ സ്വർഗരാജ്യത്തിൽ പ്രവേശിപ്പിക്കാതിരുന്ന കാര്യം അനുസ്മരിക്കുക. അവർ പെരുമാററങ്ങളിലും മററും തങ്ങളുടെ കൂട്ടുകാരെപ്പോലെ കന്യകകൾക്കുചിതമാംവിധം പരിപൂർണരായിരുന്നു. എന്നാൽ കരുണയുടെ എണ്ണമാത്രം അവർക്കില്ലായിരുന്നു. അതുപോലെ, പ്രീശൻ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ദാനധർമ്മം നൽകുകയും ചെയ്തുവെങ്കിലും എളിമയില്ലാത്തതിനാൽ എല്ലാ നീതീകരണവും നഷ്ടപ്പെടുത്തി. വീണ്ടും, സദ്പ്രവൃത്തികൾ ചെയ്യുകയും അവസാനം ദുഷ്പ്രവൃത്തികളിലേക്ക് വഴുതിവീഴുകയും ചെയ്ത വിശ്വാസികളേപ്പററിയാണ് ഈ വാക്കുകളെന്ന് വേറേ ചിലർ പറയുന്നു; അതുകൊണ്ട് ആരംഭം മുതൽ, "ദുഷ്ടത പ്രവർത്തിക്കുന്നവരേ", എന്ന് അവിടുന്ന് അവരെ വിളിക്കുന്നു.

*"അവൻ അവരുടെ നിയമജ്ഞരെയും പ്രീശരെയുംപോലെയല്ല, അധികാരമുള്ളവനായിട്ടാണ് അവരെ പഠിപ്പിച്ചത്"* (മത്താ. 7:28). അവർ മനുഷ്യരെ പഠിപ്പിച്ചപ്പോൾ ഒരപരിചിത നിയമം വ്യാഖ്യാനിച്ചുകൊടുക്കുന്നവരെപ്പോലെയാണ് പഠിപ്പിച്ചത്. എല്ലായിടത്തും മോശയെയും അവന്റെ നിയമത്തെയും കൊണ്ടുവന്നു. എന്നാൽ നമ്മുടെ കർത്താവ് സ്വന്തമായിത്തന്നെ നിയമം നല്കിയ ആളാണ്: 'ഇന്നയിന്നത് പറയപ്പെട്ടിരിക്കുന്നു; എന്നാൽ ഞാൻ ഇന്നയിന്നത് പറയുന്നു; നിങ്ങൾ ഇന്നയിന്നതു ചെയ്യണം. നിങ്ങൾ ഇന്നയിന്നതു് ചെയ്യരുതു്". "നീ പുരോഹിതന്മാരുടെ പക്കൽ പോയി നിയമം കല്പിച്ചിരിക്കുന്നതുപോലെ കാഴ്ച സമർപ്പിക്കുക" (8:4) എന്ന് കുഷ്ഠരോഗിയോട് അവിടുന്ന് പറഞ്ഞതു്, അവർ അദ്ദേഹത്തെപ്പററി ദൂഷണം പറഞ്ഞതുപോലെ, അവിടുന്നു നിയമത്തിനെതിരായി ചിന്തിച്ചിരുന്നില്ല എന്നു കാണിക്കാനാണ്.

ശതാധിപന്റെ മറുപടിയിൽനിന്ന് മൂന്നു സുകൃതങ്ങൾ നിശ്ചയമായും വ്യക്തമാകുന്നു: വിനയം, വിശ്വാസം, വിജ്ഞാനം: "നീ എന്റെ മേൽക്കൂടിനു കീഴെ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല" എന്നതു് വിനയം വെളിപ്പെടുത്തുന്നു. "ഒരുവാക്കരിയാട്ടുക; എന്റെ ഭൃത്യൻ സുഖമാകും" എന്നതു് വിശ്വാസം തെളിയിക്കുന്നു. "ഞാനും അധികാരത്തിനു കീഴ്പ്പെട്ട മനുഷ്യനാകുന്നു; എന്റെ കീഴിലും ഭടന്മാരുണ്ട്" എന്നതു് അവന്റെ വിജ്ഞാനം വെളിപ്പെടുത്തുന്നു (മത്താ. 8: 8-9). എനിക്കധികാരം ലഭിച്ചിട്ടുള്ളതിനാൽ ഞാൻ ഇച്ഛിക്കുന്നതെല്ലാം എന്റെ

www.malankaralibrary.com



ദാസന്മാർ ചെയ്യുന്നു. നിനക്കു ദൈവത്തിൽനിന്നു് അധികാരം ലഭിച്ചിരിക്കുന്നതിനാൽ നിൻെറ തിരുവാക്കിൻെറ കല്പനയാൽ വേദന പമ്പ കടക്കും. അതുകൊണ്ടു് നിനക്കു സാധിക്കും എന്ന തിൽ സംശയമില്ല.

*"ഞാനും നിൻെറ പിന്നാലെ പോരട്ടെയോ?"* എന്നു ചോദിച്ച നിയമജ്ഞനോടു് കർത്താവു് പറഞ്ഞു: *"കുറുനരി കൾക്കു് മാളങ്ങളും ആകാശപ്പറവകൾക്കു് കൂടും ഉണ്ടു്. എന്നാൽ മനുഷ്യപുത്രനു് തലചായ്ക്കാൻ സ്ഥലമില്ല"* (8:19-20). ചോദിക്കാനുപയോഗിച്ച വാക്കുകൾക്കു് മറുപടി പറയാതെ, അതിനുപിന്നിലെ ഉദ്ദേശങ്ങൾക്കും ചിന്തകൾക്കും മറുപടി കൊടുക്കുക എന്നതു് പലയിടങ്ങളിലും നമ്മുടെ രക്ഷക ൻെറ പതിവായിരുന്നു. മേല്പറഞ്ഞ നിയമജ്ഞൻ നല്ല മനസ്സാ ക്ഷിയോടുകൂടിയല്ല നമ്മുടെ കർത്താവിനെ സമീപിച്ചതു്. അവൻ യൂദായെപ്പോലെ അത്യാഗ്രഹത്താൽ രോഗഗ്രസ്തനായിരുന്നു. അടയാളങ്ങൾ കാണിക്കാൻ നമ്മുടെ കർത്താവിൽനിന്നു് ശക്തി കിട്ടണമെന്നും അങ്ങനെ അന്നു മുതൽ തനിക്കു സമ്പന്നനാകാ മെന്നും അവൻ പ്രതീക്ഷിച്ചു. അവൻെറ താല്പര്യത്തിനു വിപരീ തമായി നമ്മുടെ കർത്താവു് പറഞ്ഞു: "കുറുനരികൾക്കു മാള ങ്ങൾ ഉണ്ടു്...."നീ ഇങ്ങനെ വെറുതെ ചിന്തിച്ചു നടക്കുകയാണു്. നിനക്കു ധനം വാരിക്കൂട്ടാൻ ആകില്ല. മറിച്ചു് നീ കാണുന്നതു പോലെ, ഞാൻ മൃഗങ്ങളേക്കാളും പറവകളേക്കാളും ദരിദ്രാവ സ്ഥയിലാണു്. അവയ്ക്കു് തലയൊളിക്കാൻ ചില സ്ഥലങ്ങളു ണ്ടു്. എന്നാൽ എനിക്കുപോയി വിശ്രമിക്കാൻ ഒരിടവുമില്ല. അതുകൊണ്ടു് നീ എൻെറ ശിഷ്യനാകാൻ ആഗ്രഹിക്കുന്നെങ്കിൽ അത്യാർത്തിയിൽനിന്നു് അകന്നിരിക്കുക.

അത്യാഗ്രഹ ചിന്തകളെയാണു് *കുറുനരികൾ*കൊണ്ടു് അർത്ഥമാക്കുന്നതു് എന്നു് *അല്ലെഗൊറിസ്തർ* പറയുന്നു: അവയ്ക്കു് നിന്നിൽ മാളങ്ങളുണ്ടു്. ആകാശപ്പറവകൾ എന്നാൽ പിശാചുക്കൾ. അവയ്ക്കു് നിന്നിൽ കൂടുണ്ടു്, അതായതു്, അഭയ മുണ്ടു്. എന്നാൽ മനുഷ്യപുത്രനു്, അതായതു്,എനിക്കു്,നിന്നിൽ ഒരു സ്ഥാനവുമില്ല. നിയമജ്ഞൻെറ അത്യാർത്തിയെന്ന രോഗ ത്തെ കുററപ്പെടുത്തിക്കൊണ്ടു് അവിടുന്നു് പ്രത്യുത്തരം നൽകി. എന്നാൽ തൻെറ മറെറാരു ശിഷ്യൻെറ പിതാവു് മരിച്ചപ്പോൾ പോയി തൻെറ അപ്പൻെറ ശവസംസ്കാരം നടത്താൻ അനുവദി ക്കണമെന്നപേക്ഷിച്ചതു നിരസിച്ചുകൊണ്ടു് അവിടുന്നു് പറ ഞ്ഞു:*"മരിച്ചവർ തങ്ങളുടെ മരിച്ചവരെസംസ്ക്കരിക്കട്ടെ. നീ എൻെറ പിന്നാലെ വരിക"* (8:21-22). അത്യാവശ്യം എന്നു കരുതപ്പെടുന്ന വലിയ കാര്യങ്ങളെക്കുറിച്ചാണു് അവി ടുന്നു് ഇപ്രകാരം പറഞ്ഞതു്. ദൈവഭയത്തിൻെറ പ്രബോധന

www.malankaralibrary.com



വുമായി അവയെ എങ്ങനെ താരതമ്യപ്പെടുത്താം എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം, തങ്ങളുടെ പാപങ്ങളിൽ മൃതരായവരെയാണ് *മരിച്ചവർ* എന്ന് അവിടുന്നു വിളിച്ചത്.

*"അവിടുന്ന് അക്കരെ ഗദറായരുടെ സ്ഥലത്തു വന്നപ്പോൾ രണ്ടു പിശാചു ബാധിതർ കല്ലറകളിൽ നിന്ന് അവനെതിരെ വന്നു. അവർ അട്ടഹസിച്ചു പറഞ്ഞു: ദൈവപുത്രനായ യേശുവേ, ഞങ്ങൾക്കും നിനക്കും എന്ത്? സമയത്തിനു മുമ്പുതന്നെ ഞങ്ങളെ പീഡിപ്പിക്കുവാൻ നീ വന്നിരിക്കുന്നുവോ?"* (8:28-29). തങ്ങളുടെ സ്വന്തം ഇഷ്ടം ചെയ്യുന്നതിൽനിന്ന് പിശാചുക്കളെ അവിടുന്നു തടഞ്ഞു. എങ്കിലും അവയുടെ ദുഷ്ടത നിമിത്തം, അവസാനം എല്ലാ പ്രകാരത്തിലും ശിക്ഷാവിധി, അവക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന് അവയ്ക്കറിയാം. എന്നാൽ ഈ ഇടവേളയിൽ മനുഷ്യർക്കെതിരെ എന്തെങ്കിലും ചെയ്യാൻ അവയ്ക്കും സമയമുള്ളതിനാൽ ആണ് അവർ മേല്പറഞ്ഞവിധം കർത്താവിനോടു നിലവിളിച്ചത്. തങ്ങളുടെ ശിക്ഷാവിധിക്കു മുൻപു തന്നെ വൃഥാ ശിക്ഷാവിധിക്കായി അവരെ കയ്യാളിക്കുന്നതിനാണത്. തങ്ങളുടെ ഇഷ്ടം നിറവേററുന്നതിൽനിന്ന് അവരെ തടയുന്നതിലും ദൈവച്ഛായയായ മനുഷ്യരിൽനിന്ന് അവരെ പുറത്താക്കുന്നതിലും ഈ ലോകത്തിലുള്ള അവരുടെ ശിക്ഷാവിധി അടങ്ങിയിരിക്കുന്നു. എന്നാൽ പന്നികളിൽ പ്രവേശിക്കാൻ അവിടുന്ന് അവരെ അനുവദിച്ചു. തങ്ങളുടെ ഇച്ഛ അവയിൽ പൂർത്തീകരിക്കാനല്ല, പിന്നെയോ, മനുഷ്യകുലത്തോട് അവയ്ക്കുള്ള ശത്രുതയും ദൈവികശക്തി തങ്ങളെ തടയുന്നതിനാൽ ചെയ്യാനാഗ്രഹിക്കുന്ന വളരെ കാര്യങ്ങളിൽ കുറച്ചുമാത്രമേ അവക്ക് ചെയ്യാൻ സാധിക്കുന്നുള്ളൂ എന്നതും കാണിക്കുന്നതിനുവേണ്ടി മാത്രം. അതുകൊണ്ട്, പന്നികളിൽ പ്രവേശിക്കാൻ അവിടുന്നു അനുവദിച്ചു. ഒന്നാമത്, ഒരു മനുഷ്യനെയും ഉപദ്രവിക്കാതിരിക്കാൻ. രണ്ടാമത്, അവ പന്നികളെ കൊല്ലാൻ ആഗ്രഹിച്ചതുകൊണ്ട്, അവയുടെ ക്രോധവും ശക്തിയും ഇതിൽനിന്ന് അറിയപ്പെടാൻ വേണ്ടി. അവയ്ക്കു മനുഷ്യരെ ഉപദ്രവിക്കാൻ കഴിയുമെന്ന് അംഗീകരിച്ചാൽ, അവയെ തടയാൻ ആരുമില്ലെങ്കിൽ, മനുഷ്യനാശത്തിന് അവ എന്തെല്ലാം പ്രവർത്തിക്കുകയില്ല! മത്തായി രണ്ടു പിശാചുബാധിതർ എന്നും മർക്കോസ് ഒന്നെന്നും പറയുന്നു. അവർ സംഖ്യയുടെ കാര്യത്തിൽ ശ്രദ്ധിച്ചില്ല. ചെയ്തയാളെ വെളിപ്പെടുത്താൻ ചെയ്തകാര്യം മാത്രം അവർ വിവരിക്കുന്നു. അതിലൊന്ന് മററതിനേക്കാൾ ദുഷ്ടത കൂടിയതാകാം; അഥവാ, നമ്മുടെ കർത്താവ് തൻെറ ശക്തി രണ്ടുപേരിലും ഒരുപോലെയോ, ഒരാളിൽ കൂടുതലോ പ്രയോഗിച്ചുകാണാം.

www.malankaralibrary.com

## പുസ്തകം VI

*'തങ്ങളുടെ തീരങ്ങളിൽ നിന്ന് മാറിപ്പോകണമെന്ന്* ആ സ്ഥലത്തുള്ളവർ അവിടത്തോട് അപേക്ഷിച്ചു' (8:34). അവൻമൂലം തങ്ങളുടെ പന്നികളെല്ലാം ചത്തതിനാൽ ധാർഷ്ട്യ പൂർവ്വം അവർ പറഞ്ഞതല്ല, പിന്നെയോ, നല്ല ഉദ്ദേശ്യത്തോടു കൂടി പറഞ്ഞതാണ്. കാരണം, തങ്ങൾ അനർഹരാകയാൽ, തങ്ങളുടെ പാപം നിമിത്തം അവിടുത്തെ മഹത്വത്താൽ കഠിന തരമായതൊന്നും ഇനിയും ഉണ്ടാകാതിരിക്കാനത്രേ. പന്നികൾ നശിച്ചതു് തങ്ങളുടെ ദുഷ്ടതകൊണ്ടാണ് എന്ന് അവർ കരുതി.

തൻെറ ശിഷ്യരും പ്രീശരും തമ്മിൽ വ്യത്യാസം ഉണ്ടെന്നും ശിഷ്യരും മററവരെപ്പോലെ പിന്നീട് അവശ്യാവശ്യമല്ല സ്വമേധയാ ആണ് ഉപവസിക്കേണ്ടതെന്നും കാണിക്കാൻ അവിടുന്നു പറയുന്നു: "കോടിത്തുണിക്കണ്ടം ആരും പഴയവസ്ത്ര ത്തിൽ വയ്ക്കാറില്ല....പുതുവീഞ്ഞ് ആരും പഴയതോൽക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കാറില്ല. അങ്ങനെചെയ്താൽ തോൽക്കുടങ്ങൾ പൊട്ടി...." (9:16-17). അവിടുന്നു് തൻെറ നിയമങ്ങളെ *പുതിയ വസ്ത്രം* എന്നും *പുതു വീഞ്ഞ്* എന്നും പഴയനിയ മത്തെ *പഴയ വസ്ത്രം* എന്നും വിളിക്കുന്നു. അതുകൊണ്ടു്, പുതിയനിയമ പ്രഘോഷകർ പഴയതിൻെറ ശുശ്രൂഷകരാകു ന്നതു് നന്നല്ല. കാരണം, ഉചിതമായ സമയത്തു് നിങ്ങളുടേ തിനേക്കാൾ ശ്രേഷ്ഠമായി അവർ ഉപവസിക്കുന്നതാണ്. "കനാൻകാരൻ ശിമയോൻ" (10:4): ചിലർ തെററായി ധരി ച്ചതുപോലെ, കനാന്യദേശക്കാരനല്ല. പിന്നെയോ *കനാനിയാ* എന്നതു് അവൻെറ ഗ്രാമത്തിൻെറ പേരായിരുന്നു. യൂദാസ്കറി യോത്താ തൻെറ ഗ്രാമമായ സ്കറിയോത്തിനാൽ അറിയപ്പെ ട്ടിരുന്നല്ലോ.

## പുസ്തകം VII

*'സ്വർണമോ, വെള്ളിയോ, ചെമ്പോ സ്വന്തമാക്കരുത്'*. എന്നു നമ്മുടെ കർത്താവിൻെറ കല്പന പണത്തെപ്പററി യാണ്. തങ്ങളുടെ ജീവിതകാലം മുഴുവൻ ഉള്ള പെരുമാററ ച്ചട്ടം കല്പിച്ചുകൊടുക്കുകയല്ല അവിടുന്നു ചെയ്തതു്. മറിച്ചു നാം പൗലോസിൽ കാണുന്നുണ്ടു്. അദ്ദേഹം ഫിലിപ്പിയക്കാരിൽ നിന്നും സ്വീകരിച്ചതായും അദ്ദേഹത്തിനു് പുസ്തകങ്ങളും മേൽ വസ്ത്രവും ഉണ്ടായിരുന്നതായും നമുക്കറിയാം. പത്രോസിനും നമ്മുടെ കർത്താവിനും ചെരിപ്പുകളും സഞ്ചിയും ഉണ്ടായിരുന്നു. അതുകൊണ്ടു്, നമുക്കു് പ്രയോജനമുള്ളവ കരുതുന്നതു് തടയുക

www.malankaralibrary.com



യല്ല കർത്താവു ചെയ്യുന്നതു്; അനാവശ്യ സംഗതികളുടെ പിന്നാലെ പരക്കം പായരുതെന്നാണു് അർത്ഥമാക്കുന്നതു്. അല്ലെങ്കിൽ, 'നമുക്കു് ഭക്ഷണവും വസ്ത്രവും മതി' എന്ന് എങ്ങനെയാണ് പൗലോസ് പറയുക? (1 തിമോ. 6:8) അദ്ദേഹം 'വസ്ത്രം' എന്നല്ല 'വസ്ത്രങ്ങൾ' എന്നാണു് പറഞ്ഞിരിക്കുന്നതു്. ഉപയോഗപ്രദമായവ എന്നേ അതിനർത്ഥമുള്ളു.

നിയമവുമായി പരിചയിച്ചിരുന്നവരോടാണു് ശ്ലീഹന്മാർ പുതിയനിയമം പ്രഘോഷിച്ചതു്. അവരെ മോശ ഈജിപ്റ്റിൽ നിന്നു് പുറപ്പെടുവിച്ചപ്പോൾ വഴിയാത്രയ്ക്കൊന്നും കൈവശമില്ലായിരുന്നു. മരുഭൂമിയിൽ നാൽപതു വർഷം അത്ഭുതകരമായി അവിടുന്നു് അവർക്കു ഭക്ഷണം നൽകി. അതുകൊണ്ടു് നഗ്നപാദരായി ഇറങ്ങിപ്പുറപ്പെടാൻ നമ്മുടെ കർത്താവും അവരോടു കല്പിച്ചു. അവർക്കു് ഒന്നുമില്ലായിരുന്നു; മററുള്ളവരിൽ നിന്നു് അവരൊന്നും സ്വീകരിച്ചില്ല. അപ്പോൾ അവരെ അയച്ചവന്റെ മഹത്ത്വം വെളിപ്പെടും. തന്റെ പീഡാനുഭവം അടുത്തപ്പോൾ അവിടുന്നു് ഈ കാര്യം അവരോടു പറഞ്ഞു: "ഞാൻ നിങ്ങളെ മടിശ്ശീലകളും ഭാണ്ഡങ്ങളും ചെരിപ്പുകളും ഇല്ലാതെ അയച്ചപ്പോൾ നിങ്ങൾക്കു് എന്തെങ്കിലും കുറവുണ്ടായോ?" (ലൂക്കാ 22:35). എത്ര ധാരാളമായി അവരുടെ ആവശ്യങ്ങൾ അവിടുന്നു സാധിച്ചുകൊടുത്തു എന്നു് അവിടുന്നു് അവരെ ഓർമ്മിപ്പിക്കുകയായിരുന്നു. ഇതാണു് നമ്മുടെ കർത്താവിന്റെ കൽപനയുടെ ഉദ്ദേശ്യം. നമ്മുടെ ആവശ്യങ്ങൾ നാം ഉപേക്ഷിക്കണമെന്നു് അവിടുന്നു് കല്പിച്ചിട്ടില്ല. കാരണം, അതു നമ്മുടെ പരിധിയിൽ, അതായതു് ഇച്ഛയിൽ പെടുന്ന കാര്യമല്ല. അവിടെ പ്രകൃതിയാണു് നാഥൻ. *"വേലക്കാരൻ തന്റെ കൂലിക്കു് അർഹനാകുന്നു"* എന്നു് അവിടുന്നു കൂട്ടിച്ചേർത്തതു് നന്നായി (മത്താ.10:10). അതായതു്, നിങ്ങൾ എവിടെ പ്രവേശിച്ചാലും ജോലിക്കാരെപ്പോലെ നിങ്ങൾക്കർഹമായ ഭക്ഷണം നിങ്ങൾക്കു കിട്ടും. എന്നാൽ വിധിദിവസത്തിൽ ഞാൻ പ്രതിഫലം നല്കും.

*'പുറജാതികളുടെ വഴിയിൽകൂടി നിങ്ങൾ പോകരുതു്. സമറിയാക്കാരുടെ നഗരങ്ങളിൽ പ്രവേശിക്കയുമരുതു്'* (10:5) എന്നതു് അന്നു വളരെ പ്രയോജനപ്രദമായിരുന്നു. കാരണം, യൂദർ പുറജാതികളുമായി കൂടിക്കലർന്നിരുന്നില്ല. തങ്ങളുടെ വിശ്വാസരാഹിത്യത്തിനു് അവർക്കു് ഇനിയും ഒരു ന്യായീകരണവും ഇല്ല. 'നിയമമില്ലാത്തവരോടും ഞങ്ങളോടും ഒരുപോലെയാണിതു് പ്രഘോഷിക്കപ്പെട്ടതു്, അതുകൊണ്ടു് ഞങ്ങൾക്കു് ഇതിൽ നിന്നു് ഒഴികഴിവുണ്ടു്' എന്നു് അവർക്കു്

www.malankaralibrary.com



പറയാൻ സാധിക്കുകയില്ല. അവർ പുറജാതികളുടെ പക്കലേക്കു് പോകരുതെന്നു് ഒരു മണിക്കൂർ നേരത്തേക്കാണു് അവിടുന്നു കൽപിച്ചതു്. എന്നാൽ തൻെറ ഉത്ഥാനാനന്തരം സകല ജാതികളുടെയും പക്കലേക്കു പോകുവാൻ അവിടുന്നു കല്പിച്ചു. തൻെറ പീഡാനുഭവത്തിനു മുൻപ് കർത്താവ് സ്നാനപ്പെടുത്തിയവരെ ശിഷ്യന്മാർ പീഡാനുഭവത്തിനുശേഷം സ്നാനപ്പെടുത്തിയില്ല. എന്നാൽ യോഹന്നാനും അദ്ദേഹത്തിൻെറ ശിഷ്യരും സ്നാനപ്പെടുത്തിയവരെ ഉത്ഥാനാനന്തരം കർത്താവിൻെറ ശിഷ്യന്മാർ സ്നാനപ്പെടുത്തി. അവരെ സ്വീകരിക്കാത്തവരെപ്പററിയാണു്, *'നിങ്ങളുടെ കാലുകളിൽനിന്നും പൊടി തട്ടിക്കളയുവിൻ'* (10:14) എന്നു് അവിടുന്നു കൽപിച്ചതു്: അവർക്കു വേണ്ടി അവർ ചെയ്യു അധ്വാനത്തിൻെറ അടയാളം. സ്വർഗരാജ്യത്തിൻെറ സുവിശേഷത്തോടുകൂടി, ആരുവഴി അതു് വെളിപ്പെട്ടുവോ, ആ ആളിനെപ്പററിയും, അയാളാരാണെന്നും, അവർ പ്രഘോഷിച്ചു എന്നതു് വ്യക്തമാണല്ലോ: അതായതു്, അവിടുന്നു് മിശിഹായും ദൈവപുത്രനും ആണെന്നു്. വിശ്വസിച്ചവരെ അവിടുത്തെ നാമത്തിലും സ്നാനപ്പെടുത്തി; യോഹന്നാൻ സ്നാനപ്പെടുത്തിയവരെയും അവർ സ്നാനപ്പെടുത്തി. എന്നാൽ നമ്മുടെ കർത്താവ് തന്നെ സ്നാനപ്പെടുത്തി എന്നു് പറഞ്ഞിട്ടില്ല. കാരണം, തന്നിലേക്കല്ലാതെ വേറാരിലേക്കും അവിടുത്തേക്കു് സ്നാനപ്പെടുത്തുവാനില്ലായിരുന്നു. സ്നാനത്തിൽ അവിടുന്നു തന്നെപ്പററി സൂചിപ്പിക്കുക ഉചിതമായിരുന്നില്ല; അതു പതിവിനു വിപരീതവുമാണു്.

*'ആകയാൽ നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ കളങ്കരഹിതരുമായിരിക്കുവിൻ'* (10:16). പാമ്പുകൾക്കു നാലു് ഗുണങ്ങളുണ്ടെന്നു് ജീവശാസ്ത്രജ്ഞന്മാർ പറയുന്നു. ഒന്നാമതു്, അതിൻെറ തൊലി അസഹനീയമായി, മൂത്തു് കണ്ണുകാണാതെ വരുമ്പോൾ, ശരീരം ഇളതാകുന്നതുവരെ നാല്പതു ദിവസത്തോളം ഒന്നും തിന്നാതെ ഒററക്കിടപ്പു കിടക്കും. അപ്പോൾ അതു് ഇടുങ്ങിയതും നേരെയുള്ളതുമായ ഒരു വിള്ളലോ പിളർപ്പോ തേടി അതിനുള്ളിലൂടെ ഞെരുങ്ങി ഇഴഞ്ഞുപോകും. അതു് അങ്ങനെ പടം പൊഴിച്ചു് യുവത്വം വീണ്ടെടുക്കുന്നു. അതിനു് ശക്തിയും ആരോഗ്യവും വീണ്ടുകിട്ടുന്നു. തൻെറ സുവിശേഷപ്രഘോഷകർ പരീക്ഷണങ്ങളുടെ ഇടുങ്ങിയ വാതിലിൽക്കൂടി പോകണം എന്നു് ഈ ഉപമവഴി നമ്മുടെ കർത്താവു് അർത്ഥമാക്കുന്നു. ഇങ്ങനെ, പാപത്താൽ വൃദ്ധനായ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു്, സമ്പൂർണ ജ്ഞാനംകൊണ്ടു് തൻെറ സ്രഷ്ടാവിൻെറ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരി

www.malankaralibrary.com



ക്കണം (കൊളോ. 3:10). 'ഇടുങ്ങിയ വാതിലിലൂടെ കടക്കുവിൻ' എന്നു് അവിടുന്നു് മറെറാരിടത്തും പറയുന്നു (മത്താ. 7:13). രണ്ടാമത്തു്, പാമ്പു് നദിയിൽനിന്നു വെള്ളം കുടിക്കാൻ പോകുമ്പോൾ അതിൻെറ വിഷപ്പല്ലെടുക്കാതെ മാളത്തിൽ ഒളിച്ചുവയ്ക്കുന്നു. പീഡകർക്കെതിരായി സുവിശേഷപ്രഘോഷകർ കോപവും ക്രോധവും വച്ചുപുലർത്തരുതെന്നാണ് ഇതിൻെറ അർത്ഥം. തൻെറ നാമത്തിൽ വിശ്വസിക്കുന്നവർ നിത്യജീവൻെറ ജലം കുടിക്കാൻ തുടങ്ങുമ്പോൾ, തങ്ങളുടെ വിഷപ്പല്ലുകളോടുകൂടി, അതായതു്, ശാരീരിക ദുരാശകളോടും കളങ്കങ്ങളോടും കൂടി പ്രവേശിക്കരുതു്. മൂന്നാമത്തു്, പാമ്പു് ഒരാളെ നഗ്നനായി കണ്ടാൽ ഭയന്നു് അകന്നുപോകുന്നു; എന്നാൽ ഉടുത്തൊരുങ്ങി വസ്ത്രത്തോടുകൂടി കണ്ടാൽ കടന്നാക്രമിക്കാൻ ഒരുമ്പെടുന്നു. നമ്മെ ദ്വേഷിക്കുന്ന നമ്മുടെ ശത്രുവായ പിശാചു് നമ്മുടെമേൽ ചാടിവീഴാതിരിക്കാൻ, കുററകരമായ ദുരാശകളുടെ വസ്ത്രം നാം ഉരിഞ്ഞുകളയണമെന്നാണു് ഇതിൻെറ അർത്ഥം. നാലാമത്തു്, പാമ്പിൻെറ ദേഹം മുഴുവൻ അടിയേററാലും ശരീരത്തിൽ ജീവൻ നിലനിർത്തുന്ന തലയ്ക്കടികൊള്ളാതിരിക്കാൻ അതു് ശ്രദ്ധിക്കുന്നതു കാണാം. സുവിശേഷപ്രഘോഷകർ മരണംവരെ എല്ലാ പീഡനങ്ങളും കഷ്ടതകളും സഹിക്കണമെന്നും ദൈവഭയം കളങ്കംകൂടാതെ കാക്കണമെന്നും ഇതുവഴി നമ്മുടെ കർത്താവു കാണിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഭൗമികജീവികളുടെ ജീവിതത്തിൻെറ ശിരസ്സാണ് ദൈവഭയം. തല തകർന്ന ഉരഗം പിന്നെ ജീവിക്കാത്തതുപോലെ, എല്ലാ നല്ല കാര്യങ്ങളിലും പ്രധാനപ്പെട്ട സത്യവിശ്വാസത്തെ ദുഷിപ്പിക്കുന്ന ക്രിസ്ത്യാനിക്കും രക്ഷപെടാൻ സാധ്യമല്ല.

ചെന്നായ്, ദുഷിച്ച കാര്യങ്ങൾക്കുള്ള ഭോഗാസക്തിയെ കുറിക്കുന്നു. അതു സ്വഭാവത്താലെ നിർലജ്ജവും ദുർവിനീതവുമാണു്. *കുഞ്ഞാടും പ്രാവും* നിഷ്കളങ്കതയെയും വിനയത്തെയും സൂചിപ്പിക്കുന്നു. അവ പ്രാവിൻെറ സവിശേഷതകളാണു്. അതിൻെറ കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയാലും അതു വെറുപ്പോ പകയോ വച്ചുകൊണ്ടിരിക്കുന്നില്ല. നിഷ്കളങ്കമായി മുട്ടയിട്ടു് വിരിച്ചുകൊണ്ടു് അതേ കൂട്ടിൽതന്നെ വന്നിരിക്കുന്നു. അതുപോലെ, കടിച്ചുകീറിത്തിന്നുന്ന ചെന്നായോടു് പകപോക്കാൻ കുഞ്ഞാടിനു് അറിഞ്ഞുകൂടാ. പീഡകർ പതിനായിരം പീഡനങ്ങളാൽ നിന്നെ പീഡിപ്പിച്ചാലും തിന്മയ്ക്കു തിന്മ പകരം ചെയ്യരുതു് എന്നാണ് ഇവകൊണ്ടു് യഥാർത്ഥത്തിൽ നമ്മുടെ കർത്താവു് കാണിക്കുന്നതു്. നിൻെറ പ്രബോധനംവഴി അവർ സുകൃതമുള്ളവരാകുന്നതുവരെ അവരോടൊത്തു താമസിച്ചു് അവരെ പഠിപ്പിക്കുക. അവർ സ്വതന്ത്രബുദ്ധിയു

www.malankaralibrary.com



ള്ളവരാണ്, സ്വഭാവത്താലെ ചെന്നായ്ക്കളെല്ല. അതുകൊണ്ട് ദുഷ്ക്കാര്യങ്ങളിൽ അവർ ചെന്നായ്ക്കളാണെങ്കിലും അവരെ കുഞ്ഞാടുകളെപ്പോലെ മാനസാന്തരപ്പെടുത്താൻ സാധിക്കും. പൗലോസ്പോലും ആദ്യം ചെന്നായ് ആയിരുന്നു; അവസാനം അദ്ദേഹം കുഞ്ഞാടായിത്തീർന്നു. അത്തരത്തിലുള്ള ആയിരങ്ങളും പതിനായിരങ്ങളുമായ യഹൂദരും പുറജാതികളും ഉണ്ട്. മത്സരിക്കുന്ന പീഡകരായിരിക്കുന്നതിനു പകരം അവർ രക്തസാക്ഷികളും നീതിക്കുവേണ്ടി യുദ്ധം ചെയ്യുന്നവരുമായി തീർന്നു.

*'മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ'* (10:17): അവിശ്വാസികളെയും സുവിശേഷത്തെ വെറുക്കുന്നവരെയും എന്നർത്ഥം. *'അവർ നിങ്ങളെ ഈ പട്ടണത്തിൽ പീഡിപ്പിക്കുമ്പോൾ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ'* (10:23). പീഡകരോടും പീഡിതരോടും ഒരുപോലെ അവിടുന്ന് യഥാർത്ഥത്തിൽ സഹതാപവും പരിഗണനയും കാണിക്കുന്നു. പീഡിതരെ സംബന്ധിച്ച്, പ്രകൃതിയുടെ ബലഹീനതകൊണ്ടും വേഗത്തിൽ ചഞ്ചലപ്പെടുന്നതുകൊണ്ടും ഒരുപക്ഷേ പരീക്ഷണത്തിൽ ഉറപ്പുള്ളവരായിരിക്കാൻ അവരെക്കൊണ്ടു കഴിയാതെ വന്നേക്കാം. പീഡകരെ സംബന്ധിച്ച്, അവരുടെ ദുഷ്കർമ്മങ്ങൾ കുറയ്ക്കാൻ. കാരണം, അവർ ദുഷ്പ്രവൃത്തികൾ ചെയ്തുകൂട്ടുന്നതിനനുസരിച്ച് അവരുടെ പീഡനവും വർദ്ധിക്കും. അതുകൊണ്ട് പീഡകർ സമീപത്തുള്ളപ്പോൾ ഭീരുത്വത്താൽ ദൈവഭയത്തെ ഒററിക്കൊടുക്കാതെ സത്യത്തിനുവേണ്ടി നിലകൊള്ളണം. മുകളിൽ പറഞ്ഞ കാരണങ്ങളാൽ, കഴിവുള്ളിടത്തോളം അപകടം മുൻകൂട്ടി ക്ഷണിച്ചുവരുത്തരുത്. കാരണം, നമ്മുടെ കർത്താവുപോലും അസൂയനിമിത്തം എഫ്രേം നഗരത്തിലേക്കു മാറിപ്പോയി (യോഹ. 11:54); ചിലപ്പോൾ ദേവാലയത്തിലേക്കു പോയതു് രഹസ്യമായിട്ടാണ്. കൊടുങ്കാററിന്റെ കാഠിന്യം കുറച്ചുകൊണ്ടും അതേസമയം ഭാവിശിക്ഷയിൽ നിന്ന് പീഡകരെ നിയന്ത്രിക്കുന്നതിന് സുവിശേഷത്തിന് അവസരംകൊടുത്തുകൊണ്ടും ചിലപ്പോൾ മലകളിലേക്കും അവിടുന്ന് പിൻവാങ്ങിപ്പോയി. എന്നാൽ ഒരു സ്ഥലത്തു നിന്ന് മറെറാരിടത്തേക്കുള്ള അവരുടെ മാററവും പര്യടനവും വഴി പ്രഘോഷണവും നടക്കണം; സകല ജനതകളും ഇത് ശ്രവിക്കുകയും വേണം.

*'മനുഷ്യപുത്രൻ വരുവോളം നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം സഞ്ചരിച്ചുതീർക്കുകയില്ല'* (10:23). നമ്മുടെ കർത്താവ് പന്ത്രണ്ടുപേരെയും എഴുപതുപേ

www.malankaralibrary.com



രെയും ആദ്യം യഹൂദരുടെ പക്കലേക്ക് പ്രത്യേകമായും, പിന്നീട് ലോകം മുഴുവനിലേക്കും സുവിശേഷപ്രഘോഷണാർത്ഥം പൊതുവായും അയച്ചു. 'നിങ്ങൾ പോയി സമസ്ത ജാതികളെയും ശിഷ്യപ്പെടുത്തുവിൻ' (മത്താ. 28:19) എന്നു പറഞ്ഞതിനാൽ അവിടുന്ന് കുറേപ്പേരുടെ മാത്രമല്ല, എല്ലാവരുടെയും രക്ഷയ്ക്കായിട്ടാണു വന്നത് എന്നു വ്യക്തം. അതുകൊണ്ട്, 'നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം സഞ്ചരിച്ചു തീർക്കുകയില്ല' എന്നതു യഹൂദർക്കുള്ള ഉറപ്പിനുവേണ്ടി മാത്രമാണു പറഞ്ഞത്. താബോർ മലയിൽവച്ച് നമ്മുടെ കർത്താവ് തന്റെ അവസാനത്തെ വരവിന്റെ ഒരു മുൻസൂചന കാണിച്ചപ്പോൾ, പെട്ടെന്നു സംഭവിച്ച ഒന്നിനെപ്പററി എന്ന വണ്ണം സംസാരിച്ചു. ഈ കാഴ്ചയെ, *വരവെന്ന്* അവിടുന്നു വിളിച്ചു. അതായത്, വരാനിരിക്കുന്നതുകൊണ്ട് ഈ മാതൃകയെ അവിടുന്നു വിളിച്ചു. 'മനുഷ്യപുത്രൻ വരുവോളം': ഇതിനു പകരം: ഞാൻ ഒരടയാളം നിങ്ങൾക്കു വിവരിച്ചുതരാം. അതായത്, യൂദായിലെ എല്ലാ നഗരങ്ങളും നിങ്ങൾ ചുററിക്കറങ്ങുന്നതിനുമുൻപ് ഞാൻ നിങ്ങൾക്കു പെട്ടെന്നു മനസ്സിലാക്കിത്തരാം. എന്നാൽ ഞാനിതു പറയുന്നു: അവർക്ക് എന്തെങ്കിലും ദോഷം സംഭവിക്കുന്നതിനു മുൻപ് അവരെ ആശ്വസിപ്പിച്ചുകൊണ്ടും രക്ഷകൻ എന്ന് അംഗീകരിക്കപ്പെട്ടുകൊണ്ടും അവിടുന്ന് എഴുന്നേൽക്കണം; അതും സംഭവിച്ചു കാരണം, അയയ്ക്കപ്പെട്ടവർ, തങ്ങളിലൂടെ നടന്ന മഹനീയസംഗതികൾ വിവരിച്ചുകൊണ്ട് സന്തോഷത്തോടും പരിക്കുകൾ കൂടാതെയും തിരിച്ചുവന്നു. വീണ്ടും, 'മനുഷ്യപുത്രൻ *വരുന്നതുവരെ*' എന്നതു ദൈവം ഇസ്രായേലിനോടു പറഞ്ഞതുപോലെയാണ്: 'നീ എന്റെ നാമം രേഖപ്പെടുത്തുന്നിടത്തെല്ലാം ഞാൻ *വന്ന്* നിന്നെ അനുഗ്രഹിക്കും' (പുറ. 20:24). തന്റെ സഹായത്തെ അവിടുന്ന് *വരവെന്നു* വിളിക്കുന്നു എന്ന് വ്യക്തമാണല്ലോ.

അവിടുന്ന് കഠിനമായ ശാപങ്ങളേററതുപോലെ, അപരിചിതർ ശപിച്ചാൽ ദുഃഖിക്കുകയോ വ്രണിതരാകുകയോ ചെയ്യരുതെന്ന് അവിടുന്ന് അവരെ ഉപദേശിച്ചു: 'ഗുരുവിനേക്കാൾ വലിയ ശിഷ്യനോ, യജമാനനേക്കാൾ വലിയ ദാസനോ ഇല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആകുന്നതുമതി. അവർ വീട്ടുടമസ്ഥനെ ബേൽസെബൂബ് എന്നു വിളിച്ചെങ്കിൽ വീട്ടുകാരെ എത്രയധികമായിട്ടായിരിക്കും വിളിക്കുന്നത്'' (10:24-25). അതായത്, നിങ്ങളെന്നെ ശരിയായി ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. കാരണം ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ ശാപങ്ങളും പീഡനങ്ങളും ഏററിട്ടുണ്ട്; വീണ്ടും

www.malankaralibrary.com



അവ സഹിക്കാൻ പോകുകയാണ്" (യോഹ. 13:13). അങ്ങനെയെങ്കിൽ, എൻെറ ദാസരും ശിഷ്യരുമായ നിങ്ങൾ ക്ലേശങ്ങളിൽ എത്രമാത്രം സ്ഥിരതയുള്ളവർ ആയിരിക്കണം? *'ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല'.* ഗുരുവിനേക്കാൾ വലിയ ശിഷ്യനുണ്ടാകാൻ പാടില്ല എന്നു് അവിടുന്നു കല്പന നൽകുകയല്ല. 'അങ്ങനെയാരുമില്ല' എന്നു പറയുക മാത്രം ചെയ്യുകയാണ്. ശിഷ്യൻ വലിയവനാണെങ്കിൽ പിന്നെ ശിഷ്യൻ എന്നല്ല ഗുരു എന്നാണ് അവനെ വിളിക്കേണ്ടതു്. ധനസ്ഥിതിയിൽ ഉയർന്നുവന്ന നിരവധി ദാസന്മാരുണ്ടല്ലോ; അവർ തങ്ങളുടെ യജമാനന്മാരേക്കാൾ ധനവാന്മാരായിത്തീരുന്നു. ശാമുവേൽ ഏലിയേക്കാൾ മഹാനായിത്തീർന്നു. പൗലോസ് ഗമാലിയേലിനേക്കാൾ മഹാനായിത്തീർന്നു.

'ബേൽസെബൂബ്'' എന്നാൽ പിശാചുക്കളുടെ തലവൻ എന്നാണർത്ഥം. അവർ പിശാചുക്കളുമായി ബന്ധപ്പെട്ടിരുന്നതിനാൽ തങ്ങളുടെ തലവനാരാണെന്നും അവൻെറ പേരെന്താണെന്നും അവൻ അവർക്കു വെളിപ്പെടുത്തിക്കൊടുത്തിരുന്നു. 'വീട്ടുടമസ്ഥൻ' എന്നു് അവിടുന്നു വിളിച്ചതു് പരിശുദ്ധാത്മാവിനെയാണ്. കാരണം, അവിടുന്നാണ് ഭവനത്തിൻെറ നാഥൻ. പിതാവിനോടും പുത്രനോടുംകൂടെ സ്രഷ്ടാവു് എന്ന നിലയിൽ ലോകത്തിൻെറയും താൻ നിർമ്മിച്ചതിനാൽ അവൻെറ ആലയത്തിൻെറയും: 'അവളിൽ ഉത്ഭവിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിലാണ്'' (മത്താ. 1:20). 'ഞാൻ പരിശുദ്ധാത്മാവിനാൽ പിശാചുക്കളെ പുറത്താക്കുന്നെങ്കിൽ' എന്നു് മറ്റൊരിടത്തും കാണിച്ചുകൊണ്ടു്, അവർ പരിശുദ്ധാത്മാവിനെതിരെ ദൈവദൂഷണം പറയുന്നു എന്നു് അവിടുന്നു കാട്ടുന്നു. 'എല്ലാ പാപങ്ങളും ദൈവദൂഷണങ്ങളും മനുഷ്യരോടു് ക്ഷമിക്കപ്പെടും; എന്നാൽ പരിശുദ്ധാത്മാവിനെതിരായവ ക്ഷമിക്കപ്പെടുകയില്ല' (മത്താ. 12:28-32). 'ആരെങ്കിലും മനുഷ്യപുത്രനെതിരായി ഒരു വാക്കു് ഉച്ചരിച്ചാൽ അതു് അവനോടു ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി....' അതായതു് അവർ പറഞ്ഞതു് എത്ര കഠിനതരമായ ദൈവദൂഷണമാണ് എന്നാണർത്ഥം. താരതമ്യംവഴി അവരുടെ പീഡനങ്ങൾ കുറയ്ക്കുന്നതിനാണ് അവിടുന്നു് ഇതു പറഞ്ഞതു്. അതിനുശേഷം അവിടുന്നു് അവരുടെ വാക്കുകൊണ്ടുതന്നെ അവർക്കു പകരം മറുപടി നൽകി, അവരുടെ അപവാദങ്ങളുടെ മുനയൊടിച്ചു. അവരുടെ വാക്കു് അനേകർക്കു് ഇടർച്ചക്കല്ലായിത്തീർന്നു. അതു നമ്മെ മുറിപ്പെടുത്തുകയും ക്ലേശിപ്പിക്കുകയും ചെയ്യുന്നു എന്നു പറയാം. നമ്മെയും നാം പ്രഘോഷിക്കുന്ന പ്രബോധനത്തെയും നിന്ദിച്ചുകൊണ്ടു് നമ്മെ അവർ വെറുക്കുകയും നമുക്കെ

www.malankaralibrary.com



തിരെ ധാരാളം അപവാദം പറഞ്ഞുപരത്തുകയും തദ്ഫലമായി അതു നമ്മിൽ ഭയം ജനിപ്പിക്കുകയും ചെയ്യുന്നു. അതു നീക്കി കൊണ്ടു് അവിടുന്നു പറയുന്നു: 'അവരെ നിങ്ങൾ ഭയപ്പെടേണ്ട. കാരണം വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്നതും അറിയപ്പെടാതെ നിഗൂഢമായിരിക്കുന്നതും ഒന്നുമില്ല. ഞാൻ നിങ്ങളോടു് ഇരുട്ടത്തു് പറയുന്നതു് വെളിച്ചത്തു പറയുവിൻ. നിങ്ങൾ ചെവികളിൽ കേൾക്കുന്നതു് പുരമുകളിൽനിന്നു പ്രസംഗിക്കുവിൻ' (മത്താ. 10:26-27).

ശത്രുക്കൾ നിങ്ങൾക്കെതിരെ നുണ പറഞ്ഞാൽ ഭയക്കേണ്ട. കാരണം ദൂഷണങ്ങൾ നിലനിൽക്കുകയില്ല. സത്യം വെളിപ്പെടുമ്പോൾ അവരുടെ ദൂഷണങ്ങളുടെ കെട്ടുകഥകളെ കാലം കുററപ്പെടുത്തും. ഈ സംഗതികളിൽനിന്നുള്ള വിശദീകരണം എന്റേതാണു്. ഞാൻ പിശാചുക്കളുടെ തലവനല്ലെന്നും ഞാൻ ദൈവപുത്രനാണെന്നും വെളിപ്പെട്ടിരിക്കുന്നു. നിങ്ങൾ എന്നിൽ നിന്നു് ഇരുട്ടിൽ കേട്ടവ, അതായതു് നമ്മൾ രഹസ്യമായി സംസാരിച്ച കാര്യങ്ങൾ. പിടലികടുത്തവരും രോഷാകുലരുമായ ആളുകൾ നിമിത്തം ഞാനീകാര്യങ്ങൾ ഉപമകളിലൂടെയാണു് പറഞ്ഞുതന്നതു്. എന്നാൽ സ്വർഗരാജ്യത്തിന്റെ രഹസ്യങ്ങളും ആശയങ്ങളും അറിവാൻ നിങ്ങൾക്കാണു വരം ലഭിച്ചിരിക്കുന്നതു്. പുറത്തുള്ളവർക്കാകട്ടെ ഉപമകളിലായിട്ടാണു്. നിങ്ങൾ നട്ടുച്ചയ്ക്കു് പുരമുകളിൽ കയറി രാജാക്കന്മാരും ഏകാധിപതികളും ഉൾപ്പെടെ എല്ലാവരുടെയും മുമ്പാകെ അവ സധൈര്യം പ്രഘോഷിക്കണം. നിങ്ങളുടെമേലുള്ള പരിപാലന അവരെ കാണിക്കാനും കർതൃകല്പനാനുസൃതമല്ലാതെ ഒന്നും അവർക്കു് സംഭവിക്കുകയില്ലെന്നു് അവരെ പ്രോത്സാഹിപ്പിക്കാനുമായി അവിടുന്നു പറയുന്നു: 'ഒരു കാശിനു് രണ്ടു കുരികിലുകൾ വിൽക്കപ്പെടുന്നില്ലേ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവിന്റെ അറിവുകൂടാതെ നിലത്തുവീഴുന്നില്ല' (10:29).

നിങ്ങൾ പരീക്ഷണങ്ങൾക്കു വിധേയരാകുന്നതു് ദൈവത്തിന്റെ ശ്രദ്ധക്കുറവുകൊണ്ടാണെന്നു് കരുതരുതു്. മനുഷ്യോപയോഗാർത്ഥം ആരംഭത്തിലേ സൃഷ്ടിക്കപ്പെട്ടില്ലായിരുന്നെങ്കിൽ, ഒരു കാശ്ശു് അതായതു് പത്തു് ഓബോൾ വിലയുള്ള ചെറിയ നിസ്സാര പറവകൾപോലും വലയിൽ വീഴില്ല എന്നു ഗ്രഹിച്ചാലും. സ്വാതന്ത്ര്യത്തോടുകൂടി സൃഷ്ടിക്കപ്പെട്ടവരും തന്റെ സ്വന്തഭവനക്കാരും തന്റെ ഛായയും സാദൃശ്യവും ആയ നിങ്ങളുടെ കാര്യത്തിൽ അവിടുന്നു് എത്രയധികമായി ശ്രദ്ധ ചെലുത്തുകയില്ല! 'പിതാവിനെക്കൂടാതെ നിസ്സാര കുരികിൽപോലും

www.malankaralibrary.com



വലയിൽ വീഴുന്നില്ല' എന്ന കർത്തൃവചനത്തിൽനിന്നു് യാതൊന്നും നമ്മുടെ നിയന്ത്രണത്തിലല്ലെന്നും എല്ലാം നിശ്ചയമായും ദൈവത്തിന്റെ കരങ്ങളിലാണെന്നും, മനുഷ്യസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന ചിലർ വിഭാവന ചെയ്യുന്നു. എല്ലാം നമ്മുടെ നിയന്ത്രണത്തിൻകീഴിലല്ല. എന്നാൽ ചില കാര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിനു വിധേയമാണ്, ചിലതു് അവിടുത്തേയും. നന്മ തെരഞ്ഞെടുത്തു് പഠിക്കാൻ നമുക്കു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ അതിന്റെ അന്ത്യവും നിയന്ത്രണവും മുകളിൽനിന്നാണ്. ദൈവികശക്തിയാൽ മാത്രമാണ് കുരികിലുകൾ താഴെ വീഴുന്നതെങ്കിൽ അമ്പും വില്ലും ഉപയോഗിച്ചു് അമ്പെയ്യുന്നവരുടെ വിദ്യയ്ക്കു് എന്തു പ്രസക്തി? വലയും വേട്ടക്കാരന്റെ വിദ്യകളും കൂടാതെ കുരുവി താഴെവീഴുന്നതു് ആരെങ്കിലും കണ്ടിട്ടുണ്ടോ? ഇവ മനുഷ്യന്റെ ഉപയോഗത്തിനോ, വ്യായാമത്തിനോ, മററു കാര്യങ്ങൾക്കോ അല്ലെങ്കിൽ താഴെപ്പറയുന്ന വാക്കിന്റെ ശക്തി എന്താണ്? 'അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും....മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ' (ഉല്പ. 1:26). പറവകൾ താഴെ വീഴുകയില്ലായിരുന്നു; മത്സ്യം കടലിൽനിന്നു് കരയ്ക്കും കാണപ്പെടുകയില്ലായിരുന്നു. എങ്കിലും ബുദ്ധി ദൈവത്തിൽനിന്നാണ്. ബുദ്ധി ഉപയോഗിച്ചു് ബുദ്ധിജീവികൾ അവയൊക്കെ കണ്ടുപിടിച്ചു് ഉപയോഗിക്കുന്നു.

*''ഞാൻ വന്നിരിക്കുന്നത് സമാധാനമല്ല, വാൾ സ്ഥാപിക്കുവാനാണ്''* (10:34). സ്വർഗത്തിലും ഭൂമിയിലും ഉള്ള സകലതിനെയും അനുരഞ്ജിപ്പിക്കാനാണ് അവിടുന്നു വന്നിരിക്കുന്നതു് എന്നതു് (കൊളോ. 1:20) എങ്ങനെ ഇതുമായി ഒത്തുപോകും? അല്ലെങ്കിൽ ''അവൻ വിജാതിയരോടു് സമാധാനം സംസാരിക്കും'' എന്ന പ്രവാചകവചനം, 'സമാധാന രാജാവ്', 'അവന്റെ സമാധാനത്തിന് അവസാനം ഉണ്ടാകുകയില്ല', 'അവിടുന്നു് നമ്മുടെ സമാധാനം ആകുന്നു', 'എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു' (സഖ.9:10; ഏശാ.9:6-7; എഫേ. 2;14) ആദിയായവ ഇതുമായി എങ്ങനെ ഒത്തുപോകും?

അവിടുന്നു് ലക്ഷ്യംവച്ചാണ് ആ വാക്കുച്ചരിച്ചതു്; എന്നാൽ സമഗ്രമായിട്ടല്ല. കാരണം, അവിടുന്നു തന്നെയാണ് സമാധാനം പ്രസംഗിച്ചതു്. അവനെ സ്വീകരിച്ചവർക്കാണു സമാധാനം ഉണ്ടായിരുന്നതു് (യോഹ. 14:27). വിശ്വാസികൾ അവിശ്വാസികളിൽനിന്നു വേർതിരിക്കപ്പെട്ടിരുന്നു. അതുകൊണ്ടു് മിശിഹായിൽ വിശ്വസിക്കാഞ്ഞതിനാൽ പിതാക്കൾ മക്കൾക്കെതിരായിരിക്കുമെന്നും, തങ്ങളുടെ പിതാക്കന്മാരുടെ

www.malankaralibrary.com



വിശ്വാസം വിട്ടുപേക്ഷിച്ച്, മക്കൾ തങ്ങളുടെ പിതാക്കളുമായി തർക്കിക്കുമെന്നും ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് അവിടുന്നു സൂചിപ്പിക്കുന്നു. ഇവ സംഭവിക്കുമ്പോൾ, 'വരാനിരുന്നവ അവിടുത്തേക്കറിയാൻ പാടില്ലാത്തതിനാൽ ഞങ്ങൾക്കു വെളിപ്പെടുത്തിയില്ല' എന്നു തൻെറ ശിഷ്യരും മററുള്ളവരും കരുതാതിരിക്കാൻ, നിഗൂഢവും വിദൂരത്തിലുള്ളവയും എല്ലാം തനിക്കറിയാം എന്നു കാണിക്കാനായി അവിടുന്ന് ഉചിതമായി ഭാവികാര്യങ്ങൾ അവരെ കാണിച്ചെന്നു മാത്രം. അതായത്, 'ഒരു മനുഷ്യൻെറ വീട്ടുകാർ തന്നെ അവൻെറ ശത്രുക്കളായിരിക്കും' (മിക്കാ. 7:6). ജോയൽ പ്രവാചകനിൽ ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നു.

*'തൻെറ കുരിശെടുത്തുകൊണ്ട് എൻെറ പിന്നാലെ വരാത്ത ഒരുത്തനും എൻെറ ശിഷ്യനായിരിക്കാൻ അർഹനല്ല'* 10:38). തൻെറ സ്നേഹം നിമിത്തം, ഈ ലോകത്തിനു ക്രൂശിക്കപ്പെട്ടവനാണെന്നു സ്വയം കരുതാത്തവൻ തൻെറ ശിഷ്യത്വത്തിനു യോഗ്യനല്ല. കുരിശിനെപ്പററി മൂന്നു തരത്തിൽ പറഞ്ഞിരിക്കുന്നു: അവിടുത്തെ നാമത്തിൽ കുററാരോപണങ്ങളും പീഡനങ്ങളും കഷ്ടതകളും മരണവും ഉണ്ടാകുമ്പോൾ അവ സഹിക്കുന്നത്. രണ്ട്, നീതിമാന്മാരുടെയും സുകൃതമുള്ളവരുടെയും കഷ്ടപ്പാടുകളും അദ്ധ്വാനങ്ങളും കണ്ണുനീരും വിയർപ്പുമെല്ലാം. മൂന്ന്, ക്രൂശിതന് ഒന്നും കൈയിലെടുക്കാൻ സാധിക്കാത്തതുപോലെ, ഈ ലോകത്തിലെ നാശനഷ്ടങ്ങളും ഇല്ലായ്മകളും.

*'തൻെറ ജീവനെ കണ്ടെത്തുന്നവൻ അതു നശിപ്പിക്കും; എന്നെക്കുറിച്ചു തൻെറ ജീവനെ നശിപ്പിക്കുന്നവൻ അതു കണ്ടെത്തും'* (10:39). ഇവിടെയുള്ള തൻെറ ജീവിതത്തെപ്പററി കരുതലുള്ളവൻ യഥാർത്ഥ ജീവിതം തള്ളിക്കളയുന്നു. എന്നാൽ തങ്ങൾക്കിഷ്ടമുള്ളതു ചെയ്യാനായി, തന്നെത്തന്നെ ശക്തീകരിക്കുകയും ഈ ശത്രുക്കൾക്ക് സ്വമേധയാ തൻെറ ജീവൻ കയ്യാളിക്കുകയും ചെയ്യുന്നവൻ, ഇതു നിമിത്തം കൂടുതൽ ശ്രേഷ്ഠമായ പ്രതിഫലം പ്രാപിക്കും. ഇവിടെയുള്ള ജീവിതത്തെയാണ് *ജീവൻ* എന്ന് അവിടുന്നു വിളിക്കുന്നത്.

*'പ്രവാചകൻെറ നാമത്തിൽ പ്രവാചകനെ സ്വീകരിക്കുന്നവൻ....'* (10:41). ഒരുക്കിയിരിക്കുന്നവ അവരുമായി പങ്കിടുന്നവർ. മാനുഷിക ബഹുമാനത്തിനോ ലൗകികനേട്ടങ്ങൾക്കോ അല്ല; കാരണം അനേകർ ഈ കാരണങ്ങളാൽ തങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നുണ്ട്. അയാൾ ഒരു പ്രവാചകനോ നീതി

www.malankaralibrary.com



മാനോ ആണെന്ന കാരണത്താൽ മാത്രം, മറെറാരു കാരണത്താലുമല്ല. അതായത്ത്, മിശിഹായോടുള്ള *ബഹുമാനത്തെ* പ്രതി മാത്രം. മററുചിലർ: ഒരു കപടനാട്യക്കാരാകാതിരിക്കാൻ, അനേകർ പിൻവാങ്ങുന്നതിനാൽ; അവർക്ക് നീതിമാൻെറ പ്രതിഫലം ലഭിക്കുകയും ചെയ്യും.

*'വരാനിരിക്കുന്നവൻ നീ തന്നെയോ, അതോ മറെറാരുത്തനെ ഞങ്ങൾ കാത്തിരിക്കണമോ'* എന്നു ചോദിക്കുവാനായി 'യോഹന്നാൻ തൻെറ ശിഷ്യരെ', അതായത്ത്, അന്ത്രയോസിനെയും യോഹന്നാനെയും അയച്ചു (11:1-3). മരണം വഴി തനിക്കു മോചനം ലഭിക്കേണ്ട സമയം അടുത്തതിനാൽ, അവിടുന്നാണോ ഉത്ഥാനം പ്രദാനം ചെയ്യുന്നവൻ എന്ന് നമ്മുടെ കർത്താവിൽ നിന്നു തന്നെ അറിയാൻ യോഹന്നാൻ ആഗ്രഹിച്ചു എന്നും ജീവിച്ചിരിക്കുന്നവരോട് പ്രസംഗിച്ചതുപോലെ മരിച്ചവരോടും അവൻ പ്രസംഗിക്കേണ്ടിയിരിക്കുന്നു എന്നും ചിലർ പറയുന്നു. അവക്കു വളരെ തെററിപ്പോയി. കാരണം അവനു് അതറിയില്ലാതിരുന്നെങ്കിൽ, 'കുഞ്ഞാടിൻെറ സാക്ഷ്യം' അവനെപ്പററി എങ്ങനെയവൻ നൽകുമായിരുന്നു? എങ്കിലും വിശുദ്ധരുടെ മാത്രമല്ല, നമ്മുടെ കർത്താവിൻെറയും പതിവ് ഇതായിരുന്നു. അതായത്ത്, അത്തിമരത്തോടും, രക്തസ്രാവക്കാരിയോടും കനാൻകാരി സ്ത്രീയോടും ചെയ്തതുപോലെ, മറിച്ചു ചെയ്യുമ്പോഠം മറിച്ചു പറയുക. യോഹന്നാനും അപ്രകാരം പ്രവർത്തിച്ചു എന്നേയുള്ളു. കാരണം, പ്ലേറോയുടെയും അരിസ്റ്റോട്ടലിൻെറയും കാര്യത്തിൽ എന്നപോലെ, തൻെറ മരണശേഷം തൻെറ ശിഷ്യർ തൻെറ നാമത്തിൽ പാഷണ്ഡതകഠം ഒന്നും തുടങ്ങാതെ, യേശുവിനെ ഗുരുവും നാഥനുമായി കണക്കാക്കണം എന്നു് യോഹന്നാൻ ആഗ്രഹിച്ചതിനാലാണു്, ജീവിച്ചിരിക്കുമ്പോഠംതന്നെ നമ്മുടെ കർത്താവിൻെറ പക്കലേക്കു് തൻെറ ശിഷ്യരെ അവിടുന്നു് അയച്ചതു്. അവരെ അയച്ചയാളിൻെറ ഉദ്ദേശ്യം എന്താണെന്നു് നമ്മുടെ കർത്താവിനറിയാമായിരുന്നു. അതുകൊണ്ടു്, അവരുടെ ഉറപ്പിനുവേണ്ടി അവരുടെ കൺമുമ്പിൽ അവൻ പല അടയാളങ്ങളും പ്രവർത്തിച്ചു.

*'ദരിദ്രരോടു് സുവിശേഷം പ്രഘോഷിക്കപ്പെടുന്നു'* (11:5). ദുഷ്പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നവരെ പററിയും സദ്പ്രവൃത്തികഠം ഒന്നും ഇല്ലാത്തവരെപ്പററിയുമാണു് അവിടുന്നിതു പറഞ്ഞതു്. പാപങ്ങളുടെ പൊറുതിയും മരിച്ചവരിൽനിന്നുള്ള ഉത്ഥാനവും മരണത്തിൻെറ നാശവും അവരോടാണു് പ്രഘോഷിക്കപ്പെട്ടിരിക്കുന്നതു്. അവിടുത്തേപ്പററി പ്രഘോഷിച്ച യോഹന്നാൻ തന്നേക്കാഠം അവിടുന്നു് കൂടിയവ

www.malankaralibrary.com



നാണോ എന്നു് ചോദിച്ചപ്പോഠം, കേട്ട ജനക്കൂട്ടം സംശയാലു ക്കളായി. നമ്മുടെ കർത്താവു് അവരുടെ ദുർബലമനസ്സുകളെ ശക്തിപ്പെടുത്തിക്കൊണ്ടു് പറഞ്ഞു: *'നിങ്ങഠം എന്തു കാണു വാൻ മരുഭൂമിയിലേക്കു പോയി? കാററുകൊണ്ടു് ഇളകുന്ന ഞാങ്ങണയോ?'*. അവൻെറ പ്രസംഗം കേട്ടു് നഗരം വിട്ടു് നിങ്ങഠം മരുഭൂമിയിലേക്ക പോയല്ലോ. അവനെപ്പററി ആദ്യം നിങ്ങഠംക്കുണ്ടായിരുന്ന അഭിപ്രായം എന്തായിരുന്നു? കാററിലാടുന്നതും എല്ലാ വശത്തേക്കും ചരിയുന്നതുമായ ഞാങ്ങണപോലെ, ഒരിക്കൽ അവിടുത്തെ 'കുഞ്ഞാടു്' എന്നു വിളിക്കുകയും മറെറാരവസരം 'വരാനിരിക്കുന്നവൻ നീ തന്നെയോ' എന്നു ചോദിക്കുകയും തന്നെ സമീപിച്ചവരെ നോക്കി അഭിപ്രായം മാററുകയും ചെയ്യുന്ന ബലഹീന മനുഷ്യനെ കാണാനാണോ നിങ്ങഠം പോയതു്; അവർ വന്ന കാരണത്തെപ്പററി അവിടുന്നു് നിശ്ശബ്ദത പാലിച്ചു. കാരണം, അതു പറയാൻ അപ്പോഴും സമയമായില്ല. *'പ്രവാചകരിലും വലിയവൻ'* എന്നതിനേപ്പററി: അവൻ അവരെപ്പോലെ ദൂരെനിന്നല്ല, പിന്നെയോ അടുത്തും പരസ്യമായുമാണു് അന്വേഷിച്ചതു്. മലാഖി പ്രവചനസാക്ഷ്യം തന്നെപ്പററിയാണെന്നു് അവൻ ഉറപ്പിച്ചു; 'ഇതാ, ഞാൻ എൻെറ ദാസനെ നിൻെറ മുമ്പാകെ അയയ്ക്കുന്നു' (3:1) എന്നതായിരുന്നു അവനെപ്പററി എഴുതപ്പെട്ടിരുന്നതു്. നമ്മുടെ കർത്താവിനെ സ്നാനപ്പെടുത്താൻ അവൻ യോഗ്യനായിത്തീർന്നു.

## പുസ്തകം VIII

*'സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാഠം വലിയവനില്ല. എന്നാൽ സ്വർഗരാജ്യത്തിലെ ചെറിയവൻ അവനേക്കാഠം വലിയവനാകുന്നു'* (11:12). *ചെറിയവൻ* എന്നതു് സെബദിപുത്രനായ യോഹന്നാനാണു് എന്നു ചിലർ പറയുന്നു. യൂദാസ്കറിയോത്തായ്ക്കുപകരം വന്ന മത്തിയാസാണു് എന്നു് വേറെ ചിലർ. മാലാഖമാരേക്കാഠം അല്പം താണ ആദാമാണു് അതു് എന്നു് മററു ചിലർ. 'യോഹന്നാനേക്കാഠം രാജ്യത്തിൽ വലിയവനായ *ചെറിയവൻ* മിശിഹാ ആണു്'' എന്നു് *സേവേരൂസ്* പറയുന്നു. *ജോൺ ക്രിസോസ്തോമിൽ*നിന്നുള്ള ഒരു സാക്ഷ്യവും അദ്ദേഹം ഉദ്ധരിക്കുന്നു. എന്നാൽ അവർക്കെല്ലാം തെററുപററി.

തിരുലിഖിതങ്ങഠം രണ്ടുതരം ജനനത്തെപ്പററി പറയുന്നു: സ്ത്രീയിൽനിന്നും കല്ലറയിൽനിന്നും. അതിനുശേഷം നാം നവ

www.malankaralibrary.com



ജീവിതത്തിൽ ആയിരിക്കും. അതിൻെറ മുൻകുറിയാണു സ്നാനം. സ്നാനത്തെ പുനർജന്മം എന്നു് നാം വിളിക്കുന്നു. നമ്മുടെ കർത്താവും ഈ കാര്യം സാക്ഷ്യപ്പെടുത്തുന്നു: 'ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ....' (യോഹ. 3:5). സ്ത്രീകളിൽനിന്നു ജനിച്ചവരുമായി താരതമ്യപ്പെടുത്തിയാൽ യോഹന്നാൻ എല്ലാവരിലും ഉന്നതനും ശ്രേഷ്ഠനുമാണു് എന്നു് അവിടുന്നു പറയുന്നു. അവൻ മാത്രമാണു് അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു് നിറഞ്ഞവൻ. അവൻ ആനന്ദത്താൽ ഉദരത്തിൽ കുതിച്ചു, തൻെറ അമ്മയെയും കൃപയാൽ നിറച്ചു. അങ്ങനെ അവളേക്കാരം മഹനീയമായ കാര്യങ്ങദം അവരം പ്രവചനമായി പറഞ്ഞു. ഈ കാര്യത്തിലും സ്വർഗരാജ്യത്തിലെ പൗരത്വം ഇപ്പോഴേ ലഭിച്ച വിശ്വാസികളുമായി അവനെ താരതമ്യപ്പെടുത്തിയാൽ, അവനിപ്പോഴും ഈ മർത്ത്യലോകത്തായിരിക്കുന്നതിനാൽ അവരുടെ ഇടയിലെ ചെറിയവരേക്കാരം ചെറിയവനാണു്. മരിക്കാതിരിക്കുന്നതിനുള്ള കൃപ അവനു് ഇപ്പോഴും ലഭിച്ചിരുന്നില്ല. അവിടുന്നു് കൃപയെ കൃപകൊണ്ടും, ലോകത്തെ ലോകംകൊണ്ടും താരതമ്യപ്പെടുത്തുന്നു. ഈ ലോകത്തിൽവച്ചു് യോഹന്നാൻ മററെല്ലാവരെക്കാളും കൃപ പ്രാപിച്ചു. എന്നാൽ വരാനിരിക്കുന്നലോകത്തിൻെറ പരിപൂർണത അവൻ പ്രാപിച്ചില്ല. യോഹന്നാൻ ഇവിടെ പ്രാപിച്ചതിലും വലുതാണു് അവിടെ ഒരു ചെറിയവൻ പ്രാപിക്കുന്ന കൃപ. ഒരു ചെറിയ ആരംക്കു് അവിടെയുള്ള മഹത്വം ഇത്ര വലുതാണെങ്കിൽ, അവിടെ യോഹന്നാൻ പ്രാപിക്കാൻ പോകുന്നതു് താരതമ്യാതീതമായിരിക്കും. അതുകൊണ്ടു് യോഹന്നാനെ മററുള്ളവരേക്കാരം അവിടുന്നു് ചെറുതാക്കുകയല്ല, വരാനിരിക്കുന്ന ലോകത്തിൻെറ ഔന്നത്യം ഈലോകത്തിൻേറതിനേക്കാരം ശ്രേഷ്ഠമാണെന്നു കാട്ടുക മാത്രമാണു് ചെയ്യുക. എന്നാൽ 'സ്വർഗരാജ്യം ബലത്താൽ പിടിച്ചെടുക്കുന്ന ബലപ്രയോഗികരം' എന്നതിനർത്ഥം, വരാനിരിക്കുന്ന ലോകത്തെപ്പററിയുള്ള പ്രത്യാശയാൽ ദൃശ്യവസ്തുക്കളെക്കുറിച്ചു് യുദ്ധങ്ങളും കായക്ലേശങ്ങളും സ്വീകരിക്കുന്നവർ എന്നാണർത്ഥം.

*'ജ്ഞാനം അതിൻെറ മക്കളാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു'* (11:19). നമുക്കുവേണ്ടിയുള്ള ഈ വ്യാപാരത്തെ അവിടുന്നു് *ജ്ഞാനം* എന്നു വിളിക്കുന്നു; സുകൃതത്തിലേക്കു തിരിയുന്നവരെ *മക്കരം* എന്നും. *നീതീകരിക്കപ്പെട്ടിരിക്കുന്നു* എന്നതു്, അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതായതു്, അവരെല്ലാം നീതിപൂർവ്വം ചെയ്യുകയും മനുഷ്യരെ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ വെറുതെയല്ല, പ്രയോജനരഹിതമായുമല്ല.

www.malankaralibrary.com



*'അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ'* (11:28). എന്നിലേക്ക തിരിയുക. ധാരാളം ചുമടുകളുള്ളതും എളുപ്പം ചെയ്യാൻ കഴിയാത്തതുമായ നിയമത്തിന്റെ ബന്ധനത്തിൽനിന്നു ഞാൻ നിങ്ങളെ സ്വതന്ത്രരാക്കാം. നിങ്ങൾക്കായി പാപഭാരം നിങ്ങൾ സമ്പാദിക്കുകയായിരുന്നു; അതിനുവേണ്ടി നിങ്ങൾ വലിയ പിഴയും ഒടുക്കി. *'എന്റെ നുകം മധുരമാകുന്നു, എന്റെ ചുമട് ലഘുവുമാകുന്നു'* (11:30). ക്ഷമ നിമിത്തം എന്റെ നുകം എളുപ്പമാണ്. എന്റെ നുകം ലഘുവുമാണ്. കാരണം നിരവധി കല്പനകളും വിവിധ അനുഷ്ഠാനങ്ങളും അതു് ആവശ്യപ്പെടുന്നില്ല. പ്രത്യുത ആത്മാവിന്റെ ഇച്ഛയും തിന്മയ്ക്കു മുൻപിൽ നന്മ തിരഞ്ഞെടുക്കണം എന്ന കാര്യവും മാത്രം.

*'മനുഷ്യപുത്രൻ ശാബത്തിന്റെയും കർത്താവാകുന്നു'* (12:8). ദാരിദ്ര്യംകൊണ്ടോ വിശപ്പുകൊണ്ടോ ശാബതിൽ കതിരു് പറിക്കുകയോ കൊയ്യുകയോ ചെയ്യുവാൻ നിർബന്ധിതരാകുന്നവരെ നാം കുററപ്പെടുത്തരുതു് എന്നാണർത്ഥം. കാരണം, ശാബത്തു് മനുഷ്യനുവേണ്ടിയായിരുന്നു (മർക്കോ.2:27). ശാബത്തു് ആർക്കുവേണ്ടി ക്രമീകരിക്കപ്പെട്ടോ, ആ മനുഷ്യൻ വിശപ്പുകൊണ്ടു് നശിക്കാതിരിക്കുക എന്നതു് എത്രയധികം ശരിയായിട്ടുള്ള കാര്യമാണ്.

*'അവിടുന്ന് ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല, മങ്ങിക്കത്തുന്ന വിളക്ക് കെടുത്തുകയുമില്ല'* (12:20). ചതഞ്ഞ ഞാങ്ങണപോലെയും മങ്ങിക്കത്തുന്ന വിളക്കുപോലെയും ബലഹീനരോടു് അവിടുന്നു് ദീർഘശാന്തതയോടുകൂടി അനുഭാവപൂർവ്വം വർത്തിക്കുന്നു. തന്റെ അത്ഭുതകർമ്മങ്ങളും പരസ്യമാക്കാൻ അവിടുന്നാഗ്രഹിച്ചില്ല; അവർ കോപത്തിനും ക്രോധത്തിനും കൂടുതൽ ശക്തമായി വിധേയരാകാതിരിക്കാനും പൂർണമായി തങ്ങളുടെമേൽതന്നെ ശാപം വലിച്ചുവയ്ക്കാതിരിക്കാനുമാണിതു്.

*'നിങ്ങളുടെ മക്കൾ എന്തിനെക്കൊണ്ട് പുറത്താക്കുന്നു?'* അവൻ തന്റെ ശിഷ്യരെ അവരുടെ *മക്കൾ* എന്നു വിളിക്കുന്നു; കാരണം, ചിലർ അവരുടെ ഗോത്രത്തിൽപ്പെട്ടവരായിരുന്നു. പിശാചിനു് തന്നെത്തന്നെ പുറത്താക്കാൻ കഴിയുകയില്ല എന്ന് കാണിച്ചുകൊണ്ടു് അവിടുന്നു പറയുന്നു: 'ആദ്യമേ ബലവാനെ ബന്ധിക്കാതെ അവന്റെ വീട്ടിൽ കടന്നു ചെന്നു് അവന്റെ സാമാനങ്ങളും സമ്പാദ്യങ്ങളും കവർച്ച

www.malankaralibrary.com



ചെയ്യാൻ എങ്ങനെ സാധിക്കും?' സാത്താനെ അവൻ *ബലവാനെന്നും* മനുഷ്യരെ *അവൻെറ സാമാനങ്ങളും സമ്പാദ്യങ്ങളും* എന്നും അവൻ വിളിക്കുന്നു. ശക്തനെ ബന്ധിക്കാതെ അവൻെറ വീട്ടിൽ കവർച്ച നടത്താൻ സാധ്യമല്ല എന്ന് അവൻ പറയുന്നു. അതുപോലെ, തങ്ങളുടെ ദുഷ്ടത നിമിത്തം പൈശാചിക ശക്തിക്കധീനരായ മനുഷ്യരിൽനിന്ന് പിശാചിനെ ഓടിക്കാൻ, അവയോടു പോരാടി അവയെ ബന്ധിച്ച കർത്താവിനല്ലാതെ ആർക്കും സാധിക്കുകയില്ല. തൻെറ സമ്പാദ്യത്തെപ്പററി പിശാചിന് മേലിൽ ഒരവകാശവാദവും പുറപ്പെടുവിക്കാൻ സാധ്യമല്ല. പിശാചുക്കൾക്ക് തങ്ങളെത്തന്നെ ബന്ധിക്കാനും മനുഷ്യരെ തങ്ങളുടെ പിടിയിൽനിന്ന് വിമുക്തരാക്കാനും സാധിക്കുകയില്ല. താനും പിശാചും തമ്മിൽ വ്യത്യാസം ഉണ്ടെന്നു കാണിച്ചുകൊണ്ട് അവിടുന്നു പറയുന്നു: *"എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ചേർക്കാത്തവൻ ചിതറിക്കുന്നു"*(12:30). ഇതെങ്ങനെ നടക്കും? എന്ന് അവിടുന്നു ചോദിക്കുന്നു. ഞാനും പിശാചും പരസ്പരം യോജിക്കുമോ? ഞാൻ സ്പഷ്ടമായി അവയ്ക്കെതിരെ പ്രവർത്തിക്കുന്നു; അവ മറിച്ചു പ്രവർത്തിക്കാൻ ശ്രമിക്കുന്നു.

## പുസ്തകം IX

*'ആരെങ്കിലും മനുഷ്യപുത്രനു വിരോധമായി ഒരുവാക്കു പറഞ്ഞാൽ അവനോടു ക്ഷമിക്കപ്പെടും; എന്നാൽ പരിശുദ്ധാത്മാവിനു വിരോധമായി... ക്ഷമിക്കപ്പെടുകയില്ല'* (12:32). അവിടുത്തേയ്ക്കെതിരായി ദൈവദൂഷണം പറഞ്ഞാലും പൂർണമായി ക്ഷമിക്കപ്പെടുമെന്നും പരിശുദ്ധാത്മാവിനെതിരായി ദൈവദൂഷണം പറഞ്ഞവൻ അനുതപിച്ചാലും വാതിലടയ്ക്കപ്പെട്ടിരിക്കയാണെന്നും ഇത് അർത്ഥമാക്കുന്നില്ല. പരിശുദ്ധാത്മാവിനെതിരെയുള്ള ദൈവദൂഷണവുമായി താരതമ്യപ്പെടുത്തുമ്പോൾ തനിക്കെതിരെയുള്ള ദൂഷണത്തിൻെറ കാഠിന്യം അവിടുന്നു കുറയ്ക്കുന്നു എന്നേയുള്ളു. കാരണം, അവർ അവിടുത്തെ വെറുമൊരു മനുഷ്യനായി മാത്രം കരുതി. "പരിശുദ്ധാത്മാവ്" എന്നിവിടെ പറയുന്നത് ദൈവത്വത്തിൻെറ സമഗ്രപ്രകൃതിയെപ്പററിയാണെന്ന് ചിലർ പറയുന്നു. അതിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഉണ്ട്. 'ദൈവം ആത്മാവാണ്" എന്ന് അവിടുന്ന് എവിടെയോ പറഞ്ഞിട്ടുണ്ടല്ലോ (യോഹ. 4:24).

*'ഒന്നുകിൽ വൃക്ഷം നല്ലത്, അതിൻെറ ഫലങ്ങളും നല്ലത്; അല്ലെങ്കിൽ വൃക്ഷം ചീത്ത, ഫല*

www.malankaralibrary.com



*ങ്ങളും ചീത്ത* (12:33). *നല്ല മരം* പരിശുദ്ധാത്മാവാണ്. മനുഷ്യരിൽനിന്ന് പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതാണ് *നല്ല ഫലം. ചീത്ത മരം* സാത്താനാണ്; മനുഷ്യരുടെ ഉള്ളിൽ വസിക്കുന്നതാണ് *ചീത്ത ഫലം.* ഇതു പറഞ്ഞുകൊണ്ട്, ഒന്നു കിൽ ദുഷ്ടൻെറ വാസം നല്ലതും, അവനെ മനുഷ്യരിൽനിന്ന് പുറത്താക്കുന്നതു ചീത്തയും; സാത്താനിൽ നിങ്ങൾ ആരോപിച്ചതു തെററാണ്. എന്നാൽ പിശാചിനെ പുറത്താക്കുന്നതു നല്ലതാണെങ്കിൽ, എങ്ങനെ ഈ സദ്പ്രവൃത്തി സാത്താനു ആരോപിക്കാനാവും? അവൻെറ ദുഷ്ടതയെപ്പററി എല്ലാവർക്കും അറിവുള്ളതാണല്ലോ.

നമ്മുടെ കർത്താവ് *'മൂന്നു പകലും മൂന്നു രാവും ഭൂമിയ്ക്കുള്ളിൽ'* ആയിരുന്നു എന്നതിനെപ്പററി പൗരാണിക പ്രബോധകരും *ഹെനാനായും* പറയുന്നതു ഇപ്രകാരമാണ്: വെള്ളിയാഴ്ചയുടെ ഭാഗമാണ് *ഒരു പകൽ*; നട്ടുച്ചയുള്ള അന്ധകാരമാണ് *ഒരു രാത്രി.* ഇരുട്ടിനുശേഷമുള്ള മൂന്നു മണിക്കൂർ *ഒരുദിവസം.* ശാബതിൻെറ *രാത്രിയും പകലും.* ആഴ്ചയിലെ ആദ്യദിവസത്തിൻെറ *രാത്രി.* എല്ലാംകൂടി ആറ്: മൂന്നുപകലും മൂന്നു രാത്രിയും.

*"ഭൂമിക്കുള്ളിൽ"* എന്നതു തന്നിൽ നിറവേറി. 'അവിടുന്നു പാതാളത്തിലേക്കിറങ്ങി അവിടെ ബന്ധനസ്ഥരായിരുന്ന ആത്മാക്കളോടു പ്രസംഗിച്ചു' എന്ന് പത്രോസ് പറയുന്നു (1 പത്രോ. 3:19). അവിടുന്ന് തൻെറ ശരീരം മുറിച്ചും രക്തം കലർത്തിയും കൊടുത്ത സമയം മുതൽ ആണെന്നു മററുചിലർ പറയുന്നു. കാരണം, ആ സമയം മുതൽ നമ്മുടെ കർത്താവു മരിച്ചതായി കരുതപ്പെട്ടു. കാരണം മരിക്കാത്തതിനെ ആരും ഭക്ഷിക്കുന്നില്ല. ദിവസത്തിൻെറ ഭാഗത്തെ മുഴുവൻ ദിവസമായി കണക്കാക്കുന്നു. ലൗകിക രീതിയിലും തിരുലിഖിതശൈലിയിലും ഇതത്ര കൃത്യമല്ല. കാരണം, അവിടുന്നു *മൂന്ന് ദിനങ്ങൾ* എന്ന് പറഞ്ഞില്ല. പിന്നെയോ *മൂന്നു രാവും മൂന്നു പകലും* എന്നേ പറഞ്ഞുള്ളു. അവൻ നുണപറയുകയാണ് എന്നു തർക്കിച്ച യൂദർക്കെതിരെ: അനേകകാര്യങ്ങൾ കൊണ്ടു അവരെ നിശ്ശബ്ദരാക്കാനാവും: ഒന്ന്, ആദാമിനെ സംബന്ധിച്ച്: ഈ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുന്ന *ദിവസം* നീ നിശ്ചയമായി മരിക്കും (ഉല്പ.2:17). അതിനുശേഷം അവൻ 930 വർഷം ജീവിച്ചു. മനുഷ്യൻെറ ആയുസ്സ് 120 വർഷമായിരിക്കും (ഉല്പ.6:3). എന്നാൽ പിന്നീടു അതിൻെറ ഇരട്ടി ജീവിച്ചു എന്നു കാണുന്നു. അറുപത്തേഴ് വർഷം കഴിഞ്ഞ് എഫ്രേം വെട്ടിമാററപ്പെടും (ഏശ. 7:8); എന്നാൽ പതിനഞ്ച് വർഷം

www.malankaralibrary.com



കഴിഞ്ഞ് അവൻ അടിമത്തത്തിലായി. 'ഞാൻ മേലിൽ ഭൂമിയെ ശപിക്കുകയില്ല' (ഉല്പ. 8:21) എന്നാൽ 'ശാപം ഭൂമിയെ വിഴുങ്ങും' എന്നും (ഏശാ. 24:6), 'അവിടുന്നു ഫലപുഷ്ടിയാർന്ന ഭൂമിയെ ഓരുനിലമാക്കുന്നു' എന്നും (സങ്കീ.107:34) പിന്നീട് പറഞ്ഞിരിക്കുന്നു. 'നീ മരിക്കും, ജീവിക്കയില്ല' എന്ന് അവിടുന്ന് ഹെസക്കിയായോട് പറഞ്ഞു. പിന്നീട്, 'ഇതാ, നിന്റെ ദിവസങ്ങളോട് പതിനഞ്ചു വർഷംകൂടി ഞാൻ കൂട്ടുന്നു' എന്നു പറഞ്ഞിരിക്കുന്നു (2 രാജാ. 20:1-6).

ഒരു ഭാഗത്തിൽനിന്ന് മുഴുവനെയുംപററി പറയുന്നതു ലൗകികഭാഷയും തിരുലിഖിതരീതിയുമാണെന്ന് *ഭാഷ്യകാരനും* അദ്ദേഹത്തിന്റെ ശിഷ്യഗണവും പറയുന്നു: 'സന്ധ്യയായി ഉഷസായി, ഒന്നാം ദിവസം' (ഉല്പ. 1:5). സന്ധ്യമുതലുള്ള രാത്രി മുഴുവനെയും, പ്രഭാതം മുതലുള്ള ദിവസത്തെയും കൂട്ടുന്നു; വഴിക്കുവച്ച് ഇസ്രായേലിന്റെ രാജാവ് അന്തരിച്ചു (ഉല്പ.45:26). നിന്റെ പക്കലേക്കു എല്ലാ ജനവും വന്നെത്തും (സങ്കീ.65:2) എന്നു പറയുന്നതുപോലെ. ഒരാറം ദിവസത്തിൽ ഏതു നാഴിക മരിച്ചാലും ഒരു ദിവസം കഴിയാൻ നാം കാത്തിരിക്കുന്നു. അയാളോടുള്ള ബഹുമാനാർത്ഥം അടുത്ത പ്രഭാതത്തിൽ നാം കല്ലറയിക്കലേക്കു പോകുന്നു. *മൂന്നാം ദിവസം* എന്നു നാം അതിനെ വിളിക്കുന്നു. ഭിഷഗ്വരന്മാരും, മധ്യത്തിൽ ഒരു ദിവസം മാത്രം വിട്ടുമാറുന്ന പനിയെ *ടേർഷ്യൻപ്പനി* എന്നു വിളിക്കുന്നു.

*'അശുദ്ധാത്മാവ് ഒരു മനുഷ്യനിൽ നിന്നു പുറപ്പെടുമ്പോൾ....ചുററിസഞ്ചരിച്ച്....'*(12:43). *അശുദ്ധാത്മാവ്* എന്നു പറഞ്ഞാൽ മനുഷ്യരിൽ ആയിരിക്കുവാൻ സാത്താനിൽ നിന്ന് അധികാരം കിട്ടിയ തെററാണ് എന്ന് അപ്പൊളിനാരിസ്റ്റുകളും മററുള്ളവരും പറയുന്നു. *മനുഷ്യനിൽനിന്നു പുറത്തുവന്നു* എന്നു പറഞ്ഞാൽ യഹൂദരിൽ നിന്ന് എന്നർത്ഥം. അതു് അവരിൽ വസിക്കുകയായിരുന്നല്ലോ. *വെള്ളമില്ലാത്ത സ്ഥലം* എന്നതു് പുറജാതികളുടെ നാടുകളാണ്. പ്രവാചക വചനങ്ങളും സുവിശേഷവും അവർക്കില്ലായിരുന്നു. അതിനെ ജലവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. യൂദാ നാട്ടിലുള്ളവരിൽനിന്നു് നമ്മുടെ കർത്താവും തന്റെ ശിഷ്യരും പിശാചിനെ പുറത്താക്കിയതിനാൽ ആശ്വാസം തേടി പുറജാതികളിലേക്കു് കടക്കാൻ അവർ നിർബന്ധിതരായി. അവരെ ഓടിച്ചുവിട്ട നമ്മുടെ കർത്താവും ശിഷ്യരും അവിടെ സന്നിഹിതരായിരുന്നില്ല. ആശ്വാസംതേടി അവ അവിടേക്കു പോയെങ്കിലും അവിടെങ്ങും അവയ്ക്കു് ആശ്വാസം കിട്ടിയില്ല; കാരണം കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരം പ്രസംഗകർ

www.malankaralibrary.com



അവിടെയെല്ലാം പോയി. ശ്ലീഹന്മാരുടെ ശബ്ദം അവരെ പുറജാതികളുടെ ഇടയിൽനിന്ന് പുറത്താക്കിയപ്പോഠം അതു് ഇപ്രകാരം ആത്മഗതം ചെയ്തു. 'ഞാൻ പുറത്താക്കപ്പെട്ട ആദ്യഭവനത്തിലേക്കു ഞാൻ മടങ്ങിപ്പോകും'. അവ തിരികെപ്പോയി, ക്രൂശിച്ചവരുടെ രാജ്യത്തെ കാണുന്നു. അവരുടെ മനസ്സ് വിശ്വാസമോ ദൈവഭയമോ കൂടാതെ ഭൗമികകാര്യങ്ങളിൽ മുഴകിക്കിടക്കുകയായിരുന്നു. എല്ലാവിധ ദുഷ്ടകാര്യങ്ങളിലും നിറഞ്ഞും, പ്രസംഗകരില്ലാതെയും കിടന്നു. കാരണം, നമ്മുടെ കർത്താവ് തന്റെ പിതാവിന്റെ പക്കലേക്കു കരേറിപ്പോയി; ശ്ലീഹന്മാരെ അവർ പുറത്താക്കി. അതു് പിന്നീട് ഒരു പിശാചിനല്ല, അനേക പിശാചുക്കളുടെ വാസസ്ഥലമായിത്തീർന്നു. ഒരു മനുഷ്യനുമായി താരതമ്യപ്പെടുത്തിയ ആ രാജ്യത്തിന്റെ അവസാനത്തെ സ്ഥിതി ആദ്യത്തേതിനേക്കാഠം *നികൃഷ്ടമായിത്തീർന്നു*.

പിശാച്ബാധിച്ചവനിൽ നിന്ന് പിശാച് ഒഴിഞ്ഞുപോയശേഷം അവൻ എല്ലാ രീതിയിലും ദുഷ്ടതയിൽ തുടർന്നാൽ *അവൻ* ദുഷ്ടന് പററിയ *വീടാണെന്ന്* കാണുന്ന പിശാച് മററുള്ളവയെയും കൂട്ടി അവനിൽ പ്രവേശിച്ച് വീണ്ടും അവിടെ വന്നു പാർക്കുന്നു എന്ന് *ഭാഷ്യ*കാരൻ പറയുന്നു. അതുപോലെ നിങ്ങളുടെ ദുഷ്പ്രവൃത്തികഠംക്ക് ദൈവത്തിൽനിന്ന് കൂടെക്കൂടെ മോചനം ലഭിക്കുന്നു. നിങ്ങഠം കഠിനഹൃദയരായി കഴിയുന്നതിനാൽ, ആദ്യത്തേതിനേക്കാഠം കഠിനതരമായ തിന്മകഠം നിങ്ങഠംക്കു വന്നുഭവിക്കും; അവയ്ക്കു് മോചനം ലഭിക്കുകയുമില്ല. *വെള്ളമില്ലാത്ത സ്ഥലം* എന്നതു് സത്യപ്രബോധനമില്ലാത്ത പുറജാതിക്കാരെപ്പററിയാണ്; അതായതു് റോമാക്കാരിൽ നിന്നു് പീഡനം ഏററവരെപ്പററിയാണ് അവൻ സംസാരിച്ചതു്. എന്നാൽ അതിന് ആശ്വാസം ലഭിച്ചില്ല; കാരണം അവർക്കു് തെററായ പ്രബോധനത്തിന്റെ ഉറവ ഉണ്ടായിരുന്നു. എന്നാൽ അതു് പൊള്ളയായിരുന്നു. അതായതു്, നല്ലകാര്യങ്ങഠം കൂടാത്തതായിരുന്നു. സുകൃതരഹിതവുമായിരുന്നു. *അടിച്ചുവാരുക* എന്നാൽ അതാണർത്ഥം.

*'എന്റെ അമ്മ ആരാകുന്നു? എന്റെ സഹോദരന്മാർ ആരാകുന്നു?'* (12:48). തന്റെ അമ്മയേയും സഹോദരന്മാരെയും തള്ളിപ്പറയുന്നവൻ എന്ന രീതിയിലല്ല അവിടുന്നിതു പറയുന്നതു്. എങ്കിലും ശാരീരിക ബന്ധങ്ങളേക്കാഠം കൂടുതലായി ആത്മീയബന്ധമാണ് കാമ്യം എന്ന് അവിടുന്നു കാണിക്കയാണിവിടെ. ആ ബന്ധം ഉള്ളവരെ താനും സ്നേഹിക്കുന്നു.

www.malankaralibrary.com



ഈ കാര്യങ്ങൾക്കശേഷം അവിടുന്നു് ഉപമകൾകൊണ്ടു് തുടങ്ങുന്നു. ആദ്യമായി ദൃഷ്ടാന്തം, ഉപമകൾ, സുഭാഷിതങ്ങൾ, കടങ്കഥകൾ എന്നിവകൾ തമ്മിലുള്ള അന്തരം വ്യക്തമാക്കാം. എല്ലാകാര്യങ്ങളിലും തുല്യതയില്ലെങ്കിലും സംശയത്തിന്റെയും തർക്കത്തിന്റെയും മദ്ധ്യത്തിലുംസാദൃശ്യം ഉണ്ടെന്നു് പ്രേരിപ്പിക്കുന്ന, ആന്തരികമായ സമ്മതത്തിന്റെ സാക്ഷ്യമാണ് ദൃഷ്ടാന്തം. അതു നാലു തരമുണ്ടു്. ഒന്നാമതു് അറിയപ്പെടുന്നതും വ്യക്തവുമായവയിൽ നിന്നു് അറിയപ്പെടാത്തവയിലേക്കു്; എന്നാൽ അവയെപ്പററി സംശയം ഉണ്ടാകും. ഉദാ. 'അവൻ തന്റെ മഹത്ത്വത്തിന്റെ ശോഭയും തന്റെ സത്തയുടെ പ്രതിച്ഛായയുമാണ്'' എന്നതു് (എബ്രാ. 1:3). യോഹന്നാൻ, അവിടുത്തെ 'വചനം' എന്നു വിളിക്കുന്നതു് (1:1). 'അത്തിമരത്തിൽനിന്നു് ഒരുപമ പഠിപ്പിൻ' (മത്താ. 24:32) എന്നതു്. രണ്ടാമതായി, അറിയപ്പെടുന്നവയിൽനിന്നു് അറിയപ്പെടുന്നവയിലേക്കു്: ഉദാ: 'കൊല്ലുവാനുള്ള ആട്ടിൻകുട്ടിയെപ്പോലെ അവൻ കൊണ്ടുപോകപ്പെട്ടു' (ഏശാ. 53:7). 'ഭോഷാ, നീ വിതയ്ക്കുന്ന വിത്തു്....' (1 കൊറി. 15:36). മൂന്നാമതായി, അറിയപ്പെടാത്തവയിൽ നിന്നു് അറിയപ്പെടാത്തവയിലേക്കു്: 'സോദോമിനും ഗോമോറായ്ക്കും ആ പട്ടണങ്ങളേക്കാൾ ആശ്വാസമുണ്ടാകും' (മത്താ. 10:15). 'ആകാശവും ഭൂമിയും കടന്നുപോകും; എന്റെ വചനങ്ങളോ കടന്നുപോകുകയില്ല' (മർക്കോ. 13:31). നാലാമതായി, അറിയപ്പെടാത്തവയിൽനിന്നു് അറിയപ്പെടുന്നവയിലേക്കു്: 'യേശുമിശിഹായ്ക്കുള്ള അതേ മനോഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ' (ഫിലി.2:5). 'കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല..' (1 കൊറി. 2:9).

ബൗദ്ധികകാര്യങ്ങളെപ്പററി ബൗദ്ധികകാര്യങ്ങളിൽനിന്നു് *ഉപമ* പറയുന്നു: 'സ്വർഗരാജ്യം പത്തു കന്യകകൾക്കു് സദൃശ്യമാകുന്നു' (മത്താ. 25:1). ബൗദ്ധികമല്ലാത്തവയിൽനിന്നു് ബൗദ്ധികകാര്യങ്ങളിലേക്കുള്ള വിവരണമാണ് *സുഭാഷിതം*: 'സ്വർഗരാജ്യം കടുകുമണിപോലെയാണ്'' (മത്താ. 13:31). അഥവാ ധാരാളം വിളവു നൽകിയ ധനവാന്റെ വയൽപോലെയാണ് (ലൂക്കാ 12:16). *കടങ്കഥ*: വിഷമംപിടിച്ച ഒരു വാക്കാണ്: 'ഭക്ഷിക്കുന്നവനിൽനിന്നു് ഭക്ഷ്യം പുറപ്പെട്ടു' (ന്യായാ. 14:14). എല്ലാക്കാര്യങ്ങളിലും തിരുലിഖിതങ്ങൾ ഇവയുടെ ക്രമം പാലിക്കാറില്ല.

എന്തുകൊണ്ടാണ് നമ്മുടെ കർത്താവു് തന്റെ ശിഷ്യരോടും ജനക്കൂട്ടത്തോടും ഉപമകളിൽ സംസാരിച്ചതു് എന്നു പറയാം. ഒന്നാമതായി, ലോകത്തിലുള്ള താത്വികർക്കു് തങ്ങളുടെ പ്രബോ

www.malankaralibrary.com



ധനം എന്താണെന്ന് അറിവില്ലായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ പ്രബോധനം ഉപമകളും കഥകളുമായി കൂട്ടിക്കലർത്തി. എന്നാൽ അവിടുന്ന് ഉപമകളിൽ സംസാരിച്ചെങ്കിലും എന്താണ് തൻെറ പ്രബോധനമെന്ന് അവിടുന്നറിഞ്ഞിരുന്നു. തൻെറ ഉപമകളിലൂടെ തൻെറ പ്രബോധനം അവിടുന്നു വ്യക്തമാക്കി. രണ്ടാമതായി, 'എൻെറ പ്രിയന് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു'. 'ഇവനാണ് അവകാശി, വരുവിൻ, നമുക്ക് ഇവനെ കൊല്ലാം' (ഏശാ. 5:1; മത്താ. 21:38) എന്നു തുടങ്ങി യഹൂദർക്കെതിരെ കഠിനവചനങ്ങൾ അവിടുന്ന് പറഞ്ഞിരുന്നതിനാൽ, അവിടുന്ന് തൻെറ വാക്കുകൾ ഉപമകളിൽ പൊതിഞ്ഞുവച്ചു. മൂന്നാമതായി, വാക്കുകൾ വിശകലനം ചെയ്യാൻ ശിഷ്യരെ പ്രേരിപ്പിക്കണം എന്നും അവർ ഈ രീതി പഠിക്കണമെന്നും അവിടുന്ന് ആഗ്രഹിച്ചു. നാലാമതായി, പുറജാതികളുടെ പക്കലേക്ക് സുവിശേഷം എത്തിക്കുന്നതിനെപ്പറ്റി അവിടുന്ന് നിരന്തരമായി സംസാരിക്കുകയായിരുന്നു; തത്സംബന്ധമായി തനിക്കെതിരെ യൂദരുടെ ഇടയിൽ ബഹളം ഉണ്ടാകാതിരിക്കാൻ ഉപമകളിൽ പൊതിഞ്ഞാണ് അവിടുന്ന് പറഞ്ഞത്. അഞ്ചാമതായി, അനേകർ വിശ്വാസത്തിൽനിന്നകന്ന് പാഷണ്ഡതകൾ ഉണ്ടാകും എന്ന് ഉപമകളിലൂടെ അവിടുന്ന് പഠിപ്പിക്കുന്നു: 'കള്ളപ്രവാചകരെ സൂക്ഷിച്ചുകൊള്ളുവിൻ' (മത്താ. 7:15). ആറാമതായി, അവിടുന്ന് അദൃശ്യകാര്യങ്ങളെപ്പററിയാണ് പറഞ്ഞുകൊണ്ടിരുന്നത്, സാധ്യമാംവിധം അവരെ ബോധവൽക്കരിക്കാൻ അവിടുന്ന് ഉപമകളിലൂടെ അവരോട് സംസാരിക്കുന്നു. ഏഴാമത്, തൻെറ ശ്രോതാക്കളെല്ലാം കേട്ട കാര്യം ഒരുപോലെ ഗ്രഹിക്കാൻ കഴിവുള്ളവരല്ലാത്തതിനാൽ. കാരണം, അവ അവർക്കു മതിയായവ അല്ലായിരുന്നു. എട്ടാമത്, കടുകുമണിപോലെ, സുവിശേഷത്തിൻെറ പ്രചരണത്തെപ്രതി. ഒൻപതാമത്, പരീക്ഷണങ്ങളും പീഡനങ്ങളും സുവിശേഷത്തെയും പ്രഘോഷകരെയും കാത്തിരിക്കുന്നതിനാൽ; അവ കഠിനവും നിരവധിയുമാണെങ്കിലും സുവിശേഷം പ്രചരിച്ച് വിജയം കൈവരിക്കയും പടർന്ന് എല്ലാ ഭയത്തെയും കീഴടക്കുകയും ചെയ്യും.

*'വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു....'* (13:3). തൻെറ പ്രബോധനം സ്വീകരിക്കാനിരിക്കുന്ന വിവിധതരം ആളുകളെപ്പററിയാണ് ഈ ഉപമ. *വഴിയരികിൽ* എന്നു പറഞ്ഞാൽ സുബുദ്ധിയോടുകൂടി വചനം സ്വീകരിക്കാത്തവർ എന്നാണർത്ഥം. വഴിയരികിൽ വീണ വിത്ത് വഴിയാത്രക്കാർ ചവിട്ടി ഞെരിച്ചുകളയുന്നതുപോലെ, തങ്ങളുടെ അഹങ്കാരത്തിൽ ദിവ്യവചനങ്ങളെ അവർ ചവിട്ടിമെതിക്കുന്നു. *പാറക*

www.malankaralibrary.com



*ളിൽ*: കുറേക്കാലത്തേക്ക് വചനം സ്വീകരിക്കുന്നവരാണ്. പീഡനങ്ങൾ ഉണ്ടാകുമ്പോൾ അതുപേക്ഷിച്ച് അവർ കടന്നു കളയുന്നു. *മുള്ളുകളുടെ ഇടയിൽ*: മുള്ളുകൾ കണക്കെ ആശാപാശങ്ങളാൽ ഞെരുക്കപ്പെടുകയും തങ്ങളിലുള്ള വചനത്തെ തള്ളിക്കളയുകയും ചെയ്യുന്നവരാണ്. *നല്ല നിലത്തു* വീണതു് പ്രബോധനം സ്വീകരിക്കയും ഉറച്ചുനിൽക്കുകയും തങ്ങളുടെ വാഗ്ദാനമനുസരിച്ച് ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നവരാണ്.

മുപ്പതുമേനിയും അറുപതുമേനിയും നൂറുമേനിയും എന്നതിന്റെ അർത്ഥം സുകൃതങ്ങളുടെ വൈവിധ്യത്തെ ചൂണ്ടിക്കാട്ടുന്നു. കാരണം, എല്ലാ മനുഷ്യരും പെരുമാററത്തിൽ ഒരുപോലെയല്ലല്ലോ. എന്നാൽ *അറുപതു മേനി* എന്നതു് വിധവകളെ കുറിക്കുന്നു എന്നു് *ഒരിജൻ* പറയുന്നു; 'വിധവ അറുപതു വയസ്സിൽ കുറയാത്തവൾ ആയിരിക്കട്ടെ' എന്നു ശ്ലീഹാ പറഞ്ഞതിൽനിന്നാണ് ഇങ്ങനെ അനുമാനിക്കുന്നതു് (1 തിമോ. 5:9). വിരലുകൾ പരസ്പരം ചേരുന്നതുപോലെ, *മുപ്പത്* വിവാഹിതരെപ്പററിയാണ്. വിരലുകൾകൊണ്ടു് കിരീടം പിടിച്ചിരിക്കുന്നതുപോലെ *നൂറുമേനി* എന്നതു് കന്യകകളെപ്പററിയാണ്. എന്നാൽ ഇക്കാര്യത്തിൽ അയാൾക്കു തെററുപററി. കാരണം, ഈ വിരലുകൾ കൂടുതൽ പരസ്പരം അടുത്തിരിക്കുന്നതിനാൽ *മുപ്പതിനേക്കാൾ അറുപതാണ്* വിവാഹിതർക്കു് കൂടുതൽ ചേരുന്നതു്.

## പുസ്തകം X

*'നല്ല വിത്തുവിതച്ച മനുഷ്യന്റെ'* ചർച്ചയിൽ, പ്രഘോഷണത്തിൽനിന്നുടലെടുക്കാവുന്ന പാഷണ്ഡതകളെ അവിടുന്നു വ്യാഖ്യാനിക്കുന്നു. ക്രിസ്തുമതത്തിന്റെ പേരിൽ നിലനിൽക്കുന്ന പാഷണ്ഡതകളെയാണ് *കളകൾ* എന്നു് അവിടുന്നു വിളിക്കുന്നതു്; അവ സത്യപ്രബോധനത്തിൽനിന്നു വളരെ അകലെയാണ്. കള അതുപോലെയാണു്. പ്രകൃതിയിൽ മാററം സംഭവിച്ച് ഗോതമ്പിൽനിന്നു് ഉണ്ടായിട്ടുള്ളതാണതു്. രൂപത്തിൽ യഥാർത്ഥ ഗോതമ്പിന്റെ രൂപം കാട്ടുന്നു. അതുപോലെയാണ് ക്രിസ്ത്യാനികൾ എന്നു് വിളിക്കപ്പെടുന്ന ചില പാഷണ്ഡർ. അവന്റെ ദാസർ പറഞ്ഞു: *'ഞങ്ങൾ പോയി അവ ശേഖരിക്കട്ടെ'*: തെററു് പഠിപ്പിക്കുന്നവരെ നശിപ്പിക്കാൻ ആഗ്രഹിക്കുന്ന ആത്മീയമനുഷ്യരുടെ സ്നേഹത്തെ അതു സൂചിപ്പിക്കുന്നു.

www.malankaralibrary.com



*കടുകുമണിയുടെ ഉപമ* (13:31-32) പ്രഘോഷണത്തിന്റെ നിസ്സാരതയിൽനിന്നു് ഉടലെടുക്കുന്ന പൂർണതയെ സൂചിപ്പിക്കുന്നു. ഭൂമിയിലുള്ള പ്രബോധനങ്ങളിൽവച്ച് ഇതു് നിസ്സാരമായി പരിഗണിക്കപ്പെടുന്നു. കാരണം, കുരിശു് ബലഹീനമാണ്, സഹനവും മരണവും ദുർബലമായി കാണപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇതിലേക്കു് എല്ലാ പൂർണതയും വന്നുചേർന്നു; അതിന്റെ മഹനീയതയാൽ ഇവയെല്ലാം ഖണ്ഡിക്കപ്പെട്ടു. കടുകുമണി വിതയ്ക്കുമ്പോൾ ചെറുതാണ്. എന്നാൽ അതു് മുളച്ചുവളർന്നു് മററു് ചെടികളേക്കാൾ വലുതാകുന്നു. കടുകിനു് പല ഗുണങ്ങളുണ്ടു്. ഒന്നു്, കർത്താവു് വിവരിച്ചതുപോലെ എല്ലാ വിത്തുകളേക്കാളും ചെറുതാണതു്. സുവിശേഷവും ശ്ലീഹന്മാരിലൂടെ തുടങ്ങിയപ്പോൾ യൂദായിസത്തേക്കാളും പേഗനിസത്തേക്കാളും അവയുടെ സങ്കലനമായ സമരിട്ടനിസത്തേക്കാളും ചെറുതായിരുന്നു. എന്നാൽ ഇതു് അതിനെയെല്ലാം ജയിച്ചു് കീഴടക്കി. എല്ലാ ദിശകളിലേക്കും വ്യാപിച്ചു. രണ്ടു്, കടുകുമണി ഉരുണ്ടതാണ്. മററു് ധാന്യമണികളേക്കാൾ പൂർണമാണ്. പ്രബോധനവും അതുപോലെയാണ്; പിളർപ്പററതാണ്. മൂന്നു്, മററു് മണികളെപ്പോലെ രണ്ടായി പിളർന്നതല്ല. ഏകസ്വഭാവമായ ത്രിത്വത്തിലുള്ള വിശ്വാസത്തിൽ ഈ പ്രബോധനം അവികലമാണ്. അതുപോലെ ദൈവസ്നേഹവും പരസ്നേഹവും തമ്മിൽ വ്യത്യാസം വരുത്തിയിട്ടുമില്ല. നാലു്, മററു് വിത്തുകളേക്കാൾ ഇതിനു് ചൂടും രൂക്ഷതയും ഉണ്ടു്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും എരിവും ചൂടും ഉള്ളവരാണ് വിശ്വാസികൾ. തങ്ങൾ സ്വീകരിക്കുന്ന ആത്മാവിന്റെ ദാനങ്ങളാൽ അവർ ഉത്തേജിതരായി പ്രകാശിതരാകുന്നു. അഞ്ചു്, ഇതു് പൊട്ടിക്കുന്നവൻ തീർച്ചയായും കരയും. സുവിശേഷത്തെ എതിർത്തു് മുറിപ്പെടുത്തുന്നവരെല്ലാം അന്ത്യവിധിയിൽ കരയേണ്ടിവരും എന്നതിന്റെ സൂചനയാണിതു്. ആറു്, അതിന്റെ രൂക്ഷത നിമിത്തം ആത്മാവിലുള്ള പാപത്തിന്റെ പ്രതീകമായ ജഡത്തിന്റെ ജീർണതയെ അകററുന്നു. ഏഴു്, ഈ വിത്തു് വിതച്ചിടത്തു് മററു് വിത്തുകൾ വളരുന്നില്ല. ഇപ്രകാരം, വിശ്വാസികൾ എവിടെ ആയിരുന്നാലും, തങ്ങളെ ജ്ഞാനികളാക്കുന്ന പരിശുദ്ധാത്മശക്തിയാൽ കുറേശ്ശ കുറേശ്ശ ദുഷ്ടന്റെ വിത്തിനെ നശിപ്പിച്ചുകളയുന്നു. എട്ടു്, കടുക് എണ്ണമയമുള്ളതും മാർദ്ദവമുള്ളതുമാണ്. ക്രിസ്തുമതം പീഡനത്താലും രക്തത്താലുമാണ് വേരുറയ്ക്കുന്നതു് എന്നു് എണ്ണമയം സൂചിപ്പിക്കുന്നു. ശത്രുക്കളുടെ കൈകളിൽനിന്നു് ഇതു് വഴുതിപ്പോകുന്നു എന്നു് മാർദ്ദവം സൂചിപ്പിക്കുന്നു. ഒൻപതു്, ഇതു് ആഹാരസാധനങ്ങളോടുകൂടിച്ചേർത്തു് ഭക്ഷിച്ചാൽ, അതു് രക്തധമനികൾവരെ പ്രവേശിക്കുന്നു. പത്തു്, ഇതിനു ശുദ്ധീകരണ ശക്തിയുണ്ടു്;

www.malankaralibrary.com



അത്് ചർമ്മരോഗത്തെയും കഫത്തെയും നീക്കുന്നു. പതിനൊന്നു്, അഗ്നിയും ഉപ്പുംപോലെ അഴുകാതെ ശരീരത്തെ ഇതു സംരക്ഷിക്കുന്നു. പന്ത്രണ്ടു്, അതു് ഞെക്കിപ്പൊട്ടിക്കാതിരുന്നാൽ അതിന്റെ രൂക്ഷതയും എണ്ണമയവും പുറത്തുവരില്ല. സുകൃതവും അതുപോലെയാണു്.

*പുളിമാവിന്റെ ഉപമ* വഴി സുവിശേഷ പ്രഘോഷണത്തിന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നു; അതു് മറ്റു് പ്രബോധനങ്ങളെയെല്ലാം നീക്കിക്കളയുന്നു. പുളിമാവിന്റെയും സ്വഭാവമാണിതു്. അതിരിക്കുന്നിടമെല്ലാം അതു പുളിപ്പിക്കുന്നു. യൂദായിസം, പേഗനിസം, സമരിട്ടനിസം എന്നിവയാണു് *മൂന്നിടങ്ങഴിമാവ്* (13:33). മുകളിൽ ഉള്ളതിന്റെ വ്യാഖ്യാനമാണു് ഇതു്. എന്നാൽ *മൂന്നിടങ്ങഴി*മാവ് എന്നതു് നോഹയുടെ മൂന്നു മക്കളെ കുറിക്കുന്നു; അവരിൽനിന്നാണല്ലോ രാജ്യങ്ങളും വംശങ്ങളും ഉണ്ടായതു് എന്നു് *ഹെനാനായും* മറ്റുള്ളവരും പറയുന്നു. മുപ്പതുമേനി, അറുപതുമേനി, നൂറുമേനി എന്നിവകളിലെന്നപോലെ ആത്മാവിന്റെ മൂന്നു് ഭാഗങ്ങളെ അതു സൂചിപ്പിക്കുന്നു എന്നു് മറ്റു ചിലർ പറയുന്നു. മനസ്സ് കൃപ സ്വീകരിച്ചിട്ടു്, ശരീരത്തിലും ആത്മാവിലും അരൂപിയിലും ഒളിച്ചുവയ്ക്കുന്നു എന്നു് വേറെ ചിലർ പറയുന്നു.

*വയലിന്റെ ഉപമ* വഴി (13:44) അവിടുന്നു് തന്നെപ്പറ്റിത്തന്നെ പഠിപ്പിക്കുന്നു; കാരണം, തന്റെ ദൈവത്വം ഒരു വിരിയാൽ എന്നവിധം തന്റെ മനുഷ്യത്വത്തിൽ മറഞ്ഞിരുന്നു. തന്റെ ദൈവത്വത്തെ *നിധി*യെന്നും മനുഷ്യത്വത്തെ *വയൽ* എന്നും അവിടുന്നു വിളിക്കുന്നു. നിധിയെന്നു വിളിക്കുന്നതു് അതിന്റെ ഔന്നത്യത്താലാണു്; അതിന്റെ അദൃശ്യസ്വഭാവത്താൽ *ഒളിച്ചു*വച്ചിരിക്കുന്നതു് എന്നു് അവിടുന്നു പറയുന്നു. *'അതു കണ്ടെത്തിയ മനുഷ്യൻ അതു് ഒളിച്ചുവച്ചുകൊണ്ടു് തന്റെ സന്തോഷം നിമിത്തം പോയി തനിക്കുള്ളതെല്ലാം വിറ്റു് ആ വയൽ വാങ്ങുന്നു.'* അതായതു്, പഴയതെല്ലാം നിന്ദിക്കത്തക്കവിധം സത്യത്തിന്റെ അപ്രതീക്ഷിതശക്തി മനസ്സിലാക്കാൻ പലർക്കും സാധിക്കുന്നു. അതായതു്, തങ്ങളുടെ വിഗ്രഹങ്ങൾ, തങ്ങളുടെ മതങ്ങൾ എന്നിവയെല്ലാം വിട്ടിട്ടു് തങ്ങൾക്കു രക്ഷ സജ്ജമാക്കാൻ കഴിവുററ സത്യത്തിന്റെ പിന്നാലെ എന്നവണ്ണം അവന്റെ പിന്നാലെ അവർ ഓടുന്നു. അവൻ *ഒളിച്ചുവച്ചു* എന്നു പറഞ്ഞാൽ തങ്ങളുടെ ആത്മാക്കളുടെ ഉള്ളറകളിൽ കരുതലോടുകൂടി വിശ്വാസം സൂക്ഷിച്ചുവച്ചു എന്നു സാരം.

www.malankaralibrary.com



*'നല്ല മുത്തുകൾതേടുന്ന വ്യാപാരിയുടെ'* ഉപമയിലൂടെ (13:45) പഴയനിയമത്തിൽ കാക്ഷ്യം കാണിക്കാതെ പൗലോസിനെപ്പോലെ സുവിശേഷം പഠിച്ച യഹൂദരെപ്പററിയാണ് അവിടുന്നു സംസാരിക്കുന്നതു്. *'അവൻ അതു കണ്ടെത്തിയപ്പോൾ തനിക്കുള്ളതെല്ലാം വിററ് അതു വാങ്ങി.'* പൗലോസ് പറഞ്ഞു: 'എനിക്കു ലാഭമായിരുന്നവയെ മിശിഹായെപ്രതി നഷ്ടമായി ഞാൻ പരിഗണിച്ചു' (ഫിലി. 3:7). അവരെ *വ്യാപാരികൾ* എന്നു് അവിടുന്നു വിളിക്കുന്നു. നിയമത്തിൻെറ ശിക്ഷണം വഴി, മതകാര്യങ്ങളിൽ തല്പരരായിരുന്നുകൊള്ളാം എന്നു പ്രഖ്യാപിച്ചവരാണവർ.

*വലയുടെ* ഉപമയിലൂടെ (13:47) സുവിശേഷത്തിൻെറ മാഹാത്മ്യം അവിടുന്നു പഠിപ്പിക്കുന്നു. സൃഷ്ടി മുഴുവൻ അതു് വിരിച്ചിരിക്കുന്നു. പ്രഘോഷണത്തെ *വലയെന്നും* ലോകത്തെ *കടലെന്നും* അവിടുന്നു വിളിക്കുന്നു. *'എല്ലാത്തരം മത്സ്യങ്ങളും ശേഖരിച്ചു'* വല എന്നതിനർത്ഥം സുവിശേഷ പ്രഘോഷണം വീശിപ്പിടിച്ചു വിവിധതരം മാനസ്സിക പശ്ചാത്തലങ്ങളും പ്രബോധനങ്ങളുംഉള്ള മനുഷ്യർ എന്നർത്ഥം. ഉത്ഥാനത്തെ അവിടുന്നു *കടൽതീരം* എന്നും നീതിമാന്മാരെ *നല്ലവ* എന്നും നരകത്തിൽ നിപതിക്കുന്ന ചീത്ത മനുഷ്യരെ *ചീത്ത* മത്സ്യങ്ങൾ എന്നും വിളിക്കുന്നു.

*'ഹേറോദേസ് ടെട്രാർക്ക് യേശുവിൻെറ ശ്രുതി കേട്ടു'* (14:1): ഹേറോദേസ് മരിച്ചപ്പോൾ യൗസേപ്പ് ഗലീലിയിലേക്കുവന്നു എന്നു് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ (മത്താ. 2:19-22) ഇവിടെ താൻ പറഞ്ഞതിനെതിരായിട്ടാണു് പറയുന്നതു് എന്നു ചിലർ ചിന്തിച്ചു. കാരണം, ഇപ്പോൾ യേശു ചെയ്തു അത്ഭുതങ്ങൾ ഹെറോദേസ് കേൾക്കാനിടയായി. ഹേറോദേസ് രാജാവും ഹേറോദേസ് ടെട്രാർക്കും രണ്ടാളുകളാണെന്നും രണ്ടാമത്തവൻ ഒന്നാമൻെറ മകനാണെന്നും മനസ്സിലാക്കാത്തതിനാലാണു് അവർ ഇപ്രകാരം പറയുന്നതു്. ശിശുവധം നടത്തിയ ഹേറോദേസിനു് ആറു മക്കളുണ്ടായിരുന്നു. ഹിക്റാനുസിൻെറ മകളായ മിറിയത്തിൽനിന്നു് അരിസ്റ്റോബുലൂസും, ഹിക്റാനുസും ജനിച്ചു. പിന്നീടു് അവൻ മിറിയത്തെ കൊന്നുകളഞ്ഞു. അവർ അവനെ കൊല്ലാൻ ആഗ്രഹിച്ചു എങ്കിലും അവൻ അവരെ സീസറിൻെറ പക്കലേക്കയയ്ക്കുകയും കൊല്ലിക്കുകയും ചെയ്തു. മററു സ്ത്രീകളിൽനിന്നു് അവനു് അർക്കെലാവൂസ്, ഹേറോദേസ്, ഫിലിപ്പ്, ലൂസാനിയാ എന്നിവർ ജനിച്ചു. ഹേറോദേസ് മരിച്ചപ്പോൾ റോമാക്കാർ അവനു പകരം അവൻെറ മകനായ അർക്കെലാവൂസിനെ യൂദയാ രാജാ

www.malankaralibrary.com



വാക്കി. അവൻ ഒൻപതുവർഷം ഭരിച്ച് നിരവധി തിന്മകൾ പ്രവർത്തിച്ചു. യൂദന്മാർ സീസറിന്റെ പക്കൽ അവനെതിരെ പരാതിപ്പെട്ടു. റോമാക്കാർ ഉടനെ അവന്റെ രാജ്യം നാലായി പങ്കിട്ടു. ഒരു ഭാഗം അർക്കലൊവൂസിനും മററു മൂന്നു ഭാഗങ്ങൾ മററു മൂന്നു സഹോദരന്മാർക്കും നല്കി. ഓരോരുത്തനും ടെട്രാർക്ക് എന്നറിയപ്പെട്ടു. അതായത് നാലിലൊന്നിന്റെ ഭരണാധികാരി. പിന്നീട് അവർ അർക്കെലൊവൂസിന്റെ ഭാഗംകൂടി എടുത്ത് ഫിലിപ്പിനു നൽകി. യോഹന്നാൻ ജനക്കൂട്ടത്തെ ഒന്നിച്ചുകൂട്ടി തന്റെ സ്നാനത്താലും പെരുമാററത്താലും വഴിതെററിക്കുകയും യഹൂദരുടെ രാജ്യത്തിൽ വിപ്ളവത്തിന് അവൻ അവസരം ഉണ്ടാക്കുകയും ചെയ്യും എന്നു ചിന്തിച്ച് ഹേറോദേസ് അവനെ പിടിച്ച് ജയിലിൽ ഇട്ടു. യോഹന്നാനിൽനിന്ന് തനിക്കു പകടം ഉണ്ടാകും എന്ന് അവൻ കരുതി.

ഫിലിപ്പ് ജീവിച്ചിരുന്നപ്പോഴാണോ ഹേറോദേസ് ഹെറോദ്യയെ തട്ടിയെടുത്തത് അതോ അവൾ മരിച്ചിട്ടാണോ? ഹേറോദേസ് യൂദനല്ലല്ലോ, വിജാതീയനാണല്ലോ എന്നിട്ടും യോഹന്നാൻ അവനെ കുററപ്പെടുത്തിയതെന്തിന് എന്ന് ചോദിച്ചേക്കാം. ഫിലിപ്പിന്റെ മരണശേഷമാണ് അവളെ സ്വീകരിച്ചതെന്ന് *മാർ അപ്രേമും* മററു ചിലരും പറയുന്നു. ഫിലിപ്പിന് ഹേറോദേസിന്റെ അത്രയും ശക്തിയില്ലായിരുന്നു. അവന്റെ ജീവിതകാലത്തുതന്നെ ഹേറോദേസ് അവന്റെ കിടക്ക മലിനമാക്കി; അവനെ നിശ്ശബ്ദനാക്കിക്കളഞ്ഞു. തന്റെ സഹോദരനായ അർക്കെലൊവൂസിന്റെ പങ്കുകൂടി അവന് ലഭിച്ചിരുന്നതിനാൽ അവന് ഇരട്ടി അധികാര വ്യാപ്തി ഉണ്ടായിരുന്നു. മേല്പറഞ്ഞപോലെ ഹേറോദേസിന്റെ അപ്പൻ ഫിലിസ്ത്യനും പുരോഹിതനും വിദ്യാഭ്യാസംവഴി എദോമ്യനുമായിരുന്നു. അയാൾ ഒരു വിജാതീയനായിരുന്നിട്ടും യോഹന്നാൻ അവനെ കുററപ്പെടുത്തി. എന്നാൽ അവന്റെ പിതാവും അവനും സഹോദരങ്ങളും തങ്ങളെത്തന്നെ യഹൂദരായി കരുതി, ദൈവനിയമം അനുസരിക്കുന്നവരാണെന്ന് നടിച്ചു. തന്റെ സഹോദരന്റെ ഭാര്യയെ സ്വീകരിക്കാം എന്ന നിയമമനുസരിച്ചാണ് അയാൾ പ്രവർത്തിച്ചതെങ്കിലും, ഫിലിപ്പിന് തന്റെ മകളിലൂടെ തന്റെ വംശം തുടരാമായിരുന്നു. അതുകൊണ്ടാണ് യോഹന്നാൻ കുററപ്പെടുത്തിയത് എന്നും പറയപ്പെടുന്നു. എന്നാൽ ഫിലിപ്പിന്റെ ജീവിതകാലത്തു തന്നെയാണ് ഹേറോദേസ് ഹെറോദ്യയുമായും ഹേറോദ്യ എന്നു വിളിക്കപ്പെട്ടുന്ന അവളുടെ മകളുമായും വ്യഭിചാരം ചെയ്തത് എന്നാണ് *ഭാഷ്യകാരൻ* പറയുന്നത്. ഫിലിപ്പിന്റെ ജീവിതകാലത്തു തന്നെ ഹേറോദേസ് അവളെ തട്ടിയെടുത്ത് അവൻ ജീവി

www.malankaralibrary.com



ച്ചിരിക്കമ്പോഠംതന്നെ അവളെ അവനിൽനിന്ന വേർപെടുത്തി എന്നു് ജൊസേഫുസ് എന്ന എഴുത്തുകാരൻ സാക്ഷ്യപ്പെടുത്തുന്നു. പാർത്തിയരാജാവായ അരേതാസിൻെറ മകളായ തൻെറ ഒന്നാം ഭാര്യയോടും അയാഠം തെററു ചെയ്തു. തൻെറ മകളെ നിന്ദിച്ചതിനാൽ അയാഠം ഹേറോദേസിനോടു യുദ്ധം ചെയ്തു. ഹേറോദിയാ നിമിത്തം അവന്റെ രാജ്യം നഷ്ടമായി. അവളോടുകൂടി ഗാളിലെ ഒരു നഗരമായ വീനിലേക്കു് അയാഠം നാടുകടത്തപ്പെട്ടു.

*'രാജാവു് ദുഃഖിച്ചു'* എന്നതു് യഥാർത്ഥമായിട്ടല്ല; 'ദുഃഖഭാവം നടിച്ചു' എന്നേയുള്ളൂ. 'താൻ നിർബന്ധിക്കപ്പെട്ടു' എന്നു് വിരുന്നിനിരുന്നവരെ കാണിച്ചു എന്നു മാത്രം. 'രാജാവു് ദുഃഖിച്ചു' എന്നുതന്നെയാണു് സുവിശേഷകൻ എഴുതിയിരിക്കുന്നതു്. കാരണം, നടന്നപോലെ എല്ലാം വിവരിക്കുക എന്നതായിരുന്നു അവൻെറ പതിവു്. അതു് ശരിയെന്നു് കരുതി. സംഭവങ്ങഠം വിവരിക്കുക എന്നതിൽ അവൻ ശ്രദ്ധിച്ചു. അവയുടെ കാരണങ്ങഠം വ്യാഖ്യാനിക്കാൻ മുതിർന്നില്ല. നമ്മുടെ കർത്താവിൻെറ സ്നാനാനന്തരം രണ്ടു വർഷങ്ങഠംക്കശേഷം യോഹന്നാൻ കൊല്ലപ്പെട്ടു.

## പുസ്തകം XI

*'അവർ ചെന്നു് യേശുവിനെ അറിയിച്ചു'; ''അവൻ അതു കേട്ടപ്പോഠം അവിടെനിന്നു് ഒരു വിജനസ്ഥലത്തേക്കു് പടവിൽ തനിയേ മാറിപ്പോയി''* (14:12-13). നേരത്തെ നടന്നു എന്ന രീതിയിൽ, യോഹന്നാൻെറ മരണത്തെപ്പററി അവർ അവിടുത്തോടു് പറഞ്ഞു എന്നു് സുവിശേഷകൻ പറയുന്നില്ല. കാരണം, യോഹന്നാൻെറ കൊലയുടെ ചരിത്രം നടുക്ക വച്ചിരിക്കുകയാണു്. എന്നാൽ നടന്ന ക്രമമിതാണു്: ഹേറോദേസ് യേശുവിനെപ്പററി കേട്ടു; യോഹന്നാൻ മരിച്ചവരിൽ നിന്നു് ഉയർത്തിരിക്കുന്നു എന്നു് ഹേറോദേസ് ചിന്തിച്ചു. സാധ്യമെങ്കിൽ അവിടുത്തെ കാണുവാൻ അവൻ ആഗ്രഹിച്ചു. 'അവിടുത്തെ കാണുവാൻ ഹേറോദേസ് അന്വേഷിക്കുന്നു' എന്നു് യേശുവിനോടു പറഞ്ഞപ്പോഠം അവിടുന്നു് ഒരു വിജനസ്ഥലത്തേക്കു പിൻവാങ്ങി. യോഹന്നാൻെറ മരണമല്ല അവർ അവിടുത്തെ അറിയിച്ചതു്, പിന്നെയോ, ഹേറോദേസ് അവിടുത്തെ കാണാൻ അന്വേഷിക്കുന്നു എന്നതാണു്.

ബാലിക യോഹന്നാൻെറ തല ഒരു താലത്തിൽ എടുത്തു് അവളുടെ അമ്മയ്ക്കു കൊടുത്തിട്ടു് തൻെറ അഭ്യർത്ഥനയ്ക്കു പകര

www.malankaralibrary.com



മായി പുതിയതരം ഡാൻസുകരം അവതരിപ്പിക്കാനായി അതിഥികളുടെ പക്കലേക്കു തിരികെ വന്നു. ഊട്ടുശാലയുടെ സമീപത്തായി ഒരു തടാകമുണ്ടായിരുന്നു. ഡാൻസു ചെയ്ത് തന്റെ സാമർത്ഥ്യം പ്രകടിപ്പിക്കുകയും കാഴ്ചക്കാരെ അമ്പരപ്പിക്കുകയും ചെയ്യാനായി അവരം ഐസിന്റെ പുറത്തു കയറി. പെട്ടെന്ന് അവരം നിന്ന സ്ഥലം പിളർന്ന് അവരം കഴുത്തുവരെ താണു പോയി. യോഹന്നാന്റെ മരണത്തിനു പ്രതികാരം ചെയ്യാൻ ദൈവം ഒരു വലിയ മത്സ്യത്തെ ചുമതലപ്പെടുത്തി. അതു് അവളുടെ ശരീരം വിഴുങ്ങി. അവളെ രക്ഷപെടുത്താൻ അവർ സർവ ഉപാധിയും നോക്കി; എന്നാൽ അവർക്കു കഴിഞ്ഞില്ല. യോഹന്നാനെ വെട്ടിയ അതേ വാരംകൊണ്ടു് അവർ അവളുടെ തല വെട്ടി. ഉടൻ തന്നെ ആരും ഉയർത്താതെ ഭൂമി അവളെ ഛർദ്ദിച്ചുകളഞ്ഞു. യോഹന്നാന്റെ തല അവളുടെ അമ്മയുടെ മുൻപിൽ തന്നെ ഇരിക്കയായിരുന്നു. 'ഞങ്ങളുടെ ജീവിതത്തെ കയ്പേറിയതാക്കിയ നിന്റെ നാവ് എവിടെ?' എന്നു ചോദിച്ചുകൊണ്ടു് അവരം അതു് തറയിൽ അടിച്ചുകൊണ്ടിരുന്നു. അപ്പോരംത്തന്നെ അവർ അവളുടെ മകളുടെ തലയും അവളുടെ മുമ്പിൽ വച്ചുകൊടുത്തു. പെട്ടെന്നുള്ള അമിതനിലവിളികൊണ്ടു് ഒരദൃശ്യപ്രവർത്തനത്താൽ അവളുടെ രണ്ടു കണ്ണുകളും അടർന്ന് യോഹന്നാന്റെയും അവളുടെ മകളുടെയും തലകളിൽ നിപതിച്ചു. യോഹന്നാനോടു ചെയ്ത തിന്മയെപ്പററി അറിഞ്ഞ പീലാത്തോസ് അവിടെ സന്നിഹിതരായിരുന്ന അതിഥികളെ മുഴുവൻ കൊന്നുകളഞ്ഞു. അന്നു മുതൽ അവർ ശത്രുക്കളായി. സുവിശേഷകന്റെ വിവരണമനുസരിച്ച് സകലരെയും അനുരഞ്ജിപ്പിക്കുന്നവന്റെ പീഡാനുഭവ ദിവസം ഹേറോദേസിന്റെയും പീലാത്തോസിന്റെയും ഇടയിൽ സമാധാനം പുനഃസ്ഥാപിതമായി (ലൂക്കാ 23:12). പീലാത്തോസിനു് ഹേറോദേസിനെ മുറിപ്പെടുത്താൻ കഴിഞ്ഞില്ല. കാരണം അവനും തന്നെപ്പോലെ ഒരു സ്വേച്ഛാപ്രഭുവായിരുന്നു. ശിശുവധം നടത്തിയ അവന്റെ പിതാവിനു് സംഭവിച്ചതുപോലെ നീതി അവനെ നിശിതമായി പ്രതികാരം ചെയ്തു് ശിക്ഷിച്ചു.

*'അവിടുന്ന് സ്വർഗത്തിലേക്കു നോക്കി, ആശീർവദിച്ചു, മുറിച്ചു'* (14:19): മരുഭൂമിയിൽ വച്ച് ദൈവം അവർക്കു മന്നാ കൊടുത്തപ്പോരം അവർ ഉദ്ധിതരും ദൈവദൂഷകരുമായിരുന്നു. എന്നാൽ അവർ ദൂഷണം പറഞ്ഞിരുന്നതുപോലെ അവിടുന്നു് ദൈവത്തിനു് എതിരല്ലായിരുന്നു; മറിച്ച് സംഭവിച്ചതു് അവിടുന്നു ദൈവത്തിനു നൽകി എന്നു് തന്റെ നോട്ടം വഴി അവിടുന്നു കാട്ടിക്കൊടുത്തു. *'ശേഷിച്ച കഷണങ്ങൾ പന്ത്രണ്ടു് കൊട്ട നിറച്ച് അവർ എടുത്തു'*(14:20).

www.malankaralibrary.com



ഇപ്രകാരം സജ്ജീകരിച്ചതു് ദൈവപരിപാലനയാണ്: ഒന്നാമതു്, ശിഷ്യരിതെടുക്കുകയും സംഭവിച്ചവ കൂടുതൽ നന്നായി കാണുകയും ചെയ്യാൻ. രണ്ടു്, അവിടുന്നു് മന്ത്രവാദിയുടെ ജാലവിദ്യ കാട്ടിയെന്നു കരുതാതിരിക്കാനും, ശേഷിച്ചവ ഒന്നോ രണ്ടോ ദിവസം സൂക്ഷിച്ചുവച്ചപ്പോഴും, അവിടുന്നു യഥാർത്ഥത്തിൽ അപ്രകാരം ചെയ്തു എന്നു് വിശ്വസിക്കാനും. മൂന്നു്, അവിടുത്തെ ദാനത്തിന്റെ സമൃദ്ധി അറിയപ്പെടുന്നതിനും മോശയെപ്പോലെയും വിധവയുടെ കാര്യത്തിൽ ഏലിയായെപ്പോലെയും സഹജീവികളുടെ പ്രയോജനത്തിനുവേണ്ടി പ്രവർത്തിക്കാൻ ശക്തി ലഭിച്ച മററുള്ളവരെപ്പോലെയല്ല അവിടുത്തെ മഹത്ത്വം എന്നു് പ്രഘോഷിക്കപ്പെടുന്നതിനും. നാലു്, ദൂരെയുള്ളവരും ഇതു ഭക്ഷിക്കുന്നതിനും ഈ അത്ഭുതത്തെപ്പററി അറിയുന്നതിനും.

വർദ്ധിപ്പിച്ച അപ്പക്കഷണങ്ങളായിരുന്നു അവ, അല്ലാതെ, ഒരുപോലെ ഇരിക്കുന്ന മുഴുവൻ അപ്പമായിരുന്നില്ല എന്നു് കലാലയങ്ങളിലെ *മല്പാന്മാർ* പഠിപ്പിച്ചിട്ടുണ്ടു്. കാരണം, നമ്മുടെ കർത്താവു് മുറിച്ചു് തന്റെ ശിഷ്യർക്കു നൽകിയതനുസരിച്ചു്, അതു കൂട്ടിച്ചേർക്കപ്പെട്ടു. കർത്താവിന്റെ തിരുമുമ്പിലും ശിഷ്യരുടെ പക്കലും ഭക്ഷിച്ചവരുടെ മുമ്പിലും ആയി എല്ലായിടത്തും അതു് വർദ്ധിച്ചു. നമ്മുടെ കർത്താവിൽനിന്നു് അവരെടുത്ത കഷണങ്ങൾ ജനക്കൂട്ടത്തിന്റെ മുൻപാകെ വച്ചു് മുറിക്കാത്ത അപ്പങ്ങളായിത്തീർന്നു എന്നു് മററുള്ളവർ പറയുന്നു. എന്നാൽ അതിനു സാധ്യതയില്ല. കാരണം, കഷണങ്ങൾ ആയിരുന്നെങ്കിൽ അവ ഒരുപോലെയുള്ള അപ്പങ്ങളായി മാറിയിരിക്കണം. ഒരുപക്ഷേ നമ്മുടെ കർത്താവു് മുറിച്ചു നല്കിയതല്ലിതു്; വേറെവിടെനിന്നോ കൊണ്ടുവന്നതാകാം എന്നു് ചിന്തിച്ചിരിക്കാം.

*'നാലാം യാമം'*: രാത്രിക്കു് നാലു് യാമങ്ങളുണ്ടെന്നു് തിരുലിഖിതം പറയുന്നു; ഓരോന്നും മുമ്മൂന്നു മണിക്കൂറുകളായി തിരിച്ചിരിക്കുന്നു.

*'എന്നിൽനിന്നു് നിനക്കുപകരിക്കാവുന്ന എന്തും എന്റെ കുർബാൻ ആകുന്നു എന്നു് തന്റെ അപ്പനോടോ അമ്മയോടോ പറയുന്ന ഏവനും....'* (15:5). ജൊസേഫൂസിന്റെ ചരിത്രത്തിൽനിന്നു്: (യൂദപ്പഴമ, 12:5. 1; 1 മക്ക. 1:14): തിരികെ വന്നശേഷം ഗ്രീക്കുരാജാക്കന്മാർ യഹൂദരോടു യുദ്ധം ചെയ്യുകയും പലതരത്തിൽ അവരെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു. *ജിമ്നാസ്യം* എന്ന പേരുള്ള

www.malankaralibrary.com



ഒരു തീയേററർ ജറുസലേമിൽ പണിയുകയും ചെയ്തു. അവരോടുള്ള ഇഷ്ടംകൊണ്ടാണോ, അവരെ ഭയന്നിട്ടാണോ എന്നു് അറിയില്ല. ഗ്രീക്കുസമ്പർക്കംമൂലം തെർത്തുള്ളുസിനെപ്പോലെ നിരവധിയാളുകൾ ഗ്രീക്ക സംസ്കാരം സ്വീകരിച്ചു; അവർ ശരീരത്തിൻെറ ഉത്ഥാനത്തിൽ വിശ്വസിക്കാതെ, പ്രൊറേറാണിസ്ററുകളെപ്പോലെ ആത്മാവിൻെറ ഉത്ഥാനം മാത്രം അംഗീകരിച്ചിരുന്നു. കോഴിക്കുഞ്ഞിനു് മുട്ടത്തോടുപോലെയും ഭ്രൂണത്തിനു് ഗർഭാശയാവരണംപോലെയുമാണു് ശരീരം എന്നു് അവർ പറഞ്ഞു. അതു് അതിനുവേണ്ടിയല്ല, മററുള്ളവയ്ക്കുവേണ്ടിയാണു്. അതുകൊണ്ടു് അതു് അധികപ്പററാണു്. അവർ അധികപ്പററെന്ന നിലയിൽ ശരീരത്തെ മാത്രമല്ല, ശരീരത്തിനു ജന്മം നൽകിയവരെയും നിന്ദിക്കുന്നു. മതസംഗതികളിൽ ആത്മാവിനെ പ്രബോധിപ്പിക്കുന്നവരെ മാത്രമേ അവർ ബഹുമാനിക്കുന്നുള്ളു. ഈ ചിന്തയുടെ വെളിച്ചത്തിൽ 'നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കുക' എന്ന സുപ്രധാന കല്പന അവർ നീക്കിക്കളഞ്ഞു. അവരുടെ അത്യാർത്തിയും ധനമോഹവും നിമിത്തം തങ്ങളുടെ മാതാപിതാക്കൾക്കെതിരായി മത്സരിക്കാൻ അവർ മക്കളെ ഇളക്കിവിട്ടു. തൻെറ മാതാവിനോ പിതാവിനൊ യോഗ്യമായതരത്തിൽ ആരെങ്കിലും എന്തെങ്കിലും ചെയ്താൽ, അതു് അവനു് നഷ്ടപ്പെട്ടതുതന്നെ എന്നും എൻെറ കൈകളുടെ കാഴ്ച സന്ധ്യായാഗം പോലെയും പ്രഭാതബലിപോലെയുമാണു് എന്നും അവർ പറഞ്ഞിരുന്നു. കാരണം, രണ്ടുനേരവും കാഴ്ചയണയ്ക്കാനായി എന്തെങ്കിലും കൊണ്ടുവന്നിരുന്നു. എന്നെ ജനിപ്പിച്ചതിനും വളർത്തിയതിനും പകരം നിങ്ങൾ എന്നിൽനിന്നു് പ്രതിഫലം പ്രതീക്ഷിക്കുന്നുണ്ടല്ലോ. എന്നാൽ നിങ്ങൾ ചിന്തിക്കുന്നതുപോലെ അവശ്യാവശ്യ കടമയെന്ന നിലയിലല്ല, ഒരു കാഴ്ചയായി ഇതു പരിഗണിക്കണം. നിങ്ങളെ ബഹുമാനിക്കാൻ എനിക്കിഷ്ടമില്ലെങ്കിൽ നിങ്ങളെ ബഹുമാനിക്കേണ്ട ഒരു കാര്യവും എനിക്കില്ല. തൻെറ മാതാപിതാക്കൾക്കുവേണ്ടി അപ്രകാരം ചെയ്യിക്കാനും ആർക്കും സാധ്യമല്ല. മുകളിൽ വാക്കുകളും ഇവിടെ പ്രവൃത്തികളും കാണുവിൻ. ഇതിനുള്ള ഉത്തരമല്ല എന്നു മാത്രം ഇതേപ്പററി ഞാൻ പറഞ്ഞു. ഇവിടെ അവൻ അതു പൂർത്തിയാക്കി.

അവരുടെ മക്കൾ അവരോടും ഇപ്രകാരംതന്നെ ചെയ്യും എന്നു് ഓർത്തു് അവർ ഭയപ്പെടുന്നില്ല എന്നതിൽ നാം അത്ഭുതപ്പെടണം. മററുള്ളവർ പറയുന്നതു്: പുരോഹിതന്മാരും ലേവ്യരും സ്വാഭാവിക പിതാക്കന്മാരേക്കാൾ ഉന്നതരും ബഹുമാന്യരുമാണെന്നും ഇക്കാരണത്താൽ മക്കൾ മാതാപിതാക്കളെ

www.malankaralibrary.com



ബഹുമാനിക്കുകയോ, അവർ പാവപ്പെട്ടവരാണെങ്കിലോ, ന്യായമായി സഹായാഭ്യർത്ഥന നടത്തിയാലോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അവരെ സഹായിക്കേണ്ട കാര്യമില്ലെന്നും ഇസ്രായേലിലെ പണ്ഡിതരും പുരോഹിതരും ജനങ്ങളെ പഠിപ്പിച്ചിരുന്നു. അതുകൊണ്ട്, 'ഞങ്ങൾക്കു നിങ്ങളോടു ഒരു കടമയും ഇല്ല; മറിച്ച്, നിങ്ങളിൽനിന്നെടുക്കാൻ ഞങ്ങൾക്കവകാശം ഉണ്ട്; കാരണം, പുരോഹിതരെയും ദൈവഭവനത്തെയും ബഹുമാനിക്കുന്നതിൽ ഞങ്ങൾ നിങ്ങളേക്കാൾ വലിയവരാണ്'' എന്ന് അവർ മറുപടി പറഞ്ഞിരുന്നു. ആരെങ്കിലും തന്റെ മാതാപിതാക്കൾക്ക് എന്തെങ്കിലും കൊടുക്കാൻ ഇടയായാൽ അതൊരു കാഴ്ചയാണ് എന്ന് പറഞ്ഞിരുന്നു: 'എനിക്കു നിന്നോട് ഒരു കടമയും ഇല്ല; ഞാൻ എന്റെ സന്മനസ്സുകൊണ്ട് ചെയ്യുന്നു എന്നേയുള്ളു'.

വീണ്ടും, വിവാഹം കഴിച്ച് മക്കളുണ്ടാകുന്നതുവരെ മാതാപിതാക്കളെ ബഹുമാനിക്കുക മക്കളുടെ കടമയാണെന്ന് അവർ പറയുന്നു. മക്കളുണ്ടായിക്കഴിഞ്ഞാൽ പിതാവിന് അവരുടെ മേൽ യാതൊരധികാരവും ഇല്ല; മക്കൾക്കു മാതാപിതാക്കളോട് കടമയും ഇല്ല; കാരണം, അവർ തന്നെ മാതാപിതാക്കളായി കഴിഞ്ഞിരിക്കുന്നു. മക്കൾ എന്തെങ്കിലും കൊടുക്കുന്നത് കടമ എന്ന നിലയിലല്ല, സൗമനസ്യവും ദാനവും എന്ന നിലയിൽ മാത്രമാണ്. *ഫീലോ* രേഖപ്പെടുത്തിയ അവരുടെ നടപടിക്രമങ്ങളിൽ ഇതു കാണാം. അതിനെയാണ് നമ്മുടെ കർത്താവ് 'പാരമ്പര്യങ്ങൾ' എന്നു പറയുന്നത്.

*'എന്റെ സ്വർഗീയ പിതാവ് നടാത്ത സസ്യമൊക്കെയും വേരോടെ പറിക്കപ്പെടും'* (15:13). പരീശപ്രമാണികൾ കണ്ടുപിടിച്ച പാരമ്പര്യങ്ങളെപ്പററിയാണ് അവിടുന്നു പറയുന്നത്. അവിടുന്നു പത്തു കല്പനകളെ തള്ളിക്കളയുന്നില്ല. സത്യത്തിനെതിരായി പതിനായിരം തവണ അവർ തർക്കിച്ചാലും, അവരുടെ പാരമ്പര്യങ്ങളെ അവിടുന്ന് നിശ്ചയമായും നീക്കി ഇല്ലാതാക്കിക്കളഞ്ഞു. മററുള്ളവർ പറയുന്നു: ഇതു് അശുദ്ധി സംബന്ധിച്ച നിയമങ്ങളെപ്പററി മനസ്സിലാക്കിയാലും അല്ലെങ്കിലും പ്രവാചകൻ അവരെപ്പററി സാക്ഷ്യപ്പെടുത്തിയതുപോലെ ഒരാശയം രൂപീകൃതമായി: 'ഞാൻ അവർക്ക് ദോഷകരമായ കല്പനകളും ജീവൻ നേടാൻ ഉതകാത്ത പ്രമാണങ്ങളും നൽകി' (എസ. 20:25).

നമ്മുടെ കർത്താവ് *കനാൻകാരിയുടെ മകളെ* സൗഖ്യമാക്കുന്നതു് താമസിപ്പിക്കുന്നു (മത്താ. 15:21 ff). കാരണം,

www.malankaralibrary.com



അവിടുത്തേക്കു് അവളുടെ വിശ്വാസം അറിയാമായിരുന്നു; അവരം ഒരു പുറജാതിക്കാരി ആയിരുന്നു. അവളോടു് നിർദാക്ഷിണ്യം പ്രവർത്തിക്കുന്നതുവഴി അവളുടെ മകളെ സുഖപ്പെടുത്താതിരിക്കാൻ അവിടുന്നാഗ്രഹിച്ചു എന്നു തോന്നൽ ചുററുമുള്ളവരിൽ അവിടുന്നു് പരത്തി. അതിനു് മൂന്നു കാരണങ്ങരം ഉണ്ടു്: ഒന്നു്, അവളുടെ വിശ്വാസം വ്യക്തമായി വെളിപ്പെടുത്താൻ; രണ്ടു്, യഹൂദരുടെ അവിശ്വാസം സ്പഷ്ടമാക്കുവാൻ; മൂന്നു്, അവിടുന്നു് യൂദർക്കും വിജാതീയർക്കും ഒരുപോലെ സഹായം നൽകുന്നു എന്നു് പറഞ്ഞവരുടെ വായടസ്സുവാൻ.

*'മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല'* (15:26). തന്നിൽനിന്നുള്ള സൗഖ്യമാക്കൽ എന്ന സഹായത്തെയാണു് അവിടുന്നു് അപ്പം എന്നു വിളിക്കുന്നതു്. അതു് കുടുംബാംഗങ്ങരംക്കു മാത്രമുള്ളതാണു്. പിന്നെയെന്താണു് സ്ത്രീ? 'കർത്താവേ, ശരിതന്നെ' എന്നു തുടങ്ങുന്ന അവളുടെ മറുപടി. വിവേകം, വിശ്വാസം, വിജ്ഞാനം എന്നിങ്ങനെ മൂന്നു് സുകൃതങ്ങരം അവളുടെ മറുപടിയിലൂടെ അവരം വെളിപ്പെടുത്തുന്നു. കർത്താവിനാൽ പട്ടിയായി കരുതപ്പെടുവാൻ അവരം ഇഷ്ടപ്പെട്ടതിലുള്ള വിവേകം. കാരണം തൻെറ മകളെ സുഖപ്പെടുത്താൻ അവിടുത്തെ ശക്തിയുടെ ചെറിയൊരംശം മാത്രം മതിയാകും എന്നു് അവരം കരുതിയതിനാലാണു് 'അപ്പക്കഷണങ്ങരം' എന്നു് അവരം പറഞ്ഞതു്. അതു് അവളുടെ വിശ്വാസത്തിൻെറ വലിയ തെളിവാണു്. അവരം പട്ടിയുടെ ദൃഷ്ടാന്തത്തിലൂടെ തന്നിലേയ്ക്കു കടന്നതു് അവളുടെ വലിയ വിജ്ഞാനത്തിൻെറ സൂചനയാണു്. 'നീയെന്നെ പട്ടിയെന്നു വിളിക്കുന്നുവോ? എന്നാൽ പട്ടിക്കുള്ള അപ്പക്കഷണങ്ങരം തന്നാലും. നീയെൻെറ വക്കീലാണു്; ഞാൻ നിൻെറ വാക്കുകരം പൂർത്തിയാക്കുന്നു.

## പുസ്തകം XII

*'ആകാശത്തിൻെറ ഭാവം വിവേചിക്കുവാൻ നിങ്ങരം അറിയുന്നു. ഈ സമയത്തിൻെറ...അറിയുന്നില്ലയോ?'* (16:4). അതായതു്, വായുവിനു് ക്രമമായി ചലനം ഉണ്ടാകുന്നു എന്നു നിങ്ങരംക്കറിയാം. നിങ്ങരം അടയാളങ്ങരം മനസ്സിലാക്കുന്നു. തദനുസരണം എപ്പോഴാണു് നല്ല കാലാവസ്ഥയെന്നും എപ്പോഴാണു് തണുപ്പെന്നും മുൻകൂട്ടി പറയാൻ നിങ്ങരംക്കു കഴിയുന്നു. ഒരു ക്രമംപോലും ഇല്ലാത്തിടത്തു് നിങ്ങരം അടയാളങ്ങരം അപഗ്രഥിക്കുന്നു. വ്യർത്ഥവും പ്രയോജനരഹിതവുമായവസ്ഥായി എപ്പോഴാണു് അധ്വാനിക്കേണ്ടതും അധ്വാനിക്കേണ്ടാത്തതെന്നും നിങ്ങരം മനസ്സിലാക്കുന്നു.

www.malankaralibrary.com



*'യേശു ഫീലിപ്പോസിൻെറ കേസറിയാ പ്രദേശത്തു വന്നപ്പോൾ....' (16:13)*,ഈ കേസറിയാ ചിലപ്പോഴൊക്കെ *സ്ത്രാതോയുടെ ഗോപുരം* എന്നു വിളിക്കപ്പെട്ടിരുന്നു.[1] തിബേരിയൂസ് സീസറിൻെറ ഭരണത്തിൻെറ ഏഴാം വർഷം കഴിഞ്ഞ് ടെട്രാർക്കായ ഫീലിപ്പ് ഇതു് പണിതു് വികസിപ്പിച്ചു. കേസറിയാ എന്നു് പേരുമിട്ടു. അവൻെറ സഹോദരനായ ഹേറോദേസും ഒരു നഗരം നിർമ്മിച്ച് തിബേരിയോസിൽനിന്ന് തിബേരിയാ എന്നു പേരിട്ടു. എന്നാൽ കേസറിയായോടുകൂടി 'ഫീലിപ്പോസിൻെറ' എന്നു് സുവിശേഷകൻ കൂട്ടിച്ചേർത്തിരിക്കുന്നു. കപ്പഡോഷ്യയിലെ കേസറിയായിൽ നിന്നും മധ്യ അർമേനിയായിൽ ഉള്ള നെയോ ചെസറിയായിൽ നിന്നും വേർതിരിച്ചറിവാനാണതു്. നെയോ ചെസറിയാ ഗ്രിഗറി തൗമത്തുർഗ്ഗസിൻെറ സിംഹാസനമാണ്; ഗ്രിഗറി ദൈവശാസ്ത്രജ്ഞൻെറയോ, ഗ്രിഗറി നീസ്സായുടെയോ അല്ല. കാരണം, മൂന്ന് ഗ്രിഗറിമാരുണ്ടായിരുന്നു. അതിൽ മററയാളുടേതാണ്. *ബർ ഹാദ് ബ്ശാബാ* ഇക്കാര്യം പറയുന്നു. അവിടുന്ന് ജഡപ്രകാരം മനുഷ്യനും ആത്മീയമായി ദൈവവുമായിരുന്നിട്ടും, *മനുഷ്യൻ* എന്നല്ല *മനുഷ്യപുത്രൻ* എന്നാണ് സ്വയം വിളിക്കുന്നതു്. 'ഞാൻ ആരാകുന്നു എന്നാണ് അവർ ചിന്തിക്കുന്നതു്?' എന്നല്ല അവിടുന്ന് ചോദിച്ചതു്. ഒന്നാമതായി, മാർസിയൻെറയും മാനിയുടെയും ചങ്ങലയിട്ട വായ്കൾക്ക കടിഞ്ഞാണിടാൻ: നമ്മുടെ കർത്താവ് ഭാവനാസൃഷ്ടിയാണെന്നും മായാചിത്രമാണെന്നും മിന്നലാണെന്നും, രൂപമാണെന്നും അവർ പറഞ്ഞുനടന്നു. രണ്ട്, *മനുഷ്യൻ* എന്ന പേരു് മററുമനുഷ്യരെപ്പോലെ ബീജത്തിൽനിന്നുണ്ടായവനെ കുറിക്കാനാണ് ഉപയോഗിക്കുക. എന്നാൽ മററുള്ളവരെപ്പോലെ അവിടുത്തേക്കു് തൻെറ മനുഷ്യത്വത്തിൽ യഥാർത്ഥമായി ഭൗമിക പിതാവില്ലായിരുന്നു എന്നു സൂചിപ്പിക്കാൻ *മനുഷ്യപുത്രൻ* എന്ന് അവിടുന്നു സ്വയം വിളിക്കുന്നു. എന്നാൽ അവിടുന്നു് *ആദ്യ മനുഷ്യൻെറ പുത്രൻ* ആയിരുന്നു. അതായതു്, സമൂഹം മുഴുവൻെറയും പിതാവായ ആദത്തിൻെറ. അവിടുന്നു് സ്വയം *ദാവീദിൻെറ പുത്രൻ* എന്നുപോലും വിളിക്കുന്നില്ല;

1. ഈശോദാദിൻെറ ഈ വിവരണം കൃത്യമല്ല. ''സ്ത്രാതോയുടെ ഗോപുരം'' എന്നറിയപ്പെട്ടിരുന്നതു് ''കടൽത്തീരത്തെ കേസറിയാ'' (പലസ്തീനായിലെ കേസറിയാ) ആണ്. അതിൽനിന്ന് വ്യത്യസ്തമാണ് ഫീലിപ്പിൻെറ കേസറിയാ: പലസ്തീനയുടെ വടക്കേ അററത്താണ് കേസറിയാ ഫീലിപ്പി. ഇന്ന് ബനിയാസ് എന്നു വിളിക്കപ്പെടുന്നു: ജി. ചേടിയത്ത്, *സഭാചരിത്രപഠനങ്ങൾ* കോട്ടയം, 1996, പേ. 25–29.

www.malankaralibrary.com



കാരണം, ദാവീദും സമൂഹത്തിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ നമ്മുടെ കർത്താവ് സമൂഹത്തിൻെറ പുത്രനായിരുന്നു; സമൂഹത്തിൽ നിന്ന്, സമൂഹത്തിനുവേണ്ടി അവിടുന്ന് ദൈവീകരിക്കപ്പെട്ടു.

എന്തുകൊണ്ടാണ് യോഹന്നാൻ, ഏലിയാ, ജറമിയ എന്നിവരുടെ കാര്യം മാത്രം എടുത്തുപറഞ്ഞത്. മോശ, ശാമുവേൽ തുടങ്ങിയ മററുള്ളവരും, ഉന്നതരും വിഖ്യാതരും ആയിരുന്നല്ലോ എന്ന് ചോദിച്ചേക്കാം. ഈ മൂവരുടെ പൊതുകാരണം അവർ ബ്രഹ്മചാരികളായിരുന്നു, ബ്രഹ്മചര്യ ജീവിതവും മാലാഖമാർക്ക തുല്യമായ ജീവിതവും നയിച്ചിരുന്നു എന്നതാണ്. നമ്മുടെ കർത്താവും സത്യമായും ബ്രഹ്മചാരിയായിരുന്നു. അവിടുന്ന് കന്യകയിൽനിന്ന് കന്യാത്വപരമായ രീതിയിൽ പിറന്നു. കന്യാത്വലോകത്തിൻെറ പിതാവുമാണ് അവിടുന്ന്. അതുകൊണ്ട് അവിടുന്ന് അവരിൽ ഒരാളാണ് എന്ന് അവർ കരുതി.

വീണ്ടും, യോഹന്നാൻെറ ഗർഭധാരണദിവസവും ഉത്ഭവദിവസവും നടന്ന അത്ഭുതകരമായ കാര്യങ്ങൾ, അവൻെറ മാലാഖ സദൃശ്യരൂപം, മാനുഷികപഠനം കൂടാതെ അവൻ പരീശന്മാരോട് തർക്കിച്ചത്, അവൻെറ താപസ്സജീവിതം, മഹനീയ രീതിയിലുള്ള അവൻെറ രക്തസാക്ഷിത്വം എന്നിവ നിമിത്തം അവർ യോഹന്നാൻെറ പേര് എടുത്തുപറഞ്ഞു. സാറെപ്താ യിലെ വിധവയുടെ മകനെ ഉയിർപ്പിച്ചതിനാൽ ഏലിയായേയും അനുസ്മരിച്ചു. എബ്രായരുടെയും *മാർ അപ്രേമിൻെറയും* സാക്ഷ്യമനുസരിച്ച് ഇത് യോനായായിരുന്നു. കാരണം, മൂന്നിൽ കുറയാത്ത പ്രാവശ്യം അവൻ മരണക്കാസാ നുകർന്നു: രണ്ടു പ്രാവശ്യം പ്രതീകാത്മകമായും ഒരിക്കൽ സ്വാഭാവികമായും കൂടാതെ, നമ്മുടെ കർത്താവും നയീനിലെ വിധവയുടെ പുത്രനെയും മററുള്ളവരെയും ഉയിർപ്പിച്ചതായി അവർ ദർശിച്ചു.

എന്നാൽ പ്രവാചകരിൽ, അതായത് മാലാഖി പ്രവാചകൻെറ അവസാനഭാഗത്ത് (4:5) ഏലിയായെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'കർത്താവിൻെറ മഹത്തരവും ഭയാനകവുമായ ദിവസം വരുന്നതിനുമുമ്പ് ഞാൻ ഏലിയാ പ്രവാചകനെ നിങ്ങൾക്ക് അയച്ചുതരും' അവിടുന്നാണ് ഏലിയാ എന്ന് അവർ കരുതി. എന്നാൽ അവർ ജറമിയായെപ്പററി പറഞ്ഞത് അവനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നതിനാലത്രേ: 'നിൻെറ അമ്മയുടെ ഉദരത്തിൽനിന്ന് നീ പുറത്തുവരുന്നതിനു മുമ്പ് ഞാൻ നിന്നെ വിശുദ്ധീകരിച്ചു; നിന്നെ ഞാൻ രാജ്യങ്ങൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു' (ജറ. 1:5).

www.malankaralibrary.com



അവർ ഇവയെല്ലാം നമ്മുടെ കർത്താവിൽ ദർശിച്ചു. കാരണം, അവിടുന്ന് ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ പവിത്രീകൃതനായി; അവിടുന്ന് ഒരേസമയം സ്വജനത്തെയും ജാതികളെയും പഠിപ്പിച്ചു. വീണ്ടും, ജറമിയായെ എന്നപോലെ അവർ നിന്ദാപൂർവം അവിടുത്തോടു പെരുമാറി. ജറമിയാ ജീവിച്ചിരുന്നപ്പോൾ മുട്ടകുത്തിനിന്നുകൊണ്ട് പൊടിയും അഴുക്കും ഭക്ഷിക്കേണ്ടി വന്നു. അവൻെറ കണ്ണുകളിൽ നിന്നുതിർന്ന കണ്ണീരാൽ അവൻ അവരെ കരയിച്ചു. ഇടിച്ചുതകർക്കപ്പെടുകയും, അവമാനിതയാക്കപ്പെടുകയും പരാജിതയാക്കപ്പെടുകയും ചെയ്ത ജറുസലേമിനെപ്പററി അവൻ വിലാപങ്ങളും ഗീതങ്ങളും ദുഃഖകീർത്തനങ്ങളും രചിച്ചു. അതിൻെറ ഫലമായി വൊളൊഗേസിൻെറ കാലത്തും, ജറമിയായെ ദർശിച്ചു എന്ന് യൂദർ കരുതി (2 മക്ക.15:14). അതുകൊണ്ട്, നമ്മുടെ കർത്താവ് ജറമിയാ ആണെന്ന് അവർ വിഭാവന ചെയ്തു.

*'പ്രവാചകരിൽ ഒരുവൻ'* (16:14). ചിലർ തെററായി കരുതിയതുപോലെ, അവർ മോശയെപ്പററി ചിന്തിച്ചില്ല. പിന്നെയോ മോശ ആരേപ്പററി പറഞ്ഞുവോ അവനെപ്പററി: 'കർത്താവ് നിങ്ങൾക്കായി ഒരു പ്രവാചകനെ എഴുന്നേല്പിക്കും' (ആവ. 18:15). നൂനിൻെറ പുത്രനായ ജോഷ്വായെപ്പററിയും പ്രസ്തുത ലൈനിലെ മററ് പ്രവാചകരെപ്പററിയുമാണ് ഇതു പറഞ്ഞതെങ്കിലും, വരാനിരിക്കുന്ന ഒരു പ്രവാചകനെപ്പററി പ്രത്യേകമായിട്ടാണിതു് എന്ന് അവർ കരുതിയിരുന്നു.

അവിടുന്ന് *കേപ്പാ* (പാറ) എന്നു വിളിക്കുന്നു (16:18). ശെമഓൻ എന്നയാളിനെയല്ല, പിന്നെയോ അവനിൽ ഉണ്ടായിരുന്ന സത്യവിശ്വാസവും, സത്യവിശ്വാസ പ്രഖ്യാപനവും. ആ പ്രഖ്യാപനം വ്യതിയാനരഹിതവും ഒരിക്കലും മാററമില്ലാത്തതുമാണ്. അതു് പിതാവ് അവൻെറ അധരങ്ങളിലേക്ക് ഒഴുക്കി. ചിലർ പറയുന്നു: ഏത്താ (edta)-സഭ-എന്ന നാമം സുറിയാനി ഉപയോഗം അനുസരിച്ച് ഏദാ (eda) - പെരുന്നാൾ - യിൽനിന്ന് വരുന്നു.[1] പുരാതന ലിഖിതങ്ങളിൽ *ഏത്തായും* ഏദായും എഴുതിയിരുന്നതു് രണ്ട് ആലഫ് ചേർത്താണ് എന്നതിൽനിന്നു് ഇതു വ്യക്തമാണ്. *ഏത്താ* സ്ത്രീലിംഗവും *ഏദാ* പുല്ലിംഗവുമാണെന്ന വ്യത്യാസവുമേയുള്ളു. ഇതു് മാർ-മത്താ, മൽക്കാ-മൽക്ക്താ (രാജാവ്-രാജ്ഞി), സാബാ-സബ്താ

1. അയിൻ, ദോലദ്, താവു, ഓലഫ്-ഏത്താ (Edta); അയിൻ, ഓലഫ്, ദോലദ്, ഓലഫ്—ഏദാ (Eda).

www.malankaralibrary.com



(മൂപ്പൻ-മൂപ്പത്തി) എന്നീ പദങ്ങൾ തമ്മിലുള്ള വ്യത്യാസംപോലെയേ ഉള്ളൂ. *ഏദാ* എന്ന പദത്തിനർത്ഥം 'സന്തോഷം നിറഞ്ഞ സമൂഹം' എന്നാണ്. എല്ലാ *ഏദായും സമൂഹം* ആയും എല്ലാ *സമൂഹവും ഏദാ* ആയും അറിയപ്പെട്ടിരുന്നില്ല എന്നതാണ് വാസ്തവം. കാരണം, ഏതെങ്കിലും ജോലിക്ക് ഒന്നിച്ചു കൂടുന്നവരുണ്ട്. നല്ലതോ ചീത്തയോ ആയ കാര്യങ്ങൾക്ക് ഒന്നിച്ചുകൂടുന്നവരുണ്ട്. അങ്ങനെയുള്ള കൂട്ടങ്ങളെ *ഏദാ* എന്നു വിളിക്കാറില്ല. വിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും ഒന്നിച്ചിരിക്കുന്ന വിശ്വാസികളുടെ സമൂഹമാണ് *ഏത്താ* (സഭ) സഭയുടെയും സമൂഹത്തിന്റെയും മാതൃക സ്വർഗത്തിലാണ്.

മററു ചിലർ പറയുന്നു: *ഏത്താ* എന്നതു് ഹീബ്രു വാക്കാണ്. സുറിയാനിയിൽ *ക്നൂശ്താ* (സിനഗോഗ്) എന്നു് ഭാഷാന്തരം ചെയ്യാം. *'ഒന്നിച്ചു കൂടുക, വരുക'* എന്നൊക്കെ പറയാം. ഗ്രീക്കിലുള്ള *എക്ക്ളേസിയാ* സുറിയാനിയിൽ ക്രീസാ, (*വിളി*) എന്നു് ഭാഷാന്തരം ചെയ്യാം: 'എല്ലാ ജനങ്ങളിൽനിന്നും ഗോത്രങ്ങളിൽനിന്നും വിളിച്ചുകൂട്ടപ്പെട്ടവർ' എന്നു് പറയുന്നതുപോലെ (വെളി. 5:9; 7:9). സഭയും സിനഗോഗുമാണു് ഇതിൽനിന്നു് അർത്ഥമാക്കുന്നതു് എന്നു തോന്നുന്നു. അവയോരോന്നും രണ്ടിൽനിന്നുമാണ്: *ഏത്താ* ഏദായിൽനിന്നും സൂബായിൽനിന്നും, *ക്നൂശ്താ* (സിനഗോഗ്) ക്നശ്യായിൽനിന്നും (bringing) സൂബായിൽനിന്നും(assembling) വരുന്നു. കല്ലുകൊണ്ടും തടികൊണ്ടും ഉള്ള ഭവനങ്ങളെ സഭയെന്നോ, സിനഗോഗെന്നോ നാം വിളിക്കാറില്ല. അതിൽ ഒന്നിച്ചുകൂടുന്ന ജനങ്ങളുടെ സമൂഹത്തെയാണു് വിളിക്കാറുള്ളതു്.

ജനങ്ങളെ മരണത്തിലേക്കു നയിക്കുന്ന പീഡനങ്ങളെയാണ് *പാതാളവാതിലുകൾ* എന്നു് അവൻ വിളിക്കുന്നതു്. *'സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും'.* ശെമഓനിലൂടെ വിശ്വാസികളുടെ സമൂഹങ്ങൾക്കെല്ലാം, ഈ വിശ്വാസപ്രഖ്യാപനത്തിൽ പങ്കുള്ള എല്ലാവർക്കും, അവിടുന്നു് വാഗ്ദാനം നൽകുന്നു. എല്ലാ പുരോഹിതരോടും സത്യവിശ്വാസികളോടുംകൂടെ അവന്റെ അധികാരം ഏകമാകുന്നു.

*'കേപ്പാ അവനെ കൂട്ടിക്കൊണ്ടുപോയി....അവനെ വിലക്കിപ്പറയാൻ തുടങ്ങി'* (16:22). അവിടുന്നു് മരിക്കാൻ പോകയാണെന്ന കാര്യവും അവന്റെ വിലക്കും മററു് ശിഷ്യർ കേൾക്കും എന്നു് കരുതി അവരുടെ ഇടയിൽനിന്നു മാററിനിർത്തിയാണു് പറഞ്ഞതു്. താൻ ഉടനെ മരിക്കും എന്നു് കർത്താവ്

www.malankaralibrary.com



പറയാൻ തുടങ്ങുകയായിരുന്നു. അതിനാണ് അവിടുത്ത വിലക്കിയത്. എന്നാൽ ദൈവിക കാര്യങ്ങളല്ല, മാനുഷികകാര്യങ്ങൾ ചിന്തിക്കുന്നവൻ എന്ന നിലയിൽ നമ്മുടെ കർത്താവ് അവനെ *സാത്താൻ* എന്നു വിളിച്ചു. അവന്റെ വിശ്വാസ പ്രഖ്യാപനത്തിന്റെ മഹത്വം കാണിക്കാൻ അവിടുന്ന് അവനെ അനുഗ്രഹങ്ങൾക്കും സ്തുതികൾക്കും ഉപരിസ്ഥനാക്കി വച്ചു. എന്നാൽ പീഡനങ്ങളിൽ ഒരാൾ ഇടറിപ്പോകുക എന്നുള്ളത് എത്ര വലിയ തിന്മയാണെന്നു കാണിക്കാൻ അവിടുന്ന് അവനെ സാത്താൻ എന്നു വിളിച്ചു കുററപ്പെടുത്തി. പത്രോസ് അവനെ വിലക്കിക്കൊണ്ടു പറഞ്ഞു: 'നീ മരിച്ചാൽ, 'മിശിഹാ എന്നേക്കും നിലനില്ക്കുന്നു' എന്ന വാഗ്ദാനം നിരർത്ഥകമാകും; നീ ജീവിക്കുന്നെന്നും, നീ സജീവ ദൈവത്തിന്റെ പുത്രനാണെന്നും നിന്നെപ്പററിയുള്ള പിതാവിന്റെ വെളിപ്പെടുത്തൽ സത്യമല്ലെന്നും വരും; നീ എനിക്കു തന്ന അനുഗ്രഹങ്ങളും നീ ചെയ്ത വാഗ്ദാനങ്ങളും പൊളിയായിത്തീരും'. കാരണം, അവിടുന്നു മരിച്ച് ഉത്ഥാനം ചെയ്യേണ്ടിയിരുന്നു എന്നത് ശെമഓന് അറിയാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ നമ്മുടെ കർത്താവിന്റെ വാഗ്ദാനങ്ങളെ അവൻ എതിർക്കേണ്ട കാര്യമില്ലായിരുന്നു. അവിടുന്ന് ഉത്ഥാനം ചെയ്തപ്പോൾ അവിടുന്ന് അവയെ ഉറപ്പിച്ചു.

*'മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു തങ്ങൾ കാണുവോളം മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നില്ക്കുന്നവരിലുണ്ട്'* (16:28). ഇത് ശെമഓനെയും യാക്കോബിനെയും യോഹന്നാനെയും കുറിച്ചാണ്. ആറു ദിവസങ്ങൾക്കുശേഷം അവിടുന്ന് അവരെ കൂട്ടി താബോർ മലയിലേക്കു പോയി. സംഭവിക്കാനിരിക്കുന്നവ സൂചനാപരമായി അവരെ അവിടുന്നു കാണിച്ചു. മത്തായി 'ആറു ദിവസങ്ങൾക്കു ശേഷം' എന്നും ലൂക്കോസ് 'എട്ടു ദിവസങ്ങൾക്കുശേഷം' എന്നും പറയുന്നത് പരസ്പര വിരുദ്ധമല്ല. പറഞ്ഞദിവസവും സംഭവം നടന്ന ദിവസവും മത്തായി വിട്ടുകളഞ്ഞു. പൊതുരീതിയനുസരിച്ച് അതിനിടയ്ക്കുള്ളതു മാത്രം അവൻ എടുത്തു. ലൂക്കോസാകട്ടെ പറഞ്ഞ ദിവസവും നടന്ന ദിവസവും കൂടി ഉൾപ്പെടുത്തി. ഇത് വൈദ്യന്മാരുടെ രീതി അനുസരിച്ചാണ്. ഇടയ്ക്കുള്ള ഒരു ദിവസം വിട്ടുമാറുന്ന പനിയെ അവർ *കപാർതൻ*[1] എന്നും രണ്ടു ദിവസം കഴിഞ്ഞ് വിട്ടുമാറുന്നതിനെ തേർസ്യൻ[2] എന്നും വിളിക്കുന്നു. ഒരു ഞായറാഴ്ച കർത്താവ് ഇതേപ്പററി പറഞ്ഞു;

1. Quartan
2. Tertian

www.malankaralibrary.com



മറെറാരു ഞായറാഴ്ച വെളിപാടുണ്ടായി. മലയിൽ നമ്മുടെ കർത്താവ് മൂന്നു രീതികൾ അനുവർത്തിച്ചു; അവിടുത്തെ മുഖപ്രകാശത്താലും വസ്ത്രത്തിൻെറ ശുഭ്രവെള്ളനിറത്താലും തൻെറ ശരീരം മുഴുവൻെറയും രൂപാന്തരീകരണം, മറെറാരു മനുഷ്യനും സംഭവിക്കാത്ത സംഭവങ്ങൾ അവിടുന്നു കാണിച്ചു. എന്നാൽ അവിടുന്ന് തന്നെപ്പററിയാണ് ഈ കാര്യങ്ങൾ കാണിച്ചത്. ഇവ ആവശ്യമാണെന്ന നിലയിലല്ല. കാരണം, ദൂതൻെറ ആശംസ മുതൽ ഉദരത്തിൽ വച്ചുതന്നെ വചനവുമായും പ്രകാശവുമായും അദൃശ്യവും അവാച്യവുമായ മഹത്വവുമായി മനുഷ്യത്വം ഐക്യപ്പെട്ടിരുന്നു. എല്ലാ നീതിമാന്മാരും ഈ പ്രകാശത്തിലും മഹത്വത്തിലും ഭാഗഭാക്കുകളാകും എന്നതിൻെറ ഒരടയാളമായിരുന്നു ഇത്. 'നീതിമാന്മാർ സൂര്യനെപ്പോലെ പ്രശോഭിക്കും' എന്നു് നമ്മുടെ കർത്താവിൻെറ പ്രഖ്യാപനവുമുണ്ട് (മത്താ.13:43).

മോശയും ഏലിയായും കാണപ്പെട്ടത് ശാരീരികമായിട്ടല്ല; ദർശനത്തിലാണ്. മറഞ്ഞിരിക്കുന്നതും ദൂരെയുള്ളതുമായ കാര്യങ്ങൾ പരിശുദ്ധാത്മാവ് പ്രവാചകരെ കാണിച്ചതുപോലെ, പടത്തിലെന്നപോലെ അവരുടെ കണ്ണുകൾക്കു മുൻപിൽ ദൃശ്യമായി. അദിയബേനെക്കാരൻ *ഹെനാനായും* കൂട്ടരും സങ്കല്പിച്ചതുപോലെ മോശയെ അവിടുന്ന് ഉയിപ്പിക്കുകയും പിന്നെ മരിപ്പിക്കുകയും ചെയ്തതല്ല. 'ഏലിയാതന്നെ നേരിട്ടുവന്നു, മോശയ്ക്കു പകരം അവൻെറ ദൂതൻ വന്നു' എന്ന ചിന്തയും സ്വീകാര്യമല്ല. മർത്ത്യരുടെ മരിച്ചവരിൽനിന്നുള്ള ഉത്ഥാനം അമർത്ത്യദൂതൻവഴി സൂചിപ്പിച്ചു എന്നു് കരുതുക മൗഢ്യമാണ്. അതുകൊണ്ട് രൂപാന്തരീകരണത്തിൽ അവർ ഇരുവരും സന്നിഹിതരായിരുന്നു: മോശ മരിച്ചവരിൽനിന്നും, ഏലിയാ ജീവിച്ചിരിക്കുന്നവരിൽ നിന്നും. കാരണം, നമ്മുടെ കർത്താവിൻെറ പുനരാഗമത്തിൽ മരിച്ചവർ തൻെറ ശബ്ദത്താൽ ഉയിർത്തെഴുന്നേല്ക്കും, ജീവനോടെ അവശേഷിക്കുന്നവർ അമർത്ത്യതയിലേക്കു നവീകരിക്കപ്പെടും.

വീണ്ടും, നീതിമാന്മാരായ വിവാഹിതർക്കും വെടിപ്പുള്ള കന്യകകൾക്കും ഉള്ള, മർത്ത്യരിൽനിന്നുള്ള ഉത്ഥാനത്തിൻെറ പരിപൂർണ മുൻകുറിയായ, വിവാഹിതനായ മോശയും ബ്രഹ്മചാരിയായ ഏലിയായും ചിത്രീകരിക്കപ്പെട്ടു; സ്വർഗ്ഗരാജ്യവും അതിൻെറ അനുഗ്രഹങ്ങളും ഇരുകൂട്ടരും അവകാശമാക്കും. വീണ്ടും, മോശയെ നിയമദാതാവായി കാണിച്ചു; ബാലിൻെറ പ്രവാചകന്മാരെ പാടേ നശിപ്പിക്കുകയും, ദുഷ്ടരിൽനിന്നു് നിരവധി പീഡകൾ സഹിക്കുകയും ചെയ്തവനും നമ്മുടെ കർത്താവിൻെറ സ്വർഗത്തിൽനിന്നുള്ള അന്തിമ വെളിപാടിനു മുമ്പായി

www.malankaralibrary.com



വരേണ്ടവനമായ ഏലിയായും കാണപ്പെട്ടു. വീണ്ടും, ജീവനുള്ള വരുടെയും മരിച്ചവരുടെയും വിധികർത്താവെന്ന നിലയിൽ ഇരുകൂട്ടരും അവിടുത്തെ തിരുസന്നിധിയിൽ ആനീതരാക്കപ്പെടും എന്നു പഠിപ്പിക്കാൻ, മരിച്ചവരിൽനിന്നു് ഒരാളെയും ജീവനുള്ള വരിൽനിന്നു് ഒരാളെയും അവിടുന്നു തെരഞ്ഞെടുത്തു. ശിഷ്യ ന്മാർക്കുള്ള സമാശ്വാസമായും പ്രബോധനമായും, നമ്മുടെ കർ ത്താവുമായുള്ള അവരുടെ സംഭാഷണത്തിൽനിന്നു് അവക്കിതു സൂചിതമായി; ഓരോരുത്തരും തൻെറ കാലത്തുള്ള സംഭവങ്ങൾ ഉപയോഗിച്ചുകൊണ്ടു് തൻെറ കാര്യങ്ങൾ പറഞ്ഞു. യഹൂദന്മാർ അവർക്കും നിനക്കും എതിരെ ദൈവമുമ്പാകെ എത്രമാത്രം തിന്മ പ്രവർത്തിച്ചു! നീ അവർക്കു ചെയ്ത നിരവധി നന്മകൾക്കു പകരമായി അവർ നിനക്കു കുരിശുമരണം തന്നതിൽ അത്ഭുത പ്പെടാനൊന്നുമില്ല; കാരണം, അടുത്തുതന്നെ ജറുസലേമിൽ പൂർത്തിയാകേണ്ട തൻെറ കടന്നുപോകലിനെക്കുറിച്ചാണു് ശിഷ്യരുടെ മുൻപാകെ അവർ സംസാരിച്ചതു് എന്നു് എഴുതപ്പെ ട്ടിരിക്കുന്നു (ലൂക്കാ 9:31). ആത്മീയവ്യാപാരത്താൽ നിദ്രാധീ നരായിപ്പോയെങ്കിലും ശിഷ്യന്മാർ അവരെ തിരിച്ചറിയുകയും അവരുടെ വാക്കുകൾ കേൾക്കുകയും ചെയ്തു എന്നു് മററുചിലർ പറയുന്നു. അന്ത്യത്തിൽ ഉണ്ടാകുവാൻ പോകുന്നതിൻെറ മുൻ സൂചന ആയിരുന്നു അതു്; എല്ലാ ബൗദ്ധിക ജീവികൾക്കും അറിവു ലഭിക്കും; അവർ പരസ്പരം തിരിച്ചറിയുകയും വാക്കു കളും പ്രവൃത്തികളും മനസ്സിലാക്കുകയും ചെയ്യും. അവിടുത്തെ പ്പോലെ അവർ പ്രകാശിതരാകുകയും ചെയ്യും. ശിഷ്യർ ഗാഢ നിദ്രയിലമർന്നതു് നമ്മുടെ മരണത്തിൻെറ പ്രതീകമാണു്; ഉത്ഥാനംവരെ നാം ഒന്നും അറിയുകയോ അനുഭവിക്കുകയോ ചെയ്കയില്ല എന്നതിൻെറ വ്യക്തമായ സൂചനയുമാണിതു്. ഈ രൂപാന്തരീകരണം രാത്രിയിലാണോ പകലാണോ നടന്ന തെന്നു് ശിഷ്യന്മാർ പറയുന്നില്ല; അവർ ഗാഢനിദ്രയിലായി രുന്നു. കർത്താവു് രാത്രികാലങ്ങളിൽ പ്രാർത്ഥിക്കാൻ കയറിപ്പോ യിരുന്നു; പ്രപഞ്ചനിർമ്മിതി രാത്രിയിലാണു് നടന്നതു്; അവി ടുന്നു് ജനിച്ചതു രാത്രിയിലാണു്; അവിടുന്നു് ഉത്ഥാനംചെയ്തതും രാത്രിയിലാണു്; അവിടുന്നു് കാലാന്ത്യത്തിൽവന്നു് എല്ലാവ വരെയും ഉത്ഥാനം ചെയ്യിച്ചു് എല്ലാവസ്തുക്കളെയും പുനഃസ്ഥാ പിക്കുന്നതു് രാത്രിയിലാണു്. അതുപോലെ ഈ വെളിപ്പെടു ത്തലും രാത്രിയിലാണു് സംഭവിച്ചതു്. സൂചനകളും യാഥാർ ത്ഥ്യവും ഒരേ സമയത്തു നടക്കാൻവേണ്ടിയായിരുന്നു അതു്.

*"പ്രകാശമുള്ള മേഘം അവരെ മൂടിയതു്"* (17:5) നീതിമാന്മാരെ സ്വർഗത്തിലേക്കെടുക്കുന്ന മേഘത്തിൻെറ സൂച നയാണു്. സ്വർഗീയ ഇടങ്ങളിലേക്കു് നീതിമാന്മാർ പ്രവേശി

www.malankaralibrary.com



ക്കുന്നതിനെ സൂചിപ്പിക്കുന്നതാണ് മോശയും ഏലിയായും മേഘത്തിൽ പ്രവേശിച്ചത്. രക്ഷകൻ മോശയേക്കാളും ഏലിയായേക്കാളും എല്ലാ ബൗദ്ധിക ജീവികളേക്കാളും പരമോന്നതനാണെന്ന് അവർ ഗ്രഹിക്കുന്നതിനാണ് അവിടുന്ന് അവരിൽനിന്ന് വേർതിരിക്കപ്പെട്ടു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. *'ഇവൻ എന്റെ പ്രിയപുത്രനാകുന്നു'* എന്ന് പിതാവ് ഉന്നതത്തിൽനിന്ന് പ്രഘോഷിച്ച ശബ്ദം അവർ ശ്രവിച്ചു. *'മൃതരേ, നിങ്ങൾ പുറത്തുവരുവിൻ'* എന്ന നമ്മുടെ രക്ഷകന്റെ ശബ്ദത്തിന്റെ പ്രതീകമായിരുന്നു ഈ ശബ്ദം. വീണ്ടും, ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കുന്ന നമ്മുടെ കർത്താവിന്റെ ന്യായവിധിയെ ഇതു സൂചിപ്പിക്കുന്നു.

## പുസ്തകം XIII

മോശയോടും ഏലിയായോടുമൊപ്പം നമ്മുടെ കർത്താവ് കൂടാരങ്ങളിൽ വസിക്കുന്നു എന്നു കരുതിയതിനാൽ പത്രോസിന്റെയും കൂട്ടുകാരുടെയും ബലഹീനതയെ കുററപ്പെടുത്താനാണ് *'അവർ കണ്ണുകളുയർത്തി നോക്കിയപ്പോൾ യേശുവിനെയല്ലാതെ മററാരെയും കണ്ടില്ല'* എന്നു രേഖപ്പെടുത്തിയിരിക്കുന്നത് (17:8).

മൂകനായ ദുരാത്മാവ് ബാധിച്ചവന്റെ പിതാവ്, *'അവനെ ഞാൻ അങ്ങയുടെ ശിഷ്യരുടെ പക്കൽ കൊണ്ടുവന്നു എന്നാൽ അവർക്കുകഴിഞ്ഞില്ല...'* എന്നു തുടങ്ങി പറഞ്ഞതിന്റെ (മക്കോ. 9:20) അർത്ഥമിതാണ്: യൂദയായിലേക്ക് അവിടുന്ന് അവരെ അയച്ച സമയത്തെപ്പററിയാണ് അവൻ പറഞ്ഞത്. നമ്മുടെ കർത്താവിന്റെ തിരുമുമ്പിൽവച്ച ദുരാത്മാവ് ബാലനെ പീഡിപ്പിച്ചത്, ബാലന്റെ പിതാവിന്റെ വിശ്വാസരാഹിത്യത്തെ കുററപ്പെടുത്താൻവേണ്ടി, കർത്താവ് അനുവദിച്ചതിനാലാണ്. എന്നാൽ ഈ ദുരാത്മാവ് ശ്ലീഹന്മാർക്കു കീഴ്പ്പെടാതിരിക്കാൻ നമ്മുടെ കർത്താവ് അനുവദിച്ചത്, താൻ നിമിത്തം പറയപ്പെടുന്ന കാര്യങ്ങളുടെ അറിവിലേക്കാണ്. കാരണം, മററുള്ളവർ അവിടുത്തെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിച്ചിരുന്നതിനാൽ, 'നിന്റെ നാമത്തിൽ പിശാചിനെ ബഹിഷ്ക്കരിക്കുന്ന ഒരുവനെ ഞങ്ങൾ കണ്ടു' എന്ന് അവർ പറഞ്ഞു. അവർക്കെതിരെ അവൻ മത്സരിക്കുന്നു എന്ന രീതിയിൽ ശിഷ്യരിതിനെ വീക്ഷിച്ചു (മക്കോ. 9:38). നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾക്കു കീഴ്പ്പെടുന്നു എന്ന് ഈ ശിഷ്യർക്കു എങ്ങനെ പറയാൻ കഴിഞ്ഞു? 'നിങ്ങൾക്കും കടുകുമണിപോലെയുള്ള വിശ്വാസം ഉണ്ടെ

www.malankaralibrary.com



ങ്കിൽ, നിങ്ങൾ ഈ മലയോടു പറഞ്ഞാൽ അതു മാറിപ്പോകും'. എന്നതു് ഒരു സാക്ഷ്യമായി അവർക്കു നൽകിയതാണു്. മററു വിത്തുകൾപോലെ കടുകുവിത്തു് രണ്ടായി പിളർന്നിരിക്കുന്നില്ല എന്നു പറയപ്പെടുന്നു; അതുപോലെ, നിൻെറ പക്കലുള്ളതിനെ സംബന്ധിച്ചു് നീ സംശയിക്കരുതു്. രോഗിക്കും വൈദ്യന്മാർക്കും ഒരുപോലെ വിശ്വാസം ഉണ്ടായിരിക്കണം എന്നു് അവിടുന്നു കാണിക്കുന്നു.

ശിഷ്യരെപ്പോലെ അവിടുത്തേക്കും അവനെ സുഖപ്പെടുത്താൻ കഴിയില്ല എന്നു കരുതിയതിനാലാകാം, മിശിഹായുടെ പക്കലെത്തിച്ചപ്പോൾ *'ദുരാത്മാവ് അവനെ മധ്യത്തിൽ തള്ളിയിട്ടത്'*. കുട്ടിയുടെ പിതാവിൻെറ വിശ്വാസരാഹിത്യത്തെ കുററപ്പെടുത്താനായി, സമൂഹത്തിൻെറ മുമ്പാകെ അവൻെറ ദുഷ്ടത കാണപ്പെടുവാൻ അവിടുന്നനുവദിച്ചു. അല്ലെങ്കിൽ, ഭയംകൊണ്ടു് ലെഗിയോൻ തന്നെ ദൂരെവച്ചേ അലറിക്കൊണ്ടു് ഓടിയെങ്കിൽ, ഈ ഒററ ദുരാത്മാവ് അടുത്തായിരുന്നിട്ടും ധൈര്യപ്പെടുമോ?

*'ഉപവാസവും പ്രാർത്ഥനയുംകൊണ്ടല്ലാതെ ഈ ജാതി പുറത്തുപോകുകയില്ല:'* അവിടുന്നു ശരീരത്തിനു് ഉപവാസവും ആത്മാവിനു പ്രാർത്ഥനയും നിശ്ചയിച്ചു. വീണ്ടും, *'ഉപവാസത്താൽ'* സത്പ്രവൃത്തികളിലുള്ള സ്ഥിരതയിലേക്കാണു് അവിടുന്നു വിരൽ ചൂണ്ടുന്നതു്; അതു നാം നേടിയെടുക്കേണ്ടതാണു്. എന്നാൽ *'പ്രാർത്ഥനയാൽ'* ദൈവത്തോടുള്ള സ്നേഹമാണു് അവിടുന്നു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്; സുകൃതജീവിതത്തിലേക്കു നമ്മെ നയിക്കുന്നതു് അതാണു്. 'യേശുവിൻെറ കല്പനാനുസൃതം മലകളെ മാററുവാൻ കഴിവില്ലാത്തവർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടാൻ പാടില്ല' എന്നു നമ്മെ കുററപ്പെടുത്തുന്ന പുറജാതികളോടു് ഇതാണു് പറയാനുള്ളതു്. അടയാളങ്ങൾ കണ്ടു് യൂദരും ജാതികളും തെററിൽനിന്നു തിരിഞ്ഞു് സത്യവിശ്വാസത്തിലേക്കു വരുന്നതിനാണു്, അടയാളങ്ങൾ പ്രവർത്തിക്കാൻ യേശു കല്പിച്ചിരിക്കുന്നതു്; വാക്കുകളുടെ സത്യത്തിനു് പ്രവൃത്തികളുടെ ഫലം സാക്ഷ്യം വഹിക്കുന്നു. അപ്പോൾ, ദുഷ്ടതയിൽനിന്നു് സത്യത്തിലേക്കു് മനുഷ്യരെ മാനസാന്തരപ്പെടുത്തുകയും, അടയാളങ്ങളിലൂടെ അതിനെ ഉറപ്പിക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുന്നതാണോ, അതോ, മലകളെ മാററുന്നതാണോ കൂടുതൽ മഹനീയമായതു്? കാരണം, ഈ മഹനീയ കാര്യങ്ങൾ ചെയ്യാൻ കഴിവുള്ളവനു്, ആവശ്യമെങ്കിൽ മലകളെ മാററാനും സാധിക്കും എന്നതു വ്യക്ത

www.malankaralibrary.com



മാണല്ലോ. 'അവർ സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ വിഷം കുടിച്ചാലും അതു് അവരെ ഉപദ്രവിക്കുകയില്ല' എന്നു പറഞ്ഞിരിക്കുന്നതു് (മർക്കോ. 16:18) നമ്മുടെ കർത്താവിനെ പരീക്ഷിച്ചുകൊണ്ടു് നാമതിലേക്കു് ഇറങ്ങിച്ചെല്ലണമെന്നല്ല, പിന്നെയോ, സത്യവിരോധികൾ നമ്മുടെ പക്കലേക്കു് പാമ്പിനെ അഴിച്ചുവിടുകയോ, നമുക്കു കുടിക്കാൻ മാരകവിഷം തരികയോ ചെയ്താലും അതു് നമുക്കു് ഉപദ്രവകാരണമാകില്ല എന്നാണ്. അതുപോലെ ആവശ്യമെങ്കിൽ, മലകളും മാറിപ്പോകും. എഴുപതു് ശിഷ്യരിലൊരുവനും, ഏകാന്തവാസികളിൽ പ്രധാനിയായ പൗലോസും ആവശ്യം വന്നപ്പോൾ ഇപ്രകാരം ചെയ്തിട്ടുണ്ടു്. ഒരിക്കൽ നമ്മുടെ കർത്താവു് സാത്താൻെറ ഗണങ്ങളെ ആലങ്കാരികമായി മലകൾ എന്നു വിളിക്കുന്നു. 'മഹാപർവതമേ, നീ ആരാകുന്നു? എന്നാൽ സെറുബാബേലിൻെറ മുമ്പിൽ നീ താഴ്വരപോലെയാണ്' എന്നു് സഖറിയാ പ്രവാചകനിൽ (4:7). ജറമിയായിൽ: 'നശിപ്പിക്കുന്ന പർവതമേ, ഇതാ, ഞാൻ നിനക്കെതിരാകുന്നു, എന്നു് കർത്താവു് അരുൾചെയ്യുന്നു' (51:25). അവരുടെ കൈപ്പുനിമിത്തം അവരെ പാമ്പുകൾ എന്നും തേളുകൾ എന്നും വിളിക്കുന്നതുപോലെ, അവരുടെ അഹന്തനിമിത്തം അവിടുന്നു് അവരെ പർവതങ്ങൾ എന്നു വിളിക്കുന്നു.

*'ദേവാലയനികുതി പിരിക്കുന്നവർ ശെമഓൻെറ അടുത്തുചെന്നു ചോദിച്ചു'* എന്നതിനെപ്പററി (17:24–27): ദൈവമഹത്വത്തിനും ദേവാലയത്തിനുമായി നാലു് ദ്രാക്മാകൾ കൊടുക്കുക പുരാതനകാലം മുതലുള്ള യഹൂദപാരമ്പര്യമായിരുന്നു. എന്നാൽ റോമാക്കാർ അവരെ കീഴടക്കി ദരിദ്രരാക്കിയശേഷം, സിനഗോഗിൻെറ അധ്യക്ഷനു് ഒരു ദ്രാക്മാ കൊടുത്തു് അവർ തൃപ്തിപ്പെട്ടു. 'നിങ്ങളുടെ ഗുരു നികുതി കൊടുക്കുന്നില്ലേ?' എന്നു് അവർ കേപ്പായോടു ചോദിച്ചു. മററു മനുഷ്യരെപ്പോലെ ഈ കടമയ്ക്കു വിധേയനായ ദൈവഭയമുള്ള ഒരു വ്യക്തിക്കുവേണ്ടി എന്നവണ്ണം 'ഉവ്വ്', അവിടുന്നു് കൊടുക്കുന്നു' എന്നു കേപ്പാ പ്രത്യുത്തരിച്ചു. കേപ്പാ ഭവനത്തിൽ വന്നപ്പോൾ, നിഗൂഢവും വിദൂരസ്ഥവുമായ സംഗതികൾ അറിയുന്നയാൾ എന്ന നിലയിൽ യേശു അവനെ തടഞ്ഞു. 'ഭൂമിയിലെ രാജാക്കന്മാർ ആരിൽനിന്നാണു് നികുതിയോ ചുങ്കമോ പിരിക്കുന്നതു്?' എന്നു് അവിടുന്നു് അവനോടു ചോദിച്ചു. അതായതു്, രാജ്യാവകാശിയായ തൻെറ പുത്രനിൽനിന്നു് ദൈവം കരം പിരിക്കാറില്ല. എങ്കിലും, നിഗൂഢനായിരുന്നവൻെറ പ്രകൃതിയെപ്പററി അപ്പോഴും അവർക്കു് ബോധ്യം വന്നിരുന്നില്ല. ദൈവത്തിൻെറ ബഹുമാനത്തി

www.malankaralibrary.com



നായി നീക്കിവച്ചിരിക്കുന്ന സംഗതിയെ നിന്ദിക്കാൻ അവിടുന്ന് പ്രേരണ നൽകി എന്ന് അവർ കരുതാൻ ഇടയുണ്ടായിരുന്നു. അങ്ങനെ അവരുടെ ബലഹീനതയ്ക്കു ഇടർച്ച വരാൻ സാധ്യതയുള്ളതിനാൽ 'നീ കടലിൽ പോയി ചൂണ്ടയിടുക....' എന്നു തുടങ്ങി നമ്മുടെ കർത്താവ് പത്രോസിനോട് അരുളിച്ചെയ്തു; കാരണം, അവരുടെ പക്കൽ അപ്പോൾ ഒന്നുമില്ലായിരുന്നു.

മത്സ്യത്തിന്റെ വായിൽ പത്രോസ് കണ്ടെത്തിയ നാണയം,[1] അതായത് നാലു ദ്രാക്മാകൾ എവിടെനിന്നു വന്നു എന്നു ചോദിച്ചേക്കാം. രാജ്യത്തിന്റെ ട്രഷറിയിൽനിന്നോ, അതോ ചിലർ കരുതുന്നതുപോലെ കടലിൽനിന്നോ, അതോ മത്സ്യത്തിന്റെ വായിൽനിന്നു സൃഷ്ടിക്കപ്പെട്ടോ? കടലിൽ നിരവധി കപ്പലുകൾ മുങ്ങിപ്പോയിട്ടുണ്ട്; അവയിൽ ദ്രാക്മാകളും ദീനാറാകളും മററെല്ലാ വസ്തുക്കളും ഉണ്ടായിരുന്നു. കടലിൽ കിടക്കുന്ന മത്സ്യങ്ങൾ അവയൊക്കെ വിഴുങ്ങിക്കാണും; മത്സ്യങ്ങൾ ദ്രാക്മാകളും ദീനാറാകളും മാത്രമല്ല ചെറുകല്ലുകളും വിഴുങ്ങാറുണ്ട്. കാരണം, ഒരിജനെതിരെ ഉത്ഥാനത്തെപ്പററിയുള്ള തന്റെ ഗ്രന്ഥത്തിൽ രക്തസാക്ഷിയായ *മെതോഡിയൂസ്* പറഞ്ഞിരിക്കുന്നതുപോലെ, മത്സ്യങ്ങൾക്കു ചൂടുരക്തമാണ്; അവ എന്തും വിഴുങ്ങുന്നു; എല്ലാം ദഹിക്കുകയും ചെയ്യുന്നു. ആ നാണയത്തിൽ രാജകീയ മുദ്രയുണ്ടായിരുന്നു. അതു് കടലിൽ മുങ്ങിപ്പോയപ്പോൾ മത്സ്യം അതിന്റെ ഭക്ഷണമായി അതു വായിലാക്കി. നമ്മുടെ കർത്താവിന്റെ കല്പനയാൽ അതു് തിരികെക്കൊടുത്തു. എന്നാൽ, 'ഐക്യത്തിന്റെ ഗ്രന്ഥത്തിൽ' *മഹാനായ ബാബായിയും* അദിയബേനെയിലെ *ഹെനാനായും* പറയുന്നതു്, ഇല്ലായ്മയിൽനിന്ന് ഈ ദ്രാക്മാകൾ മത്സ്യത്തിന്റെ വായിൽ സൃഷ്ടിക്കപ്പെട്ടു; ആ മണിക്കൂറിൽ തന്നെ ഉണങ്ങിയ കരയിലേക്കു് അതു് പെട്ടെന്ന് കടന്നുവന്നു എന്നാണ്.

നമ്മുടെ കർത്താവു് വിളിച്ചു് അവരുടെ മധ്യത്തിൽ നിർത്തികൊണ്ട്, *'നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ....'* (18:3) എന്നു പറഞ്ഞ ശിശു ഇഗ്നേഷ്യസാണെന്നു പറയപ്പെടുന്നു; അദ്ദേഹം പിന്നീടു് അന്ത്യോക്യയിൽ പാത്രിയർക്കീസായി. മാലാഖമാർ രണ്ടു ഗണങ്ങളായി പാടുന്നതു് അവൻ ദർശിച്ചു. അതുപോലെ എല്ലാ പള്ളികളിലും ചെയ്യണമെന്ന് അദ്ദേഹം പഠിപ്പിച്ചു.

1 സ്റ്റതേർ

www.malankaralibrary.com



*'സ്വർഗരാജ്യത്തിലെ വലിയവൻ ആരാകുന്നു?'* (18:2) എന്നു് നമ്മുടെ കർത്താവിനോടു് ചോദിച്ചപ്പോൾ, അതിനൊരുത്തരം കൊടുക്കാൻ അവിടുന്നാഗ്രഹിച്ചില്ല; കാരണം, അവിടുന്നു് അർത്ഥശൂന്യമായ കാര്യം ഇപ്പോൾ പറയുമെന്നു് അവിടുത്തെപ്പററി അവർ ചിന്തിച്ചു; പരിശോധനസ്സുമന്യ് ആരാണു് വലിയവൻ? എന്നാൽ അവിടുന്നു് പ്രയോജനകരവും സഹായകവുമായതിലേക്കു് തൻെറ വചനത്തെ തിരിച്ചുവിട്ടു. ചോദിച്ച കാര്യങ്ങളെ സംബന്ധിച്ചു്, ഈ സംഗതികൾ വഴി എല്ലാവരുടെയും പ്രയോജനത്തിനായി, തൻെറ ശിഷ്യരെ പ്രബോധിപ്പിക്കാനായിരുന്നിതു്. അതുകൊണ്ടു് അവിടുന്നു് ഒരു ശിശുവിനെ എടുത്തു് അവരുടെ മധ്യത്തിൽ നിർത്തി. നിങ്ങൾ യഥാർത്ഥത്തിൽ സ്വർഗരാജ്യം അഭിവാഞ്ഛിക്കുന്നെങ്കിൽ, ഓരോരുത്തനും തൻെറ സ്നേഹിതനേക്കാൾ ശ്രേഷ്ഠനാകാൻ താല്പര്യപ്പെടുന്നെങ്കിൽ, സ്ഥാനമാനങ്ങളെച്ചൊല്ലി ഒരിക്കലും അവനുമായി ശണ്ഠകൂടാതിരിക്കട്ടെ; സ്ഥാനമാനങ്ങളെപ്പററി ഒരിക്കലും ചിന്തിക്കാത്ത ഈ ശിശുവിനെപ്പോലെ ആയിത്തീരട്ടെ. ശരിയായ കാര്യങ്ങളെ സ്നേഹിക്കുന്ന ശിശുവിൻെറ ഋജുത്വവും വിശുദ്ധിയും ഉള്ളവരാണു് സ്വർഗരാജ്യത്തിനു് അർഹരായവർ. അവർ സ്ഥാനമാനങ്ങൾ തേടാറില്ല.

*'ഇതുപോലൊരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു'* (18:5). അതായതു്, കുട്ടികളെപ്പോലെ നിഷ്കളങ്കരായവരെ ഞാൻ ബഹുമാനിക്കും; മനുഷ്യരിൽനിന്നു് അവക്കു ലഭിച്ച ബഹുമാനം, എൻേറതായി ഞാൻ കരുതും.

*'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു് ഇടർച്ച നൽകുന്നവൻ ആരായാലും അവനു നല്ലതു് കഴുത്തിൽ തിരികല്ലു കെട്ടി...'* (18:6) എന്നതിൻെറ അർത്ഥം: ഈ ചെറിയവർക്കു നൽകുന്ന ബഹുമാനം എനിക്കായി ഞാൻ പരിഗണിക്കുന്നതുപോലെ, അവർക്കിടർച്ച വരുത്തുന്നവരെ ഞാൻ കഠിനമായി ശിക്ഷിക്കും. അവരോടെല്ലാം ഇതു പറഞ്ഞശേഷം അവിടുന്നു് ഇപ്രകാരം അരുൾചെയ്തു: *'ഇടർച്ചകൾ നിമിത്തം ലോകത്തിനു ദുരിതം'* (18:7). ദൈവഭയമുള്ളവർക്കു് മററുള്ളവരിൽനിന്നു് വിവിധ തരത്തിലും വിവിധ സംഗതികളിലും ഉപദ്രവങ്ങളുണ്ടാകുന്നു എന്നു് സ്പഷ്ടമാണല്ലോ. വെറുപ്പും വിദ്വേഷവുംകൊണ്ടു്, അവരെ അവരുടെ മാനസികേകാഗ്രതയിൽനിന്നകററുന്നതിനും പുറമെ, തെററായ പ്രബോധനങ്ങൾവഴി മനുഷ്യർക്കു് വഴിപിഴച്ച മതങ്ങൾ അവ

www.malankaralibrary.com



തരിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. മററുള്ളവരെ തെററിലേക്കു വീഴിക്കാൻ കാരണക്കാരായവർക്കാണു് പ്രധാനമായും നീതിപൂർവകമായും അവിടുന്നു് 'ദുരിതം' എന്നു പറഞ്ഞതു്.

*'നിൻെറ വലത്തുകൈ നിനക്കു് ഇടർച്ച വരുത്തുന്നെങ്കിൽ....'* (18:8) എന്നിത്യാദി അവിടുന്നു പറയുന്നതിൻെറ അർത്ഥം: ഇടർച്ചയ്ക്കു കാരണക്കാരനും അനേകർക്കു് ഉപദ്രവം വരുത്തുന്നവനുമായ ഒരാൾ സഭയിൽ ഉണ്ടെങ്കിൽ, അവനെ വെറുതെ വിടാതെ, അവനെ വെട്ടിമാററി സഭയ്ക്കു പുറത്താക്കണം. തന്നോടുകൂടി അനേകരെ നരകത്തിലേക്കു് വലിച്ചിഴയ്ക്കുന്നതിലും ഭേദം അവൻ സ്വർഗ്ഗരാജ്യത്തിൽനിന്നു് നീക്കപ്പെടുന്നതാണു്. *'ഇടർച്ചകൾ ഉണ്ടാകേണ്ടതു് ആവശ്യമാണു്'* (18:7) എന്നതു് സമൂഹത്തെക്കുറിച്ചല്ല, എല്ലാത്തരം ഇടർച്ചകളെപ്പററിയുമല്ല എന്നു ചിലർ പറയുന്നു. കാരണം, സഭയിൽ ആരെങ്കിലും ഇടർച്ച വരുത്തിയാൽ, അതു് അവശ്യാവശ്യമായിരുന്നു എന്നു് അതിനർത്ഥമില്ല; അതുകൊണ്ടു് ''ആവശ്യമാണു്'' എന്ന വാക്കു് നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെയും മരണത്തെയും സൂചിപ്പിക്കുന്നു; കാരണം അതു് അവിടുത്തെ മരണമായിരുന്നു. നമുക്കു് അവിടുത്തെ അധരങ്ങളിൽനിന്നു തന്നെ ശ്രവിക്കാം: ''ഗോതമ്പുമണി നിലത്തു വീണു് അഴിയുന്നില്ലെങ്കിൽ....'' (യോഹ. 12:24); പത്രോസു് പറഞ്ഞു: 'അവിടുത്തെ ശക്തിയും ഹിതവും അനുസരിച്ചു് നിശ്ചയിച്ചിരുന്ന കാര്യങ്ങൾ നിറവേറുന്നതിനുവേണ്ടിയാണു്' (നട. 4:28). പൗലോസു് പറയുന്നു: 'മരണത്തിന്മേൽ അധികാരമുള്ള പിശാചിനെ തൻെറ മരണത്താൽ നശിപ്പിക്കുന്നതിനു്'' (എബ്രാ. 2: 14). മരണത്തെ കൊല്ലുന്നതു് ആവശ്യമായിരുന്നു; അങ്ങനെ നമ്മുടെ കർത്താവിൻെറ മരണവും. അതുപോലെ അവൻവഴി എല്ലാം പുനസ്ഥാപിക്കപ്പെടേണ്ടതും ആവശ്യമായിരുന്നു. അതുകൊണ്ടു്, 'ഇടർച്ചകൾ നിമിത്തം ലോകത്തിനു ഹാ കഷ്ടം'. 'ഇടർച്ചകൾ ഉണ്ടാകേണ്ടതു് ആവശ്യമാണു്'. 'ആരുമൂലം ഇടർച്ച ഉണ്ടാകുന്നുവോ, അയാൾക്കു ഹാ കഷ്ടം' എന്നീ മൂന്നു പ്രബോധക വചനങ്ങൾ വിവരണത്തിനിടയ്ക്കു കടന്നുവരുന്നു എന്നു നാം ഗ്രഹിക്കണം. ആ വാചകങ്ങളുടെ ഘടന ഇങ്ങനെയാണു്: 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു് ഇടർച്ച വരുത്തുന്നവൻെറ കഴുത്തിൽ കഴുതയുടെ തിരികല്ലു് കെട്ടി കടലിൻെറ ആഴത്തിലേക്കു തള്ളപ്പെടുന്നതാണു് അവനുചിതം'. അവിടുന്നു് ഇപ്രകാരം അവയെ സംയോജിപ്പിക്കുന്നു: 'നിൻെറ വലത്തുകൈ....' എന്നിത്യാദി. തെററിൻെറ സാദൃശ്യംകൊണ്ടു്, നമ്മുടെ കർത്താവു തൻെറ കുരിശിലെ പീഡകളിലേക്കു വിരൽ ചൂണ്ടുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരാൾക്കു് ഇടർച്ച വരുത്തു

www.malankaralibrary.com



ന്നതിന് ഇത്ര കഠിന ശിക്ഷയാണെങ്കിൽ ഇടർച്ചയല്ല, എന്റെ കൊലപാതകിയാകുവാൻ മുതിരുന്നവന്റെ ശിക്ഷ എന്തായിരിക്കും? നമ്മുടെ കർത്താവിന്റെ പീഡാനുഭവം സംഭവിക്കേണ്ടതു തന്നെ എന്നു നാം അറിഞ്ഞിരിക്കണം; എന്നാൽ അതു ചെയ്തവർ അവശ്യാവശ്യം അതു ചെയ്യേണ്ടിയിരുന്നില്ല; ചിലർ പറയുന്നതുപോലെ തങ്ങളുടെ സ്വന്ത ഇച്ഛയാലല്ല അവർ ഇതിനു മുതിർന്നത്. അല്ലെങ്കിൽ, 'ഇടർച്ച' വരുത്തുന്നവനു ദുരിതം' എന്ന് പറയാനാവില്ലായിരുന്നു; അവരുടെ ദോഷത്തം അനുസരിച്ച്, യൂദാസിനാൽ ഒററിക്കൊടുക്കപ്പെട്ടതു് അവശ്യാവശ്യമായിരുന്നെങ്കിലും എന്തു കാരണത്താലാണ് അവന്റെ പിളക്കൽ?

*'ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ'* (18:10). അതായത്, സഭയിൽനിന്ന് പുറന്തള്ളപ്പെട്ടവനെ പൂർണമായി നിന്ദിക്കരുതെന്നർത്ഥം. ഇവരെ അവിടുന്ന് ഇവിടെ *'ചെറിയവർ'* എന്നു വിളിക്കുന്നു; കാരണം, വിദ്വേഷംകൊണ്ടോ പ്രകോപനംകൊണ്ടോ അല്ല അവർ പുറത്തു പോകണം എന്നു ഞാൻ ആഗ്രഹിക്കുന്നത്, പിന്നെയോ സാധിക്കുമെങ്കിൽ ഇവരും മാനസാന്തരപ്പെട്ട് സുകൃതത്തിലേക്കു വരണമെന്നു തന്നെയാണ്. അതുകൊണ്ട് സാധ്യമെങ്കിൽ അവരും അനുതപിച്ച് രക്ഷപ്രാപിക്കാൻ നീയും പ്രധാനമായി ശ്രദ്ധിക്കുക. കാരണം, മററു മനുഷ്യരുടെകൂടെയെന്നപോലെ അവരുടെ കൂടെയുള്ള ദൂതന്മാർ, അവരെ വേണ്ടവണ്ണം പരിചരിക്കുന്നതിൽനിന്നു വിരമിക്കുന്നില്ല എന്നതു പരിഗണിക്കുക. ദൂതന്മാർക്ക് ഔന്നത്യം നിമിത്തം ദൈവസമക്ഷം വളരെ ആത്മധൈര്യം ഉണ്ടെങ്കിലും, ഇവരെ ശ്രദ്ധിക്കാതിരിക്കയും നിന്ദിക്കയും ചെയ്യുന്നില്ല. കാരണം, ദൈവസമക്ഷം അവർക്കുള്ള ആത്മധൈര്യത്തെപ്പററി അവിടുന്ന് ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'അവർ എന്റെ പിതാവിന്റെ മുഖം ദർശിക്കുന്നു'. അതുപോലെ തന്നിൽനിന്ന് നിരന്തരമായി അവർ ഗ്രഹിക്കുന്ന വെളിപാടു നിമിത്തവും അവർക്ക് ആത്മധൈര്യം ഉണ്ട്.

## പുസ്തകം XIV

ദൈവത്തോടു നമുക്കുള്ള കടത്തെ *'പതിനായിരം താലന്ത്'*' എന്നും പരസ്പരമുള്ള കടത്തെ *'നൂറ് ദീനാറാ'* എന്നും അവിടുന്നു വിളിക്കുന്നു. ഒരു താലന്ത് 150 പൗണ്ടാണ്; അതായത് 3000 സ്റ്ററേറഴ്സ്. ഒരു പൗണ്ടിന് 20 സ്റ്ററേറഴ്സ്.

1. Staters

www.malankaralibrary.com



*'അവനെയും അവനുള്ളതെല്ലാം വിൽക്കാൻ കൽപ്പിച്ചു'* (18:25) എന്നതിൻെറ അത്ഥം: അവൻെറ മക്കളെയും ഭാര്യയെയും വിൽക്കാൻ പറഞ്ഞതു് നീതിപൂർവ്വകമോ? കടത്തിൻെറ ആധിക്യവും വീട്ടാൻ വയ്യാത്ത അവസ്ഥയും കാണിക്കാനാണ് അവനിതു പറഞ്ഞതു്. അവിടുന്നു നമ്മെ ഈ കടത്തിൽനിന്നു മോചിച്ച എന്നതു് ഒരു പ്രവൃത്തിയുമായും താരതമ്യപ്പെടുത്താൻ സാധ്യമല്ല എന്നു കാട്ടുന്നു. അനുതാപംവഴി മാത്രം അതു് മോചിക്കപ്പെടുന്നു. ക്ഷമിച്ചയാളുടെ കരുണ എത്ര വലുതായിരുന്നു എന്നു് അവസാനം കാണപ്പെടുന്നതാണ്.

*'അവൻ അവൻെറ കടങ്ങൾ ഇളച്ചുകൊടുത്തു'* (18:27) എന്നതു് ദൈവിക നന്മയുടെ മഹത്വം പ്രസ്പഷ്ടമാക്കുന്നു. അനുതപിക്കാൻ പാപിക്കു് സന്മനസ്സുണ്ടെങ്കിൽ, നമ്മുടെ മുൻകാലപാപങ്ങളെല്ലാം ഉടനെ അവിടുന്നു ക്ഷമിക്കുന്നു.

*'അവൻ മുഴുവൻ കൊടുത്തു വീട്ടുന്നതുവരെ അവനെ പീഡകർക്ക് ഏൽപ്പിച്ചുകൊടുത്തു'* (18:34). അവനു കൊടുത്തുവീട്ടാൻ അസാധ്യമായതിനാൽ അവൻെറ പീഡനത്തിനും അറുതിയുണ്ടാകയില്ല.

*'ഫരിസേയർ അവനെ പരീക്ഷിച്ചുകൊണ്ട് ചോദിച്ചു: ഏതെങ്കിലും കാരണത്താൽ ഒരുവന് ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമാണോ?'* (19: 3). അവിടുന്നു *നിയമത്തിനു* വിരുദ്ധമായി പഠിപ്പിക്കുന്നു എന്നു് മറുപടിയിൽനിന്നു് കാണിക്കാനായിരുന്നു ആ ചോദ്യം. എന്നാൽ നമ്മുടെ കർത്താവ് എന്തു പറഞ്ഞു? 'സ്രഷ്ടാവു് ആദിയിൽ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയുംവിട്ടു ഭാര്യയോടു ചേർന്നിരിക്കും' എന്നും അവിടുന്നു് അരുളചെയ്തതു് നിങ്ങൾ വായിച്ചിട്ടില്ലേ? ദൈവം സംസാരിച്ചവയായിട്ടാണ് നമ്മുടെ കർത്താവ് ഈ വാക്കുകൾ നൽകുന്നതു്; ആദാമിനാൽ എന്നു മോശ. ആദാം പറഞ്ഞെങ്കിലും അതവൻെറ സ്വന്തമല്ല എന്നതു സുവ്യക്തം. ഭാവി എന്തായിരിക്കുമെന്നു ദൈവം പഠിപ്പിച്ചാലല്ലാതെ അവനു മുന്നറിയിപ്പ് ഉണ്ടായിരുന്നില്ല. നമ്മുടെ കത്താവിൻെറ വാക്കുകളിൽനിന്നു് ഇതു് ദൈവം അരുളചെയ്തതാണെന്നു് വ്യക്തമാണ്: 'സ്രഷ്ടാവ് ആദിയിൽ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും, ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയുംവിട്ടു് ഭാര്യയോടു ചേർന്നിരിക്കും. അക്കാരണത്താൽ, ദൈവം യോജിപ്പിച്ചതു മനുഷ്യർ വേർപെടുത്താതിരിക്കട്ടെ'. അവരെ ഒന്നും മറെറാന്നു

www.malankaralibrary.com



മായി സൃഷ്ടിക്കുകയും സംസാരിക്കുകയും ചെയ്ത ദൈവത്തിനു തനിക്കുതന്നെ എതിരായിരിക്കാൻ സാധ്യമല്ല എന്നതു വ്യക്തമാണല്ലോ. തന്റെ നിയമങ്ങളെ അവിടുന്നു നശിപ്പിക്കുന്നുമില്ല. അവിടുന്നു ഒന്നിച്ചുചേർത്തതു് മനുഷ്യരുടെ ഹൃദയകാഠിന്യം നിമിത്തം അഴിഞ്ഞുപോയി. എന്നാൽ തന്റെ ഏകജാതൻ തന്റെ മനുഷ്യാവതാരം വഴി അതിനെ പുനഃസ്ഥാപിക്കുന്നു. 'ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്കു് അനുവാദം നല്കി': ചെറിയൊരു തിന്മ വഴി വലിയൊരാളെ കുററപ്പെടുത്താനായിരുന്നതു്. അവളെ കൊല്ലാതെ ഉപേക്ഷിക്കുകയായിരുന്നു ന്യായയുക്തം. കാരണം, അവർ സ്വന്തമായി സൃഷ്ടിക്കയും പരസ്പരം ബന്ധിതരാകുകയും ചെയ്തതാണെങ്കിൽ അവർക്കു് വേർപിരിയാമായിരുന്നു. എന്നാൽ ദൈവം സൃഷ്ടിക്കുകയും ക്രമീകരിക്കുകയും ചെയ്തെങ്കിൽ, ദൈവിക നിയമത്തെ അഴിക്കുകയും നശിപ്പിക്കുകയും ചെയ്യുമ്പോൾ അവർ വ്യഭിചാരികളായിത്തീരുന്നു.

*'വരം ലഭിച്ചവരല്ലാതെ എല്ലാവരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല'* (19:11): മുകളിൽ പറഞ്ഞതുപോലെ ഇതു് നമ്മുടെ കർത്താവിന്റെ രീതിയാണു്. അവിടുന്നു കുറേ കാര്യങ്ങൾ പറഞ്ഞിട്ടു മററു കാര്യങ്ങൾക്കു് വഴിയൊരുക്കുന്നു; വായടച്ചിട്ടു് ഹൃദയംകൊണ്ടു് സംസാരിക്കുന്നു; മറഞ്ഞിരിക്കുന്നവ വെളിപ്പെടുത്തുന്നയാളേപ്പോലെയാണു് അവിടുന്നു്; അതായതു് ശരീരത്തിനുള്ളിലെ ആത്മാവുപോലെ. ഇവിടെയും അങ്ങനെതന്നെ. കാരണം, ദുഷ്ടഭാര്യയോടൊത്തു കഴിയുക കടുത്ത ദുഷ്ടതയും അസ്ഥിരകൾക്കു ജീർണതയും, അതേസമയം അവളെ ഉപേക്ഷിക്കുന്നതു് ദൈവനിന്ദയുമാണെങ്കിൽ, *'ഭാര്യയെ സ്വീകരിക്കാതിരിക്കുന്നതാണല്ലോ ഭേദം'* എന്നു ശിഷ്യർ ചിന്തിച്ചുകൊണ്ടിരുന്നു. എന്നാൽ നമ്മുടെ കർത്താവു്, രണ്ടു രീതിയിലും ബുദ്ധിമുട്ടുള്ള കല്പനയുടെ പ്രയാസം മനസ്സിലാക്കി. അതായതു്, 'ശരിയാണു്, ഭാര്യയെ സ്വീകരിക്കുന്നതു് ശരിയല്ല' എന്നു് അവിടുന്നു പറഞ്ഞിരുന്നെങ്കിൽ ദൈവത്തിനെതിരായും തനിക്കെതിരായിതന്നെയും അവിടുന്നു് പറയേണ്ടിവന്നേനേ. കാരണം, *'ദൈവം യോജിപ്പിച്ചതു മനുഷ്യർ വേർപിരിക്കാതിരിക്കട്ടെ'* എന്നു് തൊട്ടുമുൻപ് അവിടുന്നുതന്നെ പറഞ്ഞതാണു്. മറിച്ച്, തീർച്ചയായും ഭാര്യയെ സ്വീകരിക്കണം എന്നു് പറഞ്ഞാൽ ലോകത്തിലേക്കു താൻ അവതരിപ്പിക്കാനും തന്റെ ശിഷ്യരിലൂടെ നടപ്പാക്കാനും പോകുന്ന വിശുദ്ധിയുടെയും കന്യാത്വത്തിന്റെയും നിയമം മുൻകൂട്ടി അവിടുന്നുതന്നെ നശിപ്പിക്കുകയായിരിക്കും ചെയ്യുക. അവിടുന്നു് കരുതലോടെ രണ്ടും ഒഴിവാക്കി; അതിന്റെ കാരണം ദൈവത്തിൽതന്നെ അവിടുന്നു പ്രതിഷ്ഠിച്ചു.

www.malankaralibrary.com



'ആ ദിവസവും ആ നാഴികയും ഒരു മനുഷ്യനും അറിയുന്നില്ല' (മത്താ. 24:36) എന്നും, 'തരുന്നതു് എന്റെ കാര്യമല്ല, പിന്നെയോ, എന്റെ പിതാവു് ആർക്കായി ഒരുക്കിയിരിക്കുന്നുവോ അവനു നൽകുക' എന്നും (മത്താ. 20:23) പറഞ്ഞതുപോലെ ഇതു് അവിടുത്തെ രീതിയായിരുന്നു. ഇതു് അവിടുത്തേക്കു കൃത്യമായി അറിയാൻ പാടില്ലായിരുന്നു.

അവിടുന്നുടനെ അതിനോടു് ബന്ധപ്പെടുത്തി മൂന്നുതരം ആളുകളെപ്പററി പറഞ്ഞു് ഇതു് വ്യക്തമാക്കുന്നു: 'അമ്മയുടെ ഉദരത്തിൽനിന്നുതന്നെ ഷണ്ഡന്മാരായി ജനിക്കുന്നവരുണ്ടു്'': ഇതൊരു യദൃച്ഛയാ സംഭവമാണു്; പ്രകൃതിയുടെ ഒരു വികൃതി. 'മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ടവരുണ്ടു്'': ബലപ്രയോഗമാണിതു്. 'തങ്ങളേത്തന്നെ ഷണ്ഡരാക്കുന്നവരുണ്ടു്'': സ്വതന്ത്രമനുഷ്യന്റെ ഇച്ഛാനുസരണം നടക്കുന്നതാണിതു്. വിവാഹത്തിൽനിന്നു പാടേ ഒഴിഞ്ഞിരിക്കുന്നതല്ല പ്രശംസനീയമായ സംഗതി, പിന്നെയോ, വിവാഹം കഴിക്കാതിരിക്കുക എന്ന ശ്രേഷ്ഠമായ കാര്യം ദൈവഭയത്താൽ പ്രേരിതരായി നാം തെരഞ്ഞെടുക്കുന്നതാണു് ശ്രേഷ്ഠമായതു് എന്നു് ഇതുവഴി അവിടുന്നു് കാണിക്കുന്നു. അതുകൊണ്ടു്, 'ഉദരത്തിൽനിന്നുള്ള' ഷണ്ഡന്മാരെയും, വ്യർത്ഥവും മാനുഷികവുമായ ബഹുമാനത്തെപ്രതി തങ്ങളുടെ അവയവം ഛേദിച്ചുകളഞ്ഞു് ഷണ്ഡരാക്കിയവരെയും അവിടുന്നു നിരസിക്കുന്നു. ദൈവത്തെപ്രതി വിശുദ്ധി കാത്തു സൂക്ഷിക്കുന്ന മൂന്നാംഗണത്തിൽപ്പെട്ടവരെ അവിടുന്നു പ്രകീർത്തിക്കുന്നു.

*'എല്ലാവരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല'* (19:11): വിവാഹത്തിൽനിന്നു് ഒഴിഞ്ഞിരിക്കുന്നതിനെ അവിടുന്നു ബഹുമാനിക്കുന്നു. കാരണം, 'സ്വർഗരാജ്യത്തിന്റെ രഹസ്യങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്കാണു് വരം ലഭിച്ചിരിക്കുന്നതു്'' എന്നതുപോലെ (മത്താ. 13:11) പുതിയനിയമശിഷ്യക്കു് മേലിൽ ഇതു് പ്രയോജനപ്രദമാണു്.

*'തന്റെ ഭാര്യയേയും.... ഉപേക്ഷിച്ച്'* എന്റെ പിന്നാലെ വരട്ടെ' എന്നതിന്റെ അർത്ഥം അവിടുന്നു കന്യാത്വത്തെ കൂടുതൽ ബഹുമാനിക്കുന്നു എന്നതാണു്. വിശുദ്ധരിൽ വിശുദ്ധിയും ശുദ്ധതയും സമൃദ്ധമായി നിലനിൽക്കുന്നില്ലെങ്കിൽ അവർ എല്ലാക്കാര്യങ്ങളും നേടിയെടുത്തിട്ടില്ല എന്നു ഞാൻ പറയുന്നു. ഇപ്പോൾ അവരും പ്രലോഭനങ്ങളാൽ അലട്ടപ്പെടുകയും, അഭയസ്ഥാനത്തിനും സഹായത്തിനും നിലവിളി

www.malankaralibrary.com



ച്ചപേക്ഷിക്കുകയും ചെയ്യുന്നെങ്കിലും, തങ്ങളുടെ പദ്ധതികളെ തകർക്കുന്നവയോട് പ്രയാസപ്പെട്ടാണെങ്കിലും പ്രതികരിക്കുകയും അവ നേരേയാക്കാൻ ശ്രമിക്കയും ചെയ്യുന്നു.

വീണ്ടും *'വരം ലഭിച്ചവരല്ലാതെ എല്ലാവരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല'* എന്നു പറയുമ്പോൾ, 'ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കുവിൻ', 'സഹനത്തിലൂടെ നിങ്ങൾ നിങ്ങളുടെ ജീവനെ നേടും', നീതിയില്ലാത്ത ന്യായാധിപൻെറയും വിധവയുടെയും ഉപമ എന്നിവയുടെ സ്ഥാനമെന്താണ്? (ലൂക്കാ 13:24; 21:19; 18:2). *ഭാഷ്യകാരൻ* ഇപ്രകാരം പറയുന്നു: വിവാഹത്തിൽനിന്നുള്ള വിരക്തി തെരഞ്ഞെടുത്തവർ: പ്രകൃതിയെ പൂർണമാക്കുന്ന ഒരു പ്രവൃത്തിയിലൂടെ പ്രകൃതിക്ക് ഉപരിസ്ഥമായ കാര്യങ്ങൾ അവിടുന്നു പൂർത്തീകരിക്കാനായി അതു് തങ്ങൾക്കായി തെരഞ്ഞെടുക്കുന്നു. അതു് ഇച്ഛയുടെ പ്രവൃത്തിയല്ല; ദൈവകൃപയാണ്; അതു നമ്മുടേതല്ല. വിവാഹം കഴിക്കാതിരിക്കുക എല്ലാ തരത്തിലും ശ്രേഷ്ഠമല്ല, പിന്നെയോ, ദൈവസ്നേഹത്തെപ്രതി നാം സ്വന്തമായി തെരഞ്ഞെടുക്കുന്നതാണ് ശ്രേഷ്ഠം എന്നു് അലസൻെറ ഉപമയിലൂടെ അവിടുന്നു ചൂണ്ടിക്കാട്ടുന്നു.

*'നല്ലവനായ ഗുരോ'* (19:16) എന്നു് നമ്മുടെ കർത്താവിനെ മുഖസ്തുതിയോടുകൂടി വിളിച്ച നിയമജ്ഞനോട് കർത്താവു ചോദിച്ചു: *'നീയെന്നെ എന്തുകൊണ്ട് നല്ലവൻ എന്നു വിളിച്ചു?'* (19:17). അവിടുന്നു തൻെറ നന്മ നിഷേധിക്കുകയായിരുന്നില്ല; കാരണം, 'വൃക്ഷം നല്ലതു്, ഫലവും നല്ലതു്' എന്നു് അവിടുന്നു പറഞ്ഞു. 'ഞാൻ നല്ല ഇടയനാകുന്നു' എന്നു് അവിടുന്നു തന്നെപ്പററി പറയുകയും ചെയ്തു. 'നല്ല വിത്തു വിതയ്ക്കുന്നവൻ മനുഷ്യപുത്രനാണ്' എന്നും അവിടുന്ന് അരുൾചെയ്തു. വിത്തു നല്ലതും വിതക്കാരൻ ചീത്തയുമാകുന്നതെങ്ങനെ? ഒന്നാമതു്, തന്നെ മുഖസ്തുതി പറഞ്ഞവനെ കുററപ്പെടുത്താൻ; രണ്ടാമതു്, അവിടുത്തേക്കു് സാക്ഷ്യമോ സ്തുതിയോ ആവശ്യമില്ലെന്നു കാണിക്കാൻ; മൂന്നാമതായി, അവൻെറ മനസ്സിനെതിരായി അവിടുന്നു് അവനുത്തരം നല്കി. കാരണം, ആ മനുഷ്യൻ വ്യർത്ഥാഭിമാനത്തിൽ കുടുങ്ങിക്കിടന്നു; ശ്രേഷ്ഠനെന്നു് സകലരും പ്രകീർത്തിക്കുന്ന വ്യക്തിയായ നമ്മുടെ കർത്താവു് അവനെ പുകഴ്ത്തുമെന്നു് അവൻ കരുതി. അതുകൊണ്ടു് കർത്താവിനു് മുഖസ്തുതി പറഞ്ഞുകൊണ്ടു് അവൻ തുടങ്ങി; കർത്താവു് അവനെ അതുപോലെ പ്രകീർത്തിക്കാൻ അവൻ ആഗ്രഹിച്ചു. അവൻ സുകൃതപൂർണനായതിനാലല്ല അപ്രകാരം പറഞ്ഞതെന്നു് കർത്താവിനറിയാമായിരുന്നു.

www.malankaralibrary.com



സുകൃതംവഴി കാട്ടിക്കൊടുത്താൽ, അവന്റെ മന്ദതയും ഭൗമിക വസ്തുക്കളോടുള്ള അടുപ്പവും നിമിത്തം അവൻ മുറുമുറുക്കുമായിരുന്നു. അതുകൊണ്ട് കർത്താവ് അവനോടു പറഞ്ഞു: *'നീ എന്തുകൊണ്ട് എന്നെ നല്ലവൻ എന്നു വിളിച്ചു?'*: കാരണം, അല്പസമയത്തിനുശേഷം നീ മുറുമുറുക്കാൻ തുടങ്ങും; കാരണം സമ്പത്തുപേക്ഷിക്കാൻ ഞാൻ നിന്നെ ഉപദേശിച്ചതിനാൽ നിന്റെ ചിന്തയ്ക്കു സഹായകമായി നിയമം ഉദ്ധരിച്ചുകൊണ്ട് 'നല്ലവൻ' എന്നതിനുപകരം എന്നെ 'ദുഷ്ടൻ' എന്നും 'അസൂയാലു' എന്നും നീ വിളിക്കും; നമ്മുടെ സമ്പത്തുപേക്ഷിക്കാൻ അതു കല്പിക്കുന്നില്ല എന്നു മാത്രമല്ല, സുകൃതികൾക്ക് ഭൗമികവസ്തുക്കളുടെ സമൃദ്ധി വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. അക്കാരണത്താൽ, തന്നെ അനുസരിക്കുന്നവർക്ക് ഇവിടെ എല്ലാം വാഗ്ദാനം ചെയ്യുന്ന ദൈവം മാത്രം നല്ലവൻ എന്നു നീ പറയുകയും ചെയ്യുന്നു.

*'ധനവാനു സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരമാണ്'* (19:23): സമ്പാദ്യങ്ങളുള്ളവനെയല്ല 'ധനവാൻ' എന്ന് അവിടുന്നു വിളിക്കുന്നത്; ധനസമ്പാദനത്തിൽ അതീവ തല്പരനായിരിക്കുകയും ദൃശ്യവസ്തുക്കളിൽ തന്റെ പ്രത്യാശവയ്ക്കുകയും ചെയ്യുന്നവനെ; അതായത്, നീതിരഹിതമായി ധനവാനായിരിക്കുന്നവനെയാണ്. ജഡമാകുന്ന ഒട്ടകത്തെയാണ് അവിടുന്ന് 'ഒട്ടകം' എന്നു വിളിക്കുന്നത്, മറ്റൊന്നുമല്ല എന്നാണ് വിസ്തുികളുടെ അഭിപ്രായം.

*'പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്ന്....'* അതായത്, രാജ്യവുമായുള്ള ബന്ധത്തിലും മഹത്വത്തിലും നിങ്ങൾ എന്നോടു കൂടിയായിരിക്കും. നിങ്ങളുമായി താരതമ്യപ്പെടുത്തിയായിരിക്കും യൂദരെല്ലാം വിധിക്കപ്പെടുക. നിങ്ങൾ എന്നെപ്രതി എല്ലാം ഉപേക്ഷിച്ചതിനാൽ നിങ്ങൾക്കുള്ള മഹത്വത്തിൽ നിങ്ങൾ അറിയപ്പെടും. എന്നാൽ എന്റെ വാക്കുകൾ അനുസരിക്കാത്തവർ നീതിപൂർവം ശിക്ഷിക്കപ്പെടും.

*'അവനു നൂറു ശതമാനം പ്രതിഫലം ലഭിക്കും; നിത്യജീവനെ അവകാശപ്പെടുത്തുകയും ചെയ്യും'* (19:20): ഉപേക്ഷിച്ചതിന് നൂറുമടങ്ങു പ്രതിഫലം; അതിനും പുറമേ, നിത്യജീവൻ അവകാശപ്പെടുത്തും. *'നൂറുമടങ്ങ്'*: ദൈവസ്നേഹമുള്ള ധാരാളം ആളുകളെ അവൻ കണ്ടുമുട്ടും; ചിലർ സഹോദരരുടെ സ്ഥാനത്തും, ചിലർ പിതാക്കന്മാരുടെ സ്ഥാനത്തും, ചിലർ കുഞ്ഞുങ്ങളുടെ സ്ഥാനത്തും ആയിരിക്കും. അവർ അവനെ യഥാർത്ഥമായി സ്നേഹിക്കുകയും അവന്റെ കുറവിനെ പരിഹരിക്കുകയും ചെയ്യും.

www.malankaralibrary.com



*'മുമ്പൻമാർ പിമ്പൻമാരും പിമ്പൻമാർ മുമ്പൻമാരും ആയിത്തീരും'* (19 30): അവസാനദിവസം ദൈവഭയത്തിലേക്ക് അടുത്തുവരുന്ന നിരവധിയാളുകൾ ഉണ്ടാകും. വിശ്വാസികൾ എന്നു കരുതപ്പെടുന്നവരേക്കാൾ തീക്ഷ്ണമായ സ്നേഹത്താൽ അവർ സുകൃതപരിശീലനം നടത്തും. വിശ്വാസികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവരുടെ സ്നേഹം നിമിത്തം ഇവർ ഒന്നാമത്തവരായിരിക്കും. ഇച്ഛയനുസരിച്ചാണ്, സമയമനുസരിച്ചല്ല ബഹുമാനത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്നത്.

*'സ്വർഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനായ മനുഷ്യന് സാദൃശ്യം....'* (20: 1-2): ദൈവത്തെ അവിടുന്ന് *'മനുഷ്യൻ'* എന്നു വിളിക്കുന്നു; സഭയിൽ സുകൃതികളായി ജീവിക്കുന്നവരാണ് *'ജോലിക്കാർ'*. *'മുന്തിരിത്തോട്ടം'* വിശ്വാസികളാണ്; സുവിശേഷ പ്രഘോഷണത്തിന്റെ ആരംഭമാണ് *'അതിരാവിലെ'*. ജീവിതരീതിയാണ് *'ജോലിക്കാരുമായി ഉണ്ടാക്കിയ കരാർ'*. *'മുന്തിരിത്തോട്ടത്തിലേക്കയച്ചു'* എന്നാൽ ശുശ്രൂഷാജോലികൾക്കായി അവരെ വേർതിരിച്ചു എന്നർത്ഥം; *'ദിവസം'* എന്നാൽ തന്റെ വരവുമുതൽ അവസാനംവരെ. അവിടുന്നു ഭൂമിയിൽ ജീവിച്ചപ്പോൾ തന്റെകൂടെ നടന്നവരാണ് *'അതിരാവിലെ വിളിക്കപ്പെട്ടവർ'*; സ്വർഗാരോഹണത്തിനുശേഷം വിശ്വസിച്ചവരാണ് *'മൂന്നാം മണിക്കൂറിൽ'* വിളിക്കപ്പെട്ടവർ. യുഗങ്ങളിലൂടെ വിശ്വാസത്തിലേക്കു വന്നവരാണ് *'ആറാംമണിക്കൂർകാരും ഒൻപതാം മണിക്കൂർകാരും'*. അവർ അസ്തിത്വത്തിലേക്കു വന്നപ്പോൾ അവിടുന്ന് അവരെ തന്റെ ശുശ്രൂഷയ്ക്കു നിയോഗിച്ചു. അവർ *'അലസരായിരുന്നു'* എന്ന് അവിടുന്നു പറയുന്നു; അതായത്, ലോകത്തിലേക്ക് വരാഞ്ഞതിനാൽ പ്രബോധനത്തിൽനിന്ന് അകലെയായിരുന്നു. ലോകാന്ത്യത്തിൽ വിശ്വസിക്കുന്നവരാണ് *'പതിനൊന്നാം മണിക്കൂർകാർ'*. *'ഒരുവനും ഞങ്ങളെ കൂലിക്കുവിളിച്ചില്ല'* എന്ന് അവരെപ്പററി അവിടുന്ന് സത്യമായും അരുൾചെയ്യുന്നു. അത് അവരുടെ കുററമല്ല, അവർ അതുവരെ ജനിച്ചില്ലായിരുന്നു എന്ന് അവിടുന്ന് അറിയിക്കാനാണിത്. എങ്കിലും അവർ ലോകത്തിലേക്കു വന്നശേഷം അവരും ഈ നല്ല വസ്തുക്കളെപ്പററിയുള്ള അറിവുള്ളവരായി. എന്നാൽ *'പകലിന്റെ അധ്വാനവും ചൂടും സഹിച്ചവർ'* എന്ന് ആദ്യത്തെ കൂട്ടരെപ്പററി അവിടുന്ന് നന്നായി പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അക്കാലത്ത് ധാരാളം അധ്വാനം ഉണ്ടായിരുന്നു; വിശ്വാസികൾ യൂദരിൽനിന്നും പുറജാതിക്കാരിൽനിന്നും വളരെയധികം

www.malankaralibrary.com



പീഡനങ്ങളും ക്ലേശങ്ങളും സഹിച്ചു. എന്നാൽ മതപീഡനത്തിന്റെ അഭാവത്തിൽ ക്ലേശങ്ങൾക്ക വിധേയരായില്ലെങ്കിലും, ദൈവസ്നേഹത്താൽ പ്രേരിതരായി പീഡനങ്ങൾ സഹിക്കാൻ സുസജ്ജരായവർക്കു കുറവൊന്നുമില്ല എന്നു ഇതുവഴി നമ്മുടെ കർത്താവു കാണിക്കുന്നു. അന്ത്യത്തെ അവിടുന്നു *'വൈകുന്നേരം'* എന്നു വിളിക്കുന്നു. ജീവിതം മുഴുവൻ തെററുകുററങ്ങൾ ചെയ്തു ജീവിച്ചെങ്കിലും ജീവിതാന്ത്യത്തിൽ സുകൃതപൂർണരായിത്തീർന്നവരാണു *'പതിനൊന്നാം മണിക്കൂറിൽ'* വിളിക്കപ്പെട്ടവർ എന്നു ചിലർ കരുതുന്നു. അന്ത്യത്തിൽ സ്നാനം സ്വീകരിച്ചു ഉടനെ മരിക്കുന്നവരെയാണു അവിടുന്നു അങ്ങനെ വിളിക്കുന്നതു എന്നു മററു ചിലർ പറയുന്നു. എന്നാൽ ഈ രണ്ടാശയങ്ങളും പരമാബദ്ധങ്ങളാണു്. അങ്ങനെയല്ലെങ്കിൽ 'ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കുതക്ക പ്രതിഫലം നൽകും' എന്ന പൗലോസിന്റെ വാക്കിനു എന്തു വിലയാണുള്ളതു്? (റോമ. 2:6). എന്നാൽ *ഹെറനായും* മററുള്ളവരും ഇപ്രകാരം പറയുന്നു: '*ആരും ഞങ്ങളെ കൂലിക്കു വിളിച്ചില്ല*' എന്നതിന്റെ അർത്ഥം, ചിലർ പറയുന്നതുപോലെ, അവർ ലോകത്തിലേക്ക വന്നില്ല എന്നല്ല, പിന്നെയോ, സുവിശേഷസത്യങ്ങളൊന്നും അവർക്ക വെളിപ്പെടുത്തപ്പെട്ടില്ല, അതിൽ ജോലി ചെയ്യുന്നവർക്കു അതിനുള്ള പ്രതിഫലം നിശ്ചയിക്കപ്പെട്ടിരിക്കുന്നു, അവർ ലോകത്തിലേക്കല്ല, മുന്തിരിത്തോപ്പിലേക്കാണു അയയ്ക്കപ്പെട്ടിരിക്കുന്നതു്. ജനനത്തിനല്ല, സുവിശേഷത്തിനുവേണ്ടിയാണു അവരെ കൂലിക്കെടുത്തിരിക്കുന്നതു്; കാരണം, ലോകത്തിലേക്ക വരുക എന്നതു സ്വേച്ഛയാലല്ല, അതിനൊരു പ്രതിഫലവും ഇല്ല, എപ്പോൾ ജനിക്കണമെന്നും എപ്പോൾ വിശ്വസിക്കണം എന്നും അവർക്ക തീരുമാനിക്കാനാവില്ല.

## പുസ്തകം XV

*'അവസാനത്തെയാൾ തുടങ്ങി...'* (20:8): ഒന്നാമതായി 'പ്രയാസമുള്ള സമയങ്ങൾ വരുന്നു' എന്നു പറയപ്പെട്ടിരിക്കുന്നതുപോലെ (2 തിമോ. 3: 1), പ്രയാസമുള്ള സമയത്തിന്റെ പ്രയാസത്താൽ; രണ്ടാമതായി, 'അവസാനം' വിളിക്കപ്പെട്ടവരാണെങ്കിലും, മരിച്ചിട്ടില്ലാത്ത ജീവനുള്ളവർ എന്നു അവിടുന്നു കരുതുന്ന, രൂപാന്തരീകരിക്കപ്പെടുന്ന അവസരം ജീവനുണ്ടായിരിക്കുന്നവർ; മൂന്നാമതായി, മുൻകാലങ്ങളിലെപ്പോലെ അത്ഭുതമൊന്നും പ്രവർത്തിച്ചിട്ടില്ല. *'ഒരു മണിക്കൂർ'* എന്നതു സമയത്തിന്റെ ഹ്രസ്വതയെ കുറിക്കുന്നു, അതു ജീവിതത്തിന്റെ

www.malankaralibrary.com



അവസാന നാഴികയാകാം, ഒരു മണിക്കൂർ മാത്രമുള്ള മോഷണമോ, പാപമോപോലെ വർഷങ്ങളുടെയും ദിവസങ്ങളുടെയും ഒരു മാസമോ ആഴ്ചയോ ആകാം. എന്നാൽ പ്രതിഫലത്തിൻെറ തുല്യത മുഴുവൻ പ്രതിഫലത്തെപ്പററിയല്ല, പിന്നെയോ സ്വർഗ്ഗരാജ്യപ്രവേശനത്തെപ്പററിയാണ് മനസ്സിലാക്കേണ്ടതു്. കാരണം, നീതിപൂർവ്വം വ്യാപരിച്ചവരെല്ലാം ശ്ലീഹന്മാരോടൊപ്പം സിംഹാസനങ്ങളിൽ ഇരിക്കുകയില്ല. ഇങ്ങനെ *'മുമ്പൻമാർ പിമ്പൻമാരും പിമ്പൻമാർ മുമ്പൻമാരും ആയിരിക്കും'* (20:16). എൻെറ സുവിശേഷത്തിൽ ജോലി ചെയ്യുന്നവരെ മുമ്പും പിമ്പും സഹായിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല, പിന്നെയോ ഉത്തമ മനസ്സാക്ഷിയും പരിപൂർണ്ണ വിശ്വാസവുമാണ് ആവശ്യം എന്നതാണ് ഈ ഉപമയിലൂടെ എൻെറ ലക്ഷ്യം എന്നു് അവിടുന്നു പറയുന്നു.

അവിടുന്നു മരണത്തെ *'പാനപാത്രം'* എന്നും *'സ്നാനത്തെ'* കല്ലറയിലേക്കുള്ള പ്രവേശനം എന്നും വിളിക്കുന്നു. *ഹെനാനാ:* അവിടുന്നു പീഡാനുഭവത്തെയും മരണത്തെയും *പാനപാത്രമെന്നും സ്നാനമെന്നും* വിളിക്കുന്നു. കുറച്ചുനേരത്തേക്ക് പാനപാത്രം മത്തുപിടിപ്പിക്കുകയും ലഹരിപ്പിടിപ്പിക്കുകയും ചെയ്യുമെങ്കിലും അന്ത്യത്തിൽ അതു് സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നതിനാൽ *'പാനപാത്രം'* എന്ന പറയുന്നു. കുറച്ചുസമയത്തേക്ക് അതിൽ മരണം ഉൾക്കൊള്ളുന്നതിനാൽ *സ്നാനം* എന്നും വിളിക്കുന്നു. *'പാനപാത്രം'* മരണമാണെന്നും ലോകത്തിൽനിന്നും ലൗകികവസ്തുക്കളിൽനിന്നുമുള്ള വേർപാടാണ് *സ്നാനം* എന്നും മാർ ഹനാനീശോ പറയുന്നു.

*'നൽകുന്നത് എൻെറ കാര്യമല്ല, അത് എൻെറ പിതാവ് ആർക്കായി സജ്ജമാക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്''* (20:23); അതായതു്, അപേക്ഷിക്കുന്നവർക്ക് ഇവ നൽകപ്പെടുന്നില്ല; വെറുതെ ദാനമായിട്ടും നൽകുന്നതല്ല; പിന്നെയോ ഇവിടെയുള്ള അധ്വാനങ്ങളുടെയും ക്ലേശങ്ങളുടെയും പ്രതിഫലമായി ലഭിക്കുന്നതാണ്. *'എൻെറ കാര്യമല്ല'* എന്നതു് അധികാരമില്ല എന്നതല്ല പിന്നെയോ, നീതിപൂർവ്വകമല്ല എന്നതാണ്.

*'എൻെറ പിതാവ് ആർക്കായി സജ്ജമാക്കിയിരിക്കുന്നുവോ'* എന്നു പറഞ്ഞതു് അവിടുത്തേ കൂടാതെയല്ല; കാരണം, പിതാവിനും അവിടുത്തേക്കും ഏക ഇച്ഛയും ഏക അധികാരവുമാകുന്നു. പിതാവു ചെയ്യുന്നവയെല്ലാം പുത്രനും

www.malankaralibrary.com



ചെയ്യുന്നു; എല്ലാം അവിടുത്തെ കൈകളിലാകുന്നു; അവിടുത്തെ കൂടാതെ ഒന്നുമില്ല എന്ന് അവിടുന്ന് അരുളം ചെയ്യുന്നു (യോഹ. 5:19). പിതാവിനെപ്പോലെ തൻെറ പ്രവൃത്തികളിൽ അവിടുത്തേക്കും തുല്യാധികാരമാണ്; അവിടുന്ന് നിശ്ചയമായി എല്ലാവരെയും വിധിക്കുകയും പ്രതിഫലം നല്കുകയും ചെയ്യുന്നു: ഒരു കൂട്ടർക്ക സിംഹാസനങ്ങളും കിരീടങ്ങളും മററവർക്ക് പീഡനങ്ങളും; ഒരു കൂട്ടരോട്, 'ശപിക്കപ്പെട്ടവരേ, എന്നെ വിട്ടകന്ന് നിത്യാഗ്നിയിലേക്കു പോകുവിൻ' എന്നും മററവരോട്, എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ....' എന്നും അവിടുന്ന് പറയും. അതുകൊണ്ട് തനിക്കിഷ്ടമുള്ളയാളിന് അവിടുന്നു നൽകുന്നു.

*'അവർ വലത്തുവശത്തും ഇടത്തുവശത്തും ഇരിക്കും':* എങ്കിലും മനുഷ്യാവതാരം നിമിത്തം, ദൃശ്യശരീരം നിമിത്തം, ഇത് 'പിതാവ് മാത്രം സജ്ജമാക്കിയതാണ്'' എന്ന് അവിടുന്നു പറയുന്നു; സ്വജനത്തിൻെറയും ജാതികളുടെയും ബലഹീനത നിമിത്തം അപ്പോഠം 'മനുഷ്യനെ' മാത്രമേ അവർ തിരിച്ചറിഞ്ഞുള്ളു. നമ്മുടെ കർത്താവ് സെബദിപുത്രന്മാരുടെ അപേക്ഷ അനുവദിച്ചില്ല; എന്തെന്നാൽ അതു വളരെ നേരത്തെ ആയിപ്പോയി. എന്നാൽ പത്രോസിന് അവിടുന്നു സിംഹാസനങ്ങഠം വാഗ്ദാനം ചെയ്യുകയും ചെയ്തു. മററവസരങ്ങളിൽ വാഗ്ദാനം ചെയ്തെങ്കിൽ, അവിടുന്നു ആദ്യ വാഗ്ദാനം റെദ്ദാക്കമായിരുന്നു....മർക്കോസിൽ നോക്കുക.

*'അവൻ ജറീക്കോയിൽനിന്നു യാത്ര പുറപ്പെട്ടപ്പോഠം....'* (20:29): ജറീക്കോ ഈ ലോകത്തിൻെറ പ്രതീകമാണ്; ജറുസലേം, വരാനിരിക്കുന്നതിൻെറയും. ജറീക്കോയിൽ നിന്നുള്ള യാത്രപുറപ്പെടൽവഴി അവിടുന്നു മനുഷ്യപ്രകൃതിയെ ഈ ലോകത്തിൽനിന്നു പുറന്തള്ളി; തൻെറ ജറുസലേം പ്രവേശനത്തിലൂടെ, വരാനിരിക്കുന്ന ലോകത്തിലേക്കുള്ള നമ്മുടെ പ്രവേശനത്തെ അവിടുന്നു ദൃഷ്ടാന്തീകരിച്ചു. ശിരസ്സോടുകൂടി അവയവങ്ങളും പുറപ്പെടുകയും പ്രവേശിക്കുകയും ചെയ്തു. ജറീക്കോയെ ഈ ലോകവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു എന്നതു് സ്പഷ്ടമാണ്. ഒന്നാമതായി, ജറീക്കോയിലെ മനുഷ്യർ നൂൻെറ മകനായ ജോഷ്വായെ എതിർത്തതുപോലെ നമ്മുടെ പ്രകൃതി ആദത്തിലൂടെ ദൈവത്തെ എതിർത്തു. രണ്ടാമതായി, ജറീക്കോ രണ്ടു് ശാപങ്ങഠം ഏററു വാങ്ങി. ഒന്ന്. നൂൻെറ മകനായ ജോഷ്വാ ഉച്ചരിച്ചതു്: 'ജറീക്കോ പുതുക്കിപ്പണിയാൻ തുനിയുന്നവൻ ശപിക്കപ്പെടട്ടെ' (ജോഷ്വാ 6:26). മറെറാന്ന് ദൈവം ആദാമ്യകുലത്തോടു പറഞ്ഞതു്, 'നീ നിമിത്തം ഈ

www.malankaralibrary.com



ഭൂമി ശപിക്കപ്പെട്ടതാകട്ടെ' (ഉല്പ. 3:17). മൂന്നാമതായി, ജറീക്കോയെ ഏഴ്പ്രാവശ്യം വലംവച്ചതു്-ഏഴ് ദിവസങ്ങളം, ഏഴ് പുരോഹിതന്മാർ, ഏഴ് കാഹളങ്ങളം എന്നിവ-അവസാന നാളുകളിൽ ലോകത്തിൽ സംഭവിക്കാൻ പോകുന്നവയുടെ സൂചനകളാണു്. 7000 വർഷംകൊണ്ടു് 'വലിയ കരടി' നമ്മുടെ പ്രപഞ്ചത്തെ ചുററിക്കറങ്ങുന്നു; എന്നാൽ ഈ ലോകം 6000 വഷം കൊണ്ടു് നിലനില്ക്കുന്നു എന്നു് മററു ചിലർ പറയുന്നു.

*'നിങ്ങൾക്കു് എന്തുവേണം?'* (20:32) എന്നു് നമ്മുടെ കർത്താവു് അന്ധരോടും *'ഞാനാരാണെന്നാണു് മനുഷ്യർ പറയുന്നതു്?'* എന്നു് ശിഷ്യരോടും ചോദിക്കുന്നതു്: എല്ലാ നിഗൂഢരഹസ്യങ്ങളും ദൂരസ്ഥമായിരിക്കുന്ന സംഗതികളും അറിയുന്നവനും ഹൃദയങ്ങളെയും ആന്തരിന്ദ്രിയങ്ങളെയും പരിശോധിക്കുന്നവനുമായ നാഥനു് അറിയാൻ പാടില്ലാഞ്ഞിട്ടല്ല ചോദിച്ചതു്, ഒന്നാമതായി, എല്ലാക്കാര്യങ്ങളിലും എന്നതുപോലെ ഇതിലും അവനും തന്റെ പിതാവിനെപ്പോലെ ആയിരിക്കാനാണിതു്. 'ആദാമേ, നീ എവിടെയാകുന്നു' എന്നു് ആദാമിനോടും, 'നിന്റെ സഹോദരൻ എവിടെ?' എന്നു് കായേനോടും, 'നിന്റെ കയ്യിലെന്താകുന്നു?' എന്നു് മോശയോടും അവന്റെ പിതാവു് ചോദിച്ചതുപോലെ (ഉല്പ. 3:9; 4:9; പുറ. 4:2) പുത്രനും ചോദിക്കുന്നു. രണ്ടാമതായി, ശിഷ്യരെ പഠിപ്പിക്കുന്നതിനും അതേസമയം കുരുടർക്കു് മറുപടി നൽകുന്നതിനും വേണ്ടി. മൂന്നാമതായി, താൻ ദൈവപുത്രനാണെന്നു് സ്വയം സാക്ഷ്യപ്പെടുത്തുന്നതുവഴി താൻ ഒരു കപടനാട്യക്കാരനും സ്വയം-മഹത്വപ്പെടുത്തുന്നവനുമാണെന്നു് കുററപ്പെടുത്തപ്പെടാതിരിക്കാൻ. അന്ധർ പതിവുപോലെ ധർമ്മം ചോദിച്ചു; എന്നാൽ അവർ ചോദിക്കാത്ത സൗഖ്യം അവിടുന്നവക്കു നല്കി. അവർ സംസാരിക്കുകയും കണ്ണുകൾക്കു കാഴ്ചലഭിക്കാൻ പ്രാർത്ഥിക്കയും വേണം എന്നു് അവിടുന്നു് ആവശ്യപ്പെടുന്നു. നാലാമതായി, അന്ധരുടെ വിശ്വാസം പരസ്യമായി പ്രത്യക്ഷപ്പെടുന്നതിനും സൂര്യനെപ്പോലെ യൂദരുടെ അവിശ്വാസം അറിയപ്പെടുന്നതിനുമായി.

*ബേത്ഫാഗേ* (21:1): വഴിത്തിരിവു് എന്നു് ചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു; നാല്കവല എന്നു് മററു ചിലരും; രുചിയില്ലാത്ത അത്തിമരത്തിന്റെ സ്ഥലം എന്നു വേറെ ചിലർ. *ദിയാതെസ്സാരോണിലും* ഗ്രീക്കു കയ്യെഴുത്തുപ്രതികളിലും അവർ തെളിവുകണ്ടെത്തുന്നു: ശാരീരികമായും ആത്മീയമായും പൊക്കം കുറഞ്ഞ സക്കായിയുടെ സംഭവത്തിൽ; യേശു

www.malankaralibrary.com



വിനെ കാണാൻ അവൻ ഒരു സിക്കമൂർ മരത്തിൽ കയറി എന്നു പറയപ്പെടുന്നു. സുറിയാനിയിൽ അതു് രുചിയില്ലാത്ത അത്തി വൃക്ഷമാണു്.

നമ്മുടെ കർത്താവ് ഇവിടെ ഒരു വാഹനമൃഗത്തെ ഉപയോഗിക്കുന്നു. അവിടുന്നു് അങ്ങനെ ചെയ്യുക പതിവില്ലാതിരുന്നു. യാത്രാക്ഷീണം കൊണ്ടല്ല; കാരണം, ജറീക്കോയിൽനിന്നു് ഒലിവുമലവരെയുള്ള പതിനേഴ് മൈൽ അവിടുന്നു് കാൽനടയായി നടന്നു; എന്നാൽ രണ്ടു മൈലിൽ താഴെ മാത്രം ദൂരമുള്ള ഒലിവുമലയിൽനിന്നു് ജറുസലേമിലേക്കു പോകാൻ അവിടുന്നു വാഹനമൃഗത്തെ സ്വീകരിച്ചു. പ്രതീകാത്മകമായിട്ടാണു് ഇവിടെയും അവിടുന്നു പ്രവർത്തിച്ചതു്: ഒന്നാമതായി, ജറീക്കോയിൽ നിന്നു് ബേത്ഫാഗേയിലേക്കു് നടന്നാണു് അവിടുന്നു പോയതു്. കൽപന ലംഘനത്താൽ ശപിക്കപ്പെട്ട ഈ ഭൂമിയിൽ നമ്മുടെ മനുഷ്യപ്രകൃതിക്കു് സഹിക്കേണ്ടിവരുന്ന ക്ലേശങ്ങളേയും അദ്ധ്വാനങ്ങളേയും അതു സൂചിപ്പിക്കുന്നു. ബേത്ഫാഗെ മുതലുള്ള വാഹനമൃഗവും അതിനുമുമ്പുള്ളവയും നമ്മുടെ പ്രകൃതിയുടെ ക്ഷീണം തീർക്കലും പരീക്ഷണങ്ങളിൽ നിന്നുള്ള മോചനവും സ്വർഗത്തിലുള്ള വിശ്രമവും നന്നായി സൂചിപ്പിക്കുന്നു. രണ്ടാമതായി, നമ്മുടെ കർത്താവും, അന്ത്യനാളുകളിൽ നാമും, സ്വർഗത്തിലേക്കു് എടുക്കപ്പെടുന്ന അഗ്നിമേഘങ്ങളെ സൂചിപ്പിക്കുന്നതാണു് വാഹനമൃഗം. പൗലോസ് പറയുന്നതുപോലെ 'നമ്മുടെ കർത്താവിനെ എതിരേൽക്കുവാനായി നാമും അവരോടൊപ്പം മേഘങ്ങളിൽ എടുക്കപ്പെടും' (1 തെസ്സ. 4:17). എന്നാൽ എന്തുകൊണ്ടാണു് മറെറാന്നിനെയല്ലാതെ കഴുതയെ തെരഞ്ഞെടുത്തതു്? അതായതു് *'ബലാസ്താ'* വെളുത്ത കഴുത: (1) സാത്താന്റെ സന്താനമായ അഹങ്കാരത്തെ നശിപ്പിക്കാനും, എല്ലാ നല്ല സംഗതികളുടെയും കാരണവും ഉറവിടവുമായ വിനയത്തെ സൂചിപ്പിക്കാനുമാണു്. (2) വെളുത്ത കഴുത അവിടുത്തെ കർതൃത്വവും രാജ്യവും സൂചിപ്പിക്കുന്നു. ബഹുമാനസൂചകമായി അത്തരം 'മൃഗങ്ങളുടെ പുറത്തുകയറി സവാരിചെയ്യുക' അക്കാലത്തെ രാജാക്കന്മാരുടെയും നാടുവാഴികളുടെയും പതിവായിരുന്നു. പ്രവാചകിയായ ദെബോറായും ബുദ്ധിമതികളായ സ്ത്രീകളും ഇതിനു സാക്ഷ്യം വഹിക്കുന്നു: 'ജനപ്രമാണികളേ, കർത്താവിനെ വാഴ്ത്തുവിൻ; വെളുത്ത കഴുതപ്പുറത്തു യാത്രചെയ്യുന്നവരേ...' (ന്യായാ. 5:9-10): (3) അവിടുന്നു് സഭയിലെ ഇടയന്മാർക്കും ഭരണാധികാരികൾക്കും ഒരു നിയമം നടപ്പാക്കുകയായിരുന്നു: തങ്ങൾക്കു ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസനിക്ഷേപത്തെപ്രതി കഴിവുള്ളിടത്തോളം അവർ അദ്ധ്വാനിക്കയും ക്ലേശിക്കുകയും വേണം. മതിയായ കാരണമുണ്ടെങ്കിൽ

www.malankaralibrary.com



അവക്ക് വിശ്രമിക്കുകയും വാഹനമുപയോഗിക്കുകയും ചെയ്യാം. എന്നാൽ വില കുറഞ്ഞവയോ, അതുപോലുള്ളവയോ ആയിരിക്കണം. ഗർവ് ഉപേക്ഷിച്ച്, മനസ്സിന്റെ താഴ്മയിൽ അവർ തങ്ങളെത്തന്നെ ശക്തരാക്കട്ടെ. (4) ദിവ്യമായവയെ സംബന്ധിച്ച് നമ്മുടെ പ്രകൃതി എത്രമാത്രം കഴുതസമാനവും മൃഗീയവുമാണെന്ന് അവിടുന്ന് സൂചിപ്പിക്കുന്നു. ഏശായാ സാക്ഷിക്കുന്നു: 'കാള തന്റെ ഉടമസ്ഥനെയും കഴുത തന്റെ യജമാനന്റെ തൊഴുത്തും അറിയുന്നു' (1:3). (5) രണ്ടെണ്ണത്തെ വരുത്തി. കഴുതയെയും അതിന്റെ കുട്ടിയെയും. *ഭാഷ്യകാരനും* മററുള്ളവരും സാക്ഷിക്കുന്നതുപോലെ അവിടുന്ന് മാറി മാറി രണ്ടിന്റെ പുറത്തുംകയറിയിരുന്ന് യാത്രചെയ്തു; സ്വജനത്തെയും ജാതികളെയും ഒന്നിച്ച് അവിടുന്ന് തന്റെ നുകത്തിൻ കീഴിലാക്കി എന്ന് കാണിക്കാനാണിത്. നിയമാധിഷ്ഠിതമായ കാര്യങ്ങളുടെ നുകത്തിൻകീഴിൽ അദ്ധ്വാനിക്കയും കഷ്ടപ്പെടുകയും ചെയ്ത സ്വന്തജനത്തിന്റെ മാനസാന്തരത്തെ പെൺകഴുത സൂചിപ്പിക്കുന്നു. നിയമത്തിനു വിധേയമാകാത്തവരും നിയമം പഠിക്കാത്തവരുമായ ജാതികളെ സൂചിപ്പിക്കുന്നതാണ് കുതിച്ചുചാടുന്ന കഴുതക്കുട്ടി. (6) ആദ്യത്തേതും അവസാനത്തേതും, പിതാക്കന്മാരും കുഞ്ഞുങ്ങളും, അനുസരണയുള്ളവരും ഇല്ലാത്തവരും, ക്രൂരമായ ശരീരങ്ങളും ശാന്തതയുള്ള ആത്മാക്കളും, എല്ലാം തന്റെ അനുസരണത്തിൻകീഴിൽ അവിടുന്നു കൊണ്ടുവരും എന്ന് ഈ രണ്ടെണ്ണംവഴി സൂചിപ്പിക്കുന്നു. (7) കഴുതക്കുട്ടിവഴി അവിടുന്ന് തന്റെ ശക്തി സൂചിപ്പിക്കുന്നു.

മർക്കോസ് സൂചിപ്പിക്കുന്നതുപോലെ 'ആ കഴുതക്കുട്ടിയുടെ മേൽ ആരും കയറിയിട്ടില്ല'; അതിന്റെ പുറത്ത് ജീനിയോ, ഭാരംവയ്ക്കാനുള്ള പടിയോ, കഴുത്തിൽ കയറോ നിയന്ത്രിക്കാനുള്ള മറെറന്തെങ്കിലുമോ ഇല്ലായിരുന്നു. ആ വെട്ടുവഴിയിലൂടെ മരച്ചില്ലകളുടെ ഇടയിലൂടെയും വസ്ത്രങ്ങളുടെ മുകളിലൂടെയും കയറിയിറങ്ങിയും, ബുദ്ധിമുട്ടുള്ള വഴികളിൽ കുതിച്ചുചാടിയും മുന്നോട്ടു പോയെങ്കിലും അതു് തൊഴിക്കുകയോ ബഹളംവയ്ക്കുകയോ ചെയ്തില്ല. പിന്നെയോ, അതു വളരെ ശാന്തമായി പെരുമാറുകയും നിയമജ്ഞരുടെയും ഫരിസേയരുടെയും അഹങ്കാരത്തെ കുററപ്പെടുത്തുകയും ചെയ്തു. അവർ മൃഗതുല്യരും മൃഗങ്ങളെപ്പോലെ പ്രവർത്തിക്കുന്നവരുമായിരുന്നു. കടൽ അവിടുത്തെ വഹിച്ചെങ്കിലും മുക്കിയില്ല; അതുപോലെ കഴുതക്കുട്ടി അവിടുത്തെ വഹിച്ചെങ്കിലും ഉരുട്ടി താഴെയിട്ടില്ല. അവിടുന്ന് അവരുടെ നാഥനാണെന്ന് സൃഷ്ടികരം ഗ്രഹിച്ചു. കടൽ അവിടുത്തേക്കു വിധേയമായി ശാന്തമായി; കാററ് ശമിച്ചു; ലെഗിയോൻ ഓടിയകന്നു; മത്സ്യം പണം നൽകി; അത്തിമരം ഉണങ്ങിപ്പോയി; കഴുതക്കുട്ടി ശാന്തമായി.

www.malankaralibrary.com



അന്ത്യദിനത്തിലെ മഹത്വരഹസ്യത്തിന്റെ സൂചനയായി അവിടുത്തെ മുൻപിലും പിൻപിലും വലത്തും ഇടത്തുമായി ജനക്കൂട്ടം നാലായി തിരിഞ്ഞിരുന്നു. അന്ത്യദിനം ദുഷ്ടർ താഴെയുള്ള ഗുഹകളിൽ അടയ്ക്കപ്പെട്ടിരിക്കും, അവരുടെ കണ്ണുകൾ ഇരുളും, അവർ കരയുകയും നിലവിളിക്കുകയും ചെയ്യും. എന്നാൽ നല്ലവർ നാലുഗണങ്ങളായി നിൽക്കും: മാലാഖമാർ അവന്റെ മുമ്പിലും, പാപം ചെയ്യാത്ത നീതിമാന്മാർ വലത്തും, അനുതാപികൾ ഇടത്തും, കുട്ടികൾ പിന്നിലും ആയിരിക്കും; അവരെല്ലാവരും സ്തുതികളാലപിച്ചുകൊണ്ട് അവിടുത്തോടൊപ്പം മുകളിലുള്ള മണവറയിലേക്കു പ്രവേശിക്കും. അങ്ങനെ തന്നെ ഇവിടെയും ഹോശാനാ സ്തുതിപ്പുകളോടെ ജനക്കൂട്ടം ക്രമീകരിക്കപ്പെട്ടിരിക്കുന്നു. മരണത്തിന്മേലും, പാപത്തിന്മേലും സാത്താന്റെമേലും അവൻവഴി ഉണ്ടായ വിജയത്തെ അവരുടെ സ്തുതിഗീതങ്ങൾ സൂചിപ്പിക്കുന്നു.

*'അവിടുന്നു ദേവാലയത്തിൽ പ്രവേശിച്ച് നാണയമാററക്കാരെയെല്ലാം പുറത്താക്കി'* (21:12): അതായത്, ബാങ്കുകാരെയും, *'വാങ്ങുന്നവരെയും, വിൽക്കുന്നവരെയും'* ബലിപീഠങ്ങളെയും ബലികളെയും ഒന്നിച്ച് പുറത്താക്കി. ഒന്നാമതായി, 'എന്റെ ഭവനത്തിന്റെ തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു' (സങ്കീ. 69:9) എന്നും 'എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും', 'കച്ചവടസ്ഥലമല്ല' എന്നും ഉള്ള പ്രവചനം (ഏശാ.56:7) പൂർത്തിയാകുവാൻ. രണ്ടാമതായി, ദിവ്യബലികൾക്കു തടസ്സം ഉണ്ടാകാതിരിക്കാനും വാങ്ങുന്നവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കാനെന്ന വ്യാജേനയും ദേവാലയത്തിന്റെ പ്രാകാരത്തിൽ ബലിക്കുള്ള വസ്തുക്കൾ വില്ക്കുക അവർക്കു പതിവായിരുന്നു; എന്നാൽ യഥാർത്ഥത്തിൽ അതു് ദ്രവ്യാഗ്രഹവും ധിക്കാരവുമായിരുന്നു; കാരണം, ദൈവത്തിനർപ്പിക്കപ്പെട്ടവയായിരുന്ന അവർ വിററിരുന്ന ആടുകളും കാളകളും; പുരോഹിതർ അവ മറിച്ചുവിററു. മാർ *അപ്രേമും* ഇതു സാക്ഷിക്കുന്നു. നമ്മുടെ കർത്താവിനു് ഇതറിയാമായിരുന്നതിനാൽ അവിടുന്നു് അവരെ ന്യായമായി പുറത്താക്കി. മൂന്നാമതായി, ഈ ആളുകളെ പുറത്താക്കുന്നതിലൂടെ ബലികളുടെ നീക്കലും നിയമത്തിന്റെ അന്ത്യവും സൂചിപ്പിക്കുകയായിരുന്നു. അവ നമ്മുടെ കർത്താവിൽ ഒരു തരത്തിൽ സംഭവിച്ചു എന്നു പറയാം (എബ്രാ. 9:28). അനേകരുടെ പാപങ്ങൾക്കുവേണ്ടി അവിടുന്നു് അർപ്പിക്കപ്പെട്ടു. എന്നാലതു് പുതിയ ലോകത്തിൽ മാത്രമേ പൂർണമായും യാഥാർത്ഥ്യമായിത്തീരൂ. നാലാമതായി, അതു് അവിടുത്തെ കർതൃത്വവും ആധിപത്യവും സൂചിപ്പിക്കുന്നു. തന്റെ എല്ലാ ശത്രുക്കളുടെയും മുമ്പിൽ

www.malankaralibrary.com



അവിടുന്ന് അതു നിരോധിക്കയും അവരെയെല്ലാം ആട്ടിപ്പുറത്താക്കുകയും ചെയ്തു. ഒരുത്തനും വായ് തുറക്കുകയോ പിറുപിറുക്കുകയോ ചെയ്തില്ല. കാരണം, അവിടുന്നു ചെയ്ത നിരവധി അത്ഭുതങ്ങൾ അവരെ പിൻതിരിപ്പിച്ചു; തന്റെ ശക്തിയാൽ അവിടുന്ന് അവരെയെല്ലാം കീഴ്പ്പെടുത്തി. അഞ്ചാമതായി, തന്റെ ശ്ലീഹന്മാർവഴി നമ്മുടെ കർത്താവ് സ്ഥാപിച്ച സഭാസ്ഥാനങ്ങൾ ഒരു സത്യപ്രബോധകൻ എന്ന നിലയിൽ തന്നിൽത്തന്നെ അവിടുന്ന് വരച്ചുകാട്ടി. അവിടുന്ന് ദേവാലയത്തിൽ പ്രവേശിച്ചു. തിരുലിഖിതം അവനു നൽകപ്പെട്ടു; 'കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്'' എന്നു തുടങ്ങിയ ഭാഗം അവിടുന്ന് വായിച്ചപ്പോൾ വായനക്കാരൻ എന്ന പടി അവിടുന്നു പൂർത്തിയാക്കി. അവിടുന്ന് ജനക്കൂട്ടത്തെ നിലത്തിരുത്തി; ശിഷ്യരുടെ പാദം കഴുകിയപ്പോൾ ശെമ്മാശൻ എന്ന പടി പൂർത്തിയാക്കി; തന്റെ ശരീരം മുറിക്കുകയും രക്തം കലർത്തുകയും ചെയ്തപ്പോൾ വൈദികൻ എന്ന സ്ഥാനം; 'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ' എന്നു പറഞ്ഞുകൊണ്ട് അവരുടെമേൽ ഊതിയപ്പോൾ മെത്രാൻസ്ഥാനം; അവിടുന്ന്സ്വർഗ്ഗാരോഹണംചെയ്ത അവസരം കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചപ്പോൾ പാത്രിയർക്കാസ്ഥാനം; അവൻ ചാട്ടയുണ്ടാക്കി ദേവാലയം ശുദ്ധീകരിച്ചപ്പോൾ സബ്ഡീക്കന്റെ സ്ഥാനം; ദൈവച്ഛായയെ അടിക്കാനല്ല അവിടുന്നു ചാട്ടയുണ്ടാക്കിയതു്; അല്ലെങ്കിൽ തന്റെ തന്നെ ച്ഛായയെ അവിടുന്ന് അടിക്കുമായിരുന്നു; പിന്നെയോ അവിടുന്ന് മൃഗങ്ങളെ അടിച്ചു പുറത്താക്കി.

*ഹോശാന്നാ* എന്നതു് ഹീബ്രുപദമാണ്; 'രക്ഷ' എന്ന് ചിലർ ഇതു് വിവർത്തനം ചെയ്യുന്നു. മററു ചിലർ പറയുന്നതു് ഇതു് 'സ്തുതിപ്പ്'' ആണ് എന്നാണ്. 'രക്ഷ' എന്ന അർത്ഥമല്ല ഹോശാന്നാ എന്ന പദത്തിനെങ്കിൽ മഹാപുരോഹിതന്മാരും ഫരിസേയരും ഇത്രമാത്രം ക്രുദ്ധരാകുമായിരുന്നില്ല! യഥാർത്ഥവും അയഥാർത്ഥവുമായി നിരവധി 'രക്ഷകന്മാർ' ഇസ്രായേലിൽ എഴുന്നേററിട്ടുണ്ട്. ഹോശാന്നാ പറഞ്ഞ ശിശുക്കളും ബാലകരും അതുവരെ സംസാരിക്കാൻ തുടങ്ങിയിട്ടില്ലാത്തവരായിരുന്നു എന്ന് ചിലർ പറയുന്നു. നിയമാനുസൃതം ബലികളർപ്പിക്കാനായി ദൈവഭവനത്തിലേക്ക് പലസ്തീനയുടെ എല്ലാ ഭാഗങ്ങളിൽനിന്നും അമ്മമാർകൊണ്ടുവന്ന ശിശുക്കൾ നാല്പതു ദിവസം മാത്രം പ്രായമുള്ളവരായിരുന്നു. ഹോശാന്നാ എന്ന് ആർത്തുവിളിച്ചശേഷം ഈ ശിശുക്കൾ പിന്നീട് സംസാരിച്ചതു് സംസാരിക്കുന്ന പ്രായത്തിലെത്തിയശേഷം മാത്രമാണ് എന്നൊരു പാരമ്പര്യമുണ്ട്. സംഭവത്തിന്റെ അത്ഭുതസാഹചര്യം ഇതു്

www.malankaralibrary.com



വെളിവാക്കുന്നു; സാധാരണമായ ഒരു കാര്യമാണ് നടക്കുന്നത് എന്ന് പരദൂഷകർ ചിന്തിക്കാതിരിക്കാൻകൂടിയായിരുന്നിത്.

*'പ്രഭാതത്തിൽ നഗരത്തിലേക്കു പോകുമ്പോൾ അവിടുത്തേക്കു വിശന്നു. വഴിയരികിൽ ഒരു അത്തി വൃക്ഷം കണ്ടു...' (21:18)* ആയിരങ്ങളെയും പതിനായിരങ്ങളെയും തൃപ്തിപ്പെടുത്തുന്ന വചനം ബാഹ്യമനുഷ്യന്റെ വിശപ്പുകൊണ്ടല്ലിത്ര ചെയ്തത് എന്നത് പലതുകൊണ്ടും വ്യക്തമാണ്. (1) പ്രഭാതമായിരുന്നതിനാൽ ഭോജനപ്രിയനുപോലും വിശപ്പു തോന്നാത്ത സമയമായിരുന്നു. (2) മർക്കോസ് പറയുന്നതുപോലെ (11:13) മരങ്ങൾ തളിരിട്ടുവരുന്ന നീസാൻ മാസമായിരുന്നു; *ഫലകാല*മല്ലായിരുന്നു. (3) ഫലകാലമായിരുന്നിട്ടും ഫലം ഉണ്ടായില്ലെങ്കിൽ അതു ശിക്ഷാർഹമായിരുന്നു; എന്നാലിവിടെ ശിക്ഷിക്കപ്പെട്ടത് സ്വന്തതെററുകൊണ്ടല്ല, പ്രകൃത്യായും ആവശ്യം പ്രമാണിച്ചും യാദൃച്ഛികമായുമാണ്. (4) അവിടുത്തേക്കു വിശന്നിരുന്നെങ്കിൽ എന്തുകൊണ്ട് ഭക്ഷണം കഴിച്ചിട്ട് പുറപ്പെട്ടില്ല? അവിടുന്ന് സ്നേഹിതനായ ലാസറിന്റെ ഭവനത്തിലായിരുന്നല്ലോ. അവിടുന്ന് മൂന്നു ദിവസം ദേവാലയത്തിൽ താമസിച്ചുകൊണ്ട് രാത്രിയിൽ വീടിനു പുറത്തായിരുന്നു; ആരും അവനെ തിരിച്ചറിഞ്ഞില്ല. അതുപോലെ അവിടുന്നു നാല്പതു രാവും നാല്പതു പകലും ഭക്ഷണം കൂടാതെ ചെലവഴിച്ചു. അപ്പോൾ എങ്ങനെയാണ് അവിടുത്തേക്ക് പ്രഭാതത്തിൽ വിശക്കുക? അവിടുന്ന് മത്സ്യത്തിന്റെ വായിൽനിന്ന് നാണയം പുറപ്പെടുവിച്ചല്ലോ. കുറച്ചപ്പത്തിൽ നിന്ന് അനേകായിരങ്ങളെ തൃപ്തിപ്പെടുത്തിയല്ലോ. അവിടുത്തേക്ക് ഒന്നുകിൽ തന്റെ വിശപ്പ് ഇല്ലാതാക്കാമായിരുന്നു; അല്ലെങ്കിൽ തനിക്കായി ഭക്ഷണം ഇല്ലായ്മയിൽനിന്നോ, ഉള്ള വസ്തുക്കളിൽനിന്നോ ഉണ്ടാക്കാമായിരുന്നു.

അവിടുത്തെ പിതാവ് അവനെ അറിയുന്നു; അവിടുന്നു തന്റെ പിതാവിനെയും അറിയുന്നു (യോഹ.10:15). സാത്താൻ ആകാശത്തുനിന്നു വീഴുന്നത് അവിടുന്നു കണ്ടു (ലൂക്കാ 10:18). നഥാനിയേലിനെ അത്തിമരച്ചുവട്ടിൽ ദർശിച്ചു (യോഹ.1:48). അങ്ങനെയുള്ള, എല്ലാം അറിയുന്നവൻ ഫലകാലം അല്ലെന്ന് അറിഞ്ഞില്ലെന്നു വരുമോ? ഫലകാലമാണെങ്കിൽ, അടുത്തുവരുന്നതിനുമുമ്പ്, അതിൽ ഫലം ഉണ്ടോ ഇല്ലയോ എന്ന് അവിടുത്തേക്ക് അറിവില്ലായിരുന്നോ? അവിടുന്ന് അതിനെ ഉണക്കികളഞ്ഞതുപോലെ, അടുത്തുവന്നപ്പോൾ അതിനോട് കല്പിച്ചിരുന്നെങ്കിൽ അത് ഫലം പുറപ്പെടുവിക്കുമായിരുന്നല്ലോ. എന്നാലത് സ്വാഭാവിക വിശപ്പായിരുന്നില്ല, ദിവ്യപരിപാലന

www.malankaralibrary.com



യാലും പ്രത്യേക കാരണത്താലുമായിരുന്നു എന്നതു് വ്യക്തമാണ്. ഞാൻ മുമ്പു് സൂചിപ്പിച്ചതുപോലെ ഒരു രീതിയിൽ പ്രവർത്തിച്ചുകൊണ്ടു് മറെറാന്നു സൂചിപ്പിക്കുക നമ്മുടെ കർത്താവിന്റെ പതിവായിരുന്നു. കാനാൻകാരിയോടും മഗ്ദലേനായോടും അപ്രകാരമാണ് പ്രവർത്തിച്ചതു്. ഇവിടെയും അതുപോലെ. കാരണം, തദവസരം തന്റെ പീഡാനുഭവം ആസന്നമായിരുന്നു. അവശ്യാവശ്യകമായും സ്വേച്ഛ അല്ലാതെയും സ്വീകരിച്ച ബലഹീനത തന്നെ പിൻതുടരാതിരിക്കാൻ, തന്റെ ശിഷ്യർക്കും ക്രൂശിൽ തൂക്കുന്നവർക്കും ഒരുപോലെ തന്റെ ശക്തി കാണിക്കേണ്ടതു് ആവശ്യമായിരുന്നു. അവിടുന്നു് മനുഷ്യസ്നേഹിയും ദയാമസൃണനുമാകയാൽ മനുഷ്യരിൽ അവിടുന്നു തന്റെ ശക്തി കാട്ടിയില്ല. അവിടുന്നിതു് ഒരു മനുഷ്യനിൽ പ്രവർത്തിച്ചു് തന്റെ ശക്തി കാട്ടിയിരുന്നെങ്കിൽ അവിടുത്തെ ശക്തികൊണ്ടല്ല, അവന്റെ പാപം നിമിത്തം സംഭവിച്ചു എന്നു് കരുതപ്പെടുമായിരുന്നു. ഇവയെല്ലാം തനിക്കധീനമാണെങ്കിലും വലിയ വിലയുള്ളതും എളുപ്പം അപായപ്പെടുത്താവുന്നതുമായ മൃഗങ്ങളിലല്ല ശക്തികാട്ടുന്നതെന്നു് അവിടുന്നു് ഇതുവഴി വ്യക്തമാക്കുന്നു. അവിടുന്ന് ഒരു മരത്തെ നശിപ്പിച്ചു; മററു മരങ്ങളേക്കാൾ പച്ചിച്ചു നില്ക്കുന്നതും ജലാംശമുള്ളതുമായിരുന്നു ആ മരം. അതു് വെട്ടിമുറിച്ചിട്ടാലും ഉണങ്ങാൻ കുറേ സമയം എടുക്കും. എന്നാൽ തന്റെ വാക്കുകൊണ്ടു് അവിടുന്നു് അതിനെ ഉണക്കി. തന്റെ സ്വന്ത ഇച്ഛയാലാണ് താൻ പീഡയനുഭവിക്കുന്നതെന്ന് ഇതുവഴി തന്നെ ക്രൂശിക്കുന്നവർക്കു് അവിടുന്നു കാണിച്ചു കൊടുത്തു. ഇതാ, അവർ അനുതപിക്കുന്നില്ലെങ്കിൽ ഈ മരത്തെ വെട്ടിയിട്ട മൂർച്ചയുള്ള കോടാലി അവരുടെ മരത്തിന്റെ ചുവട്ടിലും വയ്ക്കപ്പെട്ടിരിക്കുന്നു. അതു മുറിച്ചു് തീയിൽ ഇടപ്പെടും.

ഇസ്രായേൽക്കാരുടെ സിനഗോഗിനെക്കുറിച്ചുള്ള ഒരുപമയായിരുന്നു ഈ അത്തിവൃക്ഷം എന്നു ചിലർ പറയുന്നു: "ഒരു മനുഷ്യൻ തന്റെ മുന്തിരിത്തോട്ടത്തിൽ ഒരത്തിവൃക്ഷം നട്ടുപിടിപ്പിച്ചു" (ലൂക്കാ 13:6). ഇടകിളച്ചു് വളം ഇടുന്നതുവഴി അതു ഫലം പുറപ്പെടുവിക്കും എന്ന പ്രതീക്ഷയിൽ ആത്മീയരുടെയും പ്രവാചകരുടെയും പ്രേരണയാൽ അതിനെ മുറിച്ചുകളഞ്ഞില്ല. എന്നാലതു് ഫലം നൽകിയില്ലെന്നു മാത്രമല്ല, പുത്രനെക്കൂടി കൊല്ലുകയും ചെയ്തു. അതുകൊണ്ടു് അതു ശാപഗ്രസ്ഥമായി; അവിടുന്നു് അതിനെ നശിപ്പിച്ചുകളഞ്ഞു. നമ്മുടെ കർത്താവു് അതിന്മേൽ ക്രൂശിക്കപ്പെടാനായിരുന്നു അതു് എന്ന് മററു ചിലർ പറയുന്നു. അതുവഴി പാപം പ്രവേശിച്ചു; കാരണം ആദാമ്യകുലം ഭക്ഷിച്ചതു് അത്തിപ്പഴമായിരുന്നു. കുററത്തിൽനിന്നുള്ള വിമോചനവും നീതീകരണവും അതിനാൽതന്നെ ഉണ്ടാകേണ്ടി

www.malankaralibrary.com



യിരുന്നു. അതിന്റെ ഉടമസ്ഥർ ആ തടി പട്ടണത്തിൽ കൊണ്ടു വന്നു; ക്രൂശിൽ തറച്ചവർ അതെടുത്ത് നമ്മുടെ കർത്താവിനെ അതിന്മേൽ തറച്ചു. അത് 'അത്തിമരം' എന്നു വിളിക്കപ്പെട്ടു; പദോൽപത്തിനോക്കിയാൽ, "ഹവ്വായേ, നീ എന്റെ പക്കലേക്കു വരിക" എന്നു പറഞ്ഞുകൊണ്ട് തന്നിലുള്ള നിയമലംഘനത്തിലേക്ക് ആദാമ്യകുലത്തെ അത് വിളിച്ച് പ്രേരിപ്പിച്ചു എന്ന് പറയപ്പെടുന്നു.

ജനക്കൂട്ടം വൃക്ഷങ്ങളുടെ ഇളംചില്ലകളും കൊമ്പുകളും വെട്ടി വഴിയിൽ വിതറിയപ്പോൾ ഈ മരത്തിന്റെ ഉടമസ്ഥൻ ഇതിന്റെ കമ്പുകൾ വെട്ടാൻ അനുവദിച്ചില്ല; അക്കാരണത്താൽ കർത്താവ് അതിനെ ഉണക്കിക്കളഞ്ഞു എന്ന് വേറേ ചിലർ പറയുന്നു.

മററുചിലർ പറയുന്നത്: ഗദറായർ കർത്താവിന്റെ അടുത്തേക്കു പോകാതിരിക്കാനായി അവർ മാർഗതടസ്സം സൃഷ്ടിച്ചതിനാൽ കർത്താവ് അവരുടെ പന്നികളെ കൊന്നുകളഞ്ഞു. അവർക്കിഷ്ടമില്ലാഞ്ഞിട്ടും അപ്പോൾ അവർ പുറത്തേക്കുവന്നു. അതുപോലെ ഈ അത്തിവൃക്ഷത്തിന്റെ ഉടമസ്ഥൻ കർത്താവിന്റെ പക്കലേക്കു പോകുകയില്ല എന്നു മനസ്സിൽ ഉറച്ചു. അവനിഷ്ടമില്ലെങ്കിലും കർത്താവിന്റെ പക്കലേക്ക് അവൻ വരുന്നതിനായി കർത്താവ് അവന്റെ അത്തിമരത്തെ ഉണക്കിക്കളഞ്ഞു. അവിടുന്ന് എപ്പോഴും മനുഷ്യരുടെ രക്ഷമാത്രം കാംക്ഷിക്കുന്നവനാണ്. വേറേചിലർ: "മൂന്നാം ദിവസം ഞാൻ അതിനെ ഉയിർപ്പിക്കും" എന്ന് നമ്മുടെ കർത്താവ് പറഞ്ഞത് തന്റെ ശരീരത്തെപ്പററിയാണ് (യോഹ. 2:19). "കല്ലിന്മേൽ കല്ല് ശേഷിക്കയില്ല" എന്നു പറഞ്ഞത് (മർക്കോ. 13:2) കല്ലുകൊണ്ടുണ്ടാക്കിയ ആലയത്തെപ്പററിയാണ്. അതൊരു കടംകഥയായിരുന്നു. അത്തിമരം ഉണങ്ങിയതുവഴി തന്റെ വാക്കുകളെ അവിടുന്ന് ഉറപ്പിക്കുകയായിരുന്നു....മററുചിലർ അത്തിമരത്തെപ്പററി മററു രീതികളിൽ പറയുന്നു; എങ്കിലും ആദ്യത്തേതാണ് ശരിയായിട്ടുള്ളത്.

## പുസ്തകം XVI

*"ഒരു മനുഷ്യനു രണ്ടുപുത്രന്മാർ ഉണ്ടായിരുന്നു...."* (21:28) അവിടുന്ന് ദൈവത്തെ *'മനുഷ്യൻ'* എന്നു വിളിക്കുന്നു; *'രണ്ടു പുത്രന്മാർ'* യൂദരും വിജാതീയരുമാണ്. വിജാതീയരെ *'മുന്തിരിത്തോട്ടത്തിലേയ്ക്ക് പോകാൻ വിസമ്മതിച്ചവർ'* എന്ന് അവൻ വിളിക്കുന്നു.

www.malankaralibrary.com



പ്രാചീനർ തൻെറ അധികാരത്തിനു വിധേയരായിരുന്നില്ല. എന്നാൽ അവസാനത്തിൽ അവർ അനുസരിക്കുകയും ശ്ലീഹന്മാരിൽ നിന്നു് സുവിശേഷം സ്വീകരിക്കുകയും ചെയ്തു. യൂദരെ *'മറേറ മകൻ'* എന്നു് അവിടുന്നു വിളിക്കുന്നു. അവർ മോശ വഴി 'നിയമം' സ്വീകരിച്ചെങ്കിലും അവസാനം അവിടുത്തെ കല്പനകളെ ചവിട്ടിമെതിക്കുകയും നിന്ദിക്കുകയും ചെയ്തു.

*"ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കു മുൻപേ സ്വർഗരാജ്യത്തിൽ പ്രവേശിക്കും"* (21:31): "അവകാശമാകും" എന്നതിനു പകരമാണ് "പ്രവേശിക്കും" എന്നു പറഞ്ഞിരിക്കുന്നതു്: "അവർ മുറിച്ചു മാററപ്പെടും" എന്നതിനു പകരം 'അവസാനത്തവരായിരിക്കും' എന്നു് അവിടുന്നു പറഞ്ഞതുപോലെയാണിതു്.

*"ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടു പിടിപ്പിച്ചു"* (21:33): അവിടുന്നു് ദൈവത്തെ *'മനുഷ്യൻ'* എന്നു വിളിക്കുന്നു. ദൈവഭയത്തിൽ അവിടുന്നു പരിശീലിപ്പിച്ച യൂദരെ *'മുന്തിരിത്തോപ്പ്'* എന്നു വിളിക്കുന്നു. അവർക്കു ലഭിച്ച ദിവ്യസഹായത്തെ *'വേലി'* എന്നു വിളിക്കുന്നു. അതു വഴി അവർ അവരുടെ രാജ്യത്തു് സംരക്ഷിക്കപ്പെട്ടു. ദേവാലയത്തെ *'ഗോപുരം'* എന്നും, സുഗന്ധധൂപം അർപ്പിക്കുന്നതും ബലിരക്തം ഒഴിക്കുന്നതുമായ ബലിപീഠത്തെ *മുന്തിരിച്ചക്ക്* എന്നും, പുരോഹിതഗണത്തെ *കൃഷിക്കാരെന്നും* അവിടുന്നു വിളിച്ചു. യൂദരുടെ സ്ഥാനത്തു വന്ന മററു കൃഷിക്കാർ നിയമപ്രബോധനത്തിലൂടെ ദൈവത്തിനു് ഫലങ്ങൾ സമർപ്പിക്കാനുള്ളവരാണു്. കാലാകാലങ്ങളിൽ അയയ്ക്കപ്പെട്ട പ്രവാചകരെ അവിടുന്നു് *'അയയ്ക്കപ്പെട്ട ദാസന്മാർ'* എന്നു വിളിക്കുന്നു. അവർ യൂദന്മാരിൽ നിന്നു നിരവധി പീഡനങ്ങളേററു. *'അവസാനം തൻെറ പുത്രനെ അയച്ചു'* എന്നതു് തൻെറ വരവിനെപ്പററിയാണു്. അവനെയും അവർ കൊന്നുകളഞ്ഞു.

*'പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല്"* (21:42) അവിടുന്നു സ്വയം *'കല്ല്"* എന്നും യൂദന്മാരെ *'പണിക്കാർ'* എന്നും വിളിക്കുന്നു. സങ്കീർത്തനങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു് പൂർത്തിയായിരിക്കുന്നു എന്നു് ഇതുദ്ധരിച്ചുകൊണ്ടു് അവിടുന്നു പറയുന്നു. നിയമത്തിൻെറ പ്രബോധനത്തിലൂടെ എല്ലാ മനുഷ്യരുടെയും പക്കൽ, പണിക്കാരെപ്പോലെ നിങ്ങൾ എത്തിച്ചു എന്നു നിങ്ങൾ കരുതുന്നതുവഴി നിങ്ങളെന്നെ നിരസിക്കുകയും മരണത്തിനേല്പിക്കുകയും ചെയ്യുന്നു. എന്നാൽ യൂദർക്കും ജാതികൾക്കുമുള്ള പരമനന്മകളുടെ ഹേതുഭൂതൻ ഞാനായിരുന്നു

www.malankaralibrary.com



എന്നു് അവസാനം നിങ്ങരം കാണും. മൂലകെട്ടാൻ ഉപയുക്തമായ കല്ലിൻെറ സ്ഥാനത്താണ ഞാൻ; എന്തുകൊണ്ടെന്നാൽ അവർ പരസ്പരം വളരെ അകന്നു കഴിയുന്നവരാണെങ്കിലും എന്നിലുള്ള വിശ്വാസത്തിലൂടെ ഞാൻ അവരുടെ ഇടയിൽ ഐകമത്യവും പൂർത്തീകരണവും ഉണ്ടാക്കും.

*'ഈ കല്ലിൽ വീഴുന്നവൻ തകർന്നുപോകും; ഇതു ആരുടെ മേൽ വീഴുന്നുവോ....'* (21:44): യഹൂദനേതാക്കന്മാർ ഈ വിലയേറിയ കല്ലിൽ തട്ടിവീഴും; വിഗ്രഹങ്ങളും ബിംബാരാധനസ്ഥലുള്ള വസ്തുക്കളും ചിന്നിച്ചിതറിപ്പോകും. മററുള്ളവർ പറയുന്നതു്: കുരിശിലേററിയവരും ജാതികളുടെ രാജാക്കന്മാരുമാണു് അതിൽ വീണുതകർന്നവർ. അവർ അതിനെ പീഡിപ്പിച്ചെങ്കിലും അതു് അവരെ തകർത്തുകളഞ്ഞു; അതിനു് കേടൊന്നും സംഭവിച്ചുമില്ല. അതായതു്, വിശ്വാസത്തെ നശിപ്പിക്കാൻ അവർ കിണഞ്ഞു പരിശ്രമിച്ചു. എന്നാൽ അവർ വിജയിച്ചില്ലെന്നു മാത്രമല്ല, മുറിവേല്ക്കുകയും ചെയ്തു. *'അതിന്മേൽ വീണവർ'* ദുഷിപ്പിക്കുന്ന പാഷണ്ഡികളെല്ലാവരുമാണു്. അവരുടെമേൽ അതു നിപതിച്ചു. മെതിക്കളത്തിൽ കാററു് പതിരിനെ പറത്തുന്നതുപോലെ അവർ നാനാഭാഗത്തേക്കും ചിതറിക്കപ്പെട്ടു.

*'സ്വർഗരാജ്യം തൻെറ പുത്രനുവേണ്ടി വിവാഹവിരുന്നൊരുക്കിയ രാജാവിനു സദൃശ്യം'* (22:2): ദൈവത്തെ അവിടുന്നു *മനുഷ്യൻ* എന്നു വിളിക്കുന്നു. അവിടുത്തോടുള്ള സ്നേഹത്തിൽ ഒന്നിച്ചിരിക്കുന്ന വിശ്വാസികളുടെ സഭയെ *'പുത്രൻെറ വിവാഹ വിരുന്നു്'.* എന്നു വിളിക്കുന്നു. യൂദന്മാരാണു് *'വിരുന്നുകാർ'* മുമ്പു് നിയമത്തിൻെറ ശിക്ഷണത്തിലൂടെ പ്രവാചകന്മാർവഴി ഈ വിശ്വാസത്തിലേക്കു ക്ഷണിക്കപ്പെട്ടവരാണു് അവർ.

ആദ്യം അയയ്ക്കപ്പെട്ടവർക്കു പിറകെ അവൻ മററു ചിലരെയും അയച്ചു: തൻെറ പീഡാനുഭവത്തിനു മുൻപു് ഈരണ്ടീരണ്ടായി ശ്ലീഹന്മാരെ അയച്ചതിനെ സൂചിപ്പിക്കുന്നു. അവർ തൻെറ പീഡാനുഭവത്തിനുശേഷം വീണ്ടും അയയ്ക്കപ്പെട്ട അവർ മാത്രമല്ല, മററനേകരും. *'എല്ലാം തയ്യാറായിരിക്കുന്നു. വിരുന്നിനു വരുവിൻ'* എന്നു് ശരിയായി പറഞ്ഞുകൊണ്ടാണു് അവരെ രണ്ടാമതു് അയച്ചതു്. പീഡാനുഭവത്തിൻെറ ദിവ്യവ്യാപാരം അപ്പോരം പൂർത്തീകരിക്കപ്പെട്ടിരുന്നു. അവിടുന്നു് മരണത്തിൽനിന്നുത്ഥാനം ചെയ്തു് സ്വർഗത്തിലേക്കുപോയതു മുതൽ ഒന്നിച്ചു കൂടിയവർക്കായി പരിശുദ്ധാത്മദാനം ഒരുക്കപ്പെട്ടിരുന്നു.

www.malankaralibrary.com



എന്നാലവർ *'കൃഷിക്കാര്യങ്ങളും' 'കച്ചവടവും'* നിമിത്തം വന്നില്ല: അതായത്, ജഡികാഗ്രഹങ്ങൾ നിമിത്തം സത്യപ്രബോധനത്തിലേക്ക് അടുത്തുവരുവാൻ അറച്ചു നിന്നവരാണവർ. *'അവർ ചില ദാസന്മാരെ മർദ്ദിച്ചു, ചിലരെ കൊന്നു':* യൂദന്മാർ പ്രവാചകരോടും ശ്ലീഹന്മാരോടും ചെയ്തതിനെപ്പററിയാണ് അവിടുന്ന പറയുന്നത്. ഇപ്പോൾ മുതൽ റോമാക്കാർ അവരുടെ പട്ടണം നശിപ്പിച്ചുകളയും; വിരുന്നിന് പുറജാതിക്കാരിൽനിന്നുള്ള അതിഥികളെയും അവിടുന്ന ക്ഷണിച്ചിരുന്നു. *'കല്യാണവസ്ത്രം ഇല്ലാത്ത ഒരുവനെ രാജാവ് അവിടെ കണ്ടു':* വിശ്വാസാനുസൃതപ്രവൃത്തികൾ അവനിൽനിന്നുണ്ടായില്ല; ദൈവത്തിന് അർഹമായ ശുശ്രൂഷ അവൻ നിവ്വഹിച്ചുമില്ല. അവൻ ശിക്ഷിക്കപ്പെടണമെന്ന് നീതിപൂർവ്വം അവിടുന്ന തീരുമാനിച്ചു. ഭൂമിയിലെ വാസമാണ് പുറത്തെ അന്ധകാരം എന്ന് *ഖത്രായാ* പറയുന്നു. കാരണം, ഉത്ഥാനത്തിനുശേഷം അതിൽ പാർക്കുന്നവർ അന്ധകാരമാണ്. വരാനിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെ പ്രവചനമാണ്, *'എന്റെ കാളകളെയും കൊഴുത്ത മൃഗങ്ങളെയും കൊന്നു'* എന്നത് എന്ന് *ഹെനാന* പറയുന്നു. 'അവിടുത്തെ മരണത്തിനു ശേഷം സത്യവും സുസജ്ജവും നിത്യവുമായ വിരുന്നിലേക്ക് തങ്ങളുടെ കഴുത്തിലെ രക്തത്താൽ അനേകർ അയക്കപ്പെട്ടു'. *'നീയിവിടെ എങ്ങനെ വന്നു?':* അതു സഭയെപ്പററിയാണു മനസ്സിലാക്കേണ്ടത്. അവനൊരു കൈപ്പിഴ പററിയതിൽ വിരുന്നു നടത്തുന്നയാൾ ഇടപെടേണ്ട കാര്യമില്ല. രാജ്യത്തിൽ പ്രവേശിച്ചുകഴിയുന്നതുവരെ സൂക്ഷ്മപരിശോധന ഇല്ലെന്നു വരുന്നുമില്ല.

'അപ്പോൾ ഫരിസേയർപോയി *യേശുവിനെ എങ്ങനെ വാക്കിൽ കുടുക്കാം* എന്ന് ആലോചന നടത്തി (22:15). അവർ തങ്ങളുടെ ശിഷ്യരെ ഹേറോദേസിന്റെ പടയാളികളോടൊത്ത് അവന്റെ അടുത്ത് അയച്ചു ചോദിച്ചു: *'റോമാക്കാർക്കു നികുതികൊടുക്കുന്നത് ന്യായമാണോ?'* 'ന്യായമല്ല' എന്ന് അവിടുന്ന പറയും; ഉടനെ റോമാക്കാക്കെതിരായി കലഹം ഇളക്കിവിടുന്ന ഒരു വിപ്ളവകാരി എന്ന പേരിൽ ഹേറോദ്യർക്ക് അവിടുത്തെ അറസ്റ്റുചെയ്യാം എന്ന് അവർ പ്രതീക്ഷിച്ചു. അതിനുവേണ്ടി അവർ അവിടുത്തോട്ട് മുഖസ്തുതിയും ഒക്കെ പറഞ്ഞുകൊണ്ടാണ് വന്നത്: 'അവിടുന്ന മനുഷ്യരുടെ മുഖം നോക്കാത്തവനാണ്! ഇങ്ങനൊക്കെ പറഞ്ഞാൽ അവർ വിചാരിക്കുന്നതുപോലെ അവിടുന്ന പറയും എന്ന് അവർ കരുതി. എന്നാൽ *'കപടഭക്തരേ, നിങ്ങൾ എന്നെ പരീക്ഷിക്കുന്നത് എന്തുകൊണ്ട്?'* എന്ന് അവിടുന്ന

www.malankaralibrary.com



ചോദിച്ചു (22:19). അവരുടേതു് വെറും മുഖസ്തുതി ആയിരുന്നു എന്നു് അവിടുന്നു് ഗ്രഹിച്ചുഎന്നു് ഈ വിധം അവിടുന്നു മനസ്സിലാക്കിക്കൊടുത്തു. *'സീസർക്കുള്ളതു് സീസറിനും ദൈവത്തിനുള്ളതു് ദൈവത്തിനും കൊടുക്കുവിൻ'* (22:21). അതായതു്, നാണയത്തിന്മേലുള്ള രൂപം സീസറിന്റേതാണെങ്കിൽ സീസറിനുള്ളതു് സീസറിനു കൊടുക്കുവിൻ. എന്നാൽ ദൈവത്തിനു് അർഹിക്കുന്നവയൊക്കെ ദൈവത്തിനു കൊടുക്കുകതന്നെ വേണം. സീസറിനു് പണമായി നികുതി കൊടുക്കാൻ നിങ്ങൾക്കു കഴിയും; അതുപോലെ മന:ശുദ്ധിയോടുകൂടി, ദൈവത്തിനു് അർഹമായ ആരാധന നൽകണം. *'സീസറിനുള്ളത് സീസറിന്'* എന്നതുവഴി ഭരണാധിപന്മാർക്കു കീഴ്പ്പെട്ടിരിക്കണം എന്ന നിയമം നമ്മുടെ കർത്താവ് സ്ഥാപിച്ചു.

## പുസ്തകം XVII

ബാബിലോണിൽനിന്നു് തിരികെയെത്തിയ യൂദന്മാർ ഏഴു വിഭാഗങ്ങളായി തിരിഞ്ഞിരുന്നു എന്നു ജോസേഫൂസ് പറയുന്നു: ഫരിസേയർ, സദ്ദൂക്യർ, മക്കബായർ അഥവാ എസ്സീന്യർ, ഹനാന്യർ, ഹെരോദ്യർ, തീക്ഷ്ണർ, നസറായർ. സദ്ദൂക്യർ അവരുടെ പ്രധാന തത്ത്വമായ സാദോക്കിൽനിന്നു് ആ പേരു് സ്വീകരിച്ചു; സുവിശേഷത്തിനെതിരായി അവർ നിരവധി പീഡനങ്ങൾ നടത്തി. നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബിനെതിരായി അവർ ലഹള ഇളക്കിവിട്ടു; അവനെ പിടിച്ചു് അവർ കൊന്നുകളഞ്ഞു. ദാവീദിന്റെ വംശത്തിൽ പെട്ടവർക്കെതിരെ റോമാക്കാർ അന്വേഷണം നടത്താൻ ഇവരാണു് കാരണക്കാർ. ശമറിയാക്കാരെപ്പോലെ ഇവരും നിയമത്തിന്റെ അഞ്ചുഗ്രന്ഥങ്ങൾമാത്രം സ്വീകരിച്ചവരായിരുന്നു. അവർ പ്രവാചകരെ അംഗീകരിച്ചില്ല. അവർ ഉത്ഥാനത്തിലും അദൃശ്യരായ മാലാഖമാരിലും വിശ്വസിച്ചിരുന്നില്ല. ഫരിസേയരാകട്ടെ ഉത്ഥാനത്തിൽ വിശ്വസിച്ചിരുന്നു. ഉത്ഥാനാനന്തരം, ഭൂമിയിലെപ്പോലെ തിന്നുകയും കുടിക്കുകയും വിവാഹിതരാകുകയും ചെയ്യും എന്നും അവർ പറഞ്ഞിരുന്നു.. അതുകൊണ്ടാണു് ഏഴു പ്രാവശ്യം വിവാഹിതയായെങ്കിലും മക്കളില്ലാതെ മരിച്ച സ്ത്രീയുടെ കാര്യം സദ്ദൂക്യർ അവതരിപ്പിച്ചതു്. ഫരിസേയരെ കളിയാക്കിക്കൊണ്ടു് സദ്ദൂക്യർ ചോദിച്ചു: 'പുനരുത്ഥാനത്തിൽ അവൾ ഈ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും?' എല്ലാവരുടേയുമോ അതോ ഒരുത്തന്റെ മാത്രമോ? അതുപോലെ ഒരുവൻ അനേക സ്ത്രീകളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ഉത്ഥാനത്തിൽ അവരിലാരായിരിക്കും അവന്റെ

www.malankaralibrary.com



ഭാര്യ? എല്ലാവരും ഒന്നിച്ചോ? അതോ അസൂയാലുക്കളായ സ്ത്രീകളുടെ വെറുപ്പിൽനിന്ന് ഒരുത്തി മാത്രമോ? അതോ, വിവാഹമോചനം നടത്തിയവരിൽനിന്ന് കുറിയിട്ടെടുത്തോ? എന്നാൽ നമ്മുടെ കർത്താവ് ഇരുവിഭാഗത്തെയും നിരാശപ്പെടുത്തി. മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ അവർ ഭക്ഷിക്കുന്നില്ല, വിവാഹിതരാകുന്നുമില്ല എന്നു പറഞ്ഞുകൊണ്ട് ഫരസേയരെയും, *'ഞാൻ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാണ്''* എന്നു പറഞ്ഞുകൊണ്ട് (22:31) സദൂക്യരെയും നിശ്ശബ്ദരാക്കി. അതായത്, ഉത്ഥാനത്തെപ്പറ്റി നിങ്ങളും പഠിപ്പിക്കണം; പണ്ടേ മരിച്ചുകഴിഞ്ഞവരെപ്പറ്റി താൻ അവരുടെ ദൈവമാണെന്ന് അവിടുന്നു മോശവഴി പറഞ്ഞിരിക്കുന്നു. അവരുടെ ആത്മാക്കൾ ജീവിക്കുകയും അവരുടെ ശരീരത്തെ വീണ്ടും ഉയിർപ്പിച്ച് അവരുടെ ആത്മാക്കൾക്ക് നൽകുകയും ചെയ്യാൻ ഉദ്ദേശിച്ചിരുന്നില്ലെങ്കിൽ ഈ മനുഷ്യരുടെ ദൈവമാണ് താൻ എന്നു ദൈവം സ്വയം വിളിക്കുമായിരുന്നില്ല.

*'നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്''?'* എന്നു നമ്മുടെ കർത്താവ് യൂദന്മാരോട് ചോദിച്ചപ്പോൾ (22:42) *'ദാവീദിന്റെ പുത്രൻ'* എന്ന് അവർ പ്രത്യുത്തരിച്ചു. നമ്മുടെ കർത്താവ് അവരോടു മറുപടിയായി പറഞ്ഞു: കർത്താവ് എന്റെ കർത്താവിനോടരുൾ ചെയ്തു....എന്നിത്യാദി പറയുമ്പോൾ അവൻ എങ്ങനെയാണ് അവന്റെ പുത്രനായിരിക്കുന്നത്? എലിയാസർ അബ്രഹാമിനെ 'എന്റെ കർത്താവ്,' എന്നു വിളിക്കുന്നതുപോലെയും ഏലീശാ ഏലിയായെ വിളിക്കുന്നതുപോലെയും അവൻ കർത്താവ് എന്ന് വിളിക്കപ്പെടുന്നു എന്ന് അവർ പ്രത്യുത്തരിക്കേണ്ടതായിരുന്നു. നമ്മുടെ കർത്താവ് മനുഷ്യത്വം സ്വീകരിച്ചില്ല എന്ന് അഭക്തമായി സംസാരിച്ചവർ ആയുധധാരികളായി പറയുന്നു: താൻ ദാവീദിന്റെ പുത്രനല്ലെന്ന് അവൻ തന്നെ ഇതാ, പറഞ്ഞിരിക്കുന്നു. 'അവൻ എങ്ങനെയാണ് അവന്റെ പുത്രനാകുന്നത്''?' എന്ന് തന്റെ മനുഷ്യത്വത്തെ നിരാകരിച്ചുകൊണ്ടല്ല നമ്മുടെ കർത്താവ് പറഞ്ഞതെന്ന് വഴിതെറ്റുന്ന ഇക്കൂട്ടർ മനസ്സിലാക്കിയില്ല. പിന്നെയോ, അവർ കരുതിയതുപോലെ താൻ മനുഷ്യൻ മാത്രമല്ല, ദൈവവുമാണെന്നും താൻ മനുഷ്യനാണെന്നുള്ളത് അവിടുന്നു മറച്ചുവയ്ക്കുന്നില്ലെന്നും കാണിക്കാനായിരുന്നു അത്. തന്റെ മനുഷ്യത്വത്തിൽ അവിടുന്നു ദാവീദിന്റെ പുത്രനാണെന്നും തന്റെ ദൈവത്വത്തിൽ ദാവീദിന്റെ കർത്താവാണെന്നും അവിടുന്നു പഠിപ്പിക്കുകയായിരുന്നു. എന്നാൽ അവർ നിശ്ശബ്ദരായിപ്പോയി.

www.malankaralibrary.com



കാരണം, '*കർത്താവ്*', '*എന്റെ കർത്താവ്*' എന്നീ രണ്ടു നാമങ്ങളും അവാച്യനാമങ്ങളായി എഴുതപ്പെട്ടവയാണ്. അതായത് *യാഹ്‌വെ* എന്ന നാമത്താൽ. ഈ അവാച്യനാമം പ്രത്യേക അക്ഷരങ്ങൾകൊണ്ട് എഴുതണമെന്നും ദൈവത്തോടുള്ള ബഹുമാനസൂചകമായി അതുച്ചരിക്കരുതെന്നും ഒരു നിയമമായി മോശ നടപ്പാക്കി. ലൈനുകളുടെ മധ്യത്തിലാണ് അതു എഴുതിയിരുന്നതു്. അതായതു്, യാഹ്‌വെ. അതു നിഗൂഢ നാമമാണ്. അവർ അതിനു മുകളിൽ '*അദൊണായ്*' എന്നെഴുതി. അതായതു്, 'എന്റെ കർത്താവ്'. അവർ ആ അവാച്യനാമത്തിലെത്തുമ്പോൾ, അതായതു്, നിഗൂഢനായവന്റെ നാമത്തിലെത്തുമ്പോൾ, അതുച്ചരിച്ചിരുന്നില്ല. ദൈവത്തിന്റെ നാമമല്ലാതെ മറ്റൊന്നും അതോടൊപ്പം അവർ എഴുതിയിരുന്നുമില്ല. എന്നാൽ അവർ '*അദൊണായ്*' എന്നോ ബഹുമാന സൂചകമായി മുകളിൽ രേഖപ്പെടുത്തിയ ഏതെങ്കിലും പേരോ മാത്രം ഉച്ചരിച്ചിരുന്നു. ഈ അവാച്യനാമങ്ങൾ എഴുതുന്ന രീതി മാററിയതു് സിമ്മാക്കസാണ്. അയാൾ അതു മാററി. 'കർത്താവ്' എന്നും 'എന്റെ കർത്താവ്' എന്നും വായിക്കത്തക്ക രീതിയിലാക്കി, അതായതു്, 'എന്റെ വലത്തു ഭാഗത്തിരിക്കുക' എന്ന് അദൊണായ് അദൊണായിയോടു് ശപഥംചെയ്തു'. ഇതും, 'ഇതാ, *കന്യക* ഗർഭംധരിച്ചു് പുത്രനെ പ്രസവിക്കും' എന്നതു് '*യുവതി*' എന്നും 'ദൈവം' എന്നതു് 'യുഗങ്ങളുടെ ബലവാൻ' എന്നും 'മിശിഹാ കൊല്ലപ്പെട്ടും' എന്നതു്, 'എണ്ണ നീക്കപ്പെട്ടും' എന്നും തിരുത്തിയതു് അയാൾ തന്നെയാണ്. ഇതൊക്കെ അയാൾ വരുത്തിയ മാററങ്ങളാണ്.

'*നിയമജ്ഞരും ഫരിസെയരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു*' (23:2): മോശയുടെ പിൻഗാമികളായി അവർ മനുഷ്യരെ നിയമം പഠിപ്പിക്കുന്നു. '*ഭാരമുള്ള ചുമടുകൾ*' എന്നതു് നിയമത്തിലെ പ്രയാസമുള്ള കല്പനകളോ, അവരുടെതന്നെ വ്യത്ഥമായ അനുഷ്ഠാനങ്ങളോ ആണ്. ദൈവം ഉച്ചരിച്ച പത്തു വാക്കുകളെ അവിടുന്ന് '*ഫിലാക്‌ടെരീസ*' എന്നു പറയുന്നു. ഇപ്പോൾ വിശ്വാസികൾ സുവിശേഷം കഴുത്തിലണിയുന്നതുപോലെ അവർ അതു് കഴുത്തിൽകെട്ടി നടന്നിരുന്നു. അവർ തങ്ങളുടെ വസ്ത്രങ്ങളുടെ അടിവശത്തു തുന്നിപ്പിടിപ്പിക്കുന്നവയെ '*തൊങ്ങലുകൾ*' എന്ന് അവിടുന്നു വിളിക്കുന്നു.

'*നിങ്ങൾ റബ്ബീ, എന്നും ഗുരു എന്നും പിതാവ് എന്നും വിളിക്കപ്പെടരുത്*' (23:8): പേരിനെപ്പററിയല്ല, പിന്നെയോ മനോഭാവത്തെപ്പററിയും ചിന്തയെപ്പററിയുമാണ്

www.malankaralibrary.com



അവിടുന്നു മുന്നറിയിപ്പു നൽകുന്നതു്. സഹോദരങ്ങളുടെ നേതൃസ്ഥാനത്തു കയറിപ്പററാൻ പരിശ്രമിക്കാതെ സഹോദരങ്ങളെപ്പോലെ പരസ്പരം സ്നേഹത്തിൽ ജീവിക്കാൻ യത്നിക്കണം എന്നാണ് അവിടുന്നു പറയുന്നതു്. എല്ലാ കഴിവുകളും പൊതുവിനുവേണ്ടി ദൈവത്തിൽനിന്നു് ദാനമായി വിതരണം ചെയ്യപ്പെടുന്നു; അവിടുന്നു് എല്ലാ മനുഷ്യരെയും, പരിവർത്തനം ചെയ്യപ്പെട്ടവരെയും പരദേശികളെയും, ഒരുപോലെ ബഹുമാനിക്കുന്നു.

*'അവർ സ്വർഗരാജ്യം അടച്ചുകളയുന്നു'* (23:13): ഈ മനുഷ്യർ അവനിൽ വിശ്വസിച്ചിരുന്നെങ്കിൽ സാധാരണക്കാരായ മനുഷ്യരെല്ലാം അതുപോലെ വിശ്വസിക്കുമായിരുന്നു, കാരണം, ആ സാധാരണക്കാർ അവരുടെ ചുററും നിൽക്കുകയും അവരെ നോക്കി ജീവിക്കുകയും ചെയ്യുന്നവരാണ്. *'അന്ധരായ വഴികാട്ടികളെ'*: നിങ്ങളുടെ കടമ നിങ്ങൾ അറിയുന്നില്ല ഒരുത്തന്റെ മുമ്പിലും അതു നിങ്ങൾ സാക്ഷിക്കുന്നില്ല. *'ഏതാണു വലുത്? കാഴ്ചവസ്തുവോ അതിനെ പവിത്രീകരിക്കുന്ന ബലിപീഠമോ?'* (23:18): കാഴ്ചവസ്തുവിനേക്കാൾ വലുതാണ് ബലിപീഠമെന്നുപോലും നിങ്ങൾക്കറിവില്ലാത്തതു് എന്തുകൊണ്ടു്? കാഴ്ചവസ്തു ബലിപീഠത്തിൽ വയ്ക്കപ്പെടുമ്പോൾ അതു പവിത്രീകൃതമാകുന്നു എന്നു നാമറിയുന്നു. ദേവാലയത്തിൽകൊണ്ടുവന്നു് അർപ്പിക്കുന്ന, സ്വർണംകൊണ്ടും വെള്ളികൊണ്ടും ഉള്ള ശുശ്രൂഷാ പാത്രങ്ങളെ അവിടുന്നു കാഴ്ചവസ്തുക്കൾ എന്നു വിളിക്കുന്നു. അവ ബലിപീഠത്തിൽവച്ചു കഴിയുമ്പോൾ അവ പവിത്രീകൃതമായതായി പരിഗണിക്കപ്പെടുന്നു. നാം പരികർമ്മം ചെയ്യുന്ന കൂദാശ അതിനുപയോഗിക്കുന്ന പാത്രങ്ങളിൽനിന്നു് വ്യത്യസ്തമാണ്. അതു പൂർത്തീകരിക്കപ്പെട്ടു കഴിയുമ്പോൾ, ക്രിസ്തുവിന്റെ ശരീരത്തിന്റെ അടയാളമായിത്തീരുമ്പോൾ, അതു ബലിപീഠത്തേക്കാൾ മഹനീയമായിത്തീരുന്നു. *'നിങ്ങളുടെ പിതാക്കൻമാരുടെ ചെയ്തികൾ നിങ്ങൾ പൂർത്തിയാക്കുവിൻ'* (23: 32): നിങ്ങളുടെ പിതാക്കന്മാരുടെ ദുഷ്ടതയുടെ പൂർത്തീകരണത്തിനായി എന്റെ മരണത്തിന്റെ കുറവുകൂടിയുണ്ടു്. അതു നിങ്ങളിപ്പോൾ തീർക്കും. അവർ ദാസരെ കൊന്നു; നിങ്ങൾ യജമാനനെത്തന്നെയും.

## പുസ്തകം XVIII

*'ഇതാ, നിന്റെ പക്കലേക്ക് ഞാൻ പ്രവാചകരെ അയച്ചു....'* (23:34): അഗാബുസിനെപ്പോലെയും സുവിശേഷപ്രസംഗകന്റെ പെൺമക്കളെപ്പോലെയും വരം ലഭിച്ചവരെയാണ് അവൻ *'പ്രവാചകർ'* എന്നു വിളിക്കുന്നതു് (നട.21:9).

www.malankaralibrary.com


ആത്മാവ് ചിലർക്ക് ജ്ഞാനത്തിന്റെ വചനം നൽകി എന്ന് പൗലോസ് പറയുന്നവരാണ് '*ജ്ഞാനികൾ*' (1കൊറി.12:8) തിരുലിഖിത വചനങ്ങൾ പഠിപ്പിക്കാനും വ്യാഖ്യാനിക്കാനും വരംലഭിച്ചവരാണ് '*എഴുത്തുകാർ*': പൗലോസ് അവരെ *പ്രബോധകർ*' എന്നു വിളിക്കുന്നു. ഹാബേൽ, സക്കറിയാ തുടങ്ങി അവർ കൊന്ന നിരവധി *നീതിമാൻമാരെപ്പററി* അവൻ പറയുന്നു. അവരെ കൊല്ലാൻ മതിയായ കാരണമൊന്നും ഇല്ലായിരുന്നു. ഈ സക്കറിയാ സ്നാപകന്റെ പിതാവും ബ്രക്കിയായുടെ പുത്രനുമായ സക്കറിയാ ആണെന്ന് ചിലർ കരുതുന്നു. ക്രൂരനായ ഹേറോദേസിന്റെ കല്പനയാൽ ദേവാലയത്തിനും ബലിപീഠത്തിനും മധ്യേ അവൻ കൊല്ലപ്പെട്ടു! നീതിമാന്മാരിൽ ഒന്നാമത്തവൻ ഹാബേലും സക്കറിയാ അവസാനത്തവനുമായിരുന്നു. 'പുരോഹിതനായ യെഹോയാദായുടെ പുത്രന്മാരിൽ ഒരാളാണ് ഈ സക്കറിയാ എന്ന് *ഹെനാനാ* പറയുന്നു; യോവാഷ് രാജാവ് അവന്റെ സഹോദരന്മാരോടൊപ്പം അവനെയും കൊന്നുകളഞ്ഞു. അവനിൽനിന്നുള്ള ധാരാളം നന്മകൾ ദർശിച്ചതിനു പകരമായി അവന്റെ മക്കളോട് ഇങ്ങനെ പ്രതിപകരം ചെയ്തു.

'*ദേവാലയത്തിന്റെ പണികൾ കാണിച്ചുകൊടുക്കാൻ ശിഷ്യൻമാർ അടുത്തെത്തി*' (2: 24:1): '*ഇതാ, നിന്റെ ഭവനം ശൂന്യമായിത്തീരും....*' *എന്നുതുടങ്ങി പറഞ്ഞ്* നഗരവും ദേവാലയവും തകർക്കപ്പെടുമെന്ന് അവിടുന്നു പറഞ്ഞതിൽ ശിഷ്യന്മാർ ക്ലേശിതരായിരുന്നു: കെട്ടിടത്തിന്റെ ഭംഗി അവിടുത്തെ കാണിക്കുകയായിരുന്നു. അവിടുന്നു അതൊന്നും കണ്ടിട്ടില്ലാത്തതിനാലല്ല, പിന്നെയോ, അവിടുന്ന് അതിനോട് കരുണകാണിക്കുന്നതിനും ആലയത്തിനെതിരായി അപ്രകാരമൊരു നാശം ഉച്ചരിക്കാതിരിക്കുന്നതിനുംവേണ്ടിയായിരുന്നിത്. എന്നാൽ അവിടുന്ന് അവരോട് പറഞ്ഞു: '*സത്യമായി ഞാൻ നിങ്ങളോട് പറയുന്നു;ഇവിടെ കല്ലിൻമേൽ കല്ലു ശേഷിക്കാതെ എല്ലാം തകർക്കപ്പെടും* (24:2) ഏലിയൂസ് ഹദ്രിയാനൂസ് സീസർ ഇതു് ആദ്യമായി പൂർത്തീകരിച്ചു. അയാൾ ജറുസലേമിനെ വേരോടെ പിഴുതെടുത്തു. അതിന്റെ മതിലിന്റെ കല്ലുകൾ ചുമന്നെടുത്തു സോദോം കടലിൽ എറിഞ്ഞുകളഞ്ഞു. എന്നിട്ട് മലകളിൽനിന്നു് മററു് കല്ലുകൾ വെട്ടിയെടുത്തു് അതുകൊണ്ടു് നഗരം പുതുക്കിപണിതു് ഏലിയ എന്ന തന്റെ പേരിനോടുചേർത്തു് ഏലിയാപ്പൊളീസ് എന്നു് പേരും മാററിക്കൊടുത്തു. വിശ്വാസത്യാഗിയായ ജൂലിയൻ പിന്നെയും അതു തകർത്തു. 'കല്ലിന്മേൽ കല്ല് ശേഷിക്കയില്ല' എന്നു നമ്മുടെ കർത്താവു പറഞ്ഞ തിരുവചനം കള്ളമാണെന്നു തെളിയിക്കാൻ ഹദ്രിയാൻ തകർത്ത ആലയവും നഗരവും

www.malankaralibrary.com



പണിയുന്നതിനു യഹൂദരെ പ്രേരിപ്പിച്ചു. ദേവാലയം ഉറപ്പായി പണിയുന്നതിനു് യഹൂദർ അതിന്റെ വാനം ആഴത്തിൽ കുഴിച്ചു. എന്നാൽ പകൽ അവർ കുഴിച്ചതൊക്കെ രാത്രിയിലേതോ അജ്ഞാതകരം നികത്തിയിരിക്കുന്നതായി കാണപ്പെട്ടു. അവസാനം അസ്ഥിവാരത്തിൽനിന്നു് ഒരഗ്നി പുറപ്പെട്ടു്, അവിടെയുണ്ടായിരുന്ന വിഗ്രഹങ്ങളോടൊപ്പം നിരവധിയാളുകളെ നിഗ്രഹിച്ചുകളഞ്ഞു. എന്നാൽ, ദേവാലയത്തിന്റെയും നഗരത്തിന്റെയും തകർച്ചയും കർത്താവിന്റെ വരവും എല്ലാററിന്റെയും അന്ത്യവും ഒന്നിച്ചു് സംഭവിക്കുമെന്നു കരുതിയ ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചു: *'ഇതെല്ലാം എപ്പോൾ സംഭവിക്കും? നിന്റെ വരവിന്റെയും ലോകാവസാനത്തിന്റെയും അടയാളം എന്തായിരിക്കും?'* (24:3). നമ്മുടെ കർത്താവും അതുപോലെ ജറുസലേമിന്റെ പരിപൂർണനാശവും ലോകാന്ത്യവും കൂട്ടിക്കുഴച്ചു് അവർക്കു മറുപടി നൽകി.

*'ഈ കല്ലിൽ വീഴുന്നവൻ....'*: ജനനേതാക്കന്മാരാണ് 'കല്ലിൽ' വീണതു്. എന്നാൽ കാററിൽ പറത്തപ്പെടുന്നതു് രൂപങ്ങളും വിഗ്രഹങ്ങളുമാണു്. അതായതു്, ക്രിസ്തുവിലുള്ള വിശ്വാസം നശിപ്പിക്കാൻ അവർ ശ്രമിക്കുമെങ്കിലും, അവർക്കു തന്നെ മുറിവേൽക്കും. അവർ മുള്ളിനു നേരെയാണു് ഉതച്ചതു്. റോമാക്കാരുടെ മെതിക്കളം അവരെ നാലുകാററിലും ചിതറിച്ചുകളഞ്ഞു.

*'പിതാക്കൻമാരുടെ ചെയ്തികൾ പൂർത്തിയാക്കും..'* അതായതു് എന്നെക്കൊല്ലുക എന്ന പരിപൂർണ ദുഷ്ടത എന്ന കുറവ് നിങ്ങൾ നികത്തും.

*'ദാനിയേൽ പ്രവാചകൻ പ്രവചിച്ച വിനാശത്തിന്റെ അശുദ്ധ ലക്ഷണം....'* (24:15): 'സീസർ അല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല' എന്നു് യൂദന്മാർ പെസഹാദിവസം ആർത്തു പറഞ്ഞതിനാൽ, പീലാത്തോസ് രാത്രിയിൽ തന്നെ ഗായൂസ്സീസറിന്റെ പ്രതിമ ദേവാലയങ്ങളിൽ പ്രതിഷ്ഠിച്ചു. ടൈബീരിയസിനുശേഷം ഭരിച്ചയാളാണു് ഗായൂസ്. നിങ്ങളുടെ വാക്കുകൾ സത്യമാണെങ്കിൽ സാമ്രാജ്യത്തിലെ മററു ജനതകളെപ്പോലെ ചക്രവർത്തിയുടെ രൂപത്തെ ആരാധിക്കുവിൻ എന്നു് അവരെ വെല്ലുവിളിച്ചു. തുടർന്നുണ്ടായ ലഹളയും കലാപവും, പരിപൂർണനാശത്തിലും കൊള്ളിവയ്പിലുമാണ് അവസാനിച്ചതു്. ചിലർ പറയുന്നതു് ഇതു് ഒരു കഴുകന്റെ പ്രതിച്ഛായയായിരുന്നു എന്നാണു്. ഒരു കഴുകന്റെ രൂപം വരച്ച ഒരു കൊടി കുന്തത്തിൽ കെട്ടി നാട്ടിയതായിരുന്നു അതു് എന്നു്

www.malankaralibrary.com



*മാർ അപ്രേം* പറയുന്നു. മററുള്ളവർ പറയുന്നതു്, പീലാത്തോസ് പന്നിത്തല ദേവാലയത്തിനകത്തുകൊണ്ടുവന്നു എന്നത്രേ. നമ്മുടെ കർത്താവ് പ്രവചിച്ചതുപോലെയുള്ള മഹാദുരന്തത്തെപ്പററി ജോസേഫൂസിൽനിന്ന് വളരെ കൃത്യമായി ഗ്രഹിക്കാൻ കഴിയും. അവർക്ക സംഭവിച്ചവയെല്ലാം അയാൾ ഒരു ദൃക്സാക്ഷിയാണ്. പെസഹാ അനുഷ്ഠിക്കാനും റോമാക്കാർക്കെതിരായി മത്സരിക്കാനുമായി പലസ്തീനയിലെ യൂദരെല്ലാം ജറുസലേമിലായിരുന്നപ്പോൾ റോമൻ സൈന്യത്തെ ഉപയോഗിച്ച് ടൈററസ് നഗരത്തെ എല്ലാ രീതിയിലും പീഡിപ്പിക്കാൻ തുടങ്ങി. പട്ടിണിയും വസന്തയും നഗരത്തിൽ പടർന്നു പിടിച്ചു. ജീർണിച്ച പഴയ തുകലുകളും കാലിലെ തുകൽ ചെരിപ്പുകളും വാളുറകളും മനുഷ്യരുടെയും മൃഗങ്ങളുടെയും ജഡങ്ങളും തിന്നാൻ അവർ നിർബന്ധിതരായി. സ്ത്രീകൾ തങ്ങളുടെ സ്വന്തം കൈകൾകൊണ്ട് തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങളെ കൊന്നു തിന്നു. എന്നിട്ടും അവർ മൂന്നായി തിരിഞ്ഞു് പരസ്പരം പോരാട്ടം നടത്തി. വിജയികൾ പരാജിതരുടെ ഉള്ളിലുള്ള ആന്തരിക വഴികൾ അടച്ചുവച്ചു. ആഹാരം കഴിച്ചവരെ കഴുത്തു ഞെരിച്ചും മററും ആഹാരം പുറത്തെടുത്തിരുന്നു. വിഴുങ്ങിയ ഭക്ഷണം പുറത്തുവരാനായി അവർ കുഞ്ഞുങ്ങളെ കെട്ടിത്തൂക്കുകയും തറയിലടിക്കുകയും ചെയ്തിരുന്നു. ധനവാന്മാർ സ്വർണ്ണവും മററും വിഴുങ്ങിയിട്ട് രഹസ്യത്തിൽ റോമാക്കാരെ അഭയംതേടി. അവർ പുറത്തുചെന്നപ്പോൾ മലം പരിശോധിച്ച് വിഴുങ്ങിയവ തേടിപ്പിടിച്ചിരുന്നു. ഇതറിഞ്ഞ റോമാക്കാർ അഭയാർത്ഥികളുടെ വയർ കീറി വയററികത്തുനിന്ന് സ്വർണം കവർന്നെടുത്തിരുന്നു. റോമാക്കാർ ഇത്തരത്തിൽ യുദ്ധം ചെയ്ത് പട്ടണത്തെ കീഴ്പ്പെടുത്തി. ദേവാലയം അവർ ചുട്ടുചാമ്പലാക്കി. ദേവാലയ മതിലുകൾ ഇടിച്ചുനിരത്തി. വാളുകൊണ്ടും പട്ടിണികൊണ്ടും മരിച്ചവർ രണ്ടു ലക്ഷംവരും. പതിനേഴും അതിനു താഴെയും പ്രായമുള്ളവരായി റോമാക്കാർ തടവുകാരായി പിടിക്കയും അടിമകളായി വിൽക്കുകയും ചെയ്തവർ തൊണ്ണൂറായിരം വരും. മററുള്ളവരെ അടിമവേല ചെയ്യാൻ ഈജിപ്തിലേക്ക് ചങ്ങലയിട്ട് അയച്ചു. ടൈററസ് ഇങ്ങനെ പിടിച്ചുകൊണ്ടുപോയവർ മൊത്തം മുപ്പതുലക്ഷം വരും.

*'ആ ദിവസങ്ങൾ പരിമിതപ്പെടുത്താതിരുന്നെങ്കിൽ....'* (24:22) നീസാൻമാസം പതിനഞ്ചു മുതൽ ഓബ് മാസം 9 വരെയായിരുന്നു നഗരത്തിന്റെ ഉപരോധം. *'തെരഞ്ഞെടുക്കപ്പെട്ടവരെപ്രതി ആ ദിവസങ്ങൾ പരിമിതപ്പെടുത്തും'* (24:22) 'ചുരുങ്ങിയ ദിവസങ്ങളെ' നിശ്ചിത ദിനങ്ങൾ എന്ന് അവിടുന്നു വിളിക്കുന്നു. 'തെരഞ്ഞെടുക്ക

www.malankaralibrary.com



പ്പെട്ടവർ' എന്നതു് ശ്ളീഹന്മാരെക്കുറിച്ചല്ല; കാരണം, അവർ ഇതിനോടകം യൂദയായിൽനിന്നു പോയിക്കഴിഞ്ഞിരുന്നു. അന്നു് അവിടെ കാണപ്പെടുന്ന വിശ്വാസികളെക്കുറിച്ചാണു് അവിടുന്നു സംസാരിക്കുന്നതു്.

*'വീടിനുള്ളിലുള്ളവർ'* എന്നാൽ വിശ്രമത്തിൽ എന്നർത്ഥം. *'മിന്നൽ കിഴക്കുനിന്നു് പുറപ്പെട്ടു്....'*: എല്ലാ മിന്നലുകളും കിഴക്കുനിന്നു് പുറപ്പെട്ടു് പടിഞ്ഞാറേക്കു് പോകുന്നു, ഒരിടത്തു മാത്രം മിന്നലുണ്ടാകുന്നു; മററിടത്തുണ്ടാകുന്നില്ല എന്നല്ല അവിടുന്നു പറയുന്നതു്. എന്നാൽ തന്റെ അന്ത്യവെളിപാടു് പെട്ടെന്നു് സംഭവിക്കും എന്നു കാണിക്കാൻ മിന്നലിൽനിന്നുള്ള ഒരു വിശദീകരണം സ്വീകരിച്ചു എന്നു മാത്രം. എല്ലാവരും ഒരുപോലെ അവിടുത്തെ ദർശിക്കും; അവിടുത്തെ വരവിനെ പററി ആരും ആരെയും പഠിപ്പിക്കേണ്ട ആവശ്യമില്ല.

*'ശവമെവിടെയോ അവിടെ കഴുകന്മാർ കൂടും'* (24:28): അവിടുന്നു രണ്ടു കാര്യങ്ങൾ അർത്ഥമാക്കുന്നു. അവിടുന്നു് താഴെ ഭൂമിയിലേക്കിറങ്ങിവരില്ല; നീതിമാന്മാർക്കുപോലും അതിന്റെ ആവശ്യം ഉണ്ടായിരിക്കയില്ല; കാരണം, അവർക്കും ചിറകുകൾ ലഭിക്കും, അവർ അവനെ മേഘങ്ങളിൽ എതിരേൽക്കും. പക്ഷിയുടെ പോഷിപ്പിക്കുന്ന ശരീരത്തിൽ നിന്നെന്നവണ്ണം നിരന്തരമായി അവരെ അവിടുന്നു് തീററിപ്പോററും. അവിടുത്തേക്കു് ഒന്നിനും കുറവില്ല; അവർ പട്ടിണി കിടക്കേണ്ടി വരികയുമില്ല. 'അവരുടെ പുഴു ചാകുന്നില്ല, അവരുടെ തീ കെടുന്നുമില്ല' എന്നു് അവിടുന്നു പറയുന്നതുവഴി അമർത്യതയാകുന്ന അമർത്യവേദന അവിടുന്നു് ചൂണ്ടിക്കാട്ടുന്നു. ജഡം അപ്രത്യക്ഷമാകുമ്പോൾ പുഴു ചാകുന്നു; വിറകു് തീരുമ്പോൾ തീ കെടുന്നു. എന്നാൽ അവിടെ തിന്നുന്നവനും ഭക്ഷിക്കപ്പെടുന്നവനും ഒരുപോലെ നിലനിൽക്കും. ശവങ്ങളും കഴുകന്മാരും എന്നേക്കുമായി സന്തോഷിക്കും എന്നു് ഈ വിശദീകരണത്തിലൂടെ അവിടുന്നു വരച്ചുകാട്ടുന്നു.

ദുഷ്ടരിൽനിന്നു് നല്ലവരെ വേർതിരിക്കാൻ ദൈവപുത്രൻ *'തന്റെ ദൂതന്മാരെ അയയ്ക്കും'*. അവരെ എങ്ങനെയാണു് തിരിച്ചറിയുന്നതു് എന്നു ചോദിച്ചേക്കാം. നല്ലവരുടെയും ദുഷ്ടരുടെയും ശോഭയിൽനിന്നും അന്ധകാരത്തിൽനിന്നും എന്നു നാം പറയുന്നു. *'രണ്ടുപേർ വയലിൽ ആയിരിക്കും; ഒരാൾ എടുക്കപ്പെടും മറെറയാൾ ഉപേക്ഷിക്കപ്പെടും'* (24:40): വരാൻ പോകുന്ന സംഗതികൾ വളരെ പെട്ടെന്നായിരിക്കും എന്നു് അവിടുന്നു സൂചിപ്പിക്കുകയാണു്.

www.malankaralibrary.com



ആളുകൾ വയലിലോ, പണിസ്ഥലത്തോ, എവിടെ ആയിരുന്നാലും സമയം സമാഗതമാകുമ്പോൾ, കർത്താവിന്റെ വരവ് ഞൊടിയിടകൊണ്ട് അവർക്ക മനസ്സിലാകും. അപ്പോൾ മുതൽ അവർ വേർതിരിക്കപ്പെടും. നീതിമാന്മാർ എടുക്കപ്പെടും; ദുഷ്ടർ ഭൂമിയിൽ ഉപേക്ഷിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യും.

'സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം തരികയില്ല': താഴെപ്പറയുന്നത് *നിസിബിസ് കലാലയത്തിൽനിന്ന്* ലഭിച്ചിട്ടുള്ളതാണ്: ലോകാവസാനത്തിൽ, അന്തിക്രിസ്തുവിന്റെ വരവിനുശേഷം സംഭവിക്കുന്ന ഇവയെല്ലാം ശേഷം, സ്വർഗത്തിൽനിന്നു മിശിഹാ കാണപ്പെടുമ്പോൾ, ഇപ്പോഴത്തെ ആകാശത്തുനിന്ന് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും താഴെവീഴും. എല്ലായിടത്തും ഒരുപോലെ പ്രകാശിക്കുന്ന പ്രകാശം ഉണ്ടാകും; അത് ഒരു സ്ഥലത്തുതന്നെ നിൽക്കും. അതു നീതിമാന്മാരുടെമേൽ മാത്രമേ പ്രകാശിക്കയുള്ളു. മറ്റൊരിടത്ത് അന്ധകാരമായിരിക്കും. അവരുടെ നിശ്ചലതയ്ക്ക് മേലിൽ മാററം ഉണ്ടാകുകയില്ല.

ആകാശഗോളങ്ങൾ നിപതിക്കുന്ന ഒരു ഞൊടിയിടനേരത്തിൽ മനുഷ്യപുത്രന്റെ അടയാളം, ദിവ്യശക്തിയാൽ ഉള്ള ഒരു പ്രകാശത്തിന്റെ സ്ലീബാ, കാണപ്പെടും. അത് മേല്പറഞ്ഞ പുതിയ പ്രകാശത്തിൽനിന്നായിരിക്കയില്ല, നമ്മുടെ കർത്താവിന്റെ ശരീരത്തിൽനിന്നു പുറപ്പെടുന്നതുമല്ല. നമ്മുടെ ഗ്രഹണശക്തിക്കപ്പുറമായ രീതിയിൽ ദൈവികശക്തി അത്ഭുതകരമായി കാണിച്ചതരുന്നതാണത്. നീതിമാന്മാരെ ബഹുമാനിക്കാൻവേണ്ടി അവരെ ഒന്നിച്ചുകൂട്ടാൻ അപ്പോൾ അയയ്ക്കപ്പെട്ട ദൂതന്മാർ മേഘങ്ങൾ ഉണ്ടാക്കി, നമ്മുടെ കർത്താവിനെ എതിരേൽക്കാൻ അവരെ അവിടെ പറന്നെത്തിക്കും. നമ്മുടെ കർത്താവ്, ആവശ്യക്കാരനായിട്ടല്ല, മഹത്ത്വത്തിൽ, സ്വർഗത്തിൽനിന്ന് മേഘങ്ങളിൽ ഇറങ്ങിവരും. ഇത് ഈ മാലാഖമാർ രൂപീകരിക്കുന്നതല്ല, ആകാശത്തിന്റെ കിളിവാതിലുകൾ തുറക്കപ്പെടുമ്പോൾ, സുസജ്ജമായ മേഘങ്ങളിൽ ശ്ലീഹന്മാർ ഇരിക്കുന്നിടത്തേക്ക്, അതായത്, 'മുകളിൽനിന്ന്' താഴെവരെയുള്ളതിന്റെ മൂന്നിൽ രണ്ടു ഭാഗത്തേക്ക് നമ്മുടെ കർത്താവ് ഇറങ്ങിവരും. ഇതിലും അവിടുന്ന് തന്റെ സൃഷ്ടികളോടുള്ള മഹാസ്നേഹം കാണിക്കുന്നു; ഭൂമിയിൽനിന്ന് സ്വർഗത്തിലേക്കുള്ള ദൂരത്തിന്റെ മൂന്നിലൊന്നു ഭാഗത്തേക്കാണ് ശ്ലീഹന്മാർ കരേറിയത്; നീതിമാന്മാർ മാലാഖമാരോടുകൂടി ഉയരത്തിലേക്കു കരേറും. ഈ ആകാശത്തിനും താഴെയായി, നമ്മുടെ കർത്താവ് കയറിയ മേഘം വന്നുനിൽക്കും. കത്താവിനോടു

www.malankaralibrary.com



കൂടി തൻെറ അത്ഭുതകരമായ വാസസ്ഥലം വന്നണഞ്ഞുകഴിയു മ്പോഠം മാലാഖമാരുടെ മാധ്യസ്ഥ്യം കൂടാതെ ആ കൊട്ടാരം പാടേ അഴിഞ്ഞുപോകം; അവർ അവരുടെ ജോലിയിൽനിന്നും ശുശ്രൂഷയിൽനിന്നും വിമുക്തരാകും. വായുസമ്മർദ്ദം കുറയും, സാന്ദ്രത കുറയും; നിതാന്തനിശ്ശബ്ദതയിൽ അതു് നിലനില്ക്കും. പദാത്ഥങ്ങഠംക്ക് പദാർത്ഥങ്ങളെ കടക്കാൻ സാധിക്കാത്തതി നാൽ സ്വർഗത്തിൽ വിള്ളലുണ്ടായിരിക്കാമെന്നു് പറയുന്നവ രുണ്ടു്. മററുചിലർ: കളിമണ്ണിൽക്കൂടി വെള്ളം കടക്കുന്നതു പോലെയും തൊലിയിൽക്കൂടി വിയർപ്പു് വരുന്നതുപോലെയും തടസ്സപ്പെടുത്തപ്പെടാത്തവർ തങ്ങളുടെ സൂതാര്യതമൂലം അവിടെ പ്രവേശിക്കും; ദൈവികശക്തിക്കു് അതു സാധ്യവുമാണു്. നമ്മുടെ കർത്താവിൻെറ സ്നാനം മുതൽ പീഡാനുഭവംവരെയുള്ള മൂന്നു വർഷത്തിനനുസൃതമായി അന്തിക്രിസ്തുവിൻെറ തിന്മ മൂന്നുവർഷം നിലനിൽക്കും. നമ്മുടെ കർത്താവിൻെറ വെളി പാടിനായി ഏലിയാ വരുമ്പോഠം എത്രനാഠം ഉണ്ടായിരിക്കു മെന്നറിയില്ല. നാല്പതു ദിവസമെന്നു ചിലർ പറയുന്നു. ജറുസ ലേമിനെപ്പററിയും കാലാന്ത്യത്തെപ്പററിയുമുള്ള കാര്യങ്ങഠം കൂട്ടിക്കുഴച്ചാണിവിടെ കൈകാര്യം ചെയ്തിരിക്കുന്നതു്. *'കല്ലിന്മേൽ കല്ല് ശേഷിക്കയില്ല'* എന്നതുമുതൽ *'എൻെറ ഈ സുവിശേഷം പ്രസംഗിക്കപ്പെടും'* എന്നതുവരെ അവിടുന്നു ലോകാന്ത്യത്തെപ്പററിയാണു സംസാരിക്കുന്നതു്. എന്നാൽ അതിനിടയിൽ പറഞ്ഞിരിക്കുന്നതൊക്കെ ജറുസലേ മിൻെറ നാശത്തെപ്പററിയാണു്. 'ആകാശവും ഭൂമിയും' എന്നു് അവൻ പറയുന്നതു്: എനിക്കിഷ്ടമെങ്കിൽ ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ 'എൻെറ വചനങ്ങഠം സത്യമാണു്' എന്നാണു്.

*'ആകാശങ്ങഠം നീങ്ങിപ്പോകും'*: എല്ലാത്തരത്തിലും അവ നീങ്ങിപ്പോകുമെന്നല്ല അവിടുന്നു് അർത്ഥമാക്കുന്നതു്. കർത്താവിഷ്ടപ്പെടുന്നതുമാത്രം. വരാനിരിക്കുന്ന ലോകത്തിലും ഇതാവശ്യമാകയാൽ അവിടുന്നു് അതാഗ്രഹിക്കുകയില്ല. എങ്കിലും അവ നവീകരിക്കപ്പെടും; അവയ്ക്കു മാററം സംഭ വിക്കും; അവ വിശ്രമിക്കും; അവ തങ്ങളുടെ ദൗത്യം നിർ വഹിക്കുന്നതിൽനിന്നു് വിരമിക്കും. 'അവയെല്ലാം വസ്ത്രം പോലെ പഴയതായിപ്പോകും, ഉടുപ്പുപോലെ മാററപ്പെടും (സങ്കീ. 102:26) എന്നു പറയുന്നതുപോലെയും, 'നാമെല്ലാവരും രൂപാന്ത രീകരിക്കപ്പെടും' (1 കൊറി. 15:51) എന്നു പറയുന്നതുപോലെ യുമാണിതു് 'ആ ദിവസമോ മണിക്കൂറോ' അവിടുന്നു് അറിയുന്നില്ലെങ്കിൽ 'ഞാനും എൻെറ പിതാവും ഒന്നാകുന്നു' എന്നു് അവിടുന്നു പറയുന്നതെങ്ങനെ? അറിവിൽ ഒന്നല്ലെങ്കിൽ

www.malankaralibrary.com



പിന്നെന്തിലാണ് ഒന്നായിരിക്കുന്നത്? പിതാവിനെപ്പോലെ ആ ദിവസം അവിടുന്നറിയുന്നില്ലെങ്കിൽ 'പിതാവിനുള്ളതെല്ലാം എനിക്കുള്ളതാകുന്നു' എന്നു് അവിടുന്നു് എങ്ങനെയാണു പറയുക? പുത്രനു് അറിവില്ലാത്ത എന്തെങ്കിലും പിതാവിനു് അറിയാമെങ്കിൽ, പിതാവിനു് അറിവില്ലാത്ത എന്തെങ്കിലും പുത്രനു് അറിയാമെങ്കിൽ, 'പുത്രനല്ലാതെ ആരും പിതാവിനെ അറിയുന്നില്ല' എന്നു തുടങ്ങി എങ്ങനെ പറയാനാകും? (മത്താ. 11:27). പുത്രനറിവില്ലാത്ത ചില കാര്യങ്ങൾ പിതാവിനു് അറിയാമെങ്കിൽ പിതാവും പുത്രനും ഒന്നായിരിക്കുന്നതു് എങ്ങനെ? ദൂരസ്ഥവും അമൂല്യവുമായ കാര്യങ്ങളിലല്ല, മററുള്ളവയുമായി താരതമ്യപ്പെടുത്താൻ സാധിക്കാത്തവയിലാണെങ്കിലോ? അവൻ പിതാവിനെയും പിതാവ് അവനെയും അറിയുമെന്നിരിക്കെ, ആ ദിവസം അറിയുന്നില്ലെങ്കിൽ, ആ ദിവസം പിതാവിനേക്കാൾ പ്രധാനപ്പെട്ടതായിരിക്കുമോ? എല്ലാം അവൻെറ കൈകളിലാണ് (യോഹ. 13:3). പറയപ്പെട്ടിരിക്കുന്നതുപോലെ ആകാശത്തിലും ഭൂമിയിലുമുള്ള സകലതും അവൻവഴി സൃഷ്ടിക്കപ്പെട്ടു (കൊളോ. 1:16). എന്നാൽ അവൻ ആ ദിവസം അറിയുന്നില്ലെങ്കിൽ എന്നാണവസാനിക്കുന്നതു് എന്നു് അറിവില്ലാത്തവയെ അവൻ എങ്ങനെയാണ് സൃഷ്ടിച്ചതു്? ദിവസം തൻെറ ഒരു സൃഷ്ടി അല്ലെന്നു വരുമോ? എല്ലാം, ദൈവത്തിൻെറ ആഴങ്ങളും ആത്മാവ് പരിശോധിക്കുന്നു. ആത്മാവ് എന്നാൽ ക്രിസ്തുവിൻെറ ആത്മാവാണ്. തൻെറ കൈകളിലുള്ളവ എങ്ങനെയാണ് അവനു് അറിവില്ലാതിരിക്കുന്നതു്. അവസാനം രാത്രിയിൽ വരുമെന്നു് അവനു് എങ്ങനെ അറിയാം? *'രണ്ടുപേർ ഒരു കട്ടിലിൽ ആയിരിക്കും; ഒരാൾ എടുക്കപ്പെടും; മറെറയാൾ ഉപേക്ഷിക്കപ്പെടും'* എന്നു് അവൻ പറയുന്നു. എന്നിട്ടും അവനു് ആ ദിവസം അറിയില്ല പോലും! ആ ദിവസത്തിനു് മുൻപും പിൻപും ഉള്ളവ അവൻ എങ്ങനെ അറിയുന്നു?

*'ആ കാലത്തെ പീഡനങ്ങൾക്കുശേഷം പൊടുന്നനെ സൂര്യൻ ഇരുണ്ടുപോകും...'*: എന്നിട്ടും ഇവയുടെ മധ്യത്തിൽ വരുന്ന ആ ദിവസം അവിടുത്തേക്കു് അറിയാൻ പാടില്ല! മതിലിനകത്തും പുറത്തും ഉള്ളവ അറിയുന്ന മനുഷ്യൻ മതിലിനെപ്പററി 'അതെനിക്കറിയില്ല' എന്നു പറയുന്നതുപോലെയാണിതു്. അവയിൽ ഏതാണിതു്? ആ ദിവസത്തെപ്പററി ചോദിച്ചറിയാൻ പുത്രൻ ആഗ്രഹിക്കാത്തതുകൊണ്ടാണോ? അതു വെളിപ്പെടുത്താൻ പിതാവ് താല്പര്യപ്പെടാത്തതുകൊണ്ടാണോ? അവിടുന്നു് ഉചിതമായും ദൈവികപരിപാലനാത്മകമായും പറഞ്ഞിരിക്കുന്നു. ഇടയ്ക്കുള്ള സമയം വളരെ ദീർഘമാണ്; എന്നാൽ ലോകാന്ത്യം ഉടനെ സംഭവിക്കും എന്നും തങ്ങളുടെ

www.malankaralibrary.com



കാലത്തുതന്നെ അവിടുന്ന് വീണ്ടും വരും എന്നും അവർ കരുതി. ഈ ചിന്ത പുലർത്തിയവരോട്ട് പൗലോസും സംസാരിക്കുന്നു: ഇതാ, ക്രിസ്തുവിൻെറ ദിവസം സമാഗതമായി എന്നു് പറയുന്ന വാക്കുകൊണ്ടോ പ്രവചനംകൊണ്ടോ നിങ്ങൾ ചഞ്ചല ചിത്തരാകരുതു് (2 തെസ്സ. 2:2). അവിടുന്ന് അവരെ ശിശുക്കളെപ്പോലെ പരിഗണിച്ചു. ആ ദിവസത്തെപ്പററിയുള്ള അറിവ് അവർക്കൊരു പ്രയോജനവും ചെയ്യില്ല; വരുന്ന തലമുറയ്ക്കും അതുപോലെ, ആ അറിവില്ലെങ്കിലും ഒരു കുറവും വരാനില്ല. നമ്മുടെ മരണനാഴികയും ദൈവം നമുക്ക് വെളിപ്പെടുത്തിത്തന്നിട്ടില്ലല്ലോ. അതിനെപ്പററിയുള്ള അറിവുകൊണ്ടു് നമുക്ക് ഉപദ്രവമേ ഉണ്ടാകൂ എന്നതിനാലാകാം. ഇവിടെയും കർത്താവു് നമുക്കൊരു പാഠം നൽകുന്നു: ചിലയവസരം നാം അനാവശ്യ ചോദ്യം ഒഴിവാക്കണം, നാം ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടു് അജ്ഞതയിൽ കഴിയുന്നതാണുത്തമം. എന്തുകൊണ്ടെന്നാൽ, മത്സ്യത്തിനുപകരം തൻെറ മക്കൾക്ക് അവിടുന്ന് പാമ്പിനെ കൊടുക്കുകയില്ലല്ലോ. ആ ദിവസത്തെപ്പററി അറിയുക ആവശ്യമില്ലാത്ത സംഗതിയാകയാൽ ചോദിക്കുന്നതിൽ നിന്നു് അവിടുന്നു് അവരെ തടഞ്ഞു; അവരിൽനിന്നതു മറച്ചുവച്ചു. അവർ അലസരാകാതിരുന്നു് അധ്വാന നിരതരായിരിക്കുന്നതിനാണിതു്. *'നിങ്ങളുടെ യജമാനൻ എപ്പോൾ വരുമെന്നറിയായ്കയാൽ ഉണർന്നിരിക്കുവിൻ'* എന്നു് പിന്നീടു് അവിടുന്നു് പറഞ്ഞതിൽനിന്നു് ഇതു വ്യക്തമാണ്. ഒരുദ്ദേശ്യത്തോടുകൂടി സംസാരിക്കുക എന്നതു് നമ്മുടെ കർത്താവിനു പതിവായിരുന്നു: ഉദാ. 'നിങ്ങൾക്കിപ്പോഴും മനസ്സിലായില്ലേ?' 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ നിങ്ങളെ അറിയുന്നില്ല' എന്നു് ബുദ്ധിയില്ലാത്ത കന്യകമാരോടു് പറഞ്ഞതു്; 'അതു തരിക എൻെറ കാര്യമല്ല, അതു് ആർക്കായി ഒരുക്കപ്പെട്ടിരിക്കുന്നുവോ, അവർക്കുള്ളതാണ്'; 'ഞാൻ ഒരു മനുഷ്യനെയും വിധിക്കുന്നില്ല'; 'എല്ലാ കാര്യങ്ങളും നിന്നിൽനിന്നു വരുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു': ആദിയായവ.

*'പുത്രനും അറിയുന്നില്ല'* എന്നു മർക്കോസ് മാത്രമേ പറയുന്നുള്ളു; മത്തായി അങ്ങനെ പറയുന്നില്ല. മത്തായി എബ്രായരോടാണ് തൻെറ സുവിശേഷം പ്രസംഗിച്ചതു്; മർക്കോസാകട്ടെ, റോമാക്കാരോടും. യഹൂദർ നമ്മുടെ കർത്താവിൻെറ ദൈവത്വത്തെപ്പററി സംശയിച്ചുകൊണ്ടിരുന്നു; റോമാക്കാർ മനുഷ്യത്വത്തെപ്പററിയും. നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തെപ്പററി ഭാവനകളും പൊട്ടക്കഥകളും ഉൾക്കൊള്ളുന്ന കളകൾ ക്ഷുദ്രക്കാരൻ ശീമോൻ റോമാക്കാരുടെ ഇടയിൽ വിതച്ചതുകൊണ്ടാണിതു്.

www.malankaralibrary.com



അതുകൊണ്ടു്, 'പിതാവല്ലാതെ, പുത്രൻപോലും' അറിയുന്നില്ല എന്നു മർക്കോസ് കൂട്ടിച്ചേർത്തു. അവിടുന്നു് ദൈവം മാത്രമല്ല, സത്യമായും മനുഷ്യൻ കൂടിയാണു് എന്നു പഠിപ്പിക്കാൻ വേണ്ടിയായിരുന്നിതു്. നമ്മുടെ കർത്താവു് ദൈവമാണു് എന്ന കാര്യമാണു് യൂദന്മാർ ഗ്രഹിക്കേണ്ടിയിരുന്നതു്. അവിടുന്നു് മനുഷ്യനാണു് എന്ന കാര്യമാണു് റോമാക്കാർ മനസ്സിലാക്കേണ്ടിയിരുന്നതു്.

*തിമോതി* ഇപ്രകാരം പറയുന്നു: നമ്മുടെ കർത്താവു് ഇവിടെ തന്നെപ്പററിയല്ല *'പുത്രൻ'* എന്നു പറയുന്നതു്, പിന്നെയോ, വിശ്വാസികളെപ്പററിയാണു്. മാമോദീസാവഴി ദത്തുപുത്രസ്ഥാനത്തിനു് അവകാശികളാകുന്ന വിശ്വാസികളെ പലപ്പോഴും *'പുത്രൻമാർ'* എന്നു വിളിക്കുന്നുണ്ടു്. അവിടുന്നു് സ്വയം *പിതാവെന്നും* വിളിക്കുന്നു. വരാനിരിക്കുന്ന ലോകത്തിൻെറ പിതാവാണു് താനെന്നും പിതാവായ ദൈവം തന്നെ മുദ്രവച്ചിരിക്കുന്നു എന്നും അവിടുന്നു പറയുന്നു. 'കുഞ്ഞുങ്ങളേ, അല്പസമയം കൂടി ഞാൻ നിങ്ങളോടൊത്തുണ്ടായിരിക്കും; ഞാനും ദൈവം എനിക്കു തന്ന മക്കളും' (യോഹ. 13:33; എബ്രാ.2:13). 'പിതാവ്' എന്നതു് പിതാവിനെയും പുത്രനെയും കുറിക്കാൻ ഉപയോഗിച്ചിട്ടുണ്ടു്; സ്വഭാവത്താലെ പിതാവിനും, ദിവ്യ പരിപാലനയാൽ പുത്രനും. ഇക്കാരണത്താൽ ഇവിടെ നമ്മുടെ കർത്താവു് തൻെറ ശിഷ്യന്മാരോടുകൂടി പേരിൻെറ തുല്യത ഉപയോഗിക്കുകയാണു്. ഉപമകളിൽ കാണുന്നതുപോലെ പലപ്പോഴും അവിടുന്നിപ്രകാരം ഉപയോഗിച്ചിട്ടുണ്ടു്. ചിലപ്പോൾ യൗസേഫും മറിയയും ചേർത്തു്: 'ഞാൻ എൻെറ പിതാവിൻെറ ഭവനത്തിൽ ആയിരിക്കണമെന്നു് നിങ്ങൾക്കറിയില്ലേ?' അപ്പോൾ അവർ ചോദ്യം ചോദിക്കുന്നതു നിർത്തി. കാരണം, അവിടുന്നു് പറഞ്ഞതു് അവരേപ്പററിയാണെന്നു് അവർ ധരിച്ചു; എന്നാൽ അവിടുന്നു പറഞ്ഞതു് തൻെറ പിതാവിനെപ്പററിയാണു്. 'ഈ ആലയം തകർക്കുവിൻ, ഞാനതു് മൂന്നു ദിവസം കൊണ്ടു് പുനരുദ്ധരിക്കും' എന്നു് ഒരിക്കൽ അവിടുന്നു് പറഞ്ഞതു് തൻെറ ശരീരമാകുന്ന ആലയത്തെക്കുറിച്ചായിരുന്നു. എന്നാൽ കല്ലുകൊണ്ടു് നിർമ്മിച്ച ആലയത്തെക്കുറിച്ചാണെന്നു് യൂദർ കരുതി. ഹേറോദേസിൻെറയും ഫരിസേയരുടെയും പുളിപ്പിനെക്കുറിച്ചു് കരുതലുള്ളവരായിരിക്കുവിൻ (മർക്കോ. 8:15) എന്നു് ഒരിക്കൽ അവിടുന്നു പറഞ്ഞു; ഇങ്ങനെയുള്ള പല പ്രസ്താവനകളും. അതുപോലെ, 'പിതാവല്ലാതെ പുത്രനും അറിയുന്നില്ല' എന്നു ശിഷ്യന്മാർ കേട്ടപ്പോൾ ദൈവത്തെയാണു് പിതാവെന്നു വിളിക്കുന്നതെന്നും, സ്വയമായി പുത്രൻ എന്നു് വിളിക്കുന്നെന്നും കരുതി. അതറിഞ്ഞിട്ടു് അവർക്കോ മററുള്ളവർക്കോ

www.malankaralibrary.com



ഒരു പ്രയോജനവുമില്ലാത്തതിനാൽ അവർ തുടർന്ന് ഒന്നും ചോദിച്ചില്ല. പിതാവിനു ദിവസവും നാഴികയും അറിയാമെന്ന് അവിടുന്ന് പിതാവിനെപ്പററിയാണ് സംസാരിച്ചതെങ്കിൽ, സ്വഭാവത്താലെ എല്ലാററിനെപ്പററിയും അറിവുള്ളയാൾ ആ ദിവസം അറിയുന്ന എന്നതിൽ എന്താണാശ്ചര്യത്തിനുവക? എന്നാൽ വചനമായ ദൈവവുമായുള്ള ഐക്യംവഴി നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തിനു എല്ലാററിനെപ്പററിയുമുള്ള മുൻജ്ഞാനം ഉണ്ടെങ്കിൽ അതു് അത്ഭുതാവഹമായ കാര്യമാണു്.

വീണ്ടും, ഇവിടെ അവിടുന്ന് ആത്മാവിനെയും അരൂപിയേയും വേർതിരിച്ചു കാണിക്കുന്നു. അവിടുന്ന് ജീവനും ശക്തിയും ആയിരുന്നിട്ടും എല്ലാം താഴ്മയിൽ വഹിച്ചു: അവിടുന്ന് ഉറങ്ങി; അവിടുത്തേക്ക് ക്ഷീണമുണ്ടായി. അവിടുത്തേക്ക വിശന്നു... തങ്ങൾക്ക വളരെ ഉപരിസ്ഥമായ കാര്യങ്ങൾ ഗ്രഹിക്കാനായി ശിഷ്യർ ആഗ്രഹിച്ചതിനാൽ ആ ദിവസം അറിയില്ലെന്നു് അവിടുന്ന് അരുൾചെയ്തു. ഈ രഹസ്യം തങ്ങൾക്ക വെളിപ്പെടുത്തി കിട്ടിയില്ലല്ലോ എന്നു കരുതി ശിഷ്യർ വിഷമിക്കാതിരിക്കാനായി *'മാലാഖമാർക്കും അറിയില്ല'* എന്ന് അവിടുന്ന് പറയുന്നു.

## പുസ്തകം XIX

*'അപ്പോൾ വിശ്വസ്തനായ ഭൃത്യൻ ആരാകുന്നു്'?* (24:45): സഭയിലെ ഭരണാധികാരികളെയും പുരോഹിതരെയും കുറിച്ചാണ് ഈ ഉപമ. *'ആരാകുന്നു്'? 'അപ്പോൾ'* എന്നതിൻെറ അർത്ഥമെന്തു്? വിജ്ഞാനത്തിലും വിശ്വാസത്തിലും പരിപൂർണരായിരിക്കേണ്ടവർക്ക് പൊതുവായുള്ള സംശയത്തെയും, നിസ്സാരതയെയും കഷ്ടപ്പാടിനെയും പ്രയാസങ്ങളെയും അവിടുന്ന് ഈ ഉപമയിലൂടെ ചൂണ്ടിക്കാട്ടുന്നു. 'സാറാ കുഞ്ഞുങ്ങൾക്ക മുലപ്പാൽ കൊടുക്കുമെന്ന് അബ്രഹാമിനോടു് പറഞ്ഞതാരാണ്'? (ഉല്പ. 21:7) എന്നതുപോലെയും, 'കാററും കടലും അനുസരിക്കത്തക്കവിധം ഈ മനുഷ്യൻ ആരാകുന്നു?' (മത്താ. 8:27) എന്നതുപോലെയുമാണിതു്. ശരിയായിട്ടുള്ളതിൽനിന്നു് അണുവിട മാറാത്ത നല്ല മനസ്സാക്ഷി നിമിത്തം *വിശ്വസ്തൻ* എന്നു് അവനെ വിളിക്കുന്നു. മനുഷ്യരുടെ വിവിധ ഇച്ഛകളും പെരുമാററ രീതികളും നിമിത്തം *വിവേകി* എന്നും അവൻ വിളിക്കപ്പെടുന്നു. സജീവ സൃഷ്ടിയെപ്പോലെ വിവിധ പദാർത്ഥങ്ങൾകൊണ്ടു് രൂപീകരിക്കപ്പെട്ടിരിക്കുന്നതിനാൽ, ഓരോന്നിൻെറയും സ്വഭാവമനുസരിച്ച് പെരുമാറുവാൻ അറിഞ്ഞിരിക്കണം എന്നു് അവൻ സൂചിപ്പിക്കുന്നു.

www.malankaralibrary.com



*'തന്റെ വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാരനായി നിയമിക്കും'* (24:47): രാജ്യത്തിലെ എല്ലാ സന്തോഷവും അവിടുന്ന് അവനു നൽകും. 'എന്നാൽ ആ ദുഷ്ടഭൃത്യൻ തന്റെ ഹൃദയത്തിൽ പറഞ്ഞാൽ....': അവന്റെ മനസ്സുനിമിത്തമാണ് അവനെ *'ദുഷ്ടൻ'* എന്നു വിളിക്കുന്നത്. *'എന്റെ യജമാനൻ താമസിച്ചേ വരൂ'*. ന്യായവിധി സമീപസ്ഥമല്ല എന്നു കരുതുന്ന ഒററക്കാര്യംകൊണ്ടല്ലാതെ മററൊന്നുകൊണ്ടും മനുഷ്യർ പാപം ചെയ്യുന്നില്ല എന്നു നാം മനസ്സിലാക്കണം. *'സഹഭൃത്യന്മാരെ മർദ്ദിക്കുവാനും...'*: താപസ്സരുടെ ഇടയ്ക്കുള്ളതുപോലെ അവൻ തന്റെ സഹഭൃത്യന്മാരെ ഭോഷത്തപരമായ ജോലികൾ ചെയ്യിച്ച് മട്ടിച്ചു. 'നിങ്ങൾ ഇങ്ങനെ വിഡ്ഢികളായോ?' എന്നു ശ്ലീഹാ ചോദിക്കുന്നതുപോലെ (ഗലാ. 3:3). *'മദ്യപരോടൊത്ത് തിന്നാനും കുടിക്കാനും....'* മനപ്പുതർച്ച വരുത്തുന്നതും അത്യാർത്തി നിറഞ്ഞതുമായ നടപടികൾകൊണ്ട് അവൻ തന്റെ ദിവസങ്ങളും ജീവിതവും കടന്നുപോകാൻ അനുവദിച്ചു. *'അവനെ കപടഭക്തരോടുകൂടെ തള്ളുകയും ചെയ്യും'*: നീതിമാന്മാരുടെ സമൂഹത്തിൽനിന്ന്; അതായത്, അവനെ ന്യായവിധിക്ക കയ്യാളിക്കും. അവനെ ദൈവത്തിൽനിന്നകററിക്കളയും, അവന്റെ ശുശ്രൂഷയിൽ അവനോടൊപ്പം ഉണ്ടായിരുന്ന ആത്മാവിന്റെ കൃപ അവനിൽ നിന്നെടുത്തുകളയും, അവന്റെ ആത്മാവിനെ വേർതിരിച്ച് പൗരോഹിത്യാഭിഷേകത്തിൽ അവൻ സ്വീകരിച്ച പരിശുദ്ധാത്മാവിൽ നിന്ന് അവനെ അന്യനാക്കും.

*"പത്തു കന്യകകളുടെ ഉപമ"* (25:1-13): പ്രബോധകരെയും ഭരണാധികാരികളെയും കുറിച്ചാണ്. പത്ത് സംഖ്യയെ കുറിക്കുന്നതല്ല, പരിപൂർണതയെ കുറിക്കുന്നതാണ്. പത്ത് പൂർണതയും സംഖ്യകളുടെ മൊത്ത തുകയുമാണ്; മററുള്ളവ അതിനു ചുററുമാണ്. പത്ത്, പത്ത് വികാരങ്ങളെ കുറിക്കുന്നു. അഞ്ച് *"ബുദ്ധിയില്ലാത്തവ"* ശാരീരികവികാരങ്ങളാണ്. അവ, ആത്മാവിന്റെ അഞ്ചുവികാരങ്ങളേക്കാൾ തീവ്രതരവും തെററിലേക്ക് ചാച്ചിലുള്ളവയുമാണ്; അവൻ അവയെ *"കന്യകകൾ"* എന്നു വിളിക്കുന്നത്, അവയുടെ പെരുമാററത്തിന്റെ അഴിവിനതീതമായ അവസ്ഥകൊണ്ടും ശരീരത്തിന്റെ ശുദ്ധതകൊണ്ടും സത്യവിശ്വാസത്തിലുള്ള ആത്മാവിന്റെ ശുദ്ധതകൊണ്ടുമാണ്. സുകൃതങ്ങളെ കന്യകകളോടുപമിക്കുന്നത്, ഒരുവശത്ത് ക്രിസ്തുവിൽ പുരുഷനും സ്ത്രീയുമില്ല (ഗലാ. 3:28) എന്നതുകൊണ്ടും, മറുവശത്ത് ശുദ്ധത പാലിക്കാൻ അവർ കൂടുതൽ ജാഗ്രതയുള്ളവരാകകൊണ്ടും ആണ്. അവരുടെ വ്യക്തിത്വങ്ങളെ "പാത്രങ്ങൾ"

www.malankaralibrary.com



എന്നും സുകൃതവ്യാപാരങ്ങളെ ''വിളക്കുകൾ'' എന്നും കരുണയെ ''എണ്ണ'' എന്നും ദയാരാഹിത്യത്തെ ''എണ്ണയില്ലായ്മ''എന്നും വിളിക്കുന്നു.

*''മണവാളനേയും മണവാട്ടിയെയും എതിരേല്ക്കാൻ പുറപ്പെട്ടു''*: ''അവനതു് അവളുടെയും കുട്ടിയുടെയും തോളിലിട്ടു'' എന്നും,''അവർ ആരവാരവും വിളക്കുകളും ദർശിച്ചു'' എന്നും, ''അവർ അവനു വെള്ളവും രണ്ടു് പാല്ക്കുട്ടിയും കൊടുത്തു'' എന്നും പറയുന്നതുപോലെ ഉണ്ടാക്കിയിട്ടുള്ള ഒരു വാചകമാണിതു്. അവൻ സ്വയം *''വരൻ''* എന്നും തന്റെ സഭയെ *''വധു''* എന്നും, തങ്ങളുടെ പ്രവൃത്തികളിൽ കാരുണ്യം കലന്നിട്ടുള്ളവരെ *''വിവേകികൾ''* എന്നും കാരുണ്യരഹിതരെ *''ബുദ്ധിയില്ലാത്തവർ''* എന്നും വിളിക്കുന്നു. മണവാളൻ *''വരാൻ താമസിക്കുന്നതു''* സ്വർഗ്ഗാരോഹണത്തിനും തന്റെ രണ്ടാമത്തെ വരവിനും ഇടയ്ക്കുള്ള സമയത്തെ കുറിക്കുന്നു. *''അവർക്കെല്ലാം മയക്കംവന്നു് അവരെല്ലാം മയങ്ങി''*: മരണത്തിന്റെ ദൂതന്മാരായ രോഗങ്ങളെ അവൻ *ഉറക്കം* എന്നു വിളിക്കുന്നു എന്നു ചിലർ പറയുന്നു; മരണത്തെയാകട്ടെ *മയക്കം* എന്നും. മരണത്തിൽ യാതൊരറിവോ ബോധമോ ഇല്ല എന്നു കാണിക്കാൻ അവൻ ഉറക്കത്തോടു് മയക്കം ചേർക്കുന്നു. ഉറക്കത്തിൽ കുറേ സുബോധം ഉണ്ടു്, എന്നാൽ മരണത്തിൽ യാതൊരു ബോധവുമില്ല; വീണ്ടും, അവൻ മരണത്തെ *''മയക്കം''* എന്നും *''നിദ്ര''* എന്നും വിളിക്കുന്നു. 1. കാത്തിരുന്നതുകൊണ്ടുള്ള മയക്കത്തിന്റെ സാദൃശ്യം അഴിഞ്ഞുപോകാറായി. 2. മറിച്ചു്, അതിനെ മരണമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ, അവർ പ്രാപിച്ച ഉയർപ്പിന്റെ പ്രത്യാശനിമിത്തം, ഇതിനെ താല്കാലിക മരണമായേ കരുതിയിട്ടുള്ളൂ. 3. ഈ ലോകത്തിന്റെ ക്ലേശങ്ങളിൽനിന്നുള്ള വിടുതലായതിനാൽ ഉറക്കത്തിലെന്നതുപോലെ അവർ വിശ്രമിക്കുന്നു.

ആകാശത്തിൽനിന്നു് നമ്മുടെ കർത്താവു് വെളിപ്പെടുകയും മരിച്ചവർ ഉയിർക്കുകയും ജീവനോടിരിക്കുന്നവർ രൂപാന്തരീകരിക്കപ്പെടുകയും ചെയ്യുന്ന സമയത്തെ അവിടുന്നു് *''പാതിരാത്രി''* എന്നു വിളിക്കുന്നു. ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ (1 കൊറി. 15:52) മാലാഖമാരുടെ കാഹളശബ്ദത്തെ *''ആർപ്പുവിളി''* എന്നു് അവൻ വിളിക്കുന്നു. ചില *ദൈവവാഹകരുടെ* പാരമ്പര്യം അനുസരിച്ചു് മൂന്നു പ്രാവശ്യം കാഹളധ്വനി കേൾക്കപ്പെടും: ഒന്നു്, തന്റെ വരവിനെ പ്രഘോഷിക്കുവാൻ; രണ്ടു്, അന്തിക്രിസ്തുവിനെ വധിക്കാൻ; മൂന്നു്, മരിച്ചവരെ ഉയർപ്പിക്കാനും എല്ലാററിനെയും നവീകരിക്കാനും.

www.malankaralibrary.com



*"എല്ലാവരും ഉണർന്നു"* എന്നതു് പൊതുവായ ഉയിർപ്പിനെ സൂചിപ്പിക്കുന്നു. *"വിളക്കുകൾ തെളിച്ചു"*: ക്രിസ്തുവിലുള്ള വിശ്വാസത്താൽ എല്ലാവർക്കുമുള്ള പൊതുപ്രത്യാശയെ കുറിക്കുന്നു. വിവേകികളുടെ വിളക്കു് ഉറക്കത്തിൽ അണഞ്ഞുപോയില്ല, കാരണം, ശരീരം അഴിയുന്നെങ്കിലും വിശ്വാസവും പരിശുദ്ധാത്മാവിൻെറ കൃപയും ആത്മാവിനോടുകൂടി ഉണ്ടായിരുന്നു. എന്നാൽ ബുദ്ധിഹീനരുടെ വിളക്കണഞ്ഞുപോയി; കാരണം, വർദ്ധിച്ചു് അന്ത്യംവരെ നിലനില്ക്കുന്ന ഒന്നും, അതായതു്, കാരുണ്യവും പരിഗണനയും, അവർ കാട്ടിയില്ല. എന്നാൽ അവർ വിദ്വേഷവും വെറുപ്പും വളർത്തി. അതു് അവിടെ ഉരിഞ്ഞുകളയുകയും നിർമ്മാർജ്ജനം ചെയ്യപ്പെടുകയും ചെയ്യുന്നു. സ്നേഹംമാത്രം എന്നേക്കും നിലനില്ക്കും. *"ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോട് എന്നു ആവശ്യപ്പെടുന്നത്"*: നീതിമാന്മാരുടെ നല്ല വസ്തുക്കളിൽ പങ്കുപററാൻ പാപികൾ തീവ്രമായി ആഗ്രഹിക്കുന്ന അത്യാഗ്രഹത്തെ കാണിക്കുന്നു. *"ഉണർന്നു വിളക്കു തെളിക്കുന്നത്"* ശരീരത്തിൻെറ ഉത്ഥാനവും *ശരീരം ആത്മാവോടു* ചേരുന്നതും സൂചിപ്പിക്കുന്നു. അവർക്കൊരു ശക്തിയുമില്ലാത്ത അവസ്ഥയെ കാണിക്കുന്നതാണു് *"വിളക്കുകൾ കെട്ടുപോയി"* എന്ന പ്രയോഗം. *"ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വന്നാൽ"*: ഓരോരുത്തനും അവനവനുള്ളതു് അവിടെ സ്വന്തമാണു്; ഇവിടുത്തെപ്പോലെ അയല്ക്കാരനോടു് ഒന്നും ചോദിക്കുന്നില്ല. വീണ്ടും, മണവാളൻ തങ്ങളോടു കാണിച്ച സ്നേഹമെന്ന കടത്തിൻെറ ചെറിയൊരംശംപോലെ തിരിച്ചു നല്കാൻ തങ്ങളേക്കൊണ്ടാവില്ല എന്നു് ചിന്തിച്ചതിനാൽ നീതിമാന്മാർക്കും ഭരണാധികാരികൾക്കുമുള്ള ഭയത്തെ അതു കാണിക്കുന്നു. പൗലോസ് പറയുന്നതുപോലെ, ഈ കാലത്തിലെ പീഡകൾ വരാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്താൽ ഒന്നുമില്ല (റോമ. 8:18).

*"വില്ക്കുന്നവർ"*: തങ്ങളിലുള്ള കാരുണ്യംകൊണ്ടു് അവരുടെ വിളക്കുകൾ കത്തിക്കാൻ കഴിവുള്ളവർ. *"അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു"*: തങ്ങളുടെ ജീവിതകാലം മുഴുവൻ ദുഷ്കൃതപ്രവർത്തിച്ചവരേയും ഇതു് സൂചിപ്പിക്കുന്നു; കൃപ ലഭിച്ചപ്പോൾ തങ്ങളുടെ ദുഷ്കൃതയെപ്പററി അവർ അനുതപിച്ചു. എന്നാൽ വേണ്ടവണ്ണം ആവശ്യക്കാരെ സഹായിച്ചു് തങ്ങളുടെ ദുഷ്കൃതങ്ങൾ പകരം സൽപ്രവൃത്തികൾ ചെയ്തു് അവരതിനു പരിഹാരം ചെയ്തില്ല; അവർ മരിച്ചു, എന്നാൽ നീതീകരണം കൂടാതെ കടന്നുപോയി. *"വാതിലടയ്ക്കപ്പെട്ടു"*: നീതിമാന്മാരേയും പാപികളേയും തമ്മിൽ വേർതിരിക്കുന്നതാണു്; അവർ ഒരിക്കലും പിന്നീടു് ഒന്നിച്ചു

www.malankaralibrary.com



വരികയില്ല. *''നിങ്ങളെ ഞാൻ അറിയുന്നില്ല''*: അവൻ അറിയുന്നില്ലെങ്കിൽ പിന്നെ അവർക്കെതിരെ വാതിൽ അടച്ചു പൂട്ടിയതെങ്ങനെ? അവർ അവനെ എങ്ങനെ അറിയും? എല്ലാം അറിയുന്നവൻ അവരെ അറിയുന്നില്ലല്ലോ! എന്നാൽ യഥാർത്ഥത്തിൽ എന്റേതായി ഞാൻ നിങ്ങളെ അറിയുന്നില്ല, മുന്നറിയിപ്പിനാൽ ശാപത്തിനു വിധേയരായിത്തീർന്നവരുടെ ഇടയിൽ പേരിൽ മാത്രമേ നിങ്ങളെ അറിയുന്നുള്ളു എന്നു് അവിടുന്നു പറയുന്നു.

*''യാത്രയ്ക്കു പോയ മനുഷ്യൻ''* (25:14-30) ആയി കർത്താവു് തന്നെത്തന്നെ വിളിക്കുന്നു; ഭൂമിയിൽ നിന്നു് സ്വർഗത്തിലേക്കുള്ള തന്റെ വേർപാടാണു് *''യാത്ര''*. പരിശുദ്ധാത്മാവിന്റെ കൃപയാകുന്ന സമ്പത്തിനെ *തന്റെ വസ്തുക്കൾ* എന്നു് അവിടുന്നു വിളിക്കുന്നു. അവ താലന്തുകളായി വിവിധ അളവുകളിൽ പങ്കിട്ടുകൊടുത്തു. ലൂക്കോസിൽ പങ്കിടുന്നതിനെപ്പററി പറയുന്നില്ല (19:13). എല്ലാ ഡിഗ്രികളിലും ആത്മാവിന്റെ കൃപ ഒന്നുതന്നെ എന്നതാണു് അതിനു കാരണം. അളവിന്റെ പരിമാണമനുസരിച്ചല്ല കൃപ പങ്കിട്ടും വിഭജിച്ചും നൽകപ്പെടുന്നതു്; *അഞ്ചു താലന്തു്* മെത്രാൻ സ്ഥാനത്തിന്റെ ദാനമാണു്; *രണ്ടു്* വൈദിക സ്ഥാനത്തിന്റേതു്; *ഒന്നു്* ശെമ്മാശ്ശ സ്ഥാനത്തിന്റേതും. എന്നാൽ *ചിലർ* പാത്രിയർക്കാ സ്ഥാനത്തിനു് *അഞ്ചും* പ്രെസ്ബിററർ സ്ഥാനത്തിനു് *രണ്ടും* ശെമ്മാശ്ശ സ്ഥാനത്തിനു് *ഒന്നും* എന്നു പറയുന്നു. പറഞ്ഞില്ലെങ്കിലും മെത്രാപ്പോലീത്തായ്ക്കു് *നാലും* മെത്രാനു് *മൂന്നും* എന്നും അവർ പറയുന്നു. *മററു ചിലർ* മെത്രാപ്പോലീത്തായ്ക്കും മെത്രാനും പാത്രിയർക്കീസിനെപ്പോലെ *അഞ്ചു്*; എന്നു പറയുന്നു. അവർ ശെമ്മാശ്ശനു് *ഒന്നും* പ്രെസ്ബിററിനു് *മൂന്നും* സങ്കല്പിക്കുന്നു: *ഒന്നു്* ശുശ്രൂഷാസ്ഥാനത്തിനും *രണ്ടു്* മൂപ്പൻ സ്ഥാനത്തിനും; മെത്രാൻ സ്ഥാനത്തിനു് *അഞ്ചു്*: *ഒന്നു്* ശുശ്രൂഷാസ്ഥാനത്തിനു്, *രണ്ടു്* മൂപ്പൻ സ്ഥാനത്തിനു്; *മൂന്നു്* മെത്രാൻ സ്ഥാനത്തിനു്. *വേറെ ചിലർ* പറയുന്നതു്, പ്രെസ്ബിറററിനു് *രണ്ടു്* എണ്ണം ഉണ്ടെന്നാണു്: ഒന്നു് സ്നാനം നൽകാനും മറെറാന്നു് കുർബാന അർപ്പിക്കാനും. മെത്രാനു് *അഞ്ചു്*: ഒന്നു് സ്നാനത്തിനു്, രണ്ടു് കുർബാനയ്ക്കു്, മൂന്നു് ശെമ്മാശ്ശനെ വാഴിക്കാൻ, നാലു് വൈദികനെ വാഴിക്കാൻ, അഞ്ചു് മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കുമ്പോഴും പാത്രിയർക്കീസുമാരോടും മെത്രാപ്പോലീത്താമാരോടും ഒപ്പം മെത്രാൻ പങ്കുകാരനാണു്.

www.malankaralibrary.com



*"ഓരോരുത്തനും അവനവൻെറ കഴിവനുസരിച്ച് കൊടുത്തിട്ട് അവൻ യാത്ര പുറപ്പെട്ടു"*: പൗലോസ് പറയുന്നു: ഓരോരുത്തനും പ്രയോജനകരമാം വിധം ആത്മാവിൻെറ വരങ്ങൾ നൽകപ്പെടുന്നു (1 കൊറി. 12:7). തങ്ങളുടെ അധ്യാപനജോലിയാൽ മററുള്ളവരേക്കാൾ മുൻപന്തിയിൽ വന്നവരാണ് *"തങ്ങളുടെ താലന്തുകൾ ഇരട്ടിയാക്കിയവർ"*. അലസരും മടിയന്മാരുമാണ് *തങ്ങളുടെ താലന്ത് കുഴിച്ചു വച്ചത്"*. *'ഒരു താലന്ത്'* ലഭിച്ചയാളാണ് അലസനായിരുന്നതെന്ന് അവിടുന്നു പറയുന്നു. അഞ്ചും രണ്ടും കിട്ടിയവർ നിന്ദിച്ചില്ലെന്നർത്ഥം; പിന്നെയോ അല്പം കുറച്ചു കിട്ടിയവർ വെറുപ്പും അതിനോടു കൂട്ടിച്ചേർത്തു. അതുകൊണ്ട് ഇതിനോടു കൂടി അവിടുന്ന് അലസത ചേർത്തു മാത്രം.

*"അവൻ നിലം കുഴിച്ച് പണം മറച്ചുവച്ചു"*: അവൻ ശരിയായിട്ടുള്ളതൊന്നും ചെയ്തില്ല, എന്നു തന്നെയല്ല, അവനു നൽകപ്പെട്ട കൃപയെ മറച്ചുവയ്ക്കുകയും അതിനോടു തെററു ചെയ്കയും ചെയ്തു. *"അവനു നൽകപ്പെട്ട"* കരുണയെ അതായതു്, സ്നാനത്തിലോ മററവസരത്തിലോ നൽകപ്പെട്ട കൃപയെ അവൻ മാനിച്ചില്ല. *"ഉള്ളതുകൂടെയും അവനിൽനിന്ന് എടുക്കപ്പെടും"*: അവൻ സ്നാനത്തിൽ സ്വീകരിച്ച കൃപാവരം. അവൻ *'കുഴിച്ചിട്ട ഭൂമി'* അവൻെറ ആത്മാവാണ്. സുഖലോലുപതയാൽ അതു് അദ്ധ്വാനത്തിൽ നിന്ന് ഓടിയകന്നു. അവൻ മററുള്ളവരുടെ നേട്ടത്തിൽ അസൂയാലുവായിത്തീർന്നതിനാൽ *ദുഷ്ടൻ* എന്നും അലസനായതിനാൽ *മടിയൻ* എന്നും അവനെ വിളിക്കുന്നു. വിശ്വാസികളുടെ അനുസരണയും ധാരണാശക്തിയുമാണ് *"നാണയമാററക്കാർ"*;പ്രബോധനമാണ് *"നാണയം"*. *"നിൻേറത് ഇതാ"*: കിട്ടിയതു് വർദ്ധിപ്പിച്ച് ഇരട്ടിയാക്കാത്തവൻ ശിക്ഷാർഹനായെങ്കിൽ, കിട്ടിയതു് കാത്തുസൂക്ഷിക്കാത്തവനുള്ള ശിക്ഷാവിധി എന്തായിരിക്കും? *"നിൻെറ അധരം കൊണ്ട് നിന്നെ ഞാൻ ന്യായം വിധിക്കും"*: *"ഞാൻ വിതയ്ക്കാത്തിടത്തു നിന്നു കൊയ്യുന്നവനാണ്"* എന്നു നീ മുറുമുറുക്കുന്നെങ്കിൽ *ഞാൻ വിതച്ചിടത്തുനിന്നു കൊയ്യാൻ എത്രയധികമായി എനിക്കവകാശമുണ്ട്?* താഴ്ന്ന പടിയിലുള്ളവനു്, താൻ പരിശ്രമിച്ചാലും തൻെറ കർമ്മങ്ങളിൽ അഞ്ച് ലഭിച്ചവനെ കവച്ചുവയ്ക്കാൻ ആവില്ല. ഒന്നു കിട്ടിയ ഡീക്കനു് പട്ടമോ കൃപയുടെ സ്വീകരണമോ കൂടാതെ, രണ്ടു കിട്ടിയ പ്രെസ്ബിററിൻെറ കർമ്മങ്ങൾ അനുഷ്ഠിക്കാനാവില്ല. ഇതു വ്യക്തമാണ്. അല്ലെങ്കിൽ വദ്ധനവിനെയോ കുറവിനെയോ വ്യക്തമാക്കാൻ നമ്മൾ ഉപയോഗിച്ച നമ്മുടെ കർത്താവിൻെറ വാക്കു

www.malankaralibrary.com



കരം തെററാണെന്നു വരും. ചിലർ ചിന്തിക്കുന്നതുപോലെ, മെത്രാൻ സ്ഥാനനൽവരവും ഡീക്കൻ സ്ഥാനവും ഒന്നാണെങ്കിൽ, മെത്രാനാകാൻ പട്ടം കൂടാതെ ഒരു ലൈസൻസ് മാത്രം മതിയെങ്കിൽ, അതുപോലെ അതു് അത്മായക്കും ആകാമല്ലോ!

*"ഉള്ളവനു കൊടുക്കപ്പെടും"*: തനിക്കു ഭരമേല്പിക്കപ്പെട്ട ശുശ്രൂഷ സത്യത്തിലും മനസ്സിന്റെ സന്നദ്ധതയിലും പൂർത്തിയാക്കുന്നവനു് വരാനിരിക്കുന്ന ലോകത്തിൽ കുറേക്കൂടി ശ്രേഷ്ഠമായ നന്മ. ഇരട്ടിയായി നൽകപ്പെടും. എന്നാൽ തന്റെ ദുഷ്ടതയിൽ ഇപ്പോഴും അതിനെ നിന്ദിക്കുന്നവനിൽ നിന്നു്, "തനിക്കുണ്ടെന്നു് അവൻ കരുതുന്നതുകൂടിയും എടുത്തു മാററപ്പെടും" (ലൂക്കാ. 8:18). കാരണം, എല്ലാവർക്കും, ഏററവും ദുഷ്ടരായവർക്കുപോലും കൃപയിൽ ഭാഗഭാഗിത്വമുണ്ടു്. എന്നാൽ, താനൊരു പ്രബോധകനാണ് എന്നു് അവൻ കരുതുന്നുവെങ്കിൽ, അതും അവനിൽനിന്നെടുക്കപ്പെടും.

*"എല്ലാ ദൂതന്മാരോടുംകൂടി"*: (25:31) അവരിൽ ചിലർ സ്വർഗത്തിലുള്ള മാലാഖമാരാണെന്നു് ചിലർ കരുതുന്നു: അതിവിശുദ്ധ സ്ഥലത്തു ശുശ്രൂഷചെയ്യുന്ന ക്രൂബേന്മാരും സ്രാപ്പേന്മാരും സിംഹാസന ദൂതന്മാരും. അവർ വധുവിനെപ്പോലെ മണവാളനു് ചുററും നിൽക്കുന്നതിനാൽ ചിലപ്പോഴൊക്കെ മണവാട്ടികരം എന്നും വിളിക്കപ്പെടുന്നു. ബാക്കിയുള്ളവർ താഴെ മനുഷ്യരെ ശുശ്രൂഷിക്കുന്നവരാണ്. എന്നാൽ 'അവരെല്ലാം നഭോമണ്ഡലത്തിനു താഴെയാണെന്നു്' *ഭാഷ്യകാരൻ* പറയുന്നു. കാരണം, പൗലോസിന്റെ വാക്കനുസരിച്ചു് അവർ ദൂതന്മാരാണ്; അവർ അയയ്ക്കപ്പെട്ടവരെ ചുററിനിൽക്കുന്നു.

*"സാത്താന്റെ ദൂതന്മാർ"* എന്നതു് ദൈവഹിതം ലംഘിക്കുന്ന പിശാചിന്റെയും ചെകുത്താന്റെയും കൂട്ടങ്ങളെയാണ്; മനുഷ്യരെയല്ല. രാജ്യം നമുക്കായി സജ്ജമാക്കപ്പെട്ടിരിക്കുന്നു, നിത്യാഗ്നി പിശാചിനും എന്നു് ഇതുവഴി അവിടുന്നു കാണിക്കുന്നു. നമുക്കിഷ്ടമുള്ളവ ഉപേക്ഷിക്കാൻ നമുക്കു കഴിയുന്നതുപോലെ, സ്വാതന്ത്ര്യം കൈവെടിയാതിരുന്നാൽ അവനോടൊപ്പം നാം പീഡിപ്പിക്കപ്പെടും. ഇങ്ങനെ അവന്റെ ഇഷ്ടം കൂടാതെയല്ല സ്വന്ത ഇഷ്ടത്താൽ തന്നെ അവർ നിത്യാഗ്നിക്കവകാശികളാകും; *'ഇവർ നിത്യശിക്ഷാവിധിയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും"* (25:46): ജീവിതം ഇരുവിഭാഗക്കാർക്കും പൊതുവായിരിക്കും,

www.malankaralibrary.com



പീഡനങ്ങരം നിമിത്തം ഒരു വിഭാഗത്തിന്റേതു് ജീവിതമായി പരിഗണിക്കപ്പെടില്ല; അവരുടെ ജീവിതത്തിൽ ജീവനേയില്ല എന്നു് പ്രവാചകൻ യൂദന്മാരെപ്പററി പറഞ്ഞതുപോലെയാണിതു്.

*"അപ്പോൾ പ്രധാന പുരോഹിതന്മാർ കയ്യാപ്പായുടെ ഭവനത്തിൽ ഒന്നിച്ചുകൂടി"* (26:3): കർത്താവു് മഹത്ത്വത്തോടുകൂടി ജറുസലേമിലേക്കു് പ്രവേശിച്ച ദിവസം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായിരുന്നു. നാലുദിവസം കഴിഞ്ഞു് അവർ ഒന്നിച്ചുകൂടി അവനെ കൊല്ലാനായി ആലോചിച്ചു. അതുകൊണ്ടു് ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കണമെന്നും ആഴ്ചയുടെ ഒന്നാം ദിവസവും ദിവ്യരഹസ്യങ്ങരം അനുഷ്ഠിക്കണമെന്നും ശ്ലീഹന്മാർ നിശ്ചയിച്ചു. അവർ അവിടുത്തെ കൊല്ലാൻ ആലോചിച്ചതു് ബുധനാഴ്ചയാണ്; അവർ അവിടുത്തെ കൊല്ലുകയും ചെയ്തു. വെള്ളിയാഴ്ച അവിടുന്നു പീഡയനുഭവിക്കുകയും ക്രൂശിക്കപ്പെടുകയും ചെയ്തു. ചില *ദൈവവാഹകർ* പറയുന്നതു്, മാംസഭുക്കുകളായ ഇഴജന്തുക്കളും പറവകളുംപോലും വെള്ളിയാഴ്ചദിവസം ഉപവസിക്കുന്നു എന്നാണ്. അവിടുന്നു് ഉത്ഥാനം ചെയ്തതിനാൽ ഞായറാഴ്ചയും.

ഈ കയ്യാഫാസ് റോമാക്കാരോടു് ധീരമായി പടപൊരുതി; അവസാനം അവർ അവനെ തടവുകാരനാക്കി; അവൻ പ്രബോധനം പഠിച്ചു. മക്കബായ കാലത്തു സംഭവിച്ചവയെപ്പററിയും ജറുസലേമിന്റെ നാശത്തെപ്പററിയും നിരവധി ഗ്രന്ഥങ്ങളെഴുതി. അവന്റെ പാണ്ഡിത്യം നിമിത്തം റോമാക്കാർ അവനെ ജൊസേഫുസ് എന്നു വിളിച്ചു. അതായതു് രണ്ടാം ജോസഫ്.

## പുസ്തകം XX

*"ഈശോ ശെമഓന്റെ ഭവനത്തിൽ ആയിരിക്കുമ്പോൾ"* (26:6-13): ഈ സ്ത്രീയുടെ കാര്യം സുവിശേഷകർ പരസ്പരവിരുദ്ധ രീതികളിലാണ് പറയുന്നതു് എന്നു തോന്നാം. ലൂക്കോസു് പറയുന്നതു്, അവരം പാപിനിയായിരുന്നു. നയീം പട്ടണത്തിൽ ഫരിസേയനായ ശീമോന്റെ ഭവനത്തിലായിരുന്നു എന്നത്രേ (7:37). എന്നാൽ മത്തായി പറയുന്നതു്, അതു് ബഥനിയിൽ കുഷ്ഠരോഗിയായ ശീമോന്റെ ഭവനത്തിലായിരുന്നു എന്നത്രേ. അവളാരാണെന്നു് അവളുടെ പേരു് പറയുന്നില്ല. എന്നാൽ അതു മറിയമാണെന്നു് യോഹന്നാൻ സ്പഷ്ടമായി പറയുന്നു.

www.malankaralibrary.com



സ്ഥലവ്യത്യാസംകൊണ്ട്, രണ്ടുപേരായിരിക്കാം എന്നു ചിലർ പറയുന്നു. മററു ചിലർ പറയുന്നത്, ഒരാരംതന്നെയാണ് എന്നാണ്: അവരം രണ്ടു പ്രാവശ്യം കർത്താവിനെ തൈലം പൂശി; അവരം ലാസറിൻെറ സഹോദരിയായിരുന്നു; അവരം മഗ്ദലേനാ എന്നും വിളിക്കപ്പെട്ടിരുന്നു. ആദ്യം അവരം തൈലം പൂശിയതു് ഫരിസേയനായ ശീമോൻെറ ഭവനത്തിൽ വച്ചാണ്; തൻെറ പീഡാനുഭവം അടുത്തപ്പോരം സംസ്കാരത്തിൻെറ രഹസ്യത്തിനായി അവരം വീണ്ടും അവിടുത്തെ തൈലം പൂശി. മത്തായി വിട്ടുകളഞ്ഞതിനാൽ യോഹന്നാൻ 'പാദത്തിൽ' തൈലം പൂശിയ കാര്യമാണു പറയുന്നതു്. അധ്വാനവും ക്ലേശവും നിമിത്തം പാദത്തിൽ തൈലം പൂശുക സാധാരണ പതിവായിരുന്നു.

*മററു ചിലർ* പറയുന്നതു് ഫരിസേയനായ ശീമോൻ തന്നെയാണ് കുഷ്ഠരോഗിയായ ശീമോൻ എന്നാണ്. അയാരം ലാസറിൻെറയും മാർത്തായുടെയും മറിയത്തിൻെറയും പിതാവായിരുന്നു: അയാളെ കുഷ്ഠരോഗി എന്നു വിളിച്ചിരുന്നതു്, അയാരംക്കു് കുഷ്ഠരോഗമുണ്ടായിരുന്നു, അയാളെ സ്പർശിക്കാൻ നിയമം അനുവദിച്ചിരുന്നു. അഥവാ, മനസ്സിൽ അയാരം കുഷ്ഠരോഗിയായിരുന്നു; കാരണം കർത്താവു് ഒരു പാപിനിയെ തൻെറ കൂടെ കൊണ്ടുവന്നു എന്നു ചിന്തിച്ചു് അയാരം കർത്താവിനെ കുററപ്പെടുത്തിയിരിക്കാം. അതുമല്ലെങ്കിൽ, കർത്താവു് അയാളെ സുഖപ്പെടുത്തിയശേഷവും "കുഷ്ഠരോഗി" എന്ന പേരു് നിലനിന്നിരിക്കാം.

*"സുഗന്ധതൈലപ്പാത്രം"* കുപ്പിയുടെ രൂപത്തിൽ ഉണ്ടാക്കിയ ഒരു വെൺകൽ പാത്രമായിരുന്നു. ആ സുഗന്ധതൈലം ജഡാമഞ്ചികൊണ്ടുണ്ടാക്കിയതായിരുന്നു. അതു സുറിയാനിക്കാരുടെയിടയിൽ "ഗ്രീക്കുതൈലം" എന്നും പറയും. ദേഹം മുഴുവൻ പൂശാൻ ആവശ്യമുള്ളത്ര തൈലത്തിനു് അവിടെ ഒരു ഡ്രാക്മാഅത്രേ വില. ആ പരിമളവാസന സുഗന്ധതൈലത്തിൽനിന്നല്ല, പിന്നെയോ അതിപരിശുദ്ധനായ നമ്മുടെ കർത്താവിൻെറ ശരീരത്തിൽനിന്നാണ് വന്നതെന്നു സ്പഷ്ടം. തൂവാലയ്ക്കു പകരം അവരം തൻെറ തലമുടികൊണ്ടു് അവിടുത്തെ പാദം തുടച്ചു. അവൻെറ വേർപാടിനുശേഷവും അവിടുത്തെ പരിമളം അവളോടൊപ്പം നിലനിൽക്കാനാണ് അവളിതു ചെയ്തതു്. 'ആ ദിവസം മുതൽ അവരം മരിക്കുന്നതുവരെ അവരം തലയിൽ എണ്ണ പുരട്ടുകയോ തലമുടി കഴുകുകയോ ചെയ്തില്ല, എല്ലാ സുഗന്ധതൈലങ്ങളേക്കാരം അവളുടെ ശരീരത്തിനു സുഗന്ധമുണ്ടായിരുന്നു' എന്നു് ചില *ദൈവവാഹകർ*

www.malankaralibrary.com



പറയുന്നു. ഈ പ്രവൃത്തിതന്നെ പ്രതീകാത്മകമായിരുന്നു. *വീട്* ഈ ലോകത്തെ പ്രതിനിധാനം ചെയ്യുന്നു; അനുതപിക്കുന്ന പാപികളെ *അവൾ* സൂചിപ്പിക്കുന്നു; *സുഗന്ധപരിമളം,* നമ്മുടെ ജീർണതയെ സുഗന്ധപൂരിതമാക്കുന്ന സുവിശേഷ രഹസ്യമാണ്.

*"അവർ അവനു മുപ്പതു വെള്ളിനാണയങ്ങൾ വാഗ്ദാനം ചെയ്തു"* (26:15): ചിലർ പറയുന്നതുപോലെ മുപ്പതു ഡ്രാക്മാകളല്ല, മുപ്പതു വെള്ളിനാണയങ്ങളാണ്. 'ദോലത'' എന്ന അക്ഷരം ചേർന്നാണ്. അതായത്, തൂക്കിയ മുപ്പതു വെള്ളിനാണയം. അതിലൊന്ന് ഇരുപതു് ഡ്രാക്മാകളാണ്. അതുകൊണ്ട് മൊത്തം മുപ്പതു ഡ്രാക്മാകളല്ല, 600 ഡ്രാക്മാകളാണ്. *"അവസരം നോക്കിക്കൊണ്ടിരുന്നു"* (26:16): ജനക്കൂട്ടത്തിന്റെ ബഹളത്തിൽനിന്നൊഴിഞ്ഞ സ്ഥലവും തക്കവും നോക്കിക്കൊണ്ടിരുന്നു.

*"നിങ്ങൾ ഇന്നയാളുടെ അടുത്തേക്ക് ചെല്ലുക"* (26:18) എന്ന് വീട്ടുടമസ്ഥന്റെ പേരു പറയാതെ, അവിടുന്ന് അവരോടു് പറഞ്ഞു. ഒന്നാമതായി ഒററുകാരനിൽനിന്ന് മറച്ചു വയ്ക്കുന്നതിനും, സമയത്തിനു മുൻപ് പെസഹായ്ക്കും തന്റെ ദിവ്യരഹസ്യങ്ങൾക്കും തടസ്സം ഉണ്ടാകാതിരിക്കുന്നതിനുമായിരുന്നിതു്. രണ്ടാമതു്, മറഞ്ഞിരിക്കുന്നതും അകലെയുള്ളതുമായ കാര്യങ്ങൾ അറിയാനുള്ള തന്റെ കഴിവു് പ്രകടമാക്കാൻ വേണ്ടിയായിരുന്നു. അങ്ങനെ ഒരു പാത്രം വെള്ളം ചുമന്നുകൊണ്ടു വരുന്ന മനുഷ്യന്റെ അടയാളത്താൽ ഉടമസ്ഥനെയും സ്ഥലത്തെയും ഒന്നിച്ചു കാണിച്ചുകൊടുത്തു. അതു സൻഹെദ്രിൻ സംഘാംഗമായ യൗസേപ്പായിരുന്നു എന്നു ചിലർ; വേറേ ചിലർ നിക്കൊദേമൂസ് എന്നും മററുചിലർ ലാസർ എന്നും പറയുന്നു. ഈ കാര്യം സമഗ്രമായി പരിശോധിച്ച ചിലർ പറയുന്നതു് ഇതു് സൈറീൻകാരൻ ശെമഓൻ ആണെന്നാണ്. പട്ടാളക്കാർ അവനെയും കർത്താവിനെയും പരിഹസിച്ചുകൊണ്ട് കുരിശെടുക്കാൻ ഈ ശെമഓനെ നിർബന്ധിച്ചു എന്നു് അവരിൽ ചിലർ പറയുന്നു. തലേദിവസം കർത്താവുമൊത്തു് പെസഹാ ഭക്ഷിച്ചശേഷം ഇന്നു് അവന്റെ പീഡാനുഭവത്തിലും ശെമഓനു് ഭാഗഭാഗിത്വം കിട്ടി. അവൻ കുരിശു വഹിക്കാൻ സഹായിച്ചതു നിമിത്തം, ഇങ്ങനെ പറയുന്നതുവഴി യഥാർത്ഥത്തിൽ അവർ അവനെ വളരെയധികം ബഹുമാനിക്കുന്നു. എന്നാൽ ഇതല്ലാതെ മറെറാരു പെസഹായും നമ്മുടെ കർത്താവു് തന്റെ സ്നാനത്തിനുശേഷം ഭക്ഷിച്ചിട്ടില്ല എന്നു് *ഹെനാനായും കൂട്ടരും* പറയുന്നതു് പരമാബദ്ധമാണ്. *"ഞങ്ങൾ*

www.malankaralibrary.com



*എവിടെയാണ് നിനക്കൊരുക്കേണ്ടത്?''* എന്നു ശിഷ്യർ ചോദിച്ചതുകൊണ്ട്, ''പെസഹാ ഭക്ഷിക്കാൻ നീ ആഗ്രഹിക്കുന്നുവോ?'' എന്നു തീർച്ചയായും ശിഷ്യർ ആദ്യമേ ചോദിക്കേണ്ടതായിരുന്നു എന്നു നാം പറയും. നമ്മുടെ കർത്താവ് കേപ്പായോടും യോഹന്നാനോടും കല്പിച്ചല്ലോ എന്ന് അവർ പറഞ്ഞാൽ, പത്രോസ് എന്തുകൊണ്ട് ആദ്യമേതന്നെ ചോദിച്ചില്ല? എന്നാൽ അവിടുന്ന് എല്ലാ വർഷവും ജറുസലേമിലേക്ക് പോകുകയും പെസഹാ ഭക്ഷിക്കുകയും ചെയ്തു എന്ന് വ്യക്തമാണ്.

*''എന്നോടുകൂടി പാത്രത്തിൽ കൈ മുക്കുന്നവൻ...''* (26:23). എല്ലാവരും ഒന്നിച്ച് പാത്രത്തിൽ കൈ മുക്കുവാൻ നമ്മുടെ കർത്താവിൻെറ താഴ്മ അനുവദിച്ചു എന്നു *ചിലർ* പറയുന്നു. എന്നാൽ കർത്താവിൻെറ കൈയോടൊപ്പമായിരുന്നില്ല, എന്തുകൊണ്ടെന്നാൽ അവർ കൈമുക്കാൻ കൈ താഴ്ത്തിയപ്പോൾ കർത്താവ് പാത്രത്തിൽ കൈമുക്കുന്നതായി കണ്ടാൽ തങ്ങളുടെ കൈകൾ ഉയർത്തി; കർത്താവുമായി ഒത്തു മുക്കാൻ അവർ വിസമ്മതിച്ചു. എന്നാൽ യൂദാ മാത്രം കർത്താവിനോടൊത്ത് കൈമുക്കുകയും പല പ്രാവശ്യം കർത്താവിൻെറ കൈ ഞെരുക്കുകയും ചെയ്തു. ഇതിപ്രകാരമായിരുന്നില്ല എന്നു *വേറേ ചിലർ* പറയുന്നു: ഒററുകാരൻ ആരെന്ന് ഉടനെ വ്യക്തമാക്കിയില്ലെങ്കിൽ, കർത്താവിനോടൊത്ത് കൈമുക്കാൻ അവൻ ആഗ്രഹിച്ചതായി ശിഷ്യർക്കു കാണാമായിരുന്നല്ലോ. നമ്മുടെ കർത്താവ് അതു വെളിപ്പെടുത്തേണ്ട ആവശ്യം വരികയില്ലായിരുന്നു, കാരണം, കർത്താവ് മുക്കിക്കൊടുത്ത അപ്പത്തിൽനിന്നുതന്നെ ഒററുകാരൻ വെളിപ്പെടുമായിരുന്നല്ലോ. എങ്കിലും കലാലയങ്ങളിലെ *മല്പാന്മാർക്ക്* ഇങ്ങനെയും ഒരു പാരമ്പര്യം ഉണ്ട്: അവരുടെ മുമ്പിൽ രണ്ടു പാത്രങ്ങൾ ഉണ്ടായിരുന്നു; ഒന്നിൽ ആറുപേരും മററതിൽ കർത്താവിനോടൊത്ത് മറേറ ആറുപേരും മുക്കിയിരുന്നു. യൂദാസ് രണ്ടാം വിഭാഗത്തിലായിരുന്നു. അതുകൊണ്ടാണ് *'എന്നോടുകൂടി പാത്രത്തിൽ കൈമുക്കുന്നവൻ'* എന്നു പറഞ്ഞത്. അവിടുന്ന് അവരുടെ പാദങ്ങൾ കഴുകി ദിവ്യരഹസ്യങ്ങൾ കൊടുത്തശേഷം ഒററുകാരനെ വെളിപ്പെടുത്തി എന്ന് *വേറേ ചിലർ* പറയുന്നു. ഇതിനു സാധ്യത കുറവാണ്. അഗ്നിയിൽ പാചകം ചെയ്യാത്തതു ഭക്ഷിക്കരുതെന്ന് നിയമം അനുശാസിക്കുമ്പോൾ അവരെന്തിനാണ് പാത്രത്തിൽ മുക്കിയതു് എന്നു ചോദിച്ചേക്കാം. വറുത്ത മാംസം ഒരു പാത്രത്തിലെ ചാറിൽ അവർ മുക്കിത്തിന്നു എന്നു പറയപ്പെടുന്നു. കാരണം, പുരാതന കാനൻ അനുസരിച്ച് അവർ ഒരു വറുത്ത ആട്ടിൻകുട്ടിയെയും ഭക്ഷിച്ചു.

www.malankaralibrary.com



"നിങ്ങളോടൊത്തു് ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ അത്യധികം ആഗ്രഹിച്ചു" (ലൂക്കാ 22:15) എന്നു പറഞ്ഞതിൽ നിന്നു് അവിടുന്നു് പെസഹാ ഭക്ഷിച്ചു എന്നും പെസഹായെ പൂർത്തിയാക്കി എന്നും വ്യക്തമാണു്. നൈയാമിക പെസഹായും തൻെറതന്നെ പെസഹായും ഒരേ മേശയിൽ ഒരേ സമയത്തു് അനുഷ്ഠിച്ചു. ഒന്നു് നീക്കി മററതാരംഭിച്ചു. ഒന്നിനെ അവിടുന്നു് അർത്ഥശൂന്യമാക്കി.

*"അവർ ഭക്ഷിക്കുമ്പോൾ അവിടുന്നു് അപ്പം എടുത്തു് ആശീർവദിച്ചു് മുറിച്ചു...; അത്താഴത്തിനു ശേഷം പാനപാത്രവും എടുത്തു...."* (26:26-30): ഒരേ നദിയിൽ ഒരേ സമയം അവിടുന്നു് രണ്ടു സ്നാനം നടത്തി: യൂദന്മാരുടെ സ്നാനങ്ങൾക്കറുതിവരുത്തി; സ്നാപകൻേറതിനെ പൂർത്തിയാക്കി; തൻെറ സഭയ്ക്കുവേണ്ടി തൻെറ സ്നാനം ആരംഭിച്ചു. അതുപോലെ ഇവിടെയും ഒരേ സമയം ഒരേ മേശയിൽ അവിടുന്നു രണ്ടു പെസഹാ ആചരിച്ചു, ഒന്നിൻെറ അന്ത്യവും മററതിൻെറ ആരംഭവും. താഴെപ്പറയുന്നതായിരുന്നു അതിൻെറ ക്രമം: അവിടുന്നു് ആദ്യം നൈയാമിക പെസഹാ അനുഷ്ഠിച്ചു, പിന്നെ പാദങ്ങൾ കഴുകി, അതിനുശേഷം അവസാനമായി ദിവ്യരഹസ്യങ്ങൾ സ്ഥാപിച്ചു എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. തൻെറ ശരീരരക്തങ്ങളുടെ ദിവ്യരഹസ്യം എന്തുകൊണ്ടാണു് വിലകൂടിയ വസ്തുക്കൾകൊണ്ടു് അവിടുന്നു് അനുഷ്ഠിക്കാത്തതു് എന്നു ചോദിച്ചേക്കാം. താഴെപ്പറയുന്ന കാരണങ്ങളാലാണു്. (1) ഈ സാധനങ്ങൾ സുലഭമായതിനാൽ. (2) ഈ വസ്തുക്കളുടെ കൂടിയ വിലയാണു് നമ്മുടെ രക്ഷയ്ക്കു് ആധാരം എന്നു കരുതപ്പെടാതിരിക്കാൻ. (3) ഇതു് മനുഷ്യകുലത്തിൻെറ രക്ഷയ്ക്കുവേണ്ടിയുള്ളതാണു്; അതുകൊണ്ടു്, മനുഷ്യർക്കുതകുന്ന പോഷണമായി അതു് സ്ഥാപിക്കേണ്ടിയിരുന്നു. ബുദ്ധിയില്ലാത്ത ജന്തുക്കളും തിന്നുകയും കുടിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ മനുഷ്യൻ മാത്രമേ അപ്പവും വീഞ്ഞും ഉപയോഗിക്കുന്നുള്ളു. (4) ആ പ്രതീകത്തെ ബഹുമാനിക്കാൻവേണ്ടി; എത്ര വലിയ ബഹുമാനത്തിലേക്കും ശക്തിയിലേക്കുമാണു് അതുയർത്തപ്പെട്ടതു്. ജീവനില്ലാത്തതും ചേതനയില്ലാത്തതുമായ ഈ പദാർത്ഥം സ്രഷ്ടാവു് അതിനു നൽകിയിരിക്കുന്ന പോഷകമൂല്യംകൊണ്ടു് ഭക്ഷിക്കുന്നവരുടെ ജീവൻ നിലനിർത്താൻ തികച്ചും പര്യാപ്തമാണു്. ജീവദാതാവായ ആത്മാവിൻേറതായിത്തീരുന്ന ഈ വസ്തു എത്രയധികമായി അമർത്യതയോടൊപ്പം നിത്യജീവൻ പ്രദാനം ചെയ്യാതിരിക്കില്ല! ശാരീരിക ജീവൻ നിലനിർത്താൻ സാധാരണ അപ്പത്തിനു കഴിയുമെങ്കിൽ, ആത്മാവിൻെറ കൃപ സ്വീകരിച്ചുകഴിയുമ്പോൾ, അതിനു്

www.malankaralibrary.com



നിത്യജീവൻ പ്രദാനം ചെയ്യാൻ എത്രയധികമായി കഴിയും? (5) അവിടുത്തെ തിരുശരീരം നമ്മെ ശുദ്ധീകരിക്കുകയും ജീവിപ്പിക്കുകയും തിരുരക്തം പാപങ്ങളിൽനിന്നു് നമ്മുടെ ആത്മാക്കളെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഒന്നു നമ്മുടെ മരണം നീക്കിക്കളയുന്നു, മററതു് നമ്മുടെ പാപം മായിച്ചുകളയുന്നു. എന്തുകൊണ്ടെന്നാൽ, "*ഇതു് എൻെറ ശരീരവും രക്തവുമാകുന്നു*" എന്നാണു്; "*ഇതെൻെറ ശരീരരക്തങ്ങളുടെ പ്രതീകമാണു്*" എന്നല്ല അവിടുന്നു പറയുന്നതു്.

സ്വർഗീയനും പിതാവിൻെറ വലതുഭാഗത്തിരിക്കുന്നവനുമായ കർത്താവു് അപ്പവും വീഞ്ഞുംകൊണ്ടു് തൻെറ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുന്നതു് സ്വാഭാവികമായി അരുതായ്കയാണു്. എങ്കിലും നാം ഈ ദിവ്യരഹസ്യങ്ങളെ സാധാരണ പദാർത്ഥങ്ങളായി കാണാതെ, അവയെ സമീപിക്കുമ്പോൾ നമ്മുടെ കർത്താവിനെ നാം സ്പർശിക്കുന്നതായും തൻെറ ശരീരവുമായി നമ്മുടെ ശരീരം കലർത്തുന്നതായും കുരിശിലെ ബലിയുടെ രഹസ്യം പരികർമ്മം ചെയ്യുന്നതായും ഒന്നാമതായി നാം വിശ്വസിക്കണം. രണ്ടാമതായി, ദുഷ്ടമനുഷ്യർ പറയുന്നതുപോലെ രണ്ടു ശരീരങ്ങളില്ല, ഏക ശരീരമേയുള്ളു എന്നു കാണിക്കാൻ. സ്വർഗത്തിലുള്ള ശരീരംകൊണ്ടും, ശാന്തിയും വിശുദ്ധിയുംകൊണ്ടും ഇതു പൂർത്തിയാക്കിയ അവിടുന്നുതന്നെയാണു് ഈ ദിവ്യരഹസ്യം; എന്നാൽ സ്വാഭാവികമായിട്ടല്ല എന്നു മാത്രം. രാജാവിൻെറ ച്ഛായ രാജാവിനെത്തന്നെ സൂചിപ്പിക്കുന്നു; രാജാവും ച്ഛായയും രണ്ടു രാജാക്കന്മാർ എന്നു വിളിക്കപ്പെടുന്നില്ല. അതുപോലെ സ്വർഗത്തിലുള്ള ആ വിശുദ്ധ ശരീരവും സഭയിലുള്ള ഈ ദിവ്യരഹസ്യവും ക്രിസ്തുവിൻെറ ഏക ശരീരമായിത്തീരുന്നു. ഇപ്രകാരം ധ്യാനിക്കണം. വസിക്കുന്നവനും വാസകേന്ദ്രവുംകൂടി ഏകപുത്രനും ഏകകർത്താവുമാണു്.

"കാസായെപ്പററി: *അവിടുന്നു് കൃതജ്ഞതാസ്തോത്രം ചെയ്തു് അരുൾചെയ്തു: ഇതു പുതിയനിയമത്തിലെ എൻെറ രക്തമാകുന്നു...*": അപ്പത്തിന്മേലുള്ള ആശീർവാദം മതിയായതാണു്; അതു് കാസായിലേക്കും വ്യാപിപ്പിച്ചാൽ മതി. എങ്കിലും അവിടുന്നു് അപ്പത്തെ തൻെറയും പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആശീർവ്വദിക്കുന്നു. അതുകൊണ്ടു് അവിടുന്നു് ഈ ആരാധ്യമായ നാമങ്ങളിൽ തുടങ്ങുന്നു. തൻെറ കൈകളാൽ സംഭവിച്ച ഉന്നതവും അത്ഭുതാവഹവുമായ ഈ കാര്യങ്ങളെപ്രതി അവിടുന്നു് കാസായിന്മേൽ കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നു: "ആകാശത്തിൻെറയും ഭൂമിയുടെയും കർത്താവായ എൻെറ പിതാവേ, ഞാൻ

www.malankaralibrary.com



അങ്ങേയ്ക്കു നന്ദിപറയുന്നു'' എന്നു തുടങ്ങി നേരത്തെ അവിടുന്നു പറഞ്ഞതുപോലെ. ഈ ദിവ്യരഹസ്യത്തിൽ പങ്കെടുക്കുമ്പോൾ നമുക്കും നന്ദിപറയുകയും അവിടുത്തെ സ്തുതിക്കുകയും ചെയ്യാം.

തന്റെ രക്തത്തെ *''പുതിയ ഉടമ്പടി''* എന്ന് അവിടുന്നു വിളിക്കുന്നു. ആടുകളുടെയും കാളക്കിടാങ്ങളുടെയും രക്തത്തിൽ എഴുതപ്പെട്ട ഉടമ്പടി അവസാനിച്ചു എന്ന് ഇതു കാണിക്കുന്നു. തന്റെ സ്വന്തരക്തത്തിൽ മുക്കിയ പേനാകൊണ്ടെഴുതിയ ഉടമ്പടിയാണ് തന്റേതു്; ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കുപകരം പുറജാതികളുടെ അസംഖ്യം ഗോത്രങ്ങളെയും വംശങ്ങളെയും അവിടുന്നു അവകാശികളാക്കി. നമ്മുടെ കർത്താവുതന്നെ പുരോഹിതനും ബലിയും ബലിവസ്തു ഭക്ഷിക്കുന്നവനും ആയിരുന്നു എന്നു നാം മനസ്സിലാക്കണം. ക്രൂശാരോഹകർ അവനെ കൊന്നു. അവിടുന്നു തന്റെ രക്തം ഊററിക്കൊടുത്തു; അവിടുത്തെ നാം എങ്ങനെ ഭക്ഷിക്കണം എന്നു നമ്മെ പഠിപ്പിക്കുന്നു. *''ഞാൻ ഇതിൽനിന്നു കുടിക്കയില്ല....''* എന്നുതുടങ്ങി സുവിശേഷം സൂചിപ്പിക്കുന്നതുപോലെ, അവിടുന്നുതന്നെ അതിൽനിന്ന് ആദ്യമായി ഭക്ഷിച്ചു. ഭക്ഷിച്ചു പാനം ചെയ്തശേഷമാണ് അവിടുന്ന് ഇപ്രകാരം പറഞ്ഞതു് എന്ന് വ്യക്തമാണ്. ദനഹായെപ്പററിയുള്ള ഒരു പ്രസംഗത്തിൽ *മാർ അപ്രേമും* ഇതിനു സാക്ഷ്യം വഹിക്കുന്നു: ലോകത്തിനു നൽകപ്പെട്ട ജീവനുള്ള അപ്പം മാലാഖമാർ ഭക്ഷിച്ചില്ല; എന്നാൽ മാലാഖമാരുടെ നാഥൻ ഭക്ഷിച്ചു. തന്റെ ശിഷ്യരോടൊത്തു താൻ ഭക്ഷിച്ച ഈ അപ്പം മുറിച്ച് അവിടുന്ന് അവർക്കു നൽകി. തന്റെ ''സമർപ്പണത്തിൽ'' *മാർ നെസ്തോറിയൂസും* ഇതിനു സാക്ഷ്യം നൽകുന്നു. കൂദാശ അനുഷ്ഠിക്കുന്നയാൾ ആദ്യം സ്വീകരിക്കുകയും പിന്നീട് സ്വീകരിക്കുന്നവർക്കു പങ്കിട്ടുകൊടുക്കുകയും ചെയ്യുന്ന രീതി ഇപ്രകാരം സഭയിൽ കൈമാറപ്പെട്ടതാണ്. വീണ്ടും, കൂദാശ ചെയ്യുന്നവനും വെടിപ്പാക്കലിനും വിശുദ്ധീകരണത്തിനും ആവശ്യക്കാരനാണ് എന്നതിന്റെ അടയാളമായി, അയാൾ ആദ്യം സ്വീകരിക്കുന്നു; ആരാധ്യമായ ബലിവഴി എല്ലാവർക്കും ഇതു നൽകപ്പെടുന്നു. വൈദികൻ കൂദാശ ചെയ്യുന്നെങ്കിലും, എല്ലാം പ്രവർത്തിക്കുന്നതു് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ കൃപയാൽ പുരോഹിതന് ഉപകരണത്തിന്റെ സ്ഥാനമാണുള്ളതു്.

*''ഞാൻ മുന്തിരിയുടെ ഫലത്തിൽനിന്ന് കുടിക്കയില്ല....''*: രണ്ടു കാര്യങ്ങൾ അവിടുന്നു സൂചിപ്പിക്കുന്നു: പെട്ടെന്നുള്ള പീഡാനുഭവവും അതിന്റെ അനന്തരഫലങ്ങളും നിമിത്തം അവരുമായി ആഘോഷമായ രീതിയിൽ സംസർഗം നടത്താൻ

www.malankaralibrary.com



അവസരമില്ല. തന്റെ ഉത്ഥാനശേഷം അവിടുന്ന് അവരുമൊത്ത് അതിസ്വാഭാവികഭക്ഷണം കഴിക്കാൻ പോകയാണ്; –ഉത്ഥാനം നിമിത്തം അവിടുന്ന് അതിനെ *"പുതിയത്"* എന്നു വിളിക്കുന്നു– ആവശ്യങ്ങളില്ലാത്ത സ്വഭാവമാണല്ലോ ഉത്ഥാനത്തിലേത്. പുതിയ ജീവിതത്തിലേക്ക് ഉത്ഥാനം ചെയ്ത ശരീരം ഭക്ഷണപാനീയങ്ങളിൽ ഭാഗഭാക്കാകുക എന്നത് നവീനവും അത്ഭുതാവഹവുമാണ്. എന്നാൽ തന്റെ ശിഷ്യരെ തന്റെ ഉത്ഥാനത്തിൽ ഉറപ്പിക്കാൻവേണ്ടിയായിരുന്നിത്. അവനെ അവർ തിരിച്ചറിഞ്ഞു; അവനെ അവർ സ്പർശിക്കുകയും ചെയ്തു. *"ദൈവരാജ്യം"*: നാം മുകളിൽ വിശദീകരിച്ചതുപോലെതന്നെ. ഏഴുരീതികളിൽ അതേപ്പററി പറയുന്നുണ്ട്. ഇവിടെ, തന്റെ ഉത്ഥാനാനന്തരമുള്ള നാല്പതു ദിവസത്തെയാണ് അവിടുന്ന് അർത്ഥമാക്കുന്നത്.

വീഞ്ഞെന്നല്ല, *"മുന്തിരിയുടെ ഫലം"* എന്ന് അവിടുന്നു പറഞ്ഞത് വീഞ്ഞിനു പകരം വെള്ളം ഉപയോഗിക്കുന്ന "മെസ്സാലിയരെ"യും പാനീയത്തെപ്രതി പല കാര്യങ്ങളും കണ്ടുപിടിക്കുകയും ദിവ്യരഹസ്യങ്ങളുടെ അനുഷ്ഠാനത്തിന് അവയൊക്കെയും കൊണ്ടുവരുകയും ചെയ്യുന്ന മററുള്ളവരെയും കുററപ്പെടുത്താനാണ്. എന്നാൽ വീഞ്ഞു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. *'മുന്തിരിയുടെ ഫലം'* എന്നും *'മുന്തിരിക്കുലയുടെ രക്തം'* എന്നും തിരുലിഖിതത്തിൽ അതിനെ വിളിക്കുന്നുണ്ട്. *"ഞാൻ കുടിക്കുകയില്ല"* എന്ന് അവിടുന്നു പറയുന്നത് എന്തുകൊണ്ടാണ്? ഉത്ഥാനശേഷം അവിടുന്ന് അവരോടൊപ്പം ഭക്ഷിച്ചു എന്നു പറയുന്നു, എന്നാൽ പാനം ചെയ്തു എന്നു പറയുന്നില്ല. അതെന്തുകൊണ്ടാണ്? ഭക്ഷണപാനീയങ്ങൾ ഒന്നിച്ചുപോകുന്നവയാണ്; ഒന്നിനോടുകൂടെ മററതും ഉൾപ്പെടുന്നു എന്നു നാം പറയുന്നു. അതുകൊണ്ട്, രണ്ടുകൊണ്ടും രണ്ടും അവിടുന്നു കാണിക്കുന്നു; അവിടുന്നു രണ്ടും ഉപയോഗിച്ചു എന്നത് വ്യക്തമാണ്. 'ഉത്ഥാനശേഷം ഞങ്ങൾ അവിടുത്തോടൊപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു" എന്ന് പത്രോസും പറയുന്നുണ്ടല്ലോ (നട. 10:41).

*"നിങ്ങളെല്ലാവരും എന്നിൽ ഇടറും"* (26:31): ഞാൻ പ്രവർത്തിച്ച നിരവധി അത്ഭുതങ്ങൾ നിങ്ങൾ കണ്ടെങ്കിലും, ഞാൻ ഒററിക്കൊടുക്കപ്പെട്ടപ്പോൾ ഞാൻ ബലഹീനനാണ് എന്ന് നിങ്ങൾ കരുതുന്നു. എന്നാൽ തന്റെ സ്നേഹാതിരേകത്താൽ, "ഞാൻ ഒരിക്കലും നിന്നിൽ ഇടറുകയില്ല" എന്നു പത്രോസ് പ്രത്യുത്തരിച്ചു. നമ്മുടെ കർത്താവു് പറഞ്ഞത് ശരിയാകില്ല എന്നു ധരിച്ച് അവൻ തന്റെ നിലവിട്ടു പെരുമാറി.

www.malankaralibrary.com



*"എന്നോടുകൂടി ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ"* (26:38): അവർ കാണുകയും കേൾക്കുകയും ചെയ്യാതെ ഒന്നും കടന്നുപോകരുത് എന്നു കരുതിയാണിത്. പൗലോസ് എഴുതിയതുപോലെ അവർ തങ്ങളുടെ ശിഷ്യരുടെ പ്രാർത്ഥനകൾ എളിമയോടുകൂടി യാചിക്കാൻ പഠിക്കണം. ചിലർ തെററായി കരുതിയതുപോലെ അവിടുന്നു മായയല്ല, യഥാർത്ഥത്തിൽ ഒരു മനുഷ്യനാണ്; അവിടുന്നു ജഡവും രക്തവുമില്ലാത്ത ദൈവം മാത്രമല്ല. തങ്ങൾക്കു പീഡകൾ ഉണ്ടാകുമ്പോൾ കഴിവുള്ളിടത്തോളം അതിലേക്കു ഓടിക്കയറി ചെല്ലാതിരിക്കണം; പ്രകൃതിയുടെ ബലഹീനതകൊണ്ടും പീഡകരോടുള്ള കാരുണ്യം കൊണ്ടുമാണിതു്. അവിടുന്നു് അത്ഭുതം പ്രവർത്തിച്ചപ്പോൾ അവർ അവനുവേണ്ടി പ്രാർത്ഥിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. എന്നാൽ തന്റെ മരണസമയത്തു് അവിടുന്നു് ഇതുപയോഗിച്ചു. *"അവിടുന്ന് അവരിൽനിന്ന് അല്പം അകലെ മാറി പ്രാർത്ഥിച്ചു"* (26:39): അവിടുന്നു പ്രാർത്ഥിച്ചതു് അവർ കേൾക്കുന്നതിനും ഇത്തരം സാഹചര്യത്തിൽ അവർ എങ്ങനെ പ്രവർത്തിക്കണമെന്നു പഠിക്കുന്നതിനുംവേണ്ടിയായിരുന്നിതു്.

*"ഞാൻ തീവ്രദുഃഖത്താൽ മരണത്തോളം എത്തിയിരിക്കുന്നു"* (26:38) ദൈവം അനുതപിക്കുകയും ഹൃദയത്തിൽ ദുഃഖിക്കുകയും ചെയ്തതുപോലെയാണിതു്. മനുഷ്യരെ സൃഷ്ടിച്ചതിലല്ല രക്ഷയുടെ വഴി കാണാതെ മനുഷ്യർ നശിക്കുന്നതിലാണ് ദുഃഖിച്ചതു്. അതുപോലെയാണിവിടെയും. തന്റെ പീഡാനുഭവത്തെപ്രതിയല്ല അവിടുന്നു ദുഃഖിതനായതു്. തന്റെ രക്തത്തിനു് കുററക്കാരായ യഹൂദരെപ്രതിയാണ്. അവിടുന്നു് അവരിൽനിന്നു വന്നു; അവർക്കുവേണ്ടി വന്നു. ഇതൊന്നും അവർ കാര്യമാക്കിയില്ല; അവർ അവനെ കൊല്ലാനായി തക്കം പാർത്തു നടന്നു; അങ്ങനെ തങ്ങളുടെ തിരസ്കരണത്തിനും നഗരത്തിന്റെയും ആലയത്തിന്റെയും നാശത്തിനും അവർ തന്നെ കാരണക്കാരായി. ഇപ്രകാരമല്ലെങ്കിൽ, താൻ എന്തിനാണു മരിക്കുന്നതെന്നും എന്തിനുവേണ്ടിയാണെന്നും, മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുമെന്നും അറിഞ്ഞിരുന്ന അവിടുന്നു് എങ്ങനെയാണ് ദുഃഖിതനായിരിക്കുന്നതു്? എങ്ങനെ നോക്കിയാലും, അവിടുന്നു് സഹിച്ചില്ലെങ്കിൽ, തിരുലിഖിതങ്ങൾ പൂർത്തീകരിക്കപ്പെടാൻവേണ്ടി, മറെറാരു ക്രിസ്തു സഹിക്കേണ്ടതു് ആവശ്യമായിരുന്നു.

അവിടുന്നു *"ദുഃഖാർത്തനായിരുന്നു"*: സാധ്യമെങ്കിൽ അവരോടു് ക്ഷമിക്കണമെ, *"എന്നാൽ എന്റെ ഇഷ്ടമല്ല, അങ്ങേ തിരുവിഷ്ടം നടക്കട്ടെ"* (26:39) എന്നു് അവിടുന്നു

www.malankaralibrary.com



പ്രാത്ഥിച്ചതിൽനിന്നു് ഇതു് വ്യക്തമാണ്. പിതാവിന്റെ അതെ ഇച്ഛയാണ് അവന്റേതെങ്കിൽ, അതു് ഏക ഇച്ഛയാണെങ്കിൽ, *"എന്റെ ഇഷ്ടമല്ല, അങ്ങേ തിരുവിഷ്ടം നടക്കട്ടെ"* എന്നു് എങ്ങനെയാണ് അവിടുന്നു പറയുക? അപ്പോഠം അവിടുന്നു് മാനുഷിക സ്വഭാവത്തിലാണ് പറയുന്നതു്. ആദാമിന്റെ കടം വീട്ടാനായി അവനുവേണ്ടി അവിടുന്നു മാധ്യസ്ഥ്യം പറയുന്നു. മനുഷ്യനായിരിക്കെ ദൈവമായിത്തീരുക എന്നതായിരുന്നു ആദത്തിന്റെ ഇച്ഛ. ഇതിനായിട്ടാണ് നമ്മുടെ കർത്താവു് വന്നതു്. ദൈവവും ദൈവപുത്രനുമായിരിക്കെ അവിടുന്നു സ്വയം വിനീതനാക്കി, ആദത്തിന്റെ വസ്ത്രം ധരിച്ചു് അവന്റെ കടം വീട്ടി. ആദത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ടു് അവിടുന്നു പറഞ്ഞു: *"എന്റെ ഇഷ്ടമല്ല അങ്ങേ തിരുവിഷ്ടം നടക്കട്ടെ"*. അവിടുന്നു തിരുമനസ്സാകുന്നതുപോലെ ആദത്തിന്റെ തെറ്റുകഠം ക്ഷമിക്കണമെ.

*"കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ"* (26:39): അവിടുന്നു് മരണത്തെ ഭയപ്പെട്ടെങ്കിൽ അവിടുന്നു നിന്നേക്കാഠം നിസ്സാരനാണ്. 'ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട' എന്നു് അവിടുന്നു പറഞ്ഞിട്ടുള്ളതാണല്ലോ. സ്വഭാവത്താലെ സഹിക്കുന്ന ശ്ലീഹന്മാർ അവിടുത്തെപ്രതി അടികളേററപ്പോഠം സന്തോഷിച്ചു. ശ്ലീഹാ പറയുന്നു: 'ഞങ്ങളുടെ ബലഹീനതകളിൽ ഞങ്ങഠം അഭിമാനിക്കുന്നു' (റോമ. 9:3). മറെറാരിടത്തു്, 'എന്റെ സഹോദരങ്ങഠംക്കും ബന്ധുക്കഠംക്കും വേണ്ടി ശപിക്കപ്പെട്ടവനാകുവാൻ....(റോമ. 9:3). 'അഗ്നിയോ, വാളിനോ, മറെറന്തെങ്കിലും ശക്തിക്കോ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു് എന്നെ വേർപെടുത്തുവാൻ കഴിയുകയില്ല' (റോമ. 8:35). അപ്പോഠം അവിടുന്നു് പീഡാനുഭവത്തെ ഭയപ്പെട്ടെന്നോ? അതിൽനിന്നു് പിൻമാറാൻ ഒരുങ്ങിയെന്നോ? എല്ലാ മനുഷ്യർക്കുംവേണ്ടി സ്വേച്ഛയാ മരിക്കാൻ അവിടുന്നു സന്നദ്ധനല്ലായിരുന്നെന്നോ? എങ്കിൽ 'എന്റെ ജീവൻ സമർപ്പിക്കുവാനും അതു തിരികെ എടുക്കുവാനും എനിക്കധികാരമുണ്ടു്" എന്നു് അവിടുന്നു പിന്നെങ്ങനെ പറയും? (യോഹ. 10:18). അവിടുത്തെ പീഡാനുഭവത്തെപ്പററി കേട്ടു് ഇടറിപ്പോയ പത്രോസിനെ കുററപ്പെടുത്തിക്കൊണ്ടു് '*സാത്താൻ*' എന്നും '*ഇടർച്ച*' എന്നും അവനെ എങ്ങനെ വിളിച്ചു? അവനെ തിരസ്കരിച്ചവരുടെ കൂട്ടത്തിൽ അവനും ഉഠംപ്പെട്ടുവല്ലോ.

ക്രൂശാരോഹണത്തിലാണ് യൂദർ പുറംതള്ളപ്പെട്ടതു്; അവരുടെ തിരസ്കാരം പുറജാതികഠം ജീവനിലേക്കു പ്രവേശിക്കാൻ ഹേതുവായിത്തീർന്നു. ഇതും അങ്ങനെ തന്നെ. യഹൂദരുടെ വീഴ്ച

www.malankaralibrary.com



വഴി പുറജാതികൾ പ്രവേശിച്ചു. എന്നാൽ നമ്മുടെ കർത്താവു് മരിച്ചാണു് ആഗ്രഹിച്ചതു്: പീഡാനുഭവത്തിൽനിന്നു് പിന്മാറാൻ നോക്കി; പീഡാനുഭവം ഒഴിവാക്കിക്കൊണ്ടു് വലിയ കാര്യങ്ങൾ തടയപ്പെട്ടുമായിരുന്നു. എന്നാൽ തന്റെ പീഡാനുഭവമാണു് എല്ലാവരുടെയും ജീവനു കാരണം എന്നു് സ്പഷ്ടമായി അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. എന്നാൽ കരുതലില്ലാതെയും തെററായും നാം മരണത്തിലേക്കു് തള്ളിക്കയറേണ്ട കാര്യമില്ല എന്നു് ഈ സംഗതികൾവഴി പ്രത്യേകമായി നമ്മെ അവിടുന്നു മനസ്സിലാക്കുന്നു. എന്നാൽ അപ്രകാരം സംഭവിക്കുമ്പോൾ നാം അതു സ്വീകരിക്കുകയും അതിനെ സ്നേഹിക്കുകയും, ജീവനേക്കാളും ലൗകിക സന്തോഷങ്ങളെക്കാളും ദൈവഹിതത്തെ സ്നേഹിക്കുകയും ചെയ്യണം. ചുരുക്കത്തിൽ നമ്മുടെ രക്ഷകൻ നാലു കാരണങ്ങൾ കൊണ്ടാണു് പ്രാർത്ഥിക്കുന്നതു്: 1) നമ്മുടെ പ്രകൃതിയുടെ ബലഹീനത നിമിത്തവും നമ്മെ പീഡിപ്പിക്കുന്നവരോടുള്ള കാരുണ്യം നിമിത്തവും കഴിവുള്ളിടത്തോളം നാം പീഡനങ്ങളിലേക്കു് ഓടിക്കയറിച്ചെല്ലരുതു്. 2) ദുരിതത്തിന്റെ അവസരം പ്രാർത്ഥന പ്രയോജനപ്രദമാണു്. 3) മരണം എത്ര കയ്പേറിയതാണു് എന്നു കാണിക്കാൻ. 4) അവിടുത്തോടുള്ള ബന്ധം യൂദന്മാർ തള്ളിപ്പറയാതിരിക്കാൻ.

*"ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനം"* (26.41). പൗരാണികരിൽനിന്നുള്ള പാരമ്പര്യമായി *ചിലർ* ഇങ്ങനെ പറയുന്നു: 'ഒരുക്കമുള്ള ആത്മാവു്' എന്നു പറയുന്നതു കർത്താവിന്റെ ആത്മാവാണു്; അതു സഹിക്കാൻ സന്നദ്ധമായിരുന്നു. എന്നാൽ ശരീരത്തിൽ അവിടുന്നു മരണത്തെ ഭയപ്പെട്ടിരുന്നു. ഇതു് അവർ വെറുതെ തമാശയായി പറഞ്ഞതാണു്. യഥാർത്ഥത്തിൽ അവിടുത്തെ വാക്കുകൾ ശ്ലീഹന്മാരെ കുറിച്ചായിരുന്നു: 'നിങ്ങളെല്ലാവരും എന്നിൽ ഇടറും. ശെമഓനും അവന്റെ സഖികളും പറഞ്ഞു: നിന്നോടുകൂടി മരിക്കേണ്ടിവന്നാലും ഞങ്ങൾ നിന്നിൽ ഇടറുകയില്ല. അപ്പോൾ നമ്മുടെ രക്ഷകൻ എല്ലാവരെയും അറിയുന്നവൻ എന്ന നിലയിൽ പറഞ്ഞു: 'പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ. കാരണം, നിങ്ങൾ പ്രതിജ്ഞ ചെയ്യുന്നതുപോലെ നിങ്ങളുടെ ആത്മാവു് ഒരുക്കമുള്ളതാണു്. കാരണം 1) അതിന്റെ സ്വഭാവം മരണത്തേക്കാൾ ഉന്നതമാണു്. 2) അതിനുവേണ്ടി ഒരുങ്ങിയിരിക്കുന്ന പ്രത്യാശ നിമിത്തം. എങ്കിലും ജഡം ബലഹീനമാണു്'' എന്നു് ഓർത്തുകൊള്ളണം; ജീവനോടുള്ള സ്നേഹം നിമിത്തം അതു് മരണത്തെ ഭയപ്പെടുന്നു; കാരണം, അതുതന്നെ ബലഹീനമാണു്; അതുകൊണ്ടു് നിങ്ങൾ പോരാട്ടത്തിൽ പ്രവേശിക്കുമ്പോൾ, അല്പം കഴിഞ്ഞു് ശെമഓനു സംഭവിച്ചതുപോലെ

www.malankaralibrary.com



നിങ്ങൾക്ക മരണഭയം ലവലേശം ഉണ്ടായിരിക്കുകയില്ല. ദൈവത്തോട്ട പ്രാർത്ഥിക്കുക, അവിടുന്ന പ്രലോഭനത്തിൽ പ്രവേശിക്കുന്നതിൽനിന്നു് നിങ്ങളെ തടയും.

*"എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നു പോകാം"* (26:46): അതായത്തു്, എഴുന്നേൽക്കുവിൻ, നമുക്ക് ധൈര്യപൂർവം ക്രൂശാരോഹകരോടൊത്തു പോകാം. പിതാവിന്റെ തിരുവിഷ്ടം നിറവേറട്ടെ. *"സ്നേഹിതാ, നീ എന്തിനാണു വന്നത്?"* (26:50): അതായത്തു്, നീ മുഖംമൂടിവച്ചു വന്നതു നന്നായില്ല. നീ എന്തിനുവേണ്ടി വന്നുവോ അതു നേരേ ചെയ്യുക; കാരണം ഞാൻ നിഗൂഢകാര്യങ്ങൾ അറിയുന്നവനാണു്. ഞാൻ സ്വയമേ പീഡനങ്ങൾക്ക് ഏല്പിച്ചുകൊടുക്കുമായിരുന്നല്ലോ. *"അവിടുന്നു് എനിക്ക് മാലാഖമാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചുതരും"*: ഇസ്രായേലിന്റെ പന്ത്രണ്ട ഗോത്രങ്ങൾക്കെതിരായിട്ടെന്നർത്ഥം. *"ഒരു കള്ളന്റെ നേരെയെന്നവണ്ണം നിങ്ങൾ എനിക്കെതിരെ വന്നിരിക്കുന്നുവോ?"*: കള്ളന്മാർ രാത്രിയിലാണ് മോഷ്ടിക്കുന്നതു്, കൊള്ളക്കാർ മലകളിലും മരുഭൂമികളിലും കൊള്ളയടിക്കുന്നു, *'ഞാൻ എല്ലാ ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ട് നിങ്ങളോടുകൂടി ആയിരുന്നല്ലോ'*.

## പുസ്തകം XXI

*"മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ എഴുന്നള്ളി വരുന്നതും നിങ്ങൾ കാണും"* (26:64): രണ്ട കാര്യങ്ങളെപ്പററിയാണ് ഇവിടെ പറയുന്നതു്: ഒന്നാമതായി തന്റെ ഉത്ഥാനത്തിനുശേഷം തന്റെ നാമത്തിൽ ചെയ്യപ്പെടേണ്ട കാര്യങ്ങളെക്കുറിച്ചു്; അതുവഴി അവിടുന്നു് ദൈവപുത്രനാണെന്നു് ഉറപ്പിക്കപ്പെടണം. രണ്ടാമതായി, അവിടുന്ന സ്വർഗ്ഗത്തിൽനിന്ന വരുന്നതു് മററു മനുഷ്യരോടൊപ്പം അവരും ദർശിക്കും; അവിടുന്നു് പിതാവിൽ നിന്നാണെന്നു് അംഗീകരിക്കപ്പെടും. 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു' എന്നു് നിങ്ങൾ പറയുന്നതുവരെ നിങ്ങൾ എന്നെ കാണുകയില്ല' എന്നു് അല്പംമുമ്പു് അവിടുന്നു് അവരോട്ട പറഞ്ഞതുപോലെയാണു്. അതായത്തു്, ഞാൻ എന്റെ പിതാവിലും എന്റെ പിതാവു് എന്നിലും ആണെന്നും, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു എന്നു് വിളിച്ചു പറഞ്ഞ കുട്ടികളെ ഉത്തേജിപ്പിച്ചതു് അവിടുന്നാണെന്നും നിങ്ങൾ മനസ്സിലാക്കും.

www.malankaralibrary.com



*"ഈ ആലയം തകർക്കുവിൻ...."* എന്നിത്യാദി നമ്മുടെ കർത്താവ് പറഞ്ഞതു് സാക്ഷ്യപ്പെടുത്തിയവരെ *'കള്ളസാക്ഷികൾ'* എന്നുപറഞ്ഞതു് എന്തുകൊണ്ടാണു്? കാരണം, അവർ ദൃശ്യമായ ആലയത്തെപ്പററിയാണ പറഞ്ഞതു്, അവിടുന്നാകട്ടെ, തന്റെ ശരീരമായ ആലയത്തെപ്പററിയും. അവക്കിതു ബോധ്യമില്ലായിരുന്നു. അവിടുന്നു് മരിച്ചവരിൽനിന്നു് ഉത്ഥാനം ചെയ്തില്ലായിരുന്നെങ്കിൽ അതു് ശ്ലീഹന്മാരുടെ ശ്രദ്ധയിൽ പോലും പെടില്ല' എന്നു് ആരെങ്കിലും പറഞ്ഞാൽ, അവർ ഇത് അറിഞ്ഞിരിക്കട്ടെ, അവർ അറിഞ്ഞില്ല എന്നതു് സത്യമാണെങ്കിൽ തന്നെയും, അവർ പറഞ്ഞതു സത്യമല്ല. അവിടുന്നു ചെയ്യാമെന്നു് വാഗ്ദാനം ചെയ്തതു് ഒരു കാര്യമാണു്, രണ്ടു കാര്യമല്ല. ആലയം തകർക്കാൻ അവിടുന്നു് അവരെ ഉപദേശിച്ചു; താനതിനെ ഉയിർപ്പിക്കുമെന്നു് പറഞ്ഞതു് തന്നെപ്പററിയാണു്. അതുകൊണ്ടു് അവർ നുണ പറഞ്ഞു: 'തകർക്കുവിൻ' എന്നതിനുപകരം 'ഞാനതു തകർക്കും' എന്നു് പറഞ്ഞെന്നു് അവർ കള്ളസാക്ഷി പറഞ്ഞു.

*"കോഴി കൂവുന്നതിനു മുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും"* എന്നു് മത്തായി പറഞ്ഞതു് (26:34). എന്തുകൊണ്ടാണു് എന്നു ചോദിച്ചേക്കാം. "നീ രണ്ടു പ്രാവശ്യം എന്നെ തള്ളിപ്പറയും" എന്നാണു് മർക്കോസ്(14:30) പറയുന്നതു്. *ഭാഷ്യകാരൻ* ഇപ്രകാരം പറയുന്നു: ശെമഓൻ ആദ്യം തള്ളിപ്പറഞ്ഞപ്പോൾ പതിവനുസരിച്ചല്ലെങ്കിലും കൂകുവാൻ ദിവ്യശക്തി കോഴിയെ ഉത്തേജിപ്പിച്ചു. തന്റെ വാഗ്ദാനത്തെപ്പററി ശെമഓനെ ഓർപ്പിക്കാനും അങ്ങനെ അവൻ ലജ്ജിതനാകുവാനും വേണ്ടിയായിരുന്നിതു്. അവൻ നിർബന്ധിക്കപ്പെടുകയും പിന്നെയും രണ്ടുപ്രാവശ്യം തള്ളിപ്പറയുകയും ചെയ്തപ്പോൾ കോഴി പതിവനുസരിച്ചു് കൂകി. എന്നാൽ കോഴികൂവുന്നതിനുമുമ്പു് മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു എന്നു പറഞ്ഞ സുവിശേഷകർ, സ്വാഭാവികമല്ലാത്ത ഒന്നു് വിട്ടുകളഞ്ഞിട്ടു്, സ്വാഭാവികമായതിനെപ്പററിയാണു് സംസാരിച്ചതു്. ശെമഓന്റെ കല്പനയാലും റോമാക്കാർ ആവശ്യപ്പെട്ടതനുസരിച്ചും റോമാക്കാർക്കുവേണ്ടി സുവിശേഷം രചിച്ച മർക്കോസ് സംഭവം നടന്നതുപോലെ രേഖപ്പെടുത്തി. തന്റെ ബലഹീനത വെളിപ്പെടുത്താൻ ശെമഓൻ ആഗ്രഹിച്ചു; അവൻ തന്റെ വാഗ്ദാനം അനുസരിച്ചു് പ്രവർത്തിച്ചില്ല, തനിക്കു് പതിവായിരുന്നതു പോലെയല്ല കോഴി കൂകിയതു്.

*മററു ചിലർ* പറയുന്നതു്: ശെമഓൻ തള്ളിപ്പറഞ്ഞു; കോഴി കൂകിയതുമില്ല, അവൻ രണ്ടാമതും തള്ളിപ്പറഞ്ഞു, പതി

www.malankaralibrary.com



വിന വിരുദ്ധമായി കോഴി കൂകി; അവൻ മൂന്നാമത്തും തള്ളി പ്പറഞ്ഞു; അപ്പോഴം പതിവനുസരിച്ച് കോഴികൂകി. കോഴി കൂവിയതിൻെറ ഇരട്ടിപ്പിനെപ്പററി *മാർ അപ്രേം* രണ്ടു പ്രാവ ശ്യം പരാമർശിക്കുന്നുണ്ട്. 'കോഴി കൂകി' എന്നാണ് അദ്ദേഹം പറയുന്നത്. ഉടനെ മററൊരു കോഴി കൂടി കൂകി. തുടർന്നു പലതു കൂടി കൂകി. ശെമഓൻെറ വലിയ സാക്ഷ്യത്തിനായി ട്ടായിരുന്നത്. *ഹെനാനാ* പറയുന്നു: ഒന്നാം തള്ളിപ്പറച്ചിലിനു ശേഷമാണ് കോഴി കൂകിയ ആദ്യശബ്ദമുണ്ടായത്; രണ്ടാമത്തെ ശബ്ദം മൂന്നാം തള്ളിപ്പറയലിനുശേഷമാണുണ്ടായത്. ഇതു് അവിടുന്നു പറഞ്ഞതനുസരിച്ചാണ്: "കോഴി രണ്ടുപ്രാവശ്യം കൂകുന്നതിനുമുൻപ് നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും". അതായതു്, രണ്ടാമത്തെ തള്ളിപ്പറയലിൽ കോഴി കൂകിയില്ലെ ന്നർത്ഥം. ഒന്നിലും മൂന്നിലുമേ സംഭവിച്ചുള്ളു. അതുകൊണ്ട് പതിവനുസരിച്ച് കോഴി രണ്ടുപ്രാവശ്യം കൂകി. ചിലർ പറ ഞ്ഞതുപോലെ, തൻെറ വാക്കിൻെറ ഉറപ്പിക്കലിനായി നമ്മുടെ കർത്താവ് കോഴിയെ നിർബന്ധിച്ചില്ല. മർക്കോസിൻെറ വിവരണമനുസരിച്ച്, ഒരു തള്ളിപ്പറയലിനുശേഷം കോഴി കൂകി. ഇതു് പതിവനുസരിച്ചോ അല്ലാതെയോ ആകാം. എന്നാൽ രണ്ടാമത്തെ തള്ളിപ്പറയലിൽ അതു കൂകിയില്ല.

ശിഷ്യർ ഓടിപ്പോകാതിരിക്കാനും അവരുടെ തലവൻ തള്ളിപ്പറയാതിരിക്കാനും നമ്മുടെ കർത്താവിനു് ശക്തി കൊടു ക്കാമായിരുന്നു. എന്നാൽ അവരുടെ ബലഹീനതയെ കുറപ്പെടു ത്തുക അവർക്കു പ്രയോജനകരമായിരുന്നു. കൃപയുടെ പ്രവർ ത്തനം നടക്കേണ്ടിയുമിരുന്നു. അവരെ അവരുടെ പ്രകൃതിയുടെ ബലഹീനതയിൽ തന്നെ വിട്ടു. ഇതിൽ നിന്നു് അവർ രണ്ടു കാര്യം മനസ്സിലാക്കേണ്ടിയിരുന്നു: തങ്ങളം വഴി വിളിക്കപ്പെട്ട വരോട്ട് കരുണയുണ്ടായിരിക്കണം, തങ്ങളംവഴി അവസാനം സംഭവിക്കാനിരിക്കുന്നവ നിമിത്തം അവർ ഉന്മത്തരായിത്തീര രുതു്.

"*യേശു ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നു കണ്ട് യൂദാ പശ്ചാത്തപിച്ചു*" (27:3): യൂദന്മാരാൽ, എന്നാൽ യഥാർത്ഥമായിട്ടല്ല "ശിക്ഷയ്ക്കു വിധിക്കപ്പെട്ടതു്". യൂദായുടെ അനുതാപം സത്യമായിരുന്നില്ല, നീതിമാനെ മരണ ത്തിനൊററിക്കൊടുത്തതിനാൽ നശിച്ചുപോകുമോ എന്ന ഭയ ത്തിൽനിന്നായിരുന്നു. കാരണം, അവൻ ശെമഓനെപ്പോലെ അനുതപിച്ചിരുന്നെങ്കിൽ അവൻ എല്ലാം വിട്ടു് നമ്മുടെ കർത്താ വിങ്കലേക്കു് തിരിയുമായിരുന്നു. "*അവൻ കെട്ടിഞാന്നു*" (27:5): അവൻ നിന്ദ്യമായി മരിച്ചു; അതല്ലെങ്കിൽ സോദോമ്യ

www.malankaralibrary.com



രെയും ലോത്തിൻെറ ഭാര്യയെയുംപോലെ എല്ലാവരും അവൻെറ നേരെ വിരൽ ചൂണ്ടുമായിരുന്നു. അങ്ങനെ ജീവിതകാലം മുഴുവൻ അവൻ ഇഞ്ചിഞ്ചായി മരിക്കുമായിരുന്നു. തൻെറ ദുഷ്പ്രവൃത്തി ഗോപ്യമായി വയ്ക്കാം എന്ന അവൻെറ പദ്ധതി ഇങ്ങനെ പൊളിഞ്ഞു. അതേസമയം മററു ശിഷ്യന്മാർ അവനെ കൊന്നു എന്നു് ആരും ധരിക്കാതിരിക്കാനുമാണിത്തു്. ഒരുകിൽ ദൈവം അവൻ തൂങ്ങിയ കയറു മുറിച്ചു, അല്ലെങ്കിൽ തൂങ്ങുന്ന അവനെ ആരോ കണ്ടു് കയർ വെട്ടി താഴെയിട്ടു. അങ്ങനെ അവൻ തൂങ്ങിക്കിടക്കുന്നതിൽ നിന്നൊഴിവായി. അവൻ താഴെ വീണു്, കുടൽ പിളർന്നു്, വഴിയുടെ നടുക്കു കിടന്നു. ലൂക്കോസ് നടപടിയിൽ വിവരിക്കുന്നതുപോലെ, അവൻെറ കുടൽ പുറത്തു ചാടി (1:18).

എന്നാൽ പുരോഹിതന്മാർ ഒരശുദ്ധവസ്തു എന്നനിലയിൽ ആ വെള്ളിനാണയങ്ങൾ എടുത്തു് പരദേശികളുടെ ശവസംസ്കാരത്തിനായി കുശവൻെറ നിലം വാങ്ങി. പരദേശികളോടുള്ള പരിഗണനയാൽ ചെയ്തു എന്നു കരുതി കൊലപാതകത്തിൻെറ ദുഷ്ടത മറച്ചുവയ്ക്കാം എന്നു കരുതിയാണു് അവരിതു പ്രവത്തിച്ചതു്. എന്നാൽ അതു് *രക്തനിലം* എന്നു് വിളിക്കപ്പെടണമെന്നു്, അവരുടെ നിന്ദനത്തിനായി ദൈവം മുൻകൂട്ടി മറിച്ചു തീരുമാനിച്ചു. ''ഞാൻ മുപ്പതു വെള്ളിക്കാശെടുത്തു് കുശവൻെറ നിലത്തിനുവേണ്ടി കൊടുത്തു'' എന്ന പ്രവചനം പൂർത്തിയാകേണ്ടിയിരുന്നു.

കാരുണ്യത്തിൻെറ പേരിൽ പെരുന്നാൾ ദിവസം അവർ ഒരു തടവുകാരനെ ഇറക്കിവിട്ടു. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു് തങ്ങൾ സ്വതന്ത്രരായ ഈ പെരുന്നാൾ ദിവസത്തിനു് മോടി കൂട്ടാനാണു് അവരിപ്രകാരം ചെയ്തിരുന്നതു്. എന്നാൽ ബറബ്ബായുടെ പേരും യേശു എന്നായിരുന്നു. ''നമ്മുടെ കത്താവിനെപ്രതി സ്വപ്നത്തിൽ പീഡ സഹിച്ചതിപ്പററി'' എന്തുകൊണ്ടാണു് പീലാത്തോസിനോടു് അവൻെറ ഭാര്യ രാത്രിയിൽ തന്നെ പറയാഞ്ഞതു് എന്നു ചോദിച്ചേക്കാം. ന്യായാസനത്തിൽ ആളയച്ചു പറയിച്ചതെന്തിനാണ്? ദൈവികകൃപ ക്രമീകരിച്ചതനുസരിച്ചു് ആ രാത്രിയിൽ പീലാത്തോസ് മറെറാരിടത്തായിരുന്നു എന്നു ചിലർ പറയുന്നു. അങ്ങനെ, ന്യായാസനത്തിൽ ആളയച്ചു പറയിക്കുമ്പോൾ അവനും കേൾവിക്കാർക്കും അത്ഭുതം തോന്നുന്നതിനുവേണ്ടിയായിരുന്നിതു്. എന്നാൽ മാർ അപ്രേം പറയുന്നു: അവർ ഭവനത്തിലായിരുന്നപ്പോൾ അവൾ തൻെറ സ്വപ്നം മറന്നുപോയി; അവനോടു പറഞ്ഞുമില്ല. അതു ദൈവികപരിപാലനയിൽ സംഭവിച്ചതാണു്. പിന്നീടു്

www.malankaralibrary.com



അവ:രം അതോർത്തപ്പോരം അക്കാര്യം ന്യായാസനത്തിൽ ആളയച്ച് അറിയിച്ചു. അങ്ങനെ എല്ലാവരും അതിൽ അത്ഭുതപ്പെട്ടു. *"അവൻ കൈകഴുകി"* (27:24). കൈകഴുകുന്നതുവഴി തനിക്കതിൽ പങ്കില്ലെന്നു കാട്ടുന്ന രീതി പ്രാചീനർക്കുണ്ടായിരുന്നു.

*"അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെ മേലും വരട്ടെ"* (27:25): ഞങ്ങരം അവനെ നിനക്കു നീതിരഹിതമായാണ് ഏല്പിച്ചതന്നതെങ്കിൽ, അതിനു ഞങ്ങരം ഉത്തരവാദികളാണ്. മററു ചിലർ പറയുന്നു: ഇതു് അവരിൽ ഒരു മുറിപ്പാടുപോലെ നിലനിന്നു. അതായതു്, അവരിൽ നിരന്തരം രക്തത്തിൻെറ മണം ഉണ്ടായിരുന്നു. ക്രിസ്തുവിനോടു് അവർക്കുള്ള നിരന്തരമായ വിദ്വേഷത്തിൻെറ മിസ്റ്റിക്കൽ അവതരണമാണിതു്.

*"അവർ യേശുവിനെ ചമ്മട്ടികൊണ്ട് അടിച്ചു"* (27:26): കുരിശിൽ തറയ്ക്കാനുള്ളവരെ അതിനുമുമ്പു് പ്രഹരിക്കണമെന്നു് റോമൻ നിയമം ഉണ്ടായിരുന്നു. അവനെ പ്രഹരിച്ചശേഷം കുരിശിൽ തറയ്ക്കാനായി കയ്യാളിച്ചു. *"സൈന്യവിഭാഗത്തെ മുഴുവൻ അവനെതിരെ അണിനിരത്തി"* (27:27); റോമൻ പട്ടാളക്കാരെ. അവനെ അവഹേളിക്കാനായി രാജവസ്ത്രത്തിനു തുല്യമായ വസ്ത്രം ധരിപ്പിച്ചു. *"ചുവന്ന പുറങ്കുപ്പായം"* (27:28): രാജാവിനുമാത്രമേ അത്തരം വസ്ത്രം ധരിക്കാൻ അവകാശമുണ്ടായിരുന്നുള്ളു. ജനങ്ങളുടെമേലുള്ള തളിപ്പിലും ശുദ്ധീകരിക്കലിലും ഈ രഹസ്യം മറഞ്ഞിരുന്നു; സേറഹിൻെറ കൈകളിലെ ചരടിലും ജനലിൽ തൂക്കിയിട്ടിരുന്ന ചരടിലും (ഉല്പ. 38:30; ജോഷ്വാ 2:18). കുപ്പായം എന്നതിനുപകരം "പട്ടുവസ്ത്രം" എന്നാണു് യോഹന്നാനിൽ (19:2). ഈജിപ്തുകാരുടെയും ഗ്രീക്കുകാരുടെയും രാജവാഴ്ചസ്ഥലുപയോഗിച്ചിരുന്ന പട്ടുവസ്ത്രം മക്കബായക്കാർക്ക് ബഹുമാനാർത്ഥം നൽകിയിരുന്നു. പുരോഹിതന്മാർ അതെടുത്തു പീലാത്തോസിനെ കാണിച്ചുകൊണ്ടു പറഞ്ഞു: യേശു തനിക്കായി സജ്ജമാക്കിയ പട്ടുസാധനങ്ങളിതാ. രാജാവകാശിയാകുമെന്നു് ഇവൻ കരുതുന്നു; സീസറിനെതിരായി വിപ്ളവം ഇളക്കിവിടാൻ ഗൂഢാലോചന നടത്തുകയും ചെയ്യുന്നു.

കിരീടത്തിനുപകരം അവൻെറ ശിരസ്സിൽ അവർ ഒരു *"മുൾക്കിരീടം"*വച്ചു: രാജ ചെങ്കോലിനു പകരം *"ഞാങ്ങണയും"* കൊടുത്തു. അവർ അവനെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്തുകൊണ്ടിരുന്നു. "അവിടുന്നു് സത്യമായും ലോക

www.malankaralibrary.com



രാജാവാണ്''എന്നു''പട്ടു''വഴി ഭാവി സംഗതികളുടെ യാഥാർത്ഥ്യത്തെ അവർ, സ്വേച്ഛയാ അല്ലെങ്കിലും സൂചിപ്പിക്കുകയായിരുന്നു. കിരീടം ധരിപ്പിക്കപ്പെട്ടുന്ന രാജാവിൻെറതുപോലെയും മത്സരത്തിൽ ജയിക്കുന്ന ജേതാവിൻെറതുപോലെയുമാണ് കിരീടം; ''നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടതാകട്ടെ; അതു നിനക്കു മുള്ളുകളും മുൾച്ചെടികളും മുളപ്പിക്കും'' എന്ന ആദത്തിൻെറ മേലുള്ള ശാപം നീങ്ങിയതിനെ ''മുൾക്കിരീടം'' സൂചിപ്പിക്കുന്നു (ഉല്പ. 3:17). വലത്തു കൈയിലെ *''ഞാങ്ങണ''* ഒന്നാമതായി, തൻെറ നിത്യശക്തിയുടെ തെളിവാണ്. ആദം വഴി നമുക്കെതിരെ എഴുതപ്പെട്ട എഴുത്ത് അവിടുന്ന് മായിച്ചുകളഞ്ഞു എന്നതു് രണ്ടാമതായി സൂചിപ്പിക്കുന്നു. മൂന്നാമതായി, ഹവ്വായെ ചതിച്ച നിഗൂഢ സർപ്പത്തെ ചവിട്ടിഞെരിച്ച കൊന്നതിൻെറ സൂചന ; കാരണം, പാമ്പിനു് സ്വാഭാവികമായി ഞാങ്ങണയെ ഭയമാണ്; നാം പാമ്പിനെ അടിച്ചുകൊല്ലുന്നതു് വടി കൊണ്ടാണല്ലോ

പുറജാതികൾ നമ്മുടെ രക്ഷകനിലേക്കു് മാനസ്സാന്തരപ്പെടുന്നതിനെ സൂചിപ്പിക്കുന്നതാണ് *'അവർ മുട്ടുകുത്തി'* ആരാധിച്ചു എന്നു പറഞ്ഞിരിക്കുന്നതു്. എന്നാൽ പുരോഹിതന്മാരും മൂപ്പന്മാരും ഇതിനൊന്നും അടുത്തു വന്നില്ല. അവർ ഒന്നിച്ചു കൂടി, ദൂരെനിന്നു നോക്കി കാണുക മാത്രം ചെയ്തു; കാരണം അവർ അപ്പോഴും പെസഹാ ഭക്ഷിച്ചിരുന്നില്ല. പുറജാതികളുമായി ഇടപെട്ടാൽ തങ്ങൾ അശുദ്ധരായിപ്പോകും എന്നു ചിന്തിച്ചാണ് അവരിതു ചെയ്തതു്. വൈകിട്ടു് മാത്രമേ അവർക്ക് ഭക്ഷിക്കാൻ അനുവാദം ഉണ്ടായിരുന്നുള്ളു. അവനെ കൊല്ലുന്നതു വരെ അവർ ഭക്ഷിക്കാതിരുന്നു. പിന്നെ അപകടം കൂടാതെ പെസഹാ ഭക്ഷിക്കാമല്ലോ. കുരിശിൽ തറച്ചവനു് വീഞ്ഞുകൊടുത്തു് അവൻെറ വേദന മറക്കാനായി ബോധം കെടുത്തുന്ന നിയമമനുസരിച്ചു്, അവർ അവനു് വിനാഗിരിയും കൈപ്പും കൊടുത്തു. പ്രവചന പൂർത്തീകരണത്തിനായി നമ്മുടെ കർത്താവു് തന്നെ ഇതാവശ്യപ്പെട്ടു എന്നതു് വ്യക്തമാണ്.

## പുസ്തകം XXII

*വലത്തുഭാഗത്തെ കള്ളൻെറ പേര്* ടൈററസ് എന്നും ഇടത്തുഭാഗത്തുള്ളവൻെറ പേരു് ദുമാക്കസ് എന്നുമായിരുന്നു. സൂര്യനിൽ ചിലപ്പോൾ സംഭവിക്കുന്നതിൽനിന്നു് വ്യത്യസ്തമായിരുന്നില്ലേ ക്രൂശാരോഹണാവസരം ഉണ്ടായ ഇരുട്ടു്? അതു കർതൃശക്തിയിൽ നിന്നാണെന്നു് രണ്ടു കാര്യങ്ങളാൽ വ്യക്തമാണ്: ഒന്നാമതായി, അതു് ഭൂമി മുഴുവൻ വ്യാപിച്ചിരുന്നു;

www.malankaralibrary.com



രണ്ടാമതായി, അതു് മൂന്നു മണിക്കൂർ നേരം നിലനിന്നു. ചന്ദ്രന്റെ 29 മുതൽ 30 വരെയുള്ള രണ്ടവസരങ്ങളിലേ സൂര്യൻ ഇരുളാറുള്ളു. സൂര്യനും ചന്ദ്രനും ഒരേ ലൈനിലാണെങ്കിൽ ചന്ദ്രന്റെ 30 നു് പകൽ ഇരുട്ടായിരിക്കും എന്നു് മററുചിലർ പറയുന്നു; അതായതു്, സഞ്ചാരപഥത്തിന്റെ ഒരേ ദിശയിൽ അവ ചരിക്കുമ്പോഴ്; ഇതെല്ലാ വഷവും സംഭവിക്കുന്നുമില്ല, പിന്നെയോ, ഏഴു വർഷത്തിലൊരിക്കൽ മാത്രം. ചന്ദ്രനിൽനിന്നു മാത്രമല്ല, പിന്നെയോ, സൂര്യനു താഴെ ഇതേ രീതിയിൽ ഇതുകൊണ്ടും ഇരുട്ടുണ്ടാകാം. എന്നാൽ ഒരു ഗ്രഹണം, അതായതു് ഇരുട്ടു്, ചന്ദ്രനെ ഇരുട്ടാക്കുമ്പോഴ്, അതിനു തനിയെ അപ്രകാരം ചെയ്യാനാവും; ചന്ദ്രപ്രകാശത്തിന്റെ പ്രതിഫലനം വഴിയുണ്ടാകുന്ന മറയൽ എന്നു് ഈ ഗ്രഹണത്തെ വിശദീകരിക്കാം: സൂര്യനു നേരെയല്ലെങ്കിൽ അവസ്ഥ് സൂര്യനെ ഇരുട്ടാക്കാൻ സാധ്യമല്ല. ഇതിന്റെ നേരേ വിപരീതമായിട്ടാണ് ഇവിടെ സംഭവിച്ചതു് കാരണം, സൂര്യനും ചന്ദ്രനും ഒരേ ലൈനിൽ ആയിരുന്നില്ല; എന്നു തന്നെയല്ല, വളരെ അകലെയായിരുന്നുതാനും. ഒരു ഗോളത്തിന്റെ പകുതിയളവു്; അതായതു് 15 ഡിഗ്രി, അതായതു് ദിവസങ്ങൾ. വീണ്ടും, ചന്ദ്രൻ നിമിത്തം സൂര്യൻ ഇരുണ്ടുപോയാൽ, അതായതു് ഗ്രഹണം, അതു് ഭൂമി മുഴുവൻ ആയിരിക്കുകയില്ല, ഒരിടത്തു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഈ ഇരുട്ടിനാകട്ടെ മൂന്നു സവിശേഷതകൾ ഉണ്ടായിരുന്നു: ഒന്നു്, ഇതു് പൂർണ്ണചന്ദ്ര ദിവസമായിരുന്നു; രണ്ടു്, ഇതു് മൂന്നുമണിക്കൂർ നീണ്ടുനിന്നു; മൂന്നു്, ഇതു് ഭൂമി മുഴുവൻ വ്യാപിച്ചിരുന്നു 'ദേവന്മാരിലൊരാൾ ഈ ദിവസം പീഡയനുഭവിച്ചു മരിച്ചു' എന്നു് ഗ്രീസിലെ വിജ്ഞാനികളും, ബാബിലോണിലെ കൽദായരും, ഈജിപ്തിലെ മാന്ത്രികരും രേഖപ്പെടുത്തിയിരിക്കുന്നു. ഇതേപ്പററി ദാവീദും രേഖപ്പെടുത്തുന്നു: 'ഭൂമിയിലെ രാജാക്കന്മാരും അധിപന്മാരും എഴുന്നേററിരിക്കുന്നു' (സങ്കീ. 2:2); അതായതു്, അവരുടെ സിംഹാസനങ്ങളിൽനിന്നു്; സംഭവിച്ചവയെപ്പററി അവർ അത്ഭുതസ്തബ്ധരായി. ആദിയിൽ പ്രകാശം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പുള്ള ഇരുട്ടുപോലെയായിരുന്നു ഈ അന്ധകാരവും.

''*ഒരാൾ ഓടിച്ചെന്നു് നീർപ്പഞ്ഞിയെടുത്തു് വിനാഗിരിയിൽ മുക്കി, ഒരു ഞാങ്ങണമേൽ ചുററി അവനു കുടിക്കാൻ കൊടുത്തു*'' എന്നു് മത്തായി ഇവിടെ പറയുന്നു (27:48). എന്നാൽ ''അവർ വിനാഗിരിയിൽ കുതിർത്ത നീർപ്പഞ്ഞി ഹീസോപ്പിൽ വച്ചു് അവന്റെ ചുണ്ടോടടുപ്പിച്ചു'' എന്നാണ് യോഹന്നാൻ പറയുന്നതു് (19:29). ചിലർ കരുതുന്നതുപോലെ ഇവരണ്ടും പരസ്പരവിരുദ്ധമല്ല. ഹീസോപ്പു്, ചുരയ്ക്കാപോലുള്ള ഒന്നാണ്. ഒരു ഞാങ്ങണയുടെ അററത്തു് അതു

www.malankaralibrary.com



ചേത്ത്  വെള്ളംകൊണ്ടുവരാൻ ഉപയോഗിച്ചിരുന്നു. ആ സ്ഥലത്തെ ഭാഷയനുസരിച്ച് അതിനെ ഇപ്രകാരം വിളിച്ചിരുന്നു. 'മാർജോരാം'പോലെ അല്ല ഇത്. വിനാഗിരിയും കൈപ്പും നിറച്ച ഹീസോപ്പിൽ അവർ നീർപ്പഞ്ഞി ഇട്ടു. –ഹീസോപ്പ് ചുരയ്ക്കാപോലെയിരുന്നു– അത് ഞാങ്ങണ കൊണ്ടുയർത്തി അവൻെറ ചുണ്ടോടടുപ്പിച്ചു. നീർപ്പഞ്ഞി പേർഷ്യൻ ഭാഷയിൽ സ്പോൻജ് ആണ്.

*"ഏലി, ഏലി, ലമാ, സബക്ഥാനി"* (27:46): അവിടുത്തെ ദൈവത്വം അവിടുത്തെ വിട്ടുപോയി എന്നല്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ, കല്പന ലംഘനത്താൽ പ്രവേശിച്ച വേദനയിലും മരണത്തിലും പോലുമില്ല. അവിടുന്നു വിവശനാകുകയും ദൈവദൂതൻ വന്നു സാന്ത്വനപ്പെടുത്തുകയും ചെയ്തപ്പോഴും ദൈവത്വം അവിടുത്തോടുകൂടി ഉണ്ടായിരുന്നു. അവിടുന്ന് ഇപ്രകാരം പറഞ്ഞത് നമ്മുടെ പ്രബോധനത്തിനായിട്ടാണ്: ഇതേ സാഹചര്യത്തിലായിരിക്കുന്നവരോട് ഏതാണ്ടിതുപോലെ പറയുന്നത് ഉചിതമാണ്. ഈ എളിയ കാര്യങ്ങളോടൊപ്പം മഹനീയ കാര്യങ്ങളും ഉണ്ടായിരുന്നു എന്നതു നാം മറക്കരുത്. എളിയ കാര്യങ്ങളും പീഡാനുഭവവും കൊണ്ട് ദൈവത്വം നിശ്ശബ്ദമായിപ്പോയി എന്നു നാം കരുതരുത്. അതുകൊണ്ട് ദാസിയേപ്പോലെ പ്രപഞ്ചം മുഴുവൻ തൻെറ നാഥനെപ്രതി ദുഃഖകീർത്തനം ആലപിക്കുകയായിരുന്നു. ലോകദീപമായ സൂര്യൻ കറുപ്പു ധരിച്ചു; ചന്ദ്രൻ ചുവന്നു, രക്തവർണ്ണമായി. ഉദയ സമയമായിരുന്നില്ലെങ്കിലും പെട്ടെന്ന് അത് കിഴക്ക കാണപ്പെട്ടു. ശക്തിയായി പടിഞ്ഞാറേക്ക യാത്ര തിരിച്ചു; അത് സൂര്യനോടു ചേർന്നു. തങ്ങളുടെ നാഥൻെറ വേദനയിൽ ആകുലപ്പെടുന്ന നല്ല ദാസരെപ്പോലെ അവ രണ്ടും ദുഃഖത്തിൻെറ മൂടുപടം ധരിച്ചു. പാപംവഴിയായി ലോകത്തിലേക്ക പ്രവേശിച്ച പീഡകൾ അവസാനിച്ചു എന്നതിൻെറ സൂചനയായി ഒൻപതാം മണിക്കൂറിനുശേഷം അന്ധകാരം നീങ്ങിപ്പോയി.

ഭൂകമ്പവും, അന്ധകാരംപോലെ, ഭാഗികമായിരുന്നില്ല; ഭൂമി മുഴുവൻ ഉണ്ടായിരുന്നു. ജലത്തിൽ കിടക്കുന്ന പാത്രംപോലെ അത് കലുങ്ങി വിറച്ചു. ഒന്ന്, അഹങ്കാരികൾക്ക് ഒരു പാഠമായിട്ട്. രണ്ട്, ഭൂമിയെ അതിൻെറ അടിസ്ഥാനത്തിൽ ഉറപ്പിച്ചത് അവിടുന്നാണ് എന്നതിൻെറ അടയാളമായിട്ട്. "പാറകൾ പൊട്ടിപ്പിളർന്നു": ഒന്ന്, ധിക്കാരികൾ കാണിച്ച ഈ കയ്യേററത്തെ കുററപ്പെടുത്താൻ. രണ്ട്, ബുദ്ധിജീവികൾ സ്തുതിക്കാതെ മൗനം അവലംബിച്ചതിനാൽ. *"ദേവാലയത്തിലെ തിരശ്ശീല"* (27:51) ഒരു പ്രതീകമായിരുന്നു. അതു

www.malankaralibrary.com



കീറി: ഒന്നു്, അതിൻെറ യാഥാർത്ഥ്യത്തിൻെറ വേദനയെ വഹിക്കാൻ അതിനു കഴിയാഞ്ഞതിനാൽ. രണ്ടു്, അതിൽ നിന്നു് ദൈവിക മഹത്ത്വവും പരിശുദ്ധാത്മാവിൻെറ കൃപയും നീങ്ങിപ്പോയെന്നുള്ളതിൻെറ അടയാളമായി. നൈയാമിക പ്രതീകങ്ങളായ പൗരോഹിത്യം, ബലി മുതലായവ പൂർണ്ണമായി അതിൽ അവസാനിച്ചു എന്നു കാണിക്കാൻ. അതിനെ നാശത്തിനും ചാമ്പലാക്കലിനും ഇതാ, നിശ്ചയിച്ചിരിക്കുന്നു. പതിനായിരം ദുഷ്കൃത്യങ്ങൾ പ്രവർത്തിക്കുന്ന സൈന്യം ഏകയോഗമായി ഈ രാജ്യം പിടിച്ചടക്കും. രാജ്യത്തിൻെറ നാഥനായ അവിടുന്നാണ് കടങ്ങളുടെയും പാപങ്ങളുടെയും പരിഹാരം എന്നതിൻെറയും അടയാളമായിരുന്നു അതു്. "കല്ലറകൾ തുറക്കപ്പെട്ടു" (27:51): അഞ്ചാറ് "മരിച്ചവർ ഉയിർത്തെഴുന്നേററു: താനാണ് മരിച്ചവരെ ഉയിർപ്പിക്കുന്നവനും ജീവിച്ചിരിക്കുന്നവരെ നവീകരിക്കുന്നവനും എന്നതിൻെറ അടയാളമായിരുന്നു അതു്.

നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തിൻെറ അവസരം വരെ *"ഒരുക്കദിനത്തിൻെറ"* പേരു് തിരുലിഖിതത്തിൽ രേഖപ്പെടുത്തിയിരുന്നില്ല; അതു് പ്രയോഗത്തിലുമില്ലായിരുന്നു. പുരാതനകാലത്തു് ആറാം ദിവസമെന്നോ, ശാബതിലേക്കുള്ള പ്രവേശനമെന്നോ ഒക്കെ അതിനെ വിളിച്ചിരുന്നു. "ഒരുക്കദിനം" എന്നു് അതിനെ വിളിച്ചതു്: ഒന്നാമതു്, ദിവസത്തിൻെറ മധ്യത്തിൽ സൂര്യൻ അസ്തമിച്ചു; രണ്ടു്, ദൈവിക പരിപാലന യൂദന്മാരെ വിട്ട് പുറജാതികളുടെമേൽ പ്രകാശിച്ചു. മൂന്നു്, ക്രൂബേമാലാഖായും വാളും നീങ്ങിപ്പോയി; നാലു്, എല്ലാ ദുഷ്ടതയും അവസാനിച്ചു് നന്മ ഉദയംചെയ്തു; അഞ്ചു്, പഴയ കാര്യങ്ങൾ അവസാനിച്ചു; എല്ലാററിനെയും നവീകരിക്കുന്നവനിലൂടെ പുതിയവ ഉദയം ചെയ്തു.

നമ്മുടെ കർത്താവിൻെറ ആത്മാവു് തൻെറ ശരീരത്തിൽ നിന്നു് വേർപെട്ടപ്പോൾ കല്ലറകളിൽനിന്നു് സമൂഹം മുഴുവൻെറയും ഉത്ഥാനത്തിൻെറ ഉറപ്പിനായി പുറത്തുവന്ന പരേതർ തിരുലിഖിതങ്ങളിൽ കാണപ്പെടുന്ന പ്രവാചകരും നേരത്തെ വരുകയും വിശ്വസിക്കുകയും അവിടുത്തെ പീഡാനുഭവത്തിനു മുൻപ് മരിക്കുകയും ജറുസലേം വാസികൾ പരിചയപ്പെടുകയും ചെയ്തവരായിരുന്നു. അവർ അടുത്തകാലത്തു മരിച്ചവരാണ് എന്നതു് വ്യക്തമാണ് എന്നു് ഇഗ്നേഷ്യസ് സാക്ഷിക്കുന്നു. അവർ "അനേകർക്കു പ്രത്യക്ഷപ്പെട്ടു" എന്നതിൽനിന്നു് നഗരത്തിനു മുഴുവൻ പ്രത്യക്ഷപ്പെട്ടില്ല, അനേകർക്കു മാത്രം കാണപ്പെട്ടു. ദുഷ്ടരും അവിശ്വാസികളുമായി നഗരത്തിലുണ്ടായിരു

www.malankaralibrary.com



ന്നവരെല്ലാം വിശുദ്ധരുടെ ഈ വലിയ സമൂഹത്തെ കാണുക എന്നതു് ഉചിതമല്ലായിരുന്നു. നമ്മുടെ കർത്താവുപോലും നഗരത്തിലുള്ള എല്ലാവർക്കും പ്രത്യക്ഷപ്പെട്ടില്ല. വന്ദ്യരും ദൈവികരുമായവർക്കു് അവർ കാണപ്പെട്ടു. അവരുടെ ദൃഷ്ടിയിൽ ഇതു് പരിശുദ്ധമായിരുന്നു. നമ്മുടെ കർത്താവിൻെറയും തങ്ങളുടെയും ഉത്ഥാനത്തിൻെറ സദ്വാർത്ത അവർ എത്തിച്ചു. അവർ വീണ്ടും മരിക്കാതെ ദൈവികശക്തിയാൽ പിന്നീടു് എടുക്കപ്പെട്ടു. കാത്തിരിക്കുന്നതും രണ്ടാമതൊന്നുകൂടി അരിഷ്ടതയുടെയും സഹനത്തിൻെറയുമായ മർത്ത്യതയ്ക്കു വിധേയമാകുന്നതും അവരെ സംബന്ധിച്ചു് അനുചിതമാണു്. അവർ ആഹാരം കഴിച്ചതേയില്ല എന്നാണെൻെറ അഭിപ്രായം. പിന്നെയോ, മോശയേയും ഏലിയായേയും തങ്ങളുടെ ഉപവാസാവസരം ദൈവകൃപ സംരക്ഷിച്ചതുപോലെ അവരും സംരക്ഷിക്കപ്പെട്ടു. വെള്ളിയാഴ്ചയും ശനിയാഴ്ചയും അവർ ചുററിനടന്നു. എന്നാൽ ചിലർ പറയുന്നതു് അവർ കർത്താവിൻെറ കല്ലറയ്ക്കു ചുററുംനിന്നു് അവിടുത്തേക്കു മഹത്വം നൽകി എന്നാണു്. വേറേ ചിലർ പറയുന്നതു് കർത്താവു് പ്രാർത്ഥിച്ച ഒലിവുമലയിൽ അവർ ഒന്നിച്ചുകൂടി എന്നാണു്. നമ്മുടെ കർത്താവിൻെറയും കള്ളൻെറയും ആത്മാക്കളോടുകൂടി അവർ പറുദീസായിൽ പ്രവേശിച്ചെന്നു് മററു ചിലർ പറയുന്നു. എന്നാൽ അവർ തുടർന്നു് ദീർഘനാൾ ജീവിച്ചെന്നും അവരിൽ ചുരുക്കം ചിലർ ടൈററസിൻെറ ഭരണം വരെ ജീവിച്ചെന്നും ചിലർ പറയുന്നതു് സത്യവിരുദ്ധമാണു്.

എന്തുകൊണ്ടാണു് അവിടുത്തെ ശരീരം തോട്ടത്തിലുള്ള പുതിയ കല്ലറയിൽ വച്ചതെന്നു ചോദിച്ചേക്കാം. മരണത്തിനു് ആധിപത്യം ലഭിച്ചതു് പറുദീസാ എന്ന തോട്ടത്തിൽവച്ചാണു്. അതു് അവസാനിപ്പിക്കേണ്ടതു് തോട്ടത്തിൽവച്ചായിരിക്കണം. പാപം പ്രവേശിച്ചിടത്തു് നീതീകരണവും പ്രവേശിക്കണം എന്നതാണു് ശരി; നാം വെറുതെ ഇതു പറയുന്നതല്ല. ആരെയും അതുവരെ വച്ചിട്ടില്ലാത്ത *"പുതിയ കല്ലറ"*: അതു ദൈവപരിപാലനയാൽ ക്രമീകരിക്കപ്പെട്ടതാണു്. അതായതു് അവിടെ കിടന്ന മററൊരാളിൽ, ഉത്ഥാനം ആരോപിക്കാതിരിക്കാനാണിതു്. വീണ്ടും ജനനം ആദ്യജനനംപോലെയാകാനാണിതു്: ഒന്നാം ജനനത്തിൽ പുരുഷസംസർഗംകൂടാതെ കന്യകയുടെ ഉദരത്തിൽ അവിടുന്നു് ഉരുവായി. അവസാനത്തെ ജനനത്തിൽ, ഒരു മരിച്ചവനും കടക്കാത്ത പുതിയ കല്ലറയിൽ അവിടുന്നു് കിടത്തപ്പെട്ടു. ഒന്നാമത്തേതിൽ മാതാവിൻെറ കന്യാത്വത്തിനു ഭംഗംവരാതെ ജനിച്ചു പുറത്തുവന്നു. അതുപോലെ രണ്ടാമത്തേതിലും കല്ലുകളും മുദ്രയും ഭദ്രമായിരിക്കെ അവിടുന്നു കല്ലറയിൽനിന്നു പുറത്തുവന്നു.

www.malankaralibrary.com



*"അവർ കല്ലിനു മുദ്രവച്ചു; കാവൽക്കാരെ നിർത്തി"* (27:66): അവർ കാവൽക്കാരുടെ കഴുത്തോ ഇടഭാഗമോ കല്ലോടു ബന്ധിച്ചിട്ട് മുദ്രവച്ചു എന്ന് *ചിലർ* പറയുന്നു. കല്ല് ശവക്കല്ലറയോടുകൂടി, കാവൽക്കാരുടെ മുദ്രമോതിരംകൊണ്ട് മുദ്രവച്ചു എന്നാണ് *മററുചിലർ* പറയുന്നത്. രാജാവ് സിംഹങ്ങളുടെ ഗുഹ തന്റെ മുദ്രമോതിരംകൊണ്ടും തന്റെ പ്രധാനികളുടെ മുദ്രകൊണ്ടും മുദ്രവച്ചതുപോലെ (ദാനി. 6:17). ഉത്ഥാനം യാഥാർത്ഥ്യമായി എന്ന് കൂടുതൽ പ്രസ്പഷ്ടമാക്കാനും അവക്ക് അവഹേളനത്തിനും ദൈവികപരിപാലനയിലാണ് കല്ലറ മുദ്രവയ്ക്കപ്പെട്ടത്; തടവുകാരെ സൂക്ഷിക്കുന്നവരോ, തടവുകാരെ കൊല്ലാൻ നിയുക്തരായ ആരാച്ചാരന്മാരോ ആണ് *"കാവൽക്കാർ"*.

*"പിറേറദിവസം, അതായത് ഒരുക്കദിനത്തിന്റെ പിറേറന്ന്"*: ഏഴുദിവസങ്ങളിൽ രണ്ടെണ്ണത്തിന് വാചികപേരുകൾ ലഭിച്ചിട്ടുണ്ട്: *'സാബത്ത്'*: അതിന്റെ അർത്ഥം വിശ്രമം; മററത് *'ഒരുക്കദിവസം'*: ഒരുക്കദിനത്തിന്റെ പേര് തിരുലിഖിതത്തിലില്ല; നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ കാലംവരെ സാധാരണ പ്രയോഗത്തിൽ അത് അറിയപ്പെട്ടിരുന്നുമില്ല. പുരാതനകാലത്ത് *ആറാം ദിവസമെന്നോ, ശാബതത്തിലേക്കുള്ള പ്രവേശനം* എന്നോ അതിനെ വിളിച്ചിരുന്നു. അതിനെ *ഒരുക്കദിനം* എന്നു വിളിച്ചതിന്റെ കാരണങ്ങൾ: (1) ക്രൂശാരോഹണദിവസം ദിവസത്തിന്റെ മധ്യത്തിൽ സൂര്യൻ അസ്തമിച്ചു. (2) ദൈവികപരിപാലന യൂദരെ വിട്ട് പുറജാതികളുടെമേൽ പ്രകാശിച്ചു. (3) നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ അവസരം എല്ലാററിന്റെയും നവീകരണത്തിന്റെയും ഇടയ്ക്ക് പുതിയവയുടെ ഇടയ്ക്ക് പഴയവ അവസാനിച്ചു. (4) നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിൽ തിന്മ അസ്തമിച്ചു, നന്മ ഉദയം ചെയ്തു. (5) നമ്മുടെ കർത്താവിന്റെയും കള്ളന്റെയും എല്ലാ നീതിമാന്മാരുടെയും ആത്മാക്കൾ പറുദീസായിൽ പ്രവേശിച്ചപ്പോൾ പറുദീസായിൽനിന്ന് ക്രോബേയും വാളും നീങ്ങിപ്പോയി. (6) ആ ദിവസം യൂദരും ജാതികളും ഇറങ്ങിച്ചെന്ന് പരസ്പരം ഒന്നുചേർന്നു. (7) ആ ദിവസം ആറാമത്തെ ദിവസം ആയതിനാൽ: അത് 'ആറായിരം' വർഷത്തിലേക്ക് വിരൽ ചൂണ്ടുന്നു; അന്ന് ഈ ലോകത്തിന്റെ സൂര്യൻ പരിപൂർണമായി ഇരുണ്ടുപോകും; അവിടുന്നു പ്രവചിച്ചതുപോലെ, വീണ്ടും മറെറാരു ദിനം അസ്തമയത്തിൽ അവസാനിക്കാൻ നിശ്ചയിക്കപ്പെട്ടിട്ടില്ല. ആറാം മണിക്കൂറിനുശേഷം ലോകത്തുണ്ടായ അന്ധകാരം, ഞാൻ പറഞ്ഞതുപോലെ 6000 വർഷത്തിന്റെ

www.malankaralibrary.com



രഹസ്യം വെളിവാകുന്നു. (8) ആ ദിവസം ആദം പാപം ചെയ്തതിനാൽ ആദത്തിന്റെ ജീവന്റെ സൂര്യൻ അസ്തമിച്ചു; ആ ദിവസംതന്നെ ആദത്തിന്റെയും പിൻതലമുറയുടെയും പാപത്തിന്റെ കടം തീർക്കാനായി നമ്മുടെ കർത്താവ് പീഡ സഹിച്ചു. അക്കാരണത്താൽ അവിടുന്ന് സമയങ്ങളുടെയും രീതികളുടെയും ക്രമം പാലിച്ചു. ഇവയിൽ ചിലത്, അവിടത്തെപ്പറ്റി വിശദീകരിച്ചുകൊണ്ട് മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെയാകട്ടെ അവയെല്ലാം പൂർണമായി ചേർന്നിരിക്കുന്നു.

സന്ധ്യാസമയത്ത് (ഒരുക്കം) ആദാം കല്പന ലംഘിച്ചു; സന്ധ്യാസമയത്ത് (ഒരുക്കം) നമ്മുടെ കർത്താവ് തന്റെ അനുസരണ കാട്ടി. ഒൻപതാം മണിക്കൂറിൽ ആദാം പറുദീസായിൽ നിന്നു പുറത്തുപോയി; ഒൻപതാം മണിക്ക് നമ്മുടെ കർത്താവിന്റെയും കള്ളന്റെയും ആത്മാക്കൾ പറുദീസായിൽ പ്രവേശിച്ചു. മരണത്താൽ വീഴ്ചയുണ്ടായി, മരണത്താൽതന്നെ ഉത്ഥാനം ഉണ്ടായി. ഒരു സ്ത്രീവഴി തെററു സംഭവിച്ചു; ഒരു കന്യകവഴി രക്ഷയും. മരണത്തിലൂടെ വിധി; മരണത്തിലൂടെ വിജയം. ശാപത്താൽ ന്യായവിധി; ശാപത്താൽതന്നെ പരിപൂർണമായ അനുഗ്രഹം. ഇക്കാരണത്താൽ അവിടുന്ന് ശപിക്കപ്പെട്ട മരണം വരിച്ചു. ''മരത്തിൽ തൂക്കപ്പെടുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ'' എന്ന് പറയപ്പെട്ടിരിക്കുന്നു (ആവർത്ത. 21:23; ഗലാ. 3:13). എല്ലാ ആത്മീയാനുഗ്രഹങ്ങളാലും നമ്മെ അനുഗ്രഹിക്കാനായിരുന്നിത്. ദുഷ്ടന്മാർക്കുവേണ്ടിയാണ് അവിടുന്നു മരിച്ചത് എന്നു കാണിക്കാൻ, എഴുതപ്പെട്ടിരിക്കുന്നതുപോലെ, ''ദുഷ്ടന്റെ അകൃത്യങ്ങളെപ്രതിയാണ് അവിടുന്നു സഹിച്ചത്''' (ഏശാ. 53:5).

*''സാബതിനുശേഷം ആഴ്ചയുടെ ഒന്നാംദിവസം രാവിലെ മഗ്ദലനമറിയവും മറേറ മറിയവും....'':* *''സാബത് സന്ധ്യയിൽ''...* തുടങ്ങിയവ (28:1) താഴെപ്പറയുംവിധം വായിക്കണം: *''സാബതിൽ സന്ധ്യയ്ക്ക് ഒന്നാം ദിവസം ആരംഭിക്കവെ''.* *''മറേറ മറിയം''*, കന്യകയുമായി വിവാഹ ഉടമ്പടി ചെയ്ത യൗസേപ്പിന്റെ ഭാര്യയായിരുന്നു. അവളിൽനിന്ന് യാക്കോബ്, ജോസെ, ശീമോൻ, യൂദാ, അവരുടെ സഹോദരിമാർ എന്നിവർ ജനിച്ചു: സുവിശേഷത്തിൽ ''മറിയത്തെപ്പററി'' പലയിടങ്ങളിൽ പരാമർശിക്കുന്നുണ്ട്: കന്യകാമറിയം, യൗസേപ്പിന്റെ ഭാര്യയായ മറേറ മറിയം, ക്ലോപ്പാസിന്റെയും ജോസഫിന്റെയും അമ്മയായ

www.malankaralibrary.com



മറിയം, മർക്കോസിൻെറ അമ്മയായ മറിയം. കലാലയാധ്യാപകരുടെ പാരമ്പര്യമനുസരിച്ച് അവരം പത്രോസിൻെറ ഭാര്യയായിരുന്നു. മഗ്ദലേനാമറിയം കുഷ്ഠരോഗിയായ ശെമഓൻെറ മകളും ലാസറിൻെറ സഹോദരിയുമായിരുന്നു. അവരം മഗ്ദലേനാ എന്നു വിളിക്കപ്പെട്ടിരുന്നതു് സ്ത്രാതോയുടെ മഗ്ദലയിൽ താമസിച്ചിരുന്നതിനാലാണ് എന്നു ചിലർ പറയുന്നു. ശീലോഹായിലെ ഗോപുരത്തിൽനിന്നാണ് അവരംക്കാപേരു കിട്ടിയതെന്നു വേറേ ചിലർ. മററു ചിലർ പറയുന്നതു് ലാസറിൻെറ സഹോദരിയും മഗ്ദലേന എന്നു വിളിക്കപ്പെടുന്നവളുമായ മറിയം ഒരു വേശ്യയായിരുന്നു. തൻെറ ദുർനടപ്പുകൊണ്ടു് അവരം കാശുണ്ടാക്കി ഒരു ഗോപുരം തനിക്കായി പണിതു. 'ഏഴു് ദുഷ്ടാത്മാക്കരം' എന്നു് അവളെ വിളിച്ചതു് ദുഷ്ടതകളുടെ പൂർത്തീകരണം എന്ന അർത്ഥത്തിലാണ്. അവളുടെ മാനസ്സാന്തരം ജാതികളുടെ മാനസ്സാന്തരത്തെ സൂചിപ്പിക്കുന്നു. അവളുടെ അപ്പനെ കുഷ്ഠരോഗത്തിൽനിന്നു സുഖപ്പെടുത്തിയതു് ജാതികളെ പാപത്തിൽനിന്നു് ശുദ്ധീകരിക്കുന്നതിനെ കുറിക്കുന്നു; അവളുടെ സഹോദരൻ ലാസറിൻെറ ഉത്ഥാനം ജാതികളുടെ ഉത്ഥാനത്തെയും.

മററ് ചിലർ പറയുന്നതു്, സുവിശേഷത്തിൽ പറയുന്ന 'പാപിനി' മറെറാരു സ്ത്രീയാണെന്നാണ്. എന്നാൽ സുവിശേഷം അവളുടെ പേരു പറയുന്നില്ല. ലാസറിൻെറ സഹോദരിയായ മറിയമാകട്ടെ ലൈംഗികപക്വതയുള്ളവളും വിശുദ്ധയും 'നിങ്ങളുടെ മധ്യത്തിൽ വ്യഭിചാരം ചെയ്യുന്ന സ്ത്രീപുരുഷന്മാർ ഉണ്ടാകരുതു്' എന്ന വൈകല്പന (ആവ. 23:17) പാലിക്കുന്നവളും ആയിരുന്നു. എങ്കിലും അവളും പിശാചുക്കളാൽ പ്രലോഭിതയായി; എന്നാലതു് വ്യഭിചാരചിന്തയാൽ ആയിരുന്നില്ല. അവരെ 'ഏഴു്' എന്നു വിളിക്കുന്നതു് കൃത്യമായി ഏഴു് ഉണ്ടായിരുന്നതിനാലാകാം. അല്ലെങ്കിൽ പ്രലോഭനത്തിൻെറ കാഠിന്യവും ഗൗരവവുംകൊണ്ടാകാം. നമ്മുടെ കർത്താവു് അവളെ സുഖപ്പെടുത്തി; അവരം സുകൃതത്തിൽ വളർന്നു. അവരം തനിക്കായി പണിത സുകൃതഗോപുരത്താൽ മറിയം മഗ്ദലേനാ എന്നു് അവരം വിളിക്കപ്പെട്ടു. അതു് അവളെ ആകാശത്തോളം ഉയർത്തി; അവരം ഔന്നത്യം പ്രാപിച്ചു.

---

1 മഗ്ദല = ഗോപുരം; 'സ്ത്രാതോയുടെ ഗോപുരം" കേസറിയായാണ്. അവരം അവിടെ പാർത്തിരുന്നു എന്നു് ഐതിഹ്യം.

www.malankaralibrary.com



എന്നാൽ ചില മനുഷ്യർ വിഡ്ഢികളാണ്. അവർ സുവിശേഷകരുടെ വാക്കുകൾ കോട്ടിമാട്ടാൻ മടിക്കുന്നില്ല. ഉത്ഥാന വിഷയത്തെപ്പററി മാത്രമുള്ള വാക്കുകൾ അവർ മാററിമറിക്കുന്നു. മത്തായി പറഞ്ഞതായി അവർ തട്ടിവിടുന്നു: "*ശാബതിന്റെ സന്ധ്യയിൽ, ആഴ്ചയുടെ ഒന്നാം ദിവസം ഉദിച്ചപ്പോൾ, മറിയം മഗ്ദലേനായും മറേറ മറിയവും വന്നു*"; ശിഷ്യരെക്കാൾ മുമ്പായി അവർ അവിടുത്തെ ദർശിച്ചു. എന്നാൽ മർക്കോസ് പറയുന്നത്, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതിരാവിലെ സൂര്യോദയത്തിൽ അനവധി സ്ത്രീകൾ അവിടുത്തെ ദർശിച്ചു എന്നാണ്. എന്നാൽ ലൂക്കോസ് പറയുന്നത്, ആഴ്ചവട്ടത്തിലെ ഒന്നാംദിവസം, അതിരാവിലെ, ഇരുട്ടായിരിക്കുമ്പോൾതന്നെ, അനേകം സ്ത്രീകൾ വന്നു; അവർ കർത്താവിനെ ദർശിച്ചു. യോഹന്നാൻ പറയുന്നത്, ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനാമറിയം അവിടുത്തെ ദർശിച്ചു എന്നാണ്.

ആഴ്ചയുടെ ഒന്നാംദിവസം ഉദിച്ചുവന്നപ്പോൾ, 'രാത്രിമുഴുവൻ' എന്നതിനുപകരം 'സന്ധ്യയ്ക്കു' എന്നാണ് മത്തായി പറഞ്ഞതെന്നു നാം പറയുന്നു. ഒരു ഭാഗത്തിൽനിന്നു് മുഴുവനെയും വിളിക്കുന്ന തിരുലിഖിത പാരമ്പര്യാനുസൃതമാണിതു്; 'സന്ധ്യയായി, ഉഷസായി, ഒന്നാംദിവസം' എന്നതുപോലെയും, 'സർവ്വ ജഡവും കർത്താവിനെ സ്തുതിക്കട്ടെ', 'ഇസ്രായേലിന്റെ ആത്മാവു് മരുഭൂമിയിൽ തളർന്നുപോയി' എന്നതുപോലെയുമാണിതു് (ഉല്പ. 1:5; സങ്കീ. 145:21; ഉല്പ. 45: 26). ഇതൊക്കെ നാം മുകളിൽ വിവരിച്ചിട്ടുള്ളതാണ്.

മത്തായി 'രണ്ടു' സ്ത്രീകളെപ്പററിയും മർക്കോസും ലൂക്കോസും 'അനേകം' സ്ത്രീകളെപ്പററിയും യോഹന്നാൻ 'ഒരു' സ്ത്രീയെപ്പററി മാത്രവും പറയുന്നതിനെപ്പററി: നമ്മുടെ കർത്താവു് താനുത്ഥാനംചെയ്ത ദിവസം ഒരിക്കൽ മാത്രമല്ല,പല പ്രാവശ്യം കാണപ്പെട്ടു. അറിയപ്പെടുന്ന ആറു പ്രാവശ്യം. 1) മത്തായി പറഞ്ഞിരിക്കുന്നതുപോലെ മഗ്ദലേനാ മറിയയ്ക്കും മറേറ മറിയയ്ക്കും. 2) മർക്കോസും ലൂക്കോസും പറഞ്ഞതുപോലെ അനേകം സ്ത്രീകൾക്കു് 3) യോഹന്നാൻ പറഞ്ഞതുപോലെ മഗ്ദലേനായ്ക്കു് 4) അവിടുന്നു് ഉത്ഥാനം ചെയ്തെന്നും കേപ്പായ്ക്കു് കാണപ്പെട്ടെന്നും പൗലോസ് പറഞ്ഞതുപോലെ കേപ്പായ്ക്കും. 5) ലൂക്കോസ് പറഞ്ഞതുപോലെ എമ്മാവൂസിലേക്കു് പോയവർക്കു്. 6) ഒന്നിച്ചിരുന്ന പതിനൊന്നു പേർക്കു്. 'നടപടിയിൽ' രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, നാല്പതു ദിവസത്തേക്കു് ശിഷ്യന്മാർക്കു് പല പ്രാവശ്യം. അതുകൊണ്ടു് സുവിശേഷകരെല്ലാം

www.malankaralibrary.com



പറഞ്ഞതു സത്യമാണ്; ചിലർ ചിലതു മാത്രം പറഞ്ഞു എന്നു മാത്രം. തൻെറ പ്രവേശനത്തിൽ നമ്മുടെ കർത്താവ് അവക്ക് കാഴ്ച കൊടുത്ത സംഭവത്തിൻെറ വിവരണം പോലെയാണിതു്. ഉത്ഥാനം കൃത്യമായി നടന്നു എന്ന ഒററക്കാര്യത്തിൽ മാത്രമാണ് അവർ ശ്രദ്ധാലുക്കളായിരുന്നതു്. സമയവും കാലവും വിനാഴികയുമൊന്നും അവർ പരിഗണിച്ചില്ല. ലൗകിക വിജ്ഞാനികളെപ്പോലെ വാക്കുകൾകൊണ്ടല്ല, ശക്തമായ പ്രവർത്തനങ്ങളാലും അടയാളങ്ങളാലുമാണ് ഉത്ഥാന യാഥാർത്ഥ്യം തെളിയിക്കേണ്ടിയിരുന്നതു്.

നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്ത ദിവസംതന്നെ ആറു പ്രാവശ്യം കാണപ്പെട്ട സ്ഥിതിക്ക് സ്ത്രീകൾക്ക് കാണപ്പെട്ട് അവരോട് ''നിങ്ങൾ ചെന്ന് ശിഷ്യരോട് ഗലീലയിലേക്കു പോകണമെന്നും അവിടെ തന്നെ കാണുമെന്നും'' പറഞ്ഞതു് എന്തുകൊണ്ടാണ്?– തന്നിൽ വിശ്വസിച്ച അനേകം നീതിമാൻമാർ ഗലീലയിൽ ഉണ്ടായിരുന്നു. അവർക്കും കാണപ്പെട്ട് അവരെയും ധൈര്യപ്പെടുത്തി തൻെറ ഉത്ഥാനത്തെപ്പററിയുള്ള അറിവ് അവർക്കും നൽകേണ്ടിയിരുന്നു. ഈ ഗലീലി ക്രിസ്ത്യാനികളെ ശിഷ്യന്മാർ മലയിൽ ഒന്നിച്ചുകൂട്ടുകയും നമ്മുടെ കർത്താവ് അവർക്കു കാണപ്പെടുകയും ചെയ്തതിനെപ്പററി ശ്ലീഹാ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''അതിനുശേഷം ഒരുമിച്ച് നാനൂറിലധികം പേർക്ക് പ്രത്യക്ഷനായി; അവരിൽ ഏതാനുംപേർ മരിച്ചുപോയി, മിക്കവരും ഇന്നും ജീവിച്ചിരിപ്പുണ്ട്'' (1കൊറി. 15:6). ചിലർ പറയുന്നതുപോലെ തൻെറ ഉത്ഥാനാവസരം എഴുന്നേററവർക്കല്ല. അവർ അനേകർക്കു കാണപ്പെട്ടില്ല, ഭൗതികവസ്തുക്കളൊന്നും ഉപയോഗിച്ചുമില്ല.

*'അവിടുന്ന് നിങ്ങൾക്കു മുൻപായി ഗലീലിയിലേക്കു പോകുന്നു'* (28:7) എന്നതിനെപ്പററി *ഹെനാനാ* ഇപ്രകാരം പറയുന്നു: ഗലീലിയിലെത്തുന്നതിനു മുൻപ് അവിടുന്ന് അവർക്കു കാണപ്പെട്ടില്ല എന്നല്ല പിന്നെയോ, തൻെറ ഉത്ഥാനത്തിൽ അവരെ ഉറപ്പിച്ച സമയ ദൈർഘ്യവും വാക്കുകളുടെ ബാഹുല്യവും സംഭവങ്ങളുടെ ബഹുത്വവും മൂലമാണിതു്. അവർ ഗലീലിയിൽ ആയിരിക്കുന്നതിനു മുമ്പുതന്നെ രണ്ടു പ്രാവശ്യം അവിടുന്ന് അവർക്കു കാണപ്പെട്ടു. അതു മുതൽ ഒലിവുമലവരെ നിരവധി പ്രാവശ്യവും. എന്നാൽ ഗലീലി എന്ന് പറയുന്നതു് ഒലിവുമലയിലുള്ള ഒരു സ്ഥലവും ബഥനിയിൽ ഉൾപ്പെടുന്നതും ആണ് എന്ന് ചിലർ പറയുന്നു. ബഥനിതന്നെ ഇപ്രകാരം വിളിക്കപ്പെടുന്നു – എന്നാൽ ഈ വിശദീകരണം എല്ലാവരും അംഗീകരിക്കുന്നില്ല.

www.malankaralibrary.com



*"ഈ വചനം യഹൂദരുടെ ഇടയിൽ പ്രചരിച്ചു"* എന്നു് യോഹന്നാൻ പറയുന്നു. അതായതു്, "അവൻെറ ശിഷ്യന്മാർ അവനെ രാത്രിയിൽ മോഷ്ടിച്ചുകൊണ്ടുപോയി..." എന്നു് അവർ പ്രചരിപ്പിച്ചു. അതു് ശരിയായിരിക്കാം എന്നു് പലരും വിശ്വസിക്കുകയും ചെയ്തു. അവിടുന്നു് അരുളിച്ചെയ്തു: "ആകാശത്തിലും ഭൂമിയിലും സമസ്താധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു": ഇതു് എൻേറതാണു് എന്ന അർത്ഥത്തിലല്ല.– ഉദരത്തിൽ അവിടുന്നു് ഉരുവായ നിമിഷംമുതൽ അവിടുന്നു് ദൈവികനാണു്.– അതുകൊണ്ടു് ശ്രോതാക്കളുടെ ബലഹീനത നിമിത്തമാണിതു്. അവിടുന്നു് സ്വഭാവത്താലെ സർവ്വശക്തനായ ദൈവമാണെന്നുള്ളതു് അവർ അപ്പോഴും അറിഞ്ഞിരുന്നില്ല. 'എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു' എന്നതു് പിതാവിനോടുള്ള തുല്യത പ്രഖ്യാപിക്കാനായി പറഞ്ഞതല്ല. അവിടുന്നു പുത്രൻ എന്ന നിലയിൽ അയയ്ക്കപ്പെട്ടു; അവരാകട്ടെ ദാസന്മാരായി. അല്ലെങ്കിൽ *പോലെ* എന്ന താരതമ്യത്തിനാവശ്യമില്ലായിരുന്നല്ലോ. തൻെറ വരവിൻെറ അടയാളം നമുക്കു വ്യക്തമാക്കി തരേണ്ടതുണ്ടായിരുന്നു. അതു് ശിഷ്യരെ അയച്ചതിനു് ഏതാണ്ടു് തുല്യമായിരുന്നു. കാരണം, പുത്രനായ അവിടുന്നു് രക്ഷിക്കാനായി വന്നതുപോലെ ദാസരായ ഇവർ അനുതാപത്തിലേക്കു് മനുഷ്യരെ തിരിപ്പിക്കാനായി അയയ്ക്കപ്പെട്ടിരിക്കുന്നു. *'പോലെ'* എന്നതു് രക്ഷയും അനുതാപവും എപ്രകാരമാണെന്നു് വ്യക്തമാക്കുന്നു. ബഹുമാനത്തിൽ തുല്യത ഉണ്ടെന്നുള്ള രീതിയിലല്ല.

"നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു മാമോദീസാ നല്കുവിൻ...." (28:18-20): മതസംഗതികളിൽ രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ടു്:വിശ്വാസകാര്യങ്ങളും സാന്മാർഗ്ഗിക കാര്യങ്ങളും. എന്നാൽ നമ്മുടെ കർത്താവു് രണ്ടിനെയും പരിപൂർണമാക്കാൻ ഒരുക്കുന്നു. അവിടുന്നു് ആദ്യമായി വലിയ ഗണത്തിൻെറ ഉപഗണത്തെ പരിപൂർണ്ണമാക്കി; പാപത്തിൻെറ ശിഖരങ്ങൾ വെട്ടിക്കൊണ്ടല്ല, പിന്നെയോ തായ്‌വേരുതന്നെ അറുത്തുകൊണ്ടാണു്. അവിടുന്നു് പ്രവൃത്തികളെ മാത്രമല്ല പിന്നെയോ മനഃസ്സാക്ഷിയെത്തന്നെ ശുദ്ധീകരിക്കുന്നു. അതിൽനിന്നു്, നമ്മിലുള്ള ദുർവികാരങ്ങളെ തിരുത്താൻ അവിടുന്നാജ്ഞാപിക്കുന്നു. അതായതു്, ദുർമോഹം, കോപം, അത്യാർത്തി, വ്യർത്ഥാഭിമാനം മുതലായവ. പ്രവൃത്തികൾമൂലമുള്ള നിയമത്തിൻെറ കുറവു പരിഹരിച്ച ശേഷം സത്യവിശ്വാസപ്രബോധനത്തെ അവിടുന്നു പൂർണ്ണമാക്കുന്നു; അവിടുന്നു സ്വർഗത്തിലേക്കു് കയറിപ്പോകാറായിരി

www.malankaralibrary.com



കുന്നു. ത്രിത്വത്തെപ്പററിത്തന്നെ മനസ്സിലാക്കണം എന്നു മാത്രം പഠിപ്പിച്ചാൽ പോരാ. സാദൃശ്യംവഴി ഉപമയായും ഭാഷാ പ്രയോഗം വഴിയും സ്രോപ്പേന്മാരുടെ മൂന്നു ''പരിശുദ്ധൻ'' വഴിയും ത്രിത്വത്തിലെ മൂന്നാളുകളെപ്പററിയും വ്യക്തമാക്കി. എന്നാൽ ത്രിത്വത്തിനു് ഏകസത്തയാണ് എന്ന ഏററുപറച്ചിലിനുശേഷം ആളുകളെപ്പററി അറിയുക എന്ന സംഗതി ഇപ്പോരം അവിടുന്നു് വ്യക്തമാക്കിയിരിക്കുന്നു. മുമ്പു് അവ്യക്തമായിരുന്നതു് അവിടുന്നു് ഇപ്പോരം വ്യക്തമാക്കുന്നു. ''ഒന്നും മൂന്നും''. സ്വഭാവത്തിലും അധികാരത്തിലും ശക്തിയിലും ഒന്നു്; ആളുകളിൽ മൂന്നു്. ''ആളുകളിൽ'' എന്നുപറയണമെന്നു് തോന്നിയാൽ''ഏകസത്തയുള്ള മൂന്നാളുകളിൽ''. അതു് പിതാവും, പുത്രനും പരിശുദ്ധാത്മാവുമാണ്. അതായതു്, ജനിപ്പിക്കുന്നവനും ജനിച്ചവനും പുറപ്പെടുന്നവനും. കാരണവും അവനിൽനിന്നുള്ള കാര്യവും. എന്നാലെങ്ങനെ എന്നുള്ളതു് തികച്ചും ആഗ്രാഹ്യമാണ്. അവ്യക്തവും ഉപമാമയവുമാണെങ്കിലും ആത്മാവിൽനിന്നു് മനസ്സും വാക്കും എന്നപോലെ; സൂര്യനിൽനിന്നു് പ്രകാശവും ചൂടും എന്നപോലെ. ആത്മാവിൽനിന്നു് സ്വാഭാവികമായും നിരന്തരമായും വാക്കും, സൂര്യനിൽനിന്നു് പ്രകാശവും ഉണ്ടാകുന്നു. ആത്മാവിൽനിന്നു് മനസ്സും സൂര്യനിൽനിന്നു് ചൂടും അനുസ്യൂതമായും സജീവമായും പുറപ്പെടുന്നു. അതു് സ്ഥലകാലങ്ങരംക്കു് ഉപരിസ്ഥമാണ്. ഇതുപോലെ, അഥവാ, ഇതിനേക്കാരം ഉപരിസ്ഥമായ രീതിയിൽ നിത്യമായും ആദ്യന്തരഹിതമായും അനുസ്യൂതമായും സജീവമായും അഭൗമികമായും പുത്രൻ ജനിക്കുകയും പരിശുദ്ധാത്മാവു് പുറപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെയോ കർത്താവിന്റെയോ സ്രഷ്ടാവിന്റെയോ നാമത്തിൽ നാം സ്നാനപ്പെടണമെന്നു് അവിടുന്നു കൽപിച്ചില്ല. കാരണം ഇവയെല്ലാം വിശേഷണങ്ങളാണ്. പുറത്തുനിന്നു് എടുത്തിട്ടുള്ളവയുമാണ്. അവിടുന്നു് വിധിക്കുകയും സംസാരിക്കുകയും കർമ്മനിരതനായിരിക്കുകയും എല്ലാം കാണുകയും ചെയ്യുന്നതിനാൽ അവിടുന്നു് ദൈവമാണ്. അവിടുന്നു് എല്ലാററിന്റെയും സ്രഷ്ടാവാണെന്നു് ചിലർ. കർത്താവ്: അവിടുന്നു് എല്ലാററിന്റെയും കർത്താവാണു്; സ്രഷ്ടാവും നിർമാതാവുമാണ്. കാരണം, അവിടുന്നു് എല്ലാററിനെയും നിർമ്മിക്കുകയും സൃഷ്ടിക്കുകയും ചെയ്തു. അതുകൊണ്ടു് ഇതൊക്കെ കാലികനാമങ്ങളാണ്. ദൈവിക സ്വഭാവത്തെ കുറിക്കാൻ സൃഷ്ടികരം ഉപയോഗിച്ച രണ്ടു നാമങ്ങരം മാത്രമേ കൃത്യമായിട്ടുള്ളു. പഴയനിയമത്തിലുള്ള ''യാഹ്വെ'', ഞാൻ ആകുന്നവൻ ഞാനാകുന്നു എന്നതു്; പുതിയനിയമത്തിലുള്ള 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്''. ഇവ സർവനാമങ്ങളാണ്. ഒന്നു് മററതിനു് തുല്യ

www.malankaralibrary.com



മാണ്. നിർവചിക്കുന്നവനോട് നിർവചനവും നിർവചനത്തോട് നിർവചിക്കുന്നവനും പോലെ; അതായത്, താത്വികർ പറയുന്നതുപോലെ.

ഓരോ മനുഷ്യനും ജീവനുള്ളവനും ബുദ്ധിയുള്ളവനും മർത്യനുമാണ്; അതുകൊണ്ട് ജീവനും ബുദ്ധിയും മർത്യപ്രകൃതിയുമുള്ളവൻ മനുഷ്യനാണ്. അതുപോലെ ഇവിടെയും. അവിടുന്ന് ദൈവമാണെങ്കിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. അവിടുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമാണെങ്കിൽ അവശ്യാവശ്യം ദൈവമായിരിക്കണം. 'ഞാൻ ആകുന്നവൻ ഞാനാകുന്നു' എന്നത് യാഥാർത്ഥ്യരാഹിത്യത്തിനുപയോഗിക്കുന്നില്ല; രണ്ടിനും അന്ത്യവുമില്ല. ദൈവത്തിന് കൃത്യമായും ആധികാരികമായും ഉപയോഗിക്കുന്ന പേരുകൾ നമുക്ക് ആലങ്കാരികമായും ആനുമാനികമായും ഉപയോഗിക്കുന്നു. നമുക്ക് കൃത്യമായിട്ടുള്ള പേരുകൾ ദൈവത്തിന് ആലങ്കാരികമായിട്ടാണ് ഉപയോഗിക്കുന്നത്. പിതൃത്വം, പുത്രത്വം, പുറപ്പാട് എന്നിവ സ്വാഭാവികമായിട്ടാണ് ദൈവത്തെപ്രതി ഉപയോഗിക്കുന്നത്. നമ്മെ സംബന്ധിച്ച് ആലങ്കാരികമായും ആനുമാനികമായും: ഒരേയാൾ തന്നെ ഒരേ സമയം പുത്രനും പിതാവും, ചിലപ്പോൾ പുത്രനാകാം, ചിലപ്പോൾ പിതാവുമാകാം. തനിക്ക പിന്നെ വരുന്നവരുടെ പിതാവാണയാൾ; തനിക്ക മുമ്പുള്ളവരുടെ പുത്രനാണയാൾ; ചിലപ്പോൾ രണ്ടും കാണില്ല; അപ്പോൾ അയാളെ മനുഷ്യൻ എന്നു മാത്രം വിളിക്കുന്നു, ചിലപ്പോൾ, അതായത് മരിച്ചുകഴിഞ്ഞാൽ, മനുഷ്യൻ എന്നുപോലും വിളിക്കുന്നില്ല. എന്നാൽ ത്രിത്വത്തിലെ മൂന്നാളുകളെ സംബന്ധിച്ച് മാററമില്ല. സ്ഥിരമായും വ്യത്യസ്തമായും പിതാവു മാത്രമാണ് പിതാവ്; അതുപോലെ സ്ഥിരമായും വ്യത്യസ്തമായും പുത്രൻ മാത്രമാണ് പുത്രൻ; സ്ഥിരമായും വ്യത്യസ്തമായും പരിശുദ്ധാത്മാവ് മാത്രമാണ് പുറപ്പെടുന്നവൻ.

'പുത്രൻ ജനിച്ചവനാണ്' എന്ന് എന്തുകൊണ്ടാണ് നാം പറയുന്നത്? എന്നാൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ച് അവൻ പുറപ്പെട്ടു എന്നും അയയ്ക്കപ്പെട്ടു എന്നും നാം പറയുന്നില്ലേ? പുത്രൻ ജനിക്കപ്പെട്ടവനും ജനിപ്പിച്ചവനുമാണ് എന്നു പറയുമ്പോൾ നടന്ന സംഗതി സൂചിപ്പിക്കുകയാണ്. ഒന്ന്, സത്തയുടെ തുല്യതയാലും പരസ്പരമുള്ള ബന്ധത്താലും. രണ്ട്, സൂര്യന്റെ പ്രസരണതലത്തിൽനിന്ന് പ്രകാശം കണക്കെ നിരന്തരം ബഹിർഗമിക്കുന്ന ഏതോ ശക്തിമാത്രമാണ് പുത്രൻ;

www.malankaralibrary.com



ഒരു പരിപൂർണവ്യക്തിയല്ല, എന്നാരും തെററായി കരുതാതിരിക്കാൻ; പരിശുദ്ധാത്മാവ് നിത്യമായും പൂർണമായും പുറപ്പെട്ടെങ്കിലും പരിശുദ്ധാത്മാവ് പുറപ്പെടുന്നു, അയയ്ക്കപ്പെടുന്നു എന്നേ പറയാറുള്ളു. അവൻ പുറപ്പെട്ടു എങ്കിലും പിതാവിൽ നിന്നു വേർപെട്ടല്ല എന്നതിൻെറ അടയാളമായിട്ടാണിത്.

വീണ്ടും, പരിശുദ്ധാത്മാവിൻേറതായി പറയപ്പെടുന്ന ദാനങ്ങളുണ്ട്: അവിടുന്ന് നിരന്തരമായി അവ വർഷിച്ചുകൊണ്ടിരിക്കുന്നു; അവിടുന്ന് ശക്തിയും ഇച്ഛയുംവഴി അവ പ്രദാനം ചെയ്യുന്നു എന്നിത്യാദി. അത് പിതാവിനോടും പുത്രനോടും ഒപ്പം അവിടുത്തേ സ്വന്തമാണ്.

വീണ്ടും, 'ജനിപ്പിക്കുന്നവൻെറയും ജനിച്ചവൻെറയും' നാമത്തിലല്ല, പിതാവിൻെറയും പുത്രൻെറയും നാമത്തിൽ എന്തുകൊണ്ടാണ് അവിടുന്നു വിശ്വാസം കൈമാറിത്തന്നത്? 'ആത്മാവ്'' എന്ന പേര് മൂന്നാളുകളുടെയും സ്വഭാവത്തെ കുറിക്കുമ്പോൾ-ദൈവം ആത്മാവാണെന്ന് അവിടുന്നു പറയുന്നുണ്ടല്ലോ-ആളുകളിലൊരാളെ എന്തിനാണ് നമ്മുടെ കർത്താവ് 'ആത്മാവ്'' എന്നു വിളിക്കുന്നത്? അതുപോലെ പിതാവിൻെറ നാമത്തിലും പുത്രൻെറ നാമത്തിലും പരിശുദ്ധാത്മാവിൻെറ നാമത്തിലും' എന്നു പറയാതെ മൂന്നാളുകൾക്കും കൂടി 'ഒരു നാമത്തിൽ' മാത്രം പറയുന്നത് എന്തുകൊണ്ടാണ്? ഓരോ ആളിനോടും ചേർത്ത് 'ഉം' (kai) ചേർത്തു പറയുന്നത് എന്തുകൊണ്ടാണ്?

ഒന്നാമതായി, ജനിപ്പിക്കുന്നവൻെറയും ജനിച്ചവൻെറയും നാമത്തിലല്ല, 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' സ്നാനം കൊടുക്കണം എന്ന് അവിടുന്ന് ഉപദേശിക്കുന്നത് എന്തുകൊണ്ടാണ്? പിതാവിൻെറയും പുത്രൻെറയും നാമം ജനിപ്പിക്കുന്നവനെയും ജനിച്ചവനെയും കുറിക്കുന്നു. കൂടാതെ, 'പിതാവും പുത്രനും' എന്ന പ്രയോഗം തിരുലിഖിതപ്രകാരവും ജനസാമാന്യചിന്താനുസൃതവും ബൗദ്ധിക ജീവികൾക്കു മാത്രമാണ് പ്രയോഗിക്കുന്നത്. ഹീബ്രുവിലും ഗ്രീക്കിലും ''ആൺകുട്ടി'' എന്നു പറയുന്നതിനു പകരം ''നമുക്കൊരു 'ശിശു' ജനിച്ചിരിക്കുന്നു'' എന്ന പ്രയോഗം സുറിയാനിയിൽ ഉണ്ട്: 'മുന്തിരിയുടെ ഫലം (ഉത്ഭവം) എന്നതുപോലെയും ''ആകാശത്തിൻെറയും ഭൂമിയുടെയും ആരംഭം ഇപ്രകാരമാണ്'', 'മഴത്തുള്ളികളെ ഉൽപ്പാദിപ്പിച്ചത് ആരാണ്?' എന്നതുപോലെയും ജീവികളെപ്പററിയും സസ്യങ്ങളെപ്പററിയും 'ഫലം' (ഉത്ഭവം) എന്നു പറയാറുണ്ട്. രൂപീകരിക്കപ്പെടുന്നതിനുമുൻപ് ചാപിള്ളയായി പുറത്തുവരുന്നതിനും ജനനം

www.malankaralibrary.com



എന്നു പറയാം; എന്നാലതു് പുത്രനായിരിക്കണമെന്നില്ല. പുത്രന്മാർ ജനിക്കുന്നവരാണ്; എന്നാൽ ജനിക്കുന്നതെല്ലാം പുത്രന്മാരല്ല........എന്നിത്യാദി.

മൂന്നാളുകളും ആത്മാവാണെങ്കിലും ഒരാളെപ്പററി മാത്രം ആത്മാവ് എന്നു് ഉപയോഗിക്കുന്നതു് എന്തുകൊണ്ടാണ്? 'ആത്മാവ്'' എന്നതു് പലതിനുപയോഗിക്കുന്നതാണ്. ദൈവത്തിനും, മാലാഖമാർക്കും, വായുവിനും, ആത്മാവിനും, ദൈവപരിപാലനയ്ക്കും, കൂട്ടിച്ചേർക്കൽ കൂടാതെ പിശാചുക്കൾക്കും ഒക്കെ ഇതുപയോഗിക്കുന്നു. ഇവയിലോരോന്നിനെയും കുറിക്കാൻ ഈ പദം ഉപയോഗിക്കുന്നുണ്ടു്. എന്നാൽ ഓരോന്നിന്റെയും സ്വഭാവമനുസരിച്ചുള്ള കൂട്ടിച്ചേർക്കലോടുകൂടി 'ആത്മാവു്'' എന്നതിനോടുകൂടി നമ്മുടെ കർത്താവ് ''പരിശുദ്ധ'' എന്നതു കൂട്ടിച്ചേർത്തു. ദൈവത്വത്തിലെ മൂന്നാളുകൾക്കും പൊതുവായിട്ടുള്ള സ്വഭാവത്തിൽനിന്നു് 'പുറപ്പെടുന്ന ആളെ' നമ്മുടെ കർത്താവു വേർതിരിക്കുന്നു.

എന്നാൽ എന്തിനാണ് അവിടുന്നു് മൂന്നാളുകൾക്കും ഒരു പേരു കൊടുത്തതു്? ഈ മൂന്നാളുകൾക്കും ഒരേ സ്വഭാവവും സത്തയുമാണെന്നും അവരെല്ലാം തുല്യരാണെന്നും കാണിക്കാനാണ്. ഏക കർത്താവിനു് സ്രോപ്പേന്മാർ നല്കിയ മൂന്നു് ''പരിശുദ്ധൻ'' പോലെയാണിതു്. ഓരോ ആളിനും ഓരോ *'പേര്''* നൽകിയാൽ അവർ പരസ്പര വ്യത്യസ്തങ്ങളായ മൂന്നു സ്വഭാവങ്ങളാണെന്നു് കരുതപ്പെടാൻ ഇടയുണ്ടു് എന്നു നാം പറയുന്നു. ഒരു നിർദ്ദേശത്തിനു പകരം, *''നാമം''* എടുത്തു. 'ഞങ്ങൾ നിന്റെ പേരു വിളിക്കാം', അതായതു് 'നിന്നെ ഞങ്ങൾ 'കർത്താവു്'' എന്നു വിളിക്കാം' എന്നു് പ്രവാചകനെപ്പററി പറഞ്ഞതുപോലെയാണിതു് (ഏശ. 26:13).

ഓരോ ആളിനോടും ചേർത്തുള്ള 'ഉം' (kai) ആളത്വത്തെ കുറിക്കാനാണ്. അതില്ലായിരുന്നെങ്കിൽ ഏതു പിതാവിനെയും പുത്രനെയും പററിയാണ് അവിടുന്നു് നമ്മോടു പറഞ്ഞതെന്നു് നമുക്കറിയാൻ കഴിയുമായിരുന്നില്ല. പിന്നെയോ, ഓരോ ആളും ഇപ്രകാരം വിളിക്കപ്പെടുന്നു എന്നു് നാം മനസ്സിലാക്കേണ്ടതായിരുന്നു. അതുകൊണ്ടു് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള ഏക സത്തയെപ്പററി നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചു. അങ്ങനെ ദൈവത്വത്തെ പ്രതി ബാക്കിയുള്ളതിന്റെ സ്തുതിപ്പ് നിർവചിക്കാനായിരുന്നിതു്. അതായതു്, ജാതികളുടെയും യൂദരുടെയും. പുറജാതികളെപ്പോലെ ബഹുദേവതാവാദം നാം അവതരിപ്പിക്കുവാനും യൂദരെപ്പോലെ ഏകയാ

www.malankaralibrary.com



ളെപ്പററി മാത്രം ചിന്തിക്കാനും പാടില്ല. പിന്നെയോ, മൂന്നിൽ ഒന്നു്, ഒന്നിൽ മൂന്നു്, ത്രിയേകം. മൂന്നു് ഒന്നിൽ ഒന്നിച്ചിരിക്കുന്നു; ഏക സത്തയിലുള്ള ത്രിത്വം.

*"ഞാനോ, ഇതാ, ലോകാവസാനംവരെ നിങ്ങളോടുകൂടെയുണ്ട്"*. എന്നു് അവിടുന്നു കൂട്ടിച്ചേർത്തു. അവിടുന്നിതു ശ്ലീഹന്മാരോടു മാത്രം പറഞ്ഞതല്ല എന്നതു വ്യക്തമാണ്. കാരണം അധികം വൈകാതെ അവരെല്ലാം കടന്നുപോയി. പിന്നെയോ, ലോകാവസാനംവരെ തലമുറ തലമുറകളായി ഈ വിശ്വാസം പ്രസംഗിച്ചവരോടും പ്രസംഗിക്കുന്നവരോടും ദൈവഭയത്തിനനുസൃതമായ പ്രവൃത്തികൾ ചെയ്യുന്നവരോടുമാണ് ഇതു പറഞ്ഞതു്.

ദൈവകൃപയാൽ, ഭാഗ്യവാനായ മത്തായി സുവിശേഷകന്റെ സുവിശേഷത്തിന്റെ ഭാഷ്യം പൂർത്തിയായി; അസ്സീറിയായിലെ മറുമെത്രാൻ ഈശോദാദാണ് ഇതെഴുതിയതു്. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ എല്ലാ വിശ്വാസികൾക്കും സഹായകമാകട്ടെ. ഞങ്ങളുടെ കർത്താവേ, അങ്ങേ കരുണയാൽ എന്നെ സഹായിക്കണമെ.

www.malankaralibrary.com

# വിശുദ്ധ മർക്കോസിൻെറ സുവിശേഷം

വീണ്ടും, സുവിശേഷകനായ വിശുദ്ധ മർക്കോസിൻെറ സുവിശേഷത്തിലെ പ്രയാസമുള്ള ഭാഗങ്ങൾക്ക് ഈശോദാദ് രചിച്ച ഭാഷ്യം ദൈവകൃപയാൽ ഞാൻ എഴുതുന്നു. ഒന്നാമതായി ഈ സുവിശേഷം അവൻ എഴുതാനുള്ള കാരണം. ഈ പുസ്തകം മുഴുവൻ പൂർത്തിയാക്കുവാൻ ഞങ്ങളുടെ കർത്താവേ, നിൻെറ കരുണയാൽ എന്നെ സഹായിക്കണമെ, ആമ്മീൻ.

മത്തായിയും യോഹന്നാനും പന്ത്രണ്ടുപേരിൽ ഉൾപ്പെട്ടവരും മർക്കോസും ലൂക്കോസും എഴുപതുപേരിൽ ഉൾപ്പെട്ടവരുമായിരുന്നു. താത്വികനും രക്തസാക്ഷിയുമായ *ജസ്റ്റിൻെറ ശിഷ്യൻ താസ്യൻ* നാല് സുവിശേഷങ്ങളിൽനിന്ന് ഭാഗങ്ങളെടുത്ത് കൂട്ടിച്ചേർത്ത് ഒരു സുവിശേഷമുണ്ടാക്കി. *ദിയാതെസ്സരോൺ* എന്നാണ് അവൻ അതിനെ വിളിച്ചത്. അതായത് *സംയുക്തസുവിശേഷം*.[1] അവൻ ക്രിസ്തുവിൻെറ ദൈവത്വത്തെപ്പററി എഴുതിയില്ല. *മാർ അപ്രേം* ഇതിനൊരു ഭാഷ്യം രചിച്ചിട്ടുണ്ട്.

*ക്ലെമെൻറ്* സാക്ഷിക്കുന്നതുപോലെ മർക്കോസ് പത്രോസിൻെറ മകനായിരുന്നു. വിവാഹത്തെ നിന്ദിച്ചവർക്കെതിരെ ക്ലെമെൻറ് എഴുതിയ വലിയ ലേഖനത്തിൽ, വിവാഹിതരായി കർത്താവിനെ അനുഗമിക്കുകയും തുടർന്ന് ശുദ്ധത കാക്കുകയും വിശുദ്ധിയിൽ നിലനിൽക്കുകയും ചെയ്ത ശ്ലീഹന്മാരുടെ പട്ടിക നൽകുന്നുണ്ട്. മോശയും മററുള്ളവരും ദൈവിക വെളിപാടിനു

1 ജി. ചേടിയത്ത്, *ആദിമസഭയുടെ സന്ദേശം* കോട്ടയം, 1994 പേ. 115-119.

www.malankaralibrary.com



യോഗ്യരായിതീർന്നപ്പോഠം ദാമ്പത്യബന്ധത്തിൽനിന്നകന്നു് വിശുദ്ധിയിൽ ജീവിച്ചു. ക്ലെമെൻറ് പറയുന്നു: "ഓ, അവർ ശ്ലീഹന്മാരെയും തള്ളിക്കളയുകയാണോ? കാരണം, പത്രോസും ഫീലിപ്പും സന്താനങ്ങളെ ജനിപ്പിക്കകൂടി ചെയ്തു. തൻെറ ഭാര്യക്കു വന്ദനം പറയാൻ തൻെറ ലേഖനത്തിൽ പൗലോസ് മറന്നില്ല. എന്നാൽ തൻെറ ശുശ്രൂഷയുടെ ഔന്നത്യത്തെപ്രതി അവളെ അവൻ തൻെറകൂടെ കൊണ്ടുനടന്നില്ല''. നടപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു സംബന്ധിച്ച് (12: 12) *ചിലർ* താഴെപ്പറയുന്ന സംഗതി കൈമാറി തന്നിട്ടുണ്ട്: ദൂതൻെറ സഹായത്താൽ ജയിൽവിമുക്തനായ പത്രോസ്, മർക്കോസ് എന്ന മറുനാമമുള്ള യോഹന്നാൻെറ അമ്മയായ മറിയത്തിൻെറ ഭവനത്തിൽ ആണ് എത്തിച്ചേർന്നതു്; ശെമഓൻെറ ഭാര്യയായിരുന്നു ഈ മറിയം; മർക്കോസ് അവൻെറ പുത്രനും, റോദാ അവൻെറ പുത്രിയുമായിരുന്നു. റോമിൽനിന്നു് പത്രോസ് എഴുതിയ ആദ്യ ലേഖനത്തിൽ ഈ മർക്കോസിനെയാണ് പരാമർശിക്കുന്നതെന്നും അവർ പറയുന്നു. വിസ്തൃതികൊണ്ടും ജനബാഹുല്യംകൊണ്ടും പ്രതീകാത്മകമായി അവൻ റോമായെ അതിൽ ബാബിലോൺ എന്നു വിളിക്കുന്നു. "ബാബിലോണിലുള്ള തെരഞ്ഞെടുക്കപ്പെട്ട സഭ നിങ്ങളെയും എൻെറ മകൻ മർക്കോസിനെയും അഭിവാദനം ചെയ്യുന്നു'' (1 പത്രോ. 5:13).

എന്നാൽ ക്ഷുദ്രക്കാരൻ ശീമോൻ ജെൻത്നിൻ എന്ന ഗ്രാമത്തിൽനിന്നുള്ള ഒരു സമറിയാക്കാരനായിരുന്നു. എന്നാൽ ശ്ലീഹായുടെ നാമം ആരംഭംമുതലേ ശെമഓൻ എന്നായിരുന്നു; എന്നാൽ പിന്നീടതു് ശെമഓൻ കേപ്പാ എന്നായി. സമറിയായിൽവച്ചു് കേപ്പാ അവനെ എതിർത്തപ്പോഠം അവൻ റോമിലേക്കു കടന്നു. അവിടെ ക്ലൗദിയുസ് സീസറിൻെറ കാലത്തു് തൻെറ ക്ഷുദ്രപ്രയോഗങ്ങളാൽ അയാഠം വിഖ്യാതനായിത്തീന്നു. അവിടെ പലരും അവനെ ദൈവമായി പരിഗണിച്ചു. ടൈബർ നദീതീരത്തു്, രണ്ടു പാലങ്ങഠംക്കിടയിൽ ദേവനെന്നവണ്ണം തനിക്കും സെലീന എന്ന സ്ത്രീക്കുമായി അവൻ ഒരു വിഗ്രഹം പ്രതിഷ്ഠിച്ചു. അവഠം അവൻെറ സന്തതസഹചാരിയും ഫിനീഷ്യാക്കാരിയായ ഒരു വേശ്യയുമായിരുന്നു.

ജയിൽ വിമുക്തനായ പത്രോസ്ശ്ലീഹാ അന്ത്യോക്യയിൽ ചെന്നു് ആ വർഷം തന്നെ അന്ത്യോക്യൻ സഭക്കു് അസ്തിവാരമിട്ടു; അവിടെ ഒരു ബലിപീഠം പണിതു; കിഴക്കോട്ടു് തിരിഞ്ഞുനിന്നുകൊണ്ടു് പ്രാത്ഥിക്കണം എന്നു് നിർദ്ദേശിച്ചു. "ആഴ്ച വട്ടത്തിൻെറ ഒന്നാം ദിവസം നമ്മുടെ കർത്താവ് കന്യകയിൽ വന്നു വസിച്ചു; അവസാന ദിവസത്തെ ഉത്ഥാനവും

www.malankaralibrary.com



അനുയായിരിക്കും എന്നു് അവൻ അവരെ പഠിപ്പിച്ചു. അവൻ അവിടെ രണ്ടു വർഷം ശുശ്രൂഷിച്ചു. അപ്പോഠം ക്ഷുദ്രക്കാരൻ ശീമോൻ റോമിൽ കാട്ടിക്കൂട്ടുന്നവയെപ്പററി കേട്ടു. തൻെറ സ്ഥാനത്തു് മെത്രാനായി അവിടെ അന്ത്യോക്യയിൽ ഏവോദിയോസിനെ നിയമിച്ചു. അദ്ദേഹം 25 വർഷം അവിടെ സഭയെ ഭരിച്ചു. വി. ശ്ലീഹാ റോമിലേക്കു് യാത്ര തിരിച്ചു. റോമിലെത്തി ശീമോനെ തേടിയിറങ്ങി. ശീമോൻെറ വീടിനു മുമ്പിൽ കിടന്ന ഒരു പട്ടിയോടു് ഇപ്രകാരം പറഞ്ഞു: 'ശെമഓൻ വന്നിരിക്കുന്നു എന്നു് അകത്തുചെന്നു് ശീമോനോടു് പറയുക''.ശീമോനാകട്ടെ ഒരു കാളയുടെ ചെവിയിൽ ഒരു മന്ത്രം ഓതി അതിനെ രണ്ടായി പിളർത്തി. എന്നാൽ പത്രോസ് ആകട്ടെ അതിനു ജീവൻ നൽകി. ഈ ഗലീലിക്കാരൻെറ മുമ്പിൽ കുറേ അടയാളങ്ങഠം കാണിക്കാൻ ക്ഷുദ്രക്കാരൻെറ അനുയായികഠം അയാളെ നിർബന്ധിച്ചു. നഗരാധിപനായ സെഫറീനുസിൻെറ മകൻ പെട്ടെന്നു മരിച്ചു. ശീമോൻ അവൻെറ കട്ടിലിനടുത്തു് വന്നു പല കാര്യങ്ങളും ഉച്ചത്തിലും പതുക്കെയും പറഞ്ഞെങ്കിലും മരിച്ചവൻ ഉയിർത്തില്ല. എന്നാൽ തദവസരം പത്രോസ് കടന്നു വന്നു് ഉച്ചത്തിൽ ഇപ്രകാരം വിളിച്ചുപറഞ്ഞു: ''ജറുസലേമിൽ വച്ചു് ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിൻെറ നാമത്തിൽ കിടക്കയിൽനിന്നെഴുന്നേൽക്കുക''. തൽക്ഷണം മരിച്ചവൻ എഴുന്നേററു. അപ്പോഠം റോമാക്കാർ കോപാകുലരായി ക്ഷുദ്രക്കാരനെ കല്ലെറിയാൻ തുടങ്ങി. അവൻ കോപിച്ചു് അവരോടു് പറഞ്ഞു: ''നിങ്ങഠം എന്നെ തിരസ്കരിച്ചതിനാൽ ഞാൻ എൻെറ സ്വർഗ്ഗസ്ഥനായ പിതാവിൻെറ പക്കലേക്കു പോകുന്നു''. അവൻ പത്രോസിൻെറയും ജനക്കൂട്ടത്തിൻെറയും മുമ്പാകെ കാർപോലെ ഒന്നു വരുത്തി, അതിൽ കയറി സാവധാനം മുകളിലേക്കുയർന്നു. പത്രോസ് അതിൽ ദുഃഖിതനായി; അവൻ കുരിശടയാളത്താൽ പിശാചുക്കളെ വിലക്കുകയും അവർ ഉടനെതന്നെ ക്ഷുദ്രക്കാരനെ വിട്ടുപോകുകയും ചെയ്തു. അവൻ തറയിൽ വീണു് അസ്ഥികഠം പൊട്ടിപ്പൊടിഞ്ഞു് മരിച്ചു. ജനക്കൂട്ടം ഇതിൽ അത്ഭുതപരതന്ത്രരായി. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടു് കല്ലുകഠം പെറുക്കി അവൻെറ ജഡത്തിന്മേലിട്ടു് ഒരു കൽക്കൂമ്പാരം ഉണ്ടാക്കി. ഉടനെ തന്നെ പത്രോസ് അവിടെ സഭ സ്ഥാപിച്ചു് 25 വർഷം ഭരിച്ചു. എന്നാൽ ദുഷ്ടനായ നീറോ ചക്രവർത്തിയാകട്ടെ പത്രോസിനെ തലകീഴായി ക്രൂശിക്കാൻ കല്പിച്ചു. തൻെറ സ്ഥാനത്തു്, ലീനൂസ് എന്ന പേരുള്ള ഒരു ഡീക്കനെ പത്രോസ് നിയമിച്ചു. പൗലോസ്, തിമോതിക്കുള്ള രണ്ടാം ലേഖനത്തിൽ ലീനൂസിനെ പരാമർശിക്കുന്നു. അതിനുശേഷം ക്ലെമെൻറ് ഒൻപതു വർഷം ഭരിച്ചു.

www.malankaralibrary.com



പത്രോസ് റോമാസഭയെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗീയ വാസസ്ഥലങ്ങളിലേക്ക പോകാനുള്ള ചിന്ത അവനിൽ ഉദിച്ചു. അതറിഞ്ഞ വിശ്വാസികൾ ഇളകിവശായി. സുവിശേഷം ഒരു ഗ്രന്ഥത്തിൽ എഴുതിക്കൊടുക്കണമെന്ന് അവർ അവനോട് അപേക്ഷിച്ചു. അവർ നിരന്തരമായി അവനെ നിർബന്ധിച്ചുകൊണ്ടിരുന്നതിനാൽ അവൻ അവരുടെ അപേക്ഷയ്ക്ക വഴങ്ങി. മത്തായിയുടെ സുവിശേഷം നേരത്തെ തന്നെ എഴുതപ്പെട്ടിരുന്നു. അതിൽ താൻ സന്തുഷ്ടനായില്ല എന്ന് ആരെങ്കിലും കരുതാതിരിക്കാൻ, കർതൃകർമ്മങ്ങളെല്ലാം–കർതൃവചനങ്ങളും കർതൃകർമ്മങ്ങളും– ഒരു ഗ്രന്ഥമായി രചിക്കാൻ പത്രോസ്, മർക്കോസിനോടു കല്പിച്ചു: മററനേകം കാര്യങ്ങൾ വിട്ടുകളഞ്ഞുകൊണ്ടും പത്രോസിൻെറ തള്ളിപ്പറയലും അതുപോലുള്ളവയും ശ്രദ്ധാപൂർവ്വം പരിശോധിച്ച് രേഖപ്പെടുത്തിക്കൊണ്ടും എഴുതാൻ മർക്കോസിനെ അവൻ പ്രോത്സാഹിപ്പിച്ചു. നമ്മുടെ കർത്താവ് മനുഷ്യനായി അവതരിച്ചില്ല എന്നു ക്ഷുദ്രക്കാരൻ പറഞ്ഞുനടന്നതിനാൽ മർക്കോസ് കർത്താവിൻെറ മനുഷ്യത്വത്തെപ്പററി കൂടുതലായി രേഖപ്പെടുത്തി. അതിനുശേഷം അവൻ ഈജിപ്തിലേക്ക പോയി പ്രസംഗിക്കുകയും അലക്സാണ്ഡ്രിയൻ സഭയ്ക്ക് ആരംഭം ഇടുകയും ചെയ്തു.

## പുസ്തകം I

*സുവിശേഷത്തിൻെറ ആരംഭം* (1:1) നമ്മുടെ കർത്താവിൻെറ സ്നാനമാണ് എന്നതു് നാം അറിഞ്ഞിരിക്കണം. ഗർഭധാരണംമുതൽ സ്നാനംവരെയുള്ള സംഗതികൾ *സുവിശേഷം* ആയി കരുതപ്പെടുന്നില്ല; സുവിശേഷത്തോട് കൂട്ടിച്ചേർത്തിരിക്കുന്ന സംഗതികളാണവ. അവിടുത്തെ ഉത്ഭവവും ജനനവും എപ്രകാരമായിരുന്നു എന്ന് നാം ഗ്രഹിക്കാൻവേണ്ടിയായിരുന്നു അതു്. അവിടുന്ന് എപ്രകാരം എവിടെ ജനിച്ചു എന്ന് ആദ്യമേ നമുക്കറിവില്ലായിരുന്നെങ്കിൽ, സുവിശേഷപ്രബോധനം സ്വീകരിക്കുവാനേ നമുക്ക് സാധിക്കുമായിരുന്നില്ല.

തൻെറ ജനനംമുതലുള്ള മുപ്പതുവർഷം അവിടുന്ന് സ്വാഭാവിക നിയമവും തിരുലിഖിതനിയമവുംഅനുസരിച്ച് ജീവിച്ചു. പിന്നീട്, തൻെറ സ്നാനത്താൽ പുതിയ ലോകത്തിൻെറ ഒരു മാതൃക നമുക്കായി രൂപീകരിക്കാനും ദൈവരാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കാനും അവിടുന്നു വന്നു. *സുവിശേഷത്തിൻെറ ആരംഭം* സ്നാനം ആണെന്നും അതുമുതൽ നമ്മുടെ കർത്താവ് പുതിയ കാര്യങ്ങൾ ചെയ്യാൻ തുടങ്ങിയെന്നും ഭാഗ്യവാനായ മർക്കോസും അറിഞ്ഞിരുന്നതിനാൽ '*സുവിശേഷ*

www.malankaralibrary.com



*ത്തിൻെറആരംഭം'* എന്ന് തൻെറ ഗ്രന്ഥത്തിൻെറ ആരംഭത്തിൽ (1:1) എഴുതി. അതുപോലെയാണ് മത്തായിയും ലൂക്കോസും ജനനസംബന്ധമായ കാര്യങ്ങൾ ചുരുക്കി വിവരിച്ചിട്ട്, വേഗത്തിൽ സ്നാനത്തിലേക്ക കടക്കുന്നത്. യോഹന്നാനും തൻെറ ഗ്രന്ഥത്തിൻെറ ആരംഭത്തിൽ ദൈവത്വത്തെപ്പററി പഠിപ്പിച്ച ശേഷം യോഹന്നാൻെറ സ്നാനംകൊണ്ട തുടങ്ങുന്നു. "യോഹന്നാൻ അവനെപ്പററി സാക്ഷ്യപ്പെടുത്തി വിളിച്ചുപറഞ്ഞു"എന്ന് അവൻ പറയുന്നു(യോഹ.1:15). അതുകൊണ്ട് മർക്കോസും വളരെ കൃത്യമായി നമ്മുടെ കർത്താവിൻെറ സ്നാനം കൊണ്ടാണ് തുടങ്ങുന്നത്. നാം ആദ്യമായി മതാത്മകജീവിതത്തിലേക്ക കടക്കുന്നത് സ്നാനം വഴിയാണല്ലോ. ഈ രീതിയിൽ അവിടത്തെ ഉത്ഥാനംവരെ സാവധാനം അവൻ വിവരിക്കുന്നു. അവിടെ തൻെറ ഗ്രന്ഥം അവൻ അവസാനിപ്പിക്കുന്നു.

സഭ ഈ നാല് സുവിശേഷങ്ങളും വെറുതെ സ്വീകരിച്ചതല്ല എന്നു നാം അറിഞ്ഞിരിക്കണം. 72 ശിഷ്യരുടെ സംഖ്യയനുസരിച്ച് 72 വെളിപാടുകളും 12 ശ്ലീഹന്മാരുടെ സംഖ്യയനുസരിച്ച് 12 വെളിപാടുകളും ഉണ്ടായിരുന്നെങ്കിലും, ശ്ലീഹന്മാരുടെ മരണശേഷം പിതാക്കന്മാർ അവയെയെല്ലാം സൂക്ഷ്മമായി പരിശോധിക്കയും, 12 പേരിൽനിന്ന് രണ്ടും, 72 പേരിൽ നിന്ന് രണ്ടും എന്നിങ്ങനെ ഈ നാലെണ്ണം മാത്രമേ സത്യമായിട്ടുള്ള എന്ന് കണ്ടെത്തുകയും ചെയ്തു.

*"ഇതാ, ഞാൻ നിനക്കു മുൻപേ എൻെറ ദൂതനെ അയയ്ക്കുന്നു എന്ന് ഏശായായിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ"* എന്ന് മർക്കോസ് പറഞ്ഞിരിക്കുന്നത് (1:2) എന്തിനാണ് എന്നു ചോദിച്ചേക്കാം. കാരണം, അത് മലാഖിയിൽ കാണുന്ന ഭാഗമാണല്ലോ. 'അത് ഏശായായിൽ ഉണ്ടായിരുന്നു, എന്നാലത് നഷ്ടപ്പെട്ടതാകാം' എന്നു *ചിലർ* പറയുന്നു. 'മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദം, കർത്താവിനു വഴിയൊരുക്കുവിൻ' എന്നിത്യാദിയോടു കൂടി ഈ അടയാളം ഉത്തരമായി നൽകി എന്നു *വേറെ ചിലർ*. *മററു ചിലർ*: അത് ലത്തീനിൽനിന്ന് ഗ്രീക്കിലേക്കും, അതിൽനിന്ന് സുറിയാനിയിലേക്കും വിവർത്തനം ചെയ്തപ്പോൾ തെററുപററി; മലാഖി എന്നതിനുപകരം ഏശായാ എന്നാക്കി. *മറെറാരഭിപ്രായം*: തിരുലിഖിതങ്ങളുടെ രീതിപോലെ, റഫറൻസിൻെറ കൃത്യതയിൽ മർക്കോസ് ശ്രദ്ധിച്ചില്ല. *വേറൊരഭിപ്രായം:* അലക്സാണ്ഡ്രിയയിൽ വച്ച് എഴുതപ്പെട്ട *ദിയാതെസ്സാറോണിൽ* "ഏശായാ പ്രവാചകനിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ"എന്നതിനുപകരം 'പ്രവാചകന്മാരാൽ' എന്നാണ് കാണുന്നത്.

www.malankaralibrary.com



യോഹന്നാനെ *വചനം* എന്നു വിളിക്കാതെ *ശബ്ദം* എന്നു വിളിച്ചതു് (1:3) എന്തുകൊണ്ടാണു് എന്നു ചോദിച്ചേക്കാം. കാരണം, ക്രിസ്തു തന്റെ ദൈവത്വത്തിൽ *വചനം* എന്നു വിളിക്കപ്പെട്ടു; *വചനം ശബ്ദം* കൂടാതെ അറിയപ്പെടുന്നില്ല, അതായതു്, എഴുതപ്പെട്ട സംഗതികൾ ശരിയായിട്ടാണു് യോഹന്നാനെ *ശബ്ദം* എന്നു വിളിച്ചിരിക്കുന്നതു്. മനുഷ്യനിൽ വസിച്ച ഏകജാതനായ വചനത്തെപ്പററി തന്റെ ശബ്ദത്തിൽ അവൻ പ്രഘോഷിച്ചു. കൂടാതെ, ക്രിസ്തുവിന്റെ വരവിനെ അവൻ *വഴി* എന്നും *ഊടുവഴി* എന്നും വിളിക്കുന്നു (1:3). 'കർത്താക്കന്മാരുടെ കർത്താവായ ക്രിസ്തുവിന്റെ വരവിനെ സ്വീകരിക്കാൻ നിങ്ങളുടെ ചിന്തകളും മനസ്സുകളും ഒരുക്കുവിൻ' എന്നു് അവൻ വിളിച്ചുപറഞ്ഞു.

*'അവൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രം ധരിച്ചിരുന്നു'* (1:6). *രോമവസ്ത്രം*: ഒട്ടകങ്ങളുടെ ശുദ്ധിചെയ്യാത്ത രോമംകൊണ്ടുള്ള വസ്ത്രം; അവന്റെ പ്രാകൃതവേഷത്തെ ഇതു സൂചിപ്പിക്കുന്നു. സ്നാനത്തെപ്പററി മത്തായിയിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. *'സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു'* (1:15). അതായതു്, നിയമത്തിന്റെ നിഴലിന്റെ കാലം അവസാനിച്ചു. രഹസ്യങ്ങൾ പൂർത്തിയാക്കുന്നവനും യാഥാർത്ഥ്യവും വന്നണഞ്ഞിരിക്കുന്നു. എന്നാൽ അവൻ ഇവിടെ സുവിശേഷത്തേയും കൃപയേയും *രാജ്യം എന്നു വിളിക്കുന്നു*.

അവൻ പിശാചിനെ *അശുദ്ധാത്മാവ്* എന്നു വിളിക്കുന്നു (1:23). പിശാച് വാസമുറപ്പിക്കുന്നവനിൽ അവൻ ചെയ്തുകൂട്ടുന്ന ദുഷ്പ്രവൃത്തികൾ നിമിത്തമാണു് അവനെ അപ്രകാരം വിളിക്കുന്നതു്. "നീ ആരാണെന്നു് എനിക്കറിയാം- ദൈവത്തിന്റെ പരിശുദ്ധൻ (1:24): ഒരു വിശുദ്ധ മനുഷ്യനോടു സംസാരിക്കുന്നതുപോലെയാണു് അവൻ പറഞ്ഞതു്. അവനിൽ വസിക്കുന്ന ദൈവവചനത്തിൽ വിശ്വസിക്കുന്നവനെപ്പോലെയല്ല. *"ഞങ്ങളെ നശിപ്പിക്കുവാനാണോ നീ വന്നിരിക്കുന്നത്?"* (1:24): ഇതു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. ഒന്നു്, പോരാട്ടത്തിലുള്ള അവരുടെ പരാജയംമുതൽ നമ്മുടെ കർത്താവിൽനിന്നു് അവരുടെമേൽ നിപതിച്ച ഭയത്തെ. രണ്ടു്, മനുഷ്യരോടു് അവർ കാട്ടുന്ന ദുഷ്ടതയെ; അവരുടെ നാശം അവരെ ദൂരെയകററുന്നതും മനുഷ്യരക്ഷ ഉൾക്കൊള്ളുന്നതുമാണു്.

*'എല്ലാവരും നിന്നെ തേടുന്നു'* (1:37): യേശു ലോകം മുഴുവൻ ദർശിച്ചു (മത്താ. 4:8); എല്ലാ ജനതകളും എന്റെ ചുററും

www.malankaralibrary.com



കൂടി, എന്നാൽ കർത്തൃനാമത്തിൽ.... (സങ്കീ. 118:10). എനിക്കു മുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായിരുന്നു (യോഹ. 10:8) എന്നിവപോലെയാണിത്.

*'ഇതു വെളിപ്പെടുത്തരുത്' എന്ന് സൗഖ്യം ലഭിച്ചവരെ താക്കീതു ചെയ്തു* (1:44). അവിടുന്ന് വ്യർത്ഥാഭിമാനിയും ആത്മശ്ലാഘിയുമാണെന്ന് യഹൂദർ കുററപ്പെടുത്താതിരിക്കാനാണിത്. താൻ ചെയ്ത അടയാളങ്ങൾ മറച്ചുവയ്ക്കാവുന്നതല്ല, വിഖ്യാതമാണ് എന്ന് അവിടുത്തേക്കറിയാമായിരുന്നു. 'മോശ കല്പിച്ചതുപോലെ കാഴ്ച സമർപ്പിക്കുവാൻ' അവിടുന്ന് കുഷ്ഠരോഗിയോടു കല്പിച്ചു (1:44). ഒന്ന്: രണ്ടു് ഉടമ്പടികളുടെയും പൂർത്തീകരണത്തെ സൂചിപ്പിക്കാൻ. രണ്ടു്: രണ്ടിന്റെയും ദാതാവ് ഒരാൾതന്നെയെന്നു കാണിക്കാൻ: ആദ്യത്തേതു ശൈശവത്തിലെ ശിക്ഷണമായിരുന്നു, ഇതു് യൗവനത്തിന്റെ പൂർത്തീകരണവും എന്ന വ്യത്യാസം മാത്രം. മൂന്ന്: അവിടുന്ന് ദൈവത്തിനും നിയമത്തിനും എതിരല്ല, ഇതേപ്പററി അവിടുത്തെ കുററപ്പെടുത്തൽ അവർക്കു് പഴുതുണ്ടായിരുന്നില്ല.

*"യേശു ഇരുന്ന സ്ഥലത്തിന്റെ മേൽക്കൂര പൊളിച്ച് തളർവാദരോഗിയെ കിടക്കയോടെ താഴെയിറക്കി* (2:4): ഇന്നും പലരും ചെയ്യുന്നതുപോലെ, കല്ലും പൊടിയും താഴേക്കു വീഴാതെ മേൽക്കൂരമാററി കിടക്ക താഴോട്ടിറക്കുന്ന വിദ്യ അവർ കണ്ടുപിടിച്ചു എന്നു നാം ഗ്രഹിക്കണം.

## പുസ്തകം II

അവിടുന്ന് സുവിശേഷപ്രബോധനത്തെ *പുതിയ തുണിക്കഷണം* എന്നും *പുതിയ വീഞ്ഞ്* എന്നും സുവിശേഷം സ്വീകരിക്കുന്നവരെ *പുതിയ വസ്ത്രം* എന്നും *പുതിയ തോൽക്കുടം* എന്നും വിളിക്കുന്നു. അവിടുന്ന് നിയമത്തിന്റെ പ്രബോധനത്തെയും അവരുടെ പാരമ്പര്യങ്ങളെയും *പഴയ വീഞ്ഞെന്നും പഴയ തുണിക്കഷണം* എന്നും ഫരിസേയരെയും സദ്ദുക്യരെയും *കീറിയ വസ്ത്രം* എന്നും *പിളർന്ന തോൽക്കുടം* എന്നും വിളിക്കുന്നു. പുതിയ സുവിശേഷത്തിന്റെ പ്രഘോഷകർ 'നിയമസംബന്ധമായവ' അനുഷ്ഠിക്കേണ്ടതില്ല എന്ന് അവിടുന്നു പഠിപ്പിക്കുന്നു (2:21-22).

*ശിഷ്യന്മാർ കതിരുകൾ പറിച്ച് കൈയിൽ വച്ച് തിരുമ്മി:* അതായതു് പൊടിച്ച്, തിന്നുവാൻ തുടങ്ങിയപ്പോൾ രണ്ടു കാരണങ്ങളാലാണ് ഫരിസേയർ നമ്മുടെ കർത്താവിനെ

www.malankaralibrary.com



താക്കീതു ചെയ്തതു്. ഒന്നു്, അതൊരു സാബതായിരുന്നു; രണ്ടു്, ബലിപീഠത്തിൽ സമർപ്പിക്കാതെ പുതിയ വസ്തുക്കൾ ഭക്ഷിക്കുന്നതു് നിയമം വിലക്കിയിരുന്നു. കൊയ്ത്തിനു മുമ്പു് മഹാപുരോഹിതന്റെ അംശം അവരെടുത്തു. അതുകൊണ്ടു് ഫരിസേയർ കുററപ്പെടുത്തിയതിനു കാരണമുണ്ടായിരുന്നു (2:23-28). *"ദാവീദ് വിശന്നു വലഞ്ഞപ്പോൾ എന്തു ചെയ്തു എന്നു് നിങ്ങൾ വായിച്ചിട്ടില്ലേ?"* എന്നു് നമ്മുടെ കർത്താവു് അവരോടു ചോദിച്ചു (2:25). ദാവീദു് നീതിമാനായിരുന്നു എന്നു് ദാവീദിനെപ്പററി അവരുടെ ഇടയിൽ വലിയ സാക്ഷ്യം ഉണ്ടായിരുന്നു. 'ദാവീദിനെയാരും കുററപ്പെടുത്തിയില്ലെങ്കിൽ എന്റെ ശിഷ്യരും കുററമില്ലാത്തവരാണു്' എന്നു് പറഞ്ഞു് കർത്താവു് അവക്കു മറുപടി നൽകി. വിശന്നു വലഞ്ഞപ്പോൾ ശിഷ്യർ കതിരുകൾ പറിച്ചു് തിരുമ്മി ഭക്ഷിച്ചു. പുരോഹിതനല്ലാതെ മററാക്കും ഭക്ഷിക്കാൻ അനുവാദമില്ലാതിരുന്നിട്ടും ദേവാലയത്തിലെ കാഴ്ചയപ്പം എടുത്തു ഭക്ഷിച്ചയാൾ നീതിമാനാണു്; അതു് അവർക്കു നൽകിയ പുരോഹിതനെയും ആരും കുററപ്പെടുത്തിയില്ല. അതുകൊണ്ടു് നിയമത്തിലെ കല്പനകൾ അവയുടെ സ്വഭാവമനുസരിച്ചാണു് അളക്കേണ്ടതു് എന്നു് പുരാതനകാലം മുതലേ സുവ്യക്തമായിരുന്നു. അതിനെതിരെയുള്ള വാദങ്ങൾ ശാന്തമായി അവലോകനം ചെയ്യേണ്ടിയിരുന്നു. അതുകൊണ്ടു് സ്വാഭാവികമായ വിശപ്പുകൊണ്ടു് ശിഷ്യർ ഇതു ചെയ്തെങ്കിൽ ഞാനും എന്റെ ശിഷ്യരെ കുററപ്പെടുത്തുന്നില്ല.

'ദേവാലയത്തിലെ പുരോഹിതർ സാബതു ലംഘിച്ചാൽ അവർ കുററമററവരാണു്' (മത്താ. 12:5): അവിടെയുള്ള ബലികൾ, ക്ഷാളനങ്ങൾ, ധൂപാർപ്പണം, വിളക്കുകൾ, എന്നിവ സംബന്ധിച്ചു്. വീണ്ടും, രാവിലെയും വൈകിട്ടും കത്തിക്കുന്ന ഓരോ വിളക്കിനെ സംബന്ധിച്ചു്. സാബതിൽ രാവിലെയും വൈകിട്ടും ഈരണ്ടു വിളക്കുകൾ കത്തിച്ചിരുന്നു. വീണ്ടും, സാബതുദിവസം കാഴ്ചയപ്പം ചുട്ടെടുത്തു് കാഴ്ചയപ്പത്തിന്റെ പീഠത്തിൽ വയ്ക്കുന്നതിനെ സംബന്ധിച്ചു്. ആറാം ദിവസം അഹറോൻ അവ ക്രമീകരിച്ചതിനെ സാബത് എന്നു് എബ്രായയിൽ വിളിച്ചുവന്നു. അഹീമെലേക്കു് ദാവീദിനു് അപ്പം കൊടുത്തു എന്നാണു് ശാമുവേലിൽ കാണുന്നതു് (1 സമു. 21:6). എന്നാൽ *അബിയാഥാർ* കൊടുത്തു എന്നു് നമ്മുടെ കർത്താവു് പറയുന്നതു് എന്തുകൊണ്ടാണു്? (2:26). മൂത്തയാളായ അഹീമെലേക്കു് കല്പിച്ചതനുസരിച്ചു് അബിയാഥാർ തന്റെ കൈകൊണ്ടു് അപ്പം എടുത്തുകൊടുത്തു. വീണ്ടും, മഹാപുരോഹിതൻ തന്നെ പോയി അപ്പമെടുത്തു കൊടുത്തില്ല; അതു് അദ്ദേഹ

www.malankaralibrary.com



ത്തിൻെറ സ്ഥാനത്തിനു ചേർന്നതല്ല. അയാളുടെ മകനായ അബിയാഥാറെ പറഞ്ഞയച്ചതാകാം. ഒന്നിനു പിറകെ ഒന്നായി അവിരിരുവരും മഹാപുരോഹിതന്മാരായിരുന്നിരിക്കാം എന്നു *ചിലർ* പറയുന്നു: നാദാബും അബീഹുവും പോലെയും, എലിയാസറും ഇതാമാറുംപോലെയും, ഹോഫ്നിയും ഫിനെഹാസും പോലെയും, അബിയായും സക്കറിയായും പോലെയും ഇവിടെയും. അഥവാ, അബിയാഥാർ അധികം വൈകാതെ മഹാപുരോഹിതൻ ആയിത്തീർന്നു കാണും.

യാക്കോബിനും അവൻെറ സഹോദരനായ യോഹന്നാനും *ഇടിമുഴക്കത്തിൻെറ പുത്രൻമാർ* എന്നു് പേരുനൽകപ്പെട്ടതു് (3:17) എബ്രായയിൽ *ബർ റാമാ* (ഇടിമുഴക്കത്തിൻെറ പുത്രൻ). അതായതു്, ഇടിമുഴക്കം എല്ലാവർക്കും ശ്രാവ്യമായിരിക്കുന്നതുപോലെ, തങ്ങളുടെ പ്രഘോഷണംവഴി ദൈവികജ്ഞാനത്തിൻെറ മുഴക്കം കേൾപ്പിക്കുന്നവർ. അല്ലെങ്കിൽ, സുവിശേഷത്തിൻെറ പുത്രന്മാർ; കാരണം നമ്മുടെ കർത്താവു തന്നെ തൻെറ അന്ത്യപ്രത്യക്ഷീകരണത്തെ മിന്നൽ എന്നു വിളിക്കുന്നു. മിന്നലും ഇടിമുഴക്കവും പരസ്പരബന്ധിതമാണ്. ജലവാഹികളായ മേഘങ്ങൾ കാററടിച്ചു് ഒന്നിച്ചുചേരുന്നു. അവയുടെ വികസനവും ചുരുക്കവുംകൊണ്ടു് ഇവ രണ്ടും ഉണ്ടാകുന്നു. ഇടിമുഴക്കത്തിൻെറയും കൂട്ടിഉരസലിൻെറയും ശബ്ദം നാം കേൾക്കുന്നു. തീപ്പെട്ടിക്കോൽ ഉരയ്ക്കുമ്പോൾ എന്നവണ്ണം അതിൽനിന്നു് മിന്നൽപിണർ ഉയരുന്നു. അതുപോലെ ഇവിടെയും. അവനെ മിന്നൽപിണർ എന്നു വിളിക്കുന്നതിനാൽ അവിടുത്തെ സുവിശേഷം *ഇടിമുഴക്കം* എന്നു വിളിക്കപ്പെടുന്നു. അസ്തിത്വത്തിലെത്തുന്ന എല്ലാ നല്ല വസ്തുക്കളെയും അതു പ്രകാശിപ്പിക്കുന്നു. അവരെ *ഇടിമുഴക്കത്തിൻെറ പുത്രൻമാർ*, അതായതു് സ്നേഹത്തിൻെറ പൂർണതകൊണ്ടു് *സുവിശേഷതനയർ* എന്നു വിളിക്കുന്നു. കാരണം, അമ്മമാർ മക്കളെ പരിപാലിക്കുന്നതുപോലെ സുവിശേഷം അവരെ സംരക്ഷിക്കുകയും വഴിനടത്തുകയും ചെയ്യുന്നു. മക്കൾ അമ്മയെ എന്നവണ്ണം അവർ സുവിശേഷത്തെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു.

അനേകർ കേട്ട ശബ്ദവും ആരവാരവുമാണ് മുഴക്കം എന്നു് *ചിലർ* പറയുന്നു. *ഇടിമുഴക്കത്തിൻെറ പുത്രൻമാർ* സുവിശേഷതനയരാണ്. *വേറേ ചിലർ*: *ഇടിമുഴക്കത്തിൻെറ പുത്രൻമാർ* എന്നാൽ എൻെറ രഹസ്യത്തിൻെറ മക്കൾ. കാരണം, തൻെറ ദിവ്യരഹസ്യങ്ങളെ സംബന്ധിച്ചു് അവർ അറിവുള്ളവർ ആയിരുന്നു. *ഇടിയുടെ മക്കൾ* അതാ

www.malankaralibrary.com



യത്തു്, നിങ്ങൾക്കു മാത്രം ഇപ്പോൾ അറിയാവുന്ന കാര്യങ്ങൾ, ഞാൻ മരണത്തിൽനിന്നു് ഉത്ഥാനം ചെയ്തശേഷം ലോകം മുഴുവൻ ഇടിമുഴക്കംപോലെ പ്രഘോഷിക്കപ്പെടുന്ന സമയം വരുന്നു.

*അവന്റെ സ്വന്തക്കാർ അവനെ പിടിച്ചുകൊണ്ടു പോകുവാൻ പുറപ്പെട്ടു* (3:21): സ്വന്തക്കാർ എന്നതു് ജോസഫിനെ ഉദ്ദേശിച്ചാകാം. അവിടുന്നു് മഹനീയ കാര്യങ്ങൾ ചെയ്യുന്നതു് അവർ കണ്ടു; ജനക്കൂട്ടത്തിന്റെ ഇടയിൽ അതേപ്പററി ഒച്ചപ്പാടായി. അവന്റെ സ്വന്തക്കാർക്കു് അവനെപ്പററി ഏതോ എളിയ അഭിപ്രായം ഉണ്ടായി. അതായത്തു്, ഒരുപക്ഷേ അവനെ ഒരാത്മാവു് ബാധിച്ചതാകാം. അഥവാ, അവനെതിരായി രോഷാകുലരായ ജനാവലിയെ സാന്ത്വനപ്പെടുത്താൻ അവരെന്തെങ്കിലും മാർഗം ആരാഞ്ഞതാകാം. അങ്ങനെ അവക്കെതിരെ നില്ക്കാതിരിക്കാൻ അവനെ തടഞ്ഞതാകാം.

പിശാചുക്കളുടെ തലവൻ *ബേൽസെബൂബ്* (3:23) ആണെന്നു് യഹൂദർ എവിടെനിന്നു പഠിച്ചു? തിരുലിഖിതത്തിൽ ഇതു് സൂജ്ഞാതമല്ല; നിയമം ഇതു സംബന്ധിച്ചു് പറയുന്നുമില്ല. പിശാചുക്കളുമായുള്ള സഖിത്വത്തിൽനിന്നാകാം അവർക്കിതു കിട്ടിയതു്. മന്ത്രവാദത്താൽ ഒരവസരം പിശാചുക്കൾ അവർക്കു വിധേയമായിരുന്നു. അവർ ആരാധിക്കുന്ന പിശാചുക്കളുടെയും അവരുടെ തലവന്റെയും പേരുകൾ അവക്കു വെളിപ്പെടുത്തിക്കിട്ടി. ഒരുവനിൽ പാർക്കാൻ മറെറാരു പിശാചിനെ ഒരുക്കാതെ പിശാചു് പുറപ്പെട്ടുപോകുന്നില്ല എന്നൊരു പാരമ്പര്യം ഉണ്ടു്; അല്ലെങ്കിൽ അനേകർ വന്നു് അവനെ നിശ്ശബ്ദനാക്കും.

## പുസ്തകം III

*വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു* (4:3): അവൻ തന്നെത്തന്നെ *വിതക്കാരൻ* എന്നും തന്റെ സുവിശേഷത്തെ *വിത്തു്* എന്നും ദൈവഭയത്താൽ നിറയാത്ത കഠിനഹൃദയരെ *വഴിയരിക്* എന്നും പിശാചുക്കളെയും ചെകുത്താന്മാരെയും *പറവകൾ* എന്നും വിളിക്കുന്നു.

*ദൈവരാജ്യത്തിന്റെ രഹസ്യം നിങ്ങൾക്കാണു നൽകപ്പെട്ടിരിക്കുന്നതു്* (4:11): ഉത്ഥാനത്തെയും അമർത്ത്യതയെയും അവിടുന്നു് *രാജ്യം* എന്നു വിളിക്കുന്നു. അതിന്റെ സുവിശേഷമാണു് *രഹസ്യം*. പണ്ടു് നിഗൂഢമായിരുന്നതും ഇപ്പോൾ സ്വന്തജനത്തിനു് താൻവഴി വെളിപ്പെട്ടതുമായതിനാൽ സുവിശേഷത്തെ രഹസ്യം എന്നു് അവിടുന്നു് വിളിക്കുന്നു.

www.malankaralibrary.com



അവൻ പിന്നീട് മറ്റൊരുപമ പറഞ്ഞു. അതു് എല്ലാ സുവിശേഷകരും പറയുന്നില്ല. ദൈവരാജ്യം ഭൂമിയിൽ വിത്തുവിതയ്ക്കുന്ന മനുഷ്യനോടു സദൃശ്യം. അവൻ ഉറങ്ങിയും ഉണർന്നും കഴിയുന്നു. അവിടുന്നു് തന്നെത്തന്നെ ഭൂമിയിൽ വിത്തെറിഞ്ഞ *മനുഷ്യൻ* എന്നും തന്റെ സുവിശേഷത്തെ *വിത്ത്* എന്നും വിശ്വാസികളുടെ ഹൃദയങ്ങളെ *നിലം* എന്നും വിളിക്കുന്നു. തന്റെ ഉത്ഥാനംമുതൽ മഹത്ത്വപ്രത്യക്ഷീകരണംവരെയുള്ള സമയത്തെയാണ് *ഉറക്കം* എന്നു വിളിക്കുന്നതു്. അവൻ അറിയാതെതന്നെ വിത്തുകൾ പൊട്ടിമുളച്ചുവളരുന്നു. അവിടുന്നു് ഒരു കൃഷിക്കാരനെപ്പോലെ സംസാരിക്കുന്നു. വിത്തുവിതച്ചു കഴിഞ്ഞു് കർഷകർ തുടർന്നു് ഒന്നുംചെയ്യുന്നില്ല. നമുക്കു നല്കപ്പെട്ട കൃപ അവശ്യാവശ്യം നമ്മിൽ പ്രവർത്തിക്കുന്നില്ല, പിന്നെയോ ഓരോരുത്തനും തന്റെ ഇച്ഛയനുസരിച്ച് അതു് വളർത്തുവാൻ സാധിക്കും എന്നു് ഈ ഉപമവഴി അവിടുന്നു കാട്ടുന്നു. "ഞാൻ വിതച്ചിട്ടു് സ്വർഗാരോഹണം ചെയ്തു; ഞാൻ സ്വർഗത്തിൽ ഉപവിഷ്ടനായിരിക്കുന്നു; വിത്തു് തറയിൽ കിടന്നു് താനേ വളർന്നുകൊള്ളും; ഫലസമാനം നല്ല പെരുമാററം കാണിക്കുമ്പോൾ, ഒരു ദിവസം അതിന്റെ കൊയ്ത്തുഫലം സ്വർഗത്തിലേക്കുയരും. എന്റെ രാജ്യത്തിന്റെ ഉപയോഗാർത്ഥം അവർ അവിടെ എന്നേക്കും സംരക്ഷിക്കപ്പെടും. അതുകൊണ്ടു്, വിതച്ച് എല്ലാവരെയും പഠിപ്പിക്കുവിൻ. കർഷകനെപ്പോലെ വളർച്ചയെപ്പററി ചിന്തിക്കേണ്ട; എന്തുകൊണ്ടെന്നാൽ വിത്തിനെ വളർത്തുന്നതു് ദൈവമാണ്" എന്നു പറയുന്നതുപോലെയാണിതു്.

*ആദ്യം ഇല, പിന്നെ കതിർ, തുടർന്ന് കതിരിൽ നിറയെ ധാന്യമണികൾ* (4:28): വിത്തിനെ സംബന്ധിച്ച് ഇതു സ്വാഭാവികമാണ്. തന്റെ സ്വന്തമായ ഇവരെല്ലാം ഒരേതരത്തിൽ പരിപൂർണരല്ല എന്നു് കാണിക്കാൻ അവിടുന്നു് ആഗ്രഹിക്കുന്നു. തന്റെ സുവിശേഷം അനുസരിക്കുന്നവർ ആദ്യം വളരെ കുറവായിരുന്നു, പിന്നീട് അവർ വർദ്ധിക്കുകയും പരിപൂർണതയിൽ എത്തുകയും ചെയ്യുന്നു. ദൈവഭയത്തിനു് യോഗ്യമായ ഫലങ്ങൾ അവർ പുറപ്പെടുവിക്കുകയും ചെയ്യുന്നു. *എങ്ങനെയെന്ന് അവൻ അറിയുന്നില്ല*: അതായതു്, വിതച്ചവന്റെ കഴിവുകൊണ്ടല്ല വിത്തു് പരിപൂർണതയിലെത്തുന്നതു്, പിന്നെയോ, ദൈവികശക്തിയാലും ദൈവിക പ്രവർത്തനത്താലുമാണ്.

*വലിയ ശാഖകൾ പുറപ്പെടുവിക്കുന്ന കടുകുമണി* (4:30) പ്രഘോഷണത്തിൽനിന്നുളവാകുന്ന സമൃദ്ധി

www.malankaralibrary.com



യെയും മാഹാത്മ്യത്തെയും സൂചിപ്പിക്കുന്നു. അതിന്റെ *ശാഖകളിൽ വിശ്രമിക്കുന്ന ആകാശപ്പറവകൾ* പിശാചുക്കളും പൈകുത്താന്മാരുമാണെന്നു് ചിലർ പറയുന്നു; അതിന്റെ *തണൽ* നിശ്ചയമായും അവസ്ഥും ആവശ്യമാണത്രേ! അതിന്റെ തണൽ കൊണ്ടു് അവരെ സംരക്ഷിക്കേണ്ടതില്ല, പിന്നെയോ, അതിന്റെ പുറത്തുള്ള അന്ധകാരത്തിലാണ് പിശാചുക്കളെ അകററി നിർത്തിയിരിക്കുന്നതെന്നു് മേല്പറഞ്ഞവർ ഗ്രഹിക്കുന്നില്ല. അതു വിശുദ്ധ മാലാഖമാരാണെന്നു് *മററു ചിലരും*, രാജാക്കന്മാരും ന്യായാധിപന്മാരുമാണെന്നു് *വേറേ ചിലരും* പറയുന്നു. *കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ* (4:9): ഈ കാര്യങ്ങൾ വേർതിരിച്ചു് കരുതലുള്ളവരായിരിക്കാനുള്ള വെടിപ്പുള്ള ചിന്തകൾ എന്നർത്ഥം; ഫരിസേയരുടെ പാരമ്പര്യങ്ങളെപ്പററിയല്ല.

*കടലിൽ വലിയ കൊടുങ്കാററുണ്ടായി* (4:36): തിരമാലകൾകൊണ്ടു് അവരുടെ വഞ്ചികൾ മാത്രം ആടിയുലഞ്ഞു. കൊടുങ്കാററിന്റെ അവസരം അവിടുന്നു് ഉറങ്ങിക്കിടന്നതു് ദൈവികപരിപാലനയാലാണ്; കാരണം സ്വാഭാവിക വസ്തുക്കൾ തങ്ങളുടെ പ്രകൃതിക്കെതിരായി പ്രവത്തിക്കാറില്ല.

*ഞങ്ങളുടെ പേര് ലെഗിയോൻ എന്നാണ്* (5:9): ഒരു വലിയ കൂട്ടം എന്നാണ് ലെഗിയോന്റെ അത്ഥം. ഉദാ: കിത്തിംദേശത്തുനിന്നു പുറപ്പെടുന്ന ലെഗിയോനുകൾ (സംഖ്യ. 24:24): ഗ്രീക്കുകാരുടെ വലിയ കൂട്ടങ്ങളെയാണ് അതു സൂചിപ്പിക്കുന്നതു്. ഗ്രീക്കിൽ ഒരു ലീജിയൻ പതിനായിരമാണെന്നു് *മററു ചിലർ*; *വേറേ ചിലർ* ഒരു ലക്ഷം എന്നും പറയുന്നു. അതു് ആയിരങ്ങളാണെന്നു് *മററു ചിലർ*. ആദ്യം പറഞ്ഞതാകാം കൂടുതൽ ശരി. അവർ അനേകർ ഉണ്ടായിരുന്നു എന്നാണ് അവൻ ഉദ്ദേശിച്ചതു് എന്നു തോന്നുന്നു. അവയുടെ സത്ത ചെറുതാകയാൽ ചെറിയ വസ്തുവിലും അവയ്ക്കു് കടന്നുകൂടാം. പദാത്ഥങ്ങളിൽ ചൂടു കയറാൻ പ്രത്യേകസ്ഥലം ആവശ്യമില്ലാത്തതുപോലെയാണിതും. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നവർക്കു് വളരെ കുറച്ചു് ശക്തിയേയുള്ളു. ഇതു് ദൈവപരിപാലന ക്രമീകരിച്ചതാണ്. അല്ലെങ്കിൽ ഒരു പിശാചു തന്നെ എല്ലാവരെയും നശിപ്പിക്കുമായിരുന്നു. പിശാചുക്കളെയെല്ലാം മരുഭൂമിയിൽ അടച്ചുപൂട്ടി വച്ചിരിക്കയാണ്, വളരെ കുറച്ചു് എണ്ണം മാത്രമേ മനുഷ്യരുടെ ഇടയിൽ ഉള്ളു എന്നു് പാരമ്പര്യം; അപ്രകാരം പലരും കരുതുകയും ചെയ്യുന്നു. മനുഷ്യസ്വാതന്ത്ര്യം പരീക്ഷിക്കപ്പെടാനും ദൈവികശക്തി വെളിപ്പെടുത്താനുമാണീ ക്രമീകരണം; അതുവഴി നീതിമാന്മാരുടെ ധൈര്യം

www.malankaralibrary.com



വ്യക്തമാകുന്നു; അല്ലെങ്കിൽ തിന്മ പ്രവർത്തിക്കുന്നതിനെയെല്ലാം ദൈവികശക്തി മരുഭൂമിയിൽ ബന്ധിക്കുമായിരുന്നു. ജലപ്രളയത്തിനുശേഷം പിശാചുക്കളെയെല്ലാം മരുഭൂമിയിൽ ബന്ധിച്ചിരിക്കയാണ്. മനുഷ്യൻെറ സ്വാതന്ത്ര്യവും ദൈവത്തിൻെറ ശക്തിയും വ്യക്തമാക്കാൻ ചിലരെ മാത്രം സ്വതന്ത്രരാക്കി.

ഒരു മനുഷ്യനെ പതിനായിരം പിശാചുക്കൾ കീഴടക്കി എന്നതിൽനിന്നു്, ദൃശ്യവസ്തുക്കളുടെമേൽ ദൈവപരിപാലന ഇല്ല എന്നുതോന്നാം. ദൈവപരിപാലന അനുവദിച്ചാൽ ആയിരങ്ങളെയും ലക്ഷങ്ങളെയും നശിപ്പിക്കാൻ അവയിൽ ഒന്നു മതിയാകും; പത്തു് ഏകാധിപതികളുടെയും അധികാരികളുടെയും ദുഷ്കരത്വത്തിൽനിന്നു് ഒരാൾ സംരക്ഷിക്കപ്പെട്ടാൽ, എല്ലാ ശ്രദ്ധയും പരിപാലനയും ഉണ്ടു് എന്നു് അവർ മനസ്സിലാക്കട്ടെ. *പന്നികളിൽ പ്രവേശിക്കാൻ* ഈ പിശാചുക്കൾ നമ്മുടെ കർത്താവിനോടു് അനുവാദം ചോദിച്ചു (5:12). അതു വെറുതെയല്ല, കാരണം, മനുഷ്യവാസമുള്ളിടത്തുനിന്നു് അവിടുന്നു തങ്ങളെ ആട്ടിപ്പുറത്താക്കാൻ പോകുന്നു എന്നു് അവ മനസ്സിലാക്കി. പന്നികൾ നഷ്ടപ്പെടുന്ന നാട്ടുകാർ നമ്മുടെ കർത്താവിനെ പുറത്താക്കുമെന്നും ഉടനെ തങ്ങളുടെ സ്ഥലങ്ങളിലേക്കു് അവർക്കു് തിരിച്ചുവരാൻ സാധിക്കും എന്നു് അവർ നിരൂപിച്ചു. അവരുടെ വിചാരം ഗ്രഹിച്ച കർത്താവു് അവരെ അതിനനുവദിച്ചു. അവിടുത്തേപ്പോലെ അവസ്ഥു് മുൻകൂട്ടിയുള്ള അറിവില്ല എന്നു് വ്യക്തമാക്കാനായിരുന്നില്ല്. ബാക്കി മത്തായിയുടെ ഭാഷ്യത്തിൽ കാണാം. *പന്നികളിലേക്കു പ്രവേശിക്കാൻ അവർ നമ്മുടെ കർത്താവിനോടു് അഭ്യർത്ഥിച്ചു:* നിന്ദ്യമായ പന്നികൾപോലും പരിപാലനയ്ക്കു വെളിയിലല്ല; അതിൽ എത്ര അധികമാണു് ദൈവസാദൃശ്യം എന്നു് ഇതു വ്യക്തമാക്കുന്നു.

## പുസ്തകം IV

*തങ്ങളുടെ തീരം വിട്ടുപോകണമെന്നു് അവർ നമ്മുടെ കർത്താവിനോടു് അപേക്ഷിച്ചു* (5:17): പിശാചുക്കളുടെ ഉദ്ദേശ്യം സാധിച്ചു എന്നു് ചിലർ പറയുന്നു. അതായതു്, ഭൂവുടമകൾ തങ്ങളുടെ പട്ടണത്തിൽ യേശുവിനെ കയററിയില്ല. തങ്ങളുടെ അപേക്ഷയുടെ അർത്ഥം എന്തെന്നു് ഗ്രഹിക്കാതെയാണു് അവർ ഇതു ചെയ്തതു്. സംഭവിച്ചവയെപ്പററി അവർ അത്ഭുതപ്പെട്ടു; വലിയ ഭയം അവരുടെമേൽ നിഴലിച്ചു. തങ്ങളുടെ പാപം നിമിത്തമാണു് പന്നികൾക്കിതു സംഭവിച്ചതു് എന്നു് അവർ കരുതി. ആ പിശാചുബാധിതൻ പുറജാതിക്കാ

www.malankaralibrary.com



രനായിരുന്നു. യേശു തങ്ങളോടുകൂടി താമസിച്ചാൽ പുറജാതികളായ തങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകും എന്നു് അവർ ചിന്തിച്ചു. അതുകൊണ്ടു് അയോഗ്യരായ തങ്ങളുടെ പക്കൽ സുകൃതവാനായ യേശു താമസിക്കുന്നതു് നന്നല്ല എന്നു് അവർ പറഞ്ഞു. 'നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുമ്പിൽ എറിയരുതു്'' (മത്താ. 7:6) എന്നു് നമ്മുടെ കർത്താവു് തന്റെ ശിഷ്യരോടു് കല്പിച്ചതുപോലെ, *പന്നികൾ* യഹൂദരെ സൂചിപ്പിക്കുന്നു.

*ദെക്കാപ്പൊളീസ്* (5:20) എന്നു് ആ സ്ഥലം വിളിക്കപ്പെടുന്നതു്, അതിലെ നിവാസികൾ പത്തു പട്ടണങ്ങളിൽ നിന്നു് വന്നവരായതിനാലാണ് എന്നു് *ചിലർ* പറയുന്നു. *കിര്യാത് അർബാ*, അതായതു് ഹെബ്രോൺ, നാലു് നഗരങ്ങളുടെമേൽ ഭരണം നടത്തിയിരുന്നതുപോലെ ഈ നഗരം പത്തു പട്ടണങ്ങളുടെമേൽ ഭരണം നടത്തിയിരുന്നു എന്നു *വേറേ ചിലർ* പറയുന്നു.

*അവന് അവിടെ ഒരു അത്ഭുതംപോലും ചെയ്യാൻ സാധിച്ചില്ല* (6:5). തനിക്കു ശക്തിയില്ലാഞ്ഞിട്ടല്ല, പിന്നെയോ, അവരുടെ മനസ്സിന്റെ ദുഷ്ടത നിമിത്തം. 'നിങ്ങളുടെ ദുഷ്കർമ്മങ്ങൾ നിമിത്തം കർത്താവിനു് നിങ്ങളോടു് വീണ്ടും ക്ഷമിക്കാൻ കഴിഞ്ഞില്ല' എന്നു ജറമിയാ പറയുന്നതുപോലെയും (5:7) 'മാററമില്ലാത്തതും ദൈവത്തെ സംബന്ധിച്ചു് വ്യാജമാകാത്തതുമായ ഈ രണ്ടു കാര്യങ്ങൾ നിമിത്തം' (എബ്രാ. 6:8) എന്നതുപോലെയും, 'പുത്രനു തനിയെ ഒന്നും ചെയ്യാൻ കഴിവില്ല' (യോഹ. 5:19) എന്നതുപോലെയും ആണിതു്.

*ഇവൻ മറിയത്തിന്റെ മകനായ മരപ്പണിക്കാരനല്ലേ? സ്വന്തനഗരത്തിലല്ലാതെ.. പ്രവാചകൻ നിന്ദിക്കപ്പെടുന്നില്ല* എന്നു് നമ്മുടെ കർത്താവു് പറഞ്ഞു (6:3-4). തന്റെ ജാതിയിലും ഗോത്രത്തിലുംപെട്ടവർ മോശയെയും തന്റെ ഗ്രാമത്തിലുള്ളവർ ജറമിയായെയും നിന്ദിച്ചതുപോലെയാണിതു്. നസ്രത്തിലെ ജനങ്ങളും പഴയവയുടെ അനുസ്മരണയിൽ പുതിയവയെ നിസ്സാരമാക്കിക്കളഞ്ഞു. അവർ അവനെ മറിയത്തിന്റെ മകനെന്നു വിളിച്ചു. യൗസേപ്പ് മരിച്ചു കഴിഞ്ഞു എന്നു് ഇതിൽനിന്നു ധ്വനിക്കുന്നു. യൗസേപ്പിന്റെ മരപ്പണിയിൽ നിന്നാണ് *മരപ്പണിക്കാരൻ* എന്ന പേരു് കിട്ടിയതു്.

*അവളുടെ രക്തസ്രാവം നിലച്ചു* (5:29): പന്ത്രണ്ടു വർഷമായി രക്തസ്രാവമുള്ള സ്ത്രീയായിരുന്നു ബർനീസ്. രക്ത

www.malankaralibrary.com



സ്രാവമായിരുന്നു അവളുടെ രോഗം. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരം അവിടുത്തോടുള്ള അവാച്യസ്നേഹത്താൽ അവരം അവന്റെ ഒരു പിത്തളരൂപം നിർമ്മിച്ച് തന്റെ വീട്ടിനു മുമ്പിൽ സ്ഥാപിച്ചു. തന്നെ സൗഖ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു തന്റെ ഒരു രൂപവും അവരം അതിനടുത്തു തന്നെ സ്ഥാപിച്ചു. ദൈവികശക്തിയാൽ നമ്മുടെ കർത്താവിന്റെ കാലിന്റെ ഭാഗത്തുനിന്ന് ഒരു ശിഖരം പൊട്ടിമുളച്ചു വന്നു. അതിൽ ഇലകളുണ്ടായി. കർത്താവു ചെയ്തിരുന്നതുപോലെ അതിൽനിന്ന് അത്ഭുതങ്ങരം സംഭവിച്ചു. ദീർഘകാലത്തേക്കു് അതിന്റെ ഇലകരം എല്ലായിടത്തേക്കും ആളുകരംകൊണ്ടുപോയിരുന്നു. അതിൽ അസൂയപൂണ്ട യഹൂദർ അതു വെട്ടിക്കളഞ്ഞു. പിന്നെ അതു മുളച്ചുവന്നില്ല.

*യാത്രയ്ക്ക് വടിപോലും എടുക്കരുത്* എന്നു മത്തായി പറയുമ്പോരം (10:10) *വടിയൊഴിച്ച് മറ്റൊന്നും...* എന്നാണ് മർക്കോസ് പറയുന്നതു് (6:8). ആരുടെ പക്കലേക്കു പോകാനിരിക്കുന്നുവോ, അവരിൽനിന്ന് ഒന്നും സ്വീകരിക്കരുതു് എന്നാണ് കർത്താവു് അർത്ഥമാക്കുന്നതു്. അവർ കച്ചവടത്തിനിറങ്ങിയവരാണെന്ന തോന്നൽ കൊടുക്കരുതു്. അവക്കാവശ്യമുള്ളവ അവിടുന്നാണ് നല്കുന്നതു് എന്ന് അവിടുന്നു കാട്ടുന്നു. അതുകൊണ്ടു് മർക്കോസ് പറഞ്ഞതു് 'മത്തായി പറഞ്ഞതിനു് എതിരല്ല. ശിഷ്യർ അത്യാഗ്രഹികളായി കാണപ്പെടാതിരിക്കാൻ, മറ്റുള്ളവരിൽനിന്ന് കടം വാങ്ങരുതെന്ന് രണ്ടുപേരും ഉപദേശിക്കുന്നു. തങ്ങളുടെ വഴിയാത്രയ്ക്കാവശ്യമാകയാൽ ഇവ തങ്ങളുടെ വീടുകളിൽനിന്ന് എടുക്കുന്നതിനെ അവിടുന്നു വിലക്കുന്നില്ല. വടി ചാരിനില്ക്കാൻ; വഴിയുടെ കാഠിന്യവും മുള്ളുകളും നിമിത്തം ചെരിപ്പുകരം. മത്തായി നേരത്തെ ചുങ്കക്കാരനായിരുന്നതിനാൽ അത്യാഗ്രഹം എന്ന ദുരാശയുടെ മ്ലേച്ഛത നന്നായി അറിഞ്ഞിരുന്നു. അതുകൊണ്ടു് അവൻ ഇവയെയും ഉചിതമായി നീക്കിയിരിക്കുന്നു എന്ന് *മറ്റ് ചിലർ* പറയുന്നു. 'വടിയെടുക്കുന്നതു് ഇരുവരും മുടക്കുന്നു' എന്ന് *വേറേ ചിലർ* പറയുന്നു; *'എല്ലാ, എല്ലാ'* എന്നതു് *'പോലും'* എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നതു്. 'വടിമാത്രം' എന്നായിരിക്കണം വാക്കു്.

*കാലിലെ പൊടി തട്ടിക്കളയുവിൻ....*(6:11): ശ്ലീഹന്മാർ അദ്ധ്വാനിച്ചു എന്നതിനു തെളിവാണ് *പൊടി.* മറ്റുള്ളവരുടെ അദ്ധ്വാനം പ്രയോജനപ്പെടുത്താൻ യൂദന്മാർ കൂട്ടാക്കാഞ്ഞതിനാൽ അവർ കടുത്ത ശിക്ഷ തങ്ങളുടെമേൽ വരുത്തിവയ്ക്കുന്നു. *മറ്റു ചിലർ* : *പൊടി തട്ടുക*: അവരുടെ മനസ്സ്

www.malankaralibrary.com



ഭൗമികബന്ധിതമായിരുന്നു എന്നും കാററിൽ പൊടിപോലെ പൂർണമായി നശിക്കാൻ അവർ തയാറായിരുന്നു എന്നും കാട്ടുന്നു. 'തങ്ങളുടെ ദുഷ്ടതയുടെ ചുഴലിക്കാററിൽ ദുഷ്ടരും തങ്ങളുടെ ദുഷ് പ്രവൃത്തികളുടെ ഭൗമികതയിൽ തിന്മ പ്രവർത്തിക്കുന്നവരും നശിപ്പിക്കപ്പെടും' എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെയാണിത്. *വേറെ ചിലർ: പൊടി തട്ടുക* എന്നത്, അവരെ പ്രതിയുള്ള ക്ലേശത്തിൻെറ അടയാളമാണ്. ഇത് *അവരുടെ സാക്ഷ്യത്തിനായിട്ടാണ്.* അതായത്, അവരുടെ ശിക്ഷാവിധിയുടെ അടയാളമായിട്ട്.

*സോദോം-ഗോമോറാ ദേശങ്ങൾക്ക് കൂടുതൽ ആശ്വാസം ഉണ്ടാകും.* സോദോമ്യരെ ന്യായവിധിയിൽനിന്ന് സ്വതന്ത്രരാക്കുകയല്ല, പിന്നെയോ, ഒരു താരതമ്യംവഴി അവരുടെ ശിക്ഷാവിധി മനസ്സിലാക്കിക്കൊടുക്കുകയത്രേ. ദൈവം സോദോമ്യർക്കു വെളിപാടു നല്കിയില്ല, അവരുടെ പക്കലേക്കു ശ്ലീഹന്മാരെ അയച്ചതുമില്ല. എന്നാൽ ഈ ജനത്തിൻെറ ഇടയിലാണ് ഈ അത്ഭുതങ്ങളെല്ലാം നടന്നത്; അവർ വിശ്വസിക്കായ്കയാൽ സോദോമ്യരേക്കാ൦ കൂടുതൽ കഠിനതരമായ ശിക്ഷാവിധി അവർക്കുണ്ടാകും എന്നു സാരം.

*അവർ രോഗികളെ തൈലം പൂശി സുഖപ്പെടുത്തി* (6:13): അതായത് ശിഷ്യന്മാർ യൂദയായിൽപോയി സുഖപ്പെടുത്തിയ ഇടങ്ങളിലെല്ലാം, നമ്മുടെ കർത്താവ് ആശീർവദിച്ച തൈലം എടുത്തിരുന്നു എന്നു സാരം. എന്നാൽ *പേർഷ്യാക്കാരൻ ബാബായ്* പറയുന്നത് ഇപ്രകാരമാണ്: "നമ്മുടെ കർത്താവ് എണ്ണ ആശീർവദിച്ചില്ല. തങ്ങൾ പോയിടങ്ങളിലെല്ലാം അവർ അതെടുത്തുകൊണ്ടുപോയില്ല. പിന്നെയോ, ചെന്ന സ്ഥലങ്ങളിലെ ഭവനങ്ങളിൽ നിന്ന് എണ്ണ വാങ്ങി. ക്രിസ്തുവിൻെറ നാമത്തിൽ അവർ ആശീർവദിക്കുകയും പകർന്നുകൊടുക്കുകയും ചെയ്തു".

*ഹേറോദേസ് യോഹന്നാനെ തടവിൽ ബന്ധിച്ചു* 6:17): ഒന്നുകിൽ അവനെ കൊലയ്ക്ക് ഏല്പിച്ചുകൊടുക്കാഞ്ഞതിനാൽ, അല്ലെങ്കിൽ, അവൻെറ ഉപദേശം ഹേറോദേസ് കേട്ടതിനാൽ.

## പുസ്തകം V

*സഹസ്രാധിപൻ* (6:21) ആയിരംപേരുടെ അധിപനാണ്. *ശതാധിപൻ*, നൂറു പേരുടെ തലവനാണ്. ലത്തീനിൽ *സ്പികുളതോരെസ്* (Spiculatores)എന്നും ഗ്രീക്കിൽകെപസ്

www.malankaralibrary.com



*തിയൊണാരിയി* (Questionarii) എന്നും പറയുന്നതു് ഒന്നുതന്നെ. പ്രെപട്ടോറിയൻ പടയാളികളെപ്പോലെയാണവർ. യോഹന്നാനെ ഇട്ടിരുന്ന തടവറയുടെ പേരു് *മക്കെറുന്താ* എന്നാണ് എന്നു് *ജൊസേഫൂസ്* പറയുന്നു. അതിനർത്ഥം *വറചട്ടി* എന്നാണ്.

ഹെറോദ്യയുടെ മകൾ ഡാൻസു ചെയ്തിരുന്ന കുളത്തിലെ മഞ്ഞുകട്ട പൊട്ടി അവൾ അതിലേക്ക താണു. അവളുടെ തല മാത്രമേ ഒരു പാത്രത്തിലെന്നവണ്ണം ഐസിനു മുകളിൽ കാണപ്പെട്ടുള്ളു. ഹേറോദേസിനെ പിന്നീടു് റോമൻ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി. അവന്റെ ശരീരം പുഴുത്തു കൃമികൾ വ്യാപിച്ചു. കരഞ്ഞുകരഞ്ഞു് ഹെറോദ്യയ്ക്കു് കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു.

*നൂറും അൻപതും വീതമുള്ള കൂട്ടങ്ങളായി അവർ ഇരുന്നു* (6:40). ഒരു നിരയിൽ നൂറ്, മറ്റൊന്നിൽ അൻപതു് എന്നിങ്ങനെ.

## പുസ്തകം VI

*ഉള്ളിൽനിന്ന്, ഹൃദയത്തിൽനിന്ന് ദുർവിചാരങ്ങൾ പുറപ്പെടുന്നു. കൈകളോ, കോപ്പകളോ ഓട്ടുപാത്രങ്ങളോ കഴുകുന്നതിലല്ല* എന്നിത്യാദി (7:4.21) എന്നു് അവിടുന്നു പറയുന്നു. *ഹൃദയത്തിൽനിന്ന്* എന്നതു് ആത്മാവിനെ പരാമർശിക്കുന്നു; കാരണം, ആത്മാവിന്റെ വാസസ്ഥലമാണല്ലോ *ഹൃദയം*. അവിടെയാണ് ചിന്തകളെല്ലാം ഉയരുന്നതു്. 'എന്റെ ഹൃദയവും എന്റെ ജഡവും ജീവനുള്ള ദൈവത്തെ സ്തുതിക്കുന്നു' (സങ്കീ. 84:2). നമ്മുടെ കൈകൾകൊണ്ടു് നമ്മുടെ ഹൃദയം നമുക്കുയർത്താം (വിലാ. 3:41). 'തന്റെ ഹൃദയത്തിൽ പാപം ചെയ്യാൻ അവൻ തിന്മ നിരൂപിച്ചു.' (ഉല്പ.6:5) എന്നിത്യാദി പോലെയാണതു്. അവൻ *ഭോഗാസക്തി* എന്നു വിളിക്കുന്നതു് (7:22) പ്രകൃതിവിരുദ്ധമായ, വ്യഭിചാരത്തെയാണ്. ദുഷിച്ചതും മ്ലേച്ഛത നിറഞ്ഞതുമായ കാര്യങ്ങളിലാണതു്. അസൂയ നിറഞ്ഞവരും ദുഷ്ടരുമായ മനുഷ്യരെയാണ് *അസൂയയുള്ള നയനം* എന്നു് അവിടുന്നു വിളിക്കുന്നതു്.

*അവൻ ഒരു വീട്ടിൽ പ്രവേശിച്ചു. തന്നെ ആരും തിരിച്ചറിയാതിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു* (7:24). ഭയംകൊണ്ടല്ല അവിടുന്നു് ഒതുങ്ങിക്കഴിഞ്ഞതു്. ഒന്നു്, അവിടുന്നു് യഹൂദരെക്കാൾ പുറജാതികളെ സ്നേഹിച്ചു എന്നു് യഹൂദക്ക്

www.malankaralibrary.com



തോന്നാതിരിക്കാൻ. രണ്ട്, കാനാൻകാരിയുടെ മകാംക്കവേണ്ടി അവിടുന്ന് അത്ഭുതം പ്രവർത്തിക്കാൻ തുടങ്ങുകയായിരുന്നു; അവിടുന്ന് സ്തുതികാംതേടി നടക്കുന്നവനാണെന്ന് ആരും കരുതാതിരിക്കാൻ. ആ കാനാൻകാരി ഒരു സീറോ-ഫിനീഷ്യക്കാരിയായിരുന്നു (7:28). അന്ത്യോക്യമുതൽ എഡേസ്സാവരെയുള്ള പ്രദേശങ്ങളാണ് സിറിയായിൽ ഉൾപ്പെട്ടിരുന്നത്. പാനെയാസിൻെറ അതിർത്തിവരെ തെക്കോട്ട്. അതിനെ അവൻ ദെക്കാപ്പൊളീസ് എന്നുവിളിക്കുന്നു. യുദ്ധകാലത്ത് പത്തു നഗരങ്ങളിൽനിന്നു് അവിടെ കുടിയിരുത്തിയവരാണ് അവിടുത്തെ ജനങ്ങൾ. അഥവാ, അതിനുചുററും പത്തു നഗരങ്ങൾ ഉണ്ടായിരുന്നു. അതു നാം മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ.

*ഊമനും ചെകിടനുമായ മനുഷ്യനെയും* (7:31-37) പിന്നീട് *അന്ധനെയും* (8:22-26) സൗഖ്യമാക്കുന്നതിലുള്ള താമസം. അതായത്, അവിടുന്ന് തൻെറ വചനത്താൽ പെട്ടെന്ന് അവരെ സൗഖ്യമാക്കിയില്ല. ചെകിടനെ തൻെറ വായിലെ തുപ്പൽകൊണ്ടും തൻെറ കൈവിരലുകാംകൊണ്ടും അവിടുന്നു സുഖമാക്കി. അന്ധനെയാകട്ടെ ഗ്രാമത്തിനുപുറത്തുകൊണ്ടുപോയി, അവൻെറ കണ്ണുകളിൽ തുപ്പി, കുറേശ്ശ കുറേശ്ശ കാഴ്ച തിരികെ നൽകി. താഴെപ്പറയുന്ന കാരണങ്ങളാലാണിത്: 1. ആരംഭംമുതലേ അവിടുന്നാണ് മനുഷ്യരുടെ നിർമ്മാതാവ്; അവിടുന്ന് ആദാമിനെ മണ്ണിൽനിന്നും മെനെഞ്ഞുണ്ടാക്കി. 2. താൻ ചെയ്ത ഈ അടയാളങ്ങാം വെറും ഭാവനാസങ്കല്പങ്ങളല്ല, യഥാർത്ഥ സംഭവങ്ങളാണ്. 3. തൻെറ ശക്തിയുടെ സമ്പന്നത വ്യക്തമാക്കാൻ. 4. തൻെറ ശക്തിയുടെ പ്രവർത്തനത്താൽ പ്രകടമായും മതിയാംവണ്ണവും അവിടുന്ന് മനുഷ്യപ്രകൃതിയിൽ ഭാഗഭാക്കാകുന്നു. 5. ആവശ്യക്കാരിൽനിന്നും ആകുലമാനസ്സരിൽനിന്നും അവൻ സ്വയം പിൻമാറിയിരുന്നതിനാൽ അവൻ അവരെ സ്പർശിച്ചില്ല എന്നു് യഹൂദന്മാർ പറയാതിരിക്കാൻ. 6. തൻെറ മനുഷ്യാവതാരത്തിൻെറ സത്യം പ്രകടമാക്കാൻ. ഈ കാരണത്താൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് മർക്കോസ് മററുള്ളവരേക്കാാം ശ്രദ്ധാലുവത്രേ! ക്രിസ്തുവിൻെറ മനുഷ്യാവതാരം മായയും ജാലവിദ്യയുമാണ് എന്നു പറഞ്ഞ ക്ഷുദ്രക്കാരൻ ശീമോൻെറ കളകളെ റോമിൽനിന്നു പിഴുതുകളയുവാൻ ആയിരുന്നിത്.

*മനുഷ്യരെ നടക്കുന്ന മരങ്ങളെപ്പോലെ ഞാൻ കാണുന്നു* (8:24): *നടക്കുന്നു* എന്നതു് മനുഷ്യരെപ്പററിയാണ്, മരങ്ങളെപ്പററിയല്ല. 'എല്ലാ മനുഷ്യരും ശബ്ദവും ഇടിമിന്നലും കണ്ടു' (പുറ. 20: 18); 'വഴിയിൽ പുരോഹിതർ

www.malankaralibrary.com



സംഘം ചേർന്നിരിക്കുന്നു; അവർ ഷെക്കേമിൽ കൊല നടത്തുന്നു (ഹോസി. 6:9); 'മോശ അവനെപ്പററി എഴുതിയിരിക്കുന്നു (യോഹ. 1:45) എന്നിവപോലെയാണത്. അവൻ ഉടനെ കാണാഞ്ഞത് അവൻെറ അവിശ്വാസം നിമിത്തമാണ്.

*യേശു സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടു* (7:34): മനുഷ്യപ്രകൃതി പിശാചിൻെറ അടിമത്തത്തിലായതിനെ ഓർത്താണത്. നമ്മുടെ കർത്താവ് പിതാവിൻ പക്കലേക്കു നോക്കി. എല്ലായിടത്തും എപ്പോഴും അവിടുന്ന് സൗഖ്യം പ്രദാനം ചെയ്തിരുന്നു. 1)'രോഗികളെ സൗഖ്യമാക്കുവാൻ അവിടുന്ന് എന്നെ അയച്ചു' എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (ലൂക്കാ. 4;18) അവിടുന്ന് ഇതിനായിട്ടാണ വന്നത്. 2) താൻ കാണിച്ച അടയാളങ്ങൾവഴി അവിടുന്ന് വിശ്വാസത്തിലേക്കുള്ള കവാടം തുറക്കുകയായിരുന്നു. 3) പാപത്തിൽനിന്നും ദുരിതങ്ങളിൽനിന്നും നമ്മുടെ സ്വഭാവത്തെ സ്വതന്ത്രമാക്കുന്നത് തന്നിൽതന്നെ അവിടുന്ന് മുൻകൂട്ടി സൂചിപ്പിക്കുകയായിരുന്നു; പ്രകാശലോകത്തിൽ പദാർത്ഥം പരിപൂർണ്ണമായി ആഗന്തുകങ്ങളിൽനിന്ന് മോചിതമാകാൻ പോകുന്നു എന്നും സൂചിപ്പിച്ചു. 4) ശാരീരിക രോഗത്തിലൂടെ പാപരോഗങ്ങളെ അവിടുന്നു സൂചിപ്പിക്കുന്നു. ശാരീരിക സൗഖ്യത്തിലൂടെ ആത്മാവിൻെറ സൗഖ്യം സൂചിപ്പിക്കുന്നു.

നാലളവ് കൊള്ളുന്നവയും വള്ളികൊണ്ടുണ്ടാക്കിയവയുമായ വലിയ സാധനത്തെയാണ് *കുട്ട* എന്ന് അവിടുന്നു വിളിക്കുന്നത് (8: 8). *കോഫിനോയ്* ചെറിയ കുട്ടകളാണ്; അവയ്ക്കു കാതുകളുണ്ട്. അപ്പവും അതുപോലെയുള്ളവയും അതിലിട്ടുവച്ചിരുന്നു.

*പത്രോസ് അവനെ മാററിനിർത്തിക്കൊണ്ട് തടസം പറയാൻ തുടങ്ങി* (8:32): കോപിച്ചല്ല, സ്നേഹത്തോടെ, അപേക്ഷാരൂപത്തിൽ. എന്നാൽ യേശു ഒരു മനുഷ്യനെപ്പോലെ തൻെറ ശിഷ്യരുടെ നേരേ തിരിഞ്ഞു പറഞ്ഞു: 'ശെമഓൻ പറയുന്നതു ദൈവഭയമുള്ള മനുഷ്യനു സങ്കല്പിക്കാവുന്നതേയല്ല എന്നു കാണുവിൻ': അവനെ *സാത്താൻ* എന്നു വിളിച്ചതു അവനു താക്കീതു നൽകാനാണ്. ദൈവത്തിനിഷ്ടമുള്ള കാര്യത്തിനു ആരും മേലിൽ തടസ്സം പറയാൻ പാടില്ല; മറിച്ചെങ്കിൽ അതു പൈശാചികമാണ്.

ക്രിസ്തു സ്വയം *മനുഷ്യപുത്രൻ* എന്നു വിളിച്ചു. (8:3) ആദം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പ് മനുഷ്യപുത്രൻ ഉണ്ടായിരുന്നു.

www.malankaralibrary.com



കാരണം, ആദവും അവൻെറ അഞ്ചു മക്കളും വിഴുങ്ങപ്പെട്ടു; അവരെ ശുദ്ധീകരിക്കാൻ ബൗദ്ധിക കുഞ്ഞാടെത്തി. ഇക്കാര്യത്തിൽ മാനിയും ബർദൈസാനും കല്പിതകഥകൾ ചമയ്ക്കുന്നു.

## പുസ്തകം VII

നമ്മുടെ കർത്താവിൻെറ പ്രകാശം നീതിമാന്മാരുടെ പ്രകാശംപോലെ സൃഷ്ടിക്കപ്പെട്ടതല്ല. വചനവുമായി തനിക്കുള്ള ഐക്യത്താൽ വചനത്തിൻെറ പ്രകാശത്താൽ വസ്ത്രത്തിലൂടെ നവവർണ്ണം ആണ് അവിടുന്നു പ്രകാശിക്കുന്നതു്. വചനത്തിൻെറ സ്വഭാവം ഒഴിച്ചുള്ളതെല്ലാം മനുഷ്യത്വത്തിനും ലഭിച്ചു.

*മൂകനായ ആത്മാവ്* (9:17): ആത്മാവ് മൂകമാണ് എന്നല്ല, പിന്നെയോ, ആ മനുഷ്യൻ രോഗിയായിരുന്നു. അതായതു്, ആത്മാവിൻെറ ആവാസത്താൽ അവൻെറ സംസാരശക്തി നഷ്ടപ്പെട്ടുപോയി. *അവൻ നുരയും പതയും പുറപ്പെടുവിച്ചിരുന്നു* (9:18). അവൻെറ വായിൽനിന്നു് നുര വന്നുകൊണ്ടിരുന്നു. ഉണങ്ങിയ മരംപോലെ അവൻ മരവിച്ചുപോയിരുന്നു. *അവൻ കിടന്നുരുളുകയും*.... (9:18): അതായതു്, അവൻ തൻെറ കാലുകൊണ്ടു് തൊഴിക്കുകയും....*എന്നാൽ അവനെ പുറത്താക്കാൻ ശിഷ്യർക്കുകഴിഞ്ഞില്ല* (9:18). നമ്മുടെ കർത്താവു് അടുത്തുള്ളപ്പോൾ അവർ അടയാളങ്ങൾ കാണിക്കുന്നതു് ഉചിതമല്ല. അവിടുന്നു് അവരെ യൂദയായിലേക്കു് അയച്ചപ്പോൾ അവർ തനിച്ചു് അത്ഭുതങ്ങൾ പ്രവർത്തിച്ചു. 'കർത്താവേ, നിൻെറ നാമത്തിൽ പിശാചുക്കൾകൂടി ഞങ്ങൾക്കു കീഴ്പ്പെടുന്നു' (ലൂക്കാ10:17). അതുപോലെ അവിടുത്തെ നാമത്തിൽ മററുള്ളവരും അത്ഭുതങ്ങൾ പ്രവർത്തിച്ചു: "നിൻെറ നാമത്തിൽ പിശാചിനെ പുറത്താക്കുന്ന ഒരുവനെ ഞങ്ങൾ കണ്ടു; എന്നാൽ ഞങ്ങൾ അവനെ തടഞ്ഞു" എന്നു് അവർ പറഞ്ഞു (9:38). ഇതിൻെറ മററു കാരണങ്ങൾ *മത്തായി ഭാഷ്യത്തിൽ* നാം വിശദീകരിച്ചിട്ടുള്ളതാണ്. ഇടയ്ക്കിടെ കർത്താവിൻെറ പക്കൽ വന്നിരുന്നവരിൽ ഒരാളായിരിക്കാം ഈ മനുഷ്യൻ; എന്നാൽ ശിഷ്യരെപ്പോലെ അവിടുത്തെ അനുധാവനം ചെയ്തില്ല എന്നുമാത്രം. അവൻ യോഗ്യനാകയാൽ നമ്മുടെ കർത്താവ് അവനു് ഈ അധികാരം നൽകി. എന്നാൽ അതുകണ്ട ശിഷ്യർ അവനെ തടഞ്ഞു. അതായതു്, അവനെ മുടക്കി. 'നീ ഞങ്ങളുടെ കർത്താവിനെ അനുഗമിക്കാത്തതിനാൽ, അവിടുത്തെ നാമത്തിൽ പിശാചിനെ പുറത്താക്കാൻ നിനക്കനുവാദമില്ല' എന്നു് അവർ പറഞ്ഞു. അപ്പോൾ നമ്മുടെ

www.malankaralibrary.com



കർത്താവ് അവരോടു പറഞ്ഞു: "അവനെ തടയേണ്ട. എന്തു കൊണ്ടെന്നാൽ, എന്റെ നാമത്തിൽ അത്ഭുതം പ്രവർത്തിച്ചിട്ട്, എന്നെപ്പററി ദൂഷണം പറയാൻ ആർക്കും സാധിക്കയില്ല" (9:39).

*നിന്റെ വലത്തു കണ്ണോ, കാലോ, ഇടർച്ചയ്ക്കു കാരണമാകുന്നെങ്കിൽ അത് വെട്ടിക്കളയുക* (9:42-50): സഭയിലെ ഭരണാധികാരികളെയാണ് *കണ്ണ്* സൂചിപ്പിക്കുന്നത്. *കാൽ* കൊണ്ട് സാധാരണ മനുഷ്യരെ കുറിക്കുന്നു. അതായത് ധിക്കാരിയും അത്യാഗ്രഹിയും ദുഷ്പ്രേരണ നൽകുന്നവനുമായ വ്യക്തിയെ വെട്ടിനീക്കി സഭയ്ക്കു പുറത്താക്കുക. അല്ലെങ്കിൽ സഭാഗാത്രത്തെ മുഴുവൻ അവൻ തന്റെ തിന്മയാൽ ദുഷിപ്പിക്കും; സമൂഹം മുഴുവൻ തീനരകത്തിൽ നിപതിക്കാനിടയാകും.

## പുസ്തകം VIII

*എല്ലാവരും അഗ്നിയാൽ ഉറകൂട്ടപ്പെടും* (9:49) അതായത്, അഗ്നി എല്ലാ ആഹാരത്തെയും പാകം ചെയ്യുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. അങ്ങനെ അവ ഭക്ഷ്യയോഗ്യമാകുന്നു. അതുപോലെ സുവിശേഷത്തിൽ വിശ്വസിക്കുന്നവരെല്ലാം, അഗ്നിയാൽ എന്നവണ്ണം പരിശുദ്ധാത്മാവിന്റെ കൃപയാൽ പരിശോധിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ അവർ സ്വർഗ്ഗരാജ്യത്തിന് പ്രയോജനമുള്ളവരായി ത്തീരുന്നു. 'എല്ലാവരും അഗ്നിയിൽ ഉറക്കൂട്ടപ്പെടും' എന്ന് അവിടുന്നു നന്നായി പറഞ്ഞിരിക്കുന്നു. നനവുള്ളവയെ ഉപ്പ് ജീർണ്ണിക്കാതെ സംരക്ഷിക്കുന്നു. അതുപോലെ പാപത്തിന്റെ ജലാംശത്തിൽനിന്ന് ആത്മാവിനെ ശുദ്ധീകരിക്കാൻ കൃപ കഴിവുററതാണ്.

എല്ലാ ബലിയും ഉപ്പിനാൽ ഉറക്കൂട്ടപ്പെടും: ഈ രണ്ടു വിശദീകരണങ്ങളിലൂടെയും നമ്മുടെ കർത്താവ് ഒരു കാര്യം വ്യക്തമാക്കുന്നു. അതായത്, അഗ്നിയും ഉപ്പുംകൊണ്ടെന്നപോലെ നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളെ സ്നേഹവും കരുണയും കൊണ്ട് പതം വരുത്തിയില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിലെ മേശയ്ക്കു് അനീതരാക്കപ്പെടുകയില്ല. ബലിപോലെ ദൈവതിരുമുമ്പാകെ സമർപ്പിക്കപ്പെടുന്ന മനുഷ്യമനസ്സിനെയാണ് *ബലികൾ* എന്നു പറയുന്നത്. ആത്മാവിന്റെ കൃപയാണ് ഉപ്പ്. വരാനിരിക്കുന്ന നല്ലവസ്തുക്കളുടെ അച്ചാരമായി അതു നമുക്കു് നൽകപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



*നിങ്ങളിൽ ഉപ്പ് ഉണ്ടായിരിക്കട്ടെ (9:50)*: അതായത്, നിങ്ങൾ ഒരിക്കൽ സ്വീകരിച്ചതിനു അനുസൃതമായിരിക്കട്ടെ നിങ്ങളുടെ പ്രവർത്തനങ്ങൾ. വിശ്വാസം സംബന്ധിച്ചാണ് അവിടുന്ന് അവരെ ഉപദേശിക്കുന്നത്; പ്രവർത്തനങ്ങൾ സംബന്ധിച്ചും അവർ ശ്രദ്ധാലുക്കളായിരിക്കണം. 'എല്ലാവരും അഗ്നിയാൽ ഉറക്കൂട്ടപ്പെടും; എല്ലാ ബലികളും....' എന്ന് അവിടുന്നു പറയുന്നു. കൂടാതെ, അഗ്നി, പാത്രത്തിലെ മാലിന്യത്തെ പുറത്തു കൊണ്ടുവന്ന് പാത്രത്തെ തിളക്കമുള്ളതാക്കുന്നു. ഉപ്പ് ബലിവസ്തുവിനു രുചി പകരുന്നു;അത് ജീർണിച്ചുപോകാതെ സംരക്ഷിക്കുന്നു. *'എല്ലാ ബലികളും....'എന്ന് അവിടുന്നു പറയുന്നു.* ഉപ്പ് രുചി പകരുന്നതുപോലെയും അഗ്നി ശുദ്ധീകരിക്കുന്നതുപോലെയും ആയിരിക്കട്ടെ ലോകം മുഴുവൻ നിങ്ങളുടെ പ്രവൃത്തികൾ. അഗ്നി നിങ്ങളുടെ പ്രവൃത്തികളെ ശോധന ചെയ്യട്ടെ; ദുഷ്‌ടതഴക്കങ്ങളും പഴയ പ്രവൃത്തികളും നീക്കിക്കളയട്ടെ; ആത്മീയ കർമ്മങ്ങളുടെ സ്വീകാര്യമായ രുചി സമ്പാദിക്കട്ടെ.

*മററു ചിലർ:* ഉപ്പ് അതിൻെറ പ്രകൃതത്തിൽ തന്നെയിരിക്കുമ്പോൾ നല്ലതാണ്.വിശ്വാസത്തിലും സദ്പ്രവൃത്തികളിലും സംരക്ഷിക്കപ്പെടുമ്പോൾ പൗരോഹിത്യവും ഇപ്രകാരമാണ്. എന്നാൽ പ്രത്യാശയില്ലാതെ രുചിയില്ലാത്തതായാൽ, എല്ലാം അതോടെ അവസാനിച്ചു. അതിനു ഉപ്പു ചേർക്കാനോ, ഉപ്പിനു ഉറക്കൂട്ടാനോ ആരും ഉണ്ടായിരിക്കയില്ല. *നിങ്ങളിൽ ഉപ്പ് ഉണ്ടായിരിക്കട്ടെ.* നിങ്ങൾ സ്വീകരിച്ച രുചിയുടെ ആസ്വാദ്യതയിൽ നിലനില്ക്കുവിൻ എന്ന് അവിടുന്നു പറയുന്നു. ലോകം അതു് എടുത്തു കളയാതിരിക്കട്ടെ.

*പരസ്പരം സമാധാനത്തിൽ വർത്തിക്കുവിൻ:* ഇടയന്മാരും ആടുകളും തമ്മിലെന്നർത്ഥം. കലഹം ക്രിസ്തുവിൻെറ അജഗണത്തെ ശോഷിപ്പിക്കുന്നു; എന്നാൽ സമാധാനമാകട്ടെ, മല്പാന്മാരെയും ശിഷ്യഗണത്തെയും സംരക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വീണ്ടും, അഗ്നികൊണ്ട് തത്വങ്ങളെയും ഉപ്പ് അടിസ്ഥാന മനോഭാവത്തെയും കുറിക്കുന്നു. അഗ്നിയുടെയും ഉപ്പിൻെറയും സ്വഭാവം പരിഗണിക്കുവിൻ.

*അവർ ഇരുവരും ഒരു ശരീരമായിത്തീരും (10:8).* അതായതു് വിവാഹബന്ധത്തിലും അവരിൽനിന്നു ജനിക്കുന്ന ശിശുക്കൾ വഴിയും.

www.malankaralibrary.com



*യേശു അവനെ സൂക്ഷിച്ചുനോക്കി, അവനെ സ്നേഹിച്ചു (10:21).* അവൻെറ ഉള്ള് കണ്ടുകൊണ്ടല്ല, ബാഹ്യപ്രകടനങ്ങൾ അനുസരിച്ച് ഈ കാര്യങ്ങൾ ചെയ്യുന്നവൻ യഥാർത്ഥസ്നേഹിതനായി പരിഗണിക്കപ്പെട്ടും എന്ന് അവിടുന്നു വ്യക്തമാക്കുന്നു. 'ബാലികയുടെ അപേക്ഷയിൽ ഹേറോദേസ് ദു:ഖിതനായി' എന്നതുപോലെ.

*വയലുകളും ഒപ്പം പീഡനങ്ങളും (10:30):* തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിനുള്ള പ്രതിഫലം വരാനിരിക്കുന്ന ലോകത്തിൽ മാത്രമല്ല, ഇവിടെയും അവർക്കു ലഭിക്കും എന്ന് അവിടുന്ന് അരുൾചെയ്യുന്നു. ഒരു ശാരീരിക പിതാവിനെ വിട്ടിറങ്ങുമ്പോൾ അനേകം ആത്മീയപിതാക്കന്മാരെ കണ്ടെത്തുന്നു; അതുപോലെ സഹോദരങ്ങളെയും. *വയലുകളും ഒപ്പം പീഡനങ്ങളും:* സഭാ ഭരണാധികാരികളുടെ ചുമതലയിലുള്ള സന്യാസഭവനങ്ങളും ഹോസ്റ്റലുകളുമാണ് വിവക്ഷ. അതു് പീഡനകാരണമാകുന്നു; ലൗകിക വ്യഗ്രതകൾക്കും ആകുലതകൾക്കും അതു വഴി തുറക്കുന്നു.

*നിൻെറ കുരിശെടുത്ത് എൻെറ പിന്നാലെ വരിക:* അതായതു്, ലോകത്തിനും അതിൻെറ വ്യാമോഹങ്ങൾക്കും നിന്നെത്തന്നെ ക്രൂശിക്കുക. ഇവിടെ സെബദിപുത്രന്മാരായ യാക്കോബിനെയും യോഹന്നാനെയുംകുറിച്ച് മർക്കോസ് സംസാരിക്കുന്നു എന്നു നാം അറിഞ്ഞിരിക്കണം. 'നിൻെറ മഹത്വത്തിൽ നിൻെറ വലത്തും നിൻെറ ഇടത്തും ഇരിക്കാൻ ഞങ്ങളെ അനുവദിക്കണം' എന്ന് അവർ വന്ന് നമ്മുടെ കർത്താവിനോട് അപേക്ഷിച്ചു എന്ന് മർക്കോസ് പറയുന്നു (10:35). എന്നാൽ അവരുടെ അമ്മയാണ് ചോദിച്ചതെന്ന് മത്തായി പറയുന്നു (20:20-21). മിശിഹാ ആഗതനാകുമ്പോൾ അവൻ ലോകജനതകളെ കീഴ്പ്പെടുത്തും എന്നും തങ്ങൾ തലവന്മാരും സഹസ്രാധിപന്മാരും ആകും എന്നും യഹൂദർ കരുതി. ഈ സ്ത്രീയും ഈ ആശയം വച്ചു പുലർത്തി. തൻെറ മക്കൾ രാജകുമാരന്മാരാകണം, അവനോടൊപ്പം സിംഹാസനത്തിലിരിക്കണം എന്നൊക്കെ അവനോട് അപേക്ഷിച്ചു. എന്നാൽ നമ്മുടെ കർത്താവ് സെബദിപുത്രന്മാരുടെ ഇംഗിതം സാധിച്ചുകൊടുത്തില്ല. അവർ പത്രോസിനെപ്പോലെ പൊതുവായിട്ടല്ല, തങ്ങൾക്കുവേണ്ടി രഹസ്യമായിട്ട് വ്യർത്ഥാഭിമാനചിന്തയാലാണ് അപേക്ഷിച്ചതു്. അവർ വിനയാന്വിതരായും "ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ചു...." എന്നു് പത്രോസിനെപ്പോലെ എല്ലാവർക്കുംവേണ്ടിയും അപേക്ഷിച്ചിരുന്നെങ്കിൽ "സിംഹാസനങ്ങളും കിരീടങ്ങളും" എന്നു് പത്രോസിനു കിട്ടിയ മറുപടി

www.malankaralibrary.com



അവർക്കും ലഭിക്കുമായിരുന്നു. മററ് ശിഷ്യർക്ക് അമർഷം തോന്നുകയുമില്ലായിരുന്നു. ഇവർക്കെതിരെ മുറുമുറുക്കുകയുമില്ലായിരുന്നു. എന്നാൽ അതു് യഥാർത്ഥത്തിൽ സംഭവിച്ചു (10:41).

## പുസ്തകം IX

*തിമായ്യുടെ മകനായ തിമായ് എന്ന ഒരു അന്ധൻ (10:46).* പേരു തന്നെ അന്ധൻ എന്നായിരിക്കാം. കാഴ്ചയില്ലായ്കയാൽ അവൻെറ പിതാവിനെ തിമായ് എന്ന് വിളിച്ചിരിക്കാം. അവൻെറ പിതാവിനെപ്പോലെ അവനും അപ്രകാരം വിളിക്കപ്പെട്ടിരിക്കാം.

*അവർ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു (11:8):* ബഹുമാനസൂചകമാകാം; അല്ലെങ്കിൽ അവിടുന്നു സഞ്ചരിച്ച കഴുത ചവിട്ടുന്നതുവഴിയുള്ള അനുഗ്രഹം നേടുന്നതിനു ചെയ്തതാകാം.

## പുസ്തകം X

*നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല* എന്ന് നമ്മുടെ കർത്താവ് നിയമജ്ഞനോടു പറഞ്ഞതു് (12:34): അവനു് ഇഷ്ടമുണ്ടെങ്കിൽ, തൻെറ വചനത്തിൽ വിശ്വസിക്കാം. അവൻ അനുസരിക്കുന്ന *നിയമത്തിൻെറ* പൂർത്തീകരണത്തെ അതു് ത്വരിതപ്പെടുത്തുകയും ചെയ്യും. അങ്ങനെയല്ലെങ്കിൽ, നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ, അവൻ അതിൽനിന്നു് അകലത്തിലായിരിക്കും.

*നീണ്ടമേലങ്കി (12:38).* തുന്നൽപണികളോടുകൂടിയ മനോഹരവസ്ത്രങ്ങൾ എന്നു സാരം.

## പുസ്തകം XI

*ആ ദിവസത്തെക്കുറിച്ചോ, ആ മണിക്കൂറിനെകുറിച്ചോ ഒരു മനുഷ്യനും അറിഞ്ഞുകൂടാ (13:32).* തിരുലിഖിതങ്ങൾ ബാഹ്യമായി കേൾക്കുന്നതുപോലെയല്ല നാം മനസ്സിലാക്കേണ്ടതു് എന്ന് ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഉദാ: 'നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു' (എബ്രാ. 12:29) എന്നതിൽ നിന്നു് അവിടുന്ന് സംഹാരകനും ദഹനനുമാണോ? അവിടുന്ന് സംരക്ഷകനും ജീവദാതാവും അല്ലേ? അവിടുന്നു ശാരീരികനും വിവിധ പദാർത്ഥങ്ങൾകൊണ്ടു്

www.malankaralibrary.com



രൂപീകൃതനുമാണോ? അവിടുന്ന് നിരവധി വികാരങ്ങൾക്കടി മയാണോ? കോപിക്കുമോ, ഉറങ്ങുമോ, ഉണരുമോ, അനുതപി ക്കുമോ, ദുഃഖിക്കുമോ, തെറ്റുചെയ്യുമോ, അറിവില്ലാതിരിക്കുമോ, മെഴുകുതിരിവെട്ടംകൊണ്ട് അന്വേഷിക്കുമോ? വീണ്ടും ജനിക്കു ന്നില്ലെങ്കിൽ... എന്നു തുടങ്ങി (യോഹ.3:3). ഇതാ, അനേകർ വികാരങ്ങളോടുള്ള പോരാട്ടത്തിൽ വിജയികളായിട്ടുണ്ട്; എന്നാൽ അവർ സ്നാനപ്പെട്ടിട്ടില്ല. സ്നാനകൃപയിൽ ഭാഗഭാക്കാ യില്ലെങ്കിലും കള്ളൻ പോലും പറുദീസായിൽ പ്രവേശിച്ചല്ലോ. "യേശു കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവു മുഖേന യല്ലാതെ ആർക്കും സാധിക്കയില്ല" (1കോറി.12:3). മനിക്കെ യരും, മാർസ്യനീത്തരും മറ്റു പലരും ഇങ്ങനെ പറയുന്നുണ്ട ല്ലോ. തങ്ങൾക്കിഷ്ടമെങ്കിൽ പുറജാതികൾക്കും യൂദർക്കും പരി ശുദ്ധാത്മാവിന്റെ കൃപയില്ലാതെ ഉപയോഗിക്കാവുന്നതാണ്. *'അവരെല്ലാവരും വഴിതെറ്റിപ്പോയി' (റോമാ.3:11). എനിക്കു മുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ച ക്കാരും ആയിരുന്നു (യോഹ. 10:8).* അതുപോലെയാ ണ് *ആ ദിവസത്തെക്കുറിച്ചോ, ആ മണിക്കൂറിനെക്കുറി ച്ചോ അവിടുന്ന് അറിയുന്നില്ല* എന്നതും. അതു ദൈവ ത്തെക്കുറിച്ചുള്ള ഒരു പ്രയോഗമായി പാഷണ്ഡികൾ കരുതുന്നു. അങ്ങനെയെങ്കിൽ 'ജ്ഞാനത്തിന്റെയും അറിവിന്റെയും നിധി കൾ അവനിലാണ് ഒളിഞ്ഞുകിടക്കുന്നത്" എന്ന് ശ്ലീഹാക്ക് എങ്ങനെ പറയാൻ കഴിയും? (കൊളോ. 2:3).

പുത്രനല്ലാതെ പിതാവിനെ ആരും അറിയുന്നില്ല, പിതാ വല്ലാതെ പുത്രനെ ആരും അറിയുന്നില്ല. എന്നു നമ്മുടെ കർത്താ വിന് എങ്ങനെ പറയാൻ കഴിയും? (മത്താ. 11:27). അവി ടുന്ന് പിതാവിനെ അറിയുന്നെങ്കിൽ, പിതാവിന്റെ അറിവും പുത്രനുണ്ടെന്നുള്ളതു സ്പഷ്ടം. ആ ദിവസവും നാഴികയും പിതാ വിനറിയാം, അതുകൊണ്ട് അവശ്യാവശ്യം പിതാവിനെ പ്പോലെ പുത്രനും അറിയാം. അങ്ങനെയല്ലെങ്കിൽ, പിതാ വിനും ആ ദിവസം അറിയില്ലെന്നു വരും. പിതാവിനെയും അവിടത്തെ അറിവിനെയും പറ്റിയുള്ള അറിവിനേക്കാൾ എങ്ങനെയാണ് ആ ദിവസത്തെപ്പറ്റിയുള്ള പുത്രന്റെ അറിവ് കൂടുതലായിരിക്കുന്നത്? അവിടുന്ന് എല്ലാറ്റിന്റെയും നിർമ്മാ താവാണെങ്കിൽ, അവിടുന്ന് എങ്ങനെയാണ് തന്റെ സൃഷ്ടി യെ അറിയാതിരിക്കുന്നത്? ആ ദിവസം അവിടത്തെ സൃഷ്ടിക ളിൽ ഉൾപ്പെട്ടതല്ലേ? അതു വർഷത്തിന്റെ ദിവസങ്ങളുടെ എണ്ണത്തിൽ ഉൾപ്പെട്ടതല്ലേ? എങ്കിൽ അതു ഏതിൽ ഉൾപ്പെ ട്ടിരിക്കുന്നു? അതിന്റെ സ്ഥാനമെന്ത്? രാവും പകലും കൂടിയ താണല്ലോ ദിവസം, മണിക്കൂറുകൾ കൂടുന്നതാണ് ദിവസം;

www.malankaralibrary.com



എന്നാൽ വിജ്ഞാനികരം പറയുന്നതനുസരിച്ച് മണിക്കൂർ എന്നൊന്നും സ്ഥിതിചെയ്യുന്നില്ല. കഴിഞ്ഞതു് ഇപ്പോളില്ല; വരാനുള്ളതു് വന്നിട്ടില്ല.

വീണ്ടും, ''ആ ദിവസം അവിടുന്നു് അറിയുന്നില്ലെങ്കിൽ 'ഞാൻ നിങ്ങളെ അറിയുന്നില്ല' എന്നു് ബുദ്ധിയില്ലാത്തവരോടും, 'ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല' എന്ന പാഷണ്ഡികളോടും എന്നതു് ബാഹ്യമാത്രമായി ഗ്രഹിക്കേണ്ടിവരും: അതുപോലെ പിതാവിനെപ്പററി പറഞ്ഞിരിക്കുന്ന അനേക സംഗതികളും: ദൈവം യഥാർത്ഥത്തിൽ മറന്നുപോയി എന്ന വണ്ണം ദൈവം നോഹയെ ഓർത്തു'' (ഉല്പ. 8:1). 'എൻെറ പക്കലേയ്ക്കുയർന്ന നിലവിളിപോലെയാണോ അല്ലയോ എന്നറിവാൻ ഞാൻ താഴേക്കിറങ്ങി നോക്കും' (ഉല്പ. 18:21). 'ഞാൻ കല്പിക്കാത്തതു് അവൻ ചെയ്തിരിക്കുന്നു, അതു് എൻെറ മനസ്സിൽ ഉദിച്ചിട്ടേയില്ല' (ജറ. 7:31). 'ആദമേ നീ എവിടെയാകുന്നു?' 'നിൻെറ സഹോദരനായ ഹാബേൽ എവിടെ?' (ഉല്പ. 3:9; 4:9). ബലഹീനമായ ജഡം ധരിക്കാത്ത പിതാവിനെപ്പററി ഇങ്ങനെയൊക്കെ പറയാമെങ്കിൽ, നമ്മുടെ ബലഹീന ജഡം ധരിച്ചവനെപ്പററി എത്ര കൂടുതൽ ബലഹീനമായി നമുക്കു സംസാരിക്കാൻ കഴിയുകയില്ല.

ദൂരെയുള്ള അജ്ഞാതവും അദൃശ്യവുമായ മരത്തിൻെറ ദൃശ്യവും സമീപസ്ഥവുമായ ഫലംകൊണ്ടു് മരത്തെപ്പററി ഗ്രഹിക്കാൻ കഴിയുന്നതുപോലെ തൻെറ പ്രവൃത്തികളും അടയാളങ്ങളും, തന്നെപ്പററിയുള്ള പ്രവചനങ്ങളുംവഴി നമ്മുടെ കർത്താവു് അറിയപ്പെടുന്നു. അവിടുന്നു് ബലഹീനമായ ജഡം ധരിച്ചെങ്കിലും ബലഹീന സ്വരമല്ല അവിടുത്തേതു്.

സ്ത്രീയിൽനിന്നുള്ള അവിടുത്തെ ജനനം നിഷേധിക്കുന്നവരുണ്ടു്. അവിടുന്നു സ്രഷ്ടാവിൻെറ പുത്രനാണു് എന്നതു് ചിലർ നിഷേധിക്കുന്നു. അവിടുന്നു് ആരുടെയോ മകനാണു് എന്നു് ദൂഷണം പറയുന്നവരുണ്ടു്. അവിടുന്നു് മായയും മിഥ്യാദർശനവുമാണെന്നും ജല്പിച്ചവരുണ്ടു്. പഴയ നിയമത്തിലും പുതിയ നിയമത്തിലും അവിടുത്തേപ്പററിയുള്ള ബലഹീന വചനങ്ങൾ കേട്ടില്ലായിരുന്നെങ്കിൽ അവർ എത്ര അധികമായി ദൂഷിച്ചു പറയുമായിരുന്നു? അതുകൊണ്ടു് *ആ ദിവസം അവിടുന്നു് അറിയുന്നില്ല* എന്നതുകൊണ്ടു് അവിടുത്തേക്കു് അറിവില്ല എന്നല്ല അർത്ഥമാക്കേണ്ടതു്, പിന്നെയോ, അതു വെളിപ്പെടുത്താൻ അവിടുത്തേക്കു താല്പര്യം ഇല്ല, കാരണം, 'അതു വെളിപ്പെടുത്തി കിട്ടിയിട്ടു് അവർക്കോ മററുള്ളവർക്കോ ഒരു പ്രയോജനവുമില്ല, എന്തു

www.malankaralibrary.com



കൊണ്ടെന്നാൽ സുകൃതസമ്പാദനത്തിൽ ആ നാഴികവരെ പലരും ശ്രദ്ധ കാണിക്കാതെ വരാം. എന്നാൽ ഇപ്പോഴാകട്ടെ, ന്യായാധിപൻെറ വരവ് നമ്മിൽനിന്നു മറഞ്ഞിരിക്കുന്നതിനാൽ, എല്ലാ നാഴികയിലും നാം ഭയത്തോടുകൂടി വ്യാപരിക്കുന്നു' എന്നത്രേ.

വീണ്ടും, അറിയാമെങ്കിലും നിശ്ശബ്ദനായിരിക്കുക എന്നതു് ദൈവത്തിനുചിതമായിരുന്നു. എന്നാൽ കരുണ കാണിക്കുക എന്നതു് മനുഷ്യനു ചേർന്നതാണു്. അതുകൊണ്ടു്, അവനെ അപ്പോഴും അവർ വെറും മനുഷ്യനായി പരിഗണിച്ചതിനാൽ, ആ ദിവസം അവരിൽനിന്നു് മറച്ചതിൽ അത്ഭുതായ്ക ഒന്നുമില്ല. എന്നാൽ 'തനിക്കറിയാം, എന്നാൽ വെളിപ്പെടുത്തുകയില്ല' എന്നു് അവിടുന്നു പറഞ്ഞിരുന്നെങ്കിൽ, അസൂയാലു അഥവാ ദുഷ്ടൻ എന്നു് കരുതപ്പെട്ടുമായിരുന്നു. അവിടുന്നു് വെളിപ്പെടുത്തിയിരുന്നെങ്കിൽ, മന്ദത വിളയാട്ടമായിരുന്നു.

അതുകൊണ്ടു്, അതിനുശേഷം കൂടുതൽ ശക്തിയായി അവിടുന്നു് കൂട്ടിച്ചേർത്തു: "നിങ്ങളുടെ കർത്താവ് എത്തുന്ന ദിവസമോ, നാഴികയോ നിങ്ങൾക്കറിവില്ലാത്തതിനാൽ ജാഗരൂകരായിരിക്കുവിൻ" (13:35-37). *മത്തായി ഭാഷ്യത്തിൽ* നാം ഇതു് വ്യാപകമായി ചർച്ച ചെയ്തതാണല്ലോ.

*എന്നോടുകൂടി താലത്തിൽ കൈമുക്കുന്നവൻ* എന്നതിൽനിന്നു് (14:20) യൂദാ, ശിഷ്യഗണത്തിലെ രണ്ടാം നിരക്കാരനൊന്നും അല്ലായിരുന്നെന്നും പന്ത്രണ്ടുപേരിലെ അറിയപ്പെട്ട ആളായിരുന്നെന്നും വ്യക്തമാണു്. ശെമഓനും യാക്കോബിനുംശേഷം ശിഷ്യഗണത്തിൽ മൂന്നാം സ്ഥാനം യൂദാസ്സായിരുന്നു എന്നു *ചിലർ* പറയുന്നു. സുവിശേഷകർ സുവിശേഷം രചിച്ചതു് ഒററിക്കൊടുക്കലിനു ശേഷമാകയാൽ, യൂദായുടെ പേരു് അവസാനമായി വച്ചു. "*താലത്തിൽ കൈമുക്കുന്നവൻ*" എന്നതിനു് രണ്ടർത്ഥമുണ്ടു്: ഒന്നുകിൽ രണ്ടു മേശകൾ ഉണ്ടായിരുന്നു; നമ്മുടെ കർത്താവ് ഇരുന്നതിലാകാം യൂദാ ഇരുന്നതു്. അല്ലെങ്കിൽ ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളു; ഇപ്പോഴും ആ രീതിയാണു്. വട്ടത്തിലുള്ള മേശയ്ക്കു ചുററുമായി പന്ത്രണ്ടു പേരും ഇരുന്നു. റോമാക്കാരും യഹൂദരും ഈ രീതി അനുവർത്തിച്ചിരുന്നു. രണ്ടു താലങ്ങളും ഉണ്ടായിരുന്നു. യൂദാ നമ്മുടെ കർത്താവിൻെറ പാത്രത്തിൽ മുക്കി. മത്തായിയിൽ നോക്കുക (26:23). കർത്താവ് അപ്പം മുക്കി യൂദാസ്സു കൊടുത്തു (യോഹ. 13:26). 'അവിടുന്നു് ആശീർവദിച്ച ആശീർവാദംകൊണ്ടും വിശുദ്ധി കൊണ്ടും അവിടുന്നു് അതിനെ കഴുകി' എന്നു ചിലർ പറയുന്നതിനു് ന്യായീകരണമില്ല.

www.malankaralibrary.com



## പുസ്തകം XII

കോഴി കൂകിയ കാര്യവും പത്രോസിന്റെ തള്ളിപ്പറയലും *മത്തായി ഭാഷ്യത്തിൽ* വിശദീകരിച്ചിട്ടുണ്ട്. അവിടുന്ന് മലയിലേക്ക കയറിപ്പോയപ്പോഴും മരിച്ചയാളെ ഉയിർപ്പിച്ചപ്പോഴും ഇവിടെ പ്രാർത്ഥിച്ചപ്പോഴും പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി (14:33). മററുള്ളവരെ അകററിനിർത്തി എന്നല്ല ഇതിനർത്ഥം. പിന്നെയോ, ഒന്നാമതായി, ഈ മൂവർക്കും കർത്താവിനോടുള്ള വലിയ സ്നേഹം നിമിത്തം. രണ്ടാമതായി, അവിടുന്ന പ്രവർത്തിച്ചവയുടെ സാക്ഷ്യത്തിനായി; മൂന്നുപേരുടെ സാക്ഷ്യം സത്യമാണല്ലോ.

*അവിടുന്ന് അല്പദൂരം മുന്നോട്ട്ചെന്ന് നിലത്തുവീണു* (14:35). ഒരു കല്ലേറ് ദൂരത്തേക്ക് അവിടുന്ന് നീങ്ങി എന്ന് ലൂക്കോസ് കൃത്യമായി വിവരിക്കുന്നു (22:41). 'താൻ വ്യർത്ഥാഭിമാനിയും തന്നെത്താൻ പുകഴ്ത്തുന്നവനുമാണ്'' എന്നു കരുതപ്പെടാതിരിക്കാനായിട്ടാണ് അവരുടെ സാന്നിധ്യത്തിൽവച്ച് അവിടുന്ന പ്രാർത്ഥിക്കാഞ്ഞത്. അവരും ഈ രീതിയിൽവേണം പ്രാർത്ഥിക്കാൻ എന്ന് അവരെ പഠിപ്പിക്കാൻ വേണ്ടിയുമായിരുന്നു. തന്റെ പ്രാർത്ഥനയിലെ വാക്കുകൾ അവർ കേൾക്കണം എന്നു കരുതി അവിടുന്ന് വളരെ ദൂരത്തിൽ പോയില്ല. അവർ അതുപോലെ ഭാവിയിൽ പഠിപ്പിക്കേണ്ടിയിരുന്നു.

രാത്രിയായിരുന്നതിനാൽ മററുള്ളവരെ അറസ്റ്റുചെയ്യുകയും നമ്മുടെ കർത്താവ് രക്ഷപ്പെടുകയും ചെയ്യാതിരിക്കാനായി താൻ ചുംബിക്കുന്നവനെ അവർ പിടിക്കണം എന്ന് *യൂദാസ്* ഒരടയാളം കൊടുത്തു. തന്റെ ഒരു ശിഷ്യൻ ദൂരസ്ഥലത്തുനിന്നു വരുമ്പോൾ കർത്താവിനെ ചുംബിക്കുന്ന പതിവ് ഉണ്ടായിരുന്നിരിക്കാം.

*എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ;* തന്റെ ഇഷ്ടം പിതാവിന്റെ ഇഷ്ടത്തിന് വിരുദ്ധമാണെന്നല്ല അർത്ഥമാക്കേണ്ടത്. അവിടുന്ന് തന്റെ മനുഷ്യത്വം തെളിയിക്കുകയായിരുന്നു. നമ്മുടെ ഇച്ഛാനുസൃതമല്ലാതെ, ശത്രുക്കളിൽനിന്ന്, നമ്മുടെ പ്രകൃതിയുടെ ബലഹീനതമൂലം നമുക്ക് സംഭവിക്കുന്ന കാര്യങ്ങളെപ്രതി നാം ആകുലചിത്തരാകേണ്ട എന്ന് പഠിപ്പിക്കാൻവേണ്ടി കൂടിയായിരുന്നിത്. താൻ തന്നെ അതിനു വിധേയനായി എല്ലാവരെയും ഇതു പഠിപ്പിക്കാൻ അവിടുന്ന് ആഗ്ര

www.malankaralibrary.com



ഹിച്ചു. നമുക്കു സംഭവിക്കുന്നവ നാം സ്വീകരിക്കണം. നമ്മുടെ പ്രകൃതിയുടെ ബലഹീനതയെ കുററപ്പെടുത്തേണ്ട കാര്യമില്ല. ദൈവസ്നേഹത്താൽ, അവ നമ്മെ കീഴ്പ്പെടുത്താതിരിക്കാൻ നാം ശ്രദ്ധിക്കണം. അങ്ങനെ സ്വാഭാവിക വികാരങ്ങളിൽ നിന്നു് അകലുവാൻ നമുക്കു സാധിക്കും.

*തന്റെ പുതപ്പുപേക്ഷിച്ച് നഗ്നനായി ഓടിപ്പോയ ചെറുപ്പക്കാരൻ* (14:51-52) യോഹന്നാനായിരുന്നു എന്നാണ് *ബർഹാദ്ബ്ശാബാ അർബായാ* പറയുന്നതു്. കർത്താവിനോടുള്ള അഗാധസ്നേഹത്താൽ അവൻ കർത്താവിനെ അനുഗമിച്ചിരുന്നു. 'എന്നാൽ അവൻ പന്ത്രണ്ടുപേരിൽ ഒരുവനല്ല, മററാരോ ആണ്'' എന്നത്രേ *ഖത്രായാ* പറയുന്നതു്. കർത്താവിനോടുകൂടി അവനെ കണ്ട യൂദർ ദുഷ്ടതയാൽ അവനെ പിടികൂടി. അവൻ പന്ത്രണ്ടുപേരിൽ ഒരുവനായിരുന്നെങ്കിൽ ഒരു പുതപ്പുകൊണ്ടുമാത്രം അവൻ കർത്താവിന്റെകൂടെ നടക്കുകയില്ലായിരുന്നു.

*പീഡാനുഭവം, പട്ടാളക്കാർ, കുരിശിൽ ഏററിയവർ:* 'പ്രധാന പുരോഹിതൻമാർ അവനെ വധിക്കുന്നതിനു് അവനെതിരെ സാക്ഷ്യം അന്വേഷിച്ചു' (14:55). എന്തു കാര്യത്തിനാണു സാക്ഷ്യം? *ആലയം തകർക്കുവിൻ* എന്നു് അവിടുന്നു പറഞ്ഞത്രേ. അവിടുന്നു ഇതുപറഞ്ഞതിനാലാണെങ്കിൽ, അതു തെററാണ്, 'ആലയം തകർക്കുവിൻ' (അവിടുന്നു പണിതില്ലെങ്കിൽ, അതും തെററ്). മരിച്ചു് നാലു ദിവസമായവനെ അവിടുന്നു് ഉയിർപ്പിച്ചു എന്നതിലും വലുതല്ലിതു എന്നതു സ്പഷ്ടം. *വിപ്ലവം* (15:7): അതായതു് യുദ്ധങ്ങളും കലഹങ്ങളും.

## പുസ്തകം XIII

*പട്ടാളക്കാരെക്കുറിച്ച്:* ഗ്രീക്കിൽ *സ്ത്രാതോൻ*[1] എന്നാണ് *വഴിക്കു്* പേരു്. അയയ്ക്കപ്പെട്ട മനുഷ്യരാണ് *സ്ത്രാതിയോതായ്*.[2] ന്യായാസനഹാളാണ് *പ്രെതോറിയം*.[3] അലക്സാണ്ഡറിന്റെയും റൂഫുസിന്റെയും പിതാവായ സൈറീൻകാരൻ ശിമെയോൻ പുറജാതിക്കാരനായിരുന്നു. ശ്ലീഹാ അവനെ ''കർത്താവിൽ തെരഞ്ഞെടുക്കപ്പെട്ടവൻ'' എന്നു വിളി

---

1 Straton - Street- തെരുവ്
2 Stratiotai
3 Praetorium

www.malankaralibrary.com



കുന്നു (റോമ 16: 13). റൂഫുസിനോടുള്ള സ്നേഹംനിമിത്തം ശ്ലീഹാ അവൻെറ അമ്മയെ തൻെറ അമ്മയായി പരിഗണിക്കുന്നു.

നമ്മുടെ കർത്താവ് പ്രെത്തോറിയത്തിൽനിന്നു പുറപ്പെട്ടപ്പോരം അവിടുന്ന് കുരിശു വഹിച്ചു. ഗ്രാമത്തിൽനിന്നു വന്ന ശിമെയോനെ കണ്ടപ്പോരം അവർ അവനെ നിർബന്ധിച്ച് കുരിശ് അവനെക്കൊണ്ട് ചുമപ്പിച്ചു (15: 21). വൃത്താകൃതിയിൽനിന്നാണ് *ഗോൽഗോഥാ* എന്ന പേര്. *കാൽവരി* എന്നതു് അതിൻെറ രൂപത്തിൽനിന്നാണ്: തറനിരപ്പിൽ നിന്ന് അല്പം ഉയർന്നതാണതു്. 'ഞാൻ രാഷ്ട്രങ്ങളുടെ മധ്യത്തിലായി ജറുസലേമിനെ സ്ഥാപിച്ചിരിക്കുന്നു' (എസ. 5:5). എന്നതനുസരിച്ച് ജറുസലേം ലോകത്തിൻെറ മധ്യത്തിലാണെന്ന് *ചിലർ* പറയുന്നു. നമ്മുടെ കർത്താവിൻെറ മുൻകുറിയായ ഇസഹാക്കിനെ ബലികഴിച്ചതും ബലികഴിക്കാതിരുന്നതും അവിടെവച്ചാണ്. ഒരു *ദൈവവാഹകൻ* ഇപ്രകാരം പറയുന്നു: 'ആദത്തെ അവിടെയാണ് സംസ്കരിച്ചിരിക്കുന്നതു്'' എന്ന് വിശ്വാസികളായിത്തീർന്ന യഹൂദപണ്ഡിതർ പുരാതന പാരമ്പര്യത്തിൽനിന്ന് കൈമാറിത്തന്നിരിക്കുന്നു.

ഇക്കാരണത്താൽ അതിനെ കാൽവരി എന്നു വിളിക്കുന്നു. നോഹ ആദത്തിൻെറ ശരീരം തൻെറ പെട്ടകത്തിൽ കയററിവച്ചു. അവൻ പെട്ടകത്തിൽനിന്നു പുറത്തുവന്നപ്പോരം അതു് തൻെറ മകനായ ശേമിനെ ഏല്പിച്ചു; ശേം ആദ്യം അവിടെ വസിച്ചു. ഇക്കാരണത്താൽ നമ്മുടെ കർത്താവും ജറുസലേമിലെ കാൽവരിയിൽ ആ സ്ഥലത്തു് ക്രൂശിക്കപ്പെട്ടു. രണ്ടാം ആദാമായ നമ്മുടെ കർത്താവ് ആദത്തിൻെറ കടം വീട്ടാനും അവനെ നവീകരിക്കാനും എത്തിയപ്പോരം ഈ സ്ഥലത്തുതന്നെ ക്രൂശിക്കപ്പെടുക ഉചിതമായിരുന്നു.

*അവർ അവന് മീറാ കലർത്തിയ വീഞ്ഞ് കൊടുത്തു* (15:23). അതു് അവരുടെ ദുഷ്ടത നിമിത്തമത്രേ. വേദന അറിയാതിരിക്കാനായി ഇത്തരക്കാർക്ക് അവർ സാധാരണയായി നല്ല വീഞ്ഞാണ് നല്കുക. എന്നാൽ അവർ അവിടുത്തേക്ക് ഒരു പ്രാവശ്യം വിനാഗിരിയും പിന്നൊരു പ്രാവശ്യം മീറ കലർത്തിയ വീഞ്ഞും നൽകി. കർത്താവിൻെറ വേദനയോടുകൂടി അവർ കൈപ്പും കലർത്തിയതു് അവർക്ക് അവിടുത്തോടുള്ള കൊടിയ വിദ്വേഷം നിമിത്തമാണ്.

*അവർ അവനെ ക്രൂശിച്ചപ്പോൾ മൂന്നാം മണിക്കൂർ ആയിരുന്നു* (15:25). മർക്കോസിൽ അല്പം വ്യത്യാസം

www.malankaralibrary.com



കാണുന്നു എന്ന് *ചിലർ* പറയുന്നു. ആറാം മണിക്കൂറിലാണ് അവിടുന്ന് ക്രൂശിക്കപ്പെട്ടതെന്ന് മത്തായിയും ലൂക്കോസും (23:44) പറയുന്നു. എന്നാൽ ആറാം മണിക്കൂറിൽ, പീലാത്തോസ് തന്റെ കൊട്ടാരത്തിലെ കൽത്തളം എന്ന് വിളിക്കപ്പെടുന്ന ആ സ്ഥാനമണ്ഡപത്തിൽ ഇരുന്നു എന്നാണ് യോഹന്നാൻ (19:14) പറയുന്നത്. അവൻ യൂദരോട് പറഞ്ഞു: "ഇതാ, നിങ്ങളുടെ രാജാവ്". എന്നാൽ 'അവിടുന്ന് ക്രൂശിക്കപ്പെട്ടത് മൂന്നാം മണിക്കൂറിലാണ്" എന്നത്രേ മർക്കോസ് പറയുന്നത്. അവർ മർക്കോസിനെ ന്യായീകരിച്ചുകൊണ്ടിങ്ങനെ പറയുന്നു: രണ്ടു കാര്യങ്ങൾ കൂട്ടിച്ചേർത്ത് ഇവിടെ പറഞ്ഞിരിക്കുകയാണ്. "അതു മൂന്നാം മണിക്കൂർ ആയിരുന്നു" എന്നത് അതിനു മുമ്പുള്ള വയോടു ചേരേണ്ടതാണ്; 'അവർ അവനെ കുരിശിൽ തറച്ചു' എന്നതിനോടല്ല, 'അവർ അവനെ പ്രെത്തോറിയത്തിലേക്ക് കൊണ്ടുപോയി', പീലാത്തോസ് ചോദിച്ച ചോദ്യങ്ങൾ, പടയാളികൾ പരിഹസിച്ചത് തുടങ്ങി ക്രൂശാരോഹണംവരെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് മൂന്നാം മണിക്കൂർ. 'അവർ അവനെ ക്രൂശിൽ തറച്ചു' എന്നത് അതിനുശേഷം വരുന്നതിനോട് ചേരുന്നതാണ്. ന്യായാധിപൻ ക്രിസ്തുവിനെതിരായി കുരിശുമരണത്തിന് ഡിക്രി പുറപ്പെടുവിച്ചത് മൂന്നാം മണിക്കൂറിലാണ്.

*മററു ചിലർ*: പലപ്പോഴും തിരുലിഖിതത്തിലെ വിവരണരീതികളിൽ കൃത്യത പാലിക്കാറില്ല. ഉദാ: എല്ലാവരും ഇടിമുഴക്കവും മിന്നലും കണ്ടു (പുറ. 20:18). "നിയമത്തിലും പ്രവാചകരിലും മോശ ആരെപ്പററി എഴുതിയോ..." (യോഹ. 1:45). *വേറെ ചിലർ*: പകർത്തിയെഴുത്തുകാരന്റെ കൈപ്പിഴ മൂലം വന്നതാണിത്. -യോഹന്നാന്റേതിനേക്കാൾ മർക്കോസിന്റെ വിവരണമാണ് കുറേക്കൂടി ശരി എന്നാണെന്റെ അഭിപ്രായം. മരീനൂസിനുള്ള കത്തിൽ നമ്മുടെ കർത്താവിന്റെ പീഡാനുഭവം സംബന്ധിച്ച് എവുസേബിയസും ഇതിനു സാക്ഷ്യം നല്കുന്നു: യോഹന്നാൻ പറയുന്ന *'ആറാംമണിക്കൂർ'* പകർത്തിയെഴുത്തുകാരൻ വരുത്തിയ കൈപ്പിഴയാണ്. സുവിശേഷം എഴുതിക്കൊണ്ടിരുന്നപ്പോൾ അയാൾ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല മൂന്നാം മണിക്കൂറിന് ഗ്രീക്കിൽ ഉള്ള സാധാരണ അടയാളം *എപിസേമോൻ*[1] ആണ്. അതിനെ കുറിക്കുന്ന അടയാളം ആറാം മണിക്കൂറിന്റേതിനോട് സാമ്യമുള്ളതാണ്. ധൃതിപിടിച്ച്, ഗ്രീക്കിലെ മൂന്നാമത്തെ അക്ഷരമായ *ഗാമ*

---

1 Episēmon:

www.malankaralibrary.com



തെററിച്ച് ഉള്ളിലേക്ക വലിച്ചു. അപ്പോൾ ആറാംമണിക്കൂറിൻെറ അടയാളമായ *സേററാ* ആയി. 'ആറാം മണിക്കൂർ മുതൽ ഒൻപതാം മണിക്കൂർവരെ ദേശത്തെല്ലാം അന്ധകാരം ഉണ്ടായി' എന്നു് മൂന്നു സുവിശേഷകരും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു. ആറാം മണിക്കൂറിനു മുൻപുതന്നെ നമ്മുടെ കർത്താവു് കുരിശിൽ തറയ്ക്കപ്പെട്ടു എന്നു് വ്യക്തമാണല്ലോ. ആറാംമണിക്കൂറിൽ ഇരുട്ടുണ്ടായി. അതായതു് മൂന്നാംമണിക്കൂർ മുതൽ നാട്ടിൽ ഇരുട്ടു വ്യാപിച്ചപ്പോൾ 'പട്ടാളക്കാർ അവിടുത്തെ വസ്ത്രം കുറിയിട്ടെടുത്തു' എന്നു പറയുന്നതു ശരിയല്ല. കുരിശിൽ തറയ്ക്കപ്പെട്ടവരും വഴിയാത്രക്കാരും അവിടുത്തെ ആ അവസരം അവഹേളിക്കാനും വഴിയില്ല. ആ അവസരം മീറ കലർത്തിയ വീഞ്ഞു കൊടുക്കാനും ബുദ്ധിമുട്ടാണു്.

*ഓരോരുത്തരും എടുക്കേണ്ട വിതം* (15:24) അതായതു്, അവരിൽ ഓരോരുത്തനും ലഭിക്കേണ്ട ഭാഗത്തിനു് കുറിയിട്ടു. അവൻെറ മരണകാരണത്തിനു്, *അവനെ കുരിശിൽ തറച്ചു* എന്നു് അവർ പറഞ്ഞു (15:25). എന്തെന്നാൽ അവിടുന്നു തൻെറ രാജ്യം സ്വന്തമാക്കാൻ ആഗ്രഹിച്ചു.

*അവനോടുകൂടി രണ്ടു കവർച്ചക്കാരെയും അവർ കുരിശിൽ തറച്ചു* (15:28): ഒന്നാമതായി, അവനും അവരെപ്പോലെ ദൈവത്തിനും രാജാവിനും എതിരായി മത്സരിക്കുന്നവനാണു് എന്നു കാണിക്കുവാൻ. രണ്ടാമതായി, കുററവാളികളോടൊപ്പം അവനെ ഗണിക്കുന്നതുവഴി അവിടുത്തെ മഹത്വം മറച്ചുവയ്ക്കാൻ. അതേസമയം അവരുടെ അസൂയയും ധിക്കാരവും മറച്ചുവയ്ക്കാനും ശ്രമിച്ചു.

*എലി, എലി, ല്മാ സബക്താനി?* (15:34): 'ദൈവത്വം അവനെ പാടേ പരിത്യജിച്ചു' എന്നല്ല; പിന്നെയോ, ദൈവത്തോടുള്ള അവിടുത്തെ അളവററ സ്നേഹം കാണിക്കാൻ. ദൈവമേ, സാധ്യമെങ്കിൽ, എന്നെ പരിത്യജിക്കരുതേ. ഞാൻ എൻെറ ജീവൻ വയ്ക്കുകയും വീണ്ടും തിരികെ എടുക്കുകയും ചെയ്യുന്നു. എന്നാൽ നിൻെറ സത്യത്തെപ്രതി ഞാൻ നിത്യമായി പീഡ സഹിക്കുന്നു. ഇതെനിക്കു വളരെ പ്രിയംകരമാണു്. 'ക്രിസ്തുവിൽനിന്നു് ഞാൻ....ശപിക്കപ്പെട്ടവനായി തീർന്നിരുന്നെങ്കിൽ' (റോമ. 9:3) എന്നതുപോലെ. അവനെ തൻെറ രാജ്യത്തിൽനിന്നു് എങ്ങനെ നീക്കാൻ കഴിയും? അതിനുവേണ്ടിയാണല്ലോ അവിടുന്നു് ഇവയെല്ലാം സഹിച്ചതു്. അതുകൊണ്ടു്, പരിത്യജിക്കപ്പെട്ടതിനാലല്ല, അവിടുന്നു് ഇപ്രകാരം പറഞ്ഞതു്; ഒരിക്കലുമല്ല. പിന്നെയോ, മരിക്കാതെയും

www.malankaralibrary.com



പീഡകൾ അവസാനിക്കാതെയും നിരന്തരം സഹിക്കാൻ അവിടുന്നാഗ്രഹിച്ചു. അതിനു സാധ്യമാണെങ്കിൽ അപ്രകാരമാകട്ടെ.

വീണ്ടും, പീഡനത്തിൻെറ ആധിക്യത്തെ ഇതു കാണിക്കുന്നു. അവിടുത്തെ മനുഷ്യസ്വഭാവത്തിലാണ് ഈ വേദനകൾ ഉണ്ടായതു്. പാപം ഒഴികെ, മറ്റെല്ലാററിലും, പീഡകളിലും താൻ മനുഷ്യനാണെന്നു് കാണിക്കാൻ. 'അവിടുന്നു നമ്മെപ്പോലെ പരീക്ഷണവിധേയനായി' എന്നു് പറയപ്പെടുന്നു. വീണ്ടും, നമ്മെ പ്രബോധിപ്പിക്കാനാണ്. പരീക്ഷണത്തിൻെറയും വേദനകളുടെയും അവസരം നാം ദൈവത്തിൽ നിന്നു് വിടുതൽ തേടി പ്രാർത്ഥിക്കണം. വീണ്ടും, നമ്മുടെ പ്രകൃതിയിൽനിന്നു് ഭയത്തെ ദൂരെയകററാനും ധൈര്യവും ശക്തിയും സമ്പാദിക്കാനും വേണ്ടിയായിരുന്നു.

അവിടുന്നു് *ഏലി, ഏലി...* എന്നു് ഉച്ചത്തിൽ നിലവിളിച്ചപ്പോൾ, വീഞ്ഞിനുപകരം ഒരുവൻ ഓടിവന്നു് നീർപ്പഞ്ഞി വിനാഗിരിയിൽ മുക്കി അവനു കൊടുത്തു (15:36). ചുണ്ടു് വരണ്ടു്, വീണ്ടും നിലവിളിക്കാതിരിക്കാൻ ചെയ്തതാണിതു്.

*ഒരുക്കദിവസം (അറുബ്ത്താ)*: ആ ദിവസം അങ്ങനെയാണ് വിളിക്കപ്പെട്ടിരുന്നതു്. അതായതു്, വരാനിരിക്കുന്ന നല്ല വസ്തുക്കൾ സംബന്ധിച്ചു്, മിശിഹായേ, നീ വന്നു് അച്ചാരം (അറുബ്) നൽകുക.

യൗസേപ്പിനെ അവൻ *ബഹുമാന്യൻ* എന്നു വിളിക്കുന്നു (15:43). അവൻ ജന്മംകൊണ്ടു് ആലോചനാസംഘാംഗം ആയിരുന്നില്ല. ധനവും സമ്മാനവുംകൊണ്ടു് നേടിയെടുത്തതായിരുന്നു. റോമൻ സാമ്രാജ്യത്തിൽ ഇപ്രകാരം ഒരു കൂട്ടം ആളുകൾ ഉണ്ടായിരുന്നു; അവർ ബഹുമാന്യരായി പരിഗണിക്കപ്പെട്ടിരുന്നു. രാജാക്കന്മാർക്കു് ജന്മനാ പിൻഗാമികളില്ലാതെ വന്നാൽ ഇത്തരക്കാരിൽനിന്നു് അവർ രാജാക്കന്മാരെ തെരഞ്ഞെടുത്തിരുന്നു. അവരിലൊരാൾ എന്തെങ്കിലും തെററുചെയ്യാൻ ഇടയായാൽ അവനെ വെള്ളിക്കമ്പിളിയിൽ ഇരുത്തിയിട്ടു് അവൻെറ കുതിരയെ പ്രഹരിക്കുമായിരുന്നു. അതുപോലെ *ഗോണ്ടി നെമിറാൻ*[1] എന്ന പേരിൽ പേർഷ്യാക്കാരുടെ ഇടയിലും ഒരു ഗണം ആളുകൾ ഉണ്ടായിരുന്നു. അതായതു്, അമർത്ത്യരുടെ സമൂഹം. ദുഷ്പ്രവൃത്തിക്കാരെപ്പോലെ അവരെ ശിക്ഷിക്കാൻ അനുവാദമില്ലായിരുന്നു.

1 Gondi Nemiran

www.malankaralibrary.com



*അവൻ ധൈര്യപൂർവം പീലാത്തോസിനെ സമീപിച്ചു* (15:43). രാജദ്രോഹിയും ദൈവദൂഷകനും എന്ന നിലയിൽ ക്രൂശിക്കപ്പെട്ടവന്റെ ശരീരം ചോദിക്കാൻ അവൻ ധൈര്യപ്പെട്ടു. കർത്തൃശരീരത്തെ ബഹുമാനിക്കുന്നതുവഴി താൻ യഹൂദരുടെ ശത്രുവായിത്തീരും എന്ന് അവൻ അറിഞ്ഞിരുന്നു. അത് പെരുന്നാളായതിനാലാണ് അനുവദിച്ചത്; അല്ലെങ്കിൽ നടക്കില്ലായിരുന്നു.

*അവനെ പൂശുവാൻ സുഗന്ധദ്രവ്യങ്ങളുമായി സ്ത്രീകളെത്തി* (16:1). മൂന്നാം ദിവസമോ, ഏഴാം ദിവസമോ, ഓർമ്മദിവസങ്ങളിലോ, പെരുന്നാൾ ദിവസങ്ങളിലോ, സുഗന്ധദ്രവ്യങ്ങളും ജലവും മററുമായി കല്ലറകളിൽപോയി മരിച്ചവരെ ബഹുമാനിക്കുക റോമാക്കാർക്കും മററു പലർക്കും പതിവായിരുന്നു.

*ശവകുടീരത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതായി സ്ത്രീകൾ കണ്ട യുവാവ്* (16:5). അത് ഗബ്രിയേൽ ദൈവദൂതനാണ്. അവൻ ഒരു യുവാവിനെപ്പോലെ കാണപ്പെട്ടു. നമ്മുടെ വർഗത്തിനു ലഭിച്ച നവീകരണത്തെ അതു സൂചിപ്പിക്കുന്നു. കാരണം, ആ നവീകരണത്തിൽ മാലാഖമാരും ഭാഗഭാക്കുകളാണ്. ആരംഭംമുതൽ സകലതും ക്രിസ്തുവിൽ നവീകരിക്കപ്പെട്ടു എന്ന് പറയപ്പെട്ടിരിക്കുന്നു (2 കോറി. 5:17; വെളി. 21:5).

*അതിരാവിലെ ഉത്ഥാനം ചെയ്തശേഷം അവൻ ആദ്യം മഗ്ദലേന മറിയയ്ക്കു കാണപ്പെട്ടു* (16:9). '*രാവിലെ*' എന്നതു് *മറിയയ്ക്കു കാണപ്പെട്ടു* എന്നതിനോടാണ് ചേരേണ്ടതു്, *അവൻ ഉത്ഥാനം ചെയ്തു* എന്നതിനോടല്ല. *അവൻ ഉത്ഥാനം ചെയ്തു* എന്നതു് ഇടക്കുട്ടിരിക്കയാണ്. *രാവിലെ* എന്നതിനു് മുമ്പിലാണതു്, എന്നാൽ ഉത്ഥാനത്തെപ്പററിയും മറിയത്തിനു കാണപ്പെട്ട രീതിയെപ്പററിയും ചുരുക്കി വിവരിച്ചപ്പോൾ വാചകത്തിൽ കൂട്ടിക്കുഴച്ചിലുണ്ടായി.

*അവർ സർപ്പങ്ങളെ കൈയിലെടുക്കും* (16:18). *സർപ്പങ്ങൾ* എന്നതുകൊണ്ടു് രണ്ടു കാര്യങ്ങളാണ് അവൻ ഉദ്ദേശിക്കുന്നതു്: ഒന്നു്, മാരകവിഷമുള്ള ഇഴജന്തുക്കളെല്ലാം. രണ്ടു്, പിശാചിന്റെ സൈന്യനിരകളെല്ലാം. *മാരകമായ വിഷം*

www.malankaralibrary.com



*കുടിച്ചാൽ, അത് അവരെ ഉപദ്രവിക്കയില്ല* (16:18). എഴുപത്ു് പേരിലൊരാളെ കൊല്ലാനായി പുറജാതികൾ മാരകമായ വിഷം കൊടുത്തെങ്കിലും മരിച്ചില്ല എന്നു് പറയപ്പെടുന്നു. വിശുദ്ധരിലൊരാളുടെ കാസായിൽ അവർ അപ്രകാരം ചെയ്തിട്ടും അവനു് ഉപദ്രവം ഒന്നും സംഭവിച്ചില്ല.

*അവൻ ദൈവത്തിൻെറ വലത്തുഭാഗത്തിരുന്നു* (16:19). വലത്തുഭാഗം ബഹുമാനത്തെ സൂചിപ്പിക്കുന്നു. 'അവൻ ചെമ്മരിയാടുകളെ തൻെറ വലത്തുഭാഗത്തു് നിർത്തും' (മത്താ. 25:33). അതായതു്, തന്നോടുകൂടി മഹത്ത്വത്തിലുള്ള ഓഹരി അവർക്കു നൽകും.

ദൈവകൃപയാൽ അസ്സീറിയായിലെ ഹദത്താ മെത്രാൻ മാർ ഈശോദാദ് എന്ന വിശുദ്ധൻ രചിച്ച ഭാഗ്യവാനായ മർക്കോസ് സുവിശേഷകൻെറ സുവിശേഷത്തിൻെറ ഭാഷ്യം സമാപിച്ചു.

എല്ലാ സമയവും ദൈവത്തിനു് മഹത്ത്വം ഉണ്ടായിരിക്കട്ടെ. നമ്മുടെമേൽ തൻെറ കരുണ ധാരാളമായി വർഷിക്കപ്പെടട്ടെ. ആമ്മീൻ. എന്നേക്കും ആമ്മീൻ.

www.malankaralibrary.com

# വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം

വീണ്ടും, ലൂക്കോസ് സുവിശേഷകന്റെ സുവിശേഷത്തിന്റെ ഭാഷ്യം.

വീണ്ടും, ദൈവസഹായത്താൽ ഭാഗ്യവാനായ ലൂക്കോസ് സുവിശേഷകന്റെ സുവിശേഷത്തിനു് നാം ഭാഷ്യം രചിക്കുന്നു. കർത്താവേ, നിന്റെ കരുണയാൽ എന്നെ സഹായിക്കണമെ. നിന്നിൽനിന്നുള്ള കൃപയാൽ ഞാൻ ഇതു പൂർത്തീകരിക്കട്ടെ. ആമ്മീൻ.

ലൂക്കോസ് അന്ത്യോക്യയിൽനിന്നായിരുന്നു; നേരത്തെ ഗാലന്റെ ശിഷ്യനായിരുന്നു. മരുന്നൊന്നും കൂടാതെ രോഗശാന്തിയും അത്ഭുതങ്ങളും പ്രവർത്തിക്കുന്ന ഒരാൾ യൂദയാദേശത്തു് പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നു് കേട്ടു, ഇതു് സത്യമാണോ, അതോ ഭാവനാസൃഷ്ടിയോ തോന്നലോ ആണോ, അതോ ഇതിൽ ദൈവികത വല്ലതും ഉണ്ടോ എന്നറിയാൻ ഗുരുവും ശിഷ്യനുംകൂടി യൂദയായിലേക്കു് പുറപ്പെട്ടു. ഗുരു വഴിക്കുവെച്ചു മരിച്ചു; ലൂക്കോസ് നമ്മുടെ കർത്താവിന്റെ പക്കലെത്തി അവിടുത്തെ ശിഷ്യനായി. 70 പേരിൽ ഒരാളായി എണ്ണപ്പെടുകയും ചെയ്തു. തന്റെ മഹനീയ പോരാട്ടത്തിന്റെ സുദീർഘകാലാവധിക്കുശേഷം തേബായിസ് മഹാനഗരത്തിൽ വച്ചു് സമാധാനത്തിൽ നിദ്ര പ്രാപിച്ചു.

www.malankaralibrary.com



## പുസ്തകം I

*വിവരണം എഴുതാൻ അനേകംപേർ പരിശ്രമിച്ചിട്ടുണ്ടല്ലോ* (1:1). മത്തായിയേയും മർക്കോസിനെയും പററിയല്ല പരാമർശം. രണ്ടുപേരെ *അനേകംപേർ* എന്നു വിളിക്കാൻ സാധിക്കയില്ലല്ലോ. വേണ്ടത്ര അന്വേഷണം കൂടാതെ സുവിശേഷം എഴുതിയവരെപ്പററിയാണു വിവക്ഷ. പന്ത്രണ്ടുപേരും എഴുപതുപേരും മാത്രമല്ല, മററനേകരും വെളിപാടുകൾ എഴുതി.

*ആദിമുതൽ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും ആയിരുന്നവർ* (1:2). പണ്ടും ദിവ്യവ്യാപാരത്തിന്റെ ആരംഭംമുതലും നമ്മുടെ കർത്താവിനെ അനുധാവനം ചെയ്തവർ എന്നാണ് അവൻ *ശ്ളീഹന്മാരെ* വിളിക്കുന്നത്. അവൻ *തെയോഫിലസിനെ* അഭിസംബോധന ചെയ്താണ് എഴുതിയിരിക്കുന്നത്. ആരംഭത്തിൽതന്നെ ശിഷ്യനായിത്തീർന്നയാളാണ് തെയോഫിലസ്. അലക്സാണ്ഡ്രിയാ നഗരത്തിലെ ഒരു വിശ്വസ്ത സൈനികനിരയുടെ കമാൻഡറും ആയിരുന്നു.

*അബിയായുടെ ഗണത്തിൽ* (1:5): അബിയായുടെ ശുശ്രൂഷാദിനങ്ങളുടെ ഘട്ടത്തിൽ എന്ന് ഗ്രീക്കു്. പിൻതുടർച്ചാക്രമം അനുസരിച്ച് സഖറിയായും അബിയായും പൗരോഹിത്യത്തിലെത്തിച്ചേർന്നു. വിധിപ്രകാരം ഇരുവർക്കും പൗരോഹിത്യശുശ്രൂഷ ഒന്നിച്ചു ലഭിച്ചു. നാദാബും അബീഹൂം, എലിയാസറും ഇതാമാറും, ഹോഫ്നിയും ഫിനെഹാസുംപോലെ ഈ ഇരുവരും അവരുടെ ശുശ്രൂഷ നടത്തി. അതായത്, ശുശ്രൂഷാപിൻതുടർച്ച ഇരുവർക്കും ഒന്നിച്ചു ലഭിച്ചു എന്നു സാരം. അവർ സഹോദരന്മാർ ആയിരുന്നതിനാൽ അവർ ഒന്നിച്ച് ശുശ്രൂഷ നിർവഹിച്ചു. ചിലപ്പോൾ അബിയാ, മററുചിലപ്പോൾ സഖറിയാ.

*കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുവശത്തു നിൽക്കുന്നതായി സഖറിയായ്ക്കു കാണപ്പെട്ടു* (1:11). വൈദികൻ പ്രവേശിക്കുന്ന സ്ഥലത്തിന്റെ എതിർവശത്തെ, *പീഠത്തിന്റെ വലത്തുവശം* എന്നു വിളിക്കുന്നു. പീഠത്തിനു് ഇടവും വലവും ഇല്ലല്ലോ. അതുകൊണ്ടു് പുരോഹിതന്റെ വലത്തുവശത്തെ, *പീഠത്തിന്റെ വലത്തുവശം* എന്നു് അവൻ വിളിക്കുന്നു. ദൂതൻ *വലത്തുവശത്ത്* നില്ക്കുകയായിരുന്നു; പീഠത്തിന്റെ മുമ്പിൽ കയറി അവൻ നിന്നില്ല. പൗരോഹിത്യത്തിനു് അർഹമായ ബഹുമാനം നൽകിക്കൊണ്ടു്

അതിനുചേരുന്ന ക്രമം അവൻ പാലിച്ചു; കാരണം, അതായിരുന്നു അവന്റെ സ്ഥാനം. ദൂതൻ കൊർണേലിയോസിന്റെ പക്കലും ഇപ്രകാരമാണ് പ്രവർത്തിച്ചത്. ശിഷ്യത്വത്തിന്റെ സ്ഥാനം ദൂതൻ തട്ടിപ്പറിച്ചെടുത്ത് അവനെ ശിഷ്യപ്പെടുത്തുകയും സ്നാനപ്പെടുത്തുകയും ചെയ്തില്ല. പിന്നെയോ, "യോപ്പായിലേക്ക് ആളയച്ച് ശെമഓനെ വരുത്തുക" എന്നാണ് അവൻ പറഞ്ഞത്. എസക്കിയേലിലും ഇതുപോലെതന്നെ കാണാം (10:2). കല്പിക്കപ്പെട്ടതുപോലെ മിഖായേൽദൂതൻ അഗ്നിയെടുത്ത് നഗരത്തിൽ വിതറാൻ മുതിർന്നില്ല. പിന്നെയോ, അവൻ വന്ന് ക്രൂബയുടെ സമീപത്തുനിന്നു. ക്രൂബകൾക്കിടയിലുള്ള അഗ്നിയിലേക്ക് ഒരു ക്രൂബ കൈനീട്ടി അടിയിൽനിന്ന് അഗ്നിയെടുത്ത് മിഖായേലിന്റെ കൈയിലേക്കിട്ടുകൊടുത്തു. കാരണം, ക്രൂബകളുടെ നിര മറ്റുനിരകളേക്കാൾ ഉന്നതമായിരുന്നു. അതുപോലെ, കൊടിൽ കൂടാതെ തന്റെ കൈയിൽ അഗ്നി എടുക്കാൻ സ്രാപ്പേമാലാഖയും തുനിഞ്ഞില്ല. അതു നമ്മുടെ കർത്താവിന്റെ ശരീരത്തിന്റെ മുൻകുറിയായിരുന്നു. സാധാരണ പുരോഹിതർ പതിവായി കാണുന്ന ദർശനംപോലെ ഒന്നല്ല സഖറിയാ ദർശിച്ചത് എന്ന് നാം അറിഞ്ഞിരിക്കണം. കാരണം, നേരത്തെ മറ്റ് പുരോഹിതർക്കും ദൂതന്മാരിൽനിന്നും ക്രോബേന്മാരിൽനിന്നും വെളിപാടുകൾ ലഭിച്ചിട്ടുണ്ട്. ഇതാകട്ടെ പുറത്തെ വിരിയുടെ ഉള്ളിലുള്ള ധൂപപീഠത്തിൽനിന്നാണ് അവനു ലഭിച്ചത്.

*അവൻ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയും* (1:15). അത് അവനെ സംബന്ധിച്ചു മാത്രം നടന്നു. *അവൻ അവനു മുമ്പേ പോകും* (1:17). അതായത്, അവരുടെ ദൈവമായ കർത്താവിന്റെ മുമ്പിൽ, അതായത് മിശിഹായുടെ മുമ്പിൽ. *അവൻ വീഞ്ഞോ മറ്റ് ലഹരിപാനീയങ്ങളോ കുടിക്കുകയില്ല* (1:15). വീഞ്ഞൊഴിച്ചുള്ള മറ്റുള്ളവയെയാണ് *ലഹരിപാനീയങ്ങൾ* എന്ന് അവൻ വിളിക്കുന്നത്. അതായത്, ബാർലി, ഈന്തപ്പഴം, അത്തിപ്പഴം ആദിയായവയിൽനിന്നുണ്ടാകുന്നവ. *ഏലിയായുടെ ശക്തിയോടും ചൈതന്യത്തോടും കൂടെ* (1:17). ഏലിയായുടെ ചൈതന്യത്തെ എടുക്കും എന്ന് അവൻ പറഞ്ഞില്ല; യോഹന്നാനു ലഭിക്കുന്ന ചൈതന്യം ഏലിയായുടേതിനേക്കാൾ ശക്തിമത്താണ്. പാപികളെ ശിക്ഷിച്ചുകൊണ്ടാണ് ഏലിയാ നീതി നടത്തിയത്. യോഹന്നാനാകട്ടെ അനുതാപത്തിന്റെ സ്നാനത്താൽ പാപം മോചിച്ചു. ഏലിയാ അഗ്നിയിറക്കി ദുഷ്ടതയെ കത്തിച്ചുകളഞ്ഞു; ഇവനാകട്ടെ ഉന്നതത്തിൽനിന്ന് പൊറുതിയും പാപമോചനവും പാപി

www.malankaralibrary.com



കരംക്ക് ഇറക്കിക്കൊടുത്തു. *ഏലിയായുടെ ചൈതന്യം* എന്നു പറഞ്ഞാൽ ഏലിയായ്ക്കുള്ള തീക്ഷ്ണതയ്ക്കു തുല്യം എന്നു സാരം. ഏലിയാ ആഹാബിനെയും ജസബേലിനെയും കററപ്പെടുത്തിയതുപോലെ, ഹേറോദേസിന്റെയും ഹേറോദ്യയുടെയും ദുഷ്ടതയുടെ മുമ്പിൽ ഈ ചൈതന്യത്താൽ യോഹന്നാൻ നിർഭയനായിരുന്നു. അനേകം കാര്യങ്ങളിൽ യോഹന്നാന് ഏലിയായുമായി സാധർമ്മ്യമുണ്ടായിരുന്നു. ഏലിയാ രോമാവൃതനും അരയിൽ തോൽവാറു് ധരിച്ചവനും ആയിരുന്നു (2രാജാ. 1:8). യോഹന്നാന് താപസ്സന്റെ രോമവസ്ത്രവും തോൽവാറും ഉണ്ടായിരുന്നു.

"ഇതാ ഞാൻ ഏലിയാപ്രവാചകനെ അയയ്ക്കുന്നു" (മലാഖി 4:5). അതായതു്, ഉന്നതത്തിൽനിന്നുള്ള മിശിഹായുടെ അന്ത്യവെളിപാടിൽ. യോഹന്നാനാകട്ടെ, അവിടുത്തെ ജഡത്തിലുള്ള ആദ്യവെളിപാടിൽ അവിടുത്തെ മുൻപേ പോകുന്നവനാണ്. ഇരുവരും മരുഭൂമിയിൽ പാർത്തവരാണ്. ഇരുവരും പുരോഹിതരുടെ മക്കളായിരുന്നു. ഇരുവരും വന്ധ്യകരംക്കുണ്ടായ മക്കളായിരുന്നു. ഇരുവരും അവിവാഹിതരും നീതിമാന്മാരുടെ മക്കളുമായിരുന്നു. ഇരുവരും തീക്ഷ്ണമതികളായിരുന്നു. ദുഷ്ടരായ ആഹാബും ജസബേലും ഏലിയായെ പീഡിപ്പിച്ചു; തിന്മയുടെ ഉറവിടമായ ഹേറോദേസും ഹേറോദ്യയുംകൂടി മറെറയാളെ പീഡിപ്പിച്ചു.

*അവൻ പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്ക് തിരിച്ചുവിടും* (1:17): പ്രബോധനത്തിൽ വിഖ്യാതരായവരെയാണ് *പിതാക്കന്മാർ* എന്നു് വിളിക്കുന്നതു്. ശിഷ്യഗണത്തിൽപ്പെടുന്നവരാണ് *മക്കൾ*. 'നിങ്ങളുടെ മക്കൾ എന്തിനെക്കൊണ്ടാണ് അവയെ പുറത്താക്കുന്നതു്?" എന്നു് നമ്മുടെ കർത്താവു് ചോദിക്കുന്നു (മത്താ. 12:27). അതായതു്, ശ്ലീഹന്മാർ. *സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനു വേണ്ടി അവൻ ഒരുക്കും* (1:17): പുതിയനിയമത്തിൽ അധിഷ്ഠിതമായ ക്രിസ്തീയ സമൂഹം ഇതുപോലെയാണ്.

*നീ ഇതുമുതൽമൂകനായിരിക്കും* (1:20): വന്ധ്യതവും, വാർദ്ധക്യവും ബലഹീനതയും നിമിത്തം സംശയിച്ചതിനാൽ സഖറിയാ ശിക്ഷാർഹനാണ് എന്ന മട്ടിലല്ല അവനെ മൂകനാക്കിയതു്. പിന്നെയോ, മന:പൂർവ്വവും പ്രതീകാത്മകവുമായിട്ടത്രേ. രക്തസ്രാവക്കാരിയുടെയും കനാൻകാരിസ്ത്രീയുടെയും കാര്യത്തിലെന്നപോലെയാണ് ഇവിടെയും. ശരീരത്തിൽ നാവെന്നവണ്ണമായിരുന്നു സഖറിയായുടെ സ്ഥാനം.

www.malankaralibrary.com



തന്നെപ്പററിയുള്ള മഹനീയകാര്യങ്ങരം താൻതന്നെ പറഞ്ഞാൽ താനൊരഹങ്കാരിയും സ്വയം പ്രശംസകനും ആയി പരിഗണിക്കപ്പെടും എന്നു് അവൻ അറിഞ്ഞിരുന്നു. ഇതൊന്നും ശരിയല്ലെന്നും അവിശ്വാസികരം ജല്പിച്ചേക്കേം. അവൻ മൂകനായിതീരുന്നതിനുമുമ്പുള്ള സംശയത്താൽ ആണെന്നു് അവർ പറയാനിടയുണ്ടു്. അവൻ മൂകനായിത്തീർന്നതിനാൽ, ദിവ്യവചനങ്ങളെ സംബന്ധിച്ചു്, ദൈവദൂഷകരുടെ നാവിനു കടിഞ്ഞാണിടാൻ കഴിഞ്ഞു.

*ദേവാലയത്തിൽവച്ച് അവന് ഏതോ ദർശനം ഉണ്ടായി എന്ന് അവർ വിചാരിച്ചു* (1:22): അവന്റെ നിശ്ശബ്ദതയും മുഖത്തിന്റെ ശോഭയും നിമിത്തം. അവനു് സംസാരശക്തിയും ശ്രവണശക്തിയും നഷ്ടപ്പെട്ടതിനാൽ അവൻ അവരോടു് *ആംഗ്യം കാണിച്ചു* (1:22).

*അവൾ അഞ്ചുമാസം തന്നെത്തന്നെ മറച്ചുവച്ചു* (1:24): ഒന്നാമതു്, സംഭവിച്ചതിന്റെ പുതുമനിമിത്തം ആശ്ചര്യപ്പെട്ടുകൊണ്ടു്. രണ്ടു്, സഖറിയാസ്സുണ്ടായ ക്ലേശം നിമിത്തം. മൂന്നു്, അവളുടെ വാർദ്ധക്യം നിമിത്തം. നാലു്, താൻ പ്രസവിക്കുമോ എന്നു് അവരംക്കു് ഉറപ്പില്ലായിരുന്നു. അഞ്ചു്, തന്റെ കർത്താവിന്റെ മുമ്പിൽ പ്രജ തുള്ളിച്ചാടാൻ, അവയവങ്ങരം വളർച്ചയിലെത്തുക ഉചിതമായിരുന്നു. കാരണം, മറിയം മംഗലവാർത്ത സ്വീകരിക്കാൻ പോകുകയായിരുന്നു.

*മനുഷ്യരുടെ ഇടയിൽ എനിക്കുള്ള നിന്ദ നീക്കിക്കളയുവാൻ* (1:25): കാരണം, വന്ധ്യയും അനന്തരഗാമിയില്ലാത്തവളുമായ സ്ത്രീയെ അവർ നിന്ദിച്ചിരുന്നു. സഖറിയായോടുള്ള മംഗലവാർത്ത ഒക്ടോബർ 10 നാണു് ഉണ്ടായതു്. മറിയത്തോടുള്ളതു് നീസാൻമാസം 10-ാം തീയതിയും.

*ആറാംമാസം ഗബ്രിയേൽ ദൂതൻ അയയ്ക്കപ്പെട്ടു* (1:26-27): ഒക്ടോബർ 10 മുതൽ നീസാൻ 10 വരെയുള്ള ആറു മാസങ്ങരം എന്നർത്ഥം. *ഗബ്രിയേൽ ദൂതൻ അയയ്ക്കപ്പെട്ടു*: എല്ലാ ആത്മീയ ജീവികളുടെയും തലവനാണു് ഗബ്രിയേൽ എന്നു *ചിലർ* പറയുന്നു. താഴ്ന്ന നിരകളിലുള്ളവയുടെ തലവനാണു് മിഖായേൽ, അതായതു്, മാലാഖമാർ എന്ന ഗണത്തിൽപ്പെടുന്നവരുടെ. *മററു ചിലർ*: മാലാഖമാരുടെ ഗണത്തിന്റെ തലവൻ ഗബ്രിയേൽ ആണു്. അവനാണു് അയയ്ക്കപ്പെട്ടതു്. ഒന്നാമതു്, ദാനിയേലിനോടുകൂടി പഴയനിയമത്തിൽ അവന്റെ നാമം സുജ്ഞാതമായിരുന്നു. 'അവന്റെ

www.malankaralibrary.com



പേരും ആഗമനവും വെറും ഭാവനാസൃഷ്ടിയാണ്'' എന്നും ദൂഷണം പറയുന്ന ദൈവദൂഷകരായ യഹൂദരുടെ നാവടക്കാൻ. രണ്ട്, പഴയ ഉടമ്പടിയ്ക്ക് വിശ്രമം വിധിക്കാനും പുതിയതും ആത്മീയവുമായതിന് ആരംഭം കുറിക്കാൻ വഴിയൊരുക്കാനും വേണ്ടി.

*ദാവീദിന്റെ വംശത്തിൽപെട്ട* (1:27): യൗസേപ്പിനും കന്യകയ്ക്കും പൊതുവായിട്ടുള്ളതാണ് ഇത്. കാരണം, 'ഓരോ ഗോത്രവും അതേ ഗോത്രത്തിൽനിന്നുമാത്രമേ വിവാഹം കഴിക്കാവൂ' എന്ന് നിയമമുണ്ടായിരുന്നു. ഈ ബഹുമാന്യകന്യക ഭയചകിതയാകാതിരിക്കാനായി, ബഹുമാന്യരൂപത്തിലും പ്രായമായ ഭാവത്തിലുമാണ് ദൂതൻ അവളുടെ പക്കലെത്തിയത്. അവൻ എത്തിയത് പകലാണ്. കാരണം, സുവിശേഷം പ്രകാശമാണ്. നമ്മുടെ കർത്താവിനെ പ്രവാചകന്മാർ വളരെ ശരിയായി പ്രകാശം എന്നുവിളിച്ചു; അവിടുന്നു സ്വയം പ്രകാശം, സൂര്യൻ, ശോഭ എന്നൊക്കെ വിളിച്ചിരുന്നു. ദാസന്റെ ഉത്ഭവം സംബന്ധിച്ചുള്ള അറിയിപ്പ് പകൽ, പാപപരിഹാര ദിനം, ധൂപപീഠത്തിന്റെ മുമ്പിൽവച്ചായിരുന്നെങ്കിൽ, കർത്താവിന്റേത് എത്ര കൂടുതൽ ശ്രേഷ്ഠതരമായിരിക്കുകയില്ല! *ദൈവശാസ്ത്രജ്ഞന്മാരുടെ* അഭിപ്രായമനുസരിച്ച്, അവൾ പ്രാർത്ഥനാനിരതയായിരുന്നപ്പോഴാണ് ദൂതൻ അവളെ സമീപിച്ചത്. റോമനാധിപത്യത്തിന് കീഴ്പ്പെട്ടിരുന്ന തന്റെ രാജ്യത്തിനും തനിക്കുംവേണ്ടി അവൾ ദൈവത്തോട് കരുണ യാചിച്ചുകൊണ്ടിരിക്കുകയായിരുന്നു.

*നിനക്കു സമാധാനം* (1:28): അവൻ സ്വന്തമായി നൽകിയ ആശംസയല്ലിത്, പിന്നെയോ, അവനെ അയച്ചവനിൽ നിന്നാണിത്. പെട്ടെന്നൊരു പുരുഷനെ കണ്ടപ്പോൾ അടച്ചിട്ടിരുന്ന ആ ഉദ്യാനത്തിനും മുദ്ര വച്ചിരുന്ന ആ ഉറവയ്ക്കും ഉണ്ടായ ഉൾക്കിടിലം ശമിപ്പിക്കാനായി, രാജ്യങ്ങളുടെ അംബാസഡർമാരുടെ നിയമമനുസരിച്ച്, അവൻ ആദ്യമെ ആശംസകൊണ്ടു തുടങ്ങുന്നു. രണ്ടാമതായി, മനുഷ്യരുടെ ഇടയിൽ നല്ല കാര്യങ്ങളെക്കുറിച്ചുള്ള പ്രത്യാശ വിതയ്ക്കാനും, പാപവും ശാപവും അവസാനിക്കാനും, നമ്മുടെ വർഗത്തിന്മേലുള്ള ക്രോധം നീങ്ങിപ്പോകാനും ആശംസവഴി അവൻ ഉദ്ദേശിച്ചു. മൂന്ന്, അവിടുത്തെപ്പറ്റി പ്രഘോഷിച്ച ശ്ലീഹന്മാരുടെയും മുൻ സൂചിപ്പിച്ച പ്രവാചകരുടെയും, വാക്കുകൾക്കനുസൃതവും തന്നെപ്പറ്റിത്തന്നെ നമ്മുടെ കർത്താവ് പറഞ്ഞ വാക്കുകൾക്കനുസൃതവുമാണ് ആശംസ എന്നു കാണിക്കാൻ. *നിനക്കു സമാധാനം* എന്ന വാക്കോടുകൂടി ആശംസയുടെ കർത്താവ് കന്യകയിൽ വന്നു

www.malankaralibrary.com



വസിച്ചു. ആ ആശംസ മതിയായില്ലേ? സ്വർഗം ഭൂമിക്കു് ആശംസ നൽകിയില്ലേ? *ചിലർ* പറയുന്നു: *കർത്താവു് നിന്നോടുകൂടെ* എന്ന വചനത്തോടുകൂടി കന്യകയിൽനിന്നു് ഏതോ പദാർത്ഥം എടുത്തു. ഒരു തുള്ളിരക്തം രൂപീകൃതമായി. അതിനെ പുത്രനാക്കിത്തീർത്തു. അതിനെ വചനമായ ദൈവവുമായി ഒന്നിച്ചുചേർത്തു. അതു് ആരാധ്യമായ ത്രിത്വത്തിനു് ആലയം ആയിത്തീർന്നു. *മററു ചിലർ: ഇതാ, ഞാൻ കർത്താവിന്റെ ദാസി* എന്നു് മറിയം പറഞ്ഞപ്പോൾ വചനം കന്യകയിൽ വന്നു വസിച്ചു. അവൻ അവളിൽനിന്നെടുത്ത പദാർത്ഥവുമായി ഐക്യപ്പെട്ടു. മിലാനിലെ *അംബ്രോസും* മഹാനായ *അപ്രേമും* ഈ അവസാനത്തെ അഭിപ്രായം പുലർത്തുന്നവരാണ്.

*കൃപ നിറഞ്ഞവളേ,* എന്നു് അവൻ കൂട്ടിച്ചേർത്തു. ഒന്നാമതായി, ഈ വ്യാപാരത്തിന്റെ നവീനത്വത്തെ കറിക്കുന്നു. സ്വാഭാവികമായിട്ടല്ല, കൃപയുടെ ശക്തിയാലാണ് ഉത്ഭവം നടന്നതു്. രണ്ടു്, ആദ്യത്തേതുപോലെ ഈ രണ്ടാം സൃഷ്ടിയും കൃപയാലാണ് പണിയപ്പെട്ടിരിക്കുന്നതു്. 'ലോകം കൃപയാൽ പണിയപ്പെട്ടിരിക്കുന്നു എന്നു് ഞാൻ പറഞ്ഞു' (സങ്കീ. 89:2) എന്നു് എഴുതപ്പെട്ടിരിക്കുന്നു. മൂന്നു്, സുവിശേഷാനുസൃതം, 'കൃപയും സത്യവും യേശുക്രിസ്തുവഴി ഉണ്ടായി' (യോഹ. 1:17). ഈ ആത്മീയ വ്യാപാരവും കൃപ എന്നു വിളിക്കപ്പെടുന്നു. കാരണം, അയോഗ്യനായ മനുഷ്യനു് ദൈവം നൽകിയതാണ്. *കർത്താവു് നിന്നോടുകൂടെ,* 'കർത്താവു് *നിന്നിൽനിന്നു്*' എന്നു് *നെസ്തോറിയസ്* പറയുന്നു. ദൈവത്വത്തിൽ *നിന്നോടുകൂടെ;* മനുഷ്യത്വത്തിൽ നിന്നിൽനിന്നു്.

*നീ സ്ത്രീകളിൽ അനുഗൃഹീതയാണ്* (*1:42*): ഒന്നാമതായി, നിന്നിൽനിന്നുള്ള ജനനത്താൽ: ഹവ്വായ്ക്കു ലഭിച്ച ആദ്യശാപത്താൽ ഭരണം നടത്തിയിരുന്ന ശാപങ്ങൾ മനുഷ്യകുലത്തിൽനിന്നു് നീങ്ങിപ്പോയി എന്നതിന്റെ അടയാളമായിട്ടു്. രണ്ടു്, 'നിന്നിൽ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെട്ടവരാകും' എന്നു് അബ്രഹാമിനോടു ചെയ്ത ഉടമ്പടി അനുസരിച്ചു് (ഉല്പ. 12:3). പൗലോസും ഇതു് സാക്ഷിക്കുന്നു. മൂന്നു്, സ്ത്രീസ്വഭാവത്തിൽനിന്നു് നിന്നിൽ അവർ വിമോചിതരാകും. കന്യാത്വരീതിയിൽ വേദനകൂടാതെ നീ പ്രസവിച്ച ശിശുവഴി, രഹസ്യാത്മകമായി, പാപത്തിൽനിന്നു് ഉടലെടുക്കുന്ന വേദനകളിൽ നിന്നു് വിമുക്തരാകും. *പുരുഷനെ അറിയാത്ത* കന്യകയ്ക്കു് ന്യായമായി പ്രസവവേദന ഉണ്ടാകില്ല. *കന്യക, പ്രസവ*

www.malankaralibrary.com



*വേദന* എന്നിവ രണ്ടും ഒന്നിച്ചുപോകുന്നവയല്ല. എങ്കിലും, പിതാവില്ലാതെ ഒരു ശിശു നമുക്കായി ജനിച്ചതുപോലെ, വേദനകൂടാതെ ഒരു പുത്രൻ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ആരംഭത്തിൽ മോഹങ്ങളൊന്നും ഇല്ലാതിരുന്നതുപോലെ, അന്ത്യത്തിൽ പ്രസവവേദനയും ഇല്ലാതിരുന്നു. ആ വിശുദ്ധ ശരീരം തന്റെ ഉദരത്തിൽ ഉരുവായതു് എങ്ങനെയെന്നു് കന്യക അറിയാഞ്ഞതുപോലെ, അവന്റെ ജനനത്തിലും അവൾ പ്രസവവേദന അറിഞ്ഞില്ല. അതിനു പ്രവചനം സാക്ഷ്യംവഹിക്കുന്നു. "പ്രസവവേദന തുടങ്ങുന്നതിനുമുൻപ് അവൾ പ്രസവിച്ചു; അവൾ ഒരു പുത്രനെ പ്രസവിച്ചു" (ഏശാ. 66:7). പാപത്തിന്റെയും ഈ മൃതലോകത്തിന്റെയും മാതാവായ സ്ത്രീ വേദനയിലും ദുഃഖങ്ങളിലും പ്രസവിച്ചു; എന്നാൽ ജീവന്റെയും ഭാവിലോകത്തിന്റെ പിതാവായ കന്യാസുതന്റെയും, അതായതു്, കന്യാലോകത്തിന്റെയും, മാതാവായ തരുണി ഗർഭധാരണം സന്തോഷത്തിൽ ആരംഭിക്കുകയും ജനനം സന്തോഷത്തിൽ അവസാനിപ്പിക്കുകയും വേണം. ദൈവം ഉള്ളിടത്തു് മലിനമാക്കുന്നതൊന്നുമില്ല.

*അവന്റെ വാക്കിൽ* അവൾ അസ്വസ്ഥയായി (1:29): സംഭവത്തിന്റെ നവീനത്വം നിമിത്തമാണതു്. എന്നാൽ സഖറിയായെപ്പോലെ അവൾ വിവശയായിത്തീർന്നില്ല.

*അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും (1:32)*: നമ്മുടെ കർത്താവിന്റെ *പിതാവ്* എന്നു് *ദാവീദിനെ* വിളിക്കുന്നതു്, അവിടുത്തെ മനുഷ്യത്വത്തിലാണ്. *ദാസൻ* എന്നു് (ദാവീദിനെ) വിളിക്കുന്നതു് അവിടുത്തെ ദൈവത്വം നിമിത്തമാണ്. ഏതു *സിംഹാസനമാണ്* കൊടുക്കുക? പലസ്തീനായിലുള്ളതല്ല. അതു ബാബിലോണിയൻ രാജാവ് നശിപ്പിച്ചു; അവൻ ദാവീദിന്റെ സന്തതിയെ മുട്ടുകുത്തിച്ചു. 'അവന്റെ സന്തതി എന്നേക്കും നിലനില്ക്കും' എന്നും 'എന്റെ മുമ്പിൽ സൂര്യനെന്നപോലെ ആയിരിക്കും അവന്റെ സിംഹാസനം' എന്നും 'ചന്ദ്രനെപ്പോലെ അതു് എന്നേക്കും സ്ഥാപിതമായിരിക്കും' എന്നും 'ആകാശദിവസങ്ങൾ പോലെയായിരിക്കും അവന്റെ സിംഹാസനം' എന്നും വാഗ്ദാനം ചെയ്തിരിക്കുന്ന സിംഹാസനമാണ് (സങ്കീ. 89:36.37. 29)അവിടുത്തേതു്. ദാവീദിനുണ്ടായിരുന്ന ഭൗമിക സിംഹാസനത്തെപ്പററിയല്ല വാഗ്ദാനം; പിന്നെയോ സ്വർഗ്ഗീയമായതിനെപ്പററിയാണ്. *അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല* എന്നതിൽനിന്നു് ഇതു് വ്യക്തവുമാണ്. ഭൗമികമായതു് ഹ്രസ്വകാലത്തിനുശേഷം

www.malankaralibrary.com



അസ്തമിച്ചു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അബ്ശാലോം നിമിത്തവും, ജറൊബോവാം നിമിത്തവും, നെബുക്കദ്നേസർ നിമിത്തവും അവന്റെ സങ്കടം വർദ്ധിച്ചു.

വീണ്ടും, സോളമൻ രാജാവ് ദാവീദിന്റെ സിംഹാസനം മാററി, അതിനുപകരം ആറു പടികളുള്ള ഒരു ദന്തസിംഹാസനം സ്ഥാപിച്ചു. ഇതും ബാബിലോണിയാക്കാർ നീക്കിക്കളഞ്ഞു (1 രാജാ. 10:18–19). വീണ്ടും, 'അവൻ ദാവീദിന്റെ സിംഹാസനത്തിൽ ഭരണം നടത്തും, ജറുസലേമിലും ഭൂമി മുഴുവനിലും; അതിനവസാനം ഉണ്ടാകയില്ല എന്ന് എഴുതപ്പെട്ടിരിക്കുന്നു (ഏശാ. 9:7).

'യുഗങ്ങളുടെ ബലവാൻ ദൈവമാണ്; അവിടുത്തെ രാജ്യം അവസാനിക്കാത്ത രാജ്യമാണ്. അതു കടന്നു പോകുകയില്ല' എന്ന് ദാനിയേൽ പറയുന്നു (7:27). പറയപ്പെട്ടിരിക്കുന്നതു പോലെ അവിടുന്ന് ദൈവപുത്രനാണെങ്കിൽ, ദൈവം തന്നെയാണ്; ദൈവത്തിന്റെ സിംഹാസനം സ്വർഗത്തിലാണ്. 'സ്വർഗം എന്റെ സിംഹാസനം' എന്ന് അവിടുന്നു പറയുന്നു. അതുകൊണ്ട്, മാലാഖമാരുടെയും വിശ്വാസികളുടെയുംമേൽ ആ ലോകത്തിലും അവിടുന്നു ഭരണം നടത്തുന്നു; എന്നാൽ പുതിയ ലോകത്തിൽ പിശാചുക്കളുടെയും അവിശ്വാസികളുടെയും മേലും ഭരിക്കുന്നു. 'നീ എന്റെ വലത്തു ഭാഗത്തിരിക്കുക' എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു എന്ന് അവൻ പറയുന്നു (സങ്കീ. 110:1).

വീണ്ടും *സിംഹാസനം* ഇവിടെയും എല്ലായിടത്തും അധികാരത്തെ സൂചിപ്പിക്കുന്നു. എന്നാൽ അധികാരം സ്വാഭാവികമായി ദൈവപുത്രന്റേതാണ്. അത് ആരംഭത്തിലേ ദാവീദിനു വാഗ്ദാനം ചെയ്തു. ദാവീദിന്റെ പുത്രനിൽ അവസാനം അതിനു പൂർത്തീകരണം ഉണ്ടായി; ''ദൈവമേ, നിന്റെ സിംഹാസനത്തിന് അവസാനമില്ല, അത് എന്നുമെന്നും നിലനില്ക്കുന്നു'' (സങ്കീ. 45:6). എല്ലാ സങ്കീർത്തനങ്ങളിൽനിന്നും വ്യക്തമാകുന്നതുപോലെ, നമ്മുടെ കർത്താവിനെ ഇവിടെ *ദൈവം* എന്നു വിളിക്കുന്നു. 'അവന്റെ ശക്തി എന്നേക്കുമുള്ള ശക്തിയാണെന്നും, അതൊരിക്കലും കടന്നുപോകയില്ലെന്നും' ദാനിയേൽ പറയുന്നു (4:3). ദുഷ്ടരായ ആഹാസും മനാശ്ശെയും സ്വന്തമാക്കിയതുപോലെയുള്ള ദാവീദിന്റെ സിംഹാസനമല്ല നമ്മുടെ കർത്താവ് സ്വന്തമാക്കിയത്; പിന്നെയോ, തന്നോട് ഐക്യപ്പെട്ടിരുന്ന വചനമായ ദൈവത്തിന്റേതാണ്.

www.malankaralibrary.com



അവിടുന്ന് എല്ലാവരുടെയും രാജാവായിരിക്കെ *'യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ ഭരണം നടത്തും'* എന്ന് എന്തിനാണ് പറഞ്ഞിരിക്കുന്നത് (1:33)? ഒന്നാമതായി, അവരിൽനിന്നാണ് രാജ്യം ആരംഭിച്ചത്, അവരാണ് ആദ്യം ശിഷ്യരായിത്തീർന്നത്. അതുപോലെ ലോകത്തിലെ പ്രഘോഷകരും ശിഷ്യരെ രൂപീകരിച്ചവരും അവരായിരുന്നു. 'ഞങ്ങളുടെ സഹോദരാ, യൂദയായിൽ എത്ര ആയിരങ്ങളാം ഉണ്ടെന്നു കാണുക' എന്നു എഴുതപ്പെട്ടിരിക്കുന്നു (നട. 21:20). രണ്ട്, ദാവീദിൽനിന്ന് നമ്മുടെ കർത്താവ് വരും എന്ന് ദാവീദിനോട് ചെയ്ത ഉടമ്പടി അനുസരിച്ച്. മൂന്ന്, ശ്രോതാക്കളുടെ ബലഹീനത പരിഗണിച്ച്: അവന്റെ നാമശ്രവണത്തിൽ ആകാശത്തിലും ഭൂമിയിലും ഉള്ള എല്ലാ മുഴങ്കാലും മടങ്ങും (ഫിലി. 2:10) എന്ന് ഒററയടിക്കു പറഞ്ഞാൽ അത് അവിശ്വസനീയമായേ തോന്നുകയുള്ളു. നാല്, ലോകത്തിന്റെയും തിരുലിഖിതങ്ങളുടെയും പതിവനുസരിച്ച് ഒരു ഭാഗത്തിൽ നിന്ന് മുഴുവനെയും കുറിക്കുന്നു: അതനുസരിച്ചാണ്, *'യാക്കോബിന്റെ ഭവനത്തിന്മേൽ'* എന്നു പറയപ്പെട്ടിരിക്കുന്നത്. അഞ്ച്, പ്രാചീനരെ പരിഗണിച്ച്: അവർ മിശിഹായെ എല്ലാററിനും ഉപരി ദൈവമായി പരിഗണിച്ചില്ല; പിന്നെയോ, ഒരു മനുഷ്യനായും, പ്രവാചകരിൽ ഒരുവനായും, ലോകം മുഴുവൻ ഭരിക്കുന്ന രാജാവായുമാണ് കരുതിയത്. ഇക്കാരണങ്ങളാലാണ് അവൻ യാക്കോബിന്റെ ഭവനത്തിന്മേൽ ഭരണം നടത്തും' എന്ന് പറഞ്ഞിരിക്കുന്നത്.

*ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ.* (1:34). ഒൻപതു മാസം പൂർത്തിയാകുമ്പോൾ *'നീ പ്രസവിക്കും'* എന്ന് ദൂതൻ അവളോടു പറഞ്ഞതുപോലെയാണിത്. 'ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ' എന്ന് അവൾ അതിന് മറുപടി നൽകി. അവൾക്ക് സമയം മതിയാകാതെ വരുകയും സമയം തീരുകയും ചെയ്താൽ, തന്റെ വരനുമായുള്ള ബന്ധത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയും കുറച്ചു നാൾ കൂടി കഴിഞ്ഞ് പ്രസവിക്കുകയും ചെയ്യുമായിരുന്നു.

*പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും* (1:35). *ആത്മാവ്*: അവിടുത്തെ ശക്തിയെപ്പററിയാണിത്. തനിക്കിഷ്ടമുള്ളതെല്ലാം അവിടുന്ന് പ്രവർത്തിക്കുന്നു. *പരിശുദ്ധൻ*: അവിടുത്തെ മാററമില്ലായ്മ നിമിത്തം. *പരിശുദ്ധൻ* (കദ്ശാ) എന്നത് എബ്രായ പദമാണ്. വ്യതിയാനാതീതൻ എന്നു

www.malankaralibrary.com



സുറിയാനിയിൽ അതു വിശദീകരിക്കാം. ദാരിദ്ര്യമോ സമൃദ്ധിയോ കൊണ്ടോ നല്ല കാര്യങ്ങളോ ചീത്തക്കാര്യങ്ങളോ കൊണ്ടോ വേർതിരിക്കപ്പെട്ടവയെല്ലാം എബ്രായയിൽ വിശുദ്ധം (കാദീശോ) എന്നു വിളിക്കപ്പെടുന്നു. ലോകം വിശുദ്ധരെന്നു കരുതുന്ന ദേവന്മാർ നിസ്സാരരാണ്. അവരിൽ ആനന്ദം കൊള്ളുന്നവർ അഭിശപ്തരാണ് (സങ്കീ.16:3).

*അത്യുന്നതന്റെ ശക്തി*: എല്ലാ പരിപൂർണ്ണതകളും പര്യാപ്തമായ അജയ്യമായ ശക്തിയാണിതു്. മനുഷ്യാവതാരത്തിന്റെ ആരംഭത്തിൽത്തന്നെ അവൻ ത്രിത്വത്തെപ്പററി വിളംബരം ചെയ്യുന്നുഎന്നു നാംഅറിഞ്ഞിരിക്കണം. 'പരിശുദ്ധാത്മാവു വരും': അതു പരിശുദ്ധാത്മാവ് എന്ന ആളിനെപ്പററിയാണു്. "അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും". പിതാവിന്റെ ആളത്തത്തെപ്പററിയാണിതു്; അവനിൽ നിന്നാണ് പുത്രൻ. "അത്യുന്നതൻ" പിതാവാണ്. അവിടത്തെ ശക്തി വചനമായ ദൈവമാണ്. പുത്രനെയാണ് അവൻ *ശക്തി* എന്നു വിളിക്കുന്നതു്. ഉദാ.'എന്റെ ശക്തി,എന്റെ കരുത്തിന്റെ ആരംഭം, അതായതു് എന്റെ പുത്രൻ ...." (ഉല്പ.49:3). ദൈവവചനത്തെ പൂർവപിതാക്കന്മാർപോലും പിതാവിന്റെ സ്വാഭാവികവും വ്യക്തിപരവുമായ ശക്തി എന്നു മിക്കപ്പോഴും വിളിക്കുന്നതു കാണുക.

ഇവയുടെ ഉറപ്പിനായി ദൂതൻ ഇതും കൂട്ടിച്ചേർത്തു: *"ഇതാ നിന്റെ ചാർച്ചക്കാരിയായ എലിസബത്തും വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു"* (1:36): അതുകൊണ്ട്, സംസാരിക്കപ്പെട്ട ഈ സംഗതികളുടെ നവീനത്വത്തെപ്പററി നീ ഒട്ടും സംശയിക്കരുതു്. "ഇതാ, നിന്റെ ചാർച്ചക്കാരി"-അതായതു്, നിന്റെ അമ്മയുടെ സഹോദരി.

*മറിയം എഴുന്നേററ് സൂക്ഷ്മതയോടുകൂടി പോയി* (1:39): ദൂതൻ തന്നോടു പറഞ്ഞ കാര്യങ്ങൾ ശരിയാണോ എന്നറിവാനാണ് പോയതു്. മറിയം പോയതു് യൗസേപ്പ് പറഞ്ഞിട്ടാകാൻ സാധ്യതയുണ്ട്. ഒരു കഴുതപ്പുറത്തു കയററി ഒരു ജോലിക്കാരനെയുംകൂട്ടി അവൻ അവളെ പറഞ്ഞയച്ചു. എലിസബത്തിന്റെ ഗർഭധാരണത്തെപ്പററി ചുററും പരന്ന വാർത്തകളുടെ യാഥാർത്ഥ്യം നേരിട്ട് മനസ്സിലാക്കാം. ദൂതൻവഴി മറിയത്തിനു സംഭവിച്ച മഹനീയ കാര്യങ്ങളെപ്പററി യൗസേപ്പിനു് അപ്പോഴും അറിവില്ലായിരുന്നു; മറിയം അതു് യൗസേപ്പിനു് വെളിപ്പെടുത്തിയുമില്ല. എന്നാൽ എലിസബത്തിന്റെ പക്കൽനിന്നു തിരികെ വന്നപ്പോൾ അവളുടെ ഉദരം വീർത്തിരിക്കുന്നതിൽനിന്നു് അവൾ ഗർഭിണിയാണ് എന്നു് അവൻ മനസ്സിലാക്കി.

www.malankaralibrary.com



*ശിശു ഉദരത്തിൽ കുതിച്ചുചാടി* (1:41): ഉദരത്തിൽ ശിശുക്കൾ അനങ്ങുന്നതു് സ്വാഭാവികമാണ്. എന്നാൽ *സന്തോഷത്താൽ കുതിച്ചുചാടുക* പരിശുദ്ധാത്മാവിനാൽ മാത്രമാണ്. 'അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും' എന്നു് സഖറിയായോടു് ദൂതൻ പറഞ്ഞതിൻെറ പൂർത്തീകരണമാണ് ഇവിടെ നടന്നതു്. തൻെറ പക്കലേക്കു് കർത്താവു് വന്നെന്നു് അവനു് അവബോധം ഉണ്ടായി; ഉദരത്തിൽവച്ചുതന്നെ അവൻ അവനെ ആരാധിക്കാനും അവനു സ്തുതികൾ അർപ്പിക്കാനും തുടങ്ങി. രാജാവിൻെറ ദൂതനെയും പ്രതിപുരുഷനെയുംപോലെ ഇപ്പോൾമുതൽ അവൻ തൻെറ ശുശ്രൂഷ പൂർത്തിയാക്കുന്നു.

*എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു* (1:41): തന്നോടുള്ള സ്നേഹത്തിനു പ്രത്യുപകാരമായി തൻെറ ദാസൻെറമേൽ കർത്താവു് കരുണചെയ്തു് ഉദരത്തിൽവച്ചുതന്നെ അവൻെറമേൽ പരിശുദ്ധാത്മാവിനെ വർഷിച്ചു ഉടൻതന്നെ, ഒരറിയിപ്പു വഴി ദാസൻെറ മാതാവിനെ അവിടുന്നു ചൂണ്ടിക്കാട്ടി; അവൾക്കു് നിഗൂഢ കാര്യങ്ങളുടെ വെളിപാടു നൽകി അനുഗ്രഹിച്ചു.

*അവൻ ശക്തരെ സിംഹാസനങ്ങളിൽനിന്ന് താഴെയിറക്കി* (1:52): അതായതു്, പിശാചുക്കളെയും പുറജാതിക്കാരെയും യൂദരെയും.

*മറിയം എലിസബത്തിൻെറകൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ അവളുടെ വീട്ടിലേക്കു മടങ്ങി* (1:56): അവൾ എന്തിനാണു തിരിച്ചുവന്നതു്? രീതിയനുസരിച്ചു് അവൾ കുറേ സമയംകൂടി അവിടെ തങ്ങി, തൻെറ ചാർച്ചക്കാരിയുടെ പ്രസവത്തിലുള്ള പുതിയ കാര്യങ്ങളൊക്കെ കാണുക എന്നതു് യുക്തമായിരുന്നു. ബന്ധുക്കൾ മാത്രമല്ല, ദൂരെയുള്ള അപരിചിതരും അവളുടെ ചുററും കൂടി. എന്നിട്ടും അവൾ പൊയ്ക്കളഞ്ഞതു് നാഥൻെറ അമ്മ ദാസൻെറ അമ്മയെ പരിചരിക്കുക ഉചിതമായിരുന്നില്ല എന്നതുകൊണ്ടാണ്. നക്ഷത്രം ഉദിക്കാൻ സമയമാകുമ്പോൾ അതിൻെറ പ്രകാശത്തിൻെറ ശോഭ പ്രസരിക്കാൻ ഇടം കിട്ടാനായി സൂര്യൻ പോയി മറയുന്നു; ദാസൻ ജനിക്കാനായി യജമാനൻ ഇടം കൊടുക്കുന്നു.

## പുസ്തകം II

*എട്ടാം ദിവസം അവർ ശിശുവിൻെറ പരിച്ഛേദനത്തിനു വന്നു* (1:59): എട്ടാംദിവസം പരിച്ഛേദനം ചെയ്യുകയും നാമകരണം നടത്തുകയും ചെയ്യുക എബ്രായരുടെ

www.malankaralibrary.com



പതിവായിരുന്നു. കൈകൊണ്ടുള്ളതല്ലാത്ത നമ്മുടെ പരിച്ഛേദനാവസരം, അതായത് പുതിയ ജനനത്തിൽ, നാമും ഒരു നാമം സ്വീകരിക്കാറുണ്ടല്ലോ. 'പിതാവിൻെറ പേരനുസരിച്ച് സഖറിയാ എന്ന് അവർ അവനെ വിളിച്ചു (1:59). ഒന്നാമത്, പിതാക്കൾക്കും മക്കൾക്കും ഒരേ പേരുണ്ടായിരിക്കുക യഹൂദ പതിവായിരുന്നു. രണ്ട്, ഇസഹാക്കിനെപ്പോലെയും ശിംശോനെപ്പോലെയും ജനിച്ചവനായിരിക്കാം ഇവൻ എന്ന് അവർ കരുതിയിരിക്കാം; അവനും തൻെറ അപ്പൻെറ പേരു് വഹിക്കുക ആവശ്യമായിരുന്നു. എന്നാൽ അവൻെറ അമ്മ പറഞ്ഞു: 'അങ്ങനെയല്ല, അവൻ യോഹന്നാൻ എന്നു വിളിക്കപ്പെടണം'. അവനെ യോഹന്നാൻ എന്നു വിളിക്കണം എന്ന് ദൂതൻ സഖറിയായെ പഠിപ്പിച്ചിരുന്നു. അവൻ അപ്രകാരം വിളിക്കപ്പെടണമെന്ന് എലിസബത്ത് വെളിപാടുവഴി ഗ്രഹിച്ചതാണ്. *യോഹന്നാൻ* എന്നാൽ *ദൈവത്തിൻെറ കാരുണ്യം* എന്നാണ് അർത്ഥം. എന്തുകൊണ്ടെന്നാൽ അവനുടൻ അനുതാപം വഴിയുള്ള പാപമോചനം പ്രസംഗിക്കാൻ തുടങ്ങുകയായിരുന്നു. എല്ലാവർക്കുമുള്ള മോചനത്തെപ്പററിയും വിമോചകനായ യേശുക്രിസ്തുവിനെപ്പററിയും അവൻ എല്ലാവരോടും പ്രസംഗിക്കേണ്ടിയിരുന്നു. വി. ശ്ലീഹാ പറയുന്നു: വിശ്വാസത്താൽ നീതീകരണമാകുവാൻ ദൈവം അവനെ മുൻനിർണയം ചെയ്തു'' (റോമ.3:25).

യോഹന്നാനെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും നിഗൂഢത തിങ്ങിനിറഞ്ഞുനിന്നു. അവൻെറ ഗർഭധാരണം സംബന്ധിച്ചുള്ള മംഗലവാർത്ത പാപപരിഹാരദിനത്തിലാണ്; പാപപരിഹാരബലിപീഠത്തിനു മുമ്പിലും. ക്രിസ്തുവിൽ എല്ലാ മനുഷ്യർക്കും നൽകപ്പെടുവാനുള്ള അനുരഞ്ജനത്തിൻെറ സൂചനയായിരുന്നിവ. അവൻെറ ഗർഭധാരണത്തെക്കുറിച്ച് അറിയിച്ച ദിവസം, ആലയത്തിൻെറ വാതിലിൽ തൂക്കിയിട്ടിരുന്ന ചെമപ്പുതുണിയുടെ നിറം മാറി. ദൈവം മനുഷ്യരോട് നിരപ്പായോ ഇല്ലയോ എന്നറിയാൻ പണ്ടുമുതൽ ഉപയോഗിച്ചുകൊണ്ടിരുന്ന പരമ്പരാഗത രീതിയായിരുന്നതു്. "നിങ്ങളുടെ പാപങ്ങൾ കടുംചുമപ്പുവസ്ത്രംപോലെ ആയിരുന്നാലും....'' എന്ന് ഏശായാ പറയുന്നു (1:18). യോഹന്നാൻ പ്രഘോഷിച്ചവനിലൂടെ എല്ലാ ബുദ്ധിജീവികൾക്കും അനുരഞ്ജനം വർഷിക്കപ്പെട്ടിരിക്കുന്നു. ധൂപാർപ്പണസമയത്തു് മംഗലവാർത്ത ഉണ്ടായതിൻെറ അർത്ഥം ലോകത്തിനു ലഭിച്ച കൃപാകടാക്ഷവും, തൻെറ ദാസരോട് യജമാനൻ രമ്യപ്പെട്ട കാര്യവും സൂചിപ്പിക്കുന്നു.

സഖറിയായുടെ നാവ് ബന്ധിക്കപ്പെട്ടതു്, യൂദരും ജാതികളും തെററിൽ ബന്ധിതമായിരുന്നതിനെ സൂചിപ്പിക്കുന്നു.

www.malankaralibrary.com



അവൻെറ നാവിൻെറ കെട്ടഴിഞ്ഞത്, തെററിൽനിന്നും വിശ്വാസധ്വംസനത്തിൽ നിന്നും യേശുക്രിസ്തുവഴി അവർക്ക ലഭിച്ച വിടുതലിൻെറ സൂചനയായിരുന്നു.

അവൻ മരുഭൂമിയിലേക്ക പോയത് നാം ധരയിൽനിന്ന് സ്വർഗത്തിലേക്ക് പോകുന്നതിനെ സൂചിപ്പിക്കുന്നു. അവനു് മരുഭൂമിയിൽവച്ച് തിരുലിഖിത ജ്ഞാനം ലഭിച്ചത് പുതിയ ലോകത്തിൽ നമുക്ക്ലഭിക്കാനിരിക്കുന്ന പരിപൂർണ്ണജ്ഞാനത്തെ സൂചിപ്പിക്കുന്നു, അവൻ പ്രസംഗിച്ച യൂദയാ മരുഭൂമി ഉടനെ അഴിയുവാനുള്ള മർത്യതയുടെ തകർച്ചയെ സൂചിപ്പിക്കുന്നു. അവൻെറ രോമവസ്ത്രം അനുതാപത്തെ കുറിക്കുന്നു. അവൻെറ അരക്കെട്ട് ഐന്ദ്രികവും ബൗദ്ധികവുമായ പോരാട്ടങ്ങൾക്കുള്ള തയ്യാറെടുപ്പിനെയും സന്നദ്ധതയെയും കാമവികാരങ്ങൾ വർജ്ജിക്കുന്നതിനെയും സൂചിപ്പിക്കുന്നു. പറക്കുന്ന വെട്ടുക്കിളികൾ, നമ്മുടെ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ യാനം ചെയ്യുന്ന നീതിമാന്മാരുടെ ആത്മീയമായ അവസ്ഥയെ കുറിക്കുന്നു. തേനിൻെറ മധുരം, നമ്മുടെ കർത്താവിൽനിന്നു പ്രാപിക്കുന്ന സൗഭാഗ്യങ്ങളുടെ മാധുര്യത്തെ കുറിക്കുന്നു. അതു് നമ്മുടെ എല്ലാ പരീക്ഷണങ്ങളേക്കാളും ഉന്നതമാണ്. അവിടുന്ന് പാപത്തിൻെറ കീടത്തിൽനിന്ന് ലോകത്തെ ശുദ്ധീകരിക്കുന്നു എന്ന കാര്യം തേൻ സൂചിപ്പിക്കുന്നു. സ്വഭാവത്താലെ തേൻ ശുദ്ധീകരിക്കുന്നതാണല്ലോ.

നമ്മുടെ കർത്താവിനെ വഹിച്ച ശെമഓൻ മഹാപുരോഹിതനായ ഓനിയാ ബർ ഓനിയായുടെ മകനും യേശു ബൻസീറായുടെ പിതാവുമായിരുന്നു എന്നു് വംശാവലി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാലംവരെ അവൻ ആത്മാവിൽ ബന്ധനസ്ഥനായിരുന്നു. അതായത്, 216 വർഷങ്ങൾ. *അവൻ നമുക്കായി രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു* കൊമ്പുകൊണ്ട് പോരാടുകയും സ്വയം പ്രതിരോധിക്കുകയും ചെയ്യുന്ന മൃഗങ്ങളുടെ ഉപമയിൽനിന്നാണ് കൊമ്പിനെപ്പററിയുള്ള പരാമർശം. ''നീയോ ശിശുവേ, അത്യുന്നതൻെറ പ്രവാചകൻ എന്നു വിളിക്കപ്പെടും'': ഇവിടെ അവൻ അത്യുന്നതനെപ്പററിയാണ് സംസാരിക്കുന്നത്. മനുഷ്യനെപ്പററിയോ വചനത്തെപ്പററിയോ അല്ല. മറിച്ച് അവതരിച്ച ദൈവവും ദൈവീകരിക്കപ്പെട്ട മനുഷ്യനുമായ മിശിഹായെപ്പററിയാണ്. വാക്കുകളെയും പ്രവൃത്തികളെയും ആന്തരികൈക്യം ഒന്നിപ്പിച്ചിരിക്കുന്നു.

www.malankaralibrary.com



*അഗസ്റ്റസിൽനിന്ന് ഒരു കല്പന പുറപ്പെട്ടു* (2:1): 'ചെങ്കോൽ നീങ്ങിപ്പോകുകയില്ല' (ഉല്പ. 49:10) എന്ന യാക്കോബിന്റെ പ്രവചനം പൂർത്തീകരിക്കപ്പെട്ടു എന്നു കാണിക്കാനാണ് അഗസ്റ്റസ് സീസറിനെ സൂചിപ്പിക്കുന്നത്. ഈ അഗസ്റ്റസ് ആണ് യൂദയാഭരിക്കാൻ ഹേറോദേസിനു് അധികാരം നല്കിയത്. ജന്മനാ ഹേറോദേസ് ഫിലിസ്ത്യനും വിദ്യാഭ്യാസത്താൽ ഏദോമ്യനുമാണ്. അയാരം ഇസ്രായേലിന്റെ പൗരോഹിത്യവും രാജത്വവും തമ്മിൽ പൂർണ്ണമായി കൂട്ടിക്കുഴച്ചു. *സെൻസസ്* ദൈവപരിപാലനയാൽ സംഭവിച്ചതാണ്. ഒന്നാമതായി, യൗസേപ്പും മറിയവും അവശ്യാവശ്യം തങ്ങളുടെ നഗരമായ ബേത്ലഹേമിലേക്ക് പോകുന്നതിനു്. 'യൂദായിലെ ബേത്ലഹേമേ, നീ.... ചെറുതല്ല' എന്ന തുടങ്ങുന്ന പ്രവചനം (മിക്കാ. 5:2) അനുസരിച്ച്, ജനനം അവിടെ നടക്കുന്നതിനു വേണ്ടി. രണ്ട്, ഈ പൊതു സെൻസസ്കൊണ്ട് മിശിഹായുടെ ജനനത്തെപ്പററിയുള്ള അവബോധം എല്ലാവർക്കും ഉണ്ടായി. പഴയനിയമത്തിലാകട്ടെ, പുതിയനിയമത്തിലാകട്ടെ, അനേകം ജനതകളുടെ ഒത്തുചേരൽവഴി തന്റെ അത്ഭുത വ്യാപാരങ്ങളുടെ സാർവത്രികത സ്ഥാപിക്കുക എന്നതു് എല്ലാററിന്റെയും ഭരണാധികാരിക്ക് പതിവായിരുന്നു. *അഗസ്റ്റസ്* എന്നത് *ചിലർ ശോഭയെന്നും മററുചിലർ രാജാക്കൻമാരിൽ* പ്രധാനിയെന്നും വിവർത്തനം ചെയ്യുന്നു. *സീസർ* എന്നതു് ചിലർ *സർവശക്തൻ* എന്നും, മററുചിലർ 'അതു മഹത്വത്തിലേക്കും യഥാർത്ഥത്തിലുള്ള സർവശക്തിയിലേക്കും നിത്യസംഗതികളിലേക്കും നയിക്കുന്നു' എന്നും പറയുന്നു. ഭൗമിക സെൻസസിൽനിന്നു് സ്വർഗീയമായതിലേക്കും ഭൗമിക നികുതികളിൽനിന്നു് ആത്മീയമായതിലേക്കും നയിക്കുന്നു.

*ഗർഭിണിയും വിവാഹനിശ്ചയം ചെയ്തവളുമായ മറിയത്തോടുകൂടെ പോയി* (2:5): മുകളിൽ ഒരിടത്തു് ദൂതൻ അവളെ യൗസേപ്പിന്റെ ഭാര്യ എന്നു വിളിക്കുന്നു: "നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട" (മത്താ. 1:20). ഇവിടെ "വിവാഹനിശ്ചയം ചെയ്തവരം" എന്നാണു കാണുക. രണ്ടും വെറുതെ വച്ചതല്ല. അവിടെ, സംസർഗ്ഗം കൂടാതെയുണ്ടായ ഗർഭധാരണത്തെപ്പററി സംശയിച്ച യൗസേപ്പിനോടു് അവളുടെ വിശുദ്ധി സംബന്ധിച്ച് *ഭാര്യ* എന്നു് പറഞ്ഞിരിക്കുന്നു. അവരം പരിപാവന അല്ലെങ്കിൽ ഈ പേരു കൊണ്ടു് അവൻ അവളെ വിളിക്കുകയില്ലായിരുന്നു എന്നു് എനിക്കു് ഉറപ്പുണ്ടു്. ഇവിടെ 'വിവാഹനിശ്ചയം ചെയ്തവരം' എന്നു് പറഞ്ഞുകൊണ്ടു് ദൂതൻ സംഗതി വിവരിക്കുക മാത്രം ചെയ്യുന്നു. എന്നാൽ വിവാഹനിശ്ചയം മാത്രം നടന്നിട്ടു് എന്തു

www.malankaralibrary.com



കൊണ്ടു് അവരം അവന്റെ ഭവനത്തിൽ പാക്കുകയും വഴിയാത്ര നടത്തുകയും ചെയ്തു എന്നു് ചോദിച്ചേക്കാം (2:5). ആൺമക്കളില്ലാത്ത മാതാപിതാക്കളുടെ മകളായിരുന്നു മറിയം. ഞങ്ങൾക്കു് ഒരാൺകുഞ്ഞിനെ ലഭിച്ചാൽ അവന്റെ ജീവിതം മുഴുവൻ കർത്താവിനായി ഞങ്ങൾ സമർപ്പിക്കും എന്നു് അവർ ദൈവത്തോടു് ഒരു നേർച്ച നേർന്നിരുന്നു. അങ്ങനെയിരിക്കെയാണു് അവർക്കു് ഭാഗ്യവതി ജനിച്ചതു്. അവളുടെ മുലകുടി മാറിയപ്പോൾ കർത്താവിന്റെ ഭവനത്തിലേക്കു് അവൾ ആനയിക്കപ്പെട്ടു. അവളുടെ മാതാപിതാക്കളുടെ മരണവും നേർച്ചയുമായിരുന്നു അതിനുള്ള കാരണം. എപ്പോഴും ദേവാലയത്തിൽ ശുശ്രൂഷിക്കുന്ന പുണ്യചരിതരായ സ്ത്രീകൾ അവളെ വളർത്തി. മഹാപുരോഹിതനായ സഖറിയായുടെയും അവളുടെ ചാർച്ചക്കാരി എലിസബത്തിന്റെയും പരിലാളനയിലായിരുന്നു അവൾ. അവൾക്കു പന്ത്രണ്ടു വയസ്സായപ്പോൾ, സഖറിയാ യൂദാകുടുംബത്തലവന്മാരെ വിളിച്ചുകൂട്ടി. പ്രായമായ പെൺകുട്ടി കർത്താവിന്റെ ആലയത്തിൽ തങ്ങാൻ പാടില്ല എന്ന നിയമം അനുസരിച്ചായിരുന്നിതു്. അവളെ ആരുടെകൂടെ അയയ്ക്കണം എന്നതു സംബന്ധിച്ചു് കുറിയിട്ടു. തലവന്മാരുടെ വടി വാഗ്ദാന പെട്ടകത്തിന്റെ സമീപത്തായി കൂട്ടിവച്ചു. യൗസേപ്പിന്റെ വടിയിൽ അടയാളമുണ്ടായി. യൗസേപ്പ് തന്റെ ദരിദ്രാവസ്ഥയെപ്പററിയും തന്റെ ഭാര്യയേയും മക്കളേയുംപ്പററിയും തടസ്സം പറഞ്ഞപ്പോൾ ഒരു പ്രാവുപറന്നു് യൗസേപ്പിന്റെ മടിയിൽ വന്നിരുന്നു. അതു് ദൈവത്തിൽനിന്നുള്ള ഒരടയാളമായി കണക്കാക്കി അവൻ അവളെ സ്വീകരിക്കുകയും തന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു. അവളെ സംരക്ഷിക്കാനായി തന്റെ ഭാര്യയെ ഏല്പിച്ചു. അവളുടെ പേരും മറിയം എന്നായിരുന്നു. അവളെ മറെറാരു ഭാര്യയായിട്ടല്ല, പ്രിയപുത്രിയായിട്ടാണു് സ്വീകരിച്ചതു്.

അതിനല്പം കഴിഞ്ഞു്, ആ വർഷത്തിൽതന്നെ ആരാധ്യമായ ഗർഭധാരണത്തെപ്പററി ഗബ്രിയേൽ ദൈവദൂതൻ മംഗലവാർത്ത അറിയിച്ചു. വീണ്ടും, വിവാഹനിശ്ചയം നടത്തിയവർ ഒന്നിച്ചു താമസിക്കുക എന്നതു് പുരാതന രീതിയായിരുന്നു. യാക്കോബു്, തന്റെ വധുവുമായി പതിന്നാലു് വർഷം ജീവിച്ചതു് എന്റെ ഓർമ്മയിൽ വരുന്നു. ലോത്തിന്റെ മരുമക്കൾ അവന്റെകൂടെ അവന്റെ വീട്ടിലാണു് താമസിച്ചിരുന്നതു്. അങ്ങനെ പലതും. നിയമാനുസൃതം പല നീതിമാന്മാരും വിവാഹവാഗ്ദാനം ചെയ്ത പെൺകുട്ടികളെ ഏതാണ്ടു് മൂന്നു വർഷത്തോളം തങ്ങളുടെ ഭവനങ്ങളിൽ പാർപ്പിക്കുന്ന പതിവുണ്ടായിരുന്നു. അതിനുശേഷം മാത്രമാണു് അവരുമായി ബന്ധ

www.malankaralibrary.com



പ്പെട്ടിരുന്നത്. സന്താനോല്പാദനത്തിനാണ്, വികാരങ്ങളെ തൃപ്തിപ്പെടുത്താനല്ല അവർ ബന്ധപ്പെട്ടിരുന്നത് എന്നു കാണിക്കാനായിരുന്നു ഇത്. പ്രതീകാത്മക നിയമമനുസരിച്ച്, നീതിയുടെ ഫലത്തിന്റെ പ്രതിഫലമായി ഇതു കരുതപ്പെട്ടിരുന്നു. അവർ *എൻക്രിത്തീത്തർ* എന്നുവിളിക്കപ്പെട്ടിരുന്നു; യൗസേപ്പ് അവരിൽ ഒരുവനായിരുന്നു. വീണ്ടും, അപ്രതീക്ഷിതമായ ഒരു സംഗതി സംഭവിക്കാൻ പോകുമ്പോൾ, കന്യക ദുഷ്ടസംശയങ്ങൾക്ക് അതീതയായിരിക്കേണ്ടതാണ്. വീണ്ടും, അവൾ ഗർഭിണിയായിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ് എന്നു ദൂതൻ അവർക്കു വെളിപ്പെടുത്തിയതിനാൽ, അവൻ പോയിടത്തെല്ലാം അവളെ കൊണ്ടുപോയിരുന്നു.

*അവളുടെ ദിവസങ്ങൾ തികഞ്ഞ്, അവൾക്ക് പ്രസവസമയമടുത്തു* (2:6): സ്വഭാവാതീത രീതിയിൽ നടന്ന ഗർഭധാരണംപോലെയായിരുന്നു പ്രസവവും. എങ്കിലും പ്രകൃത്യനുസൃതവും പ്രകൃത്യതീതവുമെന്നു രണ്ടു കാര്യങ്ങളുണ്ട്. സാവധാനമുള്ള വളർച്ച, ഒൻപതു മാസത്തെ ഗർഭധാരണം എന്നിവ പ്രകൃത്യനുസൃതമാണ്. എന്നാൽ പുരുഷസംസർഗം കൂടാതെയുള്ള ഗർഭധാരണം, വേദന കൂടാതെയുള്ള പ്രസവം എന്നിവ പ്രകൃത്യതീതമാണ്. അവിടുന്ന് 'മനുഷ്യപ്രകൃതിയിൽനിന്ന് വ്യത്യസ്തനല്ല' എന്നു കാണിക്കാൻ പ്രകൃത്യനുസൃതം; അതുപോലെ, ഇപ്പോഴും ചിലർക്കു സംഭവിക്കുന്നതുപോലെ, മായാദർശനം എന്ന തെററിൽ വീഴാതിരിക്കാൻ. പ്രകൃത്യതീതം: ഒന്നാമത്, അവിടുന്ന് മരണത്തെ നീക്കിയവനും വിവാഹം സ്ഥാപിച്ചവനും ആണെന്ന് കാണിക്കാൻ പ്രകൃത്യതീതം. രണ്ടാമത്, 'അവിടുന്ന് ഭാവി ലോകത്തിന്റെ പിതാവാണ്'' എന്നും മലിനമാക്കുന്ന യാതൊന്നും ഇല്ലാത്ത പുതിയതരം ജീവിതത്തിലേക്കാണ് അവൻ പിറന്നിരിക്കുന്നത് എന്നും കാണിക്കാൻ.

*അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു* (2:6): അവൻ അവനെ *അവളുടെ പുത്രൻ* എന്നു വിളിക്കുന്നു, *ഒരു പുത്രൻ* എന്നല്ല വിളിക്കുന്നത്. അവൻ യൗസേപ്പിന്റെ മകനല്ല, മറിയത്തിന്റെ മകൻ മാത്രമാണ് എന്നു കാണിക്കാനാണിത്. രണ്ടാമത്, ജനനം, സ്വാഭാവികമായി മനുഷ്യത്വത്തിന്റേതാണ്, വചനമായ ദൈവത്തിന്റേതല്ല, എന്നു പരിഗണിക്കപ്പെടാൻ. എഴുതപ്പെട്ടിരിക്കുന്നതുപോലെ അവന്റെ വംശാവലി ആർക്കു വിവരിക്കാനാവും (ഏശ 53:8). അവൻ ആദ്യജാതനാണ്. ഒന്ന്, തന്റെ അമ്മയുടെ ഗർഭപാത്രം തുറന്നതിനാൽ. രണ്ട്, സ്നാനത്താൽ. മൂന്ന്, ഉത്ഥാനത്താൽ. നാല്, അമർത്യവും വ്യതിയാനാതീതവുമായ ദത്തെടുക്കലിലൂടെ അനേകം സഹോദരന്മാരുടെ ശിരസ്സായി തീർന്നതിനാൽ.

www.malankaralibrary.com



*അവർക്ക് സ്ഥലം ലഭിക്കാഞ്ഞതിനാൽ....* (2:7): സെൻസസിനായി അവിടെ തടിച്ചുകൂടിയ യൂദാകുടുംബങ്ങരം നിമിത്തം.

സമീപത്തായി *ആടുകളെ മേയിച്ചുകൊണ്ടിരുന്ന ഇടയൻമാർ*: വടിയും വിസിലും ഉപയോഗിച്ച് അവർ ആടിനെ തീററുകയും രാത്രി കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന കാഴ്ച അന്നും ഇന്നും കാണാം. അവക്ക് ഒരിടയന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ഗബ്രിയേൽ ദൈവദൂതൻ, കർത്തൃമഹത്വം അവരുടെ മേൽ പ്രകാശിപ്പിച്ചു. താൻ ആരുടെ ജനനം അറിയിക്കുന്നുവോ അവിടുന്ന് പ്രകാശവും സൂര്യനും ശോഭയും, എഴുതപ്പെട്ടിരിക്കുന്നതുപോലെ നക്ഷത്രവും ആണ് (സംഖ്യ. 24:17) എന്നു കാണിക്കാനാണ്. സംസാരിക്കപ്പെട്ടവയെപ്പററി ഇടയന്മാർ സംശയിച്ചതിനാൽ *സ്വർഗീയ സൈന്യങ്ങളുടെ വ്യൂഹം പെട്ടെന്ന് കാണപ്പെട്ടു* (2:13). ശിശുവിനോടുള്ള അവരുടെ വിധേയത്വവും അവരുടെ ശുശ്രൂഷയും സൂചിപ്പിക്കുന്നു. രണ്ടാമത്തു്, 'ജനിച്ചവൻ കർത്താവും മിശിഹായും രക്ഷകനുമാണ്'' എന്നു പറഞ്ഞ ദൂതന്റെ വാക്കിന്റെ തെളിവായി. എന്തെന്നാൽ, എഴുതപ്പെട്ടിരിക്കുന്നതുപോലെ, രണ്ടോ മൂന്നോ സാക്ഷികളുടെ മുമ്പാകെ എല്ലാ കാര്യങ്ങളും ഉറപ്പിക്കപ്പെട്ടിരുന്നെങ്കിൽ (ആവ. 19:15; 2 കൊറി. 13:1) ആയിരങ്ങളും പതിനായിരങ്ങളും സാക്ഷ്യം വഹിച്ചതു് എത്രമാത്രം വിശ്വസനീയമായിരിക്കുകയില്ല! 'ജനിച്ചവൻ സ്വർഗീയനാണ്'' എന്നും തന്റെ സ്നേഹിതരെ അവിടുന്ന് സ്വർഗത്തിലേക്കു ക്ഷണിക്കുന്നു എന്നു കാണിക്കാനാണ് അവർ സ്വർഗത്തിൽനിന്നു കാണപ്പെട്ടതു്.

നമ്മുടെ കത്താവിന്റെ ജനനംമൂലം ലഭിച്ച പതിനായിരം നല്ല കാര്യങ്ങരം നിമിത്തം 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം'എന്നു് ആത്മീയജീവികരം ഉചിതമായി പാടി (2:14) ഏക ദൈവത്തെ ആരാധിക്കുകയും പിശാചുക്കളെയും ബിംബങ്ങളെയും അവയ്ക്കുള്ള ബലിയെയും തിരസ്കരിക്കുകയും ചെയ്യുന്ന തത്ത്വമാണ് *മഹത്ത്വം*.

അമർത്യത എന്ന ദാനത്തിന്റെ തത്ത്വമാണ് *സമാധാനം*. അതു് മനുഷ്യകുലം മുഴുവന്റെമേലും വർഷിക്കപ്പെട്ടിരിക്കുന്നു. ഏകാധിപതികളെയും സാത്താനെയും മരണത്തെയും പാപത്തെയും അതു് നീക്കുന്നു. കോപിച്ചിരിക്കുന്നവരെ സമാധാനം പരസ്പരം രമ്യപ്പെടുത്തുന്നു. സമാധാനം ദൈവത്തെയും മനുഷ്യനെയും, ഉയരത്തെയും ആഴത്തെയും, യൂദരെയും ജാതികളെയും,

www.malankaralibrary.com



ആത്മാവിനെയും ശരീരത്തെയും ഒന്നിപ്പിക്കുന്നു. *സൻമനസ്* (11:4): അച്ചാരമായും താല്ക്കാലിക പ്രതീക്ഷയായും അല്ലാതെ ഈ നല്ല വസ്തുക്കൾ യാഥാർത്ഥ്യമായി തീർന്നിട്ടില്ല. *ഇടയന്മാർ* മൂന്നുതരം സമ്മാനങ്ങൾ കൊണ്ടുവന്നു എന്ന് *മാർ അപ്രേം* പറയുന്നു: മാംസം, പാൽ, സ്തുതിപ്പ് മാംസം, യൗസേപ്പിന്. പാൽ, അമ്മയ്ക്ക്. സ്തുതിപ്പ് ശിശുവിന്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദിവ്യകല്പനയാൽ വിദ്വാന്മാരും അന്നുതന്നെ വന്നു എന്നും അദ്ദേഹം പറയുന്നു. അവിടുത്തെ ജനനം ഇടയർക്കും ഉത്ഥാനം ഒരു സ്ത്രീക്കും വെളിപ്പെടുത്തപ്പെട്ടു, സുവിശേഷം ചുങ്കക്കാർക്കും മുക്കുവർക്കും കൂടാരപ്പണിക്കാർക്കും ഭരമേല്പിക്കപ്പെട്ടു.

*"മറിയമാകട്ടെ ഈ വാക്കുകളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു"* *(2:19)*: ഉദരത്തിൽ ശിശു കുതിച്ചു ചാടിയതു്, യൗസേപ്പിനുണ്ടായ വെളിപാട്, സഖറിയായ്ക്കും എലിസബത്തിനുമുണ്ടായ പ്രവചനങ്ങൾ, തനിക്ക് ദൂതൻ നൽകിയ മംഗലവാർത്ത, സംസർഗം കൂടാതെയുള്ള ഗർഭധാരണം, വേദന കൂടാതെയും കന്യാത്വഭംഗം കൂടാതെയുമുള്ള പ്രസവം, ഇടയന്മാരുടെയും വിദ്വാന്മാരുടെയും വരവ് ആദിയായവ അവൾ താരതമ്യപ്പെടുത്തി, അതിൽ അത്ഭുതപരതന്ത്രയായി. എത്ര മഹനീയവും നവീനവുമായ വ്യാപാരമാണ് നടന്നിരിക്കുന്നതെന്ന് ചിന്തിച്ച് ധ്യാനിച്ചു.

*ഇതാ, ഇവൻ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും കാരണമാകും; ഇവൻ വിവാദ വിഷയമായ അടയാളവുമായിരിക്കും (2:34)*: ഉദ്ദേശ്യത്തിൽ നിന്നല്ല, സംഭവങ്ങളിൽ നിന്നാണ് "വീഴ്ചയ്ക്കും വിവാദത്തിനും" ഇടയാകുക: "ഈ ലോകത്തിന്റെ ന്യായവിധിക്കായി ഞാൻ വന്നിരിക്കുന്നു"; "ഞാൻ സമാധാനം സ്ഥാപിക്കുവാനല്ല വന്നിരിക്കുന്നതു്; പിന്നെയോ, വാളും വിഭജനവും" (യോഹ.9:39; മത്താ. 10:34; ലൂക്കാ 12:51). എന്നു പറയുന്നതുപോലെയാണ് ഇവിടെയും. വീഴ്ചയ്ക്കു പരിഹാരം ചെയ്യുകയും ഭൂമിയിൽ വീണുപോയതിനെ എഴുന്നേല്പിക്കുകയും ആയിരുന്നു ഉദ്ദേശ്യം. എന്നാൽ *വീണ്ടും എഴുന്നേല്ക്കുന്നതിനെ* സംബന്ധിച്ച് ചിലർ തർക്കിക്കുന്നതിനാൽ, അവർ നിലംപററി കിടക്കുന്നു. രണ്ടുകൂട്ടരും ഉണ്ടെന്ന് സുവിശേഷം പറയുന്നു (യോഹ. 7:12). 'അവൻ നല്ലവനാണ് എന്ന് ചിലർ പറഞ്ഞു; അല്ല അവൻ ജനങ്ങളെ വഴിതെററിക്കുന്നു' എന്ന് വേറേ ചിലർ പറഞ്ഞു. 'അവൻ സത്യമായും മിശിഹായാണ്' എന്ന് അവരിൽ ചിലർ പറഞ്ഞു. 'മിശിഹാ ഗലീലിയിൽനിന്നു വരുമോ?' എന്ന്

www.malankaralibrary.com



വേറെ ചിലർ ചോദിച്ചു (യോഹ. 7:41). അതുകൊണ്ട് *"വീഴ്ചയും വിവാദവും"* പരീശരുടെയും നിയമജ്ഞരുടെയും ഇടയിലാണ് ഉണ്ടായത്. *എഴുന്നേല്പും സമാധാനവും* ചുങ്കക്കാർക്കും വേശ്യകൾക്കും അതുപോലെയുള്ളവർക്കുമാണ്.

*അനേകരുടെ ഹൃദയ വിചാരങ്ങൾ വെളിപ്പെടുന്നതിനായി നിന്റെ ഉള്ളിലൂടെയും ഒരു കുന്തം തുളച്ചുകയറും (2:35).* ജനിച്ചവൻ തന്റെ മാതാവിനേക്കാൾ അളവററ രീതിയിൽ മഹനീയനാണ് എന്നു കാണിക്കാൻ ആഗ്രഹിച്ചുകൊണ്ടാണ് ഇതു പറഞ്ഞതു്. ഈയാളിന്റെ മഹത്ത്വം കൃത്യമായി മനസ്സിലാക്കാനും, ഇയാൾ ആരാണെന്നും അവന്റെ മഹത്ത്വം എത്ര മഹനീയമാണെന്നും യഥാർത്ഥമായി അറിയാനും നീ തികച്ചും അശക്തയാണെന്ന് നീ തന്നെ കൃത്യമായി ഗ്രഹിക്കും. അതാണ് നിന്റെ പരിശോധനയും പരീക്ഷയും. അവനെപ്പററി നിന്റെ മനസ്സിലുള്ള സങ്കല്പവും എങ്കിൽ, അനേകരോടുകൂടി നിനക്കും അവനിൽ വിശ്വസിക്കാൻ സാധിക്കുകയില്ല. അവനിലുള്ള ദിവ്യസ്വഭാവത്തെ മനസ്സിലാക്കാനും കഴിയുകയില്ല. *മാർ അപ്രേം* പറയുന്നു: *"അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുന്നതിനായി നിന്റെ ഉള്ളിൽക്കൂടി നീ ഒരു കുന്തം കടത്തും.* അതായതു് സംശയിച്ചവർ; നീയും സംശയിക്കും. അവൻ തന്റെ അത്ഭുതങ്ങളിൽ മഹനീയനായിരിക്കും. നീ അതു് മററുള്ളവരോട്ട് പറയും നിന്റെ വാക്കുകൊണ്ട് അവരുടെ സംശയങ്ങൾ എല്ലാം ദൂരീകരിക്കപ്പെടും".

വീണ്ടും, അവനെപ്പററി പറഞ്ഞതും അവനുവേണ്ടി ചെയ്തതുമായ മഹനീയ കാര്യങ്ങൾ നിമിത്തം വരാനിരുന്ന മിശിഹാരാജാവ് അവിടുന്നാണെന്ന് തന്റെ മകനെപ്പററി ഭാഗ്യവതി കരുതി. അവന്റെ ആഗമനത്തിൽ അവൻ എന്നേക്കും നിലനിൽക്കുമെന്നും രാജ്യങ്ങളെയെല്ലാം കീഴ്പെടുത്തുമെന്നും അവർ ലോകനേതാക്കന്മാരായിരിക്കും എന്നും മററും മററു് യൂദന്മാരെപ്പോലെ മിശിഹായെപ്പററി അവളും പ്രതീക്ഷിച്ചു. മഹാരാജാവിന്റെ മാതാവ് എന്ന നിലയിൽ തനിക്ക് വലിയ ബഹുമാനം ഉണ്ടാകും എന്നു് അവൾ കരുതി. എന്നാൽ പിന്നീട് പുറജാതികളെ വിളിക്കുന്നതും അവരുമായി അനുരഞ്ജനപ്പെടുന്നതും അവൾ കാണുകയും കേൾക്കുകയും ചെയ്യുന്ന സമയം സമാഗതമായി. അവൻ തന്നെ നിന്ദിക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്യുന്നതു തുടങ്ങി തന്റെ പീഡാനുഭവത്തിൽ സംഭവിച്ചവയെല്ലാം അവളുടെ പ്രതീക്ഷയ്ക്കുപ്പുറത്തുള്ളവ ആയിരുന്നു. അതു

www.malankaralibrary.com



കൊണ്ട് ശെമയോൻ പറയുന്നു: *നിന്റെ ഉള്ളിൽക്കൂടി ഒരു കുന്തം തുളച്ചുകയറും.* നിന്റെയും നിന്റെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷയ്ക്കു വിരുദ്ധമായ കാര്യങ്ങൾ കാണുന്ന സമയം വരുമ്പോൾ, ഇപ്പോഴുള്ള ബലഹീനത കുറെപ്പെടുത്തപ്പെടും. അവനെ കർത്താവും ദൈവത്തിനു തുല്യനുമായി പരിഗണിക്കും; ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാവരും അവനെ ആരാധിക്കുകയും ചെയ്യും.

കുന്തത്തെപ്പറ്റി പറഞ്ഞാൽ, അതു ശരീരത്തിൽ നേരെ കയറിയാൽ ശരീരം തുളച്ചുകയറുന്നു. അതുപോലെയാണ്, നിന്റെ ആത്മാവിൽ ഉള്ള കാര്യങ്ങൾ. നേരത്തെ സംഭവിച്ച സംഭവങ്ങൾക്കുചിതമാംവിധം നീ വ്യാപരിക്കുക യുക്തമായിരിക്കെ, സംശയമാകുന്ന കുന്തംകൊണ്ട് അരുതാത്തവ സംഭവിച്ചു. എന്നാൽ നിന്റെയും അനേകരുടെയും വിചാരങ്ങൾ വെളിപ്പെടുന്ന സമയത്ത് ഇപ്പോഴത്തെ ബലഹീനത കുറെപ്പെടുത്തപ്പെടും.[1] *നിന്റെ ഉള്ളിൽക്കൂടെ* എന്നാൽ നിന്റെ ശിശുവിൽക്കൂടെ കുന്തംകടക്കും എന്ന് *ചിലർ* മനസ്സിലാക്കുന്നു. കല്പനലംഘനംമുതൽ പറുദീസായിൽ എല്ലാവശത്തേക്കും കറങ്ങുന്ന വാൾ (ഉല്പ. 3:24). അവളുടെ മകനെ അവളുടെ *ആത്മാവിൽ* എന്ന് അവൻ വിളിക്കുന്നു. *മറ്റുചിലർ:* അല്പം കഴിഞ്ഞാൽ നിന്റെ മകൻ മരത്തിൽ തൂങ്ങി കിടക്കുന്നതും കുന്തത്താൽ കുത്തിത്തുളയ്ക്കപ്പെടുന്നതും നീ കാണും. നിനക്ക് അവനെപ്പറ്റി ഇപ്പോഴുള്ള സങ്കല്പത്തിൽനിന്ന് അതു് വ്യത്യസ്തമായിരിക്കും. കുരിശിൽ തറയ്ക്കപ്പെടുന്നവരെ വാൾകൊണ്ടല്ല കുന്തംകൊണ്ടുകുത്തി കൊല്ലുകയാണ് പതിവ്. അതുകൊണ്ട്, കുരിശാരോഹണത്തിൽ സംഭവിച്ച കാര്യങ്ങളുടെ കൂട്ടത്തിൽ അവസാനത്തേതു മാത്രമേ പ്രവാചകൻ പറയുന്നുള്ളു: *അവനിലൂടെയും നിന്നിലൂടെയും ഒരു കുന്തംകടക്കും* എന്നതു് പ്രധാനപ്പെട്ടതാണ് (യോഹ. 19:34; സക്ക. 12:10). കാരണം, മാതാക്കൾ ഇപ്രകാരമാണ്. ഇവിടെ *നിന്നിലൂടെ മാത്രമല്ല, അനേകരുടെ ഹൃദയ വിചാരങ്ങളും വെളിപ്പെടും.* അതായതു്, അവിടുത്തേപ്പറ്റി ചിന്തിച്ചിരുന്ന മറ്റു് കാര്യങ്ങൾ. 'മിശിഹാ എന്നേക്കും നിലനിൽക്കുന്നു എന്നു നിയമത്തിൽനിന്നു ഞങ്ങൾ കേട്ടിട്ടുണ്ട്'' എന്ന് ചിലർ പറഞ്ഞതുപോലെ (സങ്കീ. 89:36; യോഹ. 12:34). മറ്റു് പലരും മറ്റു പലതും പറഞ്ഞു.

---

1 അർത്ഥം വ്യക്തമല്ല.

www.malankaralibrary.com



## പുസ്തകം III

ഓരോ ടെട്രാർക്കും ആ പ്രദേശത്തെ ഓരോ ഭാഗം ഭരിച്ചിരുന്നു. എന്നാൽ പീലാത്തോസ് ജറുസലേമിലായിരുന്നു. അയാാം പ്രൊക്കുറേറർ ആയിരുന്നു. അയാാം ടെട്രാർക്കുമാർക്ക് വിധേയനായിരുന്നില്ല. ടെട്രാർക്കുമാർ രാജാക്കന്മാരുടെ സ്ഥാനത്തായിരുന്നതിനാൽ ബഹുമാനത്തിലും അധികാരത്തിലും അവർക്കായിരുന്നു മുന്തിയ സ്ഥാനം. എന്നാൽ പീലാത്തോസിൻെറ അധികാരം നായകത്വത്തിൻെറതായിരുന്നു. രാജാക്കന്മാരുടെ നിയമമനുസരിച്ച് നീതിനടത്തുക, സ്വർണ്ണം ശേഖരിക്കുക, ജനങ്ങളെ ഒന്നിച്ചു കൂട്ടുക എന്നിവ അയാളുടെ ജോലികളായിരുന്നു. പേർഷ്യാക്കാരുടെ ഇടയിലെ മാഗിയൻ പ്രീഫെക്ചറിൻെറ ഡിക്രിപോലെയായിരുന്നു റോമാക്കാരുടെ ഇടയിലെ പ്രീഫെക്ടിൻെറ നായകത്വം. യോഹന്നാനെ കൊന്ന ഹേറോദേസിൻെറ കാലത്താണ് നമ്മുടെ കർത്താവ് പീഡയനുഭവിച്ചത്. അയാാം അഗ്രിപ്പാ എന്നു പേരുള്ള ഹേറോദേസിനെ ജനിപ്പിച്ചു. ഈ അഗ്രിപ്പായുടെ ഭരണത്തിൻകീഴിൽ നാലു പ്രദേശങ്ങളും വന്നുചേർന്നു. അയാളുടെ കാലത്തു് റോമാക്കാർ വന്നു് ദേവാലയം തകർത്തു് നശിപ്പിച്ചു. അതോടെ യഹൂദരുടെ രാജ്യം അസ്തമിച്ചു. ടൈററസാണ് ദേവാലയം പൂർണ്ണമായി തീവച്ചു നശിപ്പിച്ചതു്. അവനുശേഷം ഭരിച്ച അവൻെറ സഹോദരൻ ഡൊമീഷ്യൻ കല്ലുകളും യഥാസ്ഥാനത്തു പെറുക്കിവച്ചു് വിഗ്രഹാരാധനയ്ക്കുള്ള ഒരമ്പലം പണിതു.

മെൽക്കിയിൽനിന്നു് ഹേലി അഥവാ ഏലി ജനിച്ചെങ്കിലും, ഹേലി, മതാത്, ലെവി എന്നീ മൂന്നു് സഹോദരന്മാരെപ്പററി മാത്രമേ ലൂക്കോസ് പറയുന്നുള്ളു. ഈ മൂന്നു സഹോദരന്മാരും മക്കളില്ലാതെ മരിച്ചു. ഓരോരുത്തനും തൻെറ സഹോദരൻെറ മരണശേഷം അയാളുടെ ഭാര്യയെ സ്വീകരിച്ചു. അവർക്ക് മക്കളില്ലാതിരുന്നതിനാൽ നിയമത്തിൻെറ പൂർത്തീകരണം അനുസരിച്ചു് യൗസേപ്പ്, ഹേലിയുടെ മകനും, മതാതിൻെറ മകനും ലേവിയുടെ മകനും മെൽക്കിയുടെ മകനുമായി കരുതപ്പെട്ടിരുന്നു.

*സേത് ആദത്തിൻെറ മകനായിരുന്നു; ആദം ദൈവത്തിൽനിന്നുമായിരുന്നു* (3:38) എന്നു് ആരംഭത്തിൽ അവൻ പറയുന്നതു് എന്തിനാണെന്നു് ചോദിച്ചേക്കാം. മിശിഹായുടെ മുൻഗാമികൾ ആദത്തിൽ തുടങ്ങുന്നു എന്നു കാണിക്കാനല്ല അബ്രഹാംമുതൽ ആദംവരെയുള്ള ലൈൻ സൂചിപ്പിക്കുന്നതു്. കാരണം, എല്ലാ മനുഷ്യരുടെയും ഉത്ഭവം ആദത്തിൽനിന്നാണ് എന്നതു് വ്യക്തമാണല്ലോ. പിന്നെയോ, വിവാഹബന്ധം

www.malankaralibrary.com



കൂടാതെ കന്യക എപ്രകാരം ഒരു മനുഷ്യനെ പ്രസവിക്കും എന്നു് അനേകർ സംശയിച്ചതിനാൽ, അവൻ ആദത്തിന്റെ പേരു പറയുന്നു. ദൈവം അവനെ മണ്ണിൽനിന്നു മെനഞ്ഞുണ്ടാക്കി. പുരുഷന്റെയോ സ്ത്രീയുടെയോ ആവശ്യം ഇല്ലായിരുന്നു എന്നു കാണിക്കാൻ *ദൈവത്തിൽനിന്ന്* എന്നു് അവൻ കൂട്ടിച്ചേർത്തു: അതുകൊണ്ടു് ഇക്കാലത്തു നടന്ന കാര്യവും ദൈവത്തിനു് പ്രയാസമുള്ളതല്ല എന്നു് സൂചിപ്പിക്കുന്നു.

വീണ്ടും, നിന്ദകരെ ലജ്ജിപ്പിക്കാനാണ് *ദൈവത്തിൽ നിന്ന്* എന്നു് അവൻ കൂട്ടിച്ചേർത്തതു്. എല്ലാവരുടെയും പിതാവു് ആദാമായിരിക്കുകയും എല്ലാവരും അവനിൽനിന്നു് ഉരുവാകുകയും ചെയ്യുമ്പോൾ, വംശാവലിയെച്ചൊല്ലി തർക്കിക്കുന്നതു് അർത്ഥശൂന്യമാണു്. എല്ലാവരുടെയും പിതാവായ ആദത്തെ സൃഷ്ടിച്ച ദൈവവും ഏകനാണു്. ദൈവം ഈ ഏകയാളിൽനിന്നു് മനുഷ്യകുലം മുഴുവൻ ഉളവാക്കി. വീണ്ടും, മനുഷ്യകുലം മുഴുവനുമുള്ള പൊള്ളയായ വ്യർത്ഥാഭിമാനത്തിനു തിരിച്ചടി നല്കാൻ *ദൈവത്തിൽനിന്ന്* എന്നു് അവൻ കൂട്ടിച്ചേർത്തു. സദ്പ്രവൃത്തികളില്ലെങ്കിൽ ഭൗമികവംശാവലികൊണ്ടു് ഒരു പ്രയോജനവുമില്ല. കാരണം, എല്ലാവരും *ആദം* എന്ന ഏക ആളിൽനിന്നാണു്, ആദത്തെയാകട്ടെ *ദൈവം* സൃഷ്ടിച്ചു.

## പുസ്തകം IV

*പരീക്ഷിക്കപ്പെടുവാനായി ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു* (4 1). തന്റെ രൂപീകരണം മുതൽ തന്നോടൊത്തുണ്ടായിരുന്ന പരിശുദ്ധാത്മാവാണു് വചനമായ ദൈവത്തിന്റെ ആലയത്തെ നയിച്ചതു് എന്നു കാണിക്കാനാണിതു്. തന്റെ തിരുഹിതം കൂടാതെയല്ല ആത്മാവു് നയിച്ചതു്, അല്ലെങ്കിൽ മറെറാരിടത്തു പറഞ്ഞിരിക്കുന്നതുപോലെ സാത്താൻ നയിച്ചതു് (മത്താ. 4:5-8). നാം നമ്മുടെ ഇച്ഛയാൽ ഇതിനെയോ അതിനെയോ സമീപിക്കുന്നതുവഴിയല്ലാതെ ഒന്നും നടക്കുന്നില്ല. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നതു് നമ്മുടെ പ്രബോധനത്തിനാണു്. സ്നാനത്തിനു് അർഹരായിതീർന്ന നമ്മെ ഇനി അതിലേക്കൊന്നും അവൻ ആനയിക്കരുതു്. കാരണം, നാം ആത്മീയജീവിതത്തിനു് അവകാശികളായിത്തീർന്നവരാണു്; അതുപോലെ പിശാചിന്റെ ആക്രമണങ്ങൾക്കെതിരെ സംരക്ഷിക്കപ്പെട്ടവരുമാണു്. അതിൽനിന്നു് നമുക്കു് കിരീടങ്ങളും അനുഗ്രഹങ്ങളും ലഭിക്കുന്നു. “അവനെ സ്വീകരിച്ചവർക്കു് ദൈവമക്കളാകുവാൻ അവൻ അധികാരം നല്കിയിരിക്കുന്നു” എന്നു് എഴുതപ്പെട്ടിരിക്കുന്നു (യോഹ. 1:13).

www.malankaralibrary.com



നമ്മിൽ എട്ടുതരം ചിന്തകളുണ്ട്: ഒന്ന്, അത്യാർത്തി, അതായത് ഭോജനപ്രിയം; വ്യഭിചാരചിന്ത; ധനമോഹം; നിരാശ; കോപം; അലസത; വ്യർത്ഥാഭിമാനം; അഹങ്കാരം; അവയിൽ മൂന്നെണ്ണമാണ് മൂലതിന്മകൾ; അവ ഉപയോഗിച്ചാണ് സാത്താൻ നമ്മുടെ കർത്താവിനെ പരീക്ഷിച്ചത്; എല്ലാവരും പരീക്ഷണവിധേയരാകുന്നതും അവവഴിയാണ്. അതായത്, അത്യാർത്തി അല്ലെങ്കിൽ ഭോജനപ്രിയം, അതായത് ഭോഗാസക്തിവഴി മനുഷ്യർ ദുഷ്കർമ്മങ്ങൾ ചെയ്യാൻ ഇടയാകുന്നു. അപ്പം ഉണ്ടാക്കാനോ, ധനതൃഷ്ണയ്ക്കോ നമ്മുടെ കർത്താവിനെ പ്രലോഭിപ്പിച്ച സാത്താൻ, മനുഷ്യരെ തിന്മ പ്രവർത്തിക്കാനും മററുള്ളവരോട് അക്രമം പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നു.

*രാജ്യങ്ങളെല്ലാം കാട്ടി തന്നെ ആരാധിക്കാൻ* പറഞ്ഞത് (4:5–7): അവിടുന്ന് അവനെ തൻെറ *പിന്നിലേക്ക് ആട്ടിയോടിച്ചു*. അനുചിതമായ രീതിയിൽ അഹങ്കാരപ്രേരിതമായും പ്രൗഢിയിലും വ്യാപരിക്കുവാനും മനുഷ്യരോടും ദൈവത്തോടും ധിക്കാരപൂർവ്വം പ്രവർത്തിക്കാനും നാം പ്രലോഭിതരാകുന്നു. *ദേവാലയഗോപുരത്തിൽനിന്ന് താഴേക്ക് ചാടാൻ* പറഞ്ഞപ്പോൾ അവിടുന്ന് സാത്താനെ ലജ്ജിപ്പിച്ചു (4:9–12). വീണ്ടും, ആത്മാവിൻെറ മൂന്നു ഭാഗങ്ങളായ ആഗ്രഹം, കോപം, ബുദ്ധി എന്നിവയ്ക്കു തുല്യമായി നമ്മിലുള്ള മററ് വികാരങ്ങളുടെ ഹേതുക്കളുമായ മൂന്നു പ്രധാന വികാരങ്ങൾക്കൊണ്ടാണ് സാത്താൻ നമ്മുടെ കർത്താവിനെ മൂന്നു പ്രാവശ്യം പരീക്ഷിച്ചത്. അവയെ മൂന്നിനെയും നമ്മുടെ കർത്താവ് സുഖപ്പെടുത്തി: ആഗ്രഹത്തെ ഉപവാസവും ജാഗരണവുംകൊണ്ട്; കോപത്തെ കരുണയും ദീർഘശാന്തതയുംകൊണ്ട്; ബുദ്ധിയെ പ്രാർത്ഥനകൊണ്ട്. അവിടുന്ന് ഇവ ആദ്യമായി തന്നിൽത്തന്നെ നേടിയെടുത്തു. സാത്താൻ ഒരു മായാദർശനം കാണിച്ചതാണെങ്കിൽ അതെങ്ങനെ വിജയമാകും എന്ന് ആരെങ്കിലും പറഞ്ഞേക്കാം. നമ്മുടെ കർത്താവ് കീഴടക്കണമെന്ന് നിർബന്ധമില്ലായിരുന്നു. സാത്താനെ വെളിപ്പെടുത്തി, തുറന്നുകാട്ടി, വിധിച്ചു എന്നതായിരുന്നു ആവശ്യമായിരുന്ന കാര്യം. വീണ്ടും, അറിവുകൊണ്ടാണ്, ബലപ്രയോഗംകൊണ്ടല്ല സത്യത്തിലുള്ള വിജയം. നാം ദുഷ്ടൻെറ ചതുരുപായങ്ങളെ അറിയണം, അവവഴി അവനെ കുററം വിധിക്കണം.

*"അവൻ നിശ്ചിതകാലത്തേക്ക് അവനെ വിട്ടുപോയി"* (4:13). അതു പീഡാനുഭവകാലത്തേക്കു വിരൽചൂണ്ടുന്നു. *വിട്ടുപോയി*: പിന്നീട് അവിടുത്തെ കൊല്ലാൻ

www.malankaralibrary.com



വേണ്ടി. തന്റെ സൈന്യങ്ങളുടെ മുൻപിൽ വച്ച് യേശു സാത്താനെ ലജ്ജിപ്പിച്ചു. പിന്നീടാണവോരവസരം തന്നോട് എന്തുവേണമെങ്കിലും ചെയ്യാൻ അവനെ അവിടുന്ന് അനുവദിച്ചു. അതുകൊണ്ട് *കുറേക്കാലത്തേക്ക് അവനെ വിട്ടുപോയി.* നമ്മുടെ സഹായത്തിനായി, ഇതിനോടകം നമ്മുടെ കർത്താവിന്റെ ശക്തി വെളിപ്പെടുവാനുണ്ടായിരുന്നു.

*ഏശയ്യാ പ്രവാചകന്റെ പുസ്തകം അവനു നൽകപ്പെട്ടു* (4:17): അന്നും ഇന്നും അത് യഹൂദരുടെ പതിവാണ്: അതായത്, വചനത്തിലും പ്രവൃത്തിയിലും തങ്ങളേക്കാൾ ശ്രേഷ്ഠരെന്ന് കരുതപ്പെടുന്നവരെ സിനഗോഗുകളിൽ തിരുലിഖിതം വായിക്കാൻ അനുവദിക്കുക. നമ്മുടെ കർത്താവ് വിജ്ഞാനത്തിലും പെരുമാറ്റത്തിലും അവരെയെല്ലാം ഉല്ലംഘിക്കുന്നു എന്ന് കണ്ട് അവർ അവന് തിരുലിഖിതങ്ങൾ നൽകി. *സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു* (4:20). അവിടുന്നു വായിച്ച തിരുലിഖിതഭാഗത്തെപ്പറ്റി അവിടുന്ന് എന്തുപറയും എന്നറിയാൻ അവർ കാത്തിരുന്നു. ഇന്നും ഇത് യൂദരുടെ പതിവാണ്: വായിക്കുന്നയാൾ ചിലപ്പോൾ വായനയ്ക്ക് മുൻപും ചിലപ്പോൾ വായന കഴിഞ്ഞും. പലപ്പോഴും ഇടയ്ക്കും വായനാഭാഗത്തിന്റെ വ്യാഖ്യാനം നൽകിയിരുന്നു. 'ഇന്നത്തെ വായന കഴിഞ്ഞു' എന്ന് അവസാനം കൂട്ടിച്ചേർത്തിരുന്നു. അതായത്, തിരുലിഖിതവായന മററ് വായനകൾപോലെയല്ല പിന്നെയോ, കാണപ്പെട്ടവയും യഥാർത്ഥവുമായ കാര്യങ്ങളായി ദൈവകൃപയാലാണ് അത് എന്ന് അനുസ്മരിപ്പിക്കാനാണത്.

*"ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ"* (4:18). കാരണം, നിത്യമായ നല്ല സംഗതികളുടെ സൂചനയാണ് *സുവിശേഷം.* നല്ല സംഗതികൾ ഇല്ലാത്തവരും ആവശ്യക്കാരുമാണ് *ദരിദ്രർ.*

ഇവിടെയുള്ള ക്ലേശങ്ങളുടെ ഇടയിൽ ഞെരുങ്ങുന്ന മനസ്സുകളാണ് *ഹൃദയം തകർന്നവർ.* ചിലപ്പോൾ അന്ധതയാലാകാം, ചിലപ്പോൾ നമ്മുടെ പ്രകൃതിയുടെ ശത്രുവിനാലാകാം. പ്രകൃതിയുടെ അന്ധതയിൽനിന്ന് ചിലപ്പോൾ തല കീഴായിട്ടായിരിക്കാം, അതായത്, നമ്മുടെ കർത്താവിന്റെ പ്രബോധനംവഴി അച്ചാരമായി അവർ സൗഖ്യം പ്രാപിക്കുന്നു. അന്ത്യത്തിൽ അവർക്ക് പരിപൂർണമായ വിടുതൽ ലഭിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



അഭക്ത്യാരാധനയോടുകൂടി, പിശാചുക്കളുടെ ഉരുക്കുമുഷ്ടിയിൻ കീഴിൽ പീഡനം അനുഭവിക്കുന്നവരാണ് *തടവുകാർ*. അവർ ഉത്തമ മനസ്സാക്ഷിയോടുകൂടി ഏക കർത്താവിനെ ആരാധിക്കുമ്പോൾ, തങ്ങളുടെ തടവറയുടെ തകർക്കലായും അടിമത്വത്തിന്റെ നാശമായും അവർ ഈ കാര്യങ്ങൾ പരിഗണിക്കുന്നു.

നടന്നവ സംബന്ധിച്ച് നിർവികാരരായിരിക്കുകയും പര്യവേക്ഷണത്തിൽ ബലഹീനരായിരിക്കുകയും ചെയ്യുന്നവരെയാണ് അവൻ *അന്ധർ* എന്നു വിളിക്കുന്നത്. അവരോട് *കാഴ്ച* പ്രഘോഷിക്കപ്പെടുന്നു. നേരത്തെ കാര്യമായ ബുദ്ധിശക്തിയില്ലെങ്കിലും പ്രകൃത്യതീതമായ ഒരു പുതിയ പ്രകാശം അവർക്കു ലഭിക്കുന്നു. ബുദ്ധി നയിക്കപ്പെടുന്നു, അതുവഴി അവർ കൃപയുടെ അനുഭവത്തിലെത്തുകയും കാര്യങ്ങൾ തിരിച്ചറിയാൻ കഴിവുള്ളവരായിത്തീരുകയും ചെയ്യുന്നു.

*കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ*: അതായത്, ഈ ഭാഗ്യകരമായ വസ്തുക്കളോടുകൂടി എല്ലാററിനും മാററംവരുത്തുന്ന സമയം. ഇതു്, ഉത്ഥാനം ചെയ്തവനാണ്. എല്ലാവരുടെയും മാനസ്സാന്തരത്തിനും രക്ഷയ്ക്കുമായി അവൻ അവതരിക്കണമെന്ന് അവനെ സംബന്ധിച്ച് ദൈവം തിരുമനസ്സായി. ഇവിടെയുള്ളവരുടെ ഭീകരമരണം പൊട്ടിച്ചു തകർക്കാനും സ്വാതന്ത്ര്യവും വിമോചനവും പ്രദാനം ചെയ്യാനും അവൻ നിയമിതനായിരിക്കുന്നു. ഇപ്പോൾ അവരെ പ്രത്യാശയിൽ പ്രഘോഷകരുടെയും ശ്ലീഹന്മാരുടെയും ശിഷ്യരാക്കിക്കൊണ്ട്; അതായത്, അവരെ ക്രിസ്തുവിന്റെയും ഐകമത്യത്തിന്റെയും അറിയിപ്പുകാരും ദാതാക്കളുമായി ആക്കിക്കൊണ്ട്. അവനിലുള്ള വിശ്വാസത്താലും, അന്ത്യത്തിൽ യാഥാർത്ഥ്യമായിത്തന്നെയും നിലനിർത്തുവാനുംതന്നെ.

*അവൻ ചുരുൾ ചുരുട്ടി* (4:20): യഹൂദപാരമ്പര്യമനുസരിച്ച് ഒരു ചുരുളിലാണ് അതു് എഴുതിയിരുന്നത്.

*എല്ലാവരും അവനു സാക്ഷ്യം നൽകി* (4:22): ഈ കാര്യങ്ങൾ തന്നെപ്പററിയാണ് എന്ന് കർത്താവ് ശരിയായി പറഞ്ഞതിന് അവരെല്ലാം സാക്ഷികളായിരുന്നു.

'*ഇവയ്ക്കുശേഷം*' സുവിശേഷകൻ ഉടനെ ഇതും കൂട്ടിച്ചേർക്കുന്നു: "*ഇവൻ യൗസേപ്പിന്റെ മകനല്ലേ?*" (4:22): ജനങ്ങൾ അവനിൽ അത്ഭുതപ്പെടുകയും അവിടുന്നു പറഞ്ഞവ

www.malankaralibrary.com



അംഗീകരിക്കുകയും ചെയ്തെങ്കിലും, അവനോട് അതൃപ്തി തോന്നുകയും അവനെ കളിയാക്കി *'ഇവൻ യൗസേപ്പിൻെറ മകനല്ലേ?'* എന്നു പറയുകയും ചെയ്തവർ ഉണ്ടായിരുന്നു. എന്നാൽ ഹൃദയങ്ങളെ പരിശോധിക്കുന്ന രക്ഷകൻ അവരുടെ അസൂയയെയും കളിയാക്കലിനെയും കുററപ്പെടുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: *"...നിങ്ങൾ എന്നോട് ഈ ചൊല്ല് ഉദ്ധരിച്ചുകൊണ്ട് ഒരുപക്ഷേ പറഞ്ഞേക്കും: വൈദ്യാ...."* (4:23): അതായത്, 'ഞങ്ങളോട് വെറും വാക്കുകൾ മാത്രം ഉച്ചരിക്കാതെ, നീയാരാണെന്ന് നിൻെറ പ്രവൃത്തികളിലൂടെ കാണിക്കുക. നിന്നെപ്പററി നീ സാക്ഷ്യപ്പെടുത്തിയതിനു തുല്യമായി എന്തെങ്കിലും ചെയ്യാൻ നിനക്കു കഴിവുണ്ടോ എന്നു ഞങ്ങൾ കാണട്ടെ. നീ കഫർണാമിൽ ചെയ്തു എന്നു പറയപ്പെടുന്നവ ഇവിടെയും ചെയ്യുക; ഒരുപക്ഷേ അതിനേക്കാൾ വലിയവ നിൻെറ സ്വന്തം പട്ടണത്തിലും നിൻെറ ജനത്തിൻെറയും സ്നേഹിതരുടെയും ഇടയിലും ചെയ്യുക. നീയൊരു വൈദ്യനാണല്ലോ. തകർന്ന ഹൃദയം ഉള്ളവരെ സുഖമാക്കാൻ നീ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ നീ നിന്നെപ്പററി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്: വൈദ്യൻ, താൻ രോഗിയാണെങ്കിൽ, തന്നെത്തന്നെയാണ് ആദ്യം സുഖമാക്കേണ്ടത്; അതോടുകൂടി തൻെറ സ്ഥലത്തുള്ള കുടുംബാംഗങ്ങളെയാണ്. നീ ഞങ്ങളുടെ രക്ഷകനാണെന്ന് എപ്രകാരമാണ് കാണിക്കാൻ ആഗ്രഹിക്കുന്നത്?' എന്നൊക്കെ എന്നോട് ചോദിക്കാൻ നിങ്ങൾക്കു തോന്നിയേക്കാം. അവർ ഇതൊക്കെ പറഞ്ഞത് വിദ്വേഷംകൊണ്ടും, അപവാദാരോപണംകൊണ്ടും, ദുഷ്ട ഹൃദയംകൊണ്ടും, കളിയാക്കിയുമാണ്. അവിടുന്ന് രണ്ടു കാര്യം മറുപടിയായി പറഞ്ഞു: ഒന്ന്, *ഒരു പ്രവാചകനും സ്വന്തനഗരത്തിൽ സ്വീകരിക്കപ്പെടുന്നില്ല.* അതായത്, മോശ ജനങ്ങളുടെ മുൻപാകെ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചെങ്കിലും യഹൂദർ അവനെ സ്വീകരിച്ചില്ല. ശാമുവേലിനെ റാമാക്കാരും, ഏലീശായെ ആബേൽ മെഹോളാക്കാരും, ജറമിയായെ അനാതോത്തുകാരും സ്വീകരിച്ചില്ല. എന്നെ നിങ്ങളും സ്വീകരിക്കുന്നില്ല. രണ്ട്, അടയാളങ്ങൾക്ക് നിങ്ങൾ അർഹരല്ല. ഖൊറാസിം, ബെത്സയ്ദാ, കഫർണാം എന്നിവയെപ്പോലെ, മററുള്ളവരും തികച്ചും അയോഗ്യരാണ്. അവിടെ നടന്ന അടയാളങ്ങൾ ഒന്നും അവ പ്രയോജനപ്പെടുത്തിയില്ല എന്നതിനാൽ അവിടുന്ന് അവയെ കുററപ്പെടുത്തുന്നു. അതുപോലെ, 'അവിടുന്ന് മാനുഷികോപദേശം കേട്ട് പ്രവർത്തിക്കുന്നവനാണ്" എന്ന് അവിടുത്തെ വ്യാപാരത്തിൻെറ ജ്ഞാനത്തെപ്പററി ആരും കരുതാതിരിക്കാൻ. 'സ്വർഗത്തിൽനിന്ന് ഒരടയാളം' അവർ ആവശ്യപ്പെട്ടതനുസരിച്ച് അവിടുന്ന് പ്രവ

www.malankaralibrary.com



ത്തിച്ചില്ല. മറിച്ച് തന്നെ ചോദ്യംചെയ്യവരെ കുററപ്പെടുത്തി ക്കൊണ്ട് അവിടുന്ന് ഇപ്രകാരം പറഞ്ഞു: 'ദുഷിച്ചതും വ്യഭിച രിക്കുന്നതുമായ തലമുറ അടയാളം അന്വേഷിക്കുന്നു'.

വീണ്ടും, അവർ തന്റെ നാട്ടുകാരും സഹപൗരന്മാരുമാണെ ങ്കിലും, അവർക്കു വിശ്വാസവും നല്ല പെരുമാററവും ഇല്ലാത്തതി നാൽ, അവർ ഇതിനർഹരല്ല, പിന്നെയോ, പൂർണമായി അപ രിചിതരാണ്. കാരണം, അവരിതിനു തെരഞ്ഞെടുക്കപ്പെട്ടതു് ഗണത്തിൽനിന്നും തെരഞ്ഞെടുപ്പിൽനിന്നുമാണ്.

തന്റെ വാക്കിന്റെ ഉറപ്പിനായി വിദേശവംശത്തിൽപ്പെട്ട സാറെപ്ത്തായിലെ സ്ത്രീയുടെ കാര്യം അവിടുന്ന് അനുസ്മരി ക്കുന്നു (1 രാജാ. 17:9). അതുപോലെ, ഏദോമ്യനും അരാമ്യനും, അതായതു്, പുറജാതിക്കാരനുമായ നാമാന്റെ കാര്യവും. ഏലിയാ ആ സ്ത്രീയെ തീററിപ്പോററി. ഏലീശാ നാമാനെ സുഖമാക്കി. എന്നാൽ അനർഹരായിരുന്നതിനാൽ, ഇസ്രായേ ലിൽ ഉണ്ടായിരുന്ന ആയിരക്കണക്കിന് ആവശ്യക്കാർക്ക് ഭക്ഷണം ലഭിച്ചില്ല; കുഷ്ഠരോഗികൾക്കു സൗഖ്യവും ലഭി ച്ചില്ല. ഈ വിവരണങ്ങളാൽ അവരുടെ ദുഷ്ടതയെ അവിടുന്നു കുററപ്പെടുത്തി. താൻ അവരെ നിന്ദിച്ചാണ് അത്ഭുതം പ്രവർ ത്തിക്കാഞ്ഞതു് എന്ന അവരുടെ ദുരാരോപണത്തെ അവിടുന്ന് ഇങ്ങനെ ഖണ്ഡിച്ചു. കുടില ഞണ്ടുകളുടെ വക്രത കാണുക. അവിടുന്ന് ചിലപ്പോൾ സാബത്തിൽ കുഷ്ഠരോഗികളെ ശുദ്ധ രാക്കി, തളർവാതരോഗിയെ സൗഖ്യമാക്കി, മരിച്ചവരെ ഉയിർ പ്പിച്ചു. തന്റെ ശിഷ്യന്മാർ കതിരുപറിച്ച് തിന്നു; ഉടനെ അവൻ ദൈവവിരോധിയും കല്പന ലംഘിക്കുന്നവനും ആണെന്ന് അവർ മുദ്രകുത്തി. എന്നാലിപ്പോൾ സാബത്തിൽ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കാൻ അവർ ആവശ്യ പ്പെടുന്നു.

*കിഴക്കോട്ടുള്ള ചരിവ്*, അതായതു്, *മലയുടെ ചരിവ്*. പീഡാനുഭവത്തിന്റെ സമയം ആയിട്ടില്ലാത്തതി നാൽ അവരുടെ ഇടയിൽനിന്ന് നടന്നുപോയി. അവിടുന്ന് പോയ കാര്യം അവർ അറിഞ്ഞതേയില്ല. ''ഞങ്ങൾ രാത്രിമുഴ വൻ അധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല'' (5:5) എന്ന് ശെമഓൻ പറഞ്ഞു. *മാർ അപ്രേം* പറയുന്നു: മനസ്സിനെ ഇരുളാക്കിക്കളഞ്ഞ യൂദജനത്തിൽപ്പെട്ട, നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും ആരാധനയുടെ രഹസ്യമാണ് രാത്രി. എന്നാൽ തന്റെ പ്രബോധനമാകട്ടെ ഉന്നതത്തിൽനിന്ന് ജനത്തിന്റെ പക്കലേക്കു വന്നു. കടൽ ജനത്തെ സൂചിപ്പിക്കുന്നു.

www.malankaralibrary.com



## പുസ്തകം V

*രണ്ടു വള്ളങ്ങൾ* (5:7): പരിച്ഛേദനവും അപരിച്ഛേദനവും. വലത്തുവശം, ഒരു വള്ളത്തിൽനിന്നു് മറ്റൊന്നിലേക്കു്. *അവർ തങ്ങളുടെ കൂട്ടുകാരെ ആംഗ്യം കാണിച്ചു വിളിച്ചു*: എഴുപത്തിരണ്ടു് അറിയിപ്പുകാരുടെ രഹസ്യമാണിതു്; മീൻപിടിക്കാനും കൊയ്തെടുക്കാനും അവർ മതിയാകാതെവന്നു. *ലേവി എന്നൊരാൾ ചുങ്കസ്ഥലത്ത് ഇരിക്കുന്നത് അവിടുന്നു കണ്ടു. മത്തായി* ആയിരുന്നു അതു് (5:27). എന്നാൽ അവനെ ലേവി എന്നാണു് വിളിക്കുന്നതു്, കാരണം, അതായിരുന്നു അവൻെറ പേരു്. പിന്നീടു് അവൻ *മത്തായി* എന്നു വിളിക്കപ്പെട്ടു. തന്നെ വിളിച്ചവൻെറ കൃപയാൽ താൻ ഒന്നിൽ നിന്നു് മറ്റൊന്നിലേക്കു മാറി എന്നു് തൻെറ പുസ്തകം വായിക്കാൻ ഇടവരുന്നവർ ഗ്രഹിക്കാനായി *മത്തായി* തൻെറ ആ പേരുതന്നെ ഗ്രന്ഥത്തിൽ നൽകുന്നു. 'യേശു ചതിയനും ദൈവവിരോധിയുമാണു്' എന്ന യഹൂദസങ്കല്പം നീക്കപ്പെടുന്നതിനായി നമ്മുടെ കർത്താവു് പ്രാർത്ഥിച്ചു (6:12). കാരണം, ചതിയനും ദൈവവിരോധിയുമായ വ്യക്തി ഇപ്രകാരം ധൈര്യപൂർവ്വം പ്രാർത്ഥിക്കുകയില്ലല്ലോ. അതുപോലെ പ്രാർത്ഥന ഉപേക്ഷിക്കരുതെന്നു് നമ്മെ പഠിപ്പിക്കുകയും ചെയ്തു. ചിലർ പറയുന്നതുപോലെ മായാദർശനമല്ല, തൻെറ മനുഷ്യത്വത്തിൽ അവിടുന്നു് ദൈവത്തോടു് സംഭാഷണം നടത്തി. പ്രത്യേകിച്ചു്, രാത്രിയാമങ്ങളിൽ, വിജനപ്രദേശത്തോ, മലകളിലോ, അവിടുന്നു പ്രാർത്ഥിക്കാനായി പോയി. നാം എപ്രകാരം പ്രാർത്ഥിക്കണമെന്നും, എപ്രകാരം പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കണമെന്നും നമ്മെ അവിടുന്നു പഠിപ്പിക്കുന്നു. ശല്യംകൂടാതെ, ശാന്തമായി നാം പ്രാർത്ഥിക്കണം; അതേസമയം വ്യർത്ഥാഭിമാനത്തിൽ നിന്നു് അകന്നിരിക്കുകയും വേണം.

## പുസ്തകം VI

നമ്മുടെ കർത്താവിനു് അനേകം ശിഷ്യന്മാർ ഉണ്ടായിരുന്നു. എന്നാൽ സ്നേഹപൂർവ്വം അവിടുത്തെ പിൻചെന്നവർ എൺപത്തിരണ്ടായിരുന്നു. ആണ്ടിൻെറ പന്ത്രണ്ടുമാസങ്ങൾക്കനുസൃതമായോ, ഇസ്രായേലിൻെറ പന്ത്രണ്ടു് ഗോത്രങ്ങൾക്കനുസൃതമായോ, അവരിൽനിന്നു് അവിടുന്നു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു. മരുഭൂമിയിലെ എഴുപതു് മൂപ്പന്മാർക്കു തുല്യമായി എഴുപതുപേരേയും തെരഞ്ഞെടുത്തു (പുറ. 24:1); *എൽദാദും മേദാദും* പോലെ രണ്ടുപേരേയും. സുവിശേഷകൻ *മത്തായിയുടെ* പേരു് തോമസിനു മുൻപാണു വയ്ക്കുന്നതു്; എന്നാൽ മത്തായി

www.malankaralibrary.com



വച്ചുന്നതു്, എളിമകൊണ്ടു്, തോമസിനുശേഷമാണ്. *ബർത്തലോമിയോ* ആയിരിക്കാം *നഥാനിയേൽ*; യാക്കോബിന്റെ മകനായ യൂദായാണു് *ലംബൈ.* ചിലരുടേതൊഴിച്ചു്, എഴുപതുപേരുടെ നാമങ്ങൾ അജ്ഞാതമാണ്. യൂദാ പ്രമുഖനായിരുന്നെങ്കിലും സുവിശേഷകൻ അവനെ അവസാനം വയ്ക്കുന്നു; നമ്മുടെ കർത്താവിനോടുള്ള ധിക്കാരം നിമിത്തമാണിതു്. ശെമഓനും യാക്കോബും കഴിഞ്ഞാൽ അടുത്ത സ്ഥാനം അവനായിരുന്നു എന്നു് *ചിലർ* കരുതുന്നു.

*അമർത്തിക്കുലുക്കി നിറച്ചു് അളന്നു് അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും* (6:38): നമ്മുടേതായ വസ്തുക്കളിൽനിന്നു്. ശമ്പളത്തിന്റെ സമൃദ്ധിയും വലിയ പ്രതിഫലവും അറിയിക്കാൻ ശ്രമിക്കയാണിവിടെ. ഗോതമ്പോ, മറെറന്തെങ്കിലുമോ അളന്നുകൊടുക്കുന്നവർ, ധാരാളം കൊടുക്കാനാഗ്രഹിക്കുമ്പോൾ കുലുക്കിക്കൊള്ളിച്ചു് അതിൽ കൂടുതൽ നിറയ്ക്കാൻ സാധിക്കാത്ത രീതിയിൽ നല്കാറുണ്ടല്ലോ. ചിലപ്പോൾ കൈക്കൂട്ടിപ്പിടിച്ചു് ധാരാളം കൊടുക്കാറുണ്ടു്. മററുള്ളവരോടു് ഇവിടെ നാം കാണിക്കുന്ന കാരുണ്യം അനുസരിച്ചു്, വരുവാനിരിക്കുന്ന ലോകത്തിൽ നമുക്കു് മടക്കിക്കിട്ടും.

*കുരുടനു കുരുടനെ നയിക്കാൻ സാധിക്കുമോ?* (6:39): കൂടുതൽ തിരുത്തുന്നവരെപ്പററിയാണ് ഇവിടെ പറയുന്നതു്. അതായതു്, മററുള്ളവരുടെ തിരുത്തലിനുവേണ്ടി, അവരെ കുററപ്പെടുത്തുന്നവരായി പരിഗണിക്കപ്പെടാൻ. അതായതു്, സുകൃതതല്പരതയാൽ. നീ പാപത്തിൽനിന്നു് പൂർണമായി ശുദ്ധീകരിക്കപ്പെട്ടിട്ടാണെങ്കിൽ ഇവ അനുയോജ്യമാണു്, എന്നാൽ നീതന്നെ പാപിയായിരിക്കെ, ബുദ്ധിയില്ലാത്തവനെ നീ തിരുത്താൻ പോകരുതു്; കാരണം, നിങ്ങൾ ഇരുവരും ഒപ്പം കുഴിയിൽ വീഴും. നീ തിന്മ പ്രവർത്തിക്കുന്നവനാകയാൽ, നിന്റെ ഉപദേശം അവനു് പ്രയോജനകരമാകുന്നില്ല. കാരണം, നിന്റെ ധിക്കാരംകൊണ്ടു് നീയും അനുചിതമായതു പ്രവർത്തിച്ചവനാണ്.

*ഗുരുവിനേക്കാൾ ശിഷ്യൻ ശ്രേഷ്ഠനല്ല* (6:40): നിനക്കറിയാൻ പാടില്ലാത്തതു് നീ അന്യരെ പഠിപ്പിക്കുമ്പോൾ. ശിഷ്യൻ കർത്താവിനു് തുല്യനാകണം. നിനക്കുതന്നെ തിരുത്തൽ ആവശ്യമായിരിക്കെ, നീ വേറൊരാളെ കുററപ്പെടുത്തിയാൽ, അവൻ നിന്നേപ്പോലെ ആയിത്തീരാനുള്ള പ്രബോധനമായിരിക്കും നീ അവനു നൽകുക.

www.malankaralibrary.com



## പുസ്തകം VII

തൻെറ ഭവനത്തിൽ ഭക്ഷണം കഴിക്കാൻ നമ്മുടെ കർത്താവിനെ ക്ഷണിച്ച ഫരിസേയൻ ഉത്തമ മനസ്സാക്ഷിയോടെയല്ല, പിന്നെയോ നമ്മുടെ കർത്താവ് അവൻെറ ഭവനത്തിൽ പ്രവേശിക്കുന്നതിലുള്ള വ്യർത്ഥാഭിമാനത്താലാണ് പ്രവർത്തിച്ചത്. തന്നെ ക്ഷണിച്ചവൻെറ അന്തരംഗം അറിയാമായിരുന്നിട്ടും കർത്താവ് അവൻെറ ഭവനത്തിലേക്കു പോകാൻ സമ്മതിച്ചത് ആശ്ചര്യകരംതന്നെ. ന്യായവിധിയുടെ സമയത്ത് ശരിയായി പരിശോധനാവിധേയമാക്കാൻ ഓരോരുത്തരുടെയും മനസ്സാക്ഷിയെ അവിടുന്ന് അനുവദിക്കുന്നു. അവനെ ഒരു നല്ല മനുഷ്യനായി പരിഗണിക്കുന്നതാണ് ഉചിതം എന്ന് നമ്മുടെ കർത്താവ് കരുതി. 'ക്ഷണിച്ചവരുടെകൂടെ അവൻ പോയില്ല' എന്ന് അവിടുത്തെപ്പററി താഴ്ത്തിക്കെട്ടിപ്പറഞ്ഞ് വീമ്പടിക്കാൻ അവസരം നിഷേധിച്ചുകൊണ്ട് അവിടുന്ന്, തന്നെ ക്ഷണിച്ചവൻെറകൂടെ പോകാൻ സന്തോഷപൂർവ്വം സമ്മതിച്ചു.

*ആ പട്ടണത്തിൽ പാപിനിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു* (7:37); അതായത്, വ്യഭിചാരിണി. ശിമയോൻ കരുതിയതുപോലെ താൻ ഒന്നും അറിയാത്തവനല്ലെന്നും, പ്രവാചകനാണെന്നും എല്ലാം അറിയാമെന്നും കാണിക്കാൻ രണ്ടു കടക്കാരുടെ ഉപമ പറഞ്ഞു; അതുപോലെ പരീശൻെറ ചിന്തയും സ്ത്രീയുടെ ചെയ്തിയും തനിക്കറിയാമെന്നും കാണിക്കാൻ അവനോട് ഒരു ചോദ്യവും ചോദിച്ചു. "ഈ സ്ത്രീയെ എനിക്കു കൃത്യമായി അറിയാം; അവരം ചെയ്യുന്നത് എന്താണെന്നും അറിയാം. എന്നാൽ ഇവളെ അറിയാമെന്നു പറയുന്ന നീ, അവളുമായി ബന്ധപ്പെട്ടിട്ടില്ല എന്നും മാന്യനാണെന്നും എന്നോടു പറയുകയാണ്. അവളെ നന്നായി അറിയില്ലായിരുന്നെങ്കിൽ അവരം എനിക്കു ചെയ്തതിനെപ്രതി നീ അവളെ പ്രകീർത്തിക്കുമായിരുന്നു. നീ എൻെറ വിശ്രമമോ, ബഹുമാനമോ പരിഗണിക്കാതെ വ്യർത്ഥാഭിമാനത്താൽ പ്രേരിതനായി മാത്രമാണ് എന്നെ ക്ഷണിച്ചത്. എന്നെ വെറുതെ ക്ഷണിച്ചാൽ മാത്രം മതി എന്നു നീ കരുതി. ചൂടുകൊണ്ടും യാത്രകൊണ്ടും ക്ഷീണിച്ച എൻെറ പാദങ്ങൾക്കു നീ വെള്ളം തന്നില്ല, എൻെറ ശിരസ്സിനു തൈലം തന്നില്ല" എന്നു തുടങ്ങിയവയാണ് ഈ ഉപമവഴി അവിടുന്ന് അർത്ഥമാക്കിയത്. *ജോൺ ക്രിസോസ്തോം* പറയുന്നു: "കൂടുതൽ കൃപ ലഭിച്ചവർ കൂടുതൽ വിനീതരായിരിക്കണം. അവൻ സ്വയം ഉയർത്തിയാൽ, അവൻെറ കടം കൂടുകയേ ഉള്ളു. കൂടുതൽ ക്ഷമിക്കപ്പെട്ടയാരം, കൂടുതൽ സ്നേഹിക്കണം".

www.malankaralibrary.com



ആദ്യമായി ഇതു പരിഗണിക്കുക: *യോഹന്നാൻ അപ്പം ഭക്ഷിക്കാത്തവനായി വന്നു* (7:33). എന്തുകൊണ്ടാണ് യോഹന്നാൻ ഭക്ഷിക്കാതെയും പാനം ചെയ്യാതെയും ഇരുന്നതു്? എന്നാൽ നമ്മുടെ കർത്താവു് ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തു എന്നു ചോദിച്ചേക്കാം. യോഹന്നാൻ ഭക്ഷിക്കാത്തവനും പാനംചെയ്യാത്തവനുമായി വന്നതു് പരിത്യാഗകർമ്മങ്ങൾ എന്ന നിലയിൽ അതു് ആവശ്യമായതിനാലാണ്. എന്നാൽ നമ്മുടെ രക്ഷകനു് ഇവയൊന്നും ആവശ്യമായിരുന്നില്ല; അവിടുന്നു് സ്വഭാവത്താൽതന്നെ പരിശുദ്ധനും എല്ലാവരെയും വിശുദ്ധീകരിക്കുന്നവനും പാപരഹിതനുമായിരുന്നു. അവനും ഭക്ഷണത്തിൽനിന്നു് ഒഴിഞ്ഞിരുന്നെങ്കിൽ, വലിയ ഭയത്തിനു് അതു ഹേതുവാകുമായിരുന്നു. അശുദ്ധവും മലിനവും ആകയാലാണ് അവിടുന്നു മാംസം ഭക്ഷിക്കാത്തതു് എന്നോ, തന്റെ ജഡികാഗ്രഹങ്ങളെ അമർത്തുവാൻ അവനും പരിത്യാഗകർമ്മങ്ങൾ ആവശ്യമാണെന്നോ മനുഷ്യർ അവിടുത്തെപ്പററി ചിന്തിക്കാതിരിക്കാനാണിതു്.

## പുസ്തകം VIII

പിശാചു ബാധിതനെയും അവനെ സൗഖ്യമാക്കിയ സംഗതിയെയും പററി വിവരിച്ചിട്ടു്, *'ആ മനുഷ്യൻ തന്റെ കൂടെ ആയിരിക്കാൻ അനുവാദം ചോദിച്ചു'* (8:38) എന്നു പറഞ്ഞിരിക്കുന്നു. കർത്താവു് അതിനു് അനുവദിച്ചില്ല *തന്റെ വീട്ടിലേക്കു തിരിച്ചുപോയി ദൈവം തനിക്കു ചെയ്തതെന്തെന്നു് എല്ലാവരെയും അറിയിക്കാൻ* അവനോടു കല്പിച്ചു. അവനെ എന്തുകൊണ്ടാണ് കർത്താവു് സ്വീകരിക്കാതിരുന്നതു്? ഒന്നാമതു്, അവൻ അതിനു കൊള്ളുകയില്ല എന്നു് അവിടുന്നു് അറിഞ്ഞിരുന്നതിനാൽ. രണ്ടു്, അവൻ പുറജാതിക്കാരിൽനിന്നുള്ളവനായിരുന്നു. നമ്മുടെ കർത്താവു് ദൈവത്തിനും നിയമത്തിനും എതിരാണെന്നു് യൂദർ കരുതാതിരിക്കാൻ. *'ദൈവം തനിക്കു ചെയ്തതു് പോയി പ്രഘോഷിക്കാൻ'* അവിടുന്നു് അവനോടു് കല്പിച്ചു. 'അവിടുന്നു് സ്വയം ദൈവം എന്നു വിളിച്ചല്ലോ' എന്നു് ആരെങ്കിലും പറഞ്ഞാൽ 'അതിൽ തെററില്ല' എന്നാണ് അതിനുള്ള ഉത്തരം.

പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്ന സ്ത്രീയുടെ കാര്യം അവൻ തുടർന്നു വിവരിക്കുന്നു (8:43–48). ഇവളെപ്പററി എവുസേബിയസ് തന്റെ സഭാചരിത്രത്തിൽ (7:18) വിവരിക്കുന്നുണ്ടു്. അവൾ ഒരു പുറജാതിക്കാരിയും പാനെയാസ് നഗരവാസിയുമായിരുന്നു. മാബുഗ്കാരിയായിരുന്നെന്നു് വേറെ

www.malankaralibrary.com



ചിലർ. സൗഖ്യം പ്രാപിച്ച് തിരിച്ചെത്തിയശേഷം തന്റെ ഭവനത്തിന്റെ മുമ്പിൽ ഒരു വലിയ കല്ലിന്മേൽ പിത്തളകൊണ്ടുള്ള ഒരു സ്ത്രീരൂപം ഉണ്ടാക്കി. യാചനാരൂപത്തിൽ കൈകരം നീട്ടി മുട്ടുകുത്തി നിൽക്കുന്നതും തന്നോട് രൂപസാമ്യമുള്ളതുമായിരുന്നു അത്. അതിന്റെ എതിർവശത്തായി ക്രിസ്തുവിനോട് സാദൃശ്യമുള്ള ഒരു പുരുഷരൂപവും നീണ്ട വസ്ത്രംധരിച്ച് തന്റെ കരം സ്ത്രീയുടെ നേർക്ക നീട്ടിനിൽക്കുന്ന നിലയിൽ പിത്തളയിൽ അവളുണ്ടാക്കി സ്ഥാപിച്ചു. അവന്റെ പാദത്തിന്റെ അടുത്തായി, വസ്ത്രത്തിനു മുകളിലായി മനോഹരവും സുഗന്ധപൂരിതവുമായ ഒരു ചെടി പൊട്ടിമുളച്ചു വന്നു. അതു കാഴ്ചയിൽ മററ് ചെടികളിൽനിന്നു വ്യത്യസ്തമായിരുന്നു. അത് അവന്റെ വസ്ത്രത്തിന്റെ വിളമ്പുവരെ വളർന്നു. എല്ലാത്തരം വേദനകൾക്കും രോഗങ്ങൾക്കും അത് സിദ്ധൗഷധമായിത്തീർന്നു. ഇപ്പോഴും ആ രൂപം അവിടെ നില്പുണ്ട്. ''നാം ആ നഗരത്തിൽ പോയപ്പോൾ നമ്മുടെ കണ്ണുകൊണ്ട് അതുകണ്ടതാണ്''' നമ്മുടെ കർത്താവിന്റെ കാലംമുതൽ അന്നുവരെ ഏതാണ്ട് 300 വർഷത്തോളമായി. അതിനുശേഷം യൂദന്മാർ അസൂയപൂണ്ട് ആ ചെടി വെട്ടിമുറിച്ച് അതുമൂലം ഉണ്ടായ സൗഖ്യവും അത്ഭുതങ്ങളും തടഞ്ഞുകളഞ്ഞു.

## പുസ്തകം IX

ആയിരങ്ങൾ അപ്പം ഭക്ഷിച്ചു തൃപ്തരായശേഷം *'ബാക്കി വന്ന കഷണങ്ങൾ ശേഖരിക്കാൻ* അവിടുന്നു കല്പിച്ചു (9:17). അവൻ എന്തോ ജാലവിദ്യ കാട്ടി എന്നു കരുതപ്പെടാതിരിക്കാനാണിതു്. ബാക്കി വന്നവ ഒന്നോ രണ്ടോ ദിവസം സൂക്ഷിച്ച് വച്ചപ്പോൾ, അവിടുന്ന് സത്യമായി ചെയ്തതാണെന്ന് അവർക്കുറപ്പു ലഭിക്കും. ഇതേപ്പററി ശേഷിച്ച കാര്യങ്ങൾ *മത്തായി ഭാഷ്യത്തിൽ* കാണുക.

താബോർ മലയിൽവച്ചുണ്ടായ രൂപാന്തരീകരണത്തെപ്പററി *മത്തായിഭാഷ്യത്തിൽ* വ്യാഖ്യാനിച്ചിട്ടുള്ളതാണല്ലോ. എന്നാൽ, *മൂന്ന് വീടുകൾ* എന്നല്ല *മൂന്നു കൂടാരങ്ങൾ* എന്നു പത്രോസ് പറഞ്ഞതു് എന്തുകൊണ്ടാണ്? ''ഈ ഭൂമിയിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കേണ്ട''; ''വീടുകളെയോ സഹോദരന്മാരെയോ .. ഉപേക്ഷിക്കാത്ത ഒരുത്തനും ...''; ''കുറുനരികൾക്കു മാളങ്ങളുണ്ട്....'' എന്ന് നമ്മുടെ കർത്താവ് ഉപദേശിച്ചതു് അവൻ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്തതിനാലാണ് (മത്താ. 6:19;19:29; 8:20;ലൂക്കാ. 9:58). ഭവനങ്ങളെയും നശ്വര സമ്പാദ്യങ്ങളെയും സംബന്ധിച്ച് പത്രോസ്

www.malankaralibrary.com



ഉൽക്കണ്ഠാകുലനായിരുന്നു. *കൂടാരങ്ങൾ* എന്നു് അവൻ പറഞ്ഞു. അതുപയോഗിക്കാൻ എളുപ്പമായിരുന്നു. ഉപയോഗം കഴിഞ്ഞു് നീക്കാനും സുസാധ്യമായിരുന്നു. "താൻ എന്താണു പറയുന്നതെന്നു് അവനുതന്നെ നിശ്ചയമില്ലായിരുന്നു" എന്നു് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു. അതായതു്, നമ്മുടെ കർത്താവു ഉടനെതന്നെ പീഡയനുഭവിക്കുകയും ക്രൂശിക്കപ്പെടുകയും ചെയ്യും എന്നതു് അവൻ അറിഞ്ഞിരുന്നില്ല. *അതേപ്പററിയാണു് മോശയും ഏലിയായും അവിടുത്തോടു് സംസാരിച്ചതു്* (9:31). വീണ്ടും, അവിടുന്നു് മോശയോടും ഏലിയായോടും കൂടി ചിന്തിക്കുകയും ചർച്ചചെയ്യുകയും ചെയ്തതു് എന്താണെന്നു് *അവനറിയില്ലായിരുന്നു.* വീണ്ടും *കൂടാരങ്ങൾ* ഇവിടെയില്ല എന്നതും *അവൻ അറിഞ്ഞിരുന്നില്ല.* പ്രകാശ ലോകത്താണവ. ശെമഓൻ നിർദ്ദേശിച്ചവ ഭൗമികമായിരുന്നു. 'അവർ നിങ്ങളെ തങ്ങളുടെ നിത്യ*കൂടാരങ്ങളിൽ* പാർപ്പിക്കും എന്നു് രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കാ16:9). അതുകൊണ്ടു്, *അവനിതുച്ചരിക്കുമ്പോൾ തന്നെ, പ്രകാശമുള്ള ഒരു മേഘം അവരെ ആവരണം ചെയ്തു.* അന്ത്യനാളിൽ നമ്മുടെ രക്ഷകൻ വെളിപ്പെടാനിരിക്കുന്ന മേഘത്തിൻെറ സാദൃശ്യമാണതു്. പൗലോസ് പറയുന്നതനുസരിച്ചു് നാമും അതിലേക്കു് സംവഹിക്കപ്പെടും (1 തെസ്സ. 4:17). നമ്മുടെ കർത്താവിൻെറ മേഘം നീതിമാന്മാരുടേതിൽനിന്നു് വ്യത്യസ്തമായിരിക്കും. എന്നാൽ ഒന്നിച്ചും ഒന്നിനും കുറവില്ലാതെയും രാജ്യത്തിൻെറ സന്തതികൾ ഈ മേഘങ്ങളിൽ ഒന്നിലോ, അഭയസ്ഥാനത്തോ ആയിരിക്കും. "മോശയെ എഴുന്നേല്പിച്ചശേഷം പിന്നെയും കൊന്നുകളയുന്നതു് ദൈവത്തിനു് ചേരുന്നതല്ല" എന്നു ചിലർ പറയുന്നു. അതുപോലെ, "പഴയനിയമത്തിലോ, പുതിയനിയമത്തിലോ, നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തിലോ ഉത്ഥാനം ചെയ്തവർ വീണ്ടും മരിക്കുക എന്നതു് നിന്ദ്യമാണ്" എന്നു് *ചിലർ* പറയുന്നു.– എന്നാൽ ഉത്ഥാനത്തിൻെറയും രാജ്യത്തിൻെറയും പ്രതീകമാണു് ആ വെളിപാടെങ്കിൽ, ഏലിയായും മോശയും അവിടെയുള്ള മററു് സാധനങ്ങളുമെല്ലാം വെളിപാടു ശൈലിയിൽ പ്രയോഗിച്ചിരിക്കുന്നതാണ് എന്നു് അറിഞ്ഞിരിക്കട്ടെ.

## പുസ്തകം X

*"തൻെറ ആരോഹണത്തിൻെറ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവെ, അവൻ ജറുസലേമിലേക്ക് പോകാനുറച്ചു* (9:51): തൻെറ സ്വർഗത്തിലേക്കുള്ള കരേററത്തെ *ആരോഹണം* എന്നു് അവൻ വിളിക്കുന്നു; എന്തുകൊണ്ടെന്നാൽ

www.malankaralibrary.com



ഈ ഭൂമിയിൽനിന്നു് സ്വർഗ്ഗത്തിലേക്കുള്ള തന്റെ പുറപ്പാടിന്റെ സമയം അടുത്തു എന്നു് അവൻ പറയുന്നു. അവൻ *ജറുസലേമിലേക്ക് പോകാൻ* ആഗ്രഹിച്ചു. *താൻ അയച്ച ദൂതൻമാർ* എന്നു് ശിഷ്യരെ അവൻ വിളിക്കുന്നു. "അവർ സമറിയാക്കാരുടെ ഒരു പട്ടണത്തിൽ പ്രവേശിച്ചു. അവൻ ജറുസലേമിലേക്കു് പോവുകയായിരുന്നതിനാൽ അവർ അവനെ സ്വീകരിച്ചില്ല" (9: 52-53). ഇക്കാരണത്താലാണ് അവർ അവനെ സ്വീകരിക്കാത്തതെന്നു് അവൻ പറയുന്നില്ല; കാരണം, അവിടുന്നു് ജറുസലേമിലേക്കു് പോകാൻ ഒരുങ്ങുകയായിരുന്നു. അവർ സ്വീകരിച്ചില്ല എന്നതു് അവരുടെ സ്വന്തതീരുമാനമാണ്. *അവിടുന്നു് ജറുസലേമിലേക്കു് പോകണം* എന്ന ദിവ്യനിശ്ചയം ഉണ്ടായിരുന്നില്ലെങ്കിൽ അവർ തന്നെ സ്വീകരിക്കുന്നതിനു് പ്രേരണ നല്കാൻ അവിടുന്നു് എല്ലാ രീതിയിലും കഴിവുററവനായിരുന്നു. "യാക്കോബും യോഹന്നാനും ഇതു കണ്ടപ്പോൾ 'ഞങ്ങൾ സ്വർഗത്തിൽനിന്നു് അഗ്നി ഇറക്കട്ടെയോ' എന്നു് കർത്താവിനോടു് ചോദിച്ചു". അയയ്ക്കപ്പെട്ടവർ ഇവർ ഇരുവരും ആയിരുന്നു എന്നതു് വ്യക്തമാണല്ലോ. കർത്താവ് അവർക്കുത്തരം നൽകിയില്ലെന്നു മാത്രമല്ല, അവരെ കുററപ്പെടുത്തുകകൂടി ചെയ്തു. "നിങ്ങൾ എന്തരൂപി സ്വീകരിച്ചവരാണ് എന്നും നിങ്ങൾ ആരുടെ ശുശ്രൂഷകരും ദാസരുമാണ് എന്നും നിങ്ങൾ അറിയുന്നില്ല". അവിടുന്നു് കരുണയുടെ നിറകുടമാണ്; സകല മനുഷ്യരുടെമേലും അവിടുന്നു് തന്റെ കൃപ വർഷിക്കാൻ പോകുകയാണ്. അവനോടുള്ള കൂട്ടായ്മവഴി, വേദനകളിൽനിന്നുള്ള മോചനത്തോടും അനശ്വരതയോടുംകൂടെ അവന്റെ പൂർണത അവർക്കു ലഭിക്കും. ഈ അരൂപിവഴി നിങ്ങൾക്കും മാററംവരും എന്നു നിങ്ങളും പ്രതീക്ഷിക്കുന്നുണ്ടല്ലോ. ഇത്തരം കാര്യങ്ങളുടെ ശുശ്രൂഷകർക്കുചിതമാംവിധം നിങ്ങളും ഇവയൊക്കെ പരിഗണിക്കണം.

*പിന്നീട് ഒരുവൻവന്നു് കർത്താവേ, ഞാൻ നിന്നെ അനുഗമിക്കും എന്നുപറഞ്ഞു* (9:57): ഈ മനുഷ്യൻ നേരത്തെ നമ്മുടെ കർത്താവിന്റെ മനുഷ്യത്വവുമായി ബന്ധിതനായിരുന്നു. ശരിയായിട്ടുള്ളതു് തിരികെക്കൊടുക്കാൻ അവൻ ആഗ്രഹിച്ചിരുന്നു. എന്നാൽ സ്വർഗ്ഗരാജ്യത്തെ അന്വേഷിക്കുന്നവന്റെ മനസ്ഥിതിയല്ല അവനുള്ളതെന്നു് കണ്ട നമ്മുടെ കർത്താവ്, നല്ലൊരുദാഹരണത്തിലൂടെ ശരിയായി അവനെ തടഞ്ഞു: "കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും...." (9:62). നിലം ഉഴാൻ കലപ്പയിൽ പിടിച്ചിട്ട് പിറകോട്ടു് തിരിഞ്ഞുനോക്കിയാൽ, ശരിയായി ഉഴാൻ സാധിക്കുകയില്ല. അതുപോലെ സ്വർഗത്തിലേക്കു പോകാൻ സാധിക്കു

www.malankaralibrary.com



മെന്നും അവിടെ ലഭിക്കാനിരിക്കുന്ന നല്ല കാര്യങ്ങൾ ലഭിക്കു മെന്നും പ്രതീക്ഷിച്ചുകൊണ്ട് എന്റെ ശിഷ്യനാകുന്നവൻ, ഭൗമി കമായവയിലേക്ക് തിരിയുകയോ, ദൃഷ്ടി ഉറപ്പിക്കുകയോ ചെയ്യാതെ, അതിന് പ്രയോജനകരമായ കാര്യങ്ങൾ അന്വേ ഷിക്കുകയും ചെയ്യുകയും വേണം.

*ആരെയും അഭിവാദനം ചെയ്യരുത്* (10: 4): 'സമാ ധാനം' എന്നാശംസിക്കരുതെന്നല്ല അവിടുന്ന് പറയുന്നത്. അവിടുന്ന് സമാധാനനാഥനാണല്ലോ. തങ്ങളുടെ പ്രഘോഷണ ജോലിയിൽ അവർ കരുതലുള്ളവരും ശ്രദ്ധാലുക്കളുമായിരിക്ക ണമെന്നാണ് അവിടുന്ന് അർത്ഥമാക്കുന്നത്. ഇതു് ഗേഹാസി യോട് ഏലീശാ പറഞ്ഞതുപോലെയാണ് (2 രാജാ. 4:29). നീ ആരെയെങ്കിലും കണ്ടുമുട്ടിയാൽ അവനെ അഭിവാദനം ചെ യ്യരുതു"; നിന്നെ ആരെങ്കിലും അഭിവാദനം ചെയ്താൽ മറുപടി പറയരുതു്. അവിടെ അവൻ അഭിവാദനവും അനുഗ്രഹവും തട യുകയല്ല, പിന്നെയോ, മാനുഷിക കാര്യങ്ങളിലും വഴിയിലെ സംസാരത്തിലും ശ്രദ്ധിച്ച് താമസം വരുത്തരുതു് എന്നാണർത്ഥം. അതുപോലെ, തന്റെ ശിഷ്യരും അലസരായിരിക്കരുതെ ന്നാണ് നമ്മുടെ കർത്താവും ഉപദേശിക്കുന്നതു്. അവരെ ആശം സിക്കുമ്പോഴും വീട്ടിൽ കയറിച്ചെല്ലുമ്പോഴും ആ ഭവനം യോഗ്യ മല്ലെങ്കിൽ നിങ്ങളുടെ സമാധാനം നിങ്ങളിലേക്കു മടങ്ങും എന്ന് അവിടുന്നു പറയുന്നതു് എന്തുകൊണ്ടാണ്? ദൈവിക മായ ലക്ഷ്യം കൂടാതെ മാനുഷിക ബഹുമാനം പരിഗണിച്ച് അവരെ സ്വീകരിച്ച് ബഹുമാനിക്കുന്നവരെപ്പററിയാണ് അവി ടുന്ന് ഇവിടെ പരാമർശിക്കുന്നതു് എന്നു നാം പറയുന്നു. അവർ അത്യാഗ്രഹികളും തൃഷ്ണയുള്ളവരും സ്ഥിരതയില്ലാത്തവരും ആണ് എന്ന് കരുതപ്പെടാതിരിക്കാൻ *വീടുതോറും ചുററിനടക്കരുത്* എന്ന് അവിടുന്നു കല്പിച്ചു. ശിഷ്യന്മാർ നമ്മുടെ കർത്താവിനോടൊപ്പമായിരുന്നപ്പോൾ അവർക്കു ദാനം നല്കാതിരുന്നതിനാലാണ് പിശാചിനെ പുറംതള്ളാൻ അവർക്കു കഴിയാതെ വന്നതു്. കർത്താവ് സമീപസ്ഥനായിരിക്കുമ്പോൾ അവർ അടയാളങ്ങൾ പ്രവർത്തിക്കുക അനുചിതമാണ് എന്നാൽ പിന്നീടവരെ ഈരണ്ടീരണ്ടായി അയച്ചപ്പോൾ അവർ ശക്തി പൂർവ്വം പ്രവർത്തിച്ചു.

## പുസ്തകം XI

*നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾ ക്കു കീഴ്പ്പെടുന്നു* എന്നതു തനിയെ നില്ക്കുന്നതല്ല; തിരു ലിഖിതരീതിയും മാനുഷിക രീതികളുമനുസരിച്ച് അതു് മറെറാ

www.malankaralibrary.com



ന്നിനോട്ട് ബന്ധിതമാണ്. ''ഉയരത്തിനോ, ആഴത്തിനോ, മറെറന്തെങ്കിലും ശക്തിക്കോ.... സാധ്യമല്ല'' എന്നു പറയപ്പെട്ടിട്ടുണ്ടല്ലോ (റോമ. 8:39). 'എനിക്കു നിന്നെ പേടിയില്ലെന്നു മാത്രമല്ല, രാജാവിനെപ്പോലും പേടിയില്ല' എന്ന് പറയുന്നതു പോലെയാണിത്. അതുകൊണ്ട്, ആ വാക്ക് അപര്യാപ്തമാണ്. *പോലും* എന്നതിനുമുമ്പ് നാം ചിലതു കൂട്ടിച്ചേർക്കേണ്ടതുണ്ട്. അതായത്, നിന്റെ നാമത്തിൽ ഞങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു എന്നു മാത്രമല്ല, *നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾക്കു കീഴ്പ്പെടുന്നു.* എന്നാൽ 'ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല' എന്നു നമ്മുടെ കർത്താവ് തന്റെ ശിഷ്യരോടു പറഞ്ഞതു് ഇതിനെതിരല്ല. കാരണം, അതുവരെ അവർ തന്റെ നാമം ഉപയോഗിച്ചതു് ദൈവം എന്ന നിലയിലല്ല, പിന്നെയോ, നീതിമാന്മാരിലൊരുവനോ, പ്രവാചകരിൽ ഒരുവനോ എന്ന നിലയിലാണ്; അഥവാ, 'അബ്രഹാമിന്റെ ദൈവവും, ഇസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും' എന്നപോലെയും (പുറ. 3:6), 'എന്റെ നാഥനായ ഏലിയായുടെ ദൈവമായ കർത്താവ്'' എന്നപോലെയും ആണ്. അതുപോലെ, ദൈവത്തിൽനിന്നു വ്യത്യസ്തനായ ഒരാൾ എന്ന നിലയിലാണ് പീഡാനുഭവംവരെ ശിഷ്യർ മിശിഹായുടെ നാമം ഉപയോഗിച്ചിരുന്നതു്. അതുവഴി അവർ ദൈവത്തിൽ നിന്നുള്ള സഹായം പ്രാപിച്ചിരുന്നു. 'നിങ്ങൾ ഇതുവരെ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല' എന്നതിന്റെ അർത്ഥം ദൈവമെന്ന നിലയിൽ, നിങ്ങൾ ചോദിക്കുന്നതെല്ലാം തരാൻ കഴിവുള്ളവൻ എന്ന നിലയിൽ, നിങ്ങൾ എന്നോട് അപേക്ഷിച്ചിട്ടില്ല എന്നാണർത്ഥം.

*''സാത്താൻ സ്വർഗത്തിൽനിന്ന് ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു; ഇതാ, പാമ്പുകളുടെയും തേളുകളുടെയും... മീതേ ചവിട്ടി നടക്കാൻ നിങ്ങൾക്ക് ഞാൻ അധികാരം തന്നിരിക്കുന്നു* (10:18–19) നിങ്ങൾ പിശാചുക്കൾക്ക് ഭയചകിതരാകാനാണ് നിങ്ങൾക്കു അധികാരം ലഭിച്ചിരിക്കുന്നതു് എന്ന് നിങ്ങൾ അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സൃഷ്ടിക്കപ്പെട്ടപ്പോൾ പ്രകാശധാരിയായിരുന്ന സാത്താൻ ദുഷ്ടതയിലേക്കു ചാഞ്ഞപ്പോൾ പ്രകാശത്തിനു പകരം അന്ധകാരം ആയിത്തീരുകയും സ്വർഗത്തിൽനിന്നു നിപതിക്കുകയും ചെയ്തു. ഇടിമിന്നൽ ഉണ്ടാകുമ്പോൾ അതിന്റെ പ്രകാശം ഭയചകിതമാണ്; എന്നാൽ അതു കഴിയുമ്പോൾ പ്രകാശത്തിന്റെ യാതൊന്നും അതു് അവശേഷിപ്പിക്കുന്നില്ല. അതുപോലെ, സാത്താനും ദുഷ്ടതയിലേക്കു ചാഞ്ഞപ്പോൾ,

www.malankaralibrary.com



അവന്റെ മഹനീയ ഗുണങ്ങളെല്ലാം അവനു നഷ്ടപ്പെട്ടു. സുകൃതത്തിൽ തല്പരരായ മനുഷ്യരെ തന്റെ വീഴ്ചയ്ക്കുശേഷം അവനു ഭയമാണ്. സുകൃതത്തിൽ തല്പരരായ മനുഷ്യർ എന്ന നിലയിൽ നിങ്ങൾക്ക് ശത്രുവിന്റെ എല്ലാ ശക്തിയെയും കീഴ്പ്പെടുത്താനുള്ള അധികാരം ഞാൻ നൽകിയിരിക്കുന്നു. പിശാചുക്കളുടെ ദുഷ്ടതയുടെ കാഠിന്യം നിമിത്തമാണ് അവരെ *സർപ്പങ്ങൾ* എന്നും *തേളുകൾ* എന്നും അവിടുന്നു വിളിക്കുന്നത്. കാരണം, അവർ ദുഷിപ്പിക്കുന്നവരും ദുഷിച്ചവരുമാണ്. *ഇടിമിന്നൽ പോലെ വീണു* എന്നത്: ഇടിമിന്നലിന്റെ ദർശനം വളരെ ചുരുങ്ങിയ സമയത്തേക്കു മാത്രമാണ്; അതുപോലെ സാത്താനും തന്റെ ശക്തി കാട്ടുമെങ്കിലും വേഗത്തിൽതന്നെ നീക്കപ്പെടും എന്നു സൂചിപ്പിക്കുന്നു. വീണ്ടും, നിങ്ങൾ നേരത്തെയുള്ള ശാപത്തെ ചവിട്ടിമെതിക്കും. ആദിമാതാപിതാക്കൾക്ക് തെറ്റ് ഓതിക്കൊടുത്ത് അവരെ ദംശിച്ച സർപ്പത്തെക്കുറിച്ചുള്ള പരാമർശമാകാം. പിശാചുക്കൾക്കുള്ള ശക്തിയെയും സൂചിപ്പിക്കുന്നു. എന്നാൽ അവ ഉദരംകൊണ്ട് ഗമിക്കണം; തല തകർക്കപ്പെടുമെന്ന് ദൈവം നിശ്ചയിക്കയും ചെയ്തിരിക്കുന്നു. അവയുടെ തലയിൽ ചവിട്ടിയാൽ ശിഷ്യർക്ക് യാതൊരുപദ്രവവും വരില്ല.

*എന്നാൽ, പിശാചുക്കൾ നിങ്ങൾക്കു കീഴ്പ്പെടുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട* (10:20). സാത്താനു സംഭവിച്ചതുപോലെ നിങ്ങൾക്കും സംഭവിക്കാതിരിക്കാനായി, നിങ്ങൾ വീമ്പടിക്കേണ്ടതില്ല. തന്റെ സഹസൃഷ്ടികളേക്കാളും തന്റെ സ്രഷ്ടാവിനേക്കാളും ഉയർന്നവനാണ് താൻ എന്ന അഹങ്കാരചിന്തയാൽ സാത്താൻ സ്വർഗ്ഗത്തിൽനിന്ന് താഴേക്ക് തള്ളിയിടപ്പെട്ടു. ആത്മീയരും ശരീരികളും ആയ എല്ലാ സൃഷ്ടികളും നിങ്ങൾക്ക് വിധേയമായിരിക്കുന്നത് പ്രകൃത്യാ യല്ല, നിങ്ങളുടെ കഴിവുകൊണ്ടുമല്ല, എന്റെ ശക്തികൊണ്ടാണ്. *എന്നാൽ നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് സന്തോഷിക്കുവിൻ* (10:20). നിങ്ങളുടെ ശ്രേഷ്ഠകാന്തിയുള്ള മനസ്സിന്റെയും സുകൃതകർമ്മങ്ങളുടെയും ഫലമാണിത്. *മാർ അപ്രേം: സാത്താൻ നിപതിക്കുന്നതു ഞാൻ കണ്ടു:* അവൻ സ്വർഗ്ഗത്തിൽനിന്നു നിപതിച്ചു എന്ന അർത്ഥത്തിലല്ലിത്. കാരണം, ഇടിമിന്നൽപോലും സ്വർഗ്ഗത്തിൽനിന്ന് നിപതിക്കുന്നില്ല; മേഘത്തിൽനിന്ന് അത് പുറപ്പെടുന്നു; അതായത്, സ്വർഗ്ഗത്തിൽ നിന്ന് എന്നവണ്ണം; ഇടിമിന്നൽപോലെ പെട്ടെന്ന്. ഞൊടിയിടയിൽ സാത്താൻ കുരിശിന്റെ വിജയത്തിന്റെ കീഴിലമർന്നു. ഇടിമിന്നലുണ്ടായി മറഞ്ഞുപോകുന്നതുപോലെ, സാത്താൻ വീണ് അവന്റെ ശക്തി അസ്തമിക്കുന്നു.

www.malankaralibrary.com



*നല്ലവനായ ഗുരോ* എന്നു നമ്മുടെ കർത്താവിനെ വിളിച്ച നിയമജ്ഞൻെറ സംഭവം (10:25-37). കർത്താവ് കല്പനകൾ ആവർത്തിച്ചു എന്ന് മത്തായി പറയുന്നു (19:18-19). എന്നാൽ നിയമജ്ഞൻ അവ ആവർത്തിച്ചു എന്നു ലൂക്കോസ് പറയുന്നു. കർത്താവ് നിയമജ്ഞനോട് ആവർത്തിച്ചു പറഞ്ഞാലോ, നിയമജ്ഞൻ കർത്താവിനോട് ആവർത്തിച്ചു പറഞ്ഞാലോ കാര്യത്തിൽ വലിയ വ്യത്യാസം ഇല്ല. ആ നിയമജ്ഞൻെറ മനസ്സിൽ രണ്ടു കാര്യങ്ങൾ കൊണ്ടുവരുവാൻ നമ്മുടെ കർത്താവ് ആഗ്രഹിച്ചു: അവൻ നല്ല മനസ്സാക്ഷിയോടുകൂടിയല്ല കർത്താവിനെ സമീപിച്ചത്. മത്തായി ഭാഷ്യത്തിൽ നാമിതു വിശദീകരിച്ചിട്ടുള്ളതാണ്. അവൻ സ്വയം നീതീകരിച്ചുകൊണ്ട് *ആരാണ് എൻെറ അയൽക്കാരൻ?* എന്നു കർത്താവിനോടു ചോദിച്ചു എന്നും ലൂക്കോസ് കൂട്ടിച്ചേർക്കുന്നു. അവനൊരു പൊങ്ങച്ചക്കാരനായിരുന്നു. മററനേകരേക്കാൾ സുകൃതമുള്ളവനായി കരുതപ്പെടുവാൻ ആഗ്രഹിച്ചിരുന്നു. അവനിതു ചോദിച്ചപ്പോൾ, 'നിൻെറ അയൽക്കാരൻ നിൻെറ സ്നേഹിതനാണ്', അഥവാ, പരിചയക്കാരനാണ്', അഥവാ സഹപ്രവർത്തകനാണ്'' എന്നോ മറേറാ നമ്മുടെ കർത്താവ് പറയുമെന്നും, 'അവരെ ഒക്കെ ഞാൻ സ്നേഹിക്കുന്നുണ്ടല്ലോ' എന്ന് തനിക്കു പറയാൻ കഴിയുമെന്നും, കല്പന അനുസരിച്ചതിനാൽ കർത്താവിൽനിന്ന് സാക്ഷ്യം ലഭിക്കുന്നതിനാൽ ഒരു സ്തുതി കിട്ടുമെന്നും അയാൾ പ്രതീക്ഷിച്ചു. എന്നാൽ നമ്മുടെ കർത്താവ് സ്പഷ്ടമായി അവനുത്തരം നൽകാതെ ഒരു ഉപമ പറഞ്ഞു.

*ഒരു മനുഷ്യൻ ജറുസലേമിൽനിന്ന് ജറീക്കോയിലേക്കു പുറപ്പെട്ടു. ജറുസലേമിൽനിന്നു ജറീക്കോയിലേക്ക്:* കാരണം ആ വഴിയിൽ ധാരാളം കള്ളന്മാർ ഉണ്ടായിരുന്നു. അവനോടു കരുണ കാണിക്കാത്ത പുരോഹിതനെയും ലേവ്യനെയും അവതരിപ്പിക്കുന്നു. അപരിചിതനായ സമറിയാക്കാരനാകട്ടെ അവനെ കണ്ടപ്പോൾ കരുണതോന്നി. ഈ ഉപമവഴി അവൻ ആ നിയമജ്ഞനെ ലജ്ജിപ്പിച്ചു. ശാരീരികമായി അടുപ്പമുള്ളവരോട് കരുണചെയ്തുകഴിഞ്ഞാൽ അയൽക്കാരനോടുള്ള കടപ്പാടു തീർന്നു എന്ന് അവൻ ധരിച്ചിരുന്നു. ആവശ്യക്കാരോടുള്ള കാരുണ്യവും ഒരുവനുള്ള ശ്രേഷ്ഠകാര്യങ്ങൾ മററുള്ളവർക്കു പറഞ്ഞുകൊടുക്കുന്ന കാരുണ്യവും എത്ര കൂടുതലായി കരുണാപൂർണ്ണമാണെന്ന് നമ്മുടെ കർത്താവ് സ്പഷ്ടമായി പഠിപ്പിച്ചു. അവനെ ഒരപരിചിതനായി കരുതാതെ ബന്ധുവാക്കിത്തീർക്കുന്നു. *'വീഞ്ഞ്'* സ്നേഹത്തെയും *എണ്ണ* കാരുണ്യത്തെയും സൂചിപ്പിക്കുന്നു. എന്നാൽ *ആ മനുഷ്യൻ* ആദാമാണ്; *കള്ളന്മാർ* പിശാചുക്കളാണ്; *ജറുസലേം*, പറു

www.malankaralibrary.com



ദീസയാണ്; ജറീക്കോ, *ശപിക്കപ്പെട്ട* ദേശമാണ്; *മുറിവുകൾ*, വേദനകളും ദുരിതങ്ങളുമാണ്; *പുരോഹിതൻ*, മൽക്കീസദെക്കാണ്; *ലേവ്യൻ*, മോശയാണ്" എന്ന് *വ്യംഗ്യാർത്ഥഭാഷ്യകാരന്മാർ* പറയുന്നു. പ്രകൃതിയോ നിയമമോ പാപത്തിൽനിന്ന് ആദാമ്യസ്വഭാവത്തെ സുഖപ്പെടുത്താൻ പര്യാപ്തമായില്ല. നമ്മുടെ കർത്താവിനെ ധിക്കാരികൾ സമറിയാക്കാരൻ എന്നു വിളിച്ചു. 'സമറിയാക്കാരൻ നമ്മുടെ രോഗഗ്രസ്തമായ പ്രകൃതിയെ തന്റെ സ്നേഹവും കാരുണ്യവും കൊണ്ട് *വച്ചുകെട്ടി*; *സത്രം* സഭയാണ്; സഭയിലെ വൈദികരും അധികാരികളുമാണ് *സത്രം സൂക്ഷിപ്പുകാരൻ*, *രണ്ടു ദീനാറാ*, പഴയനിയമവും പുതിയനിയമവുമാണ്.

*ഞാൻ വീണ്ടും വരുമ്പോൾ ഞാൻ തന്നുകൊള്ളാം.* അതായത്, ഞാൻ സ്വർഗ്ഗത്തിൽനിന്ന് വെളിപ്പെടുമ്പോൾ, ഈ ലോകത്തിന് ഉപരിസ്ഥമായ രീതിയിൽ നിങ്ങളുടെ അധ്വാനത്തിന് ഞാൻ പ്രതിഫലം നൽകും

*യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥന*എന്താണ്? (11:1). യോഹന്നാൻ ഇപ്രകാരം പ്രാർത്ഥിക്കുകയും പഠിപ്പിക്കുകയും ചെയ്തു എന്ന് *ചിലർ* പറയുന്നു: "പിതാവേ, നിന്റെ പുത്രന്റെ മാമോദീസാ എന്നെ കാണിച്ചാലും." എന്നാൽ ചിലർ ഇതു് അംഗീകരിക്കുന്നില്ല: നമ്മുടെ കർത്താവിനെ അവൻ സ്നാനപ്പെടുത്തിയപ്പോൾ, അവൻ അവന്റെ മാമോദീസാ ദർശിച്ചു; ആത്മാവ് ഇറങ്ങുന്നതു കണ്ടു; പിതാവിന്റെ സ്വരവും കേട്ടു. തുടർന്ന് ഇത്തരം ഒരു പ്രാർത്ഥനയുടെ പ്രസക്തിയെന്താണ് എന്ന് അവർ ചോദിക്കുന്നു. *മറ്റു ചിലർ:* "മാനസ്സാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന് സ്വർഗ്ഗരാജ്യത്തെപ്പററി യോഹന്നാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവൻ ഇപ്രകാരം പ്രാത്ഥിക്കുകയും പഠിപ്പിക്കുകയുമായിരുന്നു! "കത്താവേ, ഞങ്ങളെ നിന്റെ രാജ്യത്തിന് യോഗ്യരാക്കണമെ; നിന്റെ പ്രിയപുത്രനോടു കൂടി സന്തോഷിക്കാൻ അർഹരാക്കണമെ." *മറ്റു ചിലർ:* "പിതാവേ, എനിക്കു് അവിടുത്തെ സ്വരം കേൾക്കാൻ ഇടയാകട്ടെ; പുത്രാ, അവിടുത്തെ മുഖം എന്നെ കാണിക്കണമെ; ആത്മാവേ, അവിടുത്തെ ആവാസം എന്നെ കാണിക്കണമെ. ആ സത്യമധ്യസ്ഥനിലെന്നപോലെ എന്നിലും നിന്റെ ശക്തി പ്രവർത്തിക്കട്ടെ" എന്നാണ് യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചത്.

www.malankaralibrary.com



## പുസ്തകം XII

അശുദ്ധാത്മാവിനെപ്പററി മത്തായി ഭാഷ്യത്തിൽ നാം വിവരിച്ചിട്ടുള്ളതാണ്. *മാർ അപ്രേം:* ഇസ്രായേൽക്കാരുടെ ഈജിപ്തിലെ അടിമത്തകാലത്ത് അവരിൽ ഉണ്ടായിരുന്ന ദുഷ്ടാരൂപിയെ അവരുടെ രക്ഷകനായ മോശ ആട്ടിയോടിച്ചു, ദാവീദ് പറയുന്നു: "അവൻ തന്റെ വചനം അയച്ച് അവരെ സൗഖ്യമാക്കി" (സങ്കീ. 107:20). ആ ദുഷ്ടാരൂപി ജനതകളുടെ ഇടയിൽ ചുററിക്കറങ്ങിയശേഷം, തന്നേക്കാൾ ദുഷ്ടരായ മററ് ഏഴ് അശുദ്ധാത്മാക്കളുമായി തിരിച്ചുവരുന്നു. ഇതേപ്പററിയാണ് ജറമിയാ പറയുന്നത്: "ഏഴു പ്രസവിച്ചവൾ നെടുവീർപ്പിടുന്നു" (15:9). എന്തുകൊണ്ടെന്നാൽ അവൾ മരുഭൂമിയിൽ കാളക്കുട്ടിയെയും, ജറോബോവാമിന്റെ രണ്ടിനെയും, മനാശ്ശെയുടെ നാലുമുഖരൂപത്തെയും പ്രസവിച്ചിരിക്കുന്നു. മഗ്ദലനമറിയത്തിൽനിന്ന് ഏഴ് പിശാചുക്കളെ അവിടുന്ന് പുറത്താക്കിക്കാണാനാണിട.

ഒരു നാണയത്തുട്ടിന് രണ്ടു കുരുവികൾ എന്ന് മത്തായി പറയുന്നതും (10:29) രണ്ട് നാണയത്തുട്ടുകൾക്ക് അഞ്ച് കുരുവികൾ എന്ന് ലൂക്കോസ് പറയുന്നതും (12:6) കുരുവികളുടെ നിസ്സാരതയെ സൂചിപ്പിക്കുന്നു. വലിയ ജീവികൾ ഒററയ്ക്കൊററയ്ക്കും ചെറിയവ ഒന്നിച്ചും സസ്യങ്ങളെപ്പോലെയും വില്ക്കപ്പെടുന്നു.

*മനുഷ്യപുത്രനെതിരായി ഒരു വാക്കുരിയാടുന്നവനോട് ക്ഷമിക്കപ്പെടും... മാർ അപ്രേം:* ഈ ലോകത്തിലല്ല; കാരണം, നമ്മുടെ കർത്താവ് സൗജന്യമായി അനേക പാപങ്ങൾ പൊറുത്തിട്ടുണ്ടല്ലോ, അതുപോലെ സ്നാനംവഴി സൗജന്യമായി പാപമോചനം ലഭിക്കുന്നു. പാപമോചനം തന്റെ കരുണയ്ക്കന്യമല്ല. യൂദാസിന്റെ കാര്യത്തിലെന്നപോലെ ഇവിടെത്തന്നെ ചിലപ്പോഴൊക്കെ പ്രതികാരത്തിന്റെ ആരംഭം ഉണ്ടാകാം; ചിലപ്പോൾ അവിടെ. അതായത്, ഇതല്ലാതെ, അനുതാപത്തിനെതിരെ മൽസരിക്കുന്ന വേറെ പാപമില്ല. ഈ വാക്ക് ആ കാലത്തെപ്പററിയാണെന്ന് നാം അറിഞ്ഞിരിക്കണം; നമ്മുടെ കാലത്തെപ്പററിയല്ല. അവൻ ജഡം ധരിച്ചവനായി അനേകർ അവനെ ദർശിച്ചു; അനേകർ അവനെപ്പററി സംശയിച്ചു. എന്നാൽ ആത്മാവിനെപ്പററി ഒന്നും ചിന്തിക്കാൻ ഇല്ലായിരുന്നു; എന്നാൽ നമ്മുടെ കാലത്തെ ദൈവദൂഷകർ അറിയാതെയല്ല ദൈവദൂഷണം പറയുന്നത്. അറിവോടും അറിവുകൂടാതെയുമുള്ള എല്ലാ പാപങ്ങൾക്കും സർവ മനുഷ്യർക്കും മോചനത്തിനു സാധ്യതയുണ്ട്. അവർ അനുതപിക്കു

www.malankaralibrary.com



മെങ്കിൽ അവിടുന്ന് ക്ഷമിക്കയില്ല എന്നല്ല, പിന്നെയോ, ഈ ദൈവദൂഷണത്തിൽ, അനുതപിക്കാൻ സാത്താൻ അവരെ അനു വദിക്കുന്നില്ല.

*ജനക്കൂട്ടത്തിൽ ഒരുവൻ അവിടുത്തോടു പറഞ്ഞു: ഗുരോ, പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എന്റെ സഹോദരനോടു കല്പിക്കണമെ* (12:13-21). ഈ മനുഷ്യന്റെ സഹോദരൻ നമ്മുടെ കർത്താവിന്റെ പിന്നാലെ പോയവരിൽ ഒരുവനായിരിക്കാനാണു സാധ്യത. തന്നെ അനുസരിച്ചവർ ദൃശ്യവസ്തുക്കളെ നിന്ദിക്കാൻ നമ്മുടെ കർത്താവ് എപ്പോഴും കല്പിച്ചതിനാൽ, തന്റെ സഹോദരനെ ചതിക്കാൻ അവസരം കിട്ടും എന്ന് അവൻ കരുതി. അതായത്, നീ എന്റെ ശിഷ്യനാകാൻ തീരുമാനിച്ചതിനാൽ നിനക്കുള്ളതെല്ലാം നിന്റെ സഹോദരനു കൊടുക്കുക എന്ന് യേശു അവനോട് ഉടനെ പറയും എന്ന് അവൻ ചിന്തിച്ചു. എന്നാൽ അതിനു സമയമായിട്ടില്ല എന്ന് നമ്മുടെ കർത്താവിന് അറിയാമായിരുന്നു. നീതിപൂർവ്വം കാര്യങ്ങൾ തീർക്കണം എന്നു കർത്താവ് പറഞ്ഞാൽ ബഹുമാനമില്ലാതെ മോശയോട് ഈജിപ്തിൽ വച്ച് സഹമനുഷ്യൻ പറഞ്ഞതുപോലെ 'മനുഷ്യാ, നിന്നെ ഞങ്ങളുടെ ഇടയിൽ ന്യായാധിപനും ഭാഗം വയ്ക്കുന്നവനും ആക്കിയത് ആരാണ്? എന്ന് അവൻ ചോദിക്കാനും ഇടയുണ്ട്. അതുകൊണ്ട്, ഓഹരി നീതിപൂർവ്വം പങ്കിടണം എന്ന് കർത്താവ് കല്പിച്ചാൽ ആ മനുഷ്യൻ ചോദിക്കാൻ ഉദ്ദേശിച്ചിരുന്ന ചോദ്യംതന്നെ ഉത്തരമായി നമ്മുടെ കർത്താവു നൽകി.

## പുസ്തകം XIII

*ഒരു ധനികന്റെ കൃഷിസ്ഥലം സമൃദ്ധമായ വിളവു നൽകി* (12:16-21). *ധനികൻ* എന്നാൽ അത്യാഗ്രഹികളായ എല്ലാ ധനികരും എന്നാണർത്ഥം. അവന്റെ സമ്പത്തിന്റെ ധാരാളിത്തത്തെ *"സമൃദ്ധമായ വിളവ്"* എന്ന് അവൻ വിളിക്കുന്നു. *അവന്റെ ഉള്ളിലുള്ള ചിന്ത:* പര്യാകുലതകളും അധ്വാനചിന്തകളുംകൊണ്ട് ധനികർ എപ്പോഴും മാമോൻ ശേഖരണത്തിൽ ശ്രദ്ധാലുക്കളായിരിക്കും. അത്യാർത്തി നിറഞ്ഞ മനുഷ്യരെ വഴിതെറ്റിക്കുന്ന ചിന്തയാൽ അവൻ വിഭ്രാന്തിയിലായിരുന്നു: *"അവൻ പറഞ്ഞു: ഞാൻ എന്റെ ആത്മാവിനോടു പറയും: ആത്മാവേ, അനേക വർഷങ്ങൾക്കുവേണ്ട വിഭവങ്ങൾ നിനക്കുണ്ട്...."* ഇത് അവൻ മനസ്സിൽ ചിന്തിച്ചുതീരുന്നതിനു മുൻപ് ദൈവം അവനോട് എന്തു പറഞ്ഞു? *"ഭോഷാ, ഈ രാത്രി*

www.malankaralibrary.com



*നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും...*" അവന്റെ മരണദിവസം ഉചിതമായി ദൈവത്തിൽ ആരോപിക്കുന്നു; കാരണം, മരിക്കുമ്പോൾ നാം ഈ ലോകം വിട്ടുപോകുന്നു. താൻ ഏതു നിമിഷവും കടന്നുപോകാം എന്നു ഗ്രഹിക്കാത്ത ചെറിയ മനസ്സിനെ കാണിക്കാനാണ് *ഭോഷൻ* എന്ന് അവിടുന്ന് അവനെ വിളിക്കുന്നത്. *ഈരാത്രി:* താൻ അനേക വർഷങ്ങൾ ജീവിക്കും എന്ന് അവൻ കരുതിയ വ്യർത്ഥ ചിന്തയെ ഭോഷത്തമായി കരുതുന്നു. എന്നിട്ട് അവനെ കുററപ്പെടുത്തിക്കൊണ്ട് പറയുന്നു: 'എല്ലാ രീതിയിലും *നീ ഒരുക്കിവച്ചിരിക്കുന്ന ഈ വസ്തുക്കൾ ആരുടേതാകും?*' മററുള്ളവർ അവ അനുഭവിക്കും. തന്റെ വേർപാടിന്റെ ദിവസം വേഗത്തിൽതന്നെ സമീപിച്ചുകൊണ്ടിരിക്കെ ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവൻ ഇതുപോലെയാകും.

*ചെറിയ അജഗണമേ, ഭയപ്പെടേണ്ട; എന്തെന്നാൽ നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു* (12:32). ധാരാളം സമ്പാദ്യങ്ങൾ ഉള്ളവരേക്കാൾ നിങ്ങൾ കുറഞ്ഞവരാണെന്ന് കരുതരുത്; ദരിദ്രരെ ചിലർ നിന്ദിതരായി കരുതുന്നു; അവർ നിങ്ങളെയും ചിലപ്പോൾ അപ്രകാരം പരിഗണിക്കും; *ചെറിയ അജഗണം* ചിലർ ധരിച്ചതുപോലെ എണ്ണത്തിലുള്ള കുറവിനെയല്ല സൂചിപ്പിക്കുന്നത്, പിന്നെയോ, ഈ അജഗണത്തെ മററുള്ളവർ നിന്ദിക്കുകയും പുച്ഛിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് സ്വാഭാവികമായി *ഭയം* ഉണ്ടാകുക യുക്തമല്ലേ? ദാരിദ്ര്യത്തെ സുകൃതമായി വരിച്ചവർക്ക് തന്റെ *രാജ്യമാകുന്ന* വലിയ പ്രതിഫലം ദൈവം നൽകും.

*വിരുന്നിൽനിന്ന് മടങ്ങിവരുന്നു:* അവിടുത്തെ സ്വർഗ്ഗത്തിൽനിന്നുള്ള വരവിനെ കുറിക്കുന്നു (12:36).

*അവൻ അര മുറുക്കി അവരെ ഭക്ഷണത്തിനിരുത്തും* (12:37): ഞാൻ എല്ലാം സജ്ജീകരിച്ചിരിക്കുന്നതിനാൽ, അവർ വളരെയധികം അധ്വാനിച്ചിട്ടില്ലെങ്കിലും, ഈ നല്ലവസ്തുക്കളെല്ലാം അവർ അനുഭവിക്കും. കടന്നുപോകുന്ന ഈ ലോകവും അവർക്കു ശുശ്രൂഷ ചെയ്യും. അമർത്യതയുടെയും വരാനിരിക്കുന്ന പുന:സ്ഥാപനത്തിന്റെയും മധ്യസ്ഥനായി. "നിങ്ങൾക്കു സ്ഥലം ഒരുക്കാനാണ് ഞാൻ പോകുന്നത്" (യോഹ. 14:2) എന്നു പറഞ്ഞിരിക്കുന്നതുപോലെയാണിത്.

www.malankaralibrary.com



*അവൻ രാത്രിയുടെ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ വന്നാലും, അവരെ ഒരുക്കമുള്ളവരായി കണ്ടാൽ ...* (12:38). രാത്രിക്ക് നാല് യാമങ്ങളാണുള്ളത്; ഓരോ യാമത്തിലും മുമ്മൂന്ന് മണിക്കൂറുകൾ ഉണ്ട്.

*"അറിയാതെ തെററുചെയ്തെങ്കിൽ ലഘുവായേ പ്രഹരിക്കപ്പെടുകയുള്ളു"* (12:48). യജമാനനെ നിന്ദിച്ചു: അവൻെറ ഹിതം ഗ്രഹിക്കാത്തവനല്ല *യജമാനൻെറ ഹിതം അറിയാത്തവൻ* എന്ന് അവിടുന്നു പറയുന്ന എന്നതു് വ്യക്തമാണ്. സ്വന്ത ഇഷ്ടത്താൽ നിന്ദിച്ച് ഗ്രഹിക്കാതിരിക്കുക ദുഷ്ടത കൂടിയാണ്. ചിലർക്ക് സംഭവിക്കുന്നതുപോലെ 'അവനെ പഠിപ്പിക്കാൻ ആരുമില്ലായിരുന്നു എന്നതാണ്" അവിടുന്ന് പറഞ്ഞതിൻെറ ഉദ്ദേശ്യം. ഈയാളും അടിക്കർഹമായവ പ്രവർത്തിക്കുന്നെങ്കിൽ, ശിക്ഷാർഹനാണ്; എന്നാൽ *ലഘുവായിരിക്കും അവൻെറ പ്രഹരം.* ശരിയായിട്ടുള്ളവയെ ശ്രദ്ധാപൂർവ്വം അവൻ അനുസരിച്ചില്ല. അവൻെറ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച വിവേചനം ഉപയോഗിച്ചതുമില്ല. അതുകൊണ്ട് *ലഘുവായി പ്രഹരിക്കപ്പെടും.*

*ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്* (12:49) പരിശുദ്ധാത്മാവിൻെറ കൃപയെയാണ് *അഗ്നി* എന്ന് അവിടുന്നു വിളിക്കുന്നതു്. കാരണം, ഒന്നിൽനിന്ന് മറെറാന്നിലേക്കുള്ള മാററത്തിൽ യാതൊന്നും കുറവില്ല. പെന്തിക്കൊസ്തിയെക്കുറിച്ചുള്ള വിവരണത്തിൽ പതിനേഴ് കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നാമിതു് വിശദീകരിച്ചിട്ടുള്ളതാണ്.

*അത് ഇതിനകം കത്തിജ്വലിച്ചിരുന്നെങ്കിൽ* (12:50). മനുഷ്യരെ സഹായിക്കാൻ എനിക്കുള്ള തീവ്രാഭിലാഷം അനുസരിച്ച് ദാനങ്ങളുടെ ആരംഭം ഇതിനോടകം ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.

*എനിക്കൊരു സ്നാനം സ്വീകരിക്കുവാനുണ്ട്; അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു* (12:50). പീഡാനുഭവം സ്വീകരിക്കാൻ ഞാൻ തത്രപ്പെടുന്നു. ഇപ്പോൾ മുതൽ മനുഷ്യർക്ക് ഉത്ഥാനവും പരിശുദ്ധാത്മദാനവും ലഭിക്കുന്നു എന്ന് എനിക്കറിയാം. ഉത്ഥാനത്തിൻെറ ഉറപ്പായി ആ ദാനം അവരുടെ ഇടയിൽ പ്രവർത്തിക്കുന്നു. അവിടുന്ന് തൻെറ മരണത്തെ *സ്നാനം* എന്നു വിളിക്കുന്നു. അവിടുന്ന് അതിൽ മുങ്ങിക്കിടക്കുന്നില്ല. പിന്നെയോ, സ്നാനം സ്വീകരിക്കുന്നവർ ഉടനെതന്നെ പൊങ്ങുന്നതുപോലെ അവിടുന്ന് ഉത്ഥാനം ചെയ്തു.

www.malankaralibrary.com



*ഭൂമിയിൽ സമാധാനം നൽകുവാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? അല്ല ഭിന്നത...* (12:51). വിശ്വാസവും അനേകം ഉന്നത സുകൃതങ്ങളും പരിഗണിക്കുമ്പോൾ രക്തബന്ധങ്ങളൊക്കെ പിൻനിരയിൽ തള്ളപ്പെടും; അന്തരം കാണുമ്പോൾ പൂർണ്ണമായി നിന്ദിക്കപ്പെടുകയും ചെയ്യും എന്നു് അവിടുന്നു പറയുന്നു. ദൈവസ്നേഹത്തെപ്രതി പിതാവെന്നോ, പുത്രനെന്നോ, സഹോദരനെന്നോ, പരിഗണിക്കാതിരിക്കുകയും ചെയ്യും. ഇക്കാരണത്താൽ ഇവരൊക്കെ അവരുടെ ശത്രുക്കളായിരിക്കും.

*"ഗലീലിക്കാരായ ഏതാനും പേരുടെ ബലികളിൽ പീലാത്തോസ് അവരുടെ രക്തംകൂടി കലർത്തിയ വിവരം ചിലർ വന്ന് അവനെ അറിയിച്ചു* (13:1). ബലി അപ്പിക്കുന്നതിൽനിന്നു് റോമാക്കാർ അവരെ വിലക്കിയിരുന്നു. എന്നാൽ അവരാകട്ടെ കല്പന ലംഘിച്ച് പിശാചുക്കൾക്കു് ബലി അർപ്പിച്ചതിനാൽ, പീലാത്തോസ് അവരെ അവിടെ വച്ച് ബലി സമയത്തുതന്നെ നശിപ്പിച്ചു. *രക്തംകലർത്തി:* അതായത്, ബലികളോടുകൂടി ബലിയർപ്പകരുടെ രക്തവും ചേർത്തു. എന്നാൽ കർത്താവിന്റെ അടുത്തുവന്നവർ, അവിടുന്നെന്തു പറയും എന്നറിവാൻ അവിടുത്തെ പരീക്ഷിച്ചുകൊണ്ടു് വന്നവരായിരുന്നു. അവർ നീതിപൂർവം കൊല്ലപ്പെട്ടു എന്നു് അവിടുന്നു പറഞ്ഞാൽ, അവിടുന്ന് നിയമത്തിന് എതിരാണെന്നു് കാണിക്കാം. അവരെ കൊന്നതു് 'ദുഷ്ടതയാലാണ്'' എന്നുപറഞ്ഞാൽ 'അവൻ റോമാസാമ്രാജ്യത്തിനു് എതിരാണ്'' എന്നുപറഞ്ഞു് പീലാത്തോസിന്റെ പക്കൽ അവിടുത്തെ കുററപ്പെടുത്താം. എന്നാൽ കർത്താവ് വ്യത്യസ്തമായി അവർക്കു മറുപടി നൽകി: *"പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളും ഇതുപോലെ നശിക്കും* (13:5).

*ഒരുവൻ തന്റെ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിമരം നട്ടുപിടിപ്പിച്ചു* (13:6) യൂദജനത്തോടു് ദൈവം കാണിച്ച വലിയ പരിപാലന ഈ ഉപമവഴി നമ്മുടെ കർത്താവു വ്യക്തമാക്കാൻ ആഗ്രഹിച്ചു എന്നു് *ഭാഷ്യകാരൻ* പറയുന്നു; തന്റെ പരിപാലനയ്ക്കു് അർഹരാണെന്നു് അവർ ഒരിക്കലും ചിന്തിച്ചില്ല. *ഈ അവസരവും* അതു *നിലനിൽക്കാൻ* അവൻ *അനുവദിച്ചു.* അവിടുന്നു് അവരുടെ പക്കലേക്കു വന്നതുനിമിത്തവും, അവരോടു് കാണിച്ചുകൊണ്ടിരുന്ന പ്രത്യേക പരിപാലന നിമിത്തവും അവർ അനുതപിച്ച് ദൈവത്തിനു് *ഫലങ്ങൾ പുറപ്പെടുവിക്കാൻ* ആയിരുന്നതു്. 'ഇത്രയും പരിപാലനയുണ്ടായിട്ടും ദുഷ്ടകാര്യങ്ങളിൽനിന്നു്

www.malankaralibrary.com



നന്മയിലേക്ക മാറി യോഗ്യമാംവിധം നിങ്ങരം ഫലം പുറപ്പെടു വിക്കകയില്ലേ? ഇല്ലെങ്കിൽ എല്ലാത്തരത്തിലും നിങ്ങരംക്കു ശിക്ഷ ലഭിക്കം'. *മററു ചിലർ*: ഈ ഉപമ അനുതാപകാല ത്തെക്കുറിച്ചാണ്. *അത്തിമരം* സ്വന്തജനമായ യഹൂദരാണ്. തോട്ടക്കാരൻ, *നിയമം* ആണ്. ശിക്ഷണം ലഭിക്കാനായി അവരെ അടിമകളാക്കിയ മൂന്ന് അടിമത്തങ്ങളാണ് *മൂന്നു വർഷങ്ങരം*; എന്നാൽ അവർ ശിക്ഷണവിധേയരായില്ല. *ഈ വർഷംകൂടി അതു നില്ക്കട്ടെ*: ഏഴാഴ്ചക്കാലം. ഈ അവസാന ആശയം ശരിയാണ്. *മററു ചിലർ*: *ഒരുവൻ* എന്നത് നമ്മുടെ കർത്താവാണ്; *അത്തിമരം* സിനഗോഗാണ്; *ജോലിക്കാർ* മാലാഖമാരും പ്രവാചകന്മാരും ശ്ളീഹന്മാരു മാണ്. *മൂന്നു വർഷം* തൻെറ വ്യാപാരകാലഘട്ടമാണ്; *അവസാന വർഷം*: തൻെറ സ്വർഗാരോഹണംമുതൽ അവർ ശിക്ഷിക്കപ്പെടുന്നതുവരെയുള്ള സമയം; *ഒരു വർഷത്തേക്ക് കൃഷിക്കാരൻ* വാദിച്ചപ്പോരം അവരോട് ക്ഷമിക്കാനായി നാല്പത്തു വർഷത്തേക്ക് അതു നീട്ടിക്കൊടുത്തു. അവിടുത്തെ ഉത്ഥാനംമുതൽ ജറുസലേമിൻെറ നാശത്തിൻെറ ആരംഭംവരെ, അതായത് അടുത്തവർഷം ടൈററസ് വന്ന് യുദ്ധംചെയ്യുന്നതു വരെ, അനേകം വർഷങ്ങരം ഉണ്ടായിരുന്നു.

## പുസ്തകം XIV

*സ്വർഗരാജ്യം ഒരു സ്ത്രീ മൂന്നളവുമാവിൽ ചേർത്തുവച്ച പുളിപ്പുപോലെയാണ്* (13:20-21). തൻെറ സുവിശേഷത്തെ അവിടുന്ന് സ്വർഗരാജ്യം എന്നു വിളി ക്കുന്നു. ഉപമകളുടെ നിയമമനുസരിച്ച്, ദൈവത്വത്തെ അവൻ *സ്ത്രീ* എന്നു വിളിക്കുന്നു. 'പത്തു നാണയങ്ങളുണ്ടായിരുന്ന സ്ത്രീ' (15:8-10) എന്നു പറയുന്നതിൽ ദൈവത്വത്തെ *സ്ത്രീ* എന്ന് വിളിക്കുന്നതുപോലെയാണിത്: *മററു ചിലർ*, ദൈവ കൃപ എന്നു പറയുന്നു. *ഒൻപതു നാണയം*, തെററിപ്പോകാത്ത ഒൻപതുഗണം മാലാഖമാരാണ്. തെററിപ്പോയ മനുഷ്യപ്രകൃ തിയെ *ദ്രാക്മാ* എന്നു വിളിക്കുന്നു.

*അതിൽ ഒന്നു നഷ്ടപ്പെട്ടാൽ* (15:8): മനുഷ്യർ ദൈവ ഭവനത്തിൽനിന്ന് പുറത്തുപോയി; ദൈവത്വം അതു് കാര്യമാ ക്കിയില്ല; ദൈവേച്ഛയിൽനിന്നുള്ള സ്വാതന്ത്ര്യത്തെ അവിടുന്നു തടഞ്ഞില്ല. പ്രവാചകനും ദൈവത്വത്തെ സ്ത്രീയുമായി താര തമ്യപ്പെടുത്തുന്നു: അതായതു്, ദൈവമായിത്തന്നെ. "സ്ത്രീ തൻെറ കുഞ്ഞിനെ മറന്നാലും...." (ഏശ. 49:15).

www.malankaralibrary.com



*അപ്പോൾ ചില ഫരിസേയർ വന്ന് അവനോട് പറഞ്ഞു: ഇവിടെനിന്നു പോവുക* (13:31): നമ്മുടെ കർത്താവിന്റെ നിരവധിയായ അത്ഭുതങ്ങളും അടയാളങ്ങളും നിമിത്തം അവിടുത്തേക്കു ലഭിച്ച മഹത്ത്വത്തിൽ ഫരിസേയർ അസൂയാലുക്കളായിരുന്നു. അവിടുന്ന് ജറുസലേമിൽനിന്ന് പോയിക്കിട്ടാൻ അവർ ആഗ്രഹിച്ചിരുന്നു. ഹേറോദേസ് അവനെ കൊല്ലുവാൻ ആഗ്രഹിക്കുന്നു എന്നും തങ്ങൾ അതിൽ നിന്നു വിടുവിക്കാനാഗ്രഹിക്കുന്നു എന്നും ഉള്ള വ്യാജേന അവർ അടുത്തുവന്നു. ഹേറോദേസിൽനിന്ന് ഉപദ്രവം ഒന്നും ഉണ്ടാകാതിരിക്കാനല്ല അവരിതു പറയുന്നതെന്ന് ബോദ്ധ്യം വന്ന കർത്താവിന് അവരുടെ ഉപായങ്ങൾ ബോധ്യമായി. അതുപോലെ തനിക്കു സംഭവിക്കാനിരിക്കുന്നവ അവിടുത്തേക്കറിയാമായിരുന്നു; തന്റെ ഇഷ്ടം കൂടാതെ താൻ പീഡയനുഭവിക്കയില്ല എന്നറിഞ്ഞുകൊണ്ട് ഹേറോദേസിനെയും തങ്ങളുടെ ആത്മാക്കളുടെ ഗുഹകളിൽ ചുററിക്കറങ്ങുന്ന അവരുടെ വഞ്ചന നിറഞ്ഞതും ചതിനിറഞ്ഞതുമായ ചിന്തകളെയും ഉന്നംവച്ചുകൊണ്ട് അവരോട് പറഞ്ഞു: *നിങ്ങൾ പോയി ആ കുറുക്കനോട് പറയുവിൻ* (13:32). നിങ്ങൾതന്നെ; നിങ്ങളെയാണു ഞാൻ ഉന്നംവയ്ക്കുന്നത്. നിങ്ങൾ ചതിയരും സൂത്രശാലികളും അസൂയാലുക്കളുമാണ്. നിങ്ങൾ മററുള്ളവരുടെ പേരിൽ നിങ്ങളുടെ വഞ്ചനകൾ അവതരിപ്പിക്കുന്നു എന്നു മാത്രം. *എങ്കിലും ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നൽകുകയും ചെയ്യും* (13:32) എന്നറിഞ്ഞുകൊള്ളുക. ഞാൻ കുറേ ദിവസംകൂടി നിങ്ങളോടൊത്തുണ്ടായിരിക്കും. *'ഇന്നും നാളെയും'; അതിനുശേഷം എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും* (13:32). അതായത് *ഞാൻ പീഡയനുഭവിക്കും.* ഞാൻ 'പീഡയനുഭവിക്കും' എന്നതിനുപകരം 'ഞാൻ പൂർത്തിയാക്കിയിരിക്കും' എന്നാണ് അവിടുന്നു പറഞ്ഞത്. അവർ ധരിച്ചതുപോലെ പീഡാനുഭവം തന്റെ ജീവിതാന്ത്യമല്ല, പിന്നെയോ, മെച്ചപ്പെട്ട ജീവിതത്തിന്റെ ആരംഭമാണ് എന്നു കാണിക്കുവാനാണിത്. *മററു ചിലർ: കുറുക്കൻ*, വിദ്വേഷമാണ്; *ഇന്നും നാളെയും*, തന്റെ വ്യാപാരത്തിന്റെ രണ്ടു വർഷങ്ങളാണ്; *മൂന്നാം ദിവസം*, അവിടുന്നു പീഡയനുഭവിച്ച മൂന്നാം വർഷമാണ്. *'ഞാൻ പൂർത്തിയാക്കിയിരിക്കും'*: എന്റെ വ്യാപാരമെല്ലാം പൂർത്തിയാക്കി ഞാൻ സ്വർഗാരോഹണം ചെയ്യും.

"ഒരു സാബതിൽ അവൻ ഫരിസേയ പ്രമാണികളിൽ ഒരുവന്റെ വീട്ടിൽ ഭക്ഷണത്തിനുപോയി. അവർ അവനെ

www.malankaralibrary.com



ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവിടെ ഒരു മഹോദരരോഗി ഉണ്ടായിരുന്നു'' (14:1-6). അവരുടെ വഞ്ചന എത്ര വലുതാണെന്നു കാണുക. അവനെ പരീക്ഷിക്കാനാണ് അവർ മഹോദരരോഗിയെ അവിടെ കൊണ്ടുവന്നത്. അവിടുന്ന് സുഖപ്പെടുത്തിയാൽ അവിടുന്നു ദൈവത്തിന് എതിരാണെന്ന് കരുതാം. സുഖപ്പെടുത്തിയില്ലെങ്കിൽ കഴിവില്ലാത്ത, വീമ്പടിക്കുന്ന ഒരുവനാണ് അവൻ എന്നു പറയാം. അവർ കൊണ്ടുവന്നതല്ലെങ്കിൽ സാബത്തിൽ പ്രഭാതഭക്ഷണത്തിന് ഫരിസേയനും നിയമപണ്ഡിതനുമായ ഒരുവൻെറ ഭവനത്തിൽ എങ്ങനെ ആ മഹോദരരോഗി എത്തി കർത്താവിൻെറ മുമ്പിൽ നില്ക്കാൻ ഇടയാകും? അവിടുന്ന് അവരെ നിശ്ശബ്ദരാക്കുകയും അവനെ സുഖപ്പെടുത്തുകയും ചെയ്തു.

നീയൊരു പ്രഭാതഭക്ഷണമോ അത്താഴമോ ഒരുക്കുമ്പോൾ നിൻെറ സ്നേഹിതരെയോ, സഹോദരരെയോ...വിളിക്കരുത് (14:7-14). നിൻെറ സ്നേഹിതരെയും ബന്ധുക്കളെയും ക്ഷണിക്കുന്നതു ശരിയല്ല എന്ന അർത്ഥത്തിലല്ല അവിടുന്ന് ഇതു പറഞ്ഞത്. *ദരിദ്രരെയും വികലാംഗരെയും വിളിക്കാമെങ്കിൽ*, ബന്ധുക്കളെയും വിളിക്കുന്നത് ശരിയാണെന്ന് വ്യക്തമാണ്. ദരിദ്രരും വികലാംഗരും ദുഷ്ടരാണെങ്കിൽ അവരെ വിളിക്കുന്നത് നല്ലതാണ് എന്ന് അവിടുന്നു കരുതുന്നില്ല. നീ പ്രഭാതഭക്ഷണം തയാറാക്കുമ്പോൾ മാനുഷിക സഖിത്വമോ, സ്വാഭാവികബന്ധമോ, മാനുഷിക ബഹുമാനമോ തേടാൻ പാടില്ല എന്നാണ് അവിടുന്ന് അർത്ഥമാക്കുന്നത്. ഏററവും നിസ്സാരരും നിന്ദ്യരെന്ന് കരുതപ്പെടുന്നവരുമാണെങ്കിലും സുകൃതപൂർണ്ണരാണെങ്കിൽ അത്തരക്കാരെയാണ് നീ ക്ഷണിക്കേണ്ടത്.

*സദ്യ ഒരുക്കിയ മനുഷ്യൻ* എന്ന് അവിടുന്ന് ദൈവത്തെ വിളിക്കുന്നു (14:16). അവൻ തൻെറ പുത്രന് ഒരു വിരുന്നൊരുക്കി എന്ന് മത്തായി പറയുന്നതുപോലെയാണിത് (22:2). അവിടുന്ന് വലിയ നവീകരണത്തെ *വലിയ സദ്യ* അഥവാ, കർത്തൃശരീരത്തിൻെറ പെരുന്നാൾ എന്നു വിളിക്കുന്നു. *ക്ഷണിക്കപ്പെട്ട അനേകർ* യഹൂദരാണ്. തൻെറ വരവിൻെറ സമയത്തെ *അത്താഴസമയം* എന്ന് അവിടുന്നു വിളിക്കുന്നു. *എല്ലാം തയാറായിരിക്കുന്നു* (14:17): പ്രവാചകർവഴി പ്രവചിക്കപ്പെട്ടവയെല്ലാം തൻെറ വരവിൽ പൂർത്തീകരിക്കപ്പെടേണ്ടിയിരുന്നു. അവിടുന്ന് ശ്ലീഹന്മാരെ, *അയയ്ക്കപ്പെട്ട ദാസൻ* എന്നു വിളിക്കുന്നു; ഒരുവൻ എന്നതുകൊണ്ട് അനേകരെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. മത്തായി ''ദാസന്മാർ'' എന്നാണ് പറയുന്നത്. *ഞാൻ ഒരു വയൽ വാങ്ങി എന്ന് ഒന്നാമൻ പറഞ്ഞു* (14:18). താൻ പുതുതായി സമ്പാദിച്ച

www.malankaralibrary.com



സമ്പാദ്യങ്ങളെപ്പററിയാണ് സൂചന. *അഞ്ച് ജോഡി കാള കൾ:* സമ്പാദ്യങ്ങളെപ്പററിയുള്ള അമിതമായ ഉത്ക്കണ്ഠയാണ്. ലൗകികസമ്പാദ്യങ്ങൾ സമ്പാദിച്ചുകൂട്ടാനും അതു വർദ്ധിപ്പിക്കാനും പരക്കം പായുന്ന മനുഷ്യൻ, വരുവാനിരിക്കുന്ന സൗഭാഗ്യത്തിൽനിന്ന് അന്യനായിരിക്കും എന്ന് അവിടുന്നു കാട്ടുന്നു. ഭൗമിക വസ്തുക്കളുമായി ഒട്ടിച്ചേർന്നു ജീവിച്ച നിരവധി ഫരിസേയരെയും നിയമജ്ഞരെയുംകുറിച്ചാണ് അവിടുന്ന് ഇതു പറഞ്ഞത്.

## പുസ്തകം XV

*കോപിച്ച ഗൃഹനാഥൻ* എന്ന് അവിടുന്ന് സ്വയം വിളിക്കുന്നു (14:21). *പട്ടണത്തിന്റെ തെരുവുകളിലും ഊടുവഴികളിലും ചെല്ലുക:* പുറജാതികളുടെ പക്കലേക്കു പോകാൻ അവിടുന്ന് ആദ്യം അനുവദിച്ചില്ല. ചുങ്കക്കാരെയും വേശ്യകളെയും *വികലാംഗർ* എന്നും *മുടന്തർ* എന്നും വിളിക്കുന്നു. *നീ കല്പിച്ചതുപോലെ ഞാൻ ചെയ്തു; ഇനിയും സ്ഥലമുണ്ട്* (14:22). എല്ലാവരുടെയും മുൻപാകെ നിരത്തിവച്ചിരിക്കുന്ന നല്ല വസ്തുക്കളുടെ സമൃദ്ധിയെ സൂചിപ്പിക്കുന്നു. *പെരുവഴികളിലും ഇടവഴികളിലും ചെന്ന്, അകത്തുവരുവാൻ നിർബന്ധിക്കുക* (14:23). ശ്ലീഹന്മാരിലൂടെ പുറജാതികളെ ക്ഷണിച്ചതിന്റെ സൂചന. *നിർബന്ധിക്കുക:* വിശ്വസിച്ചവർ, അടയാളങ്ങളുടെ പ്രേരണയാലാണ് വിശ്വസിച്ചത്. *നിറഞ്ഞ ഭവനം* എന്ന് അവിടുന്ന് സഭയെ വിളിക്കുന്നു (14:23). *ക്ഷണിക്കപ്പെട്ട അയോഗ്യരായ മനുഷ്യർ* യഹൂദരാണ്. അവരെ പ്രവാചകന്മാർ ക്ഷണിച്ചു.

*ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ...* (14:28): ഉന്നതസുകൃതങ്ങളാൽ നയിക്കപ്പെടുകയും എന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്യുന്നയാൾ, ഒരു ബലിഷ്ഠ ഗോപുരം പണിയാൻ പോകുന്നു എന്ന് ചിന്തിക്കണം. നീതിയുടെ പൂർണതകൊണ്ട് നിർമ്മിതമായിരിക്കുന്ന ഈ ഗോപുരത്തിന്റെ ഉയരം സ്വർഗത്തോളം എത്തിയിരിക്കുന്നു; അതിൽ അവൻ അവിടെ കയറണം. സ്വാഭാവിക പ്രവണതകൾക്കെതിരായ പോരാട്ടങ്ങൾ അവൻ പ്രതീക്ഷിക്കണം. അവന് പിശാചിന്റെ പരീക്ഷണങ്ങൾ ഉണ്ടാകും. ദൃശ്യവസ്തുക്കളിൽ നിന്ന് കഴിവുള്ളിടത്തോളം പിൻതിരിഞ്ഞില്ലെങ്കിൽ പോരാട്ടം പൂർത്തിയാക്കാൻ കഴിയില്ല; കാരണം, ദൃശ്യവസ്തുക്കൾ നമ്മുടെ ബലഹീനപ്രകൃതിയുമായി പററിച്ചേർന്നിരിക്കുന്നതിനാൽ

www.malankaralibrary.com



പോരാട്ടം നമ്മെ ആശ്രയിച്ചിരിക്കുന്നു. നാം സ്വാഭാവിക വികാരങ്ങളാൽ പരാജയപ്പെടുകയും ദുശ്യവസ്തുക്കൾക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ ആ വികാരങ്ങളെ ആളിക്കത്തിക്കുകയും ചെയ്യുമ്പോൾ പോരാട്ടം ഇല്ലെങ്കിൽ വിജയം ശത്രുവിനായിരിക്കും. സുകൃതജീവിതം ആരംഭിക്കേണ്ടിയിരുന്നില്ല എന്ന് ചിന്തിച്ചിട്ട് നല്ല കാര്യങ്ങളിൽനിന്ന് ചീത്ത കാര്യങ്ങളിലേക്കു തിരിയാനിടയുണ്ട്. *ചെയ്തുതീർക്കാം* എന്നു പ്രതിജ്ഞ ചെയ്തിട്ട് തീർക്കാത്തവരെപ്പോലെ എല്ലാവരും നിന്നെ കളിയാക്കും. ദൈവഭയം എന്ന സുകൃതത്തെ *ഗോപുരം* എന്നും ദുരാശകളോടും ദുഷ്ടാത്മാക്കളോടുമുള്ള പോരാട്ടത്തെ *യുദ്ധം* എന്നും *വക* എന്നും അവിടുന്ന് വിളിക്കുന്നു.

*ഉറകെട്ടുപോയാൽ ഉപ്പിന് എങ്ങനെ ഉറകൂട്ടും?* (14:34) എന്ന് അവിടുന്ന് കൂട്ടിച്ചേർക്കുന്നു. സുകൃതകർമ്മങ്ങൾ തെരഞ്ഞെടുക്കുന്നവർ, തിന്മയിലേക്കു തിരിയാൻ ഇടയായാൽ തിരുത്തൽ സ്വീകരിക്കാതെ, സുകൃതത്തെ നിന്ദിക്കുന്ന സാധാരണക്കാരെക്കാൾ കൂടുതലായി വെറുപ്പിന് വിധേയരായിത്തീരും എന്ന് ഇതു കാണിക്കുന്നു. ആഹാരസാധനങ്ങൾക്കെല്ലാം ആവശ്യമായ ഉപ്പിന്റെ സ്വഭാവം മാറിയാൽ അത് ഒന്നിനും കൊള്ളില്ല; *മണ്ണിനോ വളത്തിനോ* അതുപകരിക്കുകയുമില്ല. അതുപോലെ നിങ്ങളും എത്രയും കൂടുതൽ നന്നായി എന്റെ ശിഷ്യരായിരിക്കുന്നുവോ, അതനുസരിച്ച് നിങ്ങൾ കൂടുതലായും അത്ഭുതാവഹമായും മറ്റുള്ളവർക്ക് പ്രയോജനകരമായിരിക്കും. നിങ്ങൾക്കു മാറ്റം വന്നാൽ നിരസിക്കപ്പെട്ട യൂദായെപ്പോലെ നിങ്ങൾ മറ്റെല്ലാവരെക്കാളും ചെറിയവരായിരിക്കും.

*നൂറാടുകളുടെയും പത്തുനാണയത്തിന്റെയും ഉപമകളിലൂടെ* (15:1-10) പാപികളുടെ അനുതാപവും നമ്മുടെ കർത്താവിന്റെ കാരുണ്യത്തിന്റെ അനന്തതയും അവരുടെ തിരിച്ചുവരവിൽ മാലാഖമാർക്കുള്ള സന്തോഷവും അവിടുന്ന് വ്യക്തമാക്കുന്നു. രണ്ടുപമകൾക്കും ഒരേ ലക്ഷ്യമാണുള്ളത്. പാപം ചെയ്യാത്ത നീതിമാന്മാരെക്കുറിച്ചെന്നതിലധികമായി എന്തുകൊണ്ടാണ് അനുതപിക്കുന്ന പാപികളെക്കുറിച്ച് സന്തോഷിക്കുന്നത് എന്ന് ചോദിച്ചേക്കാം. ഒന്നാമതായി, അത് ദുഃഖത്തിനുശേഷമുള്ള സന്തോഷമാണ്. അവർ പാപം ചെയ്തപ്പോൾ ദുഃഖിച്ചു; അവർ തിരിച്ചുവന്നതിൽ ഇപ്പോൾ സന്തോഷിക്കുന്നു. രണ്ട്, പെട്ടെന്ന് കണ്ടെത്തപ്പെടാതിരിക്കുന്നതിലാണ് വസ്തുക്കളുടെ പ്രാധാന്യം; അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യം അമൂല്യമാണ്. സമീപസ്ഥമായതിനെ പരിഗണിക്കാറില്ല; അമൂല്യമല്ലെങ്കിലും നഷ്ടപ്പെട്ടവ, കണ്ടുപിടിക്കാനുള്ള താല്പര്യത്താൽ

www.malankaralibrary.com



അമൂല്യമായിത്തീരുന്നു. ആടുകളെപ്പററിയും നാണയത്തെപ്പററിയും ഇപ്രകാരം ആണെങ്കിൽ, ദൈവച്ഛായയും ഭൂമിയിലുള്ള സകലത്തിൻെറയും അവകാശികളും കർത്താക്കന്മാരും മാലാഖമാരുടെ സഖികളുമായ മനുഷ്യരെക്കുറിച്ച് എത്ര അധികമായിരിക്കും?

*മററു ചിലർ*: *ആ മനുഷ്യൻ* ദൈവമാണ്; നൂറാടുകൾ പത്തുഗണം ബൗദ്ധികജീവികളെ കുറിക്കുന്നു. നഷ്ടപ്പെട്ട ഒന്ന് മനുഷ്യഗണമാണ്. മററുള്ളവയെവിട്ട്, നഷ്ടപ്പെട്ട ഒന്നിനെ തേടുന്നത് അവിടുത്തെ മനുഷ്യാവതാരമാണ്; പ്രവാചകവചനാനുസൃതം, അതുവഴി അവിടുന്ന് ധരയിൽ വെളിപ്പെടുകയും മനുഷ്യരോടുകൂടി വ്യാപരിക്കുകയും ചെയ്തു. *ആടിനെ കണ്ടെത്തുന്നത്*, മനുഷ്യൻെറ മാനസാന്തരമാണ്. *അതിനെ തോളിൽ വഹിക്കുന്നത്*, തൻെറ കുരിശിൽ നമ്മുടെ പാപങ്ങളും തിന്മകളും വഹിക്കുന്നതാണ്. 'തൻെറ കുരിശും ചുമപ്പിച്ചുകൊണ്ട് അവർ അവനെ പുറത്തുകൊണ്ടുവന്നു' (യോഹ.19:17). 'അവൻ നമ്മുടെയെല്ലാം പാപങ്ങൾ വഹിച്ചു' (എശ. 53:4-6). 'അവൻ അവയെ തന്നോടുകൂടി ഉയർത്തി തൻെറ കുരിശിൽ തറച്ചു (കൊളോ. 2:14) എന്നും പറയപ്പെട്ടിരിക്കുന്നു. *സ്നേഹിതരെ വിളിക്കുന്നത്*, നമ്മുടെ നവീകരണത്തിൽ മാലാഖമാർക്കുള്ള സന്തുഷ്ടിയെ കാട്ടുന്നു: അവിടുന്ന് ശാരീരികമായി ജനിച്ചപ്പോഴും, കല്ലറയിൽനിന്നുയിർത്തപ്പോഴും, സ്വർഗാരോഹണം ചെയ്തപ്പോഴും അവർ സന്തോഷിച്ചു.

അതുപോലെ തന്നെ ആ *സ്ത്രീ*, ദൈവകൃപയാണ്; അതിനാണ് ധനവാൻ ദരിദ്രനായിത്തീർന്നത്. പത്തു നാണയങ്ങൾ മാലാഖമാരുടെ പത്തു ഗണങ്ങളാണ്. നഷ്ടപ്പെട്ട ഒന്ന് മനുഷ്യനാണ്. കല്ലറയിലെന്നവണ്ണം അവൻ പാപത്തിൽ അടയ്ക്കപ്പെട്ടിരുന്നു. ആരംഭത്തിൽ അതിൻെറ സാദൃശ്യം അവൻ സ്വീകരിച്ചു. *വിളക്ക്*, മനുഷ്യാവതാരമാണ്. *തീനാളം*, ദൈവത്വമാണ്; *വിളക്കുതിരി*, മനുഷ്യത്വമാണ്. യഥാർത്ഥത്തിൽ ഏകമായിരിക്കുന്ന കിരണങ്ങളുടെ ഐക്യം, ക്രിസ്തുവിൻെറ ഐക്യമാണ് സൂചിപ്പിക്കുന്നത്. ഈ ഐക്യം ഏകയാളിൽ മനുഷ്യസ്വഭാവത്തിൻെറ സവിശേഷതകൾ ഒന്നിച്ചു ചേർത്തിരിക്കുന്നു. അവിടുത്തെ ശരീരം ദൈവത്വംകൊണ്ട് പ്രകാശിക്കുന്നു; ദൈവത്വം ശരീരത്തിൽ ദൃശ്യമാകുന്നു. *വീട് അടിച്ചുവാരുന്നത്*, ക്രിസ്തുവിൻെറ ജീവിതമാണ്: ഉദരത്തിൽ, കാച്ചനാൾ ബേത്ലഹേമിൽ, മാതാപിതാക്കളെ അനുസരിച്ചുകൊണ്ട് നസ്രത്തിൽ, സകല നീതിയും പൂർത്തിയാക്കിക്കൊണ്ട് യോർദ്ദാനിൽ, മരുഭൂമിയിൽ, ദേവാലയത്തിൽ, കട

www.malankaralibrary.com



ലിൽ, ഫരിസേയന്റെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോഴും, ചുങ്കക്കാരന്റെ വീട്ടിൽ: എല്ലാവരെയും രക്ഷിക്കാനും നവീകരിക്കാനും അനുഗ്രഹിക്കാനും പവിത്രീകരിക്കാനുമാണിതു്. അവളുടെ *കൂട്ടുകാരും അയൽക്കാരും,* നീതിയും, കരുണയും മാലാഖമാരുമാണ്. അനുതാപികളോടുള്ള കാരുണ്യം നിമിത്തം, നീതിയനുസരിച്ചു് അതു് തെററിനു് ശിക്ഷകൊടുക്കുന്നില്ല. എന്നാൽ കരുണ അനുതാപികളിൽ കാരുണ്യം കോരിച്ചൊരിയുന്നു. ആരംഭത്തിൽ നാം പ്രാപിച്ച സാദൃശ്യം കണ്ടെത്തപ്പെട്ടു് വീണ്ടെടുക്കപ്പെട്ടതിനാൽ, ഭാഗഭാക്കുകളും എന്ന നിലയിൽ മാലാഖമാർ സന്തോഷിക്കുന്നു. *വേറെചിലർ:* ആ *സ്ത്രീ,* ഇസ്രായേൽ സിനഗോഗാണ്. *പത്തുനാണയം,* പത്തുകല്പനകളാണു്. *നഷ്ടപ്പെട്ട* ഒന്നു്: അതിലാണ് മററു് *ഒൻപതും* ആശ്രയിച്ചിരുന്നതു്: അതായതു്, അവരെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന അവരുടെ സ്രഷ്ടാവായ ദൈവം. വിളക്കു്; നിങ്ങൾക്കായി വിളക്കു കത്തിക്കുന്നു എന്നു പറയപ്പെടുന്നു. കർത്താവിനെ അന്വേഷിക്കുവിൻ. ക്രിസ്തു കുരിശിൽ അവരിൽനിന്നു് എത്രമാത്രം ഇരുണ്ടു എന്നും പുറജാതികളുടെ ഇടയിൽ പ്രകാശിച്ചു എന്നും നോക്കുവിൻ.

മൂന്നാമത്തെ ഉപമവഴി (15: 11-32) അവിടുന്നു് അകത്തുള്ളവരെക്കൊണ്ടാരംഭിക്കുന്നു: അതായതു്, നിയമം അനുഷ്ഠിക്കുന്നവർ ആണെന്നു് വീമ്പടിച്ചിരുന്ന നിയമജ്ഞരും ഫരിസേയരും. അതുപോലെ ചുങ്കക്കാരും വേശ്യകളും. സഭയിലുള്ള ജനങ്ങളെകൊണ്ടു് അവിടുന്നു് അതു് അവസാനിപ്പിക്കുന്നു. സഭയെപ്പററി പരാമർശിക്കുകയാണെങ്കിൽ, അവിടുന്നു് *രണ്ടുമക്കളെ* വിട്ടുകളയുന്നില്ല; യൂദരെപ്പററിയാണെങ്കിൽ, *'അവന്റെ കൈയിൽ മോതിരം ഇടുവിൻ'* എന്നു പറയാൻ അവൻ മറന്നുപോകുന്നില്ല.

*ഒരു മനുഷ്യന് രണ്ടുപുത്രൻമാർ ഉണ്ടായിരുന്നു* എന്നു് അവിടുന്നു പറയുന്നു (15:11). നമ്മുടെ പേർക്കുള്ള നന്മയെപ്പററി പറയുമ്പോൾ ദൈവത്തെ *പിതാവ്* എന്നു് വിളിക്കുക നമ്മുടെ രക്ഷകന്റെ പതിവായിരുന്നു. പ്രതികാരമോ, കുററപ്പെടുത്തലോ, തെററുതിരുത്തലോ ആണെങ്കിൽ *ന്യായാധിപൻ* എന്നുവിളിക്കുന്നു. അധികാരത്തെപ്പററിയോ, ദാനങ്ങൾ നൽകുന്നതിനെപ്പററിയോ ആണെങ്കിൽ, *രാജാവ്.* പരിപാലനയും താല്പര്യവുമെങ്കിൽ *വീട്ടുടമസ്ഥൻ. രണ്ടുപുത്രൻമാർ* എന്നതു് മനുഷ്യരെ കുറിക്കുന്നു. നീതിമാന്മാർ എന്നും പാപികൾ എന്നും അവർ *രണ്ടു* ഗണമായി തിരിഞ്ഞിരിക്കുന്നു. പാപികളെ *ഇളയമകൻ* എന്നുവിളിക്കുന്നു. ഇളയവർ

www.malankaralibrary.com



പാപംചെയ്യുന്നു. മൂത്തവർ പാപംചെയ്യുന്നില്ല എന്ന അർത്ഥത്തിലല്ല. പിന്നെയോ, എടുത്തുചാട്ടം യൗവനത്തിലാകയാൽ അതു് ഇളയമകനിൽ ആരോപിക്കുന്നു എന്നേയുള്ളു. *അവന്റെ ഓഹരി*, അസ്തിത്വത്തിലെത്തി എന്നുള്ളതാണ്. ഈ ലോകത്തെ അവൻ *അവന്റെ ഭവനം* എന്നുവിളിക്കുന്നു.

*എനിക്കു തരിക* (15:12). അവർ അപ്പോഴും സൃഷ്ടിക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ ഒരു യഥാർത്ഥ ശബ്ദത്തെപ്പററിയല്ല അവിടുന്നു പറഞ്ഞതു്. സൃഷ്ടിക്കപ്പെട്ടവരുടെ നേർക്കുള്ള ദൈവതിരുമനസ്സ് വ്യക്തമാക്കുകയായിരുന്നിവിടെ. 'ആരും ഞങ്ങളെ കൂലിക്കു വിളിച്ചില്ല' എന്നു പറഞ്ഞതുപോലെയാണിതു് (മത്താ. 20:7). സൃഷ്ടിക്കപ്പെടാത്തവർ എങ്ങനെ അവകാശം ചോദിക്കും എന്നാണ് *മററു ചിലർ* ചോദിക്കുന്നതു്. സൃഷ്ടിക്കപ്പെട്ടവരെപ്പററിയാണ് ഇവിടെ പരാമർശം എന്നുതന്നെ പറയാം. അവർക്ക് വിവേചനാശക്തിയും സ്വാതന്ത്ര്യവും വലത്തുകൈയുടെയും ഇടത്തുകൈയുടേയുമായ കാര്യങ്ങളിലേക്കു് ഒന്നിച്ചുള്ള താല്പര്യവും നൽകപ്പെട്ടിരിക്കുന്നു. "എനിക്കു തരിക" എന്നു് വാക്കുകൊണ്ടല്ല, ചിന്തയിലും ഇച്ഛയിലുമാണ് അവൻ പറഞ്ഞതു്. അവർ പറഞ്ഞു: അതായതു്, അവർ ചിന്തിച്ചു: "ആരു് ഞങ്ങളെ കാണും?" (ഏശ. 29: 15) എന്നതുപോലെയാണിതു്. *എന്റെ ഓഹരി എനിക്കു തരിക*: മനുഷ്യസ്വഭാവവും സ്വാതന്ത്ര്യവും നീതിമാന്മാർക്കും പാപികൾക്കും ഒരുപോലെ ലഭിക്കുന്നു.

*അവൻ സ്വത്ത് അവർക്കായി ഭാഗിച്ചു:* രണ്ടു വിഭാഗക്കാർക്കും തുല്യമായി ബുദ്ധിശക്തിയും ഇച്ഛാശക്തിയും നൽകി. *അധികനാൾ കഴിയുന്നതിനു മുൻപ്*: ബാല്യത്തിൽനിന്നു കൗമാരത്തിലേക്കുള്ള മാററം, *തനിക്കു ലഭിച്ചതെല്ലാം ശേഖരിച്ചു*: മനുഷ്യ വ്യക്തിത്വത്തിന്റേതായതെല്ലാം അവന്റെ സ്വാതന്ത്ര്യത്തിൻ കീഴിൽവച്ചു. *അവൻ പോയ ദൂരദേശം*: സ്വാഭാവികമായിട്ടല്ല, ചിന്തയിലും മനസ്സിലും, അതായതു് ദൈവത്തിൽനിന്നകന്നു് *സ്വത്ത് ധൂർത്തടിച്ചു നശിപ്പിച്ചു:* അതായതു് തന്റെ വിവേചനാശക്തി. മ്ലേച്ഛ കാര്യങ്ങളിൽ അവൻ അതിനെ പതറിച്ചു: അടക്കമില്ലായ്മ, വിശുദ്ധിയുടെ നഗ്നത, ധീരതയെ ബലഹീനമാക്കി, സംയമത്തെനീക്കി, കടിഞ്ഞാണിടാത്തുള്ള വികാര പ്രകടനം. അവനുണ്ടായിരുന്ന ദൈവഭയവും സുകൃതവും ഇല്ലാതായപ്പോൾ *ആ സ്ഥലത്ത് ഒരു ക്ഷാമമുണ്ടായി*: അവൻ ചെയ്തുകൂട്ടിയ ലജ്ജാകരകർമ്മങ്ങൾ നിമിത്തം അവനുണ്ടായ അരക്ഷിതാവസ്ഥയെ അതുസൂചിപ്പിക്കുന്നു. അങ്ങനെ നല്ല സംഗതികളുടെ നഷ്ടവും ദൈവത്തെ

www.malankaralibrary.com



പ്പററിയുള്ള അറിവിൻെറ അഭാവവും നിമിത്തം അവ അവനെ ആഴത്തിലേക്കു തള്ളിയിട്ടു (ആമോസ് 8:11). അപ്പത്തിനോ വെള്ളത്തിനോ അല്ല ശ്രവണത്തിന് ഞാൻ *ഈ നാട്ടിലേക്ക് ഒരു ക്ഷാമം* അയയ്ക്കും എന്ന് അവിടുന്ന് കല്പിച്ചു. 'അവർ ക്ഷാമത്തിനു കയ്യാളിക്കപ്പെടും; ദുഷ്ടാത്രുപികൾ അവരുടെ പക്കലേക്ക് അയയ്ക്കപ്പെടും' എന്ന് എഴുതപ്പെട്ടിരിക്കുന്നു (ജറ. 18:21).

അവൻ ആത്മീയവും ശാരീരികവുമായ കാര്യങ്ങളിൽ *ഞെരുക്കത്തിലായി. അവൻ ആ ദേശത്തെ ഒരു പൗരൻെറ അടുത്ത് അഭയംതേടി. ആ ദേശത്തെ ഒരു പൗരൻ:* സാത്താൻ. വ്യഭിചാരികളെയോ, ദുഷ്ടപിശാചുക്കളെയോ, അവൻെറ ഇഷ്ടംചെയ്യുന്ന ദുർമാർഗികളെയോ ആണ് *ദേശം* എന്നു വിളിക്കുന്നത്. സാത്താൻ അവനെ *വയലിലേക്ക്* അയച്ചു. അതായത്, മ്ലേച്ഛരായ വ്യഭിചാരികളുടെ കള്ളഷാപ്പിലേക്ക്. *പന്നികൾ*: അവനെപ്പോലെയുള്ള ദുർമാർഗികളും അത്യാഗ്രഹികളും റൗഡികളും, കാരണം, എല്ലാത്തരം മ്ലേച്ഛതകളുടെയും പ്രതീകമാണ് *പന്നി.* എല്ലാ മൃഗങ്ങളിലും വച്ച് കാഴ്ചയിലും തീററിക്കാര്യത്തിലും മററെല്ലാററിലും ഇതാണ് ഏററം വൃത്തികെട്ടതും നിന്ദ്യമായതും മ്ലേച്ഛമായതും. പന്നികളുടെ ലൈംഗികാവയവങ്ങൾ വിഷയാസക്തിയുടെ അവയവങ്ങളാണ് എന്ന് പറയപ്പെടുന്നു. ആൺപന്നി മററ് മൃഗങ്ങളെക്കാൾ കൂടുതലായി അതു പയോഗിക്കുന്നു. പ്രോമെതെയൂസിനെപ്പററി ഒരു കഥയുണ്ട്: ഒരു കഴുകൻ അവൻെറ കരൾ കൊത്തിത്തിന്നു; അതുപോയി കഴിയുമ്പോൾ അതു വളർന്ന് പൂർവ്വസ്ഥിതിയിലാകും; പിന്നെയും കഴുകൻ വരും. അങ്ങനെ അവൻെറ പീഡനത്തിന് അറുതി ഇല്ലാതെ വന്നു. ജൂലിയാനൂസിനെപ്പററിയുള്ള തൻെറ രണ്ടാം പ്രസംഗത്തിൻെറ അന്ത്യത്തിൽ *വി. ഗ്രിഗറി* ഈ ഉപമ എടുത്തിട്ടുണ്ട്.[1] കുറവില്ലാതിരിക്കാൻ പക്ഷികൾ അവൻെറ കരൾ കൊത്തിത്തിന്നേണ്ടിയിരുന്നു; അങ്ങനെ ഓരോ മണിക്കൂറിലും അതു വളർന്ന് പൂർവസ്ഥിതിയിലെത്തുന്നു. ദുഷ്ടരുടെ പീഡനം ഇതിനെക്കാൾ കൂടുതലായിരിക്കും എന്ന് ഇതു കാട്ടുന്നു.

*തവിട്* അതിൻെറ പേരിനനുസൃതമായ ഒന്നാണ്. വൃത്തികെട്ടത് എന്നാണർത്ഥം. ഗുണമുള്ളതൊന്നും അതിലില്ല. *തവിട്* ഒരുപമയും ഒരു നിഗൂഢമൊഴിയുമാണ്. അവനു കിട്ടിയതിനെ *തവിട്* എന്ന് വിളിക്കുന്നു. അതു ശരീരത്തിനു പോഷണം നൽകുന്നില്ല എന്നു മാത്രമല്ല, ഭക്ഷിക്കുന്നവൻെറ വിശപ്പ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജഡികാസക്തിയും ഇതുപോലെയാണ്.

1 Oratio, V. 38

www.malankaralibrary.com



*വയർ നിറയ്ക്കാൻ അവൻ ആഗ്രഹിച്ചു:* വ്യഭിചാരികൾക്ക് നിരന്തരമായുണ്ടാകുന്ന കാമാർത്തി. കാരണം, ജഡികാസക്തി അഗ്നിയാണ്. കത്തിയെരിഞ്ഞു കഴിഞ്ഞാൽ പിന്നെയും ജ്വലിച്ചുകൊണ്ടിരിക്കും. കഴുകന്മാർ കൊത്തിത്തിന്നുകയും പിന്നെയും പീഡനത്തിനായി വളർന്നു വരികയും ചെയ്യുന്ന കരൾ എന്ന് ആലംകാരികമായി പറഞ്ഞിരിക്കുന്നു.

*ആരും അവനു കൊടുത്തില്ല:* എന്നാൽ അവന് ഒന്നിനും മതി വന്നില്ല; കാരണം, തൃപ്തിപ്പെടുത്താൻ പററാത്ത വയാണവ. അവന്റെ ജഡികാർത്തിയും അതിന്റെ പൂർത്തീകരണവും *ക്ഷാമം* ഉണ്ടാക്കി. ദുർന്നടപ്പുകാരനായ മനുഷ്യന് എല്ലാ ജഡവും സന്തോഷപ്രദമാണ്. അവൻ തികച്ചും അരിഷ്ടനായിത്തീർന്നു. അതിനുശേഷം അവൻ അനുതാപിയുടെ വസ്ത്രം ധരിക്കുന്നു. സാത്താന്റെ ആക്രമണത്തെക്കുറിച്ച് *അവനു സുബോധം വന്നു.* അവൻ അനുതാപത്തിന്റെ വാതിലിനെ സമീപിക്കുന്നു. *എന്റെ പിതാവിന്റെ ദാസന്മാർ:* സ്നാനം സ്വീകരിക്കാൻ ഒരുങ്ങിക്കൊണ്ട് പള്ളിയുടെ വാതില്ക്കൽ ഇരിക്കുന്നവരെപ്പററിയാണ് സൂചന. അവന്റെ ശുദ്ധത നഷ്ടമായതു് ദൈവികമായ പ്രബോധനം നഷ്ടമാക്കിയതു് കാട്ടുന്നു. അപ്പോൾ അവൻ എന്തുപറഞ്ഞു? എന്റെ അരിഷ്ടതയുടെ നിസ്സഹായാവസ്ഥയിൽനിന്നു് *ഞാൻ എഴുന്നേററ് പോകും;* ഞാനെന്റെ പിതാവിന്റെ പക്കലേക്കു പോകും; നടന്നല്ല, ചിന്തയിൽ. *'സ്വർഗത്തിനെതിരായും നിനക്കെതിരായും ഞാൻ പാപം ചെയ്തു. നിന്റെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല'* എന്നു് നികൃഷ്ട മനുഷ്യാ, നീ എന്തിനാണ് അവനോട് പറയുന്നതു്? 'നിന്റെ മുമ്പിൽ നിൽക്കാൻ ഞാൻ അർഹനല്ല; ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗത്തിലേക്കു നോക്കാൻ എനിക്കു ധൈര്യമില്ല': സ്വർഗത്തിലേക്കു കണ്ണുകളുയർത്താൻ ധൈര്യപ്പെടാത്ത ചുങ്കക്കാരനെപ്പോലെയാണവൻ (18:13). ഞാൻ സ്വർഗ്ഗത്തിനുപകരം ദുരിതപൂർണമായ ഭൂമി തെരഞ്ഞെടുത്തു. *'നിന്റെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ അർഹനല്ല':* ഞാൻ പുത്രത്വം ഇനിയും തേടുന്നില്ല; എന്റെ സ്വാതന്ത്ര്യേച്ഛയാൽ ഞാനതു നഷ്ടപ്പെടുത്തി. അതുകൊണ്ടു് ഒന്നാം നിരസ്സു് *ഞാൻ അർഹനല്ല:* അതായതു് പുത്രത്വത്തിനു്. അടിമത്തം എന്ന രണ്ടാം നിരസ്സു പോലും ഞാൻ അർഹനല്ല. ഒരുപക്ഷേ നിന്റെ മനോഗുണം കൊണ്ടു് മൂന്നാംനിരയിലെങ്കിലും ചേർക്കണം: അതായതു് കൂലിവേലക്കാരുടെ ഗണത്തിൽ.

www.malankaralibrary.com



എന്നാൽ *അവന്റെ പിതാവ് അവനെ കണ്ടപ്പോൾ മനസലിഞ്ഞു.* അവൻ തന്റെ സ്നേഹം കാണിച്ചു. മകൻ തന്റെ പക്കലേക്കു വരുവാൻ അവൻ കാത്തുനിന്നില്ല; അവൻ ധൃതിപ്പെട്ടു് ഓടിച്ചെന്നു് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. ഓ, ദിവ്യസ്നേഹം! അവൻ കുനിഞ്ഞു് കഴുത്തിൽവീണ് അവനെ ആലിംഗനം ചെയ്തു. തന്റെ അഹങ്കാരത്തിൽ തന്റെ ചുമൽ കൊണ്ടു് മത്സരിച്ചവനായിരുന്നു അവൻ. മെരുങ്ങാത്ത മൃഗത്തെപ്പോലെ തന്റെ പിതാവിന്റെ നുകം തട്ടിക്കളയുകയും ചെയ്തു. അവന്റെ മലിനമായ ചുണ്ടുകളിൽ അവൻ ഉമ്മവയ്ക്കുന്നു. ആ അധരങ്ങളുപയോഗിച്ച് പുത്രത്വത്തെ നിന്ദിച്ചവനാണവൻ; അവനുള്ള പന്നിയുടെ ഗന്ധത്തിൽ അവനു വെറുപ്പു തോന്നിയില്ല; ചൂടും തണുപ്പും ഏററു് കട്ടിയായി പൊരിഞ്ഞ അവന്റെ ശരീരത്തെപ്പററിയും അവനു് അറപ്പു തോന്നിയില്ല.

*അവൻ തന്റെ വേലക്കാരോടു് പറഞ്ഞു:* അതായതു് വൈദികരോടു്. മേൽത്തരം വസ്ത്രം: പരിപൂർണ്ണമായ കാരുണ്യം, ദത്തെടുക്കലിന്റെ വസ്ത്രം, വിശുദ്ധ സ്നാനം. അതു് ആത്മീയ പുത്രത്വം പ്രദാനം ചെയ്യുകയും ഉറപ്പിക്കുകയും ചെയ്യുന്നു. *മോതിരം* അധികാരവും എല്ലാററിന്റെയും അവകാശവും തിരികെ നൽകുന്നതാണു്. *ഭാഷ്യകാരൻ: അവന്റെ കാലിൽ ചെരിപ്പു് അണിയിക്കുവിൻ:* ആത്മാവിന്റെ കൃപയും, വിശുദ്ധിയിലും സുവിശേഷപ്രവർത്തനങ്ങൾക്കും ഉള്ള മനസ്സിന്റെ സന്നദ്ധതയുമാണതു്. *കൊഴുത്ത കാളക്കുട്ടി:* നമ്മുടെ കർത്താവിന്റെ ശരീരവും രക്തവുമാണു്. മററുള്ളവർ അവിടുത്തെ *കുഞ്ഞാടു്* എന്നു വിളിക്കുമ്പോൾ, അവിടുന്നു സ്വയം *കാളക്കുട്ടി* എന്നു വിളിക്കുന്നു. അവന്റെ സൗരഭ്യം ലോകത്തിനു മുഴുവൻ പര്യാപ്തമാണു്. *നമുക്കു് ഭക്ഷിച്ചാഹ്ലാദിക്കാം:* ദിവ്യരഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വമാണു്. അവനെ *മൃതൻ* എന്നു് അവൻ വിളിക്കുന്നു. ഒരുവികാരവും ഇല്ലാത്ത മരിച്ചവനിൽനിന്നു്, തന്റെ ദുഷ്ടതയുടെ ആഴത്തിൽ, അവനൊട്ടും വ്യത്യസ്തനല്ലായിരുന്നു. 'സുഖഭോഗങ്ങളിൽ മുഴുകി ഇരിക്കുന്നവൾ ജീവിച്ചിരിക്കുമ്പോഴേ മരിച്ചവളാണു്' (1 തിമോ. 5: 6). 'പാപത്തിൽ മൃതരായ നിങ്ങളെ ക്രിസ്തു തന്നോടുകൂടി ജീവിപ്പിച്ചിരിക്കുന്നു' (കൊളോ. 2:13).

*അവന്റെ മൂത്ത മകൻ വയലിൽ ആയിരുന്നു:* ലോകത്തിൽ സുകൃതം അഭ്യസിക്കുകയായിരുന്നു. അവൻ കേട്ട *സംഗീതശബ്ദം*, പാപിയുടെ തിരിച്ചുവരവിൽ മാലാഖമാരും മനുഷ്യരും സന്തോഷിക്കുന്നതുമായി താരതമ്യപ്പെടുത്തുന്നു. ഉപമയുടെ രൂപീകരണമനുസരിച്ച്, '*അവൻ ഒരു വേലക്കാരനെ*

www.malankaralibrary.com



*വിളിച്ചു: അവൻ കോപിച്ച് അകത്തു കയറാൻ വിസമ്മതിച്ചു:* ഫരിസേയരുടെ മനസ്സിന്റെ ദുഷ്ടതയിലേക്ക് വിരൽ ചൂണ്ടുന്നു. ചുങ്കക്കാരുടെയും വേശ്യകളുടെയും മാനസ്സാന്തരത്തിൽ അവർ നീരസപ്പെട്ടു. വീണ്ടും, അനുതാപികളുടെ സ്വീകരണത്തിൽ ദുഃഖിച്ച നീതിമാന്മാരെയും സൂചിപ്പിക്കുന്നു. *ഞാൻ നിനക്കു ദാസ്യവേല ചെയ്യുന്നു:* നിന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നതിൽ ഞാൻ ഉത്സുകനാണ്.

*നീ എനിക്ക് ഒരിക്കലും ഒരു കോലാട്ടിൻകുട്ടിയെപ്പോലും തന്നില്ല:* നമ്മുടെ ഉള്ളിൽ ഉയരുന്ന വിവിധതരം പാപവികാരങ്ങളെയാണ് *കോലാട്ടിൻകുട്ടി* എന്ന് അവൻ വിളിക്കുന്നത്. *'കോലാട്ടിൻകുട്ടി'കൾക്ക്* കറുത്ത നിറമാണ് അനിയന്ത്രിതമാണ് അവയുടെ പെരുമാററം. അവ ദൂരേയ്ക്ക് ഓടിപ്പോകുകയും അകലത്തേക്ക് തുള്ളിച്ചാടുകയും ചെയ്യുന്നതിനാൽ അവയെ ഒന്നിച്ചുകൂട്ടാൻ വിഷമമാണ്. അതുകൊണ്ടാണ് നമ്മുടെ കർത്താവ് പാപികളെ കോലാടുകളുമായി താരതമ്യപ്പെടുത്തുന്നത്: "അവൻ ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തുഭാഗത്തുമായി നിർത്തും" (മത്താ. 25: 33). സമൂഹത്തിന്റെ പാപം മുഴുവൻ കോലാടിന്റെ തലയിൽവച്ച് അതിനെ മരുഭൂമിയിലേക്ക് അയയ്ക്കണം (ലേവ്യ. 16:10). എന്ന് എഴുതപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ, തന്റെ വികാരപൂർത്തീകരണത്തിനായി ഒരു കോലാടിനെപ്പോലും തന്നില്ല എന്നാണ് അവൻ പറഞ്ഞത്. 'നിയമം അനുസരിക്കുന്നവർ തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കണം' എന്ന് ലംഘനത്തിനു ശേഷം കല്പിക്കപ്പെട്ടിരിക്കുന്നു. *നീ ഒരിക്കലും എനിക്കു തന്നിട്ടില്ല:* ദൈവം വികാരങ്ങൾ അയയ്ക്കുന്നു എന്ന അർത്ഥത്തിലല്ല; പിന്നെയോ, എന്റെമേൽ നിനക്കുള്ള പരിപാലനയും എന്നെ നിയന്ത്രിക്കുന്ന നിന്റെ കല്പനകളും കൂടാതെ എന്നെത്തന്നെ നീ ഒരിക്കലും സ്വതന്ത്രനായി വിട്ടിട്ടില്ല. "അവൻ അവനു ദുഃഖത്തിന്റെ അപ്പത്തെ നൽകി"; "അധമ വികാരത്തിന് അവൻ അവരെ കൈവിട്ടു" (റോമ. 1:28). ഞാൻ ഫറവോന്റെ ഹൃദയം കഠിനപ്പെടുത്തി (പുറ. 7:3) എന്നു പറയുന്നതുപോലെ.

വികാരങ്ങളെയും ഇളക്കങ്ങളെയും അവയുടെ ബന്ധംവഴി *എന്റെ സ്നേഹിതൻമാർ* എന്ന് അവൻ വിളിക്കുന്നു. അവ ചിലപ്പോൾ നമ്മെ ദുഷിപ്പിക്കുമെങ്കിലും, നാം അവയെ ഇഷ്ടപ്പെടുന്നു. കാരണം ജഡികവികാരങ്ങൾ ജഡത്തിന് ഇഷ്ടമാണ്. അവ ഉള്ളിൽ ഇളക്കങ്ങൾ ഉണ്ടാക്കുന്നു. അവയ്ക്കു ശമനം വന്നില്ലെങ്കിൽ അവ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യും.

www.malankaralibrary.com



*ചിലർ: നീ എനിക്കു ഒരു കോലാട്ടിൻകുട്ടിയെപ്പോലും തന്നില്ല* എന്നതു്, കോലാട്ടുകളാകുന്ന പാപങ്ങളിലും ദുർവ്വികാരങ്ങളിലും വ്യാപരിക്കുന്നതിനു് നീയെന്നെ തിരുലിഖിതത്തിൽ അനുവദിച്ചില്ല. നീ കല്പിച്ചതനുസരിച്ചു്, ഞാൻ കഠിനാധ്വാനം ചെയ്തു; ഭാരം വഹിച്ചു. വിശ്രമം തേടുന്നവനെപ്പോലെ ഞാൻ എൻെറ ഹൃദയാഭിലാഷങ്ങൾക്കോ, ആത്മസ്നേഹത്തിനോ വിശ്രമം കൊടുത്തില്ല; പ്രത്യുത മറിച്ചാണ് ചെയ്തിട്ടുള്ളതു്.

*എനിക്കുള്ളതെല്ലാം നിൻേറതാണ്*: പുത്രൻ എന്ന നിലയിൽ എല്ലാ ദാനങ്ങളിലും നിനക്കു പങ്കുണ്ടായിരിക്കും. എന്നാൽ ഇവനെ കൃപയാലാണ് സ്വീകരിച്ചിരിക്കുന്നതു്. പാപികൾ അനുതപിക്കുന്നെങ്കിലും, നീതിമാന്മാർക്കുള്ള ആത്മധൈര്യം അവർക്കു് ഒരിക്കലുമില്ല എന്നു് അവൻ കാണിക്കുന്നു. വ്രണം സുഖപ്പെട്ടാലും ശരീരത്തിൽ മുറിപ്പാടു് നിലനിൽക്കും. *നീ എപ്പോഴും എന്നോടുകൂടെ ഉണ്ടല്ലോ*: തൻെറ ചിന്തയിലെങ്ങും ദൈവത്തിൽനിന്നു് അവൻ അകന്നില്ല; അഥവാ, തൻേറതെന്ന നിലയിൽ ദൈവത്തോടുകൂടി സ്വർഗീയാനുഗ്രഹങ്ങൾ അവൻ അനുഭവിക്കുന്നു.

## പുസ്തകം XVI

ധനവാനായ മനുഷ്യനു് ഒരു കാര്യസ്ഥൻ ഉണ്ടായിരുന്നു (16:1). വിഷയാസക്തരെപ്പററിയായിരുന്നു നേരത്തെയുള്ള ഉപമ; ഇതാകട്ടെ അത്യാഗ്രഹികളെപ്പററിയാണ്. ദൈവത്തെ *ധനവാൻ* എന്നു് അവൻ വിളിക്കുന്നു; കാരണം, എല്ലാം ദൈവത്തിൻേറതാണ്. *കാര്യസ്ഥൻ*: തങ്ങളുടെ സ്വന്ത ഉപയോഗത്തിനും മററുള്ളവർക്കു നല്ലാനമായി ദൈവത്തിൽനിന്നു് സമ്പത്തു ലഭിച്ചവർ.

*പരാതി ലഭിച്ചു*: നീതിപൂർവം അവനെപ്പററി അന്വേഷണം നടത്തി. അവൻ പീഡിപ്പിച്ചവരുടെ നിലവിളിയെ അവൻ *പരാതി* എന്നു വിളിക്കുന്നു. *സമ്പത്ത് ദുർവ്യയം ചെയ്യുന്നു*: അവൻ നീതിപൂർവ്വം അതു കൈകാര്യം ചെയ്തില്ല. *യജമാനൻ അവനെ വിളിച്ചു*, എന്നതു് മാനുഷികരീതിയിൽ പറഞ്ഞിരിക്കുന്നതാണ്. *നിന്നെപ്പററി ഞാൻ എന്താണ് കേൾക്കുന്നത്? കേൾവി*: കാര്യസ്ഥത സംബന്ധിച്ചു് ഭാവിയിൽ ലഭിക്കാനിരിക്കുന്ന ശിക്ഷ എന്താണെന്നു് പീഡകരിൽനിന്നും ചട്ടമ്പികളിൽനിന്നും അവിടുന്നു് മറച്ചുവച്ചില്ല. *മേലിൽ നീ കാര്യസ്ഥനായിരിക്കാൻ പാടില്ല*: ഈ ലോക

www.malankaralibrary.com



ത്തിൽനിന്നുള്ള അവൻെറ വേർപാടിനെ കുറിക്കുന്നു; അഥവാ, അവൻ ജീവിച്ചിരിക്കെത്തന്നെ അവൻെറ സമ്പത്ത് അവനിൽ നിന്ന് നീക്കപ്പെടുന്നത്.

ഇതിനുശേഷം അവൻെറ മാനസ്സാന്തരത്തെപ്പററിയാണ് പറയുന്നത്. *ആ കാര്യസ്ഥൻ ആത്മഗതം ചെയ്തു: അവനു സുബോധം വന്നു* എന്ന് മുടിയനായ പുത്രനെപ്പററി പറഞ്ഞിരിക്കുന്നതുപോലെയാണിത്. *ഞാനെന്തു ചെയ്യും? യജമാനൻ കാര്യസ്ഥത എന്നിൽനിന്ന് എടുത്തുകളയുന്നു:* മരണദിവസം അവരുടെ വേദനയുടെ കാഠിന്യത്തെ കുറിക്കുന്നു. *കുഴിക്കുവാൻ:* ഞാൻ ഈ ലോകത്തിൽ നിന്ന് കടന്നുപോകുമ്പോൾ അധ്വാനിക്കാനോ എൻെറ കൈകൾകൊണ്ട് ജോലി ചെയ്യാനോ എനിക്കു സാധിക്കുകയില്ല. വെള്ളമൊഴുകാൻ കനാൽ ഉണ്ടാക്കുന്നവരെപ്പോലെ *കുഴിക്കാൻ* എന്നാണ് അവൻ പറഞ്ഞത്. കുഴിക്കുന്നത് അധ്വാനമാണല്ലോ. *മററുചിലർ:* ഞാൻ ഈ ലോകത്തിൽനിന്നു കടന്നുപോകുന്നതിനാൽ എൻെറ യജമാനൻെറ ഭവനത്തിൽ പണം ഒളിച്ചുവയ്ക്കാനായി കുഴിക്കാൻ എനിക്കു കഴിയില്ല. *ഞാൻ എന്തുചെയ്യണമെന്ന് എനിക്കറിയാം:* ധനംകൊണ്ട് ചെയ്യാവുന്നതിനെപ്പററി അവൻ ചിന്തിക്കുന്നു. ഇവിടെയുള്ള വസ്തുവകകൾകൊണ്ട് അവിടെ പാപത്തിൻെറ ഭാരം അവൻ കുറയ്ക്കാൻ ശ്രമിക്കുന്നു. *കാര്യസ്ഥത എന്നിൽനിന്ന് എടുത്തുകളയുമ്പോൾ:* തൻെറ മരണദിനത്തെയാണ് ഉദ്ദേശിക്കുന്നത്. *അവർ തങ്ങളുടെ ഭവനങ്ങളിൽ എന്നെ സ്വീകരിക്കാൻ:* നല്ല കാര്യങ്ങളിൽ നീതിമാന്മാർക്കുള്ള പങ്കിനെ സൂചിപ്പിക്കുന്നു.

തൻെറ കടക്കാരെ അവൻ *യജമാനൻെറ കടക്കാർ* എന്നു വിളിക്കുന്നു. അവൻ അവരെ പററിച്ചെടുത്തത് അവൻ അവർക്കു തിരിച്ചുകൊടുക്കേണ്ടതുണ്ട്. *കടക്കാർ* എന്നത്, കൊടുക്കാനുള്ളവരെയോ, തിരിച്ചുതരാനുള്ളവരെയോ കുറിക്കാം. എന്നാൽ ഇവിടെ തൻെറ സമ്പാദ്യത്തിൽനിന്ന് കടക്കാർക്ക് അങ്ങോട്ടു കൊടുക്കാനുള്ള ഒരു കടക്കാരനായിരുന്നു ഈ കാര്യസ്ഥൻ.

*എണ്ണയും ഗോതമ്പും:* പാവപ്പെട്ടവരിൽനിന്ന് ധനവാന്മാർ പിടിച്ചെടുത്തവയെ സൂചിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിന് ആവശ്യമുള്ള രണ്ടു വസ്തുക്കളാണ് ഇവ രണ്ടും. *നീ എനിക്കെന്തു കടപ്പെട്ടിരിക്കുന്നു?* അതായത്, ഞാൻ നിനക്ക് എന്തു കടപ്പെട്ടിരിക്കുന്നു? *അൻപത് എന്നെഴുതുക:* ഞാൻ നിനക്ക് കടപ്പെട്ടതിൻെറ പകുതി ഞാൻ മടക്കിത്തരുന്നു.

www.malankaralibrary.com



*നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു:* അവൻ നേരത്തെ നീതിരഹിതമായും നൈയാമികമല്ലാതെയും പ്രവർത്തിച്ചു എങ്കിലും ബുദ്ധിപൂർവം തന്റെ തെററായ ചെയ്തികളെ ശരിപ്പെടുത്തി. ധനശേഖരണത്തിനുള്ള ഉദ്ദേശ്യംകൊണ്ടാണ് *നീതിരഹിതനായ കാര്യസ്ഥൻ* എന്ന് അവനെ വിളിച്ചത്. *ധനം* അനീതി എന്നല്ല പറഞ്ഞത്; പിന്നെയോ അവൻ നീതിരഹിതമായി അതിനെ ഉപയോഗിച്ചു എന്നാണ് പറഞ്ഞത്.

*ഈ ലോകത്തിന്റെ മക്കൾ:* ഈ ലോകത്തിൽവച്ച് സ്വർഗീയജീവിതം സമ്പാദിക്കാൻ ദരിദ്രരും നിരാലംബരുമായ മനുഷ്യരെക്കാൾ ധനവാന്മാർക്ക് എളുപ്പവും സൗകര്യപ്രദവുമാണ്. ഉപവാസവും പ്രാർത്ഥനയും കൂടാതെയും ദുരാശകൾക്കും പിശാചുക്കൾക്കും എതിരെയുള്ള പോരാട്ടം കൂടാതെയും തങ്ങളുടെ വസ്തുവകകൾ പങ്കിടുന്നതുവഴി അവർ രക്ഷിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യുന്നു. സദ്പ്രവൃത്തികൾകൊണ്ട് സമ്പാദിക്കുന്ന നീതീകരണത്തെക്കാൾ എളുപ്പമാണ് ദാനധർമ്മം വഴി ലഭിക്കുന്നത്. ഈ നീതീകരണം പുറത്തുനിന്നു വരുന്നു; എന്നാൽ നമ്മുടെ ഉള്ളിലുള്ള സ്വാഭാവികമായ ആഗ്രഹങ്ങൾക്കും ദുരാശകൾക്കും എതിരായിട്ടാണ് പോരാട്ടം. വീണ്ടും, ഈ *പ്രശംസ* (16:8) ദാനധർമ്മങ്ങളിൽ ഏർപ്പെട്ടവർക്ക് എന്നതിലുപരി തങ്ങളുടെ സമ്പാദ്യം വിതരണം ചെയ്യുവർക്കാണ്. ദാനധർമ്മം എല്ലാവരും കാണുന്നതാണല്ലോ. മററത് നിഗൂഢമാണ്, മററുള്ളവർ കാണുന്നുമില്ല ധനവാന്മാരെ *ഈ ലോകത്തിന്റെ മക്കൾ* എന്ന് അവൻ വിളിക്കുന്നു. മററുള്ളവരെക്കാൾ കൂടുതൽ ഭാഗം അവർ കൈവശം വച്ചിരിക്കുന്നു. അതായത്, അവർ മററുള്ളവരേക്കാൾ കൂടുതലായി അതിൽനിന്ന് പങ്കുപററുന്നു. *കൂടുതൽ ബുദ്ധിശാലികൾ* എന്നാൽ മെച്ചപ്പെട്ട സാഹചര്യത്തിൽ എന്നർത്ഥം.

*അനീതിയുടെ ഈ മാമോനെകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ* (16:9). ധനസമ്പാദനത്തിൽ ഈ ലോകത്തിൽ വളരെ അനീതി നടമാടുന്നുണ്ട്. അതുകൊണ്ട് അനേകം സ്നേഹിതരെ സമ്പാദിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങൾ ഈ ലോകത്തിൽ നിന്ന് *വേർപെടുമ്പോൾ, അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കുന്നതിനാണിത്.* ഈ ലോകത്തിന്റേതായ ആശാപാശങ്ങളുടെ ചുരുക്കമാണ് മാമോൻ. *ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ* (16:10): ഈ ലോകത്തിലെ നന്മകൾ. വരാനിരിക്കുന്ന ലോകത്തിലെ നന്മകൾ സുനിശ്ചി

www.malankaralibrary.com



തവും നിരവധിയുമാണ്. ഈ ലോകത്തിന്റെ നേട്ടം ലഘുവും നിസ്സാരവും ആണ്; അതാകട്ടെ, അന്ത്യമില്ലാത്തതും. *നിങ്ങളുടേതല്ലാത്തതിൽ* എന്നതുകൊണ്ട് ഈ ലോകത്തിലെ സമ്പാദ്യങ്ങളെയാണു സൂചിപ്പിക്കുന്നത്; *നിങ്ങളുടേതായിട്ടുള്ളത്* യഥാർത്ഥമാണ്; അത് സ്വർഗത്തിലാണ്.

*ഒരു ധനവാൻ ഉണ്ടായിരുന്നു; അവൻ ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും ധരിച്ചു....* (16:19). ഇതൊരു പ്രതിപാദനമാണ്; നടന്ന സംഭവമല്ല. *ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും* ധനവാന്റെ സുഭിക്ഷത യെയും ആഡംബരജീവിതത്തെയും സൂചിപ്പിക്കുന്നു. അതിനു നേരെ വിപരീതമായി മുറിവുകളുള്ള ലാസറിനെ അവതരിപ്പിക്കുന്നു. *ലാസർ* എന്നത് എബ്രായ വാക്കാണ്. *ദരിദ്രൻ* എന്നാണ് സുറിയാനിയിൽ അർത്ഥമെന്നു ചിലർ; *സഹതാപാർഹൻ* എന്നു വേറേ ചിലർ അർത്ഥം പറയുന്നു. ധനവാനെ ലജ്ജിപ്പിക്കാനാണ് ധനവാനു വിപരീതമായി ലാസറിന്റെ പേരു കൊടുത്തിരിക്കുന്നത്. *നായ്ക്കൾ വന്ന് അവന്റെ വ്രണങ്ങൾ നക്കിയിരുന്നു* (16:21). അപ്പക്കഷണങ്ങൾ താഴെ വീഴുമ്പോൾ അവൻ കാലും കൈയും കുത്തി തറപറ്റി ക്കിടന്ന് നക്കിത്തിന്നിരുന്നു. അതു കാണുന്ന നായ്ക്കൾ ഉച്ഛിഷ്ടം വിട്ടിട്ട് അവന്റെ ശരീരത്തിൽനിന്നൊഴുകിയ ചലം *നക്കിയിരുന്നു.* ധനവാന്റെ വസ്ത്രങ്ങൾക്കു പകരമായി ലാസറിന്റെ മുറിവുകൾ സ്പോഞ്ചിനു പകരമായി നായ്ക്കൾ നക്കുന്നത് അവിടുന്ന് അവതരിപ്പിക്കുന്നു.

*അവരിരുവരും മരിച്ചു.* ലാസറിനെ ദൂതന്മാർ അബ്രഹാമിന്റെ മടിയിലേക്ക് എടുത്തുകൊണ്ടുപോയി. കഴുതയെ അടക്കുന്നതുപോലെ ധനവാൻ അടക്കപ്പെട്ടു (16:22–23). *ധനവാൻ ദൂരെ അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു* (16:23–24). നീതിമാന്മാരും നീതിരഹിതരും ഒന്നിച്ചല്ല കഴിയുന്നത് എന്ന് ചൂണ്ടിക്കാട്ടുന്നു. *തന്റെ വിരൽതുമ്പ് മുക്കി എന്റെ ദാഹം ശമിപ്പിക്കുന്നതിനായി ലാസറിനെ അയയ്ക്കണമെ* എന്നത് പാപികളുടെമേൽ വന്നു ഭവിക്കുന്ന ശിക്ഷയുടെ കാഠിന്യത്തെ കുറിക്കുന്നു; ഭാഗ്യവാന്മാരുടെ നല്ല വസ്തുക്കളെ അവർ ആഗ്രഹിക്കുന്നതിനെ പ്പറ്റി. അവൻ അബ്രഹാമിനെ *പിതാവ്* എന്നു വിളിക്കുന്നു (16:24). സദ്പ്രവൃത്തികളില്ലെങ്കിൽ, പേരുകൊണ്ടുള്ള ബന്ധുത്വമോ, രക്തബന്ധമോ ഒന്നും സഹായിക്കുകയില്ല എന്ന് യഹൂദരെപ്പറ്റിയാണ് അവിടുന്ന് പറഞ്ഞത്. നിന്റെ സുഖ സൗകര്യങ്ങളും നീതിമാന്റെ കഷ്ടപ്പാടുകളും നീ ഓർക്കുക; (16:25) അവൻ അവ രണ്ടും തൂക്കിനോക്കുന്നു.

www.malankaralibrary.com



ഞങ്ങൾക്കും നിങ്ങൾക്കും മധ്യേ ഒരു വലിയ ഗർത്തമുണ്ട് (16:26): ഞങ്ങൾക്കും നിങ്ങൾക്കും ഇടയിലുള്ള സ്ഥലം വളരെ ആഴമുള്ളതും കടക്കുവാൻ പാടില്ലാത്തതുമാണ്. ആ ഗർത്തം ഭയാനകവും വലുതുമാണ്. പിന്നീട് അവൻ നീതിയെപ്പററിയും ദൈവത്തിൻെറ പരിശോധനയെപ്പററിയും പറയുന്നു. പിന്നീട് ഉപമയിൽ അബ്രഹാമിനെപ്പററി പറയുന്നു. ദാവീദിനെപ്പററിയും മററാരെപ്പററിയും പ്രതിപാദിക്കുന്നില്ല. ഒന്നാമതായി, സമൃദ്ധിയുടെയും ദാരിദ്ര്യത്തിൻെറയും അനുഭവം ഉണ്ടായ വ്യക്തിയാണ് അബ്രഹാം. രണ്ട്, അവന് പാവങ്ങളോട് വളരെ സ്നേഹമുണ്ടായിരുന്നു; പാവപ്പെട്ടവരുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കാൻ ദത്തശ്രദ്ധനായിരുന്നു. മൂന്ന്, ദയയിൽ മററുള്ളവരെക്കാൾ മുൻപന്തിയിൽനിന്ന ദാവീദ് ദുഷ്ടൻെറ ധിക്കാരം നിമിത്തം അവനോട് കാരുണ്യം കാട്ടിയില്ല (സങ്കീ. 101:8). *ധനവാൻ ലാസറിനെ കണ്ടത്* (16:24) മാനസിക വ്യാപാരം വഴിയോ, ദർശനം തടസ്സം കൂടാതെ കടക്കുന്ന പദാർത്ഥങ്ങളുടെ സുതാര്യതവഴിയോ ആകാം.

യഹൂദരെയാണ് *അഞ്ചു സഹോദരൻമാർ* എന്ന് അവൻ വിളിക്കുന്നത് (16:28). തിരുലിഖിതത്തിലെ ഉപദേശങ്ങളെയും കല്പനകളെയും, കാരുണ്യം എന്ന വിഷയം സംബന്ധിച്ച്, *മോശയും പ്രവാചകൻമാരും* എന്ന് അവൻ വിളിക്കുന്നു. *മരിച്ചവരിൽനിന്ന് ഒരുവൻ ഉയിർത്താലും അവർ അവനിൽ വിശ്വസിക്കുകയില്ല* (16:31) എന്നതു് തന്നിൽ എന്നാണർത്ഥം; അതായത്, തൻെറ ഉത്ഥാനത്തിനു ശേഷവും അവർ തന്നിൽ വിശ്വസിക്കുകയില്ല.

*ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെ* (17:5). എല്ലാ സുകൃതങ്ങളിലും ദൈവത്തിലുള്ള വിശ്വാസമാണ് ഏററവും വലുതും ഏററവും പ്രയോജനപ്രദവും എന്ന് നമ്മുടെ കർത്താവ് നിരന്തരമായി തൻെറ ശിഷ്യരോട് പറഞ്ഞുകൊണ്ടിരുന്നു. അതുവഴി അവിടുത്തോടുള്ള സ്നേഹത്തെപ്രതി സഹിക്കുവാനും പ്രവർത്തിക്കാനും അവർ ശക്തരായിത്തീരും. അതുകൊണ്ട്, തങ്ങളുടെ *വിശ്വാസം വർദ്ധിപ്പിക്കണമെ* എന്ന് അവർ അപേക്ഷിച്ചു. അതുകൊണ്ട്, നമ്മുടെ കർത്താവ്, അതിൽനിന്നു വരുന്ന സഹായം ഉചിതമായി വർദ്ധിപ്പിച്ചു. സസ്യങ്ങളിൽ ഏററവും ചെറുതാണെങ്കിലും *കടുകുമണി* മുളയ്ക്കുന്നതിനുള്ള ശക്തിയിൽ മറെറല്ലാററിലും വലുതാണെന്ന് അവിടുന്നു പറയുകയുണ്ടായി. അതുപോലെ നിങ്ങളും, നിങ്ങൾ മറെറല്ലാ മനുഷ്യരെക്കാളും ബലഹീനരാണെങ്കിലും, ദൈവത്തിലുള്ള വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾക്ക് എല്ലാ

www.malankaralibrary.com



കാര്യങ്ങളും എളുപ്പത്തിൽ ചെയ്യാൻകഴിയും. അങ്ങനെ, നിങ്ങളുടെ വാക്കുകൊണ്ട് *സിക്കമിൻ വൃക്ഷത്തെ* വേരോടെ ഇളക്കി കടലിൽ നടുവാൻ നിങ്ങൾക്കു സാധിക്കും. വീണ്ടും, *നിങ്ങൾക്കു വിശ്വാസം ഉണ്ടെങ്കിൽ*: അവർക്കു വിശ്വാസം ഇല്ലായിരുന്നു എന്ന അർത്ഥത്തിലല്ല. അവർ ദുഷ്ടന്റെ ക്രൂരമ്പുകളെ തട്ടിത്തെറിപ്പിക്കുകയും ലോകത്തെയും അതിന്റെ സന്തോഷങ്ങളെയും ചവിട്ടിമെതിക്കുകയും അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തതിൽനിന്ന് ഇതു വ്യക്തമാണ്. കനാൻകാരി സ്ത്രീയുടെയും ശതാധിപന്റെയും മറ്റുള്ളവരുടെയും വിശ്വാസത്തെ അവിടുന്നു പ്രകീർത്തിച്ചെങ്കിൽ, ശിഷ്യരുടെ വിശ്വാസത്തെ എത്രയധികമായി അവിടുന്നു പരിഗണിക്കുകയില്ല!

ഇതാ, വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു. ചിലതു് വഴിയരികിൽ വീണു (8:5). അതായതു് വിശ്വാസത്തിന്റെ വചനം. അവരുടെ ആത്മാക്കളുടെ നിലത്തു് *വിശ്വാസം* ഉണ്ടായിരുന്നില്ല. പിശാചുബാധിതനെ സുഖപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ലല്ലോ എന്നു നീ പറയുമായിരിക്കും. എങ്കിലും സംഗതി ശരിയായി നടന്നു എന്നറിഞ്ഞാലും. നമ്മുടെ കർത്താവിന്റെ സ്വഭാവത്തിന്റെ ഭാഗം പോലെയായിരുന്നു വചനം. 'ഇതാ, പിശാചുക്കൾപ്പോലും നിന്റെ നാമത്തിൽ ഞങ്ങൾക്കു കീഴടങ്ങുന്നു' (10:17) എന്നും, 'നിന്റെ നാമത്തിൽ പിശാചിനെ ഓടിക്കുന്ന ഒരുവനെ ഞങ്ങൾ കണ്ടു; എന്നാൽ ഞങ്ങൾ അവനെ മുടക്കി (9:49) എന്നും അവർ ഏറ്റുപറഞ്ഞതിൽനിന്ന് ഇതു വ്യക്തമാണ്. എങ്കിലും, നമ്മുടെ കർത്താവിന്റെ സാന്നിധ്യത്തിൽ അവർ അടയാളങ്ങൾ പ്രവർത്തിക്കുന്നതു് ഉചിതമല്ലായിരുന്നു; അസൂയകൊണ്ടല്ല, പിന്നെയോ, ക്രമത്തിന്റെ മനോഹാരിതയ്ക്കു്. വീണ്ടും, ഈ ജോലി സംബന്ധിച്ചു് അസാധാരണത്വം ഒന്നും ഇല്ല എന്നു് പാമ്പരവിദ്ധ്വികൾ ചിന്തിക്കാതിരിക്കാൻ. തങ്ങളുടെ നാഥനെപ്പോലെ ശിഷ്യരും ഇക്കാര്യത്തിൽ പരിപൂർണരാക്കപ്പെടുവാനും അവിടുത്തെപ്പോലെ പ്രവർത്തിക്കാനും. എങ്കിലും അവിടുന്നു് അവരുടെ വിശ്വാസക്കുറവിനെ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ അവരുടെ പൊള്ളയായ മിഥ്യാധാരണകളെ അവിടുന്നു തിരുത്തുകതന്നെ ചെയ്യുന്നു.

വീണ്ടും, *ഞങ്ങൾക്കു നൽകുക, ഞങ്ങളെ സഹായിക്കുക* എന്നിങ്ങനെ താഴ്മയായി അപേക്ഷിക്കാതെ, തങ്ങൾക്കു് ഏതാണ്ടു് ഉണ്ടു് എന്ന മട്ടിലും പൂർണമാകാൻ അല്പം കുറവുണ്ടു് എന്ന മട്ടിലും ആത്മധൈര്യത്തോടെ ചിലർ ചോദിക്കുന്നതുപോലെ *ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെ* എന്നു് അപേക്ഷിച്ചതിനാൽ, ഹൃദയങ്ങളെ അറിയുന്നവനായ അവി

www.malankaralibrary.com



ട്ടനും അവരുടെ ബാലിശത്വത്തെ ശരിയായിത്തന്നെ കുററപ്പെടുത്തി; കടുകുമണിയുടെ ഉപമ അവതരിപ്പിച്ചു. കടുകുമണിയെപ്പോലെ ഓരോ ദിവസവും നിങ്ങളുടെ വിശ്വാസം വർദ്ധിക്കണം; അതിൻെറ മററു ഗുണങ്ങളും നേടണം.

സുകൃതപരിശീലനം ഇത്ര ദുഷ്കരമായിരിക്കുന്നതു് എന്തുകൊണ്ടാണ്? മനുഷ്യരോട് മല്ലടിക്കാൻ പിശാചുക്കളെ എന്തിനാണ് അനുവദിച്ചിരിക്കുന്നതു്? അഞ്ചു കാരണങ്ങളാലാണ്: ഒന്നു്, ദൈവഭയത്തിൻെറ അറിവിനാൽ നമ്മുടെ ബലഹീനത പരിശോധനാവിധേയമാക്കാൻ. രണ്ടു്, നമ്മുടെ സ്രഷ്ടാവിനോടുള്ള സ്നേഹത്തെപ്രതി ക്ലേശങ്ങൾ സഹിക്കുന്നതിനാൽ അവിടുത്തോടുള്ള സ്നേഹം പ്രസ്പഷ്ടമാക്കാൻ. മൂന്നു്, നമ്മുടെ ബലഹീനത മനസ്സിലാക്കി, അവിടുത്തെ സഹായം കൂടാതെ പിശാചുക്കളെയും ദുർവികാരങ്ങളെയും കീഴടക്കാനും ദൈവഹിതം നിറവേററാനും നമുക്കു സാധിക്കയില്ലെന്നു ഗ്രഹിക്കാൻ. നാലു്, പിശാചുക്കളുടെ ദുഷ്ടതയും മനുഷ്യരോടു് അവർക്കുള്ള വെറുപ്പും വെളിപ്പെടാൻ; അവർ നിത്യമായി പീഡിപ്പിക്കപ്പെടുമ്പോൾ ദൈവനീതിയെ ആരും കുററപ്പെടുത്താതിരിക്കാൻ. അഞ്ചു്, അധ്വാനംവഴി നാം സ്വർഗീയാവകാശം സ്വന്തമാക്കി ഭയരഹിതമായി അനുഭവിക്കാൻ; ഇവിടെയുള്ള പീഡനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉന്നതത്തിൽനിന്നുള്ള നല്ല കാര്യങ്ങൾ കൂടുതൽ മാധുര്യമേറിയതായിത്തീരാൻ.

## പുസ്തകം XVII

ദൈവരാജ്യം എപ്പോളാണ് വരുന്നതെന്നു് ഫരിസേയർ യേശുവിനോടു് ചോദിച്ചു. ഇതേപ്പററി അനേക സംഗതികൾ എല്ലാസ്ഥലങ്ങളിലും അവിടുന്നു പറഞ്ഞിരുന്നു. അതുകൊണ്ടു്, ഉടനെ കാണപ്പെടാൻ പോകുന്ന ദൈവരാജ്യത്തിൻെറ സമയം എപ്പോഴാണ് എന്ന് ചോദിക്കാൻ ഫരിസേയർ അത്യധികം ആഗ്രഹിച്ചു. എന്നാൽ, പെട്ടെന്നും വേഗത്തിലും വരും എന്ന് അവരോട് പറയത്തക്കരീതിയിൽ അടയാളങ്ങളോടുകൂടിയല്ല *ദൈവരാജ്യം വരുന്നത്* എന്ന് അവിടുന്നു് അവരോടു് പറഞ്ഞു (17:20). കാരണം, രാജ്യത്തിൻെറ ഈ സ്ഥാപനം കാണിക്കുവാൻ നമ്മുടെ കർത്താവുതന്നെ തൻെറ സാന്നിധ്യത്താൽ അടുത്തായിട പ്രത്യക്ഷപ്പെട്ടതാണല്ലോ. *അടയാളങ്ങളോടുകൂടി:* അതായതു്, അവിടുത്തെ വരവിനെപ്പററി അറിയാനോ, മുൻകൂട്ടി പറയാനോ ആർക്കും സാധിക്കുകയില്ല. അതിനോടു് ബന്ധപ്പെട്ടതാണ് നല്ല വസ്തുക്കളുടെ ഈ സ്ഥാപനം. കാരണം, *ദൈവരാജ്യം നിങ്ങളിലാകുന്നു.* നിങ്ങൾക്കിതറിയാൻ സാ

www.malankaralibrary.com



ധിക്കാത്തതുകൊണ്ട് നിങ്ങൾ കൂടുതലായി ചോദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സദ്പ്രവൃത്തികളിൽ സ്ഥിരതയുള്ളവരായിരിക്കുക, എന്നോടുള്ള സ്നേഹത്തിൽ വിശ്വാസം ആർജ്ജിക്കുക എന്നിവയാണ് നിങ്ങൾക്കാവശ്യമായിരിക്കുന്നത്. നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ *ദൈവരാജ്യം നിങ്ങളിലാകുന്നു.* കാരണം, ഇതിന്റെ ആരംഭം ഞാനാണ്. വരാനിരിക്കുന്ന രാജ്യം എന്റെ വെളിപാടിലൂടെ സ്ഥാപിക്കപ്പെടും. നിങ്ങൾ, ഞാൻ പറയുന്നതു വിശ്വസിക്കുകയും എന്റെ പ്രബോധനം സ്വീകരിക്കുകയും ചെയ്താൽ ഞാൻ നിങ്ങളിലാണ്; അതുകൊണ്ട് *ദൈവരാജ്യം നിങ്ങളിലാണ്.* ചുരുക്കത്തിൽ വിശ്വാസം, സ്നേഹം, പ്രബോധനം എന്നിവയെയും, അവരുടെ ആത്മാവിലും മനസ്സിലും ഉള്ള തന്നെത്തന്നെയുമാണ് *രാജ്യം* എന്ന് അവിടുന്നു വിളിക്കുന്നത്.

രാജ്യം യേശുമിശിഹാ ആണെന്ന് *ആബാ മർക്കോസ്* പറയുന്നു. അവിടുന്ന് നിരന്തരം നമ്മിൽ വസിക്കുന്നു. "യേശുക്രിസ്തു നിങ്ങളിൽ വസിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലേ?" എന്ന് പറയപ്പെട്ടിരിക്കുന്നു. അവൻ നമ്മിൽ വസിക്കുക മാത്രമല്ല, നാം അവനിലും വസിക്കുന്നു. "എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കാം" എന്നു നമ്മുടെ കർത്താവ് അരുൾചെയ്യുന്നു (യോഹ. 15:4). ദാവീദ് പറയുന്നു: "എന്റെ കൂടാരം ആയിരിക്കുവിൻ. ഞാൻ എപ്പോഴും അതിൽ പ്രവേശിക്കട്ടെ" (സങ്കീ.61:4). നിഗൂഢനും മറഞ്ഞിരിക്കുന്നവനുമായ പരിശുദ്ധാത്മാവാണ് അതു് എന്ന് *മററുചിലർ* പറയുന്നു.

*നിങ്ങൾ മനുഷ്യപുത്രന്റെ നാളുകളിൽ ഒന്നു കാണുവാൻ ആഗ്രഹിക്കും; എന്നാൽ കാണുകയില്ല.* അതായതു്, വരാനിരിക്കുന്ന ലോകം, അതിൽ എന്റെ മഹത്ത്വം വെളിപ്പെടും. *ശവം ഉള്ളിടത്ത് കഴുകന്മാരും കൂടും.* നീതിമാന്മാരെയാണ് *കഴുകന്മാർ* എന്ന് അവിടുന്നു വിളിക്കുന്നത്. ഒന്നാമതു്, അവർ അന്തരീക്ഷത്തിലേക്ക് എടുക്കപ്പെടുന്നതിനാൽ. രണ്ട്, പക്ഷിരാജാവായി കഴുകൻ കരുതപ്പെടുന്നതിനാൽ.

നാം സ്വാഭാവിക വികാരങ്ങൾക്കെതിരെ ശ്രദ്ധാപൂർവം നമ്മെത്തന്നെ ശക്തരാക്കണമെന്ന് *ന്യായാധിപന്റെയും വിധവയുടെയും ഉപമ*യിലൂടെ അവിടുന്നു പഠിപ്പിക്കുന്നു. അവ നമ്മിൽ ഉണരുമ്പോൾ നാം അവയ്ക്കു കീഴടങ്ങാനും പാടില്ല. പിന്നെയോ, ദൈവകൃപയാലും തന്നോടപേക്ഷിക്കുന്നവരോടുള്ള അവിടുത്തെ പരിപാലനയാലും നമുക്കു വിടുതൽ

www.malankaralibrary.com



ലഭിക്കാൻ നാം തീക്ഷ്ണതാപൂർവ്വം ദൈവത്തോടപേക്ഷിക്കുകയും ക്ഷമാപൂർവം പോരാട്ടം നടത്തുകയും ചെയ്യണം ഒരു സ്ത്രീയുടെ മുട്ടിപ്പായ അപേക്ഷയിൽ നീതിരഹിതനു കാരുണ്യം തോന്നിയെങ്കിൽ തന്റെ സൃഷ്ടിയോട് കരുണാനിധിയായ ദൈവം എത്രയധികമായി കാരുണ്യം കാണിക്കുകയില്ല! അവിടുന്ന് ഒരു നിമിഷത്തേക്കു നമ്മെ പരീക്ഷണവിധേയരാക്കിയേക്കാം. അവിടുന്നു ദയാരഹിതനായതിനാലല്ല, നമ്മുടെ സഹായാർത്ഥമാണ് തന്റെ വിടുതൽ അല്പസമയത്തേക്കു മറച്ചു വയ്ക്കുന്നത്.നടന്നു എന്ന രീതിയിലല്ലിതു്, പിന്നെയോ ഉപമാമയമായിട്ടാണ് വിവരിക്കുന്നതു്. ആരംഭംമുതൽ തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മാനുഷികേച്ഛയെ അവിടുന്നു *ന്യായാധിപൻ* എന്നു വിളിക്കുന്നു. ദൈവഭയമില്ലാത്ത നമ്മുടെ ജഡത്തെയാണ് *നഗരം* എന്നു വിളിക്കുന്നതു്. ഈ ന്യായാധിപനു് ദൈവത്തെ ഭയവുമില്ല, മനുഷ്യനെ ശങ്കയുമില്ല. ഭയരാഹിത്യവും മാനുഷിക ശങ്കയില്ലായ്മയും പാപത്തിൽ ഉറപ്പിക്കുന്നു. നമ്മുടെ പൈശാചിക സ്വഭാവമാണ് *വിധവ* എന്നു് ഒരു *വിശുദ്ധവ്യക്തി* പറയുന്നു. ദുഷ്പ്രവൃത്തികൾക്കു നമ്മെ പ്രേരിപ്പിക്കുന്ന നിരന്തരവും സ്വാഭാവികവുമായ ചാച്ചിലുകളാണ് അവളുടെ *പ്രതിയോഗി.* മല്പിടുത്തത്തിലെന്നപോലെ നമ്മുടെ സ്വഭാവം അതിലേക്കെറിയപ്പെടുന്നു; നാം ഞെരുക്കപ്പെടുകയും ചെയ്യുന്നു. നമ്മിൽ ഉയരുന്ന ദുരാശകളിൽനിന്നും ദുർവികാരങ്ങളിൽനിന്നും മോചനം പ്രാപിക്കാൻ അതു് സ്ഥിരമായി ആഗ്രഹിക്കുന്നു.

*എന്റെ എതിരാളിക്കെതിരെ എനിക്കു നീതി നടത്തിത്തരണമെ ( 18:3 ).* ദുർവികാരങ്ങളിൽനിന്നും ദുഷ്പ്രേരണകളിൽനിന്നുമുള്ള വിടുതലിനുള്ള ആഗ്രഹവും തീവ്രാഭിലാഷവും. അവൾക്കു നീതി നടത്തിക്കൊടുക്കാൻ *ന്യായാധിപൻ* താമസിക്കുന്നതു്, ദീർഘകാലം വികാരങ്ങൾ നിലനില്ക്കുന്നതിനെ കുറിക്കുന്നു. ന്യായാധിപന്റെ വാതിൽക്കൽ *വിധവ* നിരന്തരമായി മുട്ടുന്നതു്, പ്രാർത്ഥനയിൽ നമ്മുടെ കർത്താവിന്റെ വാതിൽക്കൽ നിരന്തരമായി മുട്ടുന്നതിനെ സൂചിപ്പിക്കുന്നു. കാരണം, അവിടുത്തെ സഹായംകൂടാതെ നമുക്കു് ദുർവികാരങ്ങളിൽനിന്നു രക്ഷപെടാൻ സാധ്യമല്ല. നാം നമ്മുടെ ക്ലേശങ്ങളിൽ ദൈവഭവനത്തിൽ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കണം എന്നു് *വിധവ* മുട്ടിപ്പായി അപേക്ഷിച്ചപ്പോൾ *ന്യായാധിപൻ* വഴങ്ങി എന്നതു് സൂചിപ്പിക്കുന്നു. *അവൻ അവർക്കു വേഗത്തിൽ പ്രതികാരം ചെയ്യും ( 18:8 )* എന്നതു് വികാരരഹിതരും മാററമില്ലാത്തവരുമായി തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെയും പീഡ അനുഭവിച്ചവരെയും അവിടുന്നു്

www.malankaralibrary.com



ആക്കിത്തീർക്കുമ്പോഠം അവക്ക് ഈ ലോകത്തിൽനിന്ന് വരാനിരിക്കുന്ന ലോകത്തിൽ സംഭവിക്കാനിരിക്കുന്ന മാററത്തെ സൂചിപ്പിക്കുന്നു. നീതിമാന്മാർ സ്വീകരിക്കുന്ന സഹായത്തെപ്പററിയായി ഇതു് വ്യാഖ്യാനിക്കുന്നവരുണ്ട്.

*മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?* ഏകദൈവം മൂന്നാളുകളാണെന്നും, മൂന്നാളുകഠം ഏകദൈവമാണെന്നും, വചനമായ ദൈവം അവതരിച്ചെന്നും, നമ്മിൽനിന്നുള്ള മനുഷ്യൻ ദൈവീകരിക്കപ്പെട്ടെന്നും മററുമല്ല, വിശ്വാസംകൊണ്ട് ഇവിടെ അർത്ഥമാക്കുന്നതു്. ചിലർ അങ്ങനെ ധരിച്ചിരുന്നു. ദീർഘക്ഷമയുടെ പ്രവൃത്തികഠം, ദൈവസ്നേഹത്തിൽ ആത്മാവിനെ ഉറപ്പിക്കൽ എന്നിവയാണ് അവിടുന്ന് ഉദ്ദേശിക്കുന്നതു്. കാരണം, സ്ഥിരതയെയും അസ്ഥിരതയെയും പററിയാണ് ഈ ഉപമയിൽ അവിടുന്നു പഠിപ്പിക്കുന്നതു്. *കണ്ടെത്തുമോ?*: ഹ്രസ്വതയുടെ ദൃഷ്ടാന്തമായിട്ടാണിതു്. ദൈവസ്നേഹത്താലും ദൈവിക സംസർഗത്താലും സദ്പ്രവൃത്തികളിൽ സ്ഥിരതരായിരിക്കുന്നവർ എല്ലായിടത്തും ചുരുക്കമായിരിക്കും എന്ന് അവിടുന്നു പറയുന്നു. അവർ സ്വാഭാവിക പ്രവണതകളോട് പോരാട്ടം നടത്തുകയും തെററായ ചാച്ചിലുകളെ നിയന്ത്രിക്കുകയും ചെയ്യുന്നു. സുകൃതസമ്പാദനത്തിൽ അവർ പിന്നോക്കം പോകുകയോ മന്ദഗതിയിലാകുകയോ ചെയ്യുന്നില്ല. ബാക്കിയുള്ളവർക്ക് തെററുപററുന്നു. അവർ സ്വാഭാവിക ചാച്ചിലുകളിലേക്കു വഴുതിവീഴുന്നു. ദൈവത്തിനു ചേരുന്ന കാര്യങ്ങളിൽ അവർ തല്പരരല്ലതാനും.

*രണ്ടു മനുഷ്യർ പ്രാർത്ഥിക്കാനായി ദേവാലയത്തിലേക്കു പോയി.* വിപ്രവാസം കഴിഞ്ഞു് തിരിച്ചെത്തിയ ഇസ്രായേൽക്കാരിൽ ഉടലെടുത്ത ഏഴ് പാഷണ്ഡവിഭാഗങ്ങളിൽ ഒന്നായിരുന്നു *ഫരിസേയർ*. മററുള്ളവരെക്കാഠം ശ്രേഷ്ഠതരമായി ഇവർ നിയമം കാത്തിരുന്നു എന്നു് കരുതപ്പെട്ടിരുന്നു: ഫരിസേയർ അതായതു്, സെസെദേയർ[1]; *ഞാൻ ആഴ്ചയിൽ രണ്ടു തവണ ഉപവസിക്കുന്നു*; തിങ്കളാഴ്ചയും വ്യാഴാഴ്ചയും. അവർ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിച്ചിരുന്നു എന്നു് *വേറേ ചിലർ* പറയുന്നു. എന്നാൽ അനുതാപിയായ *ചുങ്കക്കാരൻ* ദൂരെ മാറിനിന്നു: ചിന്തയിലും സ്ഥലത്തും. ഫരിസേയൻെറ അടുത്തുനിൽക്കാൻ യോഗ്യനല്ലെന്നുപോലും അവൻ ചിന്തിച്ചു. *സ്വർഗത്തിലേക്കു തൻെറ കണ്ണുകളുയർത്തു*

1. Seceders

www.malankaralibrary.com



*വാൻ തുനിഞ്ഞില്ല.* തന്റെ ശിരസ്സുയർത്തുന്നതിൽ തന്റെ മനസ്സാക്ഷി അവനെ കുററപ്പെടുത്തി; അവന്റെ അസംഖ്യപാപങ്ങൾ നിമിത്തം ദൈവം വസിക്കുന്ന സ്വർഗത്തിലേക്ക് അവൻ നോക്കിയില്ല. *അവൻ നെഞ്ചത്തടിച്ചുകൊണ്ടു പറഞ്ഞു: നെഞ്ചത്തടിച്ചു*: ഒന്ന്, പതിവുള്ള രീതിയിൽ കരയുന്നതിന്. രണ്ട്, തന്റെ ചിന്തകളുടെ ഉറവിടത്തെ ദുഃഖിപ്പിക്കാൻ. തെററുകൾ തുടങ്ങിയിടത്തുതന്നെ ചികിത്സയും തുടങ്ങുക ഉചിതമായിരുന്നു. വീഴ്ച ഉണ്ടായിടത്ത് എഴുന്നേററം ഉണ്ടാകണം. കാരണം, എല്ലാ ദുഷ്കർമ്മങ്ങളുടെയും ഉറവിടം ഹൃദയമാണ്. നെഞ്ചത്തടിയും അനുതാപവുംവഴി അതിനെ ആദ്യമായി ക്ളേശിപ്പിക്കണം.

*ഈ മനുഷ്യൻ ആ ഫരിസേയനെക്കാൾ നീതീകരിക്കപ്പെട്ടവനായി തന്റെ വീട്ടിലേക്കുപോയി* എന്നു പറയപ്പെട്ടിരിക്കുന്നു. അവൻ ചുങ്കക്കാരനായി കടന്നുവന്നു; വിശുദ്ധനായി ഇറങ്ങിപ്പോയി. അവൻ കുററക്കാരനായി കടന്നുവന്നു; നീതീകരിക്കപ്പെട്ടവനായി ഇറങ്ങിപ്പോയി. ചുങ്കക്കാരൻ മുമ്പ് പാപിയായിരുന്നെങ്കിലും സ്വയം വിനീതനാക്കി; ഫരിസേയൻ സുകൃതവാനായി ജീവിച്ചെങ്കിലും തന്നെപ്പററി ഗർവോടുകൂടി ചിന്തിച്ചു. ചുങ്കക്കാരൻ തന്റെ തെററുകൾ നിമിത്തം മററുള്ളവരെക്കാൾ താണവനാണെന്ന് സ്വയം കരുതി. എന്നാൽ അവനെക്കാൾ താൻ ശ്രേഷ്ഠനാണെന്ന് വിചാരിച്ച ഫരിസേയനെക്കാൾ അവൻ കൂടുതൽ സുകൃതവാനാണെന്ന് അവിടുന്നു വ്യക്തമാക്കുന്നു. താൻ മററുള്ളവരെക്കാൾ ശ്രേഷ്ഠനാണെന്ന് സ്വയം ചിന്തിക്കുന്നവൻ, ദൈവത്തിനെതിരായും ഉയരുന്നു. അങ്ങനെ സ്വയം നീതീകരിക്കുന്നവനെക്കാൾ ശ്രേഷ്ഠനാണ് മററവൻ. പാപിയുടെ വിനീതഹൃദയം! വീണ്ടും, നീതിമാന്മാർ തങ്ങൾക്കുള്ളതിനെപ്പററി വീമ്പടിച്ചാൽ തങ്ങൾക്കുള്ളതു് നഷ്ടപ്പെടുകയും തങ്ങളുടേതല്ലാത്തവർക്കു ലഭിക്കുകയും ചെയ്യും. ഒന്നുമില്ലാത്തവൻ സ്വയം നീതീകരിക്കുകയും ഫരിസേയനെ യഥാർത്ഥത്തിൽ നീതിമാനായും ചുങ്കക്കാരനെ പാപിയായും കാണുകയും ചെയ്താലുള്ള സ്ഥിതി എന്തായിരിക്കും? ഫരിസേയൻ ചുങ്കക്കാരനെ, ചുങ്കക്കാരൻ എന്നു വിളിക്കുന്നു; അവന്റെ പേരിനാൽ അവൻ കുററക്കാരനാണ്.

*അവൻ പ്രാർത്ഥിക്കാൻ കയറിപ്പോയി*; എന്നാൽ അവൻ പ്രാർത്ഥന ഉപേക്ഷിച്ചു. അവൻ ആത്മപ്രശംസ നടത്താൻ തുടങ്ങി. ''നീ എന്നെ... സൃഷ്ടിക്കാത്തതിൽ ഞാൻ നിനക്കു നന്ദിപറയുന്നു'' എന്നല്ല അഹങ്കാരപൂർവം *ഞാൻ അവനെപ്പോലെയല്ല* എന്നാണ് പ്രാർത്ഥിച്ചതു്. ഈ രണ്ടുപമവഴി

www.malankaralibrary.com



ശുദ്ധതയെയും എളിമയെയും നമ്മുടെ കർത്താവു പ്രകീർത്തിക്കുന്നു. ഒന്നിൽ ജഢികാശകളെയും മററതിൽ വ്യർത്ഥാഭിമാനത്തെയും അവിടുന്നു വിധിക്കുന്നു. ഒന്നു ശരീരത്തിന്റെയും മററതു ആത്മാവിന്റെയും ദുരാശയാണ്. മാനുഷിക ബലഹീനതയാൽ രണ്ടും ജയിക്കാൻ പ്രയാസമുള്ളവയാണ്. ഒന്നിൽ നിരന്തരപ്രാർത്ഥനയും മററതിൽ എളിമയും അവിടുന്നാഹ്വാനം നൽകുന്നു. ഇവ ഏററവും ഉന്നത സുകൃതങ്ങളാണെന്നു അവിടുന്നു കാട്ടുന്നു; ഇവ കൂടാതെ ബുദ്ധിജീവികൾക്കു രക്ഷ പ്രാപിക്കാനാവില്ല.

## പുസ്തകം XVIII

*നമ്മുടെ കർത്താവ് ജറീക്കോയിലൂടെ കടന്നുപോയപ്പോൾ, ആത്മീയമായും ശാരീരികമായും പൊക്കം കുറഞ്ഞ സക്കായി, യേശു ആരാണെന്നു കാണുവാൻ അത്തിമരത്തിൽ കയറി.* 'ഈ നീതിമാൻ തന്റെ ഭവനത്തിൽ കടന്നുവരാൻ യോഗമുള്ളവൻ എത്രയോ ഭാഗ്യവാൻ' എന്നു അവൻ ആത്മഗതം ചെയ്തു. നമ്മുടെ കർത്താവു അതു ഗ്രഹിച്ചു അവനോടു പറഞ്ഞു: *സക്കായി, വേഗം ഇറങ്ങി വരിക.* തന്റെ പേരും ചിന്തയും അറിയാവുന്നവനാണു കർത്താവു എന്നു മനസ്സിലാക്കി അവൻ പറഞ്ഞു: 'ഇതറിയാവുന്നവനു ഞാൻ ചെയ്തവയെല്ലാം അറിയാം. അതുകൊണ്ടു അവൻ പറഞ്ഞു: *'ഞാൻ വഞ്ചിച്ചെടുത്തവയ്ക്കു നാലിരട്ടി മടക്കിക്കൊടുക്കുന്നു'* (19:8). *'ഇന്നു ഈ ഭവനത്തിനു രക്ഷയുണ്ടായി'* (19:9). ഭവനവാസികളുടെ, പ്രത്യേകിച്ചു കുടുംബനാഥന്റെ, നവീകരണത്തെ *ഭവനത്തിന്റെ രക്ഷ* എന്നു അവിടുന്നു വിളിക്കുന്നു. ആ കാരണത്താൽ അവരും വിശ്വസിച്ചു.

ശിഷ്യന്മാർ കരുതിയതുപോലെ തന്റെ ദ്വിതീയാഗമനം അടുത്തല്ല, വിദൂരത്തിലാണ് എന്നു തന്റെ ശിഷ്യരെ പഠിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ടു ഈ ഉപമ പറഞ്ഞു (19:11-27). യഹൂദർക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയെപ്പററിയും അവിടുന്നു അതിൽ സൂചിപ്പിച്ചു. ഇതും താലന്തുകളുടെ ഉപമയും ഒരേ കാര്യമാണ് ചർച്ച ചെയ്യുന്നതു എന്നു നാം അറിയണം. "*ഒരു പ്രഭു*", അവൻ പറഞ്ഞു (19:12). ദൈവരാജ്യം ഇപ്പോൾ തന്നെ എന്നു അവർ പ്രതീക്ഷിക്കേണ്ടതില്ല എന്നു മാത്രമല്ല, അവർ എന്തിനെപ്പററി ആകാംക്ഷയുള്ളവരായിരിക്കണം എന്നതും ഈ ഉപമവഴി അവിടുന്നു പഠിപ്പിച്ചു. അവിടുന്നു സ്വയം *പ്രഭു* എന്നു വിളിക്കുന്നു. വചനമായ ദൈവവുമാ

www.malankaralibrary.com



യുള്ള ഐക്യവും, തന്റെ ഉത്ഥാനത്തിൽ ലഭിച്ച അമർത്യതയും, മഹത്ത്വവും എല്ലാവരിൽനിന്നും ലഭിച്ച ആരാധനയും നിമിത്തം *പ്രഭു* എന്നു് വിളിക്കുന്നു. അഥവാ, അവിടുന്നു് ദാവീദിന്റെ വംശത്തിൽനിന്നു്, കന്യകയിൽനിന്നു് കന്യാത്വരീതിയിൽ ജനിച്ചതിനാൽ. അവന്റെ സ്വർഗാരോഹണമാണു് *ദൂര ദേശം. രാജപദവി സ്വീകരിക്കാൻ*: സത്യത്തിൽ അതു സ്വന്തമാക്കാൻ. *തിരിച്ചുവരാൻ*: എല്ലാവരെയും മരിച്ചവരിൽനിന്നു് ഉയിർപ്പിക്കുവാൻ. *പത്തു ഭൃത്യന്മാർ* എന്നതു് അനേകരെ കുറിക്കുന്നു. പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ സ്വീകരിച്ച എല്ലാ ക്രിസ്ത്യാനികളെയും ലൂക്കോസ് ഭൃത്യന്മാർ എന്നു വിളിക്കുന്നു (19:13). മററുള്ളവരുടെ പ്രയോജനത്തിനു് ഉതകുന്നവ ചെയ്യാൻ ഉള്ള ശക്തി ദൈവകൃപ അവർക്കു നൽകിയിരിക്കുന്നതിനാൽ അവർ പത്തുനാണയം സ്വീകരിച്ചവരാണെന്നു് അവൻ പറയുന്നു. *ഞാൻ വരുന്നതുവരെ വ്യാപാരം ചെയ്യുവിൻ* (19:13): താല്പര്യപൂർവം സുകൃതം അഭ്യസിക്കുവിൻ എന്നാണർത്ഥം. യൂദരെ അവൻ *പൗരന്മാർ* എന്നു വിളിക്കുന്നു.

*ഇയാൾ ഞങ്ങളെ ഭരിക്കുന്നതു ഞങ്ങൾക്കിഷ്ടമില്ല* (19:14): പീലാത്തോസിനോടു് യൂദന്മാർ പറഞ്ഞതു് ഇതു തന്നെയാണു്: "അവൻ യഹൂദന്മാരുടെ രാജാവു് എന്നല്ല, സീസറല്ലാതെ ഞങ്ങൾക്കു വേറേ രാജാവില്ല എന്നത്രേ എഴുതേണ്ടതു്" (യോഹ. 19:15-21). *അവൻ രാജപദവി സ്വീകരിച്ചു തിരിച്ചുവന്നു*: അവിടുത്തെ അവസാനത്തെ വരവിനെപ്പററിയാണു്. തങ്ങളുടെ താലന്തുകൾ വർദ്ധിപ്പിച്ചവരോടു്, അതായതു്, നീതിയുടെ അഭ്യസനത്തിൽ നിഷ്ഠയുണ്ടായിരുന്നവരോടു്, ഓരോരുത്തരോടായി അവൻ പറഞ്ഞു: "*നീ പത്തു നഗരങ്ങളുടെമേൽ അധിപതിയായിരിക്കുക*". അതായതു്, പത്തു നഗരങ്ങളുടെമേൽ അധികാരം ഉണ്ടായിരിക്കുകയും അവയിലുള്ള നന്മകൾ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടു് പത്തുനഗരങ്ങളുടെമേൽ അധിപതി ആയിരിക്കുന്നവനെപ്പോലെ ഞാൻ നിനക്കു നിത്യമായ സന്തോഷം പ്രദാനം ചെയ്യുന്നു. എന്നാൽ ഒരു നാണയംകൊണ്ടു് വ്യാപാരം ചെയ്യാത്തവനിൽനിന്നു് അതെടുത്തു് പത്തുള്ളവനു കൊടുക്കാൻ അവൻ കല്പിച്ചു (19:24). പീഡകരിൽനിന്നു് ആദ്യം ആത്മാവിന്റെ കൃപ എടുക്കപ്പെടുന്നു; പിന്നെ അവർ ശിക്ഷാവിധിക്കു് ഏല്പിക്കപ്പെടുന്നു. എന്നാൽ ഉചിതമായി അതുപയോഗിക്കുന്നവരിൽ ആത്മാവിന്റെ ദാനം കരകവിഞ്ഞൊഴുകും എന്നതു് വ്യക്തമാണല്ലോ.

www.malankaralibrary.com



*നീ വയ്ക്കാത്തത് എടുക്കുന്നവനും വിതയ്ക്കാത്തത് കൊയ്യുന്നവനുമാകുന്നു* (19:21): മററുള്ളവരുടെ പുമതലക്കാരായി സ്വയം കരുതിക്കൊണ്ട് മററുള്ളവരുടെ പ്രയോജനത്തിനായി പ്രവർത്തിക്കാത്തവരുടെ മനസ്സിനെ കഠിനമായി അവൻ കുററപ്പെടുത്തുന്നു. അതുകൊണ്ട്, ഒരു താലന്തുകാരനെപ്പോലെ അവനെ അവിടുന്ന് ന്യായമായി കുററപ്പെടുത്തുന്നു.

ഓരോ നാണയം ലഭിച്ചവനും അതു പത്തായി വർദ്ധിപ്പിച്ചു എന്ന് അവൻ പറയുന്നു. എന്നാൽ അഞ്ചുകിട്ടിയവൻ വ്യാപാരം ചെയ്തു് അഞ്ചുകൂടി സമ്പാദിച്ചു എന്ന് മത്തായി പറയുന്നു (25:16). സുകൃത പരിശീലനത്തിൽ ദാനത്തിൻെറ വലിപ്പച്ചെറുപ്പം നോക്കേണ്ടതില്ല എന്നു പഠിപ്പിക്കാനായിരുന്നിതു്. ഓരോരുത്തർക്കും ഓരോ നാണയമാണ് ലഭിച്ചതെങ്കിലും അവരതു് പത്താക്കി എന്നു് ഇവ സാക്ഷിക്കുന്നു. അഞ്ച്, അതായതു് മെത്രാൻ സ്ഥാനം ലഭിച്ചവൻ തൻെറ വ്യാപാരമനുസരിച്ച് പ്രതിഫലം പ്രാപിക്കുന്നു.

*അവൻ പട്ടണത്തിനടുത്തെത്തിയപ്പോൾ അതിനെക്കുറിച്ച് വിലപിച്ചുകൊണ്ട് പറഞ്ഞു: നിൻെറ സമാധാനത്തിനുള്ള മാർഗങ്ങൾ നീ അറിഞ്ഞിരുന്നെങ്കിൽ....* (19:41-42). നീ അരിഷ്ടയായതിനാൽ, നീ സുകൃതത്തിലേക്കു തിരിയാൻ, നിൻെറ ദുരിതത്തിനൊരന്ത്യം ഉണ്ടാകുവാൻ, നീ ആഴമായ സമാധാനം അനുഭവിക്കാനാണ് ഞാൻ നിന്നെ സന്ദശിക്കാൻ വന്നതു്. എന്നാൽ നീ എന്നെ സ്വീകരിക്കാതെ ക്രൂരമായി തള്ളിക്കളഞ്ഞതിനാൽ നീയിതെല്ലാം അനുഭവിക്കണം. അവൻെറ നേരേ ധിക്കാരം കാട്ടിയതിനാൽ റോമാക്കാരിൽ നിന്നുള്ള നിഷ്ഠൂര പീഡനങ്ങൾ അവർ അനുഭവിക്കും എന്നു് അവിടുന്നു കാട്ടുന്നു.

## പുസ്തകം XIX

ഈ പുസ്തകത്തിൽ ഉള്ളതെല്ലാം മത്തായി ഭാഷ്യത്തിൽ വിവരിച്ചിട്ടുണ്ട്.

## പുസ്തകം XX

*പെസഹാത്തിരുന്നാളിൽ* ജറുസലേം നിവാസികൾക്ക് തങ്ങളുടെ ഭവനങ്ങളിന്മേൽ അധികാരം ഇല്ലായിരുന്നു. ഒഴിഞ്ഞു കിടക്കുന്ന ഭവനങ്ങളൊക്കെ യൂദയായിലെ ഗ്രാമപ്രദേശങ്ങളിൽ

www.malankaralibrary.com



നിന്നു വരുന്നവർ കയറിപ്പാർക്കുമായിരുന്നു. വീടുകൾ മാത്രമല്ല, തെരുവുകളും തുറസ്സായ കവലകളും എല്ലാം അക്കാലത്തു് ജനനിബിഡമായിരുന്നു. നമ്മുടെ കർത്താവ് മാളികമുറിയുടെ ഉടമസ്ഥനുമായി ക്രമീകരണം നടത്തി ആ മുറി തനിക്കായി ബുക്കു ചെയ്തു. ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാനും പ്രബോധനം നൽകാനും ആത്മാവിനെ സ്വീകരിക്കാനും കൃപ പ്രദാനം ചെയ്യാനും ജറുസലേമിന്റെ നാശംവരെ ശിഷ്യർക്കു് ഒന്നിച്ചുകൂടാനുള്ള പള്ളിയായും അതു് ഉപകരിച്ചു. നമ്മുടെ കർത്താവ് പങ്കെടുത്ത പെസഹായെപ്പററി: നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടപ്പോഴും യഹൂദർ പെസഹാ ഭക്ഷിച്ചിരുന്നില്ല എന്നു് *ചിലർ* പറയുന്നു. ഇസ്രായേൽക്കാർ പുളിപ്പില്ലാത്ത അപ്പവും ആടും ഭക്ഷിക്കുന്നതിനു മുമ്പാണ് നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടതു് എന്നു് *മാർ അപ്രേമും*, യോഹന്നാന്റെ ഭാഷ്യത്തിൽ പെസഹായെപ്പററി ചർച്ചചെയ്യുന്നിടത്തു് *ഭജാൺ ക്രിസോസ്തോമും* പറയുന്നു.

"എല്ലാവരുടെയും മുൻപാകെ, നേരം വെളുക്കുന്നതിനു മുൻപു് സത്യകുഞ്ഞാടു് അറുക്കപ്പെട്ടു. വൈകിട്ടു്, ഇസ്രായേൽക്കാർ പുളിപ്പില്ലാത്ത അപ്പവും കുഞ്ഞാടും ഭക്ഷിക്കുന്നതിനു മുൻപു് അവിടുത്തെ മരണം വിളംബരം ചെയ്യപ്പെട്ടു" എന്നു് *മഹാനായ മാഗ്നുസിന്റെ സഹോദരൻ അന്ത്രയോസ്, തന്റെ പ്രതിരൂപങ്ങളുടെ പട്ടികയിൽ,* പ്രതിരൂപങ്ങൾക്കു് തൊട്ടുമുമ്പുള്ള പ്രതിപാദനത്തിൽ പറയുന്നു. മെത്രാനും രക്തസാക്ഷിയുമായ *ഹിപ്പോളിററസ്*, കേസറിയായിലെ *എവുസേബിയസ്*, ക്രൂശാരോഹണം സംബന്ധിച്ചുള്ള പ്രസംഗത്തിൽ *എപ്പിഫാനിയസ്* തുടങ്ങി പുരാതനരും പ്രശസ്തരുമായ മററു് പ്രബോധകർ ഇതുതന്നെ പറയുന്നു. "പെസഹാ ഭക്ഷിക്കുന്നതിനു മുമ്പു് തങ്ങൾ അശുദ്ധരാകാതിരിക്കാൻ, അവർ പ്രെത്തോറിയത്തിൽ പ്രവേശിച്ചില്ല" എന്നു് *യോഹന്നാൻ* സുവിശേഷകനും പറയുന്നു (18:28). അവർ അതു് ഭക്ഷിച്ചില്ല എന്നാണല്ലോ അതിന്റെ അർത്ഥം. വീണ്ടും 'പെസഹാതിരുനാളിനു മുമ്പു് അവൻ അത്താഴത്തിൽനിന്നു് എഴുന്നേററു് തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി' (യോഹ 13:5) തിരുനാളിനു് എന്തെങ്കിലും വാങ്ങാൻ കർത്താവ് യൂദായോടു് കല്പിച്ചുകാണും എന്നു് ശിഷ്യന്മാർ തമ്മിൽ പറഞ്ഞു (യോഹ.13:29). വീണ്ടും, 'ആ സാബത് ഒരു വലിയ ദിവസമായിരുന്നു' (യോഹ.19:31). വീണ്ടും 'പെസഹായ്ക്കു ആറു ദിവസം മുൻപു് അവിടുന്നു് ബെഥനിയായിൽവന്നു (യോഹ.12:1). അതായതു് സാബത്തുദിവസം തുടങ്ങി ആറു ദിവസം: ഞായർ, രണ്ടാം ദിവസം, മൂന്നാം ദിവസം, നാലാം ദിവസം, അഞ്ചാം ദിവസം, ആറാം ദിവസം,

www.malankaralibrary.com



അന്തായത്തു് വെള്ളിയാഴ്ച, പെസഹാദിവസം; അന്ന വൈകി ട്ടാണ് അവർ പെസഹാ ഭക്ഷിച്ചതു്; രാവിലെയല്ല. എന്നാൽ നമ്മുടെ കർത്താവ് പുലർച്ചയ്ക്കതന്നെ പെസഹാ ഭക്ഷിച്ചു. നമ്മുടെ കർത്താവിൻെറ ശവസംസ്കാരത്തിൻെറ അവസരം യഹൂദർ പെസഹാ ഭക്ഷിച്ചില്ലെങ്കിൽ, അവർ ഭക്ഷിച്ചുകൊണ്ടിരുന്ന ഈ കുഞ്ഞാടിൽ എന്തു രഹസ്യമാണ് പ്രതീകാത്മകമായിരുന്നതു്, അവർ സന്ധ്യാസമയത്തു് അറുത്തതു് എന്തായിരുന്നു എന്നൊക്കെ നമ്മോടു പറയട്ടെ.

അവിടുന്നു് അതിൽ അന്നേദിവസം തന്നെ നൈയാമിക പെസഹാ ഭക്ഷിച്ചു. ''യൂദന്മാർ പെസഹാകുഞ്ഞാടിനെ കൊന്ന പുളിപ്പില്ലാത്ത ദിവസത്തിൻെറ ഒന്നാം ദിവസം'' എന്നു് മർക്കോസ് പറയുന്നതിൽനിന്നു് (14: 12) ഇതു വ്യക്തമാണ്. അവിടുന്നു് അന്നേദിവസം പെസഹാ ഭക്ഷിച്ചില്ലായെങ്കിൽ അവിടത്തെ കുററപ്പെടുത്താൻ അവർക്കു വകയുണ്ടായിരുന്നു. *''നിങ്ങളോടുകൂടി ഈ പെസഹാ ഭക്ഷിക്കുവാൻ ഞാൻ അത്യധികം ആഗ്രഹിച്ചു''* (22:16) എന്നതു് വിശദീകരിച്ചുകൊണ്ടു് *ഭാഷ്യകാരൻ* പറയുന്നു: യഹൂദരുടെ പെസഹായെ ഉന്നംവച്ചുകൊണ്ടു് വെറുതെ *ഈ പെസഹാ* എന്നല്ല അവിടുന്നു പറയുക; അവിടുന്നു് അവരോടൊപ്പം അതു ഭക്ഷിച്ചല്ലോ. പിന്നെയോ, ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി, അതോടു കൂടി അവിടുന്നു് തൻേറതും കൂട്ടിച്ചേർക്കാൻ തുടങ്ങുകയായിരുന്നു. അതുകൊണ്ട്, ''ഇപ്പോഴം മുതൽ...ഞാൻ പാനം ചെയ്യുകയില്ല'' എന്നു് അവിടുന്നു് നന്നായി പറഞ്ഞു. മേലിൽ ഇതിൽനിന്നു ഭക്ഷിക്കാൻ അവിടുത്തേക്കു് കഴിയുകയില്ല എന്നു് ഇതു കാണിക്കുന്നു. എന്നാൽ 'ദൈവരാജ്യത്തിൽ ഇതു പൂർത്തീകരിക്കപ്പെട്ടും' എന്നു് അവിടുന്നു പറഞ്ഞു. പ്രതീകം എന്ന നിലയിൽ യഹൂദരുടെ പെസഹാപൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു; എന്നാൽ മരണത്തെ നീക്കിക്കളയുവാനും താൻ സ്ഥാപിക്കുവാനിരിക്കുന്ന സ്ഥാപനത്തിൻെറ അടയാളമായിട്ടും അവിടത്തെ പെസഹാ പൂർത്തീകരിക്കപ്പെടേണ്ടതുണ്ടായിരുന്നു. അതിനെ ദൈവരാജ്യം എന്നു് അവിടുന്നു് വിളിച്ചതു് നാം പലപ്പോഴം കാണിച്ചിട്ടുണ്ടു്. *ജോൺ ക്രിസോസ്തോം* പറയുന്നു: നമ്മുടെ കർത്താവ് നമ്മുടെ ഉത്ഥാനത്തിനുവേണ്ടി മരിച്ചതുപോലെ, നമ്മുടെ വിശുദ്ധീകരണത്തിനുവേണ്ടി അറുക്കപ്പെട്ടു. ആശീർവ്വദിച്ചു് അവിടുന്നു് നമുക്കു് അപ്പം തന്നു; സ്തോത്രം ചെയ്തു് കാസായും തന്നു. നാം ശാപത്തിൻ കീഴിൽ ഭക്ഷിക്കാൻവേണ്ടി, ശപിക്കപ്പെട്ട അപ്പത്തെ നമ്മുടെ വിശുദ്ധീകരണാർത്ഥം അവിടുന്നു് അനുഗ്രഹിച്ചു. ആദത്തിൻെറ വിയർപ്പിൻെറയും ഹവ്വായുടെ പ്രസവവേദനയുടെയും നൊമ്പരങ്ങളുടെയും ആദ്യശാപം അവസാനിച്ചതിൻെറ

www.malankaralibrary.com



വാഗ്ദാനം പൗരോഹിത്യ ദൈവവിളിയിലൂടെ, ചെലവു കൂടാതെ അവിടുന്ന് നമുക്ക് നൽകുന്നു. *പുതിയനിയമം* എന്നു പറയുന്നതുവഴി, ആദ്യത്തേതിനെ അവിടുന്ന് പഴയതാക്കിതീർത്തു.

## പുസ്തകം XXI

*തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കം അവരുടെ ഇടയിൽ ഉണ്ടായി* (22:24). ഈ ഭീകര സമയത്ത്, അതായത് പീഡാനുഭവത്തിന്റെ അവസരം, തങ്ങളുടെയും തങ്ങളുടെ ഗുരുവിന്റെയും കാര്യങ്ങളെക്കുറിച്ച് തർക്കിക്കാനും മുറുമുറുക്കാനും കർത്താവ് അവരെ അനുവദിച്ചത് ആശ്ചര്യകരംതന്നെ. അവർ നേതൃത്വത്തെപ്പറ്റി തർക്കിക്കാൻ തുടങ്ങി. ഈ തർക്കം സ്വേച്ഛയാ ഉണ്ടായതല്ല. തൊട്ടുമുമ്പ് യൂദായുടെ ഒറ്റിക്കൊടുക്കൽ സംഭവത്തെപ്പറ്റി കർത്താവ് പറഞ്ഞ വാക്കുകൾ യാഥാർത്ഥ്യമാകുന്നതായി അവർ കണ്ടു. അപ്പോൾ അവർക്ക് ആകാംക്ഷ ഉണ്ടായി. അവർ അവിടുത്തെ സഹായത്തിൽ അഭയംതേടാതെ ഉൽക്കണ്ഠാകുലരായി. തങ്ങളെ നയിക്കാൻ വിജ്ഞാനവും കെൽപ്പും ഉള്ളയാൾ തങ്ങളുടെ ഇടയിൽ ഉണ്ടോ എന്ന് അവർ അന്വേഷണം നടത്തി എന്നേയുള്ളൂ. "പത്രോസേ, നീ പാറയാകുന്നു; സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും." (മത്താ. 16:18-19) എന്ന് പത്രോസിനെപ്പറ്റി പറഞ്ഞത് അവർ ശ്രദ്ധിച്ചില്ല, അഥവാ, തെറ്റിദ്ധരിച്ചു. പരിശുദ്ധാത്മദാനത്താൽ പൂർണ്ണരാക്കപ്പെടുന്നതുവരെ അവരുടെ അറിവ് വളരെ വികലമായിരുന്നു എന്നത് വ്യക്തമാണ്.

എന്നാൽ നമ്മുടെ കർത്താവ് അവരുടെ ചിന്തകൾ ഗ്രഹിച്ചിട്ടും അവരുടെ കുട്ടിക്കളിയെ കുറ്റപ്പെടുത്താനോ അവരുടെ ചിന്ത വെളിപ്പെടുത്തുവാനോ തുനിഞ്ഞില്ല. അവരുടെ തർക്കത്തെ അവരെ തിരുത്താനുള്ള നല്ല അവസരമായി ഉപയോഗിച്ചുകൊണ്ട് അവിടുന്ന് എളിമയെപ്പറ്റി പഠിപ്പിക്കുകയും തന്റെ ദൃഷ്ടാന്തംവഴി അതുറപ്പിക്കുകയും ചെയ്തു. അവിടുന്നു നല്കിയ നേതാവിനെ അവർ ഉപേക്ഷിച്ചിട്ട് തങ്ങൾക്കിഷ്ടമുള്ളയാളെ –അയാൾ ആരായിരുന്നാലും– അവർ അന്വേഷിക്കുകയും അവിടുത്തോട് അപേക്ഷിക്കണമെന്നും ഈ കാര്യത്തിൽ അവർ തന്നിൽനിന്ന് ഉപദേശം സ്വീകരിക്കണം എന്ന് ചിന്തിക്കാതിരിക്കുകയുംചെയ്ത അവരുടെ ലംഘനത്തെ പ്രതീകാത്മകമായി അവിടുന്നു കുറ്റപ്പെടുത്തി. അതേസമയം, രണ്ടാമതൊരു പ്രാവശ്യംകൂടി പത്രോസിന്റെ നേതൃത്വം അവിടുന്ന് ആവർത്തിച്ചുറപ്പിച്ചു. അവരെവിട്ട് അവിടുന്ന് പത്രോസിന്റെ പക്കലേക്കു തിരിയുന്നു.

www.malankaralibrary.com



'ശെമഓൻ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാററാൻ ഉദ്യമിച്ചു. എന്നാൽ നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചു വന്നു് നിൻെറ സഹോദരന്മാരെ ശക്തിപ്പെടുത്തണം'' (22:31–34). മാളികമുറിയിൽവച്ചു് ശ്ലീഹന്മാർ പരിശുദ്ധാത്മദാനം പ്രാപിച്ചപ്പോഠം, ആത്മാവിൻെറ ശക്തിയാൽ എല്ലാം പ്രവർത്തിക്കാൻ അവർ ശക്തരായിരുന്നു. ചിലതു് മററുള്ളവർക്കു വേണ്ടിയായിരുന്നു. ഈ മഹനീയ സംഗതികളുടെ മധ്യത്തിലും അവർ തങ്ങളുടെ ബലഹീനത മറന്നു് അഹങ്കരിക്കാതിരിക്കാൻ, പീഡാനുഭവാവസരത്തിലും അവർ തങ്ങളുടെ ബലഹീനത അനുഭവിക്കാൻ കൃപാവരം വഴിയൊരുക്കി. അവരെല്ലാം അവിടുത്തെ ഉപേക്ഷിച്ചു് ഓടിപ്പോയി. തലവൻ തള്ളിപ്പറഞ്ഞു. അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചപ്പോഠം, അതായതു് അഭൗമിക കാര്യങ്ങഠം ചെയ്തുകൊണ്ടിരുന്നപ്പോഠം, അവർ അവരുടെ ബലഹീനത ഓർക്കുകയും, ബലഹീനതയിൽനിന്നു് ധീരപ്രവൃത്തികളിലേക്കു് അവരെ സാവധാനം ഉയർത്തിയ കർത്താവിനെ ഏററുപറയുകയും വേണം. അതുകൊണ്ടു്, അവർക്കെല്ലാവർക്കുംവേണ്ടിയുള്ള കാര്യം അവിടുന്നു് ശെമഓനോടു് പറയുകയായിരുന്നു.

*സാത്താൻ നിങ്ങളെ പാററാൻ ഉദ്യമിച്ചു:* സുകൃതികളെ വഴിതെററിക്കാൻ സാത്താൻ പരിശ്രമിക്കും എന്നു് പഠിപ്പിക്കാനാണിതു്. നീതിമാന്മാരെ പരീക്ഷിക്കാൻ ദൈവം അനുവദിച്ചാൽ മാത്രമേ അവനു് പ്രലോഭിപ്പിക്കാൻ കഴിയൂ. അവർ പരിപൂർണരും പരിപക്വതയുള്ളവരും ആകാൻവേണ്ടിയാണിതു്. ജോബിനെ പരീക്ഷിക്കാൻ തന്നെ അനുവദിക്കണമെന്നു് സാത്താൻ ദൈവത്തോടപേക്ഷിച്ചതായി ജോബിൻെറ പുസ്തകത്തിൽ നാം കാണുന്നു. ദൈവത്തിൻെറ അനുവാദംകൂടാതെ സാത്താനു് നീതിമാനെ സമീപിക്കാൻ സാധ്യമല്ല എന്നു് ഇതും കാട്ടുന്നു. ഗേഹാസിയും യൂദാസും അത്യാഗ്രഹംമൂലം അറിയപ്പെടുന്നു; പത്രോസ് പിന്നീടും അനുസ്മരിക്കപ്പെടുന്നു. പൗലോസ് അഹങ്കരിക്കാതിരിക്കാൻ ശരീരത്തിൽ ഒരു മുള്ളു് വഹിച്ചു, സ്വാതന്ത്ര്യം അംഗീകരിക്കപ്പെടാനും ബലഹീനതയെ കുറപ്പെടുത്താനും കൃപാവരത്തിനു് സ്ഥാനം ഉണ്ടാകുവാനുമായി ശിഷ്യരും പരീക്ഷിക്കപ്പെട്ടു.

ചില കാര്യങ്ങഠം ദൈവേഷ്ടത്താലും ചില കാര്യങ്ങഠം ദൈവം അനുവദിക്കുന്നതിനാലും സംഭവിക്കുന്നു. ഇവിടെയും ശെമഓനെ പരീക്ഷിക്കാൻ സാത്താൻ അനുവാദം ചോദിച്ചു.

www.malankaralibrary.com



*ഗോതമ്പുപോലെ പാററാൻ*: നിന്നെ കഠിനമായി പീഡിപ്പിച്ചിട്ട്, നീ ഇപ്പോഠം കരുതുന്നതുപോലെയല്ല നീ എന്നു നിന്നെ കുററപ്പെടുത്താനാണിതു്. അവനിതു നേരത്തെ ആലോചിച്ചുറച്ചതാണെന്നും കൃപ അവനെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നെന്നും ഇപ്രകാരമൊന്നും അവരോട്ട് ചെയ്യരുതെന്നും അവന്റെ ചോദ്യം വ്യക്തമാക്കുന്നു. *നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു.* അവൻ തള്ളിപ്പറഞ്ഞെങ്കിലും നമ്മുടെ കർത്താവിനോടുള്ള സ്നേഹത്താൽ പുറത്തുപോയില്ല. അവനെ സംരക്ഷിച്ച ദൈവകൃപയാലാണു് അവനിതു സാധിച്ചതു് എന്നു് അവനെ കാട്ടുവാൻ കർത്താവു് ആഗ്രഹിച്ചു. *ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു* എന്നതു് അവരുടെ അത്ഭുതം വർദ്ധിപ്പിച്ചു. പത്രോസിന്റെ വിശ്വാസം പൂർണ്ണമായി നശിച്ചുപോകാതിരിക്കാൻ കർത്താവു് പ്രാർത്ഥിക്കേണ്ടതു് ആവശ്യമായിരുന്നെങ്കിൽ, അവക്കു് കൃപ എത്ര അധികമായി ആവശ്യമായിരിക്കുന്നു? "*നീയും എല്ലാസമയത്തും*" എന്നുംകൂടി അവിടുന്നു് കൂട്ടിച്ചേർത്തു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോഠം അവനിലുണ്ടായ മഹനീയമായ മാററത്തെ സൂചിപ്പിക്കുന്നു. മററുള്ളവരെ *ശക്തിപ്പെടുത്താൻ*കൂടി അവൻ പ്രാപ്തനായിത്തീരുന്നു. *ശക്തിപ്പെടുത്തണം* എന്നു് അധികാരപൂർവ്വമാണു് അവനോടു് പറയുന്നതു്. നീ വീണപ്പോഠം ഞാൻ നിന്നെ ശക്തിപ്പെടുത്തിയതുപോലെ, വീഴുന്ന മററുള്ളവരെ നീ *ശക്തിപ്പെടുത്തണം* എന്നു് അവനെ പഠിപ്പിക്കുന്നു. മനുഷ്യപ്രകൃതിയുടെ ബലഹീനത നന്നായി അറിഞ്ഞയാഠം എന്ന നിലയിൽ, നീ മററുള്ളവരിലേക്കു് താണിറങ്ങണം. അവർ സുകൃതികളാണെങ്കിലും വീഴാനിടയുണ്ടു്.

*വാളില്ലാത്തവൻ സ്വന്തം കുപ്പായം വിററ് വാഠം വാങ്ങട്ടെ* (22:36). അവർ *വാഠം* വാങ്ങണം എന്നല്ല അവിടുന്നു പറയുന്നതു്, പിന്നെയോ, തങ്ങഠംക്കാവശ്യമുള്ളവ അവർ തന്നെ കരുതണം എന്നു് വ്യംഗ്യാർത്ഥരൂപത്തിൽ അവരെ പഠിപ്പിക്കുകയത്രേ. സഹായസ്ഥാനത്തിനു് *വാഠം* എന്നു് അവിടുന്നു പറയുന്നു. മുമ്പു് തന്നിൽ നിന്നുള്ള കൃപ ഉണ്ടായിരുന്നതിനാൽ അവർ അപകടത്തിലല്ലായിരുന്നു; കരുതലൊന്നും കൂടാതെതന്നെ അവിടുന്നു് അവരുടെ ആവശ്യങ്ങഠം നിറവേററി. ഇപ്പോഠം തന്റെ പീഡാനുഭവം നിമിത്തം കുറെ സമയത്തേയ്ക്കു് അവർ ബലഹീനരാകാൻ പോകുന്നു എന്നു് *വാളിന്റെ* ഉപമയിലൂടെ അവരെ ഗ്രഹിപ്പിക്കാൻ അവിടുന്നാഗ്രഹിക്കുന്നു.

www.malankaralibrary.com



ശിഷ്യന്മാർ തങ്ങളുടെ ബലഹീനത മനസ്സിലാക്കി ആത്മാവിൻെറ കൃപയ്ക്കു് അർഹരാക്കപ്പെടുക എന്നതും അർഹരല്ലാതിരിക്കുക എന്നതും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കുന്നതിനാണു് നമ്മുടെ കർത്താവ് അവരോടു് ഇങ്ങനെ പ്രവർത്തിച്ചതു്. മുമ്പു് ഒന്നും കരുതി വയ്ക്കാതെതന്നെ എല്ലാം അവർക്കു് സമൃദ്ധിയായി ഉണ്ടായിരുന്നു; ഇപ്പോൾ അതേപ്പററി പര്യാകുലരായിട്ടും ഫലമൊന്നും ഉണ്ടായില്ല എന്നു് ഉദാഹരണത്തിലൂടെ പഠിപ്പിക്കുന്നു. *വാളില്ലാത്തവൻ തൻെറ കുപ്പായം വിററ് വാൾ വാങ്ങട്ടെ* എന്നതു് നമ്മുടെ കർത്താവുതന്നെ വിശദീകരിച്ചിട്ടുണ്ടെന്നു് *ബസേലിയോസ്* പറയുന്നു. *അവൻ നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു* എന്നു് എഴുതപ്പെട്ടിരിക്കുന്നതും നിവർത്തിയാകേണ്ടിയിരിക്കുന്നു. അതായതു്, നിയമലംഘകർ തങ്ങളുടെ തെററിനു് നീതിപൂർവം വഹിക്കുന്നതു് ഞാനും സഹിക്കുന്നു. ഞാനും അവരെപ്പോലെ അവരോടൊപ്പം ക്രൂശിക്കപ്പെടും. *വാളിനെപ്പററിയുള്ള* പ്രവചനം പൂർത്തിയായി കഴിഞ്ഞപ്പോൾ അവിടുന്നു് ശെമഓനോടു് പറഞ്ഞു: "വാൾ അതിൻെറ ഉറയിൽ ഇടുക; എന്തുകൊണ്ടെന്നാൽ, വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ. 26:52). ഇതൊരു കല്പനയല്ല, ഒരു പ്രവചനമാണു്. നമ്മുടെ കർത്താവിൻെറ വാക്കുകളെയും അവിടുത്തെ ദാനങ്ങളെയും തെററിദ്ധരിച്ചു് വാളുമായി ഇറങ്ങിപ്പുറപ്പെടാൻ ഉദ്യമിക്കുകയും, അതു് കാര്യമായിട്ടെടുത്തു് ഇതേപ്പററിയൊക്കെ സംശയിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ, തന്നിൽ വിശ്വാസമില്ലാത്തവരെപ്പോലെ വാളും പരിചയും ഒക്കെ എടുക്കാൻ അവിടുന്നു് അവരെ അനുവദിച്ചു. 'നിങ്ങൾ ഇങ്ങനെതന്നെ ചെയ്യണം എന്നുള്ളതു് എൻെറ വചനമല്ല' എന്നു് അവരോടു് പറയുകയും ചെയ്തു. 'വാൾ വാങ്ങി കയ്യിലെടുക്കട്ടെ' എന്നതിനു പകരം പല കോപ്പികളിലും "നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നാണു് കാണുന്നതു്.

"നിങ്ങളുടെ ഓട്ടം ശീതകാലത്തോ, സാബതിലോ ആകാതിരിപ്പാൻ പ്രാർത്ഥിക്കുവിൻ" (മത്താ. 24:20). നാം മത്തായിയിലും മർക്കോസിലും (13:18) വിട്ടുകളഞ്ഞിരുന്ന ഈ ഭാഗത്തിനു് ഇരട്ട അർത്ഥമാണുള്ളതു്. മിശിഹായെ മരണത്തിനു വിധിച്ചതുകൊണ്ടു് അവൻ ശിക്ഷിക്കപ്പെടുന്നതിനാൽ ചരിത്രപരമായി, പണ്ടു് യഹൂദർക്കു സംഭവിച്ചവ. യുഗാന്ത്യോന്മുഖമായി ലോകാവസാനത്തിൽ സംഭവിക്കുന്നവ. നമ്മുടെ കർത്താവിൻെറ വാക്കുകൾ രണ്ടിനെക്കുറിച്ചുമാണ്. റോമാക്കാരിലൂടെ ശീതകാലത്തും സാബതിലും അവർക്കു് ആപത്തുവന്നു ഭവിച്ചു. അവർ പ്രാർത്ഥിക്കണം എന്നു് അവിടുന്നു പഠിപ്പിച്ചു. തങ്ങൾ

www.malankaralibrary.com



ക്കെതിരായി പുറപ്പെടുവിച്ച കഠോര ശിക്ഷാവിധി കടന്നുപോകുവാനായിട്ടല്ല കാരണം നീതി അതിനു സമ്മതിക്കുമായിരുന്നില്ല. പിന്നെയോ തങ്ങളുടെ മഹാദുരന്തത്തിന്റെ സമയവും ദിവസവും മാററിക്കിട്ടാൻ മാത്രം. മുൻനിർണയിച്ചിരിക്കുന്ന ഈ മഹാദുരന്തം ഇതാവരുന്നു എന്നു പറഞ്ഞുകൊണ്ട് അവിടുന്നു കരുണ കാണിച്ചു. നിങ്ങൾക്ക് ഓടി രക്ഷപെടാൻ കഴിയാത്ത ശീതകാലത്തോ നിങ്ങൾ വിശ്രമിക്കുന്ന സാബതിലോ സംഭവിക്കാതിരിക്കാൻ പ്രാർത്ഥിക്കുവിൻ. യുദ്ധദിവസം സാബതാചരിക്കുന്നതിന് ഋജുമാനസരും മർക്കട മുഷ്ടിക്കാരും കാണപ്പെടാതിരിക്കട്ടെ. ഗുഹയിലുള്ളവരെ നശിപ്പിക്കുന്നതുപോലെ അവർ നിങ്ങളെ നശിപ്പിക്കും.

എന്നാൽ ലോകാവസാനത്തിലും: സത്യമായും നാം ഓരോരുത്തരുടെയും ജീവിതാവസാനം ഈ പ്രവചനം യാഥാർത്ഥ്യമായിത്തീരും. ശീതകാലത്തോ, സാബതിലോ, അതായതു് ലോകാവസാനത്തിലോ, മരണസമയത്തോ നയിക്കപ്പെടാതിരിക്കാൻ,സുകൃതം അഭ്യസിക്കുന്നതിനു് വിശ്വാസികളെ അവിടുന്ന് സജ്ജരാക്കുന്നു. *ശീതകാലം* എന്നാൽ *ഫലരാഹിത്യം* എന്നും *സാബത്* എന്നാൽ അധ്വാനത്തിൽനിന്നുള്ള വിരാമം എന്നും അർത്ഥമാക്കാം. അതായതു്, സുകൃതാഭ്യസനത്തിന് സമയമില്ലാത്തപ്പോഴോ, വിശ്വാസത്തിന്റെയും സുകൃത കർമ്മങ്ങളുടെയും ഫലങ്ങൾ ഇല്ലാതിരിക്കുമ്പോഴോ നിങ്ങൾ നയിക്കപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ. നമ്മുടെ ആത്മാക്കൾ സുകൃതാഭ്യസനം നടത്തണമെന്നും ഫലം പുറപ്പെടുവിക്കണമെന്നും ഈ വചനം ഉദ്ദേശിക്കുന്നു. '*സാബത്* ശ്ലീഹന്മാരെക്കുറിച്ചു മാത്രമാണ്'' എന്നു *ചിലർ* കരുതുന്നു; കാരണം, *സാബത്* രാത്രി, അവൻ അറസ്റ്റുചെയ്യപ്പെട്ടു; അവർ ഓടിപ്പോകുകയും ചെയ്തു. തണുപ്പായിരുന്നതിനാൽ ശീതകാലം.

*അവൻ അവരിൽനിന്ന് അല്പം മാറി കമിഴ്ന്നു വീണു പ്രാർത്ഥിച്ചു* (22:41). ''പിതാവേ, കഴിയുമെങ്കിൽ....'' ഇത് *മത്തായി ഭാഷ്യത്തിലും മർക്കോസ് ഭാഷ്യത്തിലും* നാം വ്യാഖ്യാനിച്ചിട്ടുള്ളതാണ്. തനിക്കു് സൃഷ്ടിയുടെ പ്രകൃതിയും ഉള്ളതിനാൽ ദൈവത്തിന് ആരാധന അർപ്പിക്കുന്നു എന്നു പഠിപ്പിക്കാനാണ് അവിടുന്നു കമിഴ്ന്നുവീണതു് എന്നു് ഇവിടെയും നാം പറയുന്നു. എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി താൻ പീഡസഹിച്ചു് മരിക്കണം എന്നതാണ് പിതൃഹിതം എന്നറിഞ്ഞിട്ടും 'സാധ്യമെങ്കിൽ....' എന്നു പ്രാർത്ഥിക്കുന്നതു്, തന്നെ കുരിശിൽ തറച്ചവരോടു് തനിക്കു അനുകമ്പ ഉണ്ടെന്നു കാണിക്കാനാണ്. കാരണം, ക്രൂശാരോഹണാനന്തരം

www.malankaralibrary.com



അവർ പൂർണമായി കുററക്കാരായി വിധിക്കപ്പെട്ടും എന്നും മുമ്പു ള്ളപോലെ ക്ഷമയ്ക്കു് അർഹതയില്ലാത്തവരായി പരിഗണിക്ക പ്പെട്ടും എന്നും അവിടുന്നു് അറിഞ്ഞിരുന്നു. 'ദൈവരാജ്യം നിങ്ങ ളിൽനിന്നു് എടുക്കപ്പെട്ടും' എന്നു് അവിടുന്നു് നേരത്തെ പറഞ്ഞ തുപോലെ, അതായതു്, നിങ്ങൾക്കുള്ള അവിടുത്തെ സംരക്ഷ ണവും നിങ്ങൾക്കു് അവിടുത്തോടുള്ള ബന്ധവും. അതുകൊണ്ടു് ക്രൂശിൽ തറയ്ക്കുന്നവരോടുള്ള അനുകമ്പയിൽ അവിടുന്നു പ്രാർത്ഥി ച്ചുപറഞ്ഞു: "സാധ്യമെങ്കിൽ പീഡാസഹനസമയം തടയപ്പെ ടട്ടെ. അങ്ങനെ അതോടുകൂടി അവരുടെ ശിക്ഷാവിധിക്കും കാല താമസം വരട്ടെ.

*എങ്കിലും എന്റെ ഹിതമല്ല* എന്നു കൂട്ടിച്ചേർക്കുക വഴി രണ്ടു് ഇച്ഛാശക്തിയുണ്ടെന്നല്ല പറയുക. ഒരിക്കലുമില്ല. *ക്യാനാ കളിലും ക്നോമാകളിലും*[1] ഒഴിച്ചാൽ ഐക്യം എല്ലാററി നെയും ഏകീഭവിപ്പിക്കുന്നു. രണ്ടു് ഇച്ഛകൾ ഉണ്ടെങ്കിൽ അവിടെ ഐക്യമില്ല. അതുകൊണ്ടു്, ഇച്ഛകളിൽ വ്യത്യാസം ഇല്ലെന്നു് അവിടുന്നു് കാണിക്കുന്നു; മറിച്ചു് ഇച്ഛകളിലെ ഐക്യം. *എന്റെ ഇഷ്ടമല്ല:* അതായതു് വേദനകളിൽനിന്നു് സ്വാഭാ വികമായി ഒഴിഞ്ഞുമാറുന്ന എന്റെ മാനുഷിക പ്രകൃതി. വചന വുമായുള്ള ഐക്യത്താൽ അവിടുന്നു് പിതാവിന്റെ ഹിത ത്തിനു് സ്വയം കീഴ്പ്പെടുത്തുന്നു. പിതാവു് ഇച്ഛിക്കുന്നതുതന്നെ അവനും ഇച്ഛിക്കുന്നു. മരിക്കാനാഗ്രഹിക്കാത്ത ആലയത്തിനു് ഒരിച്ഛയാണു്; ആ ആലയത്തിൽ വസിക്കുന്നവനു് മറെറാരിച്ഛ യാണു്. പൊതുനന്മയ്ക്കുവേണ്ടി സർവത്തും ഒരാലയമാക്കാൻ അതിച്ഛിക്കുന്നു. എന്നാൽ അവ രണ്ടും ഐക്യത്തിലാണു്. സ്വാ ഭാവികവും വ്യക്തിപരവുമായ മനുഷ്യന്റെ വാക്കും അവന്റെ ജഡവും വ്യത്യസ്തമാണെങ്കിലും യോജിച്ചു് ഏകമായിരിക്കുന്നതു പോലെ, വചനത്തിന്റെയും മാംസത്തിന്റെയും ഇച്ഛകൾ വ്യത്യസ്തമാണെങ്കിലും, ഐക്യത്തിൽ ഒന്നാണു്, രണ്ടല്ല. വീണ്ടും, 'ഇതായിരുന്നു ആദത്തിന്റെ ഇച്ഛ' എന്നു തുടങ്ങുന്നവ സുവിശേഷകനായ മത്തായിയിൽ നോക്കുക.

*അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്നു് ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു* (22:43). അവിടുത്തേക്കു് മാലാഖയുടെ സഹായം ആവശ്യമില്ലായിരുന്നു; മാലാഖമാർ അവിടുത്തെ ആരാധിക്കുന്നു. എന്നാൽ മാലാഖ പ്രത്യക്ഷപ്പെ ട്ടതു്, ഒന്നാമതായി, അവിടുത്തെ ജനനത്തിലും ഉപവാസ ത്തിലും എന്നതുപോലെ അവിടുത്തെ ബഹുമാനത്തിനാണു്.

---

1 Kyane, Qnome.

www.malankaralibrary.com



അവർ അവിടുത്തെ ബഹുമാനിച്ചു. രണ്ടാമതായി, ശ്രോതാക്കളെ ഓർക്കേണ്ടിയാണ്. അതായതു്, ദൂതൻവന്നു് കർത്താവിനെ ശക്തിപ്പെടുത്തിയതുപോലെ മററുള്ളവരെയും ശക്തിപ്പെടുത്തണം എന്നു് ദൂതനു് മനസ്സിലാക്കിക്കൊടുക്കാനും, അവിടുത്തോടുകൂടി സഹിക്കുന്നവർ അവിടുത്തെ സഹായം അപേക്ഷിച്ച് പീഡ കരം സഹിച്ചാൽ ദൂതൻ സഹായത്തിനു് വരും എന്നു കാണിക്കാനുമാണ് ദൂതൻ പ്രത്യക്ഷപ്പെട്ടതു്. ചിലർ പറയുന്നതുപോലെ 'മനുഷ്യപുത്രാ, നീ സ്വയം സാന്ത്വനപ്പെടുത്തുക; ഈ കുരിശിലെ പീഡകരം നിനക്കു് വിജയകിരീടം നൽകും' എന്നല്ല ദൂതൻ പറഞ്ഞതു്; പിന്നെയോ, അവൻ അവിടുത്തെ മഹത്വപ്പെടുത്തി; ദാസൻ യജമാനനോടു് പറയുന്നതുപോലെ അവിടുത്തോടു സംസാരിച്ചു: എല്ലാവരാലും ആരാധ്യനേ, നിനക്കു സ്തുതി. ലോകരക്ഷയ്ക്കുവേണ്ടി നിൻെറ ജീവൻ ക്രൂശിൽ തറയ്ക്കുന്നവർക്കു നീ കയ്യാളിച്ചു. ഉന്നതത്തിൽ നിൻെറ ബഹുമാനാർത്ഥം നകംവസ്തുപ്പെട്ട ക്രോബകളുടെ രഥത്തിനുപകരം ആഴങ്ങളിൽ കരിശാകുന്ന രഥം സജ്ജമാക്കിയവനേ, നിനക്കു സ്തുതി. അതുവഴി നിൻെറ പിതാവിൻെറയും നിൻേറയും സ്നേഹം നീ കാണിക്കുന്നു. നീ മരിച്ചിട്ടു് മരണത്തെ കൊല്ലുവാൻ തക്കവണ്ണം നീ ലോകത്തെ അത്രമാത്രം സ്നേഹിച്ചുവല്ലോ.

*അവിടുന്നു് തീവ്രവേദനയിൽ മുഴുകി, കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിച്ചു. അവൻെറ വിയർപ്പ് രക്തത്തുള്ളികൾപോലെ നിലത്തുവീണു* (22: 44). അവിടുത്തെ ജനനവും സ്നാനവും ഉപവാസവും പീഡാനുഭവവും തൻേറതു മാത്രമായിരുന്നില്ല; പിന്നെയോ എല്ലാവരുടേതുമായിരുന്നു. അതുപോലെ പീഡാനുഭവത്തെയും കുരിശുമരണത്തെയും സംബന്ധിച്ചുള്ള വാക്കുകളും അവിടുത്തേതു മാത്രമല്ല, എല്ലാവരെയും സംബന്ധിച്ചുള്ളവയാണ്. ശിഷ്യരുടെ പ്രബോധനത്തിനു് ഉതകുന്നവ അവിടുന്നു് അവരോടു് സംസാരിച്ചു എന്നു മാത്രം. അവിടുന്നു് എല്ലാവർക്കുംവേണ്ടി മരിച്ചതുപോലെ, എല്ലാവരുടെയും പ്രതിനിധി എന്ന നിലയിൽ എല്ലാവർക്കുംവേണ്ടി സംസാരിച്ചു. അവനെ കുററക്കാരനായി പരിഗണിച്ചതിനാൽ തൻെറ തെററിനു് ശിക്ഷയേൽക്കാൻ അവൻ നിന്നുകൊടുത്തു. സ്വാഭാവികമായി അവിടുന്നു് യാചിക്കുകയും അപേക്ഷിക്കുകയും ചോദിക്കുകയും പറയുകയും ചെയ്തു. അവിടുന്നു് ലോകം മുഴുവൻെറയും ശാപം വഹിച്ചതിനാൽ, മനുഷ്യകുലത്തിന്മേൽ വന്നുഭവിച്ച ഭീകരതകളെല്ലാം പൂർത്തിയാക്കിയതിനാൽ അവിടുന്നു് സഹിച്ചവ മനുഷ്യപ്രകൃതിക്കു് വഹിക്കാവുന്നതിൽ അധികമായിരുന്നു. ചിലർ ദുഷ്ടതയോടുകൂടി ജല്പിക്കുന്നതു

www.malankaralibrary.com



പോലെ അവിടുന്നു് മായയോ, മിഥ്യാദർശനമോ, അല്ല, യഥാർത്ഥമായി ആദാമ്യകുലത്തിൽനിന്നുള്ള ശരീരം എടുത്തു എന്നു കാണിക്കാനുമാണിതു്.

*വലത്തു ചെവി ഛേദിച്ചു* (22:50). വലിയ സ്നേഹത്താൽ പ്രേരിതനായി ചെവിയല്ല അവന്റെ തല വെട്ടാനാണ് ശെമഓൻ ഉദ്യമിച്ചതു്. അവന്റെ പ്രവൃത്തിതന്നെ സ്നേഹത്തിനു തെളിവാണ്. എന്നാൽ ആ സേവകൻ കഴുത്തുകുനിച്ചു തിരിച്ചതിനാൽ വെട്ടു് ചെവിയിൽ ഏററു എന്നു മാത്രം. പട്ടാളക്കാർ വാളെടുത്തു വീശുന്നതുപോലെയാണ് ശെമഓൻ വെട്ടാൻ ഓങ്ങിയതു്. എന്നാൽ സേവകൻ താണ് ചരിഞ്ഞു് ഒഴിഞ്ഞു കളഞ്ഞു. വഴിയിൽ ഉള്ളതു് വെട്ടുക എന്നതു് വാളിന്റെ പ്രകൃതമാണു്. അല്ലെങ്കിൽ എങ്ങനെയാണ് ചെവി, അതും വലത്തു ചെവി വെട്ടാൻ ഇടയായതു്. വെട്ടിയവൻ നേരേ എതിർവശത്താണല്ലോ നിന്നതു്. മററെയാളുടെ ഇടത്തു വശത്തായിരുന്നല്ലോ അവന്റെ വലത്തുവശം.

*ഇതു നിങ്ങളുടെ സമയമാണ്; അന്ധകാരത്തിന്റെ ആധിപത്യവും* (22:53). *പേർഷ്യാക്കാരൻ ബാബായ്* പറയുന്നു: നിങ്ങളുടെ മനസ്സിന്റെ തെററിൽ നിങ്ങൾ ഇരുണ്ടിരിക്കുന്നതിനാൽ രാത്രിയുടെ ഈ യാമത്തിൽ നിങ്ങളുടെ മനസ്സിന്റെ ദുഷ്ടത നിങ്ങൾ പൂർത്തീകരിക്കുക നിങ്ങൾക്കു ചേർന്നതുതന്നെ. ഈ രാത്രി സമയത്തു് കള്ളനെയും കവർച്ചക്കാരനെയുംപോലെ തിന്മ പ്രവർത്തിക്കാൻ നിങ്ങൾ വന്നതു് നിങ്ങളുടെ ദുഷ്ടത വെളിപ്പെടുത്തുന്നു. അന്ധകാരത്തിനു് ആധിപത്യമുള്ള സമയത്തു് നിങ്ങളും നിങ്ങളുടെ ശക്തി കാണിക്കുന്നു. നിങ്ങൾ അന്ധകാരത്തെ സ്നേഹിച്ചു് നിങ്ങളുടെ പദ്ധതികളെല്ലാം നടപ്പാക്കുന്നതിനാൽ, അന്ധകാരത്തിന്റെയും പീഡനത്തിന്റെയും നാളിൽ നിങ്ങളും കഠിനമായി പീഡിപ്പിക്കപ്പെടും. സൃഷ്ടിയിലെ സകല ഇരുട്ടിനെക്കാളും കട്ടിപിടിച്ചതായിരിക്കും ആ ക്രൂരിരുട്ടു്. *ഭാഷ്യകാരൻ*, 'ഇതു നിങ്ങളുടെ സമയമാണ്....' എന്നതിനെപ്പററി പറയുന്നതു്: നിങ്ങൾക്കും സാത്താനും അനുവാദം ലഭിച്ചതിനാൽ നിങ്ങളുടെ നാഥനെ ഇപ്പോൾ ഈ നാഴികയിൽ കൊല്ലുവിൻ. അവൻ ദീർഘനാളായി അതാഗ്രഹിച്ചതാണ്. നിങ്ങളുടെ ദുരാഗ്രഹം നിങ്ങൾ സാധിക്കുവിൻ.

## പുസ്തകം XXII

*അന്നുമുതൽ ഹേറോദേസും പീലാത്തോസും പരസ്പരം സ്നേഹിതൻമാരായി* (23:12). *മാർ അപ്രേം:* ഹേറോദേസിന്റെ ജന്മദിനത്തിൽ മാർ യോഹന്നാന്റെ ശിരസ്

www.malankaralibrary.com



മൃഗീയമായി വെട്ടിയെടുത്തപ്പോൾ പീലാത്തോസ് പട്ടാളക്കാരെ അയച്ച് വിരുന്നിന് കൂടിയിരുന്നവരെയെല്ലാം കൊല്ലിച്ചു. നരബലിയർപ്പിക്കുക റോമാക്കാർക്കു നിഷിദ്ധമായിരിക്കെ, അവർ ബലികഴിക്കുന്നതായി അവർക്കു തോന്നി. അന്നുമുതൽ ഹേറോദേസും പീലാത്തോസും ശത്രുതയിൽ ആയിരുന്നു. സൃഷ്ടി മുഴുവനും സമാധാനത്തിനു ഹേതുവായ നമ്മുടെ കർത്താവിൻെറ പീഡാനുഭവദിനം അവരിരുവരും രമ്യതയിലായി.

*പച്ചത്തടിയോട്* (23:31): തൻെറ ദൈവത്വത്തിൻെറ ശക്തിയാണ് പച്ചത്തടിയെന്നും തൻെറ ശിഷ്യരാണ് ഉണങ്ങിയതു് എന്നും *മാർ അപ്രേം* പറയുന്നു. *ഭാഷ്യകാരൻ*: മരണത്തിനു കാരണമാകുന്ന യാതൊന്നും ചെയ്യാത്ത എന്നോടു് ഇതൊക്കെ ചെയ്യുന്നെങ്കിൽ, എനിക്കെതിരായി ഇതിനെല്ലാം മുതിർന്ന നിങ്ങൾക്കു് എന്താണു കിട്ടാൻ പോകുന്നതു്? സുകൃതഫലം പുറപ്പെടുവിക്കുന്നതിനാൽ അവിടുന്നു സ്വയം *പച്ചമരം* എന്നു വിളിക്കുന്നു. അഥവാ, താൻ പ്രവർത്തിച്ച അടയാളങ്ങൾ നിമിത്തം *പച്ചമരം*. ഇതില്ലാത്തവൻ *ഉണക്കമരം*. 'നല്ല പച്ചമരം പോലെയുള്ള എന്നിൽ; അതായതു്, മഹനീയവും സന്തുഷ്ടവും മണമുള്ളതും ഫലസമൃദ്ധവുമായ മരം; ഞാൻ ചെയ്തിട്ടുള്ള നല്ല കാര്യങ്ങളിൽ എല്ലാവരും സന്തുഷ്ടരാണ്. എന്നാൽ സുകൃതത്തിൻെറ എല്ലാ *പച്ചയിൽ*നിന്നും അകന്നവരും വെട്ടിമാററപ്പെട്ടവരും ദുഷ്ടതയുടെ മൂർത്തീഭാവവുമായ യൂദരേ, ഉണക്കമരംപോലെ വെട്ടിയിട്ടു് നിങ്ങളെ കത്തിക്കുമ്പോൾ നിങ്ങൾക്കു വളരെ വേഗം വന്നുഭവിക്കാൻ പോകുന്ന കഠിനവും ഭീതികരവുമായ ആ കഷ്ടതയുടെയും അപകടത്തിൻെറയും മധ്യത്തിൽ നിങ്ങൾ എങ്ങനെ രക്ഷപെടും?

*പിതാവേ, അവരോട് ക്ഷമിക്കണമെ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല* (23:34). അവരോടു് ക്ഷമിച്ചോ ഇല്ലയോ? ക്ഷമിച്ചെങ്കിൽ അമൂല്യരക്തത്തിൻെറ പ്രതികാരത്തിൽനിന്നു് അവർ ഇപ്പോൾ വിമുക്തരായിരിക്കുന്നു. എന്നാൽ പിന്നെ 'വാളെടുക്കുന്നവൻ വാളാൽ നശിക്കും' എന്നു് അവിടുന്നു പറഞ്ഞതു് (മത്താ. 26:52) എങ്ങനെ സ്ഥാപിക്കും? അല്ലെങ്കിൽ ഞാൻ ഭരിക്കാൻ ആഗ്രഹമില്ലാത്ത എൻെറ ശത്രുക്കളെ എൻെറ മുമ്പിൽ കൊണ്ടുവന്നു കൊന്നുകളയുവിൻ എന്നതു് എങ്ങനെ നടപ്പാക്കും(ലൂക്കാ 19:27)? അതു് ക്ഷമയ്ക്കു് ഒരു പഴുതും നൽകുന്നില്ലല്ലോ? അവരോടു് ക്ഷമിച്ചിട്ടില്ലെങ്കിൽ വേറേ ചോദ്യമുയരുന്നു. 'നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' എന്നു് പറഞ്ഞുകൊണ്ടു് തൻെറ ശ്രോതാക്കളെ

www.malankaralibrary.com



നമ്മുടെ കർത്താവ് മുൻപ് ഉപദേശിച്ചിട്ടുള്ളതു് തന്റെ ജീവിതത്തിൽക്കൂടി കാണിച്ചു് മുദ്രവയ്ക്കാനും, നല്ലവരുടെയും ദുഷ്ടരുടെയുംമേൽ തന്റെ സൂര്യനെ ഉദിപ്പിക്കുന്ന തന്റെ പിതാവിനോട് സദൃശ്യനാകുവാനും അവിടുന്നാഗ്രഹിച്ചു എന്നു് *ചിലർ* പറയുന്നു. 'യഥാർത്ഥത്തിൽ അവരോടു ക്ഷമിച്ചില്ലെങ്കിൽ നമ്മുടെ കർത്താവു് പ്രാർത്ഥിക്കുന്നു എന്ന നാട്യരൂപേണ കാട്ടിയതേയുള്ളു; യഥാർത്ഥ പ്രാർത്ഥന ആയിരുന്നില്ല' എന്നു് *മററു ചിലർ* പറയുന്നു. കർത്താവിനെപ്പററിയും ഏററവും നിസ്സാരനെപ്പററിപോലും ഇപ്രകാരം ചിന്തിക്കുന്നതു് ഭോഷത്തമായിരിക്കും. എന്നാൽ പുത്രൻ അപേക്ഷിച്ചെങ്കിലും പിതാവു് അഭ്യർത്ഥന ശ്രവിച്ചില്ല എന്നാരെങ്കിലും പറഞ്ഞാൽ അവന്റെ അനുചിതവാക്കു് നിസ്സാരമായിരിക്കുകയില്ല. 'പിതാവു് ആരേയും വിധിക്കുന്നില്ല, വിധിയെല്ലാം പുത്രനു നൽകിയിരിക്കുന്നു' എന്നുണ്ടല്ലോ (യോഹ. 5:22).

ഉണ്ടെന്നുള്ള സങ്കല്പത്തിൽ പറയുന്ന ചില വാക്കുകളുണ്ടു്; മററു ചില കാര്യങ്ങളുടെ സങ്കല്പത്തിൽ പറയുന്നവയും ഉണ്ടു്; എന്നാൽ അവയെപ്പററി പരിഗണിക്കാറില്ല, പിന്നെയോ, മററുള്ളവയെപ്പററി ചോദിക്കാറുണ്ടു്. ഉദാഹരണമായി, "നിങ്ങളുടെ ഓടിപ്പോക്കു് ശീതകാലത്തോ സാബതിലോ ആകാതിരിക്കാൻ പ്രാർത്ഥിക്കുവിൻ" (മത്താ. 24:20). സാബതിനെപ്പററി പറയാൻ അവിടുത്തെ പ്രേരിപ്പിച്ചതു് എന്താണു്? ഇതാ, അവിടുന്നുതന്നെ അതു് ലംഘിച്ചതാണല്ലോ. അതായതു്, അല്പം വിശപ്പുണ്ടായപ്പോൾ കതിരു പറിച്ചു് തിരുമ്മി; അതുപോലെ താൻ പ്രവർത്തിച്ച നിരവധി സൗഖ്യങ്ങളിലൂടെ (ലൂക്കാ. 6:1; മത്താ. 12:10).

എങ്കിലും ജറുസലേമിന്റെ നാശത്തെപ്പററിയുള്ള തന്റെ വാക്കിന്റെ കൃത്യമായ ഉറപ്പിനുവേണ്ടി അവിടുന്നു് ഇതും കൂട്ടിച്ചേർത്തു. കാരണം, ക്ലേശങ്ങളോടു ചേർന്ന സംഗതികളുടെ ചരിത്രത്തിൽനിന്നു്, സംശയം കൂടാതെ തന്റെ അസ്തിത്വം അംഗീകരിക്കപ്പെടുന്നതിനാണിതു്. 'നഗരത്തിൽ നിശ്ചയമായും ആപത്തുവന്നു ഭവിക്കാൻ പോകുന്നു; ഇതു മാത്രം ചെയ്തു് പ്രാർത്ഥിക്കുവിൻ. അതുവഴി നിങ്ങൾക്കു് അതിൽനിന്നു് ഓടി രക്ഷപെടാനാവും' എന്നാരെങ്കിലും പറയുന്നതുപോലെയാണിതു്. തണുപ്പുകാലത്തു് ഓടിപ്പോകാൻ പ്രയാസമായിരിക്കുന്നതുപോലെയാണു് യഹൂദർക്കു് സാബതിലുള്ള ഓട്ടം; അവിടുന്നു് ഇതു രണ്ടും ബന്ധിക്കുന്നു എന്നേയുള്ളു. എന്നാൽ സാബതിന്റെ ഈ മാനത്തെപ്പററിയാണോ അവിടുന്നു് ഇവിടെ സംസാരിക്കുന്നതു്? എന്നാൽ ഇതാ, ഈ ക്ലേശങ്ങൾ തുടങ്ങിയ

www.malankaralibrary.com



പ്പോഴേ എല്ലാ ശിഷ്യരും വിശ്വാസികളുടെ സമൂഹം മുഴുവനും പഴയനിയമം അനുസരിക്കുന്നതിൽനിന്ന് പൂർണമായി വിമോചിക്കപ്പെട്ടിരുന്നു.

ബാബിലോണിലെ അടിമത്തത്തിൽ കഴിഞ്ഞവരോട് ജറമിയാ പറഞ്ഞത് ഇതിനോട് ഒത്തുപോകുന്നു: "നിങ്ങൾക്കായി തോട്ടങ്ങൾ നട്ടുപിടിപ്പിക്കുവിൻ; നിങ്ങളുടെ പുത്രന്മാർക്ക് ഭാര്യമാരെ സ്വീകരിക്കുവിൻ; നിങ്ങൾ അടിമകളായിരിക്കുന്ന പട്ടണത്തിനുവേണ്ടി പ്രാർഥിക്കുവിൻ. അവിടെയുള്ള സമാധാനത്തിൽ നിങ്ങൾക്കും സമാധാനം ഉണ്ടായിരിക്കും" (29:5-7). എന്നാൽ 'അവരുടെ നല്ല വസ്തുക്കളോ, എന്നേക്കുമുള്ള സമാധാനമോ നിങ്ങൾ ആഗ്രഹിക്കരുത്'' എന്ന് നിയമം പറയുന്നു (ആവ. 23:6). 'വീണ്ടും, 'എൻെറ പ്രാർഥന ബാബിലോണിയാക്കാരുടെ നാശത്തിനായിരിക്കും'. 'നിൻെറ മക്കളെ എടുത്തു പാറമേൽ അടിക്കുന്നവൻ ഭാഗ്യവാൻ' എന്ന് ദാവീദ് പറയുന്നു (സങ്കീ. 141:5; 137:9). അവരുടെ സമാധാനത്തിനുതകുന്ന രീതിയിൽ അവൻ പ്രാർത്ഥന ക്രമീകരിക്കുന്നു. എന്നാൽ അതിലേക്കല്ല അവൻ വിരൽ ചൂണ്ടുന്നത്, മററു കാര്യങ്ങളിലേക്കാണ്. അതായത്, 'നിങ്ങളുടെ അവിടെയുള്ള നീണ്ടകാലത്തെ ജീവിതം' എന്നു കാണിക്കുന്നു. 'രണ്ടുവർഷങ്ങൾക്കുശേഷം കർത്താവ് ബാബിലോണിയാക്കാരുടെ നുകം ഒടിക്കും' എന്ന് വ്യാജപ്രവാചകന്മാർ നുണ പറഞ്ഞ് നിങ്ങളെ വിഡ്ഢികളാക്കിയതുപോലെയല്ല. അവിടുന്ന് അവരുടെ നുകമാണ് ഒടിച്ചുകളഞ്ഞത്. 'പിതാവേ, അവരോട് ക്ഷമിക്കണമെ' എന്നത് അവിടുത്തെ കാരുണ്യത്തെ പ്രസ്പഷ്ടമാക്കുന്നു; അതു നമ്മുടെ കർത്താവിൻെറ സ്വഭാവത്തിനു അനുയോജ്യമാണ്. 'അവർ ചെയ്യുന്നത് എന്താണെന്ന് അവർ അറിയുന്നില്ല' എന്നതും തെററിന് അനുയോജ്യമാകയാൽ ആദ്യത്തേതുമായി ചേർന്നുപോകുന്നതാണ്. "ഞാൻ വന്ന് അവരോട് പറഞ്ഞില്ലായിരുന്നെങ്കിൽ അവർക്കു പാപം ഉണ്ടാകുമായിരുന്നില്ല". ഇപ്പോൾ അവർ കാണുകയും എന്നെയും എൻെറ പിതാവിനെയും വെറുക്കുകയും ചെയ്യുന്നു' എന്ന് നമ്മുടെ കർത്താവ് മുമ്പ് എങ്ങനെ പറഞ്ഞു: (യോഹ. 15:22-24). അല്ലെങ്കിൽ, 'ഇതാണ് അവകാശി; വരുവിൻ, നമുക്ക് അവനെ കൊന്നുകളയാം'? ഇത് തെററാണെങ്കിൽ, ആദ്യത്തേതും ശരിയല്ല, എന്നാൽ സത്യത്തിനെതിരെ അസത്യത്തിന് ആരോപണമൊന്നും ഉന്നയിക്കാൻ സാധ്യമല്ല. 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു' എന്ന് അവിടുന്നു പറഞ്ഞു (യോഹ. 14:6).

തിരുലിഖിതങ്ങളിലുള്ള ചോദ്യാവലിയിലേക്ക് നാം ഇതും ചേർക്കണം എന്നത് വ്യക്തമാണല്ലോ. നമ്മുടെ കർത്താവ്

www.malankaralibrary.com



ഒരു ചതിയനാണെന്നും, താൻ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ദൈവത്തിനെതിരാണെന്നും യഹൂദന്മാർ ചിന്തിച്ചു. ഇതിന് നമ്മുടെ കർത്താവ് അവരെ കുററപ്പെടുത്തിക്കൊണ്ടിരുന്നു. തനിക്കും ചതിയനും തമ്മിൽ എത്രമാത്രം പൊതുവായുണ്ടായിരുന്നു? കസ്റ്റഡിയിലെടുത്ത് കടുത്ത ശിക്ഷയ്ക്ക് വിധിക്കപ്പെട്ടപ്പോൾ ന്യായീകരണം ഒന്നും കൂടാതെ നിശ്ശബ്ദനായിരിക്കുക, അഥവാ, കരുണയ്ക്കായി തന്നെ പിടിച്ചവരോട് കേണപേക്ഷിക്കാതിരിക്കുക എന്നതാണോ ചതിയൻെറ ലക്ഷണം? മറിച്ച്, തൻെറ പീഡകരോട് ഓരോരുത്തരോടും ക്ഷമിച്ച് ദൈവത്തിൻ പക്കലേക്കു മാത്രം തിരിയുക. ഇതുപോലുള്ള അവസരം സ്വീകരിക്കുകയോ കുററപ്പെടുത്തുകയോ ചെയ്യാതെ മോചനം മാത്രം അപേക്ഷിച്ചുകൊണ്ട് ഭവനാംഗവും ബന്ധുവും എന്നപോലെ ഇത്തരം കാര്യങ്ങൾ പറയുക യേശുവിൻെറ പ്രത്യേകതയാണ്. ഇതിനുംപുറമേ, തന്നെ മരണത്തിനു വിധിച്ചവർ അവിടത്തെ മരണത്തിനു വിധിച്ചു എന്ന് കരുതുന്നതിനു പകരം, അവിടുന്ന് ഇപ്പോൾ തിരിഞ്ഞ് അവർ തനിക്ക് കടപ്പെട്ടവരാണെന്ന് കാട്ടുന്നു.

*അവർ ചെയ്യുന്നതെന്താണെന്ന് അവർ അറിയുന്നില്ല.* അവർ എല്ലാവിധ ജ്ഞാനവുമുള്ള വലിയ പണ്ഡിതന്മാർ ആയിരുന്നു. നിയമം അനുസരിച്ചും അറിഞ്ഞുകൊണ്ടുമാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് അവർ കരുതുകയും വീമ്പടിക്കുകയും ചെയ്തു. കാരണം, അവരുടെ നിയമം അനുസരിച്ച് അവിടുന്നു മരിക്കണം എന്ന് അവർ പറഞ്ഞു (യോഹ. 19:7). കാരണം, അവൻ തന്നെത്തന്നെ ദൈവപുത്രനാക്കി. അതുകൊണ്ട്, അവിടുന്ന് ഉചിതമായി അവരുടെ ഉപരിപ്ലവജ്ഞാനത്തെ കുററപ്പെടുത്തി: "നിങ്ങൾക്കറിവില്ല, നിങ്ങൾ വഴിതെററുകയും ചെയ്യുന്നു". അറിവ് എന്ന പേരു് ഇരട്ടയർത്ഥം ഉള്ളതാണ്. ഓരോരുത്തൻെറയും അറിവും ഗവേഷണവും അനുസരിച്ചാണ് ഓരോരുത്തനും ഉള്ള അറിവ് എന്നതു് എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. തന്നെക്കാൾ അറിവു കൂടിയവരുമായി താരതമ്യപ്പെടുത്തുന്നവൻ തൻെറ അറിവ് പരിമിതമാണെന്ന് ഗ്രഹിക്കുന്നു. അപ്പോൾ ദൈവത്തിൻെറ അറിവുമായി താരതമ്യപ്പെടുത്തുമ്പോഴോ? എല്ലാം വളരെ അകലത്തിൽ നിൽക്കുന്നു. *അവർ അറിയുന്നില്ല* എന്ന് അവിടുന്ന് നന്നായി പറഞ്ഞിരിക്കുന്നു. കാരണം, നടന്ന സംഗതികളുടെ രഹസ്യങ്ങളുടെ ആഴവും അവയുടെ രീതികളും അവർക്കജ്ഞാതമായിരുന്നു. കരിശാരോഹണം സംബന്ധിച്ച ഇവ പ്രതീകങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

www.malankaralibrary.com



അല്ലെങ്കിൽ, *പിതാവേ അവരോട് ക്ഷമിച്ചാലും,* അതായത് *അനുവദിച്ചാലും.* അവർ അവരുടെ ഇഷ്ടം പ്രവർത്തിക്കട്ടെ. അവർ ഈ കാര്യത്തിൽ അറിവു കൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ കരുതുന്നു. ഈ പ്രവൃത്തി വഴി അവർക്കു നേട്ടം ഉണ്ടാകും എന്ന് അവർ പ്രതീക്ഷിക്കുന്നു. അവർക്ക് എത്രമാത്രമാണ് നഷ്ടം ഉണ്ടാകുവാൻ പോകുന്നത് എന്ന് അവർ അറിയുന്നില്ല. വീണ്ടും, ലൗകികമായി പ്രയോഗിക്കാനുള്ള ഒരു ആലങ്കാരിക പ്രയോഗമാണ് *പിതാവേ, അവരോട് ക്ഷമിക്കണമെ* എന്നത്. ഒരു നഗരത്തിലെ ഒരുവൻ ന്യായാധിപനെതിരായി മത്സരിക്കാൻ ആഗ്രഹിക്കുന്നു എന്നു കരുതുക. ന്യായാധിപൻ തന്റെ കാര്യസ്ഥനോട്, ഈ പാപങ്ങളോട് ക്ഷമിക്കുക. അവർ ചെയ്യുന്നത് എന്താണെന്ന് അവർ അറിയുന്നില്ല. അവർ തങ്ങൾക്കുതന്നെയുള്ള ഉപദ്രവം ആണ് നിരൂപിക്കുന്നത് എന്ന് അവർ ഗ്രഹിക്കുന്നെങ്കിൽ, ചിലപ്പോൾ അവർ ഇതു പ്രവർത്തിക്കുകയില്ല എന്ന് പറഞ്ഞതായി അവന്റെ കൂട്ടുകാരിൽ ഒരാൾ കാണാനോ കേൾക്കാനോ ഇടയാകുന്നു എന്നു കരുതുക. അതുപോലെയുള്ള ഒരു പ്രയോഗം!

ഇത് ദൈവം പ്രവാചകനിലൂടെ അരുൾചെയ്തതുമായി ഒത്തുപോകുന്നു: "എഫ്രേം വിഗ്രഹങ്ങളോടു ചേർന്നു. അവൻ അങ്ങനെ നടക്കട്ടെ" (ഹോശി 4:17). ഇത് ക്ഷമയല്ല, പിന്നെയോ, കുറേ സമയത്തേക്ക് മണ്ടനായി നടക്കാൻ അവിടുന്ന് അവനെ അനുവദിക്കുന്നു എന്നു മാത്രം. എന്നാൽ ശിക്ഷാവിധി പിറകേ വരുന്നു. കർത്താവിനെ സംബന്ധിച്ചും ഇപ്രകാരമായിരുന്നു. യഹൂദരുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുകയായിരുന്നില്ല. കാരണം, അവരോട് ക്ഷമിക്കപ്പെട്ടെങ്കിൽ കുററക്കാരനായ ഒരുവൻപോലും പൊറുതി ലഭിക്കാതെ അവശേഷിക്കുകയില്ലായിരുന്നു. പാപത്തിന്റെ ഗൗരവത്തിലും വലിപ്പത്തിലും അവരുടേതുപോലെ മറെറാരു പാപവുമില്ല. *മററു ചിലർ:* നമ്മുടെ കർത്താവ് ഉപവസിക്കുക, പ്രാർത്ഥിക്കുക എന്നു തുടങ്ങി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കാര്യങ്ങളൊക്കെ യഥാർത്ഥ പ്രബോധകനെപ്പോലെ തന്നിൽത്തന്നെ വരച്ചുകാട്ടി. അങ്ങനെ 'നിങ്ങളെ നിന്ദിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ...' എന്നു തുടങ്ങിയവ തന്നിൽത്തന്നെ അവിടുന്നു പൂർത്തീകരിച്ചു. തന്നെ ക്രൂശിൽ തൂക്കിയവർ അനുതപിക്കാത്തവരാണെന്ന് അവരുടെ വാക്കുകളും ചിന്തകളും അവിടുന്നറിഞ്ഞിരുന്നു; അതുകൊണ്ട് അവർക്കു ദൈവത്തിൽനിന്നു കാരുണ്യം ലഭിക്കുകയില്ലെന്നും അവിടുത്തേക്ക് അറിയാമായിരുന്നു. വീണ്ടും, ദുഷ്ടർക്ക് പാപപരിഹാരം പാടില്ല എന്ന് നിശ്ചയിച്ച ദൈവതിരുമനസ്സിന് അവിടുന്ന് എതിരുനിന്നില്ല. അവരുടെ

www.malankaralibrary.com



അനുതാപം കൂടാതെ അവരോട് ക്ഷമിക്കപ്പെടുകയില്ലെങ്കിൽ പിന്നെ അവർക്കുവേണ്ടി കഴിച്ച പ്രാർത്ഥനയ്ക്ക് എന്തു ഫലമാണു ള്ളത് എന്നു ചോദിച്ചേക്കാം. അനുതപിക്കാൻ അവർക്ക് ഒരുക്ക മാണെങ്കിൽ അവർ നിരാശരാകേണ്ട കാര്യമില്ല, ക്ഷമയ്ക്ക് അവർ അന്യരുമല്ല എന്ന് അവരെ പഠിപ്പിക്കാൻ അവിടുന്നു ശ്രമിക്കുന്നു എന്നു നാം അതിനു മറുപടി പറയുന്നു. അവിടുന്ന് സംസാരിച്ചപ്പോൾ യഥാർത്ഥത്തിൽ അവിടെ അനുതാപം ഉണ്ടാ യിരുന്നു എന്ന് അവിടുന്ന് പഠിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. അനുതാപം കൂടാതെ അവരോട് ക്ഷമിക്കുന്നതിനല്ല, നിയമം അനുതാപം സ്വീകരിച്ചത്. അത് അസാധ്യമാണ്; ദൈവഹിതത്തിനു വിരുദ്ധവുമാണ്.

*കുററവാളികളിൽ ഒരുവൻ അവിടുത്തെ ദുഷിച്ചു* പറഞ്ഞു (23:39). അതായത്, അവിടുന്ന് ക്രിസ്തുവാ ണെങ്കിൽ തന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്കട്ടെ. അവൻ തന്റെയും ഞങ്ങളുടെയും രക്ഷ സാധിക്കാനായി അവനെ പ്രേരി പ്പിക്കാമെന്ന് അവൻ കരുതി. *നീ ദൈവത്തെപ്പോലും ഭയപ്പെടുന്നില്ലേ?* എന്നു ചോദിച്ച് അവന്റെ കൂട്ടുകാരൻ അവനെ ശകാരിച്ചു. *പോലും* എന്നതു തനിച്ചല്ല നിൽക്കു ന്നത്. തിരുലിഖിതപ്രകാരവും മററു രീതികളിലും അത് മറെറാന്നിനോട് ബന്ധിതമാണ്. 'ഉയരത്തിനോ, ആഴത്തി നോ, മറേറതെങ്കിലും സൃഷ്ടിക്കു *പോലുമോ*....' (റോമ.8:39). 'ഞാൻ നിന്നെയോ, നിന്റെ രാജാവിനെ *പോലുമോ* ഭയ പ്പെടുന്നില്ല' എന്ന് ഒരുവൻ തന്റെ സ്നേഹിതനോടു പറയുന്നതു പോലെയാണിത്. അതുകൊണ്ട്, ഇവിടെ എന്തോ വിട്ടു പോയിട്ടുണ്ട്. *പോലും* എന്നതിന്റെ മുമ്പിൽ മറെറന്തോ കൂടിയുണ്ട്. 'നിന്റെ മനസ്സാക്ഷി നിന്നെ കുററപ്പെടുത്തുന്നില്ലേ? നിനക്കു മനുഷ്യരെ ഭയമില്ലേ' എന്നതായിരിക്കാം. തുടർന്ന്, 'നീ ദൈവത്തെ*പോലും* ഭയപ്പെടുന്നില്ലേ?' നീയും അതേ ശിക്ഷാവിധിയിൽ ആണല്ലോ. *പോലും* എന്ന പ്രയോഗം വഴി കാര്യം വ്യക്തമായോ? ഇതിൽ പൂർവാപര പൊരുത്തം ഉണ്ടോ? കാരണം, രണ്ടുപേരും ദൈവഭയമില്ലാത്തവർ ആയി രുന്നു. അതുകൊണ്ടാണല്ലോ അവർ കള്ളന്മാരായി തീർന്നത്. അതുകൊണ്ടാണ് അവൻ അത് വിശദീകരിച്ചു പറഞ്ഞത്: നീയിതുവരെ ദൈവത്തെ ഭയപ്പെട്ടില്ലല്ലോ; അതുകൊണ്ട് എല്ലാ ദുഷ്കർമ്മങ്ങളും ചെയ്തുകൂട്ടി. നീ നീതിയുള്ള വിധിക്കു വിധേയനായ ഇപ്പോൾ *പോലും* താങ്ങ് അവനെ ബഹുമാ നിക്കുന്നില്ലല്ലോ. നിന്നെപ്പററിയും നിന്നോടുകൂടി ക്രൂശിക്ക പ്പെട്ട അവനെപ്പററിയും ശരിയായി ചിന്തിക്കാൻ അതു നിന്നെ പ്രേരിപ്പിക്കേണ്ടതായിരുന്നു. അവൻ നീതിപൂർവ്വമല്ല, അസൂയ

www.malankaralibrary.com



കൊണ്ടാണ് ക്രൂശാരോഹണത്തിന് കയ്യാളിക്കപ്പെട്ടിരിക്കുന്ന തെന്ന് നീതിമാന്മാരായ മനുഷ്യരിൽനിന്നും പീലാത്തോസിന്റെ കൈകഴുകലിൽനിന്നും നീ നേരത്തെതന്നെ ഗ്രഹിച്ചതാണല്ലോ.

*പിന്നെ അവൻ യേശുവിനോടു പറഞ്ഞു: കർത്താവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമെ* (23:42). ഇതു കള്ളൻ തന്നെ സ്വന്തമായി പറഞ്ഞതല്ല; കാരണം, ശിഷ്യർക്കുപോലും അപ്പോൾ അതു തോന്നിയില്ലല്ലോ. തന്റെ സഹപ്രവർത്തകനോടുള്ള സംഭാഷണത്തിൽ അവൻ നല്ല കാര്യങ്ങളാണു പറഞ്ഞത്. അവന്റെ ജീവിതം അവസാനിക്കാറായതിനാൽ ഒരു വെളിപാടുവഴി അവൻ കർത്താവിൽനിന്നുള്ള മഹാദാനത്തിന് അർഹനായിത്തീർന്നു. തന്റെ മഹത്വത്തിന്റെ വാഗ്ദാനമാണത്. തന്റെ സഹനത്തിനുശേഷം തനിക്കു ലഭിക്കുന്ന ഔന്നത്യമെന്താണെന്നും ഇതു നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്റെ രാജ്യത്തിൽ തന്നെയും ഓർക്കുവാൻ അവൻ നമ്മുടെ കർത്താവിനോട് അപേക്ഷിച്ചു പ്രാർത്ഥിച്ചു; *നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും* എന്ന് കർത്താവ് അതിനു മറുപടിയും പറഞ്ഞു. അടുത്തുള്ളതിനോടൊപ്പം അകലെയുള്ളതിന്റെ ഉറപ്പും അവിടുന്ന് അവനു നൽകി.

ഇവൻ *മററുള്ളവരെ രക്ഷിച്ചു* എന്നു തുടങ്ങി പ്രമാണികളും അവനെ പരിഹസിച്ചു (23:35). അവനെ പരിഹസിക്കുമ്പോഴും, *അവൻ മററുള്ളവരെ രക്ഷിച്ചു* എന്ന് അവർ സാക്ഷിക്കുകയാണ്. *അവൻ ദൈവത്തിൽ ആശ്രയിച്ചു* (മത്താ. 27:43). നിങ്ങൾ കൊന്ന പ്രവാചകരും നീതിമാന്മാരും ദൈവത്തിൽ ആശ്രയിച്ചിരുന്നവരല്ലേ? നിങ്ങളുടെ വചനത്തിൽ അവിടുന്ന് ഒട്ടും സന്തുഷ്ടനായിരുന്നില്ല.

*പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു* (23:46). കാരണം, നീയാണെന്റെ സഹായകൻ. എന്റെ ആത്മാവിനെ നിനക്കായി ഞാൻ സംരക്ഷിച്ചു. എന്തുകൊണ്ടാണ് ആ അവസരം നമ്മുടെ കർത്താവ് ഭൂമിക്കും പറുദീസായ്ക്കും പിതാവിന്റെ കരങ്ങൾക്കുമായി തന്നെത്തന്നെ മൂന്നായി പങ്കിട്ടു നൽകിയത് എന്നു ചോദിച്ചേക്കാം: അവിടുന്ന് ഫരിസേയരോടു പറഞ്ഞതു പോലെ, ''യോനാ മത്സ്യത്തിന്റെ വയററിൽ മൂന്നു രാവും മൂന്നു പകലും ആയിരിക്കുന്നതുപോലെ... (മത്താ. 12:40); കള്ളനോട്, ''നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ആയിരി

www.malankaralibrary.com



കം;'' ''പിതാവേ, അങ്ങയുടെ കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' എന്നു് പിതാവിനോട്. ഇവിടെ *തൻെറ അരൂപി*യെപ്പററിയാണു്. 'തൻെറ ശരീരത്തിൽ അവിടുന്നു ഭൂമിക്കുള്ളിൽ ആയിരുന്നു. തൻെറ ആത്മാവിൽ പറുദീസായിൽ ആയിരുന്നു. രണ്ടിലും അവിടുന്നു് ദൈവത്തിൻെറ ആലയമായിരുന്നു. ദൈവമാകട്ടെ എല്ലായിടത്തുമുണ്ടു്; എല്ലാററിനും സമീപസ്ഥനമാണു്. വസിക്കുന്നവനെക്കൂടാതെ വാസസ്ഥലമോ, ആലയമോ ഇല്ലല്ലോ. വാസസ്ഥലം കൂടാതെ വസിക്കുന്നവനുമില്ല.

## പുസ്തകം XXIII

*ആ ദിവസംതന്നെ ശിഷ്യരിൽ രണ്ടുപേർ*...(24:13) സുവിശേഷകനായ ലൂക്കോസും, മറിയത്തിൻെറ ഭർത്താവായ യൗസേപ്പിൻെറ സഹോദരനും ശെമഓൻെറ പിതാവുമായ ക്ലെയോപാസുമായിരുന്നു ആ *രണ്ടുപേർ*, ഈ ശെമഓൻ, യാക്കോബിനുശേഷം ദീർഘനാരം ജറുസലേമിലെ മെത്രാനായിരുന്നു. *സ്താദിയാ*, 60 ഫർലോങ്ങാണു്. 7½ ഫർലോങ്ങ് ഒരു മൈൽ; ഒരു സ്റ്റാദിയാ 8 മൈൽ വരും. മൂന്നു മൈൽ ഒരു *പരസംഗ്*[1]. *അവൻ.... പ്രവാചകനായിരുന്നു:* ആശ്വാസപ്രദനായ പരിശുദ്ധാത്മാവിൻെറ ആഗമനത്തിനുമുൻപ് ശിഷ്യർക്കുപോലും മിശിഹായെപ്പററി വളരെ അവ്യക്തരൂപമേ ഉണ്ടായിരുന്നുള്ളു: ഒരു സാധാരണ മനുഷ്യൻ, ഒരു പ്രവാചകൻ, വെറുമൊരു നീതിമാൻ മാത്രം.

*അവൻ അപ്പം എടുത്ത്, ആശീർവദിച്ച്, മുറിച്ച് അവർക്കു കൊടുത്തു* (24:30). അപ്പം ആശീർവദിക്കുന്നതും മുറിക്കുന്നതും, അവിടുത്തെ കർത്താവും പ്രബോധകനുമായി വേർതിരിക്കുന്നു. തൻെറയും പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ *ആശീർവദിച്ചു.* അതു കുരിശാകൃതിയിലായിരുന്നു. അപ്പം ആശീർവ്വദിച്ച ഉടൻതന്നെ അവരുടെ ആന്തരിക കണ്ണുകൾ തുറക്കപ്പെട്ടു. അതിൽനിന്നൊന്നും ഭക്ഷിക്കാതെ അവൻ അവരിൽനിന്നു മറഞ്ഞുപോയി.

*നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ ഭാരപ്പെട്ടില്ലേ?* (24:32). *ജ്വലിച്ചില്ലേ* എന്നാണു് ഗ്രീക്ക്. രണ്ടിനും ഒരേ അർത്ഥം തന്നെ. ഈയം വെള്ളത്തിലെന്നവണ്ണം *ഭാരം അനുഭവപ്പെട്ടു.* കത്തിജ്വലിക്കുന്ന തീക്കൊള്ളിപോലെ *ജ്വലിച്ചു.*

1. Parasang

www.malankaralibrary.com



*നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേററ് ശെമഓന് പ്രത്യക്ഷപ്പെട്ടു* (24:34). കല്ലറയിലെ തുണികഠം തൻെറ വസ്ത്രമാക്കിക്കൊണ്ടു് കാണപ്പെട്ടു എന്നു് ചില *ദൈവവാഹകർ* പറയുന്നു. നമ്മുടെ കർത്താവു് പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം ശിഷ്യർ രേഖപ്പെടുത്തിയിട്ടില്ല. "മററനേകം കാര്യങ്ങഠം..." (യോഹ. 21:25) എന്നു് പറഞ്ഞിട്ടുണ്ടല്ലോ.

*ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ* (24:40). തന്നിൽനിന്നു് ശാരീരികപ്രകൃതം അവിടുന്നു് ഉരിഞ്ഞുകളഞ്ഞു എന്നല്ല അർത്ഥം; മായയായിട്ടല്ല അവിടുന്നു് കാണപ്പെട്ടതു് എന്നു പഠിപ്പിക്കുവാനാണു്. മനുഷ്യരുടെ ദുഷ്ടത നിമിത്തം തൻെറ ആത്മീയ സ്വഭാവത്തിൽപോലും അവിടുന്നു മരിച്ചില്ല. തൻെറ ബൗദ്ധികവും ശാരീരികവുമായ പ്രകൃതത്തിലാണു്. അതു് അതിൻെറ സത്തയിൽതന്നെ അഴിവിനു് വിധേയമാണല്ലോ.

*അവൻ തൻെറ കൈകളും പാദങ്ങളും അവരെ കാണിച്ചു* (യോഹ. 20:25). ആണിപ്പഴുതുകളും കുന്തംകൊണ്ടുള്ള മുറിവും! പുതിയ ജീവിതത്തിലേക്കു് ഉത്ഥാനംചെയ്തതും വിശുദ്ധീകരിക്കപ്പെട്ടതും, സൂക്ഷ്മമായിത്തീർന്നതും, പ്രകാശിതമായതുമായ തൻെറ ശരീരത്തിൽ അവ കാണപ്പെട്ടു എന്നല്ല. തൻെറ ഉത്ഥാനത്തെപ്പററി തൻെറ ശിഷ്യർക്കു് ഉറപ്പു നല്കാൻ അവിടുന്നു തന്നെത്തന്നെ കാണിച്ചു എന്നാണർത്ഥം. അതിനു മുമ്പോ അതിനുശേഷമോ അതു് അവനിൽ ഉണ്ടായിരുന്നില്ല. ആ നാഴികയിൽ അവിടുന്നു തൻെറ അതിസ്വാഭാവിക സ്വഭാവം മറച്ചുവച്ചുകൊണ്ടു് തന്നെ സ്പർശിക്കാൻ അവരെ അനുവദിച്ചു.

*അവിടുന്ന് അപ്പം എടുത്ത് അവരുടെ മുമ്പിൽ വച്ചു ഭക്ഷിച്ചു* (24:43). ശീമോൻെറയും മാനിയുടെയും ദുഷ്ടതപോലെ അവിടുന്നു് ഭക്ഷിക്കുന്നതായി തോന്നിച്ചതല്ല; മററുള്ളവർ പറയുന്നതുപോലെ യാഥാർത്ഥ്യത്തിലും (ഹതീതായിസ്)[1] അല്ല, പിന്നെങ്ങനെ അവിടുന്നു് ഭക്ഷണം വായിലിട്ടു ചവച്ചു് ഉള്ളിലാക്കി? ആ ആഹാരം അവിടുത്തേക്കു് ശക്തി പകർന്നുകൊടുത്തില്ല; മനുഷ്യർ സ്വീകരിക്കുന്നതുപോലെ അതു് ദഹിച്ചു് ദേഹത്തു പിടിച്ചില്ല. ഭക്ഷിക്കൽ, പചനം, ദഹനം, പുറന്തള്ളൽ[2] എന്നീ നാലു പ്രക്രിയകളിലൊന്നും അവിടെയി

---

1 really

2 attractive, coagulative, digestive and expulsive forces.

www.malankaralibrary.com



ല്ലായിരുന്നു. കർത്താവും രണ്ടു ദൂതന്മാരും അബ്രഹാമിന്റെ ഭക്ഷണം സ്വീകരിച്ചപ്പോൾ സംഭവിച്ചതുപോലെ, ആത്മാവിന്റെ ശക്തിയാൽ ഭക്ഷണത്തിന്റെ മൂല പദാർത്ഥങ്ങളായി അതു് അഴിഞ്ഞു് അദൃശ്യമായിത്തീർന്നു. *അവിടുന്നു് എടുത്തു് ഭക്ഷിച്ചു* എന്നതു് അവിടുന്നു് *ഭാവനയിൽ*[1] ഭക്ഷിച്ചു എന്നല്ല *സത്യമായും*[2] ഭക്ഷിച്ചു എന്നാണു്. *അവരുടെ കണ്ണുകൾ തുറന്നു* (24:45_46) എന്നു് അവിടുന്നു കൂട്ടിച്ചേർക്കുന്നതിൽനിന്നു് അവിടുന്നു *സ്വാഭാവികമായും യഥാർത്ഥമായും*[3] *ഭക്ഷിച്ചില്ല* എന്നാണർത്ഥമാക്കുന്നതു്. ആഹാരം അവിടത്തെ ശരീരത്തിൽ കലർന്നുമില്ല. *സത്യമായിട്ടാണു്* എന്നാൽ *യഥാർത്ഥമായിട്ടല്ല*;[4] *സത്യം*[5] *യാഥാർത്ഥ്യത്തിൽ*[6]നിന്നു് വ്യത്യസ്തമാണല്ലോ. വായനക്കാരൻ നോക്കി മനസ്സിലാക്കട്ടെ.

മിശിഹായുടെ വ്യാപാരത്തിന്റെ ഈ കർമ്മങ്ങളെല്ലാം അതിസ്വാഭാവികമായിട്ടാണു് സംഭവിച്ചതെന്നു് നാം അറിഞ്ഞിരിക്കണം. അവ പൂർണ്ണമായി സുഗ്രാഹ്യമല്ല. തന്റെ ഉത്ഥാനത്തിനു മുമ്പു് ഇത്തരം മൂന്നു് അതിസ്വാഭാവിക കാര്യങ്ങൾ അവിടുന്നു പ്രവർത്തിച്ചു. തന്റെ ഉത്ഥാനാനന്തരം പ്രകൃതിയേക്കാൾ താണരീതിയിലുള്ള മൂന്നും തന്റെ ഉത്ഥാനാവസരം ഒന്നും അവിടുന്നു് ചെയ്തു. *തന്റെ ഉത്ഥാനത്തിനു മുമ്പുള്ളവ:* ഒന്നു്, പുരുഷബന്ധം കൂടാതെയുള്ള ഗർഭധാരണവും കന്യാത്വഭംഗം കൂടാതെയുള്ള ജനനവും, രണ്ടു്, ഉറച്ച പാദങ്ങൾകൊണ്ടു് വെള്ളത്തിന്മീതെ നടന്നതു്. അതുപോലെ ഉയരത്തിൽനിന്നു് താഴേക്കു് തള്ളിയിടാൻ ആഗ്രഹിച്ചവർക്കു് പിടികൊടുക്കാതെ അവരുടെ ഇടയിൽക്കൂടി നടന്നുപോയതു്. മൂന്നു്, തന്റെ വസ്ത്രത്തിന്റെ തൂവെള്ള നിറവും ശരീരത്തിന്റെ ശോഭയും. *ഉത്ഥാനാനന്തരം സംഭവിച്ചവ:* ഒന്നു്, തന്റെ സൂക്ഷ്മശരീരത്തെ സ്പർശിച്ചതു്; ആണിപ്പഴുതുകളും വിലാപ്പുറവും കാണിച്ചതു്. രണ്ടു്, അവരോടൊപ്പം ഭക്ഷണം കഴിച്ചതു്, മൂന്നു്, സ്വാഭാവിക നയനങ്ങൾക്കൊണ്ടു് വസ്ത്രത്തോടുകൂടി തന്റെ ശരീരത്തെ ദർശിച്ചതു്. തന്റെ പീഡാനുഭവത്തിനു മുൻപു് തനിക്കുണ്ടായിരുന്ന വസ്ത്രം പട്ടാളക്കാർ ചീട്ടിട്ടു് പങ്കിട്ടെടുത്തുകൊണ്ടുപോയിരുന്നു.

---

1 in imagination, 2. Sarirait (truly) 3. la hatitait wakyanait – not really and naturally.
4 Šārīrāit ulā hatītāit (truly and not really)
5 Truth (Srārā)
6 hatītūtā (Reality)

www.malankaralibrary.com



കല്ലറയിൽ ഉണ്ടായിരുന്ന കച്ചകൾ ശെമഓനും യോഹന്നാനും കൂടി എടുത്തു. ഉത്ഥാനാനന്തരമുള്ളവയെപ്പററി ചിലർ സംശയം പ്രകടിപ്പിക്കുന്നു. എന്നാൽ കല്ലുകൊണ്ടു് അടച്ചു് മുദ്രവച്ചിരുന്ന കല്ലറയിൽനിന്നു് പുറത്തുവന്നതും അടച്ചിട്ടിരുന്ന വാതിലിലൂടെ അകത്തു കടന്നതും (യോഹ. 20:19) അത്ഭുതകരംതന്നെ. അത്ഭുതവും ആശ്ചര്യവുമായ നിനക്കു മഹത്ത്വം ഉണ്ടായിരിക്കട്ടെ.

*എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങൾക്കു ഞാൻ അയയ്ക്കുന്നു* (24:49). 'അന്ത്യനാളുകളിൽ ഞാൻ സർവ ജഡത്തിന്മേലും എൻെറ ആത്മാവിനെ വർഷിക്കും' എന്നതു് ജോയേൽ പ്രവാചകനിൽ ഉള്ളതാണ് (2:28).

അവൻ കൈകളുയർത്തി അവരെ അനുഗ്രഹിച്ചു (24:50). അവൻ നല്കിയ ഈ അനുഗ്രഹങ്ങൾ പീഡാനുഭാവസരമാണോ, എമ്മാവൂസിലാണോ ഈ ഭാഗത്താണോ എന്നു് സുവിശേഷകർ വ്യക്തമാക്കുന്നില്ല. കേവലം വിവരണത്തിനുമെല്ലാം വളരെ ഉന്നതവും മഹനീയവുമാണ് അവ എന്നു വ്യക്തമാണല്ലോ. *കൈയല്ല, കൈകൾ ഉയർത്തിയതു്* എന്തുകൊണ്ടാണ്? അതു് പതിവിനു വിരുദ്ധമാണല്ലോ? ശരീരം മുഴുവൻെറമേലും വലത്തു കൈയ്ക്കുള്ള അധികാരവും ശക്തിയും ബലവും നിമിത്തം, എല്ലായിടത്തും വലത്തുകൈകൊണ്ടാണ് ആശീർവാദം നൽകുന്നതു്. ഇവിടെയാകട്ടെ, രണ്ടു കൈകൊണ്ടുമാണ്. *മററു ചിലർ*: തൻെറ മഹോന്നത വ്യാപാരം നിമിത്തം ദൈവത്വത്തിൻെറ കൃപ പ്രാപിച്ചതിനാൽ അവിടുന്നു് തദവസരം നന്ദിപറയുകയായിരുന്നു. അവിടുത്തെ അനുകരിച്ചു് നാമും ഇതുപോലെ ചെയ്യാൻ വേണ്ടിയായിരുന്നിതു്. *വേറെ ചിലർ*: ശിഷ്യർ എല്ലാ എതിർപ്പുകളെയും കീഴടക്കുന്നതിന്, പൗലോസ് പറയുന്നതുപോലെ ഇടത്തുകൈയുടെയും വലത്തുകൈയുടെയും ആയുധത്താൽ അവരെ ആയുധം ധരിപ്പിച്ചു് വിജയികളാക്കുകയായിരുന്നു. *മററു ചിലർ*: മനുഷ്യൻെറ ആത്മ ശരീരങ്ങളെ എല്ലാ ആത്മീയാനുഗ്രഹങ്ങളാലും അവിടുന്നു് അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു. പാപത്തിൻെറയും മരണത്തിൻെറയും സാത്താൻെറയും ശക്തിയിൽനിന്നു് ആത്മാവിനെയും ശരീരത്തെയും വിമുക്തമാക്കി. *മററു ചിലർ*: അവർക്കു് മാളികമുറിയിൽവച്ചു് അവിടുന്നു് അപ്പസ്തോലികത്വം നൽകി. ഇവിടെ വച്ചു് പൗരോഹിത്യം സ്വീകരിക്കാനായി കൈവയ്പിൻെറ രഹസ്യം (കെയ്റോതോണിയാ) നൽകി. അതുകൊണ്ടാണ് അവരുടെ തലയ്ക്കുമീതെ ആവസിക്കുന്ന രീതിയിൽ കൈകൾ ഉയർത്തി പിടിച്ചതു്. *വേറെ ചിലർ*: സ്ലീബായുടെ ആരാധ്യമായ രൂപത്തിൽ അവിടുന്നു് അവരുടെമേൽ കൈകൾ മുമ്പോട്ടും പിറകോട്ടും ചലിപ്പിച്ചു.

www.malankaralibrary.com



അതിനുശേഷം അവിടുന്ന് ആകാശവിതാനം ഭേദിക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ ഭേദിക്കാതെ *സ്വർഗ്ഗത്തിലേക്ക്* ആരോഹണം ചെയ്തു. എന്നാൽ ആകാശവിതാനത്തെ ഭേദിച്ചുകൊണ്ടാണെന്ന് വേറേ ചില വ്യാഖ്യാതാക്കൾ പറയുന്നു. എന്നാൽ അതിന്റെ ആവശ്യം ഇല്ലായിരുന്നു. അവിടുന്നു മർത്ത്യനും സഹനവിധേയനുമായിരുന്നപ്പോൾ പോലും കന്യാത്വമുദ്രയ്ക്കു ഭംഗം വരുത്താതെ ജനിച്ചു; ജലത്തിന്മീതേ നടന്നു; ശത്രുകരങ്ങളിൽനിന്നു രക്ഷപ്പെട്ടു, കല്ലറവാതിൽ മുദ്രവച്ച് കാത്തുകൊണ്ടിരുന്നിട്ടും അവിടുന്നു പുറത്തുവന്നു. വീണ്ടും, ആദത്തിന്റെ പാർശ്വം പിളർക്കാതെ ഒരു വാരിയെല്ലു മുഴുവൻ പുറത്തെടുക്കപ്പെട്ടു; തല്ലിപ്പൊളിക്കാതെ പാറയിൽനിന്നു വെള്ളം ഒഴുകി; മുറിക്കാതെതന്നെ മരത്തിൽനിന്ന് ഇലകളും കനികളും ഉണ്ടാകുന്നു; ഒലിവുമരത്തിൽനിന്ന് ശിഖരങ്ങൾ വളരുന്നു. കനാലുകളിലൂടെ വെള്ളം പായുന്നു, തൊലിയിൽക്കൂടെ വിയർപ്പു വരുന്നു. വായുവിൽക്കൂടി പ്രകാശവും പ്രകാശത്തിൽക്കൂടി വായുവും കടക്കുന്നു. പരസ്പരം കീറിമുറിക്കാതെ ഇവയൊക്കെ നടക്കുന്നു. അതുപോലെ, അതിനെക്കാളുപരി, അമർത്ത്യശരീരം, വചനത്തിന്റെ ആലയം, എല്ലാററിനുമുപരി ദൈവം, ആകാശവിതാനം പിളർക്കാതെ, തുറക്കാത്ത കതകുകളിലൂടെ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചതിൽ എന്തത്ഭുതമാണുള്ളത്!

*അവർ സദാസമയവും ദേവാലയത്തിൽ ആയിരുന്നു* (24:53). ആ ആലയത്തിൽനിന്ന് കൃപ പൊയ്പ്പോയി എന്ന് കർത്തൃവചനങ്ങളിൽനിന്ന് അവർ വിശ്വസിച്ചിരുന്നെങ്കിലും അവർ ആ ആലയത്തെ ബഹുമാനിച്ചിരുന്നു. അഭിഷേകത്തിന്റെ കൃപ ശൗലിൽനിന്ന് നീങ്ങിപ്പോയെന്നറിഞ്ഞിട്ടും ദാവീദ് അവനെ ബഹുമാനിച്ചിരുന്നല്ലോ.

നമ്മുടെ കർത്താവ് തന്റെ വ്യാപാരകർമ്മം മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കിയതു് എന്തുകൊണ്ടാണ്? ഒന്നാമതു്, നമ്മുടെ കർത്താവ് രണ്ടാം ആദാം എന്നു വിളിക്കപ്പെടുന്നു. ഒന്നാമത്തെ ആദാം പറുദീസായിൽ മൂന്നുമണിക്കൂർ ചെലവഴിച്ചു. അവൻ ദുരാഗ്രഹത്തിന് കീഴ്പ്പെട്ട് കുററക്കാരനായിത്തീർന്നു. രണ്ടാമത്തെ ആദാം ഓരോ മണിക്കൂറിനും ഓരോ വർഷം മിതത്വത്തിൽ ജീവിച്ച് ദുരാഗ്രഹത്തിനു കീഴ്പ്പെടാതെ അതിന് പരിഹാരം ചെയ്യേണ്ടിയിരുന്നു. രണ്ടാമതായി, സമയത്തെ ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. അതിനനുസരിച്ച് തന്റെ രക്ഷാകര വ്യാപാരം മൂന്നു വർഷം ഉണ്ടായിരുന്നു. മൂന്ന്, സ്വാഭാവികം, കല്പിതം, തിരുലിഖിതപരം അഥവാ, നൈയാമികം എന്നിങ്ങനെയുള്ള മൂന്നു

www.malankaralibrary.com



തരം നിയമങ്ങൾക്കും ഓരോ വർഷം അവിടുന്നു പ്രായശ്ചിത്തം ചെയ്തു. നാല്, അതു് പരിപൂർണ സംഖ്യയാണ്. ഒററസംഖ്യയോടുകൂടി ഇരട്ടസംഖ്യ കൂടുന്നതാണതു്. അഞ്ച്, ദൈർഘ്യം, വീതി, ഘനമാനം എന്നിങ്ങനെ എല്ലാററിനും ത്രിമാനങ്ങളുണ്ടു്. ആറു്, മൂന്നാളുകൾവഴി മൂന്നു് വ്യാപാരങ്ങളുണ്ടു്. ഏഴു്, ജഡികം, മാനസികം, ആദ്ധ്യാത്മികം എന്നിങ്ങനെ മൂന്നുതരം കഴിവുകളുണ്ടു്; മൂന്നു് മഹാ വൈവിധ്യങ്ങളും അതുപോലെയുള്ള മററു സംഗതികളും നിമിത്തം.

ലൂക്കോസിൻെറ ഭാഷ്യം അവസാനിച്ചു. ദൈവത്തിനു മഹത്വമുണ്ടായിരിക്കട്ടെ; നമ്മുടെമേൽ തൻെറ കരുണ നിരന്തരമായി വർഷിക്കപ്പെടട്ടെ. ആമ്മീൻ.

www.malankaralibrary.com

# വിശുദ്ധ യോഹന്നാന്റെ സുവിശേഷം

ഭാഗ്യവാനായ യോഹന്നാൻ സുവിശേഷകന്റെ സുവിശേഷത്തിന്റെ ഭാഷ്യം.

ദൈവികശക്തിയാൽ, സെബദിപുത്രനായ യോഹന്നാൻ സുവിശേഷകന്റെ സുവിശേഷത്തിന്റെ ഭാഷ്യം ഞാൻ രചിക്കുന്നു. അവന്റെ പ്രാർത്ഥന എപ്പോഴും നമുക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ. കർത്താവേ, നിന്റെ കൃപയാൽ ഇതു പൂർത്തിയാക്കുവാൻ എന്നെ സഹായിക്കണമെ. ആമ്മീൻ.

## ആമുഖം

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരം ശിഷ്യന്മാർ സുവിശേഷപ്രഘോഷണാർത്ഥം യൂദയായുടെ എല്ലാ ഭാഗങ്ങളിലേക്കും മററു സ്ഥലങ്ങളിലേക്കും ഇറങ്ങിപ്പുറപ്പെട്ടു. എല്ലായിടത്തും മത്തായിയുടെയും മർക്കോസിന്റെയും ലൂക്കോസിന്റെയും സുവിശേഷപ്പുസ്തകങ്ങൾ പ്രചരിച്ചിരുന്നു. ഭാഗ്യവാനായ യോഹന്നാൻ ഏഷ്യയിലെ നഗരമായ എഫേസോസിൽ പോയി താമസിച്ചു. അദ്ദേഹം ഏഷ്യാ മുഴുവനും അതിനുചുററും സന്ദർശനം നടത്തി. ആരംഭംമുതൽ നമ്മുടെ കർത്താവുമായി അടുത്തിടപെട്ടയാൾ എന്ന നിലയിൽ, യോഹന്നാന്റെ സാക്ഷ്യം മററുള്ളവരുടേതിനെക്കാൾ കൂടുതൽ ഉറപ്പുള്ളതാണ് എന്നു വിശ്വസിച്ചു ഏഷ്യയിലെ സഹോദരന്മാർ ഈ മൂന്നു സുവിശേഷങ്ങളും യോഹന്നാന്റെ പക്കൽ കൊണ്ടുവന്നു. അവയെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം അറിയാനാണ് അവർ അപ്രകാരം ചെയ്തതു്. 'അവ ആത്മാവിന്റെ കൃപയാൽ എഴുതപ്പെട്ടവയാണ്'' എന്നു പറഞ്ഞുകൊണ്ടു് ഈ എഴുത്തുകാരുടെ സത്യസന്ധതയെ

www.malankaralibrary.com



അദ്ദേഹം വളരെ ശ്ലാഘിച്ചു. എങ്കിലും നമ്മുടെ കർത്താവ് ചെയ്ത അത്ഭുതങ്ങളുടെ കാര്യത്തിൽ അവയ്ക്ക് അല്പം പോരായ്മ ഉണ്ടായിരുന്നു; അവിടുത്തെ ദൈവത്വത്തെ സംബന്ധിച്ചുള്ള പ്രതിപാദനത്തിൽ ഗൗരവമായി പോരായ്മ ഉണ്ടായിരുന്നു. അതുകൊണ്ട്, അവയിൽ പോരായ്മയുള്ളതും തികച്ചും കുറവുള്ളതും അവൻ ശ്രദ്ധാപൂർവം എഴുതി ചേർക്കണമെന്ന് സഹോദരന്മാരെല്ലാവരും അവനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവൻ അവരുടെയും ആത്മാവിന്റെയും നിർബന്ധത്തിനു വഴങ്ങി. അവൻ നന്നായി ദൈവത്വത്തെപ്പററിയുള്ള പ്രതിപാദനംകൊണ്ട് തുടങ്ങി; പിന്നീട് നമ്മുടെ കർത്താവിന്റെ ജഡത്തിലെ വ്യാപാരത്തിലേക്കു കടന്നു. മററുള്ളവയിൽ കുറവുണ്ടായിരുന്നവ അവൻ പരിഹരിക്കുകയും ചെയ്തു. ചുരുക്കത്തിൽ, അവശ്യാവശ്യം വേണ്ടിയിരുന്ന സംഗതികളും, മററുള്ളവർ ശ്രദ്ധിക്കാതെ വിട്ടുകളഞ്ഞവയും യോഹന്നാൻ തന്റെ സുവിശേഷത്തിൽ എഴുതിച്ചേർത്തു എന്നതു് അതു മുഴുവൻ വായിക്കുന്നയാളിനു് നന്നായി വ്യക്തമാകും എന്നതിൽ സംശയമില്ല. അതുകൊണ്ട് കാര്യങ്ങൾ നടന്ന ക്രമത്തിലും സംഭവങ്ങളുടെ പൂർവാപര ബന്ധമനുസരിച്ചുതന്നെയും വിവരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിച്ചു. ഇങ്ങനെ മററു് സുവിശേഷകർ ശ്രദ്ധിച്ചില്ല. അവർ അവസാനം നടന്നവ കഴിഞ്ഞിട്ട് ആദ്യം നടന്ന പല കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യം പറഞ്ഞതും പ്രവർത്തിച്ചതുമായ പല കാര്യങ്ങളും അവസാനം രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ യോഹന്നാൻ ഇപ്രകാരം ചെയ്തില്ല; ആദ്യം നടന്നവ ആദ്യംതന്നെ രേഖപ്പെടുത്തി; പിന്നീട് നടന്നവ പിന്നീടും. ഇടയ്ക്കുള്ള പല കാര്യങ്ങളും മററുള്ളവർ പറഞ്ഞിരിക്കുന്നതിനാൽ അവൻ വിട്ടുകളയുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹം സുവിശേഷം എഴുതിക്കൊണ്ടിരുന്ന ഒരു ദിവസം മഴ ചാറാൻ തുടങ്ങി. അന്തരീക്ഷത്തിന്റെ ചുമതലയുള്ള ദൂതനെ കുററപ്പെടുത്തിക്കൊണ്ട് യോഹന്നാൻ പറഞ്ഞു: നീ ഭയന്നു വിറയ്ക്കുന്നില്ലേ? നിന്റെ കർത്താവിന്റെ സുവിശേഷം എഴുതിക്കൊണ്ടിരിക്കുന്നു എന്നു നിനക്കു് അറിവില്ലേ? അതേത്തുടർന്നു് മഴ ചാററൽ നിലച്ചു. ആ നിമിഷംമുതൽ ഇന്നുവരെ യോഹന്നാൻ തന്റെ മഹാസുവിശേഷം എഴുതിയ നടുത്തളത്തിൽ മഴ പെയ്യുകയാകട്ടെ, മഞ്ഞു് പൊഴിയുകയാകട്ടെ ചെയ്തിട്ടില്ല എന്നു് ചില *ദൈവവാഹകർ* കൈമാറിത്തന്നിരിക്കുന്നു.

വെസ്പാസ്യന്റെ മകനായ ഡൊമീഷ്യൻ, യോഹന്നാനെ പത്മോസ് ദ്വീപിലേക്കു നാടുകടത്തി. അയാളുടെ മരണശേഷം അവൻ ഏഷ്യയിലേക്കു തിരിച്ചുവന്നു. നമ്മുടെ കർത്താ

www.malankaralibrary.com



വിൻെറ സ്വർഗാരോഹണാനന്തരം 73 വഷംകൂടി യോഹന്നാൻ ജീവിച്ചു. അതിനുശേഷം എഫേസോസ് മഹാനഗരത്തിൽ വച്ച് സമാധാനത്തിൽ നിദ്ര പ്രാപിച്ചു.

## പുസ്തകം I

*ആദിയിൽ വചനം ഉണ്ടായിരുന്നു* (1:1): *ബ്റീശീത്* എബ്രായ വാക്കാണ്; സുറിയാനിയിൽ *ബ്റീശീതാ* എന്നാണ്. *ഒന്നാമതായി* എന്നോ, *ഒന്നാമത്തേത് വചനം ആയിരുന്നു* എന്നോ എന്തുകൊണ്ടാണ് അവൻ പറയാഞ്ഞത് എന്നു ചോദിച്ചേക്കാം. കാരണം, *റീശീതാ* (ആദിയിൽ) എന്ന വാക്ക് *ഖ്ദീമാ* (ഒന്നാമത്തേത്) എന്ന വാക്കിനെക്കാൾ പുരാതനവും ശ്രേഷ്ഠവും ആണെന്നു നാം പറയുന്നു. രണ്ടിനു മുമ്പ് ഒന്നു്; ബന്ധത്തിൽനിന്നാണ് ഒന്നു്, രണ്ട് എന്നിങ്ങനെ പറയാൻ കഴിയുക. അവ ഒന്നിച്ചുപോകുന്നു. 'ഒന്നാമത്ത്' ഉണ്ടെങ്കിൽ നിശ്ചയമായും രണ്ടാമത്തും ഉണ്ട്; രണ്ടാമത്തുണ്ടെങ്കിൽ, ഒന്നാമത്തും. *ആദിയിൽ* എന്നത് അങ്ങനെയല്ല. അത് ഏതിൻെറയെങ്കിലും ആരംഭമായിരിക്കാം. അതിനുശേഷം ഒന്നില്ലാതെ *ആദിയിൽ* നിലനിൽക്കാം. എങ്ങനെ? കെട്ടിടത്തിനു് അടിത്തറ ഇടുമ്പോൾ, ആദ്യം വയ്ക്കുന്ന കല്ല് *ആരംഭമാണ്*. മറെറാന്നോ, അനേകമോ കല്ലുകൾ അതിന്മേൽ വയ്ക്കുമ്പോൾ അത് *ഒന്നാമത്തേതായി* തീരുന്നു. ആഴ്ചയുടെ ആദ്യദിവസം *ഒന്നാം ദിവസം* എന്നു പറയപ്പെടുന്നു. അതിൻെറ *ഉത്ഭവം*, അഥവാ *തുടക്കം* ദിവസം മുഴവൻെറയും *ആരംഭം* ആണ്. അതിൽ ഏഴ് യാഥാർത്ഥ്യങ്ങൾ ഉണ്ട്. കാരണം, ഒന്നാമത്തേതാണെങ്കിലും, ആരംഭത്തിൽ ആദ്യം വരുന്നതല്ലാതെ കാലികമായിട്ടൊന്നുമില്ല. ഓരോ മണിക്കൂറിനുപോലും ആരംഭം ഉണ്ട്. അതായത്, എണ്ണാൻ തുടങ്ങുന്നതിൻെറ ആരംഭം മുതൽ. ചുരുക്കത്തിൽ, ഒന്നാമത്തേതാണെങ്കിൽ, ആരംഭം ഉണ്ടായിരിക്കും; ആദിയിലേ ഉള്ളത് ഒന്നാമത്തേതായിരിക്കണമെന്നില്ല.

*ആദിയിൽ വചനം ഉണ്ടായിരുന്നു. യേശു* എന്നോ *ക്രിസ്തു* എന്നോ *പുത്രൻ* എന്നോപോലെ *വചനം* എന്നത് ഒരു സർവനാമമല്ല എന്നു നാം അറിഞ്ഞിരിക്കണം. അത് വ്യക്തിപരമായ നാമവുമല്ല, സത്താപരമായതുമല്ല, പിന്നെയോ, സത്തയുടെ ഒരുതരത്തിൻേറതാണ്. പിതാവിൽനിന്നുള്ള പുത്രൻെറ ജനനത്തിൻെറ സ്വഭാവം അതു ചൂണ്ടിക്കാട്ടുന്നു; എന്നാൽ നമ്മുടെയിടയിൽ ഒരു സ്ഥലത്തു്, ഒരു സമയത്തു്, ഭാഗികമായി അഥവാ ഒന്നിച്ചുള്ള പ്രജനനം പോലെയുമല്ലതു്.

www.malankaralibrary.com



ആത്മാവിൽനിന്നാണ്ˇ വചനം. അതു് സമയത്തിലല്ല, വൈകാരികമല്ല, ഭാഗികമോ, വേർപെട്ടോ, തത്തുല്യമായോ അല്ല. ആത്മാവുണ്ടെങ്കിൽ അതു ചിന്തിക്കുന്നു; അവശ്യാവശ്യം അതോടൊപ്പം വാക്കും ഉണ്ടു്. വാക്കുള്ളപ്പോഴൊക്കെ ആത്മാവു മുണ്ടു്. ആത്മാവു് സംസാരശക്തിയുള്ളതാണ്ˇ; ഓരോ വാക്കും മാനസ്സികമാണ്ˇ. ഇതിലൊന്നു വേർപെടുത്തിയാൽ, വേർപെട്ടിരിക്കുമ്പോഴും യോജിച്ചിരിക്കുന്നു. വാക്കു് ആത്മാവിൽ നിന്നാണ്ˇ; എന്നാൽ ആത്ˇമാവു് വാക്കല്ല. കാര്യം കാരണത്തിൽനിന്നാണ്ˇ; കാരണം കാര്യത്തിൽനിന്നല്ല.

അതുപോലെ, ഇതിനെക്കാരം ആയിരവും പതിനായിരവും മടങ്ങ് ഉപരിസ്ഥമായി, പുത്രൻ പിതാവിൽനിന്നു്, വൈകാരികമല്ലാതെ, ഭാഗികമല്ലാതെ,...നിത്യമായി ജനിച്ചിരിക്കുന്നു. അവനെ *വചനം* എന്നു വിളിക്കുന്നു; പുത്രനെന്നോ, ജനിച്ചവനെന്നോ അല്ല. അവിടുന്നു് ശാരീരികനായോ താഴെ മനുഷ്യനു് ജനനസംബന്ധമായി പരിചിതമായ രീതിയിലോ അല്ല ജനിച്ചതു്. അതായതു്, കാലം, സമയം, സാധ്യത, മാററം തുടങ്ങിയവയാൽ ബന്ധിതമായിട്ടല്ല.

നിൻെറ ജനനം യഥാത്ഥമല്ലേ? എങ്കിലും അതൊരു മാതൃകയും ഇനവും, തെരഞ്ഞെടുപ്പുമാണല്ലോ.[1] അതു് ജഡത്തിലാണ്ˇ, അതു് കാലത്തിൽ ആരംഭിക്കുന്നു, അതു് വളരേണ്ടതായിട്ടുണ്ടു്, സമയപൂത്തിയിൽ പൂർണമാക്കപ്പെടുന്നു; എന്നാൽ ഇതിലൊന്നിലും മനുഷ്യനില്ല. എന്നാൽ ചിലപ്പോരം മനുഷ്യനായിരിക്കയില്ല, ചാപിള്ളയോ, മററെന്തെങ്കിലുമോ ആയിരിക്കാം പിറക്കുക. എന്നാൽ അവിടെയാകട്ടെ, ഇവയിൽ ഒന്നു പോലുമില്ല. ഏകനിൽനിന്നുള്ള ഏകൻ. അതുല്യമാംവിധം ജനിക്കുന്നു. അതു് പരിശോധനയ്ക്കോ അന്വേഷണത്തിനോ അതീതമാണ്ˇ.

'അവൻ *ജനിച്ചു*' എന്നു പറഞ്ഞാൽ അവൻ പിതാവിനു ശേഷം ഉണ്ടായി; അവൻ ഒരു സൃഷ്ടിയാണ്ˇ[2] എന്നു ആര്യർ പറഞ്ഞാൽ, അവർ ഇതു് അറിഞ്ഞിരിക്കട്ടെ: അവർ പിതാവിൻെറ ആരംഭം കണ്ടുപിടിച്ചെങ്കിൽ, അവശ്യാവശ്യം ഇവൻ രണ്ടാമനാണ്ˇ; അതുവഴി അവൻ ജനിച്ചു. എന്നാൽ ഇപ്പോരം സത്തയോടും ജനനത്തോടും ഇതു് *ആദിയിലേ* ബന്ധിതമായിരിക്കുന്നു. ഏതിൻെറയെങ്കിലും *ഒന്നാമത്തേത്* അതിൻെറ

1 അത്ഥം വ്യക്തമല്ല 2. Ariomanitae

www.malankaralibrary.com



സ്വഭാവത്തിൽനിന്നാണ്, എന്നാൽ അതിന്റെ *ആരംഭം* അങ്ങനെയൊന്നുമല്ല എന്ന് അവർ അറിഞ്ഞിരിക്കട്ടെ. അതുകൊണ്ട് എല്ലാ *ആരംഭവും* ഒന്നാമത്തേതുകൂടിയാണ്. എന്നാൽ എല്ലാ ഒന്നാമത്തേതും ആരംഭമല്ല; കാരണം എല്ലാററിന്റെയും ഉത്ഭവനിമിഷം ശരിയായി അവയുടെ ആരംഭമാണ്. ഒരു ഭവനം പണിത ദിവസംപോലെ; *ഒന്നാമത്*, അതിന്റെ അസ്തിവാരം. ദിവസത്തിന്റെ ഒന്നാമത്തേത് അതിന്റെ ആദ്യമണിക്കൂറാണ്; അതുതന്നെ അതിന്റെ ആരംഭവും. അതുകൊണ്ട് എല്ലാ ആരംഭവും ഒന്നാമത്തേതാണ്; എന്നാൽ എല്ലാ ഒന്നാമത്തേതും ആരംഭമല്ല.

*ആദിയിൽ* എന്നു പറയുകയും പിന്നെ *ഉണ്ടായിരുന്നു* എന്നു കൂട്ടിച്ചേർക്കുകയും ചെയ്തപ്പോഴും *ഒന്നാമത്തേത്* കൃത്യമായി അവൻ കാണിച്ചില്ല, കാരണം അവൻ അതിനെ (*ബ്റീശീസ്*), *ഉണ്ടായിരുന്നു* കൊണ്ട് നിർവചിക്കുന്നു എന്ന് കല്ലിസ്ത്രാത്തിയോസിനുള്ള കത്തിൽ *ഭാഷ്യകാരൻ* പറയുന്നു. ഒന്നാമത്തേ കേവലം കൃത്യമല്ല. എന്നാൽ *ആദിയിൽ* എന്ന് മോശ പറഞ്ഞത് (ഒന്നാമത്തേതാണ്); കാരണം, അവൻ അതിനോട് സൃഷ്ടി കൂട്ടിച്ചേർത്തു; അതു കൃത്യമാണ്. വസ്തുക്കളിലെ ശക്തിപോലെ അവൻ പുത്രനെ പിതാവിൽ അറിയുന്നു എന്ന് കരുതാൻ പാടില്ല. കാരണം, ഇതുപോലെ വചനവും ആത്മാവിൽ ആയിരിക്കും. താത്വികർ എല്ലാ ശക്തിയെയും വസ്തുക്കളിലെ അസത്താപരം എന്നു വിളിക്കുന്നു. എന്നാൽ പൂർണമാക്കപ്പെട്ട വ്യക്തിത്വം, പൂർണമാക്കപ്പെട്ട വ്യക്തിത്വത്തോട് ചേർന്നിരിക്കുന്നു.

*വചനം ദൈവത്തോടുകൂടിയായിരുന്നു* (1:1). ഗ്രന്ഥകാരൻ പ്രത്യേകമായ തിരുലിഖിതം പടിപടിയായി അവതരിപ്പിക്കുന്നു. വചനത്തിന്റെ ശരീരം വിട്ടിട്ട്, അതിന്റെ അർത്ഥത്തിലേക്ക് നമ്മെ നയിക്കുന്നു. അങ്ങനെ അല്ലായിരുന്നെങ്കിൽ *വചനം* എപ്രകാരമാണ്? അവൻ എങ്ങനെയാണ് സ്ത്രീലിംഗമാകാതെ പുല്ലിംഗമായത്? പുല്ലിംഗമായി എപ്പോഴും സംസാരിക്കുന്നത് എന്തുകൊണ്ടാണ്? *അവൻ ദൈവത്തോടു കൂടെയായിരുന്നു* എന്ന് അവൻ എങ്ങനെ പറയുന്നു? വാക്കുകളെല്ലാം ആരെങ്കിലും ആരെക്കുറിച്ചെങ്കിലും ആരിലെങ്കിലും പറഞ്ഞതാകാം; എന്നാൽ ഈ *അവനോടുകൂടെ* എന്നത് ഐക്യത്തിലേക്കും ഒന്നിച്ചിരിക്കുന്നതിലേക്കും വിരൽ ചൂണ്ടുന്നു. ആദികൂടാത്ത അസ്തിത്വമല്ല, വചനമായ ദൈവം തന്നിൽനിന്നുതന്നെയല്ല, തന്നാൽ തന്നെയുമല്ല, പിന്നെയോ പിതാവിൽനിന്നും അവനോടുകൂടിയുമാണ്. കാരണത്തോടു കൂടി കാര്യം എന്നപോലെ.

www.malankaralibrary.com



*വചനം ദൈവമായിരുന്നു* (1:1) എന്നതു് ദൈവശാസ്ത്രതലങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഒന്നാമതായി, *ആദിയിൽ അവൻ ഉണ്ടായിരുന്നു*. രണ്ടു്, *അവൻ ദൈവത്തോടുകൂടിയായിരുന്നു*. അതുവഴി അവൻ നിത്യനാണെന്നും മറെറാരാളിൽനിന്നാണെന്നും കാട്ടുന്നു. *വചനം* എന്ന നാമം, അവൻ ആരിൽനിന്നാണെന്നും ആരിലാണെന്നും സൂചിപ്പിക്കുന്നു. എന്നാൽ ഇവിടെ, മേഘങ്ങളുടെ ഇടയിൽ സൂര്യൻ എന്നപോലെ, ആലങ്കാരിക നിയമമനുസരിച്ചു്, അവൻ ദൈവത്തെ വെളിപ്പെടുത്തുന്നു. *വചനം* എന്ന നാമം ആലങ്കാരികമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതു് എന്നു് അവൻ പറയുന്നു. അസാധ്യമായി തോന്നിയാലും, അവൻ സത്യമായും ദൈവമാണ്. തന്റെ ആമുഖത്തിലെ അധ്യാനമത്രയും ഏകദൈവത്തിലേക്കു് നമ്മെ കൊണ്ടുവരുന്നെത്തിക്കണം എന്നു് കരുതപ്പെടാതിരിപ്പാൻ, മുമ്പു് അവർ അറിഞ്ഞവനെത്തന്നെ, അവശ്യാവശ്യം '*അവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു*' എന്നു് അവൻ കൂട്ടിച്ചേർക്കുന്നു. കാരണം, അവൻ ദൈവമായിരുന്നു; '*ദൈവത്തോടുകൂടിയായിരുന്നു*'. അവൻ ആയിരുന്നവനോടുകൂടി മററു് യാതൊന്നും ഉണ്ടായിരുന്നില്ല. ദൈവം എന്ന നിലയിൽ ഒരു വ്യത്യാസവും ഉണ്ടായിരുന്നില്ല; എന്നാൽ വൈവിധ്യം ആളത്വത്തിൽ മാത്രം. അവിടുത്തേക്കു് ഏക സത്തയാണ്; അവനിൽ നിന്നു് എന്നതിലല്ല ഏകത്വം, മറെറാരാളോടുകൂടി *പറയപ്പെടുന്നതിൽ*. യഥാർത്ഥമായി ഐക്യം. *ദൈവത്തോടുകൂടി ദൈവം* എന്നതിന്റെ അർത്ഥമിതാണു്. ഈ ഉന്നത കാര്യങ്ങൾ പൂർത്തീകരിക്കുന്നതാണ് ഈ വാചകം. ആദ്യത്തേ വാചകങ്ങളിൽ ഉള്ളതിലും കൂടുതൽ ഇതിലുണ്ടു്. *വചനം ദൈവത്തോടുകൂടിയായിരുന്നു* എന്നു് അവിടെ പറയുമ്പോൾ, ഇവിടെ *ദൈവം ദൈവത്തോടുകൂടെയായിരുന്നു* എന്നു പറയുന്നു. അതു് സത്യത്തിന്റെ ഒരു തെളിവായിരുന്നു; അതു് സത്യത്തോടുകൂടി സത്യംതന്നെ. ഉചിതമായി മൂന്നും ഒന്നും. അതു് ആളുകളിൽ, ഇതു് സത്തയിൽ; ദൈവശാസ്ത്രത്തിന്റെ എല്ലാ രഹസ്യങ്ങളും നിർവചിക്കുന്നു.

*ആദിയിൽ വചനം ഉണ്ടായിരുന്നു* (1:1) എന്നു പറഞ്ഞുകൊണ്ടു് അവിടുത്തെ നിത്യത്വവും, *അവൻ*, *വചനം* എന്നിത്യാദി പറഞ്ഞുകൊണ്ടു് പിതാവിൽനിന്നുള്ള ഉത്ഭവവും, *വചനം ദൈവമായിരുന്നു* എന്നു പറഞ്ഞുകൊണ്ടു് പിതാവുമായി അവിടുന്നു് ഏക സത്തയായിരിക്കുന്ന കാര്യവും, ഇങ്ങനെയുള്ളയാൾ *നിത്യമായി പിതാവിനോടുകൂടെയായിരുന്നു* എന്നു പറഞ്ഞുകൊണ്ടു് മൂന്നാളുകളെയും ഒന്നിച്ചുകൂട്ടി

www.malankaralibrary.com



നിർവചിക്കുന്നു. അവനോടുകൂടി, *സമസ്തവും അവനിലൂടെ ഉണ്ടായി* എന്നുപറഞ്ഞുകൊണ്ട് തന്റെ സൃഷ്ടികർമ്മത്തെപ്പറ്റി അവൻ കൂട്ടിച്ചേർക്കുന്നു. *സമസ്തവും* എന്നു പറയുമ്പോഴ്, അതിൽ വരാത്തതു് ഒന്നുമില്ല എന്നും, ഒന്നും വിട്ടുകളയുന്നില്ല എന്നും അർത്ഥമാക്കുന്നു. അതായതു്, എല്ലാം അതിൽ ഉൾക്കൊള്ളുന്നു എന്നു സാരം. *സമസ്തത്തിനു്* പുറത്തൊന്നുമില്ല. *അവനിലൂടെ* എന്നതു് ദാസനെപ്പോലെയോ ദുഷ്ടരായ ചിലർ പറയുന്നതുപോലെ ഉപകരണത്തെപ്പോലെയോ അല്ല, പിന്നെയോ, സ്രഷ്ടാവും നിർമ്മാതാവും ആയിട്ടാണ്. പൗലോസ് പറയുന്നതുപോലെ *അവൻ മുഖേന* ലോകങ്ങൾ നിർമ്മിക്കപ്പെട്ടു (എബ്രാ. 1: 2). *അവനിലൂടെ* എന്നതും *അവൻ മുഖേന* എന്നതും ഒന്നുതന്നെ; രണ്ടിന്റെയും ശക്തി ഒന്നുതന്നെ. എല്ലാ വസ്തുക്കളും അവനിലൂടെയും അവനിലും സൃഷ്ടിക്കപ്പെട്ടു എന്നു് പൗലോസ് സാക്ഷിക്കുന്നു (കൊളൊ. 1:16). അതു് അവിടുത്തെ പ്രവർത്തനവും ആധിപത്യവും ദിവ്യവ്യാപാരവും കാണിക്കുന്നു. *അവനെ കൂടാതെ ഒന്നും ഉണ്ടായിട്ടില്ല* (1:3). അതായതു് പുത്രൻ സൃഷ്ടിക്കു് അന്യൻ എന്ന നിലയിൽ, അവനെ കൂടാതെ പിതാവു് തനിയെ യാതൊന്നും സൃഷ്ടിച്ചിട്ടില്ല എന്നാണർത്ഥം. പുത്രൻ നിരന്തരമായി പിതാവിനോടുകൂടെ ആയിരിക്കുന്നതിനാൽ, അവശ്യാവശ്യം സൃഷ്ടികർമ്മത്തിലും അവിടുന്നു് ഭാഗഭാക്കായിരിക്കണം.

*അവനിൽ ജീവൻ ഉണ്ടായിരുന്നു* (1:4) *അവൻ ജീവനാണ്* എന്നുപറഞ്ഞില്ല. മൃഗങ്ങളെപ്പറ്റിയും ഇതു പറയാനാവും. പിന്നെയോ, അവന്റെ ശക്തി ജീവൻ ഉല്പാദിപ്പിക്കുകയും അതിനെ സൃഷ്ടിക്കുകയും ചെയ്തു എന്നാണ് അവൻ പറയുന്നതു്. ചിലർ പറയുന്നതുപോലെ, *അവനിൽ ജീവൻ ഉണ്ടായിരുന്നു* എന്നതു് അവന്റെ സത്തയെപ്പറ്റിയല്ല; പിന്നെയോ, അവന്റെ ശക്തിയെപ്പറ്റിയാണ്. അതുകൊണ്ടാണ് എല്ലാം അവൻവഴി നിർമ്മിക്കപ്പെട്ടു എന്നു് അവൻ പറയുന്നതു്. *എല്ലാം* എന്നതിൽ കല്ലു്, തടി തുടങ്ങിയ അചേതന വസ്തുക്കളും, സസ്യങ്ങൾ, ചെടികൾ തുടങ്ങി ശ്വസിക്കുന്നവയും സാധാരണക്കാർ പറയുന്നതുപോലെ മൃഗജീവനുള്ളവയും എന്നാൽ ആത്മാവില്ലാത്തവയും, അങ്ങനെ ശ്വസിക്കുന്നവ, അതായതു് സചേതന വസ്തുക്കളും ഉൾപ്പെടുന്നു.

അവനിൽ *ജീവൻ ഉണ്ടായിരുന്നു* എന്നു് അവൻ കൂട്ടിച്ചേർക്കുന്നു. പലതരം *ജീവൻ* ഉണ്ടു്. എല്ലാററിനും *ജീവൻ* എന്നു പറയുന്നെങ്കിലും ഒന്നു്, രണ്ടു്, മൂന്നു് എന്നിങ്ങനെ തിരിക്കാവുന്നതാണ്. നിലത്തു് പററിപ്പിടിച്ചിരിക്കുന്നവയും

www.malankaralibrary.com



എന്നാൽ ഒരിടത്തുനിന്നു് മറെറാരിടത്തേക്കു് മാറാത്തവയുമായ 'സ്പോൺജു്' അഥവാ, നത്തക്കക്കാപോലെ ജീവനുള്ളവയാണെങ്കിലും ചലിക്കാത്ത *ജീവൻ*. കന്നുകാലികം, ഇഴജന്തുക്കൾ എന്നിവപോലെ മാററമുള്ളതും ചലനമുള്ളതുമായ ജീവൻ. ഈ രണ്ടു വിഭാഗത്തിന്റെയും ജീവൻ അവയുടെ രക്തത്തിലാണു് എന്നു പറയപ്പെടുന്നു. ഇവയിൽനിന്നു് മൂന്നാമത്തെ ജീവൻ, അതായതു് ബൗദ്ധികജീവൻ, വേർതിരിക്കാൻ സുവിശേഷകൻ ആഗ്രഹിച്ചുകൊണ്ടു്, *'ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു'* എന്നു് കൂട്ടിച്ചേർക്കുന്നു. അതായതു്, അവിടുന്നു് *ജീവൻ* സൃഷ്ടിക്കുക മാത്രമല്ല, ബൗദ്ധികവും വിവേചനാശക്തിയുള്ളതും ധിഷണാശക്തിയുള്ളതുമായ ജീവൻ, അതായതു്, തിരിച്ചറിവിന്റെയും ബുദ്ധിയുടെയും പ്രകാശത്തോടുകൂടിയ ജീവൻ. അതുകൊണ്ടു് അവൻ ഇവയെ *പ്രകാശം* എന്നുവിളിക്കുന്നു: "നിന്നിലുള്ള പ്രകാശം ഇരുണ്ടതാണെങ്കിൽ, ഇരുട്ടു് എത്ര വലുതായിരിക്കും" (മത്താ. 6:23).

*വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുൾ അതിനെ ഗ്രഹിച്ചില്ല* (1:5). അതായതു്, അതിനെ മനസ്സിലാക്കുന്നില്ല. ആരാണു് ഈ പ്രകാശം? മുകളിൽ *വചനം* എന്നു് അവൻ വിളിച്ചവൻ തന്നെ. നമ്മുടെ ഉള്ളിലുള്ള *പ്രകാശത്തെ* സൃഷ്ടിച്ചവൻ. അല്പംകഴിഞ്ഞു് *ദൈവത്തിന്റെ ഏകജാതൻ* എന്നു് അവൻ വിളിക്കുന്നവൻ. സാമ്യംകൊണ്ടു് ദൈവത്തിനും മനുഷ്യർക്കും അവൻ ഒരേ നാമം നൽകുന്നു. കാരണം, ഓരോന്നിനെയും പേരിൽ താദാത്മ്യം ഉള്ള മാതൃകയിൽ ഭാഗഭാക്കാകുന്നു; എന്നാൽ നിർവചനത്തിൽ താദാത്മ്യമില്ല. നമ്മുടെ നവീകരണത്തിന്റെ ആരംഭത്തെ നമ്മുടെ അസ്തിത്വത്തിന്റെ ആരംഭവുമായി താദാത്മ്യപ്പെടുത്താൻ അവൻ ആഗ്രഹിച്ചു. ശരിയായും പ്രതിപാദ്യവിഷയത്തിനു് ഏററവും അനുയോജ്യവുമായ ഒരു പദം അവൻ ഉപയോഗിച്ചിരിക്കുന്നു, അതായതു് മനുഷ്യത്വത്തോടുള്ള സ്നേഹം; നാം സൃഷ്ടിക്കപ്പെട്ടപ്പോൾ നാം അലംകൃതരായതു് അതിനാലാണല്ലോ: അവിടെ മനുഷ്യനെ *ഛായ* എന്നുവിളിക്കുന്നു, ഇവിടെ *പ്രകാശം* എന്നും. ദൈവം തന്നെയും *പ്രകാശം* എന്നാണല്ലോ വിളിക്കപ്പെടുക. അവിടെ നാം അസ്തിത്വത്തിലെത്തുവാൻ അവിടുന്നു തിരുമനസ്സായി. ഇവിടെയാകട്ടെ നാം നല്ലവരായിരിക്കണമെന്നും, നിത്യവും അതുല്യവും ഇപ്പോൾ വരുന്നതുമായ ഈ പ്രകാശം പ്രകാശിതരായ ബൗദ്ധികജീവികളെ തങ്ങളായിരിക്കുന്ന അജ്ഞതയുടെയും തെററിന്റെയും അന്ധകാരത്തിൽനിന്നു് സ്വതന്ത്രമാക്കി വിടുവിക്കണമെന്നും അവിടുന്നാഗ്രഹിച്ചു. അവരുടെ പ്രകാശത്തോടുകൂടി പ്രകാശം ചേർക്കുക; സ്വാഭാവിക കാര്യങ്ങളോടുകൂടി സമ്പാദി

www.malankaralibrary.com



ച്ചവ ചേർക്കുക. കഴിവുള്ളിടത്തോളം അവൻ അവരെ സഹായിച്ചു. എന്നാൽ തെററിൻെറ അന്ധകാരത്താൽ അഴലാത്തവരെ അവൻ സഹായിക്കുന്നതേയില്ല. യഥാർത്ഥ പ്രകാശത്തിനു എതിരായിട്ടുള്ളയാരം സ്വീകരിക്കുന്നവനല്ല, നശിപ്പിക്കുന്നവനാണ്.

*മററുചിലർ*: ഉദാ. *പേർഷ്യമുനി:*[1] *പ്രകാശം* ക്രിസ്തുവാണ്. അന്ധകാരം, ഇസ്രായേൽ ജനമാണ്. അവനിൽനിന്നുള്ള പ്രകാശം അവർക്കു ലഭിച്ചില്ലെന്നു മാത്രമല്ല, അവർ കൂടുതൽ അന്ധകാരമായിത്തീർന്നു. അതുകൊണ്ടു് അവൻ പുറജാതികളുടെ പക്കലേക്കുപോയി അവരെ പ്രകാശിപ്പിച്ചു. എന്നാൽ *ഗ്രിഗറി*, *അന്ധകാരം* എന്നു് വചനമായ ദൈവം വസിച്ച ജഡത്തെയും ലോകത്തെയും ആലങ്കാരികമായി വിളിക്കുന്നു. എന്നാൽ *ഭാഷ്യകാരൻ* ലോകത്തെയാണ് *അന്ധകാരം* എന്നുവിളിക്കുന്നതു്; അതായതു്, അന്ധകാര ലോകത്തെ അടക്കിവാഴുന്നവൻ.

*ദൈവമക്കളാകുവാൻ അവൻ അവർക്കു കഴിവു നൽകി* (1:12). മററുള്ളവരും വ്യക്തമായി *മക്കൾ* എന്നു വിളിക്കപ്പെട്ടിരുന്നെങ്കിലും, അവർ യഥാർത്ഥത്തിൽ അപ്രകാരം ആയിരുന്നില്ല; കാരണം, കുറേ കഴിഞ്ഞു് അവർ തങ്ങളുടെ പുത്രത്വത്തിനു വിരുദ്ധമായി പ്രവർത്തിച്ചു. അവർ മൃഗങ്ങൾക്കും കന്നുകാലികൾക്കും കയ്യാളികളപ്പെടുകയും അവയെപ്പോലെ ആകുകയും ചെയ്തു.

*അവർ രക്തത്തിൽനിന്നല്ല ജനിച്ചത്* (1:13), അതായതു്, ബീജത്തിൽനിന്നല്ല; പിന്നെയോ, ദൈവത്തിൽനിന്നാണ്. അതായതു്, ആത്മാവിനാലും വിശ്വാസത്താലും. ഒരു വശത്തു്, അവിടുന്നു് തെററിൽനിന്നുള്ള ശുദ്ധീകരണം പ്രദാനം ചെയ്യുന്നതും, മറുവശത്തു് ദാനംകൊണ്ടുവന്നു് അവതരിപ്പിക്കുന്നതും സൂചിപ്പിക്കുന്നു. മററു പദാർത്ഥങ്ങളിലേക്കുള്ള മാററത്തിൽ അതുതന്നെ കാണിക്കുന്നു; ഉദാ. കളിമണ്ണോടുകൂടി അഗ്നിയുടെ പ്രകൃതി ചേർന്നു് സ്വർണ്ണം ഉല്പാദിപ്പിക്കപ്പെടുന്നു; അതൊന്നിച്ചു ചേർന്നു്, പൊടിയുമായി കലർന്നു് സ്വർണമായി മാറുന്നു. പ്രകാശത്തെക്കാരം എത്രയോ ശക്തിമത്താണ് ആത്മാവു്! ജഡത്തിൻെറ മക്കളായ നമ്മെ ദൈവമക്കളാക്കാൻ പരിശുദ്ധാത്മാവിനു കഴിയും. നാം ദൈവത്തിൽനിന്നു മൂന്നു രീതിയിൽ

1 അഫ്രാത്

www.malankaralibrary.com



ജനിച്ചിരിക്കുന്നു എന്ന് തിരുലിഖിതം പഠിപ്പിക്കുന്നു: പ്രതീകങ്ങളിലൂടെ മാമോദീസായിൽ; വെളിപാടിലൂടെ ശുദ്ധീകരണത്തിൽ; പ്രവൃത്തികളിലൂടെ ഉത്ഥാനത്തിൽ; മൂന്നുവഴിയും നാം *ദത്തുപുത്രർ* എന്നു വിളിക്കപ്പെടുന്നു.

"വചനം മാംസമായി" എന്നും അവൻ കൂട്ടിച്ചേർക്കുന്നു (1:14). ഒരുവശത്ത് *ദൈവത്തിൽനിന്ന് ജനിക്കാനായി മാംസം* ഉയർത്തപ്പെട്ടു; മറുവശത്ത് ജഡത്തിൽനിന്നു ജനിക്കാനായി ദൈവത്തെ താഴേക്കിറക്കിക്കൊണ്ടുവന്നു; അത് അങ്ങനെ ശക്തിയിലുള്ള സാദൃശ്യത്തിന്റെയും സമത്വത്തിന്റെയും ഹേതുവായിത്തീർന്നു; ദൈവം മാംസത്തോടുകൂടിയാകുമ്പോൾ, ഒരു പക്ഷേ, മാംസം ദൈവത്തോടുകൂടിയായിരിക്കും. പ്രകൃതിക്കു തന്നെ അപ്രകാരം കഴിവു നല്കിയാൽ, ജഡസന്തതികളും സ്വാഭാവികമായി ദൈവമക്കളായിത്തീരും. അത് അസാധ്യമാണെങ്കിൽ, ദൈവം മാംസമായിത്തീരുക എന്നതും അസാധ്യമാണ്. ഇതേപ്പററി കൂടുതലൊന്നും പറയാനില്ല. അതുകൊണ്ട് ഇവ രണ്ടും ദൈവികപരിപാലനയിൽ സംഭവിക്കുന്നവതന്നെയാണ് നേരത്തെതന്നെ ശ്രോതാക്കൾ ഇതു ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു; കാരണം, *അയയ്ക്കപ്പെട്ടത് ഒരു മനുഷ്യനാണ്. ദൈവമക്കളാകുവാൻ അവൻ അവർക്ക് ശക്തി നൽകി.* ദൈവപരിപാലനാകർമ്മത്തെ കൂട്ടിക്കുഴയ്ക്കാൻ ആഗ്രഹിക്കുന്നവരുടെ പരിചയക്കുറവിനെ കുററപ്പെടുത്താനാണിത്.

അസ്തിത്വം പലരീതിയിൽ അവതരിപ്പിക്കാനാവും: ഒന്നുകിൽ, ഇല്ലായ്മയിൽനിന്ന്: നിശ്ശബ്ദതയിലുള്ള ആ ഏഴ് സ്വരങ്ങൾപോലെ; ഒന്ന് ശബ്ദത്തിലും അഥവാ, എന്തിൽ നിന്നെങ്കിലും: നാല് മൂലപദാർത്ഥങ്ങളുടെ മാററത്തിൽനിന്ന് വസ്തുക്കളുണ്ടാകുന്നു; ലോത്തിന്റെ ഭാര്യയെപ്പോലെയും ഈജിപ്തിലെ ജലംപോലെയും: പൂർണതയിൽ; സന്ധ്യയായി, ഉഷസ്സായി എന്നു പറയപ്പെട്ടിരിക്കുന്നു (ഉല്പ. 1: 5); സത്തയിൽ: ആദ്യ മനുഷ്യനായ ആദം ജീവൽ പ്രാണിയായിത്തീർന്നു എന്നു പറയപ്പെട്ടിരിക്കുന്നു (ഉല്പ. 2:7); ആർക്കോ പുത്രന്മാരും പുത്രിമാരും ഉണ്ടായി. സഹായത്തിന്റെ രീതിയിൽ: കർത്താവ് യൗസേപ്പിനോടുകൂടെ ഉണ്ടായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു (ഉല്പ. 39: 2). എന്നു തുടങ്ങിയവ. ഭാഗഭാഗിത്വത്തിന്റെ അർത്ഥത്തിലും എന്നു നാം പറയുന്നു; ഒരാൾ രാജാവോ പുരോഹിതനോ ആയിത്തീർന്നു എന്നുപറയുന്നത്; വ്യതിരിക്തതയുടെയോ ബന്ധത്തിന്റെയോ അർത്ഥത്തിൽ: 'ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ അവൻ അവർക്കു ശക്തി

www.malankaralibrary.com



നൽകി' എന്നു് രേഖപ്പെടുത്തിയിരിക്കുന്നതു് (ജറ. 31: 33). ഞാൻ അവർക്കു് ദൈവമായിരിക്കും എന്നു് അവൻ പറയുന്നു (ഫിലി. 2:7).

തെരഞ്ഞെടുപ്പിന്റെ അർത്ഥത്തിൽ: 'മനുഷ്യരൂപത്തിൽ അവൻ നിർമ്മിക്കപ്പെട്ടു' എന്നു് അവൻ പറയുന്നു (ഗലാ. 3:13); ദീർഘക്ഷമയിൽ അവൻ നമുക്കായി ശാപമായിത്തീർന്നു എന്നു പറയപ്പെട്ടിരിക്കുന്നു (സങ്കീ.38:14); വേദനയിൽ: കേറക്കാത്ത മനുഷ്യനെപ്പോലെ ഞാൻ ആയിത്തീർന്നു എന്നു പറയപ്പെട്ടിരിക്കുന്നു (ജറ. 2:5); ചിന്തകളുടെ കുഴാമറിച്ചിലിൽ: ഞാൻ മനസ്സിൽ കുറവുള്ളവനായി എന്നു പറയപ്പെട്ടിരിക്കുന്നു (ഹോശിയ 13:7); എതിർപ്പിൽ: കർത്താവു് ഇസ്രായേലിന്റെ ശത്രുവും പ്രതികാരകനുമായിരുന്നു എന്ന വാക്യം (പുറ. 4:24); അവൻ ഒരു സിംഹമായിരുന്നു എന്നു തുടങ്ങിയവ. സ്ഥലം കൈയടക്കുന്നതിൽ: മോശ സത്രമായിരുന്നു, ജോസഫ് ജയിലിൽ ആയിരുന്നു; അതായത്തു് സത്രത്തിലും ജയിലിലും (ഉല്പ.39:20). മാററങ്ങളിൽ: എഴുന്നേൽക്കുക, മാറുക, എന്നു് അവിടുന്നു പറഞ്ഞു, അപ്രകാരം സംഭവിച്ചു (2 രാജാ. 4:2). സാദൃശ്യത്തിന്റെ അർത്ഥത്തിൽ: മഷികൊണ്ടും അടയാളങ്ങൾകൊണ്ടും രൂപീകരിക്കപ്പെടുകയും കാഴ്ചയുടെ പരിധിയിൽ വരികയും ചെയ്യുന്ന വാക്കുപോലെ. വാസത്തിൽ: ഒരാൾ ആ ഭവനത്തിൽ വർഷങ്ങളോളം പാർത്തു എന്നതുപോലെ.

ഐക്യത്തിൽ: യൂദന്മാരോടോ കള്ളന്മാരോടോ ഒരാൾ ചേർന്നാൽ അവൻ യൂദനോ കള്ളനോ ആണെന്നു പറയുന്നതുപോലെ. ചെറിയതിൽനിന്നു് വലിയതിലേക്കും മഹത്ത്വത്തിലേക്കും: ഉത്ഥാനത്തിൽ നാം അമർത്യരും വ്യതിയാനാതീതരും ആയിത്തീരുന്നതുപോലെ. സാദൃശ്യങ്ങൾ സ്വീകരിക്കുന്ന അർത്ഥത്തിൽ: കാളക്കുട്ടിയുടെ സാദൃശ്യം എടുത്ത പദാർത്ഥവും കാളക്കുട്ടിയായിത്തീർന്നു എന്നു് കൽക്കദോന്യർ പറയുന്നതുപോലെ.

ഇങ്ങനെ മേൽപ്പറഞ്ഞ പത്തു രീതികളിൽ അസ്തിത്വം അവതരിപ്പിക്കാനാവും. ഒരുപക്ഷേ കൂടുതൽ രീതികളിലും ആവാം. എന്നാൽ ഇവിടെ ഒരു രീതിയിലാണ് പറയപ്പെട്ടിരിക്കുന്നതു്. വ്യക്തിത്വം സ്വീകരിക്കുന്നതിൽ. അതായത്തു്, വചനമായ ദൈവം സ്വയം വിനീതനാക്കി മനുഷ്യനിൽ ജീവിക്കാനും മനുഷ്യനിൽ വെളിപ്പെടാനും മനുഷ്യന്റെ *പർസോപ്പാ*[1]

1 Parsopa

www.malankaralibrary.com



എടുത്തതിനാൽ മനുഷ്യനായി വിളിക്കപ്പെടാൻ മനുഷ്യനെ സ്വയം എടുത്തു. അവനിൽ അവിടുന്ന് ദിവ്യനിശ്ചയത്താൽ അവതരിച്ചു.

*'മാംസം'* എന്നത് തിരുലിഖിതരീത്യാ മുഴുവൻ മനുഷ്യനെയും കുറിക്കുന്നതാണ്. 'സർവ ജഡവും അവിടുത്തെ വിശുദ്ധ നാമത്തെ വാഴ്ത്തട്ടെ; സർവ ജഡവും നിന്റെ പക്കലേക്ക് വരും; എന്റെ ആത്മാവ് ഫിലിസ്ത്യരോടൊത്ത് മരിക്കട്ടെ എന്നിത്യാദി (സങ്കീ. 145:21; 65:2; ന്യായാ. 16:30) ഭാഗത്തിൽനിന്ന് മുഴുവനെയും കുറിച്ചുപറയുന്നവയാണിവ .

മറെറാരു രീതിയിൽ, ദത്തെടുക്കലിനും ഇതുപയോഗിക്കുന്നു: അവൻ നമുക്കുവേണ്ടി ശാപമായിത്തീർന്നു; നാം അവനിൽ നീതീകരിക്കപ്പെടുവാൻ അവൻ നിങ്ങൾക്കുവേണ്ടി പാപമായിത്തീർന്നു എന്നു പറയപ്പെട്ടിരിക്കുന്നതുപോലെയാണിത് (ഗലാ. 3:13; 2 കൊരി. 5:21). അവന്റെ വ്യക്തിത്വം ശാപമോ, പാപമോ ആയി മാറിയില്ല. എന്നാൽ നിശ്ചയമായും അവൻ അവയെ എടുത്തു. 'അവൻ നമ്മുടെ വേദനകളും നൊമ്പരങ്ങളും എടുത്തു' എന്നതുപോലെയാണിത് (ഏശാ. 53:4). നമ്മുടെ സ്വഭാവമോ നമ്മുടെ ക്ലേശങ്ങളോ അല്ല നീതീകരിക്കപ്പെട്ടത്. പിന്നെയോ, നാം നമ്മുടെമേൽ നീതീകരണം എടുത്തു. *മാംസം* സംബന്ധിച്ചും ഇപ്രകാരം തന്നെയാണ്.

അവിടുന്ന് മാംസമോ, മനുഷ്യനോ ആയി മാറിയില്ല. എന്നാൽ അവിടുന്ന് തന്റെ *പർസോപ്പായിൽ* വെളിപ്പെടുന്നതിനായി മനുഷ്യനെ എടുത്തു. *പർസോപ്പായിലേക്ക്* അവിടുന്നു മനുഷ്യനെ ഉയർത്തി. അവൻ തന്നോടുകൂടി നിത്യമായി ആരാധിക്കപ്പെടുന്നു. അവിടുന്ന് പാപവും ശാപവും എടുത്ത് മനുഷ്യനെ മൂടി എന്ന അർത്ഥത്തിലല്ല; അങ്ങനെയായിരുന്നെങ്കിൽ അവിടുന്ന് പാപകരമായി പ്രവർത്തിച്ചു എന്നു വരുമായിരുന്നു. എന്നാൽ അദൃശ്യമായ പ്രതിരൂപത്തിന്റെ ഛായയായി തന്നോടുകൂടി നിത്യമായി മനുഷ്യൻ ബഹുമാനിക്കപ്പെടണം എന്നു നിശ്ചയിച്ചു.

മൂന്നാമത്തെ രീതിയിൽ: വാസത്തിനു പകരം ഇത് അംഗീകരിച്ചിരിക്കുന്നു. അതായത്, *വചനം മാംസത്തിൽ ആയിരുന്നു*, അതായത് *വസിച്ചു*. മോശ സത്രമായിരുന്നു, അതായത്, സത്രത്തിൽ. യൗസേപ്പ് ജയിലായിരുന്നു, അതായത്, ജയിലിൽ. യൗസേപ്പ് ജയിലല്ലായിരുന്നു, മോശ സത്രവുമ

www.malankaralibrary.com



ല്ലായിരുന്നു; പിന്നെയോ, യൗസേപ്പ് ജയിലിൽ കഴിഞ്ഞു; അതുപോലെ, സ്വഭാവത്താലെ വചനം മാംസം അല്ലായിരുന്നു; പിന്നെയോ ആലയത്തിലെന്നവണ്ണം മാംസത്തിൽ വസിച്ചു. 'അവിടുന്നു നമ്മിൽ കൂടാരമടിച്ചു' എന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

നാലാമത്തെ രീതിയിൽ: അവിടുന്നു മാംസമായി എന്നു പറഞ്ഞിരിക്കുന്നു. തന്നെ ദർശിച്ചവരുടെ ചിന്ത അനുസരിച്ചാണിതു്. അവിടുന്നു മാംസമുള്ള ജീവിയെപ്പോലെ വിനീതമായി സ്വയം അസ്തിത്വം സ്വീകരിച്ചതിനാൽ, അവിടുന്നു ഒരു സാധാരണ മനുഷ്യനാണെന്നു തന്നെ ദർശിച്ചവർ കരുതി. കാരണം, മററുള്ളവരുടെ ചിന്ത അനുസരിച്ചു കാര്യങ്ങൾ അവതരിപ്പിക്കുക തിരുലിഖിതപതിവാണു്: ''ആകാശം ചുരുൾ പോലെ ചുരുട്ടപ്പെടും'' (ഏശാ. 34:4); ''യേശു അവനെ കണ്ടപ്പോൾ അവനെ സ്നേഹിച്ചു (മർക്കോ. 10:21); ''ഹേറോദേസ് ദുഃഖിച്ചു'' (മത്താ. 14:9) എന്നിത്യാദിപോലെ.

എന്നാൽ അഞ്ചാമത്തെ രീതിയിൽ: മാംസവുമായുള്ള തന്റെ ഐക്യത്തിനുപകരം അവിടുന്നു മാംസമായി എന്നു പറയുന്നു. ഐക്യത്തിനുപകരം സൃഷ്ടിയോ അസ്തിത്വമോ ഉപയോഗിക്കുക തിരുലിഖിതപതിവാണു്: ഉദാ: ''നീ സൃഷ്ടിക്കപ്പെട്ട ദിവസംമുതൽ പൊതിയുന്ന അഭിഷിക്ത ക്രൂബകളോട് ഒപ്പമായിരുന്നതുമുതൽ'' (എസ.28:14)–ഹീരാമും ദാവീദും തമ്മിലുള്ള ബന്ധമാണു് സൂചിതം. 'വിശ്വാസികളോടുകൂടി, അവരുടെ അമ്മമാരുടെ ഉദരത്തിൽനിന്നു് അതു് സൃഷ്ടിക്കപ്പെട്ടു' എന്നതു് (സിറാഹ് 1:14); അതായതു്, വിജ്ഞാനം.

എന്തുകൊണ്ടെന്നാൽ, സ്വഭാവത്താലെ ദൈവം മാംസമാകുകയും പിന്നീടു് വന്നു് നമ്മോടൊത്തു വസിക്കുകയും ചെയ്തെങ്കിൽ, എങ്ങനെയാണു് മാംസം മാംസത്തിൽ വസിക്കുക? അതുകൊണ്ടു്, വചനം സ്വഭാവത്താലെ മാംസമല്ല. എങ്കിലും അവിടുന്നു് അതിൽ വസിച്ചതിനാൽ അതു് അപ്രകാരം പറയപ്പെടുന്നു: കാരണം, വാസസ്ഥലത്തിന്റെ പേരുകൊണ്ടു് വസിക്കുന്നവനെയും കുറിക്കുക തിരുലിഖിതരീതിയാണു്: ''ആകാശമേ, ശ്രവിക്കുക, ഭൂമിയേ, ചെവിതരിക'' (ഏശാ. 1:2). അതായതു്, സ്വർഗീയജീവികളും ഭൗമികജീവികളും എന്നർത്ഥം. ''ദാവീദിന്റെ ഭവനമേ, ശ്രവിക്കുക'' (ഏശാ. 7:13). അതായതു്, ദാവീദിന്റെ സന്തതികളേ, എന്നർത്ഥം. വാസസ്ഥലം, വസിക്കുന്നവന്റെ പേരുകൊണ്ടും അറിയപ്പെടുന്നു. ഉദാ: സമറിയാ, ഷെക്കെം.

www.malankaralibrary.com



*അവൻ ആയി* എന്നു് അവൻ പറയുന്നു. അതായതു്, അവൻ *മാംസം* എടുത്തു; *മനുഷ്യനെ* അല്ല; അവൻ എടുത്തതു് പരിപൂർണ മനുഷ്യനെയാണു്. ഒന്നു്, തിരുലിഖിത രീതിയനുസരിച്ചു് ഭാഗംകൊണ്ടു് മുഴുവനെയും കുറിക്കുക. നാമതു് വിശദീകരിച്ചിട്ടുള്ളതാണല്ലോ. രണ്ടു്, അവൻ *മനുഷ്യൻ* എന്നു പറഞ്ഞിരുന്നെങ്കിൽ; *മനുഷ്യന്* ആത്മാവും ശരീരവുമുണ്ടല്ലോ. പുരുഷപ്രജയിൽ ആത്മാവു് സൃഷ്ടിക്കപ്പെടുന്നതു് നാല്പതാം ദിവസമാണു്. അപ്പോൾ മനുഷ്യന്റെ പൂർണത വരുന്നതുവരെ ഐക്യം നടന്നില്ല എന്നും നാല്പതു ദിവസം അതു് സാധാരണ ജഡമായിരുന്നു എന്നും അതുവരെ അവിടത്തേക്കു് ദൈവത്വം ഇല്ലായിരുന്നു എന്നും കരുതേണ്ടി വരും. എന്നാൽ വചനത്തിന്റെ ക്നോമായിൽ തന്റെ അസ്തിത്വത്തിന്റെ സ്ഥിരതയും ചലനവും ഉണ്ടെന്നു് ഇപ്പോൾ അവൻ കാണിക്കുന്നു; മാംസം ഉടൻതന്നെ ദൈവത്തിന്റെ മാംസമാണു്; ആത്മാവു് ദൈവത്തിന്റെ ആത്മാവും എന്നു് *അത്തനാസേ്യാസ്* പറയുന്നു. മൂന്നാമതായി, മനുഷ്യനിലുള്ള അധമഭാഗത്തെപ്പററി അവൻ സംസാരിക്കുന്നു. അതായതു്, മാംസം. വചനത്തിന്റെ താഴ്മയുടെ മഹനീയത ഇതിൽനിന്നു് ഇവിടെ അവൻ വ്യക്തമാക്കുകയാണു്. താൻ മാംസത്തിൽ വസ്ത്രധാരണം ചെയ്യാൻ അവിടുന്നു് ഇപ്രകാരം പൂർണമായി സ്വയം വിനീതനാക്കി. ഇതുമാത്രം എന്നു് കരുതപ്പെട്ടിരുന്നു. എന്നാൽ അതേസമയം നമ്മുടെ ഔന്നത്യത്തിനും നമ്മുടെ മഹത്ത്വത്തിനുമായി അവിടുന്നു സ്വയം താഴ്ത്തേണ്ടിയിരുന്നു. 'അവൻ *അവനിൽ* വസിച്ചു' എന്നു് ഏകവചനത്തിലല്ല; *അവൻ നമ്മിൽ വസിച്ചു*[1] എന്നാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. നമ്മുടെ ആരംഭം സംബന്ധിച്ചുള്ളതു് നമ്മുടേതാണു്. അവിടുന്നു് സമ്പൂർണസ്വഭാവം ധരിച്ചു; അതുവഴി നാം മുഴുവനിലും അവൻ വസിച്ചു. അതുകൊണ്ടു് അവിടത്തെ അസ്തിത്വത്തിനു് മാററം ഉണ്ടായി അവിടുന്നു് വ്യതിയാന വിധേയനായില്ല. പിന്നെയോ, അവിടുന്നു് വസിച്ചു് കൂടാരം അടിച്ചു.

*വചനം മാംസമായി* എന്നതിന്റെ അർത്ഥം അറിയാൻ പ്രാർത്ഥനയിൽ അത്യുധ്യാനം ചെയ്തുകൊണ്ടിരുന്ന ഒരു *ദൈവവാഹകൻ* വെളിപാടു വഴി അവനോടു പറയപ്പെട്ടതായി ഇപ്രകാരം ശ്രവിച്ചു: *മാംസത്തിനു് 'ആയി'* എന്നതും *വചനത്തിനു് 'വസിച്ചു'* എന്നതും നൽകുക അപ്പോൾ നീ വചനത്തിന്റെ ശക്തി മനസ്സിലാക്കും. *സൈറസ്* എന്ന സന്യാസി

1 agen ban ula beh

www.malankaralibrary.com



യായിരുന്ന ഈ ദൈവവാഹകൻ എന്നു് പറയപ്പെടുന്നു. ഈ ഭാഗ്യവാനായ വ്യക്തി ബലിപീഠത്തിൽ എണ്ണ കൂദാശ ചെയ്യപ്പോഴം അതു് അപ്പത്തിൽ നിന്നൊഴുകി എന്നു പറയപ്പെടുന്നു.

ആശയങ്ങൾ കൂട്ടിക്കുഴയ്ക്കുക എന്നതും തിരുലിഖിത രീതിയാണ്. ഞാൻ അവനു കുടിക്കാൻ വെള്ളവും രണ്ടു പാല്ക്കട്ടികളും കൊടുക്കും (1ശാമു. 30:12); അവർ വിളക്കുകളും ശബ്ദങ്ങളും ദർശിച്ചു (വെളി. 4:5); അവൻ അതു് അവളുടെമേലും പൈതലിന്മേലും വച്ചു (ഉല്പ.21:14). അവിടുന്നു് അവൻെറ മരണത്തിൽ അവൻെറ ശവക്കുഴി ദുഷ്ടരോടും ധനികരോടുംകൂടെ ഉണ്ടാക്കി (ഏശ. 53:9). അതുപോലെ 'വചനം മാംസമായി' എന്നതിനോടു് സാമ്യമുള്ള മററനേകം കാര്യങ്ങൾ ഉണ്ടു്.

ഇവിടെയല്ലാതെ മറെറാരിടത്തും, ശ്ലീഹന്മാരിലാരും, പൗലോസോ, യോഹന്നാനോ, മററാരെങ്കിലുമോ, *വചനം* എന്ന നാമം ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നു് നാം അറിഞ്ഞിരിക്കണം. ഒന്നാമതായി, പുത്രൻെറ നിത്യമായ ജനനത്തിനു് തെളിവായിട്ടാണ്; ഇവിടെ, അവിടുത്തെ മനുഷ്യാവതാരം നിമിത്തവും. അതു് ആത്മാവിൽ *വാക്കു്* പോലെയാണ്. അതു് ആത്മാവിനോടുകൂടെയാണ്, ആത്മാവിനു വെളിയിലുമാണ്. അതു വെളിയിലായിരിക്കെ തന്നെ അതിനകത്താണ്. കാണുക, ആരംഭിക്കുക, മഷികൊണ്ടെഴുതുക, കടലാസുകൊണ്ടു് ചുററി നടക്കുക, ദൂരേക്കു് മാററുക, മററു പല കാര്യങ്ങളും ചെയ്യുക. ആത്മാവു് അതിൻെറ പ്രകൃതത്തിൽനിന്നു് ദൂരെപ്പോകുന്നില്ല. അതുപോലെ പിതാവിൽനിന്നു് മാറാതെ, പുത്രൻ പിതൃമാർവിടത്തിൽനിന്നു് താഴേക്കിറങ്ങിവന്നു; അവിടുന്നു് സ്വയം മാംസം ധരിച്ചു. താനായിരിക്കുന്ന അവസ്ഥയിൽനിന്നു മാറാതെ തൻെറ ദിവ്യ വ്യാപാരം പൂർത്തിയാക്കി.

ഒരു മനുഷ്യൻ പേപ്പർ വലിച്ചുകീറി മഷി തുടച്ചു കളയുന്നതുപോലെയാണിതു്. ആത്മാവു് അതിൻെറ സ്വാതന്ത്ര്യത്തിൽ നിലനിൽക്കുന്നു. കണ്ടുകൊണ്ടിരിക്കുമ്പോൾ അദൃശ്യമാകുന്നു. അക്ഷരങ്ങളെ നമുക്കു കാണാനാകും. മററു് ആശയങ്ങളിൽ മാത്രമേ കാണപ്പെടുന്നുള്ളു, അംഗീകരിക്കപ്പെടുന്നുമുള്ളു. *വചനത്തെപ്പററി* ഇതുപോലെ അനേകം കാര്യങ്ങളുണ്ടു്. ഇപ്രകാരം, താൻ സ്വീകരിച്ച മനുഷ്യൻെറ വേദനകളിൽ പങ്കെടുത്തതുകൊണ്ടു് ദൈവവും വേദന സഹിച്ചില്ല. ഒരു പ്രത്യേക നാമം കൂടാതെ ഈ വചനം ശക്തിയായി പ്രയോഗിച്ചിരിക്കുന്നു. അതുപോലെ 'വചനം മാംസമായി' എന്നതു് സംഗതിയുടെ സവിശേഷതയുടെ ഒരടയാളമാണു്. സ്വഭാവത്താലെ അവി

www.malankaralibrary.com



ടുന്നു് *മാംസം* ആയിതീർന്നെങ്കിൽ, *വസിച്ചു* എന്നു് അവൻ കൂട്ടിച്ചേർത്തതു് അധികപ്പററായിപ്പോകുമായിരുന്നു. അഥവാ, മാംസം മാംസത്തിൽ വസിച്ചുവോ?– അതു് അസാധ്യമാണു്.

വീണ്ടും, എല്ലാ *ജഡവും* മർത്യമാകുന്നു; മർത്യമായവയെല്ലാം ജഡികവുമാകുന്നു. ഇതാണു് *മാംസത്തിൻെറ* നിർവചനം. വചനം സ്വഭാവത്താലെ മാംസമായെങ്കിൽ, അവിടുന്നു് സ്വഭാവത്താലെ മർത്യനുമാകും. അതു് അസംഭവ്യമാണു്. അതുകൊണ്ടു്, *അവിടുന്നു് മാംസമായി* എന്നതു് അവിടുന്നു് മനുഷ്യരുടെ സാദൃശ്യത്തിലായി എന്നതുപോലെയാണു്. യഥാർത്ഥത്തിൽ, സത്തയ്ക്കു മാററം വന്നില്ല, ഘടനയുടെ യാഥാർത്ഥ്യത്തിലുമല്ല.

നമ്മുടെ കർത്താവിനെപ്പററി നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്: അവിടുന്നു സ്ത്രീയിൽനിന്നു പിറന്നു അവിടുന്നു് നിയമത്തിനു വിധേയനായി, അവിടുന്നു് മനുഷ്യൻെറ സാദൃശ്യത്തിലായിത്തീർന്നു; നമുക്കുവേണ്ടി അവിടുന്നു് ശാപമായിത്തീർന്നു; അവൻ പുരോഹിതനായിരുന്നു; അവിടുന്നു് ഭവനത്തിൻെറ മൂലക്കല്ലായിരുന്നു; അവിടുന്നു് നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായിരുന്നു; അവിടുന്നു് പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായിരുന്നു; അവൻ എൻെറ മുൻപിലായിരുന്നു. അവൻ എനിക്കു് പുത്രനായിരിക്കും.[1]

*വചനം മാംസമായി.* അസ്തിത്വത്തിൻെറ നിർവചനം അസ്തിത്വം എന്നാണു്. ഇല്ലായ്മയിൽനിന്നു് ഉണ്മയിലേക്കുള്ള മാററം. *ശരീരം*[1] എന്നു് അവൻ പറഞ്ഞിരുന്നെങ്കിൽ, അവിടുന്നു് സ്വർഗത്തിൽനിന്നു് ഇറക്കികൊണ്ടുവന്നതും പിന്നീടു് മാംസമായി മാറിയതും ആയ ശരീരമായിരുന്നു എന്നു് ചിന്തിക്കാൻ ഇടവരുമായിരുന്നു.

വീണ്ടും, അവയവങ്ങൾ കൂടാതെ ശരീരം എന്നുപറയാൻ സാധ്യമല്ലല്ലോ. *അവൻ മാംസമായി*, അതായതു്, അവൻ അവതരിച്ചു എന്നതു് തൻെറ മഹനീയത വെളിപ്പെടുത്താൻ തടസ്സമാകാതിരിപ്പാൻ അവൻ ഇതും കൂട്ടിച്ചേർക്കുന്നു. *ഞങ്ങൾ അവൻെറ മഹത്വം ദർശിച്ചു. കൃപയും സത്യവും*

1 ഗലാ. 4:4; 3.13; എബ്രാ. 6:20; മത്താ. 21: 42; 1കൊറി. 15:20 എബ്രാ. 9: 15; യോഹ. 1:30; എബ്രാ. 1:5.

2 Pagra

www.malankaralibrary.com



*നിറഞ്ഞതും പിതാവിൻെറ ഏകജാതൻേറതുമായ മഹത്തം* (യോഹ. 1:14). മനുഷ്യാവതാരം, തൻെറ മഹത്ത്വം വെളിപ്പെടുന്നതിനെ തടസ്സപ്പെടുത്തിയില്ല എന്ന് അവൻ പറയുന്നു. തൻെറ മഹത്ത്വത്തിൻെറ ശോഭയ്ക്ക് മങ്ങലേല്പിക്കാനോ, മാററാനോ വ്യത്യാസപ്പെടുത്താനോ ജഡമാകുന്ന വസ്ത്രത്തിനു കഴിഞ്ഞില്ല. അവിടുന്ന് ഏകജാതനും മഹത്ത്വത്തിൽ തുല്യനുമാണെന്ന് വ്യക്തമാക്കപ്പെട്ടിരുന്നില്ല. എന്നാൽ അവൻ മാംസം ധരിച്ചപ്പോൾ, അവൻെറ മഹത്ത്വം പ്രകാശിച്ചു, *ഏകജാതൻേറതായ മഹത്ത്വം.* തൻെറ മഹത്ത്വത്തിൻെറ ശോഭായമാനമായ പ്രവൃത്തികളാൽ താനാരാണെന്ന് അവിടുന്ന് വ്യക്തമാക്കി. ജനനത്താൽ: തൻെറ ഉത്ഭവത്തിൻെറ ആരംഭം മുതൽ തൻെറ സ്വർഗാരോഹണംവരെയുള്ള എല്ലാ വാക്കുകളും പ്രവൃത്തികളും അത്ഭുതങ്ങളും അവൻ സൂചിപ്പിക്കുന്നു. അതുവഴി അവൻ ഏകജാതനും പിതാവിനു സമനും ആണെന്ന് പ്രവൃത്തികളിൽനിന്ന് അറിയപ്പെടുന്നു. ഇത് ഒരുവശം. മറുവശത്ത്, *ഞങ്ങൾ അവൻെറ മഹത്ത്വം ദർശിച്ചു; ഏകജാതൻേറതായ മഹത്ത്വം.* മറെറാരു ഏകജാതൻ ഉണ്ടായിരുന്നു എന്ന അർത്ഥത്തിലല്ല. കാരണം, അവിടുന്ന് താരതമ്യാതീതനാണ്. പിന്നെയോ, ''ദൈവമേ,അങ്ങയുടെ നാമംപോലെ അങ്ങയുടെ, സ്തുതികളും'', എന്നതുപോലെയാണിത്. അതുപോലെ 'അവൻ രൂപത്തിൽ മനുഷ്യനെപോലെ കാണപ്പെട്ടു'; ''ശക്തന്മാരെപ്പോലെ അവർ ഓടും'' 'യുദ്ധവീരന്മാരെപ്പോലെ അവർ മതിലുകൾ ചാടിക്കയറും; 'സന്തോഷിക്കുന്നവരെപ്പോലെയാണവർ' എന്നിത്യാദി[1]. അവർ താരതമ്യാതീതരാണ്. അതുകൊണ്ട് പുത്രനെ മറെറാരു ഏകജാതനുമായും അവൻ താരതമ്യപ്പെടുത്തുന്നില്ല.

മററുള്ളവർ പറയുന്നു: തൻെറ വാസത്താൽ അവിടുന്ന് ധരിച്ച മാംസത്തിൻെറ *മഹത്ത്വം ഞങ്ങൾ ദർശിച്ചു*;അതിൽ വസിച്ച *ഏകജാതനെക്കാൾ* അതൊട്ടും കുറഞ്ഞതായിരുന്നില്ല; കാരണം, അദൃശ്യമായവ ഞങ്ങൾ കണ്ടില്ല, അദൃശ്യപ്രകൃതിയുടെ ഗുണങ്ങളാൽ തിളങ്ങുന്നതും അവിടുന്നു വസിക്കുന്നതുമായ ദൃശ്യപ്രകൃതിയേ ഞങ്ങൾ കണ്ടുള്ളു. ഒന്നു സ്വയം ശൂന്യമാക്കലാൽ; മററത്, അവിടുത്തെ സ്വയം ശൂന്യമാക്കലാൽ ലഭിച്ച പൂർണതയാൽ. അതുകൊണ്ട്, *ഞങ്ങൾ ദർശിച്ചു* എന്നത് വചനത്തിൻെറ സത്തയെപ്പററിയല്ല, വചനത്തിൻെറ അസ്തിത്വത്തെപ്പററിയാണ്; അതായത്, തൻെറ ആലയത്തിൻെറ അസ്തിത്വത്തെപ്പററി; അതുപോലെ അതിൻെറ മഹത്ത്വത്തിൻെറയും, അതിൽ വസിക്കുന്നയാളിൻെറയും ഐക്യത്തെപ്പററിയാണ്.

---

1 സങ്കീ. 48: 10; ഫിലി. 2:8; യോയേൽ 2:7 ഏശാ. 9: 3.

www.malankaralibrary.com



*തിമോതി* പറയുന്നു: *വചനം മാംസമായി* എന്നു തുടങ്ങുന്നതു് *വചനത്തിൻെറ* വിനീതാവസ്ഥയുടെ മഹനീയ പ്രതിപാദനമാണ്. എന്നാൽ, *ഞങ്ങൾ അവൻെറ മഹത്ത്വം ദർശിച്ചു* എന്നതു് നമ്മുടെ പ്രകൃതിയുടെ ദൈവീകരണം കാണിക്കുന്ന പ്രതിപാദനമാണ്.

വചനം, അതായതു് ദൈവം, താഴ്മയിൽ മാംസമായി, മനുഷ്യനായിത്തീർന്നു. അപ്പോൾ വചനത്തിൻെറ മാംസം ഔന്നത്യത്തിലുള്ള വചനമായിത്തീരുകയും ദൈവീകരിക്കപ്പെടുകയും ചെയ്തു. തൻെറ മഹനീയ മാംസത്തിൻെറ മഹത്ത്വം പിതാവിൻെറ ഏകജാതൻേറതായി ഞങ്ങൾ ദർശിച്ചു. ഒരേ ഒരു മഹത്ത്വവും ശോഭയുമാണ് ഞങ്ങൾ ദർശിച്ചതു്. വചനത്തിൻെറ മാംസത്തിൽ ഐക്യപ്പെട്ടും വചനത്തിൽ സ്വഭാവത്താലെയും.

*ദാലദ്*[1] കൂട്ടിച്ചേർത്തതും അതിൻെറ സ്ഥാനവും ഉചിതമാണ്. അതായതു്; അവൻ ഏകജാതനെപ്പററിയാണ് പറയുന്നതു്. കാരണം, വചനത്തിൻെറ മഹനീയതയുടെ മഹത്ത്വത്തിലേക്കു്: എന്നാൽ വചനത്തിൻെറ ക്നോമായിലേക്കല്ല; ശ്രേഷ്ഠമാക്കപ്പെട്ട *മാംസം* അവൻെറ *സത്ത*യിലേക്കുമല്ല.[2] കൂട്ടിച്ചേർക്കൽ കൂടാതെ അവൻ പറയുന്നതിൽനിന്നു് വചനത്തിൻെറയും അവൻെറ മാംസത്തിൻെറയും *ഏകസ്വഭാവവും ഏകക്നോമായും* അവൻ നമ്മെ പഠിപ്പിച്ചു. എന്നാൽ, മറുവശത്തു് കൂട്ടിച്ചേർക്കൽവഴി പറയുന്നതിൽനിന്നു് അവിടുന്നു് *ക്നോമായിലും സത്തയിലും* സ്ഥിതിചെയ്യുന്നെങ്കിലും ഐക്യം ക്നോമായിലോ സത്തയിലോ അല്ല, പിന്നെയോ, ഗുണത്തിലും തരത്തിലുമാണ് എന്നു് സ്പഷ്ടമായി അവൻ കാണിച്ചു. കാരണം, പുത്രത്വം, ദൈവീകരണം, ദിവ്യകർമ്മങ്ങൾ എന്നിവയെയാണ് മഹത്ത്വം എന്നു് അവൻ വിളിക്കുന്നതു്. എടുക്കപ്പെടുകയും വചനമായ ദൈവവുമായി ഐക്യപ്പെടുകയും ആത്മാവിൻെറ കൃപയുടെ എല്ലാ സമൃദ്ധിയും ഉദരത്തിൽവച്ചുതന്നെ സ്വീകരിക്കുകയും ചെയ്തവൻെറ *പൂർണ്ണതയിൽ*നിന്നു് നാം ഒരു ഭാഗം *സ്വീകരിച്ചിരിക്കുന്നു*; അതിൽനിന്നു് നമുക്കു് ദത്തെടുക്കലും ലഭിച്ചിരിക്കുന്നു (യോഹ. 1: 16).

നാം മക്കളാണെങ്കിൽ അവകാശികളാണ് എന്നു പറയപ്പെട്ടിരിക്കുന്നു (റോമ. 8: 17). ദൈവത്തിൻെറ അവകാശികൾ. അവൻ സ്വഭാവേന പുത്രനാണ്. നാം ആ കാരുണ്യത്തിൽ

1 dalath 2. ഉസിയാ

www.malankaralibrary.com



ഭാഗഭാക്കുകളാണ്. *കൃപയ്ക്കുമേൽ കൃപ* (1:16). നിയമത്തെയും അവൻ *കൃപ* എന്നുവിളിക്കുന്നു. സ്വീകരിച്ചവർ അതെടുത്തതു് പ്രവൃത്തികളാലല്ല, പിന്നെയോ, *ദാതാവിന്റെ* കൃപയാലാണ്. കാരണം, നീതിമാനെ പ്രതിയല്ല സ്വാഭാവിക നിയമത്തിന്റെ സ്ഥാനത്തു് തിരുലിഖിതനിയമം സ്ഥാപിതമായതു്. ഒന്നാമതു് സംരക്ഷിക്കുന്നതിനായി മെനക്കെടാഞ്ഞതിനാൽ നിരസിക്കപ്പെട്ടു. എന്നാൽ പാപികളെ പ്രതിയും അവർ കരുതലുള്ളവരായിരിക്കുന്നതിനും ദയയോടുകൂടി ശാസനം കൂട്ടിച്ചേർക്കുന്നെങ്കിലും, എല്ലാവരുടെയും പരിപാലകന്റെ സ്നേഹവും കാരുണ്യവും നിമിത്തമാണ് അതു നൽകപ്പെട്ടതു്.

*നിയമം മോശ വഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തു വഴി ഉണ്ടായി* (1:17). കൃപയാലാണു് നിയമം നൽകപ്പെട്ടതെങ്കിലും അതു് നിഴലും പ്രതീകവുമായിരുന്നു എന്നു് അവൻ കാണിക്കുന്നു. എന്നാൽ നമ്മുടെ നിയമം ആകട്ടെ, പൊരുളും യാഥാർത്ഥ്യവും പ്രതിരൂപവുമായിരുന്നു. അതു് ദാസനായ മോശ വഴി, നൽകപ്പെട്ടു; ഇതാകട്ടെ, ഏകജാതനായ പുത്രൻവഴിയും. രണ്ടിന്റേയും ദാതാവ് *ദൈവത്തിന്റെ ഏകജാതനാണ്. അവൻ പിതാവിന്റെ മടിയിൽ വസിക്കുന്നു; അവൻ പിതാവിനെ വെളിപ്പെടുത്തി* (1:18).

അവൻ അവനെ *ഏകജാതൻ* എന്നു വിളിക്കുന്നു. കാരണം, അവൻ ഏകനിൽനിന്നുള്ള ഏകനാണ്;അതുല്യമാം വിധം ജനിച്ചവനാണ്; ഈ തരത്തിൽ അതുല്യൻ. എന്നാൽ സത്തയിലും ഇച്ഛയിലും ശക്തിയിലും തുല്യനായതിനാൽ *ദൈവം*. നിത്യമായ ഐക്യംകൊണ്ടും അഭേദ്യതകൊണ്ടും *മടിത്തട്ട്* എന്നു പ്രയോഗിച്ചിരിക്കുന്നു. നമ്മോടു് ഐക്യപ്പെട്ടിരിക്കുന്നതിനെ കുറിക്കാൻ *മടിത്തട്ട്* എന്നു് പ്രയോഗിക്കുക തിരുലിഖിതശൈലിയാണ്. കാരണം, നമുക്ക് സമീപസ്ഥമായിരിക്കുന്നതും നമ്മോടു് ഐക്യപ്പെട്ടിരിക്കുന്നതുമാണ് നമ്മുടെ മടിയിൽ നാം വഹിക്കുക. 'ഞങ്ങളുടെ അയൽക്കാർക്കു് അവരുടെ മടികളിൽ ഏഴുമടങ്ങു് മടക്കിക്കൊടുക്കണമെ' (സങ്കീ. 79:12); അതായതു്, അവരുടെ നിന്ദനം അവരെ വിട്ടുമാറാതിരിക്കട്ടെ.

*ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല* എന്നു് എങ്ങനെയാണ് അവൻ പറഞ്ഞതു് (1:18)? മോശ മുഖാഭിമുഖം അവനുമായി സംസാരിച്ചതാണല്ലോ. 'കർത്താവ് ഒരു സിംഹാസനത്തിൽ ഇരിക്കുന്നതായി ഞാൻ കണ്ടു' എന്നു് ഏശായാ പറയുന്നു (6:1). അതുപോലെ മററു പലരും. എന്നാൽ

www.malankaralibrary.com



ഇവയെല്ലാം സാദൃശ്യങ്ങളായിരുന്നു, യാഥാർത്ഥ്യമായിരുന്നില്ല. ദൃശ്യവസ്തുക്കളുടെ അയോഗ്യതയിൽനിന്ന് ഇതു വ്യക്തമാണ്. അടുക്കുവാൻ പാടില്ലാത്ത പ്രകാശത്തിൽ വസിക്കുന്നവൻ, ഈ ലോകത്തിൽ ആരും കണ്ടിട്ടില്ലാത്തവൻ, വരാനിരിക്കുന്ന ലോകത്തിൽപോലും കാണാൻ കഴിയാത്തവൻ വ്യതിയാനവിധേയമായ വസ്തുക്കളോട് സദൃശ്യനാകുക അസാധ്യമാണ്. അവിടുന്നു വസിക്കുന്ന പ്രകാശംതന്നെ അദൃശ്യവും അഗ്രാഹ്യവുമാണെങ്കിൽ, ആ പ്രകാശത്തിൽ വസിക്കുന്നവൻ എത്ര അധികമായിരിക്കും? എന്നാൽ ഇവിടെ ഏകജാതൻ *ജഢത്തിൽ* വെളിപ്പെടുത്തി. അതിനെ ഒരു വ്യാഖ്യാതാവായി അവൻ സ്വീകരിച്ചു. കാരണം, അവൻ കാണപ്പെട്ടു എന്നല്ല, *അവൻ വെളിപ്പെടുത്തി* എന്നാണ് അവൻ പറയുന്നതു്.

'ഇതാ, ഏലിയാ വന്നുകഴിഞ്ഞു; എന്നാൽ അവർ അവനെ സ്വീകരിച്ചില്ല; അവൻ പ്രവാചകരിലും വലിയവനാകുന്നു എന്നു് സത്യമായി നിങ്ങളോടു് പറയുന്നു' എന്നു് നമ്മുടെ കർത്താവ് യോഹന്നാനെപ്പററി സാക്ഷ്യപ്പെടുത്തിയതുപോലെ (മത്താ. 17:12;11:9) അവൻ ഒരു പ്രവാചകനും ഏലിയായും ആയിരിക്കെ, ഞാൻ ഏലിയായോ പ്രവാചകനോ അല്ല എന്നു് അവനോടു് ചോദിച്ചവരോടു് അവൻ ഉത്തരം പറഞ്ഞതു് എന്തുകൊണ്ടാണ്? 'ദൈവം എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കായി എഴുന്നേൽപ്പിക്കും' എന്നു തുടങ്ങി മോശ പറഞ്ഞപ്പോൾ (ആവ. 18:15) നൂന്റെ പുത്രനായ ജോഷ്വായെപ്പററിയും ശേഷം പ്രവാചകന്മാരെപ്പററിയുമാണ് അവൻ സൂചിപ്പിച്ചതു്. എന്നാൽ ശേഷം പ്രവാചകരിൽനിന്നു വ്യത്യസ്തനും, അവരെക്കാളൊക്കെ ഉന്നതനും മഹനീയനും വരാനിരിക്കുന്നവനുമായ ഒരാളെപ്പററിയാണിതെന്നു് യൂദജനം കരുതി. ''ലോകത്തിലേക്കു് വരാനിരിക്കുന്ന പ്രവാചകൻ സത്യമായും ഇവനാകുന്നു'' എന്നു് അപ്പത്തിന്റെ സമൃദ്ധിയിൽനിന്നു ഭക്ഷിച്ചു തൃപ്തരായവർ കരുതിയതുപോലെയാണിതു് (യോഹ. 6:14). എന്നാൽ യോഹന്നാൻ അവരോടു പറഞ്ഞു: *ഞാൻ അവനല്ല* നിങ്ങൾ പ്രതീക്ഷിക്കുന്ന പ്രവാചകനല്ല ഞാൻ.

*ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു്* (1:29): തന്റെ പീഡാനുഭവത്തെ സൂചിപ്പിച്ചുകൊണ്ടു് അവൻ അവനെ *കുഞ്ഞാടു്* എന്നു വിളിക്കുന്നു. തന്റെ മരണംവഴി അവിടുന്നു് മരണത്തെ നീക്കിക്കളഞ്ഞല്ലോ. മോശ

www.malankaralibrary.com



പെസഹായിലൂടെയും ചെയ്തല്ലോ. തൻെറ പീഡാനുഭവം നിമിത്തം ഏശായാ അവനെ *കുഞ്ഞാടെന്നും ആടെന്നും*[1] വിളിച്ചു.

*അവൻ തൻെറ അടുത്തേക്കു വരുന്നത് അവൻ കണ്ടു* (1:29). അവനിൽനിന്നു സ്നാനമേല്ക്കാൻ എന്നു *ചിലർ. ഇതാ ദൈവത്തിൻെറ കുഞ്ഞാട്* എന്നു് അവനിൽനിന്നുള്ള സാക്ഷ്യം സ്വീകരിക്കാൻ എന്നു് *മററു ചിലർ. മാർ അപ്രേം* പറയുന്നു: മുൻകുറിക്കു് യാഥാർത്ഥ്യവുമായി വളരെയധികം സാദൃശ്യമുണ്ടു്. റിബേക്കായേ വിവാഹത്തിനു് കൂട്ടിക്കൊണ്ടു വന്ന ഏലിയാസർ,അവരെ എതിരേൽക്കാൻ ഇസഹാക്കു് വയലിൽനിന്നു വരുന്നതു് റിബേക്കായെ കാണിച്ചു(ഉല്പ 24:63). സഭയുടെ തോഴനായ യോഹന്നാൻ, യോർദ്ദാൻ നദിയിൽവച്ചു് സഭയുടെ പക്കലേക്കുവന്ന മണവാളനെ സഭയ്ക്കു് കാട്ടിക്കൊടുത്തു. ഏലിയാസർ കിണററിൻകരയിൽവച്ചാണു് റിബേക്കായെ കണ്ടുമുട്ടിയതു്, കിണററിൻകരയിൽവച്ചു് യാക്കോബ് റാഹേലിനെകാമിച്ചു;കിണററിൻകരയിൽവച്ചു് മോശ സിപ്പോറായെ പ്രേമിച്ചു.[2]യോർദ്ദാനിലെ വെള്ളത്തിൽവച്ചു് യോഹന്നാൻ സഭയ്ക്കു തോഴക്കാരനായി നിന്നു. *ഇതാ, ദൈവത്തിൻെറ കുഞ്ഞാട്* എന്നു് അവൻ പറഞ്ഞതിൻെറ അർത്ഥം അവർ അവനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു എന്നു വ്യക്തമാണല്ലോ. അവിടുന്നു വന്ന ഞങ്ങൾ്പോൾ അടുത്തുള്ളവർക്കു് അവൻ അവനെ ചൂണ്ടിക്കാട്ടി.

*മോശ നിയമത്തിലും പ്രവാചകരിലും ആരെപ്പററി...* (*1:45*). മോശ പ്രവാചകരെക്കൊണ്ടു് എഴുതിച്ചു എന്നല്ല, പിന്നെയോ, കൂട്ടിക്കഴച്ചുള്ള ഒരു വാചകമാണിതു്: "നിൻെറ അമ്പുകരം മൂർച്ചയേറിയവയാണ്...", "അവൻ അതു് അവളുടെ തോളിൽ വച്ചു;കുട്ടിയുടെയും...." എന്നിത്യാദി.

*യോഹന്നാനിൽ നിന്നു കേട്ട് യേശുവിനെ അനുഗമിച്ചവരിൽ ഒരുവൻ അന്ത്രയോസ് ആയിരുന്നു* (*1:40*). മറെറയാൾ ആരായിരുന്നു എന്നു ചോദിച്ചേക്കാം. ഇടിയുടെ പുത്രനായ യോഹന്നാൻ ആയിരുന്നു മറെറയാൾ. വമ്പുപറച്ചിലുകൊണ്ടല്ല, വിനയംകൊണ്ടു് അവൻ തൻെറ നാമം മറച്ചു വച്ചു. കാരണം അവനാണിതു് എഴുതിയതു്.

---

1. എമ്റാ - നെഖ്യാ
2. ഉല്പ. 24.11ff ; 29:2ff.; പുറ. 2:16ff.

www.malankaralibrary.com



*നസ്രേത്തിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ? (1:46)*: കാരണം ജനങ്ങളുടെ ഇടയിൽ അത് നിന്ദ്യവും നികൃഷ്ടവുമായിരുന്നു; അവിടെ പുറജാതികൾ പാർത്തിരുന്നു താനും; അവിടെ പാർത്ത യൂദർ പുറജാതികളുമായി കൂടികലർന്നിരുന്നു. *ഇതാ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ (1:47)*: എന്തുകൊണ്ടെന്നാൽ, അവനു കാപട്യം ഇല്ലായിരുന്നു. അവൻ ഫീലിപ്പോസിനെ കുററപ്പെടുത്തി; തന്റെ മനസ്സിലുള്ളത് വെട്ടിത്തുറന്നു പറഞ്ഞു: *നസ്രേത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?* മാനുഷികസ്നേഹത്തെക്കാൾ അവൻ സത്യത്തെ സ്നേഹിച്ചു. എന്നാൽ 'നഥാനിയേലിനു് വംശശുദ്ധിയില്ലായിരുന്നു, അവനു് അതുണ്ടു്'' എന്നു് നമ്മുടെ കർത്താവ് പറഞ്ഞ് അവനെ ന്യായീകരിക്കുകയായിരുന്നു എന്നു തുടങ്ങി *ചിലർ* കരുതുന്നതിനു് ന്യായീകരണമില്ല.

*ഫീലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ് നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു (1:49)*. എന്ന് നമ്മുടെ കർത്താവ് അവനോടു പറഞ്ഞു. തന്നിൽനിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല എന്ന് അവനെ ഗ്രഹിപ്പിക്കുകയായിരുന്നു അവിടുന്നു്. നഥാനിയേലിനു്, അതായതു്, ബർതുൽമൈക്കു് നല്ല വേദപുസ്തകപരിജ്ഞാനം ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ഫീലിപ്പോസിനും നമ്മുടെ കർത്താവിനും അവൻ നൽകിയ കുറിക്കുകൊള്ളുന്ന മറുപടിയിൽ നിന്നു് ഇതു വ്യക്തമാണ്. 'ഇയാൾ ചെറുപ്പത്തിൽ ഒരു കൊല നടത്തി; ആരും കാണാതെ അതു് ഒരു അത്തിമരത്തിൻകീഴിൽ ഒളിച്ചുവച്ചു' എന്നൊരു കഥ. 'തനിക്കിതറിയാം'എന്ന് അവനെ മനസ്സിലാക്കാൻ നമ്മുടെ കർത്താവ് ശ്രമിച്ചപ്പോൾ, അവൻ ചെയ്തതു് അവിടുന്നു് അവനു വെളിപ്പെടുത്തി. നഥാനിയേൽ ചെയ്തതു് എന്താണെന്നു് നമ്മുടെ കർത്താവ് സ്പഷ്ടമായി പറഞ്ഞില്ല; ഒന്നാമതായി, ബുദ്ധിമാനു് സൂചനമാത്രം മതിയായിരുന്നു; രണ്ടു്, മററുള്ളവർ അവനെ അവഹേളിക്കാതിരിക്കാൻ. മൂന്ന്, അവൻ കുററക്കാരനായി ചിത്രീകരിക്കപ്പെടാതിരിക്കാൻ നാല്, അവിടുന്ന് നിഗൂഢകാര്യങ്ങൾ വെളിപ്പെടുത്തുന്നവനാണെന്നു് അറിയുന്നവർ അവിടുത്തെ സമീപിച്ച് പ്രബോധനം സ്വീകരിക്കാൻ മടികാണിക്കും.

*യോർദ്ദാന്റെ അക്കരെ ബഥാനിയായിൽ ആണ് ഇവ സംഭവിച്ചത് (1:28)*: അങ്ങനെയൊരു സ്ഥലമില്ല.

www.malankaralibrary.com



കാരണം, ബഥാനിയാ, ജറുസലേമിന് സമീപത്താണ്; യോർദ്ദാൻെറ അടുത്തല്ല. ബഥാനിയായിൽനിന്ന് യോർദ്ദാനിലേക്ക് പന്ത്രണ്ടു മൈലോ കൂടുതലോ ഉണ്ടു്. അതുകൊണ്ടു്, അതു് എഴുത്തുകാരൻ വരുത്തിയ തെററാണ്. എന്നാൽ "*ഇവ ബഥാനിയായിലും യോർദ്ദാൻെറ അക്കരെയും സംഭവിച്ചു*" എന്നോ, '*ഇവ യോർദ്ദാൻെറ മറുകരെ ബേതബാറായിൽ സംഭവിച്ചു*' എന്നോ വായിച്ചുകൊണ്ടു് ഈ ഭാഗം ശരിപ്പെടുത്താം. ഗലീലിക്കും ഗദാറായ്ക്കും അടുത്തുള്ള ഒരു വലിയ സ്ഥലമാണ് *അബാറാ*. മർക്കോസിൻെറ സുവിശേഷത്തിൽ "ഈദുമിയായായിൽ നിന്നും യോർദ്ദാൻെറ അബാറായിൽ നിന്നും"[1] എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു് ഇതു വ്യക്തമാണ് (മർക്കോ. 3:8). വീണ്ടും, അവിടുന്ന് കടലിൻെറ അബാറായിൽ[2], ഗദറായരുടെ[3] ദേശത്തു് വന്നു (മർക്കോ. 5:1).

*ദൈവദൂതന്മാർ കയറുന്നതും മനുഷ്യപുത്രൻെറമേൽ ഇറങ്ങുന്നതും (1:49)*: മരുഭൂമിയിലെ അവിടുത്തെ വിജയത്തിനുശേഷവും, തൻെറ പീഡാനുഭവത്തിലും തൻെറ ഉത്ഥാനത്തിലും അവർ കാണപ്പെട്ടതുപോലെ.

## പുസ്തകം II

*മൂന്നാം ദിവസം കാനായിൽ[4] ഒരു കല്യാണ വിരുന്നു നടന്നു (2:1)*: സുവിശേഷകൻ മുകളിൽ വിവരിച്ചവയും കാനായിൽ സംഭവിച്ചവയും ഗലീലിയിൽ വച്ചാണു നടന്നതു് എന്നു നാം അറിഞ്ഞിരിക്കണം. കാരണം, തൻെറ സ്നാനം കഴിഞ്ഞയുടൻതന്നെ അവിടുന്ന് അവിടം വിട്ടു് ചുററി നടന്നു; എന്നാൽ സാത്താനോടുള്ള പോരാട്ടം നടന്നതു് പിന്നീടാണ്; സ്നാനം കഴിഞ്ഞ ഉടനെയല്ല. അതുകൊണ്ടു് ബഥാനിയാ എന്നു് പറഞ്ഞിരിക്കുന്നതും ബേത്-അബാറായിലാണ് സംഭവിച്ചതു്. ബഥാനിയാ എന്നതു് എഴുത്തുകാരൻ വരുത്തിയ കൈപ്പിഴയാണ്.

*യേശുവിൻെറ അമ്മ അവിടെ ഉണ്ടായിരുന്നു... സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും ആയിട്ടില്ല (2:1-4)*: അവിടുന്ന് അതിച്ഛാപൂർവ്വകമായി പറഞ്ഞതാണെങ്കിൽ അതിനൊരർത്ഥം ഉണ്ടു്;

1. യോർദ്ദാൻെറ മറുകരയിൽനിന്നും (transjordan) 2. മറുകരയിൽ
3. ഗരസേനരുടെ 4. കാത്ഹായിൽ എന്നു് സുറിയാനി

www.malankaralibrary.com



മറിച്ച് സോദ്ദേശകമായിട്ടാണെങ്കിൽ മറെറാരർത്ഥവുമാണ്. ഒന്നാമത്തേതു്: നീയെന്തിനാണ് എന്നെ പ്രേരിപ്പിച്ച് അപേക്ഷിക്കുന്നതു്? നീ കല്പിക്കുന്ന ഈ കാര്യങ്ങൾ മഹനീയങ്ങളാണ്. അടയാളങ്ങൾക്കായി നീ മാധ്യസ്ഥ്യം വഹിച്ചിട്ടു കാര്യമില്ല. സ്വീകർത്താക്കളുടെ ആവശ്യാനുസൃതം കാര്യങ്ങൾ ചെയ്യാൻ മാത്രം ശക്തി ലഭിച്ച മോശയെപ്പോലെയും പ്രവാചകരെപ്പോലെയും, അറിവിന്റെയും പ്രവർത്തനങ്ങളുടെയും കാലങ്ങൾ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നു കരുതരുതു്. എന്റെ ശക്തി എപ്പോഴും എന്നോടൊത്തുണ്ടു്; സ്വീകർത്താക്കൾക്കാവശ്യമില്ലെങ്കിൽപോലും എനിക്കിഷ്ടമുള്ളപ്പോൾ ഞാനാഗ്രഹിക്കും വിധം ഞാൻ പ്രവർത്തിക്കുന്നു. അതുകൊണ്ടു്, അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും, എന്നിൽ വസിക്കുന്ന സ്വാഭാവിക പ്രകാശത്തിന്റെ ശോഭ എല്ലാവരുടെയും മുമ്പാകെ കാണിക്കാനുള്ള സമയവും നാഴികയും ഇതാ സമാഗതമായിരിക്കുന്നു; ഞാനാണ് സ്രഷ്ടാവ് എന്നു ഞാൻ വെളിപ്പെടുത്തും. രണ്ടാമത്തേതു്, സോദ്ദേശകമായി അവിടുന്ന് ഇപ്രകാരം പറയുന്നു: അടയാളങ്ങൾ പ്രവർത്തിക്കാനും എന്റെ ദൈവത്വത്തിന്റെ *മഹത്ത്വം* അതുവഴി *വെളിപ്പെടുത്തുവാനുമുള്ള* സമുചിത സമയം ഇതുവരെ സമാഗതമായിട്ടില്ല (2:11). നീ മാനുഷിക രീതിയിലാണ് പ്രവൃത്തികളെ നോക്കിക്കാണുന്നതു്; ഞാനാകട്ടെ ദൈവികകാഴ്ചപ്പാടിലും.

നമ്മുടെ കർത്താവ് അതുവരെ അടയാളങ്ങൾ പ്രവർത്തിച്ചിരുന്നില്ലെങ്കിൽ, അവിടുത്തേക്ക് ഇതിന് കഴിവുണ്ടെന്ന് അവന്റെ അമ്മ എങ്ങനെ അറിഞ്ഞു? തന്റെ ഗർഭധാരണാവസരം നടന്ന സംഗതികളിൽനിന്നും യോഹന്നാന്റെ സാക്ഷ്യത്തിൽനിന്നും. 'താൻ അവിടെ ഒരു അത്ഭുതം പ്രവർത്തിക്കും എന്ന് അവൾ അവനിൽനിന്നു കേട്ടു' എന്ന് *മാർ അപ്രേം* പറയുന്നു. ഇക്കാരണത്താൽ, 'അവരുടെ വീഞ്ഞു് തീർന്നുപോയി' എന്ന് അവൾ അവനോടു് പറഞ്ഞപ്പോൾ *'സ്ത്രീയേ, എനിക്കും നിനക്കും എന്ത്?* (2:4) എന്ന് അവിടുന്ന് അവൾക്കുത്തരം നൽകി. ഞാൻ ഓടിക്കയറി അവരുടെ ഇടയിലേക്ക് ചെല്ലുന്നതു് ഉചിതമല്ല; 'വീഞ്ഞു് തീർന്നുപോയി' എന്ന് എല്ലാവരും മനസ്സിലാക്കട്ടെ; അവർ കുടിക്കാൻ ചോദിക്കട്ടെ. അവരുടെ കണ്ണുകൾക്കുമുമ്പിൽ ദൈവദാനം മഹത്ത്വീകരിക്കപ്പെടട്ടെ. ഇങ്ങനെയല്ലെങ്കിൽ, *എന്റെ സമയം ഇനിയും ആയിട്ടില്ല* (2:4).

*ഈ ദേവാലയം പണിയാൻ നാല്പത്താറു സംവത്സരമെടുത്തു* (2:20). പണിക്ക് ഇത്രയും വർഷം ആവശ്യ

www.malankaralibrary.com



മായതിനാലല്ല; പിന്നെയോ, ജൊസേഫൂസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ ചുററുമുള്ള പുറജാതികൾ പണി തടസ്സപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഹാഗ്ഗായി പ്രവാചകൻ കുററപ്പെടുത്തുന്നതുപോലെ യഹൂദർ തന്നെയും പണി ഒഴപ്പി (1:2-11). അക്കാരണത്താൽ, നാല്പതു വർഷത്തേക്ക് ആ പണി നീണ്ടുപോയി.

*അനേകർ അവനിൽ വിശ്വസിച്ചു* (2:24); എന്നാൽ സത്യമായിട്ടല്ല[1] അല്ലെങ്കിൽ, *യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല* (2:24) എന്ന് എന്തിനാണ് പറഞ്ഞിരിക്കുന്നത്? അവിടുത്തേക്ക് കൃത്യമായ അറിവുണ്ടായിരുന്നു; ആരാണ് സത്യശിഷ്യരെന്നും ആരാണ് തങ്ങളുടെ ഉള്ളിൽ സംശയിക്കുന്നതെന്നും ബാഹ്യമാത്രമായി തന്നെ അനുഗമിച്ചവർ ആരൊക്കെയാണെന്നും അവിടുത്തേക്കറിയാമായിരുന്നു. എന്നാൽ തങ്ങൾ അവനിൽ വിശ്വസിക്കുന്നു എന്ന് ഇവർ പറഞ്ഞിരുന്നു. മററ് അനേകർ അവൻ ചെയ്ത അത്ഭുതങ്ങൾ നിമിത്തം, മഹനീയനും മഹാനുമായി അവിടുത്തെ സ്തുതിച്ചു. യൂദരോടുള്ള ഭയം നിമിത്തം പരസ്യമായി അവിടുത്തെ സമീപിക്കാതെ (3:1-2) രാത്രിയിലെത്തിയ *നിക്കൊദേമൂസും* മററുള്ളവരും അപ്രകാരം പ്രവർത്തിച്ചവരായിരുന്നു.

*ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും സ്വർഗരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല* (3:5): അതായത്, സ്വാഭാവികജനനത്തിൽ, ജനിക്കാനുള്ള ശിശു രൂപീകരിക്കപ്പെടുന്നത് ഗർഭപാത്രത്തിലാണ്, എന്നാൽ ദിവ്യക്രമീകരണത്താൽ ദൈവികശക്തിയാണ് അതിനെ അവിടെ രൂപീകരിക്കുന്നത്. അതുപോലെ, ജലം ഗർഭപാത്രത്തെ സൂചിപ്പിക്കുന്നു; കർത്താവും സ്രഷ്ടാവുമായി ആത്മാവു് പ്രവർത്തിക്കുന്നു. ഇതാ, മാമോദീസാ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അടയാളമാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. അക്കാരണത്താൽ അതിനെ *വീണ്ടും ജനനം* എന്നും വിളിക്കുന്നു (3:3). മരിച്ചശേഷം ഉയിർക്കുന്നവൻ വീണ്ടും സൃഷ്ടിക്കപ്പെട്ടതായി പരിഗണിക്കപ്പെടുന്നതുപോലെ, മാമോദീസായിൽ ജനിക്കുന്നവനെയും പരിഗണിക്കുന്നു. അങ്ങനെ ജലത്തിൽ മുങ്ങുകയും ആത്മാവിന്റെ ശക്തിയാൽ പൊങ്ങുകയും ചെയ്യുന്നവൻ *വീണ്ടും ജനിച്ചു* എന്നു പറയപ്പെടുന്നു.

---

1 basrārā

www.malankaralibrary.com



പ്രവൃത്തികൾക്കനുസൃതമായാണ് നീതി പ്രതിഫലം നല്കുന്നതെങ്കിൽ സദ്പ്രവൃത്തികൾ വഴി ദൈവത്തെ പ്രസാദിപ്പിച്ച അനേകർ ഉണ്ടല്ലോ. *ജലത്താലും ആത്മാവാലും ജനിക്കാത്തതിനാൽ* അവരൊക്കെ രാജ്യത്തിന് അന്യരായിത്തീരുമോ? *വീണ്ടും ജനിക്കാത്തവരാരും* എന്നതിന് പല അർത്ഥമുണ്ട്. ജനിക്കാത്തവർക്ക് രാജ്യം ഇല്ലെങ്കിൽ, ജനിച്ചവർക്കെല്ലാം ഒന്നുണ്ട് എന്നതു സ്പഷ്ടം. എന്തുകൊണ്ടാണ് വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം? അഥവാ, കടലിൽ എറിയപ്പെട്ട വലപോലെയാണ് ദൈവരാജ്യം എന്നു പറയുന്നതു്? നല്ലവ പാത്രങ്ങളിൽ ശേഖരിക്കുന്നു, ചീത്തയായവ ദൂരെ എറിഞ്ഞുകളയുന്നു. അതുകൊണ്ട് ഈ വാക്ക് ഒരു നിർവചനമല്ല. ഇതാ, സ്നാനം സ്വീകരിക്കാതെ അനേകർ പീഡനങ്ങളിലും മരണത്തിലും വിജയികളായിത്തീർന്നല്ലോ. കള്ളൻപോലും സ്നാനപ്പെട്ടില്ല; എന്നാൽ അവൻ രാജ്യം അവകാശപ്പെടുത്തി. എന്നാൽ അപ്രകാരം പറഞ്ഞിരിക്കുന്നതു് മൂന്നാമതായി ഇതാരോടു പറഞ്ഞുവോ, അവനെ ഉദ്ദേശിച്ചാണ്. എന്നാൽ പിന്നീട്, രാജ്യത്തെ പൂർണ്ണമാക്കുന്ന ആത്മാവിൻെറ കൃപയാൽ ദത്തെടുക്കലിൻെറ രഹസ്യമനുസരിച്ച്, ഈ കുടുംബത്തിലേക്ക് സ്നാനം വഴി സ്വീകരിക്കപ്പെടുന്നവരെയും; എന്നാൽ സ്നാനം സ്വീകരിക്കാത്തവന് ഇത് അപരിചിതമായിരിക്കും. വീണ്ടും, വലിയ ആവശ്യം കൂടാതെ, ഈ ആത്മീയ ജനനത്തെ നിന്ദിക്കുന്നവരെ ഭയപ്പെടുത്താനായി.

*കാററ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു* (3:8). അന്തരീക്ഷവായുവിൻെറ ചലനമായി *ചിലർ* ഇതിനെ വ്യാഖ്യാനിക്കുന്നു. ഈ സാവ്രത്രിക പദാർത്ഥത്തിൽനിന്ന്, ചൊരിയപ്പെടുവാൻ പോകുന്ന ദിവ്യദാനത്തെപ്പററി അവിടുന്ന് ഉപദേശിക്കുന്നു എന്ന് അവർ പറയുന്നു. കാററിൻെറ ഗതിയുടെ പ്രേരകശക്തിയെ മറെറാന്നും തടയാത്തതിനാൽ *അത് ഇഷ്ടമുള്ളിടത്തേക്കു വീശുന്നു*.

*അത് എവിടെനിന്ന് വരുന്നെന്നോ എവിടേക്ക് പോകുന്നെന്നോ നീ അറിയുന്നില്ല* (3:8): അത് എവിടെനിന്ന് തുടങ്ങുന്നെന്നോ എവിടെ അവസാനിക്കുന്നുവെന്നോ നീ അറിയുന്നില്ല. എന്നാൽ സ്പർശനം വഴിയും ശബ്ദം വഴിയും കാററിനെപ്പററിയുള്ള അവബോധം നിനക്കുണ്ടാകുന്നു. എങ്കിലും ഒരു പദാർത്ഥമായ അന്തരീക്ഷവായുവിനെ നീ മനസ്സിലാക്കുന്നില്ല. അങ്ങനെയാണെങ്കിൽ ദൈവാത്മാവിൻെറ ശക്തി നീ അന്വേഷിച്ചറിയുന്നത് എങ്ങനെയാണ്? കാററടിക്കുമ്പോൾ ശബ്ദമുണ്ടാകുന്നെങ്കിലും കാററ് അദൃശ്യമാണ്. അതുപോലെ ആത്മാ

www.malankaralibrary.com



വിലുള്ള ജനനവും ശാരീരിക നേത്രങ്ങൾക്ക് അദൃശ്യമാണ്. എന്നാൽ *ഭാഷ്യകാരനും* മററുള്ളവരും ഇതു് പരിശുദ്ധാത്മാവിനെപ്പററിയാണ് എന്നു പറയുന്നു. ഇതു് അന്തരീക്ഷ വായുവിനെപ്പററി എങ്ങനെ പറയാനാവും എന്ന് തങ്ങൾക്ക് മനസ്സിലാകുന്നില്ല എന്ന് അവർ പറയുന്നു. ഇഷ്ടമുള്ളിടത്തേക്ക് വീശാനായി വായുവിന് ഇച്ഛാശക്തിയില്ല; വലിയ സമ്മർദ്ദത്താൽ കാററുണ്ടാകുന്നു. അതു് *എവിടെ നിന്ന് വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നീയറിയുന്നില്ല* എന്നതു പോലും കാററിനെപ്പററിയല്ല. കാരണം, കാററടിക്കുന്നതിൽനിന്ന് അതിൻെറ ഗതി നിർണ്ണയിക്കാനാകും; ചിലപ്പോൾ ഈ വശത്തു നിന്നാണെന്നും ചിലപ്പോൾ ആ വശത്തു നിന്നാണെന്നും നാം പറയുന്നു. എന്നാൽ ഇതു സ്പഷ്ടമായി പരിശുദ്ധാത്മാവിനെപ്പററിയാണ്; കാരണം, അവൻ എവിടെനിന്നു വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ ഒരുവനും അറിയുന്നില്ല, മനസ്സിലാക്കുന്നുപോലുമില്ല. അവനും ദൈവമാകയാൽ അവൻ അനന്തനാണ്. അവൻ ഇല്ലാത്തിടത്തുനിന്ന് അവൻ വരുന്നില്ല, കാരണം അവൻ എല്ലാററിലും ഉണ്ട്. അവൻ എങ്ങോട്ടും പോകുന്നില്ല; കാരണം അവൻ സ്ഥലം മാററത്തിനു് വിധേയനല്ല. അവൻ എവിടെയാകുന്നുവോ, അവിടെ വരുന്നു; എവിടെയാകുന്നുവോ, അവിടേക്കു പോകുന്നു. അവൻ എല്ലാററിനെയും നിറയ്ക്കുന്നു. കാരണം, ''കർത്താവിൻെറ ആത്മാവിനെക്കൊണ്ട് ലോകം നിറഞ്ഞിരിക്കുന്നു'' എന്ന് പറയപ്പെടുന്നു (വിജ്ഞാനം 1:7). *നീ അതിൻെറ സ്വരം കേൾക്കുന്നു* (3:8) എന്നതു് അവിടുത്തെ സംസർഗത്തിന് യോഗ്യരായവർക്കു ലഭിക്കുന്ന അനുഭവത്തെപ്പററിയാണ്. 'കൊടുങ്കാററടിക്കുന്നതുപോലുള്ള ശബ്ദം' എന്ന് ശ്ലീഹന്മാർ സ്വീകരിച്ചതിനെപ്പററി പറഞ്ഞിരിക്കുന്നതുപോലെയാണിതു് (നട.2:2). ആ അനുഭവത്തെ ശബ്ദം എന്നു വിളിക്കുന്നു.

*ഭൗമിക കാര്യങ്ങളെപ്പററി ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗീയ കാര്യങ്ങൾ പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?* (3:12). ഭൗമിക കാര്യങ്ങൾ എന്നതു് സ്നാനത്തിൻെറ രഹസ്യം, ഉത്ഥാനം, കന്യകയിൽനിന്നുള്ള ജനനം എന്നിവയാണ്. സ്വർഗീയ കാര്യങ്ങളെപ്പററി, അതായതു്, ഇപ്പോൾ സംഭവിക്കുന്നതിനപരിസ്ഥമായ രീതിയിൽ പിതാവിൽനിന്ന് നിത്യത്വത്തിലുള്ള ജനനത്തെപ്പററി ഏശായായിൽ അവിടുന്ന് അവരോട് സംസാരിച്ചതാണ്. അപ്പോൾത്തന്നെ ശ്രോതാക്കൾ അത്ഭുതസ്തബ്ധരായിപ്പോയി. 'ഇവൻ സ്വർഗത്തിലേക്കു കരേറി ഈ കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്തുവോ? എന്നിട്ട് പഠിപ്പിക്കാ

www.malankaralibrary.com



നായി താഴേക്കിറങ്ങി വന്നുവോ? അങ്ങനെയല്ലെങ്കിൽ ഈ മനുഷ്യന് ഈ കാര്യങ്ങൾ എവിടെനിന്നു കിട്ടി? സ്വർഗീയ കാര്യങ്ങളെപ്പററി പറയാൻപോലും ഇവൻ മുതിരുന്നല്ലോ' എന്നൊക്കെ അവർ ചിന്തിക്കാൻ തുടങ്ങി. എന്നാൽ ഹൃദയങ്ങളെയും ആന്തരിന്ദ്രിയങ്ങളെയും കാണുന്ന യേശു അവരുടെ ചിന്തകളെ ഖണ്ഡിക്കുകയും തന്റെ സ്വന്തം ആശയം അവതരിപ്പിക്കുകയും ചെയ്യുന്നു. *സ്വർഗത്തിൽനിന്നിറങ്ങിയ മനുഷ്യപുത്രൻ അല്ലാതെ മററാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല* (2:13).

*'ഞാൻ ഈ കാര്യങ്ങൾ നിന്നോട് പറഞ്ഞിരിക്കുന്നു'* എന്ന് അവിടുന്നു പറഞ്ഞു. ഞാൻ ഇവ മററുള്ളവരിൽനിന്ന് ഗ്രഹിച്ചതല്ലാത്തതിനാൽ സത്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അവരുടെ രഹസ്യത്തിന്റെ നാഥനും അവരുടെ അറിവിന്റെ കർത്താവുമാണ്. അതായത്, ഈ കാര്യങ്ങളുടെ രഹസ്യവും അവയുടെ കർത്താവും അറിയുന്നവനും. *മനുഷ്യപുത്രനല്ലാതെ മററാരും സ്വർഗത്തിലേക്ക് കയറിയിട്ടില്ല* (2:13). ഒരു സ്ഥലത്തുനിന്ന് മറെറാരിടത്തേക്കുള്ള മാററം ഉള്ളതിനാൽ, *കയറി* എന്നത് സ്വഭാവത്താലേ ആലയത്തെപ്പററിയാണ്. എന്നാൽ *ഇറങ്ങിയ* എന്നത് മാററം കൂടാതെ, തന്റെ എളിമ മൂലം, വചനത്തെപ്പററിയുള്ളതാണ്. എങ്കിലും ഉദരത്തിൽ വിശുദ്ധ വസ്തു ഉരുവായ നിമിഷംമുതൽ സംഭവിച്ച ഐക്യം നിമിത്തം രണ്ടുകാര്യങ്ങളും രണ്ടിനെപ്പററിയുമാണ്.

ഒന്നാകുവാനായി, സ്വഭാവത്തിലും ക്നോമാകളിലും വ്യത്യസ്തമായ രണ്ടു വസ്തുക്കളുടെ യോജിപ്പ്[1] എന്ന് ദൈവവാഹകർ വിളിക്കുന്ന നിർവ്വചനവും ഐക്യവും അതാണ്. സ്വഭാവങ്ങളും ക്നോമാകളും നിലനിർത്തിക്കൊണ്ടും ഓരോന്നിന്റെയും സ്ഥിരഗുണങ്ങൾ സംരക്ഷിച്ചുകൊണ്ടും പേരുകളും പ്രവൃത്തികളും അവർ പരസ്പരം ആരോപിക്കുന്നു. അതുകൊണ്ട് ഈ ക്നോമായിൽ അവൻ 'സ്വർഗത്തിൽനിന്നിറങ്ങിയ മനുഷ്യൻ' എന്നു വിളിക്കപ്പെടുന്നു. എടുത്തവനും സ്വർഗത്തിലും എല്ലാററിലും ഉള്ളവനുമായ വചനം നിമിത്തമാണത്. ഭൗമിക മനുഷ്യൻ വചനം എന്നും വിളിക്കപ്പെടുന്നു. അവന്റെ ഭൗമികാലയം നിമിത്തം അവൻ *കയറി*; അതു് മാറി എന്നപോലെ കയറി. കാരണം, *സ്വർഗത്തിലുള്ള മനുഷ്യപുത്രൻ* എന്നു അവൻ കൂട്ടിച്ചേർക്കുന്നു.

1 നാഖിപൂസാ–conjunction

www.malankaralibrary.com



*മനുഷ്യപുത്രൻ* എന്നതു് ഒരു പൊതുപ്രയോഗമാണ്. സ്വഭാവത്താലേ *മനുഷ്യൻെറ,* മനുഷ്യാവതാരത്തിൽ *വചനത്തിൻെറ.* എങ്കിലും തൻെറ ദൈവത്വം നിമിത്തം തൻെറ മനുഷ്യത്വത്തിൽ അവൻ സ്വർഗത്തിലാണ്. ഒരേ ഒരു പുത്രനെയും കർത്താവിനെയും ആളിനെയുംകുറിച്ചു്, അവൻെറ പകുതി സ്വർഗത്തിലാണെന്നും പകുതി ഭൂമിയിലാണെന്നും നാം പറയാൻ പാടില്ല. നമ്മുടെ കർത്താവിൻെറ മനുഷ്യത്വം ഇപ്പോഠം പൂർണ്ണമായി സ്വർഗത്തിലാണ്. എങ്കിലും തൻെറ ദൈവത്വം നിമിത്തം അവിടുന്നു് ഭൂമിയിലും സഭയിലുമാണ്. അതുപോലെ തൻെറ മനുഷ്യത്വത്തിൽ അവിടുന്നു് ഭൂമിയിൽ ആയിരുന്നപ്പോഴും, തൻെറ ദൈവത്വം നിമിത്തം അവിടുന്നു സ്വർഗത്തിലുമായിരുന്നു. ഇക്കാരണത്താൽ, ഇറങ്ങിയവനും കയറിയവനും ഒന്നുതന്നെയെന്നു് ശ്ലീഹാ പറയുന്നു (എഫേ. 4:10).

ദൈവവചനം തിരുഅവതാരത്തിനായി എളിമയിൽ താഴേക്കിറങ്ങിവന്നു; എന്നാൽ സത്തയുടെ സ്ഥലം മാററത്തിലല്ല എന്നു മാത്രം. കാരണം, അവിടുന്നു് അനന്തനാണ്. എന്നാൽ ഐക്യംവഴി താൻ സ്വീകരിച്ചതിനെപ്രതി ഇറങ്ങിവന്ന മനുഷ്യൻ എന്നും പറയപ്പെടുന്നു. 'ഞാൻ സ്വർഗത്തിൽനിന്നു് ഇറങ്ങിയ അപ്പമാകുന്നു' എന്നുപറഞ്ഞുകൊണ്ടു് സഭയിലുള്ള അപ്പവും താഴേക്കിറങ്ങിവന്നു എന്നു് നമ്മുടെ രക്ഷകൻ പറയുമ്പോഠം, തന്നെ സ്വീകരിച്ചതിനോടുകൂടി എന്നേക്കും ഏകപുത്രനായിരിക്കുന്ന അവിടുന്നു് 'സ്വർഗത്തിൽനിന്നിറങ്ങിയ മനുഷ്യപുത്രൻ' എന്നു് വിളിക്കപ്പെടുന്നതു് എങ്ങനെ ആശ്ചര്യകരമാകും? ഇതും സ്വർഗത്തിൽനിന്നിറങ്ങി എന്നു പറയപ്പെടുന്നു.

*മററുചിലർ*: സംഭവിക്കാൻ പോകുന്നതു് സംഭവിച്ചു കഴിഞ്ഞു എന്ന രീതിയിൽ പ്രതിപാദിക്കുന്ന തിരുലിഖിത രീതിയനുസരിച്ചു് *കയറും* എന്നതിനുപകരം *കയറി* എന്നുപറഞ്ഞിരിക്കുകയാണ്. ഉദാ: 'അവിടുന്നു് നമ്മെ ഉയിർപ്പിച്ചു് സ്വർഗ്ഗത്തിൽ യേശുക്രിസ്തുവിനോടുകൂടി ഇരുത്തി' (എഫേ.2:6); 'നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു' (ഫിലി. 3:20); അതായതു്, ഉത്ഥാനാനന്തരം നമുക്കു് സംഭവിക്കുന്നതു്.

വീണ്ടും, ഇതും നമ്മുടെ രക്ഷകൻെറ പതിവാണ്; ചിലപ്പോഠം അവിടുന്നു് തൻെറ ദൈവത്വത്തെപ്പററി സംസാരിക്കുന്നു: 'ഞാനും എൻെറ പിതാവും ഒന്നാകുന്നു; എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ, 10:30; 14:9); ചിലപ്പോഠം അവിടുന്നു തൻെറ മനുഷ്യത്വത്തെപ്പററിസംസാരിക്കുന്നു:'എൻെറ കൈകളും കാലുകളും കണ്ടു് ഇതു ഞാൻ തന്നെയാണ് എന്നു്

www.malankaralibrary.com



മനസ്സിലാക്കുവിൻ' (ലൂക്കാ 24:39). 'നിങ്ങളോടു സത്യം പറഞ്ഞ മനുഷ്യനായ എന്നെ എന്തിനാണ് കൊല്ലുവാൻ അന്വേഷിക്കുന്നതു്?' (യോഹ. 8:40). ചിലപ്പോഴം അവിടുന്നു് തന്റെ പുത്രത്വത്തിന്റെ *ഏകപർസോപ്പായെപ്പററി* പറയുന്നു: ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും, പക്കലേക്കു് കരേറുന്നു (യോഹ. 20: 17). *"മനുഷ്യപുത്രനല്ലാതെ"* എന്നതും. അവൻ കയറി, അവൻ താഴെക്കിറങ്ങിവന്നു, മനുഷ്യപുത്രൻ എന്നിവ അവന്റെ ഐക്യത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞിരിക്കുന്നതു്.[1]

*മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ.... മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു* (3:14-15). കുരിശ് നിങ്ങളെ ഭയപ്പെടുത്തുകയോ, നിങ്ങൾ ശ്രവിച്ചവയെപ്പററി സംശയിക്കാനിടനൽകുകയോ ചെയ്യാതിരിക്കട്ടെ എന്നു് അവിടുന്നു പറയുന്നു. മരുഭൂമിയിലെ സർപ്പം പിച്ചളകൊണ്ടുണ്ടാക്കിയതും നിർജീവവുമായിരുന്നു. എന്നാൽ അതിനെ നോക്കിയവരെ ദൈവത്തിന്റെ ശക്തി രക്ഷിച്ചു. അതുപോലെ കുരിശിലെ പീഡകൾ സഹിക്കുന്ന ഈ മനുഷ്യനും എന്നേക്കും ജീവിക്കുന്നു; തന്നിൽ വസിക്കുന്ന ദിവ്യശക്തിയാൽ തന്നിൽ വിശ്വസിക്കുന്നവരെ നിത്യജീവനു് അവകാശികളാക്കിത്തീർക്കുന്നു. അഗ്നിസർപ്പങ്ങളുടെ മുറിവുകളിൽ നിന്നു് ശരീരങ്ങളെ സുഖമാക്കുക മാത്രമല്ല, സാർവത്രികമായ മരണം കയ്യാളുന്നവരുടെ വിഷത്തിൽനിന്നു് ആത്മശരീരങ്ങളെ ഒന്നിച്ചു് ശുദ്ധീകരിക്കുകയും ചെയ്യുന്നു.

*തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു* (3: 16): അതുകൊണ്ടു് ദൈവത്വം പീഡ സഹിച്ചെന്നാണോ? ഒരിക്കലുമല്ല! എല്ലാവർക്കുംവേണ്ടി ഏകജാതനെ നൽകി എന്നു് എങ്ങനെയാണ് പറഞ്ഞിരിക്കുന്നതു്? *ഏകജാതൻ* എന്നതു് വചനത്തിന്റെ പൊതുവായ പേരാണ്; അതു് ആലയത്തിന്റേതുമാണ് എന്നു ഞാൻ പറയുന്നു. അതുപോലെയാണ്, *പുത്രൻ, കർത്താവ്, രക്ഷകൻ, മഹത്വത്തിന്റെ കർത്താവ്* എന്നീ നാമങ്ങളും. ഐക്യം നിമിത്തം പൊതുവായുള്ള ഒരു പേരാണ് *ഏകജാതൻ* എന്നതു്. ക്രിസ്തു തന്റെ ദൈവത്വത്തിൽ ഏകജാതനാണ്; തന്റെ മനുഷ്യത്വത്തിലും ഏകജാതനാണ്. വചനത്തിന്റെ വസ്ത്രംപോലെ ഏകജാതനായ ആദ്യജാതൻ.

---

1 Men Parsopa hdāyūtā

www.malankaralibrary.com



കന്യകയിൽനിന്നുള്ള ജനനത്തിൽ അവിടുത്തേക്ക് സഹോദരന്മാരില്ലായിരുന്നു. കാരണം അവിടുന്ന് ആദ്യജാതനും, അവസാനത്തെ ആദവും ആരംഭവും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമായിരുന്നു.

*ഏകജാതൻ* എന്നതിൽ ഒരു കാര്യം സ്വഭാവത്താലെയാണ്; ആദ്യജാതൻ എന്നതിൽ മറെറാരു കാര്യമാണ് എന്നാൽ ഐക്യംവഴി അവിടുന്ന് ഏകയാളാണ്. അവിടുന്ന് ഒരേ സമയം സഹനാധീനനും സഹനാതീതനുമാണ്. അതുകൊണ്ട് സഹിക്കുന്നേത് വചനമല്ല, ആലയമാണ്. 'നിങ്ങൾ ഈ ആലയം നശിപ്പിക്കുക, മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും' (യോഹ. 2:18) എന്ന് അവിടുന്ന് അരുൾച്ചെയ്തു. ഇതാ, തകർക്കപ്പെടുന്നതും അതിനെ സമുദ്ധരിക്കുന്നവനും വ്യത്യസ്തമാണ്. സഹനം അവിടുത്തെ മനുഷ്യത്വത്തിൻേറതാണെങ്കിലും, സംഗതി മുഴുവൻ ദൈവത്തെപ്പററിയായിട്ടാണു പറയുക. കാരണം സഹിച്ച മനുഷ്യത്വം എന്ന വസ്ത്രം അവിടുത്തെ സ്വന്തമാണ്. അതുകൊണ്ട് അവിടുന്ന് നിത്യജീവൻ പ്രദാനം ചെയ്യാൻ കഴിവുററവനായി (യോഹ. 17:2). 'അവർ അതറിഞ്ഞിരുന്നെങ്കിൽ, മഹത്വത്തിൻെറ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു' എന്നു പറയുന്നതുപോലെയാണിത് (1കൊറി. 2:8).

## പുസ്തകം III

*യോഹന്നാൻെറ ശിഷ്യരും ഒരു യഹൂദനും തമ്മിൽ ശുദ്ധീകരണത്തെപ്പററി സംസാരമുണ്ടായി* (3:25). തക്കമല്ല, സംസാരം നടന്നു. സ്നാനത്തെ അവൻ ശുദ്ധീകരണം എന്നു വിളിക്കുന്നു. യഹൂദർ വിവിധതരം നൈയാമിക ക്ഷാളനങ്ങളിൽ വീമ്പടിച്ചിരുന്നു; യോഹന്നാൻെറ ശിഷ്യരാകട്ടെ തങ്ങളുടെ ഗുരുവിൻെറ സ്നാനത്തെ പുകഴ്ത്തിയിരുന്നു. ഈ ചർച്ചയിൽ നിന്ന് അവർ നമ്മുടെ കർത്താവിൻെറ സ്നാനത്തിലെത്തിച്ചേർന്നു. നമ്മുടെ കർത്താവിൻെറ നാമത്തിൽ ശിഷ്യർ നൽകിയ സ്നാനം ഉടൻ വേണ്ടുന്നതല്ല എന്ന നിഗമനത്തിൽ രണ്ടുകൂട്ടരും എത്തിച്ചേർന്നതിനാൽ, തങ്ങളുടെ അസൂയയിൽ യോഹന്നാനെ തീക്ഷ്ണമതിയാക്കാൻ അവർ അവൻെറ പക്കലെത്തി. അതായത്, നമ്മുടെ രക്ഷകൻെറ പ്രാധാന്യംകൊണ്ട് യോഹന്നാൻെറ ബഹുമാനം കുറഞ്ഞുപോകുന്നു എന്ന് അവർക്കു തോന്നി.

*അവൻെറ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിന് മുദ്രവയ്ക്കുന്നു* (3:33). അതായത്, അവൻ പറഞ്ഞവ വിശ്വസിക്കുന്നവൻ, അതു ദൈവ

www.malankaralibrary.com



ത്തിൻെറ സത്യവുമായി ഒത്തുപോകുന്നു എന്നു ഗ്രഹിക്കുന്നു. *ചിലർ: ദൈവം സത്യവാനാണെന്ന് അവൻ മുദ്രവയ്ക്കുന്നു:* അതായതു് അവൻെറ കാലത്തു്, ദൈവം വാഗ്ദാനങ്ങളും പ്രവചനങ്ങളും ക്രിസ്തുവിൽ വെളിപ്പെടുത്തി. അങ്ങനെ ക്രിസ്തു പിറന്നു. അതുകൊണ്ടു് ക്രിസ്തുവിൽ വിശ്വസിക്കാത്തവൻ, താൻ വാഗ്ദാനം ചെയ്തവ ദൈവം പൂർത്തിയാക്കിയില്ല എന്നുപറഞ്ഞു് ദൈവത്തെ നുണയനാക്കുന്നു. അതായതു്, ക്രിസ്തുവിനെപ്പററി തിരുലിഖിതത്തിലുള്ള സാക്ഷ്യങ്ങൾ.

*ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്* (3:34): ഇതുവഴി ക്രിസ്തുവിൻെറ മഹത്ത്വവും എല്ലാ പ്രവാചകരെക്കാളും അവിടുത്തേക്കുള്ള ഔന്നത്യവും കാണിക്കാനാണ് യോഹന്നാൻ ശ്രമിക്കുന്നതു്. അവർക്കൊക്കെ ഭാഗികമായും ചെറിയ അളവിലുമാണ് ലഭിച്ചിട്ടുള്ളതു്. എന്നാൽ ക്രിസ്തുവിനാകട്ടെ അവരെപ്പോലെ അളന്നല്ല, പിന്നെയോ പൂർണമായിട്ടാണ് 'ദൈവത്വത്തിൻെറ പൂർണത മുഴുവൻ ശാരീരികമായി അവനിൽ വസിക്കുന്നു' (കൊളോ. 2:9); 'അവൻെറ പൂർണതയിൽനിന്നു് നാമെല്ലാവരും സ്വീകരിച്ചിരിക്കുന്നു' (യോഹ. 1:16) എന്നു് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

യേശു നേരിട്ടു് ആരെയും സ്നാനപ്പെടുത്തിയില്ല (4:2): എന്തു സ്നാനം? ആത്മാവ് നൽകിയതല്ല, കാരണം; അപ്പോഴും ആത്മാവ് നൽകപ്പെട്ടിരുന്നില്ല, എന്തുകൊണ്ടെന്നാൽ യേശു മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല. അതു് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ആയിരുന്നില്ല. ആ രഹസ്യം അപ്പോഴും സുജ്ഞാതമായിരുന്നില്ല. പിന്നെയോ, പാപമോചനത്തിനായി ക്രിസ്തുവിൻെറ നാമത്തിൽ ആയിരുന്നു. 'ഇന്നയാരം പാപമോചനത്തിനായി സ്നാനപ്പെടുന്നു' എന്നു് സ്നാനം സ്വീകരിക്കുന്നവരോടു് പറഞ്ഞിരുന്നു. *ചിലർ:* 'ലോകരക്ഷയ്ക്കായി ക്രിസ്തുവിനെ അയച്ച ദൈവത്തിൻെറ നാമത്തിൽ, ഞങ്ങൾ വിശ്വസിക്കുന്ന ക്രിസ്തുവിൻെറ ശിഷ്യത്വത്തിലേക്കു്, ഞങ്ങൾ നിന്നെ സ്നാനപ്പെടുത്തുന്നു' എന്നാണു് ചൊല്ലിയിരുന്നതു്. *വേറെചിലർ*: ഈ സ്നാനം യോഹന്നാൻേറതിൽനിന്നു വ്യത്യസ്തമായിരുന്നില്ല; രണ്ടിലും ക്രിസ്തു പ്രഘോഷിക്കപ്പെടുന്നു; സ്നാനം സ്വീകരിച്ചവർ കർത്താവിനോടൊത്തു് പാർക്കാൻ രണ്ടും ഹേതുവായി.

*അവനു സമറിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു; യഹൂദരും സമറിയാക്കാരും തമ്മിൽ സമ്പർക്ക*

www.malankaralibrary.com



*മില്ലായിരുന്നു* (4:4-10): അവിടെക്കൂടി കടന്നുപോയപ്പോഴും ചെയ്തതു് മനപ്പൂർവമായിരുന്നു. അവിടേക്കു് യാത്ര ചെയ്തില്ല; അവർ മുറുമുറുക്കാൻ ഒരു കാരണവും കൊടുത്തില്ല.

അവൻ സമറിയായിലെ സിക്കാർ എന്ന പട്ടണത്തിലെത്തി (4:5). *ബേത്-റബ്ബാനിലെ യോഹന്നാൻ* പറയുന്നതുപോലെ *ഷിക്കേം* ആയിരുന്നു അതു്. കിണറിനെ അവൻ *ഉറവ* എന്നു വിളിക്കുന്നു. കാരണം അതിൽ വളരെ ശക്തിയായ ഊററുണ്ടായിരുന്നു. *ശിഷ്യൻമാർ ഭക്ഷണസാധനങ്ങൾ വാങ്ങാൻ പോയപ്പോൾ* നമ്മുടെ കർത്താവു് അവരോടൊപ്പം പട്ടണത്തിൽ പ്രവേശിച്ചില്ല; കാരണം, കിണററിൻകരയിൽ അവിടുന്നു് ഒരിരയെ വേട്ടയാടാൻ കാത്തിരിക്കുകയായിരുന്നു. അതായതു്, ഒരു സ്ത്രീയെ. അവിടുന്നു് പുറജാതികളുമായി കൂടിക്കലർന്നു എന്നു് യഹൂദർക്കു് മുറുമുറുക്കാൻ അവിടുന്നു് അവസരം നൽകിയില്ല. 'സമറിയാക്കാരുടെ പട്ടണത്തിലെങ്ങും പ്രവേശിക്കരുതു്'' എന്നു് അവിടുന്നുതന്നെ കല്പിച്ചിട്ടുമുണ്ടല്ലോ. തന്റെ കാരുണ്യവർഷത്താൽ ഇവർ ഇടറിപ്പോകാതിരിക്കാനായി, അവിടുന്നു് സ്ത്രീയെ പഠിപ്പിച്ചതിലൂടെ ഇവിടെ രണ്ടും പൂർത്തിയാക്കി; അതായതു്, അവിടുന്നു് അവരുടെ പക്കലേക്കു് പോയില്ല; വഴിയാത്രക്കാരന്റെ പക്കലേക്കെന്നവണ്ണം അവർ അദ്ദേഹത്തിന്റെ അടുക്കലേക്കു വരികയായിരുന്നു. ഇതിൽ അവിടുത്തെ കുററപ്പെടുത്താൻ യഹൂദർക്കു് ഒരു ന്യായവും ഇല്ലായിരുന്നു.

*നിനക്കു് അഞ്ചു ഭർത്താക്കൻമാരുണ്ടായിരുന്നു* (4:18). *ഭാഷ്യകാരൻ* പറയുന്നു: അവൾ വിശുദ്ധ ജീവിതം നയിച്ചിരുന്നില്ല എന്നതു് സുവ്യക്തമാണു്. അവൾക്കുണ്ടായിരുന്ന ഭർത്താവും നൈയാമികഭർത്താവായിരുന്നില്ല എന്നു കാണാം. ഇക്കാരണത്താൽ, *എനിക്കു ഭർത്താവില്ല* എന്നു് അവൾ പ്രത്യുത്തരിച്ചു. എന്നാൽ അവൾക്കു് അഞ്ചുപേർ നേരത്തെ ഉണ്ടായിരുന്നു. അവർ ഒന്നിനുപിറകേ ഒന്നായിട്ടോ, പരസ്യമായിട്ടോ ആയിരുന്നില്ല എന്നു തോന്നുന്നു. എല്ലാ ജനങ്ങളിൽനിന്നും മറച്ചുവച്ചിരുന്ന കാര്യം അപരിചിതനായ അദ്ദേഹം എല്ലാവരുടെയും മുമ്പാകെ വിളിച്ചു പറഞ്ഞതിൽ അവൾ അത്ഭുതപ്പെട്ടുപോയി. *മാർ അപ്രേം:* അവൾക്കുണ്ടായിരുന്ന അഞ്ചു ഭർത്താക്കന്മാർ ഒന്നിനു പിറകേ ഒന്നായി മരിച്ചു. താമാറിനെപ്പററി യൂദാ കരുതിയിരുന്നതുപോലെ അവളെ പുരുഷനെ കൊല്ലുന്ന സ്ത്രീയായി പരിഗണിച്ചിരുന്നു. അതുകൊണ്ടാണു് അവളുമായി ലൈംഗികബന്ധം നടത്തുന്നതിൽ നിന്നു് ഷേലായെ യൂദാ തടഞ്ഞിരുന്നതു്. എന്നാൽ വൈധവ്യം

www.malankaralibrary.com



നിന്ദാകാരണമായിരുന്നതിനാൽ അവരം ഒരുത്തനെ സ്വീകരിച്ചു; അവരം അവനു് ഒരലങ്കാരമായിരുന്നു; അയാരം ഭർത്താവു് എന്നറിയപ്പെട്ടിരുന്നതല്ലാതെ അവളെ സമീപിച്ചിരുന്നില്ല. അവരം അവനെ നിർബന്ധിച്ചില്ല, അവനും അവളെയും നിർബന്ധിച്ചില്ല. താനും മരിച്ചുപോയേക്കമോ എന്നു് അവനും ഭയപ്പെട്ടു. അവളുടെ നിന്ദ നീക്കാനായി മാത്രം അവളുടെ കൂടെ പാർത്തു.

*യഹൂദരുടെ ഇടയിലാണു് രക്ഷ* എന്നു് യേശു പറഞ്ഞില്ല, പിന്നെയോ, *രക്ഷ യഹൂദന്മാരിൽനിന്നാണു്* എന്നത്രേ (4:22). കാരണം, എല്ലാവരുടെയും രക്ഷയും വീണ്ടെടുപ്പുമായി മിശിഹാ ജഡത്തിൽ അവരിൽനിന്നാണു് വന്നതു്. നമ്മുടെ കർത്താവു് യഹൂദരിൽനിന്നുത്ഭവിച്ചു എന്നതു് വ്യക്തമാണല്ലോ.

*എന്തുകൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു. അവിടുത്തെ ആരാധിക്കുന്നവർ....* (4:24): അതായതു്, അവിടുന്നു് ശരീരരഹിതവും അനന്തവും സ്ഥലപരിമിതികളിൽപ്പെടാത്ത സത്തയുമാണു്; എന്നാൽ അവിടുന്നു് എല്ലായിടത്തുമാണു്; എല്ലായിടത്തും നാം അവിടുത്തെ ആരാധിക്കുകയും അവിടുത്തോടു് പ്രാർത്ഥിക്കുകയും വേണം. അവിടുന്നു് സാവധാനം സമറിയാക്കാരി സ്ത്രീക്കു് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ആദ്യം ഒരു ദാഹാർത്തനായി, പിന്നൊരു യഹൂദനായി, പിന്നെ ക്രിസ്തുവായി. അവിടുന്നവളെ പടിപടിയായി ഉയർത്തി ഉയർന്ന പടിയിൽ നിർത്തി. അവരം ആദ്യം അവിടുത്തെ ഒരു ദാഹാർത്തനായി ദർശിച്ചു, പിന്നൊരു യഹൂദനായി, അതിനുശേഷം പ്രവാചകനായി, അവസാനം ദൈവമായി മനസ്സിലാക്കി. അവളും പടിപടിയായിട്ടാണു് ഗ്രഹിച്ചതു്. അവൻ ദാഹാർത്തനാണെന്നു് അവരം കരുതി. യഹൂദരിൽ ഒരുവൻ എന്ന നിലയിൽ അവരം അവനു് വെള്ളം നിഷേധിച്ചു. കാര്യങ്ങരം അറിയുന്നവൻ എന്ന നിലയിൽ അവരം അവനോടാരാഞ്ഞു. ഒരു പ്രവാചകൻ എന്ന നിലയിൽ അവൻ അവളെ കുറപ്പെടുത്തി. ക്രിസ്തു എന്ന നിലയിൽ അവസാനം അവരം അവനെ ആരാധിച്ചു.

സമറിയാക്കാർ അവിടുത്തെ പക്കലേക്കു വന്നപ്പോരം ആ സ്ത്രീ പറഞ്ഞവയെക്കാരം വലിയ അത്ഭുതങ്ങളും വെളിപാടുകളും കണ്ടു. യഹൂദരോടുള്ള സ്വാഭാവിക വെറുപ്പിനു് തങ്ങരംക്കും അവനും ഇടയിൽ കാരണമില്ലെന്നു് അവർ കണ്ടെത്തി. വ്യഭിചാരിണിയോടുള്ള വെളിപ്പെടുത്തലോടുകൂടി തങ്ങളുടെ വിശ്വാ

www.malankaralibrary.com



സത്തിന്റെ അടിത്തറ ഉറപ്പിക്കപ്പെട്ടു. ഇക്കാരണത്താൽ അവർ അവളോടു പറഞ്ഞു: "നിന്റെ വാക്കു നിമിത്തമല്ല ഞങ്ങൾ അവനിൽ വിശ്വസിക്കുന്നത്, കാരണം, ഞങ്ങൾ അവിടുത്തെ പ്രബോധനം ശ്രവിക്കുകയും, അത്ഭുതങ്ങൾ കാണുകയും ഇവനാണ് യഥാർത്ഥത്തിൽ ഉള്ള മിശിഹാ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു (4:42). നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം അറിവായിരിക്കുക ന്യായയുക്തമാണ്.

## പുസ്തകം IV

*എന്നെ അയച്ചവന്റെ ജോലി പൂർത്തിയാക്കുക....* (4:34): മനുഷ്യരുടെ മാനസ്സാന്തരം. *നിങ്ങൾ വയലുകളിലേക്ക് നോക്കുവിൻ. അവ ഇപ്പോൾത്തന്നെ വിളഞ്ഞ് കൊയ്ത്തിനു പാകമായിരിക്കുന്നു* (4:35): തങ്ങളുടെ പട്ടണത്തിൽനിന്ന് പുറപ്പെട്ട് സമറായർ അവിടുത്തെ പക്കലേക്കു വരുന്നതിനെയും അവരുടെ മാനസ്സാന്തരത്തെയും സൂചിപ്പിക്കുന്നു. *വിതയ്ക്കുന്നവനും കൊയ്യുന്നവനും* (4:36). അവിടുന്ന് സ്വയം *വിതക്കാരൻ* എന്നു വിളിക്കുന്നു. അവിടുന്ന് പ്രബോധനവും പ്രഘോഷണവുംകൊണ്ടു തുടങ്ങി. ശ്ലീഹന്മാരെ അവിടുന്ന് *കൊയ്യുന്നവർ* എന്നു വിളിക്കുന്നു; അവർ അവനോടൊപ്പം തുടങ്ങി. ഫലമെന്നപോലെ അവർ മനുഷ്യരെ ദൈവത്തിനു സമർപ്പിച്ചു. *വിതയ്ക്കുന്നത് ഒരുവൻ, കൊയ്യുന്നത് മറ്റൊരുവൻ എന്ന ചൊല്ല് ഇവിടെ സാർത്ഥകമായിരിക്കുന്നു* (4:37). അതായത്, കൃപയുടെ സത്യമാണ് ഇതിൽ കൂടുതലായി വെളിപ്പെട്ടിരിക്കുന്നത്. ഞാൻ വിതച്ച ഈ വിത്തിലൂടെ ഞാൻ നിങ്ങൾക്ക് എല്ലാ അധികാരങ്ങളും നൽകിയിരിക്കുന്നു. അങ്ങനെ എന്നിൽനിന്ന് ധാരാളം ഫലങ്ങൾ അർപ്പിക്കാനും വിശ്വാസം വർദ്ധിപ്പിക്കാനും നിങ്ങൾക്കു കഴിയട്ടെ.

മറ്റുള്ളവരാണ് അദ്ധ്വാനിച്ചത് (4:38): അതായത്, പ്രവാചകന്മാർ; അതായത്, കൃഷിഭൂമി എന്റേതാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തിൽനിന്ന് കൊയ്തു സന്തോഷിക്കാനുംകൂടി ഞാൻ സമുചിതമായി നിങ്ങളെ അയച്ചിരിക്കുന്നു. വിശ്വാസബീജം നിലനിർത്താൻ അവർ കഠിനാദ്ധ്വാനം ചെയ്തു. നിങ്ങൾ ഈ കൊയ്ത്തുകളിൽനിന്നു വിശ്വാസത്തിലേക്ക് മനുഷ്യരെ ഒന്നിച്ചുകൂട്ടുന്നു. പ്രവാചകരിലൂടെ ആരംഭം കുറിച്ചത് അവിടുന്നാണ് എന്ന് ഇവവഴി അവിടുന്ന് ചൂണ്ടിക്കാട്ടുന്നു.

www.malankaralibrary.com



അവൻ *ബേത് ഹസ്ദാ*[1] എന്ന പേരുള്ള സ്ഥലത്തുവന്നു; അതിന് അഞ്ച് മണ്ഡപങ്ങൾ ഉണ്ടായിരുന്നു (5:2). അവിടത്തേത് നൈയാമികസ്നാനം ആയിരുന്നില്ല; ബലിവസ്തുക്കളുടെ രക്തവും അഴുക്കും ആടുകളുടെ ആന്തരികാവയവങ്ങളും കഴുകിയിരുന്ന ഒരു കുളമായിരുന്നത്. എന്നാൽ അവിടെയുള്ളതിന്റെയും *സ്നാനം* എന്നു വിളിച്ചിരുന്നു; കാരണം, വെള്ളത്തിന്റെ ഇളക്കത്തിനുശേഷം അവർ അതിൽ സ്നാനപ്പെടുകയും രോഗങ്ങളിൽ നിന്ന് കഴുകപ്പെടുകയും ചെയ്തിരുന്നു. അത് *ബേത്-ഹസ്ദാ* എന്നു വിളിക്കപ്പെട്ടിരുന്നു. ഒന്നാമത്: രോഗികളെയും അശക്തരെയും അത് സ്വീകരിച്ചിരുന്നതിനാൽ; അതായത് വെറുപ്പിന്റെ ഭവനം: "നിന്നെക്കുറിച്ചുള്ള നിന്ദനം എന്റെമേൽ വീണു" (സങ്കീ. 69:9). അതായത് വെറുപ്പ്. രണ്ടാമത്: *ബേത്-ഹസ്ദാ* അതായത്, ദയയുടെ ഭവനം: 'കർത്താവിന്റെ കരുണ ഉണ്ടാകാതിരിക്കില്ല; അതിനവസാനവുമില്ല' എന്ന് ജറമിയായിൽ. അതായത്, അവിടത്തെ സ്നേഹം. ഈ സ്ഥലത്തുവച്ച് രോഗികളിലേക്ക് വർഷിക്കപ്പെടുന്ന അവിടത്തെ ദയയിൽനിന്ന്.

*അഞ്ച് മണ്ഡപങ്ങൾ*: നാലെണ്ണം ചുററിലും ഒന്ന് കുളത്തിന് മുകളിലും. *വെള്ളം കലക്കിയിരുന്ന ദൂതൻ* രാജ്യത്തിന്റെ അധികാരിയായ മിഖായേൽ ആണ്. ബലിവസ്തുക്കൾ കഴുകുന്ന വെള്ളത്തിൽ ദൈവം സൗഖ്യം പ്രദാനം ചെയ്തു. അത് ദേവാലയത്തിൽനിന്നും അതിവിശുദ്ധ സ്ഥലത്തുനിന്നും വളരെ ദൂരെയായിരുന്നു. ബലിവസ്തുക്കൾ കഴുകുന്നിടത്തുനിന്നു സൗഖ്യം ലഭിക്കുന്നു എന്നു കാണുന്ന പുറജാതികൾ, ബലികളിൽ നിന്നുണ്ടാകുന്ന സഹായങ്ങളെപ്പററി ചിന്തിക്കാനിടയാകുന്നു. ആലയത്തിലും അതിവിശുദ്ധ സ്ഥലത്തും ഉള്ള സഹായങ്ങൾ എത്ര അധികമായിരിക്കും? ഇതുവഴി അവർ പ്രബോധിതരാകുകയും ദൈവത്തിന്റെ ശക്തി എത്ര വലുതാണെന്നും ഈ കാര്യങ്ങളിൽ അവിടുന്ന് എത്രമാത്രം ശ്രദ്ധാലുവാണെന്നും വിശ്വസിക്കുകയും ചെയ്യേണ്ടിയിരുന്നു.

*ഒരു പ്രത്യേകകാലത്ത്*: അതായത്, വെള്ളം ഇളകുന്ന നിശ്ചിത സമയം അജ്ഞാതമായിരുന്നു. ഓരോ മണിക്കൂറിലും സൗഖ്യം ഉണ്ടായാൽ കുളത്തിനെന്തോ ശക്തിയുണ്ടെന്നും ദിവ്യപരിപാലനയാലല്ല സംഭവിക്കുന്നതെന്നും ജനം സ്വാഭാവികമായി ചിന്തിക്കാനിടയാകും. എന്നാൽ അതേ സമയം എല്ലപ്പത്തിലും കൃത്യമായും ഈ അത്ഭുതം നടക്കുന്നത് അതിന്റെ

1 ബേതസ്ഥാ

www.malankaralibrary.com



പ്രാധാന്യം കുറയ്ക്കാനോ ഇല്ലാതാക്കാനോ പാടില്ല. എന്നാൽ *ആദ്യം ഇറങ്ങുന്നവൻ ആരായിരുന്നാലും സൗഖ്യം പ്രാപിച്ചിരുന്നു.* കൃപ പ്രകീർത്തിക്കപ്പെടുന്നതിനും മഹത്വീകരിക്കപ്പെടുന്നതിനുമായിരുന്നിത്. ദാനത്തിനും സൗഖ്യത്തിനുംശേഷം അവർ കൂടുതൽ നന്ദിയുള്ളവരായിരിക്കാൻ ഇത് അവരെ പ്രേരിപ്പിക്കണമായിരുന്നു.

*നിനക്കു സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ എന്ന് യേശു അവനോട് ചോദിച്ചു* (5:6). രോഗികളെല്ലാം വേദനയിൽനിന്ന് വിടുതൽ ലഭിക്കാൻ അത്യാകാംക്ഷയുള്ളവരാണ് എന്നത് നിശ്ചയമായും അവിടുത്തേക്കറിയാമായിരുന്നു. ഒന്നാമതായി, അവിടുന്ന് വീമ്പടിക്കുന്നവനായിട്ടാണ് അത്ഭുതം പ്രവർത്തിക്കുന്നത് എന്നു കരുതപ്പെടാതിരിക്കാൻ. രണ്ട്: പ്രത്യാശ നശിച്ച രോഗിയിൽ ആഗ്രഹം ജനിപ്പിച്ച് സൗഖ്യം പ്രതീക്ഷിക്കാനുള്ള ചിന്ത ഇളക്കിവിടാൻ ഒരു നല്ല ഭിഷഗ്വരനെപ്പോലെ അവിടുന്ന് പ്രവർത്തിച്ചു. ഒററ വാക്കുകൊണ്ട് പെട്ടെന്ന് തളർവാതരോഗിയേയും മററുള്ളവരേയും അവിടുന്ന് സുഖമാക്കി; താനാണ് സ്രഷ്ടാവ് എന്ന് അവർ ഏററുപറയണം. ആദിയിൽ ഒററ വചനംകൊണ്ട് അവിടുന്ന് എല്ലാററിനെയും സൃഷ്ടിച്ചു. എന്നാൽ ഇപ്പോഴാകട്ടെ, ദീർഘകാലമായി രോഗഗ്രസ്തമായവയെ ഒററവാക്കാലും അധികാരത്താലും യഥാസ്ഥാനപ്പെടുത്തുന്നു. *തന്റെ കിടക്കയെടുത്തു നടക്കാൻ* അവിടുന്ന് അവനോടു കല്പിച്ചു. താൻ ചെയ്തത് ഒരു മതിവിഭ്രാന്തിയാണ് എന്ന് കരുതപ്പെടാതിരിക്കാനായിരുന്നു അത്. പിന്നെയോ, പ്രവൃത്തികളിലൂടെ കാണപ്പെട്ട ഒരു സത്യമായിരുന്നു. അവിടുന്ന് മരിച്ചവളെ ഉയിർപ്പിച്ചപ്പോൾ അവൾക്കു ഭക്ഷിക്കാൻ കൊടുക്കാൻ അവിടുന്നു കല്പിച്ചു (മർക്കോ. 5:43). അപ്പം വർദ്ധിപ്പിച്ചപ്പോൾ ശേഷിച്ചവ ശേഖരിക്കാൻ ആവശ്യമായ കുട്ടകളുമായി ശിഷ്യന്മാരെ നിയോഗിച്ചു. അതുപോലെ, നടന്നതിന്റെ ഉറപ്പിനായും, അടയാളത്തിന്റെ വെളിപ്പെടുത്തലിനായും, അടയാളത്തിന്റെ പ്രവർത്തനത്തിനായും തന്റെ കിടക്ക എടുത്തു നടക്കാൻ അവൻ തളർവാതരോഗിയോടു കല്പിച്ചു.

ആ മനുഷ്യന്റെ തളർവാതരോഗം നമ്മുടെ പ്രകൃതിയുടെ ഒരു രഹസ്യമാണ്; നമ്മുടെ വർഗത്തിന്റെ വീഴ്ചയെ അതു വരച്ചുകാട്ടുന്നു. പാപകരമായ വികാരങ്ങളിൽ നമ്മുടെ പ്രകൃതിക്ക് ഉണ്ടാകുന്ന പീഡനത്തിന്റെ രഹസ്യമാണ് *കിടക്ക.* അതിൽനിന്ന് വിമോചിതനാകുക വളരെ ആവശ്യമാണ്. മുപ്പത്തെട്ടുവർഷം എന്നത് പാപത്തിൽ ആണ്ടുകിടക്കുന്ന ആളി

www.malankaralibrary.com



ന്റെ സമയദൈർഘ്യത്തിന്റെ രഹസ്യവും വലിയ അളവും സൂചിപ്പിക്കുന്നു. ഒററ വാക്കുകൊണ്ടു് അവനു സൗഖ്യം കൈവന്നതു് ക്രിസ്തുവഴി ലഭിക്കുന്ന വിടുതലിന്റെയും രക്ഷയുടെയും രഹസ്യം സൂചിപ്പിക്കുന്നു.

ആ തളർവാതരോഗിയെ പ്രകീർത്തിച്ചുകൊണ്ടു് യോഹന്നാൻ പറയുന്നു: *അവൻ പോയി തന്നെ സുഖമാക്കിയതു് യേശുവാണെന്നു് പറഞ്ഞു* (5:15). തന്നെ സൗഖ്യമാക്കിയ അത്ഭുതരോഗശാന്തി മറച്ചുവയ്ക്കാതിരിക്കത്തക്കവിധം അത്ര വലിയതായിരുന്നു അവന്റെ വിശ്വാസം; അതുപോലെ കൃപാവരത്തെ നിന്ദിക്കാതിരിക്കാനും. എന്നാൽ *ഭാഷ്യകാരൻ* പറയുന്നു: അവൻ ഇപ്രകാരം പ്രവർത്തിച്ചതു് ദുഷ്ടതകൊണ്ടും കാപട്യംകൊണ്ടും മനുഷ്യരെ പ്രീതിപ്പെടുത്താനും ആയിരുന്നു. തന്നെ സൗഖ്യമാക്കിയവൻ ലംഘിച്ച നിയമം സംബന്ധിച്ചു് അവൻ തീക്ഷ്ണനായിരുന്നു. സാബത്ത് ലംഘിച്ചതിനാൽ ശത്രുക്കൾ കോപകലുഷിതരായി ക്രുദ്ധരായിരിക്കയാണെന്നും പ്രതികാരത്തിനു് കോപ്പുകൂട്ടുകയാണെന്നും അവൻ കണ്ടു. ഇതൊക്കെ മനസ്സിലാക്കിയിട്ടും, അതു് യേശുവാണെന്നു് അവിടുത്തെ ശത്രുക്കളുടെ അടുത്തുപോയി പറയേണ്ട ആവശ്യം ഉണ്ടായിരുന്നോ? അവൻ തന്നെ സുഖമാക്കിയവനെ ഒററിക്കൊടുത്തു; അവനു നന്ദി പറയേണ്ടതിനുപകരം അവനെ കുററപ്പെടുത്തി; അതും യാതൊരാവശ്യവും കൂടാതെതന്നെ. ഇവൻ ജന്മനാ അന്ധനായിരുന്നവനെപ്പോലെ പ്രവർത്തിച്ചില്ല. തന്നെ സൗഖ്യമാക്കിയവനുവേണ്ടി അന്ധൻ ന്യായവാദം പറഞ്ഞു. അവനുവേണ്ടി മൽപ്പിടുത്തവും പോരാട്ടവും നടത്തി. അവനുവേണ്ടി ശാപമേററു; അവന്റെ സന്മനസ്സു് നിമിത്തം അവൻ സിനഗോഗിനു് പുറത്താക്കപ്പെട്ടു. അവസാനം, യേശു ദൈവപുത്രനാണെന്നു് അവൻ വിശ്വസിച്ചു. തുടർന്നു് അവൻ സാഷ്ടാംഗം വീണു് അവിടുത്തെ ആരാധിച്ചു (യോഹ. 9:18-38).

എന്നാൽ ഈ തളർവാതരോഗി ചീത്തവംശത്തിൽപ്പെട്ടവനായിരുന്നു. മററുള്ളവരെക്കാൾ കൂടുതലായി കൊലയാളികളെ പ്രേരിപ്പിക്കുകയും ഇളക്കിവിടുകയും ചെയ്തു. ന്യായവിസ്താരസ്ഥലത്തുവച്ചു് കർത്താവിനെ അടിച്ചതു് ഇവനാണു്. അതുകൊണ്ടു് 'മേലിൽ പാപം ചെയ്യരുതു്' എന്നു നമ്മുടെ കർത്താവു് അവനെപ്പററി പ്രവചനം പറഞ്ഞു. എന്നാൽ ആദ്യത്തേതിനെക്കാൾ കൂടുതൽ മോശമായതു് എന്താണു് അവനു സംഭവിച്ചതു്? മുമ്പു് അവന്റെ പാദങ്ങൾ മാത്രമായിരുന്നു തളർന്നുപോയതു്. എന്നാൽ നമ്മുടെ കർത്താവിനെ അവൻ അടിച്ചപ്പോൾ അവ

www.malankaralibrary.com



ന്റെ കൈകൾ വരണ്ടുപോയി, കണ്ണുകൾ കുരുടായി; പാദങ്ങൾ തളർന്നുപോയി. നരകത്തിൽ അവനായി കരുതപ്പെട്ടിരിക്കുന്ന പീഡനം അപ്പോൾ മുതൽ അവനു് കിട്ടി.

*നമ്മുടെ കർത്താവു് ജനക്കൂട്ടത്തിൽനിന്നു് പിൻമാറിപ്പോയി* (5:13). സ്വാർത്ഥസ്നേഹത്തെപ്രതി എല്ലാം പ്രവർത്തിക്കുന്ന വ്യർത്ഥാഭിമാനിയും ആത്മപ്രശംസകനുമായി താൻ പരിഗണിക്കപ്പെടാതിരിക്കാനാണു് അവിടുന്നു് ഇപ്രകാരം ചെയ്തതു്. ഇതാ, യൂദന്മാരുടെ കാർക്കശ്യം: സാബത്തുദിവസം അടയാളം പ്രവർത്തിക്കുന്നതിനു് ശീലോഹാ കുളത്തെ അവർ കുറപ്പെടുത്തിയില്ല. എന്നാൽ നിയമലംഘകൻ ആയി യേശുവിനെ അവർ കുറപ്പെടുത്തി. അക്കാരണത്താൽ നമ്മുടെ കർത്താവു് പറഞ്ഞു: *എന്റെ പിതാവു് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു* (5:17). അതായതു്, ശാബത്ലംഘനത്തിന്റെ അടുത്തുനിന്നു് (ശീലോഹാ) ഞാൻ ന്യായവാദം ചെയ്യുന്നു; എന്നാൽ അതിവിദൂരസംഗതികൾ (സൃഷ്ടി) നിമിത്തമല്ല. എനിക്കു് ഒരു ന്യായവാദകൻ ഉണ്ടു്. എന്റെ മുമ്പിൽ സാബത്ത് ലംഘിച്ച, നിങ്ങളുടെ കുളം തന്നെ. ദൂതൻവഴി അതു് നിലവിളിച്ചില്ലേ? നിങ്ങൾ എന്തിനാണു് എന്നിൽനിന്നു് സാബതിൽ സൗഖ്യം തേടുന്നതു്? നിയമം ലംഘിക്കുന്ന സൗഖ്യത്തിനു് എന്നെ എന്തിനു കുറ്റവാക്കുന്നു? ഞാൻ സാബതിൽ രോഗികളെ സൗഖ്യമാക്കിയില്ലേ? കുളം കലക്കുന്ന ദൂതനെ കുളം അനുസരിക്കുന്നു; അങ്ങനെ അതു് ദൈവഹിതം നടപ്പാക്കുന്നു. ഈ കുളംവഴി സൗഖ്യം നല്കുന്നതു് ദൈവമാണു്. സാബത്ത് ലംഘകൻ എന്നു് ദൈവത്തെയും നിങ്ങൾ കുറപ്പെടുത്തുമോ? ഞാനും അവനെപ്പോലെ കുറപ്പെടുത്തലിനു് അതീതനാണു്. ഞാനല്ലേ സൂര്യനെ ചലിപ്പിക്കുന്നതു്, കാററു് അടിപ്പിക്കുന്നതു്, നദികളെ ഒഴുക്കുന്നതു്, കടലുകളെ നിയന്ത്രിക്കുന്നതു്, മഴ പെയ്യിക്കുന്നതു്, മനുഷ്യരെ ജനിപ്പിച്ചു് വളർത്തുന്നതു്, എല്ലാ ജീവജാലങ്ങൾക്കും ശക്തി പകരുന്നതു്? തിരുഹിതപ്രകാരം ഇവയെല്ലാം നടപ്പാക്കുന്നതു് ദൂതന്മാരാണു്. ഇവ പെരുന്നാൾദിനങ്ങളിലും സാബത്തുകളിലും എല്ലാ മണിക്കൂറിലും നടക്കുന്നു. പിതാവിനെപ്പോലെ എനിക്കും സാബതിൽ ജോലിചെയ്യാൻ നിശ്ചയമായും ശക്തിയുണ്ടു്. കാരണം നിയമദാതാവിനു് നിയമം ബാധകമല്ല.

## പുസ്തകം V

*പുത്രനു സ്വയമായി ഒന്നും ചെയ്യാൻ കഴിയുകയില്ല* (5:19). *കഴിയുകയില്ല* എന്നതു് തിരുലിഖിതത്തിലും

www.malankaralibrary.com



പുറത്തും പല രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്: *ഒന്ന്*: അവനു കഴിയാത്തതുകൊണ്ട്. 'അവനു തന്നെത്തന്നെ നിഷേധിക്കാൻ കഴിയില്ല' (2 തിമോ. 2:13). രണ്ട് വ്യതിയാനരഹിത കാര്യങ്ങളാൽ: ദൈവത്തിനു കള്ളം പറയാനാവില്ല (എബ്രാ. 6:18). ദൈവത്തിന് തിന്മയായിരിക്കാൻ സാധ്യമല്ല. രണ്ട്, രണ്ട് നാലും പതിനാലും ആയിരിക്കുക. *രണ്ട്*: ബലഹീനത നിമിത്തം: കോലാട്ടുകളുടെയോ കാളക്കിടാക്കളുടെയോ രക്തത്തിന് ശുദ്ധീകരിക്കാൻ *കഴിയില്ല* (എബ്രാ. 10:4). *മൂന്ന്*: അതു് ഉചിതമല്ലാത്തതിനാൽ: മണവാളൻ തങ്ങളോടുകൂടെ ഉള്ളപ്പോൾ മണവറക്കാർക്ക് ഉപവസിക്കാൻ സാധ്യമല്ല (മർക്കോ. 2:19). *നാല്*: മനസ്സില്ലാത്തതിനാൽ: അവരുടെ അവിശ്വാസം നിമിത്തം അവിടെ അനേകം അത്ഭുതം പ്രവർത്തിക്കാൻ അവനു *കഴിഞ്ഞില്ല* (മത്താ. 13:58); അവരുടെ തെറ്റു നിമിത്തം കർത്താവിന് അവരോട് ക്ഷമിക്കാൻ *കഴിയുകയില്ല* എന്ന് ജറമിയാ പറയുന്നു. *അഞ്ച്*: സ്വഭാവത്താലെ അതു് അസാധ്യമാകയാൽ; തനിക്കിഷ്ടമാണെങ്കിൽ ദൈവത്തിനു കഴിയും: ഒരുവനും സ്വയമായി രണ്ടാമതും ജനിക്കാൻ *സാധ്യമല്ല* (മത്താ. 19:24); ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുവാൻ *സാധ്യമല്ല*. *ആറ്*: സ്ഥാനം നിമിത്തം: 'മലയിൽ പണിതിരിക്കുന്ന പട്ടണത്തിന് മറഞ്ഞിരിക്കാൻ കഴിയില്ല'. എന്നാൽ അതിനെക്കാൾ വലിയ ഒന്ന് അതിന്റെ മുമ്പിൽ വച്ചാൽ അതും മറഞ്ഞുപോകും. *ഏഴ്*: ബലക്ഷയത്താൽ: ചിലപ്പോൾ; ചിലതിനോടുകൂടി: ശിശുവിന് യുദ്ധം ചെയ്യാൻ കഴിയുകയില്ല. എന്നാൽ ഭാവിയിൽ അതിനു കഴിയും. പാവയ്ക്ക് കാണാനോ ആരോടെങ്കിലും യുദ്ധം ചെയ്യാനോ *കഴിയില്ല*. എന്നാൽ അതു് മല്ലടിക്കാൻ ഉണ്ടാക്കിയിട്ടുള്ളതാണ്. ചിലപ്പോൾ അതു് ആരെങ്കിലുമായി മല്ലടിക്കും; മറ്റുള്ളവരുമായി കഴിയുകയില്ലതാനും.

*പുത്രനു കഴിയുകയില്ല* എന്നതു് *ഒരിക്കലും* എന്ന അർത്ഥത്തിലാണ്. പിതാവുമായുള്ള അഭേദ്യമായ തുല്യതകൊണ്ടാണിതു്. അവനോടുള്ള സ്വാഭാവികമായ ഐക്യംകൊണ്ടുമാണിതു്. സൂര്യന്റെ രശ്മികൾതന്നെ പ്രകാശിക്കാൻ സാധിക്കുകയില്ല എന്നു പറയുന്നതുപോലെയാണിതു്. അതിനു പററാത്തതിനാലല്ല, സൂര്യന്റെ പ്രസരണതലം കൂടാതെ പ്രകാശിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. മനസ്സിന് ആത്മാവിനെ കൂടാതെയും, ആത്മാവിനു മനസ്സിനെക്കൂടാതെയും സാധ്യമല്ല. അഗ്നി കൂടാതെ ചൂടില്ലാതിരിക്കുന്നതുപോലെയുമാണിതു്. അതുകൊണ്ട് പിതാവിനെക്കൂടാതെ പുത്രൻ ഒന്നും ചെയ്യുന്നില്ല; പുത്രനെക്കൂടാതെ പിതാവും ഒന്നും ചെയ്യുന്നില്ല. കാരണം,അവർ

www.malankaralibrary.com



ഒന്നാണ്; അവരുടെ സ്വാഭാവിക പ്രവർത്തനശക്തി അവശ്യാവശ്യം ഒന്നുതന്നെയാണ്. ഇതും ഒരു സത്തയാണ്. സത്തയുടെ താദാത്മ്യം ഉള്ളിടത്തു് അവശ്യാവശ്യം പ്രവർത്തനത്തിൻെറ താദാത്മ്യം ഉണ്ടായിരിക്കണം. എന്നാൽ 'തനിക്കു് സ്വയമേ ഒന്നും ചെയ്യാൻ കഴിയുകയില്ല' എന്നു് സ്വയം തന്നെപ്പററി നിർവചിക്കയാണ് എന്നുപറഞ്ഞു് പാഷണ്ഡികൾ പ്രശ്നമുണ്ടാക്കുന്നു.

'മനുഷ്യർക്കു് സ്വന്തമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ ഇല്ലയോ'? എന്നു് അവർ ചോദിക്കുന്നു. അവർക്കു കഴിയില്ലെങ്കിൽ, അവ നന്മയുമല്ല, തിന്മയുമല്ല; പത്രോസിനെ പ്രകീർത്തിക്കുകയും യൂദായെ കുററപ്പെടുത്തുകയും വേണ്ട. മനുഷ്യർക്കു് സ്വന്തമായി പ്രവർത്തിക്കുവാൻ കഴിവുള്ളതിനാൽ ഇങ്ങനെ ചിന്തിക്കുന്നതു് ദുഷ്ടതയാണ് എങ്കിൽ നമ്മുടെ കർത്താവു മാത്രം സ്വന്തമായി ഒന്നും ചെയ്യാൻ കഴിവില്ലാത്തവനായിരിക്കുമോ? തൻെറ സ്വന്ത ഇഷ്ടത്താൽ അവിടുന്നു് സാബത് ലംഘിച്ചില്ലേ? സാത്താനും അവൻെറ സ്വന്തം ഇഷ്ടം ഇല്ലേ? നമ്മുടെ കർത്താവുതന്നെയും തൻെറ പിതാവിനോടു് സന്മനോഭാവം പുലർത്തിയിരുന്നില്ലേ? എന്നാൽ അവിടുന്നു് പറഞ്ഞതു് വചനത്തിനു് തൻെറ പിതാവിനോടുള്ള സ്വാഭാവികമായ ഐക്യത്തെപ്പററിയാണ്. അവിടുന്നു് കൂട്ടിച്ചേർക്കുന്നതിൽ നിന്നു് ഇതു വ്യക്തവുമാണ്: ''പിതാവു ചെയ്തു കാണുന്നവ''; ''പിതാവു ചെയ്യുന്നവയെല്ലാം അവനെപ്പോലെ പുത്രനും ചെയ്യുന്നു''. ''ചെയ്തുകാണുന്നവ'', ''അവനെപ്പോലെ'' എന്നിവയിൽ സ്വഭാവത്തിൻെറ തുല്യതയും ദർശനത്തിൻെറ തുല്യതയും പ്രവർത്തനത്തിൻെറയും ശക്തിയുടെയും ഇച്ഛയുടെയും തുല്യതയും അവിടുന്നു് സ്പഷ്ടമായി പഠിപ്പിക്കുന്നു; അല്ലാതെ ചിത്രങ്ങൾക്കും കൊത്തുപണികൾക്കും ശവക്കുഴി തോണ്ടുന്നവരെപ്പോലെയല്ല.

'പിതാവു് ഒന്നു് പ്രവർത്തിക്കുന്നു, പുത്രൻ അവനിൽ നിന്നു് മറെറാന്നു കാണുന്നു, അവനെപ്പോലെ പ്രവർത്തിക്കുന്നു' എന്ന രീതിയിലാണോ? അങ്ങനെയായിരുന്നെങ്കിൽ നാലു് ലോകങ്ങൾ ഉണ്ടാകുമായിരുന്നു; എന്നാൽ പിതാവു് ചെയ്യുന്നവയെല്ലാം ഏകതുല്യതയിൽ പുത്രനും അവനോടൊപ്പം ചെയ്യുന്നു.

എന്നാൽ *സാധ്യമല്ല* എന്ന വാക്കു് നമ്മിൽ നിന്നെടുത്ത ശരീരമാകുന്ന ആലയത്തെപ്പററിയും, *പൂർണമായിട്ടല്ല* എന്നതിനു പകരമായിട്ടുമാണ് എങ്കിൽ സ്വാഭാവികപ്രേരണകൾക്കനുസൃതം വ്യാപരിക്കുന്ന മൂകജന്തുക്കളുടെ ഒരു സവിശേഷതയാണിതു് എന്നു പറയേണ്ടിവരും. വീണ്ടും, ഇടത്തുഭാഗത്തുള്ളവരും വലത്തുഭാഗത്തുള്ളവരും എന്നു വേർതിരിക്കപ്പെടുന്നതും വ്യത്യ

www.malankaralibrary.com



മാകമല്ലോ. നാം എന്തിനാണ് സ്തുതിക്കപ്പെടുന്നതും കുററപ്പെടുത്തപ്പെടുന്നതും? നമുക്ക് കഴിവുണ്ടെങ്കിൽ, വചനത്തിന്റെ ആലയത്തിന്, എന്തുകൊണ്ടാണ് കഴിവില്ലാത്തതു്?

*പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം....* (5:20): ഇതു് അവന്റെ മനുഷ്യത്വത്തെപ്പററി മാത്രമാണ് പറഞ്ഞിരിക്കുന്നതു്. *കാണിക്കുന്നു*, അതായതു് അവനു കൊടുക്കുന്നു. *ഇവയെക്കാൾ വലിയവ*: പൊതുവായ ഉത്ഥാനം, സാർവത്രികവിധി, പ്രപഞ്ചത്തിന്റെ വലിയ പരിവർത്തനം ആദിയായവ ആ മനുഷ്യന്റെ കരങ്ങളാൽ പൂർത്തീകരിക്കപ്പെടും.

*പിതാവ് മരിച്ചവരെ എഴുന്നേൽപ്പിച്ച്...* (5:21): ഈ പറഞ്ഞിരിക്കുന്നതു് *പുത്രത്വത്തിന്റെ പർസോപ്പായുടെ*[1] ഐക്യത്തെപ്പററിയാണ്. *പിതാവ് ആരെയും വിധിക്കുന്നില്ല, വിധി മുഴുവൻ അവിടുന്നു പുത്രനെ ഏല്പിച്ചിരിക്കുന്നു* എന്നും, മറെറാരിടത്തു്, *ഞാൻ ആരെയും വിധിക്കുന്നില്ല, എന്നാൽ ഞാൻ വിധിച്ചാൽ എന്റെ വിധി സത്യമായിരിക്കും* എന്നും നമ്മുടെ കർത്താവ് പറയുന്നതു് എങ്ങനെ എന്നു ചോദിച്ചേക്കാം. *പിതാവ് ആരെയും വിധിക്കുന്നില്ല; ഞാൻ ആരെയും വിധിക്കുന്നില്ല* എന്നതു് തന്റെ ദൈവത്വത്തിന്റെ *ക്നോമായെപ്പററി*യാണ്. ദൃശ്യമാംവിധം അവനോ, പിതാവോ, പരിശുദ്ധാത്മാവോ വിധിക്കുന്നില്ല. വിധി ത്രിത്വത്തിലൊരാളിന്റെയും അവന്റെ ആലയത്തിന്റെയും ആണെങ്കിലും പിതാവും വചനവും ആത്മാവും ദൃശ്യമായി വിധിക്കുന്നില്ല: *അവൻ വിധിയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു; വിധി നടപ്പാക്കാനുള്ള അധികാരവും അവനു നൽകിയിരിക്കുന്നു* എന്നതു് ആലയത്തിന്റെ *ക്നോമായെപ്പററി*യാണ്. വെളിപ്പെടുവാൻ പോകുന്നവനും മരിച്ചവരെ ഉത്ഥാനം ചെയ്യിക്കുന്നവനും എല്ലാ മനുഷ്യരെയും വിധിക്കുന്നവനും അവിടുന്നാകുന്നു. ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ, ഭൂമി മുഴുവനെയും ആ മനുഷ്യനിൽ നീതിപൂർവം വിധിക്കുന്ന ഒരു ദിവസം അവിടുന്നു നിശ്ചയിച്ചിരിക്കുന്നു... (നട. 17:31). 'എന്റെ സുവിശേഷമനുസരിച്ച്, യേശുക്രിസ്തുവിനാൽ ദൈവം മനുഷ്യരുടെ രഹസ്യങ്ങൾ വിധിക്കുന്ന നാളിൽ' (റോമ. 2:16); അവനെപ്പററി പ്രവാചകൻ പറയുന്നു, ''അവൻ കണ്ണുകൊണ്ടു് കാണുന്നതുകൊണ്ടോ ചെവി

1 Parsopa dabruta

www.malankaralibrary.com



കൊണ്ടു് കേൾക്കുന്നതുകൊണ്ടോ മാത്രം വിധിക്കുന്നില്ല; ദരിദ്രരെ അവൻ ധർമ്മനിഷ്ഠയോടെ വിധിക്കും; ഭൂമിയിലെ എളിയവരോടു് അവൻ നീതിപൂർവം വർത്തിക്കും' (ഏശാ. 11:3-4).

ദൃശ്യവ്യക്തികൾക്കായി ദൃശ്യമായ ന്യായവിധി ഉണ്ടായിരിക്കും എന്നു് ഇതേപ്പററി കരുതപ്പെടുന്നു. അതുകൊണ്ടു്, ന്യായാധിപൻ യഥാർത്ഥത്തിൽ, *ക്നോമാ*കളുടെ ത്രിത്വത്തിൽ ഏകദൈവസ്വഭാവവും, അനന്തവും അഗ്രാഹ്യവും അദൃശ്യവും ആണ്. എന്നാൽ വിധിക്കപ്പെടുന്ന സൃഷ്ടവസ്തുക്കൾക്കു് അവൻ അദൃശ്യനായിരിക്കും. അവൻ തന്റെ ദൃശ്യച്ഛായയിലും തന്റെ ആലയത്തിലുമാണ് തന്റെ ന്യായവിധി നടത്തുന്നതു്. ഇതേപ്പററിയാണ്, അവിടുന്നു് വിധിക്കുന്നെന്നും വിധിക്കുന്നില്ലെന്നും നമ്മുടെ കർത്താവു് പറഞ്ഞിരിക്കുന്നതു്: അതായതു്, *എന്നെ അയച്ച പിതാവുതന്നെ എനിക്കു സാക്ഷ്യം നൽകുന്നു. അവിടുത്തെ സ്വരം നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ല, അവനെ കണ്ടിട്ടുമില്ല* (5:37): അതായതു്, ഇതാ *നിങ്ങൾ ഒരിക്കലും അവിടുത്തെ സ്വരം ശ്രവിച്ചിട്ടില്ല*. 'ഇതാ, ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ; അവനെ ശ്രവിക്കുവിൻ' എന്നു് എന്നെപ്പററി സ്വർഗത്തിൽനിന്നുണ്ടായ അവിടുത്തെ സ്വരം ശ്രവിക്കാൻ നിങ്ങൾ യോഗ്യരായി കരുതപ്പെട്ടു. അവിടുത്തെ വാക്കുകൾ ശ്രവിച്ചു് എന്നെപ്പററിയുള്ള അവിടുത്തെ സാക്ഷ്യം സ്വീകരിക്കണമെന്നു് നിങ്ങൾക്കു തോന്നിയില്ല.

*തിരുലിഖിതങ്ങൾ പരിശോധിക്കുവിൻ* (5.39): മോശ എന്നെക്കുറിച്ചു സാക്ഷ്യം നൽകിയിരിക്കുന്നു (5:46); നിയമത്തിന്റെ പ്രബോധനവും പ്രവാചകരും സുവിശേഷത്തിന്റെ ആത്മീയ തത്ത്വശാസ്ത്രത്തിലേക്കു് മുൻപു് കൃത്യമായി വഴിയൊരുക്കി പ്രബോധിപ്പിച്ചു. അവ വ്യാകരണകാരന്മാരെപ്പോലെയായിരുന്നു, ഇതാകട്ടെ, പ്രധാനതാത്ത്വികനെപ്പോലെയും. അവ പടങ്ങളും ച്ഛായകളുമായിരുന്നു, ഇതാകട്ടെ പരിപൂർണ്ണ രൂപവും സത്യശരീരവുമായിരുന്നു. *മറ്റൊരുവൻ സ്വന്തനാമത്തിൽ വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും* (5:43). അതു് എതിർ ക്രിസ്തുവിനെക്കുറിച്ചാണു്.

## പുസ്തകം VI

*പിതാവായ ദൈവം അവനെ മുദ്രവെച്ചിരിക്കുന്നു* (6:27): *ഭാഷ്യകാരൻ*: നമ്മുടെ ആധ്യാത്മികഭക്ഷണത്തിന്റെ കാരണമായിക്കൂടി സത്യമായും കൃത്യമായും അവിടുന്നു് ഇവനെ

www.malankaralibrary.com



ആക്കിത്തീർത്തു. തന്റെ പീഡാനുഭവത്തിന്റെ പ്രതീകങ്ങ ളിൽ ദിവ്യരഹസ്യങ്ങളെ സമീപിക്കുന്നവർക്കു് അവിടുന്നു് നിത്യജീവൻ പ്രദാനം ചെയ്യുന്നു. *മററു ചിലർ*: പിതാവു് വരാനിരിക്കുന്ന ലോകത്തിൻമേൽ നമ്മുടെ കർത്താവിനെ ആക്കിയിരിക്കുന്നു.

*ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു് മന്നാ ഭക്ഷിച്ചു* (6:31). മന്നായുമായി താരതമ്യപ്പെട്ടത്തി ക്കൊണ്ടു് അപ്പം വർദ്ധിപ്പിച്ച അവിടുത്തെ ദാനത്തെ ഇടിച്ചു താഴ്ത്തി അവർ സംസാരിക്കാൻ മുതിർന്നു. ആവശ്യം വന്ന പ്പോഴം അവക്കു നൽകിയതു് ഇതിനെക്കാഠം മെച്ചമായിരുന്നു എന്നു് അവർ കരുതി. എന്നാൽ മറിച്ചായിരുന്നു യാഥാർത്ഥ്യം. മരുഭൂമിയിൽ അവർക്കു മന്നാ ലഭിച്ചപ്പോഴം ദൈവത്തിനെതി രായി സംസാരിക്കാൻ അവർ മറന്നുപോയില്ല. പാറയിൽ അടിച്ചപ്പോഴം വെള്ളം കുതിച്ചു പാഞ്ഞു് വെള്ളപ്പാച്ചിലുണ്ടായി. നമുക്കു് അപ്പം കൂടി തരുവാൻ അവനു കഴിയുമോ എന്നു് അവർ ചോദിച്ചു. അതുപോലെ മേൽത്തരം അപ്പം ചോദിച്ചു. ഇപ്പോഴം അപ്പം കൊടുത്തപ്പോഴം അതായതു്, മെച്ചപ്പെട്ടതു് എന്നു് അവർ കരുതിയ അതേ സാധനം കൊടുത്തപ്പോഴം, അവർ മന്നായെ പുകഴ്ത്തിപറയാൻ തുടങ്ങി.

*സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു* (6:51): തന്റെ ശരീരം സ്വർഗത്തിൽനിന്നാ ണു് എന്നു പഠിപ്പിക്കാൻ അവിടുന്നു് ആഗ്രഹിക്കുന്നില്ല. എന്നാൽ അപ്പത്തെ ശരീരമാക്കാനുള്ള ശക്തിയുള്ളവൻ സ്വർഗ ത്തിൽ നിന്നാണു്. ദിവ്യരഹസ്യങ്ങളുടെ അപ്പത്തെപ്പററി യാണു് നമ്മുടെ കർത്താവു് ഇവിടെ പഠിപ്പിച്ചതു്, തന്റെ സ്വന്ത ശരീരത്തെപ്പററിയല്ല. നാം ഭക്ഷിക്കുമ്പോഴം അവി ടുത്തെ ഭൗമിക ശരീരമല്ല ഭക്ഷിക്കുക. പിന്നെയോ ദിവ്യരഹ സ്യങ്ങളുടെ ശരീരമാണു്. അതിനെ സ്വർഗത്തിൽ നിന്നിറ ങ്ങിയ സ്വർഗീയ ഭക്ഷണം എന്നു് അവൻ വിളിക്കുന്നു. അതു് അവന്റേതാണു്.

## പുസ്തകം VII

*മനുഷ്യപുത്രൻ ആരോഹണം ചെയ്യുന്നതു് നിങ്ങഠം കണ്ടാലോ?* (6:62): .... ആരും സ്വർഗത്തിലേക്കു് കയറിയിട്ടില്ല (3:13) എന്നതിൽ നാമിതു് വിശദീകരിച്ചി ട്ടുണ്ടു്. അവിടുത്തെ രണ്ടു സ്വഭാവങ്ങളുടെയും രണ്ടു് ക്നോമാ

www.malankaralibrary.com



കളുടെയും ഐക്യത്തിന്റെ *പർസോപ്പായെപ്പ*റ്റിയും,[1] കാര്യങ്ങൾ നേരത്തെ സംഭവിച്ചവയായി വരാനിരിക്കുന്നവയെപ്പറ്റിയും അവിടുന്ന് എങ്ങനെ സംസാരിക്കുന്നെന്ന് നാം വിവരിച്ചിട്ടുള്ളതാണ്.

ആത്മാവാണ് ജീവൻ നൽകുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല (6:63). മുകളിൽ പറഞ്ഞതിനെപ്പറ്റിയുള്ള സംശയം അവിടുന്ന് ഇവിടെ പരിഹരിക്കുന്നു. തിരുശരീരം ഭക്ഷിക്കുന്നവരെ അതു് എങ്ങനെ മരണത്തിൽനിന്ന് എഴുന്നേൽപ്പിക്കുന്നെന്നും അവർക്ക് എങ്ങനെ നിത്യജീവൻ നൽകുന്നെന്നും വിവരിച്ചിട്ടുണ്ട്. *ശരീരം* അതിന്റെ സ്വഭാവത്താൽ തന്നെ ഈ കാര്യങ്ങൾ നല്കുന്നു എന്ന് അവിടുന്നു പറയുന്നില്ല. കാരണം ദിവ്യസ്വഭാവം ശാരീരികമല്ല; എന്നാൽ ഒരു ശരീരത്തിലൂടെ ജീവദാതാവാണ്. എങ്ങനെ? നമ്മുടെ കർത്താവിന്റെ തിരുശരീരം ഒന്നിനും പ്രയോജനപ്പെടുകയില്ലേ? എങ്ങനെ പ്രയോജനപ്പെടുകയില്ല? ജീവദായകദാനമില്ലെങ്കിൽ? കാരണം അവിടുന്ന് സ്വഭാവത്താലെയല്ല. അവിടുന്ന് സ്രഷ്ടാവുമാണ്. ഇങ്ങനെ അവിടുന്ന് ജീവൻ പ്രദാനം ചെയ്യുന്നു. തന്നിൽ വസിക്കുന്ന അവന്റെ ആത്മാവ് നിമിത്തമാണിതു്. അവിടുന്നു പറയുന്നു: "ഞാനാണ് ഏകജാതനായ വചനമാം ദൈവം. ശരീരത്തിലായിരുന്നതു് ഞാനാണ്. ശരീരം ജീവിക്കാൻ ശക്തി നൽകുന്നതു് ഞാനാണ്". ഇതു് അവന്റെ ആലയത്തെ ബഹുമാനിക്കുന്നു. ശക്തിയിലും പ്രവർത്തനത്തിലും അതിന് തുല്യസ്ഥാനം നൽകുന്നു. ജീവനുള്ള മാംസത്തെ അവൻ നിർവചിക്കുന്നു; ആലയത്തെ *വചനം* എന്നും മാംസത്തെ *ഏകജാതൻ* എന്നും വിളിക്കുന്നു. കാരണം, അവിടുത്തെ കർമ്മം ശക്തിയായി പ്രബലപ്പെടുന്നു. *നമ്മുടെ ജഡം മാത്രം പ്രയോജനരഹിതമാകുന്നു.* നമ്മോടു കൂടിയുള്ള ദിവ്യരഹസ്യംപോലും നമ്മുടെ കർത്താവിന്റെ ശരീരത്തിന്റെ പ്രതീകത്താലാണ് നടപ്പാക്കിയിരിക്കുന്നതു് എന്നതു് ഇതിൽനിന്നു വ്യക്തമാണല്ലോ. പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ് ഇതു് പൂർത്തീകരിക്കപ്പെടുന്നതു് എന്നു നാം വിശ്വസിക്കുന്നു. പുത്രന്റെ സ്വഭാവം പരിശുദ്ധാത്മാവിന്റെ സ്വഭാവത്തിന് തുല്യമാണെന്ന് അംഗീകരിക്കപ്പെടാനാണിതു്.

*യേശുവിന്റെ സഹോദരന്മാർ അവനോടു പറഞ്ഞു: പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല* (7:3-4): എന്തെ

1. Parsop hdayuta

www.malankaralibrary.com



കിലും രഹസ്യമായി ചെയ്യുന്നവൻ പരസ്യമായി ചെയ്യാൻ ആഗ്രഹിക്കാത്തതുപോലെ, പരസ്യമായി ചെയ്യാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുന്നതു ശരിയല്ല, എന്നു പറഞ്ഞുകൊണ്ടു് അവൻ അതിനു് നേരേ എതിരായ വ്യാഖ്യാനം നൽകി. നിന്റെ പ്രവൃത്തികളിൽനിന്നു സ്പഷ്ടമാകുന്നതുപോലെ ഒരു പുതിയ പ്രബോധനം പഠിപ്പിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, നസ്രത്തിലേക്കോ ഗലീലിയിലേക്കോ പോകാതെ, പ്രധാനനഗരമായ ജറുസലേമിലേക്കു പോകുക. അവിടെ പെരുന്നാളിന്റെ ഈ അവസരം നിനക്കു് ധാരാളം ശ്രോതാക്കളെ ലഭിക്കും എന്നു് അവർ അവനോടു പറഞ്ഞു. അവർ അവനെ വഴിതെററിക്കാനും മാനുഷിക ബഹുമാനത്തെപ്രതി അവനെ പ്രേരിപ്പിക്കാനും ശ്രമിക്കുകയായിരുന്നു. അതായതു്, അവിടുത്തെ അത്ഭുത പ്രവർത്തനങ്ങൾ നിമിത്തം ജനങ്ങൾ അവിടുത്തെ സ്തുതിക്കുമ്പോൾ തങ്ങൾക്കും അതിന്റെ പങ്കു് കിട്ടും എന്നു് അവർ കരുതി. ഗലീലിയിലും നസ്രേത്തിലും നടന്ന അടയാളങ്ങൾക്കു് വേണ്ടത്ര പരസ്യം കിട്ടിയില്ല, രഹസ്യമായിട്ടായിരുന്നു എന്നു് അവർ കരുതി. ഗലീലി പുറജാതിക്കാരുടെ നാടായിരുന്നതിനാൽ, അതുകൊണ്ടു് വലിയ നേട്ടമുണ്ടാകാനിടയില്ല. എന്നാൽ യൂദയായിൽ സ്വന്തജനത്തിന്റെയും സ്വന്തക്കാരുടെയും ഇടയിൽ പ്രവർത്തിച്ചവ പരസ്യവും ഉന്നതവുമായി അവർ കണക്കാക്കി.

*അവന്റെ സഹോദരന്മാർ പോലും അവനിൽ വിശ്വസിച്ചിരുന്നില്ല* (7:5): അവിശ്വാസത്തിന്റെ പേരിൽ അവൻ അവരെ കുററപ്പെടുത്തുന്നില്ല. എന്നാൽ മനുഷ്യശരീരത്തിൽ വന്ന അവിടുന്നു് ദൈവമാണെന്നും, എല്ലാററിന്മേലും ദൈവമെന്നു് ആരാധിക്കപ്പെടുന്നതിനായി എല്ലാവർക്കും വെളിപ്പെടുവാൻ ഇരിക്കുന്നെന്നും അവനിൽ വിശ്വസിക്കുവാനായി അവർക്കു് സമ്പൂർണ്ണ ജ്ഞാനം ഉണ്ടായിരുന്നില്ല. ഇവിടെ തന്റെ സഹോദരന്മാർപോലും തന്നെ ഒററിക്കൊടുക്കാൻ ആഗ്രഹിച്ചു എന്നു് പറഞ്ഞുകൊണ്ടു് *മാർ അപ്രേം* അവരെ കുററപ്പെടുത്തുന്നു. പെരുന്നാളിനു് പോകുവാൻ താമസിച്ചതിലും പരസ്യമായി പോകാത്തതിലും തന്റെ ശത്രുക്കൾക്കും മിത്രങ്ങൾക്കും അവിടുന്നു് പ്രയോജനം വരുത്തി. ശത്രുക്കളുടെ ക്രോധത്തെ തണുപ്പിക്കാനും കുറയ്ക്കാനും കഴിഞ്ഞു; മിത്രങ്ങളുടെ സ്നേഹത്തിന്റെ ഊഷ്മളത കത്തി ജ്വലിപ്പിക്കാനും വർദ്ധിപ്പിക്കാനും സാധിച്ചു.

*അവൻ എവിടെയാണ്? അവർ ആരാഞ്ഞു* (7:11). തങ്ങൾ വെറുക്കുന്നവരുടെ നാമം ഉച്ചരിക്കാതിരിക്കുന്നതും മററു

www.malankaralibrary.com



കാര്യങ്ങളാംകൊണ്ട് അവരെ സൂചിപ്പിക്കുന്നതും വെറുക്കുന്നവ രുടെ സവിശേഷതയാണ്. ദാവീദിനെ *ഈശായിയുടെ പുത്രൻ* എന്ന് കൂടെക്കൂടെ ശൗൽ വിളിക്കുന്നു (1 ശാമു. 20:30). ദാവീദിന്റെ പുത്രനായ അബ്ശാലോം ഹൂഷായിയെ നിന്ദി ച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: "ഇതാണോ, നിന്റെ സ്നേഹി തനോടുള്ള നിന്റെ കാരുണ്യം? നീ എന്തുകൊണ്ടാണ് നിന്റെ സ്നേഹിതന്റെകൂടെ പോകാത്തതു്? (2 ശാമു. 16:17). അതു പോലെ നമ്മുടെ കർത്താവിനെപ്പററി ആ ആളുകളുടെ സ്നേഹി തർ 'അവനെവിടെ?' എന്നാരാഞ്ഞു.

*മോശ നിങ്ങൾക്കു പരിച്ഛേദനനിയമം നൽകി യിരിക്കുന്നു. വാസ്തവത്തിൽ അതു മോശയിൽ നിന്നല്ല, പിതാക്കന്മാരിൽനിന്നാണ്. അതനുസരിച്ച് സാബതിൽ നിങ്ങൾ പരിച്ഛേദനം നടത്തുന്നു. സാബതിൽ പരിച്ഛേദനം സ്വീകരിക്കുന്നെങ്കിൽ....* (7:22-24). *മോശ നിങ്ങൾക്ക് പരിച്ഛേദനവും സാബതും തന്നു* എന്ന് അവിടുന്നു പറയുന്നു. ഒന്ന്, അനു സ്മരിക്കുന്നവനായി; കാരണം, അതു പണ്ടേ ലഭിച്ചിട്ടുള്ളതാണ്. രണ്ട്, പുത്രനായി നിയമദാതാവ് എന്ന നിലയിൽ; അവൻ പരിച്ഛേദനസമയം നിജപ്പെടുത്തി. എട്ടാം ദിവസം പരിച്ഛേ ദനം ചെയ്യാൻ അവൻ കല്പിച്ചു. സംഖ്യ ശരിയാണെങ്കിൽ സാബതിലായാലും നടത്താം. അപ്പോൾ സാബതിനെക്കാൾ പരിച്ഛേദനം ശ്രേഷ്ഠതരമായി കരുതപ്പെട്ടിരുന്നു എന്നാണല്ലോ. അതു ശരിയുമാണ്; കാരണം, സാബത് ലംഘിക്കപ്പെട്ടു. സാബതിനെപ്പററിയുള്ള കല്പന വളരെ അപരിത്യാജ്യമല്ലെന്ന് ഇവവഴി അവിടുന്നു കാണിക്കുന്നു. അതു് ലംഘിക്കപ്പെടാനി ടയുള്ളിടത്തു് അതു് ശരിയുമാണ്. പരിച്ഛേദനം നിമിത്തം സാബതു് ലംഘിക്കപ്പെടുന്നു. അതു് നിയമലംഘനം ആയി ആരും കുററപ്പെടുത്തുന്നില്ല. തളർവാതരോഗിയായ ആ മനു ഷ്യൻ സുഖം പ്രാപിച്ചതിനാണോ 'നിയമ ലംഘകൻ' എന്നു പറഞ്ഞു് നിങ്ങൾ കുററപ്പെടുത്തുന്നതു്? മനുഷ്യനിൽ ബാഹ്യ മായിട്ടുള്ള ഒരടയാളം മാത്രമായ പരിച്ഛേദനം ഭാഗികമായി ബഹുമാന്യമായി പരിഗണിക്കപ്പെടുക മൗഢ്യമല്ലേ? എന്നാൽ ആത്മാവിലും ശരീരത്തിലും ഒരു മനുഷ്യനു് ഞാൻ പൂർണമായി സൗഖ്യം നൽകിയതു് എങ്ങനെ കുററകരമാകും? ഇക്കാരണ ത്താൽ അവിടുന്ന് ശാന്തമായി കൂട്ടിച്ചേർത്തു പറയുന്നു:

*പുറമേ കാണുന്നതനുസരിച്ച് വിധിക്കാതെ നീതി പൂർവം വിധിക്കുവിൻ* (7:24). സാബതിൽ ജോലി ചെയ്യുന്നതു നിയമലംഘനമാണെങ്കിൽ, ആദ്യമായി മോശയെ

www.malankaralibrary.com



യാണ് കുററപ്പെടുത്തേണ്ടതു്; കാരണം, പരിച്ഛേദനത്തിനായി സാബത് ലംഘിക്കാൻ അവൻ അനുവദിച്ചു. അവൻ നിയമ ലംഘനം എന്ന കുററത്തിനു് അധീനനല്ലെങ്കിൽ, സമ്പൂർണ മനുഷ്യനെ സൗഖ്യമാക്കിയതു് പരിച്ഛേദനത്തെക്കാൾ എത്ര യോ ശ്രേഷ്ഠമാണ്? ഞാനതുകൊണ്ടു് ഇതിനെക്കാൾ ശ്രേഷ്ഠ മായ രീതിയിൽ കുററവിമുക്തനാണ്.

*അവർ പറഞ്ഞു: ക്രിസ്തു വരുമ്പോൾ അവൻ എവിടെനിന്നാണ് വരുന്നതെന്ന് ആരും അറിയുക യില്ല* (7:27): അവർ അസൂയ പൂണ്ടു് സ്പഷ്ടമായി നുണ പറ യുകയാണ്. അവൻ ബേത്‌ലഹേമിൽ പിറക്കുമെന്നും ദാവീ ദിൻെറ വംശത്തിൽനിന്നു വരുമെന്നും പ്രവചനംവഴി അവർ അറിഞ്ഞിരുന്നു. ക്രിസ്തുവിൻെറ ജനനത്തെപ്പററി ഹേറോദേസ് ചോദിച്ചപ്പോൾ അവർ അപ്രകാരം മറുപടി പറയുകയും ചെയ്തു. "നീയും യൂദയായിലെ ബേത്‌ലഹേമേ, നീ യൂദയായിലെ രാജാക്കന്മാരിൽ ഒട്ടും ചെറുതല്ല; കാരണം എൻെറ ജനമായ ഇസ്രായേലിനെ മേയിക്കാനുള്ളവൻ നിന്നിൽനിന്നു പുറപ്പെടും. അവൻെറ രാജ്യത്തിനു് അവസാനം ഉണ്ടാകുകയില്ല" എന്നു് പ്രവാചകരിൽനിന്നു് അവർ തെളിവു നൽകുകയും ചെയ്തു (മിക്കാ 5:2; മത്താ. 2:6). അവിടെ അവർ സത്യം തുറന്നു പറഞ്ഞു; ഇവിടെ തിരുലിഖിതങ്ങളെക്കുറിച്ചു് നുണ പറഞ്ഞു് തങ്ങളെത്തന്നെ നുണയരാക്കി.

## പുസ്തകം VIII

*പെരുന്നാളിൻെറ അവസാനത്തെ മഹാദിനത്തിൽ* (7:37): യഹൂദർക്കു് മൂന്നു് പെരുന്നാളുകളുണ്ടായിരുന്നു: പുളിപ്പി ല്ലാത്ത അപ്പത്തിൻെറ പെരുന്നാൾ, ആഴ്ചകളുടെ പെരുന്നാൾ, കൂടാരപ്പെരുന്നാൾ. ഇസ്രായേൽ പ്രതീകാത്മകമായി പെരുന്നാ ളുകളായി അവയെ അനുഷ്ഠിച്ചിരുന്നു. എന്നാൽ സഭ അവയെ ടുത്തു് അവയുടെ യാഥാർത്ഥ്യവും പൊരുളും പെരുന്നാളുകളായി അനുഷ്ഠിക്കുന്നു. ഇതാ, സഭ ആത്മീയമായി അവ അനുഷ്ഠി ക്കുന്നു. പുളിപ്പില്ലാത്ത അപ്പം, രക്ഷാകരമായ പീഡാനുഭവവും പെസഹായുമായി; ആഴ്ചകളുടെ പെരുന്നാൾ പരിശുദ്ധാ ത്മാവ് ഇറങ്ങിയതായിത്തീർന്നു; കൂടാരപ്പെരുന്നാൾ, *നീസാൻ* മാസത്തിലെ ഓശാനപ്പെരുന്നാളായി. *ചിലർ* പറയുന്നു: കൂടാര പ്പെരുന്നാളിൽ നമ്മുടെ കർത്താവു് മഹത്ത്വത്തോടെ ജറുസലേ മിലേക്കു് പ്രവേശിച്ചു; നമ്മുടെ കർത്താവിൻെറ പ്രവേശനം അന്നു് ആകുവാനായി, കർത്താവിൻെറ കാലത്തു് ദൈവിക ക്രമീകരണത്താൽ ഈ പെരുന്നാൾ താമസിച്ചാണു് ആചരി ച്ചിരുന്നതു്.

www.malankaralibrary.com



*മററു ചിലർ* പറയുന്നു: യഹൂദന്മാർ റോമാക്കാരുടെ ആധിപത്യത്തിൻ കീഴിൽ ആയിരുന്നതിനാൽ റോമാക്കാരെ കൂടാതെ ഒരു പെരുന്നാളും ആചരിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല. പുരോഹിതൻെറ വസ്ത്രംപോലും റോമാക്കാർ മുദ്രവച്ചു സൂക്ഷിച്ചിരുന്നു. ആ വർഷം യഥാസമയം കൂടാരപ്പെരുന്നാൾ അനുഷ്ഠിക്കാൻ റോമാക്കാർ അവരെ അനുവദിച്ചില്ല. അതുകൊണ്ടു് ആ വർഷം പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാളും കൂടാരപ്പെരുന്നാളും ഒന്നിച്ചു് യഹൂദർ ആചരിച്ചു. അതായതു്, കൂടാരപ്പെരുന്നാൾ ഏഴു ദിവസവും പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാൾ ഏഴു ദിവസവും. *വേറെ ചിലർ* പറയുന്നു: കൂടാരപ്പെരുന്നാളിൻെറ സമയം കൃത്യമായി നിശ്ചയിച്ചിരുന്നില്ല. ഏഴാം മാസത്തിൽ ആചരിക്കണമെന്നായിരുന്നു കല്പന (ലേവ്യ. 23:34). എങ്കിലും മറെറാരവസരത്തിൽ - തെഷ്റീൻ (ഒക്ടോബർ) മാസത്തിൽ അനുഷ്ഠിക്കുന്നതിനും അവർക്കു് അനുവാദം ഉണ്ടായിരുന്നു. അവർ കൂടാരങ്ങളിൽ പാർക്കുകയും മേഘം അവരെ സംരക്ഷിക്കുകയും ചെയ്ത അവരുടെ മരുഭൂമിയിലെ താമസമാണു് അതിൽ അവർ ഓർത്തിരുന്നതു്.

നമ്മുടെ കർത്താവു് കൂടാരപ്പെരുന്നാളിൽ പ്രവേശിച്ചു എന്നു് വിവർത്തകൻ ഒരു വാക്കു മാററിയതിനാലാണു് അവർ ഈ തെററായ ആശയങ്ങളിൽ എത്തിച്ചേർന്നതു്. യഥാർത്ഥത്തിൽ അതു് പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാളായിരുന്നു. എഴുത്തുകാരൻെറ ശ്രദ്ധക്കുറവിനാൽ 'കൂടാരം' എന്നായിപ്പോയി. നമ്മുടെ കർത്താവു് പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാളിലാണു് ജറുസലേമിൽ പ്രവേശിച്ചതെന്നു് വിവർത്തകൻെറ വാക്കുകളിൽനിന്നുതന്നെ വ്യക്തമാണു്. കർത്താവിൻെറ പീഡാനുഭവത്തോടടുത്താണു് ഇവയൊക്കെ സംഭവിച്ചതു്. വീണ്ടും, പെസഹായ്ക്കു് ആറു ദിവസം മുൻപു് യേശു ബഥാനിയായിൽ വന്നു എന്നു് സുവിശേഷംതന്നെ പറയുന്നു (യോഹ. 12:1). അതുകൊണ്ടു് 'പെസഹാക്കാലത്തു് നമ്മുടെ കർത്താവു് ജറുസലേമിൽ പ്രവേശിച്ചു; *പുളിപ്പില്ലാത്ത അപ്പം* എന്നതു് എഴുത്തുകാരൻ *കൂടാരം* എന്നാക്കി' എന്ന കാര്യം അവരുടെ ആളുകൾതന്നെ വ്യാപകമായി പറഞ്ഞിട്ടുള്ള കാര്യമാണു്. ബേതു് അബാറാ എന്നതു് ബഥാനിയാ എന്നു മാററിയതുപോലെയും (1:28), 'അവർ തിരിഞ്ഞു് എബ്രായയിൽ റബ്ബോനി എന്നു പറഞ്ഞതു്', 'അവൾ തിരിഞ്ഞു് റബ്ബൂലി എന്നു പറഞ്ഞു' എന്നാക്കിയതുപോലെയും (20:16) ആണിതു്. ശ്രദ്ധയില്ലാത്ത എഴുത്തുകാർ ഇത്തരം മാററങ്ങൾ വരുത്താറുണ്ടു്

www.malankaralibrary.com



അതു് കൂടാരപ്പെരുന്നാൾ ആയിരുന്നു. പാപപരിഹാരം അതുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ അതു് *പ്രഖ്യാപനപ്പെരുന്നാൾ* എന്നു് വിളിക്കപ്പെട്ടിരുന്നു (ലേവ്യ. 23:24). കാരണം ഈ ദിവസം അവർ കാഹളം മുഴക്കി കൂടാരപ്പെരുന്നാളിനും പാപപരിഹാരത്തിനും ജനത്തെ ക്ഷണിച്ചിരുന്നു. ഏഴാം മാസത്തിൻെറ ആരംഭത്തിലായിരുന്നു കൂടാരപ്പെരുന്നാൾ. പാപപരിഹാരദിനം പത്താം തീയതിയായിരുന്നു: അതുകൊണ്ടു് അതു് *അസോർ* (പത്താം ദിവസം) എന്നു് വിളിക്കപ്പെട്ടിരുന്നു (ലേവ്യർ 23:27).

നമ്മുടെ കർത്താവു് പെരുന്നാളിനു പോയതു് അനുഷ്ഠിക്കാനല്ല, പിന്നെയോ, പഠിപ്പിക്കാനാണ്. ഇതിനെ *മഹാദിനം* എന്നു വിളിക്കുന്നതു്, പെരുന്നാളുകളുടെ അവസാനത്തേതാകയാലും പാപപരിഹാരം ലഭിക്കുന്നതിനാലുമാണ്. പാപപരിഹാര പെരുന്നാളിൽ ഉചിതമായി അവിടുന്നു് പാപപരിഹാരത്തിൻെറ കൃപ വാഗ്ദാനം ചെയ്യുന്നു. *'അവൻെറ ഉദരത്തിൽനിന്നു് ജീവജലത്തിൻെറ അരുവികൾ ഒഴുകും'* എന്നെഴുതിയിരിക്കുന്നതു്, താഴത്തെ വാക്കിനോടു കൂട്ടിച്ചേർത്തതാണ് എന്നു് *ചിലർ* പറയുന്നു. എന്നാൽ അതു് മുകളിലുള്ള വാക്കിനോടു കൂടിയാണ് ചേർക്കേണ്ടതു്. മിശിഹായെപ്പററി തിരുലിഖിതത്തിൽ നിരവധി പ്രവചനങ്ങൾ ഉണ്ടായിരുന്നു; അവയൊക്കെ തന്നിലുള്ള വിശ്വാസത്തിലേക്കു് എല്ലാവരെയും ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. 'തിരുലിഖിതങ്ങൾ പരിശോധിക്കുവിൻ....' എന്നും 'മോശ എന്നെപ്പററി പറഞ്ഞിരിക്കുന്നു' എന്നും അവിടുന്നു് പറഞ്ഞിട്ടുണ്ടല്ലോ (5: 39-46). 'തിരുലിഖിതം അനുസരിച്ചു് എന്നിൽ വിശ്വസിക്കുന്നവർ അരുവിപോലെ കൃപകൊണ്ടുനിറയും; അതിനു് ഒട്ടും കുറവുണ്ടാകുകയില്ല എന്നു മാത്രമല്ല, അവനു് തൃപ്തിവന്നശേഷം പുറത്തേക്കൊഴുകി മററുള്ളവർക്കു് പ്രയോജനപ്രദമായിത്തീരും' എന്നു് അവിടുന്നു പറയുന്നു. ഇവിടെ *അരുവി*[1] എന്നു് പറഞ്ഞിരിക്കുന്നതിനു പകരം വേറേ സ്ഥലത്തു് *ഉറവ*[2] എന്നാണ് അവൻ പറഞ്ഞിരിക്കുന്നതു് (4:14). തിരുലിഖിതം *ആത്മാവു്* എന്നുപറയുന്നതു് ചിലപ്പോൾ അവിടുത്തെ *സ്വഭാവത്തെയും ക്നോമായെയും* മററുചിലപ്പോൾ, ഈ സന്ദർഭത്തിലെന്നതുപോലെ, തൻെറ കൃപയെയും തൻെറ പരിപാലനയെയും ആണ് എന്നു നാം അറിഞ്ഞിരിക്കണം.

ശ്ലീഹന്മാർ ആത്മാവിൽനിന്നുതന്നെ ഇതു സ്വീകരിക്കാൻ പോകുകയായിരുന്നു; എന്നാൽ ആത്മാവിൻെറ *ക്നോമാ*

1 നഹ്റാവോസോ. 2 മ്ഈനോ

www.malankaralibrary.com



സ്വീകരിക്കാൻ സാധ്യമല്ല. അവൻ അനന്തനും അഗ്രാഹ്യനും നിത്യനുമാണ്. സുവിശേഷകൻ പറയുന്നതുപോലെ "അപ്പോഴും ആത്മാവു് നൽകപ്പെട്ടിട്ടില്ലെങ്കിൽ" നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിനു മുൻപു് ആരു നിമിത്തമാണ് ശിഷ്യർ അത്ഭുതങ്ങൾ പ്രവർത്തിച്ചതു്? എന്നു ചോദിച്ചേക്കാം. നമ്മുടെ കർത്താവു് അവർക്കു കൊടുത്ത തന്റെ ആത്മാവിന്റെ ശക്തിയാൽ അപ്പോൾ അവർ അടയാളങ്ങൾ പ്രവർത്തിച്ചെങ്കിലും, പിതാവിൽനിന്നും പുത്രനിൽനിന്നും എന്നതുപോലെ പരിശുദ്ധാത്മാവിൽനിന്നു് അവർക്കു ലഭിച്ച കൃപയെപ്പററി അവക്കൊരറിവും ഇല്ലായിരുന്നു എന്നു നാം പറയുന്നു; പരിശുദ്ധാത്മാവ് അവരുടെ മേൽ ഇറങ്ങി ആവസിച്ചപ്പോഴാണ് അവർക്കു ഈ അറിവ് ലഭിച്ചതു്.

വീണ്ടും, പിന്നീടു് അവർക്കു നൽകുവാനിരുന്ന ദാനം, പീഡാനുഭവത്തിനു മുമ്പുള്ളതിനെക്കാൾ പതിന്മടങ്ങു വലുതായിരുന്നു. പുരാതന പ്രവാചകർക്കും നീതിമാന്മാർക്കും വല്ലപ്പോഴും ലഭിച്ച ദാനംപോലെയായിരുന്നു പീഡാനുഭവത്തിനു് മുമ്പുണ്ടായിരുന്നതു്. അവസാനത്തിൽ ശ്ലീഹന്മാർക്കു ലഭിച്ചതു് അവർക്കു ലഭിച്ചതിനെക്കാൾ വളരെ കൂടുതലായിരുന്നു. അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നതിനും, അതു് സ്വീകരിച്ചവർക്കു് പുത്രസ്വീകാര്യത്വം നൽകുന്നതിനും സ്വർഗരാജ്യത്തിലേക്കും അമർത്ത്യതയിലേക്കും അവരെ ക്ഷണിക്കുന്നതിനും ഇതു് അവരോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു.

*'ഇവനാണു പ്രവാചകൻ' എന്നു് അവരിൽ ചിലർ പറഞ്ഞു; 'ഇവനാണു മിശിഹാ' എന്നു് മററുചിലർ പറഞ്ഞു* (7: 40-41). അവർ അജ്ഞതമൂലമാണ് ഇങ്ങനെ ചിന്തിച്ചതു്; കാരണം, ഒരാളെത്തന്നെ തിരുലിഖിതം *പ്രവാചകൻ* എന്നും *മിശിഹാ* എന്നും വിളിക്കുന്നു.

*അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?* (7:48). സ്പഷ്ടമായി അവർ നുണ പറയുകയായിരുന്നു. കാരണം, അവനിൽ വിശ്വസിച്ച നിക്കോദേമൂസ് അധികാരികളിലും ഫരിസേയരിലും ഉൾപ്പെട്ടവനായിരുന്നു; അവനെപ്പോലെ മററുപലരും ഉണ്ടായിരുന്നു.

*നമ്മുടെ നിയമം ആരെയെങ്കിലും വിധിക്കുന്നുണ്ടോ?* (7:52): അതായതു്, നമ്മുടെ സേവകന്മാർ കേട്ട വാക്കുകൾ അവനിൽനിന്നു് കേൾക്കാതെപോലും നീതിരഹിതമായാണ് നിങ്ങൾ അവനെ വിധിക്കുന്നതു്. അതിൽ അവർ

www.malankaralibrary.com



ആശ്ചര്യപ്പെട്ടുപോയി. ഫരിസേയർ ഗലീലി പ്രദേശത്തെ നിന്ദിച്ചിരുന്നു; അക്കൂട്ടത്തിൽ നിക്കോദെമൂസിനെയും. മതം ഉപേക്ഷിക്കുന്നവൻ എന്ന നിലയിൽ നിരന്തരമായി നമ്മുടെ കർത്താവിന്റെ ബഹുമാനം കുറയ്ക്കാനും അവന്റെ വാക്കുകളും പ്രവൃത്തികളും നിസ്സാരമാക്കിത്തള്ളാനും ശ്രമിച്ചു. അവർ തെററായി പറഞ്ഞതിനാൽ നമ്മുടെ കർത്താവ് അവരെ കുററപ്പെടുത്തുന്നു. പ്രവചനത്തെ പ്രതിയാണ് അവിടുന്ന് ഗലീലിപ്രദേശം തെരഞ്ഞെടുത്തത്. ഇതാ, ഏശായാ പ്രവചനമായി പറയുന്നു: 'പുറജാതികളുടെ ഗലീലി, അന്ധകാരത്തിൽ ഇരിക്കുന്നവർ വലിയൊരു പ്രകാശം കണ്ടു. ഇരുളിലും മരണനിഴലിലും വസിക്കുന്നവർ': എന്നിത്യാദി (ഏശ. 9:1–2; ലൂക്കാ 1:79). ഇക്കാരണത്താൽ നമ്മുടെ കർത്താവ് അവരോടു പറഞ്ഞു: *ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ...* (8:12). അതായത്, ഗലീലിയാക്കാർ വലിയൊരു പ്രകാശം അനുഭവിക്കാൻ പോകുന്നു എന്ന് പ്രവാചകൻ പറഞ്ഞത് നിങ്ങൾ ഓർക്കുന്നില്ലേ? അതുകൊണ്ട്, ഗലീലിയാക്കാർക്കു മാത്രമല്ല, ലോകം മുഴുവനും മതിയായ പ്രകാശമാണു ഞാൻ.

*ഞാൻ എന്നെപ്പററിത്തന്നെ സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം സത്യമാണ്* (8:14) എന്ന് അവിടുന്ന് ഇവിടെ പറഞ്ഞതെന്തിനാണ് എന്നു ചോദിച്ചേക്കാം. നേരത്തെ അവിടുന്നു പറഞ്ഞിരുന്നു: ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം നൽകുന്നെങ്കിൽ എന്റെ സാക്ഷ്യം സത്യമല്ല (5:31). 'നിന്റെ സാക്ഷ്യം സത്യമല്ല' എന്നു ചിന്തിച്ചു അവിടെയുണ്ടായിരുന്ന കുററപ്പെടുത്തുന്നവർക്കെതിരായിട്ടാണെന്നു നാം പറയുന്നു. എന്നാൽ അതേപ്പററി അവിടുന്നു പറഞ്ഞ കാര്യങ്ങൾക്കെതിരായി ഒരുവാക്കുപോലും ഉച്ചരിക്കാൻ അവർ മുതിർന്നില്ല: ''പിതാവു ചെയ്യുന്നവ പുത്രനും അവനെപ്പോലെ ചെയ്യുന്നു''; ''പിതാവ് മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ പുത്രനും അവനെപ്പോലെ ചെയ്യുകയും തനിക്കിഷ്ടമുള്ളവരെ ജീവിപ്പിക്കുകയും ചെയ്യുന്നു''; 'വിധി നടത്തുന്നതും നിത്യജീവൻ നൽകുന്നതും താനാണ്'' എന്ന് അവിടുന്ന് അരുൾച്ചെയ്തു.[1] ഈ കാര്യങ്ങൾ അവരിൽ ചാഞ്ചല്യം ഉളവാക്കിയെങ്കിലും അവർ പരസ്യമായി മുന്നോട്ടു വന്നില്ല. തന്റെ സാക്ഷ്യത്തിലും താൻ സത്യവാനാണ് എന്ന് വ്യക്തമാക്കാനാണ് അവിടുന്ന് ഇതു പറഞ്ഞത്. അവിടുന്ന് അവരുടെ ചിന്തകൾ ഗ്രഹിച്ചത് ദൈവമായതിനാലാണ്; അവനെ ഒന്നിനും തടയാനാവില്ലല്ലോ. ഇവിടെ അവർ

---

1 യോഹ. 5:19. 27. 33

www.malankaralibrary.com



സ്പഷ്ടമായി തങ്ങളുടെ എതിർപ്പ് പ്രകടിപ്പിച്ചു: "നിന്റെ സാക്ഷ്യം സത്യമല്ല". അപ്പോൾ അതിനെ ഖണ്ഡിച്ചുകൊണ്ട് അവിടുന്ന് അവരെ നുണയർ എന്നുവിളിച്ചു: *ഞാൻ എവിടെ നിന്ന് വന്നുവെന്നും എവിടേക്കു പോകുന്നു എന്നും എനിക്കറിയാം എന്നാൽ.... നിങ്ങൾക്കറിയില്ല. അതിനാൽ എന്റെ സാക്ഷ്യം സത്യമാണ്* (8:14). അതായത്, ഞാൻ മുകളിൽ, പിതാവിൽനിന്നുവന്നു; ഞാൻ മഹത്വത്തിലും തുല്യ ബഹുമാനത്തിലും പിതാവിങ്കലേക്ക് പോകുന്നു. ഒന്ന് വചനമായ ദൈവത്തിന്റെ തിരുവവതാരത്തെപ്പറ്റിയാണ്; മറ്റത് നമ്മിൽനിന്നുള്ള മനുഷ്യന്റെ ദൈവീകരണത്തെപ്പറ്റിയാണ്. സമരിയാക്കാരി സ്ത്രീയോടും അവിടുന്നു സ്വയം സാക്ഷ്യപ്പെടുത്തുന്നു: "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് മിശിഹാ")4:26)."നിന്നോടു സംസാരിക്കുന്നവൻ തന്നെയാണ് ദൈവപുത്രൻ" എന്ന് ജന്മനാ അന്ധനായവനോട് അവിടുന്ന് അരുൾചെയ്തു (9:35-37).

*ഞാൻ ആരെയും വിധിക്കുന്നില്ല; ഞാൻ വിധിക്കുന്നെങ്കിൽതന്നെ....* (8:15-16): ഇതുവഴി തന്റെ സ്വഭാവങ്ങളുടെയും *ക്നോമാകളുടെയും* ദ്വിത്വം അവിടുന്നു കാണിക്കുന്നു. തന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയുംപോലെ അവിഭാജ്യവും അദൃശ്യവും അഗ്രാഹ്യവുമായ ഒരു സ്വഭാവവും ഒരു *ക്നോമായും*. എന്നാൽ ഈ *ക്നോമാകൾ* ഇന്ദ്രിയഗോചരമായി വിധിക്കുന്നില്ല. ദൃശ്യമായി വിധിക്കുന്നയാളാണ് ഇന്ദ്രിയഗോചരനായ *ക്നോമാ*. അതേപ്പറ്റി നാം മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ: *രണ്ടുപേരുടെ സാക്ഷ്യം സത്യമാകുന്നു. എന്നെക്കുറിച്ച് ഞാൻ തന്നെ സാക്ഷ്യം നൽകുന്നു; എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു* (8:17-18) എന്നു പറയുന്നതിൽ തന്റെ *ക്നോമാകളുടെ* ദ്വിത്വം അവിടുന്നു കാണിക്കുന്നു: പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ വചനമായ ഞാൻ ആലയത്തെപ്പറ്റി സാക്ഷ്യംവഹിക്കുന്നു; അതിനെപ്പറ്റി അവൻ തന്നെയും പിതാവും സാക്ഷ്യപ്പെടുത്തുന്നു. നമ്മോടു ബന്ധപ്പെട്ട മനുഷ്യത്വത്തെപ്പറ്റി പിതാവും വചനവും എന്ന് രണ്ടുപേർ സാക്ഷ്യംവഹിക്കുന്നു.

*ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല* എന്ന് അവിടുന്നു പറഞ്ഞതിന് അവർ ഇപ്രകാരം മൗഢ്യമായി പ്രത്യുത്തരിച്ചു: *അവൻ ആത്മഹത്യ ചെയ്തേക്കുമോ?* തന്റെ മരണശേഷം *അവൻ എവിടേക്കാണ് പോകുന്നത്?* (8:23; 7:35). അവൻ മാനുഷിക രീതിയിൽ

www.malankaralibrary.com



മരണം സ്വീകരിക്കുന്നില്ലെങ്കിൽ. ഈ മനുഷ്യരും മററുള്ളവരെപ്പോലെ അവിടെ പോകുക ആവശ്യമായിരുന്നു; കാരണം, മനുഷ്യർക്കെല്ലാം നിശ്ചയിച്ച പരിധിയെ അവരും പ്രതീക്ഷിച്ചിരുന്നു.

*പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അവർ മനസിലാക്കിയില്ല* (8:27): അതായത്, അവൻ അവരോടു സംസാരിച്ചത് ഏതു പിതാവിനെപ്പററിയാണെന്നുള്ളത് അവർ ഗ്രഹിച്ചില്ല എന്നു സാരം.

*നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ* (8:28): അതായത്, നിങ്ങൾ അവനെ മരത്തിൽ ക്രൂശിച്ചു കഴിയുമ്പോൾ, നിങ്ങൾ എൻെറ ശക്തി മനസ്സിലാക്കും; ഞാൻ പിതാവിനെതിരായി പ്രവർത്തിച്ചിട്ടില്ല എന്നും ഗ്രഹിക്കും. സൃഷ്ടവസ്തുക്കൾ ഇളകിയാടുന്നതും ദുഃഖാർത്തമായിരിക്കുന്നതും നിങ്ങൾ കാണും. ഇപ്പോഴും എന്നോടുകൂടിയുള്ള എൻെറ പിതാവു് നടന്ന സംഗതികളിലുള്ള തൻെറ കോപം വെളിപ്പെടുത്തും.

*ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല* (8:33). പാപത്തിൻെറ അടിമത്തത്തെക്കുറിച്ചു് അവിടുന്നു് സംസാരിച്ചപ്പോൾ അവർ ശാരീരികാടിമത്തത്തെപ്പററി മനസ്സിലാക്കി. അവർ തെററായി അവനോടു് മറുപടി പറഞ്ഞു; കാരണം, ഈജിപ്തുകാരുടെയും ബാബിലോണിയരുടെയും അടിമത്തത്തിൽനിന്നു് അവർ ഒരിക്കലും വിടുവിക്കപ്പെട്ടില്ലേ? അവർ ഈ കാര്യങ്ങൾ പറയുന്ന അവസരം അവർ റോമാക്കാരുടെ അടിമകളല്ലേ? എങ്കിലും അവരുടെ രക്ഷിതാവു് കർത്താവു് അവരെ കുററപ്പെടുത്താൻ തുനിഞ്ഞില്ല; മറിച്ചു്, *പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാണ്* എന്നു മാത്രം പറഞ്ഞു.

*നിങ്ങൾ അബ്രഹാമിൻെറ സന്തതികളാണെന്നു എനിക്കറിയാം* എന്നു് മുകളിൽ പറഞ്ഞിട്ടു് (8:37) എന്തുകൊണ്ടാണ് '*നിങ്ങൾ അബ്രഹാമിൻെറ മക്കളാണെങ്കിൽ അബ്രഹാമിൻെറ പ്രവൃത്തികൾ ചെയ്യുമായിരുന്നു*' (8:39) എന്നു് പറഞ്ഞതു്? അവർ അബ്രഹാമിൻെറ വംശത്തിൽനിന്നല്ല എന്നു് അവിടുന്നു് കാണിക്കയല്ല ചെയ്യുന്നതു്; പിന്നെയോ, അവർ അബ്രഹാമിൻെറ മക്കളല്ല എന്നാണ്. ഒന്നു് സ്വഭാവത്താലെ ബുദ്ധിയില്ലാത്ത ജന്തുക്കളുടെ ഇടയിൽപ്പോലും ഉള്ളതിനു തുല്യമാണതു്; മററതു്, ബുദ്ധിജീവികളുടെ രീതിയാണ്; ഉദ്ദേശ്യപൂർണവുമാണ്.

www.malankaralibrary.com



## പുസ്തകം IX

അവൻ ഇവിടെ സാത്താനെ *നിങ്ങളുടെ പിതാവ്* എന്നു വിളിക്കുന്നു (8:44); അവൻ നുണയുടെ *പിതാവുമാണ്* (8:44) അതായത്, അവൻ അതിനെ ജനിപ്പിക്കുകയും ആദ്യം ഹവ്വായുടെ പക്കൽ അതു് പ്രയോഗിക്കുകയും ചെയ്തു.

*നീ ഒരു സമറിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ?* (8:48). അവർ അവനെ സമറിയാക്കാരൻ എന്നു വിളിച്ചു; 'ഞങ്ങൾ അബ്രഹാമിന്റെ മക്കളാണ്'' എന്നു് യൂദർക്കെതിരെ തങ്ങളെപ്പററിത്തന്നെ സമറിയാക്കാർ പറഞ്ഞിരുന്നു. എന്നാൽ, 'ഞങ്ങളാണ് അബ്രഹാമിന്റെ പുത്രന്മാർ' എന്നു് യൂദർ സമറിയാക്കാർക്കെതിരെയും പറഞ്ഞിരുന്നു. 'നിങ്ങൾ അബ്രഹാമിന്റെ മക്കളാണെങ്കിൽ നിങ്ങൾ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു' എന്നു് നമ്മുടെ കർത്താവ് ഈ പശ്ചാത്തലത്തിൽ അവരോടു പറഞ്ഞപ്പോൾ, കർത്താവു് യൂദനായി നടക്കുന്നെങ്കിലും സമറിയാക്കാരുടെ പക്ഷത്താണെന്നു് യൂദന്മാർ കരുതി.

*എന്നിൽ വിശ്വസിക്കുന്നവർ മരിക്കുകയില്ല* എന്നു് നമ്മുടെ കർത്താവ് യഹൂദരോടു പറഞ്ഞു (8:51). പ്രസ്തുത വാക്കുകളിൽനിന്നു് നേരെ അവർ എങ്ങനെയായിരുന്നു പ്രത്യുത്തരിക്കേണ്ടിയിരുന്നതു്? അവർ ഇപ്രകാരമായിരുന്നു പറയേണ്ടിയിരുന്നതു്: ''അബ്രഹാം വിശ്വസിച്ച ദൈവത്തെക്കാൾ നീ വലിയവനാണോ? പ്രവാചകർ വിശ്വസിച്ചു; അവർപോലും മരിച്ചു. എന്നാൽ നീ പറയുന്നു: എന്നിൽ വിശ്വസിക്കുന്നവർ മരിക്കുകയില്ല' (11:26). എന്നാൽ ഉചിതമായി ഉത്തരം പറയാൻ ഈ മനുഷ്യർ മെനക്കെട്ടില്ല. എന്നു മാത്രമല്ല, അനുചിതമായി പ്രത്യുത്തരിക്കുകയും ചെയ്തു: *'ഞങ്ങളുടെ പിതാവായ അബ്രഹാമിനെക്കാൾ നീ വലിയവനാണോ?'* (8:53). രക്ഷകൻ അബ്രഹാമിനെക്കാളും പ്രവാചകരെക്കാളും കുറഞ്ഞവനാണ് എന്നർത്ഥമാക്കിക്കൊണ്ടു് അവരുടെ തനിസ്വഭാവം അവർ ഇവിടെ കാണിക്കുകയാണു ചെയ്തതു്. 'ഞാൻ മരിക്കുകയില്ല' എന്നു് അവിടുന്നു് പറഞ്ഞിരുന്നെങ്കിൽ അവരുടെ മറുപടി ഉചിതമാകുമായിരുന്നു.

*എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രഹാം ആനന്ദിച്ചു* (8:56). 'അവന്റെ ദിവസം' എന്നാൽ 'കുരിശിന്റേതു്'' എന്നാണർത്ഥം. അന്നാണല്ലോ എല്ലാവരുടെയും ജീവനുവേണ്ടി അവൻ മരിച്ചതു്.

www.malankaralibrary.com



എന്റെ മുൻകുറിയായി അവൻ അർപ്പിക്കാതിരുന്ന ബലിയിൽ അവൻ ഉപമയായി ദർശിച്ചു; ഞാൻ അബ്രഹാമിനെക്കാൾ വളരെ മഹനീയനാണ്. ലോകത്തെ വീണ്ടെടുക്കാൻ പീഡാനുഭവത്തിനും കുരിശിലെ മരണത്തിനും ഞാൻ തയ്യാറാകുന്ന ഈ സമയത്തിനുവേണ്ടി അവനും വളരെയധികം നോക്കിപ്പാർത്തു. ഈ ആഗ്രഹത്താൽ, അവനാകുന്നവിധം പ്രതീകംകണ്ട് അവൻ സന്തുഷ്ടനായി. പിന്നീട് ഇസഹാക്കിനെ ബലിക്കായി വേർതിരിക്കുകയും, അവനുപകരം ഒരാടിനെ അർപ്പിക്കുകയും ചെയ്തപ്പോൾ അവൻ വെളിപാടിന് അർഹനായിത്തീരുകയും ദിവ്യരഹസ്യങ്ങളുടെ പൂർത്തീകരണത്താൽ വിജ്ഞാനിയായിത്തീരുകയും ചെയ്തു. അവൻ തന്റെ പുത്രനെ ദൈവസ്നേഹത്തെപ്രതി കൊലചെയ്യാനായി കയ്യാളിച്ചു; അതുപോലെ എല്ലാവരുടെയും രക്ഷയ്ക്കായി ദൈവം തന്റെ ഏകജാതനെ കയ്യാളിച്ചപ്പോൾ അവൻ *സന്തോഷിച്ചു* (8:56). അതായത്, പീഡാനുഭവം പിതാവിന്റെ തിരുഹിതപ്രകാരമായിരുന്നു എന്നു് വ്യക്തമാക്കുകയായിരുന്നു.

*അബ്രഹാം ഉണ്ടാകുന്നതിനുമുൻപ് ഞാനുണ്ട്* (8:58): ഇതുതന്നെ വളരെ നിസ്സാരം; വളരെ താണുപോയി, കാരണം, ലോകസ്രഷ്ടാവ് എന്ന നിലയിൽ ലോകങ്ങൾക്കു മുൻപ് അവനുണ്ട്. *അവൻ അവരുടെ ഇടയിൽക്കൂടി കടന്ന് പുറത്തുപോയി* (8:59) അതായത്, അവൻ തനിക്കിഷ്ടമുള്ള രീതിയിലും സ്വഭാവത്തിലും അവിടെനിന്നുപോയതു കാണാതിരിക്കാനായി അവരുടെ കണ്ണുകൾ ദിവ്യശക്തിയാൽ പൂർണമായി മൂടപ്പെട്ടിരുന്നു.

*ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടേയോ പാപം നിമിത്തമല്ല* (9:3): അന്ധനും അവന്റെ മാതാപിതാക്കളും പാപമില്ലാത്തവരാണെന്നു് കാണിക്കാൻ ശ്രമിക്കുകയല്ലിവിടെ. പിന്നെയോ, ദൈവം അനുവദിക്കുന്നതിനാൽ നമുക്കു സംഭവിക്കുന്നവ മററു് നിഗൂഢ കാരണങ്ങളാലാണ് എന്നു പഠിപ്പിക്കാനാണിതു്.

*ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്* (9:3): ഇതു് കാരണമായി അവിടുന്നു വയ്ക്കുന്നില്ല. അവനിൽ പ്രവൃത്തികൾ കാണപ്പെടാനല്ല അവൻ അന്ധനായതു്. പിന്നെയോ, സ്വാഭാവികമായി അവനു് അങ്ങനെ സംഭവിച്ചു എന്നു മാത്രം. എന്നാൽ ഈ കുറവു് പരിഹരിക്കാൻ ദൈവത്തിൽനിന്നുള്ള വലിയ സഹായം അവനു ലഭിക്കാൻ അവനു വരം ലഭിച്ചു. ഒരത്ഭുതം ദർശിക്കാൻ ഇതു് അവനു

www.malankaralibrary.com



വഴിയൊരുക്കി. 'നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുന്നതിനും നീ കുററമററവനായിത്തീരുന്നതിനും' എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെയാണിതു് (സങ്കീ. 51:4). ഇതു നിമിത്തമല്ല പാപികൾ പാപം ചെയ്യുന്നതു്; പിന്നെയോ, അവർ പാപം ചെയ്തപ്പോൾ, എല്ലാം അവശ്യാവശ്യം വരുന്ന എന്ന മട്ടിൽ ഇതിൽ പ്രവർത്തിച്ചു്, പാപികളെ കുററപ്പെടുത്തുന്നതു വഴി ദൈവം നീതിമാനാണെന്നു് കാണപ്പെടുന്നതിനാണിതു്. എബ്രായരീതിയനുസരിച്ചാണിതു് രേഖപ്പെടുത്തിയിരിക്കുന്നതു്: *ദൈവത്തിൻെറ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്*.

*എന്നെ അയച്ചവൻെറ പ്രവൃത്തികൾ പകലായിരിക്കുവോളം ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലി ചെയ്യാൻ കഴിയാത്ത രാത്രി വരുന്നു* (9:4): അതായതു്, ലോകത്തിൽ പകലും രാവും ഉള്ളതുപോലെയും, പകൽ ജോലിക്കു പററിയ സമയവും രാത്രി, ജോലിക്കു പററാത്തതും വിശ്രമത്തിനുള്ളതുമായ സമയവും ആയിരിക്കുന്നതുപോലെ എൻെറ പീഡാനുഭവംവരെ അത്ഭുതം പ്രവർത്തിക്കുവാനുള്ള സമയമാണ്; അപ്പോൾ പിതാവിൻെറ തിരുഹിതത്തിനു ചേർന്നതും ഉചിതവുമായ കാര്യങ്ങൾ ഞാൻ ചെയ്യണം. ഞാൻ ആരാണെന്നു് അവ വെളിപ്പെടുത്തും. എന്നാൽ ക്രൂശിലെ പീഡാനുഭവാനന്തരം ഇവയോടെല്ലാം ഞാൻ വിടപറയണം. കാരണം, ഞാൻ ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ എൻെറ ജീവൻ ഉപേക്ഷിക്കും. ഉപമയിലെന്നവണ്ണം തൻെറ വരവിൻെറ സമയത്തെ *പകൽ* എന്നും പീഡാനുഭവത്തിനും മരണത്തിനും ശേഷമുള്ള സമയത്തെ രാത്രി എന്നും വിളിക്കുന്നു. അതിനെ പ്രകാശിപ്പിക്കാനായി അവിടുന്നു് സ്പഷ്ടമായി പറയുന്നു: *ഞാൻ ലോകത്തിലായിരിക്കുന്നിടത്തോളം ലോകത്തിൻെറ വെളിച്ചമാകുന്നു* (9:5).

അവൻ നിലത്തു തുപ്പി, തുപ്പൽകൊണ്ടു് ചെളിയുണ്ടാക്കി അന്ധൻെറ കണ്ണുകളിൽ പൂശി (9:6): കളിമണ്ണുകൊണ്ടു് അവനു കാഴ്ച കൊടുത്തു. കുഴച്ച മണ്ണിനുപകരം അവനു് കണ്ണുകളുടെ രൂപംകിട്ടി. *ഹനാനീശോ* പറയുന്നു: ആദിയിൽ മനുഷ്യപ്രകൃതി മുഴുവൻ രൂപീകരിക്കപ്പെട്ട അതേ പദാർത്ഥം എടുക്കാൻ അവൻ നിർബന്ധിതനായതിനാലാണ് മുഖത്തിൻെറ പൂശൽ. താൻ മനുഷ്യൻെറ സ്രഷ്ടാവാണ് എന്നു് ഇതുവഴി അവിടുന്നു വ്യക്തമാക്കുന്നു. അതായതു്, തൻെറ പ്രവർത്തനശക്തിയിൽ മനുഷ്യസ്രഷ്ടാവിനു് തുല്യനെന്നു സാരം.

www.malankaralibrary.com



അവിടെ വച്ചുതന്നെ അവനെ സുഖപ്പെടുത്താഞ്ഞതു് ദൈവിക പരിപാലനയാലാണ്. ഒന്നാമതായി, സൗഖ്യമാക്കിയവനെ സംബന്ധിച്ച് ഒരു സംശയവും ഇല്ലെന്നു കാണിക്കാൻ. രണ്ടു്, ഈ അത്ഭുതം ആരിൽനിന്നും മറച്ചുവയ്ക്കപ്പെടാതിരിക്കാൻ. അപ്പോഴം നമ്മുടെ കർത്താവിനോടൊത്തുണ്ടായിരുന്ന ജനക്കൂട്ടം, സംഭവിക്കാൻ പോകുന്ന അത്ഭുതം കാണാനായി, കർത്താവിനെവിട്ടു് അന്ധൻെറ പിന്നാലെ പോയിരിക്കാനാണ് സാധ്യത. അന്ധനും അവൻെറ പിന്നാലെ ജനക്കൂട്ടവും പട്ടണത്തിലെ തെരുവുകളിലും ജനക്കൂട്ടത്തിൻെറ ഇടയിലും ചെന്നപ്പോഴം, ഇതിൻെറ കാരണമെന്തെന്നു് കണ്ടവരെല്ലാം ചോദിക്കുകയും എന്താണ് സംഭവിക്കാൻ പോകുന്നതെന്നു് അറിയാൻ അവരുടെ പിറകിൽ കൂടുകയും ചെയ്തു. അങ്ങനെ വിശ്വാസം ഉറയ്ക്കുകയും തങ്ങളുടെ ഹൃദയത്തിൻെറ അന്ധത കഴുകിക്കളയുകയും ചെയ്യും. സഹായം എവിടെനിന്നു വന്നു എന്നു വെളിപ്പെടാനായി അവിടുന്നു് വെള്ളം കൊണ്ടല്ല, തുപ്പലു കൊണ്ടാണ് കളിമണ്ണുണ്ടാക്കിയതു്. മണ്ണുകൊണ്ടാണ് സൗഖ്യം ഉണ്ടായതു് എന്നു കരുതപ്പെടാതിരിപ്പാൻ മണ്ണു കഴുകിക്കളയണമെന്നു് അവിടുന്നു് കല്പിച്ചു. എബ്രായയിൽ *ശീലോഹാ* എന്നാണ് ആ കുളത്തിൻെറ പേരു്. കാരണം, അതിലെ ഉറവയിൽനിന്നു് ഇടക്കിടെ ജലം മുകളിലേക്കു് കുതിച്ചുപായാറുണ്ടു്. എന്നാൽ എപ്പോഴം അപ്രകാരം വരുന്നമില്ല. നൈൽ നദിയിലും വല്ലപ്പോഴം ഇപ്രകാരം സംഭവിക്കുന്നുണ്ടു്. ഇങ്ങനെ പൊട്ടിപ്പുറപ്പെടുന്നതിനാൽ അതിനെ *ഗീബോൻ* എന്നു വിളിക്കുന്നു.

## പുസ്തകം X

*കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ഈ ലോകത്തിൻെറ ന്യായവിധിക്കായി ഞാൻ വന്നിരിക്കുന്നു* (9:39). 'നീതി അന്വേഷിച്ചു പോകാതിരുന്ന വിജാതീയർ നീതി പ്രാപിച്ചു; നീതി തേടിയ ഇസ്രായേലാകട്ടെ....' (റോമാ 9:30) എന്നു ശ്ലീഹാ പറയുന്നതുപോലെയാണിതു്. 'ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചതു് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല, പിന്നെയോ, ലോകം അവൻവഴി രക്ഷപ്രാപിക്കുവാനത്രേ (3:17) എന്നു് മറ്റൊരിടത്തു് അവിടുന്നു പറയുന്നതു് എന്തുകൊണ്ടാണ് എന്നു ചോദിച്ചേക്കാം. ഇതു് അതിനു് എതിരല്ല. മുകളിൽ തൻെറ വരവിൻെറ ഉദ്ദേശ്യം 'വെളിപ്പെടുത്തുന്നു; എല്ലാവരും രക്ഷിക്കപ്പെടണം എന്നതാണ് തൻെറ

www.malankaralibrary.com



തിരുഹിതം. ഇവിടെ തന്റെ പ്രവൃത്തികളുടെ ഫലം ഇതാണെന്നു പറയുന്നു. 'മനുഷ്യരുടെ മാററുരച്ചുനോക്കുവാനാണ് ഞാൻ വന്നിരിക്കുന്നതു്' എന്നു് അവിടുന്നു പറയുന്നു.

*കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന്* (9:39): അതായതു്, ആരാണ് അന്ധരെന്നും ആരാണ് കാണുന്നതെന്നും സത്യമായി അറിയപ്പെടാൻവേണ്ടിയായിരുന്നിതു്. ഇതാ, അന്ധൻ എന്നു കരുതപ്പെട്ടവൻ കാണുവാനായി, രണ്ടുതരത്തിൽ കാഴ്ചയുള്ളവനായി. ശാരീരിക കാഴ്ചയും ദൈവഭയത്തിന്റെ പ്രബോധനവും. ശാരീരിക നേത്രങ്ങളാൽ കാണുന്നു എന്നു കരുതിയ നിയമജ്ഞരും ഫരിസേയരും രണ്ടു രീതിയിലും അന്ധരായിരുന്നു: അവർ സത്യം സ്വീകരിച്ചില്ല; തങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ടു ദർശിച്ച പ്രവൃത്തികളെ വിശ്വസിച്ചില്ല. രണ്ടും സ്വതന്ത്രേച്ഛയുടെ പ്രവർത്തനങ്ങളായിരുന്നല്ലോ.

*ഞങ്ങളും അന്ധരാണോ? എന്നു് ഫരിസേയർ ചോദിച്ചത്* എന്തുകൊണ്ടാണ്? (9:40). എന്നാൽ നമ്മുടെ കർത്താവു് പറഞ്ഞു: നിങ്ങൾ അന്ധരായിരുന്നെങ്കിൽ, ഈ അത്ഭുതങ്ങളുടെ ദർശനത്തിൽ വിശ്വസിക്കായ്കകൊണ്ടു് നിങ്ങൾക്ക് പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ടു് അത്ഭുതങ്ങൾ ദർശിച്ചതിനാൽ നിങ്ങളുടെ പാപം നിലനിൽക്കുന്നു. മുകളിൽ അവൻ അവരെ *ദാസർ* എന്നു വിളിക്കുന്നു (8:34), ഇവിടെ *അന്ധര* എന്നു വിളിക്കുന്നു. അവർ അതു് ശാരീരികമായി മനസ്സിലാക്കി; അതുകൊണ്ടാണ് അവർ ചോദിച്ചതു് 'ഞങ്ങളും അന്ധരാണോ?' എന്നു്. അത്തരത്തിലായിരുന്നു യഹൂദരുടെ ഭോഷത്തം.

അതിനുശേഷം അവിടുന്നു് അവരോടു് ഉപമകളിൽ സംസാരിക്കാൻ തുടങ്ങുന്നു. അവരുടേതിനെക്കാൾ ഉയർന്ന തരത്തിലുള്ള പ്രബോധനമാണ് തനിക്കാവശ്യമായിരിക്കുന്നതെന്നു് അവിടുന്നു കാണിക്കുന്നു. ഫരിസേയരും നിയമപണ്ഡിതരും ജനത്തിന്റെ തലവന്മാരും ആ അന്ധനെ പുറത്താക്കിയപ്പോൾ, കർത്താവ് അവനെ സ്വീകരിച്ചു. അവരെക്കാൾ അവിടുത്തേക്ക് ഇതിനധികാരം ഉണ്ടു് എന്നു് പ്രവൃത്തികളിലൂടെ അവിടുന്നു കാണിച്ചു.

*ആട്ടിൻ തൊഴുത്തിലേക്ക് വാതിലിലൂടെയല്ലാതെ മറകുവഴിക്കു കടക്കുന്നവൻ....* (10:1). നൈയാമിക പ്രബോധനമാണ് *തൊഴുത്ത്*; കല്പനകൾ കാക്കുന്നതാണ്

www.malankaralibrary.com



*വാതിൽ*; ഈ നൈയാമിക പ്രബോധനം സ്വീകരിക്കുന്നവരാണ് *ആടുകൾ*; മോശയാണ് *വാതിൽ കാവൽക്കാരൻ*; നിയമാനുസൃതമായി ആടുകളെ മേയിക്കുകയും കല്പനകൾ കാക്കുന്നതിൽ സൂക്ഷ്മത കാട്ടുകയും ചെയ്യുന്നവനാണ് *ഇടയൻ*. അവൻ വാക്കിലും പ്രവൃത്തിയിലും ഇടപാടുകളിലുമെല്ലാം ഈ കാര്യങ്ങളുടെ ഭാരം വഹിക്കുന്നു. അതായത് താത്വികമായും പ്രാവർത്തികമായും.

*മററുവഴിക്ക്*: കല്പനകൾക്കു വിരുദ്ധമായി പ്രവർത്തിക്കുകയും അവയെ പൂർണമായി മറികടക്കുകയും സ്വയം നേരേയാക്കാതെ ഒരുതരം പ്രബോധനം പാലിക്കുകയും ചെയ്യുക. ഒരു *ദൈവവാഹകൻ* ഇപ്രകാരം വിവരിക്കുന്നു: ചതിയനും തെവുദായെപ്പോലെയും യൂദായെപ്പോലെയും നുണയനുമാണ് *കള്ളൻ* (നട. 5:36-37). തിരുലിഖിതം പഠിപ്പിക്കുന്ന രീതിയിൽ അവൻ വാതിലിൽക്കൂടി കയറുന്നില്ല. *തൊഴുത്തിൻെറ വാതിൽ* തിരുലിഖിതങ്ങളാണെന്ന് അവർ പറയുന്നു. അവ നമ്മെ ദൈവത്തിലേക്കടുപ്പിക്കുന്നു; ദൈവത്തെപ്പററിയുള്ള ജ്ഞാനം നമുക്കു തുറന്നുതരുന്നു. അവ നമ്മെ ആടുകളാക്കുകയും, പാഷണ്ഡതയുടെ ദുഷ്ടപ്രബോധനത്തിൽനിന്നു പൂട്ടുകൾകൊണ്ടു പൂട്ടി വാതിൽ കണക്കെ സംരക്ഷിക്കുയും ചെയ്യുന്നു. കാരണം, തിരുലിഖിതങ്ങൾ ഉപയോഗിക്കാതെ, *മററുവഴിക്ക്* കയറുന്നവൻ, അതായത്, കല്പിതമല്ലാത്തതും ജനസഞ്ചാരമില്ലാത്തതുമായ *മററു വഴിയെ* കയറുന്നവൻ *ചിച്ചിക്കിറുന്നു*. നൈയാമികമല്ലാതെ മററു കാര്യങ്ങൾ പഠിപ്പിക്കാൻ ബദ്ധപ്പെടുന്ന നിയമജ്ഞരെയും അവൻ ഇതുവഴി സൂചിപ്പിക്കുന്നു. *കയറുന്നവൻ* എന്നുപറയുന്നു; *പ്രവേശിക്കുന്നവൻ* എന്നല്ല പറയുക. കള്ളനെയും കവർച്ചക്കാരനെയും എല്ലാം നശിപ്പിക്കുന്നവനെയും കുറിച്ചാണ് ആ പ്രയോഗം.

*തൻെറ ആടുകളെ പുറത്തിറക്കിയശേഷം അവൻ അവയ്ക്കുമുമ്പേ പോകുന്നു* (10:4). തികച്ചും അസാധാരണം. സാധാരണയായി ആടുകളുടെ ഇടയന്മാർ അവയ്ക്കു പിമ്പേ പോകുകയും അവയെ സംരക്ഷിക്കുന്നവരും ഉടമസ്ഥരും എന്ന നിലയിൽ അവയെ നയിക്കുകയും ചെയ്യുന്നു. എന്നാൽ സത്യ ഇടയൻ എന്ന നിലയിൽ അവിടുന്ന് അവയ്ക്കു മുമ്പേ പോകുന്നു.

അവിടുന്ന് ചിലരെ ചെന്നായ്ക്കളുടെ ഇടയിൽ പ്രഘോഷകരായി അയച്ചു. നിയമജ്ഞരുമായുള്ള താരതമ്യം കഴിഞ്ഞിട്ട് അജപാലനരീതികൾ കൃത്യമായി തൻെറതാണെന്ന് അവിടുന്നു

www.malankaralibrary.com



കാണിക്കുന്നു. ഇതുമുതൽ തന്നെപ്പറ്റിയും ഈ കാര്യങ്ങളെപ്പറ്റിയും ആലങ്കാരികമായിട്ടാണ് അവിടുന്ന് സംസാരിക്കുന്നത്: *ഞാനാകുന്നു ആടുകളുടെ വാതിൽ* (10:7). എന്നാൽ, താൻ 'വാതിലിൽക്കൂടി കയറുന്നു' എന്ന് അവിടുന്ന് മുകളിൽ പറയുന്നു (10:2); ഇവിടെ താനാണ് വാതിലെന്നും പറയുന്നു. കാരണം, അവനാണ് വാതിലും വാതിലിലൂടെ കയറുന്നവനും. ഒന്ന് ഇടയനായും മറ്റേത് കർത്താവും ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലെ മധ്യസ്ഥനുമായും. പ്രബോധനത്തിന്റെ ചുമതല ലഭിച്ച ഫരിസേയരോട് സംസാരിക്കുമ്പോൾ താൻ 'വാതിലിലൂടെ കയറുന്നു' എന്ന് അവിടുന്ന് പറയുന്നു. അതായത്, താൻ നൈയാമിക ഇടയനും പ്രബോധകനുമാണ്, കള്ളനെപ്പോലെ കവർച്ച ചെയ്യുന്നവനല്ല, കല്പന കാക്കാത്ത നിയമജ്ഞരെപ്പോലെ വല്ലപ്പോഴും ആടുകളുടെ പക്കൽ വന്നിട്ടു പോകുന്നവനുമല്ല എന്ന് സൂചിപ്പിക്കുന്നു.

തന്നെപ്പറ്റിത്തന്നെ സംസാരിക്കുമ്പോൾ 'താൻ വാതിലാണ്' എന്ന് അവിടുന്ന് പറയുന്നു. പിതാവിലേക്കു നയിക്കുന്ന *വാതിൽ*; സത്യത്തിലേക്ക് പ്രവേശിക്കുന്നതിൽ മനുഷ്യരുടെയെല്ലാം *ശിരസ്സായതിനാൽ വാതിൽ*. കാരണം, എല്ലാവരും കല്പനകളുടെ നിയമം വിട്ടുപേക്ഷിച്ച് സുവിശേഷത്തിന്റെ ആത്മീയ വ്യാപാരത്താൽ പരിപൂർണരാകുവാൻ എല്ലാവരെയും വിളിക്കുന്നതും അവർക്കു പ്രബോധനം നൽകുന്നതും അവിടുന്നാണ്.

ഫരിസേയർ തെവുദാസിനെയും യൂദാസിനെയും അനുസ്മരിക്കാൻ ശ്രമിച്ചു. അവരുമായി താരതമ്യപ്പെടുത്തി, അവിടുത്തെ വാഗ്ദാനങ്ങൾ തെറ്റാണെന്ന് കാണിക്കാൻ ആഗ്രഹിച്ചു. എന്നാൽ ഹൃദയങ്ങളെ പരിശോധിക്കുന്നവൻ എന്ന നിലയിൽ അവർ നല്ലാൻ പോകുന്ന ഉത്തരം കഥയില്ലാത്തതാണെന്ന് അവിടുന്നു കാട്ടിക്കൊടുത്തു. കൂടാതെ, 'എനിക്കുമുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായിരുന്നു' എന്നുപറഞ്ഞുകൊണ്ട് താനും അവരും തമ്മിലുള്ള വ്യത്യാസം പ്രവൃത്തികളിലൂടെ കാണിക്കുന്നു. അതായത്, നിങ്ങൾ കരുതുന്നതുപോലെ ഞാൻ കള്ളനോ ചതിയനോ നുണയനോ അല്ല. സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ട് ഒളിച്ച് അപ്രത്യക്ഷരായ തെവുദാസിനെപ്പോലെയും മറ്റുള്ളവരെപ്പോലെയും അല്ല ഞാൻ *ആടുകൾ അവരെ ശ്രവിച്ചില്ല*, പിന്നെയോ നാറുന്ന പഴന്തുണികളായി അവരെ നിന്ദിച്ചു എന്നതിൽനിന്ന് ഇതു വ്യക്തമാണ്. *കള്ളൻമാരും കവർച്ചക്കാരും* എന്ന് അവൻ വിളിച്ചത് മോശയെയും പ്രവാചക നിരകളെയുമല്ല. അത് മാർസ്യന്റെയും മാനിയുടെയും ഭോഷ്കാണ്.

www.malankaralibrary.com



അവൻ എങ്ങനെയാണ് മോശയെ മുകളിൽ *വാതിൽ* എന്നുവിളിക്കുന്നത്? വിശ്വസിക്കാനായി 'തിരുലിഖിതങ്ങൾ പരിശോധിക്കുവിൻ' എന്നിത്യാദി പറഞ്ഞുകൊണ്ട് (5:39) അവിശ്വാസികളെ എങ്ങനെയാണ് പ്രവാചകരുടെ പക്കലേ ക്കയയ്ക്കുന്നത്? 'ആടുകൾ അവരുടെ ശബ്ദം ശ്രവിച്ചില്ല' എന്ന് എങ്ങനെയാണ് അവിടുന്നു കുറ്റപ്പെടുത്തുന്നത്? കാരണം, അവർ പ്രവാചകരെ വിശ്വസിച്ചു; അവരിലൂടെ മിശിഹായിൽ വിശ്വ സിച്ചവർ വിശ്വാസികളുമായി. 'എനിക്കുമുമ്പേ വന്നവരെല്ലാം' എന്ന പ്രയോഗം എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃത്യ മായ പ്രയോഗമല്ല. പിന്നെയോ താഴെപ്പറയുന്നതുപോലെ യാണ്: "അവരെല്ലാവരും ഒന്നുപോലെ വഴിതെററിപ്പോയി". 'എല്ലാ മനുഷ്യരും നുണയരാണ്'' (സങ്കീ.14:3; 116:11; റോമ. 3:23). എല്ലാവരും അസത്യവാദികളോ നുണയരോ ആണെ ന്നല്ല ഇതിനർത്ഥം.

*ഞാൻ നല്ല ഇടയനാകുന്നു* (10:14): 'അവൻ വാതി ലിലൂടെ പ്രവേശിക്കുന്നു' എന്ന് മുകളിൽ; അല്പം കഴിഞ്ഞ്, 'അവൻ വാതിൽ ആകുന്നു' എന്നുപറയുന്നു. ഇപ്പോൾ 'അവൻ ഇടയനാകുന്നു' എന്ന് പ്രഖ്യാപിക്കുന്നു. *നല്ല ഇടയൻ*; അവൻ വാതിൽ മാത്രമല്ല ഇടയൻ കൂടിയാണ് എന്നത് വ്യക്തമാക്കേ ണ്ടിയിരുന്നു. അവിടുന്ന് ഒരേസമയം സൂക്ഷിപ്പുകാരനും സംര ക്ഷകനുമാണ്.

*എന്റെ പിതാവ് എന്നെ അറിയുന്നതുപോലെ ഞാൻ എന്റെ ആടുകളെ അറിയുന്നു; എന്റെ ആടു കൾ എന്നെ അറിയുന്നു* (10:15): ഇവ രണ്ടും ഒരുപോലെ യല്ല. കർത്താവെന്ന നിലയിൽ അവിടുന്ന് തന്റെ സ്വന്തത്തെ അറിയുന്നു; അവർ കർത്താവും ദൈവവും ആയി അവിടുത്തെ മനസ്സിലാക്കുന്നു. *'എന്റെ പിതാവ് എന്നെ അറിയുന്ന തുപോലെ'* എന്നിത്യാദി. താരതമ്യംവഴി അവൻ പഠിപ്പി ക്കുന്നു. അവൻ പുത്രനായ എന്നെ അറിയുന്നു. പിതാവായ അവ നെ ഞാൻ അറിയുന്നു.

ഈ വാക്കു മനുഷ്യത്വത്തെപ്പററി, വചനമായ ദൈവം ധരിച്ച ദാസന്റെ സാദൃശ്യത്തെപ്പററിയാണ്: വചനത്തിലൂടെ പുത്രത്വത്തിന് പിതാവ് എന്നെ അർഹനായി കണ്ടെത്തി; കാരണം ഞാൻ പുത്രനാണ്; വചനമായ ഞാൻ. ഇക്കാരണ ത്താൽ പിതാവ്, പിതാവായ ദൈവം. പുത്രൻ അവനാൽ അറിയപ്പെടുന്നു. അതുപോലെ രക്ഷിക്കപ്പെട്ടവരാൽ ഇടയനും

www.malankaralibrary.com



കർത്താവുമായി ഞാൻ അറിയപ്പെടുന്നു. ഞാനാകട്ടെ, അവരെ അറിയുന്നു; അതായത് ആടുകളും തെരഞ്ഞെടുക്കപ്പെട്ട സമ്പാദ്യങ്ങളുമായി.

അവിടുത്തെ മനുഷ്യത്വത്തിലും അവിടുന്ന് ആടുകളുടെ കർത്താവ് എന്നു വിളിക്കപ്പെടുന്നു. കാരണം, അവിടുന്നു കഷ്ടപ്പെടുകയും തന്റെ മരണംവഴി ആടുകളെ രക്ഷിക്കുകയും ചെയ്തു. ഇതിൽ അതിശയിക്കാനൊന്നുമില്ല. വചനവുമായുള്ള ഐക്യം, ദൈവവും കർത്താവുമായവന്റെ ശരീരത്തിന്റെ സത്തയിൽ പോലും ഉള്ളതാണ്. അതുകൊണ്ട് എല്ലാററിന്റെയും അവകാശിയായി അവൻ നിയമിതനായിരിക്കുന്നു; അവനെ അങ്ങനെ ഏററുപറയുകയും ചെയ്യുന്നു. 'ആകാശത്തിലും ഭൂമിയിലുമുള്ള സമസ്ത അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു' എന്നു പറയപ്പെട്ടിരിക്കുന്നു (മത്താ. 28:18). എങ്കിലും അവസാനത്തിൽ, സ്വർഗത്തിൽനിന്നുള്ള കർത്താവായ രണ്ടാമത്തെ മനുഷ്യൻ കാണപ്പെടും (1കോറി. 15:47). ഇക്കാരണത്താൽ ആടുകളെ അവൻ തന്റെ സ്വന്തം എന്നുവിളിക്കുന്നു. എല്ലാം അവിടുത്തേതാകയാൽ അവിടുന്ന് തന്റെ സ്വന്തത്തെ മേയ്ക്കുന്നു.

*അവർക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണ് ഞാൻ വന്നിരിക്കുന്നത്* (10:11): അതായത്, പൊതുജീവിതമല്ല, നിരന്തരമായ നിത്യജീവനാണ്. മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്യുക മാത്രമല്ല അവർ നിത്യമായി ജീവിക്കുന്നതിനുവേണ്ടിക്കൂടിയാണ്. *സമൃദ്ധിയായി* എന്നത് *ചിലർ* സ്വർഗരാജ്യമായി വിശദീകരിക്കുന്നു; അത് സാധാരണയിൽ *കൂടുതലാണ്*. അതായത് ഇവിടെ മിസ്റ്റിക്കലായും അവിടെ പൂർത്തീകരണമായും. *മററു ചിലർ*: മോശയും പ്രവാചകരുംപോലും ജീവൻ പ്രദാനംചെയ്യാനാണ് വന്നത്. ഞാൻ വന്നതാകട്ടെ ജീവനും അതേസമയം പ്രവാചകരെയും പ്രദാനംചെയ്യാനാണ്. എന്നാൽ പ്രവാചകർ നൽകിയതിനെക്കാളം പൂർണമായും സമഗ്രമായും അവർക്കു നൽകാനാണു വന്നത്. അതായത്, പരമോന്നത ത്രിത്വത്തെപ്പററിയുള്ള ശരിയായ പ്രബോധനമാണ്. 'ഏകസത്യ ദൈവമായ അവിടുത്തേയും..... അറിയുക എന്നതാണ് നിത്യജീവൻ' (17:3) എന്നുപറഞ്ഞ് വിശദീകരിച്ചുകൊണ്ട് സത്യത്തിന്റെ അറിവിനെ അവൻ *ജീവൻ* എന്നു വിളിക്കുന്നു. തന്റെ നാമത്തിൽ സ്നാനപ്പെട്ടവർ സ്വീകരിക്കാൻ പോകുന്ന പരിശുദ്ധാത്മാവിന്റെ കൃപയെ അവിടുന്ന് 'സമൃദ്ധിയായി' എന്നുപറയുന്നു.

www.malankaralibrary.com



അവർ അരൂപിയിൽ തന്റെ സഭയിൽ തന്റെ മഹത്വത്തിന്റെ ദാനത്തിനും സ്വർഗത്തിൽ അനന്തജീവിതത്തിനും സൗഭാഗ്യങ്ങൾക്കും യോഗ്യരായി പരിഗണിക്കപ്പെട്ടു.

*മററാടുകളും എനിക്കുണ്ട്* (*10:16*): തന്റേതായി തീരാനുള്ള പുറജാതിക്കാരെപ്പററിയാണ് അവൻ സംസാരിക്കുന്നതു്. അമർത്ത്യതയിൽ, മനുഷ്യസമൂഹത്തിൽ നിന്നു് വിദൂരസ്ഥമായ ആത്മീയ ജീവികളുടെ ഒൻപതു ഗണങ്ങളെയാണ് *മററ് ആടുകൾ* എന്നു് അവൻ വിളിക്കുന്നതെന്നു *ചിലർ* പറയുന്നു.

*ജറുസലേമിൽ പ്രതിഷ്ഠയുടെ തിരുനാളായിരുന്നു, അത് ശീതകാലമായിരുന്നു* (10:22): മാസിഡോണിയാക്കാരനായ അന്തിയോക്കസിന്റെ നാശത്തിനും തകർച്ചയ്ക്കും ശേഷമാണ് നഗരവും ആലയവും പ്രതിഷ്ഠിച്ചതു്. മക്കബായക്കാർ മാസിഡോണിയരുടെമേൽ പ്രബലരും വിജയികളും ആയപ്പോൾ നഗരവും ദേവാലയവും മോടിപിടിപ്പിക്കുകയും ബലിപീഠം പുനഃസ്ഥാപിക്കുകയും ചെയ്തു. ഈ നവീകരണത്തിന്റെയും വിജയത്തിന്റെയും ദിവസത്തെ *പ്രതിഷ്ഠാതിരുനാൾ* എന്നു് അവർ വിളിച്ചു.

*ഞാനും എന്റെ പിതാവും ഒന്നാകുന്നു* (10:30): പിതാവിന്റെയും പുത്രന്റെയും സ്വഭാവത്തിന്റെ സമത്വമാണ് ഇവിടെ വിവക്ഷ. *ഞങ്ങൾ ഒന്നാണ്* എന്നതു് രണ്ടു രീതികളിൽ പറയാം: ഒന്നു്, ഐക്യത്തെപ്പററി; മററതു് സാദൃശ്യത്തെപ്പററി: 'ജനക്കൂട്ടത്തിനു് ഒരാത്മാവും ഒരു മനസ്സും ആയിരുന്നു' (നട. 4 : 32) എന്നതു് ഐക്യത്തെ സൂചിപ്പിക്കുന്നു. 'ഏകശരീരത്തിലേക്കു് ഏക ആത്മാവിനാൽ നമ്മളെല്ലാവരും സ്നാനമേററു' (1കൊറി. 12:13) എന്നതു് സാദൃശ്യത്തെ കുറിക്കുന്നു. എന്നാലിവിടെ സത്തയിലുള്ള സമത്വമാണ്. *ഞങ്ങൾ ഒന്നാണ്* എന്നതു് സത്താപരമായ കാര്യങ്ങളെപ്പററിയാണ്. കൂടാതെ, 'അവയെ എനിക്കു നൽകിയ എന്റെ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്' (10:29) എന്നു് മുകളിൽ അവിടുന്നു് പറഞ്ഞിട്ടുമുണ്ടു്. അവൻ തന്റെ ആലയത്തെപ്പററിയാണ് പറഞ്ഞതു്. ദൈവത്വത്തിന്റേതായ കാര്യങ്ങൾ, ശക്തി, ഇച്ഛ ആദിയായവ, ഐക്യത്തിൽ അതിനും ലഭിച്ചു.

www.malankaralibrary.com



ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാകുന്നു (10:38). 'ഞാനും എന്റെ പിതാവും ഒന്നാകുന്നു' എന്നതുപോലെയാണിതും (14:11). നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിലും എന്റെ പ്രവൃത്തികളെ നിസ്സാരമാക്കരുത്. എനിക്കു പിതാവുമായുള്ള സാദൃശ്യം അതിൽനിന്നു നിങ്ങൾക്കു മനസ്സിലാകും. കാരണം, ഒരു സ്വഭാവത്തെ മറ്റൊരു സ്വഭാവം കൊണ്ടും ഒരു ശക്തിയെ സാമ്യമുള്ള മറ്റൊരു ശക്തികൊണ്ടും അറിയാനാവില്ല. തുല്യത എന്നു പറയുമ്പോൾ അവ സ്വഭാവത്തിൽ വ്യത്യസ്തമാണ് എന്നു വരുന്നില്ല. 'പിതാവ് അവനിലും അവൻ പിതാവിലുമാണ്'' എന്നതു് പ്രവൃത്തികളിൽനിന്ന് അറിയാനും വിശ്വസിക്കാനും കഴിയുമെങ്കിൽ, അതു് സ്വഭാവത്തിലും ശക്തിയിലുമുള്ള സമത്വംകൊണ്ടാണ്.

യോഹന്നാൻ ഒരടയാളവും പ്രവർത്തിച്ചില്ല (10;41), ഇവനാകട്ടെ നിരവധിയും. ഒരടയാളവും കൂടാതെ യോഹന്നാനെ അവർ വിശ്വസിച്ചു. എങ്കിൽ അടയാളങ്ങൾകൊണ്ടും അത്ഭുതങ്ങൾകൊണ്ടും ബോധ്യപ്പെടുത്തിയ ഇയാളെ എത്ര അധികമായി വിശ്വസിക്കണം.

## പുസ്തകം XI

*ലാസറിന്റെ സഹോദരിമാർ അവന്റെ അടുക്കലേക്ക് ആളയച്ചു* (11:3). അവരുടെ പിതാവ് മരിച്ചുപോയിരുന്നു. *ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു* എന്നതു് അവരുടെ വിശ്വാസത്തിന്റെ ആഴം സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ മഹാശക്തിയിൽ അവർക്കു് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. അവൻ സ്നേഹിച്ചവൻ രോഗിയായി. അതുകൊണ്ട് നമ്മുടെ കർത്താവു പറഞ്ഞു: *ഈ രോഗം മാരകമല്ല*: ഈ രോഗം വഴി അവൻ മരിച്ചുപോകുമെന്നു് കരുതേണ്ട.

*ഇതുവഴി ദൈവപുത്രൻ മഹത്ത്വീകരിക്കപ്പെടുന്നതിനാണിത്* (11:4): 'ഇവനോ ഇവന്റെ മതാപിതാക്കളോ പാപം ചെയ്തതിനാലല്ല, ദൈവത്തിന്റെ പ്രവൃത്തികൾ അവനിൽ വെളിപ്പെടുവാനായിട്ടാണ്'' എന്നു് അന്ധനെപ്പററി പറഞ്ഞതുപോലെയാണിതു്. അതു് തന്റെയും പിതാവിന്റെയും മഹത്ത്വത്തിനു് വേണ്ടിയായിരുന്നു. 'അവൻ രോഗിയായി എന്നു കേട്ടിട്ടും അവൻ രണ്ടു ദിവസംകൂടി താമസിച്ചു'. താൻ സ്നേഹിച്ചവനെ മരണം പിടികൂടാനായിരുന്നു അതു്. അവന്റെ രോഗാവസ്ഥയിൽ അവനെ സുഖപ്പെടുത്തിയെങ്കിൽ അതൊരു

www.malankaralibrary.com



ചെറിയ അത്ഭുതം മാത്രമേ ആകുമായിരുന്നുള്ളൂ. വലിയ ഒരത്ഭുതത്തിനായി, അവിടുന്ന് മരണാനന്തരം അവിടെ പോകുന്നു.

*യഹൂദർ നിന്നെ കല്ലെറിയാൻ അന്വേഷിക്കുന്നു* (11:8): യഹൂദർ കല്ലെറിയാതെ എങ്ങനെ തങ്ങളുടെ കർത്താവിനെ സംരക്ഷിക്കണമെന്ന് ശിഷ്യന്മാർ അപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ലാസറിന്റെയടുത്തുപോകാതെ അവനെ നടയണമെന്ന് അവർ ആഗ്രഹിച്ചു. തന്റെ ഇഷ്ടം കൂടാതെ തനിക്കൊന്നും സംഭവിക്കുകയില്ല എന്ന് സ്പഷ്ടമായ തെളിവ് അവിടുന്നു പല പ്രാവശ്യം നൽകിയിരുന്നു. അവരുടെ ഈ ബലഹീനചിന്തയെ സൗഖ്യമാക്കാൻ അവിടുന്നു പറഞ്ഞു: "പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽ തട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു..." പന്ത്രണ്ടുമണിക്കൂറുകൾകൊണ്ട് പകൽ പൂർത്തിയാകുന്നു; പകൽ നടക്കുന്നവൻ സുരക്ഷിതനാണ്; അവനു കാൽ തട്ടുന്നില്ല. എന്നാൽ, രാത്രിയിൽ നടക്കുന്നവന് വലിയ അപകടസാധ്യതയുണ്ട്; രാത്രി നടക്കുന്നവനു പടിതെററാം. അതുപോലെ എനിക്കിഷ്ടമില്ലെങ്കിൽ എന്നോട് ഒന്നും ചെയ്യാൻ ആവില്ല. കാരണം, എനിക്ക് അറിവിന്റെ പ്രകാശം ഉണ്ട്. ഇക്കാരണത്താൽ, എല്ലാം അറിയുന്നവൻ എന്ന നിലയിൽ, എന്റെ ഇഷ്ടം കൂടാതെ എനിക്കൊന്നും സംഭവിക്കുന്നില്ല. അതുകൊണ്ട് ഞാൻ ഒരു സംരക്ഷണവും തേടുന്നില്ല. ഇവയൊക്കെ സംബന്ധിച്ച് എനിക്കു നല്ല ബോധ്യമുണ്ട്. പ്രത്യേകിച്ച് ഞാൻ യൂദരിൽനിന്ന് ഓടിപ്പോകണമെന്നും ശത്രുക്കളിൽനിന്ന് എന്റെ ജീവനെ സംരക്ഷിക്കണം എന്നും നിങ്ങൾ എന്നോടു പറഞ്ഞതു സംബന്ധിച്ച്.

'തന്റെ ഇഷ്ടംകൂടാതെ കർത്താവ് കൊല്ലപ്പെട്ടും' എന്ന് നമ്മുടെ കർത്താവിനെപ്പററി കരുതിയ ശിഷ്യർക്കും മററുള്ളവർക്കും ശരിയായ അറിവില്ലായിരുന്നു എന്നതിന്റെ തെളിവാണ് രാത്രിയും പകലും. *പകൽ* എന്നാൽ അവിടുന്ന് ലോകത്തിന്റെ വെളിച്ചമാണെന്നും അവിടുത്തേക്ക് എല്ലാററിനെപ്പററിയും അറിവുണ്ടെന്നും അത്രേ. *ചിലർ* പറയുന്നു: 'തന്റെ സുവിശേഷത്തിന്റെ വർഷം പൂർത്തീകരിക്കപ്പെടുന്നതുവരെ, അതായത്, പ്രധാന മാസത്തിൽ, യഹൂദർ തന്റെ മരണത്തിൽ കാലിടറുകയില്ല; അന്നുമുതൽ സീയോനിൽ രാത്രി ഭരണം നടത്തും' എന്ന് ഈ ഉപമവഴി തന്റെ ശിഷ്യരെ പഠിപ്പിക്കാൻ അവിടുന്നാഗ്രഹിച്ചു. *മററുചിലർ*: കല്ലേറിനെ നിങ്ങൾ ഭയപ്പെടുന്നു; ഞാൻ നിങ്ങളോടുകൂടെ ഉള്ളപ്പോൾ നിങ്ങളാരും എന്നോടു കൂടിയോ എനിക്കു വേണ്ടിയോ മരിക്കയില്ല. ഞാൻ

www.malankaralibrary.com



നിങ്ങളിൽനിന്ന് എടുക്കപ്പെട്ടു കഴിയുമ്പോഠ ഇരുഠ നിറഞ്ഞതും ദുഃഖവും അപകടവും ഉള്ളതും ആയ രാത്രി നിങ്ങളെ സമീപിക്കുകയും നിങ്ങഠ ഭയചകിതരാകുകയും ചെയ്യും. അപ്പോഠ നിങ്ങഠ നിങ്ങളുടെ ബലഹീനത മനസ്സിലാക്കുകയും കിരീടം പ്രാപിക്കുകയും ചെയ്യും.

ലാസറിന്റെ മരണത്തെ അവിടുന്ന് *നിദ്ര* എന്നുവിളിക്കുന്നു. താൻ എത്ര പെട്ടെന്ന് അവനെ ഉയിർപ്പിക്കും എന്ന് അറിയിക്കാൻവേണ്ടിയായിരുന്നിത്. *നിദ്ര* എന്ന വാക്കു മൂന്നു തരത്തിൽ പ്രയോഗിക്കുന്നു: ഉറക്കം, രോഗം, മരണം. ഇങ്ങനെ അല്ലെങ്കിൽ 'നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുന്നു' എന്ന് നമ്മുടെ കർത്താവിന് എങ്ങനെ പറയാൻ കഴിയുമായിരുന്നു? 'അവൻ ഉറങ്ങുകയാണെങ്കിൽ അവൻ സുഖം പ്രാപിക്കും' എന്ന് അവർ രണ്ടുപ്രാവശ്യം മറുപടി പറഞ്ഞു; 'അവൻ ഉണരും' എന്നു അവർ പറഞ്ഞില്ല. അതുകൊണ്ട് ഇത് സ്ഥലത്തെ ഒരു സംസാരരീതിയോ സുവിശേഷകന്റെ വിവരണരീതിയോ ആകാം.

*താമാ എന്നു വിളിക്കപ്പെടുന്ന തോമാ* തന്റെ സ്നേഹിതരായ ശിഷ്യരോടു പറഞ്ഞു: 'നമുക്കും അവനോടുകൂടെ മരിക്കാനായി പോകാം' (11:16). തോമസിന്റെ വാക്കുകഠക്കു രണ്ടർത്ഥമുണ്ട്: ചില *ദൈവവാഹകർ* പറയുന്നു: ഒന്ന്, നമ്മുടെ ഗുരു യൂദയായിലേക്കു പോകുമ്പോഠ കൊല്ലപ്പെടും; യൂദർ അവനെ കൊല്ലാൻ പദ്ധതിയിടുന്നു; തന്റെ ശിഷ്യരായ നാം തന്റെ മരണത്തിൽ അകന്നിരിക്കാൻ പാടില്ല, പിന്നെയോ, നമുക്കും അവനോടുകൂടെ പോയി മരിക്കാം. രണ്ട്, ലാസർ മരിച്ചെന്ന് അവർ പറയുന്നു; നമ്മുടെ ഗുരുവും നാഥനുമായവനും പോയി മരിക്കും. അതുകൊണ്ട് ലാസറിനെയും നമ്മുടെ ഗുരുവിനെയും പിൻചെല്ലുന്നതാണ് നമുക്കു ഉചിതം. രണ്ടിലും നമ്മുടെ രക്ഷകനോടുകൂടിയുള്ള മരണം ഒത്തുചേർന്നിരിക്കുന്നു.

*പതിനഞ്ചു സ്താദിയോൺ* (11:18): അതായത് പതിനഞ്ച് ഫർലോങ്: രണ്ടുമൈൽദൂരം. മാർത്താ പറഞ്ഞു: 'ഇപ്പോഴും നീ ദൈവത്തോടു ചോദിക്കുന്നതെന്തും നിനക്കു കിട്ടും....' 'നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും' എന്ന് നമ്മുടെ കർത്താവ് അവളോടു പറഞ്ഞപ്പോഠ അവഠ പറഞ്ഞു: 'അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർക്കുമെന്ന് എനിക്കറിയാം' (11:22-25). നമ്മുടെ കർത്താവിന്റെ ശക്തി മൂലം ചില കാര്യങ്ങളിൽ അവർക്കു വിശ്വാസം ഉണ്ടായിരുന്നെങ്കിലും ഈ പ്രവൃത്തിയുടെ വലിപ്പം കാരണം അവരും സംശയ

www.malankaralibrary.com



ഗ്രസ്തരായിരുന്നു. നമ്മുടെ കർത്താവിൻെറ വാഗ്ദാനത്തെപ്പററി സംശയിച്ചതിനാൽ, മാർത്തായും അപകടത്തിലായിരുന്നു. ഉത്ഥാനത്തിൻെറ മാഹാത്മ്യം നിമിത്തം അവർ അതേപ്പററി സംശയിച്ചു. ഭാവിയിൽ ഉള്ള ഉത്ഥാനത്തിലേക്ക് അവളുടെ ചിന്ത കടന്നു; എന്നാൽ കർത്താവിൻെറ വാഗ്ദാനത്തെ നിഷേധിച്ചില്ല.

*മാർത്താ പറഞ്ഞു: നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്ന് ഞാൻ വിശ്വസിക്കുന്നു* (11:27); നാം ഇപ്പോൾ അറിയുന്നതുപോലെ അവനെപ്പററി, അവർക്ക് അപ്പോഴും പൂർണജ്ഞാനം ഉണ്ടായിരുന്നില്ല. സുകൃതവാനും നീതിമാനും മററുള്ളവരെക്കാൾ ഉന്നതനുമായ ഒരാളായിട്ടാണ് അവൾ അവനെ "ദൈവപുത്രൻ" എന്നു വിളിച്ചത്. തിരുലിഖിതത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരും സുകൃതികളും *അഭിഷിക്തർ* എന്നും *ദൈവപുത്രർ* എന്നും വിളിക്കപ്പെട്ടിരുന്നു.

*യേശു ആത്മാവിൽ അസ്വസ്ഥനായി* (11:33): അവിടുത്തെ അത്ഭുതം കണ്ടിട്ടും വിശ്വസിക്കാതിരുന്ന യൂദർക്കെതിരായി ഉണ്ടായ ക്രോധത്തിൻെറ അടയാളമായിരുന്നു അപ്പോഴത്തെ ആ അസ്വസ്ഥത. അവനെയും അവനോടുകൂടെ ലാസറിനെയും കൊല്ലുന്നതിനെപ്പററിയാണ് അവർ ചിന്തിച്ചത് (12:10). *ആത്മാവിൽ* എന്നത് അവനിൽ വസിച്ച ആത്മാവിൻെറ പ്രവർത്തനത്തെപ്പററിയാണ്; സംഭവിക്കുവാൻ പോകുന്നവ അതുവഴി അവിടുന്നറിയുകയും മുൻകൂട്ടി പറയുകയും ചെയ്തു. യൂദായെപ്പററി അവിടുന്നു പറഞ്ഞതുപോലെയാണിത്: 'യേശു ആത്മാവിൽ അസ്വസ്ഥനായി പറഞ്ഞു: 'നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കും' (13:21). 'എത്രനാൾ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും'? (മത്താ. 17:17).

*എവിടെയാണ് നിങ്ങൾ അവനെ അടക്കിയിരിക്കുന്നത്?* (11:34). അവിടുത്തേക്ക് അറിയാൻ പാടില്ലാഞ്ഞിട്ടല്ല. ദൂരെ ആയിരിക്കുമ്പോൾതന്നെ അവൻെറ മരണത്തെപ്പററി അറിയിച്ച ആളിന് ഇതു് എങ്ങനെ അറിയാതെ പോകാൻ കഴിയും? ഈ പ്രവൃത്തിയുടെ ആരംഭത്തിൽ ക്രമീകൃതമായി ത്തന്നെയാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. അവിടുന്ന് ആത്മപ്രശംസയ്ക്കുവേണ്ടി ഇപ്രകാരം ചെയ്തു എന്ന് കരുതപ്പെടാതിരിക്കാനാണ് ഇതു ചെയ്തത്.

www.malankaralibrary.com



*യേശു കണ്ണീർ പൊഴിച്ചു* (11:34): അവിടുന്ന് അവനെ ഉയിർത്തെഴുന്നേൽപ്പിക്കാൻ തുടങ്ങുകയായിരുന്നു. അപ്പോൾ കരയുക അധികപ്പറ്റാണ്. ഒന്നാമത്ത്, നമ്മിൽ നിന്ന് തനിക്കു ലഭിച്ച മാനുഷിക *ക്നോമാ*യുടെ കൃത്യമായ ഒരടയാളമായി; കാരണം, ദൈവത്തിന് കണ്ണീർ ഇല്ലല്ലോ. രണ്ട്, മരിച്ചവരെപ്പറ്റി നാം ദുഃഖിക്കുന്നതിന്റെ തോത് വരച്ചു കാണിക്കാൻ; നാം കല്ലറവരയേ കരയേണ്ടു; അതിനപ്പുറംവേണ്ട അതിരുകടന്ന് നാം ദുഃഖവിവശരാകേണ്ട കാര്യമില്ല. വീണ്ടും, ആരംഭത്തിൽ ഉന്നതമായ ബഹുമാനത്തിലും മഹത്വത്തിലും സൃഷ്ടിക്കപ്പെട്ടെങ്കിലും സ്വന്ത ഇഷ്ടത്താൽ വലിയ അഗാധ ഗർത്തത്തിലേക്കും ജീർണതയിലേക്കും നിപതിച്ച നമ്മുടെ പ്രകൃതിയുടെ ദുരിതത്തിലും കഴിവുകേടിലും അവിടുന്നു ദുഃഖിച്ചു. *മററുചിലർ:* നമ്മുടെ കർത്താവിന്റെ കരച്ചിൽ വേദനയിൽ നിന്നല്ല, പ്രബോധനാത്മകമാണ്. 'നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുന്നു, ഞാൻ അവനെ ഉണർത്താൻ പോകുന്നു' എന്നു പറഞ്ഞതിൽനിന്ന് ഇതു വ്യക്തമാണ്. ഉറങ്ങുകയും അല്പം കഴിഞ്ഞാൽ എഴുന്നേല്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നവനെ പ്രതി നമ്മിലാരാണ് ദുഃഖിക്കുന്നത്?

## പുസ്തകം XII

*ലാസറേ, പുറത്തുവരിക* (11:44): മരിച്ചവന് അപ്പോൾ ജീവൻ കിട്ടി; നാടകളാൽ ബന്ധിതനായിരുന്ന അവൻ നടന്നു. അത്ഭുതത്തിന്മേൽ അത്ഭുതം! കാലുകൾ നാടകളാൽ ബന്ധിതമായിരുന്നു. എങ്കിലും നടക്കാൻ അവ തടസ്സമായിരുന്നില്ല. കാരണം ശക്തിപ്പെടുത്തിയവൻ തടസ്സമായിരുന്നതിനേക്കാൾ വലിയവനായിരുന്നു. ഈ കാര്യങ്ങൾ ചെയ്യാൻ ഒരുങ്ങിയിരുന്ന അവൻ എങ്ങനെയാണു കരഞ്ഞത്? എല്ലായിടത്തും അവിടുന്ന് അളവിലും പരിധിക്കുള്ളിലും നമ്മുടെ ബലഹീനതയെ താങ്ങുന്നു. നമ്മളും പരസ്പരം വേദനകളിൽ പങ്കാളികളാകണം. ലാസർ രോഗിയായി എന്നറിഞ്ഞപ്പോൾ അവിടുന്നു സന്തോഷിച്ചു; അവനെ ജീവനിലേക്കു തിരിച്ചുകൊണ്ടുവരുവാൻ തുടങ്ങിയപ്പോൾ അവിടുന്നു കരഞ്ഞു. അവിടുന്ന് വരുന്നതിനു മുൻപ് അവൻ മരിച്ചുകഴിഞ്ഞു എന്ന് അവർ അറിയിച്ചു: "എവിടെയാണ് നിങ്ങൾ അവനെ വച്ചിരിക്കുന്നത്".

*കല്ലെടുത്തു മാററുവിൻ* (11:39): അവർതന്നെ അവർ വച്ച കല്ലെടുത്തു മാററണം എന്ന് അവിടുന്നു കല്പിച്ചു; അങ്ങനെ ഈ അടയാളം നിഷേധിക്കാൻ അവക്ക് ഇടവരരുത്.

www.malankaralibrary.com



മരിച്ചവന ജീവൻ നൽകി അവൻെറ ആത്മാവിനെ തിരികെ കൊണ്ടുവന്നവനു്, ഒററ വാക്കുകൊണ്ടു് കല്ലറതട്ടിമാററി കല്ലറ തുറക്കാൻ കഴിയില്ലായിരുന്നോ? നിങ്ങൾക്കു കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ നിങ്ങൾക്കു മലകളെ മാററുവാൻ സാധിക്കും എന്നു് ശിഷ്യരോടു് അവിടുന്നു പറഞ്ഞില്ലേ? തൻെറ കുരിശിലെ വചനത്താൽ അവിടുന്നു പാറ പിളർക്കുകയും കല്ലറകൾ തുറക്കുകയും ചെയ്തില്ലേ? എങ്കിലും ലാസറിൻെറ സ്നേഹിതനായിരുന്നതിനാൽ *കല്ലറ തുറക്കുവിൻ* എന്നു് അവിടുന്നു കല്പിച്ചു. ജീർണിച്ചതിൻെറ ദുർഗന്ധം അവരുടെ മുഖത്തു് അടിക്കാൻവേണ്ടി ആയിരുന്നിതു്. അവനെ വസ്ത്രം ധരിപ്പിച്ച നിങ്ങൾതന്നെ *അവൻെറ കെട്ടുകളഴിക്കുവിൻ.* നിങ്ങൾ കെട്ടിയ കെട്ടുകൾ നിങ്ങൾക്കപ്പോൾ കാണാൻ കഴിയും. ലാസറും കർത്താവുമായി ഒരു പദ്ധതി ഇണക്കിയിരുന്നു എന്നു് അവർ ദുരാരോപണം പറയാതിരിക്കാനായി, ലാസർ മരിച്ച അവസരം കർത്താവു് സന്നിഹിതനായിരുന്നില്ല.

*യേശു കണ്ണുകൾ ഉയർത്തിയതു്* (11:41) മൂന്നു കാരണങ്ങളാലാണു്. ഒന്നു്, നമ്മെ എളിമ പഠിപ്പിക്കാൻ; നാം നമ്മിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കണം. രണ്ടു്, അവിടുന്നു് നമ്മുടെ വസ്ത്രം ധരിച്ചിരിക്കുന്നു എന്നു കാണിക്കാൻ. മൂന്നു്, യൂദർ കരുതിയതുപോലെ അവൻ ദൈവത്തിനു് എതിരല്ല എന്നു് പ്രസ്പഷ്ടമാക്കാൻ.

*അവൻ ഉച്ചത്തിൽ പറഞ്ഞു: ലാസറേ, പുറത്തു വരിക* (11:43-44): ഉച്ചത്തിലായതിനാൽ മരിച്ചവനു് ശ്രവണം ചെയ്തു എന്ന അർത്ഥത്തിലല്ല; പിന്നെയോ, ആത്മാവു് കല്ലറയിൽ ആയിരുന്നില്ലെന്നും വിദൂരത്തിലായിരുന്നെന്നും അവിടെനിന്നവർ ഗ്രഹിക്കാനായിരുന്നതു്. വീണ്ടും, അവസാന കാഹളത്തിൻെറ ഒരുപമയായായിരുന്നു അതു്: മൃതരേ, *പുറത്തു വരുവിൻ* എന്ന നമ്മുടെ കർത്താവിൻെറ വചനത്തിൻെറ പ്രതികരണമായി മരിച്ചവർ ഞൊടിയിടയിൽ ഉയിർത്തെഴുന്നേൽക്കും; ജീവിച്ചിരിക്കുന്നവർ രൂപാന്തരീകരിക്കപ്പെടുകയും ചെയ്യും. ജറുസലേമിൻെറ നാശത്തിൽനിന്നു് ലോകാന്ത്യത്തെപ്പററി അവിടുന്നു് ഉറപ്പായി പറഞ്ഞതുപോലെ, ലാസറിൻെറ ഉത്ഥാനത്തിൽനിന്നു് പൊതുവായ ഉത്ഥാനത്തെപ്പററി അവിടുന്നു് ഉറപ്പിച്ചു. അവസാനനാളിലെ നാഴിക ഇതാ, സമാഗതമായിരിക്കുന്നു. ലാസറിനെപ്പോലെ മരിച്ചവർ ദൈവപുത്രൻെറ സ്വരം ശ്രവിക്കുകയും എന്നിത്യാദി. ലാസർ ദീർഘകാലം ജീവിച്ചെന്നും പിന്നീടു് മെത്രാനായി തീർന്നെന്നും ഒരു പാരമ്പര്യം ഉണ്ടു്.

www.malankaralibrary.com



*അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും.... റോമാക്കാർ വന്ന്..* (11:48). അതായത്, അവനെ ഇപ്രകാരം അനുവദിച്ചാൽ അവന്റെ അടയാളങ്ങളാൽ എല്ലാവരും അവനിൽ വിശ്വസിക്കുകയും, അവനെ നേതാവ് എന്നും തലവൻ എന്നും വിളിച്ച് എല്ലാവരും അവന്റെ പിന്നിൽ അണിനിരക്കുകയും ചെയ്യും. നമ്മൾ റോമാക്കാർക്കെതിരായി മത്സരിക്കുന്നു എന്ന് അവർക്കു സംശയം ഉണ്ടാകാം. നമ്മോടു പ്രതികാരം ചെയ്യാൻ അവർ ഇതൊരു അവസരമായി എടുക്കും'. എന്നാൽ, അവർക്കുണ്ടായിരുന്ന ഈ ഭയം യാഥാർത്ഥ്യമായി തീരുകതന്നെ ചെയ്തു; അവർ ഭയന്നിരുന്നതു് അധികം വൈകാതെ അവർക്കു സംഭവിച്ചു. കാരണം, കയ്യാഫാസിന്റെ പൗരോഹിത്യം നിയമാനുസൃതമായിരുന്നില്ല. പുരാതന വൈദികനിരയിൽപ്പെട്ടവരായിരുന്നില്ല അന്നത്തെ പുരോഹിതർ, പിന്നെയോ, റോമാക്കാർക്കിഷ്ടമുള്ളവർക്കു് പണംവാങ്ങി കൈമാറിയിരുന്നു. ഓരോ വർഷവും പുരോഹിതന്മാർ മാറിക്കൊണ്ടിരുന്നു.

*അവൻ പ്രവചിക്കുകയായിരുന്നു* (11:52): പരിശുദ്ധാത്മാവിന്റെ ദാനത്താലല്ല, പിന്നെയോ, സംഭവപരമ്പരയിൽനിന്നും ദുഷ്ടമനസ്ഥിതിയിൽനിന്നും മാനുഷികചിന്തയിൽനിന്നുമാണ്. അതു് അപ്രകാരമായിരുന്നു എന്നു് സംഭവങ്ങൾ തെളിയിക്കുന്നു. അവൻ പറഞ്ഞതുകൊണ്ടല്ല, പിന്നെയോ, എല്ലാവരും നശിക്കാതിരിക്കാൻ അവർക്കുവേണ്ടി അവിടുന്നു മരിക്കുക എന്നതു് മനുഷ്യകുലത്തിനു് പ്രയോജനകരമായതിനാലാണ്. *മററു ചിലർ*: പറഞ്ഞതെന്താണെന്നോ, അതിന്റെ അർത്ഥമെന്താണെന്നോ, അതിന്റെ ശക്തി എവിടെനിന്നാണെന്നോ ഒന്നും അവനു് അറിയില്ലായിരുന്നു. മരണത്തിനുള്ള ഒരു വിധിവാചകമാണ് അവൻ പറഞ്ഞതു്. എന്നാൽ ആ മരണം രക്ഷയ്ക്കുവേണ്ടി ഉള്ളതായിരുന്നു. ബാലാമിനെപ്പോലെ, അവനും അനർഹനായിരുന്നെങ്കിലും തന്നെക്കാൾ ഉപരിസ്ഥമായ ഒന്നു് പറയുവാൻ കൃപ അവനിടയാക്കി. അതുകൊണ്ടു് അവൻ അറിയാതെയാണു് അവൻ പറഞ്ഞതു്. അവന്റെ മനസ്സുമായി ബന്ധമില്ലാതെതന്നെ കൃപ അവന്റെ അധരത്തെ ഉപയോഗിച്ചു. അതുകൊണ്ടാണു് ക്രിസ്തു, ജനത്തിനുവേണ്ടി മാത്രം മരിക്കണം എന്നു് അവൻ പറഞ്ഞതു്; എന്നാൽ അവിടുന്നു മരിച്ചതു് ലോകം മുഴുവനുംവേണ്ടിയാണു്.

ഭരണാധികാരികളുടെ വാക്കുകൂടി ശ്രദ്ധിക്കു: 'റോമാക്കാർ വന്നു് നമ്മുടെ വിശുദ്ധ സ്ഥലത്തെയും ജനങ്ങളെയും നശിപ്പിക്കും.' കയ്യാപ്പാ പറഞ്ഞതിനെക്കാൾ കൃത്യമായി ഈ കാര്യം

www.malankaralibrary.com



സംഭവിച്ചു. ഇതാ, മിശിഹാ മരിക്കുന്നതു് അവർക്കുവേണ്ടിയല്ല; അവിടുത്തെ മരണം അവരെ ദൈവികഭവനത്തിൽനിന്നു് പൂർണമായി പുറംതള്ളി. ഭരണാധികാരികളുടെ വാക്കു് യാഥാർത്ഥ്യമാകേണ്ടിയിരുന്നു; എന്നാൽ പൂർണമായിട്ടല്ല. കാരണം, 'നാം അവനെ ഇങ്ങനെ വിട്ടാൽ റോമാക്കാർ വരും....'. ഇതാ, അവർ അവനെ അങ്ങനെ വിട്ടില്ല.

*അവൻ എഫ്രായിം എന്ന പട്ടണത്തിൽ പോയി പാർത്തു* (11:54): മരുഭൂമിക്കടുത്തുള്ള എഫ്രായിം ഇപ്പോഴും ഒരു വലിയ പട്ടണമാണു്. ബേഥേലിനു് കിഴക്കായി ഏഴു് നാഴിക അകലെയാണു്. നമ്മുടെ കർത്താവു് പിന്നീടു് അവിടെപ്പോയി രഹസ്യമായി താമസിച്ചു; എന്തുകൊണ്ടെന്നാൽ അവിടുത്തെ സമയം അപ്പോഴും സമാഗതമായിരുന്നില്ല. ഇപ്പോഴും അവിടെ ഒരു വലിയ അത്ഭുതം നടക്കുന്നു. ഒരു തരത്തിലുള്ള വിഷജീവിയും ആ പട്ടണത്തിൽ കാണപ്പെടുന്നില്ല. ഒരു അണലിയോ, വിഷപ്പാമ്പോ തേളോ അതിനെ സമീപിച്ചാൽ അവിടെ കയറാൻ കഴിവില്ലാതെവരുന്നു; അതിനു് ആരെയും ഉപദ്രവിക്കാനും സാധിക്കില്ല. ആ നഗരാതിർത്തി വിട്ടു് പുറത്തുപോയില്ലെങ്കിൽ അതു് ചത്തുപോകുന്നു. അതിൽ വിഷജീവികൾ ഒന്നും തങ്ങാതിരിക്കുന്നതിനു് നമ്മുടെ കർത്താവു് പ്രസ്തുത സ്ഥലത്തെ മുദ്രവച്ചു എന്നു് ആ നാട്ടുകാർ പറയുന്നു.

*പെസഹായ്ക്കു് ആറു ദിവസം മുമ്പു് യേശു ബഥാനിയായിലേക്കു വന്നു* (12:1): പെസഹായ്ക്കു് രണ്ടു ദിവസം മുമ്പു് അവിടുന്നു് ബഥാനിയായിലേക്കു വന്നു എന്നാണു് മത്തായിയും (26:2) മർക്കോസും (14:1) പറയുന്നതു്. *ആറു ദിവസങ്ങൾക്കു മുൻപു്* എന്നു് യോഹന്നാൻ, സാബത്തുദിവസം, ഹോശാന്നകളുടെ ആഴ്ചയുടെ ആദ്യദിവസത്തിനു മുൻപു് അവിടുന്നു് ബഥാനിയായിലേക്കു വന്നു. ഇവ പരസ്പരവിരുദ്ധമല്ല. നമ്മുടെ കർത്താവു് വെള്ളിയാഴ്ചയ്ക്കു മുമ്പുള്ള രാത്രിയിലാണു് പെസഹാ ഭക്ഷിച്ചതു്; സാബത്തുദിവസം ബഥാനിയായിൽവന്നു. ബഥാനിയായിൽ വന്ന സാബത്തു മുതൽ വെള്ളിയാഴ്ചയ്ക്കു മുമ്പുള്ള രാത്രിവരെ ആറുദിവസങ്ങളുണ്ടു്. യോഹന്നാൻ ഈ കണക്കാണു നൽകുക; മത്തായിയും മർക്കോസും മറ്റൊന്നും. പെരുന്നാളിന്റെ ബഹുമാനാർത്ഥം അവർ മൂന്നു ദിവസം ആചരിച്ചിരുന്നു; അതു കഴിഞ്ഞു് മൂന്നു ദിവസവും. രണ്ടു് എന്നു പറഞ്ഞതു്, ആഴ്ചയുടെ ഒന്നാം ദിവസവും രണ്ടാം ദിവസവുമാണു്. ആഴ്ചയുടെ മൂന്നാം ദിവസം പെരുന്നാളിന്റെ

www.malankaralibrary.com



ഏഴ ദിവസങ്ങളുടെ ആരംഭമായിരുന്നു. അതുകൊണ്ട് അവർ ഈ കണക്കുകൂട്ടൽ ഉപയോഗിച്ചു. താബോർ മലയിലേക്ക് നമ്മുടെ കർത്താവ് കയറിയതിന് ഈ രീതിയാണ് മത്തായിയും (17:1) ലൂക്കോസും (9:28) സ്വീകരിച്ചിരിക്കുന്നത്: മത്തായി ആറ് ദിവസമെന്നും ലൂക്കോസ് എട്ടുദിവസം എന്നും പറയുന്നു. അതുപോലെ ഇവിടെയും യോഹന്നാൻ പെസഹാവരെയുള്ള ദിവസങ്ങളുടെ സംഖ്യ നൽകുന്നു. മത്തായിയും മർക്കോസുമാകട്ടെ, പെരുന്നാൾ ആഴ്ചയുടെ ആരംഭംമുതൽ *പെസഹാ* എന്നു വിളിക്കുന്നു.

മറിയം അവിടുത്തെ തലയിൽ പൂശിയെന്ന് മത്തായിയും അവിടുത്തെ പാദത്തിൽ പൂശിയെന്ന് യോഹന്നാനും പറയുന്നു. രണ്ടും നടന്നു കാണാനാണിട. മത്തായി ഭാഷ്യത്തിൽ നാമിതു് വിവരിച്ചിട്ടുള്ളതാണ്.

*പെരുന്നാളിൽ ആരാധിക്കാൻ വന്നവരിൽ ഏതാനും പുറജാതിക്കാരും ഉണ്ടായിരുന്നു* (12:20): യഹൂദന്മാരുടെ ഇടയിൽ എപ്പോഴും സംഭവിക്കുന്ന അത്ഭുതങ്ങളുടെ ആധിക്യത്തിലൂടെ ദൈവം ആലയത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. അവർ അവിടുത്തെ അവിടെ ആരാധിച്ചിരുന്നു. നിയമം പൂർണമായി അനുവർത്തിച്ചിരുന്നില്ലെങ്കിലും ധാരാളം പുറജാതികൾ തങ്ങളുടെ കഴിവിൽപ്പെട്ട രീതിയിൽ ദൈവത്തെ ആരാധിക്കാൻ ജറുസലേമിൽ പോയിരുന്നു. അവർ അപരിച്ഛേദിതർ ആയിരുന്നതിനാൽ പെസഹാരഹസ്യത്തിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ ഉത്സവത്തിൽ പങ്കെടുത്തിരുന്നു. നമ്മുടെ രക്ഷകനെ കാണാൻ ആഗ്രഹിച്ചുകൊണ്ട് *അവർ പീലിപ്പോസിന്റെ പക്കൽ വന്നു* (12:21). പീലിപ്പോസ് ഈ പുറജാതിക്കാരെപ്പറ്റി അവിടുത്തോട് പറയാൻ തുടങ്ങുകയായിരുന്നു. മോശയുടെ നിയമം അനുസരിച്ച് അവരുമായി കൂടികലരാൻ യഹൂദർക്ക് അനുവാദം ഇല്ലായിരുന്നു. 'പുറജാതികളുടെ വഴിയേ പോകരുത്'' എന്ന് അല്പം മുൻപേ നമ്മുടെ കർത്താവ് അവരോട് പറഞ്ഞതും അവൻ ഓർത്തു. അപവാദം പറയുന്നവർക്ക് അതിനുള്ള അവസരം കൊടുക്കാതിരിക്കാനാണ് അവിടുന്ന് ഇപ്രകാരം പറഞ്ഞിരുന്നത്. അതുകൊണ്ട്, തന്നെക്കാളും മുൻപേ ശിഷ്യനായിത്തീർന്ന അന്ത്രയോസിനെ പീലിപ്പോസ് കൂടെക്കൂട്ടി. 'ചില പുറജാതിക്കാർ നിന്നെ കാണുവാൻ ആഗ്രഹിക്കുന്നു' എന്ന് അവർ ഇരുവരുംകൂടി യേശുവിനെ അറിയിച്ചു.

www.malankaralibrary.com



## പുസ്തകം XIII

പുറജാതികൾ തന്റെ വിളി ശ്രവിക്കുമെന്നു മാത്രമല്ല ഇതിനെക്കാൾ വലിയ കാര്യങ്ങൾ സംഭവിക്കാൻ പോകുന്നു എന്നു് പറയാൻ ആഗ്രഹിച്ചുകൊണ്ടു് നമ്മുടെ കർത്താവു് അവരോടു് പറഞ്ഞു: *മനുഷ്യപുത്രൻ മഹത്ത്വപ്പെടാനുള്ള സമയമായിരിക്കുന്നു* (12:23). അതായതു്, എല്ലാ മനുഷ്യരാലും ഞാൻ മഹത്ത്വീകരിക്കപ്പെടാനുള്ള സമയം ആയിരിക്കുന്നു. എന്റെ സ്വഭാവത്തെക്കാൾ ഉപരിസ്ഥമായ കാര്യങ്ങൾ സംഭവിക്കും. അതായതു്, തന്റെ മഹത്ത്വം പ്രഖ്യാപിക്കപ്പെടാനുള്ള തന്റെ മരണവും ഉത്ഥാനവുംവഴി സംഭവിക്കാൻ പോകുന്ന അത്ഭുതങ്ങളെപ്പറ്റിയാണു് 'മഹത്ത്വീകരിക്കപ്പെടാൻ' എന്നു് അവിടുന്നു പറഞ്ഞതു്.

മഹത്തും നവീനവും അത്ഭുതകരവുമായ സംഗതികളെപ്പറ്റി പറഞ്ഞു. എന്നാൽ താൻ സഹിക്കാനിരിക്കുന്ന പീഡാനുഭവം അതിനെതിരായി കാണപ്പെട്ടതിനാൽ അവിടുന്നു് ഇതും കൂട്ടിച്ചേർത്തു: *"ഗോതമ്പുമണി നിലത്തുവീണു് അഴിയുന്നില്ലെങ്കിൽ...."* (12:24). അതായതു്, എന്റെ മരണം നിങ്ങളെ ചഞ്ചലപ്പെടുത്താതിരിക്കട്ടെ. ഗോതമ്പുമണി നിലത്തുവീണു് അഴിയുന്നില്ലെങ്കിൽ അതു് അതേപടി ഇരിക്കും. അതു് നിലത്തുവീണു് അഴിയുന്നെങ്കിലോ, അതു് ശക്തിയായി മുളച്ചുവരുകയും വളരെ ഫലം പുറപ്പെടുവിക്കുകയും ചെയ്യും' എന്റെ മരണത്തെപ്പറ്റി നിങ്ങൾ ഇപ്രകാരം ചിന്തിക്കുവിൻ. ഞാൻ തനിയെ ആണു്; മഹത്ത്വം കൂടാതെയുമാണു്. സാധാരണ മനുഷ്യനായി ഞാൻ പരിഗണിക്കപ്പെടുന്നു. എന്നാൽ, ഞാൻ കുരിശിന്റെ സഹനം സ്വീകരിച്ചു കഴിയുമ്പോൾ ഞാൻ വലിയ പ്രതാപത്തിൽ എഴുന്നേൽക്കും. അപ്പോൾ ഞാൻ ധാരാളം ഫലം പുറപ്പെടുവിക്കും. സകലരും എന്നെ കർത്താവായി അംഗീകരിക്കും; യൂദർ മാത്രമല്ല ജാതികളും. ആത്മീയ ശക്തികളും എന്നെ ആരാധിക്കും എന്നതാണു് കൂടുതൽ ആശ്ചര്യകരമായിട്ടുള്ളതു്. അതുകൊണ്ടു് കുരിശു് എനിക്കു് മഹത്ത്വഹേതുവാണു്; എല്ലാ മനുഷ്യർക്കും രക്ഷാഹേതുവും.

*ഇതാ, ഇപ്പോൾ എന്റെ ആത്മാവു് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? എന്റെ പിതാവേ, ഈ മണിക്കൂറിൽനിന്നു് എന്നെ രക്ഷിക്കണമെ* (12:27): സഹനവിധേയനല്ലാത്ത ഒരാൾ സഹിക്കാനായി അവരെ പ്രേരിപ്പിക്കുന്നു എന്നു് അവർ ചിന്തിക്കാതിരിക്കാനായി അവൻ സ്വഭാവത്തെ മധ്യത്തിലേക്കു കൊണ്ടുവരികയും

www.malankaralibrary.com



ബലഹീനതയും ഇതേക്കുറിച്ചുള്ള ഭയവും പരസ്യമായി കാണിക്കുകയും ചെയ്യുന്നു. സംഭവിക്കാൻ പോകുന്നവയുടെ ചിന്തയാൽ *അവന്റെ ആത്മാവും അസ്വസ്ഥമായി.* അതുകൊണ്ട് വിശ്വാസയോഗ്യമായ ഒരു ദൃഷ്ടാന്തം അവിടുന്നു കാണിക്കുന്നു. എന്റെ ഈ കാര്യങ്ങൾ നിങ്ങൾ പരിഗണിക്കുവിൻ. സഹനവിധേയവും വിനീതവും ഭയക്കുന്നതും വേദനയുടെ ചിന്തയാൽ പോലും വേഗത്തിൽ അസ്വസ്ഥമാകുന്നതുമായ ഒരു ശരീരത്തിലാണു ഞാൻ വന്നിരിക്കുന്നത്. എങ്കിലെന്ത്? അതിപ്രകാരം ആണെങ്കിലും ഞാൻ മരണത്തെ നിരസിക്കുന്നില്ല. ഇതിൽനിന്നു രക്ഷപ്പെടാൻ ഞാൻ പിതാവിനോട് പ്രാർത്ഥിക്കുന്നുമില്ല; അത് ഉചിതമായിരിക്കുകയില്ല. പിന്നെയോ എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ഞാനിതു സഹിക്കും; *ഇതിനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്* (12:27). *പിതാവേ, അങ്ങയുടെ നാമം മഹത്വപ്പെടുത്തണമെ* (12:28): ദൈവത്തിന് വലിയ മഹത്വകാരണമായ ഇത് ഞാൻ ആവശ്യപ്പെടുന്നു: പിതാവേ, വേഗത്തിൽ എന്നെ പീഡാനുഭവത്തിലേക്ക് ആനയിക്കണമെ; കുരിശിലേക്ക് എന്നെ അടുപ്പിക്കണമെ എന്നിത്യാദി. അവൻ ഇതു പറഞ്ഞപ്പോൾ *സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും* (12:28). അതായത്, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഞാൻ ചെയ്ത അത്ഭുതങ്ങൾവഴി ഞാൻ എന്നെത്തന്നെ വെളിപ്പെടുത്തി. എന്റെ ക്രൂശാരോഹണാനന്തരം സംഭവിക്കുന്ന അത്ഭുതങ്ങളിലൂടെയും ഞാൻ വെളിപ്പെടുത്തും: 'നിങ്ങൾ പോയി സകല ജാതികളെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പഠിപ്പിക്കുവിൻ' എന്നത് ശക്തിയോടും അടയാളങ്ങളോടും കൂടെ പൂർത്തീകരിക്കപ്പെടും. കേട്ട ശബ്ദത്തെപ്പറ്റി ജനങ്ങൾക്കിടയിൽ വിഭിന്നാഭിപ്രായങ്ങൾ ഉണ്ടായി. 'ഇടിമുഴക്കം ഉണ്ടായി' എന്ന് ചിലർ പറഞ്ഞു; *ഒരു ദൂതൻ അവനോടു സംസാരിച്ചു* എന്ന് മറ്റു ചിലർ പറഞ്ഞു (12:29). അത് വ്യക്തവും സ്ഫുടവുമായ ശബ്ദമായിരുന്നില്ല; പിന്നെയോ ഒരുഗ്രശബ്ദമായിരുന്നു; ശ്രോതാക്കൾ അതു കേട്ട് ഭയന്നുപോയി. വെളിപാടുവഴി സംസാരിച്ച സ്വരം ശിഷ്യർ തിരിച്ചറിഞ്ഞു.

*അവൻ പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്* (12:30): ദൈവമായിരിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് അവൻ ദൈവത്തിൽനിന്നല്ലെന്ന് പറയാൻ മുതിരുന്നതിനെ കുറ്റപ്പെടുത്തിക്കൊണ്ടോ, ദൈവത്തിൽനിന്നു മഹത്വം കിട്ടുന്ന എനിക്കെതിരെ ചിന്തിക്കാൻ അനുവദിക്കാതിരിക്കുന്നതിനോ ആണിത്. താൻ

www.malankaralibrary.com



പ്രയോജനരഹിതമായിട്ടല്ല പീഡസഹിക്കുന്നതു്, പിന്നെയോ, തൻെറ പീഡാനുഭവം ലോകത്തിനു് വലിയ നന്മയ്ക്കു് ഹേതുവാണു് എന്നു് ശിഷ്യരെ ധരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടു് അവിടുന്നു പറയുന്നു: *ഇപ്പോഴാണു് ഈ ലോകത്തിൻെറ ന്യായവിധി; ഇപ്പോൾ ഈ ലോകത്തിൻെറ അധികാരി പുറന്തള്ളപ്പെടും.* ആദ്യമനുഷ്യൻ തൻെറ അനുസരണക്കേടിനാൽ ദൂരെ അയയ്ക്കപ്പെട്ടു; അവൻ മരണത്തിനു വിധിക്കപ്പെട്ടതിനാൽ അവനും അവനു ശേഷംവന്ന എല്ലാ മനുഷ്യരും മരണത്തിനും സാത്താനും വിധേയരായി. പാപം വർദ്ധിച്ചതനുസരിച്ചു്, അവർക്കെതിരെ സാത്താൻ മരണത്തിൻെറ സാമ്രാജ്യം സദാ ഉറപ്പിച്ചുകൊണ്ടിരുന്നു. ഈ ക്രൂരനോടു് പോരാടുവാൻ ശക്തിയുള്ള ഒരുവനും ഉണ്ടായില്ല. അതുകൊണ്ടു്, കടന്നുപോയതും വരാനിരിക്കുന്നതുമായ സകല മനുഷ്യർക്കുംവേണ്ടി, എന്നിൽ വസിക്കുന്ന സ്വഭാവത്തിൻെറ സഹായത്തിനായി ഞാൻ വന്നിരിക്കുന്നു. എന്നിലൂടെ ലോകം സാത്താനോടുകൂടെ വിധിക്കപ്പെടും. അതുകൊണ്ടു് അവിടുന്നു് ന്യായാസനരംഗം, എതിരാളി, വിധിവാചകം എന്നിവ അവതരിപ്പിക്കുന്നു. അവയിൽ നിന്നു് വിജയവും പരാജയവുമുണ്ടാകുവാനാണിതു്.

*ലോകത്തിൻെറ അധികാരി* ആരാണു്? പിശാചു്. *ലോകം* ഏതാണു്? മനുഷ്യകുലം. *ന്യായവിധി* എന്താണു്? ശത്രുവിനു് എതിരെയുള്ള ആരോപണം. *പുറന്തള്ളപ്പെടുന്നതു്* എന്താണു്? പിശാചിൻെറ പുറന്തള്ളലും പരാജയവും വിധിയും. ആരാണു് കുററാരോപകൻ? ബലാൽ നയിക്കപ്പെട്ട പ്രകൃതി. കാരണം, എല്ലാവർക്കുംവേണ്ടി ആരംഭത്തിൽ നമ്മുടെ ബന്ധു പോരാട്ടം നടത്തി. വിജയവും എല്ലാവരുടേതുമാണു്. ഇതു *ലോകത്തിനു*വേണ്ടിയാണു് എന്നു് അവിടുന്നു പറയുന്നതു് എന്തിനാണു്? കാരണം, ഏതാനോടുകൂടി സർവ്വ പ്രകൃതിയും വിധിക്കപ്പെടും; അതോടുകൂടി സാത്താനും. ശരീരത്തിൽ ഞാൻ പ്രകൃതിക്കു തുല്യനാണെങ്കിലും ബഹുമാനത്തിൽ ഞാൻ ഇവയുടെ കർത്താവും വിധിയാളനുമാണു്. മരണം വരിക്കാതിരിക്കാൻ എനിക്കു കഴിയുമെങ്കിലും, ഭയത്തിനു് അടിമയായി എന്നു കരുതപ്പെടാതിരിപ്പാൻ ഞാൻ മരണത്തെ അഭിമുഖീകരിക്കുന്നു.

ഹാനോക്കു്, ഏലിയാ എന്നിവരെപ്പോലെ അത്തരം ഒരു മഹനീയകർമ്മത്തിനു് എനിക്കു മാത്രമാണു് അവകാശമുള്ളതു് എന്ന സാധ്യതയെപ്പററി ചിന്തിക്കാം. ഞാൻ പീഡകരം സഹിച്ചു്, മരിച്ചു് ഉത്ഥാനം ചെയ്തശേഷം, ക്രൂരനെ വിധിച്ചു് എല്ലാ പ്രകൃതിക്കും ഞാൻ സ്വാതന്ത്ര്യം നൽകും. അവരെ

www.malankaralibrary.com



യെല്ലാം ഞാൻ സാത്താനിൽനിന്നും മരണത്തിൽനിന്നും പാപത്തിൽനിന്നും വിടുവിച്ച് എന്നിലേക്ക് അടുപ്പിക്കും. ഞാൻ അവരെ എനിക്കു തുല്യരാക്കും. സ്വഭാവത്തിൽ എന്നോട് ഭാഗഭാഗിത്വമുള്ളവർ ദാനത്തിലും എന്നോടുകൂടി ഭാഗഭാഗിത്വമുള്ളവർ ആയിരിക്കുക ഉചിതമാണ്. ഒരേ സ്വഭാവത്തിൽ തന്നെ മർത്ത്യവും അമർത്ത്യവും ഉണ്ടായിരിക്കുക അസാധ്യമാണ്.

എല്ലാ സ്വാഭാവിക വസ്തുക്കളും പ്രകൃതിക്ക് പൊതുവാണ്. എങ്കിലും പിതാവ് പുത്രനിലേക്ക് ആകർഷിക്കുന്നു എന്ന് ഒരിടത്തു പറയുന്നു (6:44). എന്നാൽ ഇവിടെ 'യേശു ആകർഷിക്കും' എന്നു പറയുന്നത് പിതാവിനും പുത്രനും ഒരേ കഴിവുണ്ട് എന്നു കാണിക്കാനാണ്. *ആകർഷിക്കുക* എന്നതിന് *ചിലർ* കൊടുക്കുന്ന അർത്ഥം: 'ദുഷ്ടനാൽ അവശ്യാവശ്യം അവർ നയിക്കപ്പെട്ടു; സ്വന്തമായി വീണ്ടെടുക്കപ്പെടുവാൻ അവർക്ക് ഒരു പഴുതും ഉണ്ടായിരുന്നില്ല'. എന്നാൽ എങ്ങനെയാണ് അവൻ *ആകർഷിക്കുന്നത്?* അവിടുന്ന് സകലർക്കും, മുമ്പുള്ളവർക്കുപോലും, ഉത്ഥാനത്തിന്റെ പ്രത്യാശ പ്രദാനം ചെയ്തു. അവസാനത്തിൽ നാം അതിൽ ഭാഗഭാക്കുകളാകും. ഇവിടെ വച്ചുതന്നെ അനേകർക്ക് അവിടുന്ന് സത്യത്തിന്റെ അറിവ് നൽകി. അനേകരെ ദുഷ്ടനിൽനിന്നും തന്റെ നിയമങ്ങൾ വഴി പലതരം തിന്മകളിൽനിന്നും വീണ്ടെടുത്തു; എന്നാൽ ഉത്ഥാനത്തിൽ എല്ലാവരെയും പൂർണമായി വീണ്ടെടുക്കും.

*'അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണ് വരിക്കാൻപോകുന്നത് എന്നു സൂചിപ്പിക്കുവാനാണ്'. 'ഇപ്പോഴാണ് ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും'* എന്ന് ഇതുവഴി അവിടുന്ന് കാണിച്ചു. അതായത്, ഈ ലോകം വിധിക്കപ്പെടാനും ശത്രു ശിക്ഷിക്കപ്പെടാനും അവൻ മരിക്കാൻ പോകുന്നു; അല്ലാതെ അവൻ അർഹിക്കുന്നതുകൊണ്ടല്ല.

*അവന്റെ മഹത്ത്വം ദർശിച്ചതിനാലാണ് ഏശായാ ഇങ്ങനെ പ്രസ്താവിച്ചത്* (12:41): ഏശായാ പിതാവിനെപ്പററിയാണ് പറഞ്ഞതെങ്കിലും സുവിശേഷകൻ പുത്രനെപ്പററിയാണ് പറയുക. റോമിൽ റോമാക്കാരോട് സംസാരിച്ച ശ്ലീഹായാകട്ടെ ഇത് പരിശുദ്ധാത്മാവിനെപ്പററിയാണ് പറയുന്നത് (നട. 28:25). മൂന്നാളുകൾക്കും ഒരേ മഹത്ത്വവും ഒരേ വിശുദ്ധിയും ആണ് എന്നതിന്റെ അടയാളമായിട്ട്. അവരിൽ

www.malankaralibrary.com



ചിലർ സത്യത്തിൽ വിശ്വസിച്ചതിനാൽ; അത്ഭുതങ്ങൾ കണ്ടിട്ടുപോലും വിശ്വസിക്കാത്തവരും ഉണ്ടായിരുന്നു. അടയാളങ്ങൾ കണ്ട് ചിലർ സത്യം അംഗീകരിച്ചു. എങ്കിലും തങ്ങളുടെ മാന്യസ്ഥാനത്തിനു കോട്ടം തട്ടാതിരിക്കാൻ, വ്യർത്ഥാഭിമാനത്താൽ അവർ തങ്ങളുടെ ചിന്തകൾ പ്രകാശിപ്പിച്ചില്ല. അതുകൊണ്ട്, നമ്മുടെ കർത്താവു പറയുന്നു: *എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്* (12:44): അതായത്, എന്നിലുള്ള വിശ്വാസം പിതാവിലേക്ക് നയിക്കുന്നു; അവനോട് അവിടുന്ന് പറയുന്നു: 'ഞാൻ നിന്നെ നയിക്കുന്നു' അതാണ് എന്റെ വചനത്തിന്റെ ലക്ഷ്യം. അതുകൊണ്ട്, എന്റെ വാക്കുമൂലം എന്നിൽ വിശ്വസിക്കുന്നവർ പിതാവിനെ അംഗീകരിക്കുന്നു. 'എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു'. അതിനു തൊട്ടുമുമ്പുള്ളതിനു് വിപരീതമാണ് ഇതു് എന്നു തോന്നാം. അതു് വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു; ഇതാകട്ടെ യഥാർത്ഥ സാധർമ്മ്യവും. അവൻ വഴി പിതാവിനെ കാണാം. സാധർമ്മ്യത്താൽ ദർശനത്തിനടുത്തെത്തുവാൻ കഴിയും എന്നതു് വ്യക്തമാണല്ലോ. ആദ്യത്തേതു് തന്റെ മനുഷ്യത്വത്തെപ്പറ്റിയും ഇതു് ദൈവത്വത്തെപ്പറ്റിയുമാണ്.

*എന്റെ വാക്കു കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല; കാരണം, ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്* (12:47): എന്റെ വാക്ക് ഒരാൾ കേട്ടില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല; കാരണം, ഞാൻ അവനെ രക്ഷിക്കാൻ വന്നതാണ്; എന്റെ വരവിന്റെ ലക്ഷ്യവും ഇതാണ്. അവൻ ഇതും കൂട്ടിച്ചേർക്കുന്നു: "എന്നാൽ എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവനു് ഒരു വിധികർത്താവുണ്ട്: ഞാൻ പറഞ്ഞ വചനം തന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും' (12:48). നാം ഒറ്റയ്ക്കെടുത്തു് പരിശോധിച്ചാൽ പരസ്പര വിരുദ്ധം എന്നു തോന്നാവുന്ന പല വാചകങ്ങളും തിരുലിഖിതത്തിൽ കാണാം. 'ഞാൻ വിധിക്കുന്നില്ല' എന്നതും 'വിധിയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു' എന്നതും പരസ്പര വിരുദ്ധമല്ലേ? (5:22; 9:39). അതുപോലെ 'ഈ ലോകത്തിന്റെ ന്യായവിധിക്കായി ഞാൻ വന്നിരിക്കുന്നു' എന്നതും 'ഞാൻ പറഞ്ഞ വചനം തന്നെ' എന്നതും. അതൊരു വ്യക്തിയല്ലാതിരിക്കെ അതെങ്ങനെ വിധിക്കും? 'എന്റെ വരവിന്റെ ലക്ഷ്യം എല്ലാവരുടെയും രക്ഷയാണ്" എന്നു പറയാൻ അവിടുന്നാഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ വിശ്വസിക്കായ്കയാൽ വിധിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



കാരണം, അനുവദനീയമല്ലാത്തവ, എന്റെ ലക്ഷ്യത്തിനു് വിരുദ്ധമായവ, എന്നിൽ നിന്നുള്ളതല്ല. കാരണം, ഞാൻ അതു് ആഗ്രഹിക്കുന്നില്ല. അനുവദനീയമല്ലാത്ത കാര്യങ്ങളെക്കുറിച്ചുള്ള എന്റെ വാക്കുകളാൽ നിങ്ങളുടെ മനസ്സിന്റെ ദുഷ്ടതയിൽ നിങ്ങൾ കുററക്കാരാണു്. വിശ്വസിക്കാത്തവർക്കു് യാതൊരു ന്യായീകരണവും ഇല്ല. 'പിതാവിനെതിരായിട്ടൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല' എന്ന ഈ വാക്കുകൾ നിരവധി പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതാണു്. എന്റെ സ്വന്തമായോ എനിക്കു വേണ്ടിയോ ഒരു സിനഗോഗു് ഉണ്ടാക്കാൻ ഞാൻ മുതിരുന്നില്ല.

*ഞാൻ സ്വമേധയാ അല്ല സംസാരിച്ചതു്* (12:49): അതായതു്, സംസാരിക്കുന്ന പിതാവിന്റെ തിരുഹിതത്തിനു് അനുസൃതമായതിനാലാണു് ഞാൻ ഇതു പറഞ്ഞതു്. ഞാൻ ദൈവത്തിൽനിന്നുവന്നു; ദൈവത്തിലേക്കു പോകുന്നു (13:3): അതായതു്, തന്റെ പീഡാനുഭവത്തിനുശേഷം താൻ ആയിത്തീരാനുള്ള എല്ലാ ഔന്നത്യത്തിനും ദൈവം അവനെ നിശ്ചയിച്ചിരിക്കുന്നു എന്നറിഞ്ഞിട്ടും അതിൽ അഹങ്കരിച്ചില്ല. അതിന്റെ ഗർവു കാട്ടിയില്ല. എത്ര അഗാധമായ എളിമയാണതു്!

*അവൻ ശെമഓൻ പത്രോസിന്റെ അടുത്തെത്തിയപ്പോൾ....* (13:6): അവൻ തുടങ്ങിയതു് ആരു മുതലാണു്? ഒററുകാരനായ യൂദാ മുതൽ എന്നു് *ദൈവവാഹകരിൽ* ഒരാൾ പറയുന്നു: കർത്താവു് അവന്റെ പാദം ആദ്യംകഴുകി, അങ്ങനെ എല്ലാത്തരത്തിലും അവനെ ലജ്ജിപ്പിക്കാനും അവനു് ഒരു ന്യായവും പറയാൻ ഇടം നൽകാതിരിക്കാനും അവിടുന്നാഗ്രഹിച്ചു എന്നു പറയപ്പെടുന്നു. പത്രോസു് ഒഴിച്ചു് മററാരും കർത്താവിനെ തടസ്സപ്പെടുത്താതിരുന്നതു് എന്തുകൊണ്ടു്? യേശു ഒററുകാരന്റെ പക്കൽനിന്നു് അടുത്തതായി പത്രോസിന്റെ അടുത്തെത്തി എന്നു് എനിക്കു തോന്നുന്നു; യൂദാ ലജ്ജിച്ചില്ല, ഭയപ്പെട്ടുമില്ല. എല്ലാക്കാര്യങ്ങളിലും അവൻ കൂസലില്ലാത്തവനും ധിക്കാരിയുമായിരുന്നു. കർത്താവു് തന്റെ പാദം കഴുകുന്നതോ, അപ്പസ്തോല പ്രമുഖനെക്കാൾ മുമ്പായി കഴുകപ്പെടുന്നതോ, കർത്താവിനോടുകൂടി താലത്തിൽ കൈ മുക്കുന്നതോ ഒന്നും വലിയ കാര്യമായി അവൻ കരുതിയില്ല. എന്നാൽ ശാന്തരും കർത്താവിനു് ചുററും നിന്നിരുന്നവരുമായ മററുള്ളവർ എന്തുകൊണ്ടു് പിന്മാറിയില്ല? 'ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്കു് എന്നോടുകൂടെ പങ്കില്ല' എന്നു് ശെമഓനോടു് അവിടുന്നു് പറയുന്നതു് കേട്ടതിനാൽ അവർ നിശ്ശബ്ദരായി നിലകൊണ്ടു.

www.malankaralibrary.com



*കുളി കഴിഞ്ഞവൻ തന്റെ പാദങ്ങൾ മാത്രമേ കഴുകേണ്ടതുള്ളൂ* (13:10) : ശെമയോൻ കരുതിയതുപോലെ ഇതു് മാമോദീസാ അല്ല എന്നു് അവിടുന്നു പറഞ്ഞു. കാരണം, നിങ്ങൾ അതു് ഒരിക്കൽ സ്വീകരിച്ചതാണ്. അതു വീണ്ടും സ്വീകരിക്കേണ്ട ആവശ്യമില്ല. *പിന്നീട് നിങ്ങൾ അറിയാൻ പോകുന്ന*തിന്റെ മുൻകുറിയാണിതു് (13:7-8). അതായതു്, എപ്പോഴെന്നും ആരുടെ കരങ്ങളാലെന്നും. യേശു വിളിക്കുന്നതിനു മുൻപ് യോഹന്നാനിൽനിന്നു് അവരെല്ലാം പാപമോചനത്തിനുള്ള സ്നാനം സ്വീകരിച്ചിരുന്നു. അവരൊക്കെ ആദ്യം അവന്റെ ശിഷ്യരായിരുന്നല്ലോ. ജനക്കൂട്ടത്തിന്റെ കൂടെ ശുദ്ധീകരണത്തിനുള്ള സ്നാനം അവർക്കും കിട്ടിയിരുന്നു. മാളികമുറിയിൽ വച്ചുള്ള ആത്മാവിന്റെ ആവാസം ഇവയെല്ലാം പൂർത്തിയാക്കി.

## പുസ്തകം XIV

*'ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല'* (13:16) എന്നതു് മത്തായി ഭാഷ്യത്തിൽ നാം വ്യാഖ്യാനിച്ചിട്ടുള്ളതാണ്. *എന്നോടുകൂടി അപ്പം ഭക്ഷിക്കുന്നവൻ തന്റെ കുതികാൽ എനിക്കെതിരെ ഉയർത്തി* (13:18). അതു് സുറിയാനിയിൽ 'എന്റെ അപ്പം ഭക്ഷിക്കുന്നവൻ, ഞാൻ വളരെയധികം വിശ്വസിക്കുന്നവൻ, എനിക്കെതിരെ വളരെയധികം ഗൂഢാലോചന നടത്തി' (സങ്കീ. 41:9) എന്നാണ്. അതു് ഒററുകാരനു് ചേരുന്നതു് അവനെപ്പററി പ്രവചനമായി പറഞ്ഞിരിക്കുന്നതിനാലല്ല, പിന്നെയോ, അവന്റെ പ്രവൃത്തികൾ നിമിത്തമാണ്. പെസഹാഭക്ഷണത്തിൽ സംഭവങ്ങൾ നടന്ന ക്രമം പ്രബോധകർ കൈമാറി തന്നിരിക്കുന്നതു് ഈ രീതിയിലാണ്. ശിഷ്യരോടൊത്തു് ഭക്ഷിച്ചശേഷം പെസഹാഗാനം ആലപിച്ചു; നിയാമിക ചടങ്ങുകൾ അനുഷ്ഠിച്ചു; പിന്നീടു് തന്റെതന്നെ അത്താഴം കഴിച്ചു. അത്താഴത്തിനിടയിൽ അവിടുന്നു് എഴുന്നേററു് ശിഷ്യരുടെ പാദങ്ങൾ കഴുകി; കഴുകലിനുശേഷം, രേഖപ്പെടുത്തിയിരിക്കുന്നതുപോലെ അവിടുന്നു് വീണ്ടും ഇരുന്നു. പാദം കഴുകിയതിന്റെ അർത്ഥം വിവരിച്ചു. അതേപ്പററി സമുചിതമായി പഠിപ്പിച്ചശേഷം അവർക്കു ദിവ്യരഹസ്യങ്ങൾ നൽകി. അവിടുന്നു് വലിയ കരുതലോടും ബഹുമാനത്തോടുംകൂടിയാണ് ദിവ്യരഹസ്യങ്ങൾ കൊടുത്തതു് എന്നു് പറയപ്പെടുന്നു. അവ എത്ര മഹത്തരവും മഹനീയവുമാണെന്നു് അവർ ഗ്രഹിക്കാൻവേണ്ടി ആയിരുന്നിതു്. ദിവ്യരഹസ്യങ്ങളുടെ ദാനങ്ങൾക്കുശേഷം യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന പ്രബോധനം നൽകി.

www.malankaralibrary.com



പ്രബോധനാനന്തരം അവർ സ്തോത്രമാലപിച്ചു; അതിനുശേഷം ഒലിവുമലയിലേക്കുപോയി. എന്നാൽ യോഹന്നാൻ രേഖപ്പെടുത്തുന്നതുപോലെ, പൊതുവായ അപ്പത്തിന്റെ കഷണം ഏതോ പാത്രത്തിൽ മുക്കി യൂദാസ്സു നൽകിയതു് ദിവ്യരഹസ്യങ്ങളുടെ സ്വീകരണാനന്തരം ആയിരിക്കാം.

*അപ്പം സ്വീകരിച്ച ശേഷം സാത്താൻ അവനിൽ പ്രവേശിച്ചു* (13:27) എന്നു് സുവിശേഷകൻ പറയുന്നു. ദിവ്യരഹസ്യങ്ങളുടെ അപ്പത്തെപ്പററിയല്ല, പിന്നെയോ മേശപ്പുറത്തിരുന്ന പൊതുവായ അപ്പത്തെപ്പററിയാണ് അവൻ യൂദായ്ക്കു കൊടുത്തു എന്നു് പറഞ്ഞിരിക്കുന്നതു്. യൂദാ മനസ്സിൽ രഹസ്യമായി കാത്തുസൂക്ഷിച്ചുവച്ചിരുന്നതു് അപ്പം നല്കുകവഴി ശിഷ്യർക്കു വെളിപ്പെടുത്തുകയായിരുന്നു. അതിനുശേഷം അവൻ തന്റെ ചിന്തയിൽ ന്യായീകരണം കണ്ടെത്തി; ഈ ദുശ്ചിന്തകനെസ്സംതം അവശ്യാവശ്യം വഞ്ചന കാണിക്കാനായി കുററപ്പെടുത്തൽ വഴി അവൻ വേർതിരിക്കപ്പെട്ടു. പിശാചിനും ഈ ഗൂഢാലോചനയിൽ പങ്കുണ്ടായിരുന്നതിനാൽ അവനെ സുവിശേഷകൻ *സാത്താൻ* എന്നു വിളിക്കുന്നു. ദിവ്യരഹസ്യങ്ങളും നൽകിയതിനുശേഷമാണ് അപ്പക്കഷണം നൽകപ്പെട്ടതു്; ദിവ്യരഹസ്യങ്ങളെപ്പററി നമ്മുടെ കർത്താവ് സംസാരിച്ചുകൊണ്ടിരുന്നപ്പോഴും യഹൂദരെ കൊണ്ടുവരാൻ യൂദാ ഇറങ്ങിപ്പുറപ്പെട്ടു കഴിഞ്ഞു.

യേശു സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്കു് ചാരിക്കിടന്നിരുന്നു. ശെമഓൻ പത്രോസ് അവനോടു് ആഗ്യം കാണിച്ചു ചോദിച്ചു .... (13:23-24). സുവിശേഷകൻ മറച്ചുവച്ചു് സംസാരിക്കുന്നു. അതായതു്, 'യേശു അവനെ സ്നേഹിച്ചിരുന്നു' എന്ന കാര്യം. യേശു സ്നേഹിച്ചിരുന്നവൻ എന്നതു് തന്നെപ്പററിയാണ് : അതായതു് സുവിശേഷകനായ യോഹന്നാൽ തന്നെ. *അവന്റെ വക്ഷസ്സിൽ* എന്നതു് അവനോടുള്ള ഹൃദയൈക്യവും അടുപ്പവും നിമിത്തമാണ്. ഇതേപ്പററി നാം മറെറാരിടത്തു് വ്യാഖ്യാനിച്ചിട്ടുണ്ടു്. അതായതു്, സുവിശേഷകനായ യോഹന്നാന്റെ ആരംഭത്തിൽതന്നെ. *അവൻ പിതാവിന്റെ മടിയിലാണ്* എന്നതിന്റെ വ്യാഖ്യാനത്തിലാണ്. കാരണം, ക്രമം ഇതിലേക്കു നയിച്ചു. *അക്കുമ്പിതുമിന്* ചുററും; അതായതു്, വട്ടത്തിലുള്ള മേശ, അവർ ഇരിക്കയായിരുന്നു; മേശസ്ഥരുകിൽ ഒന്നാമതു് ഇരുന്നതു് നമ്മുടെ കർത്താവ്; അവനുശേഷം വലതുവശത്തായി ശെമഓൻ. വട്ടമേശയായിരുന്നതിനാൽ സർക്കിൾ രൂപത്തിലിരിക്കുക ആവശ്യമായിരുന്നു. മേശസ്ഥരുകിൽ അവസാനം ഇരുന്നതു്

www.malankaralibrary.com



യോഹന്നാനായിരുന്നു. അതായത്, വക്ഷസ്സിൽ; അതായത് വശത്തായി അവിടുത്തെ കക്ഷ്യനോട് ചേർന്ന്. അവിടുന്നു പറഞ്ഞത് ആരെപ്പററിയാണ് എന്ന് ചോദിക്കാൻ ശെമഓൻ അവനോട് ആഗ്യം കാണിച്ചു. രണ്ടു കാരണങ്ങളാലാണ് പത്രോസ് ചോദിക്കാഞ്ഞത്: ഒന്ന്, കർത്താവിന്റെ തലയ്ക്കരുകിൽ നിന്നകന്നായിരുന്നു അവൻ; അതായത്, പാദത്തിനരുകിലായിരുന്നു ഇരുന്നത്. രണ്ട്, 'നീ എന്നേക്കും ജീവിക്കുന്ന മിശിഹാ ആകയാൽ നിനക്കിതു സംഭവിക്കാതിരിക്കട്ടെ' എന്ന് തന്റെ ദുർബല നിമിഷത്തിൽ പത്രോസ് പറഞ്ഞതിന് നമ്മുടെ കർത്താവ് അവനെ സാത്താനേ, എന്നുവിളിച്ചു. നമ്മുടെ കർത്താവ് ശെമഓനെപ്പററിയാണ് പറയുന്നതെന്നു കരുതി അവൻ ഭയന്നു വിറച്ചുപോയി.

യോഹന്നാനാകട്ടെ, മററാരും കേൾക്കാതിരിക്കാനായി അടുത്തുള്ള ഇടത്തു ചെവിയിൽ മന്ത്രിക്കാതെ മറേറ വശത്തേക്കു മുഖം തിരിച്ചു; അവിടുത്തെ വക്ഷസിലേക്കു വീണുകിടന്ന വശം ഇതായിരുന്നു. രഹസ്യമായി അവന്റെ വലത്തെ ചെവിയിലേക്കു മന്ത്രിച്ചു. അവിടുന്ന് പറഞ്ഞത് ഉടനെ പുറത്തു പറയുക ഉചിതമല്ല എന്ന് അവനു തോന്നിക്കാണണം. നമ്മുടെ കർത്താവു എന്താണ് അവനോട് മറുപടി പറഞ്ഞത്? അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ. 'അവൻ അപ്പക്കഷണം മുക്കി ശെമഓൻ സ്കറിയോത്തായുടെ മകൻ യൂദാസ്സു കൊടുത്തു'. യോഹന്നാന് ഉടൻതന്നെ ആളെ പിടികിട്ടി. ഒരടയാളംവഴി ശെമഓനും മനസ്സിലാക്കിയിരിക്കാം. എന്നാൽ മററുള്ളവരിൽനിന്ന് അതു് അപ്പോഴും മറച്ചുവച്ചിരുന്നു. 'നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക' എന്ന് അവനോട് പറഞ്ഞത്, പെരുന്നാളിനു വേണ്ടതു് ഒരുക്കാൻ അവിടുന്ന് കല്പിക്കുന്നതായി അവർ മനസ്സിലാക്കിയതു് ഇതിനു തെളിവാണ്.

അത്താഴത്തിനുശേഷം *അവിടുന്ന് അപ്പംമുക്കി* എന്നിത്യാദി.... ഇതു് അവരുടെ പതിവായിരുന്നു. ഇന്നും പലസ്തീനയിലെ ജനങ്ങളും റോമാക്കാരും അപ്പം ഭക്ഷിച്ചശേഷം എടുത്തു മാററാതെ അപ്പവും കുടിസാധനങ്ങളും തങ്ങളുടെ മുൻപിൽതന്നെ വച്ചിരിക്കും. നമ്മുടെ കർത്താവും ഈ പതിവനുസരിച്ചു് പ്രവർത്തിച്ചു. അത്താഴത്തിനുശേഷം അവിടുന്ന് ദിവ്യരഹസ്യങ്ങൾ ആവിഷ്ക്കരിച്ചു. പിന്നീട് ഒരു കഷണം അപ്പം യൂദായ്ക്കു കൊടുത്തു. യൂദാ പുറത്തുപോയശേഷം തന്റെ ദിവ്യപ്രബോധനം ആരംഭിച്ചു. *ദൈവവാഹകരിൽ ഒരാൾ* പറയുന്നു: നമ്മുടെ കർത്താവിന്റെ കാലത്തു് യൂദായേക്കാൾ ചീത്തയായി

www.malankaralibrary.com



മററാരും ഉണ്ടായിരുന്നില്ല; അതുപോലെ, നമ്മുടെ കർത്താവി നെക്കാറം നല്ലവനും ഇല്ലായിരുന്നു. യൂദായേക്കാറം വഷളനായ ഒരുവൻ ഉണ്ടായിരുന്നെങ്കിൽ, കർത്താവ് അവനെ തെരഞ്ഞെ ടുക്കുമായിരുന്നു; അവനും യൂദന്മാരെ വെറുത്തിരുന്നു; അതായത്, യൂദാ. നമ്മുടെ കർത്താവും. അവനും അവൻെറ യജമാനനായ സാത്താനും ഒരു ന്യായീകരണത്തിനും ഇട നല്കാതിരിക്കാനാണ് അടയാളങ്ങറം, ദിവ്യരഹസ്യങ്ങറം, പാദം കഴുകൽ എന്നീ മൂന്നു കാര്യങ്ങളിലും മററു ശ്ലീഹന്മാരോടൊപ്പം അവനെയും പങ്കെടു പ്പിച്ചതു്.

*'അല്പ സമയം മാത്രം അവൻ അവരോടുകൂടെ ഉണ്ടായിരിക്കുകയുള്ളു'* എന്നു് അവിടുന്നു പറഞ്ഞതു് (13:33) തൻെറ പീഡാനുഭവംവരെയുള്ള സമയത്തെയാണ്. എന്നാൽ, പിന്നീട് അവിടുന്നു് യഹൂദരോടു പറഞ്ഞു: 'നിങ്ങ ളെന്നെ അന്വേഷിക്കും; എന്നാൽ നിങ്ങളെന്നെ കണ്ടെത്തുക യില്ല' (7:34). കാരണം, അവിടുത്തെ പീഡാനുഭവശേഷം അവർ അവിടുത്തെ ദർശിച്ചില്ല. എന്നാൽ ശിഷ്യരോട് 'നിങ്ങ ളെന്നെ അന്വേഷിക്കും' എന്നു മാത്രമാണ് പറഞ്ഞതു്. എന്തു കൊണ്ടെന്നാൽ, അവിടുത്തെ ഉത്ഥാനശേഷം അവർ അവനെ ദർശിക്കുകയും അവനെ കാണുന്നതിൽ സന്തോഷിക്കുകയും ചെയ്തു.

എന്നാൽ *ഇപ്പോറം* എന്നു് അവിടുന്നു് ഉചിതമായി കൂട്ടി ച്ചേർത്തു. അതായതു്, എന്തുകൊണ്ടെന്നാൽ *ഞാൻ ഇപ്പോറം പോകുന്നിടത്തേക്ക് നിങ്ങറക്കു പോകാൻ കഴിയുക യില്ല;* കാരണം, അവിടുത്തെപ്പോലെ മരണത്തെ നിന്ദിക്കാൻ അപ്പോഴും അവർ കഴിവുള്ളവരായിരുന്നില്ല; അവരെല്ലാം ഓടി പ്പോയി, പിന്നീട് അവരും പരീക്ഷണങ്ങളെയും പീഡനങ്ങ ളെയും നിസ്സാരമാക്കാൻ സുസജ്ജരായിത്തീരും എന്നു് കാണി ക്കാൻ *ഇപ്പോറം* എന്നതുകൊണ്ടു് അവിടുന്നു് ആഗ്രഹിച്ചു.

സ്നേഹത്തെപ്പററി നിയമത്തിൽ കല്പിച്ചിട്ടുണ്ടെങ്കിലും *ഒരു പുതിയ കല്പന* എന്നു് അതിനെ അവിടുന്നു വിളി ക്കുന്നു. അവിടെ, അയല്ക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹി ക്കണം എന്നാണ് കല്പിച്ചിരുന്നതു്. വിശ്വാസത്തിൽ പങ്കാളി കളായവരെ നമ്മെക്കാറം കൂടുതലായി സ്നേഹിക്കണം എന്നാണ് നമ്മുടെ കർത്താവിൻെറ വാക്കിൻെറ അർത്ഥം. യഥാർത്ഥത്തിൽ *ഇതൊരു പുതിയ കല്പനയാണ്.*

കോഴി കൂകുന്നതും ശെമഓൻ നിഷേധിക്കുന്നതുമായ കഥ മത്തായിയിലും മർക്കോസിലും നാം വിവരിച്ചിട്ടുള്ളതാണല്ലോ.

www.malankaralibrary.com



*എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്* (14:2): സമൃദ്ധിയെയും സ്ഥിരമായ വിശ്രമത്തെയും വാസസ്ഥലങ്ങൾ എന്ന് അവിടുന്ന് വിളിക്കുന്നു. കാരണം, എല്ലാ വിശ്രമങ്ങളും സന്തോഷങ്ങളും നമ്മുടെ വാസസ്ഥലങ്ങളിലാണ്.

*അവിടുന്നു ഫീലിപ്പോസിനോടു പറഞ്ഞു: എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു* (14:9): അത് അർത്ഥശൂന്യമാണെന്ന് ജനം കരുതുന്നു. അതായത്, അറിയപ്പെടാത്തത് അറിയപ്പെടാത്തതു വഴി. അവൻ ദൈവത്വത്തിൽ കാണപ്പെട്ടില്ല; അവന്റെ പിതാവിനെ നഗ്ന നയനങ്ങൾ ദർശിച്ചിട്ടുമില്ല. എങ്കിലും അവ നാം അംഗീകരിക്കുന്നു; അതായത് വിശ്വാസവും പ്രവൃത്തികളും വഴി നാം അത് മനസ്സിലാക്കുന്നു.

*നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ, എന്റെ കല്പനകൾ പാലിക്കും* (14:15). ശിഷ്യർ എല്ലാ സുകൃതങ്ങളിലും പരിപൂർണ്ണരായിത്തീരാൻ നമ്മുടെ കർത്താവ് തന്നോടുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ കത്തിജ്ജ്വലിപ്പിക്കുന്നു. ആത്മാവിൽ സ്വീകരിക്കപ്പെടുന്ന അദൃശ്യശക്തിയാണ് സ്നേഹം അഥവാ വാത്സല്യം. കല്പനകൾ പാലിക്കുന്നതിലൂടെ അത് വെളിപ്പെടുന്നു. മറെറാരാളെ സ്നേഹിക്കുന്നയാൾ അയാളുടെ കല്പനകൾ പാലിക്കുന്നു; കല്പനകൾ പാലിക്കുന്നവൻ അയാളെ സ്നേഹിക്കുന്നു.

*ഞാൻ എന്റെ പിതാവിനോട് അപേക്ഷിക്കും* (14:16); ഞാൻ വഴി നിങ്ങൾക്കു കൃപ ലഭിക്കും. എന്നതിനു പകരം ഹൃദ്യമായി പറഞ്ഞിരിക്കുന്നു എന്നു മാത്രം. സൃഷ്ടവസ്തുക്കളെ സ്ഥാപിക്കപ്പെടുന്നതിനു മുമ്പുതന്നെ സജ്ജമാക്കിയതും നേരത്തെതന്നെ അറിയപ്പെട്ടതുമായ ഒരു കാര്യത്തെപ്പററിയുള്ള പ്രാർത്ഥനയുടെ പ്രസക്തി എന്താണ്? പ്രാർത്ഥനയുടെ രൂപം എന്താണെന്ന് ആരായാം. അവിടുത്തെ മാധ്യസ്ഥതയാലാണ് ദാനം നൽകപ്പെട്ടത് എന്ന് അറിയപ്പെടാൻ; വാക്കുകളുടെയും പ്രവൃത്തികളുടെയും ഉറപ്പിനായി. പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതെല്ലാം അവശ്യാവശ്യം നൽകപ്പെടും.

*മറെറാരു സഹായകൻ*, അതായത്, മനുഷ്യരിൽനിന്നു നിങ്ങൾക്കുണ്ടാകുന്ന പരീക്ഷണങ്ങൾ എളുപ്പത്തിൽ സഹിക്കുന്നതിന് മറെറാരു ആശ്വാസപ്രദനും പ്രബോധകനും. ഞാൻ നിങ്ങളിൽനിന്ന് അദൃശ്യനായി കഴിയുമ്പോൾ നിങ്ങൾക്ക്

www.malankaralibrary.com



ഞാൻ ഒരു ആശ്വാസപ്രദനെ അയച്ചുതരും; മറെറാരു *പാറക്ലേത്തായെ* എന്നു് അവിടുന്നു പറയുന്നു; കാരണം, നമ്മുടെ കർത്താവും പാറക്ലേത്താ എന്നു് വിളിക്കപ്പെടുന്നു: 'പിതാവിൻെറ പക്കൽ, നീതിമാനായ യേശു ക്രിസ്തു എന്ന ഒരു പാറക്ലേത്താ നമുക്കുണ്ടു്'' (1 യോഹ. 2:1). പാറക്ലേത്തായുടെ അർത്ഥം ആശ്വാസപ്രദൻ എന്നാണ്. 'ലോകത്തിനു് അവനെ സ്വീകരിക്കാൻ സാധിക്കുകയില്ല' (14:17). എന്നാൽ ഗ്രീക്കിൽ *സ്വീകരിക്കുക* എന്നതിനുപകരം *അംഗീകരിക്കുക* എന്നാണ്. രണ്ടിൻെറയും അർത്ഥം ഒന്നുതന്നെ. അതായതു്, ഈ ലോകത്തിനു് അവിടുത്തെ മനസ്സിലാക്കാനോ പൂർണമായി ഗ്രഹിക്കാനോ കഴിയുകയില്ല. എന്നാൽ നാം അവനിൽ വിശ്വസിക്കുന്നു. തൻെറ ഭവനാംഗങ്ങൾക്കും സ്നേഹിതർക്കും തൻെറ സമൃദ്ധിയായ ദാനങ്ങൾ അവിടുന്നു വർഷിക്കുന്നു. ആലയങ്ങളിലെന്നവണ്ണം അവിടുന്നു് നിങ്ങളിൽ വസിക്കുന്നു. 'നിങ്ങൾ നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിൻെറ ആലയങ്ങളാകുന്നു' എന്നു് ശ്ലീഹാ പറയുന്നു (1കൊറി. 3:17;6:19).

*ആത്മാവ്* (റൂഹാ) എന്നതു് നിരവധി കാര്യങ്ങളെ സൂചിപ്പിക്കുന്ന ഒരു പൊതുപദമാണ് എന്നു നാം അറിഞ്ഞിരിക്കണം. ചിലപ്പോൾ അന്തരീക്ഷ വായുവിനെപ്പററിയാകാം: 'കാററ് അതിനിഷ്ടമുള്ളിടത്തു് അടിക്കുന്നു' (3:8). ചിലപ്പോൾ ആത്മാവിനെപ്പററിയാകാം: 'അവൻെറ ശ്വാസം നിലയ്ക്കുന്നു; അവൻ മണ്ണിലേക്കു തിരികെ ചേരുന്നു'. ചിലപ്പോൾ മാലാഖമാരെപ്പററിയാകാം: അവരെല്ലാം ശുശ്രൂഷിക്കുന്ന ആത്മാക്കളല്ലേ? (എബ്രാ. 1:19). ചിലപ്പോൾ പിശാചുക്കളെപ്പററിയാകാം: 'ആകാശത്തിൻ കീഴിലുള്ള ദുഷ്ടാത്മാക്കൾ' (സഖ. 6:5). ചിലപ്പോൾ ദൈവപരിപാലനയെ സംബന്ധിച്ചാകാം: 'എൻെറ ആത്മാവ് എപ്പോഴും മനുഷ്യരിൽ വസിക്കയില്ല': ചിലപ്പോൾ പരിശുദ്ധാത്മാവിനെപ്പററിയാകാം: 'പരിശുദ്ധാത്മാവ് വരും'(ലൂക്കാ.1:35). 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ' (മത്താ. 28:19). ചിലപ്പോൾ പരിശുദ്ധാത്മാവിൻെറ കൃപയ്ക്കും ദാനങ്ങൾക്കും ഈ പേരു നൽകാറുണ്ടു്.

അതുകൊണ്ടു്, 'ലോകത്തിനു സ്വീകരിക്കാൻ കഴിയാത്ത സത്യാത്മാവ്'' എന്നും, പാറക്ലേത്താ ആയ റൂഹാ' എന്നും നമ്മുടെ രക്ഷകൻ പറയുമ്പോൾ, പിതാവിനോടും പുത്രനോടും സമനായ പരിശുദ്ധാത്മാവിനെ മററ് ആത്മാക്കളിൽനിന്നു് വേർതിരിക്കുന്നു. *പാറക്ലേത്തായെ* അന്തരീക്ഷ *വായുവിൽ*നിന്നു് വേർതിരിക്കുന്നു. അന്തരീക്ഷവായു ആശ്വാസ

www.malankaralibrary.com



പ്പെടുന്നില്ല. *സത്യാത്മാവ്* എന്നതുവഴി ദുഷ്ടാത്മാക്കളിൽ നിന്ന് വേർതിരിക്കുന്നു: 'അവൻ നുണയനും നുണയുടെ പിതാവുമാകുന്നു' (8:44). *ലോകത്തിനു സ്വീകരിക്കാൻ കഴിയാത്ത*; മാലാഖമാരിൽ നിന്നും മനുഷ്യാത്മാക്കളിൽ നിന്നും വേർതിരിക്കുന്നു. പരിശുദ്ധറൂഹാ അനന്തനാണ്, മറ്റുള്ളവർ അപ്രകാരമല്ല. പരിശുദ്ധാത്മാവ് അഗ്രാഹ്യനും അദൃശ്യനമാണ്. അവൻ വളരുന്നുമില്ല, കുറഞ്ഞുപോകുന്നുമില്ല. മനുഷ്യർ വിശുദ്ധീകരിക്കപ്പെടുന്നതുവഴി അവന്റെ കൃപ നമ്മിൽ വർദ്ധിക്കുന്നു; അശുദ്ധി അതിനെ ഊതിക്കെടുത്തുന്നു: 'ആത്മാവിനെ നിർവീര്യമാക്കരുത്'' എന്നു പറയപ്പെട്ടിരിക്കുന്നു (1 തെസ്സ. 5:19).

ചുരുക്കത്തിൽ, അവിടുന്ന അന്വേഷിക്കുന്നു; പ്രാർത്ഥിക്കുന്നു; അച്ചാരം നൽകുന്നു; വിതരണം ചെയ്യുന്നു; നൽകിക്കൊണ്ട് വരുന്നു; ആരംഭിക്കുന്നു. അതായത്, ആരംഭിച്ച് പൂർത്തിയാക്കുന്നു; വസിക്കുന്നു, പോകുന്നു, വേർപിരിയുന്നു, കൂടിച്ചേരുന്നു. മറ്റു കാര്യങ്ങളും ചെയ്യുന്നു. എന്നാൽ സൂര്യകിരണം സൂര്യൻ എന്നു വിളിക്കപ്പെടുന്നതുപോലെയും ഫലം വൃക്ഷത്തിന്റെ പേരിൽ അറിയപ്പെടുന്നതുപോലെയും *റൂഹായുടെ ക്നോമായും ആത്മാവ് (റൂഹാ)* എന്നു വിളിക്കപ്പെടുന്നു. കൃപ സാധാരണമാണെന്നോ ആത്മാവിൽനിന്ന് അന്യമാണെന്നോ കരുതപ്പെടാതിരിക്കാനാണിത്. അത് അതിനോട് ചേർന്നിരിക്കുകയും സ്ഥിരമായി നമ്മിലായിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് സ്വയമായി എല്ലാം പ്രവർത്തിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. അതുകൊണ്ട്, തിരുലിഖിതത്തിൽ കാണുന്ന പദസാമ്യത്താൽ വായനക്കാരനു മനംപുരട്ടൽ ഉണ്ടാകാതിരിക്കട്ടെ.

*ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാകുന്നു* (14:20): ഞാൻ എന്റെ പിതാവിൽ: എന്റെ ദൈവത്വത്തിൽ സ്വഭാവത്തിന്റെ സമത്വവും എന്റെ മനുഷ്യത്വത്തിലെ അഭേദ്യമായ ഐക്യവും വെളിവാകുന്നു. *നിങ്ങൾ എന്നിലാകുന്നു*: എന്നോടുള്ള നിങ്ങളുടെ വിശ്വാസവും സ്നേഹവുംവഴി; നിങ്ങൾ സ്വീകരിച്ച ആത്മാവിന്റെ ദാനങ്ങൾവഴി. അതുവഴി നിങ്ങൾക്ക് എന്നിൽ ഭാഗഭാഗിത്വം ലഭിക്കുന്നു. ആത്മാവിന്റെ ജീവനാൽ നിങ്ങൾ വീണ്ടും ജനിക്കുമ്പോൾ 'ഞാൻ നിങ്ങളിലാണ്''. നിങ്ങൾ എനിക്ക് ശരീരമാകും; ഞാൻ നിങ്ങളുടെ ശിരസ്സുമാകും.

www.malankaralibrary.com



## പുസ്തകം XV

അവൻ ഈ കാര്യങ്ങൾ ശിഷ്യരോട് പറഞ്ഞു. എന്നാൽ അവനെ കാണാത്തവർക്ക് ഈ സന്തോഷത്തിനു വകയില്ല എന്നു കരുതപ്പെടാതിരിക്കാൻ അവിടുന്ന് പറഞ്ഞു: *എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കും* (14:21): അതായത്, എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവർ എന്റെ സ്നേഹത്തിലും എന്റെ പിതാവിന്റെ സ്നേഹത്തിലും സന്തുഷ്ടരായിരിക്കും. അറിവുവഴിയുള്ള ദർശനത്തിനും അവൻ അർഹനായിത്തീരും. എന്നെ ശരീരത്തിൽ ദർശിച്ചിട്ടില്ലെങ്കിലും ഞാൻ സ്വർഗത്തിൽനിന്നു വരുന്നതു കാണുന്നതിൽ അവർ സന്തോഷിക്കും.

എന്നാൽ പറഞ്ഞതു ഗ്രഹിക്കാതെ യൂദാ പറഞ്ഞു: *കർത്താവേ, നീ ലോകത്തിനു വെളിപ്പെടുത്തുകയില്ല, ഞങ്ങൾക്കു വെളിപ്പെടുത്താൻ പോകുന്നു എന്നു പറഞ്ഞത് എന്താണ്?* (14:22). വരാനിരിക്കുന്ന നാളുകൾക്ക് തങ്ങളൊഴിച്ച് മറ്റുള്ളവരെല്ലാം അപരിചിതരായിരിക്കും എന്ന് കരുതിയതിനാലാണ് അവൻ ഇതു പറഞ്ഞത്. എന്നാൽ തന്റെ വാക്ക് വിശദീകരിച്ചുകൊണ്ട് നമ്മുടെ കർത്താവ് പറഞ്ഞു: *'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കും'* (14:23). അതായത്, അമൂല്യസാധനങ്ങൾ കാംക്ഷിക്കുന്നവർക്ക് ഞാൻ നിഷേധിക്കുകയില്ല എന്ന് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. കാരണം, വരാനിരിക്കുന്ന നന്മകൾ അനുഭവിക്കാൻ ആഗ്രഹിക്കുന്നവരുടെ ശക്തിക്കധീനമാണത്. അതുകൊണ്ട്, എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ എല്ലാം പാലിക്കുകയും ചെയ്യുന്നവർക്ക് എന്റെ പ്രത്യക്ഷത നിഷേധിക്കപ്പെടുകയില്ല; എന്നു മാത്രമല്ല, ഞങ്ങളുടെ സ്നേഹം അവർ അനുഭവിക്കുകയും ചെയ്യും. കാരണം, ഞങ്ങൾ വന്ന് അവനിൽ വസിക്കും; ഞാനും എന്റെ പിതാവും നിരന്തരം അവനോടൊപ്പം ഉണ്ടായിരിക്കും. വളരെ ശ്രദ്ധാപൂർവം അവനെ പരിപാലിക്കുകയും ചെയ്യും.

*എന്റെ പിതാവ് എന്നെക്കാൾ വലിയവനാകുന്നു* (14:29) എന്നതു 'അവിടുത്തെ മനുഷ്യത്വത്തെക്കുറിച്ചാണ്''

www.malankaralibrary.com



എന്നു് *ഭാഷ്യകാരൻ* പറയുന്നു; എന്തുകൊണ്ടെന്നാൽ, അതു് പീഡ സഹിച്ചു. അതു ദൈവത്വത്തെപ്പററിയാണെന്നു് *മററു ചിലർ* പറയുന്നു. അവൻെറ പിതാവു് *ഹേതു* എന്ന നിലയിൽ മാത്രം അവനെക്കാരം വലുതാകുന്നു. കാരണം, വലുപ്പച്ചെറുപ്പം സമസത്തയുള്ള യാഥാർത്ഥ്യങ്ങളെപ്പററിയാണു് പറയപ്പെടുക; അല്ലാതെ വ്യത്യസ്ത സ്വഭാവങ്ങളെ തമ്മിൽ തുലനം ചെയ്യാറില്ല. കഴുതയെക്കാരം മഹത്തരമാണു് മനുഷ്യൻ എന്നോ, കൊതുകിനെക്കാരം മഹത്തരമാണു് ഒട്ടകം എന്നോ സുബുദ്ധികരം പറയാറില്ല.

*ഞാൻ എൻെറ പിതാവിലാണു് എൻെറ പിതാവു് എന്നിലാണു്.* എന്നും '*പിതാവു് അവനെക്കാരം വലിയവനാണു്*" എന്നും പറയുമ്പോരം 'ഞാനും എൻെറ പിതാവും ഒന്നാണു്" എന്നു് അവൻ പറയുന്നതു് എങ്ങനെയാണു്? 'അവൻ വലിയവനാണു്" എന്നു പറയുന്നതു് ശക്തിയിലോ, ബഹുമാനത്തിലോ, മഹിമയിലോ, സാന്ദ്രതയിലോ, കാരണത്തിലോ ആണു്. എന്നാൽ ശക്തിയിലും ബഹുമാനത്തിലും മഹിമയിലും അളവിനതീതമായ അസ്തിത്വത്തിലും അവർ തുല്യരാണു് എന്നു് തിരുലിഖിതം സാക്ഷിക്കുന്നു. അതുകൊണ്ടു്, *ഹേതു* എന്നതിലാണു് അവൻ വലിയവനായിരിക്കുന്നതു്. അവിടുന്നു പറയുന്നു: *എൻെറ പിതാവു് എന്നെക്കാരം വലിയവനാകുന്നു. പിതാവിൽനിന്നു്* എന്നതിൽ ആണിതു് എന്നു വ്യക്തം. *പിതാവിൽനിന്നു്* മറെറാന്നു് അർത്ഥമാക്കുന്നു. അവൻ തന്നിൽനിന്നു ജനിച്ചവൻെറ കാരണവും ശിരസ്സും ആകുന്നു. ചുരുക്കത്തിൽ, കൂടിയോ കുറഞ്ഞോ ആയാലും സത്തയിൽനിന്നാണു് സത്ത. മറെറാന്നും പറഞ്ഞിട്ടില്ല എന്നു് എനിക്കു തോന്നുന്നു. സത്ത വ്യത്യസ്തമായതിനാലല്ല, എങ്ങനെയായാലും വ്യത്യസ്തമായ ക്നോമായിൽനിന്നല്ല *ക്നോമാ.*

*ഇപ്പോരം ഈ ലോകത്തിൻെറ അധികാരി വരുന്നു; എങ്കിലും അവനു് എൻെറമേൽ അധികാരം ഇല്ല* (14:30): ലോകത്തിൻെറ അധികാരി എന്നു് സാത്താൻ വിളിക്കപ്പെട്ടതു് എങ്ങനെയാണു്? സ്വഭാവത്താലെയോ, ലോകനാഥനായ ദൈവത്തിൻെറ ദാനമായോ അല്ല എന്നതു വ്യക്തം. അതു് അവൻെറ മത്സരത്തിൽനിന്നാണു്. ലോകസന്തതികളുടെ നികൃഷ്ടാവസ്ഥയിൽനിന്നു് അവൻ അവരുടെമേൽ ആധിപത്യം പുലർത്തുന്നു. 'അവരുടെ ഉദരം അവരുടെ ദൈവവും അവരുടെ മഹത്വം അവരുടെ ലജ്ജയും ആകുന്നു' എന്നതുപോലെയാണിതു് (ഫിലി. 3:19). *അവനു് എൻെറമേൽ ഒന്നുമില്ല* അതായതു്, ആദാമ്യ സന്തതികളിൽ അവൻ കാണുന്നതൊന്നും

www.malankaralibrary.com



അവൻ എന്നിൽ കാണുകയില്ല. അവൻ നുണയുടെ പിതാവും പാപവുമാണ്. എങ്കിലും പാപവും നീതിയും നിമിത്തം അവന്റെ ഹൃദയം തകർക്കുകയും അവന്റെ രുചിയെ കൈയ്പാക്കുകയും ചെയ്യുന്ന എതിർ സംഗതികളാണ് അവൻ കാണുക. ഇങ്ങനെയാണെങ്കിലും അവൻ തിരിഞ്ഞോടുകയോ വഴിമാറുകയോ ചെയ്യുന്നില്ല. മറിച്ച്, തന്റെ മക്കളായ യഹൂദരിലൂടെ അവൻ എന്റെ മരണത്തിനുവേണ്ടി ഉപജാപം നടത്തുന്നു. ആത്മാക്കളെ കൊല്ലുകയും തന്റെ സ്വന്തത്തെ നാഥനിൽനിന്ന് അകററുകയുമാണ് എല്ലാ മനുഷ്യരെ സംബന്ധിച്ചും അവന്റെ ലക്ഷ്യം. ഇത്തരം മരണത്തിൽ അവന് വിജയം കൈവരിക്കാൻ സാധിക്കാത്തതിനാൽ ശരീരത്തെ കൊല്ലാൻ അവൻ മുതിരുന്നു. അവൻ യോബിനോട്ട് ഇങ്ങനെ ചെയ്തു; ഇവിടെ നമ്മുടെ കർത്താവിനോടും.

*ഈ ലോകത്തിന്റെ അധികാരി വരുന്നു*: ഞാൻ അവന്റെ സമ്പാദ്യങ്ങൾ കൊള്ളയടിച്ചതിനാലും കൂടുതൽ കൊള്ളയടിക്കപ്പെടാൻ പോകുന്നതിനാലും എന്നെ കൊല്ലാനും തകർത്ത് പ്രതികാരം ചെയ്യാനും വരുന്നു. എന്റെ വലിയ നീതി നിമിത്തവും എന്റെ ശക്തി നിമിത്തവും അവന്റെ സർവധനങ്ങളോടുംകൂടെ അവനെ പുറന്തള്ളാൻ എനിക്കു സാധിക്കുമെങ്കിലും ഞാനിതു ചെയ്തില്ല. ഞാൻ വന്നതു് എന്നെ വെളിപ്പെടുത്താനല്ല പിന്നെയോ, എന്റെ ദാസർക്കും സഹോദരങ്ങൾക്കും എന്റെ മരണത്തിലൂടെ എന്റെ പിതാവിനോട് എനിക്കുള്ള സ്നേഹം പ്രവൃത്തികളിൽ പ്രഘോഷിക്കാനാണ്. ഇതു് ഉചിതമാകയാൽ പീഡനത്തിലൂടെ തിന്മയുടെ അധിപതി എന്നിൽ നടപ്പാക്കുന്ന മരണം ഞാൻ സ്വമേധയാ സ്വീകരിക്കുന്നു.

അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവിടുന്നു പറയുന്നു: *എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെ നിന്നു പോകാം* (14:31): 'എന്റെ പീഡാനുഭവത്തിലൂടെയാണ് ഈ നന്മകൾ കരഗതമാകുക. നാം ദുഃഖിതരും മരണത്തെ ഭയക്കുന്നവരുമായിരിക്കേണ്ടതില്ല. കൊലപാതകികളുടെ കൈകളിൽ സസന്തോഷം നമ്മുടെ ജീവൻ ഏല്പിച്ചു കൊടുക്കാം എന്ന് അവിടുന്നു പറയുന്നു. അവിടുന്നു പറയാൻ ആഗ്രഹിക്കുന്നതു് ഇതാണ്: നാം ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേക്ക് പോകണം എന്നല്ല അവിടുന്നു പറയുന്നതു്; ബന്ധപ്പെട്ട ക്രമത്തിനുശേഷം വരുന്ന വാക്കുകൾ അവിടുന്ന് ഉപയോഗിച്ചതു് മാററം കൂടാതെയാണ് എന്ന് ഇതിൽനിന്നു വ്യക്തമാണ്. അവിടുത്തോടും തമ്മിൽ തമ്മിലും സ്നേഹത്തിലും യോജിപ്പിലും വ്യാപരിക്കാൻ

www.malankaralibrary.com



അതു് ഉപദേശിക്കുന്നു. ഈ സ്വാഭാവിക സംഗതികളിൽ നിന്നു് ആത്മാവിലേക്കു് അവിടുന്നു മനസ്സിനെ നയിക്കുന്നു; അതിൽ അവിടുന്നു ജീവിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുക ആവശ്യമായിരുന്നു.

*ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവു് കൃഷിക്കാരനും ആകുന്നു* (15:1). എടുക്കപ്പെട്ട മനുഷ്യത്വം, വചനമായ ദൈവവുമായുള്ള ഐക്യത്താൽ ആത്മാവിന്റെ എല്ലാ കൃപകളും പ്രാപിക്കുന്നു. പിന്നീടു് എല്ലാ വിശ്വാസികളും ആത്മാവിന്റെ ശക്തിയാൽ വീണ്ടും ജനിക്കുകയും ക്രിസ്തുവിന്റെ ശരീരമായിത്തീരുകയും അവിടുത്തോടു് ഐക്യപ്പെടുകയും ചെയ്യുന്നു. അവിടുന്നു് മുന്തിരിച്ചെടിയുടെ ഉപമ ഉപയോഗിക്കുന്നു. നിലത്തു നടുന്ന മുന്തിരിച്ചെടിക്കു് സ്വന്തമായ അസ്തിത്വം ഉണ്ടാകുന്നു. നിലത്തുനിന്നു് വളം വലിച്ചെടുത്തു് ശാഖകൾ മുളപ്പിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. എന്നാൽ ശാഖകൾ വെട്ടിമാററപ്പെട്ടാൽ ജീവൻ നഷ്ടപ്പെടുകയും ഫലരഹിതമായി തീരുകയും ചെയ്യും. നിങ്ങളെപ്പററിയും ഇതു പോലെ ചിന്തിക്കുക. ഞാൻ മുന്തിരിച്ചെടിയുടെ സ്ഥാനത്തു നിൽക്കുന്നു. ഞാൻ നിങ്ങൾക്കു് തായ്‌വേരാണ്. കാരണം, ഞാൻ ആദ്യം വരുന്നു, ആത്മാവിന്റെ കൃപകളെല്ലാം ഞാൻ പ്രാപിച്ചു. നിങ്ങൾ എനിക്കു് ശാഖസമാനമാണ്. കാരണം, ആത്മീയ ജനനത്താൽ നിങ്ങൾക്കു് എന്നോടു് ഐക്യം ഉണ്ടായി. മുന്തിരിച്ചെടിയുടെ കൃഷിക്കാരൻ ശാഖകൾ പ്രയോജനകരമാണോ എന്നാരായുന്നു. നല്ലതും ഫലദായകവുമായ ശാഖകളെ കരുതലോടുകൂടി അവൻ പരിപാലിക്കുകയും വെട്ടി ശരിപ്പെടുത്തുകയും ചെയ്യുന്നു. ഫലം തരാത്ത ശാഖകളെ അവൻ അഗ്നിക്കിരയാക്കുന്നു. അതുപോലെ പിതാവു് ഓരോരുത്തന്റെയും ഇച്ഛയെ പരിശോധിക്കുന്നു. തങ്ങളുടെ സ്നേഹത്താൽ എന്നോടു് ഐക്യപ്പെട്ടിരിക്കുന്നതായി കാണപ്പെടുന്നവരെ അവൻ വെട്ടിയൊരുക്കുകയും കൂടുതൽ ആത്മീയ ദാനങ്ങളാൽ അനുഗ്രഹിക്കുകയും ചെയ്യുന്നു. സ്നേഹരഹിതരെ വരാനിരിക്കുന്ന ക്രോധത്തിനു് കൈയാളിക്കുന്നു.

*മററുചിലർ*: താൻ ജനിച്ചവനാണ് എന്നതിന്റെ സൂചനയായിട്ടാണ് അവിടുന്നു് സ്വയം *മുന്തിരിവള്ളി* എന്നു് വിളിക്കുന്നതു്. പിതാവ് *കാരണം* എന്ന നിലയിൽ *കൃഷിക്കാരൻ* ആണ്. വചനത്തിന്റെയും മാംസത്തിന്റെയും *ഹേതു* പിതാവാണ്. എവിടെ, എപ്പോൾ, എങ്ങനെ എന്നൊന്നും കൂടാതെ വചനം ജനിച്ചു. അതും ഇതും യാഥാർത്ഥ്യമായി; അങ്ങനെ പുത്രൻ ജനിച്ചു. മുന്തിരിവള്ളിയുടെ, അതായതു്,

www.malankaralibrary.com



തന്റെ ജഡത്തിന്റെ കൃഷിക്കാരനാണ് പിതാവ് എന്ന് അവിടുന്നു നന്നായി പറഞ്ഞിരിക്കുന്നു. യേശു ഇതെല്ലാം പിതാവിൽ നിന്നു സ്വീകരിക്കുന്നു എന്നു നാം അറിഞ്ഞിരിക്കണം.

'പരിശുദ്ധാത്മാവ് വരും; അത്യുന്നതന്റെ ശക്തി നിഴലിക്കും....'എന്നു പറഞ്ഞിരിക്കുന്നു (ലൂക്കാ 1:35). അതുപോലെ ഉത്ഥാനത്തിലും ക്രിസ്തുവിൽ തന്റെ മഹാശക്തി അവിടുന്ന് വെളിപ്പെടുത്തി. അവിടുന്നാണ് മനുഷ്യാവതാരത്തിന്റെയും വീണ്ടെടുപ്പിന്റെയും കാരണമെന്ന് ശ്ലീഹാ വ്യക്തമാക്കുന്നു (എഫേ. 1:19–20). പിതാവിനെ *കൃഷിക്കാരൻ* എന്ന് അവിടുന്നു വിളിക്കുന്നു. ദേവാലയതകർച്ചയുടെ അവസരം, എന്തു കൊണ്ടാണ് അവിടുന്ന് കൃഷിക്കാരനായി കാണിക്കാഞ്ഞത്? 'തന്റെ ദൈവത്വം പീഡ സഹിച്ചില്ല, ശരീരം അഴിവിന് വിധേയമാണ്, എന്നാൽ താൻ വ്യതിയാനാതീതനാണ്'' എന്നു കാണിക്കാൻ വേണ്ടിയാണ്. അവിടുന്നു സ്വയം ഇടയൻ എന്നും വിശ്വാസികളെ ആടുകൾ എന്നും വിളിക്കുന്നു. എങ്കിലും ഇവിടെ ഇതിന്റെ തെളിയിക്കലോടുകൂടി സ്വാഭാവികമായും ദാനത്തിലൂടെയും അവർക്ക് അവിടുത്തോടുള്ള ബന്ധം അവിടുന്നു പഠിപ്പിക്കുന്നു. അതിൽ അവർ ഉറച്ചുനിന്നാൽ അവർക്കു ലഭിച്ചത് കാത്തുസൂക്ഷിക്കാൻ അവർക്കു കഴിയും. പിതാവിന്റെ ബഹുമാനം കുറയാതിരിക്കാനും മനുഷ്യത്വം വിഭജനവിധേയമാകാതിരിക്കാനും പിതാവിനെ *കാരണമായി* അവിടുന്ന് ഉയർത്തിക്കാട്ടുന്നു. പിതാവിൽ നിന്നു വ്യത്യസ്തമായ മറ്റൊരു ഇച്ഛ തനിക്കുണ്ടെന്ന് കരുതപ്പെടാതിരിക്കാനായി പിതാവിനെ *കൃഷിക്കാരൻ* എന്ന് അവിടുന്നു വിളിക്കുന്നു. താൻ ചെയ്യുന്നതും പറയുന്നതുമെല്ലാം ഒരിടത്ത് അവൻ പിതാവിന് ആരോപിക്കുന്നു. 'ഞാൻ സംസാരിക്കേണ്ടത് പിതാവ് നൽകുന്നു' 'എന്നിൽ വസിക്കുന്ന എന്റെ പിതാവ്'' എന്നിത്യാദി (12:49; 14:10).

*എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല* (15:5): ഇച്ഛയുടെ സ്വാതന്ത്ര്യം പൂർണ്ണമായി നീക്കിക്കൊണ്ട് ഇവിടെ അനേകർ ഇടറിവീഴുന്നു. സ്വാതന്ത്ര്യേച്ഛ ബൗദ്ധിക ജീവികളുടെ ഒരു സവിശേഷതയാണ്. എന്നാൽ അവർ പറയുന്നു: നോക്കു, 'എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല' എന്ന് അവിടുന്ന് തീരുമാനിച്ച് തീർപ്പുകല്പിച്ചിരിക്കുന്നു. *ഒന്നും* എന്നതിനു പകരം *കഴിയുകയില്ല* എന്ന് വച്ചാൽ അതു മൃഗങ്ങളുടെയും ബുദ്ധിയില്ലാത്തവരുടെയും സവിശേഷതയാണെന്ന് നാം പറയുന്നു. അവ സ്വാഭാവിക പ്രവണതകളനുസരിച്ചും നിർബന്ധത്താലും അവശ്യാവശ്യവും, ഒരേ

www.malankaralibrary.com



രീതിയിലും പ്രവർത്തിക്കുന്നു. നാമും അപ്രകാരമാണെങ്കിൽ ഇട ത്തുവശമെന്നും വലത്തുവശമെന്നും തരംതിരിച്ച് എന്തിനാണ് നമ്മെ പ്രകീർത്തിക്കുകയോ കുററപ്പെടുത്തുകയോ ചെയ്യുന്നത്? നാം എന്തിനാണ് നിയമങ്ങളനുസരിക്കുന്നത്? എന്തിനാണ് ഭിക്ഷ ണികളും ഉപവാസവും പ്രാർത്ഥനകളും പലതരം സുകൃതങ്ങളും? മനുഷ്യൻ കൂടുതൽ നന്മപ്രവൃത്തികൾ ചെയ്യുന്നതിനാണ് എന്നാണ് മറുപടി. അതുവഴി നമ്മുടെ കർത്താവിൻെറ സത്യ സന്ധമായ വാക്കുകൾ നാം പൂർത്തീകരിക്കുകയാണ്. ഇതു വഴി അത് യാഥാർത്ഥ്യമായിത്തീരുന്നു.

നമുക്ക് ഒരു നന്മയും ചെയ്യാനാവില്ലേ? തിന്മപോലും പററു കയില്ലേ? തിന്മയുമെങ്കിൽ, അവിടുത്തെ കൂടാതെ ദുഷ്ടമനുഷ്യർ എല്ലാം ദുഷ്ടത പ്രവർത്തിക്കുകയല്ലേ ചെയ്യുക? അവിടുന്ന് എന്തി നാണ് പിന്നെ പ്രതിഫലം നൽകുന്നത്? നമുക്ക് സദ്പ്രവൃ ത്തികൾ ചെയ്യാൻ കഴിയില്ലെങ്കിൽ മററാരു ശക്തി അവരെ സഹായിക്കാതെ, നന്മചെയ്യാനാവാതെ, സ്വതന്ത്രമായി എങ്ങ നെയാണ് ദുഷ്ടമനുഷ്യർ ദുഷ്ടത പ്രവർത്തിക്കുക?

'പ്രകൃതിയിൽ പാപം സ്ഥാപിതമായിരിക്കുന്നു, അതു കൊണ്ട് പാപം ചെയ്യാതിരിക്കാനാവില്ല' എന്നു പറഞ്ഞു കൊണ്ട് *ചിലർ* തിന്മ ചെയ്യുന്നു എന്നത് വ്യക്തമാണ്. 'പ്രകൃ തിയിൽനിന്ന് പ്രേരണയൊന്നും ലഭിക്കാത്തതിനാൽ സദ് പ്രവൃത്തി പൂർണമായും അസാദ്ധ്യമാണ്'' എന്നും അവർ കരു തുന്നു. 'അതുകൊണ്ട് ഈ തിരുവചനം ശിഷ്യർക്കുതകും; മററു ള്ളവർക്ക് ഉതകില്ല. പ്രഘോഷണവുമായി ബന്ധപ്പെടുത്തി മാത്രമാണിത്; മററൊന്നിനുമല്ല. അതു് അപ്രകാരമല്ലെങ്കിൽ, യൂദാപോലും അവിടുത്തെ കൂടാതെ താൻ ചെയ്തത് പ്രവർത്തി ക്കാൻ കഴിവുററവനാകുമായിരുന്നോ? കർത്താവ് ഇപ്രകാരം പറഞ്ഞപ്പോൾ അവനും സന്നിഹിതനായിരുന്നല്ലോ. അതു കൊണ്ട് ഈ തിരുവചനം പ്രഘോഷണത്തിനു മാത്രമുള്ളതാണ്. യേശു നൽകിയതുപോലുള്ള കുറേ നിയമങ്ങളാൽ ഈ കിരാത ലോകത്തെ ഒന്നിച്ചുചേർത്തു കീഴടക്കുക അവരുടെ ശക്തിക്കോ വിജ്ഞാനത്തിനോ സാധിക്കുന്ന കാര്യമായിരുന്നില്ല.

*മറെറാരു വിവരണം:* ശിഷ്യർ നമ്മുടെ കർത്താവിനോ ടൊപ്പമായിരുന്ന കാലത്തോളം കർത്താവിൻെറ ഉന്നതസ്ഥാന ത്താൽ അവർ സാധാരണ ശിഷ്യർ ആയിരുന്നു. അവർ ആത്മാ വിനെ സ്വീകരിച്ചുകഴിഞ്ഞപ്പോൾ ചിലത് മററുള്ളവർക്കു വേണ്ടിയായിരുന്നു. വാക്കുകളിലും ധീരകർമ്മങ്ങളിലും അവർ വിജയികളായിരുന്നു. പരിശുദ്ധാത്മാവ് പുത്രനെക്കാൾ മെച്ച

www.malankaralibrary.com



മായിരിക്കുന്നതിന്ന് അവർ തടസ്സമൊന്നും ഉണ്ടാകാതിരിക്കുന്നതിനായിരുന്നത്. അവരെ വിജ്ഞാനികളാക്കാനാണ്, ഉചിതമായി 'എന്നെക്കൂടാതെ നിങ്ങൾക്കൊന്നും കഴിയുകയില്ല' എന്ന് നിശ്ചയിക്കപ്പെട്ടത്. പിന്നീടുള്ള ദാനങ്ങൾ തന്നിൽനിന്നും പരിശുദ്ധാത്മാവിൽനിന്നും പൊതുവായിട്ടുള്ളതാണ് എന്ന് അവർ ചിന്തിക്കാനാണിത്. 'ഞാനോ, ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളും നിങ്ങളോടു കൂടെയുണ്ട്'' എന്ന ഒരു സാക്ഷ്യവും ഉണ്ട് (മത്താ. 28:20). അവിടുന്ന് നിരന്തരം അവരോടുകൂടെ ഉണ്ടായിരുന്നെങ്കിൽ, അവർ ചെയ്തതൊന്നും അവനെ കൂടാതെയല്ല എന്നത് വ്യക്തമാണ്.

*ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല; യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല* (15:15): ഒരുപക്ഷേ പരസ്പര വിരുദ്ധമായ വാക്കുകൾകൊണ്ട് ബുദ്ധിമുട്ടനുഭവപ്പെട്ടാം. യജമാനൻ ചെയ്യുന്നവ ദാസരിൽനിന്ന് മറഞ്ഞിരിക്കുന്നില്ല. ചിലപ്പോൾ പല സംഗതികളും അറിയുന്നു. പ്രത്യേകിച്ച്, അവരെ സ്നേഹിക്കുന്നെങ്കിൽ. 'എന്റെ പിതാവിൽനിന്നു കേട്ടവയെല്ലാം ഞാൻ നിങ്ങളെ അറിയിക്കുകയും നിങ്ങൾക്കു വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു' എന്ന് അവിടുന്ന് പറഞ്ഞെങ്കിലും നമ്മുടെ കർത്താവു തന്നെയും തനിക്കറിയാവുന്നവ മുഴുവൻ ശിഷ്യരോടു പറഞ്ഞില്ല. അപ്രകാരമല്ലെങ്കിൽ, 'എനിക്കു നിങ്ങളോട് അനേകം കാര്യങ്ങൾ പറയുവാനുണ്ട്; എന്നാൽ അവ ഗ്രഹിക്കാൻ നിങ്ങൾക്ക് ഇപ്പോൾ സാധിക്കുകയില്ല. പാറക്ലേത്താ വരുമ്പോൾ.... (16:12-13) എന്ന് അവിടുന്നു പിന്നീട് പറഞ്ഞത് എങ്ങനെ നിലനില്ക്കും?

ദാസർ സ്വതന്ത്രരെപ്പോലെ തുല്യരീതിയിൽ രഹസ്യങ്ങൾ അറിയുന്നില്ല എന്നാണ് ഇവിടെ പറഞ്ഞതിന്റെ പൊരുൾ. സേവനം ചെയ്യുന്ന കൃത്യസമയത്ത് യജമാനൻ കല്പിക്കുന്ന ചില കാര്യങ്ങൾ അവർ അറിയുമെങ്കിലും, സ്നേഹിതർ നല്ല വസ്തുക്കളിൽ പങ്കാളികളാകുന്നതിനാൽ രഹസ്യങ്ങൾ അറിയുന്നു. അതുകൊണ്ട്, നിങ്ങൾ ദാസരല്ല. പിന്നെയോ, എന്റെ സന്തോഷത്തിന്റെ അവകാശികളും മക്കളും എന്ന നിലയിൽ സ്നേഹിതർ എന്നും മഹത്വത്തിൽ തുല്യർ എന്നും ശരിയായി വിളിക്കപ്പെടുക ഉചിതമത്രേ. നിങ്ങളിലൂടെ ഈ വസ്തുക്കളുടെ വെളിപാട് മറ്റുള്ളവരുടെമേൽ ഉദിക്കുകയും ചെയ്യും. ''ദൈവത്തിന്റെ വൈവിധ്യമാന്ന വിജ്ഞാനം സഭവഴി അറിയപ്പെട്ടുന്നതിന്ന് ശ്ലീഹാ നന്ദി പറയുന്നു (എഫേ. 3:10). അതുകൊണ്ട്, ആത്മാവിൽ പുത്രസ്വീകാര്യത്വം സ്വീകരിക്കുകയും നിഗൂഢ

www.malankaralibrary.com



രഹസ്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുവർ മേലിൽ ദാസർ എന്നു വിളിക്കപ്പെടുകയില്ല; 'നിങ്ങൾ ദാസരല്ല, പുത്രന്മാരും അവകാശികളും ദൈവത്തോടുകൂടി കൂട്ടവകാശികളുമാണ്'' എന്നു ശ്ലീഹാ പറയുന്നതുപോലെയാണിതു് (റോമ. 8:17).

*'എന്റെ പിതാവിൽനിന്നു കേട്ടവയെല്ലാം നിങ്ങളെ ഞാൻ അറിയിച്ചിരിക്കുന്നു'* (15:15): അതായതു്, ഞാൻ സ്വീകരിച്ച നല്ല വസ്തുക്കളിൽ നിങ്ങളും ഓഹരിക്കാരായി തീർന്നിരിക്കുന്നു. വാക്കിലൂടെ അവിടുന്നു് യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു.

*'നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലി അർപ്പിക്കുന്നു എന്നു് കരുതുന്ന സമയംവരുന്നു'* (16:2): ഈ ക്രൂരകൃത്യങ്ങൾ യഹൂദർ മാത്രമല്ല പുറജാതികളും ചെയ്തു. ക്ഷുദ്രക്കാരൻ ശീമോന്റെ അനേകം ശിഷ്യർ സഭാമക്കളുമായി ഇടപഴകി നടന്നിരുന്നു. സത്യത്തിൽ തങ്ങൾക്കും പങ്കുണ്ടു് എന്നു് അവർ തെറ്റായി ധരിച്ചു. ഇന്നും അത്തരക്കാരെ കാണാം. *ബോർബോറീതർ* എന്നു് അവരെ ചിലർ വിളിക്കുന്നു. അവർ തങ്ങളുടെ അമ്മമാരെ ഭാര്യമാരായി സ്വീകരിക്കുകയും തങ്ങളുടെ കുഞ്ഞുങ്ങളെ തിന്നുകയും ചെയ്യുന്നു. മറ്റൊരു മ്ലേച്ഛത രഹസ്യമായി ചെയ്യുകയും ചെയ്യുന്നു. ഈ മ്ലേച്ഛത നിമിത്തം അവരിൽ പലരും അറസ്റ്റു ചെയ്യപ്പെടുന്നു. സഭയും ഇപ്രകാരം ചെയ്യുന്നു എന്നും ഇതാണു് സഭാനിയമം എന്നും പുറത്തുള്ള പലരും കരുതുന്നു. ഈ കാരണത്താൽ പുറത്തുള്ളവരിൽനിന്നു് സഭാമക്കൾ വളരെയധികം യാതനകൾ സഹിക്കേണ്ടിവരുന്നു. അവരുടെ മരണംവഴി തങ്ങൾ ലോകശുദ്ധി വരുത്തുന്നു എന്നു് അവർ കരുതി. വേത്രൂസ് എന്ന ചക്രവർത്തിയുടെ കാലത്തു്, ഈ തെറ്റിദ്ധാരണയാൽ വിശ്വാസികൾക്കു് എത്രയധികം അരിഷ്ടത വന്നുഭവിച്ചു എന്നു് ഏഷ്യയിലെ ഏതോ മെത്രാനു് ഗാളിലെ ഒരു സഹോദരൻ എഴുതി അറിയിക്കുകയുണ്ടായി.[1]

## പുസ്തകം XVI

ആത്മാവിന്റെ ദാനത്തിന്റെ വലിപ്പത്തെപ്പറ്റിയും പിതാവിനോടും പുത്രനോടുംകൂടെ അവന്റെ സ്വഭാവത്തിന്റെ തുല്യതയെപ്പറ്റിയും തന്റെ കാലത്തുള്ള ബലഹീന ശിഷ്യരോടു്, സമറിയാക്കാരി സ്ത്രീയോടു് പറഞ്ഞതുപോലെ പടിപടിയായി

1 ഇരനെയൂസ്,:PG, 7.1235–6.

www.malankaralibrary.com



അവിടുന്നു വിവരിക്കുന്നു. അതേപ്പററി മൂകളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ആദ്യം 'ഞാൻ പിതാവിനോട്ട് പ്രാർത്ഥിക്കും; അവൻ മറെറാരു ആശ്വാസപ്രദനെ നിങ്ങൾക്ക തരും'. പിന്നീട്ട്, 'ഞാൻ പ്രാത്ഥിക്കും' എന്നതു വിട്ടുകളഞ്ഞിട്ട് 'എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്നു' എന്നു പറയുന്നു. അതിനു ശേഷം, 'എൻെറ പിതാവിൽനിന്നു ഞാൻ അയയ്ക്കുന്നു' എന്നു പറയുന്നു. 'ആത്മാവ് പ്രേരണ കൂടാതെയും അയയ്ക്കപ്പെടുന്നു എന്ന രീതിയിൽ അല്ല എന്നു തോന്നത്തക്കവിധവും വരുന്നു' എന്ന് അവസാനത്തെ വാചകം വെളിപ്പെടുത്തുന്നു. തൻെറ സ്വന്ത ഇഷ്ടത്താൽ അവൻ കുററപ്പെടുത്തുകയും വിധിക്കുകയും ന്യായം വിധിക്കുകയും ചെയ്യുന്നു. നടന്ന സംഗതികൾ അവൻ മനസ്സിൽ കൊണ്ടുവരുന്നു, നിഗൂഢകാര്യങ്ങൾ കാണിക്കുന്നു, ദൈവമെന്ന നിലയിൽ വരാനിരിക്കുന്നവ വെളിപ്പെടുത്തുകയും ചെയ്യുന്നു. 'അവൻ വന്നു് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ കുററപ്പെടുത്തും' (16:8). അവർ എന്നിൽ വിശ്വസിക്കായ്കയാൽ പാപത്തെപ്പററി അവിടുന്ന് വിവരണം നൽകും; എനിക്കെതിരായി ഗൂഢാലോചന നടത്തിയവരുടെ പാപം വെളിപ്പെടുമാറു് അത്ര ആഘോഷപൂർണമായിരിക്കും മനുഷ്യരുടെമേൽ ആത്മാവ് വരുമ്പോൾ അവിടുത്തെ ആവാസം എന്നു് അവിടുന്ന പറയുന്നു. മഹത്വത്തിനും ബഹുമാനത്തിനും അർഹനായവനെ കൊല്ലാൻ അവർ ആലോചിച്ചു. എൻെറ സ്വന്തം നീതീകരണവും വെളിവാക്കപ്പെടും. നീതി നിറഞ്ഞ പ്രവൃത്തനങ്ങളിലൂടെയും വളരെ കൃത്യമായ വാക്കുകളിലൂടെയും ഞാൻ അവ സംസാരിച്ചിട്ടുണ്ട്. എൻെറ പീഡാനുഭവം വ്യർത്ഥമായോ, ആകസ്മികമായോ അല്ല, സാത്താൻെറ വിധിത്തീർപ്പിനായിട്ടാണ്. അതേ കാര്യങ്ങളാൽ എൻെറ പീഡാനുഭവത്തിൻെറ വ്യാപാരവും വെളിവാക്കപ്പെടും.

*ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കുന്നു* (16:11): എൻെറ നാമത്തിൽ എൻെറ ശിഷ്യർ ആത്മാവിൻെറ ദാനത്താൽ അത്ഭുതങ്ങൾ പ്രവർത്തിക്കും. അതു് സാത്താൻെറയും അവൻെറ ദാസരുടെയും പ്രതീക്ഷയ്ക്ക വിരുദ്ധമായിരിക്കും. ശിഷ്യർ അപ്പോൾ വളരെ പ്രകീർത്തിക്കപ്പെടും. അപ്പോൾ സാത്താൻെറ കുററം പരസ്യമായി വെളിവാക്കപ്പെടും. എൻെറ ബഹുമാനത്തിൻെറ തെളിവു് വ്യക്തമായി വെളിപ്പെടും. ശത്രുക്കളുടെ പാപം അപ്പോൾ കുററം വിധിക്കപ്പെടും.

*അവൻ സ്വയമായി സംസാരിക്കുകയില്ല* (16:13): അവൻെറ കഴിവുകേടായിട്ടല്ല, പിന്നെയോ, പിതാവിനോടും

www.malankaralibrary.com



പുത്രനോടും ഉള്ള ഐക്യവും തുല്യതയും. അതായത്, പിതാവിന്റെയും പുത്രന്റെയും മനസ്സിൽനിന്നു വ്യത്യസ്തമായ മനസ്സ് അവനില്ല.

*അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും*(16:14). അതായത്, ആത്മാവിന്റെ കൃപകളെല്ലാം എന്നോടുകൂടെയാണ്. കാരണം, ഞാൻ വചനമായ ദൈവത്തോട് ഐക്യപ്പെട്ടിരിക്കുകയും യഥാർത്ഥ പുത്രത്വം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് എന്നിലുള്ളതും എന്നോടുകൂടിയുള്ളതുമായ കൃപയുടെ ചെറിയൊരംശം നിങ്ങൾക്കു കിട്ടും. അങ്ങനെ നിങ്ങളും ദൈവമക്കളെന്നു വിളിക്കപ്പെടും. *എന്നിൽനിന്ന് എടുക്കും* എന്ന് അവൻ പറഞ്ഞില്ല, പിന്നെയോ, *എനിക്കുള്ളവയിൽനിന്ന്* എന്നാണ് പറഞ്ഞത്. കാരണം, കൃപകളെല്ലാം പൂർണമായി അവന്റേതാണ്. പ്രാവിന്റെ ശരീരം പൂർണവും കുറവില്ലാത്തതും ആയിരിക്കുന്നതുപോലെ, സ്നാനത്തിൽ അവനിൽ അവൻ വെളിപ്പെട്ടു. എന്നാൽ ശ്ലീഹരിലും വിശ്വാസികളിലും മുഴശരീരത്തിലെ നാവെന്നവണ്ണം ഭാഗികമായി. അത് ഇതുപോലെയാണ്: 'അവന്റെ പൂർണതയിൽനിന്ന് നാമെല്ലാം സ്വീകരിച്ചിരിക്കുന്നു' (1:16). എന്നാൽ അവൻ ദാനത്തെ തന്റേതെന്നു വിളിക്കുന്നു, കാരണം, സ്വാഭാവികമായി, തന്റെ ദൈവത്വത്താൽ ഇത് അവിടുത്തേതാണ്; ദൈവീകരണത്തിൽ ഇത് തന്റെ മനുഷ്യത്വത്തിലും അവിടുത്തേതാണ്.

*അവൻ സ്വീകരിച്ച്*: എന്നത് പൂർണതയുടെ കുറവായിട്ടല്ല; സ്നേഹിതനിൽനിന്നു സ്നേഹിതൻ എന്നപോലെയാണ്. ഈ ആളുകൾ എങ്ങനെ പരസ്പരം മഹത്ത്വീകരിക്കുന്നു എന്നും പരസ്പരം മഹത്ത്വീകരിക്കപ്പെടുന്നെന്നും നോക്കുക. അവരുടെ സ്വഭാവത്തിന്റെ തുല്യത നിമിത്തം ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: *അവൻ എന്നെ മഹത്ത്വപ്പെടുത്തും; ഞാൻ ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തി*; ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു; ഇപ്പോഴും മഹത്ത്വപ്പെടുത്തും (യോഹ. 12:28; മർക്കോ. 3:29; മത്താ. 12:31). പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നവനോട് ക്ഷമിക്കപ്പെടുകയില്ല.

*അന്നു നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല* (16:23): അതായത്, പ്രാർത്ഥന നിങ്ങൾക്കാവശ്യമായിരിക്കയില്ല. കാരണം, ആത്മാവിന്റെ ദാനത്താൽ നിങ്ങൾക്ക് എല്ലാ നല്ല വസ്തുക്കളിലും ഭാഗഭാഗിത്വം ലഭിക്കും. അവർ 'ഒന്നും ചോദിക്കേണ്ട' എന്ന് അവർ ചിന്തിക്കാതിരിക്കാൻ

www.malankaralibrary.com



അവിടുന്ന് ഇതും കൂട്ടിച്ചേർക്കുന്നു: സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും' (16:23). 'ഒന്നും ചോദിക്കേണ്ട' എന്നതിന് എതിരല്ല ഇത്. ഇത് ആലംകാരികമായി പറഞ്ഞിരിക്കുന്നതാണ്: നിങ്ങൾ ആത്മാവിന്റെ കൃപ സ്വീകരിച്ച്, ദാനങ്ങളുടെ സമൃദ്ധി ധാരാളമായി പ്രാപിച്ചുകഴിയുമ്പോൾ നിങ്ങൾക്കു പ്രാർത്ഥനയുടെ ആവശ്യം ഉണ്ടായിരിക്കുകയില്ല.

*ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല* (16:24). അവിടുത്തോട് പ്രാർത്ഥിക്കണമെന്ന് യഥാർത്ഥത്തിൽ അവർ ധരിച്ചിരുന്നില്ല. *ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണ്ണമാകും* (16:24): മേലിൽ ചോദിക്കുന്നതിൽനിന്നു നിങ്ങൾ പിന്തിരിയരുത്; കാരണം, നിങ്ങൾക്ക് ലഭിക്കും; നിങ്ങൾക്കു നൽകപ്പെട്ട വസ്തുക്കളെപ്രതി നിങ്ങൾ സന്തോഷിക്കും.

*ഉപമകൾവഴിയല്ലാതെ ഞാൻ നിങ്ങളോടു സംസാരിക്കുന്ന സമയം വരുന്നു* (16:25). പരിശുദ്ധാത്മാവിന്റെ ആവാസത്തിന്റെ സമയത്തെക്കുറിച്ചാണ് അവിടുന്ന് പറഞ്ഞത്. ഇതേപ്പററി അവിടുന്നു പറഞ്ഞു: 'പിതാവിനെപ്പററി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും.' പിതാവ് തന്നിൽനിന്നുതന്നെ പുത്രനെ ജനിപ്പിച്ചു എന്ന് നിങ്ങളറിയും. നിങ്ങളുടെമേൽ കൃപ വർഷിക്കപ്പെടുന്നതുവരെ അവനെ നിങ്ങൾ അറിഞ്ഞില്ല. 'ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കും എന്നു ഞാൻ പറയുന്നില്ല'. 'ഞാൻ പിതാവിനോട് പ്രാത്ഥിക്കും' എന്ന് മുകളിൽ പറഞ്ഞതിന് എതിരല്ല ഇത്. 'പ്രാത്ഥിക്കുക' എന്നത് എടുക്കപ്പെട്ട മനുഷ്യത്വത്തിന് ചേരുന്നതായിരുന്നു. അവിടുന്ന് ദാനത്തിന്റെ യഥാർത്ഥ ഉറവിടമാകയാൽ അവിടുന്ന് വാസ്തവത്തിൽ പ്രാത്ഥിച്ചില്ല. *പ്രാർത്ഥനയെ* അവിടുന്ന് തന്റെ സ്വന്തം എന്നു വിളിക്കുന്നു. ഇവിടെ അവിടുന്നു തന്റെ ദൈവത്വത്തിന്റെ മഹത്വത്തെപ്പററിയാണ് സംസാരിക്കുന്നത്. അവരത് പരസ്യമായി ഗ്രഹിക്കാൻ പോകുകയായിരുന്നു. അതുകൊണ്ട് 'ഞാൻ പ്രാത്ഥിക്കുകയില്ല' എന്ന് അവിടുന്നു പറയുന്നു, അവക്കുവേണ്ടി പ്രാത്ഥിക്കേണ്ട ആവശ്യമില്ല എന്നു കാണിക്കാനാണ്. കാരണം, അവിടുത്തേക്കു തന്നെ കൊടുക്കാൻ കഴിവുണ്ടായിരുന്നു.

www.malankaralibrary.com



*നിൻെറ പുത്രൻ നിന്നെ മഹത്വപ്പെടുത്തുവാനായി നിൻെറ പുത്രനെ നീ മഹത്വപ്പെടുത്തണമെ* (17:1). കാരണം എന്ന നിലയിലല്ല അവിടുന്ന് ഇതു പറയുന്നതു്. പുത്രൻ തന്നെ മഹത്വപ്പെടുത്താനല്ല പിതാവു് പുത്രനെ മഹത്വപ്പെടുത്തുന്നതു്. തിരുലിഖിതരീതിയനുസരിച്ചു് അതിൽ ഉൾക്കൊള്ളുന്നതു് അവിടുന്നു് പറയുന്നു. അതായതു്, അത്ഭുതങ്ങളിലൂടെ ഞാൻ അറിയപ്പെട്ടപ്പോഴും, എൻെറ പീഡാനുഭവത്തിലും എന്നിലൂടെ നീ വെളിപ്പെട്ടപ്പോഴും, നീ മഹനീയനും വലിയവനുമാണു്. ''എനിക്കു് മഹത്വം തരിക''എന്നു പറയുകയല്ല. പിന്നെയോ, നിന്നിൽനിന്നു് എന്നിലേക്കു് വരുന്ന മഹത്വകർമ്മങ്ങൾ അറിയപ്പെടാനാണു്. കാരണം, എടുക്കപ്പെട്ട മനുഷ്യത്വത്തെപ്പററിയാണു് അവിടുന്നു സംസാരിക്കുന്നതു്. അവിടുന്നു് എല്ലായിടത്തും കുരിശിനെ *മഹത്വം* എന്നു വിളിക്കുന്നു: ''നീ അവനെ മാലാഖമാരെക്കാൾ അല്പം താഴ്ത്തി, മഹത്വവും ബഹുമാനവും അവൻെറമേൽ വച്ചു'' (സങ്കീ. 8:5); 'മനുഷ്യപുത്രൻ മഹത്വപ്പെടുവാനുള്ള സമയമായി' (12:23).

*ഞാൻ ചെയ്യുവാനായി അങ്ങ് എനിക്കുതന്ന ജോലി ഞാൻ പൂർത്തിയാക്കി* (17:4): 'എന്നെ കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യാൻ കഴിയുകയില്ല. അവിടുന്നു് തൻെറ ജഡത്തിലെ വ്യാപാരം വഴി എല്ലാം പൂർത്തിയാക്കി എന്നു കാണിക്കാനാണ്. എന്നാൽ ശ്ലീഹന്മാരും പ്രബോധകരുമൊക്കെ മനുഷ്യരുടെ വിശ്വാസത്തിൻെറ മാധ്യമങ്ങൾ മാത്രമായിരുന്നു. അവർ വഴി, നിഗൂഢമായിരുന്നതും അന്നുവരെ വെളിപ്പെടാതിരുന്നതുമായ കാര്യങ്ങൾ അറിയിക്കപ്പെട്ടു. ജന്മനാ അന്ധനായ മനുഷ്യനിലൂടെ ഈ രഹസ്യം സൂചിതമായിരുന്നു (9:6–7). അവിടുന്നു് തൻെറ വായിലെ തുപ്പൽകൊണ്ടു് ആദ്യം അവൻെറ കണ്ണുകൾ രൂപീകരിച്ചു. അതിനുശേഷം ശീലോഹാ കുളത്തിൽപോയി കഴുകാൻ അവനോടു കല്പിച്ചു. അവിടുന്നു് രഹസ്യമായി കണ്ണുകൾ രൂപീകരിക്കാതെ അവൻ ശീലോഹായിൽ എത്ര കഴുകിയാലും അതുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാകുക ഇല്ലായിരുന്നു.

ഏലീശാവഴി ദിവ്യശക്തി ശുദ്ധീകരിച്ചില്ലായിരുന്നെങ്കിൽ യോർദ്ദാനിലെ വെള്ളത്തിൽ തൻെറ കുഷ്ഠത്തിൽനിന്നു നാമാൻ ശുദ്ധീകരിക്കപ്പെടുകയില്ലായിരുന്നു. അതുപോലെ ക്രിസ്തു തൻെറ തിരുവിലാവിലെ വെള്ളത്താൽ ശിഷ്യരെ സ്നാനപ്പെടുത്തിയില്ലായിരുന്നെങ്കിൽ, തൻെറ പുത്രൻെറ ഛായയിലേക്കു് ദൈവം മുൻകൂട്ടി നിശ്ചയിച്ചവരെ സ്നാനപ്പെടുത്താൻ

www.malankaralibrary.com



ശ്ലീഹന്മാർക്ക് കഴിയുമായിരുന്നില്ല. രണ്ടു വെള്ളങ്ങളെ കാണുക: അതായത്, നിഗൂഢവും വെളിപ്പെട്ടതും; അതായത്, ഉപ്പളും ശീലോഹായും; തിരുവിലാവിലേതും സ്നാനത്തിലേതും.

അവിടുന്ന് ഇതും കൂട്ടിച്ചേർക്കുന്നു: "ഇപ്പോൾ എന്റെ പിതാവേ, എനിക്ക് അവിടുത്തോടു കൂടിയുണ്ടായിരുന്ന മഹത്ത്വത്താൽ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്ത്വപ്പെടുത്തണമെ" (17:5). *ലോകസൃഷ്ടിക്കുമുൻപ്* ഉണ്ടായിരുന്ന സ്വഭാവവും മഹത്ത്വവും അവരെ അറിയിച്ചുകൊണ്ട് ഞാൻ ആരാണെന്ന് എനിക്ക് വെളിപ്പെടുത്തുക. ദൃശ്യമല്ലാതിരുന്ന അവിടുത്തെ മഹത്ത്വം ഞാൻ വെളിപ്പെടുത്തി. അതുപോലെ എന്നേയും; മനുഷ്യർ എന്നെ മനസ്സിലാക്കുന്നില്ല; ഞാൻ അറിയപ്പെടാൻ ഇടയാക്കുക. വചനമായ ദൈവം തന്നിൽ വസിക്കുന്നു എന്നറിയപ്പെടുക എന്നതാണ് എടുക്കപ്പെട്ട മനുഷ്യന്റെ മഹത്ത്വം.

*മറ്റുചിലർ:* 'എനിക്കു നിന്നോടൊപ്പം ഉണ്ടായിരുന്ന മഹത്ത്വം എനിക്കു തരിക': അതു് അവനു് ഉണ്ടായിരുന്നെങ്കിൽ എങ്ങനെ, എപ്പോൾ, എന്തിനു് അതു് അവനിൽനിന്നു് എടുത്തു മാററി? തന്റെ വംശത്തിലെ മക്കളുടെ പേരിൽ അവിടുന്നു് അപേക്ഷിച്ചു; പിതാവിൽനിന്നു് അവനു് അതുകിട്ടി. അതു നഷ്ടപ്പെട്ടുപോയ മനുഷ്യർക്കു് അവൻ അതു നൽകി. വീണ്ടും, താൻ ധരിച്ച മാംസത്തെപ്രതിയാണ് അവനിതു പറഞ്ഞതു്. അപ്രകാരമല്ലായിരുന്നെങ്കിൽ, അതെടുത്തു് പരിപൂർണനാകുക ആവശ്യമായിരുന്നു. അവൻ പിതാവിനോടുകൂടെ ആയിരുന്നപ്പോൾ ജഡത്തിൽ കാണപ്പെടുന്നതിനുമുമ്പ്, അവൻ ഇതെടുത്തു് പരിപൂർണനായില്ലേ? അവൻ ജഡത്തിൽ വന്നപ്പോഴാണ് അപ്രകാരം ചെയ്തതു്; അവന്റെ ആവശ്യത്തിന്റെ ഹേതു അതായിരുന്നു.

*അവിടുന്ന് എനിക്കുതന്ന ജോലി ഞാൻ പൂർത്തിയാക്കി* (17:4): അതായതു്, കല്പനലംഘനം മുതൽ ഇന്നുവരെ ആദാമ്യകുലം വീട്ടാനുണ്ടായിരുന്ന കടം അവർക്കെല്ലാംവേണ്ടി ഞാൻ കൊടുത്തുവീട്ടി. വീണ്ടും, ഒന്നിനൊന്നു് മഹനീയമായ മൂന്നു കാര്യങ്ങളെയാണ് അവൻ *ജോലി* എന്നു പറയുന്നതു്: ഒന്നു്, ഒരു കന്യകയിൽനിന്നു് അവിടുന്നു് ജഡത്തിൽ കാണപ്പെട്ടു. പ്രവാചകന്മാർ പ്രവചിച്ചവയെല്ലാം പൂർത്തീകരിച്ചു; തന്റെ വരവിനെ അറിയിച്ചവരുടെ വചനത്തെ സ്ഥിരീകരിച്ചു. സത്യപ്രകാശം ഉദയം ചെയ്തപ്പോൾ അവരുടെ മെഴുകുതിരി മറച്ചുവയ്ക്കപ്പെട്ടു. രണ്ടു്, *മറ്റാരാളും* ചെയ്തിട്ടില്ലാ

www.malankaralibrary.com



ത്തതായി അവിടുന്ന് ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും. 'ഞാൻ ഇവ ചെയ്തില്ലാതിരുന്നെങ്കിൽ....' (15:24) എന്ന് അവിടുന്നു പറയുന്നു. മൂന്ന്, കുറ്റം വിധിക്കപ്പെട്ടവനെപ്പോലെ അവിടുന്ന് മരിച്ചു; വ്യതിയാനാതീതനായി അവിടുന്ന് ഉത്ഥാനം ചെയ്തു. ഇവയ്ക്കും പുറമേ, തന്റെ ജീവദായകമായ പ്രബോധനം അവിടുന്ന് സന്തോഷപൂർവം എല്ലാവരിലും വർഷിച്ചു. അവിടുന്നു പറയുന്നു: 'ഇപ്പോൾ കടമെല്ലാം വീട്ടി; മഹത്ത്വം നഷ്ടപ്പെട്ടവർക്ക് അത് നൽകിയാലും'.

അവിടുത്തേക്ക് മഹത്ത്വം ആവശ്യമായിരുന്നെങ്കിൽ, തന്റെ ആവശ്യമനുസരിച്ച് എന്തുകൊണ്ട് അവിടുന്ന് അത് എടുത്തില്ല? അവിടുന്ന് അത് മറ്റുള്ളവർക്ക് നൽകുന്നവനായിരിക്കെ, അവിടുത്തേക്ക് അത് ഇല്ലാതിരിക്കുമോ? 'നീ എനിക്കു തന്ന മഹത്ത്വം ഞാൻ അവർക്കു കൊടുത്തു' എന്ന് അവിടുന്നു പറയുന്നു. അവിടുന്ന് എല്ലാ അടികളും തന്റെമേൽ ഏറ്റു: 'ഞാൻ വിശന്നു, ദാഹിച്ചു, കാരാഗൃഹത്തിൽ ആയിരുന്നു' എന്ന സുവിശേഷത്തിൽ വിവരിക്കുന്ന മറ്റ് പീഡനങ്ങളും' എന്ന് അവിടുന്നു പറയുന്നു. അതുപോലെ കല്പന ലംഘനത്താൽ നഷ്ടപ്പെട്ടതും ഞാൻ എടുത്തതുമായ മുൻമഹത്ത്വം അവിടുന്ന് തന്റെമേൽ സ്വീകരിച്ചു.

*അവിടുന്ന് എനിക്കു നൽകിയതെല്ലാം അങ്ങിൽ നിന്നാണെന്ന് ഇപ്പോൾ ഞാൻ അറിയുന്നു* (17:7): 'നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് നീ ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നു' എന്നതുപോലെയാണിത് (ഉല്പ. 22:12). അതായത് എന്നെക്കുറിച്ചുള്ള ഭയത്തിന്റെ വലിയ തെളിവ് നീ നൽകിയിരിക്കുന്നു. മുകളിലത്തെ വാചകത്തിലും അതുപോലെ: ഞാനിതു പറയാൻ ആഗ്രഹിക്കുന്നു: എന്നിൽ വിശ്വസിക്കുന്നവരുമായി നിനക്കുള്ള അടുപ്പത്തിന്റെ തെളിവ് നിനക്കുണ്ട്. 'അവർ നിന്റേതാണ്'' എന്ന വാക്കുകളാൽ അവർ ഉത്തേജിതരത്രേ;– അതുതന്നെയാണ് അവിടുന്നു പറഞ്ഞത്, ''നീ എനിക്കു തന്ന വചനം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു'' (17:8).

*അവരും നമ്മെപ്പോലെ ഒന്നായിരിക്കേണ്ടതിന്* (17:11): അതായത്, പുതിയ ജനനത്താൽ ഒന്നായിത്തീർന്ന് ദാനങ്ങളിൽ അവർ ഭാഗഭാക്കുകളാകുവാനും കൃപയിൽ ദൈവത്തെ പിതാവേ, എന്നു വിളിക്കുവാനും വചനത്തോടുകൂടി സ്വാഭാവിക പുത്രത്വത്താൽ അത് എന്റേതാണ്,

www.malankaralibrary.com



*നിൻെറ നാമത്തിൽ* എന്ന് അവിടുന്നു പറയുന്നു. അതായതു്, പിതാവിൻെറ നാമത്തിൽ. ദത്തെടുക്കലിനു് ആത്മാവു് അവരെ അർഹരാക്കുമ്പോൾ അവരും അവിടുത്തെ *പിതാവേ* എന്നുവിളിക്കും.

## പുസ്തകം XVII

*തിരുലിഖിതം പൂർത്തിയാകുവാൻവേണ്ടി നാശത്തിൻെറ പുത്രനല്ലാതെ....* (17:12): അവൻെറ അന്ത്യം നാശമാണെന്നു സാരം. യൂദായെപ്പററിയാണു് പരാമർശം.

*അവർ ലോകത്തിൻേറതല്ല* (17:16): സ്വഭാവേനയല്ല, പുതിയ ജന്മത്താൽ ആദാമ്യ സന്തതികളായിരുന്നതിനുപകരം അവർ ക്രിസ്തുവിൻെറ അവയവങ്ങളായിത്തീർന്നു. അവർ *ലോകത്തിലല്ല*, എന്നല്ല *ലോകത്തിൻേറതല്ല* എന്നാണു് പറഞ്ഞതു് എന്ന കാര്യം ശ്രദ്ധിക്കുക. അതായതു്, അവർ ശാരീരികമായി ഈ ലോകത്തിൽ ആണെങ്കിലും അവരുടെ ആത്മാവിലും പെരുമാററത്തിലും അവർ ലോകത്തിനു് ഉപരിസ്ഥരാണു്. 'നമ്മുടെ സംസർഗം സ്വർഗത്തിലാണു്'' എന്നു് ശ്ലീഹാ പറയുന്നു (ഫിലി. 3:20). അവരും സത്യത്താൻ വിശുദ്ധീകരിക്കപ്പെടേണ്ടതിനു് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു'' (17:19): അതായതു്, അവരും സത്യപ്രഘോഷകരായിത്തീരാൻ, അവരും എൻെറ കൈകളിൽ നിന്നു് ഈ കാര്യങ്ങൾ സ്വീകരിക്കുമ്പോൾ ആത്മാവിൻെറ കൃപയാൽ യഥാർത്ഥത്തിലുള്ള വിശുദ്ധി പ്രാപിക്കാൻ, ഞാൻ സ്വയം പീഡനത്തിനു് കയ്യാളിച്ചിരിക്കുന്നു. ശിഷ്യന്മാർ പൂർത്തീകരിക്കാൻ ഉള്ള കാര്യങ്ങൾ പ്രവചനമായി പറഞ്ഞിരിക്കയാണു്; എന്നാൽ പ്രാർത്ഥനാരൂപത്തിൽ ആണെന്നു മാത്രം. *ഭാഷ്യകാരൻ:* ഇവ പ്രാത്ഥനകളായിരുന്നില്ല എന്നതു വ്യക്തമാണു്. നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തിനു് പിതാവായ ദൈവത്തോടു് ഈ വാക്കുകൾ ആവശ്യമേയില്ല. താൻ ഇച്ഛിക്കുന്നതിന്മേലെല്ലാം തൻെറ ഇച്ഛ ശക്തിമത്താണു്. അതുകൊണ്ടു് തൻെറ വ്യാപാരത്തിൻെറ പൂർത്തീകരണമായ ആ രാത്രിയിൽ, ഇവയൊക്കെ അവർക്കു് വ്യക്തമാക്കിക്കൊടുക്കാനുള്ള സമയമായി എന്നു് അവിടുന്നു് കണ്ടു; ചില കാര്യങ്ങൾ പ്രബോധനങ്ങളാണു്. ചിലതു് വരാനിരിക്കുന്നവയുടെ പ്രവചനങ്ങളാണു്; ചിലതു് മനുഷ്യകുലം മുഴുവനും പ്രത്യാശയും പ്രോത്സാഹനവും നൽകുന്നതാണു്; എങ്കിലും പ്രധാനമായി വിശ്വാസികൾക്കു് ചിലതു് ശിഷ്യരുടെ ഉറപ്പിനും പ്രത്യാശയ്ക്കുമായിട്ടാണു്. ചിലതു് ഭാവിസംഗതികളുടെ രഹസ്യങ്ങളാണു്; വരാനിരി

www.malankaralibrary.com



കുന്ന ലോകത്തിലേ യഥാർത്ഥത്തിൽ അവ പൂർത്തീകരിക്കപ്പെടുകയുള്ളു. അതു് ശിഷ്യരുടെയും ലോകത്തിന്റെയും പ്രബോധനത്തിനായി അവിടുന്നു് വെളിപ്പെടുത്തി. ചിലതു് പിതാവിനോടൊത്തു് തനിക്കുള്ള ഔന്നത്യത്തെയും മഹനീയതയെയും കുറിച്ചാണു്. ചിലതു് തന്റെ പക്കലേക്കു നാം തിരിയുന്നതിനുള്ള മാർഗദർശിയായിട്ടു്.

*അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതു പോലെ....* (17:21): അതായതു്, അവിടുന്നു പറയുന്നു: ദത്തെടുക്കലിന്റെ ആത്മാവിലൂടെ അവരെല്ലാവരും നമ്മോടു്ഐക്യപ്പെടാൻ ഇടയാകട്ടെ. വചനം ദൈവവുമായി ഐക്യപ്പെട്ടിരിക്കുന്നതുപോലെ, അതായതു്, ഞാൻ വചനമായ ദൈവവുമായി ഐക്യപ്പെട്ടിരിക്കുന്നതുപോലെ, പിതാവേ, അങ്ങേയ്ക്കു് ഒരു പുത്രനേയുള്ളു. ഈ കാരണത്തിൽനിന്നു് എനിക്കു് നിന്നോടു് ബന്ധം ഉണ്ടു്. ഞാൻ നിന്നെ *എന്റെ പിതാവേ* എന്നു വിളിക്കുന്നതുപോലെ വിശ്വാസികളും ചെയ്യട്ടെ. അങ്ങനെ അവർ ഏകശരീരത്തോടും ഏക ക്നോമായോടും ഏക വ്യക്തിത്വത്തോടും കൂടിയായിരിക്കട്ടെ. കാരണം, പൊതുവായ വ്യക്തിത്വത്തിനു് വേദനകളും സ്തുതിപ്പുകളും സ്വീകരിക്കാനാവും; ഒരു ക്നോമായ്ക്കു് തനിച്ചു് കഴിയുകയില്ല. എന്നാൽ ക്നോമാകളുടെ ഒററയ്ക്കുള്ള സവിശേഷതകൾ ഐക്യത്തെ കൂട്ടിക്കുഴയ്ക്കുന്നില്ല. ഞാൻ അവർക്കു് ശിരസ്സാണു്; അവർ എനിക്കു് അവയവങ്ങളുമാണു്. അവർ എന്നോടുകൂടി പുത്രത്വം എന്ന നാമം പങ്കിടും.

ഏകജാതന്റെ വ്യക്തിത്വം വചനമായ ദൈവമാണു് എന്നു നാം അറിഞ്ഞിരിക്കണം. അതു് ക്രിസ്തുവിന്റെ മനുഷ്യത്വം എടുത്തു് സ്വന്തമാക്കിയിരിക്കുന്നു. ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു് സത്തകൾ തമ്മിലുള്ള അഭേദ്യമായ ഐക്യത്താൽ ഏകപുത്രനായി നാം മനസ്സിലാക്കുകയും ഉറപ്പായി വിശ്വസിക്കുകയും ചെയ്യുന്നു. നാം പുത്രത്വം എന്ന നാമം പങ്കിടുന്നു. അവനിലൂടെ നമുക്കുലഭിച്ച അമർത്യതയും അഴിവില്ലായ്മയും നിമിത്തം നമുക്കു് ക്രിസ്തുവുമായി ബന്ധുത്വം ഉണ്ടു്. ദൈവപുത്രന്മാർ, യേശുക്രിസ്തുവുമായി കൂട്ടവകാശികൾ എന്നൊക്കെ പറയുന്നതുപോലെ. എങ്കിലും ക്രിസ്തുവിനുള്ള മറെറല്ലാ സംഗതികളിലും നമുക്കു് ഭാഗഭാഗിത്വമില്ല. അതായതു്, ദൈവത്വം, ശക്തി, രാജ്യം, ന്യായവിധി, എല്ലാററിനുംമേൽ ദൈവം. ആ നല്ല

www.malankaralibrary.com



കർത്താവ് നമ്മുടെ സ്വഭാവത്തോടുകാണിച്ച സമൃദ്ധമായ സ്നേഹത്തിലൂടെ പുത്രത്വം എന്ന പേരുമാത്രം നാം അവനുമായി പങ്കിടുന്നു. അവിടുന്ന് റാന്തൽ വിളക്കാണ്. അതിന്റെ തലപ്പത്തുൽ മൂന്നോ നാലോ തിരികൾക്കുള്ള സ്ഥലമുണ്ട്.

*അവർ രണ്ടു പ്രാവശ്യം പിൻവലിഞ്ഞ് നിലം പതിച്ചത്* (18:6) തന്റെ സ്വന്ത ഇഷ്ടത്താലാണ്, നിർബന്ധത്താലല്ല അവൻ സ്വയം അവർക്കു കയ്യാളിച്ചത് എന്നു കാണിക്കുന്നു. അവരെ നശിപ്പിച്ച് തുടച്ചുനീക്കാൻ അവിടുന്നാഗ്രഹിച്ചെങ്കിൽ അതു നടക്കുമായിരുന്നു.

## പുസ്തകം XVIII

*പത്രോസ് തള്ളിപ്പറഞ്ഞത് ഹന്നാസിന്റെ ഭവനത്തിൽ* വച്ചാണ് എന്ന് യോഹന്നാൻ പറയുന്നു (18:12-18). ബന്ധിതനായി കയ്യാഫാസിന്റെ ഭവനത്തിലേക്ക് പോകുമ്പോൾ (മത്താ. 26:75). അവിടുന്ന് പത്രോസിനെ നോക്കി, അപ്പോൾ അവൻ കൈപ്പോടെ കരഞ്ഞു. എന്നാൽ കയ്യാപ്പായുടെ ഭവനത്തിൽവച്ച് തള്ളിപ്പറഞ്ഞു എന്നാണ് മററു സുവിശേഷകർ പറയുന്നത് (മത്താ. 26:57). കാരണം, നമ്മുടെ കർത്താവിനെ പിടിച്ചപ്പോൾ മിക്കവാറും എല്ലാ ശിഷ്യരും ഓടിക്കളഞ്ഞു. അവരുടെ ചിന്തയുടെ ലാഘവത്വത്തിന് കാരണം ഇതാണ്; അവർ വിവിധതരം വാചകങ്ങളും വിവിധ സ്ഥലങ്ങളും ഉപയോഗിക്കുന്നു. ഒരേ കാര്യത്തെപ്പററിയും ഒരേ തള്ളിപ്പറയലിനെപ്പററിയുമാണ് അവർ പറയുന്നത്.

*അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല* (18:28). പെസഹായുടെ ഒററ ദിവസത്തെപ്പററിയല്ല, ഒരാഴ്ച മുഴുവൻ. ശുദ്ധീകരണം വരുത്തി വിശുദ്ധരായിരിക്കാൻ അവർക്ക് കല്പനയുണ്ടായിരുന്നു. ഈ വാചകം നിമിത്തവും 'പെസഹാതിരുനാളിനു മുമ്പ്...' (യോഹ. 13:1) എന്ന വാചകം നിമിത്തവും അവിടുന്ന് പെസഹാദിവസമല്ല, അതിന്റെ തലേ ദിവസമാണ് ഭക്ഷിച്ചത് എന്ന് *ചിലർ* പറയുന്നു. നാം ഇതു ലൂക്കാഭാഷ്യത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളതാണ്.

*ഏതു വിധത്തിലുള്ള മരണമാണ് തനിക്ക് വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞ വാചകം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്* (18:32): അതായത്, അവർ അവനെ പുറജാതികൾക്കു കയ്യാ

www.malankaralibrary.com



ളിക്കണം. ഏതോ ഉയർന്ന പീഠത്തെ അവൻ *ഗബ്ബഥാ* (കൽത്തളം) (19:13) എന്നു വിളിക്കുന്നു.[1] അതൊരു കല്ലാണ്; ആ കൊട്ടാരത്തിൽ ഇട്ടിരിക്കുന്നതു്; കൊട്ടാരത്തിന്റെ ഘടനയ്ക്കുവേണ്ടി അതു് കൂടെക്കൂടെ അവിടെനിന്നു് മാററിയിരുന്നു.[2] പ്രെത്തോറിയത്തിൽവച്ചു് നമ്മുടെ കർത്താവു് കുരിശു ചുമന്നു. അവർ നഗരത്തിനു പുറത്തേക്കു വന്നപ്പോൾ സൈറീൻകാരൻ ശെമഓനെ കണ്ടു. കുരിശെടുക്കാൻ അവർ അവനെ നിർബന്ധിച്ചു.

ആരെയും വധിക്കുന്നതിനു് നിയമം *ഞങ്ങളെ അനുവദിക്കുന്നില്ല* (18:31): പെസഹാ നിമിത്തമാണു് അവരിതു പറഞ്ഞതു്. സിംഹത്തിന്റെയോ മുയലിന്റെയോ രൂപത്തിൽ പെൺകുറുക്കൻ സൂത്രത്തിൽ സംസാരിക്കുക ആയിരുന്നു. അവനെ മരണത്തിനേല്പിച്ചെങ്കിലും തങ്ങൾ കൊല്ലുന്നില്ല എന്നു വരുത്തിത്തീർക്കണം. രണ്ടു കള്ളന്മാരുടെ മധ്യേ അവർ അവനെ ക്രൂശിച്ചു. അവരുടെ പിറകിലല്ല. അതായതു്, കൊള്ളിവയ്പിൽ അവൻ അവരെ കടത്തിവെട്ടി എന്ന നിലയിൽ.

*പീലാത്തോസ് ഒരു ശീർഷകം എഴുതി കുരിശിനു മുകളിൽ വച്ചു* (19:19): യൂദയായിൽ എബ്രായരും ഗ്രീക്ക്കാരും റോമാക്കാരും ഉണ്ടായിരുന്നതിനാലാണു് ഇതു് മൂന്നു ഭാഷകളിൽ എഴുതിയതു് (19:20). *'ഇവനാണ് യഹൂദരുടെ രാജാവ്'*എന്നു് അവൻ എഴുതിയതു് രണ്ടു കാരണങ്ങളാലാണു്: അവരെ കുററപ്പെടുത്താനും അവരെ കളിയാക്കാനും. അവനെ കുരിശിൽ തറയ്ക്കാൻ ഏല്പിച്ചുകൊടുക്കത്തക്കവിധം അത്രമാത്രം അവർ ഈ രാജാവിനെ പൂർണമായി ദ്വേഷിച്ചിരുന്നു. രണ്ടു്, അവർ അവനെ സീസറിന്റെ മുമ്പാകെ കുററപ്പെടുത്താതിരിക്കാൻ; അങ്ങനെ ആ അപകടം ഒഴിവാക്കാൻ. അവൻ ദുഷ്പ്രവൃത്തി ചെയ്തു എന്നു് ആരും കുററപ്പെടുത്താതിരിക്കാൻ. നീതിമാനും, അത്ഭുതങ്ങളും നിരവധി ശ്രേഷ്ഠകർമ്മങ്ങളും ചെയ്യുന്ന ഒരാളെ അവൻ ക്രൂശിച്ചു എന്നു് ആരോപണം വരാതിരിക്കാൻ. എന്നാൽ അന്ത്യത്തിൽ അപ്രകാരം തന്നെ സംഭവിച്ചു. അവന്റെ അന്ത്യം ദാരുണമായിരുന്നു.

എദേസ്സക്കാരനായ അബ്ഗാർ കർത്താവിനെഴുതിയ കത്തു് കുറിച്ചുവച്ച *ബർ മറിയം*[3] തന്റെ സഭാചരിത്രത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നു: *യഹൂദന്മാരുടെ രാജാവ്*

1 എബ്രായയിൽ ഗബ്ബ്ബാത്ത. 2 അർത്ഥം വ്യക്തമല്ല.
3 ദാനിയേൽ ബർ മറിയം (7th c).

www.malankaralibrary.com



എന്നു് പീലാത്തോസു് എഴുതിയതു് ദുരുദ്ദേശപരമായിട്ടാണു്. അവിടുത്തെ കൊല്ലുന്നതിനു് അവൻ ഒരു ന്യായീകരണം കണ്ടു പിടിച്ചെന്നു മാത്രം. താൻ സ്വമനസ്സാ ചെയ്തതല്ല എന്നു് വരുത്തിത്തീർക്കാൻ അവൻ ശ്രമിച്ചു. എന്നാൽ 'ക്രിസ്തു രാജാവാണു്'' എന്ന സത്യം വിളംബരം ചെയ്യാൻ അവൻ നിർബന്ധിതനായി. – 'യഹൂദന്മാരുടെ രാജാവു്'' എന്നതിനെതിരെ പ്രധാന പുരോഹിതന്മാരും മൂപ്പന്മാരും പ്രതിഷേധിച്ചു. 'അവൻ പറഞ്ഞു' എന്നാക്കണം എന്നു് പീലാത്തോസിനോടു് അപേക്ഷിച്ചു. അവിടുത്തോടുകൂടി തങ്ങളും മത്സരക്കാരാണു് എന്നു് കുറ്റപ്പെടുത്തപ്പെടാതിരിക്കാനായിരുന്നു ഇതു്. അവരുടെ പിതാക്കന്മാർ പ്രവാചകരെ കൊന്നതുപോലെ തങ്ങളുടെ രാജാവിന്റെ കൊലപാതകികൾ ആണു് തങ്ങൾ എന്നു് കുറ്റപ്പെടുത്തപ്പെടാതിരിക്കാനായിരുന്നു. കാരണം, പീലാത്തോസു് തങ്ങളെ കളിയാക്കുകയായിരുന്നു എന്നു് അവർക്കു മനസ്സിലായി. അവരുടെ നിന്ദനം എന്നേക്കും നിലനിൽക്കണം എന്നു് പീലാത്തോസു് ആഗ്രഹിച്ചു.

## പുസ്തകം XIX

*അവന്റെ അങ്കി തുന്നലില്ലാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു* (19:23): അതായതു്, തുന്നിപ്പിടിപ്പിച്ചതല്ലായിരുന്നു. നെയ്തെടുക്കുന്ന വസ്ത്രം പോലെയായിരുന്നു. ഇന്നും മനുഷ്യർ അപ്രകാരം നെയ്തെടുക്കുന്നുണ്ടല്ലോ.

*അവർ അവന്റെ വസ്ത്രങ്ങൾ നാലായി പങ്കിട്ടെടുത്തു* (19:23): ആ വസ്ത്രങ്ങൾ വിലപിടിച്ചവയായതിനാലല്ല; അതു വിറ്റു് കാശുണ്ടാക്കാമെന്നാഗ്രഹിച്ചുമല്ല. പിന്നെയോ, നമ്മുടെ കർത്താവു് ചെയ്ത വലിയ അത്ഭുതങ്ങൾ കാണുകയും അവയെപ്പറ്റി കേൾക്കുകയും ചെയ്തതിനാൽ കർത്താവിനെക്കുറിച്ചു് അവർക്കുണ്ടായിരുന്ന ഉന്നതമായ അഭിപ്രായം നിമിത്തമായിരിക്കാമിതു് എന്നു് സാമാന്യമായി കരുതാം. തങ്ങൾക്കു് അഭയം തേടാനുള്ള ഒന്നായി അവർ ആഗ്രഹിച്ചു എന്നതു് വ്യക്തമാണല്ലോ. അതു് അവർ ഉദ്ദേശിച്ചതിനൊക്കെ. അവർക്കു് വലിയ സഹായം ഒഴുക്കിക്കൊടുത്തുകൊണ്ടിരുന്നു എന്നു പറയപ്പെടുന്നു. നമ്മുടെ കർത്താവിന്റെ അങ്കിയെപ്പറ്റി ഇപ്രകാരം ഒരു ഐതിഹ്യം ഉണ്ടു്: മഴ ഇല്ലാതെ വന്നാൽ അതെടുത്തു് നിവർത്തി ആകാശത്തിലേക്കുയർത്തിയാൽ മനുഷ്യർക്കും മൃഗങ്ങൾക്കുംവേണ്ടി സമൃദ്ധമായി ഉടനെ മഴ പെയ്തിരുന്നു. *മാർ അപ്രേം:* വിഭജിക്കപ്പെടുകയോ പങ്കിടപ്പെടുകയോ ചെയ്യാത്ത

www.malankaralibrary.com



അവിടത്തെ ദൈവത്വത്തിന്റെ രഹസ്യമാണ് കീറാത്ത മേലങ്കി. തന്റെ ശരീരം വിഭജിക്കപ്പെട്ടതിന്റെ രഹസ്യമാണ് വസ്ത്രം നാലായി പങ്കിടപ്പെട്ടത്; ലോകത്തിന്റെ നാലു ഭാഗങ്ങളിലും തന്റെ സുവിശേഷം പ്രചരിച്ചതിന്റെ സൂചനയും കൂടിയാണത്.

*പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ പാർശ്വത്തിൽ കുത്തി* (19:34): അതായത്, *പാർശ്വം കുത്തിത്തുളച്ചു*. 'ഉടനെ അതിൽനിന്നു രക്തവും വെള്ളവും ഒഴുകി'. പുതിയ ജനനത്തിന്റെ അടയാളം ആണത്. *രക്തം* ദിവ്യരഹസ്യങ്ങളെ സൂചിപ്പിക്കുന്നു. *കുന്തം* നീളമുള്ള ഒരു യുദ്ധോപകരണം.

*അതു കണ്ടവൻ സാക്ഷ്യം നൽകിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യമാകുന്നു* (19:35): അതു യോഹന്നാൻ തന്നെയാണ്. ഈ സംഗതികൾവരെ സുവിശേഷകനായ യോഹന്നാൻ സമീപത്തുണ്ടായിരുന്നു എന്നതു് വ്യക്തമാണല്ലോ. *ഭാഷ്യകാരൻ* പറയുന്നു: രക്തവും വെള്ളവും ഒഴുകുന്നതു് എല്ലാവരും കണ്ടില്ല, അനേകരിൽനിന്നു് അതു മറഞ്ഞിരുന്നു. 'അതു കണ്ടയാൾ സാക്ഷ്യം നൽകിയിരിക്കുന്നു' എന്നു് യോഹന്നാൻ പറഞ്ഞതിൽനിന്നു് ഇതു വ്യക്തമാണ്. മററുള്ളവർ കണ്ടില്ലെങ്കിലും അവൻ പറഞ്ഞതു് വിശ്വസനീയമാണ്. ഭാഷ്യകാരൻ പറഞ്ഞതിനെപ്പററി *കലാലയ മല്പാന്മാർ* ഇപ്രകാരം പറയുന്നു: ഭാഷ്യകാരൻ പറഞ്ഞതു് സാധ്യമാണ്. രക്തവും വെള്ളവും കൂടികലരാതെ വെവ്വേറെ അവൻ മാത്രം കണ്ടു. മററു മനുഷ്യർ സംഭവിച്ചതെല്ലാം കണ്ടു. എന്നാൽ രക്തവും വെള്ളവും വേർപിരിഞ്ഞതു് അവർ കണ്ടില്ല. കാരണം, അവർ അവനെ സൂക്ഷിച്ചുനോക്കിയില്ല. എന്നാൽ നമ്മുടെ കർത്താവിനോടുള്ള സ്നേഹംമൂലം യോഹന്നാൻ സൂക്ഷിച്ചുനോക്കി അവ വ്യക്തമായി ദർശിച്ചു. ഇതു് അപ്രകാരമല്ലെങ്കിൽ അവിടന്നു് ഇപ്രകാരം കാട്ടിയതു് എങ്ങനെയാണ് മനുഷ്യർ കാണാതെ പോയതു്? വീണ്ടും, അതു് കാഴ്ചക്കാരിൽനിന്നു് മറച്ചുവയ്ക്കത്തക്ക ഒരു കാരണവും ഉണ്ടായിരുന്നില്ലല്ലോ.

*തങ്ങൾ കുത്തിത്തുളച്ചവനെ അവർ നോക്കും* (19:37): അതായതു്, അവനെ സ്പർശിക്കുകയും കുന്തംകൊണ്ടു കുത്തുകയും ചെയ്തതുവഴി, അവിടന്നുത്ഥാനം ചെയ്തു കഴിയുമ്പോൾ അവരുടെ ധിക്കാരം നിറഞ്ഞ മനസ്സ് നിന്ദിക്കപ്പെടുകയും; നീതി അവരെ ലജ്ജിതരാക്കുകയും ചെയ്യുന്ന സമയം സമാഗത

www.malankaralibrary.com



മായി. അവൻവഴിയും അവനിലുള്ള വിശ്വാസത്തിലൂടെയും അവർ സഭയിലെത്തുകയും അവിടത്തെ പ്രബോധനത്തിൻെറ സത്യത്തിലേക്ക് തിരിയുകയും വേണം.

*കുരിശിനരികെ അവൻെറ അമ്മയും അമ്മയുടെ സഹോദരിയും നിൽക്കുന്നുണ്ടായിരുന്നു* (19:25): യൗസേപ്പിൻെറ ഭാര്യയും, യാക്കോബിൻെറയും ജോസെയുടെയും ശിമെയോൻെറയും യൂദായുടെയും അമ്മയുമായ മറിയമായിരുന്നു അവൾ. ഭാഗ്യവതിയോട് അവൾക്കുണ്ടായ വലിയ സ്നേഹം നിമിത്തം അവളെ സഹോദരി എന്നു വിളിച്ചിരുന്നു.

*ആ സാബത് ഒരു വലിയ ദിവസമായിരുന്നു* (19:31): ആ സാബത്തു് വലിയതു് എന്നു പറയാൻ മൂന്നു കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്നു്, സാബതിനെ ദൈവം വാഴ്ത്തി വിശുദ്ധീകരിച്ചിരുന്നു. രണ്ടു്, ആ സാബതിൽ ആയിരുന്നു പെസഹാ അനുഷ്ഠിക്കാൻ ഇടവന്നതു്. മൂന്നു്, അൻപതു വർഷങ്ങൾ തികയുന്ന ആഴ്ചയായിരുന്നു അതു്; അവകാശികൾക്ക് തിരികെ കൊടുക്കുക, അടിമകളെ സ്വതന്ത്രരാക്കുക തുടങ്ങിയവ അപ്പോൾ ചെയ്തിരുന്നു.

സുവിശേഷകർ തമ്മിൽ പൊരുത്തക്കേടുണ്ടു് എന്നു് ദുഷ്ടരായ ജൂലിയനും പൊർഫീരിയും ആരോപിക്കുന്നു. അതായതു്, നമ്മുടെ കർത്താവിൻെറ ഉത്ഥാനത്തിൻെറ സമയവും മണിക്കൂറും സംബന്ധിച്ച് പച്ചക്കള്ളം പറഞ്ഞു എന്നു പറയുന്നു. മത്തായി പറയുന്നതു് സാബതിൻെറ സന്ധ്യയിൽ (28:1) ആഴ്ചവട്ടത്തിൻെറ ഒന്നാംദിവസം ഉദിച്ചുവന്നപ്പോൾ മറിയവും മറേറ മറിയവും വന്നു എന്നാണ്. എന്നാൽ മർക്കോസ് പറയുന്നതു് ആഴ്ചവട്ടത്തിൻെറ ഒന്നാംദിവസം അതിരാവിലെ, സൂര്യനുദിച്ചുവരവെ അവർ വന്നു എന്നാണ് (16:2). ലൂക്കോസാകട്ടെ, 'ആഴ്ചയുടെ ഒന്നാംദിവസം, ഇരുട്ടായിരിക്കുമ്പോൾ തന്നെ അവർ വന്നു എന്നു പറയുന്നു (24:1). യോഹന്നാൻ പറയുന്നു: 'ആഴ്ചയുടെ ഒന്നാംദിവസം ഇരുട്ടായിരിക്കുമ്പോൾ തന്നെ മഗ്ദലനമറിയം വന്നു' (20:1). മൂന്നുപേർക്ക് ഒരേ ഉദ്ദേശ്യമായിരുന്നു; മത്തായിക്ക് മറെറാന്നും. ദിവസത്തിൻെറ ആരംഭം സംബന്ധിച്ച് എല്ലാവരും ഒരുപോലെ ചിന്തിക്കാത്തതിനാലാണിതു്. ചിലർ സന്ധ്യമുതൽ ആരംഭം കുറിക്കുന്നു; വേറേ ചിലർ, അർമേനിയരെപ്പോലെ രാവിലെയാണ് ആരംഭം എന്നു് കരുതുന്നതു്. അതുകൊണ്ടു്, 'അതു് സാബതാണ്'' എന്നു് ആഴ്ചയുടെ ആദ്യദിവസത്തെ രാത്രിയെ അവൻ വിളിക്കുന്നു. മററു സുവിശേഷകർ, നാം കണക്കാക്കുന്നതുപോലെ, ആഴ്ചയുടെ ആദ്യദിവസമായി പരിഗണിക്കുന്നു.

www.malankaralibrary.com



വീണ്ടും, ഉത്ഥാനത്തെപ്പററി അന്നു സംഭവിച്ച കാര്യവും ദിവസവും സംബന്ധിച്ച് അവരെല്ലാവരും ഒരുപോലെയല്ലാതെ എഴുതിയില്ലായിരുന്നെങ്കിൽ, 'അവർ കല്ലറയിലേക്കു വന്നു' എന്നു് സ്ത്രീകളെപ്പററി എല്ലാവരും വ്യത്യസ്തമായി പറഞ്ഞിരുന്നെങ്കിൽ, പക്ഷേ ചിലരൊക്കെ സംശയിക്കുമായിരുന്നു. വീണ്ടും, ഭാഗത്തിൽനിന്നു് മുഴുവനെപ്പററിയും പറയുക തിരുലിഖിതരീതിയാണ്. മത്തായിഭാഷ്യത്തിൽ ഇതു നാം വ്യാപകമായി പറഞ്ഞിട്ടുണ്ടല്ലോ.

*ശവകുടീരത്തിൻെറ കല്ല് മാററപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു* (20:1). കല്ലെടുത്തു മാററിയതു് അവിടുത്തേക്കു് പുറത്തുപോകാനായിട്ടല്ല. അവിടുത്തേക്കു് അതു് ആവശ്യമില്ലായിരുന്നു. ഇതാ, നേരത്തെ ഇപ്രകാരമായിരുന്നല്ലോ: അവിടുന്നു് മനുഷ്യനായപ്പോൾ, കന്യാത്വമുദ്ര ഭജ്ഞിക്കാതെ അടച്ച വാതിലിൽക്കൂടി പുറത്തുവന്നു; ആളുകൾ പിടിക്കാതെ അവരുടെ ഇടയിൽക്കൂടി കടന്നുപോയി; കാലുകൾ താണുപോകാതെ ജലത്തിൻെറ ഉപരിതലത്തിൽക്കൂടി നടന്നു. അവിടുന്നു് ഉത്ഥാനം ചെയ്തശേഷം അടച്ചിട്ടിരുന്ന വാതിലിലൂടെ അകത്തു പ്രവേശിച്ചു. അവിടുന്നു് ഉത്ഥാനം ചെയ്തു എന്നു് സൂചിപ്പിക്കാനാണ് *കല്ല് മാററപ്പെട്ടത്*. കല്ലറ കാത്തു്, അടച്ചു് മുദ്രവച്ചില്ലായിരുന്നെങ്കിൽ, അവിടുന്നു് ഉത്ഥാനം ചെയ്തെന്നു് വിശ്വസിക്കുമായിരുന്നില്ല. കല്ലറ അടച്ചു് മുദ്രവച്ചിരിക്കെ, കോഴി കൂകിയപ്പോൾ അവിടുന്നു് ഉത്ഥാനം ചെയ്തു: പിന്നീടു് ഉത്ഥാനത്തിൻെറ അടയാളമായി ഒരു ദൂതൻ ഇറങ്ങിവന്നു. മത്തായി രേഖപ്പെടുത്തുന്നതുപോലെ, അവൻെറ മുഖം പ്രകാശമയമായിരുന്നു, വസ്ത്രം മഞ്ഞുപോലെയായിരുന്നു. അവൻ കല്ലറവാതിൽക്കൽനിന്നു് കല്ല് ഉരുട്ടിമാററി അതിന്മേൽ ഇരുന്നു. നമ്മുടെ കർത്താവിൻെറ ഉത്ഥാനത്തെപ്പററി അവൻ സ്ത്രീകളെ അറിയിച്ചു (മത്താ. 28:2).

പത്രോസ് ഉടനെ മറേറ ശിഷ്യനോടുകൂടെ കല്ലറയുടെ അടുത്തേക്കു് ഓടി (20:3): മറേറ ശിഷ്യൻ യോഹന്നാനായിരുന്നു. അവൻ ശെമഓനെക്കാൾ മുമ്പേയെത്തി. അതിനു മൂന്നു കാരണങ്ങൾ ഉണ്ടു്: ഒന്നു്, പ്രായവും പ്രകൃതവും. യോഹന്നാൻ ചെറുപ്പക്കാരനും ബ്രഹ്മചാരിയുമായിരുന്നു. രണ്ടു്, നമ്മുടെ കർത്താവിൻെറ പക്കൽ അവനു് വലിയ ആത്മധൈര്യം ഉണ്ടായിരുന്നു; മററുള്ളവരെല്ലാം ഓടിപ്പോയപ്പോഴും കർത്താവിൻെറ പീഡാനുഭവത്തിലും അവൻ വിട്ടുപിരിഞ്ഞില്ല. മൂന്നു്, നമ്മുടെ കർത്താവിനോടുള്ള സ്നേഹത്താൽ അവൻ ജ്വലിച്ചിരുന്നു; കർത്താവിനെ കാണാൻ അവൻ ആകാംക്ഷാഭരിതനായിരുന്നു. എന്നാൽ ശെമഓൻ പിറകിലായതിൻെറ കാരണം: ഒന്നു്, അവൻ പ്രായം

www.malankaralibrary.com



കൂടിയവനും ഭയചകിതനുമായിരുന്നു. രണ്ട്, ക്രൂശാരോഹണത്തെപ്രതി അവൻ ദുഃഖാർത്തനായിരുന്നു; മൂന്ന്, ക്രൂശാരോഹകരെക്കുറിച്ചുള്ള ഭയംനിമിത്തം; അതുകൊണ്ടാണല്ലോ അവൻ തള്ളിപ്പറഞ്ഞത്. നാല്, മൂന്നുപ്രാവശ്യം നിഷേധിച്ചതുകൊണ്ടുള്ള കദനഭാരം നിമിത്തം. ഇത് ഓർത്ത് ചിന്തിച്ചപ്പോൾ അവൻെറ മുട്ടുകൾ വിറയ്ക്കാൻ തുടങ്ങി; അത് അവൻെറ ഓട്ടത്തിൻെറ വേഗതകുറച്ചു. അതു ന്യായവുമാണ്; കാരണം, പാപംപോലെ നമ്മെ നഷ്ടധൈര്യരാക്കുന്നതൊന്നുമില്ല. എന്നാൽ ശുദ്ധതപോലെ നമ്മുടെ ഹൃദയതീക്ഷ്ണത ഉജ്ജ്വലിപ്പിക്കുന്ന മറ്റൊന്നുമില്ല. യോഹന്നാൻ ഒന്നാമതു് കല്ലറയിൽ എത്തിച്ചേന്നെങ്കിലും 'അവൻ അകത്തു കടന്നില്ല'. മൂപ്പൻെറയും ശ്ലീഹന്മാരുടെ തലവൻെറയും ബഹുമാനാർത്ഥമായിരുന്നു അതു്.

*കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടിയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും അവൻ കണ്ടു* (20: 7-8): അവ കല്ലറയിൽതന്നെ കിടന്നു: ഒന്ന്, അവശ്യാവശ്യം സംഭവിക്കാൻ പോകുന്ന പൊതുവായ ഉത്ഥാനത്തിൻെറ അടയാളമായിട്ട്; അതുപോലെ വരാനിരിക്കുന്ന ലോകത്തിൽ അമർത്യതയ്ക്കായിട്ടും. അവിടെ അവർ വസ്ത്രമോ മറയ്ക്കാനുള്ളവയോ ഉപയോഗിക്കുകയില്ല; ആഹാരമോ, ഈ ലോകത്തിലെ ഭൗതിക വസ്തുക്കളോ ആവശ്യമായി വരികയില്ല. നമ്മുടെ പ്രകൃതി മഹത്ത്വവും ശോഭയും ബഹുമാനവുംകൊണ്ട് കിരീടം ധരിപ്പിക്കപ്പെടും; അത് ഈ ലോകത്തിലെ എല്ലാ ആഭരണങ്ങളെക്കാളും ശോഭയെക്കാളും വിലയേറിയതായിരിക്കും. ഇതിൻെറ ഒരു പ്രതീകമായി ഏലിയായും പറുദീസായിലേക്ക് എടുക്കപ്പെട്ടപ്പോൾ, ഇവിടെനിന്നുള്ള നമ്മുടെ വേർപാടിനെ രഹസ്യാത്മകമായി സൂചിപ്പിച്ചുകൊണ്ട് തൻെറ വസ്ത്രം ഏലീശായ്ക്കു വിട്ടുകൊടുത്തു; അവിടെ വസ്ത്രത്തിൻെറ ആവശ്യമൊന്നുമില്ലല്ലോ.

രണ്ട്, അവർ നമ്മുടെ കർത്താവിൻെറ വ്യക്തിപരമായ ഉത്ഥാനത്തിൻെറ സാക്ഷികളാകാൻ വേണ്ടി. ക്രൂശാരോഹകർ അപവാദം പറഞ്ഞതുപോലെ തീർച്ചയായും അവനെ ആരും മോഷ്ടിച്ചതല്ല. തുണി ഉപേക്ഷിച്ചിട്ട് ജഡം എടുത്തുകൊണ്ടുപോകുക സംഭവ്യമല്ല. മോഷ്ടാക്കളുടെ ലക്ഷ്യം ജഡമല്ലല്ലോ. ശരീരം ആണികളാൽ തറയ്ക്കപ്പെടുകയും പർശ്വത്തിൽ കുന്തംകൊണ്ടു തുളയ്ക്കപ്പെടുകയും ചെയ്തപ്പോൾ അവയിൽനിന്ന് രക്തവും ചലവും ഒക്കെ ഒഴുകിയിരുന്നു. നൂറു റാത്തൽ സുഗന്ധദ്രവ്യം ചേർത്ത് തുണികൾകൊണ്ടു പൊതിഞ്ഞാണ് അടക്കിയതു്. അതു് ശരീരത്തിൽ ചേർന്നു പിടിച്ചിരുന്നു. ആ വസ്ത്രത്തിന്

www.malankaralibrary.com



കീറലോ അഴക്കോ ഒന്നും കൂടാതെ രണ്ടായി വേർതിരിച്ച്, ഒട്ടിപ്പിടിക്കുന്ന യാതൊന്നും സുഗന്ധദ്രവ്യങ്ങളിലില്ലായിരുന്നു എന്ന മട്ടിൽ വച്ചിരുന്നു. ഇവയൊക്കെ ഒന്നിച്ചുചേർന്ന് ഒട്ടിപ്പിടിക്കുന്നവയാണ്. അനേകം പാദങ്ങളുള്ള *പോളിപോഡ്സ്*[1] എന്ന ജീവികൾ പാറകളിൽപ്പറ്റിപ്പിടിച്ച് വളരുന്നു. ഒരു കല്ലിൽ പാദം ഉറപ്പിക്കാതെ അത് പാദം അനക്കാറില്ല. അവയെ പാറക്കല്ലിൽനിന്ന് അടർത്തിമാറ്റാൻ വളരെ പ്രയാസമാണ്. അതുപോലെ, വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും ജഡത്തോട്ട് ചേർന്നിരിക്കുമ്പോൾ പറിച്ചെടുക്കുക ശ്രമകരമാണ്. വസ്ത്രങ്ങൾ അലസമായി ഇട്ടിരിക്കുകയല്ലായിരുന്നു. കള്ളന്മാരോ ദുഷ്ടന്മാരോ മോഷ്ടിച്ചു കൊണ്ടുപോകുമ്പോൾ തട്ടിയിട്ടിരുന്നതുപോലെയുമല്ല. പിന്നെയോ, സ്വതന്ത്ര മനുഷ്യർ ചുരുട്ടിവച്ചിരിക്കുന്നതുപോലെയാണ് വച്ചിരുന്നത്.

അവർ സംഘപ്രമാണിയായ യൗസേപ്പിന് വസ്ത്രങ്ങൾ കൊടുത്തു. അവനാണ് അവ കൊണ്ടുവന്നുപൊതിഞ്ഞത്. അത് അവനു തിരികെ നൽകുക ഉചിതമായിരുന്നു. കല്ലറയുടെ ഉടമസ്ഥൻ എന്ന നിലയിൽ അവന് അർഹതപ്പെട്ടതായിരുന്നു അത്. എന്നാൽ തലയിൽ കെട്ടിയിരുന്ന ത്തൂവാല ശെമഓൻ എടുത്ത് ഒരു ശിരോവസ്ത്രം അഥവാ കിരീടമായി സൂക്ഷിച്ചു. പട്ടം കൊടുത്തിരുന്നപ്പോഴൊക്കെ അവൻ അത് തലയിൽ ധരിച്ചിരുന്നു. അതുവഴി ധാരാളം അനുഗ്രഹങ്ങൾ വർഷിക്കപ്പെട്ടു. അതിന്റെ സ്ഥാനത്താണ് സഭയിലെ നേതാക്കന്മാരും മെത്രാന്മാരും ഇപ്പോഴും ശിരോവസ്ത്രവും തലപ്പാവും അണിയുന്നത്.

*"വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതൻമാർ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ കാൽക്കലും അപരൻ തലയ്ക്കലും ഇരിക്കുന്നത് അവർ കണ്ടു"* (20:12): 'അവർ നമ്മുടെ കർത്താവിനോടൊപ്പം കല്ലറയ്ക്കുള്ളിൽ കടന്ന് രണ്ടു ദിവസം അവിടെയായിരുന്നു' എന്നാണ് പാരമ്പര്യം കൈമാറിത്തന്നിരിക്കുന്നത്. 'നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്ത് പുറപ്പെട്ടു പോയപ്പോഴും കർത്താവിന്റെ ശരീരംവച്ച സ്ഥലത്തോടുള്ള ബഹുമാനത്താലും കർത്താവിന്റെ ഉത്ഥാനം തന്റെ ജനത്തെ അറിയിക്കാനും അവർ അവിടെത്തന്നെ കഴിഞ്ഞു.

തലയ്ക്കലിരുന്നത് മംഗലവാർത്ത അറിയിച്ചവനും പുതിയ നിയമത്തിന്റെ നടത്തിപ്പുകാരനുമായ ഗബ്രിയേൽ ആയിരുന്നു.

---

1 Polypods

www.malankaralibrary.com



എല്ലാ ആത്മീയ ജീവികളുടെയും തലവൻ അവനാണ് എന്ന് *ചില ദൈവവാഹകർ* പറയുന്നു. കാൽക്കൽ ഇരുന്നത് പഴയ നിയമത്തിൻെറ നടത്തിപ്പുകാരനായ മിഖായേൽ ആയിരുന്നു. മാലാഖമാർ എന്ന് പ്രത്യേകമായി വിളിക്കപ്പെടുന്ന താഴ്ന്ന ഗണത്തിൻെറ തലവനാണ് അവൻ എന്ന് *ചിലർ* പറയുന്നു. രണ്ട് ഉടമ്പടികളുടെയും ദാതാവും ഭരണാധിപനും ആയവന് അർഹമായ ബഹുമാനം അവർ ഇരുവരും പങ്കിട്ട് നൽകുന്നു.

ഈ ഭരണകർത്താക്കൾ കല്ലറയിലേക്ക വന്നെങ്കിൽ പതിനായിരങ്ങളും ലക്ഷങ്ങളുമായി എത്ര അധികം ദൂതന്മാർ വന്നു കാണുകയില്ല! ബലഹീനയായ മറിയത്തിന് രണ്ടുപേരേ ദർശനമരുളിയുള്ളു. ഇപ്പോഴും, നമ്മുടെ രക്ഷകൻെറ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കപ്പെടുമ്പോൾ സ്തുതിപ്പുകളോടും കീർത്തനങ്ങളോടുംകൂടി, ഭയഭക്തിബഹുമാനപുരസ്സരം സഭയിലെ ബലിപീഠങ്ങളെ അവർ വലംവച്ചുനിൽക്കുന്നു. ഈ ജീവികളുടെ പൂർണദർശനത്തിന് യോഗ്യരായിത്തീർന്ന ദൈവവാഹകരും ക്രിസ്തുസ്നേഹിതരും ഇതിനു സാക്ഷ്യം നൽകുന്നു. എന്നാൽ നികൃഷ്ടരും അരിഷ്ടരുമായ നാം ബലിപീഠങ്ങളെയും ആരാധ്യമായ ദിവ്യരഹസ്യങ്ങളെയും ഭീതിജനകമായ ആ നാഴികയിലെ കൂദാശകളെയും നിന്ദിക്കുന്നു.

ദൂതന്മാർ *വെള്ളവസ്ത്രധാരികളായിട്ടാണ്* കാണപ്പെട്ടത്: ഒന്ന്, ഉത്ഥാനത്തെ സംബന്ധിച്ച് അവർക്കുള്ള സന്തോഷത്തിൻെറയും ആനന്ദത്തിൻെറയും അടയാളമായിട്ട്. അവരും ഉത്ഥാനത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചത്തിൻെറ ഭാഗമാണ്; എന്നു മാത്രമല്ല, അവർക്ക് സമ്പൂർണ്ണജ്ഞാനവും വിശ്വാസത്യാഗം ഉണ്ടാകുക എന്നതിൽനിന്ന് വിമുക്തിയും ലഭിച്ചു. അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ മാലാഖമാർ സന്തോഷിക്കുന്നു എന്നു പറയപ്പെട്ടിരിക്കുന്നു; എങ്കിൽ ശിരസ്സിനോടുകൂടെ അവയവങ്ങളെന്ന നിലയിൽ മനുഷ്യവർഗം മുഴുവൻ നവീകരിക്കപ്പെടുകയും അവിടുത്തോടൊപ്പം ഉത്ഥാനം ചെയ്യുകയും ചെയ്തതിൽ എത്രയധികം സന്തോഷിക്കുകയില്ല. ഇതേപ്പററി ശ്ലീഹാ പല പ്രാവശ്യം ചർച്ചചെയ്തിട്ടുള്ളതാണ് (ഗലാ. 2:12; 31:1). രണ്ട്, *വെള്ളനിറത്തിൽ*: സുവിശേഷകൻ പറയുന്നതുപോലെ, മാലാഖമാരുടെ ദർശനത്തോടുകൂടി ദൈവഭയം കലർന്നിരിക്കുന്നു: ശാന്തത, സന്തുഷ്ടി, ഹൃദയസമാധാനം, ശോഭ, നറുമണം. എന്നാൽ പിശാചുക്കളുടെ ദർശനത്തോടുകൂടി ശാപം കലർന്നിരിക്കുന്നു: ഭയവും വിറയലും, ഹൃദയവിക്ഷോഭം, ഇരുണ്ട നിറം, ദുർഗന്ധം. സ്വർഗത്തിൽനിന്ന് ആരംഭത്തിൽ വീണതുമുതൽ ഈ ദുർഗന്ധം അവരോട് ചേർ

www.malankaralibrary.com



ന്നിരിക്കുന്നു എന്നാണ് പാരമ്പര്യം കൈമാറിത്തന്നിരിക്കുന്നത്. മൂന്ന്, *വെള്ളവസ്ത്രത്തിൽ:* പുതിയ ലോകത്തിലെ പ്രകാശിക്കുന്ന വസ്ത്രത്തിന്റെ മാതൃകയും മൂന്നാസ്വാദനവും നമുക്കു നല്കുന്നു. 'നീതിമാന്മാർ അവരുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും' എന്ന് പറയപ്പെട്ടിരിക്കുന്നു. നാല്, *വെള്ള വസ്ത്രത്തിൽ:* അവരുടെ സ്വഭാവത്തിന്റെ പ്രകാശവും സൂക്ഷ്മാവസ്ഥയും പരിശുദ്ധിയും സൂചിതം.

*അവർ ഇതു പറഞ്ഞിട്ട് പിറകോട്ട് തിരിഞ്ഞു* (20:14): മാലാഖമാരുടെ മഹനീയ ദർശനവും അവരോടുള്ള സംഭാഷണവും വിട്ടിട്ട് പിറകോട്ട് തിരിയാൻ ഉള്ള കാരണത്തെപ്പററി പലരും ആരാഞ്ഞിട്ടുണ്ട്. *ചിലർ* പറയുന്നു: 'എന്തെങ്കിലും നഷ്ടപ്പെടുന്നവർ വേഗത്തിലും വികാരഭരിതരായും ചുററും തിരിഞ്ഞു് അവിടെയും ഇവിടെയും അന്വേഷിക്കുക സ്വാഭാവികമാണ്; അതുപോലെ മറിയവും നമ്മുടെ കർത്താവിനെ ദർശിക്കാനുള്ള ആവേശത്താൽ എല്ലാവശത്തോട്ടും ചുററി തിരിഞ്ഞുനോക്കി. *മററു ചിലർ:* അവൾ മാലാഖമാരുടെ മുമ്പിൽ നിന്നപ്പോൾ അവളുടെ പിറകിൽനിന്ന് മുമ്പിലേക്ക് ഒരു നിഴൽ പെട്ടെന്ന് കാണപ്പെട്ടു. പ്രഭാതത്തിൽ അതു് കൂടുതൽ വ്യക്തമായിരുന്നു. അതെന്താണെന്നറിയാൻ അവൾ തിരിഞ്ഞുനോക്കി. *വേറെ ചിലർ:* നമ്മുടെ രക്ഷകൻ നടന്നു വരുന്ന ശബ്ദം അവൾ കേട്ടു; അതാരാണ് എന്നറിയാൻ അവൾ തിരിഞ്ഞുനോക്കി. എല്ലാ വ്യത്ഥതകളിൽനിന്നും ശുദ്ധീകരിക്കപ്പെട്ട് സാന്ദ്രത കുറഞ്ഞ ശരീരത്തിലെ പാദങ്ങളുടെ ശബ്ദം കേട്ടതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ലായിരുന്നു. കർത്താവ് തോട്ടത്തിൽ നടക്കുന്ന ശബ്ദം ആദം കേട്ടെങ്കിൽ (ഉല്പ. 3:8). ദൈവപരിപാലനയാൽ ഇവിടെ ഇപ്രകാരം സംഭവിച്ചു. അതിൽ അത്ഭുതത്തിന് അവകാശമില്ല. ഇവയൊക്കെ സംഭവിച്ചതായി അംഗീകരിക്കുന്നതിൽ തെററൊന്നുമില്ല. *മററു ചിലർ:* ശക്തിയായ ഒരു പ്രകാശം പെട്ടെന്ന് കല്ലറയ്ക്കുള്ളിൽ അടിച്ചു. *വേറെ ചിലർ:* നമ്മുടെ കർത്താവ് വരുന്നതു കണ്ടു ദൂതന്മാർ പെട്ടെന്ന് ധൃതിയിൽ എഴുന്നേററ് അവിടുത്തേക്ക് ആരാധന അർപ്പിച്ചു. ഇതുനിമിത്തം അവൾ തിരിഞ്ഞുനോക്കി. *വേറെ ചിലർ:* ആത്മാവിന്റെ കൃപയാലാണ്, മറെറാന്നുകൊണ്ടുമല്ല അവൾ തിരിഞ്ഞതു്.

ഇവയിൽ ഒരു കാരണത്താൽ അഥവാ ഇവയെല്ലാം നിമിത്തം *അവൾ തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നതു കണ്ടു* (20:14). സത്തയിലല്ല, മഹത്വീകരിക്കപ്പെടുകയും ദൈവത്തോട് സാദൃശ്യപ്പെടുകയും ചെയ്ത ശരീരം നഗ്നനേത്ര

www.malankaralibrary.com



ങ്ങദാംകൊണ്ടു കാണുക അസാധ്യമായിരുന്നു. തോട്ടക്കാരൻെറ രൂപത്തിൽ ദൈവപരിപാലനയാലാണ് അവദാം ദർശിച്ചതു്. അവദാം അത്ഭുത പരതന്ത്രയായി മനസ്സിൽ രോഗിയായി തീരാതിരിക്കാനായിരുന്നിതു്. പ്രത്യേകിച്ച്, മരിച്ച എന്നു് കരുതിയവൻ പെട്ടെന്നു് അവളുടെ മുമ്പിൽ കാണപ്പെടുന്നതുവഴി അവദാം തൻെറ മുൻകാല രോഗത്തിൽ വഴുതിവീഴാതിരിക്കാനുമാണു്.

തങ്ങളുടെ തോട്ടത്തിൽനിന്നു് ദുർഗന്ധം വമിക്കുന്നവ നീക്കം ചെയ്യുക തോട്ടക്കാരുടെ പതിവാണ്. അഴുകിയവസ്തു സുഗന്ധത്തെ തടയുന്നു. രോഗം പരത്തുന്നു, അനേകക്കു് മരണകാരണമായിത്തീരുന്നു. അതുകൊണ്ടു് മറിയം അവനോടു് പറഞ്ഞു: അസഹനീയതയിൽ, നിൻെറ തോട്ടത്തിലും നിൻെറ ശരീരത്തിലും ചീഞ്ഞതിൻെറ ഗന്ധം തട്ടാതിരിക്കാൻ നീ അവനെ നിൻെറ തോട്ടത്തിൽനിന്നു് എടുത്തുകൊണ്ടു പോയെങ്കിൽ എവിടെവച്ചു എന്നു് എന്നോടു പറയുക. എന്നെയും പ്രപഞ്ചത്തെയും സന്തുഷ്ടനാക്കുന്ന അവനെ ഞാൻ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം. പിന്നീടു് നമ്മുടെ രക്ഷകൻ *മറിയം* എന്നു വിളിച്ചുകൊണ്ടു് തന്നെത്തന്നെ അവദാംക്കു് വെളിപ്പെടുത്തി. '*മറിയം*' എന്ന തൻെറ ഇടയൻെറ ശബ്ദം കേട്ടയുടനെ അലഞ്ഞുനടന്ന ആ ആടു് സന്തോഷത്താൽ തിരിഞ്ഞു് *റബ്ബൂളി*, എൻെറ കണ്ണുകളുടെ പ്രകാശമേ, എന്നു പ്രത്യുത്തരിച്ചു. അതുപോലെ മററു പതിനായിരം കാര്യങ്ങളും അവിടുത്തോടു പറഞ്ഞു.

അവദാം തിരിഞ്ഞു് *റബ്ബൂളി* എന്നു് മറുപടി പറഞ്ഞു. അതുതന്നെയാണ് *റബ്ബോനി* എന്നതും. മുകളിലത്തേപ്പോലെ മാലാഖമാരുടെ പക്കലേക്കു് തിരിഞ്ഞെന്നല്ല അത്ഥം. പിന്നെയോ, അവദാം നമ്മുടെ കർത്താവിനോടു് പ്രത്യുത്തരിക്കുകയും അന്നത്തെയും ഇന്നത്തെയും യഹൂദരീതി അനുസരിച്ചു് *റബ്ബോനി* എന്നു് അവിടുത്തെ വിളിക്കുകയും ചെയ്തു. ഈ രണ്ടു വായനകളും സൂക്ഷ്മതയില്ലാത്ത എഴുത്തുകാരൻ മാററിയതാണ്. അതായതു്, ഗ്രീക്കിൽനിന്നു് സുറിയാനിയിലേക്കു് വിവർത്തനംചെയ്ത എഴുത്തുകാരൻ.[1]

*നീ എന്നെ സ്പർശിക്കരുതു്; എന്തെന്നാൽ ഞാൻ പിതാവിൻെറ അടുത്തേക്കു് ഇതുവരെ കയറിയിട്ടില്ല"* (20:17): കൃപാനിധിയും കരുണാമസൃണനുമായവൻ എന്തുകൊ

1 റബ്ബൂളി എന്നതു് വിവർത്തകൻ വരുത്തിയ മാററമാണ്.

www.malankaralibrary.com



ണ്ടാണ് മഗ്ദലേനായുടെ സ്നേഹതീവ്രതയെ തടഞ്ഞതു്? അപ്ര കാരം ചെയ്യുന്നതിൽനിന്നു് മററു സ്ത്രീകളെ അവിടുന്നു് തട ഞ്ഞില്ലല്ലോ? (മത്താ. 28:9). അവർ അവന്റെ പാദത്തിൽ തൊട്ടു് അവനെ ആരാധിച്ചു എന്നു് പറയപ്പെട്ടിരിക്കുന്നു. തന്നെ സ്പർശിക്കാൻ തോമായേയും പതിനൊന്നുപേരേയും അവിടുന്നു പ്രേരിപ്പിച്ചു. ഇതിനു് *ചിലർ* അനേകം കാരണങ്ങൾ ഉന്നയി ക്കുന്നുണ്ടെങ്കിലും നാം അവ വിട്ടുകളയുന്നു. കൂടുതൽ ശരിയായി ട്ടുള്ളതു മാത്രം നാം പറയുന്നു: പലസംഗതികൾ സംഭവിക്കുവാ നുള്ളപ്പോൾ പല രീതികളിൽ പ്രവർത്തിക്കുക എന്നതു് രക്ഷ കന്റെ പതിവായിരുന്നു. രക്തസ്രാവക്കാരിയോടും കാനാൻ കാരിയോടും അത്തിവൃക്ഷത്തോടും ചെയ്തതു് ഓർക്കുക.

അതുപോലെ മഗ്ദലേനയോടും പ്രത്യേക ഉദ്ദേശത്തോടുകൂടി യാണ് അവിടുന്നു പ്രവർത്തിച്ചതു്. ഒന്നു്, താൻ മരിച്ചവരിൽ നിന്നു് ഉത്ഥാനം ചെയ്യുന്നു മാത്രമല്ല, സ്വർഗ്ഗത്തിലേക്കു കരേ റുവാൻ പോകുന്നു എന്നും കാണിക്കാൻ അവിടുന്നിതു് പരസ്യ മായി പറഞ്ഞില്ലായിരുന്നെങ്കിൽ ഡംഭിയോ സ്വയം പ്രശംസ കനോ ആയി അവിടുന്നു പരിഗണിക്കപ്പെടുമായിരുന്നു. അതു കൊണ്ടു് മനപ്പൂർവം പറഞ്ഞതാണിതു്. രണ്ടു്, നേരത്തെയുള്ള തിനെക്കാൾ വലിയ മഹത്വത്തിലും ഔന്നത്യത്തിലും ബഹു മാനത്തിലുമാണ് അവിടുന്നു് എന്നു് അറിയപ്പെടാൻ. നേരത്തെ ചെയ്തിരുന്നതുപോലെ അവിടുത്തെ സ്പർശിക്കാൻ പാടില്ല. മൂന്നു്, തന്റെ പീഡാനുഭവത്തിനു മുൻപ് പീഡാനുഭവത്തെ പ്പററിയും, ഉത്ഥാനത്തിനുമുൻപ് ഉത്ഥാനത്തെപ്പററിയും എല്ലാ നിഗൂഢകാര്യങ്ങളും ഭാവികാര്യങ്ങളും അറിയുന്നവൻ എന്ന നില യിൽ അവിടുന്നു് അറിയിച്ചതുപോലെ, തന്റെ സ്വർഗ്ഗാരോഹ ണത്തിനുമുമ്പ് സ്വർഗ്ഗാരോഹണത്തെപ്പററി അറിയിക്കാൻ അവി ടുന്നു് ആഗ്രഹിച്ചു. അവരുടെ ദുഃഖം അകററുന്നതിനും സന്തോ ഷം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയായിരുന്നിതു്. താൻ ഉയി ർക്കുക മാത്രമല്ല, ദൈവത്വത്തിന്റെ സിംഹാസനം അവകാശ പ്പെടുത്താൻ സ്വർഗ്ഗാരോഹണം ചെയ്യുകയാണ് എന്നു് മന സ്സിലാക്കി. നാല്, അവിടുന്നു് അവളുടെ സ്നേഹത്തിന്റെ തീവ്രത മനസ്സിലാക്കിയിരുന്നു: അവൾ തന്റെ അപേക്ഷയിൽ നിന്നു് പൂർണ്ണമായി പിന്മാറുകയില്ലെന്നു് അവിടുത്തേക്കറിയാ മായിരുന്നു. ഉത്ഥാനത്തെപ്പററി മൂന്നു് ദൂതന്മാരുടെ സാക്ഷ്യം അവളെ ബോധ്യപ്പെടുത്തായ്കയാൽ, താൻ ഉടനെ സ്വർഗ്ഗ ത്തിലേക്കു് കരേറും എന്നു് അവിടുന്നു് അവളെ ധരിപ്പിച്ചു. അവളുടെ പതിവനുസരിച്ചു്, ഭൂമിയിലെ ആ ദിവസംമുതൽ അവൾ തന്നോടു് പ്രാർത്ഥിക്കുകയുമില്ല.

www.malankaralibrary.com



*ഞാൻ എൻെറ പിതാവിൻെറയും നിങ്ങളുടെ പിതാവിൻെറയും എൻെറ ദൈവത്തിൻെറയും നിങ്ങളുടെ ദൈവത്തിൻെറയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു* (20:17). ഇതു് ഒരു അററ്ലാൻറിക് സമുദ്രമാണ്. മററാരിടത്തു് നാമിതു് വിശദീകരിച്ചിട്ടുള്ളതാണ്.

ചുരുക്കത്തിൽ, ഇതൊക്കെ നമ്മുടെ രക്ഷകൻെറ പതിവാണ്. ചിലപ്പോൾ അവിടുന്നു് തൻെറ ദൈവത്വത്തിൽ നിന്നു് സംസാരിക്കുന്നു: 'ഞാനും എൻെറ പിതാവും ഒന്നാകുന്നു' (10:30). ചിലപ്പോൾ മനുഷ്യത്വത്തിൽ നിന്നു്: 'നിങ്ങൾ എന്തിനാണ് എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നതു്? നിങ്ങളോടു സത്യം സംസാരിച്ച മനുഷ്യനാണു ഞാൻ. ചിലപ്പോൾ, ഈ സന്ദർഭത്തിലേതുപോലെ വ്യക്തിത്വത്തിൻെറ ഐക്യത്തിൽനിന്നു്. 'എൻെറപിതാവും എൻെറ ദൈവവും' എന്നതിൽ അവിടുന്നു് സ്വഭാവങ്ങളേയും *ക്നോമാ*കളെയും വേർതിരിക്കുന്നു. രണ്ടു നാമങ്ങളുടെയും ഐക്യംവഴി ഒന്നിലേക്ക്, വ്യക്തിത്വത്തിൻെറ ഐക്യത്തിലേക്ക്, അവയെ കൊണ്ടു വരുന്നു. ഇതാണ് ഐക്യത്തിൻെറ നിർവചനം: രണ്ടു സ്വഭാവങ്ങളുടെയും രണ്ടു *ക്നോമാ*കളുടെയും ഏകയാളിലുള്ള ഐക്യം; അതു് ഓരോന്നിനും പേരുകളും പ്രവൃത്തികളും നൽകുന്നു; കൂട്ടിക്കുഴച്ചിലോ കൂടിച്ചേരലോ കൂടാതെ സ്വഭാവങ്ങളും *ക്നോമാ*കളും സംരക്ഷിക്കപ്പെടുന്നു. ഐക്യത്തിൻെറ ഒരു ദൃഷ്ടാന്തം കാണുക. കൃപയാലോ മററെന്തെങ്കിലും തരത്തിലോ ദൈവം വചനത്തിൻെറ ദൈവമല്ല.

*മാർ നെസ്തോറിയുസ്*: അവിടുന്നു് ദൈവമാണ്; അവിടുന്നു് ഒരേ സമയം ദൈവവും പിതാവുമാണ്. സ്വഭാവത്താലേ എനിക്കു പിതാവാണ്; നിങ്ങൾക്കാകട്ടെ കൃപയാലും. എനിക്കു കൃപയാൽ ദൈവം, നിങ്ങൾക്ക് പ്രകൃത്യാ ദൈവം. എന്നാൽ രണ്ടിലും ഏകയാൾ, ഏക കർത്താവ്, ഏക ക്രിസ്തു, ഏക പുത്രൻ.

*മഗ്ദലനമറിയം ചെന്ന് ശിഷ്യരെ അറിയിച്ചു* (20:18): പഴം തിന്നു് മരിക്കണം എന്നു് സൂത്രശാലിയായ സർപ്പം പറഞ്ഞ ആദത്തെ അറിയിച്ച ഹവ്വായ്ക്കു് പ്രതിവിധിയായി മറിയം ഉത്ഥാനത്തെപ്പററി ശ്ലീഹന്മാരെ അറിയിച്ചു.

## പുസ്തകം XX

"*ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ടു*" (20:19); അതായതു്, ഉത്ഥാനംചെയ്ത *അന്നുതന്നെ*. ആഴ്ചയുടെ

www.malankaralibrary.com



രണ്ടാം ദിവസം വൈകിട്ട് എന്നായിരുന്നു അവൻ പറയേണ്ടിയിരുന്നത്. കാരണം, പകലും രാത്രിയും കൂട്ടിയല്ല ദിവസം കണക്കാക്കിയിരുന്നത്, പിന്നെയോ, രാത്രിയും പകലും കൂട്ടിയാണ്: ''സന്ധ്യയായി, ഉഷസായി ഒന്നാം ദിവസം'' (ഉല്പ. 1:5). മറെറാരു ദിവസത്തേക്കു കാത്തിരിക്കാതെ അന്നു തന്നെ അവിടുന്ന് അവർക്കു കാണപ്പെട്ടു. ഒന്നാമത്, തന്റെ ശിഷ്യരോടും എല്ലാവരോടും അവിടുത്തേക്കുണ്ടായിരുന്ന വാത്സല്യം നിമിത്തം; രണ്ട്, തന്റെ ഉത്ഥാനത്തിൽ അവരെ ഉറപ്പിക്കാനും അവരുടെ ദുഃഖം നിർമ്മാർജ്ജനം ചെയ്യാനും.

*നിങ്ങൾക്കു സമാധാനം എന്ന് അവൻ അവരോടു പറഞ്ഞു* (20:20): തന്റെ പീഡാനുഭവത്തിനുമുമ്പ്, 'സമാധാനം നിങ്ങൾക്കു ഞാൻ തന്നിട്ടു പോകുന്നു, എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു' (14:27) എന്ന് അവിടുന്ന് അവരോടു പറഞ്ഞു. ഈ സമാധാനം വാഗ്ദാനം ചെയ്തതു് താൻ തന്നെയാണ് എന്നു കാണിക്കാൻ ഒരേ ദിവസം ഉത്ഥാനാന്തരം മൂന്നു പ്രാവശ്യം അവിടുന്ന് അവർക്ക് സമാധാനം ആശംസിക്കുന്നു. തന്റെ മനുഷ്യത്വത്തിന്റെ ഉത്ഥാന സത്യത്തിന്റെ രഹസ്യത്തിനും ഏക വിശ്വാസത്തിലും ഏക പ്രത്യാശയിലും ഏക സ്നേഹത്തിലും ഉള്ള അവരുടെ യോജിപ്പിന്റെ രഹസ്യത്തിനുമായിരുന്നിതു്.

*കതകുകൾ അടച്ചിരിക്കെ പെട്ടെന്ന് അവിടുന്ന് അവരുടെ മധ്യേ നിന്നു* (20:19); കല്ലറയുടെ വാതിൽ മുദ്രവച്ചു് കാക്കുന്നതിനിടയിൽ ഉത്ഥാനംചെയ്തു് കല്ലറയ്ക്കു പുറത്തു വന്നതു് അവിടുന്നു തന്നെയാണ് എന്നു കാണിക്കുവാനാണിതു്. ത്രിമാനതലമുള്ള ശരീരം അവർ ദർശിച്ചു. അതായതു്, നീളം, വീതി,വണ്ണം. കതകുകൾ അടച്ചിരിക്കെ പെട്ടെന്നു് മധ്യത്തിൽ വന്നു നിന്നു: തങ്ങൾ ഒരു ദർശനം കാണുന്നതായോ ഭൂതത്തെ കാണുന്നതായോ അവർ കരുതിയതിനാൽ തന്റെ കൈകളിലും കാലുകളിലുമുള്ള ആണിപ്പഴുതുകളും കുന്തംകൊണ്ടു് പാർശ്വത്തിൽ കുത്തിയതുമൂലമുള്ള മുറിവും അവരെ കാണിച്ചു. മരിച്ചവരിൽ നിന്ന് ഉയിർത്തു് പ്രകാശിക്കുന്നതും സാന്ദ്രത കുറഞ്ഞതും എല്ലാ മാലിന്യങ്ങളിൽനിന്നും രക്തത്തിൽനിന്നും പിത്തരസത്തിൽ നിന്നും ചലത്തിൽനിന്നും വിയർപ്പിൽനിന്നും വിമുക്തമായിത്തീർന്നതുമായ ശരീരത്തിൽ അവ ഉണ്ടായിരുന്നു എന്ന രീതിയിലല്ല. മരിച്ചവരിൽ നിന്നുയിർക്കുമ്പോൾ എല്ലാ മനുഷ്യരും ഇപ്രകാരം ആയിരിക്കും. എങ്കിലും കൂടുതലായി, അതിന്റെ മഹനീയ ഗുണങ്ങളിൽ ആ ശരീരം ദൈവസമാനമായിരുന്നു.

www.malankaralibrary.com



എന്നിരുന്നാലും ശിഷ്യരുടെ ഉറപ്പിനായി അവിടുന്ന് ഈ മുറിവുകൾ കാണിച്ചു; നേരത്തെ അവിടെ ഉണ്ടായിരുന്നവയല്ല; അതിനു ശേഷവും അവ അവിടെ ഉണ്ടായിരുന്നില്ല. ആ ശരീരത്തിലും ഇല്ല. എന്നാൽ ആ നിമിഷത്തിൽമാത്രം അവിടുന്ന് അവ തൻെറ ശരീരത്തിൽ ഉണ്ടാക്കി. അവരുടെ ഉറപ്പിനാണ് അവിടുന്ന് അവരെ കാണിച്ചത്. ഇതേപ്പററി വിശദമായി ലൂക്കാ ഭാഷ്യത്തിൽ നാം വ്യാഖ്യാനിച്ചിട്ടുള്ളതാണ്.

*എൻെറ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു* (20:21): ഒരേ രീതിയിലല്ല; കാരണം അവൻ അയയ്ക്കപ്പെട്ടത് സ്നേഹിതനിൽനിന്നു സ്നേഹിതൻ എന്ന വണ്ണവും; പിതാവിൽനിന്ന് പുത്രൻ എന്ന നിലയിലുമാണ്; യജമാനൻ തൻെറ ദാസരെ അയയ്ക്കുന്നതുപോലെയാണ് അവർ അയയ്ക്കപ്പെട്ടത്.

*അവിടുന്ന് അവരുടെമേൽ ഊതിക്കൊണ്ട് അവരോടു പറഞ്ഞു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ* (20:22): കാരണം, അവൻ അവരെ പ്രഘോഷകരായി ഒരുക്കി; പ്രഘോഷകർക്ക് ധാരാളം പോരാട്ടങ്ങളും യുദ്ധങ്ങളും പ്രലോഭനങ്ങളും ഉണ്ടാകും; പിശാചുക്കളും ദുഷ്ടമനുഷ്യരും ഒരുതരത്തിൽ പറഞ്ഞാൽ അവരെ ക്രൂശിക്കും. പ്രകൃത്യതീത ശക്തിയാൽ അവിടുന്ന് അവരെ വസ്ത്രം ധരിപ്പിച്ചു. അങ്ങനെ ദുഷ്ടൻെറ എല്ലാ ഒളിയമ്പുകളെയും എതിരിടാൻ അവർ ശക്തരായിത്തീരും (എഫേ. 6:16).

ഊതിയതിലൂടെ അവിടുന്ന് അവരുടെമേൽ ദാനം വർഷിക്കുകയായിരുന്നു; അതുവഴി അവിടുത്തെ മാത്രം സ്രഷ്ടാവ് എന്ന് ഏററുപറയാൻ ഇടയാകും. അവിടുന്ന് ഒരിക്കൽ ജീവശ്വാസം ഊതിയപ്പോൾ മനുഷ്യൻ ജീവനുള്ള ആത്മാവായിത്തീർന്നു (ഉല്പ. 2:7). ഇപ്പോൾ അവിടുന്ന് ഊതിയപ്പോൾ മനുഷ്യൻ ജീവനുള്ള ആത്മാവല്ല, ജീവൻ നല്കുന്ന ആത്മാവായി, ജീവദാതാവായി തീർന്നു. ജീവനുള്ള ആത്മാവായിതീർന്ന്, അയ്യായിരം വർഷങ്ങളോളം ജീവൻ മുന്നോട്ട് പോയെങ്കിൽ, ഈ ജീവൻ അവസാനമില്ലാതെ കാലാകാലത്തോളം അവശ്യാവശ്യം മുന്നോട്ട് പോകും. *ഭാഷ്യകാരൻ* പറയുന്നു: 'നിങ്ങൾ പ്രാപിക്കും' എന്നതിനു പകരം 'പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ' എന്നാണ് അവിടുന്നു പറഞ്ഞത്. *നിങ്ങൾ സ്വീകരിച്ചു* എന്നു പറഞ്ഞില്ല, പരിശുദ്ധാത്മാവിൻെറ ആവാസം *സ്വീകരിക്കുവിൻ* എന്നാണ് അവിടുന്നു പറഞ്ഞത് (നട. 1:8). *മററു ചിലർ:* ഊതിയതുവഴി അവർ പരി

www.malankaralibrary.com



പൂർണരായി തീർന്നെങ്കിൽ, അവർ ആത്മാവിൽ സ്നാനപ്പെ ടാൻ പ്രാർത്ഥിച്ചതെന്തിനാണ്? ഈ *നിശ്വസനം* വഴി ആത്മാ വിന്റെ ദാനങ്ങളുടെ ഉന്നതമായ ശക്തിലഭിച്ചു എന്നു നാം പറയുന്നു. ആത്മാവിനെ മൂന്നു രീതിയിൽ ശിഷ്യർക്കു നൽകി എന്ന് *ദൈവശാസ്ത്രജ്ഞൻ* പറയുന്നു; പുറജാതികളോടുള്ള ദൗത്യത്തിൽ, ഉത്ഥാനാനന്തരം, പെന്തക്കൊസ്തിയിൽ. കാരണം, തുടർന്ന് അവിടുന്ന് കൂട്ടിച്ചേർക്കുന്നു: *നിങ്ങൾ ആരുടെ പാപ ങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോട് ക്ഷമിക്ക പ്പെട്ടിരിക്കും; നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കു ന്നുവോ, അവ ബന്ധിക്കപ്പെട്ടിരിക്കും* (20:23): അതു കൊണ്ട് നിശ്വസനംവഴിയുള്ള ദാനം കെട്ടാനും അഴിക്കാനും ഉള്ള അധികാരത്തെ മാത്രമേ പരിഗണിച്ചുള്ളു. 'സ്വർഗരാജ്യ ത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും' എന്നു പറഞ്ഞു കൊണ്ട് പത്രോസിനോടു പറഞ്ഞ സംഗതികളുടെ പൂർത്തീകര ണമാണിത് എന്ന് അവർ ഗ്രഹിക്കാനായിരുന്നിത് (മത്താ. 16:19). ഇത്തരം ദാനങ്ങൾകൊണ്ടു തുടങ്ങുക അവിടുത്തേക്ക് ഉചിതമായിരുന്നു. സ്വഭാവത്താലെ അവനിൽ നിന്നുള്ളവനും സത്തയിൽ തന്നോടു സമനായവനും, താൻ അവർക്കു നൽകുന്ന വനുമായ ആത്മാവിന് ദാനങ്ങളുടെ കലവറയുണ്ട് എന്ന് അവർ അറിയാനാണിത്. ഇക്കാരണത്താലാണ് അവിടുന്നു പറഞ്ഞ ത്, അവൻ 'എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങ ളോടു പ്രഖ്യാപിക്കും' (16:14). എന്നാൽ എവിടെ നിന്നാണ് *നിശ്വസനം*വന്നത്? അവിടുന്ന് അതിന് പരിധി നിശ്ചയി ച്ചിട്ടുണ്ടോ? പാപങ്ങൾ ക്ഷമിക്കുന്നതിനും ബന്ധിക്കുന്നതിനും? യഥാർത്ഥദാനത്തിന്. അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തി ക്കുന്നതിനുള്ള ശക്തികൊടുക്കുക മാത്രമല്ല അവിടുന്ന് ചെയ്തത്, പിന്നെയോ, അവർ ദൈവങ്ങൾ എന്നു വിളിക്കപ്പെടാൻ കൂടി യാണ്. കാരണം, പാപം മോചിക്കുന്നതും ബന്ധിക്കുന്നതും ദൈവത്തിന്റെ മാത്രം അവകാശമാണ്; 'ദൈവത്തിനു മാത്രമ ല്ലാതെ ആർക്ക് പാപങ്ങൾ മോചിക്കാനാവും?' എന്ന് യഹൂദർ നമ്മുടെ കർത്താവിനോട് പറയുകയും ചെയ്തു (മർക്കോ. 2:7). തന്നെ ഭയപ്പെടുന്നവർക്ക് അളവുകൂടാതെ അവിടുന്ന് നൽകുന്നു.

"തോമസ് പറഞ്ഞു: എന്റെ കർത്താവും എന്റെ ദൈവ വുമേ" (20:28): തനിക്കുണ്ടായ അത്ഭുതത്താലാണ് അവനിതു പറഞ്ഞത്. അവിടുന്ന് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേററു എന്ന് അവൻ നേരത്തെ വിശ്വസിച്ചില്ലെങ്കിലും ഇപ്പോൾ അവിടുത്തെ 'കർത്താവും ദൈവവും' എന്ന് വിളിക്കുന്നു. *താമാ എന്ന് വിളിക്കപ്പെടുന്ന തോമാ:* ഒന്നാമത്: അവൻ ഇരട്ട പിറന്നവനായിരിക്കാം; രണ്ടാമത്: തോമസ് എന്ന് വിളിക്ക

www.malankaralibrary.com



പ്പെട്ടതാകാം. *ഭാഷ്യക്കാരൻ* പറയുന്നു: തോമസ് കർത്താവിനെയല്ല 'കർത്താവും ദൈവവും' എന്നു വിളിച്ചത്. കാരണം, ഉത്ഥാനം ചെയ്തവൻ ദൈവം കൂടിയാണ് എന്ന് പഠിപ്പിച്ച ഉത്ഥാനത്തിന്റെ അടയാളമായിരുന്നില്ല അത്. പിന്നെയോ, സംഭവിച്ച അത്ഭുതത്തിൽ, താൻ കണ്ട മഹനീയ കാര്യങ്ങളിൽ, സ്തബ്ധനായി അവൻ ദൈവത്തെ മഹത്ത്വപ്പെടുത്തുകയായിരുന്നു.

''അവിടുന്ന് അവരെ *കുഞ്ഞുങ്ങളേ*, എന്നു വിളിച്ചു'' (21:5): തിരുലിഖിതത്തിൽ ബാല്യകാലം മൂന്നു രീതിയിൽ പരാമർശിക്കപ്പെടുന്നു: സമയത്തിന്റെ ആരംഭത്തെ കുറിക്കാൻ: ഉദാ: എന്റെ ശൈശവദിനങ്ങൾ ഓർക്കണമെ (എസ.16:22). അതായത്, ഈജിപ്തിലെ വാസം; അല്ലെങ്കിൽ അറിവിന്റെ കുറവിനെപ്പറ്റി: നിങ്ങൾ ചിന്തയിൽ ശിശുക്കൾ ആയിരിക്കരുത് (1 കോറി. 14:20). അഥവാ, ബാലനായ ശാമുവേൽ ശുശ്രൂഷിച്ചതുപോലെയും (1 സാമു. 2:18) ബാലനായ യേശു ജറുസലേമിൽ തങ്ങിയതുപോലെയും (ലൂക്കാ 2:43) ബാല്യകാലത്തെപ്പറ്റി; അതുപോലെ''*വാർദ്ധക്യം*''സമയങ്ങളുടെ വൈവിധ്യത്തെയോ അറിവിന്റെ പൂർണ്ണതയെയോ അഥവാ യഥാർത്ഥ വാർദ്ധക്യത്തെയോ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ *കുഞ്ഞുങ്ങളേ* എന്നു വിളിക്കുന്നു: കാരണം, അപ്പോഴും അവർ വിദ്യാർത്ഥികളും പരിപൂർണജ്ഞാനം ഇല്ലാത്തവരും ആയിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ചെയ്ത നിരവധി അടയാളങ്ങളും യൂദയായിൽ പ്രസംഗിക്കാൻ അയയ്ക്കപ്പെട്ടപ്പോൾ അവർ തന്നെ ചെയ്തവയും വിസ്മരിച്ചിട്ട്, അവർ തങ്ങളുടെ മുൻതൊഴിലിലേക്കു മടങ്ങിപ്പോയത്. വീണ്ടും, അവർ മക്കളല്ലാതിരുന്നപ്പോൾ തങ്ങളെ മക്കളാക്കിയ *നിശ്വസനത്തെ* അവിടുന്ന് അവരെ ഓർപ്പിക്കുകയായിരുന്നു.

*വള്ളത്തിന്റെ വലത്തുവശത്തു വലയിടുക* (21:6): സാന്ദർഭികമായി അവിടെ ധാരാളം മത്സ്യങ്ങൾ ഒത്തുകൂടിയതല്ല, തന്റെ ശക്തിയാലാണ് സംഭവിച്ചത് എന്നു കാണിക്കാൻ.

*നൂറ്റിഅമ്പത്തിമൂന്നു മത്സ്യങ്ങൾ* (21:11): അത് ത്രിത്വത്തിന്റെ സൂചനയാണെന്ന് *ഒരിജൻ* പറയുന്നു; മൂന്ന് അൻപതും മൂന്നുംകൂടി ദാവീദിന്റെ 150 സങ്കീർത്തനങ്ങളെയും നിയമത്തിൽനിന്നും പ്രവാചകരിൽനിന്നും സങ്കീർത്തനങ്ങളോടു ചേർത്ത മൂന്ന് സ്തുതിപ്പുകളെയും സൂചിപ്പിക്കുന്നു.

www.malankaralibrary.com



*നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നത് ഇത് മൂന്നാം പ്രാവശ്യമാണ്* (21:14): ശിഷ്യന്മാർ മൂന്നു പ്രാവശ്യം മാത്രമല്ല കർത്താവിനെ ദർശിച്ചത്. *നടപടി*യനുസരിച്ച് അനേകം പ്രാവശ്യം കണ്ടു: 'പീഡാനുഭവത്തിനുശേഷം നാല്പതു ദിവസത്തേക്ക് വേണ്ടത്ര തെളിവുകൾ നൽകിക്കൊണ്ട്, ജീവിക്കുന്നവനായി അവൻ അവർക്കു പ്രത്യക്ഷനായി' എന്ന് അവിടെ പറയുന്നു (നടപടി 1:3). എന്നാൽ തിബേരിയസ് കടൽത്തീരത്തിരുന്ന് ഭക്ഷിച്ചുകൊണ്ടിരുന്നതുൾപ്പെടെ അപ്പോൾവരെ പതിനൊന്ന് പേർക്കും ഒന്നിച്ച് പൊതുവായി മൂന്നു പ്രാവശ്യമാണ് അവിടുന്ന് പ്രത്യക്ഷപ്പെട്ടത്; എന്നാൽ താൻ സ്വർഗാരോഹണം ചെയ്യുന്നതുവരെ നിരവധി പ്രാവശ്യം അവർ അവിടുത്തെ ദർശിച്ചു. ആത്മാവിന്റെ കൃപ മൂന്നു രീതിയിൽ ശിഷ്യർക്കു നൽകപ്പെട്ടു എന്ന് *ദൈവശാസ്ത്രജ്ഞൻ* പറയുന്നു: പുറജാതികളോടുള്ള ദൗത്യത്തിൽ, ഉത്ഥാനാനന്തരം, പെന്തിക്കോസ്തിയിൽ.

*നമ്മുടെ കർത്താവ് ശെമഓനോടു പറഞ്ഞു: "എന്റെ ആടുകളെ എനിക്കുവേണ്ടി മേയിക്കുക"* (21:15). 'ഉപവസിച്ച് കാത്തിരിക്കുക' എന്നല്ല അവിടുന്നു പറഞ്ഞത്. ആത്മാക്കളുടെ അജപാലകകാര്യം മറ്റെല്ലാററിലും പ്രധാനപ്പെട്ടതും സഹായകവുമാണ്. എന്നാൽ അവിടുന്നു പറയുന്നു, 'എനിക്ക് ഇതിന്റെയൊന്നും ആവശ്യമില്ല'. 'എന്റെ ആടുകളെ എനിക്കായി മേയിക്കുക'. ഞാൻ നിങ്ങളെ സ്നേഹിച്ച സ്നേഹം എനിക്ക് തിരികെ തരൂ. നീ എന്നോട് കടപ്പെട്ടിരിക്കുന്ന ഈ കൃപ, ഇതുവഴി തിരികെ തരൂ. നീ അവരെ പരിപാലിക്കുന്നത് എനിക്കായിട്ടായി ഞാൻ കരുതും. നീ അവരോട് ചെയ്യുന്നതെല്ലാം എനിക്കായി ഞാൻപരിഗണിക്കും. 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് അതിനു പ്രത്യുത്തരം പറയാൻ ശെമഓൻ തുനിഞ്ഞില്ല. മറിച്ച്, 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് സർവജ്ഞനായ നീ അറിയുന്നുവല്ലോ' എന്നു മാത്രം അവൻ പറഞ്ഞു. 'ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്നു മാത്രമല്ല, അവനുവേണ്ടി ഞാൻ എന്റെ ജീവൻ വയ്ക്കുക തന്നെ ചെയ്യും' എന്ന് അവൻ മുമ്പ് പറഞ്ഞതും അവന്റെ വീമ്പടിക്കലിനെ കുററപ്പെടുത്തിക്കൊണ്ട് മൂന്നു പ്രാവശ്യം

www.malankaralibrary.com



അവൻ തന്നെ തള്ളിപ്പറയുമെന്നു് കർത്താവു് അവനെ കററപ്പെടുത്തിയതും ശെമഓൻ ഓർത്തു. അക്കാരണത്താൽ അവൻ പ്രത്യുത്തരിച്ചു: എന്നെക്കാൾ കൂടുതലായി നീ അറിയുന്നു; എൻെറ മനസ്സു് നീ കാണുന്നു.

എന്നാൽ ആദ്യത്തേതുപോലെ മൂന്നു പ്രാവശ്യം അവിടുന്നു് ചോദിച്ചപ്പോൾ ശെമഓൻ ദുഃഖവിവശനായി. അവൻെറ അവസാനത്തെ തള്ളിപ്പറച്ചിൽ മുൻകൂട്ടി കണ്ടു് അവൻ സ്നേഹിക്കുന്നോ എന്നു് പറഞ്ഞതിൽ കർത്താവു് ഊററിച്ചിരിക്കുകയായിരിക്കും എന്നു് അവൻ കരുതി. അതുകൊണ്ടു് മൂന്നാമതും ചോദിച്ചപ്പോൾ അവനു് ആഴത്തിലും വേഗത്തിലും മുറിവേററു. 'ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു് നീ അറിയുന്നുവല്ലോ' എന്നു് പറഞ്ഞുകൊണ്ടു് ഭാവിസംഗതികൾ സംബന്ധിച്ചു് നമ്മുടെ കർത്താവിനുള്ള അറിവിനെ അവൻ അംഗീകരിച്ചു. കാരണം, ഭാവികാര്യങ്ങൾ ഒന്നും അറിയാൻ ഞാൻ ശ്രമിക്കുന്നില്ല, എനിക്കറിയാൻ പാടില്ല; എന്നാൽ നീയാകട്ടെ വിജ്ഞാനത്തിൻെറ ഉറവയത്രേ. നീ അറിവിൻെറ ഭണ്ഡാഗാരമാണു്. എന്നാൽ നമ്മുടെ കർത്താവു് അവൻെറ ഉൾക്കിടിലം ശ്രദ്ധിക്കുകയും അവൻെറ സ്നേഹം മനസ്സിലാക്കുകയും ചെയ്തു.

അവൻെറ ആശങ്ക ആദ്യം നീക്കിയിട്ടു് തൻെറ സാക്ഷ്യം വഴി അവൻെറ സ്നേഹത്തിനു് മുദ്രവയ്ക്കുകയും അവൻെറ ഏററുപറച്ചിൽ ഉറപ്പിക്കുകയും ചെയ്തു. അവൻെറ തള്ളിപ്പറയലാകുന്ന രോഗത്തിനു് ഏററുപറച്ചിലാകുന്ന മരുന്നു് പ്രത്യൗഷധമായി നൽകി. ഇതിനാണു് മൂന്നു പ്രാവശ്യം സ്നേഹിക്കുന്നുവോ എന്നു് ചോദിച്ചതു്. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ രോഗത്തിനു് തുല്യമായി മൂന്നു പ്രാവശ്യം ഏററുപറയുന്ന പ്രത്യൗഷധം അവിടുന്നു് പ്രയോഗിച്ചു. അതുപോലെ പത്രോസിൻെറ സ്നേഹതീക്ഷ്ണത മററു ശിഷ്യർക്കു വെളിപ്പെടുത്താനും അവൻെറ തള്ളിപ്പറയൽ സോദ്ദേശകമായിരുന്നില്ല, ദൈവപരിപാലനയാലാണു് എന്നു കാണിക്കുവാനുമായിരുന്നിതു്. വീണ്ടും മൂന്നു പ്രാവശ്യം ചോദിച്ചതിലൂടെ പൗരോഹിത്യത്തിൻെറ മൂന്നു് പട്ടങ്ങൾ അവിടുന്നു് അവനു നൽകി. തൻെറ സ്നേഹത്തിനു്

www.malankaralibrary.com



അവനു് പ്രതിസമ്മാനം ലഭിച്ചു. അവൻ തള്ളിപ്പറഞ്ഞെങ്കിലും സ്നേഹം അവനെ ബന്ധിച്ചു; പിന്നെ അവൻ ഉപേക്ഷിച്ചു് എങ്ങും പോയില്ല.

*നീ ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്ക് പോവുകയും ചെയ്തിരുന്നു; എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും....* (21:18). തന്റെ മുൻകാല വാക്കുകൾ ഓർത്തു് ഏററുപറയാൻ ശെമഓൻ മടിക്കുന്നതായി നമ്മുടെ കർത്താവു കണ്ടു. ഈ വാചകങ്ങളിലെല്ലാം നമ്മുടെ കർത്താവിനെപ്പററിയുള്ള അറിവു് അവൻ അവർക്കു നൽകി. ആദ്യസംഗതികളിൽനിന്നു് അന്ത്യസംഗതികളിലെത്തുമ്പോൾ നിരവധി മാററങ്ങളുണ്ടാകും എന്നു് അവരെ പഠിപ്പിച്ചുകൊണ്ടു് നമ്മുടെ കർത്താവു് അവരോടു പറയുന്നു: ഭാവി കാര്യങ്ങളോർത്തു ഭയപ്പെടേണ്ട. കാരണം എന്നോടു് നിനക്കുള്ള അനുസ്യൂത സ്നേഹം എനിക്കറിയാം. നീ എനിക്കുവേണ്ടി ക്രൂശിക്കപ്പെടും. അവിടുന്നു് പറഞ്ഞതു് അവ്യക്തമായിരുന്നതിനാൽ സുവിശേഷകൻ വ്യാഖ്യാനിച്ചുകൊണ്ടു പറയുന്നു: ''ഇതു് അവിടുന്നു പറഞ്ഞതു്, ഏതുവിധമുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്'' (21:19). ശെമഓൻ തല കീഴായി ക്രൂശുമരണം വരിച്ചു. 'മറെറാരുവൻ നിന്റെ അര കെട്ടുകയും....' എന്നു് പറഞ്ഞുകൊണ്ടു് അവിടുന്നു് ഇതു സൂചിപ്പിക്കുന്നു. ക്രൂശുമരണം വരിക്കുന്നവരെ മററുള്ളവരാണല്ലോ കുരിശിനോടു് ചേർത്തു ബന്ധിക്കുന്നതു്. അവനെ കുരിശിൽ തറച്ചുകൊല്ലാൻ നീറോ കല്പന ഇട്ടപ്പോൾത്തന്നെ തലകീഴായി ക്രൂശിക്കാൻ പട്ടാളക്കാരോടു് പത്രോസ് യാചിച്ചു. അതായതു്, തല താഴെയായും കാൽ മുകളിലായും. തുല്യമായ സഹനം തുല്യ ആരാധനയിലേക്കു് അബലമാനസ്സരെ നയിക്കാതിരിക്കാനായിരുന്നു അവൻ അപ്രകാരം ചെയ്തതു്.

വീണ്ടും, നമ്മുടെ കർത്താവിന്റെ കുരിശിനെ ആരാധിക്കാൻ അവൻ മനുഷ്യരെ പഠിപ്പിച്ചിരുന്നു. നമ്മുടെ കർത്താവിന്റെ കുരിശു് ശെമഓന്റെ കുരിശിൽനിന്നു് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നു് ദോഷൈകദൃക്കുകൾ കുററപ്പെടുത്താതിരി

www.malankaralibrary.com



ക്കാനായിരുന്നു ഇതു്. രണ്ടുപേരും കുരിശിൽ തറയ്ക്കപ്പെട്ടു. ഇക്കാരണത്താൽ ശെമഓന്റെ ക്രൂശാരോഹണം വ്യത്യസ്തമായിരുന്നു.

*ഇവന്റെ കാര്യം എന്തു്?* എന്ന് പിന്നീടു് ശെമഓൻ യോഹന്നാനെക്കുറിച്ചാരാഞ്ഞു (21:22). അതായതു്, നിനക്കു വേണ്ടി ഇവൻ എങ്ങനെ മരിക്കും? നമ്മുടെ കർത്താവു് അവനോടു് പറഞ്ഞു: 'ഞാൻ വരുന്നതുവരെ അവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്തു്? നീ എന്നെ അനുഗമിക്കുക' (21:22). കാരണം, യോഹന്നാൻ ദീർഘകാലം ജീവിച്ചു. അതായതു്, നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണത്തിനുശേഷം എഴുപത്തിമൂന്നു വർഷം, ട്രാജന്റെ കാലം വരെ ജീവിച്ചു. എല്ലാ ശ്ലീഹന്മാരും മരിച്ചുകഴിഞ്ഞു് സമാധാനത്തിൽ സ്വാഭാവികമരണം ആസ്വദിച്ചു. ഈ കാരണത്താലാണ് 'ഞാൻ ഇച്ഛിക്കുന്നെങ്കിൽ' എന്നു് അവൻ പറയുന്നതു്. ഈ മനുഷ്യൻ എന്റെ വരവു് വരെ പൂർണമായി ജീവിക്കും എന്നു് പറയുകയായിരുന്നു. ഇതേപ്പററി ആരായുക നിന്റെ കാര്യമല്ല. എന്നെ അനുഗമിക്കുക എന്നതാണ് നിന്റെ കർത്തവ്യം. അതുവഴി നിനക്കു് എന്നോടുള്ള സ്നേഹം നീ പ്രസ്പഷ്ടമാക്കും.

*"യേശു ചെയ്ത മററനേക കാര്യങ്ങളും ഉണ്ടു്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, അവ ലോകത്തിനു പോലും ഉൾക്കൊള്ളാൻ കഴിയാതെവരും...."* (21:25): എന്നാൽ വിശ്വാസത്യാഗിയായ *ജൂലിയനും മററു ചിലരും* യോഹന്നാനെ വളരെയധികം കുററപ്പെടുത്തുന്നു. ഈ വാക്കുകളിലൂടെ അവൻ വ്യക്തമായി വ്യാജം പറയുന്നു എന്നു് അവർ ജല്പിക്കുന്നു. കർത്താവു് മൂന്നരവർഷം ചെയ്തവ ലോകത്തിനു് എഴുതാനും വായിക്കാനും കഴിഞ്ഞു എന്നു മാത്രമല്ല, ആരംഭംമുതൽ ഇന്നുവരെയുള്ള എല്ലാ ചരിത്രങ്ങളും എഴുതാൻ സാധിച്ചു. *ലോകം* എന്നു പറയുമ്പോൾ യോഹന്നാൻ ചിലപ്പോൾ സൃഷ്ടി മുഴുവനെയും സൂചിപ്പിക്കുന്നു: "*ലോകം* അവൻ വഴി സൃഷ്ടിക്കപ്പെട്ടു" (1:10). ചിലപ്പോൾ മനുഷ്യരെ കുറിക്കുന്നു: ദൈവം തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം *ലോകത്തെ* അത്രമാത്രം സ്നേഹിച്ചു (3:16). ചിലപ്പോൾ

www.malankaralibrary.com



ദൈവഭയമുള്ള മനുഷ്യരെ: 'ഞാൻ *ലോകത്തിൻെറ* വെളിച്ചമാകുന്നു' (8:12); ചിലപ്പോഠം ദുഷ്ടമനുഷ്യരെ: '*ലോകം* സന്തോഷിക്കും; എന്നാൽ നിങ്ങഠം ദുഃഖിതരായിരിക്കും'' (16:20) ഈ *ലോകത്തിൻെറ* അധികാരി പുറന്തള്ളപ്പെട്ടിരിക്കുന്നു; അതായതു് ദുഷ്ടരുടെ തലവനായ സാത്താൻ.

അതുപോലെ ഇവിടെയും ദുഷ്ടമനുഷ്യരെയാണ് *ലോകം* എന്നു് അവൻ വിളിക്കുന്നതു്. യേശുവിൻെറ പ്രവർത്തനങ്ങളുടെ കൃതികഠം ഉഠംക്കൊള്ളാൻ ലോകത്തിനു് കഴിയുകയില്ല. സംരക്ഷിക്കാൻ കഴിയാമായിരുന്ന പുസ്തകങ്ങഠംപോലും അവർ സംരക്ഷിച്ചില്ല എന്നതിൽനിന്നു് ഇതു വ്യക്തമാണ്. എഴുതപ്പെട്ടിരിക്കുന്നപോലെ, ഖൊറാസിനിലും ബേത്_സയ്ദായിലും അവിടുന്നു പ്രവർത്തിച്ച നിരവധി കാര്യങ്ങഠം സുവിശേഷകൻ രേഖപ്പെടുത്താതെ വിട്ടുകളഞ്ഞതുപോലെ, അവിടുന്നു ചെയ്ത മററു് മഹനീയ കാര്യങ്ങളും അവർ രേഖപ്പെടുത്തിയില്ല. ഉദാ: വ്യഭിചാരക്കുററം ചുമത്തപ്പെട്ട ഒരു സ്ത്രീ ഗ്രീക്കുകാരുടെ ഇടയിൽ ഉണ്ടായിരുന്നു എന്നു് *യോഹന്നാൻെറ വെളിപാടും പാരമ്പര്യഗ്രന്ഥവും* സാക്ഷിക്കുന്നു. അവളെ ചിലർ നമ്മുടെ കർത്താവിൻെറ സമക്ഷത്തേക്കു് വലിച്ചിഴച്ചപ്പോഠം അവിടുന്നു് അവരോടു് പറഞ്ഞു: ''ഈ കർമ്മങ്ങളിൽനിന്നു് തന്നെത്തന്നെ അകററിനിർത്തിയവൻ ഈ സ്ത്രീയിൽ കുററം ആരോപിക്കട്ടെ'' അവരെല്ലാം ഒന്നുപോലെ ലജ്ജിച്ചു് സ്ഥലം വിട്ടു.

കർത്താവിൻെറ സ്വർഗാരോഹണത്തിനുശേഷവും ശ്ലീഹന്മാർ ഒന്നിച്ചുകൂടിയപ്പോഠം ഒക്കെ യേശുവിനെ ഭൂമിയിൽ കണ്ടിരുന്നു എന്നു് തിമോതിയോസിനുള്ള കത്തിൽ *ദിവന്നാസ്യോസും*, ദൈവതത്തെപ്പററിയുള്ള പ്രസംഗത്തിൽ അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് *പത്രോസും* രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ നമ്മുടെ കർത്താവിൻെറ പീഡാനുഭാവസരം മരിച്ചവരിൽനിന്നു് ഉത്ഥാനം ചെയ്തവരുടെ അന്ത്യം എന്താണെന്നും, പൗലോസ് പറയുന്ന അഞ്ഞൂറു് പേരുടെ കഥ എന്തായെന്നും, കരിശ്ശുവരയെപ്പററിയും, ദിവ്യരഹസ്യങ്ങളുടെയും സ്നാനത്തിൻെറയും ക്രമത്തെപ്പററിയും സുവിശേഷകർ

www.malankaralibrary.com



ആരുംതന്നെ എഴുതിയിട്ടില്ല. അതുകൊണ്ട് സുവിശേഷകൻെറ വചനം സത്യമാണ്: യേശു ചെയ്തതും എഴുതപ്പെടാത്തതുമായ നിരവധി സംഗതികളുണ്ട്.

ഈ വാചകം സംബന്ധിച്ചും ഇടയ്ക്കിടെ വെള്ളം ഇളക്കുന്ന ദൂതനെ സംബന്ധിച്ചും *ഭാഷ്യകാരൻ* രേഖപ്പെടുത്തിയിട്ടുണ്ട്. ജോബാബ് സേറായുടെ മകനും അബ്രഹാമിൽനിന്ന് അഞ്ചാം തലമുറക്കാരനും ആണെന്ന് ജോബിൻെറ പുസ്തകത്തിൻെറ അവസാനം അദ്ദേഹം എഴുതിയിട്ടുണ്ട്. ഈ മൂന്നു വാചകങ്ങളും തിരുലിഖിതഭാഗങ്ങളല്ല എന്നാണ് അദ്ദേഹത്തിൻെറ മതം. ചില വ്യാഖ്യാനങ്ങളിൽ മാർജിനിൽ ഇവ എഴുതിയിരുന്നു. എന്നാൽ പിൽക്കാലത്ത് ഏതോ വിജ്ഞാനസ്നേഹിതർ അവ തിരുലിഖിതത്തിൽ ചേർത്തു. എന്നാൽ ഹീബ്രുവിലും സുറിയാനിയിലും *യോബിനെപ്പററിയുളള* പരാമർശം കാണാനില്ല എന്ന് തറപ്പിച്ചു പറയാനാവും. എന്നാൽ ജോബാബ് എന്നു പേരുള്ള ഒരാൾ ഏശാവിൻെറ വംശാവലിയിൽ കാണുന്നതിനാൽ അബ്രഹാമിൻെറ മകനായ ഇസഹാക്കിൻെറ മകനായ ഏശാവിൻെറ മകനായ റഗ്ഗുവേലിൻെറ മകനായ സേറായുടെ മകനാണ് *യോബ്* എന്ന് അവർ ചിന്തിക്കുകയും എഴുതുകയും ചെയ്തു. ഇടയ്ക്കിടെ ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം ഇളക്കിയിരുന്നു: യേശു ചെയ്ത മററനേകം സംഗതികൾ ഉണ്ട്. അതു തിരുലിഖിത ഭാഗമല്ല എന്നയാശയം എല്ലാവരും സ്വീകരിക്കുന്നില്ല. കാരണം, ഗ്രീക്കിലും ഹീബ്രുവിലും സുറിയാനിയിലും പ്രസ്തുതഭാഗം തിരുലിഖിതഭാഗത്തുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നതു്: അതുകൊണ്ട് വായനക്കാരൻ നോക്കി പരിശോധിച്ച് തൻെറ സ്വന്തം നിഗമനത്തിലെത്തട്ടെ.

*ചിലർ: ലോകത്തിനുപോലും* എന്നിത്യാദി. ക്രിസ്തു ദൈവവും മനുഷ്യനുമാണ്. തൻെറ ദൈവത്വം സംബന്ധിച്ചുള്ള കാര്യങ്ങൾ അവിടുന്നു സൃഷ്ടിച്ചവയും ആ അവസരംവരെ അവിടുന്ന് ചെയ്തവയും പരിപാലിച്ചവയും– വിവരണത്തിനുവേണ്ടിയോ മനസ്സിനുവേണ്ടിയോ രേഖപ്പെടുത്തിയിട്ടില്ല. അവയൊന്നും രേഖപ്പെടുത്തിയിട്ടുമില്ല. അവിടുത്തെ മനുഷ്യത്വം സംബ

www.malankaralibrary.com



സാധിച്ചവപോലും എല്ലാം രേഖപ്പെടുത്തിയിട്ടില്ല. വചനം നമ്മുടെ മനുഷ്യത്വവുമായി ഐക്യപ്പെട്ടതു് വ്യക്തമല്ല. യോഹന്നാൻ അടയാളങ്ങൾ എന്നു പറഞ്ഞതിനു് നാം മറെറാരു വ്യാഖ്യാനം നിർദ്ദേശിക്കുന്നു: ''അവ രേഖപ്പെടുത്തിയാൽ അവ ഉൾക്കൊള്ളാൻ ലോകത്തിനു കഴിയുകയില്ല''; നമ്മുടെ കർത്താവു് തന്റെ ദൈവത്വത്തെപ്പററി പറഞ്ഞ കാര്യങ്ങൾ: അടയാളങ്ങൾ നമ്മുടെ ശ്രവണത്തിനു് ഉപരിസ്ഥമാണു്. അവ രേഖപ്പെടുത്തിയാൽ, അതു ഒരു മനസ്സിനും മനസ്സിലാക്കാനാവില്ല.

യോഹന്നാൻ സുവിശേഷകന്റെ ഭാഷ്യം സമാപിച്ചു. ദൈവത്തിനു് മഹത്ത്വവും നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ. ഇതു് അസ്സീറിയായിലെ ഹദത്താമെത്രാൻ മാർ ഈശോദാദ് ചുരുക്കമായി വിവരിച്ചതാണ്. ബേത്ഛീനായിലെ വിശുദ്ധ സ്ഥലമായ മേർവ്വിൽനിന്നുള്ളയാൾ (മേർവ്വുകാരൻ) എന്നു് അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മോടുകൂടെയും പ്രപഞ്ചം മുഴുവനോടുംകൂടെയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# വിഷയസൂചിക


## അ

അബ്രാഹം - 280
അബിയാഥർ - 193
അസാറ – 336
അബിയ - 221
അഗ്നി – 205, 206, 208
അഗ്രിപ്പാ - 241
അപ്രേം - 226, 238, 239, 257, 260
അറിവ് – 304, 305
അരിമത്തിയേക്കാരൻ യൗസേപ്പ് - 217, 218
അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് പത്രോസ് - 437
അല്ലെഗെററിസ്തൻ - 85
അസ്തിത്വം - 324, 323
അമ്മനവേൽ - 23
അനരഞ്ജനം – 13, 49, 56
അഷ്ടഭാഗ്യങ്ങൾ - 52, 53

## ആ

ആത്മീയ ജ്ഞാനം - 2
ആഫ്രിക്കാന്യൂസ് – 17
ആര്യൻ പാഷണ്ഡത – 21
ആലയം - 165
ആബാ മർക്കോസ് - 254
ആത്മാവ് - 182,183,205, 314 317,338,340,345, 347,328
ആറാം മണിക്കൂർ – 215, 216
ആരാധന - 297,298

## ഇ

ഇടിമുഴക്കത്തിന്റെ പുത്രന്മാർ - 193
ഈജിപ്ത് - 260, 271

## ഉ

ഉത്ഥാനം — 9,133,134,425,426, 323,42,427,29,213,336
ഉപവാസം - 55
ഉടമ്പടി - 159, 229, 424

## എ

എവുസേബിയൂസ് - 215,251
എസ്താ – 17
എപ്പിഫാനിയാസ് - 291
എലിസബത്ത് – 224
ഏലീശ്ബാ – 19
ഏലി, ല്മാ സബക്താനി – 216, 217
ഏലിയാ - 222, 223
ഏത്ത - 101, 102
ഏകജാതൻ - 343, 330, 321
ഏൽദാദും മേദാദും - 248
ഐക്യം - 428

## ക

കൽദായിസം - 26,28
കന്യക - 289,310
കരുണ - 50,65
കല്പന - 421,424,425

www.malankaralibrary.com



കന്യാത്വമുദ്ര - 421
കലാലയ മല്പാൻമാർ - 419
കർത്താവ് - 258,261, 259, 29, 264,269
കാനാ – 356
കാൽവരി - 214
കാര്യസ്ഥൻ - 277,278,279
കിത്തിം ദേശം — 196
ക്രിസ്തു – 345,347
കുിരീനസ് - 25
കുരിശുമരണം - 216,435
കുരിശ് – 297,298,299,304,305 306,307,435
ക്ളമെൻറ് - 185,186,187
ക്നോമകം - 356,366,34
കോപം – 52,55

ഗ

ഗബ്രിയേൽ - 423

ഗു

ഗുരു – 74

ഗൊ

ഗൊൽഗോഥാ - 214

ഗോ

ഗോത്രം – 225

ഗ്രി

ഗ്രിഗറി - 273

ജ

ജഢം – 274,210,333
ജറുസലേം – 214
ജീവൻ – 320,321,77
ജെറീക്കോ - 121
ജോസഫ് - 194
ജോൺ ക്രിസോസ്റ്റോം – 291, 292, 43, 250
ജോസേഫുസ് – 338, 93, 95
ജൂലിയൻ - 19

ത

താലന്ത് - 150,181
തോമ – 418,431
ത്രിത്വരഹസ്യം - 31
ത്രിത്വം - 432
തെയോഫിലോസ് – 221
തേർസ്വൻ - 103
തോമസ് - 249

ധ

ധനവാൻ - 277, 280
ധനികൻ - 261
ധർമ്മദാനം - 57,65
ധൂപപീഠം - 221

ദ

ദരിദ്രർ - 279
ദർശനം - 257
ദത്തെടുക്കൽ – 325

ദി

ദിയാതെസ്സറോൺ - 22,37,42
ദിവന്നാസ്യോസ് - 437

ദെ

ദെക്കാപ്പൊളിസ് - 198, 202

ദേ

ദേനാറ – 53

ദൈ

ദൈവരാജ്യം - 194,283,284
ദൈവത്വം - 327
ദൈവപരിപാലന - 196,197, 425, 426
ദൈവത്വത്തിൻെറ ഐക്യം – 3

ദ്യു

ദൃഷ്ടാരൂപി – 273

ന

നസ്രായൻ - 6
നഫ്ഥേർ - 47
നാസോർ - 33

www.malankaralibrary.com




നിയമം - 332
നിയമജ്ഞർ – 208
ന്യായാസനം - 213,214
നീതി - 50,52,56,285
നീറോ – 435
നിസാൻ – 25
നീസാർ മാസം – 361
ന്യായാധിപൻ - 285
നെസ്തോറിയസ് – 226

പ

പരിശുദ്ധാത്മാവ് - 82, 83, 209
430,223
പർസോപ്പാ – 324,325
പത്രോസ് - 212,203,207,293,
294,295,300,309
പറുദീസ – 307,308,312

പാ

പാപം – 333,325,54,56,63,422
പാനപാത്രം – 120
പാപമോചനം 431

പി

പിതാവ് – 8,59,145,354
പിശാച് – 204,194,196,197,67

പീ

പീലാത്തോസ് – 138,139
പീഡാനുഭവം – 216,217

പു

പുറജാതിക്കാർ – 197
പുത്രത്വം – 274
പുത്രൻ – 277,143,145

പെ

പെസഹ – 290, 291,292,156
155,157,169

പൗ

പൗരോഹിത്യം - 206

പ്ര

പ്രകാശം - 321,333,322,225
പ്രവാചകൻ – 333,77,79
പ്രത്യാശ – 225
പ്രഖ്യാപനപ്പെരുന്നാൾ – 363
പ്രലോഭനങ്ങൾ – 62,75

പ്രാ

പ്രാർത്ഥന – 58,212,248

ഫ

ഫരിസേയൻ – 286, 276
ഫിലോ - 97

ഭ

ഭാഷ്യക്കാരൻ – 85,92,116,124,438

മ

മഗ്ദലനാമറിയം – 218,176,177
മർക്കോസ് – 202
മൽക്കിസദേക്ക് – 42
മനുഷ്യൻ – 5,99,129,130,131,
143,145,150
മനുഷ്യപുത്രൻ – 99,203
മണവാളൻ – 149
മറിയം -230,231,234,235,236,238
മഹാപുരോഹിതൻ – 23,22,45
മല്പാൻമാർ - 95
മാർ അപ്രേം – 92,100,125,418,
166,167,300,291,337,346,
359

മാമ്മോദീസ – 338
മാലാഖമാർ - 424
മാർ നെസ്തോറിയൂസ് - 428
മാർ ഈശോദാദ് – 219
മാംസം – 325,329,327,326,
331,323
മിഖായേൽ ദൂതൻ – 349
മിലാനിലെ അംബ്രോസ് – 226
മിശിഹാ – 4,6,12
മിസ്റ്റിക് - 5
മെത്തോഡിയൂസ് -109
മെത്രാൻ – 150,152

യ

യജമാനൻ – 278
യാഹ്വെ – 135
യൂദന്മാർ – 132,133,163
യൂദാസ് – 211,212
യോഹന്നാൻ – 212,213,232,251
യോർ - 41
യൗസേപ്പ് – 234,235,236,238

www.malankaralibrary.com




ര

രക്തം - 322,419
രക്ഷകൻ - 425,426
രക്തസ്രാവം - 198,199

ല

ലെഗിയോൺ - 196
ലാസർ - 280

വ

വസ്ത്രങ്ങൾ - 69,208
വചനം - 196, 204,226,228,230
358,316,317,318,319,328
329,324,330,331
വാക്ക് - 328
വാഹന group - 123
വാൾ - 295,296,300,301
വിതക്കാരൻ - 194,195
വിധവ - 285
വിധിദിവസം - 210
വിശ്വാസം - 5,65,206,286
വി. ലൂക്കാ - 220
വിവാഹം - 206
വിത്തിന്റെ ഉപമ - 194,195,196
വൈദികൻ - 275
വേദന - 226,227,237,238

ശ

ശതാധിപൻ - 200
ശിരോവസ്ത്രം - 423
ശിശ്രൂഷകൾ - 432
ശെമയോൻ - 165,186,187
ശേബാ - 29,30

ഷ

ഷണ്ഡൻ - 115
ഷെക്കേം - 203
ഷേബാ - 29,30
ക്ഷമ - 82,301,298,305,306

സ

സത്യം - 310,329
സഭാഗാത്രം - 205
സദ്ദുക്യർ - 133
സക്കായി - 288
സമാധാനം - 237,238
സമറിയ - 345,346
സഹസ്രാധിപൻ - 200
സഖറിയ - 221,222,233,224
സാത്താൻ - 273,274,294,336
സ്നാപകയോഹന്നാൻ - 222,223
സ്നാനം - 209,263
സാബത്ത് - 291,296,297,302,420
സിംഹാസനം - 227,228,231
സീറോഫിനീഷ്യ - 202
സീസർ - 7
സുവിശേഷ തനയർ - 193
സുവിശേഷം - 10,14,419
സുവിശേഷപ്രഘോഷണം - 9,73,78
സുവിശേഷ രഹസ്യം - 194
സ്നേഹം - 207,433
സ്വർഗം - 6,50,60,274,257,268
സ്വർഗരാജ്യം - 2
സ്വർഗാരോഹണം - 427
സ്രഷ്ടാവ് - 209,210
സെബദിപുത്രന്മാർ - 207
സെറീൻകാരൻ ശിമയോൻ -
213,214
സോദോം - ഗോമോറ - 200
സോദരഹത്യ - 4
സൗഭാഗ്യം - 52,53

ഹ

ഹദ്രിയാൻ - 39
ഹിപ്പോളിററസ് - 291
ഹെബ്രോൻ - 198
ഹെനോൻ - 104,109
ഹേലി - 17,18
ഹേറോദേസ് - 24,26,29,32,201
ഹേറോദ്യ - 201
ഹേറോദേസ് ടെട്രാക്ക് - 91
ഹാനെൻ - 34
ഹോശാനാ - 126

റ

റബ്ബൂളി - 426
റബോനി - 426
റാഹേൽ - 32,33
റൂഫസ് - 213
റോമാക്കാർ - 139,144,153